# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദണ്ഡവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

4

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

5

വാല്യം 28

**കോയിപ്രം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

**ഇലന്തൂർ ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

**റാന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

**കോന്നി ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

**പന്തളം ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

**പറക്കോട് ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

**കുളനട ബ്ലോക്ക്**

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

**തൈക്കാട്ടുശ്ശേരി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

**പട്ടണക്കാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

**കഞ്ഞിക്കുഴി ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

**ആര്യാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

**അമ്പലപ്പുഴ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

**ചമ്പക്കുളം ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

**വെളിയനാട് ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

**ചെങ്ങന്നൂർ ബ്ലോക്ക്**

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

6

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കുർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവനൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

12

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

## വാല്യം 141

### തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

## വാല്യം 142

### ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

## വാല്യം 143

### കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

## വാല്യം 144

### എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

## വാല്യം 145

### തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

## വാല്യം 146

### കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

## വാല്യം 147

### ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

## വാല്യം 148

### പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

## വാല്യം 149

### മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

## വാല്യം 150

### കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മഥൂർ
8. മൊഗ്രാൽപുത്തൂർ

## വാല്യം 151

### കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

## വാല്യം 152

### നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

അധികാരം ജനങ്ങളിലേക്ക്

# കൊല്ലം നഗരസഭ
# ജനകീയാസൂത്രണം



# സമഗ്ര വികസനരേഖ

MUNICIPAL COUNCIL
KOLLAM

Phone : 741657 (O) (R) 742342 Fax : 0474-78886

# വാഹനവായ്പ

# TRANSWORLD HIRE PURCHASE (INDIA) LTD.

BUSINESS LANE, BEACH ROAD, KOLLAM -1
BRANCH : PUNNAMOODU, VARKALA.

**BUSINESS GROUP, KOLLAM (ESTD : 1949)**

**RS. 1,60,000 HIRE PURCHASE FOR NEW AND OLD AMB. CAR, MARUTHI, TRUCK, BUS & LORRY**

**സ്വർണ്ണപ്പണയം 3000 രൂപ**

## ACCEPT DEPOSITS ON ATTRACTIVE RATE OF INTEREST

**OUR ASSOCIATES**

TRANSWORLD CREDIT & INVESTMENT COMPANY (P) LTD. BEACH ROAD, KOLLAM - 746071, 742817
BUSINESS BENEFIT CO. LTD. BEACH ROAD, KOLLAM - 742995, 742494
THE BUSINESS CHITTY FUND (ASRAMAM) (P) LTD. BEACH ROAD, KOLLAM - 742995, 742494
COMMERCIAL HIRE PURCHASE (INDIA) LTD. ERNAKULAM. PH :365571
SOBHANA TILE WORKS KOLLAM. PH : 204078
MODERN BRICKS, KOLLAM

DIRECTORS: VIJAYAN PILLAI SOBHANAN PILLAI SUNDARAN PILLAI

MAS/740120

# ജനകീയ ആസൂത്രണം

## കൊല്ലം നഗരസഭ



# സമഗ്ര വികസന രേഖ

## വികസന സെമിനാർ

**1996 ഡിസംബർ 17**

സി. കേശവൻ മെമ്മോറിയൽ ടൗൺ ഹാൾ

കൊല്ലം.


കൊല്ലം റൗൺ
കൊല്ലം ജില്ല



"സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം നേടുക"

## *വികസന റിപ്പോർട്ടിന്റെ ശില്പികൾ*

കെ. തങ്കപ്പൻ - ചെയർമാൻ

കെ. വി. രാജേന്ദ്രൻ - കൺവീനർ

| | |
|---|---|
| പി. സോമനാഥൻ | സി. പി. എസ്. ബാനർജി |
| എസ്. എം. ജോസഫ് | പി. ആർ. രാജമ്മ |
| തറയിൽ ശശി | ജി. ഭാനുക്കുട്ടൻ |
| എം. ജി. കെ നായർ | ആർ. ഭാസ്ക്കരൻപിള്ള |
| എൻ. ശാന്തകുമാരി | കെ. സുരേന്ദ്രനാഥ് |
| ജി. സുന്ദരേശൻ | ബാബുസോമനാഥ് |
| ആർ. തിലക ബാബു | കെ. ജി. ദാമോദരൻ |
| എം. വിശ്വനാഥൻ | എസ്. ജയദേവ് |
| വി. നടരാജൻ | സി. കൃഷ്ണകുമാർ |
| വി. കുമാരൻ | കെ. രാജേന്ദ്രൻ |
| വി. ദിവാകരൻ നായർ | ജി. മോഹൻകുമാർ |
| ബിനു ചന്ദ്രസെൻ | പി.എം. ദേവരാജൻ |
| ഡോ. ഡി. ശ്രീകുമാർ | എൻ. ഗോപിനാഥൻ നായർ |
| എം. പി. മോഹൻകുമാർ | എ. മുഹമ്മദ് ബഷീർ |
| കെ. സുനിൽബാബു | എം. ശശി |
| കെ. സുരേഷ്ബാബു | ജി. ബാബുരാജ് |
| എൽ. ഗോപകുമാർ | ജി. ലക്ഷ്മിധരൻ |
| എ. ചന്ദ്രികാദേവി | കെ.രഘുകുമാർ |
| പെരുമ്പുഴ ഗോപാലകൃഷ്ണപിള്ള | ആർ.ഗോപകുമാർ |

# സമർപ്പണം

ജനപങ്കാളിത്തത്തോടെ പദ്ധതി രൂപീകരണം 9-ാം പദ്ധതിയോടെ കേരളത്തിൽ യാഥർത്ഥ്യമാവുകയാണ്. ആസൂത്രണത്തിലെ പങ്കാളിത്തംപോലെതന്നെ പ്രധാനമാണ് പദ്ധതിയുടെ നടത്തിപ്പിലെ ജനപങ്കാളിത്തം. നീതിപൂർവ്വകവും സ്ഥിരവുമായ വികസനത്തിനുവേണ്ടിയുള്ള കേരളത്തിൻെറ ഈ ഉദ്യമം ഇൻഡ്യക്കാകെ മാതൃകയാക്കാൻ നമുക്ക് കഴിയണം. വിദഗ്ദ്ധരും, ജനപ്രതിനിതികളും, ഉദ്യോഗസ്ഥരും, സന്നദ്ധപ്രവർത്തകരും ഒരുമിച്ചു നടത്തുന്ന ഈ യജ്ഞം നാടിൻെറ വികസനചരിത്രത്തിൽ ഒരു നൂതന അദ്ധ്യായം രചിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം. ജനകീയാസൂത്രണത്തിൻെറ പ്രഥമഘട്ടമായ വാർഡുസഭമുതൽ പദ്ധതി നടത്തിപ്പുവരെയുള്ള എല്ലാ പ്രവർത്തനങ്ങളും വിപുലമായ ജനപങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ നമുക്കൊത്തൊരുമിക്കാം. ഈ വികസനരേഖ തയ്യാറാക്കാൻ സഹായിച്ച എല്ലാവരോടുമുള്ള കടപ്പാട് ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ഈ രേഖ നിങ്ങൾക്കായി സമർപ്പിക്കുന്നു.

**കെ. വി. രാജേന്ദ്രൻ**
*ജനറൽ കൺവീനർ*

# ഉള്ളടക്കം


1 ആമുഖം

2 പൊതുവിവരണം

3 കൊല്ലത്തിൻെറ പുരാവൃത്തം

4 കൊല്ലവും കൊല്ലവർഷവും - ചരിത്ര പശ്ചാത്തലം

5 ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

6 വികസനമേഖലകൾ

- 6.1 കൃഷിയും ജലസേചനവും
- 6.2 മൃഗസംരക്ഷണം
- 6.2 മത്സ്യബന്ധനം
- 6.3 വ്യവസായം
- 6.4 വിദ്യാഭ്യാസം
- 6.5 പൊതുജനാരോഗ്യം
- 6.5 കുടിവെള്ളം
- 6.6 ഗതാഗതം
- 6.6 ഊർജ്ജം
- 6.7 പാർപ്പിടം
- 6.7 സാമൂഹ്യക്ഷേമം
- 6.8 സംസ്കാരം
- 6.9 വനിതാക്ഷേമം
- 6.10 സഹകരണം
- 6.11 പട്ടികജാതി / പട്ടികവർഗ്ഗ ക്ഷേമം
- 6.12 വിഭവസമാഹരണം

7. ഇനിയെന്ത്?

# 1

# ആമുഖം

ഇൻഡ്യയുടെ ആസൂത്രണ ചരിത്രത്തിലെ ഒരു പുതിയ അദ്ധ്യായം കുറിക്കപ്പെടുന്നു. മഹാൻമാരും പണ്ഡിതരുമായ ആസുത്രണ വിദഗ്ദൻമാർ വിദൂരതയിലെവിടെയോ ഇരുന്ന് നാടിൻെറയും ജനങ്ങളുടെയും പ്രശ്നങ്ങൾ ഊഹിച്ചറിഞ്ഞ് രൂപപ്പെടുത്തിയ ആസുത്രണത്തിൻെറ അദ്ധ്യായമടഞ്ഞു. പകരം പ്രശ്നങ്ങളുടെയും ആവശ്യങ്ങളുടെയും രൂക്ഷതയിൽനീറുന്ന മനുഷ്യർ അവരുടെ ആവശ്യങ്ങൾ എണ്ണിപ്പറയുകയും കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുകയും ചെയ്യുന്ന പുതിയ സമ്പ്രദായം വന്നിരിക്കുന്നു. ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ ഫലമായി ജനങ്ങൾക്ക് ലഭിച്ച അധികാരം സ്വന്തം പ്രശ്നപരിഹാരത്തിനായി അവരുപയോഗിക്കുന്ന അനർഘനിമിഷങ്ങൾ! ഇവിടെ ആസുത്രണത്തിൻെറ വിജയം സ്ഥിതി ചെയ്യുന്നത് സിദ്ധാന്തത്തിലും വൈദഗ്ദ്ധ്യത്തിലുമല്ല, കൂട്ടായ്മയിലും ആത്മാർത്ഥതയിലുമാണ്. വികസനപ്രവർത്തനങ്ങളിൽ നിന്നും അതിൻെറ ആസുത്രണ സംവിധാനങ്ങളിൽ നിന്നും അകറ്റി നിർത്തപ്പെട്ട കർഷകനും തൊഴിലാളിയും ഗ്രാമീണനും പട്ടണവാസിയും ഉദ്യോഗസ്ഥനും തൊഴിൽ രഹിതരുമൊരുമിച്ചു ചേർന്നു തങ്ങളുടെ ആവശ്യങ്ങൾ സംയുക്തമായുന്നയിച്ച് സംയുക്തമായി പരിഹാരം കണ്ടെത്തി സംയുക്തമായി പ്രതിവിധി രൂപപ്പെടുത്തി നടപ്പിലാക്കാൻ പോകുന്നു.

കടന്നുപോയ എട്ടു പദ്ധതികളുടെ നേട്ടങ്ങളെ കണ്ടില്ലെന്നു നടിച്ചുകൊണ്ടല്ല അതിൻെറ അപര്യാപ്തത ബോധ്യപ്പെട്ടുകൊണ്ടാണ് ഒൻപതാം പദ്ധതി ഉലയൂതി സ്വയം രൂപപ്പെടുത്താൻ ജനങ്ങളൊരുമിക്കുന്നത്. സ്വാഭാവികമായും ഉത്തരവാദിത്വമേറുന്നു. ആസുത്രണം അടിത്തട്ടിൽ നിന്നാരംഭിക്കുവാനുള്ള മഹാ സംരംഭത്തിൻെറ ശംഖനാദമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. ദിക്കെങ്ങും കേൾക്കും വിധം ഉജ്വലത്തായി മുഴക്കുന്നത്.

എന്താണ് വികസനമെന്നതും എന്താണതിൻെറ ലക്ഷ്യമെന്നും പുനർചിന്തനത്തിന് വിധേയമാക്കുകയാണ്. ഉല്പാദനക്ഷമതയും ജീവിത നിലവാരവും ഉയർത്തുവാനുള്ള സംഘടിതവും തീവ്രവുമായ ശ്രമമാണിത്. പരിമിതമായ വിഭങ്ങളുപയോഗിച്ച് അനന്തമായ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയില്ലെന്നറിഞ്ഞു കൊണ്ടു തന്നെ ഉള്ള വിഭവങ്ങൾ സമർത്ഥമായുപയോഗിച്ചു ഏറ്റവും കൂടതൽ ആളുകൾക്കു ഏറ്റവും കൂടതൽ വികസനം എങ്ങനെ കൈവരിക്കാമെന്ന ചോദ്യത്തിന് ജനകീയസുത്രണത്തിലൂടെ ഉത്തരം കണ്ടെത്താൻ

ശ്രമിക്കുന്നു. വികസനത്തിൻെറ സദ്ഫലങ്ങൾ ന്യായമായി വിതരണം ചെയ്യുക കൂടി വേണം. ഈ ഉൾകാഴ്ചയോടുകൂടി നഗരത്തിൻെറ വികസനമർഹിക്കുന്ന മേഖലകൾ കണ്ടെത്തി അവയെ ഫലപ്രദമായി വികസന വിധേയമാക്കുവാനുള്ള സംരംഭത്തിൻെറ തുടക്കമാണ് 9 ാം പദ്ധതിക്കു രൂപം കൊടുക്കുന്നതിലൂടെ കേരളം കുറിക്കുന്നത്.

സാമൂഹിക സാമ്പത്തിക സ്ഥിതി തിട്ടപ്പെടുത്തുന്നതോടെ പദ്ധതിയുടെ പ്രശ്നപരിഹാരത്തിനുള്ള അന്വേഷണം തുടങ്ങുന്നു. മണ്ണിനെയും മനുഷ്യനേയും സസ്യജാലങ്ങളെയും മൃഗസഞ്ചയങ്ങളെയും ജലസ്രോതസ്സുകളെയും കാറ്റിനെയും പഠനത്തിന് വിധേയമാക്കുന്നു.അതിൻെറ ഫലമായി നിലവിലുള്ളതും കൈവരിക്കേണ്ടതുമായവ തമ്മിലുള്ള അനുപാതം കണ്ടെത്തുന്നു. കൈവരിക്കേണ്ടതു കയ്യെത്തി പിടിക്കാനുള്ള പരിശ്രമത്തിനാക്കം കൂട്ടാൻ ഉള്ള വിഭവത്തെ സമർത്ഥമായിട്ടുപയോഗിക്കാൻ സാധരണക്കാരനഭ്യസിക്കുന്നു. ലോകത്ത് മറ്റൊരു ഉദാഹരണം ചൂണ്ടിക്കാണിക്കാൻ കഴിയാത്ത തികച്ചും നൂതനമായൊരു പരീക്ഷണം. നീതിപൂർവ്വകവും സ്ഥിരതയുള്ളതുമായ വികസനത്തിന് വേണ്ടിയുള്ള തികച്ചും ജനകീയമായൊരു പരീക്ഷണം. ദീർഘകാലം നടപ്പിലാക്കിപ്പോന്ന ആസൂത്രണ നടപടികളുടെ പഴുതുകളിലൂടെ ചോർത്തികളഞ്ഞ വിഭവങ്ങളുടെ വൈപുല്യം നമ്മെ അമ്പരപ്പിക്കുന്നതായിരുന്നു. ആ ചേർച്ചയുടെ പഴുതുകളടയ്ക്കുന്ന സുതാര്യമായ പ്രവർത്തനം പുതിയ സമീപനത്തിൻെറ മറ്റൊരു ലക്ഷ്യമാണ്. വിദഗ്ദരും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഒരുമിച്ചേർപ്പെടുന്ന വികസനതന്ത്രങ്ങളിൽ സുതാര്യത ഒരു സവിശേഷതയായിട്ടനുഭവപ്പെടും. വികസന പ്രവർത്തനങ്ങളുടെ നടത്തിപ്പിൽ അഴിമതിയുടെ കറപുരളാതെ സൂക്ഷിക്കാനിതു സഹായിക്കും. ഈ വിശ്വാസം ജനങ്ങളെ ആവേശഭരിതരാക്കുന്നു.

കൊല്ലം നഗരസഭയിൽ ഒക്ടോബർ 5 കൊണ്ട വസാനിച്ച വാർഡ് സഭകൾ ഒരു പുതിയ അനുഭവമായിരുന്നു. 62 മുതൽ 350 വരെ ആളുകൾ വാർഡുസഭകളിൽ പങ്കെടുത്തു വികസന ചർച്ച തികച്ചും ആവേശകരമായിരുന്നു. ഗ്രൂപ്പുകളായി തിരിഞ്ഞു പ്രശ്നങ്ങളുടെ ഉള്ളറ പരിശോധിച്ചുകൊണ്ടുള്ള ആ പ്രവർത്തനങ്ങളിൽ വിവിധ സംഘടനകളുടെ പ്രതിനിധികൾ സജീവ താല്പര്യം കാട്ടി. വാർഡ് സഭകൾക്കു ശേഷം കോർഗ്രൂപ്പുകൾ 14 ദിവസകാലം നീണ്ടുനിന്ന അന്വേഷണത്തിലൂടെ ദ്വതീയ സ്ഥിതി വിവരശേഖരണം നടത്തി. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സഹകരണം തികച്ചും സഹായകരമായിരുന്നു. അത് ക്രോഡീകരിക്കാൻ നിരവധി സന്നദ്ധ പ്രവർത്തകർ മുന്നോട്ടു വന്നു. അങ്ങനെ സ്വരൂപിച്ച രേഖകളുടെയും സ്ഥ്തിവിവര കണക്കുകളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ടിന് രൂപം കൊടുത്തിരിക്കുന്നത്.

അധികാരം ജനങ്ങളിലേക്ക്

## 2

# കൊല്ലം നഗരസഭ

## പൊതുവിവരണം

| | | |
|---|---|---|
| മുനിസിപ്പാലിറ്റിയുടെ പേര് | : | കൊല്ലം |
| ഉൾപ്പെടുന്ന വില്ലേജ് | : | കൊല്ലം ഈസ്റ്റ്, കൊല്ലം വെസ്റ്റ്, മുണ്ടയ്ക്കൽ, വടക്കേവിളയുടെ ഭാഗം. |
| താലൂക്ക് | : | കൊല്ലം. |
| അസംബ്ലി മണ്ഡലം | : | കൊല്ലം |
| വിസ്തീർണ്ണം | : | 18.48 കി. മീ. |
| അതിരുകൾ : | | വടക്കുപടിഞ്ഞാറ് – ശക്തികുളങ്ങര പഞ്ചായത്ത്<br>പടിഞ്ഞാറ് : അറബിക്കടൽ<br>തെക്ക് : ഇരവിപുരം<br>കിഴക്ക് : വടക്കേവിള, കിളികൊല്ലൂർ പഞ്ചായത്തുകൾ<br>വടക്കുകിഴക്ക് : അഷ്ടമുടിക്കായൽ |
| ജനസംഖ്യ | : | 1,39,852 |
| സ്ത്രീകൾ | : | 70512 |
| പുരുഷന്മാർ | : | 69340 |
| സാക്ഷരത | : | 90.89% |
| വാർഡുകൾ | : | 36 |
| നഗരപിതാവിന്റെ പേര് | : | കെ. തങ്കപ്പൻ |

3

# കൊല്ലത്തിന്റെ പുരാവൃത്തം

"രമ്യശ്രീ മന്നയന സുഭഗം, മറ്റുമാരോ
പദാർത്ഥാൻ.

നാട്ടാർ വർണ്ണിപ്പതു പുനരിദം കേവലം
കൊല്ലമെന്റ്

എന്റാലീരേഴുലകിലു മിതിന്നൊപ്പമൊന്റില്ല
ചൊൽവാൻ

കൊല്ലം കൊല്ലം ഭവതു നിതാരം
പിന്നെയും കൊല്ലം മന്റ്"

(ഉണ്ണുനീലി സന്ദേശം)

രമ്യമെന്നും ഐശ്വര്യമെന്നും മനോഹരമെന്നും നമുക്ക് ഓരോ വസ്തുക്കളെ വർണ്ണിക്കാം. എന്നാൽ കൊല്ലത്തെ നമുക്ക് കൊല്ലം എന്ന് മാത്രമേ പറയുവാൻ കഴിയൂ. പതിന്നാലു ലോകത്തിലും കൊല്ലത്തിനു തുല്യമായി മറ്റൊരു പട്ടണമില്ല. പിന്നെ എന്തിനോട് ഉപമിക്കും? കൊല്ലത്തിന് എത്ര പഴക്കം വന്നാലും അത് എന്നെന്നും കൊല്ലമായിതന്നെ നിലനിൽക്കും.

ഇത് കൊല്ലം നഗരത്തിന്റെ ചരിത്രരേഖ, കാലത്തിന്റെ രഥചക്രം പിന്നോട്ട് ഉരുളുംപോൾ.................

4

# കൊല്ലവും കൊല്ലവർഷവും ചരിത്രപശ്ചാത്തലം

കൊല്ലം എന്ന പേരിന്റെ നിഷ്പത്തിയെക്കുറിച്ച് പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്. കുരുമുളക് എന്നർത്ഥമുള്ള 'കോലം' എന്ന സംസ്കൃത ശബ്ദത്തിൽ നിന്നല്ലേ 'കൊല്ലം' ഉണ്ടായതെന്ന് കേണൽ യൂൾ സംശയിക്കുമ്പോൾ രാജാവിന്റെ സാന്നിദ്ധ്യമെന്നോ രാജാവ് സന്നിധാനം ചെയ്യുന്ന ഇടമെന്നോ സഭാതലമെന്ന് അർത്ഥമുള്ള 'കൊലു' എന്ന ശബ്ദത്തിൽ നിന്നോ ആവാം കൊല്ലം രൂപം പ്രാപിച്ചതെന്ന് ഡോക്ടർ കാൽഡ്വെൽ വാദിക്കുന്നു. 'കോലം' എന്ന പദത്തിന് തമിഴിലും പഴയ മലയാളത്തിലും 'അഴക്' എന്നർത്ഥമുണ്ട്. അങ്ങനെയാണെങ്കിൽ ''അഴകാർന്ന നഗരം'' എന്നർത്ഥത്തിലാവാം ''കൊല്ലം'' രൂപപ്പെട്ടതെന്ന് അദ്ദേഹം സംശയിക്കുന്നു. ''കോല''ത്തിന് ചങ്ങാടമെന്നും, വഞ്ചികൾ കരയ്ക്കടുപ്പിച്ചു കെട്ടുന്ന കുറ്റിയെന്നും സംസ്കൃതത്തിൽ അർത്ഥമുണ്ട്. ഇത് ശരിയാണെങ്കിൽ 'തുറമുഖ നഗരം' എന്നർത്ഥത്തിലാവാം കൊല്ലത്തിന് ആ പേരുണ്ടായത്. അതുപോലെ 'കോയിൽ+ ഇല്ലം' കോയില്ലവും കൊല്ലവുമായെന്ന് വരാമെന്ന് പ്രൊ:ഇളംകുളം പറയുന്നു. 'കോ' എന്നാൽ രാജാവും 'ഇയം' എന്നാൽ വസതിയുമാണ്. അപ്പോൾ കൊല്ലത്തിന് രാജാവിന്റെ വസതി അഥവാ രാജധാനി എന്നർത്ഥം. ചീന ഭാഷയിൽ 'കൊലമ്പം' എന്ന പദത്തിന് വലിയങ്ങാടി എന്നർത്ഥമുണ്ടെന്ന് പറയപ്പെടുന്നു. അതുപോലെ 'കൊല്ല'യ്ക്ക് ചിറ, മട എന്നർത്ഥമുണ്ടെന്നും അപ്പോൾ പുഴയോ കായലോ മറ്റൊരു ജലാശയത്തിലേക്ക് തുറക്കുന്ന ഇടമാണ് 'കൊല്ല' എന്നും ഇത് ക്രമേണ കൊല്ലമായി പരിണമിച്ചിരിക്കാമെന്നും മറ്റൊരു ചരിത്രകാരനും പറയുന്നു. ചരിത്രത്തിലെ ഈ കടംകഥകൾക്കപ്പുറം വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിലേക്ക് കടക്കുകപ്രയാസകരമാണ്.

എ.ഡി.825ൽ കൊല്ലവർഷം ആരംഭിക്കുന്നതിനു മുമ്പുതന്നെ വിപുലമായ വിദേശവാണിജ്യ കേന്ദ്രമായിരുന്നു കൊല്ലം. മരുവാൻ സപീർ ഈശോയുടെ നേതൃത്വത്തിൽ കൊല്ലത്ത് താവളമടിക്കുകയും സുശക്തമായ വാണിജ്യ സംങ്കേതം സ്ഥാപിക്കുകയും ചെയ്ത ക്രിസ്ത്യൻ സംഘമാണ് കൊല്ലവർഷം ആരംഭിച്ചതെന്ന് ടി.എ.ഗോപിനാഥറാവുവും തിരക്കിട്ട വ്യാപാരത്തിൽ ഏർപെപ്പട്ട വിദേശികൾ കേരളത്തിൽ ആധിവാസം ഉറപ്പിച്ച നാൾ മുതൽ ഒരു തിയതി ക്രമം സ്വീകരിക്കുയും അത് കൊല്ലവർഷമായി അഥവാ കൊല്ലം നഗരത്തിന്റെ സ്ഥാപനവർഷമായി തീരുകയും ചെയ്തു. പിന്നീട് രാജകൽപന അനുസരിച്ചോ തനത്ആവശ്യം പ്രമാണിച്ചോ സ്വന്തം സംവത്സരമായി കൊല്ലവർഷത്തെ ജനങ്ങൾ സ്വീകരിച്ചിരിക്കാമെന്ന് ഇളംകുളം കുഞ്ഞൻപിള്ള അഭിപ്രായപ്പെടുന്നു.

കൊല്ലത്തെക്കുറിച്ച് ആദ്യമായി പരാമർശിക്കുന്ന രേഖ കൊല്ലവർഷം 24-ാം ആണ്ടുണ്ടായ തരീസാ പള്ളി ശാസനമാണ്. മുകളിൽ സൂചിപ്പിച്ച മരുവാൻ സപീർ ഈശോ എന്ന ക്രിസ്ത്യൻ പുരോഹിതൻ കൊല്ലത്ത് പണികഴിപ്പിച്ച പള്ളിക്ക് വേണാടിലെ അന്നത്തെ നാടുവാഴിയായ അയ്യനടികൾ കേരളചക്രവർത്തിയായ സ്ഥാണുരവിയുടെ അനുവാദത്തോടുകൂടി ഒട്ടേറെ സ്ഥലവും അവകാശാധികാരങ്ങളും എഴുതിക്കൊടുത്ത രേഖകളാണ് തരീസാ പള്ളി ശാസനങ്ങൾ. ഈഴവരെക്കുറിച്ച് പറയുന്ന ആദ്യത്തെ ചരിത്രരേഖയും തരീസാപള്ളി ശാസനമാണ്.

കൊല്ലം നഗരത്തെ 'കുരക്കേണികൊല്ലം' എന്നാണ് തരീസാ പള്ളി ശാസനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൊല്ലവർ

ഷം 278ലെ രാമേശ്വരം രേഖയിലും കുരങ്കേണികൊല്ലം എന്നു കാണാം. 'കുരങ്ക' എന്നാൽ വളഞ്ഞത് എന്നാണർത്ഥം. അതുപോലെ 'കേണി' എന്നാൽ ജലാശയവും. പടിഞ്ഞാറും തെക്കും അറബിക്കടലിനോടും വടക്ക് അഷ്ടമുടിക്കായലിനോടും ചേർന്നുകിടക്കുന്ന കൊല്ലം നഗരത്തിന് ഈ പേര് അന്വർത്ഥമാണ്. കൊല്ലം പട്ടണത്തിന്റെ ഭരണത്തിൽ 'അറുനൂറ്റവർ' എന്ന ഭരണ സംഘത്തിനും 'അഞ്ചുവണ്ണം', 'മണിഗ്രാമം' തുടങ്ങിയ കച്ചവട സംഘങ്ങൾക്കും 'പുന്നത്തലപ്പതി', 'പോളക്കുടിപ്പതി' എന്ന പേരുകളിൽ അറിയപ്പെട്ടിരുന്ന ഇടപ്രഭുക്കൻമാർക്കും പങ്കുണ്ടായിരുന്നതായി തരിസാപള്ളി ശാസനം വെളിപ്പെടുത്തുന്നു. (കൊല്ലം നഗരത്തിലെ രണ്ടു വാർഡുകളാണല്ലോ പുന്നത്തലയും, പോളയത്തോടും). അറുനൂറ്റവർക്കുവേണ്ടി പതിപ്പതവാരം (രാജാവിന് നൽകേണ്ട കരം) പിരിച്ചിരുന്നത് അഞ്ചുവണ്ണവും, മണിഗ്രാമവുമായിരുന്നു.

ക്രിസ്തുവർഷാരംഭത്തിന് മുമ്പുതന്നെ വിദൂരവിദേശ രാജ്യങ്ങളുമായി വ്യാപരബന്ധവും സാംസ്കാരികബന്ധവും ഉണ്ടായിരുന്ന ഒരു തുറമുഖനഗരമായിരുന്നു കൊല്ലം. കൊല്ലം പട്ടണത്തിന്റെയും പരിസരപ്രദേശങ്ങളുടെയും രാഷ്ട്രീയ സംവിധാനം, വാണിജ്യപുരോഗതി, സാമ്പത്തികാഭിവൃദ്ധി, ജനങ്ങളുടെ ജീവിതരീതി, ആചാരക്രമം എന്നിവയെപ്പറ്റി എല്ലാം സഹസ്രാബ്ദങ്ങൾക്കു മുമ്പുതന്നെ കൊല്ലം സന്ദർശിക്കുകയോ കൊല്ലത്തെപ്പറ്റി കേട്ടറിയുകയോ ചെയ്തിട്ടുള്ള വിദേശീയരുടെ വിവരങ്ങളിൽ കാണാം. അയ്യനടികൾ തിരുവടികൾ എന്ന വേണാട്ടധിപൻ കൊല്ലം തലസ്ഥാനമായി ഭരണം നടത്തിക്കൊണ്ടിരുന്ന കാലത്താണ് അറബി വ്യാപാരിയായ സുലൈമാൻ എ.ഡി. 851 ൽ ഇവിടം സന്ദർശിക്കുന്നത്. ദക്ഷണേന്ത്യയിൽ ഏറ്റവും ഗണനീയമായ തുറമുഖം കൊല്ലമായിരുന്നെന്നും സുലൈമാൻ രേഖപ്പെടുത്തിയിട്ടുണ്ട്. 'കൗലം മലൈ' എന്ന പേരിലാണ് സുലൈമാൻ കൊല്ലത്തെ വിളിച്ചിരുന്നത്.

എ.ഡി. 1159മുതൽ 1173വരെ പൗരസ്ത്യപര്യടനം നടത്തിയ റാബി ബഞ്ചമിൻ എന്ന യഹൂദസഞ്ചാരി കൊല്ലം നഗരത്തെക്കുറിച്ച് രസാവഹവും വിജ്ഞാനപ്രദവുമായ വിവരങ്ങൾ നൽകുന്നുണ്ട്. "സൂര്യദേവാരാധകരുടെ നാടിന്റെ പരിസരത്തുള്ള പട്ടണമാണ് ചൂലം (കൊല്ലം). അവർ ജ്യോത്സ്യത്തിൽ അടിയുറച്ച വിശ്വാസമുള്ളവരും കറുത്ത നിറമുള്ളവരുമാണ്. ഇവിടുത്തെ ജനങ്ങളുടെ മൃതദേഹം കുഴിച്ചിടുന്ന പതിവില്ല. ദേഹം ചില സുഗന്ധ ദ്രവ്യങ്ങൾകൊണ്ട് ലേപനം ചെയ്ത് പീഠങ്ങളിൽ ഇരുത്തി വസ്ത്രങ്ങൾകൊണ്ട് പൊതിഞ്ഞുവയ്ക്കുകയാണ് പതിവ്." അൽ ക്വസിനി (എ.ഡി.1263–1275) എന്ന മുസ്ലീം ഭൂമി ശാസ്ത്രജ്ഞൻ 'കൂലം' ഇന്ത്യയിലെ ഏറ്റവും വലിയ പട്ടണമാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. ഇന്ത്യയിൽ ഈ നഗരത്തിൽ മാത്രമേ വൈദ്യന്മാർ ഉണ്ടായിരുന്നുള്ളൂവത്രേ. നഗരത്തിലെ കെട്ടിടങ്ങളുടെ തൂണുകൾ മത്സ്യങ്ങളുടെ പുറന്തോടുകൾ കൊണ്ട് പൊതിഞ്ഞിരിക്കുന്നതായി അദ്ദേഹം രേഖപ്പെടുത്തി.

വെനീസിലെ സുപ്രസിദ്ധ സഞ്ചാരിയായ മാർക്കോപോളോ എ.ഡി. 1275ൽ കൊല്ലം സന്ദർശിച്ചപ്പോൾ നേരിട്ടു കണ്ട പലതും രേഖപ്പെടുത്തിയിട്ടുണ്ട്. "കൊയിലം നഗരത്തിൽ വിഗ്രഹആരാധകരായ ഹിന്ദുക്കളെ കൂടാതെ യഹൂദരെയും ക്രിസ്ത്യാനികളെയും കാണാം...... ദേഹമാസകലം കറുപ്പുനിറമുള്ള സിംഹങ്ങൾ വിവിധ വർണ്ണങ്ങളുള്ള തത്തകൾ, ഭംഗിയുള്ള മയിലുകൾ, പലതരം കോഴികൾ എന്നിവയെ ഇവിടെ കാണാം..... ആണും പെണ്ണും അരമാത്രം മറച്ച് ഇതരഭാഗങ്ങൾ നഗ്നമായിട്ടാണ് നടന്നത്."

മദ്ധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിന്നുവന്ന ക്രിസ്തുമത പ്രചാരകരും സഞ്ചാരികളും കൊല്ലം സന്ദർശിച്ച് രസകരമായ വിവരണങ്ങൾ നൽകുന്നുണ്ട്. എ.ഡി 1324ൽ കൊല്ലത്തെത്തിയ ജോർഡാനസ് പാതിരിയുടെ 'മിറാബിലിയാ ഡിസ്ക്രിപ്റ്റിയ' എന്ന ഗ്രന്ഥത്തിൽ ഇവിടുത്തെ മരുമക്കത്തായ സമ്പ്രദായത്തെ കുറിച്ച് വിശദമായി പ്രതിപാദിച്ചിരിക്കുന്നു.

അതിപ്രാചീനകാലത്തുതന്നെ ലോകത്തിലെ പലരാജ്യങ്ങളുമായും കൊല്ലത്തിന് വിപുലമായ വാണിജ്യ ബന്ധം ഉണ്ടായിരുന്നു. കേരളത്തിലെ വാണിജ്യ പ്രാധാന്യമുള്ള ഉല്പന്നങ്ങളെക്കുറിച്ച് വിവരിക്കുന്ന പ്ലീനി (എഡി•1) കുരുമുളക് കൊണ്ടുവരുന്ന ഗ്രീക്കു കപ്പലുകൾ അടുക്കുന്ന 'നെൽക്കിണ്ട' (നീണ്ടകര)യെപ്പറ്റി പരാമർശിക്കുന്നു. താങ്വംശ രാജാക്കന്മാർ (എ.ഡി. 618 907) ചൈന ഭരിച്ചിരുന്ന കാലത്ത് അവിടുത്തെ കപ്പലോട്ടക്കാർക്ക് കൊല്ലം പരിചിതമായിരുന്നു. പേർഷ്യയിലെ സിറാഫ് തുറമുഖത്തുനിന്നുള്ള മടക്കയാത്രയിൽ ചൈനീസ് കപ്പലുകൾ കൊല്ലത്ത് അടുത്തിരുന്നുവെന്നും 1000 ദിനാരം ചുങ്കം കൊടുത്തിരുന്നുഎന്നും എ.ഡി 851ൽ കേരളം സഞ്ചരിച്ച സുലൈമാൻ എന്ന അറബിസഞ്ചാരിയുടെ വിവരണങ്ങളിൽ കാണാം. ചൈനയുമായുള്ള വാണിജ്യബന്ധം കൊല്ലത്ത് അതിന്റെ സ്മാരകങ്ങൾ അവശേഷിച്ചിട്ടുണ്ട്. ചീനപ്പട്ട്, ചീനവല തുടങ്ങിയവ നമുക്കു സുപരിചിതമാണല്ലോ. കൊല്ലം നഗരത്തിലെ പ്രധാന വ്യവസായ കേന്ദ്രമായ ചിന്നക്കട ഒരു കാലത്ത് ചീനക്കടയായിരുന്നു. അക്കാലത്ത് കൊല്ലം തുറമുഖം അഷ്ടമുടിക്കായലായിരുന്നു എന്ന് സഞ്ചാരികളുടെ വിവരങ്ങളിൽ നിന്നും മനസ്സിലാക്കാം. കൊല്ലം നഗരത്തിന്റെ അഭിവൃദ്ധിയിൽ അഷ്ടമുടിക്കായൽ സുപ്രധാനമായ പങ്കാണ് വഹിച്ചത്.

എ.ഡി.1742ൽ മാർത്താണ്ഡവർമ്മ വേണാട് പിടിച്ചടക്കുന്നതുവരെ കൊല്ലം നഗരം വേണാടിന്റെ തലസ്ഥാനമായിരുന്നു. 'കൂപകം' എന്ന പേരിലും വേണാട് അറിയപ്പെട്ടിരുന്നു. കൊല്ലവർഷം 474വരെ വേണാട് വാണ ജയസിംഗന് ശേഷം 'ദേശിങ്ങനാട്' എന്നപേരിലും ഈ രാജ്യം അറിയപ്പെട്ടിരുന്നു. ചേരന്മാരുടെ തലസ്ഥാനമായിരുന്ന മഹോദയപുരത്തെ 11ാം നൂറ്റാണ്ടിൽ ചോളരാജാക്കന്മാർ കീഴടക്കിയതോടെ ചേരരാജാവായ രാമവർമ്മകുലശേഖരന് തന്റെ കേന്ദ്രം കൊല്ലത്തേക്കു മാറ്റേണ്ടിവന്നു. എ.ഡി 1684ൽ വേണാട് ഭരിച്ചിരുന്ന രവിവർമ്മ ഭരണപരമായി കാര്യങ്ങൾ നിർവഹിക്കുന്നതിന് വേണാടിനെ ജില്ലകളായും ഉപജില്ലകളായും തിരിച്ചു. 1729ൽ മാർത്താണ്ഡവർമ്മ കൊച്ചുകൊച്ചു നാട്ടുരാജ്യങ്ങളെ കൂട്ടിച്ചേർത്ത് തിരുവിതാംകൂർ പുനരേകീകരിച്ചു. മുൻതിരുവിതാംകൂർ സംസ്ഥാനത്തെ തെക്കൻ എന്നും വടക്കൻ എന്നും തിരിച്ചപ്പോൾ തെക്കൻ ഡിവിഷന്റെ ആസ്ഥാനമായി മാറി കൊല്ലം.

1503ൽ കൊല്ലവുമായി കച്ചവടം നടത്തുവാനുള്ള കൊല്ലം റാ

ണിയുടെ അഭ്യർത്ഥനയോട് കൂടിയാണ് പോർട്ടുഗീസുകാർ ഇവിടെ എത്തുന്നത്. 1552ൽ റൊഡ്രിഗ്സ് എന്ന പോർട്ടുഗീസ് ഉദ്യോഗസ്ഥൻ ഇവിടെ എത്തുകയും തങ്കശ്ശേരിയിലെ പണ്ടകശ്ശാല പുതുക്കി പണിയുവാനുള്ള അനുവദം നേടിയെടുക്കുകയും ചെയ്തു. എന്നാൽ ഇതിന്റെ മറവിൽ ഒരു കോട്ടതന്നെ നിർമിക്കുകയാണ് അവർ ചെയ്തത്. കോട്ടകെട്ടുന്നതിന് മുൻപുതന്നെ പോർട്ടുഗീസുകാരുടെ കച്ചവടകേന്ദ്രമായി തങ്കശ്ശേരി മാറിയിരുന്നു. അവിടെ പോർട്ടുഗീസ് ഗവർണർക്ക് താമസിക്കുവാൻ രണ്ടുനിലയുള്ള കൊട്ടാരവും സമ്മർഹൗസുകളും ഉദ്യാനങ്ങളും അവർ സ്ഥാപിച്ചു. അന്നത്തെ ഗവർണരുടെ കൊട്ടാരമാണ് ഇന്നത്തെ കൊല്ലം ബിഷപ്പിന്റെ അരമന.

കച്ചവടക്കാരന്റെ വേഷത്തിൽവന്ന് ഭരണാധിപത്യം സ്ഥാപിക്കുകയും കടന്നാക്രമണങ്ങളുടെയും ഗൂഢാലോചനകളുടെയും വേദിയാക്കി അവർ കൊല്ലത്തെ മാറ്റുകയും ചെയ്തു. മുസ്ലീം വ്യാപാരികളെ തുരത്തുവാനും കുരുമുളകു കച്ചവടത്തിന്റെ കുത്തക കൈവശപ്പെടുത്തുവാനും കൊല്ലത്തെ ഭരണാധികാരികളെ ചൊൽപ്പടിക്കു നിർത്തുവാനും പല കുടിലതന്ത്രങ്ങളും അവർ നടത്തി.

1659 ഡിസംബർ 29-ാം തീയതി ഡച്ചുകാർ കൊല്ലത്ത് എത്തുകയും തങ്കശ്ശേരി കോട്ട പിടിച്ചടക്കുകയും ചെയ്തു. പോർട്ടുഗീസുകാരുടെ കെട്ടിടങ്ങളും പള്ളികളും അവർ അടിച്ചു തകർത്തു. കൊല്ലം നഗരം കൊള്ളിവച്ച് നശിപ്പിക്കുകയും തങ്കശ്ശേരി കോട്ട തകർത്ത് തരിപ്പണമാക്കുകയും ചെയ്തു. അങ്ങനെ കൊല്ലത്ത് ആധിപത്യം സ്ഥാപിച്ച ഡച്ചുകാർ 1669ൽ തങ്കശ്ശേരികോട്ട പുനർനിർമിച്ചു. പത്തേമാരികൾ കടലിൽനിന്നും ഉള്ളിലേക്ക് കടന്ന് ചരക്കുകൾ മാർക്കറ്റിൽനിന്നു നേരിട്ട് കയറ്റത്തക്കവിധം ഒരു തോട് നിർമിക്കുക തുടങ്ങി പല പരിഷ്കാരങ്ങളും ഏർപ്പെടുത്തി. തങ്കശ്ശേരിയെ 'ഡച്ച് ക്വയിലോൺ' എന്നാണ് വിളിച്ചിരുന്നത്. കൊല്ലത്തും തിരുവിതാംകൂറിലും കുരുമുളകിന്റെയും കറുവപ്പട്ടയുടെയും കച്ചവടത്തിന്റെ കുത്തക കൈവശപ്പെടുത്തികൊണ്ട് അക്രമോത്സുകരായി കഴിഞ്ഞ ഡച്ചുകാരെ 1741ൽ മാർത്താണ്ഡവർമ്മ കുളച്ചൽ യുദ്ധത്തിൽ പരാജയപ്പെടുത്തിയതോടെ അവർ എന്നെന്നേക്കുമായി ഇവിടെനിന്നും പിന്മാറി.

1742ൽ തങ്കശ്ശേരി കോട്ടയിൽ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ കൊടി ഉയർന്നു. 1795ൽ ഒക്ടോബർ 20ന് അഞ്ചുതെങ്ങിനോടൊപ്പം അത് ബ്രിട്ടീഷ് അധീനതയിലായി. അങ്ങനെ കൊല്ലം നഗരത്തിൽ കൂടി പോർട്ടുഗീസുകാരും ഡച്ചുകാരും അവരെ തുടർന്ന് ഇംഗ്ലീഷുകാരും കടന്നുപോയി. അവർകെട്ടിയ കോട്ട കൊത്തളങ്ങൾ തകർന്നു വീണു. കാടും പടലവും കയറിയ ശ്മശാനങ്ങളിലൂടെയും പഴയ പ്രതാപത്തിന്റെ അവശിഷ്ടങ്ങളിലൂടെയും ഇന്നും അവരുടെ ഓർമ്മകൾ ഇവിടെ തങ്ങിനില്ക്കുന്നു. ഇംഗ്ലീഷുകാർ കെട്ടി ഉയർത്തിയ വിളക്കുമരം നാവികർക്കു വഴികാട്ടിയായി ജ്വലിച്ചു നിൽക്കുന്നു.

ബ്രിട്ടീഷ് ആധിപത്യത്തിനെതിരായ സമരത്തിന്റെ ആദ്യകാല നായകന്മാരിൽ പ്രമുഖനായ വേലുത്തമ്പിദളവ ആണ് കൊല്ലം നഗരം പുനഃസൃഷ്ടിച്ചതെന്ന് പറയാം. ദളവ എന്ന നിലയിൽ വേലുത്തമ്പിയുടെ ആ സ്ഥാനവും വസതിയും കൊല്ലത്തായിരുന്നു. ഇംഗ്ലീഷുകാർക്ക് എതിരായി അദ്ദേഹം നടത്തിയ സമരത്തിന്റെ രംഗവും കൊല്ലമായിരുന്നു. കൊല്ലം നഗരത്തിന്റെ അഭിവൃദ്ധിയിൽ അതീവതല്പരനായിരുന്ന അദ്ദേഹം 1804ൽ നഗരത്തിൽ ഒരു വികസന പദ്ധതി നടപ്പാക്കി. അദ്ദേഹത്തിന്റെ കാലത്ത് തിരുവിതാംകൂറിന്റെ ഭരണപരമായ ആസ്ഥാനവും കൊല്ലമായിരുന്നു.

കൊല്ലത്ത് ഹജൂർ കച്ചേരി അഥവാ ദളവാ കച്ചേരി സ്ഥാപിച്ചു. വേലുത്തമ്പി അവിടെ നിന്നായിരുന്നു ഭരണകാര്യങ്ങൾ നടത്തിയിരുന്നത്. പുതിയ സിവിൽ സ്റ്റേഷൻ നിലവിൽ വരുന്നതുവരെ ജില്ലയുടെ ഭരണ കേന്ദ്രമായി പ്രവർത്തിച്ചത് ആ കച്ചേരിയായിരുന്നു. അതു പൊളിച്ചു മാറ്റിയിട്ടാണ് ഇന്നത്തെ സിവിൽസ്റ്റേഷൻ നിർമ്മിച്ചിരിക്കുന്നത്. തൊട്ടടുത്തുതന്നെ ദളവയുടെ വസതിയും ഉണ്ടായിരുന്നു. വേലുത്തമ്പിയുടെ മേൽനോട്ടത്തിൽ കൊല്ലത്ത് പുതിയ അങ്ങാടികൾ രൂപംകൊണ്ടു. വാണിജ്യത്തിന്റെ വികാസത്തിനു വേണ്ടി അദ്ദേഹം മധുരയിൽ നിന്നും തിരുനെൽവേലിയിൽ നിന്നും മറ്റും വലിയ കച്ചവടക്കാരെ ക്ഷണിച്ചുവരുത്തി. കൊല്ലം ചെങ്കോട്ട റോഡ് നിർമ്മിച്ചതും അദ്ദേഹത്തിന്റെ ഭരണകാലത്താണ്. കൊല്ലത്ത് ഒരു കൊട്ടാരം പണികഴിപ്പിക്കുകയും അതിനോട് ചേർന്ന് ആനന്ദവല്ലീശ്വരം ക്ഷേത്രം നിർമ്മിച്ചതും അദ്ദേഹമാണ്.

## കൊല്ലവും ദേശീയപ്രസ്ഥാനവും

ദേശീയ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ കൊല്ലം പട്ടണം നിർണായകമായ പങ്കുവഹിച്ചു. ബ്രിട്ടീഷുകാർക്ക് എതിരായുള്ള വേലുത്തമ്പിദളവയുടെ കലാപത്തിന്റെ രംഗഭൂമി എന്ന നിലയിലും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ സാമൂഹികനീതിക്കും ജനാധിപത്യ ഭരണത്തിനും തൊഴിലാളികളുടെ അവകാശങ്ങൾക്കും വേണ്ടി നടന്ന പോരാട്ടങ്ങളുടെ കർമ്മമണ്ഡലം എന്ന നിലയിലും കൊല്ലം സ്മരിക്കപ്പെടും.

തിരുവിതാംകൂറിൽ വിദേശ ബ്രാഹ്മണാധിപത്യത്തിനെതിരെ ഉയർന്ന 'മലയാളി മെമ്മോറിയലിന്റെ' ഗർഭഗൃഹം കൊല്ലമായിരുന്നു. വിദ്യാസമ്പന്നരായ സ്വദേശികൾ ഉള്ളപ്പോൾ തമിഴ് ബ്രാഹ്മണർക്ക് നിർലോഭം ഉദ്യോഗങ്ങൾ നൽകി പോന്നതിനെതിരെ ആയിരുന്നു ഇത്. 1924ലെ വൈക്കം സത്യാഗ്രഹം തുടർന്ന് നടന്ന ഉത്തരവാദഭരണ പ്രക്ഷോഭണം സ്റ്റേറ്റ് കോൺഗ്രസിന്റെ ഉദയം ഇവയ്ക്ക് കൊല്ലം വഹിച്ച പങ്ക് ചെറുതല്ല. രാജഭരണത്തിനും സിപി വാഴ്ചയ്ക്കും എതിരെയുള്ള സമരങ്ങളുടെ കേന്ദ്രമായിരുന്നു കൊല്ലം.

1108ൽ രൂപീകരിച്ച 'അഖില തിരുവിതാംകൂർ സംയുക്ത രാഷ്ട്രീയ സഭ' ചരിത്രത്തിലെ ഉജ്ജ്വല അധ്യായമാണ്. ഈഴവ-മുസ്ലീം-ക്രൈസ്തവ വിഭാഗങ്ങളായിരുന്നു ഇതിന്റെ ശക്തി സ്തംഭങ്ങൾ. സി.കേശവനും, റ്റി.എം.വർഗീസുംഇതിന്റെ അമരക്കാരായിരുന്നു. പ്രതിനിധി സഭയിലും സർക്കാർ സർവീസിലും അർഹമായ അവകാശങ്ങൾ നിഷേധിച്ചതിനെതിരെ തുടക്കിമിട്ട നിവർത്തനപ്രക്ഷോഭണം പിന്നീട് ദിവാൻ ഭരണത്തോട് ഏറ്റുമുട്ടാനുള്ള ഉത്തരവാദ ഭരണ പ്രക്ഷോഭണത്തിന് വഴിതുറന്നു.

1114ൽ സ്റ്റേറ്റ് കോൺഗ്രസ് നിരോധിക്കപ്പെട്ടതോടുകൂടി

കോൺഗ്രസ്സിന്റെ പ്രധാന പ്രവർത്തനകേന്ദ്രം കൊല്ലമായി. നിയമനിഷേധം സമരപരിപാടിയായി അംഗീകരിച്ച സ്റ്റേറ്റ് കോൺഗ്രസ് ദിവാൻ ഭരണത്തിനെതിരെ പോരാട്ടങ്ങളുടെ അലകൾ ഇളക്കിവിട്ടു. തിരുവിതാംകൂർ രാഷ്ട്രീയത്തിലെ ത്രിമൂർത്തികളായ പട്ടം താണുപിള്ള, സി.കേശവൻ, ടി.എം.വർഗീസ് എന്നിവരുടെ നേതൃത്വത്തിലാണ് പ്രക്ഷോഭ പരിപാടികൾ മുന്നോട്ടു നീങ്ങിയത്. ആർ.ശങ്കർ, എൻ.ശ്രീകണ്ഠൻനായർ, എം.എൻ.ഗോവിന്ദൻനായർ, ടി.കെ.ദിവാകരൻ, വി.ഗംഗാധരൻ, എം.ജി.കോശി, കണ്ണന്തോട്ടത്ത് ജനാർദ്ദനൻ നായർ തുടങ്ങിയവരുടെയെല്ലാം പ്രവർത്തനകേന്ദ്രമായിരുന്നു കൊല്ലം.

## തൊഴിലാളി വർഗപ്രസ്ഥാനം

ദേശീയ പ്രസ്ഥാനത്തിന്റെ പ്രക്ഷോഭപരിപാടികൾക്കെല്ലാം ആക്കവും തൂക്കവും കൊടുത്ത് ഊർജ്ജസ്വലമാക്കുന്നതിൽ കൊല്ലത്തെ തൊഴിലാളി വർഗം വഹിച്ച പങ്ക് മഹത്തായതാണ്. കെ.ജി.ശങ്കർ പ്രസിഡന്റും കെ.സി.ഗോവിന്ദൻ സെക്രട്ടറിയുമായി 1931ൽ ക്വയിലോൺ ലേബർ യൂണിയൻ എന്ന പേരിൽ ഒരു തൊഴിലാളി സംഘടന രൂപം കൊള്ളുകയുണ്ടായി. എന്നാൽ പി.എൻ.കൃഷ്ണപിള്ള പ്രസിഡന്റായി രൂപീകൃതമായ ക്വയിലോൺ ലേബർ യൂണിയനായിരുന്നു ആദ്യത്തെ രജിസ്ട്രേഡ് യൂണിയൻ.

കൊല്ലത്തെ കോട്ടൺമിൽ തൊഴിലാളികളുടെ അവകാശ പോരാട്ടങ്ങൾ ട്രേഡ്‌യൂണിയൻ ചരിത്രത്തിലെ അവിസ്മരണീയ സംഭവങ്ങളാണ്. 1938ൽ കോട്ടൺമിൽ തൊഴിലാളികളുടെ നേർക്ക് വെടിവയ്പ്പ് നടന്നു. ലക്ഷ്മണൻ എന്ന തൊഴിലാളി രക്തസാക്ഷിയായി. തുടർന്ന് കൊല്ലത്തെ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കുകയും പ്രക്ഷോഭം കൂട്ടുകയും ചെയ്തു. എൻ.ശ്രീകണ്ഠൻ നായരും എം.എൻ.ഗോവിന്ദൻനായരും തൊഴിലാളി പ്രവർത്തന രംഗത്തേക്ക് കടന്നുവരികയും 'ക്വയിലോൺ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ' നേതൃത്വം ഏറ്റെടുക്കുകയും ചെയ്തതോടെ കൊല്ലത്തെ തൊഴിലാളിവർഗം സ്വന്തം കർമ്മപഥത്തിലേക്ക് ആവേശപൂർവം മുന്നോട്ടുനീങ്ങി. തുണിമിൽ തൊഴിലാളികളുടേതിനേക്കാൾ ദയനീയമായിരുന്നു കശുവണ്ടിതൊഴിലാളികളുടെ ജീവിതം. മുതലാളി നിശ്ചയിക്കുന്ന ജോലിസമയവും തുച്ഛമായ കൂലിയും കൂട്ടത്തോടെയുള്ള പിരിച്ചുവിടലും എല്ലാം കൊണ്ട് ദുരിതപൂർണ്ണമായിരുന്നു ഇവരുടെ ജീവിതം. മുതലാളിമാരുടെ ചട്ടമ്പിസംഘങ്ങളേയും പോലീസിനെയും നേരിട്ടുകൊണ്ട് ഇതിനെതിരെ തൊഴിലാളിവർഗം പൊരുതി. 1942ൽ കശുവണ്ടി തൊഴിലാളികളുടെ നേതൃത്വം എം.എൻ.ഗോവിന്ദൻനായർ ഏറ്റെടുത്തു. അഖില തിരുവിതാംകൂർ കശുവണ്ടി തൊഴിലാളി യൂണിയന്റെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം നയിച്ച ഐതിഹാസിക സമരങ്ങൾ കൊല്ലത്തിന്റെ വീര സ്മരണകളാണ്.

1946ലെ പുന്നപ്രവയലാർ സമരത്തിന്റെ അലകൾ കൊല്ലത്തും ആഞ്ഞടിച്ചു. സി.പി.യുടെ കിരാതവാഴ്ചയ്ക്കെതിരെ കൊല്ലത്തെ തൊഴിലാളികൾ ഒന്നടങ്കം പണിമുടക്കി. ഇതിനോടനുബന്ധിച്ച് എം.എൻ.ഗോവിന്ദൻനായർ, എൻ.ശ്രീകണ്ഠൻനായർ, ടി.കെ.ദിവാകരൻ തുടങ്ങിയവരെ അറസ്റ്റുചെയ്ത് ദീർഘകാലം തടങ്കലിൽ ആക്കി. കൊല്ലത്തെ സംഘടിത തൊഴിലാളി പ്രസ്ഥാനമാണ് ആദ്യമായി ബോണസിനു വേണ്ടിയുള്ള അവകാശവാദം ഉയർത്തിപ്പിടിച്ചുകൊണ്ട് പോരാട്ടങ്ങൾ നടത്തിയത്. അങ്ങനെ കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിന് വളക്കൂറുള്ള മണ്ണായി ഈ പട്ടണം മാറി.

## വ്യവസായ പാരമ്പര്യം

കുരുമുളക്, ഇഞ്ചി, സുഗന്ധദ്രവ്യങ്ങൾ മുതലായ കാർഷിക ഉല്പന്നങ്ങളുടെ കയറ്റുമതിയെ ആശ്രയിച്ചായിരുന്നു കൊല്ലം നഗരത്തിന്റെ പ്രാചീനകാലത്തെ വാണിജ്യം. ഇവിടുത്തെ മൺപാത്രങ്ങളെക്കുറിച്ച് അൽക്വസിനിയും (1263–1275) തെങ്ങിൻകള്ളിൽ നിന്നും കിട്ടുന്ന ലഹരിയുള്ള മദ്യത്തെക്കുറിച്ച് മാർക്കോപോളയും (1298) പ്രതിപാദിക്കുന്നുണ്ട്.

പുതിയ രീതിയിലുള്ള വ്യവസായങ്ങൾ കൊല്ലത്ത് ആരംഭിക്കുന്നത് 19-ാം നൂറ്റാണ്ടിന്റെ അവസാനത്തോടു കൂടിയാണ്. ഓടു നിർമാണശാലകളാണ് ആദ്യത്തെ വ്യവസായ ശാലകൾ. കാമറോൺ എന്ന ഇംഗ്ലീഷുകാരൻ 1880ൽ കൊല്ലത്ത് ആദ്യമായി ഓട്ടുകമ്പനി സ്ഥാപിച്ചു. തോമസ് സ്റ്റീഫൻ 1910ൽ എം.എസ്.അച്ചുതപ്പണിക്കരേയും സി.കൊച്ചേര പണിക്കരേയും പങ്കാളികളാക്കി 'മെസ്സേഴ്സ് തോമസ് സ്റ്റീഫൻ ആന്റ് കമ്പനി ലിമിറ്റഡ്' എന്ന പേരിൽ 1915ൽ ഒരു കമ്പനി രജിസ്റ്റർ ചെയ്തു. എച്ച് ആന്റ് സി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന മെസ്സേഴ്സ് ഹാരിസൺ ആന്റ് ക്രോസ് ഫീൽഡ് ലിമിറ്റഡ് എന്ന ഇംഗ്ലീഷ് കമ്പനി ക്വയിലോൺ ടൈൽ വർക്സ് സ്ഥാപിച്ചു.

എച്ച് ആന്റ് സി കൊല്ലത്തിന്റെ വ്യവസായ അഭിവൃദ്ധിയിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുണ്ട്. 1912-ൽ സ്ഥാപിതമായ ഈ ഇംഗ്ലീഷ് കമ്പനി കേരളത്തിന്റെ ഏറ്റവും വലിയ എഞ്ചിനീയറിംഗ് സ്ഥാപനമായിരുന്നു. അക്കാലത്ത് മറ്റ് വ്യവസായങ്ങളിൽ ഏർപ്പെട്ടിരുന്ന വില്യംഗുഡേക്കർ, ആസ്പിൻവാൾ എന്നിവ രണ്ട് പ്രമുഖകമ്പനികളാണ്.

വിശാഖം തിരുനാളിന്റെ പ്രേരണയിലും സഹായത്തിലും ആലപ്പുഴയിലെ ഇംഗ്ലീഷ് വ്യവസായി ജെയിംസ് ഡാറ അഷ്ടമുടിക്കായലിന്റെ തീരത്ത് 16 ഏക്കർ സ്ഥലത്ത് 1884-ൽ സ്ഥാപിച്ച തുണിമില്ലാണ് ഇന്നത്തെ പാർവ്വതീമിൽ. സാമ്പത്തികതകർച്ചമൂലം മില്ലിന്റെ ഉടമസ്ഥത 1906-ൽ സൗത്ത് ഇന്ത്യൻ കോട്ടൻ കോർപ്പറേഷന് കൈമാറ്റം ചെയ്തു. വീണ്ടും സാമ്പത്തിക മാന്ദ്യം ബാധിച്ചു. കമ്പനിയെ അഹമ്മദാബാദ് സ്വദേശിയായ രൺചോതീലാൽ 1920-ൽ വിലയ്ക്ക് വാങ്ങി. 1924-ൽ അമൃതലാൽ ധുതലാൽ സേട്ടിന്റെ മകൻ ധുതലാൽ അമൃത്‌ലാൽ കമ്പനി ഏറ്റെടുത്തു. 1932-ൽ അത് എഡി കോട്ടൻമിൽ (അമൃത്‌ലാൽ ധുതലാൽ ആന്റ് സൺസ്) എന്ന പേരിൽ ഒരു പബ്ലിക് ലിമിറ്റഡ് കമ്പനി ആയി. സാമ്പത്തിക പ്രതിസന്ധികളുടേയും ലോക്കൗട്ടുകളിലൂടെയും നീങ്ങിയ കമ്പനി കേരളാസ്റ്റേറ്റ് ഇൻഡസ്ട്രിയൽ കോർപ്പറേഷന്റെയും രാധാത്യാഗരാജ ചെട്ടിയാരുടെയും സംയുക്ത ഭരണത്തിലായി. അന്നാണ് എഡി കോട്ടൻമിൽ പാർവ്വതീമിൽ എന്നപേര് സ്വീകരിച്ചത്. വ്യവസായ മന്ത്രിയായിരുന്ന

ടി.വി.തോമസ്സിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ 1972 ജൂലൈ 10-ന് മില്ലിന്റെ ഭരണം ഏറ്റെടുത്തു. 1974 ഏപ്രിൽ 1-ാം തീയതി ദേശസാൽക്കരിക്കപ്പെട്ട പാർവ്വതീമിൽ, നാഷണൽ ടെക്സ്റ്റയിൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി പ്രവർത്തനം തുടരുന്നു.

കൊല്ലത്തെ പ്രധാന വ്യവസായം കശുവണ്ടിവ്യവസായമാണ്. ഇവിടെ സംസ്കരിക്കുന്ന കശുവണ്ടിയുടെ ഏറിയഭാഗവും കിഴക്കേ ആഫ്രിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. 1925-ൽ ജോസഫ് പെരേരയും സത്യനാരായണമൂർത്തിയും ചേർന്നാണ് കശുവണ്ടി വ്യവസായം കൊല്ലത്താരംഭിച്ചത്. സ്വാമിനാഥൻ, തങ്ങൾകുഞ്ഞുമുസലിയാർ, വെണ്ടർ കൃഷ്ണപിള്ള, നാരായണ സ്വാമി റെഡ്യാർ, പൊയിലക്കട പരമേശ്വരൻപിള്ള, ഈച്ചംവീട്ടിൽ മൈതീൻകുഞ്ഞ് മുതലായവരുടെ നിയന്ത്രണത്തിലായിരുന്നു ഏറെക്കാലം ഈ വ്യവസായം. ഇപ്പോൾ സർക്കാരിന്റെ കോർപ്പറേഷനും കേരളാസ്റ്റേറ്റ് കാഷ്യൂവർക്കേഴ്സ് അപക്സ് കോഓപ്പറേറ്റീവ് സൊസൈറ്റിയും രംഗത്തുണ്ട്.

യന്ത്രവൽക്കൃത വ്യവസായ സ്ഥാപനങ്ങളെ കൂടാതെ നഗരത്തിലും സമീപപ്രദേശങ്ങളിലും കുടിൽ വ്യവസായങ്ങൾ പലതുമുണ്ട്. പ്രിന്റിംഗ്, പ്രസ്സ്, സാമിൽ, തീപ്പെട്ടിനിർമാണം, ബീഡിതെറുപ്പ് മുതലായവയിൽ ഏറെയും കുടിൽ വ്യവാസയങ്ങളാണ്.

കൊല്ലത്തിന്റെ വ്യാവസായിക അഭിവൃദ്ധിക്ക് ഉത്സുകനായിരുന്ന വേലുത്തമ്പിദളവ പാണ്ടിനാട്ടിൽ നിന്നും ക്ഷണിച്ചുവരുത്തിയ കച്ചവടക്കാരിൽ ചിലരാണ് ഇവിടെ ഹുണ്ടികസമ്പ്രദായം ഏർപ്പെടുത്തിയത്. അവർ പ്രോനോട്ടിന്റെ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായികൾക്ക് പണം കടം കൊടുത്തു. ബ്രിട്ടീഷ് ആധിപത്യത്തിലുള്ള ഇംപീരിയൽ ബാങ്കിന്റെ ഒരുശാഖ 1806ൽ കൊല്ലത്ത് പ്രവർത്തിച്ചു തുടങ്ങിയതോടെ ബാങ്കിംഗ് സമ്പ്രദായം ഇവിടെ ആരംഭിച്ചു. 1919ൽ ക്വയിലോൺ ഗവൺമെന്റ് സെർവന്റ്സ് കോഓപ്പറേറ്റീവ് സൊസൈറ്റി രൂപമെടുത്തു. 1912ൽ കെ.സി.മാമൻ മാപ്പിളയുടെ നേതൃത്വത്തിൽ തിരുവല്ലയിൽ തുടങ്ങിയ നാഷണൽ ബാങ്കും 1919ൽ കൊല്ലത്ത് സി.പി.മാത്തൻ മാനേജിംഗ് ഡയറക്ടറായിരുന്ന ക്വയിലോൺ ബാങ്കും 1936ൽ നാഷണൽ ആന്റ് ക്വയിലോൺ ബാങ്ക് എന്ന പേരിൽ സംയോജിപ്പിച്ചു. ഇന്ന് കണ്ണാശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു അന്ന് തിരുവിതാംകൂറിലെ ഏറ്റവും വലിയ ബാങ്കായിരുന്ന നാഷണൽ ആന്റ് ക്വയിലോൺ ബാങ്കിന്റെ ഹെഡ് ഓഫീസ് പ്രവർത്തിച്ചിരുന്നത്. 1933ൽ അത് ലിക്വഡേറ്റു ചെയ്യപ്പെട്ടു.

കൊല്ലത്ത് സെൻട്രൽ ബാങ്കിന്റെ ശാഖ 1943 ഡിസംബർ 6നും സ്റ്റേറ്റ് ബാങ്കിന്റെ ശാഖ 1946 ഒക്ടോബർ 14നും തുറന്നു. 1958 മാർച്ച് 1ന്കൊല്ലം ജില്ലാ സഹകരണബാങ്ക് പ്രവർത്തനം തുടങ്ങി. 1960 നവംബർ 29ന് കൊല്ലം ഭൂപണയ ബാങ്ക് നിലവിൽ വന്നു. ഇന്ന് ഇന്ത്യയിലെ മിക്ക ബാങ്കുകളുടെയും ശാഖകൾ കൊല്ലത്തുണ്ട്.

## നഗരസഭാ ചരിത്രത്തിലൂടെ

1988ൽ തിരുവിതാംകൂറിലെ ആദ്യ മുനിസിപ്പാലിറ്റി ആയി കൊല്ലം പ്രഖ്യാപിക്കപ്പെട്ടു. ചരിത്രത്തിന്റെ അപൂർവ സംഗമം കണ്ട 1988 മറ്റു പലതുകൊണ്ടും ശ്രദ്ധേയമായി. അയിത്തത്തിനും അനാചാരങ്ങൾക്കുമെതിരെ ശ്രീനാരായണൻ വില്ലുകുലച്ച് അരുവിപ്പുറം പ്രതിഷ്ഠാ നടത്തിയതും ഇന്ത്യയിലെ ആദ്യ നിയമസഭ തിരുവിതാംകൂറിൽ ഉദയംകൊണ്ടതും രാജ്യാന്തര രംഗത്താണെങ്കിൽ കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ആദ്യ ഇംഗ്ലീഷ് പതിപ്പ് പ്രസിദ്ധീകൃതമായതും ഇതേവർഷം തന്നെയായിരുന്നു.

1988ൽ കൊല്ലം നഗരത്തിന്റെ വിസ്തീർണ്ണം ആറു ചതുരശ്ര മൈലും (15.54.കി.മി.) ജനസംഖ്യ 33,739 മായിരുന്നു. 1894ൽ ട്രാവൻകൂർ ടൗൺ ഇംപ്രൂമെന്റ് ആന്റ് കൺസർവൻസി റെഗുലേഷൻ പ്രബല്യത്തിൽ വന്നപ്പോൾ കൊല്ലത്ത് ഒരു ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റി നിയമിക്കപ്പെട്ടു. നഗര ശുചീകരണം, വഴിവിളക്കുകൾ, കശാപ്പുശാല തുടങ്ങിയവയെപ്പറ്റി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റിയുടെ കീഴിൽ ഏതാനും ഉപസമിതികളും ഉണ്ടായി.

1895ൽ ടൗൺ ഇംപ്രൂവ്മെന്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വാഹനഗതാഗതം നിയന്ത്രിക്കാനുള്ള ചട്ടങ്ങളുണ്ടായി.

സർക്കാരിന്റെ കാലേകൂട്ടിയുള്ള അനുവാദത്തോടുകൂടി നഗരവാസികളിൽ നിന്ന് നികുതി പിരിക്കാനുള്ള അധികാരം 1901ൽ കമ്മിറ്റിയ്ക്കു ലഭിച്ചു.

കമ്മിറ്റിയിലേക്ക് നാല് അനൗദ്യോഗിക അംഗങ്ങളെ തിരഞ്ഞെടുക്കുവാനുള്ള അവകാശം നഗരത്തിലെ നികുതിദായകർക്ക് ലഭിച്ചത് 1911-ലാണ്. 1912ൽ പട്ടണത്തിലെ 'കാപ്പിശാപ്പാട്' ഹോട്ടലുകളിലെ ഭക്ഷണപാനീയങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കാനുള്ള അധികാരം കമ്മിറ്റിയുടെ അധ്യക്ഷനിൽ നിക്ഷിപ്തമായി. 1918ൽ നിയമത്തിലുണ്ടായ ഭേദഗതിയനുസരിച്ച് കമ്മിറ്റിയിൽ അനൗദ്യോഗികാംഗങ്ങൾ ഭൂരിപക്ഷമാകാമെന്നും അവരിൽ ഒരാൾക്ക് അധ്യക്ഷനാകാമെന്നും നിശ്ചയിക്കപ്പെട്ടു.

1921ൽ ജനകീയ മുനിസിപ്പാലിറ്റി രൂപംകൊണ്ടു. കൊല്ലം, ഇരവിപുരം, വടക്കേവിള എന്നീ വില്ലേജുകളുടെ ഭാഗങ്ങൾ ചേർത്ത് നഗരത്തിന്റെ വിസ്തൃതി 6.3 ചതുരശ്ര മൈലായി (16.23 കി:മി:) വർദ്ധിപ്പിച്ചു. ആദ്യത്തെ മുനിസിപ്പൽ ചെയർമാൻ (19211922) തൃശൂർ സ്വദേശിയും കൊല്ലം ബാറിലെ ഒരു പ്രസിദ്ധ അഭിഭാഷകനുമായ സി.ശങ്കരമേനോനായിരുന്നു. പിന്നീട് ബാരിസ്റ്റർ പത്മനാഭപിള്ള 1922-25 ചെയർമാനായി.

പിന്നീട് കൊല്ലത്ത ഹോമിയോ ഡോക്ടറായിരുന്ന എം.ആർ. ഗോവിന്ദപിള്ളയെ 1925-27 ചെയർമാനായി ഗവൺമെന്റ് നോമിനേറ്റു ചെയ്തു. കൊല്ലം കോടതിയിലെ

അഭിഭാഷകനായ എം.ആർ.മാധവ വാര്യർ 1927മുതൽ 1930 വരെയും അഡ്വക്കേറ്റ് പറവൂർ നാരായണപിള്ള 1930മുതൽ 32 വരെയും നോമിനേറ്റഡ് മുനിസിപ്പൽ ചെയർമാൻമാരായി.

ആറാമത്തെ നഗരപിതാവ് കൊല്ലം ഉണിച്ചക്കം വീട്ടിലെ കെ.ജി.പരമേശ്വരൻ പിള്ളയായിരുന്നു. 1932-40 അന്ന് മുനിസിപ്പൽ ആഫീസ് ആനന്ദവല്ലീശ്വരത്തായിരുന്നു. 1937ലാണ് ചിന്നക്കട റെയിൽവേ ഓവർ ബ്രിഡ്ജിന് എതിർവശത്ത് മുനിസിപ്പൽ കെട്ടിടം പണിതത്. ഇദ്ദേഹത്തിന്റെ സ്മാരകമാണ് ചിന്നക്കടയിൽ കാണുന്ന 'മണിമേട'.

ഏഴാമത്തെ ചെയർമാൻ അഡ്വക്കേറ്റ് പലകശ്ശേരി രാഘവൻ 1948 52 ആയിരുന്നു. 1952ൽ അഡ്വക്കേറ്റ് പി.ആർ കൊച്ചുകൃഷ്ണ പിള്ള എട്ടാമത്തെ നഗരപിതാവായി. അന്നും കൗൺസിലിൽ 32 അംഗങ്ങളുണ്ടായിരുന്നു. അന്ന് മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റികളൊന്നും നിലവിൽ വന്നിരുന്നില്ല. ചെയർമാൻ തന്നെ ആയിരുന്നു പരമാധികാരി.

ഒൻപതാമത്തെ നഗരസഭാ ചെയർമാൻ അഡ്വക്കേറ്റ് കെ. കേശവൻപോറ്റി ആയിരുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് അദ്ദേഹം പ്രാധാന്യം നൽകി. ടി.ബി ആശുപത്രിയുടെ നിർമ്മാണത്തിന് നേതൃത്വം കൊടുത്തു. പീരങ്കി മൈതാനത്തു നിന്നും മൂന്നേമുക്കാൽ ഏക്കർസ്ഥലം സ്റ്റേഡിയത്തിനും രണ്ട് ഏക്കർ സ്ഥലം പോലീസ് പരേഡ് ഗ്രൗണ്ടിനും 25 സെന്റു സ്ഥലം ക്യു.എ.സിയ്ക്കും ലഭിച്ചത് ഇക്കാലത്താണ്.

തുടർന്ന് 1960ൽ കെ.ശങ്കരനാ.രായണൻ നായർ നഗരപിതാവായി. ഇക്കാലത്താണ് ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയം, എം.ജി.പാർക്ക്, വിലയ കട മാർക്കറ്റ് തുടങ്ങിയവയുടെ നിർമ്മാണം ആരംഭിച്ചത്.

പതിനൊന്നാമത്തെ ചെയർമാനായി ടി.കെ.ദിവാകരൻ 1962ൽ തിരഞ്ഞെടുക്കപ്പെട്ടു. 1967ൽ മന്ത്രിയാകുന്നതുവരെ അസ്ഥാനത്ത് തുടർന്നു. കൊല്ലം നഗരസഭാ നിർമ്മാണ പ്രവർത്തനങ്ങളുടെയെല്ലാം രൂപരേഖകൾ തയ്യാറാക്കിയതും നടപ്പാക്കി തുടങ്ങിയതും ഇദ്ദേഹത്തിന്റെ കാലത്താണ്.

1961ൽ മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ നിലവിൽ വന്നു. വൈസ് ചെയർമാനായിരുന്ന കെ.ചന്ദ്രശേഖരൻ ആദ്യത്തെ മുനിസിപ്പൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കൂടിയായി. ടി.കെ.ദിവാകരൻ 1967ൽ മന്ത്രിയായതിനെ തുടർന്ന് എൻ.അബ്ദുൾ റഹമാൻ കോയ ചെയർമാനായി പതിനൊന്നുമാസം തുടർന്നു.

1968ൽ അഡ്വക്കേറ്റ് എൻ.തങ്കപ്പൻ ചെയർമാനായി. പതിനൊന്നരവർഷം അദ്ദേഹം ഈ സ്ഥാനത്ത് തുടർന്നു. നഗരവികസനത്തിനുവേണ്ടി ഇക്കാലത്ത് തുടക്കമിട്ട പദ്ധതിയാണ് ചിന്നക്കട പദ്ധതി. ഇന്നു നഗരസഭാ ഓഫീസ് പ്രവർത്തിക്കുന്ന എച്ച്.ആന്റ്.സി.വക കെട്ടിടവും സ്ഥലവും വിലയ്ക്കു വാങ്ങുകയും നഗരസഭയ്ക്കുവേണ്ടി പുതിയ കെട്ടിടം നിർമ്മിയ്ക്കുവാൻ വേണ്ട നടപടി സ്വീകരിച്ചതു ഇക്കാലത്താണ്. ചിന്നക്കടയിലെ അഞ്ചുനില കെട്ടിടം സി.കേശവൻ സ്മാരക ടൗൺഹാൾ, മുളങ്കാടകത്തെ മാതൃശിശു സംരക്ഷണകേന്ദ്രം, മുണ്ടക്കലിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ തുടങ്ങിയ വികസന പ്രവർത്തങ്ങൾ നടന്നതും ഈ കാലയളവിലാണ്.

1980ൽ കരുമാലിൽ സുകുമാരൻ ചെയർമാനായി ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സിസ്റ്റം ഏർപ്പെടുത്തിയത് ഇക്കാലത്താണ്. 1982ൽ കെ.തങ്കപ്പൻ മുനിസിപ്പൽ ചെയർമാനായി. 1983ൽ സി.രാഘവൻപിള്ള ചെയർമാനായി. 1984 മുതൽ 1988 വരെ ജില്ലാ കളക്ടർ ആയിരുന്ന ഗോപാലകൃഷ്ണപിള്ള സി. വി.ആനന്ദബോസ് നീല ഗംഗാധരൻ തുടങ്ങിയവരാണ് മുനിസിപ്പൽ ഭരണം നടത്തിയിരുന്നത്.

1988ലെ തിരഞ്ഞെടുപ്പിനെ തുടർന്ന് കരുമാലിൽ സുകുമാരൻ രണ്ടാമതും ചെയർമാനായി. പുതിയ മുനിസിപ്പൽ ആഫീസ്സ് മന്ദിരം പൂർത്തിയാക്കിത്ഈ കാലയളവിൽ ആണ്.

1994ലെ 74ാം ഭരണഘടനാ ഭേദഗതിയെ അടിസ്ഥാനമാക്കിയുള്ള കേരളാ മുനിസിപ്പൽ ആക്ടിൻ പ്രകാരം 1995 സെപ്റ്റംബർ മാസം 25ാം തീയതി നടന്ന തിരഞ്ഞെടപ്പിനെ തുടർന്ന് കെ.തങ്കപ്പൻ ചെയർമാനാകുകയും ആ സ്ഥാനത്ത് തുടരുകയും ചെയ്യുന്നു.

ഇപ്പോഴത്തെ നഗരസഭാംഗങ്ങളുടെ പേരുവിവരം വാർഡു തിരിച്ച് ചുവടെ ചേർക്കുന്നു.

## കൊല്ലം നഗരസഭാ അംഗങ്ങൾ

| വാർഡ് നമ്പർ | വാർഡിന്റെ പേര് | അംഗങ്ങളുടെ പേര് |
|---|---|---|
| 1 | ഉളിയക്കോവിൽ നോർത്ത് | നിർമ്മലാമോഹൻ |
| 2 | ഉളിയക്കോവിൽ മിഡിൽ | ഉളിയക്കോവിൽ ശശി |
| 3 | ഉളിയക്കോവിൽ സൗത്ത് | സജിത് സുരേന്ദ്രൻ |
| 4 | ആശ്രാമം നോർത്ത് | സി.എം.ജയ |
| 5 | ആശ്രാമം വെസ്റ്റ് | എൻ.വാസുദേവൻ പിള്ള |
| 6 | ആശ്രാമം മിഡിൽ | ജി.രമേശ്ബാബു |
| 7 | ആശ്രാമം സൗത്ത് | വി.ധനപാലൻ |
| 8 | പട്ടത്താനം വെസ്റ്റ് | കെ.തങ്കപ്പൻ |
| 9 | പട്ടത്താനം ഈസ്റ്റ് | പ്രൊഫ:കെ.എസ്.പീറ്റർ |
| 10 | പോളയത്തോട് | എൽ.എം.ആഫ്ത്താബ് |

| | | |
|---|---|---|
| 11 | മുണ്ടക്കൽ ഈസ്റ്റ് | എൽ.എൽശ്രീജിത്ബാബു |
| 12 | മുണ്ടക്കൽ മിഡിൽ | ഡോ.ആർ.ലതികാഭായി |
| 13 | മുണ്ടക്കൽ വെസ്റ്റ് | എസ്.സുരേഷ്ബാബു. |
| 14 | കന്റോൺമെന്റ് സൗത്ത് | എച്ച്.അബ്ദുൽ റഹ്മാൻ |
| 15 | കന്റോൺമെന്റ് നോർത്ത് | അനിയൻകുഞ്ഞ് |
| 16 | വടക്കുംഭാഗം | മാർട്ടിൻ.സി.ഗോമസ് |
| 17 | ആണ്ടാമുക്കം | പി.ഗംഗാധരൻപിള്ള |
| 18 | താമരക്കുളം | എസ്.രാമരാജറെഡ്യാർ |
| 19 | പള്ളിത്തോട്ടം | ഗ്രേയിസി ജോബോയ് |
| 20 | ബീച്ച് ഈസ്റ്റ് | പൗളിൻ ആന്റണി |
| 21 | ബീച്ച് സൗത്ത് | ജോർജ്ജ്.ഡി.കാട്ടിൽ |
| 22 | ബീച്ച് നോർത്ത് | അൻസർ റഹിം |
| 23 | കോട്ടയ്ക്കകം | പ്രസന്നകുമാരി അനിരുദ്ധൻ |
| 24 | പാലസ് | സോജാതുളസീധരൻ |
| 25 | തേവള്ളി | വിജയലക്ഷ്മിഅമ്മ |
| 26 | കച്ചേരി | പ്രൊഫ.എൻ.ജി.മൂർത്തി |
| 27 | കൈക്കുളങ്ങര നോർത്ത് | ജി.പ്രസന്നൻ ഉണ്ണിത്താൻ |
| 28 | കൈക്കുളങ്ങര ഈസ്റ്റ് | എസ്തർആന്റണി |
| 29 | കൈക്കുളങ്ങര വെസ്റ്റ് | ഹെർലിജേക്കബ് |
| 30 | തങ്കശ്ശേരി | മേബിൾക്ലീറ്റസ് |
| 31 | പുന്നത്തല സൗത്ത് | കരുമാലിൽ സുകുമാരൻ |
| 32 | പുന്നത്തല നോർത്ത് | പൊന്നമ്മ ശ്രീധരൻ |
| 33 | മുളങ്കാടകം | കെ.എ.നസീർ |
| 34 | കുരീപ്പുഴ ഈസ്റ്റ് | ആർ.ഗോപീകൃഷ്ണൻ |
| 35 | കുരീപ്പുഴ വെസ്റ്റ് | പി.വിശ്വംഭരൻ |
| 36 | മനയിൽകുളങ്ങര | എൻ.ജെ.ആനന്ദവല്ലിയമ്മ |

ചെയർമാൻ - കെ.തങ്കപ്പൻ

വൈസ് ചെയർമാൻ - കായിക്കര നസീർ

ആരോഗ്യപരിസ്ഥിതി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - മാർട്ടിൻ.സി.ഗോമസ്

പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ - ഉളിയക്കോവിൽ ശശി

നഗരസഭാ സെക്രട്ടറി - പി.എം.ദേവരാജൻ


കൂട്ടായ പരിശ്രമം
ഞങ്ങളുടെ എല്ലാ നേട്ടങ്ങൾക്കും
പിന്നിലുള്ള രഹസ്യം
അതു തന്നെ.

## 5

# ഭൂപ്രകൃതി ജലപ്രകൃതി ജനപ്രകൃതി

കേരളത്തിലെ ആദ്യത്തെ വാണിജ്യനഗരമാണ് കൊല്ലം. സമൃദ്ധിയും പ്രകൃതി സൗന്ദര്യവും കൊണ്ട് അനുഗ്യഹീതമായ ഈ നഗരം സന്ദർശിച്ചവരെല്ലാം ഈ പ്രദേശത്തിന്റെ സമൃദ്ധിയിൽ ആകൃഷ്ടരായിട്ടുണ്ട്. വിശാലമായ സമുദ്രവും അതിന്റെ വിഭവസമൃദ്ധിയും ഒരു ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇതിനു പുറമേ മത്സ്യസമ്പത്ത്കൊണ്ട് ആരെയുമാകർഷിക്കുന്ന അഷ്ടമുടിക്കായലിന്റെ സാമീപ്യം കൊണ്ടുകൂടി അനുഗ്യഹീതമായ വിശാലമായൊരു തെങ്ങിൻതോപ്പാണ് കൊല്ലം നഗരം. ഒരുകാലത്തു ധാരാളം വയലുകളുണ്ടായിരുന്നു. കാലം വരുത്തിയ മാറ്റവും നഗരവത്കരണത്തിന്റെ കടന്നുകയറ്റവും കാരണം ഇന്നുവയലുകൾ പേരിനു മാത്രമേയുള്ളു.

അനുദിനം ജനവാസം വർദ്ധിച്ചുവരുന്ന കൊല്ലം നഗരം കൊല്ലം ജില്ലയുടേയും കൊല്ലം താലൂക്കിന്റെയും ആസ്ഥാനമാണ്. സംസ്ഥാന ഭരണകേന്ദ്രമായ തിരുവനന്തപുരം നഗരത്തിൽ നിന്നും 70 കിലോമീറ്റർ വടക്കുമാറി ദേശീയ പാതയായ എൻ.എച്ച് 47ന്റെ ഇരുവശവുമായി സ്ഥിതി ചെയ്യുന്നു. രാജ്യത്തിന്റെ പ്രധാന നഗരങ്ങളുമായി റയിൽ വഴിയും റോഡുമുഖാന്തിരവും ബന്ധപ്പെട്ടിരിക്കുന്നു. മദ്രാസ് (ചെന്നൈ) ഡൽഹി, ബോംബെ, കൽക്കട്ടേ തുടങ്ങിയ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന ബ്രോഡ്ഗേജ് റയിൽപാത കടന്നുപോകുന്നു. പ്രധാന ജംഗ്ഷൻ എന്നതിനു പുറമേ ചെങ്കോട്ടവരെയെത്തുന്ന മറ്റൊരു മീറ്റർഗേജ് റയിൽപാതയുടെ ആരംഭവും കൊല്ലത്തുനിന്നാണ്. രാജവാഴ്ചയുടെ പ്രതാപൈശ്വര്യങ്ങൾ നിറഞ്ഞുനിന്ന പഴയകാലത്തെ പ്രധാന സഞ്ചാരമാർഗ്ഗമായിരുന്ന ജലപാതയുടെ ഒരു പ്രമുഖമായ കണ്ണിയാണ് നഗരത്തിന്റെ തിരക്കേറിയ ഭാഗങ്ങളിലൂടെ കടന്നുപോകുന്ന കൊല്ലം തോട്. പടിഞ്ഞാറ് അറബിക്കടലും വടക്കുപടിഞ്ഞാറ് ശക്തികുളങ്ങര പഞ്ചായത്തും വടക്കുകിഴക്ക് അഷ്ടമുടിക്കായലും കിഴക്ക് വടക്കേവിള പഞ്ചായത്തും കിളികൊല്ലൂർ പഞ്ചായത്തും തെക്ക് ഇരവിപുരം പഞ്ചായത്തുമാണ് കൊല്ലം നഗരത്തിന്റെ അതിരുകൾ.

ദക്ഷിണ സഹ്യാദ്രി പ്രദേശത്തുൾപെട്ട ഭാഗമാണിത്. ഓണാട്ടുകര എന്ന കാർഷിക കാലാവസ്ഥ മേഖലയിലാണ് കൊല്ലം നഗരത്തിന്റെ സ്ഥാനം. 100 മുതൽ 150 സെന്റിമീറ്റർ വരെ ആഴത്തിൽ എക്കൽ കലർന്ന മണ്ണ് കണ്ടുവരുന്നു. അപൂർവ്വം സ്ഥലങ്ങളിൽ മാത്രം ചെളി കലർന്ന മണ്ണുണ്ട്. സാമാന്യേന ജലവാർച്ച മിതമായുള്ള പ്രകൃതിയാണ് എന്നാൽ നഗരത്തിന്റെ ചില ഭാഗങ്ങളിൽ ജലം വേഗത്തിൽ ഊർന്നിറങ്ങിപ്പോകുന്ന സ്ഥിയുണ്ട്.

ഇവിടെ കാലാവസ്ഥയിൽ കാര്യമായ വ്യതിയാനമനുഭവപ്പെടുന്നില്ല. സമുദ്രസാമീപ്യമാണിതിനുള്ള പ്രധാന കാരണം. എന്നാൽ മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ താരതമ്യേന ചൂടുകൂടുതലാണ്. ഈ കാലയളവിലെ അന്തരീക്ഷോഷ്മാവ് 30$^{o}$ മുതൽ 33$^{o}$ സെൽഷ്യസ് വരെയാണ്. മേയ് മാസാവസാനവും ജൂൺ ആദ്യവുമായി തെക്കുടപടിഞ്ഞാറൻ മൺസൂൺ ആരംഭിയ്ക്കും. അതോടെ ഊഷ്മാവ് കുറയുകയും കാലാവസ്ഥ മിതത്വമുള്ളതും സുഖപ്രദവുമായി മാറുകയും ചെയ്യും.

വർഷം മുഴുവൻ അന്തരീക്ഷത്തിൽ ഈർപ്പമുണ്ടായിരിക്കും. ഏപ്രിൽ, മെയ് മാസങ്ങളിൽ ഇതിന്റെ അളവു കുറയുമെന്നു മാത്രം. വർഷത്തിൽ 2779 മി. മീറ്റർ മഴ ലഭിയ്ക്കുന്നു. ജൂൺ, ജൂലൈ ആഗസ്റ്റുമാസങ്ങളിലാണ് ഏറ്റവുംകൂടുതൽ മഴ ലഭിയ്ക്കുന്നത്. ചില വർഷങ്ങളിൽ 2800 മി. മീറ്റർ വരെ

മഴ ലഭിയ്ക്കുമ്പോൾ മറ്റുചില വർഷങ്ങളിൽ 1700 മി. മീറ്റർ വരെ മഴ വീഴ്ചയുടെ അളവു കുറഞ്ഞുപോകാറുണ്ട്. ഓരോ മാസവും ലഭിയ്ക്കുന്ന മഴയുടെ അളവു ചേർക്കുന്നു.

ശരാശരി 241.6%

| കൊല്ലം | ജനുവരി: | ഫെബ്രുവരി: | മാർച്ച്: | ഏപ്രിൽ: | മേയ്: | ജൂൺ: | ജൂലൈ: | ആഗസ്റ്റ്: | സെപ്റ്റംബർ: | ഒക്ടോബർ: | നവംബർ: | ഡിസംബർ: |
|---|---|---|---|---|---|---|---|---|---|---|---|---|
| 1993 | 0 | 50.3 | 49.1 | 158.6 | 179.8 | 571 | 587.3 | 204.7 | 162.3 | 477.3 | 368 | 91.7 |

(Source - Land Resources of Kerala State. Published by Kerala State Land Use Board)

1993 വരെയുള്ള കണക്കുകളാണ് ലഭ്യമായിട്ടുള്ളത്. അളവുകൾ മി. മീറ്റർ കണക്കിൽ കൊടുത്തിരിക്കുന്നു.

നെല്ല്, തെങ്ങ്, മരച്ചീനി, കമുക്, പ്ലാവ്, മാവ് പുളി തുടങ്ങിയവയാണിവിടുത്തെ കാലാവസ്ഥയ്ക്കും മണ്ണിനുമിണങ്ങിയ കൃഷികൾ.

ഒരുകാലത്ത് ഇതൊക്കെ സമൃദ്ധിയായുണ്ടായിരുന്നു. ഇതിനു പുറമേ മധുരക്കിഴങ്ങ്, കപ്പലണ്ടി, ചീവക്കിഴങ്ങ് എന്നിവയും പല ഭാഗത്തായി കൃഷി ചെയ്തിരുന്നു. എന്നാൽ നഗരവൽക്കരണത്തിന്റെ ഫലമായി പുരയിടങ്ങൾ മിക്കവാറും താമസസ്ഥലങ്ങളായി മാറി. നിലങ്ങളും ഭൂരിഭാഗവും നികത്തി ഭവനനിർമ്മാണത്തിന് ഉപയോഗിച്ചുവരുന്നു. ഇതിന്റെ ഫലമായി തെങ്ങൊഴികെ മറ്റെല്ലാ കൃഷികളും ഫലത്തിൽ നിലച്ചിരിക്കുകയാണ്. നഗരത്തിന്റെ പടിഞ്ഞാറും തെക്കുമുള്ള അപൂർവ്വം ഭാഗങ്ങളിൽ മാത്രം അവശേഷിക്കുന്ന അല്പം നെല്പാടങ്ങളൊഴികെ മറ്റെല്ലാ കൃഷിയിടങ്ങളും താമസസ്ഥലങ്ങളായി മാറിക്കഴിഞ്ഞു. ഇപ്പോൾ നിലവിലുള്ള കൃഷി മുഖ്യമായും തെങ്ങാണ്.

അല്പം ചില വയൽപ്രദേശങ്ങളുള്ളത് ഫലപുഷ്ടിയേറിയതാണ്. എന്നാൽ വളത്തിന്റെ വിലവർദ്ധനവ്, തൊഴിലാളികളെ ലഭിയ്ക്കാനുള്ള അസൗകര്യം, തുടങ്ങിയ കാരണങ്ങളാൽ നെൽകൃഷി അനാകർഷകമായിരിക്കുന്നു. അപൂർവ്വം ചില സ്ഥലങ്ങളിൽ കൂട്ടായി പച്ചക്കറി കൃഷി സംരംഭങ്ങൾ ആരംഭിച്ചുവരുന്നു. ഇത്തരം കൃഷിയുടെ വികസനത്തിന് വളരെയേറെ സാദ്ധ്യതയുണ്ടെന്നതിന്റെ തെളിവുകളുമുണ്ട്.

നിലങ്ങളും കുളങ്ങളും നികത്തുന്നതിന്റെ ഫലമായുള്ള പരിസ്ഥിതി പ്രശ്നം ഏറെയാണിവിടെയും. നഗരവത്കരണത്തിന്റെ ഫലമായുണ്ടാകുന്ന ഈ സ്ഥിതിവിശേഷം എങ്ങിനെ പരിഹരിക്കണമെന്നാലോചിക്കേണ്ടിയിരിക്കുന്നു. നിരവധി കുളങ്ങളുണ്ടായിരുന്നതിന്റെ ഫലമായി ഭൂഗർഭലം വർദ്ധിക്കുവാനുള്ള സൗകര്യമുണ്ടായിരുന്നു. എന്നാൽ അതും ഇപ്പോൾ ഇല്ലാതെ വരുന്നു. കുളങ്ങൾ താമസസൗകര്യത്തിനുവേണ്ടിയും ചപ്പുചവറുകൾ നിക്ഷേപിച്ചും നികത്തിവരികയാണ്. ഇതിന്റെയൊക്കെ ഫലമായി ഭൂഗർഭജലത്തിന്റെ അളവു കുറഞ്ഞുവരികയും വൃക്ഷങ്ങളുടെ ഫലസിദ്ധി കുത്തനെ താഴുകയും ചെയ്യുന്നു.

## മനുഷ്യപ്രകൃതി

18.48 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കൊല്ലം നഗരത്തിലെ ജനസംഖ്യ 1,39,852 (1991) ഉം ജനസാന്ദ്രത 7568–ഉം ആണ്. കൊല്ലം നഗരസഭ കേരളത്തിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശമായിട്ടുമാറിയിരിക്കുന്നു. പുരുഷന്മാർ 69340 ഉം സ്ത്രീകൾ 70512 ഉം ആണുള്ളത്. 1000 പുരുഷന്മാർക്ക് 1017 സ്ത്രീകൾ എന്നതാണനുപാതം. സാക്ഷരത 90.69 ശതമാനമാണ്. സ്ത്രീകളുടെ സാക്ഷരത 88.67 ഉം പുരുഷന്മാരുടേത് 92.76 ഉം ശതമാനമാണ്. പട്ടികജാതി വിഭാഗത്തിൽ 10112 പേരും പട്ടികവർഗ്ഗത്തിൽ 84 പേരും കൊല്ലം നഗരത്തിൽ അധിവസിക്കുന്നു.

തൊഴിലെടുക്കുന്നവരെ സംബന്ധിച്ച സ്ഥിതി വിവരക്കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ | : | 37876 |
| പുരുഷന്മാർ | : | 30426 |
| സ്ത്രീകൾ | : | 7450 |

ആകെ തൊഴിലുള്ളവരുടെ 20 ശതമാനം മാത്രമാണ് സ്ത്രീകൾ എന്നത് ഈ കണക്കിൽ നിന്ന് സിദ്ധിക്കുന്നു. ഉന്നത വിദ്യാസമ്പന്നരായ നിരവധി ആളുകൾ തൊഴിലില്ലായ്മ അനുഭവിക്കുന്നു ഒരു പ്രദേശമാണിത്. സാങ്കേതിക ബിരുദമുള്ളവരും അക്കൂട്ടത്തിലുണ്ട്.

വിദേശ രാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരും ഇവിടെ ധാരാളമുണ്ട്. അവരുടെ അദ്ധ്വാനഫലമായി കിട്ടുന്ന സമ്പത്ത് പ്രത്യുൽപാദനപരമായി ഉപയോഗിക്കുന്നില്ല എന്നത് പരിഗണിക്കേണ്ട പ്രധാന പ്രശ്നമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി പ്രകൃതി വിഭവവും മനുഷ്യാദ്ധ്വാനവും തമ്മിൽ സമന്വയിപ്പിച്ച് വികസനത്തിന്റെ നൂതന സാദ്ധ്യതകൾ കണ്ടെത്തേണ്ടതാണ്. ഉല്പാദന വർദ്ധനവും സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണവും കൊണ്ടുമാത്രമേ വികസനം സ്വാർത്ഥകവും സ്ഥായിയുമാക്കി മാറ്റാൻ കഴിയൂ. അതിനുള്ള യജ്ഞമാണ് ഈ വികസന സെമിനാർ.

# 6

# വികസന മേഖലകൾ

6.1

# കൃഷിയും ജലസേചനവും

ആമുഖം :

നമ്മുടെ ചരിത്രത്തിലെ ഒരു നിർണ്ണായകവഴിതിരിവാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. വർഷങ്ങളായി കാർഷിക മേഖലയിൽ നിലനിൽകുന്ന സ്തംഭനാവസ്ഥയെ മറികടക്കാനുള്ള കർമ്മപദ്ധതികളാണ് ആസൂത്രണപ്രസ്ഥാനം ലക്ഷ്യമാക്കുന്നത് പുതിയ സംവിധാനത്തിൽ കാർഷിക മേഖലക്ക് ഏറെ വികസനസാധ്യത്കളാണ് ഉള്ളത് കൊല്ലം നഗരപ്രദേശത്തെ കാർഷികരംഗത്തുള്ള പ്രശ്നങ്ങളുടേയും പരിഹാര നിർദ്ദേശങ്ങളുടേയും സമഗ്രമായ ഒരു പരിശോധനയക്ക് വലിയ പ്രാധാന്യമാണുള്ളത്.

കാർഷികചരിത്രം:

കൊല്ലം നഗരത്തിന് കൊല്ലവർഷത്തേക്കാൾ പഴക്കമുണ്ട് വാണിജ്യത്തോടൊപ്പം കൃഷിയും നഗരത്തിലെ സമ്പദ്-സമൃദ്ധിക്ക് കാരണമായിരുന്നു ഏറെക്കാലം ഇന്ത്യയിലെ പ്രശസ്ത വാണിജ്യകേന്ദ്രവും വേണാടിന്റെ രാജധാനിയുമായിരുന്നകൊല്ലം, തെങ്ങിൻതോപ്പുകളും പാടങ്ങളും ചേർന്ന് സമൃദ്ധമായിരുന്നു. തെങ്ങിനും, നെല്ലിനും പുറമേ മാവ്, പ്ലാവ്, പുളി, പറങ്കിമാവ്, കുരുമുളക്, മരച്ചീനി, ചേന, കാച്ചിൽ തുടങ്ങിയവയും ധാരാളമായി കൃഷിചെയ്തുവന്നിരുന്നു.

ആദ്യകാലത്ത് കൊല്ലം നഗരം സന്ദർശിച്ചിട്ടുള്ള പല വിദേശസഞ്ചാരികളും നമ്മുടെ കാർഷികരംഗത്തെപറ്റി പുകഴ്ത്തി പറഞ്ഞിട്ടുണ്ട്. കൊല്ലത്തെക്കുറിച്ച് റബ്ബിബഞ്ചമിൻ പ്രതിപാദിക്കുന്നത് നോക്കുക:

" ഈ നാട്ടിൽ കുരുമുളക് വിളയുന്നു. നഗരത്തിന് ചുറ്റും നട്ടുവളർത്തുന്ന മരങ്ങളിലാണ് ഇത്. എല്ലാവർക്കും കുരുമുളക് കൃഷിചെയ്യാനറിയാം".

എ.ഡി.1298 ൽ കൊല്ലം നഗരം സന്ദർശിച്ച വെനീഷ്യൻ സഞ്ചാരിയായ മാർക്കോപോളോ പറയുന്നു:

" ഇവിടെ ചപ്പങ്ങം സമൃദ്ധിയായി വിളയുന്നു. ദേശത്തിന്റെ പേരിനോടു് ചേർത്ത് 'കൊല്ലം ചപ്പങ്ങം' എന്നാണ് അത് അറിയപ്പെടുന്നത്. നല്ല ഇഞ്ചിയും ഇവിടെ വിളയുന്നു. അതും 'കൊല്ലം ഇഞ്ചി' എന്നപേരിൽ അറിയപ്പെടുന്നു. ഈ നാട്ടിലുടനീളം കുരുമുളകും വിളയുന്നുണ്ട്. മേയ്, ജൂൺ,ജൂലൈ മാസങ്ങളിലാണ് വിളവെടുപ്പ്. അവർക്ക് നെല്ലല്ലാതെ മറ്റ് ധാന്യമില്ല, അതുപോലെ അവർ മദ്യമുണ്ടാകുന്നത് തെങ്ങിൻ പഞ്ചാസാരയിൽ നിന്നാണ്."

ലോകത്ത് മറ്റെവിടയും ഉണ്ടാകുന്നതിനേക്കാളും മികച്ച ഇഞ്ചിയാണ് ഇവിടെ വിളയുന്നത് എന്ന് ഫ്രയർ ഒദോറിൽ (എ.ഡി. 1322) രേഖപ്പെടുത്തിയിട്ടുണ്ട്. കൊല്ലത്തെ ചക്കയെക്കുറിച്ചും മാങ്ങയെക്കുറിച്ചും വിവരിച്ച നിക്കോളോകോണ്ടി (എ.ഡി 1441) ' മഹനീയ നഗരം' എന്ന വിശേഷണവും നൽകി.

പോർട്ടുഗീസ് കാരുടെ വരവും, ചൈനയുമായുള്ള വ്യാപാരബന്ധവും കൊല്ലം നഗരത്തെ വാണിജ്യപ്രാധാന്യമായ കേന്ദ്രമാക്കിമാറ്റി. തുടർന്നുള്ള ചരിത്രം, കാർഷികരംഗത്തെ പിന്തള്ളികൊണ്ടുള്ളതായിരുന്നും.

കൊല്ലത്തെ വയലുകൾ നെൽകൃഷിയാൽ സമ്പനമായിരുന്ന ഒരു കാലമുണ്ടായിരുന്നു. സെറ്റിൽമെന്റ് രേഖപ്രകാരം വയലുകളുടെ വിസ്തൃതി 217 ഹെക്ടർ ആയിരുന്നു. ഇപ്പോൾ അവശേഷിക്കുന്നത് 5 ഹെക്ടർ മാത്രം. ഈ നൂറ്റാണ്ടിന്റെ ആദ്യം മുതൽ ത്വരിതവേഗതയിൽ നടന്ന നഗര വല്ക്കരണം മൂലം ഇട ത്തരം കർഷകരും പാടങ്ങൾ നികത്താൻ ആരംഭിച്ചു. വാണിജ്യത്തിന് കൈവന്ന അമിത പ്രധാന്യം മൂലം, കൂറ്റൻ കെട്ടിടങ്ങൾക്കും തെങ്ങ് പോലുള്ള കാർഷികവിളകൾക്കും വേണ്ടി വയലേലകൾ നികത്തിയത് ഉല്പാദന ക്രമങ്ങളിലും മാറ്റം ഉണ്ടാക്കി. കാലക്രമത്തിൽ കർഷകർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുകയും ചെയ്തു. ചുരുക്കത്തിൽ, നമ്മുടെ സാംസ്കാരിക തനിമയായ' നെല്ലിന്റെ ഗീതം' നഗരപ്രദേശത്ത് അന്യമായിരിക്കുന്നു.

<u>മണ്ണ് :</u>

നഗരപ്രദേശത്ത് പൊതുവേ മൂന്ന് ഇനം മണ്ണാണ് കണ്ടുവരുന്നത്. ഏറ്റവും കൂടുതൽ ഉള്ളത് മണൽ കലർന്നമണ്ണാണ്. രണ്ടാം സ്ഥാനത്ത് Laterate Sub Soil ഉം. തങ്കശ്ശേരി, കുരീപുഴ,തേവളി എന്നിവിടങ്ങളിൽ ഈ മണ്ണും, മുണ്ടയക്കൽ, മനയിൽകുളങ്ങര, കൈകുളങ്ങര തുടങ്ങിയ സ്ഥലങ്ങിൽ Loamy Soil ഉം മറ്റിടങ്ങളിൽ മണൽ കലർന്ന മണ്ണും കാണപ്പെടുന്നു.ഏറ്റവും കുടുതൽ കാണുന്ന മണൽകലർന്ന മണ്ണിന് വെള്ളം പിടിച്ചുനിർത്താനുള്ളകഴിവും ഫലപുഷ്ടിയും താരതമ്യേനകുറവാണ്. ഇവിടെ കൃഷി ഇറക്കുമ്പോൾ ധാരാളം ജൈവവളം ചേർത്ത് മണ്ണിന്റെ ഫലപുഷ്ടിയും ജലാഗിരണശേഷിയും വർദ്ധിപ്പിക്കേണ്ടതാണ്. നീർവാർച്ച വലിയ പ്രശ്നമല്ലങ്കിലും തുടർച്ചയായ മഴഉണ്ടാകുമ്പോൾ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടികിടക്കാറുണ്ട്.

<u>മണ്ണിന്റെ ഗുണനിലവാരം :-</u>

കൃഷിഭവൻ രേഖ പ്രകാരം 1994- 95 ൽ P.H (മണ്ണിന്റെഅമ്ള/ ക്ഷാര സ്വഭാവത്തിന്റെ അളവ്) 5.6 മുതൽ 6.1 വരെആയിരുന്നു.1995-96 ൽ ഇത് 6.1 മുതൽ 6.5 വരെയായി ഉയർന്നിട്ടുണ്ട്

<u>കാലാവസ്ഥ :-</u>

ഏറെക്കുറെ നല്ലമഴലഭിക്കുന്ന പ്രദേശമാണ് കൊല്ലം. 1984 മുതൽ 1985 വരെയുള്ള മഴയുടെ കണക്ക് പരിശോധിച്ചത്തിൽ ഒരുവർഷത്തിൽ ശരാശരി 190 സെ: മി: മഴ ലഭിച്ചിട്ടുള്ളതായികാണാം

<u>പട്ടിക1</u>

<u>മഴയുടെ അളവ് (മി: മീ:)</u>

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1984 | 12.3 | 120.0 | 143.8 | 200.0 | 52.7 | 405.4 | 225.3 | 106.0 | 186.4 | 176.6 | 48.6 | 11.0 | 1699.10 |
| 1991 | 4.6 | 1.6 | 36.4 | 123.8 | 141.60 | 1084.3 | 507.6 | 54.3 | 2.4 | 390.6 | 211.2 | 8.8 | 2552.4 |
| 1992 | 2.4 | 6.8 | Nil | 48.6 | 410.0 | 407.4 | 496.2 | 249.4 | 276.2 | 561.2 | 337.8 | 1.8 | 2797.8 |
| 1993 | Nil | 25.0 | 16.6 | 82.6 | 278.2 | 667.7 | 538.0 | 125.6 | 210.8 | 602.2 | 394.60 | 60.2 | 3001.5 |
| 1994 | 53.4 | 60.0 | 2.0 | 73.20 | 294.00 | 579.6 | 343.00 | 273.9 | 232.2 | 387.8 | 100.00 | 11.0 | 2360.5 |
| 1995 | Nil | 20.82 | 4.96 | 210.20 | 214.00 | 317.9 | 265.2 | 154.0 | 115.0 | 194.4 | 327.6 | Nil | 1720.06 |

നഗരപ്രദേശത്ത് സാധാരണയായി ജൂൺമാസാരംഭത്തിലാണ് കാലവർഷം. സെപ്തം.ഒക്ടോബർ മാസങ്ങളിലാണ് തുലാവർഷം ആരംഭിക്കുന്നത്. കുടുതൽ മഴലഭിക്കുന്നത് കാലവർഷത്തിൽ നിന്നാണ്.

ഏറെ മഴലഭിക്കുന്ന പ്രദേശമാണണെങ്കിലും അത് ഫലപ്രദമായി സംഭരിച്ച് ജലദൗർലഭ്യം ഉള്ളസമയത്ത് ഉപയോഗപ്പെടുത്താനോ, കൃഷിക്ക് ഉപയോഗ്യമാക്കാനോ സഹായകരമായ സംവിധാനം നിലവിൽ ഇല്ല. വേനൽക്കാലത്ത് മിക്ക സ്ഥലത്തും കുടിവെള്ളക്ഷാമം അനുഭപ്പെടുന്നു. മുനിസിപ്പാലിറ്റിവകയായി ലോറികളിൽ വെള്ളം എത്തിച്ച് നടത്തുന്ന പ്രവർത്തനം, ആവശ്യവുമായി ബന്ധപ്പെടുത്തുമ്പോൾ അപര്യാപ്തമാണ്.

## ഭൂവിനിയോഗം

കൊല്ലം നഗരപ്രദേശത്തെ ഭൂവിനിയോഗം താഴെകാണിക്കുംപ്രകാരമാണ്.

| പട്ടിക 2 ഇനം | ഭൂവിനിയോഗം വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| 1. നിലം(കൃഷിയില്ല | 5 ഹെക്ടർ |
| 2. കൃഷിക്കുപയുക്തമായ ഭൂമി | 810 " |
| 3. കൃഷിയോഗ്യതരിശ് | 15 " |
| 4. കൃഷിയോഗ്യമല്ലാത്ത തരിശ് | 50 " |
| 5. കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിച്ചഭൂമി | 1038 " |

## ഭൂമിയുടെഉടമസ്ഥത

നഗരപ്രദേശത്തിന്റെ അകെവിസ്തീർണ്ണം 1848 ഹെക്ടർ (18.48 ച. കിലോമീറ്റർ) ആണ്. ഭൂരിഭാഗംഉടമസ്ഥരും 25 സെന്റിൽ താഴെ മാത്രം ഭൂമി കൈവശമുള്ളവരാണ്. പൂർണമായും കൃഷിയെ ആശ്രയിച്ച് കഴിയുന്നവർ ഇല്ലെന്ന് തന്നെപറയാം. ബഹുഭൂരിപക്ഷം പേർക്കും കൃഷിവരുമാന മാർഗ്ഗമേഅല്ല.

വില്ലേജ് റിക്കാർഡുകൾ പ്രകാരം, ഭൂവിതരണത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന പട്ടിക താഴെ കൊടുക്കുന്നു.

പടിക 3 ഭൂഉടമസ്ഥത

| ഭൂപരിധി | ഉടമസ്ഥരുടെ എണ്ണം |
|---|---|
| 1-10 സെന്റ് | 16071 |
| 10-25 " | 7203 |
| 25-50 " | 5330 |
| 50-100 " | 5118 |
| 1-2 " | 873 |
| 2-5 " | 223 |

ആളോഹരികൃഷിഭൂമി ജില്ലയിൽ 0.07 ഹെക്ടർ ആണെങ്കിൽ, നഗരപ്രദേശത്ത് ഇത് 0.0058 ഹെക്ടർ ആണ്. നാമമാത്രകർഷകരുടെ മുൻതൂക്കം പ്രധാനസവിശേഷതയാണ്.

പട്ടിക 4 കൈവശഭൂമിവിസ്തീർണ്ണം.

| നാമമാത്രകർഷൻ, (ഒരു ഹെക്ടറിൽ താഴെ) | ചെറുകിടകർഷകൻ, (1-2 ഹെക്ടർ) | വൻകിടകർഷകൻ (2 ഹെക്ടറിനുമുകളിൽ) |
|---|---|---|
| 23760 | 6 | ഇല്ല. |

പട്ടിക 5 കാർഷികബന്ധം

| | ജന സംഖ്യാ | യഥാർത്ഥ കർഷകർ കൾ | കർഷിക തൊഴിലാളി കൾ | വ്യവസായ തൊഴിലാളി ലാളികൾ | മറ്റ് തൊഴി ളികൾ | നാമമാത്ര തൊഴില ത്തവർ | തൊഴിലാളി കളല്ലാ |
|---|---|---|---|---|---|---|---|
| 1981സെൻസസ് | 137943 | 70 | 603 | 542 | 31586 | 5048 | 100094 |
| 1991സെൻസസ് | 139717 | 190 | 631 | 1139 | 35716 | 24259 | 9616 |

പട്ടിക യഥാർത്ഥതൊഴിൽപങ്കാളികൾ (ശതമാനത്തിൽ)

| | മുഖ്യതൊഴിൽ പങ്കാളികൾ | കർഷകർ | കർഷിക തൊഴിലാളികൾ | വ്യവസായതൊഴിലാളികൾ | മറ്റ് തൊഴിലാളികൾ |
|---|---|---|---|---|---|
| 1981സെൻസസ് | 3280 | 0.21% | 1.84% | 1.65% | 96.30% |
| 1991സെൻസസ് | 37676 | 0.5% | 1.67% | 3.02% | 94.795 |

ഭൂഉടമസ്ഥരിൽ ഏറിയപങ്കും കൃഷിയിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടിരിക്കുന്നു. എന്നയാഥാർത്ഥ്യമാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്.

സ്വന്തമായി ഭൂമിയിൽ പണിയെടുക്കുന്നവരുടെ എണ്ണവും വളരെ കുറവാണ്.

## വിളകൾ :- ഉല്പാദമക്ഷമത

മുൻസിപ്പൽ പ്രദേശത്തെ മുഖ്യവിളകൾ, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ സംബന്ധിച്ച ഒരു ഏകദേശവിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 7 : വി ഉവിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തംവാർഷിക ഉല്പാദന | ഉല്പാദനക്ഷമതാഹെക്ടറിന് |
|---|---|---|---|
| നെല്ല് -ഒന്നാംവിള | _ | _ | _ |
| നെല്ല് -രണ്ടാംവിള | _ | _ | _ |
| നെല്ല് -മൂന്നാംവിള | _ | _ | _ |
| പയർ | 3 | 1030kg | 510kg |
| എള്ള് | _ | _ | _ |
| പച്ചക്കറികൾ | 12 | 34800kg | 2900kg |
| തെങ്ങ് | 570 | 2097600എണ്ണം | 23Nos/Tree |
| വാഴ | 60 | 457200kg | 7620kg |
| മരച്ചീനി | 8 | 126080kg | 15760kg |
| കുരുമുളക് | 5 | 1075kg | 235kg(dry) |
| പ്ലാവ് | 8 | 28800എണ്ണം | 24Nos/Tree |
| കശുമാവ് | _ | _ | _ |
| മാവ് | 25 | 30000kg | 1200kg |
| റബ്ബർ | _ | _ | _ |
| കവുങ്ങ് | 4 | 411000എണ്ണം | 75Nos/Tree |
| ഉദ്യാനകൃഷി | 1 | 2000എണ്ണം | 20000ആന്തൂറിയം |

അവലംബം കൃഷിഭവൻരേഖ

## തെങ്ങ്കൃഷി

തെങ്ങ്കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രദേശമായിരുന്നുകൊല്ലം. ഇപ്പോൾ മൊത്തം ഭുവിസ്തൃതിയുടെ 30% തെങ്ങകൃഷിയാണ്. തെങ്ങുകളിലെ ശരാശരി ഉല്പാദനക്ഷമത 23 നാളീകേരമാണ് (സംസ്ഥാനശരാശരി 38

തീരപ്രദേശങ്ങളിലാണ് കുടുതൽ വിളവ് ലഭിച്ചിരുന്നത് ഇപ്പോൾ ഈ സ്ഥിതിക്കും മാറ്റമുണ്ട്. തെങ്ങിന്റെ ഉല്പാദനക്ഷമത പൊതുവെകുറവാണ് രോഗബാധയാണ് പ്രധാനകാരണം മറ്റൊരുപ്രശ്നം വൃക്ഷസാന്ദ്രതയാണ് ഇടവിള കൃഷി സാധിക്കത്തക്കവിധത്തിൽ ഹെക്ടറിന് 175 വരെ തെങ്ങുകൾ നടാം. എന്നാൽ നഗരപ്രദേശത്ത് ഹെക്ടറിന് ശരാശരി 186 തെങ്ങുകൾഉണ്ട് നടീൽസമ്പ്രദായത്തിലും പോരായ്മകൾഉണ്ട്. നികത്തിയപാടങ്ങളിലാണ് മിക്കവാറും കൃഷിനടത്തുന്നത് ഇവിടെ ജലാംശം കുടുതൽ ഉള്ളതിനാൽ തെങ്ങിന്റെതടിയിൽ വേരുകൾ ഉണ്ടാവുക സ്വാഭാവികമാണ്. തെങ്ങുകൃഷിയെ ഇത് ദോഷകരമായി ബാധിക്കുന്നു.

അത്യുൽപ്പാദനശേഷിയുള്ള തെങ്ങിൻതൈകളുടെ ഉപയോഗം വളരെകുറവാണ്. വിത്ത് തെരഞ്ഞെടുക്കുന്നതിലെ അപാകത, അശാസ്ത്രീയമായ വളപ്രയോഗം എന്നിവയും പ്രശനങ്ങളാണ്.പരമ്പരാഗതവൃക്ഷവിളയായതെങ്ങുകൾ ഏറിയപങ്കും പ്രായാധിക്യം കൊണ്ടും രോഗം ബാധിച്ച് ഉൽപാദനക്ഷമത കുറഞ്ഞുവരുന്നസ്ഥിതിയിലാണ്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പരിചരണമുറകളും നടക്കുന്നില്ല. കെട്ടിടങ്ങൾ പണിയുന്നതിന് തെങ്ങുകൾ മുറിച്ചുമാറ്റുന്ന പ്രവണത വളരെകുടുതലാണ്.

## മറ്റ് വൃക്ഷവിളകളും, ഇടവിളകളും.

മറ്റ് പ്രധാനവിളകളായി മാവ്, പ്ലാവ്, കവുങ്ങ് എന്നിവ കൃഷിചെയ്തുവരുന്നു.താരമ്യേന മാവ്കൃഷിയാണ് കുടുതൽ ഉള്ളത് മാങ്ങഉൽപാദനത്തിൽ സമീപഗ്രാമപ്രദേശങ്ങളേക്കാൾ നാം മുൻപന്തിയിലാണ്.

അത്യുൽപ്പാദനശേഷിയുള്ളതും, ഇവിടുത്തെകാലാവസ്ഥക്ക് അനുയോജ്യമായഗുണമേന്മയുള്ള മാവിനങ്ങൾ വേണ്ടത്രകൃഷിചെയ്യുന്നില്ല. പരമ്പരാഗതമായി കണ്ടിരുന്ന പ്ലാവ് വൃക്ഷങ്ങൾ കെട്ടിടനിർമാണത്തിനും മറ്റുമായി മുറിച്ച് മാറ്റുമ്പോൾ പകരം പ്ലാവുകൾ വച്ചുവിടിപ്പിക്കുന്നരീതി അപൂർവ്വമാണ്. കവുങ്ങ് കൃഷിക്ക് വേണ്ടത്രപരിചരണം ലഭിക്കാത്തതിനാലും രോഗബാധയാലും ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നു.

ഇടവിളകളായി വാഴ, മരച്ചീനി, കുരുമുളക്ക്, പച്ചക്കറികൾ എന്നിവയാണ് പൊതുവേകൃഷിചെയ്തുവരുന്നത്. മരച്ചീനി കൃഷിക്കുള്ള സാദ്ധ്യതകുറഞ്ഞുവരികയാണ്. ഇതിന് കാരണം ആവശ്യത്തിനുള്ള കൃഷിഭുമിയുടെ അപര്യാപ്തതയുംഎലിശല്യവുമാണ്. വാഴകൃഷിവ്യാപകമായുണ്ട്. ഇത് പ്രധാനമായും ഞാലിപൂവൻ,കണ്ണൻ, പാളയൻകോടൻ എന്നിഇനങ്ങളാണ്. ഏത്തവാഴകൃഷിവളരെ പരിമിതമാണ് ലാഭകരമായ നിലയിലല്ല വാഴകൃഷിചെയ്തുവരുന്നത്. ശാസ്ത്രീയമായ വാഴകൃഷിക്കുവേണ്ടുന്ന പരിശീലനവും പരിചരണവും ലഭിക്കാത്തത് പോരായ്മയാണ് ഏത്തൻ, പുവൻ, പാളയൻകോടൻ തുടങ്ങിയവയുടെ കൂടുതൽ ഉല്പാദനശേഷിയുള്ള വിത്തിനങ്ങളും ആവശ്യത്തിന് ലഭിക്കുന്നില്ല.

കുരുമുളക് കൃഷിക്ക് നിലവിലുള്ള സാദ്ധ്യതകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ല.

ഒരു വരുമാന മാർഗം എന്ന നിലയിൽ പച്ചക്കറി കൃഷിവ്യാപകമായിട്ടില്ല. നഗരപ്രദേശത്തെമണ്ണിന്റെഘടന സമൃദ്ധിയായപച്ചക്കറികൃഷിക്ക് അനുയോജ്യമല്ലെങ്കിലും വീട്ടുവളപ്പുകളിലും ടെറസ്സുകളിലും ഇതിന് സാദ്ധതകളേറെയുണ്ട്. ഗുണമേന്മയുള്ള പച്ചക്കറിവിത്തുകർ സമയത്ത് ലഭ്യമാക്കുന്നതിനോ ബോധവൽക്കരണം നടത്തുന്നതിനോ വേണ്ടുന്ന ഫലപ്രദമായ സംവിധാനവും നിലവിൽഇല്ല.

## പുഷ്പക്യഷി

ഉദ്യാനകൃഷിസംരംഭകരിൽ ഭുരിഭാഗവും ഈരംഗത്ത് നവാഗതരാണ് സമീപകാലത്ത് വ്യാപകമായ തോതിൽ തുടങ്ങിയ കുറ്റിമുല്ല, റോസ് എന്നിവയുടെ കൃഷിലാഭകരമല്ലാത്തതിനാൽ ഇതിൽ താല്പര്യംകുറഞ്ഞിരിക്കുകയാണ്. എന്നാൽ ആന്തുറിയം, ഓർക്കിഡ് തുടങ്ങിയവയ്ക്ക് പ്രധാന്യം വർദ്ധിച്ചിരിക്കുന്നു. ഈ കൃഷിവളരെഏറെ ആദായകരമാണെങ്കിലും നഗരപ്രദേശത്ത് ഏതാണ്ട് 60 ഓളം

പേർമാത്രമെ ശരിയായ നിലയിൽ പുഷ്പകൃഷിചെയ്തുവരുന്നുള്ളു. വിത്തിനങ്ങളുടെ വിലക്കൂടുതലും, പരിചരണത്തിലുള്ള സൗകര്യക്കുറവും, സാങ്കേതികപരിജ്ഞാനം ഇല്ലയ്മയും, വിപണനസൗകര്യത്തിന്റെപോരായ്മയും ഈരംഗത്തെപ്രശനങ്ങളാണ്.

ഉദ്യാനകൃഷിയിൽ മറ്റ് പട്ടണങ്ങളെ അപേക്ഷിച്ച് നാം മുൻപന്തിയിൽ അല്ല.

## നിലവിലുള്ള കാർഷിക വികസനപദ്ധതികളുടെ പ്രശ്നങ്ങൾ - ഒരവലോകനം

കൃഷിഭവൻ മുഖേന എട്ടാം പദ്ധതിയിൽ നടപ്പാക്കി വരുന്ന പരുപാടികളുടെ ഒരു ലഘുവിവരം താഴത്തെപട്ടികയിൽ കൊടുക്കുന്നു

പട്ടിക **8** നടപ്പു പദ്ധതികളുടെ അവലോകനം

| ക്രമനമ്പർ | പദ്ധതിയുടെ പേര് | 8-ാം പദ്ധതിയിൽ നേരിട്ട് പ്രയോജനം ലഭിച്ചവർ-എണ്ണം |
|---|---|---|
| 1. | സമഗ്രനാളീകേരവികസനപദ്ധതി | 687 |
| 2. | സംയോജിത ഉദ്യാനകൃഷിവികസനപദ്ധതി | 20 |
| 3. | കണിക ജലസേചനം | 01 |
| 4. | പ്രത്യേക ഘടകപദ്ധതി | 65 |
| 5. | ജൈവവളവികസനപദ്ധതി | _ |
| 6. | പ്രകൃതിക്ഷോഭ ദുരിതാശ്വാസപദ്ധതി | 4 |
| 7. | മണ്ണ് പരിശോധനാപദ്ധതി | 525 |
| 8. | ബയോഗ്യാസ്‌വികസനപദ്ധതി | 5 |
| 9. | പഴവർഗ്ഗകൃഷിവികസനപദ്ധതി | 550 |
| 10. | സുഗന്ധദ്രവ്യവികസനപദ്ധതി | 412 |
| 11. | പച്ചക്കറി വികസനപദ്ധതി | 1100 |
| 12. | രാസവള കിടനാശിനി ഗുണനിയന്ത്രണപദ്ധതി | _ |
| 13. | പൊതുജന പങ്കാളിത്തത്തോടെ കാർഷികോല്പാദനം | 500 |
| 14. | ഗുണമേന്മയുള്ള തെങ്ങിൻതൈ വിതരണപദ്ധതി | 715 |
| 15. | കിഴങ്ങുവർഗ്ഗ വികസനപദ്ധതി | 22 |

(അവലംബം- കൃഷിഭവൻരേഖ)

### 1. സമഗ്രനാളീകേര വികസനപദ്ധതി

രോഗബാധിത തെങ്ങുകൾ മുറിച്ച് മാറ്റി പകരം തെങ്ങ് വച്ച് പിടിപ്പിക്കലാണ് ഇതിലെ പ്രധാന ഇനം. രോഗബാധിതമായി ഉല്പാദനക്ഷമത കുറഞ്ഞ 10000 തെങ്ങുകൾ നഗരപ്രദേശത്ത് മുറിച്ച് മാറ്റേണ്ടതുണ്ട്. എന്നാൽ നടപ്പ് പദ്ധതിയിൽ 500 ഓളം തെങ്ങുകൾ മാത്രമേ മുറിച്ചുമാറ്റിയിട്ടുള്ളു. ഒരു തെങ്ങ്മുറിച്ച്മാറ്റുന്നതിന് കർഷകന് 200 രൂപ ധനസഹായവും, സൗജന്യ നിരക്കിൽ തെങ്ങിൻതൈയും വിതരണം ചെയ്യുന്നുണ്ട് ധനസഹായതുക തീരെ അപര്യാപ്തമാണ് കൂടുതൽ തെങ്ങുകൾ മുറിച്ച്മാറ്റുന്നതിന് ഫണ്ട് അലോട്ട് മെന്റ് കുറവായതിനാൽ ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല.തെങ്ങ് മുറിച്ച് മാറ്റുന്നകാര്യത്തിൽ കർഷകർജാഗ്രതകാണിക്കുന്നില്ല. 30സെന്റെങ്കിലുംകൃഷിഭൂമിയുള്ളവർക്ക് മാത്രമേ തെങ്ങുകൃഷിവികസനത്തിനായുള്ള ജലസേചനസൗകര്യങ്ങൾക്ക്(കിണർ, പമ്പുസെറ്റ്) സർക്കാർ ധനസാഹായം നൽകുന്നുള്ളു. തൻമൂലം നഗരപ്രദേശത്തെ അധികം പേർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല.

### 2. സംയോജിത ഉദ്യാനകൃഷിവികസനപദ്ധതി -

ഗ്രീൻഹൗസുൾപ്പെടെ ഒരു ച. മീറ്റർ വിസ്തീർണ്ണമുള്ള ഗ്രീൻഹൗസ് നിർമാണത്തിന് സർക്കാർ തലത്തിൽ കൃഷിഭവൻമുഖേന 62 രൂപ 50 പൈസ സബ്സിഡിയായി നൽകിവരുന്നു. ഏറ്റവും ചിലവ് കുറഞ്ഞരീതിയിൽ ഗ്രീൻഹൗസ് നിർമിക്കുന്നതിന് ഒരു ച. മീറ്ററിന് 250രൂപ എങ്കിലും ആകും. നടീൽ വസ്തുക്കളുടെ വില കൂടുതൽ മൂലവും സർക്കാർ ധനസഹായം അപര്യാപ്തമാകയാലും ഈ പദ്ധതി സർവ്വസാധാരണയായി നടപ്പിലാക്കിവരുന്നില്ല.

### 3. കണിക ജലസേചനം

ഒരു ഹെക്ടറിന് 15000രൂപ സബ്സിഡി നൽകി നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. തുണ്ടുകളായ കൃഷിഭൂമിമൂലം ഈ പദ്ധതി വ്യാപകമാക്കുന്നതിന് പരിമിതികളുണ്ട്. മാത്രവുമല്ല ഇതിന് ഭാരിച്ച ചിലവ് വരുന്നതിനാൽ പലരും താൽപര്യം കാണിക്കുന്നുമില്ല.

## 4. പ്രത്യേക ഘടകപദ്ധതി

ഹരിജൻ കോളനികളിൽ കുറ്റിമുല്ല കൃഷിചെയ്യുന്നതിന് നടീൽ വസ്തുക്കളും വളവും വിതരണം ചെയ്യുന്ന പദ്ധതിയാണ്. ഉളിയക്കോവിൽ ഹരിജൻകോളനികളിൽ മാത്രമാണ് 2200 കുറ്റിമുല്ല ഇത് അനുസരിച്ച് വിതരണം ചെയ്തിട്ടുള്ളത് ഇതും ഇപ്പോൾഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

## 5. ജൈവവളവികസന പദ്ധതി

മുൻസിപ്പൽ പ്രദേശത്തെ ചപ്പ് ചവറുകൾ നീക്കികമ്പോസ്റ്റാക്കികൃഷിക്കുപയുക്തമാക്കുന്ന പദ്ധതിയാണ് ഇത്. മുൻവർഷങ്ങളിൽ ഈ പദ്ധതിഅനുസരിച്ച് സർക്കാറിൽനിന്നും ലഭിച്ചിട്ടുള്ള തുക മുനിസിപാലിറ്റിക്ക് നൽകിവരാറാണ് പതിവ്. ഈ വർഷം 20 ലക്ഷം രൂപ നൽകാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. നഗര ശുചികരണവുമായി ബന്ധപ്പെടുത്തി ഇതിനാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കാവുന്നതാണ്.

## 6. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

പ്രകൃതിക്ഷോഭംമൂലംകാർഷികവിളകൾക്കുണ്ടാകുന്ന നാശനഷ്ടത്തിന് കൃഷിഭവൻ മുഖേന 1994-95 മുതൽ 3040 രൂപ വിതരണം ചെയ്തിട്ടുണ്ട് വെള്ളപ്പൊക്കവും ഇടിമിന്നലും മൂലമുണ്ടായ നാശനഷ്ടമായിരുന്നു പ്രധാനം. പ്രകൃതിക്ഷോഭം മൂലം നാശനഷ്ടമുണ്ടായാൽ 7 ദിവസത്തിനകം കൃഷിഭവനിൽ വിവരം അറിയിക്കണമെന്നാണ് വ്യവസ്ഥ എന്നാൽ പലരും ഇത് യഥാസമയം ചെയ്യുന്നില്ല.

## 7. മണ്ണ്പരിശോധനപദ്ധതി

ഒരോ വർഷവും മണ്ണിന്റെ 100സാമ്പിളു കളെങ്കിലും ശേഖരിച്ച് ജില്ലാമണ്ണ് പരിശോധനശാലയിൽ എത്തിക്കുന്നജോലി കൃഷിഭവനാണ് ചെയ്യുന്നത് ലബോറട്ടറിയിൽ പരിശോധനനടത്തി അതിന്റെ ഫലവും വളപ്രയോഗത്തിന് വേണ്ടിയുള്ള ശുപാർശകളും തിരിച്ച് കൃഷിഭവനിൽ എത്തിക്കാറുണ്ട് കൃഷിക്കാർ അവരുടെ സ്വന്തം ചുമതലയിൽമണ്ണ്സാമ്പിളുകൾകൃഷിഭവനി എത്തിക്കേണ്ടതുണ്ട് എന്നാൽ അജ്ഞതമൂലമാകാം പലരുഇത്ചെയ്യാറില്ല 36 വാർഡുകളിലേയും മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിന് ആവശ്യമായകൃഷിഉദ്യോഗസ്ഥന്മാരുടെകുറവും പ്രശ്നമാണ്.

## 8. ബയോഗ്യാസ്വികസനപദ്ധതി

സർക്കാർ ധനസഹായത്തോടെ മുൻസിപ്പൽ പ്രദേശത്ത് 5 ബയോഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട് ഇതിൽ 4 എണ്ണം വിജയകരമായി പ്രവർത്തിച്ച് വരുന്നു(4എണ്ണം ആശ്രമത്തു 1എണ്ണം മുണ്ടക്കലും) ഒരു ബയോഗ്യാസ്പ്ലാന്റിന് ദിവസവും ശരാശരി 25 k.g. ചാണകം ലഭ്യമാകണം ഈ സാദ്ധ്യത മിക്കവീടുകളിലും ഇല്ലാത്തതിനാൽ പദ്ധതി വ്യാപകമാകുന്നില്ല 2m3 സൈസിലുള്ള ഒരുപ്ലാന്റ് സ്ഥാപിക്കുന്നതിന് 2600 രൂപ സർക്കാർ സബ്സിഡിയായി നല്കിവരുന്നു. എന്നാൽ നിർമ്മാണചിലവാകട്ടെ ഇതിന്റെ മൂന്നിരട്ടിയോളമാകും.

## 9. പഴവർഗകൃഷിവികസനപദ്ധതി

ഈ പദ്ധതിയനുസരിച്ച് മേൽത്തരം ഒട്ടുമാവ്, ഒട്ടുപ്ലാവ്,പേര, സപ്പോട്ട എന്നിവയുടെ നടീൽ വസ്തുക്കൾ കൃഷിഭവൻവഴി സൗജന്യനിരക്കിൽ വിതരണം ചെയ്തത്തിന്റെവിശദാംശങ്ങൾ താഴെ കൊടുക്കുന്നു

എണ്ണം

| ഇനം | 1994-95 | 1995-96 |
|---|---|---|
| ഒട്ടുമാവ് | 60 | 50 |
| ഒട്ടുപ്ലാവ് | 100 | 50 |
| പേര | 335 | - |
| സപ്പോട്ട | - | - |
| നാരകം | - | 10 |
| ചെറി | - | 20 |
| വാഴ(നേന്ത്രൻ) | - | 250 |
| പാളയങ്കോടൻ | - | 160 |

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത തീരെ അപര്യാപ്തമാണ്

## 10 സുഗന്ധദ്രവ്യവികസനപദ്ധതി

ഇഞ്ചിക്കും കുരുമുളകിനുമായി 2 ഡെമോൺസ്ട്രേഷൻ പ്ലോട്ടുകൾ നടപ്പാക്കിയിട്ടുണ്ട് വളം,കീടനാശിനി എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്തുവരുന്നു ഈ പദ്ധതിയിൽ ഉൾപ്പെടുത്തി

94-95 ൽ 12000 കുരുമുളക് വള്ളിയും 95-96 ൽ 400 ഉം സൗജന്യനിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്. മരുന്ന് തളിക്കൽ ഉപകരണമായ നാപ്സ്റ്റാക്ക്സ്പ്രെയർ 3 എണ്ണവും (ഒന്നിന് 750 രൂപ സബ്സിഡി) നൽകി.

11. പച്ചക്കറിവികസനപദ്ധതി

ഓരോവർഷവും മുനിസിപ്പൽപ്രദേശത്തെ ഒരുസ്ക്കൂളിലെ 250 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവരുടെ വീട്ടുവളവിൽ (2 സെന്റെങ്കിലും) പച്ചക്കറികൃഷിനടത്തി കാർഷികാഭിരുചി വർദ്ധിപ്പിക്കാനുള്ള പദ്ധതിയാണ് ഇത്. ഒരുവിദ്യാർത്ഥിക്ക് വിവിധയിനം പച്ചക്കറി വിത്തുകളടങ്ങിയ ഒരുകിറ്റ്വീതം നൽകിവരുന്നു. മുൻസിപ്പൽ - ജില്ല- സംസ്ഥാനതലങ്ങളിൽ സമ്മാനങ്ങളും നൽകുന്നുണ്ട്. കുട്ടികളിൽ വേണ്ടത്രബോധവൽക്കരണം നടത്താത്തതിനാൽ ഈ പദ്ധതിഉദ്ദേശിച്ചതോതിൽ വിജയിച്ചിട്ടില്ല.

12. രാസവളകീടനാശിനിഗുണനിയന്ത്രണപദ്ധതി

ഈ പദ്ധതിയനുസരിച്ച് രാസവള - കീടനാശിനികളുടെ ഗുണനിലവാരംപരിശോധിക്കാറുണ്ട് എടുത്ത്പറയത്തക്കന്യൂനതകളൊന്നുമില്ല

13.പൊതുജനപങ്കാളിത്തത്തോടെയുള്ള കാർഷികവികസനം

ഒരോവർഷവും നഗരപ്രദേശത്തെ 50 വീതം കർഷകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുന്നപദ്ധതിയാണ് ഇത്. എന്നാൽഇത് പലപ്പോഴും പ്രയോജനപ്രദമാകാറില്ല. മൽസരങ്ങളുംസംഘടിപ്പിക്കാറുണ്ട്.സമ്മാന തുകയായ500 രൂപതീരെകുറവാണന്നഅഭിപ്രായമുണ്ട്.

14.ഗുണമേന്മയുള്ള തെങ്ങിൻതൈവിതരണപദ്ധതി

കൃഷിവകുപ്പിന്റെ നഴ്സറികളിൽ ഉല്പാദിപ്പിക്കുന്ന സങ്കരഇനം തെങ്ങിൻതൈകൾ നിയന്ത്രിതവിലയ്ക്ക് കർഷകർക്ക് കൃഷിഭവൻവഴിവിതരണം ചെയ്യുന്ന പദ്ധതിയാണ് ഇത് കഴിഞ്ഞ 2 വർഷങ്ങളിലായി 3400 തൈക്കൾ വിതരണം ചെയ്തിട്ടുണ്ട് തെങ്ങിൻതൈകൾ നടേണ്ടമഴയുടെ ആരംഭത്തിൽ ഇവവിതരണത്തിന് എത്താത്ത് പ്രാധാന ന്യൂനതയാണ്.

15. കിഴങ്ങ്വർഗവികസനപദ്ധതി

ചേന,ചേമ്പ്,കാച്ചിൽ എന്നിവയുടെ വിത്തുകളടങ്ങിയ കിറ്റുകൾ 94 ൽ 10 എണ്ണവും 95 ൽ രണ്ടെണ്ണവും വിതരണംചെയ്തിട്ടുണ്ട് കുടാതെ മേൽത്തരം മരച്ചിനികമ്പ് 94 ൽ 500 എണ്ണവും നൽകി. ഈ പദ്ധതിയനുസരിച്ച് ഇത്തരം നടീൽവസ്തുക്കൾ കൃഷിചെയ്ത് വിത്തുകൾ മറ്റുള്ളവർക്ക് വിതരണം ചെയ്യണമെന്നാണ് ലക്ഷ്യം എന്നാലിത് പരിമിതമായതോതിലേനിർവഹിക്കപെട്ടിട്ടുള്ളു നടീൽ വസ്തുക്കൾ കിട്ടാൻ താരതമ്യേനബുദ്ധിമുട്ടുള്ള പട്ടണപ്രദേശത്ത് ഇത്ആവശ്യത്തിനുസരിച്ച് ലഭിക്കുന്നുമില്ല.

## മറ്റുപ്രശ്നങ്ങൾ

1. വളംഉപയോഗം

നഗരപ്രദേശത്ത് താരതമ്യേനകൃഷിക്ക് ജൈവവളമാണ് കുടുതാലായിഉപയോഗിക്കുന്നത്. തെങ്ങ്, വാഴ, പച്ചക്കറി, ഉദ്യാനകൃഷിഎന്നിവയ്ക്ക് രാസവളം ഉപയോഗിക്കപ്പെടുന്നുണ്ട് കീടനാശിനികൾ കൂടുതൽഉപയോഗിക്കുന്നതുംമേൽപറഞ്ഞ കൃഷികൾക്ക്ആണ്നിലവിൽസ്വാകാര്യവളംവിപണന കേന്ദ്രങ്ങളാണ് ഉള്ളത്.കൊല്ലത് പ്രവർത്തിച്ചിരുന്ന F.A.C.T.യുടെ കേന്ദ്രവളംഡിപ്പോ വർഷങ്ങൾക്ക് മുമ്പ്അടച്ച്പിട്ടി. അതുകൊണ്ട് തന്നെകുടുതൽ വളം സബ്ഡിപ്പോകൾ പ്രവർത്തിക്കുന്നുമില്ല. സർവ്വീസ് സഹകരണബാങ്കുകൾ വഴി വളം വിപണനത്തിനുള്ള സംവിധാനവുമില്ല.

വളം ഉപയോഗം ശാസ്ത്രീയമായ രീതിയിലല്ല നടന്നുവരുന്നത് ഇത് ഉൽപാദനവർദ്ധനവിനെ സാരമായിബാധിക്കുന്നു.വളപ്രയോഗം മണ്ണ്പരിശോധനയുടെ അടിസ്ഥാനത്തിലുമല്ലനടത്തുന്നത്

പട്ടിക -9 വളത്തിന്റെഉപയോഗം

| വർഷം | നൈട്രജൻ (N2) | ഫോസ്ഫറസ് (P) | പൊട്ടാഷ് (K) |
|---|---|---|---|
| 1991-92 | 3.025 | 1.551 | 3.025 |
| 92-93 | 3.021 | 1.438 | 3.011 |
| 93-94 | 3.001 | 1.425 | 2.092 |
| 94-95 | 2.290 | 1.399 | 2.061 |
| 95-96 | 2.278 | 1.393 | 2.038 |

(അവലംബം കൃഷിഭവൻരേഖ)

2. രോഗ/ കീടബാധ

തെങ്ങിന്റെ പ്രധാനരോഗങ്ങൾ കാറ്റു വിഴ്ച(വേര്‍രോഗം), കൂമ്പ്ചീയൽ, ചെന്നീരൊലിപ്പ് എന്നിവയാണ്.കീടങ്ങളിൽ പ്രധാനംകൊമ്പൻചെല്ലി, ചെമ്പൻചെല്ലി,പൂങ്കുലചാഴി(കോറിഡ് ബഗ്), എലിശല്യം എന്നിവയും

കവുങ്ങിന് മഞ്ഞളിപ്പും മഹാളിരോഗവും കണ്ടുവരുന്നു.കീടങ്ങളിൽ സ്പിൻഡിൽബഗ് ആണ് സർവ്വസാധാരണം. കുറുനാമ്പുരോഗം, കല്ലുവാഴ( കൊക്കൻഡിസീസ്) എന്നിവയാണ് വാഴയുടെ പ്രധാനരോഗങ്ങൾ കീടങ്ങളിൽ മുഖ്യമായത് തടതുരപ്പൻ പുഴുവാണ്.

കുരുമുളകിന് ദ്രുതവാട്ടം, പൊള്ളു എന്നിവയാണ് രോഗങ്ങൾ. പൊള്ളുവണ്ടാണ് പ്രധാനകീടം. പച്ചക്കറികൃഷിയിൽ വ്യാപകമായി കുരുടൽ( വൈറസ്ഡിസീസ്)കണ്ടുവരുന്നു.ചാഴി,എപ്പിലാക്കിനാവണ്ട്, മുഞ്ഞ എന്നിപ്രപധാനകിടങ്ങളാണ് . ഉദ്യാനകൃഷിയിലെപ്രധാനരോഗം വേര്ചിയൽ, ഇലകരിയൽ എന്നിവയാണ്. കിടബാധയും സാധരണയായി കണ്ടുവരുന്നു

3. കർഷകസംരംഭങ്ങൾ

(എ.) കേരവികസനസമിതി- ചാരിറ്റബിൾസൈറ്റീസ് ആക്ട്അനുസരിച്ച് രജിസ്റ്റർ ചെയ്തിച്ചുള്ള ഒരു മുൻസിപ്പൽതല കേരവികസനസമിതി നിലവിലുണ്ട് (രജി: നമ്പർQ-1314-94)കേരകർഷകരുടെ സമഗ്രമായ പുരോഗതിയാണ് ഇതിന്റെ ലക്ഷ്യം ഇപ്പോൾ ഈ സമിതിയിൽ 428 സങ്കങ്ങൾ ഉണ്ട് എന്നാൽ ഇത് സജീവമായി പ്രവർത്തിക്കുന്നില്ല.

ബി. കാർഷികവികസനസമിതി

മുൻസിപൽ ചെയർമാൻഅദ്ധ്യക്ഷനായിവിവിധവിഭാഗങ്ങൾക്ക് പ്രതിനിധ്യമുള്ളകാർഷികവികസന സമിതി നിലവിലുണ്ട് കൃഷിഭവൻനടപ്പിലാക്കിവരുന്ന വിവിധകാർഷികപ്രവർത്തനങ്ങൾക്ക് മാർഗനിർദ്ദേശം നൽകേണ്ടുന്നസമിതിയാണ് ഇത് എന്നാൽ ഈഉദ്ദേശ്യം പൂർണമായി ഫലപ്രാപ്തിയിൽ എത്തിട്ടില്ല.

4. കാർഷികവിപണനസൗകര്യങ്ങൾ

സഹകരണഅടിസ്ഥാനത്തിലോമറ്റുരീതിയിലോ ഏകീകൃതമായ വിപണനസൗകര്യങ്ങൾ നിലവിൽ ഇല്ല. ഉദ്യാനകൃഷിക്ക് സ്വകാര്യമേഖലയിൽ 2 വിവണനകേന്ദ്രങ്ങൾഉണ്ട്മറ്റുകാർഷികോൽപന്നങ്ങളുടെ പബ്ളിക്ക് മാർക്കറ്റുകളിലാണ് നടത്തുന്നത്. വിപണനസൗകര്യങ്ങളുടെ. അപര്യാപ്തമൂലം ഉദ്യാനകൃഷിയിൽനിന്നു് പോലും കർഷകർക്ക് വേണ്ടത്ര ആദായംലഭിയ്ക്കാത സ്ഥിതിയുണ്ട്.

5. വായ്പാസൗകര്യങ്ങൾ

കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വായ്പ നൽകാൻ പര്യാപ്തമായ നിരവധി ധനകാര്യസ്ഥാപനങ്ങൾ നഗരപ്രദേശത്തുണ്ട് എന്നാൽ സഹകരണസംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യസ്ഥാപനങ്ങൾ കാർഷിക വായ്പ താരതമ്യേന പ്രോത്സാഹിപ്പിക്കുന്നില്ല. കാർഷികാവശ്യങ്ങൾക്ക് വേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും അതിന് വിനിയോഗിയ്ക്കാത്തസ്ഥിതിയുണ്ട്. ഇതുമൂലം വായ്പാബന്ധിതമായ പലപദ്ധതികളും പരാജയപ്പെടുന്നു. നൽകുന്ന വായ്പകൾ കാർഷികാവശ്യങ്ങൾക്കാണോ വിനിയോഗിച്ചിട്ടുള്ളത് എന്ന പരിശോധനയും നടക്കാറില്ല.

6. കൂലി നിരക്ക്

കാർഷിക തൊഴിലാളികളുടെ കുറവ് നഗരപ്രദേശത്ത് പരക്കെ അനുഭപ്പെടുന്നു. ഉല്പാദന വർദ്ധനവിന് തടസ്സമായി നിൽകുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണിത്. കാർഷിക തൊഴിലാളിയുടെ ശരാശരി കൂലിനിരക്ക് പുരുഷന് 110 രുപയും സ്ത്രീക്ക് 80 രുപയുനാണ്. ഏകീകൃത കുലിനിരക്ക് നിലവില്ല.

7. നഴ്സറികൾ

സ്വകാര്യമേഖലയിൽ 25- ഓളം നഴ്സറികൾ ഉണ്ട്. ഇവയിൽ പ്രധാനമായും അലങ്കാരചെടികളും ഫലവൃഷത്തൈകളുമാണ് ഉല്പാദിപ്പിയ്ക്കുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഇവിടെ നിന്നു തൈകൾ വില്പന നടത്തിവരുന്നു. നഴ്സറികളിൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ശാസ്ത്രീയ സംവിധാനങ്ങളൊന്നു നിലവില്ല. ഗുണനിലവാര പരിശോധനയും നടക്കാറില്ല. ഉല്പനങ്ങളുടെ വിലയുടെ കാര്യത്തിലും ഏകീകൃതരീതിയില്ല. വിവിധ നഴ്സസ്സറി

യുടെ സംയോജിപ്പിച്ചുകൊണ്ടു് ആവശ്യമായ മേൽനോട്ടം വഹിക്കുന്നതിനുള്ള കേന്ദ്രീകൃത ഏജൻസിയുടെ അഭാവമുണ്ട്.

## 8. കൃഷിഭവൻ

1987 സപ്തംബർ ഒന്നിനാണ് നഗര പ്രദേശത്ത് കൃഷി ഭവൻ നിലവിൽ വന്നത്. കൃഷിഭവന്റെ പ്രവർത്തനം മുനിസിപ്പാലിറ്റിയിലെ എല്ലാഭാഗങ്ങളിലും ഒരേ പോലെ എത്തിയിട്ടില്ല. ആവശ്യതിനനുസരിച്ച് കൃഷി ഉദ്യോഗസ്ഥന്മാരില്ലാത്തതാണ് ഇതിന് കാരണം. പഞ്ചായത്തുകളിൽ ഒരു കൃഷിഓഫീസറുടെയും 3 കൃഷിഅസിസ്റ്റന്റ്മാരുടെയും സേവനം ലഭ്യമാകുമ്പോൾ പഞ്ചായത്തിനേക്കാൾ വിസ്തൃതിയുള്ളതും 36 വാർഡുകളുള്ളതുമായ മുനിസിപ്പാലിറ്റിയിൽ ഒരു കൃഷിഫീൽഡ്ഓഫീസറും ഒരു കൃഷി അസിസ്റ്റന്റും മാത്രമാണുള്ളത്.

## കാർഷിക രംഗത്തെ പൊതുപ്രശ്നങ്ങൾ

നടപ്പുപദ്ധതികളുടെ അവലോകനവും വാർഡ് സഭകളിലെ ചർച്ചകളും പരിശോധിച്ചാൽ കാർഷിക രംഗത്തെ പൊതുപ്രശ്നങ്ങൾ താഴെ പറയുന്നവയാണെന്നു കാണാം.

1. തെങ്ങിന്റെ രോഗങ്ങൾക്ക് ഫലപ്രദമായ പരിഹാരമായിട്ടില്ല. രോഗബാധിതതെങ്ങുകൾ മുറിച്ച്മാറ്റുന്നില്ല.
2. കൃഷിയ്ക്കുപയുക്തമായ ഭൂമി ഇപ്പോഴും തരിശിട്ടിരിയ്ക്കുന്നു.
3. വിളകലുടെ ഉല്പാദനക്ഷമത വളരെ കുറവാണ്.
4. നിലവിലുള്ള വയലുകളിൽപോലും നെൽകൃഷി ചെയ്യുന്നില്ല.
5. ഭൂമി തുണ്ടുകളായതിനാൽ കൃഷിലാഭകരമല്ല.
6. പാടങ്ങൾ ഇപ്പോഴും നികത്തുന്നു.
7. മണ്ണ് പരിശോധന ഫലപ്രദമായി നടക്കുന്നില്ല.
8. നല്ലയിനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
9. ജൈവവളം കുറഞ്ഞനിലവിൽ വഭിക്കുന്നില്ല.
10. വളപ്രയോഗം അശാസ്ത്രീയ രീതിയിലാണ്.
11. ശാസത്രീയ കൃഷിരീതിയെക്കുറിച്ചുള്ള അറിവ് പരിമിതമാണ്.
12. രാസവളത്തിന് വിലവർദ്ധിയ്ക്കുന്നു.
13. കീട- രോഗബാധ തടയാൻ ഫലപ്രദമായ നടപടിയെടുക്കുന്നില്ല.
14. കേന്ദ്രീകൃത വിപണന സൗകര്യമില്ല.
15. വായ്പാസൗകര്യം പരിമിതമാണ്.
16. ചിലയിടങ്ങളിൽ മണ്ണൊലിപ്പ് കൂടുതലാണ്.
17. കർഷകത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടുന്നില്ല.
18. കൂലിനിരക്ക് കൂടുതലാണ്.
19. പച്ചക്കറികൃഷിയ്ക്ക് വേണ്ടത്രപ്രോത്സാഹനം ലഭിക്കുന്നില്ല.
20. ഗ്രീൻഹൗസിന് പുഷ്പകൃഷി ലഭിക്കുന്നസബ്സിഡിഅപര്യാപ്തമാണ്.
21. പുഷ്പകൃഷിയ്ക്ക് വേണ്ടത്രകളക്ഷൻ സെന്ററു കളില്ല
22. കുളങ്ങളും, തോടുകളും സംരക്ഷിയ്ക്കപ്പെടുന്നില്ല.
23. സർവ്വീസ് സഹകരണസംഘങ്ങൾ കാർഷിക ലക്ഷ്യങ്ങളെ കൈവിട്ടിരിക്കുന്നു.
24. കൃഷിഭവന്റെ പ്രവർത്തനം തൃപ്തികരമല്ല.

## പരിഹാര നിർദ്ദേശങ്ങളും സാദ്ധ്യതകളും

നഗരപ്രദേശത്തെ കാർഷികരംഗം ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. തുണ്ടുകളായ ഭൂമിയും വർദ്ദിച്ചുവരുന്നു. പാർപ്പിടപ്രശ്നവും കാർഷിക വികസനത്തിന് പുത്തൻ വെല്ലുവിളികളാണ്. ഉല്പാദനക്ഷമതകുറയുകയും ഉല്പാദനച്ചെലവ് വർദ്ദിക്കുകയും ചെയ്തതിനാൽ പലരും ഇന്ന് കൃഷി ഉപേക്ഷിച്ച് പോകുന്നു.

അദ്ധ്വാനത്തിന്റെ മഹത്വത്തിൽ ഊറ്റം കൊള്ളുന്നവരാണ് നാം. എന്നാൽ " ഇവിടെ പണിയെടുക്കുന്നില്ല - പുറത്ത് എന്തിനും തയ്യാർ"എന്ന മനോഭാവം നഗരവാസികളിൽ വർദ്ധിച്ചിട്ടുണ്ട്. കാർഷിക മേഖലയോടുള്ള ഈ നിസ്സംഗത അകറ്റാൻ ജനപങ്കാളിത്തത്തോടെ, സമഗ്രമായ കാർഷിക സംരംഭങ്ങൾക്ക് നാം തുടക്കം കുറിക്കണം. ഈ രംഗത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള കാഴ്ചപ്പാടുമുണ്ടാകണം.

ഒമ്പതാം പദ്ധതിയിൽ, കാർഷികസ്വയം പര്യാപ്തത കൈവരിയ്ക്കലാകട്ടെ നമ്മുടെ ലക്ഷ്യം. ഒപ്പം കൃഷിഭുവനിലൂടെ സമ്പന്നമായ ഒരു ഹരിതനഗരവും.

ഇതിന് സഹായകരമായ നിർദ്ദേശങ്ങളാണ് താഴെപ്രതിപാദിക്കുന്നത്.

**1. ഫാം സൊസൈറ്റികൾ**

കാർഷിക സംരംഭങ്ങൾ എങ്ങനെ സംഘടിപ്പിക്കുന്നു എന്നത് പ്രധാനമാണ്. ഇനുള്ള സംഘാടനരീതിയിൽ സമൂലമായ മാറ്റം വരേണ്ടതുണ്ട് ജനങ്ങളുടെ കൂട്ടായ്മായുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത് നിർവഹിക്കുവാൻ കഴിയു. വൈവിധ്യമാർന്ന കാർഷിക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് മുനിസിപ്പൽ / വാർഡ് തലങ്ങളിൽ ഫാം സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്.

**(എ) വാർഡ്ഫാം സൊസൈറ്റി:** ഒരു വാർഡിലെ എല്ലാവിധകാർഷിക പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിനുള്ള പൂർണ്ണചുമതല വാർഡ് ഫാം സൊസൈറ്റികൾക്കാകണം. ചാരിറ്റബിൾ സൊസൈറ്റിസ് ആക്ട് അനുസരിച്ച് ഇത് രജിസ്റ്റർചെയ്യാം (ഉദാഹരണങ്ങൾ:ഗുജറാത്തിലെ ആനന്ദ്, കേരളത്തിലെ മിൽമ) ഇതിന് തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടാകണം. നടീൽ വസ്തുക്കളുടെ ശേഖരണവും വിതരണവും സൊസൈറ്റികൾ നടത്തണം. കാർഷികോല്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തേണ്ടതും വാർഡ് ഫാം സൊസൈറ്റിതന്നെ. വളങ്ങളുടെ വിതരണവും ഇവയക്ക് നടത്താം. മറ്റെല്ലാ അനുബന്ധ കാർഷികപ്രവർത്തനങ്ങളും ഇതിന്റെ പരിധിയിൽപ്പെടും. ഈ വിധ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് പര്യാപ്തമായ നിലയിൽ ജീവനക്കാരെ നിയമിക്കണം.

**(ബി) മുനിസിപ്പൽ ഫാം സൊസൈറ്റി :** വാർഡ് ഫാം സൊസൈറ്റികളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിയക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി മുൻസിപ്പൽതലത്തിൽ ഒരു APEX സമിതിയായി മുനിസിപ്പൽ ഫാംസൊസൈറ്റി രൂപിക്കരിക്കേണ്ടതാണ്. ഇത് കൃഷിഭവനുമായി സംയോജിച്ചായിരിക്കണം പ്രവർത്തിക്കേണ്ടത്. മുനിസിപ്പൽ കൗൺസിൽ തീരുമാനമെടുക്കുന്ന വിവിധ കാര്യങ്ങൾ ( കാർഷികം) നടപ്പിലാക്കേണ്ടത് ഈ കേന്ദ്രസംഘമാണ്. നടീൽ വസ്തുക്കളുടെ ശേഖരണം, വിതരണം, ധനസഹായ വിതരണം, സബ്സിഡികൾ എന്നിങ്ങനെയുള്ള എല്ലാവിധകാര്യങ്ങളും മുനിസിപ്പൽ ഫാംസൊസൈറ്റി വഴിയാകണം താഴെ തലങ്ങളിലെത്തേണ്ടത്. മുനിസിപ്പൽ ചെയർമാൻ ഈ ഫാംസൊസൈറ്റിയിലെ സ്ഥിരാംഗമായിരിക്കും. മറ്റംഗങ്ങളെ യഥാസമയം തെരഞ്ഞടുക്കണം.

**(സി) വാർഡ് കൃഷിവികസന സമിതികൾ :** എല്ലാവാർഡിലും കാർഷിക പ്രവർത്തനങ്ങൾക്ക് സഹായകരമായ നിലയിൽ വാർഡ് കൃഷി വികസന സമിതികൾ രൂപീകരിക്കണം. വാർഡ് കൗൺസിലറാകണം ഇതിന്റെ അദ്ധ്യക്ഷൻ. ഒരു കൺവീനറെയും 25 ൽ കുറയാത്ത അംഗങ്ങളെയും തെരഞ്ഞടുക്കണം. വിവിധ കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യം വേണ്ടുന്ന വിവരങ്ങൾ ശേഖരിയ്ക്കുന്നതിനുള്ള സർവ്വേഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ സമിതികൾ നിർവഹിക്കണം. ഇത് വെറും ഒരു ഉപദേശകസമിതിയല്ല. വിവിധ കാർഷിക സംരംഭങ്ങൾക്ക് സന്നദ്ധ പ്രവർത്തനം സംഘടിപ്പിക്കലും വാർഡ് ഫാം സൊസൈറ്റികളെ സഹായിക്കലും ഈ സമിതിയുടെ പ്രധാനചുമതലയാണ്.

**(ഡി) അയൽക്കൂട്ടങ്ങൾ :** വാർഡ് സമിതികൾക്ക് താഴെ വിവിധ ഭാഗങ്ങളിലായി അയൽക്കൂട്ടങ്ങൾ രൂപിക്കരിക്കേണ്ടതാണ്. ഒന്നിൽ 25 ൽകുറയാത്ത കുടുംബങ്ങൾ ഉണ്ടാകണം. ഏത് തരം കാർഷിക പ്രവർത്തനമാണ് അതാത് ഭാഗത്ത് നടത്തേണ്ടത് എന്ന് നിർദ്ദേശിക്കാനുള്ള അധികാരം അയൽക്കൂട്ടങ്ങൾക്കുണ്ട്. അയൽക്കൂട്ടങ്ങളുടെ ചുമതലയിൽ കൃഷിയുടെ സ്വഭാവത്തിനനുസരിച്ച് വെജിറ്റബിൾ ക്ലബ്, ഓർക്കിഡ് / ആന്തുറിയം ക്ലബ്, തുടങ്ങിയവയൊക്കെ രൂപികരിയ്ക്കാവുന്നതാണ്.

## ഫാം സൊസൈറ്റിയുടെ ഒരു മാതൃകാരൂപരേഖ




## II ഫാംസൊസൈറ്റികൾ വഴി നടപ്പാക്കേണ്ടുന്ന സമയബന്ധിത കൃഷിസംരംഭങ്ങൾ

### 1. നാളികേര കൃഷിവികസനം

(എ) രോഗം ബാധിച്ച് ഉല്പാദനശേഷികുറഞ്ഞതെങ്ങുകൾ മുറിച്ച്മാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വച്ച് പിടിപ്പിക്കൽ:- രോഗബാധിതമായി ഉല്പാദനശേഷികുറഞ്ഞ 10000 തെങ്ങുകൾ വരുന്ന 2 വർഷത്തിനുള്ളിൽ മുറിച്ച് മാറ്റി പകരം പുതിയ തെങ്ങിൻ തൈകൾ വിതരണം ചെയ്ത് വച്ച് പിടിപ്പിക്കേണ്ടതാണ്. 97 ഏപ്രിലിൽ തന്നെ വാർഡ് കൃഷി സമിതികളുടെയും അയൽക്കൂട്ടങ്ങളുടെയും ചുമതലയിൽ മേല്പറഞ്ഞ തെങ്ങുകളുടെ പ്രാഥമിക വിവരങ്ങൾ ശേഖരിക്കണം. (ഇതിന് ആവശ്യമായ മാതൃകാ ഫോറം കൃഷിഭവൻ ഉദ്യോഗസ്ഥർ തയ്യാറാക്കേണ്ടതാണ്) ഈ സർവ്വേപ്രവർത്തനം 3 മാസത്തിന് അകം പൂർത്തികരിക്കാൻകഴിയും. തുടർന്ന് ഇതിന്റെ റിപ്പോർട്ട് വാർഡ് ഫാം സൊസൈറ്റിക്ക് കൈമാറണം. കൃഷിഭവന്റെ സാങ്കേതികാനുമതിയോടെ മുനിസിപ്പൽ കൗൺസിൽ ഈ റിപ്പോർട്ട് അംഗീകരിച്ച് മുനിസിപ്പൽ ഫാംസൊസൈറ്റിക്ക് തീരുമാനമറിയിക്കണം. തുടർന്ന് വാർഡ് ഫാംസൊസൈറ്റികൾവഴി ഈ സംരംഭത്തിനുള്ള ഏർപ്പാടുണ്ടാക്കണം.

തെങ്ങുമുറിച്ച്മാറ്റുന്നതിന് സർക്കാർ ധനസഹായം കൂടാതെ മുനിസിപ്പൽ തലത്തിൽ പ്രത്യേകം ധനസഹായത്തിനുള്ള ക്രമീകരണവും ഉണ്ടാകേണ്ടതാണ്. ഒരു തെങ്ങ് മുറിക്കുന്നതിന് ഒരു കർഷകന് 350 രൂപയെങ്കിലും ധനസഹായം നൽകണം ഒരോ കർഷകനും മുറിച്ച് മാറ്റുന്നതെങ്ങിന് അനുസരിച്ച് ഗുണമേന്മയുള്ളതൈകൾ സൗജന്യമായി വിതരണം ചെയ്യണം. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് വിത്തുല്പാദനകേന്ദ്രങ്ങളിൽ നിന്നും ആവശ്യത്തിനുള്ള തൈകൾ ലഭ്യമാകുന്നതിനും മുനിസിപ്പാലിറ്റി മുൻകൂർനടപടി സ്വീകരിക്കണം.

തെങ്ങ് മുറിച്ച്മാറ്റുന്നതിനുള്ള ജോലിക്കാരെ അതത് വാർഡിലെ സമിതികൾ നിർദ്ദേശിച്ചാൽ മതിയാകും മുറിച്ച്മാറ്റപ്പെടുന്ന തെങ്ങുകൾ പ്രാദേശികാടിസ്ഥാനത്തിൽ ഒരുമിച്ച് കൂട്ടി വില്പന നടത്തുന്നതിനോ മില്ലുകളിലെത്തിച്ച് ഉരുപ്പടികളാക്കുന്നതിനോ ഉള്ള സാധ്യതകളുമുണ്ട്. പരമ്പരാഗതമായി തെങ്ങുകയറ്റതൊഴിലാളികൾ ഉപയോഗിക്കുന്ന 'തളപ്പ്' ഉപയോഗിച്ച് ഓരോ വാർഡിലും തെങ്ങ്കയറ്റതൊഴിൽ പരിശീലിപ്പിയ്ക്കാവുന്നതേയുള്ളു. തെങ്ങുകൾ മുറിച്ച്മാറ്റുന്നതിന് 'വാളന്റിയർ സേന'യും രൂപികരിയ്ക്കാവുന്നതാണ്.

**(ബി) തെങ്ങിൻതൈവിതരണം:-** കാലവർഷാരംഭത്തിൽ ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ വിതരണംചെയ്യേണ്ടതാണ്. ഓരോ വാർഡ് ഫാംസൊസൈറ്റിയും ജനകീയ സമിതിയുമായി ബന്ധപ്പെട്ട് വാർഡിൽ ആവശ്യമുള്ള തെങ്ങിൻ തൈകളുടെ എണ്ണം കണകാക്കി മുനിസിപ്പൽ ഫാംസൊസൈറ്റിക്ക് വിവരം നൽകണം. മാർച്ച് അവസാനത്തോടുകുടി മുനിസിപ്പൽ കൗൺസിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ജില്ലാകൃഷിഓഫീസറുമായി ബന്ധപ്പെട്ട് തെങ്ങിൻ തൈലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. തൈഒന്നിന് 5 രൂപ നിരക്കിൽ കർഷകരിൽനിന്നും ഈടാക്കാവുന്നതാണ്. ഈ സബ്സിഡിനിരക്കിൽ ഓരോ വർഷവും ഒരു കുടുംബത്തിന് പരമാവധി 3 തൈകൾ വരെ വിതരണം ചെയ്യാം.

### ജനകീയ പച്ചക്കറികൃഷി

ആരോഗ്യപരിപാലനത്തിന് പച്ചക്കറികൾ ഗണ്യമായ പങ്ക് വഹിക്കുന്നു. പ്രായപൂർത്തിയായ ഒരാൾ പ്രതിദിനം 150 ഗ്രാം പച്ചക്കറി എങ്കിലും ഭക്ഷിക്കേണ്ടതാവശ്യമാണ്. വികസിതരാജ്യങ്ങളിൽ ഒരാൾ പ്രതിദിനം 300ഗ്രാം പച്ചക്കറി ഭക്ഷിക്കുമ്പോൾ

കേരളത്തിൽ ഇത് 23 ഗ്രാം മാത്രമാണ്. നഗരപ്രദേശത്ത് പച്ചക്കറികളുടെ ഉപഭോഗം വളരെ കൂടുതലാണ് ഉൽപാദനം കുറവായതിനാൽ അയൽസംസ്ഥാനമായ തമിഴ്നാടിനെയാണ് നാം ഇതിനാശ്രയിക്കുന്നത്. ഒരു കുടുംബത്തിന് ആവശ്യമായ പച്ചക്കറികൾ സ്വയം ഉൽപാദിപ്പിക്കുകയെന്ന സംസ്കാരം നാം വളർത്തിയെടുക്കണം. വീട്ടുവളപ്പിൽ വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തത് ഇതിന് തടസമാണന്നാണ് പൊതുവേയുള്ള ധാരണ എന്നാൽ നമുക്ക് ആവശ്യമായ പച്ചക്കറി ഉൽപാദിപ്പിയ്ക്കാനുള്ള ഭൂമി ഇവിടെ തന്നെയുണ്ട്. സമൃദ്ധമായി സൂര്യപ്രകാശം ലഭിയ്ക്കുന്നത് മൂലം ടെറസ്സിൽ ഇത് നന്നായി വളരും വെണ്ട, ചീര, മുളക്, വഴുതന, തക്കാളി, പാവൽ, പയർ, പടവലം തുടങ്ങിയവ ചാക്കുകളിൽ നട്ടുവളർത്താം. ചുരുക്കത്തിൽ ഓരോകുടുംബത്തിലും ഓരോ അടുക്കളതോട്ടംസ്ഥാപിക്കാൻ കഴിയും ഇങ്ങനെ നിരവധി സംരംഭങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

<u>(എ) പച്ചക്കറി ക്ലബ്ബ് (വെജിറ്റബൾ ക്ലബ്ബ്):</u> നഗരപ്രദേശത്തെ എല്ലാ വാർഡുകളിലും പച്ചക്കറി ക്ലബുകൾ രൂപികരിക്കാം ഒരു ക്ലബ്ബിൽ ചുരുങ്ങിയത് 25 അംഗങ്ങളായി ചേരണം. വരുന്ന വർഷത്തിനുള്ളിൽ ഓരോ വാർഡിലും ചുരുങ്ങിയത് 5 പച്ചക്കറിക്ലബ്ബുകളെങ്കിലും രൂപികരിക്കാം ഓരോ ക്ലബ്ബിൽ നിന്നും ഒരു ചുമതലക്കാരനെ തെരഞ്ഞെടുക്കണം ഇവർ യോഗം ചേർന്ന് ഒരു പ്രധാന ചുമതലക്കാരനെ(വാർഡിലെ) തെരഞ്ഞെടുക്കാവുന്നതാണ്. എല്ലാ വാർഡിലെയും ഈ പ്രധാന ചുമതലക്കാർക്കാകണംപരിശീലനം നൽകേണ്ടത്. ഇതിന് വേണ്ടുന്ന പശ്ചാത്തലമൊരുക്കേണ്ടത് കൃഷിഭവനും മുനിസിപ്പാലിറ്റിയും സംയുക്തമായിട്ടായിരിക്കണം ക്ലബ്ബംഗങ്ങളെല്ലാവരും എല്ലാതരത്തിലുമുള്ള പച്ചക്കറികൾ കൃഷി ചെയ്യണമെന്നില്ല. ഓരോരുത്തരുടെയും അഭിരുചിയ്ക്കനുസരിച്ചും, സ്ഥലസൗകര്യം, മണ്ണിന്റെ പ്രത്യേകത എന്നിവ കണക്കിലെടുത്തും വ്യത്യസ്തമായ വിളകൾ കൃഷിചെയ്യാവുന്നതാണ്. വിത്തുകൾ ഉല്പാദിപ്പിച്ച് മറ്റുള്ളവർക്ക് കൈമാറി തുടർച്ചയായ കൃഷി ഉറപ്പുവരുത്തേണ്ടതാണ്. പ്രാഥമികമായി വേണ്ടുന്ന വിത്തിനങ്ങൾ സൗജന്യമായി മുനിസിപ്പാലിറ്റി ലഭ്യമാക്കണം വളം, കീടനാശിനി എന്നിവയും നൽകണം. മികച്ച പച്ചക്കറി ക്ലബ്ബുകൾക്ക് സമ്മാനങ്ങളും നിശ്ചയിയ്ക്കാവുന്നതാണ്. ഓരോവാർഡിലും സസ്യസംരക്ഷണ ഉപകരണങ്ങളും സൗജന്യമായി നൽകാനും ശ്രദ്ധിയ്ക്കണം.

<u>(ബി) സ്കൂൾ - കോളേജ് കോമ്പൗണ്ടുകളിലെ പച്ചക്കറിത്തോട്ടം:-</u> വരുന്ന 2 വർഷത്തിനുള്ളിൽ കൊല്ലം നഗരപ്രദേശത്തെ എല്ലാ സർക്കാർ - സ്വകാര്യ - അൺ എയിഡഡ് സ്ക്കൂൾ- കോളേജ് വളപ്പ്കളിലും (കളിസ്ഥലമൊഴികെ) പച്ചക്കറിത്തോട്ടമുണ്ടാക്കാം . സ്ഥലലഭ്യതയ്ക്കും മണ്ണിന്റെ പ്രത്യേകതയ്ക്കും അനുസരിച്ച് വ്യത്യസ്ത കൃഷികൾ തെരഞ്ഞെടുക്കാവുന്നതാണ്. ഓരോസ്ഥാപനത്തിലും പ്രത്യേകം ചുമതലക്കാരെ തീരുമാനിച്ച് ഇത് സംഘടിപ്പിക്കാം. ചുമതലക്കാർക്ക് യഥാസമയം പരിശീലനവും നൽകണം ഓരോ പച്ചക്കറിതോട്ടത്തിലും കൃഷിനടത്താൻ അതാത് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സഹായത്താൽ വിദ്യാർത്ഥികളെ ഉപയോഗിയ്ക്കണം. പ്രാഥമികമായി പച്ചക്കറിവിത്ത്, വളം, കാർഷികോപകണങ്ങൾ എന്നിവ സൗജന്യമായി വിതരണം ചെയ്യണം. പി.റ്റി.എ. യുടെ സേവനവും ഉപയോഗിയ്ക്കാം.

<u>(സി) സർക്കാർ ഓഫീസ് പരിസരങ്ങളിലെ പച്ചക്കറിത്തോട്ടം:-</u> നഗരപ്രദേശത്തെ കേന്ദ്രീകൃതവും അല്ലാത്തതുമായ എല്ലാ സർക്കാർ - അർദ്ധസർക്കാർ ഓഫീസ് പരിസരങ്ങളിലും ഒരു നിശ്ചിത സ്ഥലത്ത് പച്ചക്കറിത്തോട്ടം ഉണ്ടാക്കാവുന്നതാണ്. സ്ഥാപനങ്ങളുടെ ടെറസ്സുകളും ഉപയോഗിയ്ക്കാം പ്രത്യേകം ചുമതലക്കാരെ തീരുമാനിച്ച് പച്ചക്കറി ക്ലബ്ബുകൾ രൂപികരിയ്ക്കണം

വിത്തിനങ്ങൾ സൗജന്യമായി മുനിസിപ്പാലിറ്റി വിതരണം ചെയ്യണ്ടേതാണ്. കാർഷിക ഉപകരണങ്ങൾ അതാതിടത്തെ ജീവനക്കാരുടെ ചുമതലയിൽ സംഘടിപ്പിയ്ക്കണം. വരുന്ന 2 വർഷം കൊണ്ട് നഗര പ്രദേശത്തെ 80% സ്ഥാപനങ്ങളിലും ഇത് വ്യാപിപ്പിയ്ക്കാം

<u>(ഡി) മറ്റ് സ്ഥാപനങ്ങളിലെ പച്ചക്കറിത്തോട്ടം:</u> സംസ്ക്കാരികസ്ഥാപനങ്ങൾ, ക്ലബ്ബുകൾ തുടങ്ങിയവയുടെ പരിസരങ്ങളിലും പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കേണ്ടതാണ്.

<u>(ഇ) മറ്റ് പൊതുസ്ഥലങ്ങളിലെ പച്ചക്കറിത്തോട്ടം :-</u> പച്ചക്കറി കൃഷിയ്ക്ക് സാധ്യതയുള്ള മറ്റ് പൊതു

സ്ഥലങ്ങളെ (പുറമ്പോക്ക്, തരിശ്, മൈതാനം, പാർക്കുകൾ) സംബന്ധിച്ച് വാർഡ്കൃഷിസമിതികൾ വിവരങ്ങൾ ശേഖരിക്കണം ഈ സ്ഥലങ്ങളിലും പച്ചക്കറി ക്ലബ്ബുകൾ രൂപീകരിച്ച് സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താവുന്നതാണ്.

(എഫ്) സ്ക്കൂൾ വിദ്യാർത്ഥികൾക്കുള്ള പച്ചക്കറി കിറ്റ്വിതരണം :- സ്ക്കൂൾ വിദ്യാർത്ഥികളുടെ കാർഷികാഭിരുചി വർധിപ്പിയ്ക്കുന്നതിന് അവരുടെ വീടുവളപ്പിൽ പച്ചക്കറി കൃഷിപ്രോത്സാഹിപ്പിയ്ക്കേണ്ടതാണ്. നഗരത്തിലെ എല്ലാ സ്ക്കൂളുകളിലും (യു.പി., എച്ച്.എസ്സ്.) ഇത് ബാധകമാക്കണം. ഒരു സ്ക്കുളിൽ നിന്നും ഒരു വർഷം കാർഷികാഭിരുചിയുള്ള 50 വിദ്യാർത്ഥികളെ തെരഞ്ഞടുത്താൽ മതിയാകും. ചുമതലക്കാരന് നേരത്തെ പറഞ്ഞ വെജിറ്റബിൾ ക്ലബ്ബിന്റെ പരിപാടിയുമായി ചേർത്ത് പരിശീലനം നൽകണം. ഒരു വിദ്യാർത്ഥിയ്ക്ക് 5രുപ വില മതിയ്ക്കുന്ന 4 ഇനം വിത്തുകളെങ്കിലുമടങ്ങിയ സീഡ് പാക്കറ്റ് സൗജന്യമായി നൽകണം. ഇത് ഫലപ്രദമായി ഉപയോഗിയ്ക്കുന്നോ എന്ന് പരിശോധിയ്ക്കുകയുംവേണം. അടുത്തവർഷങ്ങളിൽ ആവശ്യമെന്ന് കണ്ടാൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാവുന്നതാണ്.

(ജി) മണ്ണിര കമ്പോസ്റ്റ് ഉപയോഗിച്ചുള്ള ജൈവ പച്ചക്കറി കൃഷി :- വീടുകളിൽ ഉണ്ടാകുന്ന അടുക്കള വേസ്റ്റും മറ്റ് ഗാർഹികാവശിഷ്ടങ്ങളും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്നു. ഗാർഹികാവശിഷ്ടങ്ങൾ മണ്ണിരകളെ ഉപയോഗിച്ച് സമ്പുഷ്ടമായ കമ്പോസ്റ്റാക്കി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയ്ക്ക് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യത നഗരപ്രദേശത്തുണ്ട്. യഥാർത്ഥ താല്പര്യമുള്ളവരെ മാത്രം ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്താൽ മതി. വെജിറ്റബിൾ ക്ലബ്ബുകളുടെ ചുമതലയിലോ, പ്രത്യേകമായോ ഇത് നടപ്പാക്കാം.

വരുന്ന 1 വർഷം 1 വാർഡിൽ 2 വെജിറ്റബിൾക്ലബ്ബെങ്കിലും ഈ പദ്ധതിയനുസരിച്ച് പച്ചക്കറി കൃഷി നടത്തേണ്ടതാണ്. കേരള കാർഷിക സർവ്വകലാശാല, മറ്റ് സന്നദ്ധ സംഘടനകൾ എന്നിവിടങ്ങളിൽനിന്നും ഇതിനാവശ്യമായ പ്രത്യേകതരം മണ്ണിരകൾ ലഭിക്കും ഇതിന്റെവിലയുടെ 50% കൃഷിക്കാർക്ക് സബ്സീഡി നൽകേണ്ടതാണ്. ആദ്യഘട്ടത്തിൽ മണ്ണിര ലഭ്യമാക്കാനുള്ള ഏർപ്പാട് മുനിസിപ്പാലിറ്റി ചെയ്യണം. തുടർന്ന് ആവശ്യത്തിനുള്ള മണ്ണിര കർഷകർക്ക് തന്നെ ഉല്പാദിപ്പാക്കാവുന്നതേയുള്ളു. ചിട്ടയായ ബോധവൽക്കരണ പരിശീലന പരിപാടി ഇതിന്റെ അഭിവാജ്യഘടകമാണ്.

3. എല്ലാവർക്കു സസ്യം; എല്ലാവർക്കുംസമ്പത്ത:

നഗരവൽക്കരണത്തെതുടർന്ന് നഷ്ടപ്പെട്ടസസ്യ - പുഷ്പസമ്പത്ത് വീണ്ടെടുക്കാൻ വലിയ പരിശ്രമങ്ങൾ നടത്തിയെകഴിയു ഇതിനുള്ള അടിസ്ഥാന മുദ്രാവാക്യം എല്ലാവർക്കും സസ്യം; എല്ലാവർക്കും സമ്പത്ത് എന്നതാക്കട്ടെ.

(എ) പുഷ്പകൃഷിവികസനം

പുഷ്പകൃഷിയ്ക്ക് ഇന്ന് സാധ്യതകളേറെയാണ്. കേരളത്തിലെ പൂവിപണി നിയന്ത്രിക്കുന്നത് തമിഴ്നാടും, കർണ്ണാടകവുമാണ്. എല്ലാത്തരം പുഷ്പങ്ങളും ഒരേപോലെ കൃഷിചെയ്യാൻ പറ്റിയ കാലവസ്ഥയല്ല നഗരപ്രദേശത്ത്. ആന്തൂറിയം,ഓർക്കിഡ്, ട്യൂബ്റോസ്, കുറ്റിമുല്ല എന്നിവ നമുക്ക് ധാരളമായി കൃഷിചെയ്യാൻ സാധിക്കും. പട്ടണപ്രദേശത്തെസ്ഥലപരിമിധിയുള്ള കുടുംബങ്ങൾക്ക് കുടിൽ വ്യവസായമായി വീട്ടുമുറ്റത്തോ, ടെറസ്സിലോ പുഷ്പകൃഷിചെയ്യാം. വീട്ടമ്മമാർക്കും വളരെ ആദായകരമായി കൃഷിചെയ്യാവുന്ന ചെടികളാണ് ഓർക്കിഡും, ആന്തുറിയവും.അഞ്ച് സെന്റ് സ്ഥലത്ത് (ടെറസ്സ് ഉൾപ്പെടെ) 200 ഓർക്കിഡ്/ ആന്തുറിയം ചെടികൾ നടാം. വളർച്ചയെത്തിയ ഒരു ചെടിയിൽ നിന്നും കുറഞ്ഞത് 6 മുതൽ 8 വരെ പൂക്കൾ വർഷത്തിൽ ലഭിക്കു ഒരു പൂവിന് 5 രുപ വെച്ച് കണക്കാക്കിയാൽ പോലും ഒരു വർഷത്തിൽ ഒരു ചെടിയിൽ നിന്നും ശരാശരി 35 രുപ ലഭിക്കുന്നു. വാർഷികവരുമാനമാകട്ടെ 7000 രുപയും (ആദ്യവർഷം) പ്രാഥമിക മുതൽമുടക്ക് 10000 രുപയോളം വരും. തുടർന്നുള്ള വർഷങ്ങളിൽ പരിചരണത്തിന് നാമമാത്രമായ ചെലവേ ഉണ്ടാകു. വരുമാനമാകട്ടെ 2-ാം വർഷംമുതൽ 35000 രുപക്രമത്തിൽ ലഭിക്കും (തൈക്കളിൽ നിന്നുമുള്ള സക്കേഴ്സിന്റെ മൂല്യമുൾപ്പെടെ ആധുനിക ശാസ്ത്രീയ കൃഷിരീതി ഉപയോഗിച്ചാൽ മൊത്തം വരുമാനം ഇതിലുമെത്രയോ ഇരട്ടിയാകാനാണ് സാധ്യത.

പുഷ്പകൃഷിയുടെ ഭാഗമായി നഗരപ്രദേശത്ത് ഗ്രീൻഹൗസ് പദ്ധതി വ്യാപകമാക്കാം. ഒരു ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള ഗ്രീൻഹൗസ് നിർമ്മാണത്തിന് 125 രൂപയെങ്കിലും മുനിസിപ്പാലിറ്റി സബ്സിഡി നൽകിയാൽ സഹായകരമാകും.(low cost) ഒമ്പതാം പദ്ധതിയുടെ ആദ്യവർഷം നഗരപ്രദേശത്തെ 2 ഹെക്ടർ സ്ഥലത്ത് പുഷ്പകൃഷി വ്യാപിപ്പിയ്ക്കാവുന്നതാണ്. (ഒരു വർഷത്തിൽ ശരാശരി ഗുണഭോക്താക്കൾ 250) പ്രാഥമികമായി ഇതിന് 12000 തൈകൾ വേണ്ടിവരും. കൃഷിവകുപ്പുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി ഇതിനുള്ള സംവിധാനമൊരുക്കണം. നഗരപ്രാദേശത്തെ നിലവിലുള്ള സ്വകാര്യ സംരംഭകരിൽ നിന്നും നടീൽ വസ്തുക്കൾ ശേഖരിക്കാം. അപ്പോൾ വിലയുടെ കാര്യത്തിൽ ഏകീകൃതസ്വഭാവം വരണമെന്നില്ല. ഇത് പരിഹരിക്കുന്നതിന് സ്വകാര്യസംരംഭകർക്ക് ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ നഴ്സറികളായി അംഗീകാരം നൽകുകയും അവരിൽനിന്നുംക്വട്ടേഷൻ ക്ഷണിച്ച് വിലതീരുമാനിയ്ക്കാവുന്നതാണ്.മുനിസിപ്പൽ തലത്തിൽ പുഷ്പകൃഷി സംരംഭകരുടെ ക്ലബ്ബ് രൂപികരിച്ച് പരിശീലനപരിപാടിയും ഊർജിതമാക്കണം.

<u>(ബി) അലങ്കാര സസ്യകൃഷി :-</u> നഗരപ്രദേശത്തെ അലങ്കാര സസ്യകൃഷിയ്ക്ക് പ്രിയം ഏറിവരികയാണ്. വിപണനത്തിന് പറ്റിയതും ഉദ്യാനനിർമ്മിതിയ്ക്കനുയോജ്യവുമായ പന്നൽച്ചെടികൾ, ഫില്ലോഫെൻഡ്രോൺ, കാക്ടസ്, ബോൺസായ് തുടങ്ങിയ ഇനങ്ങളുടെ കൃഷി പ്രചരിപ്പിക്കേണ്ടതാണ്.

<u>(സി) ഔഷധ സസ്യകൃഷി :</u> ഇന്ന് നമുക്ക് ആവശ്യമുള്ള അങ്ങാടി - പച്ചമരുന്നുക്കൾക്ക് വന്യസ്രോതസ്സുകളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. നിലവിലുള്ള ഔഷധസസ്യങ്ങൾ സംരക്ഷിക്കുകയും ഔഷധ സസ്യകൃഷിയ്ക്ക് സാഹചര്യമുള്ള സ്ഥലങ്ങളിൽ അവയ്ക്ക് പ്രോത്സാഹനം നൽകുകയും വേണം. ജില്ലാ ആയുർവേദ ആശുപത്രി പരിസരത്ത് ഔഷധസസ്യങ്ങൾ വച്ച് പിടിപ്പിച്ച് ഇതിനെ ഒരു ജില്ലാതല ഔഷധസസ്യോദ്യാനമാക്കിമാറ്റാൻ കഴിയും. ഔഷധസസ്യങ്ങളുടെ വിത്തിനങ്ങൾക്കുള്ള സാമ്പത്തിക ചിലവ് മുനിസിപ്പാലിറ്റിവഹിക്കേണ്ടതാണ്.

വാർഡ് കൃഷിസമിതികളുടെ ചുമതലയിൽ പാരമ്പര്യവൈദ്യന്മാരെ സന്ദർശിച്ച് അവർ ഇപ്പോൾ നടത്തിവരുന്ന ഔഷധ സസ്യകൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ ആരായണം. 5 സെന്റിലെങ്കിലും ഔഷധസസ്യകൃഷി ചെയ്തു വരുന്ന പാരമ്പര്യവൈദ്യന്മാർക്കോ മറ്റുള്ളവർക്കോ 5000 രൂപ വരെ ധനസഹായം അനുവദിക്കാവുന്നതാണ്. സാധാരണ കണ്ടുവരുന്ന വിവിധയിനം ഔഷധച്ചെടികളുടെ നടീൽവസ്തുക്കൾ ശേഖരിച്ച് വർഷത്തിലൊരിക്കൽ ഒരു വാർഡിലെ 50 കുടുംബങ്ങളിലെങ്കിലും വിതരണം ചെയ്യാവുന്നതാണ്.

## <u>4. പഴവർഗ്ഗ ഫലവൃക്ഷ കൃഷി വികസനം</u>

<u>(എ) ഓണത്തിനൊരു വാഴക്കുല:-</u> നഗരപ്രദേശത്തെ സ്വന്തമായി 2 വാഴയെങ്കിലുമില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ഓണക്കാലത്ത് ഓരോ വാഴക്കുലയെങ്കിലും കിട്ടാനുള്ള പരിപാടിയ്ക്ക് രൂപം നൽകാവുന്നതാണ്.ഇത്തരം 10000 കുടുംബങ്ങൾ ഉണ്ടാകുമെന്നാണ് ഏകദേശകണക്ക്. 20000 ഏത്തവാഴകന്നുകൾ ഇതിനായി ശേഖരിയ്ക്കേണ്ടിവരും. 97 ഒക്ടോബർ, നവംബർ മാസങ്ങളിൽ വിത്തുകൾ വിതരണം ചെയ്യണം. ഒരു കുടുംബത്തിന് 2 വാഴ വിത്ത് സൗജന്യമായാണ് നൽകേണ്ടത്. വിത്ത് ശേഖരണവും വിതരണവും 2 ആഴ്ചയ്ക്കകം പൂർത്തികരിക്കേണ്ടതാണ്. സർക്കാർ കൃഷിഫാമുകളിൽ നിന്നോ ശാസ്തംകോട്ട തുടങ്ങി വാഴകൃഷിവ്യാപകമായ പ്രദേശങ്ങളിൽ നിന്നോ ഗുണമേന്മയുള്ള വാഴവിത്തിനങ്ങൾ ശേഖരിയ്ക്കുന്നതിന് ഫാം സൊസൈറ്റികൾ മുൻകൂട്ടിത്തന്നെ സംവിധാനം ഒരുക്കണം. തുടർന്നുള്ള ഓണക്കാലങ്ങളിലും ഇത് വ്യാപകമാക്കാവുന്നതാണ്.

<u>(ബി) മറ്റിനം വാഴവിത്തുകളുടെ വിതരണം:</u> കാലവർഷാരംഭത്തോടെ വാഴകൾ പിരിച്ചു നടുന്ന സമയത്ത് നല്ലയിനം വാഴവിത്തുകൾ സൗജന്യനിരക്കിൽ വിതരണം ചെയ്യണം. ഇത് നഗരപ്രദേശത്ത് നിന്നോ സമീപപ്രദേശങ്ങളിൽ നിന്നോ ശേഖരിക്കാം. ഈ സീസണിൽ ഓരോവർഷവും ഒരു വാർഡിലെ 50 കുടുംബങ്ങൾക്കെങ്കിലും വാഴവിത്തുകൾ വിതരണം ചെയ്യണം. (കുറഞ്ഞത് 3 എണ്ണം) ഒരു വിത്തിന് ഒരു രൂപക്രമത്തിൽ ഈടാക്കാവുന്നതാണ്.

(സി) മറ്റിനം ഫലവൃക്ഷങ്ങൾ : മേൽത്തരം ഒട്ടുമാവ്, ഒട്ടുപ്ലാവ്, പേര തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻപറ്റിയ കുടുംബങ്ങൾക്ക് അവ എത്തിച്ച് കൊടുക്കണം. ഒമ്പതാം പദ്ധതിയിൽ ബഹുഭൂരിപക്ഷം വീടുകളിലും ഒരിനം ഒരെണ്ണമെങ്കിലും കൃഷിചെയ്യണ്ടതാണ്. ആദ്യവർഷം ഇത്തരം കൃഷികളില്ലാത്ത ഓരോവാർഡിലെയും 50 കുടുംബങ്ങളെ വീതം തെരഞ്ഞെടുക്കുക. നടീൽവസ്തുക്കൾ കാലവർഷാരംഭത്തിൽ തന്നെ പിതരണം ചെയ്യുന്നതാണുത്തമം. ഒരു തൈയ്ക്ക് 10 രൂപ ക്രമത്തിൽ ഈടാക്കാം.

## 5. സുഗന്ധവിള വികസനം

പ്രധാനമായും ഇഞ്ചി, കുരുമുളക്, മഞ്ഞൾ എന്നിവ കൃഷിചെയ്യുന്നതിനാണ് കൂടുതൽ സാധ്യത വെജിറ്റബിൽ ക്ലബ്ബിൽ ഉൾപ്പെടുത്തി ഇഞ്ചികൃഷി വ്യാപകമാക്കാം. പുതുമഴയോടുകൂടിയാണ് ഇഞ്ചികൃഷി ചെയ്യേണ്ടത്. അതത് വാർഡിലെ ഇഞ്ചികൃഷിയുടെ സാധ്യതയ്ക്കനുസരിച്ച് വിത്തിനങ്ങൾ വിതരണം ചെയ്യേണ്ടതാണ്.

ഭൂരിപക്ഷം വീടുകളിലെയും താങ്ങുമരങ്ങളിൽ കുരുമുളക് കൊടി വച്ചുപിടിപ്പിക്കാവുന്നതാണ്. ആദ്യവർഷം ഓരോവാർഡിലും ശരാശരി 50 വീടിന് (ഒരു വീടിന് 6 വള്ളി) എന്ന തോതിൽ സൗജന്യമായി ഇത് വിതരണം ചെയ്യണം. കൂടാതെ ബുഷ്പെപ്പറിന്റെ നടീൽ വസ്തുക്കളും വിതരണം ചെയ്യേണ്ടതാണ്.

## 6. കിഴങ്ങ് വർഗ്ഗകൃഷിവികസനം

വെജിറ്റബിൾ ക്ലബ്ബുകളുടെ പരിധിയിൽ ചേന, ചേമ്പ്, കാച്ചിൽ എന്നിവയുടെ കൃഷിയും ഉൾപ്പെടുത്തണം. ഇതിന്റെ വിത്തിനങ്ങൾ ഫാംസൊസൈറ്റികൾ പ്രാദേശികമായി സംഭരിച്ച് ക്ലബ്ബുകൾക്ക് എത്തിക്കേണ്ടതാണ്. മരച്ചിനികൃഷിയ്ക്കും ഇതേ സംവിധാനം ഏർപ്പെടുത്താം.

## 7. കൂൺകൃഷിവികസനം

നമ്മുടെ ആരോഗ്യസംരക്ഷണത്തിനുതകുന്ന ഒരാഹാരപദാർത്ഥമെന്ന നിലയിൽ കൂണിന് വളരെ പ്രധാന്യം ഉണ്ട് ഇതിലെ പ്രോട്ടിനുകളും അമിനോആസിഡ്കളും മിനറൽസും വിറ്റാമിനുകളുമാണ് ഇതിനാധാരം കുറഞ്ഞചിലവിൽ എല്ലാകാലങ്ങളിലും കൃഷിചെയ്യാവുന്നതാണ് ചിപ്പികൂൺ. നഗരപ്രദേശത്തെ തൊഴിൽരഹിതരായ യുവതി/യുവക്കൾക്കും വീട്ടമ്മമാർക്ക് സ്വയംതൊഴിൽ കണ്ടെത്താനുപകരിക്കുന്നതാണ് ഈ കൃഷി.ഒരു വാർഡിൽ നിന്നു 10 യൂണിറ്റുകൾ വീതം തെരഞ്ഞെടുത്താൽ ഓരോ യൂണിറ്റിനും ദിവസേന ശരാശരി 2 കിലോഗ്രാം കൂണുകളെങ്കിലും ഉല്പാദിപ്പിക്കാൻ കഴിയും ചെലവ് 40 രൂപ മാത്രമേ വരൂ. വരുമാനമാകട്ടെ 120 രൂപയാണ്. മൊത്തം ആദായം ദിവസേന 80 രൂപയും ഒരു മാസത്തെആദായം 2400 രൂപയാകും.

നഗരപ്രദേശത്ത് ഇപ്പോൾ കൂൺകൃഷിയ്ക്ക് വലിയ പ്രചാരമില്ല.എന്നാൽ സാധ്യതകളേറെയാണ്. തുടക്കമെന്നനിലയിൽ വരുന്ന ആദ്യവർഷത്തിൽ കൂൺകൃഷിയിൽ താല്പര്യമുള്ള ഓരോവാർഡിലെയും 10 പേരെയെങ്കിലും സംഘടിപ്പിക്കണം ഇവരിൽ നിന്നും പ്രധാനചുമതലക്കാരെ തീരുമാനിച്ച് പരിശീലനവും നൽകും. തുടർന്ന് കൂൺകൃഷിസംരംഭങ്ങൾക്ക് തുടക്കം കുറിക്കാം.

## 8. കശുമാവ് കൃഷിവികസനം

കശുമാവ് ഗ്രാഫ്റ്റുകൾ (ഒട്ടുതൈകൾ) സൗജന്യമായി വിതരണം ചെയ്തും നടീലിന് തൈെന്നിന് 5രൂപനിരക്കിൽ സഹായം നൽകിയും കശുമാവ് കൃഷി പ്രോൽസാഹിപ്പിക്കാം. ഒമ്പതാം പദ്ധതിയിൽ 1/2 ഏക്കർ സ്ഥലത്തെങ്കിലും കശുമാവ് തൈകൾ വച്ചുപിടിപ്പിക്കാവുന്നതാണ്. വളരെ നാമമാത്രമായ നിലവിലുള്ള കശുമാവ് കൃഷി സംരക്ഷിക്കേണ്ടതാണ്.

## 9. നെൽകൃഷി

നിലവിലുള്ള വയലുകൾ പൂർണ്ണമായും സംരക്ഷിച്ച് നെൽകൃഷിചെയ്യാനുള്ള സാഹചര്യത്തിനും സാധ്യതയുണ്ട്

## III നഴ്സറികൾ

സഹകരണാടിസ്ഥാനത്തിൽ നഴ്സറികൾ സ്ഥാപിയ്ക്കേണ്ടതാണ്.മുനിസിപ്പൽ തലത്തിൽ ഒരു കേന്ദ്രനഴ്സറി സ്ഥാപിയ്ക്കുന്നതിനം നടപടികളെടുക്കണം. പരിശീലനത്തിനും,,നടീൽ വസ്തുക്കളുടെ

ഗുണനിലവാര പരിശോധനക്കും,നടീൽ വസ്തുക്കളുടെ ഗുണവിലവാര പരിശോധനയ്ക്കും ഉതകുന്ന സംവിധാനം കേന്ദ്രനഴ്സറിയിൽ ഉണ്ടാകേണ്ടതാണ്. വരുന്ന 2 വർഷതിനുള്ളിൽ നഗരപ്രദേശത്ത് സഹകരണാടിസ്ഥാനത്തിലൊ സന്നദ്ധസംഘടനകളുടെ ആഭിമുഖ്യത്തിലൊ 20 നഴസറികളെങ്കിലും സ്ഥാപിയ്ക്കാനുളള സാധ്യതയുണ്ട്.ഉല്പാദനങ്ങൾക്ക് ഏകീകൃത വില നടപ്പാക്കുന്നതിനുളള മോണിറ്ററിംഗ് സംവിധാനവും ഏർപ്പെടുത്താവുന്നതാണ്.

## IV വളങ്ങൾ

(എ) ജൈവവളം:നഗരപ്രദേശത്തെ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി ചപ്പുചവറുകൾ സംസ്കരിച്ച് ജൈവവളമാക്കി ഫാം സൊസൈറ്റികളിലൂടെ കർഷകർക്ക് വിതരണം ചെയ്യാൻ സാധ്യതകളേറെയുണ്ട്.

(ബി) രാസവളം: അടച്ചു പൂട്ടിയ FACT വളംഡിപ്പോ തുറക്കാൻ ആവശ്യമായ നടപടികളെടുക്കണം.സഹകരണബാങ്കുകളുടെ ചുമതലയിൽ വളം ഡിപ്പോകൾ ആരംഭിയ്ക്കേണ്ടതാണ്.നിലവിലുള്ള സ്വകാര്യ വളംഡിപ്പോകളിലെവി കളുടെ ഗുണനിലപാരം പരിശോധിയ്ക്കുന്നതിന് മുനിസിപ്പൽ ഫാം സൊസൈറ്റിയുടെ ചുമതലയിൽ സ്ഥിരം സംവിധാനമു ണ്ടാക്കണം ജില്ലാതലത്തിൽ കൊല്ലത്ത് ഒരു വ ളപരിശോധനാ ലബോറട്ടറി സ്ഥാപപിയ്ക്കാനും ന ടപടിയോടുക്കണം വളം കീടനാശിനി പ്രയോഗത്തിന് വേണ്ടുന്ന നിർദ്ദേശങ്ങൾ പരിശീലനത്തോടൊപ്പം കർഷകർക്ക് നൽകേണ്ടതാണ്. വീട്ടിൽ തന്നെ ചെലവുകുറഞ്ഞ രീതിയിൽ തയ്യാറാക്കാവുന്ന പുകയില കഷായം, മണ്ണെണ്ണകുഴമ്പ്, വേപ്പിൻകുരുസത്ത് തുടങ്ങിയ കീടനാഷിനികൾ ഉണ്ടാക്കുന്നതിനുള്ള നിർദ്ദേശങ്ങളും നൽകണം.

## V കാർഷിക വായ്പ

നാളീകേരം, പുഷ്പം, പച്ചക്കറി, കൂൺ തുടങ്ങിയ വിവിധയിനം കൃഷികളുടെ വികസനത്തിന് സഹായകരമായ കാർഷിക വായ്പകൾ സഹകരണ ബാങ്കുകളിൽ നിന്നും മറ്റും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്. മുനിസിപ്പാലിറ്റിയുടെ പ്രത്യേകം സബ്സിഡികളും അനുവധിക്കാവുന്നതാണ് ജലസേചനം ഉൾപ്പെടെയുള്ള വിവിധ കാർഷികാവശ്യങ്ങൾക്ക് വായ്പ അനുവധിക്കുമ്പോൾ ഭുപരിധി നിബന്ധന ബാധകമാക്കേണ്ടതില്ല. 25000 രൂപ വരെയുള്ള വിവിധയിനം കാർഷികവായപകൾ ആൾ ജാമ്യത്തിൽ അനുവദിയക്കാവുന്നതാണ്.

## vi കാർഷിക മേള

വിവിധയിനം കാർഷികോല്പന്നങ്ങളുടെ പ്രദർശനത്തിനും വില്പനയ്ക്കും മുനിസിപ്പൽ തലത്തിൽ വർഷത്തിലോരിയ്ലെങ്കിലും കാർഷിക മേളകൾസംഘടിപ്പിയ്ക്കാം (പുഷ്പകൃഷിയുൾപ്പൊടെ) ഇതിൽ പച്ചക്കറി കൊണ്ടുള്ള ഭക്ഷണമേള യും ഉൾപ്പടുത്താം മേളകളിൽ വെച്ച് കർഷകർക്ക് അവാർഡുകളും പ്രോത്സാഹനസമ്മാനങ്ങളും നൽകാവുന്നരാണ് ചുരുങ്ങിയ സമ്മാനത്തുക 1000 രൂപയായി നിജപ്പടുത്തണം.

## VII മണ്ണ് സംരക്ഷണം

നഗരപ്രദേശത്ത് മുണ്ടയ്ക്കൽ,പട്ടത്താനം,കടപ്പാക്കട,ആശ്രാമം,തിരുമുല്ലവാരം തുടങ്ങിയ സ്ഥലങ്ങളിൽ നീർക്കെട്ട്അനുഭവപ്പെടുന്നുണ്ടു.മണ്ണൊലിപ്പ് തടഞ്ഞ് മണ്ണ് സംരക്ഷണംനടപ്പിലാക്കുന്നതിന് ഇപ്പോൾ ഫലപ്രദമായ പദ്ധതികൾ നഗരപ്രദേശത്തില്ല.ഈ പ്രദേശങ്ങളെ സംബന്ധിച്ച് സമഗ്രമായ സർവ്വെ നടത്തി മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്. സ്ഥലത്തിന് അനുയോജ്യമായനിലയിൽ ഡ്രയിനേജ് ചാലുകൾ,ചെക്ക് ഡാമുകൾ,റീട്ടെയിനിംഗ് വാൾ എന്നിവ നിർമ്മിയ്ക്കുക,മരങ്ങൾ വെച്ച്പിടിപ്പിയ്ക്കുക തുടങ്ങിയവയ്ക്കും സാധ്യതയുണ്ട്.

## VIII മണ്ണു പരിശോധന

വരുന്ന ഒരു വർഷത്തിനുള്ളിൽ നഗരപ്രദേശത്തെ എല്ലാവാർഡുകളിലും ആദ്യഘട്ട മണ്ണ് പരിശോധന പൂർത്തിയാകണം. മൂന്ന് വാർഡുകൾ കേന്ദ്രീകരിച്ച് മാസത്തിലൊരിയ്ക്കൽ കർഷകരുടെ ക്യാമ്പ് സംഘടിപ്പിയ്ക്കാവുന്നതാണ്.ഈ ക്യാമ്പിൽ കർഷകർ അവരവരുടെ സ്വന്തം ചുമതലയിൽ മണ്ണു സാമ്പിളുകൾ എത്തിയ്ക്കേണ്ടതാണ്. കൊല്ലത്തെ സഞ്ചരിയ്ക്കുന്ന മണ്ണു പരിശോധനാ ലബോറട്ടറിയുടെ സേവനം ലഭ്യമാക്കി ജില്ലാകൃഷി ഓഫീസറുടെ അനുമതിയോടെ ഇത് നടപ്പിൽ വരുത്തണം.(ഇത് ഒരു സ്പെഷ്യൽ ക്യാമ്പയിൻ ആണ്.) തുടർന്നും മണ്ണു

പപരിശോധനയ്ക്ക് വേണ്ടുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കേണ്ടതാണ്.

## ജലസേചനം

**1പൂർത്തിയായജലസേചനപദ്ധതികൾ:**

കൊല്ലംനഗരപ്രദേശത്ത് 8 ാം പദ്ധതിയിൽ പൂർത്തി കരിച്ച ജലസേചന പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു.

പട്ടിക 10

| പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക. |
|---|---|---|---|
| 1. തിരുമുല്ലവാരം ക്ഷേത്രത്തിന് | | | |
| തെക്ക് കിഴക്കുള്ള ഓടയുടെ സംരക്ഷണപണികളും സ്ലാബിടലും | 1996 | 96 | 3 ലക്ഷം |
| 2. ക്രിസ്തുരാജ്ഹൈസ്ക്കൂളിന് സമിപമുള്ള തോടിന്റെ സംരക്ഷണ | 1995 | 95 | 2ലക്ഷം |
| പണികൾ | | | |
| 3. വിഷ്ണ്യത്തകാവ് ക്ഷേത്രത്തിന് വടക്കുള്ള വെള്ളക്കെട്ട് ഒഴിവാക്കൽ. | 1993 | 93 | 2ലക്ഷം. |

(അവലംബം- ജലസേചനവകുപ്പ് രേഖ)

മേൽപ്പറഞ്ഞ പദ്ധതികൾ ജലസേചന വകുപ്പ് മുഖേനയാണ് നടപ്പാക്കിയത്.

**2. ഒമ്പതാം പദ്ധതിയിൽ നടപ്പിലാക്കേണ്ടുന്ന ജലസേചന പദ്ധതികൾ**

എ. മണിച്ചിത്തോട് വൃത്തിയാക്കലും അറ്റകുറ്റപണിയും.

ബി. തിരുമുല്ലവാരം ക്ഷേത്രത്തിന് തെക്ക് കിഴക്കുള്ള തോട് - കടൽതീരം വരെ - സംരക്ഷണപണികളും സ്ലാബ് ഇടീലും.

സി. മുണ്ടയ്ക്കൽ ഈസ്റ്റ് വാർഡിൽ കളരി ക്ഷേത്രത്തിന് സമീപമുള്ള തോടിന്റെ സംരക്ഷണ പണികളും സ്ലാബിടലും.

ഡി. പൈമേലിൽ പുരയിടം മുതൽ T.S. കനാൽ വരെ ഓടയും സ്ലാബും നിർമ്മിക്കൽ

ഇ. . കന്റോൺമെന്റ് നോർത്ത് വാർഡിൽ സ്വാമി ഓയിൽ മിൽസ് മുതൽ ഓടയിൽപുരയിടം വരെ ഓടനിർമ്മിക്കൽ.

എഫ്. അലക്ക്കുളം മുതൽ ഇരട്ടക്കടവ് കലുങ്ക് വരെ ഓടനിർമിക്കൽ.

**തോടുകൾ :-**

വില്ലേജ് ആഫീസ് രേഖകൾപ്രകാരം നഗരപ്രദേശത്തെ തോടുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 11

| വില്ലേജ് | തോടുകളുടെ വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 1. വടക്കേവിള | 0.37.36 |
| 2. മുണ്ടയ്ക്കൽ | 9.89.99 |
| 3. കൊല്ലം ഈസ്റ്റ് | 6.65.27 |
| 4. കൊല്ലം വെസ്റ്റ് | 1.44.97 |
| ആകെ | 18.37.59 |

മേല്പറഞ്ഞതോടുകളുടെ സംരക്ഷണജോലികൾ നിർവഹിച്ച് ജലസേചന സൗകര്യം മെച്ചപ്പടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

**4. കുളങ്ങൾ**

വില്ലേജാഫീസ് രേഖകൾ പ്രകാരമുള്ള കുളങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർകുന്നു.

പട്ടിക 12

| വില്ലേജ് | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| 1. വടക്കേവിള | 0.78.40 |
| 2. മുണ്ടയ്ക്കൽ | 0.88.32 |
| 3. കൊല്ലം ഈസ്റ്റ് | 0.98.41 |
| 4. കൊല്ലം വെസ്റ്റ് | 4.96.39 |
| ആകെ | 7.61.52 |

കുളങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെപറ്റി സമഗ്രമായ സർവ്വേനടത്തേണ്ടതാണ്. നിലവിലുള്ള കുളങ്ങൾ സംരക്ഷിച്ച് (പമ്പുസെറ്റുകൾ ഉൾപ്പടെ സ്ഥാപിച്ച്) ജലസേചനയോഗ്യമാക്കേണ്ടതാണ്.



**നന്മയിലൂടെ സമൃദ്ധിയിലേക്ക്**

**ഒരു ഹരിതസ്വപ്നം**

**വൃക്ഷങ്ങളെ സ്നേഹിയ്ക്കുക**

**അത് രാജ്യത്തിന്റെ സമ്പത്താണ്.**

# BUSINESS BENEFIT COMPANY LTD.

✆ 742494, 742995, 741657

(Estd: 1949)

**(Incorporated Under Indian Companies Act of 1956)**

**BUSINESS BUILDING, BEACH ROAD, KOLLAM**

**( A GROUP CONCERN OF BUSINESS CHITTY FUND (ASRAMAM (P) LTD**

**(MEMBERS ONLY)**

## INDIA'S HIGHEST MONTHLY INCOME PAYING COMPANY

30% മുതൽ 40 %
വരെ പലിശ
കൂടാതെ നിക്ഷേപകർക്ക് ക്യാഷ്
ഇൻസെന്റീവും മറ്റ്
ബനിഫിറ്റുകളും




31-12-96 ലെ
ബനിഫിറ്റ് ഡ്രോയിൽ
വിജയികളാകുന്ന 25
നിക്ഷേപകർക്ക് 2 ഗ്രാം
വീതമുള്ള 2
ഗോൾഡ് കോയിൻ
ലഭിക്കുന്നു.

Spot Incentives for Depositors GOLD COINS 1/2 gm to 1.750 gm.

ഓരോ 10,000 രൂപാ നിക്ഷേപത്തിനും ഒരു GOLD COIN വീതം

## പ്രതിമാസങ്ങളിൽ പലിശ നിക്ഷേപകന്റെ കരങ്ങളിൽ എത്തിക്കുന്നു.

സ്വർണ്ണപ്പണയം
പവന് 3000 രൂപ

GOLD COIN 1/2gm *to* GOLD COIN 1.750 gm




**CAR LORRY BUS HIREPURCHASE -GOLD LOAN RS. 3000**

12 മാസം 19 1/2% + 1/2gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.
24 മാസം 20% + 1gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.
36 മാസം 21 % + 1.250gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.
42 മാസം DOUBLE BENEFIT +1.500gm GOLD COIN ഓരോ 10,000 രൂപയ്ക്കും " "
60 മാസം MONEY QUEEN BOND + 1.750gm GOLD COIN ഓരോ 10,000 രൂപയ്ക്കും "

**MONEY BEGETS THE MONEY**

ഓരോ 10,000 രൂപ നിക്ഷേപത്തിനും 1/2 gm മുതൽ 1.750 gm വരെ സ്വർണ്ണ നാണയം SPOT INCENTIVE ആയി നൽകുന്നു. ഈ ആനുകൂല്യം ഡിസംബർ 31 വരെ മാത്രം. 12 മാസവും അതിനുമുകളിലും 10000 രൂപയ്ക്ക് താഴെയുള്ള നിക്ഷേപകർക്ക് വിലിപിടിപ്പുള്ള സമ്മാനങ്ങൾ.

എല്ലാ മാസവും 8-ാം തീയതി തോറും 4.30 ന് എല്ലാ നിക്ഷേപകരേയും ഉൾപ്പെടുത്തി പതിവ് ബനിഫിറ്റ് ഡ്രാ ഉണ്ടായിരിക്കും. സമയം 4.30 P.M. 10 വിജയികൾക്ക് 500/-രൂപാ വീതം മൊത്തം 5000/- രൂപ CASH INCENTIVE നൽകുന്നു.

## OUR GROUP OF COMPANIES

1. TRANSWORLD CREDIT & INVESTMENT COMPANY(P) LTD. BEACH ROAD, KOLLAM-1 PH.742995,742494
2. TRANSWORLD HIRE PURCHASE (INDIA) LTD., BEACH ROAD, KOLLAM-1 PH. 741657
3. COMMERCIAL HIRE PURCHASE (INDIA) LTD., ERNAKULAM, PH.365571
4. SOBHANA TILE WORKS, KOLLAM, PH.204078
5. MODERN BRICKS, KOLLAM

This pervilage only upto 31st December 1996

DIRECTORS: VIJAYAN PILLIAI SOBHANAN PILLAI SUNDARAN PILLAI

# BUSINESS BENEFIT COMPANY LTD.

© 742494-742995,741657

**(Incorporated Under Indian Companies Act of 1956)**

**BUSINESS BUILDING, BEACH ROAD, KOLLAM**

**we offer under mentioned HIGH YIELD DEPOSIT SCHEMES**

**BBC**

## MONTHLY INTEREST SCHEME / MONTHLY INCOME SCHEME (MIS)

| Deposit Amount | 12months | Interest | 24months | Interest | 36months | Interest |
|---|---|---|---|---|---|---|
| Rs.5,000-Rs.25,000 | 19.5% | Rs.406.25 | 20.0% | Rs.416.65 | 20.5% | Rs427.00 |
| Rs.25,000-Rs.50,000 | 19.5% | Rs.812.50 | 20.5% | Rs.854.15 | 21.0% | Rs875.00 |
| Rs.50,000-Rs.1,00,000 | 20.0% | Rs.1666.66 | 20.5% | Rs.1708.30 | 21.0% | Rs1750.00 |

## FIXED DEPOSIT

| Period | 46Days | 12Months | 24Months | 36Months | 48Months | 60Months | 60Months |
|---|---|---|---|---|---|---|---|
| % of Interest p.a | 13% | 17.5% | 18% | 19% | 19.5% | 20% | 21% |
| Min.Deposit Rs. | 5000 | 3000 | 3000 | 3000 | 3000 | 15,000 | 50,000 |

## MONEY QUEEN BOND

**RS.50000 60 മാസം RS.1,50,000 ലഭിക്കുന്നു.**

MATURITY VALUE Rs. 1,50,000 Period of Deposit - 60 Months. Deposit Tribles in 60 Months

## DOUBLE BENEFIT SWARNA MANGALYA SCHEME

Deposit doubles in 42 months - Mininum depoist Rs. 5000/- **Rs.50000 42 Months Rs.100000 ലഭിക്കുന്നു.**

## CUMULATIVE DEPOSIT

| Amount of Deposit | MATURITY VALUE AND DURATION OF DEPOSIT | | | | |
|---|---|---|---|---|---|
| | 12Months | 24Months | 36Months | 48Months | 60Months |
| Rs. 1,000 | 1,180 | 1,400 | 1,700 | 2,180 | 2,690 |
| Rs. 5,000 | 6,000 | 7,140 | 8,500 | 10.900 | 13,400 |
| Rs. 7,500 | 9,000 | 10,700 | 12,800 | 16,380 | 20,200 |
| Rs. 10,000 | 12,000 | 14,200 | 17,000 | 21,840 | 26,900 |

## CASH CERTIFICATES : PERIOD 36 MONTHS

| DEPOSIT | AMOUNT | CERTIFICATE VALUE | DEPOSIT AMOUNT | CERTIFICATE VALUE |
|---|---|---|---|---|
| Rs. | 5.90 | 1,000 | Rs. 8,700 | 15,000 |
| Rs. | 2,900 | 5,000 | Rs. 11,600 | 20,000 |
| Rs. | 5,800 | 10,000 | | |

## PENSIONERS PACKAGE SCHEME

Rs 200-60M = Pension Rs 6000 30 Month 91 [illegible] Rs 28000

**പ്രതിമാസങ്ങളിൽ പലിശ നൽകുന്നു.**



12 മാസത്തേയ്ക്ക് 20% + 1/2gm Gold Coin ഓരോ10000രൂപയ്ക്കും
24 മാസത്തേയ്ക്ക് 20.5% + 1gm Gold Coin " "
36 മാസത്തേയ്ക്ക് 21% + 1.250gm Gold Coin " "
42 മാസത്തേയ്ക്ക് Double Benefit + 1.500gm Gold Coin
60 മാസത്തേയ്ക്ക് Money Queen Bond + 1750gm Gold Coin



**SPOT INCENTIVES GOLD COINS 1/2gm.TO 1.750gm**

**THIS PREVILAGE ONLY UPTO 31ST DECEMBER 1996**

# DHANAVARDHAN

(JOIN OUR DANAVARDHAN SCHEMEAND GROW WITH US)

## (MONTHLY DEPOSIT SCHEME)

### MATURITY VALUE AND PERIODS (കാലാവധിയും കാലാവധി തുകയും)

| Monthly Deposit | 12 months | 24 months | 36 months | 45 months | 50 months | 60 months | 80 months | 120 months |
|---|---|---|---|---|---|---|---|---|
| Rs100 | Rs1340 | Rs 2900 | Rs 4500 | Rs 6700 | Rs7840 | Rs10340 | Rs15000 | Rs30000 |
| Rs200 | Rs2680 | 5800 | 9000 | 13400 | 15680 | 20680 | 30000 | 60000 |
| Rs300 | Rs4020 | 8700 | 13500 | 20100 | 23520 | 31020 | 45000 | 90000 |
| Rs400 | Rs5360 | 11600 | 18000 | 26800 | 31860 | 41360 | 60000 | 120000 |
| Rs500 | Rs6700 | 14500 | 22500 | 33500 | 39200 | 51700 | 75000 | 150000 |

100രൂപയുടെ ഗുണിതങ്ങളായി പ്രതിമാസങ്ങളിൽ 3000 രൂപ വരെ നിക്ഷേപിക്കാവുന്നതാണ്.100രൂപയുടെ പെരുക്കങ്ങൾനോക്കി കാലാവധി തുക മനസ്സിലാക്കാവുന്നതാണ്

**TRANSACTION WITH MEMBERS ONLY**

**Make Saving A Habit**

## 6.2

# മൃഗസംരക്ഷണം

മനുഷ്യസംസ്ക്കാരത്തിൻെറ പുരോഗതിയിൽ കന്നുകാലികളും മൃഗങ്ങളും വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. ഭാരതത്തിൽ അങ്ങോളമിങ്ങോളമെന്നപോലെ കേരളത്തിലെ ഗ്രാമാന്തരങ്ങൾ മൃഗപരിപാലനത്തിന് മുഖ്യ പരിഗണനയാണ് നൽകിയിട്ടുള്ളത്. കൊല്ലം നഗരത്തെ സംബന്ധിച്ചിടത്തോളം പറയത്തക്ക കൃഷിഭൂമി ഇലെങ്കിൽപ്പോലും കന്നുകാലിവളർത്തൽ ഒട്ടേറെപ്പേരുടെ ഉപജീവനമാർഗ്ഗമാണ്.

മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കായി കൊല്ലം നഗരത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

1 മൊബൈൽ വെറ്ററിനറി ഡിസ്പൻസറി, കൊല്ലം.
2 ഐ. സി. ഡി. പി.[ എസ്. സി.], ആശ്രാമം
3 ഐ. സി. ഡി. പി.[ എസ്. സി.], പുന്നത്തല
4 ജില്ലാ വെറ്ററിനറി സെൻറർ, കൊല്ലം
5 ക്ലിനിക്കൽ ലാബ്, കൊല്ലം
6 കാഫ് ഫീഡ് സബ്സിഡി സ്കീം, കൊല്ലം
7 റീജനൽ പൗൾട്രി ഫാം, കൊല്ലം
8 ജില്ലാ മൃഗസംരക്ഷണ ആഫീസ്, കൊല്ലം

കൊല്ലം നഗരത്തെ സംബന്ധിച്ചിടത്തോളം കൃഷിക്കാരന് എല്ലാവിധ സഹായസഹകരണങ്ങളും നൽകാൻ സുസജ്ജമായ സ്ഥാപനങ്ങൾ നഗരത്തിൽ പ്രവർത്തിക്കുന്നതിനാൽ ആവശ്യമായ സാങ്കേതിക ഉപദേശവും വിദഗ്ദ്ധ സേവനവും ലഭിക്കുന്നതിന് ഒരു പ്രയാസവും ഇല്ല. നഗരത്തിൽ നിലവിലുള്ള കന്നുകാലികളുടെ സ്ഥിതിവിവരക്കണക്ക് താഴെ ചേർക്കുന്നു.

| ഇനം | ആകെ | കൃത്രിമബീജ സങ്കലനം നടത്തിയവ | ഗർഭത്തിന് രണ്ടിലധിക തവണസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| 1 | 2 | 3 | 4 |
| പശു | 3473 | 2263 | 905 |
| കിടാരി | 1756 | - | - |
| എരുമ | 738 | 93 | 37 |
| ആട് | ലഭ്യമല്ല | - | - |

സോഴ്സ്:
കൊല്ലം ജില്ലാ മൃഗസംരക്ഷണാഫീസിലെ കണക്ക്

ഭക്ഷണാവശ്യത്തിന് ദിവസംതോറും 200 ലധികം മൃഗങ്ങളെ നഗരത്തിലെ അറവുശാലകളിൽ കൊല്ലുന്നതായിട്ടാണ് കണക്ക് 1992-ൽ കൊല്ലപ്പെട്ട മൃഗങ്ങളുടെ കണക്ക് താഴെചേർക്കുന്നു.

| ഇനം | ആൺ | പെൺ | കിടാക്കൾ | ആകെ |
|---|---|---|---|---|
| കന്നുകാലി | 8584 | 3087 | 41 | 11712 |
| എരുമ/പോത്ത് | 1056 | 305 | 25 | 1386 |
| ആട് | ഇനം തരംതിരിച്ചിട്ടില്ല. | | - | 25803 |
| പന്നി | ഇനം തരംതിരിച്ചിട്ടില്ല | | - | 143 |
| | ആകെ | | | 39044 |

ജനസംഖ്യാ വർദ്ധനവിൻെറ അനുപാതമനുസരിച്ച് ഭക്ഷ്യാവശ്യത്തിന് കൂടുതൽ മാംസം ഓരോ വർഷവും ആവശ്യമായി വരുന്നു. ഇതിനുവേണ്ട മുഴുവൻ മൃഗങ്ങളേയും മറ്റു സ്ഥലങ്ങളിൽനിന്ന് കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇതു കൂടാതെ ഇറച്ചിക്കോഴി വിൽപ്പന ഒരു പ്രധാന ഇനമാണ്. വീടുകളിലേയ്ക്കും ഹോട്ടലുകളിലേയ്ക്കും ദിനംപ്രതി എത്രകിലോഗ്രാം ഇറച്ചിക്കോഴി വെണ്ടിവരുന്നു എന്നുള്ളതിന് ശരിയായ കണക്കുകൾ ഒന്നും ലഭ്യമല്ല. നഗരത്തിൽ ഏകദേശം അൻപതിനായിരത്തിലധികം വളർത്തു പക്ഷികൾ [ കോഴി, താറാവ് തുടങ്ങിയവ ഉണ്ടെന്നാണ് കണക്ക്] മുട്ടക്കോഴികളുടേയും ഇറച്ചിക്കോഴികളുടേയും ഇനംതിരിച്ചുള്ള കണക്കുകളും ലഭ്യമല്ല. കൊല്ലം നിവാസികൾക്കാവശ്യമായ മുട്ടയുടെ സിംഹഭാഗവും മറ്റു പ്രദേശങ്ങളിൽ നിന്നും കൊണ്ടുവരുന്നതാണ്.

**മൃഗ സംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

മൃഗസംരക്ഷണ വകുപ്പ് താഴെ പ്പറയുന്ന പദ്ധതികളാണ് ഇപ്പോൾ ഗ്രാമ പ്രദേശങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

1 പശ്ചിമഘട്ട വികസന പദ്ധതി പ്രത്യേക പ്രദേശങ്ങളിലേയ്ക്ക്

2 ജില്ലാ പഞ്ചായത്തു പദ്ധതികൾ

3 ഗ്രാമ പഞ്ചായത്തു പദ്ധതികൾ

4 പ്രത്യേക ഘടക പദ്ധതി

5 ട്രൈബൽ സബ് പ്ലാൻ

മുകളിൽ പറഞ്ഞ പദ്ധതികൾ ഗ്രാമപ്രദേശങ്ങളെ ഉദ്ദേശിച്ച് ആവിഷ്ക്കരിക്കപ്പെട്ടവയായതിനാൽ ആ പ്രയോജനം നഗര പ്രദേശത്ത് ലഭ്യമല്ല.

**പ്രശ്നങ്ങൾ**

1 ആവശ്യമായ കൃഷി ഭൂമിയുടെ അഭാവം കന്നുകാലി വളർത്തലിനു തടസ്സമായി നിൽക്കുന്നു.

2 പ്രാഥമിക ഭൂവികസന ബാങ്ക്, അർബൻ ബാങ്കുകൾ പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവ കന്നുകാലി വളർത്തലിനും, കോഴിവളർത്തലിനും വായ്പകൾ കൊടുക്കുന്നുണ്ടെങ്കിലും കൃഷിക്കാർ ഈ സൗകര്യം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല.

3 നഗരത്തിലെ ജനങ്ങൾക്കാവശ്യമുള്ള പാലിൻേറയും മുട്ടയുടേയും സിംഹഭാഗവും ഇറച്ചി നൂറു ശതമാനവും മറ്റു സ്ഥലങ്ങളിൽനിന്നു കൊണ്ടു വരുന്നതിനാൽ വില നിയന്ത്രണം അസാധ്യമാണ്.

4 മൃഗ സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം നഗരവാസികൾക്ക് ലഭ്യമല്ല.

5 വൻതോതിൽ ഇറച്ചിക്കോഴി വളർത്തലും കന്നുകാലി വളർത്തലും നടത്തുന്നത് പരിസരമലിനീകരണത്തിന് ഇടയാക്കും

6 മാർക്കറ്റിൽ ലഭിക്കുന്ന കാലിത്തീറ്റകളുടെ വില വളരെകൂടുതലാണ്. കുറഞ്ഞ വിലയ്ക്ക് പോഷകഗുണമുള്ള കാലിത്തീറ്റ കിട്ടാനില്ല.

7 കുരീപ്പുഴ, ആശ്രാമം, താമരക്കുളം പ്രദേശങ്ങളിൽ മൃഗഡോക്ടറുടെ സേവനം ലഭ്യമല്ല.

**നിർദ്ദേശങ്ങൾ**

1 എല്ലാ വാർഡുകളിലും കന്നുകാലികളേയും കൊഴികളേയും വളർത്താൻ താല്പര്യമുള്ളവരുടെ കണക്ക് എടുത്ത് എല്ലാവർക്കും ഏതെങ്കിലും സഹകരണബാങ്ക് മുഖേന ആവശ്യമായ വായ്പ ലഭ്യമാക്കുക.

2 മൃഗസംരക്ഷണ വകുപ്പു മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുക:-

I മിനി കാറ്റിൽ ഫീഡ് യൂണിറ്റുകൾ സ്ഥാപിക്കുക [കുറഞ്ഞ മൂലധനം മുടക്കി ഗുണമേൻമയുള്ള കാലിതീറ്റ ഉല്പാദിപ്പിക്കാം. തൊഴിലില്ലായ്മയക്കും പരിഹാരമാകും.]

II ചെലവു കുറഞ്ഞ തൊഴുത്തുകൾ നിർമ്മിച്ചുകൊടുക്കുക

III ശാസ്ത്രീയമായ കറവ പരിശീലന പദ്ധതി നടപ്പിലാക്കുക

IV ബാക്ക്യാർഡ്പൗൾട്രിസ്കീം നടപ്പാക്കുക[ഓരോ വീട്ടിലുംമൂന്നോനാലോ കോഴിയെ വളർത്തുന്ന പദ്ധതി]

Vഎഗ്ഗർ നെഴ്സറി,ഡക്ക് നെഴ്സറി, കാട നെഴ്സറി പദ്ധതി [ഒരു ദിവസം പ്രായമായ കുഞ്ഞുങ്ങളെ വളർത്തി 60 ദിവസം കഴിഞ്ഞു കൊടുക്കുന്ന പദ്ധതി]

VI മുയൽ വളർത്തൽ

VII ആടു വളർത്തൽ

VIII സ്ക്കൂൾ പൗൾട്രി ക്ലബ്ബുകൾ [കുട്ടികൾ വഴി വീടുകളിൽ കോഴിവളർത്തൽ]

3 മുകളിൽ പറഞ്ഞ പദ്ധതികൾ നടപ്പാലാക്കുമ്പോൾ പരിസരമലിനീകരണം ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

4 മൃഗഡോക്ടറുടെ സേവനം ആവശ്യമുള്ള എല്ലാ വാർഡുകളിലും അത് ലഭിക്കാൻ വേണ്ടനടപടികൾ സ്വീകരിക്കുക.

## ക്ഷീരോൽപ്പാദനവും വിതരണവും

1 മിൽമ

കുടിവെള്ളവും വൈദ്യുതിയും പോലെതന്നെ പ്രാധാന്യമുള്ളതാണ് ഗുണമേൻമയുള്ള പാലും പാലുൽപ്പന്നങ്ങളും. കൊല്ലം നഗരത്തിലെ പാൽ വിതരണത്തിൻെറ സിംഹഭാഗവും തേവള്ളിയിൽ പ്രവർത്തിക്കുന്ന മിൽമ ഡയറിയിൽനിന്നുമാണ് വിതരണം ചെയ്യുന്നത്. താഴെപ്പറയുന്ന സ്ഥിതവിവരക്കണക്കുകൾ അത്വ്യക്തമാക്കുന്നു

| ആകെ വാങ്ങുന്ന പാൽ | ആകെ വിൽക്കുന്ന പാൽ | അഫിലിയേറ്റ്ചെയ്ത സംഘങ്ങൾ | ഏജൻറുമാർ | | വിൽപ്പന കൊല്ലം ടൗണിൽ | | |
|---|---|---|---|---|---|---|---|
| | | | ആകെ | കൊല്ലം ടൗണിൽ | പാൽ ലിറ്റർ | നെയ്യ് കിലോ | വെണ്ണ കിലോ |
| 61000 | 64000 | 294 | 370 | 90 | 29000 | 200 | 30 |
| [1] | [2] | [3] | [4] | [5] | [6] | [7] | [8] |

മിൽമ പ്രതിദിനം വിൽക്കുന്ന 64000 ലിറ്റർ[ശരാശരി] പാലിൽ 29000 ലിറ്റർ [ശരാശരി]കൊല്ലം നഗരത്തിലാണ് വിൽക്കുന്നത്. അതായത്, ആകെ വിൽപ്പനയുടെ 45% കൊല്ലം നഗരത്തിൽ മാത്രമാണ് നടക്കുന്നത്. ഇപ്പോൾ പ്രാഥമിക സഹകരണസംഘങ്ങളിൽനിന്നും ആവശ്യത്തിന് പാൽ കിട്ടാത്തതിനാൽ അന്യസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്താണ് ഇവിടുത്തെ കുറവു പരിഹരിക്കുന്നത്. മിൽമയിൽ ഇപ്പോഴുള്ള ഇൻസ്റ്റാൾഡ് കപ്പാസിറ്റി പ്രതിദിനം 60000 ലിറ്ററാണ്. അത് ഒരു ലക്ഷമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

2 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

കൊല്ലം ടൗണിൽ രണ്ടു ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇന്ന് പ്രവർത്തന രഹിതമാണ്. അവ താഴെപ്പറയന്ന പട്ടികയിലുണ്ട്.

ക്ഷീരോൽപ്പാദന വർദ്ധനയ്ക്കും കന്നുകാലി വികസത്തിനുംവേണ്ടി ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ടുമെൻറുകൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്:

| ക്രമനമ്പർ | സംഘത്തിൻെറ പേര് [1] | രജിസ്റ്റർചെയ്ത തീയതി [2] | പ്രവർത്തന പരിധി [3] |
|---|---|---|---|
| 1 | പടിഞ്ഞാറെ കൊല്ലം ക്ഷീര വ്യവസായസഹ.സംഘം നമ്പർ ക്യു. 41 | 15-11-1958 | കൈക്കുളങ്ങര, കന്നിമേൽച്ചേരി, പുന്നത്തല, മനയിൽകുളങ്ങര, കുരീപ്പുഴ |
| 1 | കടപ്പാക്കട ക്ഷീര വ്യവസായ സഹ.സംഘം നമ്പർ ക്യു. 56 | 27-1-1959 | ആശ്രാമം, ഉളിയക്കോവിൽ, പട്ടത്താനം, കർപ്പൂരം, തെക്കേവിള, ഉദയമാർത്താണ്ഡപുരം |

1 എക്സ്റ്റൻഷൻ ആൻറ് അഡ്വൈസറി സർവ്വീസ് [കന്നുകാലി പ്രദർശനം, കൃഷിക്കാരുമായുള്ള കോൺടാക്ട് പ്രോഗ്രാം, മാതൃകാ എരുത്തിൽ നിർമ്മാണം തുടങ്ങിയവ.]

2 ഡയറി സഹകരണസംഘങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള പദ്ധതികൾ[കെട്ടിടം വയ്ക്കുന്നതിനുള്ള ധനസഹായം, മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധനം തുടങ്ങിയവ.

3 വാണിജ്യാടിസ്ഥാനത്തിലുള്ള ഫോഡർഉൽപ്പാദനം.

4 നാഷണൽ ഫോഡർ ഡവലപ്പ്മെൻറ് പ്രോഗ്രാം അനുസരിച്ചുള്ള പദ്ധതികൾ.

5 പ്രത്യേകഘടക പദ്ധതി.

6 ട്രൈബൽ സബ് പ്ലാൻ

മുകളിൽപ്പറഞ്ഞ ഒരു പദ്ധതിയുടേയും സഹായം നഗരവാസികൾക്കു ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത.എല്ലാ പദ്ധതികളും വികസനബ്ലോക്കുകൾ മുഖേന നടപ്പിലാക്കുന്നതിനാൽ നഗരവാസികൾ പരിഗണിക്കപ്പെടുന്നില്ല. പ്രതിവർഷം ഏകദേശം 25 ലക്ഷം രൂപ മുകളിൽപ്പറഞ്ഞ പദ്ധതികൾക്കുവേണ്ടി ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ടുമെൻറ് കൊല്ലം ജില്ലയിൽ ചെലവഴിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1 നഗരത്തിലെ പാലിൻെറ ഡിമാൻറിനനുസൃതമായി പാൽകിട്ടുന്നില്ല.

2 നഗരത്തിനുള്ളിൽ പശുക്കളേയും എരുമകളേയും കൂടുതലായി വളർത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്. ഇതു വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

3 നഗരത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തനരഹിതമായിട്ട് വളരെക്കൊല്ലങ്ങളായി. അവയെ പുനരുദ്ധരിക്കാനുള്ള സാദ്ധ്യതകൾ ഉണ്ടെങ്കിലും ഇക്കാര്യത്തിൽ ആരും വേണ്ട ശ്രദ്ധ ചെലുത്തിയിട്ടില്ല.

4 ഡയറി ഡവലപ്മെൻറ് ഡിപ്പാർട്ടു മെൻറിൽനിന്നും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രയോജനം നഗരവാസികൾക്കു ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1 നിലവിലുള്ള രണ്ടു ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ പുനരുദ്ധരിക്കുകയോ, ആവശ്യമുള്ള പ്രദേശങ്ങളിൽ അതാതു പാറ്റേണിലുള്ള സഹകരണ സംഘങ്ങൾ രജിസ്റ്റർചെയതു പ്രവർത്തിപ്പിക്കുകയോ ചെയ്യുക.

2 പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി പശുക്കളെയും എരുമകളെയും വളർത്തുന്നതിനുള്ള ഒരു തീവ്രയത്ന പരിപാടി നടപ്പിലാക്കുക. ഭൂവികസന ബാങ്ക്, അർബൻബാങ്കുകൾ, പ്രാഥമിക സഹകരണബാങ്കുകൾ എന്നിവ കൊടുക്കുന്ന വായ്പകൾ പ്രയോജനപ്പെടുത്തി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

3 ഡയറി ഡിപ്പാർട്ടമെൻറിൽ നിന്നും നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പ്രയോജനം നഗരവാസിക്കൾക്കുകൂടി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6.2

# മത്സ്യബന്ധനം

ചരിത്രാതീതകാലം മുതലെ ഇന്ത്യയിലെ പ്രശസ്ത വാണിജ്യകേന്ദ്രവും തുറമുഖപ്പട്ടണവുമായിരുന്ന കൊല്ലം നഗരം പടിഞ്ഞാറുഭാഗത്തായി അറബിക്കടൽ; നഗരത്തെ പല ദിശകളിലായി ആശ്ലേഷിച്ചുകിടക്കുന്ന അഷ്ടമുടിക്കായൽ;കൊല്ലം നഗരത്തിൻെറ ഹൃദയത്തിലൂടെ കടന്നുപോകുന്ന ചരിത്രപ്രസിദ്ധമായ കൊല്ലം തോട്; ഇവയെല്ലാം നഗരത്തിൻെറ സമ്പത്തും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു. 13-ാം നൂറ്റാണ്ടിൽ കൊല്ലം സന്ദർശിച്ച വിദേശ സഞ്ചാരി അബുൽഫെഡ [1273 - 1331 AD] കൊല്ലം തുറമുഖം കടലിൽ നിന്ന് ഉള്ളിലേയ്ക്ക് കയറിക്കിടക്കുന്നതും സമതലമായ മണൽപ്രദേശത്തുള്ള തോപ്പുകളാൽ അലംകൃതവുമാണെന്ന് എഴുതിയിട്ടുണ്ട്. ഉണ്ണുനീലി സന്ദേശത്തിൽ കൊല്ലം തുറമുഖത്ത് അടുക്കുകയും അവിടെനിന്ന് പുറപ്പെടുകയും ചെയ്യുന്ന പലതരം കപ്പലുകളെപ്പറ്റി പറയുന്നുണ്ട്. ഈ അനുകൂല സാഹചര്യങ്ങളിൽ മത്സ്യബന്ധനം കൊല്ലം നഗരത്തെ സംബന്ധിച്ചിടത്തോളം ഒരു പ്രധാനതൊഴിലും അനേകം പേരുടെ ഉപജീവനമാർഗ്ഗവുമായി പ്രാചീനകാലം മുതൽക്കെ നില നിന്നുപോരുന്നു.

## കൊല്ലം തുറമുഖം, ഇന്ന്

കൊല്ലത്തുനിന്ന് ഏകദേശം 8 കി. മീറ്റർ വടക്കായി സ്ഥിതിചെയ്യുന്ന നീണ്ടകര തുറമുഖത്തിൻെറ വികസനത്തോടെ 1971 മുതൽ കൊല്ലം തുറമുഖം പ്രവർത്തന രഹിതമായെന്നു പറയാം. തങ്കശ്ശേരി, വാടി, മുതാക്കര, പോർട്ടു പള്ളിത്തോട്ടം, മുണ്ടയ്ക്കൽ എന്നീ പ്രദേശങ്ങളാണ് കൊല്ലം തുറമുഖവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾ. 50 കളുടെ മധ്യത്തിൽ യന്ത്രവൽകൃത മത്സ്യബന്ധനബോട്ടുകൾ വന്നതോടെ പരമ്പരാഗത രീതിയിലുള്ള മത്സ്യബന്ധനം സുരക്ഷിതമല്ലാതായി. കൂടാതെ വള്ളങ്ങൾക്ക് സുരക്ഷിതമായി പുറപ്പെടാനും അടുക്കാനുമുള്ള സംവിധാനങ്ങൾ കൊല്ലം തുറമുഖത്തില്ലതാനും. തുടർച്ചയായുണ്ടാകുന്ന കടലാക്രമണം ആണ് മറ്റൊരു ഭീഷണി. തങ്കശ്ശേരി മുതൽ മുണ്ടയ്ക്കൽ വരെ ചെറിയൊരുൾക്കടൽ [Cove] ഉണ്ടെങ്കിലും തെക്കുനിന്നും തെക്കു പടിഞ്ഞാറുനിന്നുമുള്ള തിരകൾ നിയന്ത്രണവിധേയമല്ല. ഉൾക്കടലിലെ പ്രധാനകേന്ദ്രമായ തങ്കശ്ശേരിയിൽ കടലാക്രമണം രൂക്ഷമായതിനാൽ ആ പ്രദേശംമുതൽ മുണ്ടയ്ക്കൽവരെ കടൽ

ഭിത്തി കെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ജനങ്ങളിൽനിന്നും ഉയർന്നു. തുറമുഖ സംരക്ഷണത്തോടൊപ്പം തന്നെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്കും സഹായകമാവുന്ന തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതി ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൻെറ സഹായത്തോടെ നടപ്പിലാക്കുന്നത്.

## മത്സ്യത്തൊഴിലാളികളും വള്ളങ്ങളും

തങ്കശ്ശേരി, വാടി, മൂതാക്കര, പോർട്ട്, പള്ളിത്തോട്ടം, എന്നീ അഞ്ചു മത്സ്യത്തൊഴിലാളി ഗ്രാമങ്ങളാണ് കൊല്ലം മുനിസിപ്പൽ അതിർത്തിയിലുള്ളത്. ഈ ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളുടേയും അവരുപയോഗിക്കുന്ന മത്സ്യബന്ധനോപകരണങ്ങളുടേയും വിശദവിവരങ്ങൾ താഴെ പട്ടികയിൽനിന്നും മനസ്സിലാക്കാം.

രത്തോട് അടുത്തുള്ള മത്സ്യ ബന്ധനത്തിന് ഉപയോഗിക്കുന്നവയാണ്. അതിൽ പ്രധാനം കട്ടമരങ്ങളും ഒറ്റത്തടി വള്ളങ്ങളും ആണ്. ഇന്ന് തൊഴിലാളികൾ വ്യാപകമായി ഉപയോഗിക്കുന്നത് മറൈൻ പ്ലൈവുഡ്കൊണ്ട് നിർമ്മിച്ച വള്ളങ്ങളാണ്. ഇത് 100% മോട്ടോർ ഘടിപ്പിച്ചതാണെന്നുള്ള കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു.

## വികസന ഏജൻസികൾ

മത്സ്യത്തൊഴിലാളികൾക്കുവേണ്ടി പ്രവർത്തിക്കുന്ന ഏജൻസികൾ താഴെ പറയുന്നവയാണ്.

1 ഫിഷറീസ് വകുപ്പ്

2 മത്സ്യഫെഡ്

3 ഫിഷ് ഫാർമേഴ്സ് ഡവലപ്പ്മെൻറ് ഏജൻസി [F F D A]

| ഇനവിവരം | തങ്കശ്ശേരി | വാടി | മൂതാക്കര | പോർട്ട് | പള്ളത്തോട്ടം | ആകെ |
|---|---|---|---|---|---|---|
| മത്സ്യത്തൊഴിലാളി കുടുംബങ്ങൾ | 580 | 626 | 514 | 850 | 670 | 3240 |
| മത്സ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർ | 679 | 670 | 531 | 1211 | 960 | 4051 |
| ഒറ്റത്തടി വള്ളം [മോട്ടോർ ഘടിപ്പിക്കാത്തത്] | 10 | 12 | 5 | 15 | 10 | 52 |
| കട്ടമരം [മോട്ടോർ ഘടിപ്പിക്കാത്തത്] | 5 | 1 | 40 | - | 10 | 5 |
| കട്ടമരം [മോട്ടോർ ഘടിപ്പിച്ചത്] | - | - | 3 | - | 1 | 4 |
| മറൈൻ പ്ലൈവുഡ് വള്ളം[മോട്ടോർ ഘടിപിച്ചത്] | 65 | 95 | 70 | 40 | 60 | 330 |

കൊല്ലം നഗരനിവാസികളായ ഏകദേശം നാലായിരത്തോളം ആളുകൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന കണക്കുകളിൽ നിന്നും വ്യക്തമാകുന്നു. ആകെയുള്ള 442 വള്ളങ്ങളിൽ 334എണ്ണം മോട്ടോർ ഘടിപ്പിച്ചതായികാണാം.

പണ്ട് കാലത്ത് പങ്കായങ്ങളും തുഴകളും മാത്രം ഉപയോഗിച്ച് ആയാസകരമായ മത്സ്യബന്ധനം നടത്തിയിരുന്ന തൊഴിലാളികൾ ഇന്ന് 75% മോട്ടോർ ഘടിപ്പിച്ച വള്ളങ്ങൾ ഉപയോഗിക്കുന്നു. ഇത് തോഴിലാളികൾക്ക് മത്സ്യബന്ധനത്തിനുവേണ്ടിയുള്ള ആയാസം കുറയ്ക്കാനും, പിടിച്ചെടുക്കുന്ന മത്സ്യം വളരെവേഗത്തിൽ കരയിലെത്തിക്കാനും, ഉയർന്ന വില ലഭ്യമാക്കാനും സഹായകരമായിട്ടുണ്ട്. മോട്ടോർ ഘടിപ്പിക്കാത്ത വള്ളങ്ങൾ പ്രധാനമായും കടൽത്തീ

4 കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

5 ഓരു ജല മത്സ്യകൃഷി വികസന ഏജൻസി [B F F D A]

മേൽപ്പറഞ്ഞ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾക്കുവേണ്ടി വിവിധ ഏജൻസികളുടെ ഓഫീസുകളിൽ പോകേണ്ടി വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടു പരിഹരിക്കാനായി സർക്കാർ 'മത്സ്യഭവനു'കൾ സ്ഥാപിച്ചുവരുന്നു മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഏജൻസികളിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങൾ ഒരു മേൽക്കൂരയ്ക്കു കീഴിൽ ലഭ്യമാക്കുന്നതിനാണ് 'മത്സ്യഭവൻ'പ്രവർത്തിക്കുന്നത്. മുനിസിപ്പൽ പ്രദേശത്ത് വാടി / തങ്കശ്ശേരി കേന്ദ്രീകരിച്ചായിരിക്കും മത്സ്യഭവൻ സ്ഥാപിക്കുന്നത്.

## 1 ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

**a** വീടു വയ്ക്കുന്നതിനു ധനസഹായം

ദേശീയ മത്സ്യത്തൊഴിലാളിക്ഷേമനിധി മുപ്പത്തയ്യായിരം രൂപ ധനസഹായത്തോടെ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി വീടു വയ്ക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. കൊല്ലം മുനിസിപ്പൽ പ്രദേശത്ത് 58 പേർ ഈ പദ്ധതിക്കുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി കേരളസാസ്ഥാനമൊട്ടുക്ക് 9 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**b** സമ്പാദ്യ ആശ്വാസ പദ്ധതി

പ്രതിമാസം 45 രൂപ വീതം ജൂലൈ മുതൽ ഫെബ്രുവരിവരെയുള്ള എട്ടു മാസക്കാലംകൊണ്ട് 360 രൂപ യഥാർത്ഥ മത്സ്യത്തൊഴിലാളികളിൽനിന്ന് സംഭരിച്ച് ഇരട്ടിതുക കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംഭാവനയായി കൂട്ടിച്ചേർത്ത് മാർച്ചു മുതൽ ജൂൺ വരെയുള്ള 4 മാസക്കാലം കൊണ്ട് 270 രൂപ വീതം പ്രതിമാസം ഓരോ തൊഴിലാളികൾക്കും [ആകെ1080 രൂപ] കൊടുക്കുന്ന പദ്ധതി 1991-92 മുതൽ നിലവിലുണ്ട്. തൻവർഷം മുനിസിപ്പൽ പ്രദേശത്ത് ഈ പദ്ധതിയിൽ 1750 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

**c** തീരജ്യോതി പദ്ധതി

മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതികരിക്കുന്നതിന് വീടൊന്നിന് 1000 രൂപ വീതം ധനസഹായം നൽകുവാനുള്ള പദ്ധതി പരിഗണനയിലുണ്ട്.

**d** പ്രത്യേക ഘടക പദ്ധതിപ്രകാരം മരുത്തടി കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന വനിതാ സൊസൈറ്റിക്കുവേണ്ടി 90,000 രൂപ കൊടുക്കാനുള്ള ഒരു പദ്ധതി പരിഗണനയിലാണ്.

**e** മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊല്ലം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു പട്രോൾ വെസ്സൽ ഫിഷറീസ് വകുപ്പിൻെറ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു.

**f** തീരദേശ റോഡുകളുടെ നിർമ്മാണ നവീകരണപ്രവർത്തനങ്ങൾക്കായി പത്താം ധനകാര്യ കമ്മീഷൻ ഗ്രാൻറിൽ നിന്നും 13 കോടി രൂപയും, കുടിവെള്ളം കിട്ടാത്ത പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ 7 കോടി രൂപയും വിനിയോഗിക്കാൻ സംസ്ഥാനസർക്കാർ തീരുമാനിച്ചുകഴിഞ്ഞു.

**g** കൂടാതെ നബാഡിൻെറ[NABARD] സഹായത്തോടെ 20 കോടി രൂപ ചെലവിൽ യൂറോപ്യൻ എക്കണോമിക് കമ്യൂണിറ്റി നിർദ്ദേശിച്ചിട്ടുള്ള ഗുണനിലവാരത്തോടെ സംസ്ക്കരണശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള സംസ്ക്കരണശാലകൾ നവീകരിക്കുന്നതിനും 1996 മുതൽ ആറു വർഷംകൊണ്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## 2 മത്സ്യ ഫെഡിൻെറ പ്രവർത്തനങ്ങൾ

തീരദേശത്തെ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘത്തിൻെറ അപ്പെക്സ് ഫെഡറേഷനാണ് മത്സ്യ ഫെഡ്. മത്സ്യ ഫെഡ് താഴെപ്പറയുന്ന പദ്ധതികൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സഹകരണസംഘങ്ങളിലൂടെ നടപ്പാക്കിവരുന്നു.

**a** മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ കൊടുക്കുന്ന വായ്പാ പദ്ധതി.

ദേശീയ സഹകരണ വികസന കോർപ്പറേഷൻെറ [N C D C]ധനസഹായത്തോടെ 1986 മുതൽ ഗ്രൂപ്പടിസ്ഥാനത്തിൽ മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്യുന്ന വായ്പാ പദ്ധതി നടപ്പാക്കി വരുന്നു. ഇതിൻെറ ഒന്നാം ഘട്ടം തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിലാണ് നടപ്പിലാക്കിയത് [ N C D C - I] ഇതിൻെറ രണ്ടാം ഘട്ടം [ N C D C - II] കൊല്ലം ജില്ലയിൽ നടപ്പിലാക്കി. അതിൻെറ ഭാഗമായി മുനിസിപ്പൽ പ്രദേശത്തെ വാടി, കൊല്ലം, തങ്കശ്ശേരി സഹകരണസംഘത്തിലൂടെയും പള്ളിത്തോട്ടം - മൂതാക്കര സഹകരണസംഘത്തിലൂടെയുമാണ് പദ്ധതി നടപ്പിലാക്കിയത്. രണ്ടാംഘട്ട പദ്ധതി [N C D C II] യിലൂടെ ചെലവഴിച്ചതുകയും അതുകൊണ്ട് പ്രയോജനപ്പെട്ട തൊഴിലാളികളും കണക്കും ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ നിന്നും മനസ്സിലാക്കാം.

നാലോ അതിലധികമോ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്കാണ് വള്ളങ്ങൾ വാങ്ങുന്നതിനും വല വാങ്ങുന്നതിനും, മോട്ടോർ ഘടിപ്പിക്കുന്നതിനും മറ്റ് അനുബന്ധോപകരണങ്ങൾ വാങ്ങുന്നതിനും വേണ്ടിയുള്ള ഈ വായ്പാ പദ്ധതി അനുവദിച്ചത്. മൊത്തം അനുവദിക്കുന്ന തുകയുടെ 25% സബ്സിഡിയായി നൽകുന്നു. 14.25 ശതമാനം പലിശയായി വായ്പയ്ക്കു ഈടാക്കിവരുന്നുണ്ട്. ഈ പദ്ധതി വളരെ വിജയകരമായിട്ടാണ് നടപ്പിലാക്കിയത്. 1990 മുതൽ നാലുവർഷമാണ് ഈപദ്ധതിയുടെ തിരിച്ചടവ് കാലയളവ്. തിരിച്ചടവ് ക്രമീകരിക്കുന്നതിനുവേണ്ടി സഹകരണസംഘങ്ങ

| സഹകരണസംഘം | അനുവദിച്ച യൂണിറ്റുകൾ ഗ്രൂപ്പുകൾ | ഗുണഭോക്താക്കളുടെമൊത്തം എണ്ണം | മൊത്തംഅനുവദിച്ച തുക | വായ്പാ തുക |
|---|---|---|---|---|
| വാടി - തങ്കശ്ശേരി FDWCS F(Q)-23 | 62 | 161 | 28,10,848 | 19,39,613 |
| പള്ളിത്തോട്ടം-മൂതാക്കര FDWCS F (Q)-21 | 56 | 147 | 22,36,187 | 14,40,666 |
| ആകെ | 118 | 308 | 50,47,035 | 33,80,279 |

ളുടെ നേതൃത്വത്തിൽ തീരദേശ ലേല സമ്പ്രദായം ഫലപ്രദമായി നടപ്പിലാക്കി. ഇതിനുവേണ്ടി സംഘങ്ങൾ ലേലക്കാരെ നിയമിച്ചു. തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം ലേലക്കാർ ലേലംചെയ്തു വിറ്റഴിക്കുന്നു. തൊഴിലാളികൾക്ക് ലേലബില്ല് നൽകുന്നു. ലേലബില്ലുമായി തൊഴിലാളികൾ സംഘത്തിലെത്തി വായ്പാ തുകയുടെ തിരിച്ചടവിൻെറ ബാക്കി തുക 60% പണമായി കൈപ്പറ്റുന്നു.

മത്സ്യമേഖലയുടെ ചരിത്രത്തിൽ, നടപ്പിലാക്കിയ പദ്ധതികളുടെ തിരിച്ചടവിലെ വീഴ്ചകൾകാരണം മത്സ്യമേഖലയിൽ മുതൽമുടക്കിനുവേണ്ടി വായ്പകൾ അനുവദിക്കാൻ ബാങ്കുകൾ ഭയപ്പെട്ടിരുന്ന കാലഘട്ടത്തിലാണ് മത്സ്യഫെഡ് ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയത്.

1992 മുതലാണ് [N C D C-III] മൂന്നാം ഘട്ട പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കിയത്. ഈ പദ്ധതി പള്ളിത്തോട്ടംമുതൽ തങ്കശ്ശേരി വരെയുള്ള സഹകരണസംഘങ്ങളിലൂടെയാണ് നടപ്പിലാക്കിയത്. പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച വിവരങ്ങൾ ഇതോടൊപ്പം ചുവടേചേർത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

ഇത്തരത്തിൽ രണ്ടാംഘട്ട NCDCപദ്ധതിയിൽ 50 ലക്ഷത്തിലധികവും മൂന്നാം ഘട്ട പദ്ധതിയിൽ 73 ലക്ഷത്തിലധികവും ചേർത്ത് ഏകദേശം ഒരുകോടി ഇരുപത്തഞ്ച് ലക്ഷത്തോളം രൂപയുടെ വായ്പാ പദ്ധതി ഏകദേശം നാലായിരത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നമ്മുടെ നഗരസഭാ അതിർത്തിയിൽ മത്സ്യഫെഡ് വിതരണം ചെയ്തു. നിലവിലുള്ള

| സഹകരണ സംഘം | അനുവദിച്ച യൂണിറ്റ് | ഗുണഭോക്താക്കളുടെ എണ്ണം | മൊത്തം അനുവദിച്ച തുക | വായ്പ തുക |
|---|---|---|---|---|
| പള്ളിത്തോട്ടം | 1 | 4 | 1,15,000.00 | 1,15,000.00 |
| പോർട്ടുകൊല്ലം | 14 | 42 | 6,69,500.00 | 5,68,875.00 |
| മൂതാക്കര | 11 | 26 | 6,14,500.00 | 5,19,625.00 |
| പള്ളിത്തോട്ടം-മൂതാക്കര | 31 | 94 | 29,48,985.15 | 24,03545.80 |
| വാടി | 8 | 25 | 4,93,398.15 | 3,88,548.00 |
| തങ്കശ്ശേരി | 12 | 28 | 5,78,000.00 | 4,89,750.00 |
| വാടി-തങ്കശ്ശേരി | 33 | 94 | 19,22,448.00 | 15,38,835.00 |
| ആകെ | 110 | 313 | 73,41,831.30 | 60,24,178.80 |

പദ്ധതികൊണ്ട് ഏകദേശം 15 ശതമാനം മത്സ്യത്തൊഴിലാളികൾക്കാണ് പ്രയോജനപ്പെട്ടതെങ്കിൽ ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ നാലാം ഘട്ട പദ്ധതി പൂർത്തിയാകുമ്പോഴേക്ക് 75% മത്സ്യത്തൊഴിലാളികളും മേൽപ്പറഞ്ഞ പദ്ധതിയുടെ ഗുണഭോക്താക്കളായി മാറും.

**b** ഭവനനിർമ്മാണ പദ്ധതി

1957 മുതലാണ്, ചാളകളിലും ചേരികളിലുമായി വസിച്ചിരുന്ന മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതിയെക്കുറിച്ച് സർക്കാർ ചിന്തിച്ചു തുടങ്ങിയത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റാണ് അവരുടെ തന്നെ സ്ഥലങ്ങളിൽ മത്സ്യത്തൊഴിലാളി കോളനികൾ സ്ഥാപിച്ച് ഈ രംഗത്ത് തുടക്കം കുറിച്ചത്. 1975 മുതൽ, നിലവിലിരുന്ന മത്സ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻ ഒന്നും രണ്ടുംഘട്ട ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കി. 1984-ൽ മത്സ്യഫെഡ് രൂപീകൃതമായതോടുകൂടി മേൽപ്പറഞ്ഞ രണ്ടു ഭവനനിർമ്മാണ പദ്ധതികളുംചേർത്ത് കേരളത്തിൽ 20,000 വീടുകൾ മത്സ്യത്തൊഴിലാളികൾക്ക് നിർമ്മിച്ചു നൽകി. മത്സ്യഫെഡ് മൂന്നാം ഘട്ട പദ്ധതിയും നാലാം ഘട്ടപദ്ധതിയും നടപ്പിലാക്കി. മൂന്നാംഘട്ട പദ്ധതിയിൽ 10,000 വീടുകളാണ് കേരളത്തിലുടനീളം നിർമ്മിച്ചു നൽകിയത്. നാലാംഘട്ട പദ്ധതി രാജീവ് ദശലക്ഷ ഭവനനിർമ്മാണ പദ്ധതിയുടെ ഭാഗമായാണ് നടപ്പാലാക്കി വരുന്നത്.

മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന ഭവനനിർമ്മാണ പദ്ധതികളുടെ സവിശേഷതകളെ സംബന്ധിച്ച് കൊല്ലം നഗരാതിർത്തിയിലെ ഗുണഭോക്താക്കളുടെ എണ്ണത്തെ സംബന്ധിച്ചും താഴെ ചേർത്തിട്ടുള്ള പട്ടിക പരിശോധിച്ച് മനസ്സിലാക്കാവുന്നതാണ്.

മേൽപ്പറഞ്ഞ പദ്ധതിയിലെ ഏറ്റവും വലിയ പോരായ്മ അനുവദിക്കപ്പെട്ട തുകയുടെ കുറവും തിരിച്ചടവിലെ കാലദൈർഘ്യവുമാണ്.

**c** കൂടാതെ മേൽപദ്ധതിയിൽ ഉൾപ്പട്ടവർക്കും അല്ലാത്തതുമായ മത്സ്യത്തൊഴിലാളികൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി 1950 രൂപ നൽകുന്ന ഒരു വായ്പാ പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതിയുടെ തുകയും 750 രൂപ തൊഴിലാളികൾക്ക് സബ്സിഡിയായി നൽകുന്നു. 1200 രൂപ 10 വർഷംകൊണ്ട് അററശതമാനം പലിശയോടുകൂടി പ്രതിമാസം 14 രൂപ ക്രമത്തിൽ തിരിച്ചടച്ചാൽ മതിയാകും. കൊല്ലം നഗരാതിർത്തിയിൽ ഈ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരം ചുവടെ ചേർത്തിട്ടുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

കക്കൂസ്നിർമ്മാണ പദ്ധതിയുടെ പ്രയോജനം പള്ളിത്തോട്ടം-മുതാക്കര പ്രദേശങ്ങളിൽ താരതമ്യേനകുറവായിട്ടാണ് പട്ടിക സൂചിപ്പിക്കുന്നത്. ഇതിനാവശ്യമായ ബോധവൽക്കരണം പ്രസ്തുത പ്രദേശങ്ങളിൽ നടത്തേണ്ടിയിരിക്കുന്നു.

**d** കൂടാതെ 3000 രൂപ നൽകിവരുന്ന ഭവന റിപ്പയർ പദ്ധതിയും ഓടുമേയുന്ന പദ്ധതിയും നിലവിലുണ്ടങ്കിലും രണ്ടു ഗുണഭോക്താക്കൾമാത്രമെ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളു.

| പദ്ധതി | ആകെ തുക | വായ്പ തുക | സബ്സിഡി തുക | പലിശ | കാലവധി | മാസ ഗഡു | മുനിസിപൽപ്രദേശത്തെഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| ഒന്നാംഘട്ടം | 4000 | 2000 | 2000 | 5.5% | 15 വർഷം | 16.34 | 88 |
| രണ്ടാംഘട്ടം | 5000 | 3000 | 2000 | 5.5% | 15 വർഷം | 25 | 16 |
| മൂന്നാംഘട്ടം | 6000 | 4000 | 2000 | 7.5% | 10 വർഷം | 47.50 | 47 |
| നാലാംഘട്ടം | 14000 | 12500 | 1500 | 9.5% | 15 വർഷം | 135 | 9 |

**e** ഇതിനെല്ലാം പുറമേ ദേശീയ പിന്നോക്കവികസന സഹായ കോർപ്പറേഷന്റെ സഹായത്തോടെ താഴെ ചേർത്തിരിക്കുന്ന സ്വയംതൊഴിൽ വായ്പാ പദ്ധതി നിലവിലുണ്ട്.

1 ആട്ടോറിക്ഷാ വാങ്ങുന്നതിന്

2 കോൾഡ്സ്റ്റോറേജിന്

3 തഴപ്പാ നെയ്ത്തിന്

നഗരാതിർത്തിയിൽ ഈ പദ്ധതി അനുസരിച്ച്

| സംഘം | പ്രയോജനപ്പെട്ട കുടുംബങ്ങളുടെ എണ്ണം | ആകെ ചെലവഴിച്ച തുക | വായ്പാതുക | സബ്സിഡി തുക |
|---|---|---|---|---|
| വാടി-തങ്കശ്ശേരി | 30 | 58,500 | 36,000 | 22,500 |
| പള്ളിത്തോട്ടം-മൂതാക്കര | 2 | 3,900 | 2,400 | 1,500 |
| ആകെ | 32 | 62,400 | 38,400 | 24,000 |

മൂന്ന് ആട്ടോറിക്ഷായ്ക്കും രണ്ട് കോൾഡ്സ്റ്റോറേജിനും വായ്പ കൊടുത്തിട്ടുണ്ട്. തഴപ്പാ നെയ്ത്തിന് മുനിസിപ്പൽ പ്രദേശത്ത് വായ്പ അപേക്ഷകരില്ല.

f മിൽമ ബൂത്തുകളെപ്പൊലെ മത്സ്യവിപണന ബൂത്തുകൾ സ്ഥാപിക്കാൻ മത്സ്യഫെഡ് പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ഈ ബൂത്തിലൂടെ ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കും.

മത്സ്യഫെഡിൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ താഴെപ്പറയുന്നവയാണ്.

1 വാടി-തങ്കശ്ശേരി FDWCS, F (Q)-23

2 പള്ളിത്തോട്ടം-മൂതാക്കര FDWCS, F (Q)-21

3 പോർട്ട് FDWCS, F (Q)-40

4 മൂതാക്കര FDWCS, F (Q)-41

5 വാടി FDWCS, F (Q)-42

6 തങ്കശ്ശേരി FDWCS, F (Q)-43

7 പള്ളിത്തോട്ടം FDWCS, F (Q)-39

ഇതിൽ പള്ളിത്തോട്ടം സംഘംഒഴിച്ച് മറ്റെല്ലാ സംഘങ്ങളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഇതുകൂടാതെ 1957-ൽ രജിസ്റ്റർചെയ്യപ്പെട്ട കൈക്കുളങ്ങര മത്സ്യുത്പാദക സഹകരണസംഘം F(Q)-670വാടിയിൽ പ്രവർത്തിക്കുന്നു. ഇതിനോടൊപ്പം രജിസ്റ്റർചെയ്തിരുന്ന കേരളത്തിലെ എല്ലാ മത്സ്യ ഉത്പാദക സഹകരണസംഘങ്ങളും ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. ഈ സംഘത്തിൽ പ്രധാനമായും ചിട്ടി ബിസിനസ്സ് ആണ് നടത്തുന്നത്.

3 മത്സ്യ കർഷക വികസന ഏജൻസി [FFDA - Fish Farmers Development Agency]

ഉൾനാടൻ മത്സ്യസമ്പത്ത് പരമാവധി വർദ്ധിപ്പിക്കുന്നതിനായി ശുദ്ധജല മത്സ്യകൃഷി വ്യാപകമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ സംയുക്താഭിമുഖ്യത്തിൽ സ്ഥാപിതമായിട്ടുള്ളതാണ് മത്സ്യ കർഷക വികസന ഏജൻസികൾ. കൊല്ലം മത്സ്യകർഷക വികസന ഏജൻസി കൊല്ലം, പത്തനംതിട്ട റവന്യൂ ജില്ലകൾക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളവയാണ്. ഏജൻസിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1 ഏജൻസിയുടെ പ്രവർത്തന പരിധിയിലുള്ള കാർഷികയോഗ്യമായ എല്ലാ ജലാശയങ്ങളും പരമാവധി ഉത്പ്പാദനക്ഷമമാക്കുക.

2 മത്സ്യകൃഷി വികസനത്തിന് അവശ്യം ആവശ്യമായ കേന്ദ്രബിന്ദുവായി വർത്തിക്കുക.

3 തൊഴിൽ സാധ്യത പരമാവതി വർദ്ധിപ്പിക്കുവാൻ ഉതകുമാറ് ശാസ്ത്രീയ മത്സ്യകൃഷിയെപ്പറ്റി പരിശീലനം നൽകുകയും മത്സ്യകൃഷി പ്രചരിപ്പിക്കുകയും ചെയ്യുക.

4 ഗ്രാമീണ സമ്പദ്വ്യവസ്ഥ മെച്ചപ്പെടുത്താൻ സാധിക്കുംവിധം മത്സ്യകൃഷി സാമ്പത്തികമായി ലാഭകരമാക്കുക.

5 പുതിയ കുളങ്ങൾ നിർമ്മിക്കുവാനും പഴയവയുടെ അറ്റകുറ്റ പണികൾ നടത്തുവാനുമുള്ള മൂലധനം സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും വായ്പയായി ലഭ്യമാക്കുക.

കൃഷിസ്ഥലം ഇല്ലാത്തതിനാൽ കൊല്ലം നഗരത്തിൽ ഏജൻസിയുടെ പ്രവർത്തനം ഒന്നുംതന്നെ ഇല്ലെന്നുപറയാം. പൊതു ജലാശയം എന്ന വിഭാഗത്തിൽ കൊല്ലം നഗരാതിർത്തിക്കുള്ളിലുള്ളവ താഴെപ്പറയുന്ന കുളങ്ങളാണ്.

1 കോട്ടൂർകുളം, തിരുമുല്ലാവാരം

2 ആറാട്ടുകുളം, മാമൂട്ടിൽക്കടവ്

3 കൊട്ടാരക്കുളം, കച്ചേരി

4 ആനന്ദവല്ലീസ്വരം ക്ഷേത്രക്കുളം

5 രാമേശ്വരം ക്ഷേത്രക്കുളം

6 കമ്മാൻ കുളം, [നിലവിലില്ല]

7 അമൃതകുളം [ഭാഗികമായി മാത്രമെ നിലവിലുള്ളു]

8 കല്ലുകുളം[പുന്നത്തല വാർഡ്]-32

9 ചെറുകുളം[പുന്നത്തല സൗത്ത്]-31

10 സബ്ജയിലിനുസമീപമുള്ള കുളം[തേവള്ളി]

ഇതിൽ കല്ലുകുളം ഏകദേശം 25 സെൻറ് വിസ്ത-തിയിൽ നല്ല അഴവും ഉള്ളതാണ്. 11-1-1995-ലെ 17/95/F 4 P0 നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള കുളങ്ങൾ സ്വകാര്യ വ്യക്തികൾക്ക്, നിബന്ധനകൾക്ക് വിധേയമായി 5 വർഷത്തേയ്ക്കു പാട്ടത്തിനുകൊടുക്കാവുന്നതാണ്. അപ്രകാരം പാട്ടത്തിനുകൊടുത്താൽ ടി കുളത്തിൽ കൊല്ലം മത്സ്യകർഷക വികസന ഏജൻസിയുടെ സഹായത്തോടെ മത്സ്യകൃഷി നടത്താവുന്നതാണ്. ചെറുകുളം, ചീമരക്കുളം എന്നിവയുടെ കാര്യവും പരിശോധിക്കേണ്ടതാണ്.

4 കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ്

1986 ജനുവരി 26 നാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡ് നിലവിൽ വന്നത്. ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ:-

1 അപകട ഇൻഷ്വറൻസ്-50,000 രൂപ

2 മത്സ്യബന്ധനസമയത്തോ തൊട്ടുപിന്നാലെയോ അപകടംകൊണ്ടല്ലാതെയുള്ള യാദൃശ്ചിക മരണം - 15,000 രൂപ

3 മത്സ്യത്തൊഴിലാളികളുടെ പെൺ മക്കളുടെ വിവാഹം - 1500 രൂപ

4 മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണ - 300 രൂപ

5 വാർദ്ധക്യകാല പെൻഷൻ പ്രതിമാസം - 100 രൂപ

6 താൽക്കാലിക അവശതയ്ക്കരുള്ള ധനസഹായം പരമാവധി - 500 രൂപ

7 മത്സ്യത്തൊഴിലാളികളുടെ വീട് ഇൻഷ്വറൻസ് - 50% സബ്സിഡി

8 മത്സ്യത്തൊഴിലാളികളുടെ വള്ളം ഇൻഷ്വറൻസ് 50% സബ്സിഡി

9 മത്സ്യത്തൊഴിലാളികളുടെ മരണം സംബന്ധിച്ച ചെലവിലേയ്ക്ക് - 5000 രൂപ

10 കുടുംബക്ഷേമ പരിപാടി - 500 രൂപ

11 രോഗചികിത്സാ പദ്ധതി - 25,000 രൂപ

12 SSLCജേതാക്കൾക്കുള്ള പാരിതോഷികം -

സംസ്ഥാന ഫസ്റ്റ് - 3000

സംസ്ഥാന സെക്കൻറ് - 2000

ജില്ലാതലത്തിൽ - 1000

തുടർവിദ്യാഭ്യസത്തിനു പ്രതിമാസം 100രൂപാ വീതം രണ്ടുവർഷത്തേയ്ക്ക്.

പ്രതിവർഷം 30 രൂപ അടച്ച് രജിസ്റ്റർചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് മുകളിൽപ്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കും. രജിസ്റ്റർചെയ്യാത്തവർക്കും ഒന്നും രണ്ടും ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. രജിസ്റ്റർചെയ്തിട്ടില്ലാത്ത എല്ലാ മത്സ്യത്തൊഴിലാളികളും എല്ലാ വർഷവും സെപ്റ്റംബർ 1 മുതൽ 15 വരെയിള്ള ദിവസങ്ങളിൽ അംഗത്വം എടുക്കാൻവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വർഷംമുതൽ മത്സ്യത്തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിൻെറ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും കണ്ണു പരിശോധിച്ച് സൗജന്യമായി ചികിത്സയും, ഓപ്പറേഷൻ വേണ്ടവർക്കതും ആവശ്യമെങ്കിൽ കണ്ണടയും നൽകുന്ന 'നേത്രജ്യോതി' പദ്ധതി നടപ്പിലാക്കുന്നു.

5 ഓരുജല മത്സ്യകർഷക വികസന ഏജൻസി [BFFDA -Brackish Water Fish Farmers Development Agency]

ഈ ഏജൻസിയുടെ പ്രധാന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1 സാധാരണജനങ്ങൾക്കിടയിൽ ചെമ്മീൻ കൃഷിയെക്കുറിച്ച് അവബോധം വളർത്തി ലാഭകരമായ പദ്ധതിയിൽ പങ്കാളികളാക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2 സാങ്കേതിക ജ്ഞാനവും, സാമ്പത്തികവും നൽകി ചെറുകിട കർഷകരെ ശാസ്ത്രീയ ചെമ്മീൻ കൃഷി പഠിപ്പിക്കുക.

3 ചെമ്മീൻ കൃഷിയെ പ്രോൽസാഹിപ്പിക്കുന്ന വിവിധ ഏജൻസികളെ ഏകോപിപ്പിച്ച് പ്രവർത്തിക്കുക. കൂടാതെ

a ശാസ്ത്രീയ ചെമ്മീൻ കൃഷി ചെയ്യാൻ പറ്റിയ പ്രദേശങ്ങൾ കണ്ടെത്തുക.

b ശാസ്ത്രീയ ചെമ്മീൻ കൃഷിയെക്കുറിച്ച് പരിശീലനം

നൽകുക.

c അവശ്യമുള്ളവർക്ക് സാങ്കേതിക പരിജ്ഞാനം നൽകുക.

d ചെമ്മീൻ കൃഷി ചെയ്യാനാവശ്യമായ പ്രോജക്ടികൾ തയ്യാറാക്കി ബാങ്കുകൾക്ക് സമർപ്പിച്ച് സാമ്പത്തിക സഹായം ലഭ്യമാക്കുക.

e ചെമ്മീൻ കൃഷിക്കാവശ്യമുള്ള വിത്ത്, ആഹാരം എന്നിവ കർഷകർക്കു ലഭ്യമാക്കുക.

f ചെമ്മീനാവശ്യമായ മാർക്കറ്റുകൾ കണ്ടെത്തി നൽകുക.

എന്നിവ BFFDAനടത്തുന്നു.

BFFDA അനുവദിക്കുന്ന സബ്സിഡി തുകകൾ താഴെപ്പറയുന്നു.

1 കുളങ്ങളുടെ/ജലാശയങ്ങളുടെ നിർമ്മാണത്തിനും നവീകരണത്തിനും ഹെക്ടർ ഒന്നിന് 25% സബ്സിഡി [പരമാവധി 30000 രൂപവരെ]നൽകിവരുന്നു.

2 ചെമ്മീൻ വിത്തുൽപ്പാദനകേന്ദ്രം ആരംഭിക്കുന്നതിന് നിർമ്മാണച്ചെലവിൻെറ 10% അഥവാ പരമാവധി ഒരുലക്ഷം രൂപാവരെ നൽകുന്നു.

3 ചെമ്മീൻ അർദ്ധകടുംകൃഷി [Semi - Intensive Culture] ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 30000 രൂപവരെ സബ്സിഡി നൽകുന്നു. കൂടാതെ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്ക് പ്രതിദിനം 25 രൂപ നിരക്കിൽ പരമാവധി രണ്ടു മാസത്തേയ്ക്കു 140 രൂപ യാത്രാപ്പടിയായി നൽകിവരുന്നു.

കൊല്ലം നഗരസഭയ്ക്കുള്ളിൽ മുണ്ടയ്ക്കൽ ഭാഗത്തായി BFFDAയുടെ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

**തങ്കശ്ശേരി ഫിഷറി ഹാർബർ**

കൊല്ലം നഗരത്തിൻെറ ചരിത്രത്തിൽ ഒരു നാഴികക്കല്ലാകാൻ പോകുന്ന പദ്ധതിയാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഉദ്ദേശിച്ചു നിർമ്മിച്ചു കൊണ്ടിരിക്കുന്ന 19.86 കോടി രൂപ ചെലവുവരുന്ന തങ്കശ്ശേരി ഫിഷറി ഹാർബർ പ്രോജക്ട് അഥവാ ബ്രേക്ക് വാട്ടർ പദ്ധതി. 1988 ഒക്ടോബർ മാസത്തിലാണ്ഇന്ത്യാ ഗവൺമെൻറ് അംഗീകാരം നൽകിയത്. 1998 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യാമെന്നാണ് പ്രതീക്ഷ. രണ്ടു ബ്രേക്ക് വാട്ടർ പദ്ധതികളാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. 'സീ വാർഡ്' [Seaward]ബ്രേക്ക് വാട്ടറിന് 2100മീറ്ററും 'ലീ വാർഡിന്' [Leeward] 550 മീറ്ററുമാണ് നീളം. പദ്ധതി പൂർത്തിയാകുമ്പോൾ 1400 മീറ്റർ സംരക്ഷിത ബീച്ച് തങ്കശ്ശേരിയിൽ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി സജ്ജമാകും. കൂടാതെ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകും.

1 2000 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള നാലു ലേലംചെയ്യുന്നതിനുള്ള ഹാളുകൾ

2 1500 ചതുരശ്രമീറ്റർ ഓഫീസ് സൗകര്യം.

3 500 ചതുരശ്ര മീറ്റർ കാൻറീനും പ്രവിഷൻ സ്റ്റോറും

4 300 ചതുരശ്ര മീറ്റർ - മത്സ്യത്തൊഴിലാളികൾക്കു വേണ്ടി ലോക്കർ റൂം

5 300ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കമ്യൂണിറ്റി ഹാൾ

6 400 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വർക്ക്ഷോപ്പും റിപ്പയറിംഗ് യാഡും

7 ഫ്യൂവൽ സ്റ്റേഷൻ

8 ടോയിലറ്റ് സൗകര്യം

9 ഐസ് ഫാക്ടറിയും കോൾഡ് സ്റ്റോറേജും

10 റോഡുകളും ഗതാഗതസൗകര്യങ്ങളും

**പ്രയോജനങ്ങൾ**

1 ഇപ്പോൾ മത്സ്യത്തൊഴിലാളികൾക്ക് മീൻ പിടിക്കാൻ പോകുവാൻ കഴിയുന്നത് പ്രതിവർഷം 150-200 ദിവസങ്ങളാണ്. പദ്ധതി നടപ്പാക്കുന്നതോടെ ഏറ്റവും കുറഞ്ഞതു 250 ദിവസമെങ്കിലും മത്സ്യബന്ധനത്തിന് പോകാൻ സാധിക്കും.

2 കൊല്ലം നഗരത്തിലെ അഞ്ചു മത്സ്യ ഗ്രാമങ്ങളെ കൂടാതെ ഇരവിപുരം, മയ്യനാട്, ഇടവാ എന്നീ സ്ഥലങ്ങളിലുള്ള അഞ്ചു ഗ്രാമങ്ങൾക്കു കുടി പദ്ധതിയുടെ പ്രയോജനം ലഭിക്കും.

3 ഇപ്പോൾ കിട്ടുന്നതിന് പുറമേ പ്രതിവർഷം കൂടുതലായി 28,103 ടൺ മത്സ്യം കുടി കിട്ടുമെന്നാണ് കണക്ക്.

4 പദ്ധതി പൂർത്തിയാകുമ്പോൾ കൂടതലായി 500 പ്ലൈവുഡ് വള്ളങ്ങൾ - എല്ലാ സൗകര്യങ്ങളോടും കൂടി- മത്സ്യ ബന്ധനത്തിന് വേണ്ടി നൽകുന്നതും തദ്വാര ഇപ്പോൾ പിടിക്കുന്നതിനേക്കാൾ വളരെ കൂടതൽ മത്സ്യം പിടിച്ചെടുക്കാൻ സാധിക്കുന്നതുമാണ്.

**മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ**

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി പ്രവർത്തിക്കുന്ന സർക്കാർ - അർദ്ധസർക്കാർ -

സഹകരണ ഏജൻസികളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള വിശദവിവരങ്ങൾ ഈ റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്. ഈ ഏജൻസികൾ കൂടാതെ FCDP [ഫിഷർമാൻ കമ്മ്യുണറ്റി ഡവലപ്പ്മെൻറ് പ്രോഗ്രാം.] എന്ന വോളൻററി സംഘടനയുടെ പ്രവർത്തനങ്ങളും സമാന്തരമായി നടക്കുന്നുണ്ട്. കൂടാതെ മറ്റ് സന്നദ്ധസംഘടനകളും ഉണ്ട്. ഒട്ടേറെ പ്രയോജകരമായ കാര്യങ്ങൾ ഈ സംഘടനകൾ ചെയ്യുന്നുണ്ട്. എങ്കിലും മത്സ്യത്തൊഴിലാളികളുടെ എല്ലാ പ്രശ്നങ്ങളും തൃപ്തികരമാം വിധം പരിഹരിക്കുവാൻ സാധിച്ചിട്ടില്ല.

വാർഡു സഭകളിലൂടെ ഉരുത്തിരിഞ്ഞു വന്ന പ്രശ്നങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

1 മത്സ്യസംസ്ക്കരണത്തിനുള്ള സൗകര്യമില്ലായ്മ

2 കോൾഡ് സ്റ്റോറേജിൻെറ അഭാവം

3 മത്സ്യത്തൊഴിലാളികളിൽ ഒട്ടേറെപേർക്ക് മണ്ണെണ്ണ പെർമിറ്റ് കിട്ടുന്നില്ല.

4 വള്ളവും വലയും വാങ്ങുന്നതിനും റിപ്പയറിനും ആവശ്യമായ ധനസഹായം ലഭിക്കുന്നില്ല.

5 തീരദേശ പരിപാലനനിയമം വീടുവയ്ക്കിന്നതിന തടസ്സമായി നിൽക്കുന്നു.

6 തൊഴിലില്ലായ്മ

7 തങ്കശ്ശേരി ബ്രേക്ക്വാട്ടർ പദ്ധതി നടപ്പിലാക്കുമ്പോൾ ലേലഹാളുകളിൽ നിന്നുള്ള മലിനജലം ഒഴുകി 1400 മീറ്റർ സംരക്ഷിത ജലാശയത്തിലേക്കിറങ്ങി മലിനപ്പെടാനും ദുർഗന്ധവും ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവാനും സാദ്ധ്യതയുണ്ട്.

8 ഔട്ട്ബോർഡ് മോട്ടോറുകൾക്ക് റിപ്പയറിംഗ് സെൻററില്ല.

## നിർദ്ദേശങ്ങൾ

1 മത്സ്യ സംസ്ക്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തങ്കശ്ശേരി, വാടി, മൂതാക്കര, പോർട്ട്, പള്ളിത്തോട്ടം എന്നീ പ്രദേശങ്ങളിൽ ഉണ്ടാക്കുക.

2 തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള കോൾഡ് സ്റ്റോറേജിനു പുറമെ കൊല്ലം മുനിസിപ്പൽ ബസ്സ്റ്റാൻറ്, കടപ്പാക്കട, മുണ്ടയ്ക്കൽ, പടിഞ്ഞാറെകൊല്ലം , ആശ്രാമം, തേവള്ളി തുടങ്ങിയ പ്രദേശങ്ങളിൽ മാർക്കറ്റിനോട്ചേർന്ന് കോൾഡ്സ്റ്റോറേജ് സ്ഥാപിക്കുക.

3 എൻജിൻ ഘടിപ്പിച്ച എല്ലാ വള്ളങ്ങൾക്കും മണ്ണെണ്ണ പെർമിറ്റ് കൊടുക്കുക.

4 തീരദേശ പരിപാലനനിയമത്തിൽ നിന്നു മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുക.

5 എൻജിൻ വാങ്ങുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡി ലഭ്യമാക്കുക.

6 ധനസഹായം ആവശ്യമുള്ള എല്ലാ മത്സ്യത്തൊഴിലാളികളേയും സഹകരണസംഘങ്ങളിൽ അംഗങ്ങളായി പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുക.

7 പ്രവർത്തനം നിലച്ചുകിടക്കുന്ന മത്സ്യ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ച് മത്സ്യത്തൊഴിലാളികൾക്കാവശ്യമുള്ള നിത്യോപയോഗ സാധനങ്ങൾ ആദായ വിലയ്ക്ക് വിതരണം ചെയ്യുക.

8 ഔട്ട് ബോർഡ് എൻജിനുകൾക്ക് ഉണ്ടാകുന്ന റിപ്പയറുകൾ പരിഹരിക്കുന്നതിന് എൻജിൻ റിപ്പയർചെയ്യുന്ന സർവ്വീസ് സെൻറർ മുനിസിപ്പൽ പ്രദേശം കേന്ദ്രമാക്കി ആരംഭിക്കുക.

9 ബ്രേക്ക്വാട്ടർ പദ്ധതിയുമായി ബന്ധപ്പെട്ട് ഹാർബറിലേയ്ക്ക് ഒഴുകുന്ന മലിനജലം ഹാർബറിൻെറ ലേലഹാളിനു സമാന്തരമായി ഓട നിർമ്മിച്ച് ജലസംക്രമണംധാരാളം ഉള്ള ബ്രേക്ക് വാട്ടർ പദ്ധതിയിലെ സംരക്ഷിത ജലാശയത്തിനു പുറത്തു കൊണ്ടുച്ചെന്ന് ഒഴുക്കുക.

10 ഡോറി ഫിഷിംഗ് [Dory Fishing] പദ്ധതി നടപ്പിലാക്കുക. [36 അടിയോ അതിൽകൂടുതലോ വലിപ്പനുള്ള ഒരു യന്ത്ര വൽകൃതബോട്ടും അഞ്ചോ ആറോ വള്ളങ്ങളും ചേർന്നതാണ് ഡോറി ഫിഷിംഗ്യൂണിറ്റ്. ബോട്ട് വള്ളങ്ങളെ മീൻ പിടിക്കാനുള്ള സ്ഥലത്ത് വലിച്ചുകൊണ്ടുപോകുന്നു. മത്സ്യം പിടിച്ചു കഴിഞ്ഞാൽ ഉടൻ അവയെ കരയിൽ എത്തിക്കുന്നു. ബോട്ടിൽ ഉള്ളവർക്കും മീൻപിടുത്തത്തിൽ എർപ്പെടാവുന്നതാണ്. ഉൾകടലിലേക്കു പോയി കൂടതൽ മൽസ്യം പിടിക്കാനും കൂടുതൽ സമയം കടലിൽ ചെലവഴിക്കാനുംആഹാരവും വെള്ളവും കരുതാൻ സൗകര്യമുള്ളതുകൊണ്ട് സാഹായകമാണ്

11 കല്ലുകുളം, കച്ചേരിക്കുളം, ചെറുകുളം, ചീമരക്കുളം എന്നിവ നന്നാക്കി മത്സ്യകൃഷി, കൊല്ലം മത്സ്യ

വികസന ഏജൻസിയുടെ സഹായത്തോടെ നടപ്പിലാക്കുക.

12തേവള്ളി കൊട്ടാരത്തിന് താഴെയുള്ള കായൽ പ്രദേശം വളച്ചുകെട്ടി മത്സ്യകൃഷിയോ, ചെമ്മീൻ കൃഷിയോ നടത്താനുള്ള സാധ്യത പരിശോധിക്കണം.

13 മത്സ്യ സംസ്ക്കരണജോലികൾ [പീലിംഗ് ഉൾപ്പടെ] ചെയ്യുന്നതിന് ഒരു വനിത സഹകരണസംഘം രൂപീകരിക്കുക.

14 വീടില്ലാത്ത എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക.

15 വായ്പകൾക്കുള്ള വരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കണം.



# 6.3

# വ്യവസായം

വ്യാവസായികമായ വികസനം ഒരു രാജ്യത്തിന്റെ വളർച്ചയെ വിളിച്ചറിയിക്കുന്നു "വ്യവസായവല്ക്കരിക്കുക അല്ലെങ്കിൽ നശിക്കുക എന്നൊരു ചൊല്ലുണ്ട്" കേരളത്തെ സംബന്ധിച്ച് ഇത് അന്വർത്ഥമാണ്. നമ്മുടെ സംസ്ഥാനത്ത് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പ്രതിശീർഷവരുമാനം ഉയർത്തുന്നതിനും വ്യവസായ മേഖലയുടെ ത്വരിത പുരോഗതി അനിവാര്യമാണ്. കേരളത്തിലെ ചെറുകിട വ്യവസായങ്ങളുടെ പുരോഗതിക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളെക്കുറിച്ച് വ്യക്തമായ അവബോധം അഭ്യസ്തവിദ്യരായ വ്യവസായസംരംഭകരിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

കൊല്ലം നഗരത്തിൽ വൻകിട വ്യവസായങ്ങൾ നാമമാത്രമാണ്. പാർവ്വതിമിൽസ് മാത്രമാണ് എടുത്തു പറയത്തക്കതായി നിലവിലുള്ളത്. എന്നാൽ കൊല്ലം പട്ടണത്തിന് വ്യവസായ പാരമ്പര്യത്തിന്റേതായ ഒരു ഭൂതകാലമുണ്ട്. എച്ച് ആൻഡ് സി തോമസ് സ്റ്റീഫൻ കമ്പനി, അസോസിയേറ്റഡ് ഇൻഡസ്ട്രീസ്, എസ്.എൻ. ടൈൽ വർക്സ് എന്നിവ നഗരത്തിന്റെ വ്യവസായ ചരിത്രത്തിൽ എടുത്ത് പറയത്തക്ക സ്ഥാപനങ്ങളാണ്. എന്നാൽ സ്വാതന്ത്ര്യാനന്തര കാലത്തുണ്ടായ മാറ്റങ്ങൾ കൊച്ചിപോലെയുള്ള പ്രദേശങ്ങളിലെ വ്യാവസായിക മുന്നേറ്റം കൊല്ലം പോർട്ടിന്റെ തകർച്ച, കമ്പോള മത്സരം, ഭരണാധികാരികളുടെ അനാസ്ഥ എന്നിവയുടെ ഫലമായി ഈ വ്യവസായങ്ങൾ ഒന്നൊന്നായി തകരുകയാണുണ്ടായത്. പരമ്പരാഗത കശുവണ്ടി, കൈത്തറി എന്നിവയുടെ ഫാക്ടറികളും, സ്ഥാപനങ്ങളും നഗരത്തിൽ പ്രവർത്തിക്കുന്നില്ല. കയർ സാമിൽ എന്നിവ നാമമാത്രമേയുള്ളു. എന്നാൽ ഇവയൊക്കെ സമീപ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ട്.

## വ്യവസായ വകുപ്പിൽ നടപ്പിലാക്കി വരുന്ന പദ്ധതികളും ആനുകൂല്യങ്ങളും

### ചെറുകിടവ്യവസായം

വ്യാവസായികാവശ്യത്തിനായി യന്ത്രോപകരണങ്ങൾ ഉൾപ്പെടെയുള്ള ചെലവുകൾക്ക് മുതൽ മുടക്ക് പരമാവധി 60 ലക്ഷം രൂപവരെയുള്ള യൂണിറ്റുകളെയാണ് ചെറുകിട വ്യവസായമായി കണക്കാക്കുന്നത്. കയറ്റുമതി ചെയ്യപ്പെടുന്നതോ, യന്ത്രനിർമ്മാണമോ, മറ്റുവ്യവസായങ്ങൾക്ക് ആവശ്യമായ സാധനങ്ങളൊ ഉത്പാദിപ്പിക്കുന്ന വ്യവസായങ്ങളൊ പരമാവധി 75 ലക്ഷം രൂപ മുതൽ മുടക്കുള്ള യൂണിറ്റുകളെയും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താം.

സാങ്കേതികവിദ്യ കൈമാറ്റുന്നിന് ചുമത്തുന്ന ഫീസിന്റെ 50 ശതമാനം പരമാവധി 10000 രൂപ വരെ സബ്സിഡിയായി ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് നൽകുന്നു.

### പരിശീലന പദ്ധതി

വ്യവസായ സംരംഭകരെ മേൽനോട്ടപരവും, സാങ്കേതികവുമായി കഴിവുള്ളവരാക്കിയെടുക്കാൻ ഹ്രസ്വകാല പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. വ്യവസായ വകുപ്പു നേരിട്ടും വ്യവസായ വികസന ബാങ്ക്, സ്മാൾ ഇൻഡസ്ട്രീസ് സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ ഇൻഡസ്ട്രിയൽ ആൻറ് ടെക്നിക്കൽ കൺസൾട്ടിംഗ് ഓർഗനൈസേഷൻ, സ്ക്കൂൾ ഓഫ് മാനേജ്മെൻറ് സെൻറർ എന്നീ സ്ഥാപനങ്ങൾ ഇതിനുള്ള പരിശീലനം നൽകുന്നുണ്ട്.

### ആനുകൂല്യങ്ങൾ

ഹയർപർച്ചേസ് വ്യവസ്ഥകളിൽ വ്യവസായ സംരംഭകർക്ക് വികസനപ്ലോട്ടുകളിലും, വ്യവസായ എസ്റ്റേറ്റുകളിലും സ്ഥലവും, കെട്ടിടവും ലഭ്യമാണ്.

### മാർജിൻ മണി

ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സംരംഭകർക്ക് വായ്പ ലഭിക്കുന്നതിന് ഒരു നിശ്ചിത വിഹിതം അവർ തന്നെ സ്വരൂപിക്കണമെന്ന് വ്യവസ്ഥ നിലവിലുണ്ട്. ഈ വിഹിതത്തിന്റെ പകുതി തുക, പരമാവധി ഒരു ലക്ഷം രൂപവരെ പതിനൊന്നര ശതമാനം പലിശയ്ക്ക് ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും വാ

യ്പയായി നൽകുന്ന 'മാർജിൻ മണി പദ്ധതി' നിലവിലുണ്ട്.

## മൂലധന നിക്ഷേപ സബ്സിഡി

വ്യവസായ ആവശ്യത്തിനായി സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയുടെ മുടക്കു മുതലിന്റെ (സ്ഥിരം മൂലധനം) 15 ശതമാനം. പരമാവധി 15 ലക്ഷം രൂപവരെ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ''മൂലധന നിക്ഷേപ സബ്സിഡി'' പദ്ധതിയനുസരിച്ച് ലഭ്യമാണ്. ചില പ്രത്യേക വ്യവസായങ്ങൾക്ക് ഇതിന്റെ പരിധി 20 ലക്ഷം രൂപയാക്കി. നിലവിലുള്ള വ്യവസായങ്ങൾ വിപുലീകരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും, വൈദ്യുതി ഉല്പാദന ജനറേറ്റർ വാങ്ങുന്നതിനും മുടക്കുന്ന തുകയുടെ 15 ശതമാനം പരമാവധി 5 ലക്ഷം രൂപാവരെ ഈ പദ്ധതി പ്രകാരം നല്കുന്നുണ്ട്.

## നികുതിയൊഴിവാക്കൽ

പുതുതായി തുടങ്ങുന്ന ചെറുകിടവ്യവസായ യൂണിറ്റുകൾക്ക് ഉത്പാദനം തുടങ്ങുന്ന തീയതി മുതൽ 7 വർഷത്തേക്ക് സെയിൽടാക്സ്, പർച്ചേസ് ടാക്സ്, സർച്ചാർജ്ജ്, സെൻട്രൽ സെയിൽസ് ടാക്സ് എന്നിവ ഒഴിവാക്കിക്കൊടുക്കും.

നിലവിലുള്ള യൂണിറ്റുകൾ വിപുലീകരിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും വാങ്ങേണ്ടി വരുന്ന പുതിയ യന്ത്രോപകരണങ്ങൾക്കായി മുടക്കുന്ന തുകയുടെ നികുതി 3 വർഷത്തേക്ക് ഒഴിവാക്കിക്കൊടുക്കാം.

## വിലനിരക്കിലുള്ള മുൻഗണന

ഈ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന ചെറുകിട വ്യവസായ ഉൽപന്നങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലെ ഉൽപന്നങ്ങളെക്കാൾ 15 ശതമാനവും, ഐ.എസ്.ഐ. സർട്ടിഫിക്കറ്റുള്ളവയ്ക്ക് 2 ശതമാനവും. കൂടുതൽ വിലനിരക്ക് നിശ്ചയിച്ച് മുൻഗണന ലഭിക്കും. കൂടാതെ ഗവൺമെൻറിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ സാധനങ്ങൾ വാങ്ങുമ്പോൾ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾക്ക് മുൻഗണന നൽകും.

ഗവൺമെൻറിൻേറയും, ഗവൺമെൻറ് നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടേയും ടെൻഡറുകൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ നിരതദ്രവ്യവും, സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതില്ല.

## വൈദ്യുതി നിരക്കിൽ ഇളവ്

പുതിയതായി ആരംഭിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിൽ മുൻഗണന നൽകുന്നുണ്ട്. അഞ്ചു വർഷത്തേക്ക് വൈദ്യുതി ചാർജ്ജിലും ഇലക്ട്രിസിറ്റി ഡ്യൂട്ടിയിലും ഇളവനുവദിക്കും.

## വനിതാ വ്യവസായ പദ്ധതി

വനിതകളുടെ ഉടമസ്ഥതയിലും 80 ശതമാനത്തിൽ കുറയാതെ വനിതാ ജോലിക്കാരുള്ളതുമായ ഉൽപാദന സ്ഥാപനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ഇത്തരം യൂണിറ്റുകൾക്ക് കെട്ടിട നിർമ്മാണത്തിനും, യന്ത്രോപകരണങ്ങൾക്കും 50 ശതമാനം സബ്സിഡി പരമാവധി 25000 രൂപ വരെ ലഭിക്കും. കെട്ടിടം, വാടക, ഗ്രാൻറ്, മാനേജർ, സാങ്കേതിക വിദഗ്ദ്ധർ എന്നിവർക്ക് ഗ്രാൻറ് സ്റ്റൈപ്പൻേറാടുകൂടി ട്രെയിനികൾക്ക് പരിശീലനം എന്നിവയാണ് മറ്റാനുകൂല്യങ്ങൾ.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പലിശരഹിത വായ്പ

ഈ വിഭാഗത്തിൽപ്പെട്ട വ്യവസായ സംരംഭകർക്ക് 10000 രൂപവരെ പലിശ ഇല്ലാതെയും ഒരു ശതമാനം പലിശയോടെ 15000 രൂപവരെയും അതിനുമീതെ 50000 രൂപവരെ നാലു ശതമാനം പലിശയ്ക്കും വായ്പ ലഭിക്കും. ഈ തുക 12 വർഷംകൊണ്ട് തിരിച്ചടച്ചാൽ മതിയാകും. ഈട് നൽകാൻ കഴിയാത്തവർക്കും ഈ വായ്പ ലഭ്യമാണ്.

## പീഡിത വ്യവസായ പുനരുദ്ധാരണം

നഷ്ടത്തിൽ പ്രവർത്തിക്കുന്നതും വായ്പ കുടിശ്ശിക ഉള്ളതുമായ വ്യവസായ യൂണിറ്റുകളെയാണ് ഈ വിഭാഗത്തിൽ രജിസ്റ്റർ ചെയ്യുന്നത് ഇത്തരം യൂണിറ്റുകൾക്ക് ഒരു ലക്ഷം രൂപവരെ മാർജിൻ മണിവായ്പ, വിൽപന നികുതി ഒഴിവാക്കൽ നികുതി കുടിശ്ശികയ്ക്ക് മൊറോട്ടോറിയം പഴയ വായ്പകൾക്ക് കാലാവധി നീട്ടിക്കൊടുക്കൽ, ജപ്തി ഒഴിവാക്കൽ നടപടി തുടങ്ങി നിരവധി സൗജന്യങ്ങൾ നിലവിലുണ്ട്.

## സ്വയം തൊഴിൽ പദ്ധതി

അഭ്യസ്തവിദ്യരായ യുവതീ യുവാക്കൾക്ക് തൊഴിലവസരങ്ങൾ നൽകുകയെന്നതാണ് ഇതിന്റെ ലക്ഷ്യം. 18നും 35നും ഇടയ്ക്ക് പ്രായമുള്ളവർക്കും കുടുംബ വാർഷിക വരുമാനം 24000 രൂപവരെയുള്ളവർക്കും (എസ്.എസ്.എൽ.സി. ജയിച്ചവരും തോറ്റവരും) ഐ.ടി.ഐ. പാസ്സായവർക്കും ഇതിനപേക്ഷിക്കാം. പരമാവധി ഒരു ലക്ഷം രൂപവരെ വായ്പയായി ഈ പദ്ധതിയിലൂടെ ലഭിക്കും. അർഹരായ ഒന്നിലധികം അപേക്ഷകർ കൂട്ടുചേർന്നും ഈ സംരംഭം നടത്താം.

## സഹകരണ മേഖല

വ്യവസായ സഹകരണ സംഘങ്ങൾക്കും, കരകൗശല സഹകരണ സംഘങ്ങൾക്കും സർക്കാർ ഓഹരി പങ്കാളിത്തം, ഓഹരി മൂലധന ഗ്രാൻറ്, നവീകരണ സബ്ഡിഡി വെയർഹൗസ് നിർമ്മാണ വായ്പ വിൽപന റിബേറ്റ് തുടങ്ങിയിട്ടുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്.

മേൽക്കാണിച്ച വിവിധ പദ്ധതികളിലൂടെ കൊല്ലം നഗരത്തിലെ വ്യവസായ യൂണിറ്റുകൾക്ക് നടപ്പുവർഷത്തിൽ ഇതുവരെ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | യൂണിറ്റുകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1. മൂലധന നിക്ഷേപ സബ്സിഡി | 6 | 4,63,700 |
| 2. മാർജിൻ മണിലോൺ | 2 | 2,00,000 |
| 3. വനിതാ വ്യവസായം | 5 | 1,22,972 |
| 4. പട്ടികജാതി-പട്ടിക വർഗ്ഗ വികസന വായ്പ | 1 | 6,500 |

ഇതേ കാലയളവിൽ കൊല്ലം നഗരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. താല്ക്കാലിക രജിസ്ട്രേഷൻ - 110
2. സ്ഥിരം രജിസ്ട്രേഷൻ - 80

1993 മുതൽ ഒക്ടോബർ 96 വരെ സ്വയം തൊഴിൽ പദ്ധതിയനുസരിച്ച് ലോൺ ലഭിച്ചവരുടെ എണ്ണം

1993-94 - 71

1994-95 - 140

1995-96 - 142

1996-97 (10/96) - 62

മേൽക്കാണിച്ച സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് ഗുണഭോക്താക്കളുടെ എണ്ണം ആ വിഭാഗത്തിലെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ തുലോം തുച്ഛമാണെന്നു കാണാം.

പഴയ എച്ച്.ആൻഡ്.സി കോമ്പൗണ്ടിലുള്ള ഡവലപ്മെൻറ് പ്ലോട്ടുകൾ 51 വ്യവസായ സംരംഭകർക്കായി വിതരണം ചെയ്തു. ഇവയിൽ 31 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. മറ്റുള്ളവ ഇനിയും ഉത്പാദനം ആരംഭിച്ചിട്ടില്ല.

1992 മുതൽ 96 മാർച്ച് വരെയുള്ള 4 വർഷകാലയളവിൽ നഗരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ 336 ആണ്. അവയിലൊട്ടാകെ 1557 തൊഴിലാളികൾ പണിയെടുക്കുന്നതായിട്ടാണ് കണക്ക് ഇനം തിരിച്ചുള്ള വിവരം പട്ടിക 1ൽ ചേർത്തിരിക്കുന്നു.

## പട്ടിക - 1

## കൊല്ലം നഗരത്തിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ

| ക്രമനമ്പർ | ഇനം | യൂണിറ്റുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | ജനറൽ എൻഞ്ചിനിയറിംഗ് | 9 | 26 |
| 2. | റെഡിമെയ്ഡ് യൂണിറ്റ് | 78 | 499 |
| 3. | സോപ്പ്, ഡിറ്റർജൻറ് | 5 | 28 |
| 4. | പേപ്പർ പ്രോഡക്ട് | 6 | 33 |
| 5. | സിമൻറ് ബെയിസിഡ് | 26 | 81 |
| 6. | വുഡ് ആൻറ് സ്റ്റീൽ ഫർണീച്ചർ | 17 | 87 |
| 7. | ഫുഡ് പ്രോഡക്ട് | 26 | 140 |
| 8. | കയർ, കൊപ്രാ യൂണിറ്റ് | 15 | 103 |
| 9. | ഇലക്ട്രിക്ക് ആൻറ് ഇലക്ട്രോണിക്സ് | 25 | 97 |
| 10. | വുഡ് ബെയിസിഡ് | 15 | 84 |
| 11. | അലൂമിനിയം യൂണിറ്റ് | 8 | 45 |
| 12. | ലതർ ആൻറ് റബ്ബർ | 10 | 18 |
| 13. | ബിൽഡിംഗ് മെറ്റീരിയൽസ് | 4 | 13 |
| 14. | പ്ലസ്റ്റിക് ഐറ്റം | 17 | 52 |
| 15. | ഇലക്ട്രോ പ്ലേറ്റിംഗ് | 15 | 47 |
| 16. | പ്രിൻറിംഗ് ആൻറ് ബയൻറിംഗ് | 22 | 105 |
| 17. | സർവ്വീസിംഗ് യൂണിറ്റ് | 20 | 65 |
| 18. | മറ്റുള്ളവ | 18 | 34 |
| | ആകെ | 336 | 1557 |

വ്യവസായ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്കുകൾ ഇനം തിരിച്ച് പട്ടിക 2ൽ ചേർത്തിരിക്കുന്നു.

## പട്ടിക - 2

## വ്യവസായ തൊഴിലാളികളുടെ കുറഞ്ഞ കൂലി നിരക്ക്

### ദിവസക്കൂലി

| ക്രമ നമ്പർ | തൊഴിൽ രംഗം | Highly skilled | Skilled A | B | C | D | Semi skilled | Less skilled | Other |
|---|---|---|---|---|---|---|---|---|---|
| | | Rs | Rs | Rs | Rs | Rs | Rs | Rs | Rs |
| 1. | ജനറൽ എൻജിനീയിംഗ് വിഭാഗം | 31 | 27 | 24 | 22 | - | 22<br>20 | 18 | - |
| 2. | ആട്ടോമൊബൈയിൽ എഞ്ചിനിയറിംഗ് വിഭാഗം | 32 | 24 | 22 | 20 | - | 20<br>18 | 17 | - |
| 3. | ഇലക്ട്രിക്കൽ റെഫ്രിജറേഷൻ റേഡിയോ എൻജിനിയറിംഗ് വിഭാഗം | 33 | 28 | 25 | 23 | - | 22<br>20 | 17.5 | - |
| 4. | ടിംബർ ആൻറ് പ്ലൈവുഡ് വിഭാഗം | 22/55 | 18/60 | | | | 16/50 | 15 | - |
| 5. | ടൈയിൽസ് വിഭാഗം | | 29/75 | 29/40 | 29/05 | - | 28/20 | 28/40 | - |

D.A - 355 പോയിൻറിന് മേൽ ഓരോ പോയിൻറിനും 0/6 പൈസാ വീതം D.A. നൽകണം.

ഈ കൂലി നിരക്കുകൾ ഇന്നത്തെ വില നിലവാരത്തിനും സാമ്പത്തിക സാഹചര്യങ്ങക്കും ഒട്ടും അനുയോജ്യമല്ല.

മുനിസിപ്പൽ മേഖലയിൽ 4 വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നത്. വിവരങ്ങൾ പട്ടിക 3ൽ ചേർത്തിരിക്കുന്നു.

ഈ നാല് സഹകരണ സംഘങ്ങളും വികസന സാദ്ധ്യതയുള്ളതാണ്. കൂടുതൽ വ്യവസായ സഹകരണ സ്ഥാപനങ്ങൾ രൂപീകരിച്ച് പ്രവർത്തനംആരംഭിക്കാനുള്ള സാദ്ധ്യതകളുണ്ട്.

ഖാദി, ഗ്രാമവ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ വിവരം പട്ടിക 4ൽ ചേർത്തിരിക്കുന്നു.

വനിതകൾക്കും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കും ഗ്രൂപ്പടിസ്ഥാനത്തിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് ഖാദി ഗ്രാമ യൂണിറ്റുകൾ ആരംഭിക്കാവുന്നതും കൈത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കാവുന്നതും അതിലൂടെ തൊഴിവസരങ്ങൾ വർദ്ധിപ്പിക്കാവുന്നതുമാണ്.

### പ്രശ്നങ്ങൾ

1. ജനങ്ങൾക്ക് വേണ്ടത്ര അവബോധമില്ലായ്മ മൂലം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിൽ വേണ്ടത്ര താല്പര്യമില്ലായ്മ.
2. വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലലഭ്യതക്കുറവ്
3. ഉപഭോക്താക്കളുടെ അഭിരുചിക്കൊത്ത ഉൽപന്ന യൂണിറ്റുകൾ കണ്ടെത്തുന്നതിനുള്ള വൈദഗ്ദ്ധ്യക്കുറവ്.
4. സാമ്പത്തിക സഹായം, വൈദ്യുതി, ലൈസൻസുകൾ, പെർമിറ്റുകൾ എന്നിവ ലഭിക്കുന്നതിലെ കാലവിളംബം
5. പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച.
6. സംരംഭകർക്കുള്ള പരിശീലന സൗകര്യങ്ങളുടെ അപര്യാപ്തത.
7. സഹകരണ വ്യവസായ സംരംഭങ്ങൾ, ഖാദി ഗ്രാമവ്യവസായ സംഘങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലുള്ള താല്പര്യമില്ലായ്മ.

### വാർഡു സഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ

പ്ലാസ്റ്റിക് ഉപകരണങ്ങൾ, പാദരക്ഷകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ തീപ്പെട്ടി, ചന്ദനത്തിരി, ജനറൽ എഞ്ചിനിയറിംഗ് യൂണിറ്റ്, അലുമിനിയം പാത്ര നിർമ്മാണം, ബേക്കറി സാധനങ്ങൾ, മിഠായി നോട്ട്ബുക്കുകൾ, ബുക്ക് ബയൻറിംഗ്, കെട്ടിട നിർമ്മാണ സാമഗ്രികൾ, ആണി, മത്സ്യസംസ്കരണം, ഐസ് തുടങ്ങിയവ ഉത്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാരിൻെറയും സാമ്പത്തിക ഏജൻസികളുടേയും സഹായം ഉറപ്പു വരുത്തണമെന്നയാവശ്യം പൊതുവായി വാർഡുസഭകളിൽ ഉയർന്നുവന്ന പ്രവർത്തന മാന്ദ്യം സംഭവിച്ച വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കാനുള്ള നിർദ്ദേശവും ഉയർന്നു

## പട്ടിക - 3

# കൊല്ലം നഗരത്തിൽ നിലവിലുള്ള വ്യവസായ സഹകരണസംഘങ്ങളുടെ വിവരം

| ക്രമനമ്പർ | സംഘത്തിൻെറ പേരും വിലാസവും | അംഗസംഖ്യ | ഉൽപ്പന്നം | തൊഴിലാകളുടെ എണ്ണം |
|---|---|---|---|---|
| 1 | കൊല്ലം ജില്ലാ ആയുർവ്വേദ ഔഷധനിർമ്മാണ വ്യവസായ സഹകരണ സംഘം എം.ക്യൂ. 279 ഡെവലപ്പ്മെൻറ് പ്ലോട്ട് മുണ്ടക്കൽ, കൊല്ലം. | 378 | ആയുർവ്വേദ ഔഷധങ്ങൾ | 8 |
| 2. | കൊല്ലം താലൂക്ക് ഹരിജൻ പ്രിൻറിംഗ് ആൻറ് പബ്ളിഷിംഗ് വ്യവസായം സഹകരണ സംഘം എം.ക്യൂ. 364 കോട്ടയ്ക്കകം, കൊല്ലം | 43 | പ്രിൻറിംഗ് | പ്രവർത്തനം ഉടൻ ആരംഭിക്കും |
| 3. | കൊല്ലം ജില്ലാ വികലാംഗ വനിതാ വ്യവസായ സഹകരണ സംഘം എം.ക്യൂ. 390 - ആശ്രാമം, കൊല്ലം. | 25 | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 3 |
| 4. | ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്ക് വ്യവസായ സഹകരണ സംഘം എം.ക്യൂ. 413 - ചിന്നക്കട, കൊല്ലം. | 10 | ഇലക്ട്രിക്കൽ ആൻറ് ഇലക്ട്രോണിക്ക് ഇനങ്ങൾ | ഉൽപ്പാദനം തുടങ്ങിയില്ല |

## പട്ടിക - 4

# ഖാദി ഗ്രാമ വ്യവസായത്തിൽ കൊല്ലം നഗരത്തിൽ പ്രവർത്തുക്കുന്ന സംഘങ്ങൾ

| ക്രമനമ്പർ | യൂണിറ്റുകളുടെ പേരും വിലാസവും | ഉൽപ്പന്നം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | മഹാത്മജി മേമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി, ആനന്ദവല്ലിശ്വരം | ഫർണീച്ചർ | 6 |
| 2. | ആശ്രാമം ഖാദിഗ്രാമ വ്യവസായ സഹകരണ സംഘം ക്യൂ. 82 | തീപ്പെട്ടി | 14 |
| 3. | ഭാരതീയ സൊസൈറ്റി തിരമുല്ലവാരം | സ്റ്റീൽ ഫർണിച്ചർ | 6 |
| 4. | വനിതാ ഗാർമെൻറ് മേക്കിംഗ് കെ.വി. ഇൻഡസ്ട്രീസ് ക്യൂ. 261 മുണ്ടയ്ക്കൽ | വസ്ത്രങ്ങൾ | 4 |

വന്നിട്ടുണ്ട്. എച്ച് ആൻഡ് സി കോമ്പൗണ്ടിലെ പ്രവർത്തന രഹിതമായിക്കിടക്കുന്ന സിറാമിക് ഫങ്ഷണൽ യൂണിറ്റ്, ഉളിയക്കോവിൽ, കുരീപ്പുഴ എന്നിവിടങ്ങളിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ എന്നിവ ഇക്കൂട്ടത്തിൽ പരിഗണിക്കേണ്ടവയാണ്. ഠൗണിൻെറ പടിഞ്ഞാറ് ഭാഗത്ത് ഒരു സ്പിന്നിംഗ് മിൽ ആരംഭിക്കണമെന്ന നിർദ്ദേശവും ഉയർന്നു വന്നിട്ടുണ്ട്. വനിതകളുടെ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകൾ, അച്ചാർ, കറിപൗഡർ, ജാം തുടങ്ങിയവ ഉൽപാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കണമെന്നുള്ള നിർദ്ദേശങ്ങളും വാർഡു സഭകളിലൂടെ വന്നിട്ടുണ്ട്.

## സാദ്ധ്യതകൾ

1. വ്യവസായ സംരംഭകർക്ക് ചെറുകിട വ്യവസായികൾക്കും മേൽനോട്ടംപരവും സാങ്കേതികവുമായ പരിശീലനം നൽകുവാനുള്ള സംവിധാനം വിപുലീകരിക്കാവുന്നതാണ്.

2. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് തൊഴിലിനോടും വ്യവസായ സംരംഭങ്ങളോടും ആഭിമുഖ്യം വളർത്താനുള്ള ബോധവൽക്കരണ പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്.

3. മുണ്ടയ്ക്കൽ എച്ച് ആൻഡ് സി കോമ്പൗണ്ടിൽ പ്രവർത്തന രഹിതമായി കിടക്കുന്ന സെറാമിക്സ് ഫംഗ്ഷണൽ യൂണിറ്റ് പുനഃക്രമീകരിച്ച് 20-ഓളം ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൾക്കൊള്ളുന്ന ഇൻഡസ്ട്രിയൽ കോംപ്ലക്സ് ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്.

4. കൊല്ലം നഗരത്തിലെ ഉപഭോക്താക്കളുടെ അഭിരുചിക്കനുസരിച്ച് വിപണന സാദ്ധ്യതയുള്ള താഴെപ്പറയുന്ന യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.

1. സ്ക്വാഷ്, ജാം, സിറപ്പ്
2. കറിപൗഡർ
3. ഏത്തക്ക, മരച്ചീനി എന്നിവയുടെ വറ്റൽ നിർമ്മാണം
4. വിനാഗിരി
5. ഫ്രൂട്ട് കാനിംഗ്
6. ഫ്രൈഡ് റോസ്റ്റഡ് & സാൾട്ട് കാഷ്യൂനട്ട്
7. പേപ്പർ കാർട്ടൻസ്
8. നോട്ട്ബുക്ക്, അക്കൗണ്ട് ബുക്ക്, ഫയൽ
9. കമ്പ്യൂട്ടർ സോഫ്റ്റ് വെയർ
10. പ്ലാസ്റ്റിക് ബോട്ടിൽ, ജാർ, കളിപ്പാട്ടങ്ങൾ
11. മിഠായി നിർമ്മാണം
12. തുകൽ സഞ്ചി, ബെൽറ്റ്
13. ഡെക്കറേറ്റീവ് വുഡൻ സാധനങ്ങൾ
14. റെഡിമെയ്ഡ് ജനാലകളും കതകുകളും
15. ഇലക്ട്രിക് സ്വിച്ച്, ബോർഡ്, ബോക്സ് തുടങ്ങിയവ
16. സ്ക്രീൻ പ്രിൻറിംഗ്
17. പോളിത്തിൻപൈപ്പ്
18. ലാമിനേറ്റഡ് പ്രോഷർ
19. റെഡിമെയ്ഡ് ഗാർമെൻറ്സ്
20. എംബ്രോയിഡറി & നിറ്റ് വെയർ
21. ചന്ദനത്തിരി നിർമ്മാണം

5. ധനകാര്യ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെയും പ്രതിനിധികളും സാങ്കേതിക വിദഗ്ദ്ധരും ചേർന്നുള്ള കർമ്മ സമിതികൾ രൂപീകരിച്ച് വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഗ്രീൻ ചാനൽ സംവിധാനങ്ങളിലൂടെ കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

6. പരമ്പരാഗത വ്യവസായങ്ങൾ അഭിവൃദ്ധിപ്പെടുത്തുവാനുള്ള നവീകരണ നടപടികൾ സ്വീകരിക്കുക.

7. ഖാദി-ഗ്രാമ വ്യവസായം പ്രോത്സാഹിപ്പിച്ച് കൈത്തൊഴിലുകൾ അഭിവൃദ്ധിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ വിദഗ്ദ്ധരെ ഉൾപ്പെടുത്തികൊണ്ടുള്ള കർമ്മ സമിതികൾ രൂപീകരിക്കുക.

8. തൊഴിൽ സംരംഭകർ ജില്ലാ കളക്ടറേറ്റിലുള്ള സെൽഫ് എംപ്ലോയിമെൻറ് എക്സ്ചേഞ്ചിൻെറ സേവനം പ്രയോജനപ്പെടുത്തുക.

9. നഗര സഭാകാര്യാലയത്തിൽ ഒരു ഇൻഡസ്ട്രീസ് ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.

10. ജനറൽ എൻജിനീയറിംഗ് യൂണിറ്റ്, അലുമിനിയം പാത്രമിർമ്മാണം, ഐസ് ഫാക്ടറി, മത്സ്യ സംസ്ക്കരണം, പ്ലാസ്റ്റിക് ഉപകരണങ്ങൾ എന്നിവയുടെ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാങ്കേതികോപദേശങ്ങളും വായ്പാ സൗകര്യങ്ങളും ഏർപ്പെടുത്തണം.

11. വായ്പകൾക്കും സൗജന്യങ്ങൾക്കുമുള്ള വരുമാന പരിധി കാലോചിതമായി വർദ്ധിപ്പിക്കണം.

6.4

# വിദ്യാഭ്യാസം

"അസതോമാ സത്ഗമയാ

തമഃസോമാ ജ്യോതിർഗമയാ"

18.48 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 139852 ജനസംഖ്യയുമുള്ള കൊല്ലം നഗരത്തിൽ 50 ഔപചാരിക വിദ്യാലയങ്ങളാണുള്ളത്. 37000 വിദ്യാർത്ഥികളും ആയിരത്തോളം അദ്ധ്യാപകരും ഇരുനൂറിൽപ്പരം അനദ്ധ്യാപക ജീവനക്കാരുമാണ് ഈ സ്ഥാപനങ്ങളിലുളളത്. ഇതിനു പുറമെ 150-ൽപരം സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ രംഗത്തും ഉന്നത വിദ്യാഭ്യാസരംഗത്തും, സാങ്കേതിക വിദ്യാഭ്യാസരംഗത്തും അഭിമാനാർഹമായ സ്ഥാനം കൈവരിക്കാൻ ഈ നഗരത്തിനു കഴിഞ്ഞിട്ടുണ്ട്. ആംഗലേയ വിദ്യാഭ്യാസത്തിൻെറ ആരംഭ കാലത്തുതന്നെ ഒരു ഗവൺമെൻറ് സ്ക്കൂൾ ഇവിടെ പ്രവർത്തിച്ചിരുന്നു. ആ സ്ഥാപനമാണ് പാലസ്വാർഡിൽ തലയുയർത്തി നിൽക്കുന്ന ഗവൺമെൻറ് മോഡൽ ബോയിസ് ഹൈസ്ക്കൂൾ. പട്ടണത്തിലെ പുരാതനമായ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമാണ് 1896-ൽ സ്ഥാപിതമായ സെൻറ് അലോഷ്യസ് ഹൈസ്ക്കൂൾ. 1920-ന് ആരംഭിച്ച എൽ. എം. എസ്. ക്രേവൻ ഹൈസ്ക്കൂളും നഗരത്തിലെ പുരാതനത്വവും പ്രസിദ്ധിയും അവകാശപ്പെടുന്ന മറ്റൊരു വിദ്യാഭ്യാസ സ്ഥാപനമാണ്. സാംസ്ക്കാരിക, രാഷ്ട്രീയരംഗത്തെ പല അതികായന്മാരും, ഈ വിദ്യാലയങ്ങളിലാണ് അദ്ധ്യായനം നടത്തിയത്.

കേരളത്തിലെ ഏറ്റവും വലിയ കോളേജുകളിൽ ഒന്നായ ശ്രീനാരായണ കോളേജ് 1948-ലും, ഫാത്തിമാ മാതാ നാഷണൽ കോളേജ് 1951-ലും സംസ്ഥാനത്തെ ഏറ്റവും വലിയ വനിതാ കോളേജായ ശ്രീനാരായണ വനിതാ കോളേജ് 1951-ലും സ്ഥാപിതമായി. കൊല്ലം ജില്ലയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരുടേയും പട്ടിക ജാതി - പട്ടിക വർഗ്ഗ - പിന്നോക്ക വിഭാഗങ്ങളുടേയും, മത്സ്യത്തൊഴിലാളികളുടേയും വിദ്യാഭ്യാസ പുരോഗതിക്ക് ഈ കലാലയങ്ങൾ നൽകുന്ന സംഭാവന അതി മഹത്തരമാണ്. നഗരത്തിൻെറ പ്രാന്ത പ്രദേശത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ടി. കെ. എം. ഇഞ്ചിനീയറിംഗ് കോളേജ് നഗരത്തിലെ യുവാക്കളുടെ സാങ്കേതികവിദ്യാഭ്യാസ സൗകര്യത്തിൻെറ പ്രധാന കേന്ദ്രമാണ്.

പട്ടിക 1

വിദ്യാലയങ്ങളുടെ തരവും എണ്ണവും

| നമ്പർ | പേര് | ഗവൺമെൻറ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|---|
| 1 | ഹൈസ്ക്കൂൾ | 4 | 5 | 5 | 14 |
| 2 | യു. പി. സ്ക്കൂൾ | 1 | 6 | - | 7 |
| 3 | എൽ. പി. സ്ക്കൂൾ | 3 | 14 | 2 | 19 |
| 4 | പ്രീ പ്രൈമറി | 1 | 15 | - | 16 |
| 5 | ടി. ടി. ഐ. | 1 | 1 | - | 2 |
| 6 | ഒന്നാം ഗ്രേഡ് കോളേജ് | - | 3 | - | 3 |
| 7 | കോളേജ് ഓഫ് എഡ്യൂക്കേഷൻ | 1 | 1 | - | 2 |
| 8 | ഐ. ടി. ഐ. വനിത | 1 | - | - | 1 |
| | ആകെ | 12 | 45 | 7 | 64 |

കൊല്ലം പബ്ലിക് ലൈബ്രറി, ജവഹർ ബാലഭവൻ എന്നിവയും, കൊല്ലത്തെ പ്രധാന ആശുപത്രികളായ ഗവ. വിക്ടോറിയ ഹോസ്പിറ്റൽ, ആർ. ശങ്കർ ഷഷ്ഠ്യബ്ദപൂർത്തി മെമ്മോറിയൽ ആശുപത്രി, ബെൻസിഗർ ആശുപത്രി, നായേഴ്സ് ഹോസ്പിറ്റൽ എന്നീ പ്രമുഖ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചു നടത്തുന്ന നേഴ്സിംഗ് സ്ക്കൂളുകളും കൊല്ലത്തിൻെറ വിദ്യാഭ്യാസ അഭിവൃദ്ധിയിൽ ഗണ്യമായ സംഭാവന നൽകിക്കൊണ്ടിരിക്കുന്നു. ഇവയ്ക്കു പുറമെ സമാന്തര വിദ്യാഭ്യസ സ്ഥാപനങ്ങളും അൺ എയ്ഡഡ് റെക്കഗനൈസ്ഡ് സ്ക്കൂളുകളുമായി 150-ൽപ്പരം വിദ്യാഭ്യാസ സ്ഥാപനങ്ങളും നഗരത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വരുന്നു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻെറ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങളും നഗരത്തിലിന്നുണ്ട്.

ശാസ്ത്ര സാഹിത്യ പരിഷത്ത്, കാൻഫെഡ് ജന വിദ്യാകേന്ദ്രങ്ങൾ എന്നിവയും, നിരവധി ഗ്രന്ഥശാലകളും വിദ്യാഭ്യാസ അഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്. Q.A.C.,സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവ കായിക വിദ്യാഭ്യാസ രംഗത്ത് ഗണ്യമായ സംഭാവന നൽകിപ്പോരുന്നു. താഴെകൊടുത്തിരിക്കുന്ന 1 മുതൽ 3 വരെയുള്ള പട്ടികകളിൽ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം അവിടത്തെ വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്, ഇടയ്ക്കു വച്ചു പഠനം നിർത്തിയ വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ചേർത്തിരിക്കുന്നു.

ഇതോടൊപ്പം ചേർക്കുന്ന പട്ടിക 4-ൽ എസ്. എസ്. എൽ. സി. വിജയശതമാനം സംബന്ധിച്ച് കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ സ്ഥിതി വിവരങ്ങളാണ് കൊടുത്തിരിക്കുന്നത്. സർക്കാർ സ്കൂളിലെ S. S. L. C. വിജയ ശതമാനത്തിൽ നേരിയ അഭിവൃദ്ധി കാണുന്നു. ശ്രദ്ധാപൂർവമായ പരിശ്രമംകൊണ്ട് ഇതിൽ ഗണ്യമായ പുരോഗതി കൈവരിക്കാനാകും എന്നു വ്യക്തമായ സൂചനയുണ്ട്. എയ്ഡഡ് സ്കൂളിലെ വിജയശതമാനം ഇക്കഴിഞ്ഞ വർഷം കുറഞ്ഞതായിട്ടാണ് കാണുന്നത്. അൺ എയ്ഡഡ് സ്കൂളുകളിലും നേരിയ തോതിലുള്ള കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

## പട്ടിക 2

### പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്ക്

| വിഭാഗം | വിദ്യാർത്ഥികൾ | | | പട്ടിക ജാതി/പട്ടിക വർഗ്ഗം | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഗവൺമെൻറ് ഹൈസ്ക്കൂൾ | 1538 | 1328 | 2866 | 216 | 228 | 444 |
| എയ്ഡഡ് ഹൈസ്ക്കൂൾ | 5531 | 4791 | 10322 | 409 | 564 | 973 |
| ഗവൺമെൻറ് യു. പി. സ്ക്കൂൾ | 494 | 430 | 924 | 97 | 81 | 178 |
| എയ്ഡഡ് യു. പി. സ്ക്കൂൾ | 1972 | 1770 | 3742 | 17 | 25 | 42 |
| ഗവൺമെൻറ് എൽ. പി. സ്ക്കൂൾ | 327 | 254 | 581 | 49 | 30 | 79 |
| എയ്ഡഡ് എൽ. പി. സ്ക്കൂൾ | 2194 | 2675 | 4869 | 102 | 201 | 303 |
| ആകെ വിദ്യാർത്ഥികൾ | 12056 | 11248 | 23304 | 890 | 1129 | 2019 |

## പട്ടിക 3

### 1994-95-ൽ പഠനം നിർത്തിയവരുടെ വിവരം

| നമ്പർ | വിഭാഗം | SC/ST | | | മറ്റുള്ളവർ | | | ഒട്ടാകെ |
|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | ഗവ. ഹൈസ്ക്കൂൾ | 4 | 11 | 15 | 48 | 45 | 93 | 108 |
| 2 | എയിഡഡ് ഹൈസ്ക്കൂൾ | 7 | - | 7 | 73 | 25 | 98 | 105 |
| 3 | ഗവ. യു.പി. സ്ക്കൂൾ | - | - | - | 2 | 2 | 4 | 4 |
| 4 | എയിഡഡ് യു. പി. സ്ക്കൂൾ | - | 1 | 1 | 4 | 1 | 5 | 6 |
| 5 | ഗവ. എൽ. പി. സ്ക്കൂൾ | 1 | 2 | 3 | 1 | 1 | 2 | 5 |
| 6 | എയിഡഡ് എൽ.പി. സ്ക്കൂൾ | - | - | - | 3 | 3 | 6 | 6 |
| | ആകെ | 12 | 14 | 26 | 131 | 77 | 208 | 234 |

## പട്ടിക 4

### കഴിഞ്ഞ അഞ്ചുവർഷത്തെ S.S.L.C. പരീക്ഷയിൽവിജയശതമാനം ഇനം തിരിച്ച്

| സ്ക്കൂൾ ഇനം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| ഗവൺമെൻറ് | 34.6 | 36.2 | 40.2 | 43.6 | 43.9 |
| എയിഡഡ് | 55.3 | 61.6 | 57.2 | 61.5 | 56.6 |
| അൺ എയിഡഡ് | 99.5 | 94.3 | 93.00 | 96.00 | 95.00 |

എയിഡഡ് വിദ്യാലയങ്ങളും, അൺ എയ്ഡഡ് വിദ്യാലയങ്ങളും സർക്കാർ വിദ്യാലയങ്ങളേക്കാൾ മുൻപന്തിയിലാണ്. സ്ക്കൂളുകളിലെ പഠന സൗകര്യങ്ങളും രക്ഷാകർത്താക്കളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയും ഇതിനൊരു കാരണമായി ചൂണ്ടിക്കാണിക്കാമെങ്കിലും പ്രയത്നംകൊണ്ട് സർക്കാർ സ്ക്കൂളുകൾക്കു കുറവു പരിഹരിക്കാമെന്നുള്ള സൂചന പരീക്ഷാഫല വിശകലനത്തിൽ കാണാം.

പട്ടിക 5

വിവിധയിനം വിദ്യാലയങ്ങളിലെ SC/ST വിദ്യാർത്ഥികളുടെ ശതമാനം 1995

| വിദ്യാർത്ഥി വിഭാഗം | വിദ്യാലയ ഇനം | | |
|---|---|---|---|
| | സർക്കാർ | എയിഡഡ് | അൺ എയിഡഡ് |
| പട്ടികജാതി പട്ടിക വർഗ്ഗം | 17% | 6.7% | 3.6% |

ഇതിൽനിന്നും പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ഗവൺമെൻറ് വിദ്യാലയങ്ങളെ അപേക്ഷിച്ച് സ്വകാര്യ വിദ്യാലയങ്ങളിൽ, വിശേഷിച്ച് അൺ എയിഡഡ് വിദ്യാലയങ്ങളിൽ കുറവാണെന്നു കാണാം. നഗരത്തിലെ അദ്ധ്യാപകരുടെ സ്ക്കൂൾതല വിവരണം പട്ടിക 6-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6

| ക്രമനമ്പർ | വിഭാഗം | ഗവൺമെൻറ് | എയിഡഡ് | ആകെ |
|---|---|---|---|---|
| 1 | ഹൈസ്ക്കൂൾ | 134 | 261 | 395 |
| 2 | യു. പി. സ്ക്കൂൾ | 38 | 91 | 129 |
| 3 | എൽ. പി. സ്ക്കൂൾ | 20 | 63 | 83 |
| | ആകെ | 192 | 415 | 607 |

നഗരത്തിലെ വിദ്യാലയങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വേണ്ട സ്ക്കൂളുകളുടെ എണ്ണം പട്ടിക 7-ൽ ചേർത്തിരിക്കുന്നു.

പട്ടിക 7

| നമ്പർ | വിഭാഗം | കെട്ടിടം | ഫർണിച്ചർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | കളിസ്ഥല |
|---|---|---|---|---|---|---|---|
| 1 | ഗവ. ഹൈസ്ക്കൂൾ | 1 | 4 | 1 | - | 1 | 1 |
| 2 | ഗവ. യു. പി. സ്കൂൾ | - | 2 | 2 | 1 | - | 1 |
| 3 | ഗവ. എൽ. പി. സ്കൂൾ | 2 | 3 | - | - | - | 2 |
| | ഗവ. ആകെ | 3 | 9 | 3 | 1 | 1 | 4 |
| 1 | എയിഡഡ് ഹൈസ്കൂൾ | - | 2 | - | - | - | - |
| 2 | എയിഡഡ് യു. പി. സ്കൂൾ | - | 1 | - | - | - | - |
| 3 | എയിഡഡ് എൽ. പി. സ്ക്കൂൾ | - | 2 | - | 2 | 1 | 4 |
| | എയിഡഡ് ആകെ | - | 5 | - | 2 | 1 | 4 |

വിവിധ വാർഡു സഭകളിലെ ചർച്ചകളിൽ പല പ്രധാന പ്രശ്നങ്ങളും പൊന്തി വന്നിട്ടുണ്ട്. ദ്വിതീയ സ്ഥിതിവിവരണശേഖരണത്തിലെ വിശദാംശങ്ങളോട് യോജിക്കുന്നവയാണ് പൊന്തിവന്ന പല പ്രശ്നങ്ങളും

## പ്രശ്നങ്ങൾ

1 പൊതുവെ സർക്കാർ വിദ്യാലയങ്ങളിലെ നിലവാരം മോശപ്പെട്ടതാണ്. ആ സ്ക്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയശതമാനം ഇതിനെ സാധൂകരിക്കുന്നു.

2 സർക്കാർ സ്ക്കൂളുകളിലും എയിഡഡ് സ്ക്കൂളുകളിലും കുട്ടികളുടെ പ്രവേശനം വർഷംതോറും ക്രമേണ കുറഞ്ഞുവരുന്നു.

3 സർക്കാർ-എയിഡഡ് വിദ്യാലയങ്ങളോട് രക്ഷാകർത്താക്കൾക്കുള്ള അഭിനിവേശം കുറയുന്നു.

4 നഗരത്തിലെ നാലു സർക്കാർ ഹൈസ്ക്കൂളുകളിലും ഒരു സർക്കാർ യു. പി. സ്ക്കൂളിലും ആവശ്യത്തിന് അകസാമാനങ്ങൾ ഇല്ല.

5 മുഖ്യദൃശ്യോപകരണമായ ബ്ലാക്ക് ബോർഡ് സർക്കാർ സ്ക്കൂളുകളിൽ ആവശ്യത്തിനില്ല. ഉളിയക്കോവിൽ T. K. D. M. ഹൈസ്ക്കൂളിൽ ആവശ്യത്തിനു കെട്ടിടം ഇല്ല. തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കാൻ ആവശ്യമായ കെട്ടിടം വേണ്ടതാണ്.

6 അപൂർവ്വം എയിഡഡ് സ്ക്കൂളുകളിലും അകസാമാനങ്ങൾ കുറവാണ്.

7 എല്ലാ സ്ക്കൂളുകളിലും ലൈബ്രറി പുസ്തകങ്ങൾ കുട്ടികൾക്ക് പ്രാപ്യമല്ല.

8 ഉള്ള ലബോറട്ടറി സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

9 വളരെ വർഷങ്ങളായി വാർഷിക പരിശോധന നടക്കാറില്ല.

10 കുരീപ്പുഴ വെസ്റ്റ് വാർഡിലെ ഗവൺമെൻറ് ഹൈസ്ക്കൂളിൽ വൈകുന്നേരവും രാത്രി സമയങ്ങളിലും സാമൂഹ്യ വിരുദ്ധർ കടന്നുചെന്നു സ്ക്കൂൾ സാധനങ്ങൾ നശിപ്പിക്കുന്നു. അവിടുത്തെ കെട്ടിടങ്ങൾക്കൊന്നിനും വാതിലുകളും ജന്നലുകളും ആവശ്യത്തിനില്ല. ഓടുകൾ പൊട്ടിച്ചോർന്നൊലിക്കുന്നു. കൂരകളിൽ ആല് കിളിർത്തു വളർന്നു നില്ക്കുന്നതുകണ്ടാൽ ഒരു 'ഭാർഗ്ഗവിനിലയം'പോലെതോന്നും.

11 ഗവൺമെൻറ് സ്ക്കൂളിൽ വാർഷിക അറ്റകുറ്റ പണികൾ നടക്കാറില്ല.

12 അദ്ധ്യാപകരുടെ നിയമനം സർക്കാർ സ്ക്കൂളുകളിൽ തക്കസമയത്തു നടത്തുന്നില്ല.

13 കണക്കും, സയൻസും പടിപ്പിക്കാനുള്ള അദ്ധ്യപകർ ഇല്ലാത്തതുകൊണ്ട് സാമൂഹ്യശാസ്ത്ര അദ്ധ്യപകർ അത് പഠിപ്പിക്കേണ്ടിവരുന്നു.

14 സർക്കാർ സ്ക്കൂളിലേയും എയിഡഡ് സ്ക്കുളിലേയും ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ആവശ്യത്തിനുള്ള പാഠപുസ്തകങ്ങൾ ഇല്ല.

15 കച്ചേരി വാർഡിലെ ഠൗൺ യു. പി. എസ് - ൽ സർക്കാർ പാഠപുസ്തക ഡിപ്പോ പ്രവർത്തിക്കുന്നതുകൊണ്ട് അവിടെ ആവശ്യത്തിനു മുറികളില്ല.

16 ഗവൺമെൻറ് ടൗൺ യു. പി. എസ് -ൽ കക്കൂസ് സൗകര്യങ്ങളില്ല.

17 എല്ലാ വാർഡുകളിലും അംഗനവാടികളില്ല.

18 എല്ലാ വാർഡുകളിലും തുടർ സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി ജന വിദ്യാ കേന്ദ്രങ്ങളില്ല.

19 ഗവൺമെൻറ് സ്ക്കൂളുകളിലും എയിഡഡ് സ്ക്കൂളുകളിലുമായി 5% കുട്ടികൾ കൊഴിഞ്ഞുപോയതായി കാണുന്നു.

20 വിദ്യാലയങ്ങളുടെ അകവും ചുറ്റുപാടും പാഴ്‌വസ്തുക്കൾ കൂടിക്കിടക്കുന്നു. മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് വാർഡു സഭകളിൽനിന്നു സമഗ്രമായ നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിൻെറ സാധ്യതകൾ താഴെക്കൊടുക്കുന്നു.

## സാദ്ധ്യതകൾ

1 എല്ലാ സ്ക്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്താ സമിതികൾ ഉണ്ടാക്കണം, ഉള്ള സമിതികൾ ഫലപ്രദമായി പ്രവർത്തിപ്പിക്കണം.

2 വിദ്യാലയങ്ങളിൽ വാർഷികഅറ്റകുറ്റ പണികൾ നടത്തി ആവശ്യത്തിന് അകസാമാനങ്ങൾ നൽകിയും അവ ആകർഷണീയമാക്കണം.

3 പ്രൈമറി സ്ക്കൂളുകളിൽ രണ്ടു മാസത്തിലൊരിക്കലെങ്കിലും മാതൃ സംഗമങ്ങൾ വിളിച്ചുകൂട്ടണം.

4 അയൽപ്പക്ക സ്ക്കൂളുകൾ എന്ന ആശയം പ്രാവർത്തികമാക്കാൻ വിദ്യാഭ്യാസ വകുപ്പും മുനിസിപ്പാലിറ്റിയും ശ്രദ്ധിക്കണം.

5 വാർഷിക പരിശോധന നിർബന്ധമാക്കണം.

6 മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിദ്യാലയങ്ങളിലെ മോണിറ്ററിംഗ് നടത്തണം

7 കൊല്ലം നഗരത്തിൽ പടിഞ്ഞാറെകൊല്ലം, ഗവൺമെൻറ് ഹൈസ്ക്കൂൾ, സെൻറ് അലോഷ്യസ് ഹൈസ്ക്കൂൾ, ഗവ. ബോയിസ് ഹൈസ്ക്കൂൾ, എൽ. എം. എസ്. ക്രേവൻ ഹൈസ്ക്കൂൾ, ക്രിസ്തുരാജ് ഹൈസ്ക്കൂൾ എന്നിവ കേന്ദ്രീകരിച്ച് അവയുടെ ചുറ്റുപാടുള്ള സ്ക്കൂളുകളെ അംഗസ്ക്കൂളുകളാക്കിക്കൊണ്ട് മൂന്നു കോളേജുകളിലേയും, കേന്ദ്ര സ്ക്കൂളുകളിലേയും വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ക്കൂൾ സമുച്ചയം ആരംഭിക്കണം. ഇത് ഫലപ്രദമായി നടത്തുകയും അതിൻെറ മോണിട്ടറിംഗ് നിർവ്വഹിക്കുകയും വേണം.

8 അതാതു സ്ക്കൂളിനു ചുറ്റുമുള്ള രക്ഷാകർത്താക്കളേയും യുവജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് സ്ക്കൂൾ സംരക്ഷണസംഘങ്ങൾ സംഘടിപ്പിക്കുകയും രാത്രികാല സൂക്ഷിപ്പ് നിർബന്ധമാക്കുകയും ചെയ്യുക.

9 നിർദ്ധനരായ വിദ്യാർത്ഥികൾക്കു പാഠപുസ്തകങ്ങൾ സൗജന്യമായോ സൗജന്യ നിരക്കിലോ കൊടുക്കണം.

10 പ്രഥമ അദ്ധ്യാപകർ വർഷത്തിൽ ഒരു അദ്ധ്യാപകൻെറ മൂന്നു ക്ലാസ്സിലെങ്കിലും മോണിട്ടറിങ്ങിനു വിധേയമാക്കണം.

11 സ്ക്കൂളുകളിൽ നേച്ചർ ക്ലബ്ബുകൾ, പരിസ്ഥിതി ക്ലാസ്സുകൾ, ആരോഗ്യ ക്ലാസ്സുകൾ, എന്നിവ സംഘടിപ്പിക്കുകയും രണ്ടാഴ്ചയിലൊരിക്കൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നു സ്ക്കൂൾ പരിസരം വൃത്തിയാക്കുകയും വേണം.

12 കൊല്ലം പട്ടണത്തിലെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന ആശു പത്രി കളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുക.

13 കൊല്ലം പട്ടണത്തിലോ, പരിസരത്തിലോ ഒരു ലാ കോളേജ് സ്ഥാപിക്കുക.

14 പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുതടയാൻ അവർക്ക് സൗജന്യ യാത്രയും സൗജന്യ യൂണിഫാറവും മറ്റു സൗകര്യങ്ങളും ഏർപ്പെടുത്തണം.

15 മത്സ്യത്തൊഴിലാളി മേഖലയായ പള്ളിത്തോട്ടം, മൂതാക്കര, വാടി, തങ്കശ്ശേരി എന്നീ ഭാഗങ്ങളിൽ പ്രീ പ്രൈമറി ആൻറ് പ്രൈമറി സ്ക്കൂളുകൾ സ്ഥാപിക്കണം.

16 ബീച്ച് സൗത്ത്, നോർത്ത്, ഈസ്റ്റ് എന്നീ വാർഡുകളുടെ മദ്ധ്യഭാഗത്ത് ഒരു ഫിഷറീസ് ടെക്നിക്കൽ സ്ക്കൂൾ ആരംഭിക്കണം.

17 അഞ്ചു വർഷം തുടർച്ചയായി എസ്. എസ്. എൽ. സി. റിസൾട്ടിൽ പുരോഗതിയുണ്ടാക്കുന്ന സർക്കാർ മേഖലയിലെ ഹൈസ്ക്കൂളിന് പ്രത്യേക അവാർഡ് പ്രഖ്യാപിക്കുക.

18 മുനിസിപ്പൽ പ്രദേശത്തെ വിദ്യാലയങ്ങളിലെ അക്കാദമിക് കാര്യങ്ങൾക്ക് നേതൃത്വവും ദിശാനിർണ്ണയവും നൽകുന്നതിന് പരിചയ സമ്പന്നരായ അദ്ധ്യാപകരെയും പെൻഷനായ അദ്ധ്യാപകരേയും ഉൾപ്പെടുത്തി ഒരു അക്കാദമിക് കൗൺസിൽ രൂപീകരിക്കണം. അവരുടേത് സന്നദ്ധ പ്രവർത്തനം ആയിരിക്കണം.

6.5

# പൊതുജനാരോഗ്യം

ആരോഗ്യമുള്ള പൗരന്മാർ ഏതൊരുരാജ്യത്തിന്റെയും സമ്പത്താണ്. ഉയർന്ന ആരോഗ്യ നിലവാരം പുലർത്തേണ്ടതു രാഷ്ട്രനന്മയ്ക്കു അത്യന്താപേക്ഷിതമാണ്. ഭരണഘടനയിലെ നിർദ്ദേശകതത്വങ്ങൾ അനുസരിച്ച് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനും പോഷകനിലവാരം ഉയർത്തുന്നതിനും സർക്കാർ ശ്രമിക്കണം എന്ന് അനുശാസിക്കുന്നുണ്ട്.

പ്രാഥമികാരോഗ്യത്തെകുറിച്ചു അൽമാ അട്ടയിൽ കൂടിയ അന്താരാഷ്ട്ര സമ്മേളനത്തിൽ 1978 സെപ്റ്റംബർ മാസം 12ാം തീയതി പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ "രണ്ടായിരാമാണ്ടോടെ ഏവർക്കും ആരോഗ്യം" എന്ന ലക്ഷ്യം കൈവരിക്കണമെന്നു തീരുമാനിച്ചു. ഇൻഡ്യ ഉൾപ്പെടെ 134 രാഷ്ട്രങ്ങൾ ഈ പ്രഖ്യാപനത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

രണ്ടായിരാമാണ്ടോടെ ഏവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തിൽ എത്തുന്നതിനുവേണ്ടിയും കുട്ടികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള 1990കളിലെ ഉച്ചകോടി ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ ലക്ഷ്യങ്ങളിൽ ഏറെയും കേരളത്തിൽ ഇപ്പോൾതന്നെ കൈവരിച്ചിട്ടുണ്ടെന്നു നമുക്ക് അഭിമാനിക്കാം. കുറെയേറെ ലക്ഷ്യങ്ങൾ കൈവരിച്ചതിനാൽ കേരളസർക്കാർ കൂടുതൽ ഉയർന്ന ലക്ഷ്യങ്ങൾ 2000ആണ്ടോടെ കൈവരിക്കണമെന്നു തീരുമാനിച്ചിട്ടുണ്ട്. നാം ഈ ലക്ഷ്യങ്ങൾ കൈവരിക്കാനുള്ള ശ്രമിത്തിലാണിപ്പോൾ.

പ്രതിശീർഷ വരുമാനം വളരെ കുറവാണെങ്കിൽ പോലും ഉയർന്ന ആരോഗ്യ നിലവാരം പുലർത്താൻ കേരളീയരായ നമുക്കു കഴിഞ്ഞിട്ടുണ്ട്. ഈ കാര്യത്തിൽ നാം ലോകത്തിനു തന്നെ ഒരു മാതൃകയാണ്. "കേരളമാതൃക" എന്ന് ഇതിനെ വിശേഷിപ്പിക്കുന്നു.

പൊതുജനാരോഗ്യകാര്യത്തിൽ കൊല്ലം പട്ടണവും ഒട്ടും തന്നെ മോശമല്ല. ജനനനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, സാക്ഷരത എന്നിവയിൽ എല്ലാംതന്നെ കൊല്ലം പട്ടണവും കേരളത്തിലെ മറ്റു സ്ഥലങ്ങളിലെപോലെതന്നെ മെച്ചപ്പെട്ടനിലവാരം പുലർത്തുന്നതായി കാണാം.

## പൊതുജനാരോഗ്യത്തെ ബാധിക്കുന്ന ഘടകങ്ങൾ

ഒരു പ്രദേശത്തെ ജനതയുടെ ആരോഗ്യം അവിടത്തെ ജനസംഖ്യ, ജനസാന്ദ്രത, ലഭ്യമായ ആരോഗ്യസൗകര്യങ്ങൾ, പരിസ്ഥിതി, സാക്ഷരത, ശുചിത്വം, രോഗനിവാരണ പ്രവർത്തനങ്ങൾ, പോഷകാഹാരത്തിന്റെലഭ്യത, ജീവിതരീതി, തൊഴിൽ, സാമൂഹ്യ സാമ്പത്തിക നിലവാരം, സാമൂഹ്യക്ഷേമ പദ്ധതികൾ, പാർപ്പിട സൗകര്യങ്ങൾ, സാനിറ്ററി കക്കൂസുകളുടെ ലഭ്യത, ശുദ്ധമായ കുടിവെള്ളത്തിന്റെ ലഭ്യത, കാർഷിക വ്യവസായ മേഖലകളുടെ പ്രവർത്തനം, ജീവിത നിലവാരം തുടങ്ങി ഒട്ടനവധി ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇതിൽ തൊഴിൽ സാമൂഹിക സാമ്പത്തിക നിലവാരം, സാമൂഹ്യ ക്ഷേമ പദ്ധതികൾ, പാർപ്പിടം, കുടിവെള്ളം, കാർഷിക വ്യവസായ മേഖല, ജീവിതനിലവാരം തുടങ്ങിവയ പ്രത്യേകമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല.

### ജനസംഖ്യ-ജനസാന്ദ്രത

കൊല്ലം മുനിസിപ്പാലിറ്റി നിലവിൽ വന്ന 1921ൽ ഇവിടത്തെ ജനസംഖ്യ 25690 ആയിരുന്നു. അതു പടിപടിയായി വർദ്ധിച്ചു

1991-ൽ 1,39,852 ആയി. ഓരോ പത്തുവർഷത്തെ ജനസംഖ്യ താഴെ കൊടുത്തിരിക്കുന്നു.




ജനസംഖ്യാ വളർച്ചാ നിരക്ക് പരിശോധിച്ചാൽ 1931/41 കാലയളവിലാണ് ഏറ്റവും കൂടുതൽ വളർച്ചാനിരക്കു ഉണ്ടായിട്ടുള്ളത്. ടി കാലയളവിലും 1951, 1961 എന്നീ വർഷങ്ങളിലും സമീപസ്ഥലങ്ങൾ പട്ടണത്തോട് ചേർത്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ ജനസംഖ്യാ വളർച്ചാനിരക്കു കൂട്ടാൻ ഇതും കാരണമായിട്ടുണ്ട്. ഉയർന്ന സാക്ഷരതയുടെയുംവർദ്ധിച്ച കുടുംബക്ഷേമ പ്രവർത്തനങ്ങളുടെയും ഫലമായി നമ്മുടെ പട്ടണത്തിലെ ജനസംഖ്യാ വളർച്ചാനിരക്ക് ഇപ്പോൾ ഗണ്യമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.




കൊല്ലം പട്ടണത്തിലെ ജനസാന്ദ്രത ഇപ്പോഴും വളരെ ഉയർന്ന നിരക്കിലാണ് 1921ൽ കൊല്ലം നഗരം രൂപീകൃതമായപ്പോൾ അതിന്റെ വിസ്തീർണ്ണം 11.74 ച: കി.മി. ആയിരുന്നു. 1941ൽ ഇതു 15. 91ച:കി:മി: ആയും, 1951ൽ തങ്കശ്ശേരി കൂട്ടിച്ചേർത്തു 16.30 ച:കി:മീ: ആയും, 1961ൽ ശക്തികുളങ്ങര പഞ്ചായത്തിന്റെ ഭാഗങ്ങൾ കൂട്ടിച്ചേർത്തു 18.48 ച:കി:മി:ആയും വർദ്ധിപ്പിച്ചു. സ്ഥലം കൂടിയെങ്കിലും ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ള ജനസംഖ്യാ വർദ്ധനവു മൂലം കൊല്ലം പട്ടണത്തിലെ ജനസാന്ദ്രത ഉയർന്നുകൊണ്ടിരിക്കുന്നു.




1991ൽ ഇൻഡ്യയുടെ ജനസാന്ദ്രത 267ഉം കേരളത്തിലേതു 749ഉം ആണ്. കൊല്ലം പട്ടണത്തിലെ ജനസാന്ദ്രത ഇതുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കൂടുതലാണ് (7568). ഇത്രയും ഉയർന്ന ജനസാന്ദ്രത ആരോഗ്യപ്രശ്നങ്ങളും ക്രമസമാധാന പ്രശ്നങ്ങളും ഉണ്ടാക്കുന്നതിന് കാരണമായി തീരാവുന്നതാണ്. പട്ടണത്തിലെ തീരപ്രദേശത്തെ എട്ടു വാർഡുകളിലെ ജനസാന്ദ്രത 13,156 (1991) ആണ്. ഇതു ഒരു ഗുരുതരമായ പ്രശ്നമായി കണക്കാക്കേണ്ടതാണ്.

## ആരോഗ്യരക്ഷാസൗകര്യങ്ങൾ

നഗരത്തിൽ അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.

| സ്ഥാപനങ്ങൾ | സർക്കാർ | | സ്വകാര്യ സ്ഥാപനങ്ങൾ | | മൊത്തം | |
|---|---|---|---|---|---|---|
| | എണ്ണം | കിടക്കകൾ | എണ്ണം | കിടക്കകൾ | എണ്ണം | കിടക്കകൾ |
| ആശുപത്രികൾ | 6 | 950 | 21 | 1249 | 27 | 2199 |
| ഡിസ്പെൻസറികൾ | 7 | - | 70 | - | 77 | - |
| നഗരസഭയുടെ മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾ | 12 | - | - | - | 12 | - |

മുകളിൽ കാണിച്ചിട്ടുള്ള 27 ആശുപത്രികളിൽ 4 എണ്ണം ഒഴികെ മറ്റുള്ളവയെല്ലാം തന്നെ അലോപ്പതി ആശുപത്രികൾ ആ

ണ്. നഗരത്തിലെ ആശുപത്രികളിലെ സേവനം നഗരത്തിനു പുറത്തുള്ള ധാരാളം ആളുകളും ഉപയോഗപ്പെടുത്തുന്നുണ്ട്. സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ പരിശോധിച്ചാൽ കൊല്ലം പട്ടണത്തിലെ 147 പേർക്കു വീതം ഓരോ കിടക്കയും മൊത്തം സൗകര്യങ്ങൾ എടുത്താൽ 63 പേർക്കു ഒരു കിടക്കയും ലഭ്യമാണ്. ഇതു തൃപ്തികരമാണ്. കേരളത്തിൽ 767 പേർക്കു ഒരു കിടക്കയും ഇൻഡ്യയിൽ 1428 പേർക്ക് ഒരു കിടക്കയും എന്ന നിരക്കിലാണ് ആശുപത്രി സൗകര്യങ്ങൾ ലഭ്യമായി ഉള്ളത്.

എന്നാൽ പരീക്ഷിച്ചു വിജയമെന്ന് പരക്കെ അംഗീകരിച്ചിട്ടുള്ളതും ഗ്രാമപ്രദേശങ്ങളിൽ ലഭ്യമായതുമായ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ നഗരത്തിലില്ല. ജനതയ്ക്ക് പ്രാഥമിക ആരോഗ്യ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് നഗരസഭ നടത്തുന്ന 12 മാതൃശിശുസംരക്ഷണകേന്ദ്രങ്ങളാണ് പ്രധാനമായും ഉള്ളത്. ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികആരോഗ്യകേന്ദ്രങ്ങളുമായി തുലനം ചെയ്യാൻ ഇവയുടെ സൗകര്യങ്ങൾ വളരെവളരെ കുറവാണ്. ഈ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെയും ശരിയായ രീതിയിൽ പരിശീലനം ലഭിച്ച ജീവനക്കാരുടെയും കുറവുണ്ട്. വിക്ടോറിയ ആശുപത്രിയിൽ പ്രവർത്തിക്കുന്ന പോസ്റ്റ്പാർട്ടം യൂണിറ്റും (മാതൃശിശുസംരക്ഷണ സംവിധാനം) പട്ടണത്തിൽ പ്രാഥമിക ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

നഗരത്തിൽ രോഗപ്രതിരോധ ചികിത്സാ സൗകര്യങ്ങൾ പ്രധാനമായും വിക്ടോറിയ ആശുപത്രിയിലാണ് ഇപ്പോൾ ലഭിക്കുന്നത്. കൂടാതെ മിക്ക സ്വകാര്യ ആശുപത്രികളിലും ഇവ ലഭ്യമാണ്. എന്നാൽ രോഗപ്രതിരോധ ചികിത്സ ലഭിക്കുന്നതിന് ഫീസ് ഈടാക്കുന്നുണ്ട്.

## പരിസ്ഥിതി

ഭൂമി, വായു, ജലം, താപം, വെളിച്ചം ഇവയെല്ലാം ആരോഗ്യവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊല്ലം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന കൊല്ലംതോട്, പട്ടണത്തിൽ നിന്നുള്ള അഴുക്കുവെള്ളവും സ്വകാര്യ കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങളും കൂടി ചേർന്ന് മലിനപ്പെടുത്തി ഒരു പൊതുജനാരോഗ്യ പ്രശ്നവും കൊതുകുവളർത്തൽ കേന്ദ്രവുമായി നിലകൊള്ളുകയാണ്. വാഹനങ്ങളുടെ എണ്ണം അടുത്ത കാലത്തായി വളരെ കൂടിയിട്ടുള്ളതിനാൽ അതുമൂലമുള്ള മലിനീകരണവും കൂടിയിട്ടുള്ളതായി കാണാം. അപൂർവ്വം ചില ഫാക്ടറികൾ ഒഴിച്ചു മറ്റു വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നില്ല. എന്നാൽ പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം ഭാവിയിൽ വലിയ ഒരു പരിസ്ഥിതി പ്രശ്നം ആകുവാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയുകയില്ല.

## ശുചീകരണ പ്രവർത്തനങ്ങൾ

ഉയർന്ന പൊതുജനാരോഗ്യ നിലവാരത്തിനും രോഗങ്ങളെ തടയുന്നതിനും ശരിയായ ശുചീകരണപ്രവർത്തനങ്ങൾ ആവശ്യമാണ്. കൊല്ലം നഗരത്തെ ശുചീകരണ പ്രവർത്തനങ്ങൾക്കായി അഞ്ചു ഡിവിഷനുകളായി വിഭജിച്ചിട്ടുണ്ട്. ഈ ഡിവിഷനുകളുടെ പരിധിയിൽ ഉള്ള വാർഡുകളും അവയിൽ ശുചീകരണ ജോലികൾ ചെയ്യുന്ന ജീവനക്കാരുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.

ആറു കി:മി: നാഷണൽ ഹൈവേയും 50.54 കി:മി: പി.ഡബ്ലിയു.ഡി റോഡും 177.4 കി:മി: മുനിസിപ്പൽ റോഡും അടക്കം മൊത്തം 233.94കി:മി: റോഡുകളും ധാരാളം ഓടകളും ഉള്ള നഗരത്തിലെ ആരോഗ്യവിഭാഗത്തിൽ ഉള്ള 162 കണ്ടിജന്റ് ജീവനക്കാരിൽ വാച്ചുമാൻമാരും, ഡിപ്പോ ജോലിക്കാരും, അറവുശാല ജീവനക്കാരും, ഓഫീസ് ശുചീകരണത്തിനുള്ള ജീവനക്കാരും മറ്റു ജോലികൾക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരും കഴിച്ച് 135 ജീവനക്കാരെയാണ് പൊതുസ്ഥലങ്ങളിലെ ശുചീകരണ പ്രവർത്തനത്തിന് ലഭിക്കുന്നത്. ഇതിൽ 79 പേർ സ്ത്രീകളാണ്. വാഹനങ്ങളിൽ ചവർ മാറ്റാൻ പോകുന്ന 22 പേരെ ഒഴിച്ചാൽ ബാക്കിയുള്ള 36 പുരുഷതൊഴിലാളികളാണ്, ഓട കോരാനും ചവറടിച്ചു കൂട്ടാനുമായി ഉള്ളത്. ഇത്രയും ജീവനക്കാരെ വച്ച് തൃപ്തികരമായ രീതിയിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്താൻ കഴിയുകയില്ല.

നഗരത്തിൽ 80ൽ പരം സ്ഥലങ്ങളിൽ ശുചീകരണ ജീവനക്കാർതൂത്തു കൂട്ടുന്നതും പൊതുജനങ്ങൾ കൊണ്ടിടുന്നതുമായ ചപ്പുചവറുകൾ നഗരസഭ വാഹനങ്ങളിൽ കയറ്റി കുരീപ്പുഴയിലെ ചവറുഡിപ്പോയിൽ നിക്ഷേപിക്കുന്നു. ചവറു മാറ്റുന്നതിനായി നഗരസഭയ്ക്ക് ഇപ്പോൾ ഒരു ടിപ്പർ ലോറിയും, ഒരു മിനി ലോറിയും, അഞ്ചു ട്രാക്ടറും, ഒരു മിനി ട്രാക്ടറും അടക്കം 8 വാഹനങ്ങളാണുള്ളത്. ഈ വാഹനങ്ങളിൽ എല്ലാം കൂടി പ്രതിദിനം 30–35 ടൺ ചവറുമാത്രമേ മാറ്റാൻ കഴിയുകയുള്ളൂ. നഗരത്തിൽ ഒരുദിവസം 50 ടൺ ചവറ് ഉണ്ടാകുന്നതായാണ് കണക്കുകൂട്ടിയിട്ടുള്ളത്. മുഴുവൻ ചപ്പുചവറും ദിവസവും മാറ്റാനുള്ള വാഹനസൗകര്യം നിലവിൽ ഇല്ല.

അപരിഷ്കൃതമായ രീതിയിലുള്ള ചവറു ശേഖരണവും മാറ്റലും ആണ് നടത്തിവരുന്നത്. ഇങ്ങനെ മാറ്റുന്ന ചവറുകൾ കുരീപ്പുഴയിലുള്ള ഡിപ്പോയിൽ കൊണ്ടുനിക്ഷേപിക്കുന്നു. മുൻകാലത്ത് ഡിപ്പോയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവന്ന കമ്പോസ്റ്റ് പ്ലാന്റ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. ഇവിടെ ചപ്പുചവറുകൾ കൂട്ടിയിടുന്നത് ഒരു പരിസ്ഥിതി പ്രശ്നമായിക്കൊണ്ടിരിക്കുകയാണ്.

ശുചീകരണപ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന സൂപ്പർ വൈസറി ഉദ്യോഗസ്ഥൻമാരായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ഹെൽത്ത് ഓഫീസർ തുടങ്ങിയവർക്ക് ശുചീകരണപ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനു പുറമേ മറ്റനേകം ജോലികളും ചെയ്യേണ്ടതായി ഉണ്ട്.

## രോഗനിവാരണ പ്രവർത്തനങ്ങൾ

സാംക്രമിക രോഗങ്ങൾ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ കൊല്ലം പട്ടണത്തിലും നടത്തിവരുന്നു. ഇതിൽ പ്രധാനം കൊതുകു നിവാരണ പ്രവർത്തനമാണ്.

കൊല്ലം തോടിന്റെ പടിഞ്ഞാറുള്ള 17 വാർഡുകളിൽ നഗരസഭയുടെ ആഭിമുഖ്യത്തിലും കിഴക്കുള്ള 19 വാർഡുകളിൽ ആരോഗ്യ വിഭാഗത്തിന്റെ കീഴിലുള്ള എൻ.എഫ്.സി.പി. യൂണിറ്റിന്റെ

നേതൃത്വത്തിലുമാണ് കൊതുകു നിവാരണപ്രവർത്തനങ്ങൾ നടത്തിവരുന്നത്. കൊതുകു നിവാരണത്തിനുള്ള മുഖ്യപ്രവർത്തനം കൂത്താടികളെ നശിപ്പിക്കുന്നതിനുള്ള അബേറ്റ്, ബയിറ്റിക്സ് തുടങ്ങിയ കൂത്താടി നാശിനി വെള്ളം കെട്ടിനിൽക്കുന്ന പ്രദേശങ്ങളിൽ തളിക്കുന്നതാണ്. എൻ.എഫ്.സി.പി.യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വീടുകൾ തോറുമുള്ള രക്തപരിശോധനയും ജില്ലാ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ എല്ലാ ബുധനാഴ്ച രാത്രി 8 മണി മുതൽ 10 മണി വരെയുള്ള രക്തപരിശോധനകളും നടത്തിവരുന്നു. 1996 ജാനുവരി മുതൽ ഒക്ടോബർ വരെ 9496 പേരുടെ രാത്രികാല രക്തപരിശോധന നടത്തി. 32 രോഗാണുവാഹകരെയും 16 രോഗികളെയും കണ്ടെത്തുകയുണ്ടായി. കൂത്താടി നാശിനി പ്രയോഗത്തിന് പുറമെ നഗരസഭയിൽ നിന്നും നഗരത്തിലെ എല്ലാ സെപ്റ്റിക് ടാങ്കുകളുടെയും എയർ ഹോളിൽ കൊതുകു വലകെട്ടുന്ന പ്രവർത്തനവും നഗരസഭയുടെയും ഹെൽത്ത് സർവീസ് ഡിപ്പാർട്ടുമെന്റിന്റെയും സംയുക്താഭിമുഖ്യത്തിൽ മാലത്തിയോൺ ഫോഗിംങും നടത്തിവരുന്നുണ്ട്.

കൊതുകു നിവാരണപ്രവർത്തനത്തിനായി കൊല്ലം പട്ടണത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| | നഗരസഭ | എൻ.എഫ്.സി.പി. |
|---|---|---|
| ബയോളജിസ്റ്റ് | – | 1 |
| ഹെൽത്ത് ഇൻസ്പെക്ടർ | 1 (ഭാഗികം) | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ/ഫീൽഡ് അസിസ്റ്റന്റ് | 1 (ഒഴിഞ്ഞു കിടക്കുന്നു) | 10 |
| ജീവനക്കാർ | 19 | 37 |
| ലാബ് ടെക്നീഷ്യൻ | – | 1 |
| ഇൻസെക്റ്റ് കളക്ടർ | – | 2 |
| ഡ്രൈവർ | – | 1 |

എൻ.എഫ്.സി.പി. യൂണിറ്റിന് ഒരു വാഹനം ജീവനക്കാരെയും മരുന്നും, പമ്പും കൊണ്ട് പോകുന്നതിനുവേണ്ടി മാത്രമായുണ്ട്.

പേവിഷബാധ തടയുന്നതിന് നഗരസഭയുടെ ആഭിമുഖ്യത്തിൽ തെരുവുനായ്ക്കളെ നശിപ്പിച്ചുവരുന്നു. 1990–91ൽ 1472ഉം, 1991–92ൽ 1139ഉം, 1992–93ൽ 859ഉം, 1993–94ൽ 1178ഉം, 1994–95ൽ 508ഉം, 1995–96ൽ 460ഉം നായ്ക്കളെ നശിപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധരായ നായ പിടിത്തക്കാരുടെ അഭാവം ഈ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഒരു നായയെ പിടിച്ചു നശിപ്പിക്കുന്നതിന് 10 രൂപാ വീതം നഗരസഭയിൽ നിന്നും നൽകിവരുന്നു.

സാംക്രമികരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി പട്ടണത്തിലെ ഹോട്ടലുകളിലെ ശുചീകരണവും ആഹാരസാധനങ്ങളുടെ ഗുണനിലവാരവും പരിശോധിച്ചു വരുന്നു. ലൈസൻസ് ഉള്ള 258 ഹോട്ടലുകളാണ് പട്ടണത്തിൽ ഉള്ളത്. ആഹാരത്തിൽ മായം ചേർക്കൽ നിരോധന നിയമപ്രകാരം ആഹാരസാമ്പിളുകൾ എടുക്കുന്നതിന് നഗരസഭയിൽ ഒരു ഫുഡ് ഇൻസ്പെക്ടർ ഉണ്ട്. 1993–94ൽ 150ഉം, 1994–95ൽ 208ഉം, 1995–96ൽ 147ഉം സാമ്പിളുകൾ പരിശോധനയ്ക്ക് എടുത്തിട്ടുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്തുനിന്നുള്ള മൊബൈൽ വിജിലൻസ് ഫുഡ് ഇൻസ്പെക്ടർമാരും സാമ്പിൾ എടുക്കാറുണ്ട്.

മികച്ച ഭക്ഷ്യയോഗ്യമായ ഇറച്ചി നൽകുന്നതിനായി മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിനുള്ള സൗകര്യം നഗരസഭ വടക്കുംഭാഗം വാർഡിലുള്ള അറവുശാലയിൽ ചെയ്തിട്ടുണ്ട്. പ്രസ്തുത അറവുശാലയിൽ ഒരു മൃഗഡോക്ടറുടെ സേവനം (പാർട്ട് ടൈം) മൃഗസംരക്ഷണ വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. കശാപ്പു ചെയ്യുന്നതിനു മുൻപും കശാപ്പിനു ശേഷവും വിശദമായ പരിശോധന നടത്തി നല്ല മാംസം മാത്രമേ വിൽപ്പനയ്ക്ക് നൽകാറുള്ളൂ. 1995–96 വർഷവും 1996–97ൽ ഒക്ടോബർ വരെയും കശാപ്പു ചെയ്ത മൃഗങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| | 1995–96 | 1996–97 ഒക്ടോബർ വരെ |
|---|---|---|
| കാള | 3262 | 1317 |
| എരുമ | 219 | 155 |
| പശു | 2538 | 2931 |
| ആട് | 22847 | 14671 |

അനധികൃത കശാപ്പു തടയുന്നതിനും ഹോട്ടലുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും ഒരു ഹെൽത്ത് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു.

## സാക്ഷരത

കേരളത്തിലെയും കൊല്ലം പട്ടണത്തിലെയും ഉയർന്ന ആരോഗ്യ നിലവാരത്തിന്റെ പ്രധാന കാരണം ജനങ്ങളുടെ സാക്ഷരതാ നിരക്ക് പ്രത്യേകിച്ച് സ്ത്രീകളുടെ സാക്ഷരതാ നിരക്കാണ്. കൊല്ലം പട്ടണത്തിലെ 92.76 ശതമാനം പുരുഷന്മാരും, 88.67 ശതമാനം സ്ത്രീകളും സാക്ഷരരാണ്.



## പോഷകനിലവാരം

1992-93ൽ നടത്തിയ നാഷണൽ ഫാമിലി ഹെൽത്ത് സർവേ പ്രകാരം കേരളത്തിൽ 29% കുട്ടികൾക്ക് പോഷകക്കുറവുള്ളതാ

| | കൊല്ലം പട്ടണം | | | കേരളം | ഇൻഡ്യ |
|---|---|---|---|---|---|
| | 1992 | 1993 | 1994 | 1993 | 1993 |
| ജനനനിരക്ക് | 16.65 | 16.00 | 16.20 | 17.3 | 28.7 |
| മരണനിരക്ക് | 4.21 | 3.84 | 3.79 | 6.0 | 9.3 |
| ശിശുമരണനിരക്ക് | 18.85 | 13.75 | 10.9 | 13 | 74 |
| മാതൃമരണ നിരക്ക് | | | | 80/1,00,000 | 500/1,00,000 |
| മൊത്തം ജനനം | 2334 | 2247 | 2276 | | |
| മൊത്തം മരണം | 591 | 540 | 533 | | |

### ഇനി 1992 മുതൽ 94വരെ കൊല്ലം പട്ടണത്തിൽ ഉണ്ടായിട്ടുള്ള മരണങ്ങളുടെ കാരണം

| മരണ കാരണം | 1992 | | | 1993 | | | 1994 | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | മൊത്തം | ആൺ | പെൺ | മൊത്തം | ആൺ | പെൺ | മൊത്തം |
| ഹൃദയ സംബന്ധമായ രോഗങ്ങൾ | 73 | 37 | 110 | 69 | 36 | 105 | 90 | 63 | 153 |
| ശ്വാസകോശ സംബന്ധമായ രോഗങ്ങൾ | 5 | 10 | 15 | 15 | 11 | 26 | 20 | 12 | 32 |
| ക്യാൻസർ സംബന്ധമായ രോഗങ്ങൾ | 6 | 8 | 14 | 7 | 1 | 8 | 6 | 17 | 17 |
| വയറിളക്ക രോഗങ്ങൾ | – | 1 | 1 | – | – | – | – | – | – |
| മറ്റുരോഗങ്ങൾ | 262 | 189 | 451 | 226 | 175 | 401 | 189 | 142 | 331 |

യി കണ്ടിട്ടുണ്ട്. ഇത് കേരളത്തിലെ നഗരങ്ങളിൽ 22.9% ആണ്. ഏറ്റവും കൂടുതൽ പോഷകക്കുറവ് അനുഭവപ്പെടുന്നത് 1 വയസ്സിനും 2 വയസ്സിനും ഇടയിലുള്ള കുട്ടികളിലാണ്.

കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനും കുട്ടികളുടെ ശരിയായ വളർച്ചയ്ക്കുമായി അപ്ഗ്രേഡ്ഡ്സ്പെഷ്യൽ ന്യൂട്രീഷ്യൻ പ്രോഗ്രാം (യു.എസ്.എൻ.പി.) അനുസരിച്ച് 49 അങ്കണവാടികൾ കൊല്ലം പട്ടണത്തിൽ പ്രവർത്തിക്കുന്നു. ഈ അങ്കണവാടികളിൽ 3 വയസ്സിൽ താഴെയുള്ള 1569 കുട്ടികളും 3 നും 6നും ഇടയ്ക്ക് പ്രായമുള്ള 889 കുട്ടികളും 1289 ഗർഭിണികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3 നും ആറിനും ഇടയ്ക്ക് പ്രായമുള്ള കുട്ടികൾക്ക് കഞ്ഞിയും പയറും നൽകിവരുന്നു.

നഗരസഭ നേരിട്ടു നടത്തിവരുന്ന 6 നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് പോഷകാഹാരം ഒന്നുംതന്നെ നൽകുന്നില്ല.

## സാനിറ്ററി കക്കൂസുകൾ

കൊല്ലം നഗരത്തിലെ 26713 കുടുംബങ്ങളിൽ ഏകദേശം 3000 ത്തോളം കുടുംബങ്ങൾക്ക് ശരിയായ സാനിറ്ററി കക്കൂസുകൾ ഇല്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്.

സാനിറ്ററി കക്കൂസുകൾ ലഭ്യമാക്കുന്നതിന് നഗരസഭയിൽ നടപ്പാക്കിക്കൊണ്ടിരുന്ന ലോ കോസ്റ്റ് സാനിറ്റേഷൻ പ്രോഗ്രാം പ്രകാരം കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ടെങ്കിലും അവ പൂർണ്ണമായി പ്രയോജനപ്പെടുന്നില്ല. ഇതുവരെ 1906പേർക്ക് ഈ പദ്ധതിപ്രകാരം ലോൺ നൽകിയിട്ടുണ്ട്. അപര്യാപ്തമായ തുക (ലോണും സബ്സിഡിയുമായി 1528 രൂപാ നല്കുന്നതിനാൽ കക്കൂസുകളുടെ നിർമാണം പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. ദീർഘമായ തിരിച്ചടവ് കാലാവധിയും ഒരു തടസ്സമായി നിൽക്കുന്നു. സ്കീം പ്രകാരം സ്വന്തമായി ഭൂമി ഉള്ളവർക്കു മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ഇനി 956പേർക്ക് കൂടി ഈ പദ്ധതിപ്രകാരം ലോൺ നൽകാവുന്നതാണ്.

നഗരദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരവും കക്കൂസുകൾ നിർമ്മിച്ചു കൊടുത്തുവരുന്നു. ഇവ കൂടാതെ പട്ടണത്തിൽ 9 പൊതു കക്കൂസുകളും രണ്ട് മൂത്രപ്പുരകളും ഉണ്ട്.

## കൊല്ലം ഡ്രെയിനേജ് സ്കീം

2001-ാം ആണ്ടിൽ 2,40,000 പേർക്ക് പ്രയോജനം ലഭിക്കണമെന്ന ലക്ഷ്യത്തോടെ 1980ൽ ആരംഭിച്ച സ്കീം ഇപ്പോൾ മുടങ്ങിക്കിടക്കുകയാണ്. പട്ടണത്തെ 11 മേഖലകളായി തിരിച്ച് 4 മേഖലകളിൽ ഒന്നാംഘട്ടമായി പണികൾ ആരംഭിച്ചു. പള്ളിത്തോട്ടം, താമരക്കുളം, ആണ്ടാമുക്കം, ബീച്ച് ഈസ്റ്റ്, സൗത്ത്, നോർത്ത്, വടക്കുംഭാഗം, കോട്ടയ്ക്കകം, കച്ചേരി, തേവള്ളി, പാലസ്, കൈക്കുളങ്ങര സൗത്ത്, നോർത്ത്, തങ്കശ്ശേരി, പുന്നത്തല, കൺട്രോൺമെന്റ് എന്നീപ്രദേശങ്ങളിലെ ചില ഭാഗങ്ങളാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ റോഡിൽ കുറച്ചു സ്ഥലങ്ങളിൽ പൈപ്പു കുഴിച്ച് ഇട്ടതൊഴിച്ചാൽ മറ്റു പ്രവർത്തനങ്ങൾ ഒന്നുംതന്നെ കാര്യമായി മുന്നോട്ടു പോയിട്ടില്ല. പക്ഷേ, 468ലക്ഷം രൂപ ചിലവാകുമെന്ന് പ്രതീക്ഷിച്ച് തുടങ്ങിയ സ്കീമിന് ഇന്നേവരെ എൻ.ഐ.സി. യിൽ നിന്നും ലോൺ ലഭിച്ച തുക ഉൾപ്പടെ 412.51ലക്ഷം രൂപ ചിലവിട്ടു കഴിഞ്ഞു. ഒന്നാംഘട്ടം പൂർത്തിയാക്കണമെങ്കിൽ ഇനിയും 1476ലക്ഷം രൂപ കൂടി വേണമെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്.

## ആരോഗ്യ സ്ഥിതിവിവര കണക്കുകൾ

കൊല്ലം നഗരസഭയിൽ ആരോഗ്യ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഒരു സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രവർത്തിക്കുന്നു. ഇതുകൂടാതെ ജനനമരണ രജിസ്ട്രേഷൻ വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. പട്ടണത്തിലെ ചില സ്ഥിതി വിവരകണക്കുകൾ താഴെ കൊടുത്തിരിക്കുന്നു. താരതമ്യ പഠനത്തിന് കേരളത്തിലെയും ഇന്ത്യയിലെയും കണക്കുകളും കൊടുത്തിട്ടുണ്ട്.

നഗരസഭയിലെ ജനനമരണ രജിസ്ട്രേഷൻ വിഭാഗത്തിൽ 1992ൽ 13522 ജനനവും 1976 മരണവും 1993ൽ 12718 ജനനവും 1976 മരണവും 1994ൽ 13000 ജനനവും 1853 മരണവും 1995ൽ 13500 ജനനവും 1966 മരണവും 1996 ഒക്ടോബർ വരെ 11701 ജനനവും 1823 മരണവും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ കൊല്ലം പട്ടണത്തിലെ എല്ലാ ആശുപത്രികളിലും നടക്കുന്ന ജനനവും മരണവും ഉൾപ്പെടുന്നു.

## ശ്മശാനങ്ങൾ

കൊല്ലം നഗരസഭ നേരിട്ടുനടത്തുന്ന രണ്ടു ശ്മശാനങ്ങൾ ഉണ്ട്. ഇതുകൂടാതെ ഇരുപതോളം സ്വകാര്യ ശ്മശാനങ്ങളും ഉണ്ട്.

## ആരോഗ്യ വിദ്യാഭ്യാസം

നഗരസഭയിലെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിലും യു.എസ്.പി. പദ്ധതിപ്രകാരവും ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നടത്തിവരുന്നു. അമ്മമാർക്കും വിഹാഹപ്രായമായ സ്ത്രീകൾക്കും ഉള്ള ഈ ക്ലാസ്സുകളിൽ 50-60 പേർ പങ്കെടുക്കാറുണ്ട്. 1995-96 വർഷം ഇത്തരത്തിലുള്ള 126 ക്ലാസ്സുകൾ സംഘടിപ്പിട്ടുണ്ട്.

## ദേശീയ ആരോഗ്യ പരിപാടികൾ

കേന്ദ്ര സർക്കാരിന്റെ ആരോഗ്യനയത്തിന്റെ ഭാഗമായി പല ദേശീയ ആരോഗ്യ പരിപാടികളും നടത്തിവരുന്നു. അവയിൽ ചിലതു താഴെ കൊടുത്തിരിക്കുന്നു.

1. ദേശീയ മലമ്പനി നിവാരണ പരിപാടി.
2. ദേശീയ മന്തുരോഗ നിയന്ത്രണ രോഗ പരിപാടി
3. ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടി
4. ദേശീയ കുഷ്ഠരോഗ നിവാരണ പരിപാടി
5. ദേശീയ വയറിളക്ക അസുഖ നിയന്ത്രണ പരിപാടി
6. ശിശു അതിജീവിതവും മാതൃസംരക്ഷണവും പരിപാടി
7. ദേശീയ അന്ധത നിയന്ത്രണ പരിപാടി.
8. ദേശീയ കുടുംബക്ഷേമ പരിപാടി
9. സ്കൂൾ ആരോഗ്യ പരിപാടി
10. എയിഡ്സ് നിയന്ത്രണ പരിപാടി

ഇവയെല്ലാം തന്നെ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിലാണ് നടത്തിവരുന്നത്. ദേശീയ മന്തുരോഗ നിയന്ത്രണ പരിപാടി ഭാഗികമായി നഗരസഭയുടെ പങ്കാളിത്തത്തോടെ നടത്തിവരുന്നു.

## ആരോഗ്യ പ്രവർത്തനത്തിനുള്ള ചിലവുകൾ

ലഭ്യമായ കണക്കുകൾ പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയുടെ പ്രവർത്തന ചിലവ് താഴെ കാണിച്ചിരിക്കുന്നു.

1993-94 - 1,53,15,698
1994-95 - 1,62,99,532
1995-96 - 1,66,51,335

ആരോഗ്യ രംഗത്ത് നഗരസഭ കഴിഞ്ഞ മൂന്നുകൊല്ലം ചിലവാക്കിയ തുക പരിശോധിക്കാം.

| | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| നഗരസഭയുടെ മൊത്തം വരുമാനം | 3,38,05,776 | 3,40,86,718 | 3,48,38,662 |
| ആരോഗ്യ രംഗത്തുള്ള ചിലവ് | 1,60,05,816 | 1,36,05,420 | 1,36,56,224 |
| ശതമാനം | 47.3 | 39.9 | 44.9 |

ഈ കണക്കുകളിൽ നിന്നും നാം ചികിത്സാ ആവശ്യങ്ങൾക്കാണ് കൂടുതൽ പണം ചിലവാക്കുന്നതെന്ന് സ്പഷ്ടമാകുന്നതാണ്.

## വാർഡുസഭകളിൽ നിന്നു വന്നിട്ടുള്ള പ്രശ്നങ്ങൾ

1. വീടുകളിലും, മാർക്കറ്റിലും, ഹോട്ടലിലും, പൗൾട്രിഫാമിലും, കല്യാണ മണ്ഡപങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിലും, റോഡുകളിലും, മൈതാനത്തും, ഓടയിലും കൊണ്ടിടുന്നു. ഇത് ഒഴിവാക്കാനായി ചവറു വീപ്പകൾ സ്ഥാപിക്കണം

2. ആശുപത്രികളിൽ വേസ്റ്റ് കത്തിച്ചു കളയാൻ നടപടി ഉണ്ടാകണം

3. പട്ടണത്തിന്റെ എല്ലാ ഭാഗത്തു നിന്നും ദിവസവും ചവറു നീക്കം ചെയ്യണം. ശുചീകരണ വിഭാഗം, ജീവനക്കാരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം. ചവറു നീക്കം ചെയ്യുന്നതിന് മതിയായത്ര വാഹനസൗകര്യം ലഭ്യമാക്കണം.

4. വാർഡുതല ശുചീകരണ ജനകീയ കമ്മിറ്റി രൂപീകരിക്ക

ണം.

5. പൊതുനിരത്തിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതായും, വിസർജ്ജ്യവസ്തുക്കൾ ഒഴുക്കി ഓടയിലും നിരത്തിലും വിടുന്നതായും എല്ലാ വാർഡുകളിൽ നിന്നും പരമാർശമുണ്ട്. കാങ്കത്തുമുക്ക്, മുണ്ടാലുംമൂട് റോഡ്, ഡോക്ടർ വാഹിദിന്റെ വീടിനു വടക്കുവശത്തുകൂടി പടിഞ്ഞാറോട്ടുള്ള റോഡ്, കാനകവയലിൽനിന്നും വടക്കോട്ട് സേനൻപിള്ളയുടെ വീടിന് തെക്കുവശത്തുകൂടി മനയിൽകുളങ്ങരയ്ക്ക് പോകുന്ന റോഡ് എന്നിവടങ്ങളിൽ മലിനജലം പൊതുനിരത്തിൽ ഒഴുക്കി വിടുന്നതായി കാണുന്നു.

6. നഗരത്തിലെ സ്വകാര്യ ആശുപത്രി പരിസരങ്ങളിൽ മലിനജലം കെട്ടിക്കിടക്കാൻ അനുവദിക്കരുത്. നായേഴ്സ് ആശുപത്രി പരസിരത്ത് കെട്ടിനിൽക്കുന്ന അഴുക്കുകളും മാലിന്യങ്ങളും ഡ്രെയിനേജ് ചാനൽ വഴി കായലിലേക്ക് കൊണ്ടുപോകണം. റയിൽവേ കോളനിയിലെ കെട്ടിനിൽക്കുന്ന മലിനജലം (സെപ്റ്റിക് ടാങ്കിൽ നിന്നുള്ളത്) നീക്കം ചെയ്യണം.

7. വണ്ണാൻതോട് മൂന്നുമാസത്തിലൊരിക്കൽ മാലിന്യങ്ങൾ നീക്കി വൃത്തിയാക്കണം. 20ാം വാർഡിലെ കൊച്ചുകാവ് അമ്പലക്കുളം വൃത്തിയാക്കണം.

8. ശുചീകരണപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏൽപിക്കണം എന്ന് 16ാം വാർഡിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്.

9. ഓടകളിൽ ഒഴുക്കില്ലാതെ മലിനജലം കെട്ടിക്കിടന്നു, കൊതുകു പെരുകുകയും ദുർഗന്ധം വമിക്കുകയും ചെയ്യുന്നതായി പരാതിയുണ്ടായി. അടിയന്തിരമായി പൊതുജനപങ്കാളിത്തത്തോടെ പട്ടണത്തിലെ എല്ലാ ഓടകളും വൃത്തിയാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. വെള്ളം ഒലിച്ചു പോകത്തക്ക രീതിയിൽ ശാസ്ത്രീയമായ ഓടയുടെ നിർമ്മാണം നടത്തണം.

10. 15ാം വാർഡിന്റെ വിവിധ ഭാഗങ്ങളിലും, 13ാം വാർഡിൽ ഐ.റ്റി.സി.യുടെ മുൻവശം, 30ാം വാർഡിൽ ഹാർബർ റോഡിന്റെ തെക്കുവശത്തും, ബാലികാമറിയം സ്കൂളിനു സമീപവും പുതുതായി ഓടകൾ നിർമ്മിച്ച് കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കിവിടാനുള്ള സംവിധാനം ഉണ്ടാക്കണം.

11. ഡ്രെയിനേജ് സ്കീം പൂർത്തിയാക്കണമെന്ന് എല്ലാ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

12. ഹരിജൻ കോളനികൾ മറ്റു കോളനികൾ 23.28.32 എന്നീ വാർഡുകളിൽ നിന്നും സൗജന്യമായി കക്കൂസുകൾ നിർമിച്ചു നൽകണമെന്നും 35ാം വാർഡിൽ നിന്നും കക്കൂസുകൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണമെന്നും 8ാം വാർഡിൽ മുനിസിപ്പാലിറ്റിയിൽ നിന്നും ചെയ്തുകൊടുത്തതും ഇപ്പോൾ നിറഞ്ഞുകിടക്കുന്നതുമായ കക്കൂസുകൾ കോരി വൃത്തിയാക്കി കൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

13. പൊതു കക്കൂസ് സ്ഥാപിക്കണമെന്നു 34,22 എന്നീ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പബ്ലിക് കംഫർട്ട് സ്റ്റേഷന്റെ മുന്നിലുള്ള അശ്ലീല സിനിമാ പരസ്യങ്ങൾ നീക്കം ചെയ്യണം എന്നും സ്ത്രീകൾക്കു കൂടി ഉപയോഗിക്കാവുന്ന തരത്തിലുള്ള പൊതുകക്കൂസ് നിർമ്മിക്കണമെന്നും ആവശ്യമുണ്ടായി.

14. ശ്മശാനത്ത് ഇലക്ട്രിക് ക്രിമറ്റോറിയം ഏർപ്പെടുത്തണം എന്നും ചുറ്റുമതിലിനു മുകളിൽ രണ്ടരയടി ഉയരത്തിൽ കമ്പിമുള്ളുവല കെട്ടി ശ്മശാനത്തിൽ അനാശാസ്യ പ്രവർത്തനങ്ങൾ തടയണമെന്നും 10ാം വാർഡിൽ നിന്നും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

15. കൊല്ലംതോട് ശുദ്ധീകരിച്ച് ഒഴുക്കു കൂട്ടണമെന്നും തോടിന്റെ ഇരുകരയിലുമുള്ള താമസക്കാരെ മാറ്റിപാർപ്പിക്കണമെന്നും അവിടെ പുഷ്പച്ചെടികൾ നട്ടുപിടിപ്പിക്കണമെന്നും മലിനജലവും വേസ്റ്റും തോട്ടിൽ നിക്ഷേപിക്കുന്നത് അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

16. കൊതുകു ശല്യത്തെക്കുറിച്ച് ധാരാളം പരാമർശങ്ങൾ ഉണ്ടായിട്ടുണ്ട്. കൊതുകു ശല്യം കുറയ്ക്കുന്നതിന് കക്കൂസിന്റെ എയർപൈപ്പിൽ വലകെട്ടണമെന്നും മരുന്നുതളി കാര്യക്ഷമമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

17. ജില്ലാ ആയൂർവേദ ആശുപത്രി കൂടുതൽ വികസിപ്പിക്കണമെന്നും 50 കിടക്കകളുള്ള പേവാർഡ് നിർമിക്കണമെന്നും 5,34,36, എന്നീ വാർഡിൽ നിന്നും ആയൂർവേദ ആശുപത്രി തുടങ്ങണമെന്നും 33ാം വാർഡിൽ നിന്നും, പട്ടത്താനം ഈസ്റ്റിൽ നിന്നും ആയൂർവേദ ഡിസ്പെൻസറി തുടങ്ങണമെന്നും ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

18. ആശ്രാമം ഇ.എസ്.ഐ ആശുപത്രിയുടെ നിലവാരം മെച്ചപ്പെടുത്തണം.

19. മുളങ്കാടകത്തുള്ള നഗരസഭാ വക ഹോമിയോ ഡിസ്പെൻസറി തുറന്നു പ്രവർത്തിപ്പിക്കണം.

20. നിലവിലുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കണമെന്നും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെ മാതൃകയിൽ പുനഃസംഘടിപ്പിക്കണമെന്നും 33,13, 25 എന്നീ വാർഡുകളിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

21. 11, 12, 21, 23, 24, 27, 30, 34, 36 എന്നീ വാർഡുകളിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും ആവശ്യം ഉണ്ട.ായിട്ടുണ്ട്.

22. ആരോഗ്യവും, പരിസരശുചീകരണവും പ്രൈമറി മുതലുള്ള ക്ലാസ്സുകളിൽ പാഠ്യവിഷയമാക്കണം.

23. പാർവ്വതി മില്ലിൽ നിന്നും അന്തരീക്ഷ മലിനീകരണത്തിന് കാരണമാകുന്ന പഞ്ഞിധൂളികൾ നിയന്ത്രിക്കാൻ സംവിധാനം ഏർപ്പെടുത്തണമെന്നും 16ാം വാർഡിൽ നിന്നും, ഫാക്ടറികളുടെയും, ബേക്കറി ബോർമകളുടെയും പുകക്കുഴൽ ഉയർത്തണമെന്നും 15ാം വാർഡിൽ നിന്നും നിർദ്ദേശമുണ്ടായി.

24. നിർദ്ധനരായ രോഗികൾക്ക് ആവശ്യം വേണ്ട മരുന്നുകൾ മിതമായ നിരക്കിൽ വാങ്ങാനുള്ള വിൽപന ശാലകൾ സർക്കാർ ആശുപത്രികളിൽ കാര്യക്ഷമമായി ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

25. അറവുശാല നിലവിലുള്ള സ്ഥലത്തു നിന്നും മാറ്റി സ്ഥാപിക്കണം.

## നിർദ്ദേശങ്ങൾ

1. നഗരത്തിൽ നിലവിലുള്ള മാതൃശിശു സംരക്ഷണകേന്ദ്ര ങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമപ്രദേശങ്ങളിലെ പോലെയുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ അതേരൂപത്തിൽ നഗരത്തിൽ നടപ്പാക്കുന്നത് ഭാരിച്ച ചിലവുണ്ടാക്കുന്നതാണ്. ആവശ്യത്തിനു കിടക്കകൾ നഗരത്തിലെ ആശുപത്രികളിൽ ഇപ്പോൾ തന്നെ ഉള്ളതിനാൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ ആവശ്യമില്ല. എന്നാൽ എല്ലാ ദിവസവും ഒരു ഡോക്ടറുടെ സേവനം ലഭ്യമാകുന്ന ഒരു സെന്റർ 10000 ജനതയ്ക്ക് ഒന്ന് എന്ന നിരക്കിൽ ഉണ്ടാക്കുന്നത് നല്ലതായിരിക്കും. ഒരു സെന്ററിൽ ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നേഴ്സ്, ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ഒരു ഫാർമസിസ്റ്റ്, അറ്റൻഡർ സ്വീപർ രണ്ട്, ലാബ് ടെക്നീഷ്യൻ ഒന്ന് എന്നീ തസ്തികകൾ മതിയാകുന്നതാണ്. കൊല്ലം നഗരത്തിൽ ലബോറട്ടറി സൗകര്യമുള്ള 14 സെന്ററുകൾ സ്ഥാപിക്കാവുന്നതാണ്. നിലവിലുള്ള 12 മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ ഇത്തരത്തിലുള്ള സെന്ററായി ഉയർത്താവുന്നതാണ്. പുതുതായി രണ്ടു സെന്ററുകൾ തുടങ്ങാവുന്നതാണ്.

2. ജില്ലാ ആശുപത്രി ഈ സെന്ററുകളിൽ നിന്നുള്ള രോഗികളെ കിടത്തി ചികിത്സിക്കുന്ന റെഫറൽ സെന്റർ എന്ന നിലയിൽ പ്രവർത്തിപ്പിക്കാവുന്നതാണ്. ഈ സെന്ററുകളിൽ മാതൃശിശു സംരക്ഷണം വിവിധ ദേശീയ ആരോഗ്യ പരിപാടികൾ, ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കേണ്ടതാണ്. ഈ സെന്ററുകൾ നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്നതായിരിക്കണം. സംസ്ഥാന ആരോഗ്യ വകുപ്പിൽ നിന്നും മരുന്നുകളും മറ്റു സഹായസഹകരണങ്ങളും ലഭ്യമാക്കണം. ടി സെന്ററിനോട് ചേർത്ത് കമ്മ്യൂണിറ്റി വോളന്റിയർമാരെ പരിശീലിപ്പിച്ച് ആരോഗ്യ പ്രവർത്തനത്തിന് ഉപയോഗിക്കാനാവുന്നതാണ്. സർക്കാരിന്റെ ബഡ്ജറ്റിലെ പൊതുജനാരോഗ്യത്തിനുള്ള ഭൂരിഭാഗം തുകയും ഗ്രാമപ്രദേശത്തിലേക്കാണ് പോകുന്നത്. ഇതിന്റെ ജനസംഖ്യാ ആനുപാതികമായ ഒരു തുക പട്ടണത്തിലേക്ക് നൽകേണ്ടതാണ്. ഈ തുക നഗരസഭകളുടെ മേൽനോട്ടത്തിൽ നടത്തുന്ന സെന്ററുകൾക്ക് ലഭ്യമാക്കണം.

3. ദേശീയ ആരോഗ്യ പരിപാടികളുടെ നഗരത്തിലെ പ്രവർത്തനവും തൃപ്തികരമല്ല. ഈ ഇനത്തിലും ജനസംഖ്യ ആനുപാതികമായ തുകയും ദേശീയ ആരോഗ്യപരിപാടികളിലൂടെ നൽകുന്ന മരുന്നുകളും മറ്റു സാധന സാമഗ്രികളും പട്ടണത്തിലും ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള നേഴ്സറി സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. പോഷകാഹാരം കുട്ടികൾക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

4. കൊല്ലം പട്ടണത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കണം. ചപ്പുചവറുകളും മാലിന്യങ്ങളും ശേഖരണ വേളയിൽ മാത്രം മനുഷ്യർ കൈകാര്യം ചെയ്യുന്ന രീതികൊണ്ടു വരണം. എല്ലാ സ്ഥലത്തും ആവശ്യത്തിന് ആധുനിക രീതിയിലുള്ളചവറുവീപ്പകൾ സ്ഥാപിക്കണം. റോഡിലും പൊതുസ്ഥലത്തും വരുന്ന ചവറിന്റെ അളവു കുറയ്ക്കുന്നതിന് ബോധവൽക്കരണം നടത്തണം. ഒരു സ്ഥാപനത്തിൽ ഒരു വീട്ടിലുണ്ടാകുന്ന മാലിന്യങ്ങൾ അവിടെത്തെന്നെ സംസ്ക്കരിക്കാൻ ശ്രമിക്കണം.

5. പൊതു സ്ഥലത്തുള്ള ചവർ വീപ്പകളിൽ നിക്ഷേപിക്കുന്ന ചവറുകൾ തരംതിരിച്ച് നിക്ഷേപിക്കുന്ന രീതി നിലവിൽ വരണം. വീണ്ടും ഉപയോഗിക്കാവുന്ന വസ്തുക്കൾ (കുപ്പിച്ചില്ലുകൾ, പേപ്പർ, ലോഹസാധനങ്ങൾ, ചില പ്ലാസ്റ്റിക്കുകൾ) കമ്പോസ്റ്റ് ചെയ്യാവുന്ന വസ്തുക്കൾ (മലക്കറി, ഇറച്ചി, ആഹാരസാധനങ്ങൾ, ഇലകൾ തുടങ്ങിയവ) കമ്പോസ് ചെയ്യാൻ കഴിയാത്തതും വീണ്ടും ഉപയോഗിക്കാൻ കഴിയാത്തതുമായ വസ്തുക്കൾ ഇത്തരത്തിൽ ഓരോ വീട്ടിലും സ്ഥാപനത്തിലും ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിച്ചാൽ അവ സംസ്കരിക്കുന്നതിന് വളരെ എളുപ്പമാകും.

6. ശുചീകരണ ആവശ്യത്തിന് കൂടുതൽ ജോലിക്കാരെ നിയോഗിക്കണം. അവരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആവശ്യമായ ആധുനിക വാഹനങ്ങൾ സജ്ജീകരിക്കണം.

7. ചപ്പുചവറുകൾ നിക്ഷേപിക്കാൻ അനുയോജ്യമായ ഒരു സ്ഥലം ഉള്ളത് കൊല്ലം പട്ടണത്തിന്റെ ഒരനുഗ്രഹമാണ്. ഈ സ്ഥലത്ത് ആധുനിക രീതിയിൽ ചവറുകൾ സംസ്കരിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. തന്മൂലം പരിസരവാസികൾക്ക് ഇപ്പോൾ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കഴിയും.

8. ജില്ലാ ആശുപത്രിയിൽ ഇൻസിനേറ്റർ സ്ഥാപിക്കണം. സ്വകാര്യ ആശുപത്രികൾ ചേർന്ന് ഇൻസിനേറ്റർ സ്ഥാപിക്കണം.

9. വാർഡുതല ശുചീകരണ ആരോഗ്യകമ്മിറ്റികൾ രൂപീകരിക്കണം. പൊതുജന പങ്കാളിത്തം ഉറപ്പാക്കണം.

10. കൊതുകു നിവാരണ പ്രവർത്തനങ്ങൾ കൂടുതൽ മികച്ചതാക്കണം. കൊതുകു വളരാൻ സാധ്യതയുള്ള സ്ഥിരവും താല്ക്കാലികവുമായ സ്ഥലങ്ങൾ കണ്ടെത്തി അവിടെയെല്ലാം തന്നെ ആഴ്ചയിലൊരിക്കൽ കൂത്താടി നാശിനി തളിക്കുന്ന ജോലി നടത്തണം. ഇതിനു ഇപ്പോഴുള്ള ജീവനക്കാരുടെ കുറവ് നികത്തണം. കൂടുതൽ സൂപ്പർവൈസറി സ്റ്റാഫിനെ നിയോഗിക്കണം. മരുന്നും പമ്പും കൊണ്ട് പോകുന്നതിന് വാഹനസൗകര്യം നൽകണം. കൊതുകു വളരുന്ന സ്ഥലങ്ങൾ ഇല്ലാതാക്കാൻ ശ്രമിക്കണം. വീടുകളിൽ കെട്ടി നില്ക്കുന്ന ജലം ഇല്ലാതാക്കാൻ ശ്രമിക്കണം. കൊല്ലംതോട് പുനരുദ്ധാരണ പദ്ധതി നടപ്പാക്കണം.

11. വളർത്തു നായ്ക്കൾക്ക് ലൈസൻസ് കർശനമാക്കണം. തെരുവുനായ്ക്കളെയും ലൈസൻസില്ലാത്ത നായ്ക്കളെയും നശിപ്പിക്കണം. ലൈസൻസുള്ള നായ്ക്കൾക്ക് പേവിഷബാധയ്ക്ക് എതിരെ കുത്തിവയ്പ്പ് എടുക്കണം.

12. ഹോട്ടൽ തൊഴിലാളികൾക്ക് ഹെൽത്ത്കാർഡ് കർശനമാക്കണം. ഹോട്ടൽ പരിശോധന കൂടുതൽ കർശനമാക്കണം.

13. കുട്ടികളുടെ പോഷകനിലവാരം ഉയർത്തുന്നതിന് എല്ലാ പ്രീപ്രൈമറി സ്കൂളുകളിലും സൗജന്യ ഭക്ഷണം നൽകാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കണം.

14. എല്ലാവർക്കും സാനിറ്ററി കക്കൂസുകൾ ലഭ്യമാക്കണം. ആവശ്യത്തിന് പൊതു കക്കൂസുകളും നിർമ്മിക്കണം. കൊല്ലം ഡ്രെയിനേജ് സ്കീം പൂർത്തിയാക്കാനാവശ്യമായ തുക കണ്ടെത്തണം.

15. ഓടകളുടെ നിർമാണം കാര്യക്ഷമമാക്കണം. വെള്ളം ഒഴുകാത്ത സ്ലോപ്പില്ലാത്ത ഓടകൾ കണ്ടെത്തി അവയുടെ സ്ലോപ്പ് ശരിയാക്കണം. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ഓട കെട്ടണം.

16. സാംക്രമിക രോഗമുള്ളവരെ കണ്ടെത്തി ചികിത്സിച്ച് സുഖപ്പെടുത്തണം.

17. ചികിത്സയുടെ ആവശ്യത്തിനു മിതമായ പ്രീമിയം വാങ്ങി ഇൻഷ്വറൻസ് സഹായം നൽകുന്നകാര്യം പരിഗണിക്കാവുന്നതാണ്.

18. യാചകരെയും, രോഗബാധിതരെയും കണ്ടെത്തി പാർപ്പിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തണം. ഇതിനായി ഇപ്പോഴുള്ള പുവർഹോമിന്റെ പ്രവർത്തനം വിപുലീകരിക്കാവുന്നതാണ്. നഗരത്തിൽ ഭിക്ഷാടനം നിർബന്ധമായും നിരോധിക്കണം.

അനുബന്ധം - ൧

### കൊല്ലം നഗരസഭയിൽ ആരോഗ്യവിഭാഗത്തിൽ ജോലിനോക്കുന്ന കണ്ടിജെൻറ് ജീവനക്കാർ

| തസ്തിക/ഡിവിഷൻ | A | B | C | D | E | V | മൊത്തം |
|---|---|---|---|---|---|---|---|
| പാർട്ട്ടൈം സ്വീപ്പർ | - | 1 | - | - | 1 | - | 2 |
| സ്വീപ്പർ | 14 | 11 | 17 | 10 | 11 | - | 63 |
| ഡ്രെയിൻ ക്ലീനർ | 3 | 8 | 16 | 8 | 5 | 7 | 47 |
| സാനിട്ടേഷൻ വർക്കർ | 5 | 4 | 3 | 2 | 2 | 5 | 21 |
| ലോറിവർക്കർ | - | - | 1 | 1 | - | 12 | 14 |
| ശ്മശാനം വാച്ചർ | - | 3 | - | - | 2 | - | 5 |
| ഡിപ്പോ വാച്ചർ | - | - | - | - | 3 | - | 3 |
| ഡിപ്പോ വർക്കർ | - | - | - | - | 3 | - | 3 |
| സ്വീപ്പർ മാതൃശിശു സംരക്ഷണകേന്ദ്രം | 2 | 1 | 1 | 1 | 1 | - | 6 |
| മൊത്തം | 24 | 28 | 38 | 22 | 26 | 24 | 162 |

അനുബന്ധം




**KOLLAM TOWN**

SHOWING AREA COVERED

BY EACH HEALTH DIVISION.

# 6.5

# കുടിവെള്ളം

കൊല്ലം നഗരസഭയുടെ ആഭിമുഖ്യത്തിൽ ശുദ്ധ ജലവിതരണം ആരംഭിച്ചത് 1963-ലാണ്. തീരദേശത്തു സ്ഥിതിചെയ്യുന്ന പട്ടണപ്രദേശമായതിനാൽ സമുദ്രനിരപ്പിൽനിന്നു 2 മുതൽ 12 മീറ്റർവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശമാണ്. ഇവിടുത്തെ മണ്ണിന്റെ തരം പൊതുവായി പരിശോധിച്ചാൽ മണൽകൂടുതലായി കലർന്നമണ്ണാണ് എന്നു കാണാം. ശരാശരി 6 മീറ്റർ താഴ്ചയിൽ ഉണക്കുകാലത്തുപോലും ഭൂഗർഭജലം സുലഭമാണ്. മണൽപ്രദേശമായതിനാൽ ഉപരിതലജലം മണ്ണിൽ വളരെവേഗം താഴുന്നതുമൂലം കിണറുവെള്ളം അശുദ്ധമാകുന്നതിനു സാദ്ധ്യതകൾകൂടുതലാണ്. ജനസാന്ദ്രതകൂടിയ കൊല്ലം പോലെയുള്ള പട്ടണ പ്രദേശത്ത് ഈ സ്ഥിതി ഗുരുതരമായ ഒരു ആരോഗ്യ പ്രശ്നമാണ്. ഈ സാഹചര്യം കണക്കിലെടുത്തതുകൊണ്ടാണ് കൊല്ലത്തെ ശുദ്ധജലവിതരണപരിപാടിക്ക് തുടക്കം കുറിച്ചത്. സ്വാതന്ത്ര്യലബ്ദിക്കുമുമ്പുതന്നെ പല ഘട്ടങ്ങളിലായി നിരവധി അന്വേഷണങ്ങൾ നടത്തിയിട്ടുണ്ട്. 1945-ൽ തയ്യാറാക്കിയ ഒരു സ്കീമിൽ കല്ലടയാറും ഇത്തിക്കരയാറും ഉറവിടമായി കണ്ടുകൊണ്ടാണ് പദ്ധതിയെപ്പറ്റി ആലോചിച്ചത്. ഈ പദ്ധതി നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോഴേയ്ക്കും 1953 ആയി. ഈ കാലഘട്ടത്തിൽ നീണ്ടകരയിൽ ആരംഭിച്ച ഇൻഡോ - നോർവീജിയൻ പ്രോജക്ട് ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തെ ലക്ഷ്യമിട്ടുകൊണ്ടു ശാസ്താംകോട്ട ശുദ്ധജല തടാകം ഉറവിടമാക്കി ഒരു ശുദ്ധജല വിതരണപദ്ധതിക്കു രൂപം നൽകിയിരുന്നു. ഈ പദ്ധതി കൊല്ലം പട്ടണപ്രദേശത്തേയ്ക്കുകൂടി വ്യാപിപ്പിച്ചാൽ നഗരത്തിലെ ശുദ്ധജല വിതരണ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് ബന്ധപ്പെട്ട റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ റിപ്പോർട്ട് തിരുക്കൊച്ചി ഗവൺമെൻറിന്റെ പരിഗണനയ്ക്കു വരികയും നിർദ്ദേശം അംഗീകരിക്കുകയും ചെയ്തു.

ഇതേത്തുടർന്ന്, കൊല്ലം പട്ടണം, ശക്തികുളങ്ങര, ചവറ, പന്മന, പൊന്മന,കരുനാഗപ്പള്ളി എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി സമഗ്രമായൊരു വാട്ടർ സർവ്വേ നടത്തുകയുണ്ടായി. ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ നീണ്ടകര, ശക്തികുളങ്ങര, കൊല്ലം നഗരം എന്നിവ ഉൾപ്പെടുത്തി 1961-ൽ പൂർത്തിയാക്കത്തക്കവിധം ഒരു ജല വിതരണപദ്ധതി തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചു. മുപ്പതു വർഷത്തെ ജനസംഖ്യാ വളർച്ച കണക്കിലെടുത്തുകൊണ്ടാണ് ഈ സ്കീം തയ്യാറാക്കിയിട്ടുള്ളത്. 1991-ൽ പട്ടണത്തിലെ ജനസംഖ്യ ഒരുലക്ഷത്തി നാല്പതിനായിരം ആകുമെന്നു കണക്കാക്കിയിരുന്നു.1991-ലെ സെൻസസ് കണക്കുക

ളനുസരിച്ച് പട്ടണത്തിലെ ജനസംഖ്യ 139852ആണ്. ഈ സ്കീം അനുസരിച്ച് പട്ടണപ്രദേശത്ത് ഒരാൾക്ക് ഒരുദിവസം 20 ഗ്യാലൺ എന്ന കണക്കിലും പഞ്ചായത്തു പ്രദേശങ്ങളിൽ 12 ഗ്യാലൺ എന്ന കണക്കിലുമാണ് സ്കീം തയ്യാറാക്കിയത്.

ശാസ്താംകോട്ട മുതൽ കൊല്ലം വരെയുള്ള 18 മൈൽ ദൂരത്തിന് ആവശ്യമുള്ള 28" വ്യാസമുള്ള പ്രിമോ പൈപ്പ് ഇൻേറാ നോർവീജിയൻ ഫൗണ്ടേഷൻ സൗജന്യമായി നൽകുകയും ചെയ്തു. ഈ സ്കീം 1961-ൽ ജലവിതരണം ആരംഭിക്കണം എന്ന് നിശ്ചയിച്ചിരുന്നെങ്കിലും 1963-ലാണ് പൂർത്തിയായത്. പദ്ധതി കമ്മീഷൻ ചെയ്യുമ്പോൾപട്ടണത്തിൻെറ വിവിധ ഭാഗങ്ങളിൽ 59 മൈൽ നീളമുള്ള പൈപ്പുകൾ സ്ഥാപിച്ചിരുന്നു. പദ്ധതിക്കുവേണ്ടി ചെലവാക്കിയ 93 ലക്ഷം രൂപയിൽ 40 ലക്ഷം ഇൻേറാ നോർവീജിയൻെറ സഹായമായിരുന്നു.

1963-ൽ ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതി 1991-ലെ ആവശ്യം കണക്കിലെടുത്തുകൊണ്ടായിരുന്നുവെന്ന് മുൻപ് സൂചിപ്പിച്ചല്ലോ. പട്ടണത്തിൻെറ 2011 വരെയുള്ള വളർച്ച കണക്കിലെടുത്തുകൊണ്ടും സമീപ പഞ്ചായത്തുകൾ കൂടി ഭാവിയിൽ മുനിസിപ്പൽ മേഖലയിൽ ചേർക്കപ്പെടുമെന്നു കരുതിക്കൊണ്ടും 1984-ൽ പുതിയ ആഗ്മെൻേറഷൻ പദ്ധതിക്കു രൂപംകൊടുത്തു. 3 വർഷംകൊണ്ടു പൂർത്തിയാക്കണമെന്നു വിഭാവനചെയ്തു 86-ൽ പണി ആരംഭിച്ച പദ്ധതി ഭാഗികമായെങ്കിലും കമ്മീഷൻ ചെയ്തത് 1994-ലാണ്. മുനിസിപ്പൽ പ്രദേശം പൂർണ്ണമായും ഇപ്പോഴത്തെ പ്രവർത്തന പരിധിയിൽ വന്നിട്ടുണ്ട്.

1984 വരെ സംസ്ഥാനത്തെ ശുദ്ധജലവിതരണം പബ്ലിക്ഹെൽത്ത് ഇഞ്ചിനിയറിംഗ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലയിലാണ് നടന്നു വന്നത്. ഈ ഡിപ്പാർട്ടുമെൻറ് 1984 ഏപ്രിൽമുതൽ രൂപാന്തരപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റിയായി സ്വതന്ത്രമായ പ്രവർത്തനം ആരംഭിച്ചു. കൊല്ലം മുനിസിപ്പാലിറ്റിയിലെ ജലവിതരണ ചുമതല 1991 ഒക്ടോബർവരെ മുനിസിപ്പാലിറ്റിയാണ് നിർവ്വഹിച്ചിരുന്നത്. തുടർന്ന്ജലവിതരണച്ചുമതല പൂർണ്ണമായും വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയുണ്ടായി. വിതരണം സുഗമമാക്കാൻ പഴയ തുരുമ്പിച്ച GI പൈപ്പുകൾ മാറ്റി പകരം PVC പൈപ്പുകൾ സ്ഥാപിക്കുവാൻ വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചു. ഈ പ്രവർത്തനം ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ഇതിൻെറ ഫലമായി ജലവിതരണം സുഗമമാവുകയും പട്ടണത്തിൽ അതിസാരം പോലുള്ള രോഗബാധ കുറയുകയും ഉണ്ടായി എന്നാണ് വാട്ടർ അതോറിറ്റി അവകാശപ്പെടുന്നത്.

ലോകബാങ്കിൽനിന്നും വായ്പയെടുത്താണ് വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ പുതിയ ആഗ്മെൻേറഷൻ സ്കീം നടപ്പിലാക്കിവരുന്നത് 23.5 കോടിയിൽപ്പരം രൂപ ഇതിനകംചെലവഴിച്ചിട്ടുണ്ട്. 305 കി.മീ.വിതരണ പൈപ്പുകളാണ് ഇതിനായി സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ പട്ടണത്തിൽ 11881 വീടുകൾക്കാണ് വാട്ടർകണക്ഷൻ നിലവിലുള്ളത്. ഇതു കൂടാതെ വാണിജ്യാവശ്യങ്ങൾക്കായി 1030-ഉം വ്യവസായ ആവശ്യങ്ങൾക്കായി രണ്ടും കണക്ഷനുകൾ ഉണ്ട്.2011-ൽ കൊല്ലം നഗരത്തിൽ എത്രജനസംഖ്യ വരുമെന്നു കണക്കുകൂട്ടിക്കൊണ്ട് അവർക്കു മുഴുവനും പ്രയോജനം ലഭിക്കത്തക്ക വിധമാണ് ഈ പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. എന്നാൽ ഇപ്പോൾത്തന്നെ രാവിലേയും വൈകുന്നേരവും മാത്രമെ പട്ടണത്തിലെ മിക്ക പ്രദേശങ്ങളിലും ശുദ്ധജലം ലഭിക്കുന്നുള്ളു.

ശാസ്താംകോട്ടയിൽനിന്നുള്ള പുതിയ പൈപ്പു ലൈനുകൾ സ്ഥാപിച്ചതോടെ മുമ്പു സ്ഥാപിച്ചിരുന്ന പ്രിമോപൈപ്പ് ലൈൻ ഉപേക്ഷിച്ചിരിക്കുകയാണ്. ഈ ലൈൻ വേണ്ട അറ്റകുറ്റ പണികൾ നടത്തി ഒരു സമാന്തരലൈൻ ആയി നിലനിർത്തിയാൽ പ്രധാന പൈപ്പു ലൈനു തകരാറ് സംഭവിച്ചാൽ ജലവിതരണം തടസ്സപ്പെടാതെ നടത്തുവാൻ സഹായകരമാകും. ശാസ്താംകോട്ടയിൽനിന്നും പ്രധാനപൈപ്പിൽക്കൂടി വരുന്ന ശുദ്ധജലം ആനന്ദവല്ലീശ്വരത്തു സ്ഥാപിച്ചിട്ടുള്ള ഭൂഗർഭ സംഭരണിയിൽ ശേഖരിക്കുകയും വീണ്ടും ക്ലോറിനേഷൻ നടത്തി അവിടെനിന്നും പട്ടണത്തിൻെറ വിവിധഭാഗങ്ങളിൽസ്ഥാപിച്ചിട്ടുള്ള ഓവർഹെഡ്ജലസംഭരണികളിലേയ്ക്ക് എ. സി. പൈപ്പിലൂടെ പമ്പുചെയ്തുശേഖരിച്ചുമാണ് വിതരണം നടത്തുന്നത്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള എ. സി. പൈപ്പുകൾക്ക് പമ്പുചെയ്യുന്ന വെള്ളത്തിൻെറ ഇയർന്ന മർദ്ദം താങ്ങാനുള്ള ശേഷിയില്ല. ആകയാൽ പൈപ്പുകൾ അടിക്കടി പൊട്ടുകയും പട്ടണത്തിലെ ജലവിതരണം താറുമാറാവുകയും ചെയ്യുന്നു. ഈ പാകപ്പിഴ നിർമ്മാണസമയത്തുതന്നെ ചൂണ്ടിക്കാണിക്കപ്പെടുകയുണ്ടായെങ്കിലും പരിഹരിക്കാൻ ശ്രദ്ധിച്ചില്ല.

ജലവിതരണം:-

പട്ടണത്തെ നാലു മേഖലകളിലായി തിരിച്ചാണ് ജലവിതരണം നടത്തുന്നത്. ഒന്നാം മേഖലയിൽ

ആനന്ദവല്ലീശ്വരത്തു രണ്ടു ഓവർഹെഡ് ടാങ്കുകളും രണ്ടാംമേഖലയിൽ പാർവ്വതി മില്ലിനു സമീപമുള്ള ഒരു ടാങ്കും മൂന്നാം മേഖലയിൽ വാട്ടറതോറിറ്റി പരിസ രത്തുള്ള രണ്ടുടാങ്കുകളും നാലാം മേഖലയിൽ ആശ്രാമത്ത് ഒരു ടാങ്കുമാണ് നിർമ്മിച്ചിട്ടുള്ളത്. ഈ പദ്ധതി 2011 വരെയുള്ള 30 കൊല്ലത്തെ ആവശ്യമാണ് കണക്കിലെടുത്തിരിക്കുന്നത്. നഗരത്തിലെ ജനങ്ങളുടെ ആളോഹരി ഉപഭോഗം പ്രതിദിനം 150 ലിറ്റർ എന്നതോ തിൽ ഗാർഹികാവശ്യങ്ങൾക്കും 40 ലിറ്റർ എന്നതോ തിൽ ടാപ്പിലൂടെ പൊതു ആവശ്യങ്ങൾക്കും വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

ഇപ്പോൾ ഉപയോഗത്തിന് ലഭ്യമാകുന്ന ജലം യഥാർത്ഥ ആവശ്യവുമായി പൊരുത്തപ്പെടുന്നതല്ല. പദ്ധതികൊണ്ട് വിഭാവനംചെയ്ത തരത്തിൽ മുഴുവൻ സമയവും ജലവിതരണം ഉറപ്പുവരുത്തിയാൽ പ്രതി ശീർഷ ജല ഉപഭോഗം നിലവിലുള്ളതിനേക്കാൾ വള രേയധികം വർദ്ധിക്കുന്നതാണ്. 1980-ൽ ആരംഭിച്ചതും ഇപ്പോഴും പൂർത്തീകരിക്കപ്പെടാത്തതുമായ കൊല്ലത്തെ മലിനജലനിർഗ്ഗമന പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞാൽ ജല ഉപഭോഗം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്. ഇപ്പോൾ രാവിലേയും വൈകുന്നേരവുമായി പരിമിതപ്പെ ടുത്തിയിരിക്കുന്ന ജല വിതരണം മുഴുവൻ സമയവും വ്യാപിപ്പിക്കുമ്പോൾ ആളോഹരി ദിവസം 150 ലിറ്റർ എന്ന തോതിൽ 21 ദശലക്ഷം ലിറ്റർജലം ആവശ്യമാ യിവരും. ഇന്നു വിതരണംചെയ്യുന്ന ശുദ്ധജലത്തിൻെറ അളവു ലഭ്യമല്ലാത്തതിനാൽ ഇവ തമ്മിലുള്ള വ്യത്യാസം യഥാർത്ഥത്തിൽ എത്രയെന്നു തിട്ടപ്പെ ടുത്താൻ കഴിയുന്നില്ല. 150 ലിറ്റർ ആളോഹരി കണക്കാ ക്കിയിട്ടുണ്ടെങ്കിലും അതിനേക്കാൾകൂടുതൽ ജലം ഉപയോഗിക്കുന്നുണ്ടെന്നാണ് അനൗദ്യോഗികമായി ലഭിച്ചിട്ടുള്ള വിവരം. ഇതിനു കാരണം ദേശിയ ശരാ ശരി ഒരിക്കലും കേരളീയ ജനജീവിതവുമായി പൊരുത്തപ്പെടുന്നില്ല. കേരളീയർ ആളോഹരി ദേശീയ ശരാശരിയേക്കാൾ ഏകദേശം ഇരട്ടിയോളം ജലം ഉപയോഗിക്കുന്നുണ്ടെന്നാണ് അനൗദ്യോഗികമായി കണക്കാക്കിയിട്ടുള്ളത്.

ആശ്രാമത്ത് സ്ഥാപിച്ചിട്ടുള്ള പുതിയ ഓവർ ഹെഡ് ടാങ്ക് നിർമ്മാണം പൂർത്തീകരിച്ചെങ്കിലും ഇപ്പോഴും ഉപയോഗിച്ചുതുടങ്ങിയിട്ടില്ല. ഇതിനു കാരണം ശാസ്താംകോട്ടനിന്നും കൊല്ലത്തേയ്ക്ക് എത്തിച്ചേരുന്ന ശുദ്ധജലം ആവശ്യത്തിനു മതിയാകാത്തതാണ്. തൻമൂലം ഇപ്പോഴും ആശ്രാമം മേഖലയിൽ പഴയ സംവിധാനത്തിൽകൂടി മാത്രമാണ് ജലവിതരണം നടന്നുപോരുന്നത്. ഇതുകൊണ്ട് ആ പ്രദേശത്തെ ജല വിതരണാവശ്യംപൂർണ്ണതോതിൽ നിർവ്വഹിക്കപ്പെടുന്നില്ല.

കൊല്ലം നഗരസഭാ പ്രദേശത്തെ പൊതു ടാപ്പുകളുടെ വാർഡുതിരിച്ചുള്ള വിവരം

| ക്രമനമ്പർ | വാർഡിൻെറ പേര് | പൊതുടാപ്പുക ളുടെ എണ്ണം | പ്രവർത്ത നക്ഷമം | പ്രവർത്തന മില്ലായ്മ | ആകെ |
|---|---|---|---|---|---|
| 1 | ഉളിയക്കോവിൽ നോർത്ത് | 61 | 58 | 3 | 61 |
| 2 | ഉളിയക്കോവിൽ മിഡിൽ | 17 | 16 | 1 | 17 |
| 3 | ഉളിയക്കോവിൽ സൗത്ത് | 22 | 16 | 6 | 22 |
| 4 | ആശ്രാമം നോർത്ത് | 39 | 36 | 3 | 39 |
| 5 | ആശ്രാമം വെസ്റ്റ് | 28 | 27 | 1 | 28 |
| 6 | ആശ്രാമം മിഡിൽ | 22 | 18 | 4 | 22 |
| 7 | ആശ്രാമം സൗത്ത് | 21 | 18 | 3 | 21 |
| 8 | പട്ടത്താനം വെസ്റ്റ് | 29 | 24 | 5 | 29 |
| 9 | പട്ടത്താനം ഈസ്റ്റ് | 19 | 14 | 5 | 19 |
| 10 | പോളയത്തോട് | 16 | 14 | 2 | 16 |

| | | | | | |
|---|---|---|---|---|---|
| 11 | മുണ്ടയ്ക്കൽ ഈസ്റ്റ് | 37 | 31 | 6 | 37 |
| 12 | മുണ്ടയ്ക്കൽ മിഡിൽ | 24 | 21 | 3 | 24 |
| 13 | മുണ്ടയ്ക്കൽ വെസ്റ്റ് | 34 | 31 | 3 | 34 |
| 14 | കൻേറാൺമെൻറ് സൗത്ത് | 17 | 14 | 3 | 17 |
| 15 | കൻേറാൺമെൻറ് നോർത്ത് | 14 | 12 | 2 | 14 |
| 16 | വടക്കുംഭാഗം | 20 | 15 | 5 | 20 |
| 17 | ആണ്ടാമുക്കം | 29 | 24 | 5 | 29 |
| 18 | താമരക്കുളം | 16 | 14 | 2 | 16 |
| 19 | പള്ളിത്തോട്ടം | 35 | 31 | 4 | 35 |
| 20 | ബീച്ച് ഈസ്റ്റ് | 25 | 21 | 4 | 25 |
| 21 | ബീച്ച്സൗത്ത് | 14 | 12 | 2 | 14 |
| 22 | ബീച്ച് നോർത്ത് | 20 | 17 | 3 | 20 |
| 23 | കോട്ടയ്ക്കകം | 25 | 23 | 2 | 25 |
| 24 | പാലസ് | 25 | 21 | 4 | 25 |
| 25 | തേവള്ളി | 32 | 25 | 7 | 32 |
| 26 | കച്ചേരി | 15 | 12 | 3 | 15 |
| 27 | കൈക്കുളങ്ങര നോർത്ത് | 16 | 14 | 2 | 16 |
| 28 | കൈക്കുളങ്ങര ഈസ്റ്റ് | 12 | 9 | 3 | 12 |
| 29 | കൈക്കുളങ്ങര വെസ്റ്റ് | 16 | 15 | 1 | 16 |
| 30 | തങ്കശ്ശേരി | 26 | 23 | 3 | 26 |
| 31 | പുന്നത്തല സൗത്ത് | 25 | 23 | 2 | 25 |
| 32 | പുന്നത്തല നോർത്ത് | 28 | 23 | 5 | 28 |
| 33 | മുളങ്കാടകം | 16 | 15 | 1 | 16 |
| 34 | കുരീപ്പുഴ ഈസ്റ്റ് | 26 | 23 | 3 | 26 |
| 35 | കുരീപ്പുഴ വെസ്റ്റ് | 27 | 27 | 00 | 27 |
| 36 | മനയിൽക്കുളങ്ങര | 39 | 31 | 8 | 39 |
| | | 887 | 773 | 114 | 887 |

**ഗാർഹിക കണക്ഷൻ**

നഗരത്തിൽ വാണിജ്യ സ്ഥാപനങ്ങൾ ഉൾപ്പടെ 36582 കെട്ടിടങ്ങൾ ഉണ്ടെങ്കിലും 11881 വീടുകണക്ഷനുകളാണ് നിലവിലുള്ളത്. ഇതു മൊത്തം വീടുകളുടെ 32%-മേ ആകുന്നുള്ളു. അവശേഷിക്കുന്ന 68% വീടുകളിലും കണക്ഷൻ നൽകണമെന്ന കാര്യം കണക്കിലെടുക്കുമ്പോൾ പട്ടണത്തിലെ നടപ്പു ജലവിതരണ പരിപാടി വളരെയധികം വികസിപ്പിക്കേണ്ടതാണെന്നു കാണാം.

### ജലവിതരണ സ്രോതസ്സ്

പട്ടണത്തിലെ ജലവിതരണസ്രോതസ്സ് ശാസ്താം കോട്ട ശുദ്ധജല തടാകമാണെന്നു സൂചിപ്പിച്ചുവല്ലോ. 12.69 ചതുരശ്ര കിലോമീറ്ററാണ് ഈ തടാകത്തിന്റെ വിസ്തീർണ്ണം. ജനങ്ങളുടെ നിത്യജീവിതത്തിനു നിർണ്ണാ യകമായി ആശ്രയിക്കേണ്ട തടാകത്തിന്റെ സംര ക്ഷണം തികച്ചും പ്രാധാന്യമുള്ളതാണ്. തടാക ത്തിന്റെ ചുറ്റുപാടും താമസിക്കുന്ന ജനങ്ങൾ മല മൂത്രവിസർജ്ജനത്തിനായി തീരം ഉപയോഗിക്കൽ ചുറ്റുപാടുമുള്ള കൃഷിമൂലമുണ്ടാകുന്ന മണ്ണൊലിപ്പ്, തടാകത്തിൽ നടത്തുന്ന അലക്ക്, ഓല ചീയിക്കൽ, കന്നുകാലികളെ കുളിപ്പിക്കൽ, വാഹനം കഴുകൽ, തോട്ടപൊട്ടിച്ചുള്ള മീൻപിടുത്തം എന്നിവ ജലമലിനീക രണത്തിനും ജലത്തിന്റെ ഉറവകൾ ഇല്ലാതാക്കാനും തടാകംതന്നെ നികന്നുപോകാനും കാരണമാകുന്നു. ഈ ദുരവസ്ഥയ്ക്കു പരിഹാരം ഉണ്ടായെ മതിയാകു. കൊല്ലം പട്ടണത്തിനു സമീപപ്രദേശത്തുള്ള ജലാശ യങ്ങളെല്ലാം തന്നെ ഓരുജലം കടന്നുകൂടുന്നതുമൂലം ഉപയോഗയോഗ്യമല്ലെന്നതോർക്കുമ്പോൾ; ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം എത്രമാത്രം അനുപേ ക്ഷണീയമാണെന്നു ബോധ്യമാകും.

### കിണറുകൾ

കൊല്ലം നഗരപ്രദേശത്ത് ഏകദേശം 40% വീടുകൾക്ക് സ്വന്തമായി കിണറുണ്ട്. എന്നാൽ പട്ടണ പ്രദേശം കടലിനും കായലിനും സമീപത്തു സ്ഥി തിചെയ്യുന്നതിനാൽ മിക്ക കിണറിലേയും ജലത്തിന് ഓരുരസമോ പുളിരസമോ തടിപ്പോ അനുഭവപ്പെ ടുന്നുണ്ട്. 20% വീടുകളിലെ കിണറുവെള്ളം താരത മ്യേന ശുദ്ധമാണ്. കിണർജലം ശുദ്ധമല്ലാത്ത വീടുക ളിൽ കുടിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും പൈപ്പുജലത്തെ ആശ്രയിക്കുന്നു. പട്ട ണത്തിൽ ശുദ്ധജലവിതരണത്തിൽ അടിക്കടി യുണ്ടാകുന്ന തടസ്സംമൂലം കിണറുകളെ മാത്രം പലപ്പോഴും അവലംബിക്കേണ്ട സ്ഥിതിയാണുള്ളത്.

പട്ടണത്തിന്റെ പടിഞ്ഞാറൻ മേഖലകളിലുള്ള കിണറുകളിൽ ഓരു ജലത്തിന്റെ അംശം കൂടുത ലുള്ളതിനാൽ ഭക്ഷണാവശ്യത്തിനും കുളിക്കുന്നതിനും യോഗ്യമല്ല. ആശ്രാമം ഉളിയക്കോവിൽ ഭാഗങ്ങളിൽ താരതമ്യേന കിണർജലം ശുദ്ധമാണ്. പട്ടത്താനം, മുണ്ടയ്ക്കൽ പ്രദേശങ്ങളിൽ ഓരിന്റെ അംശം കുറഞ്ഞതോതിൽ അനുഭവപ്പെടുന്നുണ്ടെങ്കിലും ഒരു പരിധിവരെ ഉപയോഗയോഗ്യമാണ്.

പട്ടണത്തിലെ മുൻകാല സ്ഥിതി പരിശോ ധിച്ചാൽ കുടിവെള്ളം സുലഭമായിരിന്നുവെന്നുകാണാൻ കഴിയും. പട്ടണത്തിലുള്ള വയലുകളും കുളങ്ങളും നികന്ന് പോകുകയോ വിവിധ ആവശ്യങ്ങൾക്ക് വേണ്ടി നികത്തപ്പെടുകയോ ചെയ്തതുമൂലം ഉപരിതലത്തിൽ മഴവെള്ളം കെട്ടിനിൽക്കാനുള്ള സൗകര്യം കാലക്ര മേണ കുറഞ്ഞ് പോയതായികാണാം. ഇങ്ങനെ പ്രകൃ ത്യായുള്ള ജലസംഭരണികൾ ശുഷ്ക്കിച്ചു പോക യാൽ വേനലിന്റെ ആരംഭത്തോടുകൂടിത്തന്നെ കിണറുകൾ വറ്റുകയും കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്നു.

### കുഴൽക്കിണറുകൾ

പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ 11 കുഴൽ ക്കിണറുകൾ പൊതുജലവിതരണം സുഗമമായി നടത്തുന്നതിലേയ്ക്കു സ്ഥാപിച്ചു പ്രവർത്തിപ്പിച്ചിരുന്നു. എന്നാൽ ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള ഒന്നൊഴികെ 10 എണ്ണവും ഉപയോഗശൂന്യമാണ്. പട്ട ണത്തിൽ 100% ജലവിതരണസംവിധാനം ഉറപ്പുവരുത്തി എന്ന കാരണം പറഞ്ഞാണ് ഇവയുടെ പ്രവർത്തനം അവസാനിപ്പിച്ചതും. ഇത് പ്രവർത്തനക്ഷമമാക്കി നില നിർത്തിയാൽ പ്രധാന പൈപ്പുലൈനുകൾ പൊട്ടുക, പമ്പുകൾക്കു കേടുപാടുകളുണ്ടാവുക തുടങ്ങിയ കാരണങ്ങളാൽ ജലവിതരണം പൂർണ്ണമായും സ്തംഭി ക്കുന്ന സന്ദർഭങ്ങളിൽ പട്ടണനിവാസികൾക്ക് വലിയൊരു ആശ്വാസമായിത്തീരുന്നതാണ് ഇതിനുള്ള സാധ്യതയെ ബന്ധപ്പെട്ടവർ ഗൗരവമായി പരിശോധി ക്കേണ്ടതാണ്.

പട്ടണത്തിന്റെ വിവധ ഭാഗങ്ങളിൽ നിർമ്മിച്ചിട്ടുള്ള 14 പൊതു കിണറുകൾ ആ ഭാഗങ്ങ ളിലെ ജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്. ഈ കിണറുകളുടെ സംരക്ഷണവും ജലത്തിന്റെ കാലാകാ ലങ്ങളിലെ ശുദ്ധീകരണവും കാര്യക്ഷമമായി നടത്തേണ്ടതുണ്ട്. ഇവയുടെ സംരക്ഷണച്ചുമതല മുനി സിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ്.

മുകളിൽ ചൂണ്ടിക്കാണിച്ച വസ്തുതകളിൽനിന്നും പട്ടണത്തിലെ ജലവിതരണത്തിൽ അനുഭവപ്പെടുന്ന പ്രശ്നങ്ങൾ പൊതുവായി ഇപ്രകാരം സംക്ഷേപിക്കാം.

### പ്രശ്നങ്ങൾ

1 ശാസ്താംകോട്ടയിൽ പുതിയ ആഗ്മെന്റേഷൻ സ്കീമിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുള്ള 37 ദശലക്ഷം ലിറ്റർ ശേഷിയുള്ള പുതിയ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുന്നില്ല.

2 നിർമ്മാണത്തിൽ സംഭവിച്ച വൈകല്യംമൂലം ആനന്ദവല്ലീശ്വരം ഭൂഗർഭജലസംഭരണിയിൽ ശേഖരിക്കുന്ന വെള്ളം എ. സി. പൈപ്പിലൂടെയാണ് പട്ടണത്തിൻെറ വിവിധഭാഗങ്ങളിലുള്ള ഓവർഹെഡ് ടാങ്കിലേയ്ക്കു പമ്പുചെയ്യുന്നത്. പമ്പുചെയ്യുമ്പോൾ ഉണ്ടാകുന്ന മർദ്ദം താങ്ങാനുള്ള ശേഷി എ. സി. പൈപ്പുകൾക്കില്ലായ്കയാൽ ഇവ അടിക്കടി പൊട്ടുകയും ജല വിതരണം തടസ്സപ്പെടുകയും ചെയ്യുന്നു.

3 പട്ടണനിവാസികൾക്കു മുഴുവൻസമയം ജലവിതരണം ലഭ്യമാകുന്നില്ല.

4 പൊതുടാപ്പുകൾ വ്യാപകമായി ദുരുപയോഗം ചെയ്യുന്നു.

5 പൊതുകിണറുകൾ ശരിയായി സംരക്ഷിക്കപ്പെടുന്നില്ല.

6 സ്ഥാപിക്കപ്പെട്ടിട്ടുള്ള കുഴൽക്കിണറുകൾ അത്യാവശ്യ സന്ദർഭങ്ങളിൽ ഉപയോഗപ്പെടത്തക്കവിധം സംരക്ഷിക്കുന്നില്ല.

7 പട്ടണത്തിലെ മൊത്തം വീടുകളുടെ 68% ഇനിയും പൈപ്പു കണക്ഷൻ ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ 36 വാർഡുകളിൽനിന്നും കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ടു ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ സംഗ്രഹിച്ചു ചുവടെചേർക്കുന്നു.

1 കിണറുവെള്ളത്തിൽ ഉപ്പുരസം, ഓര് തടിപ്പ് എന്നിവ അനുഭവപ്പെടുന്ന വാർഡുകളിൽ ശുദ്ധജല വിതരണം വിപുലപ്പെടുത്തണം.

2 അടിക്കടി ജലവിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

3 പൈപ്പുജലം പലപ്പോഴും ശുദ്ധമായിരിക്കില്ല.

4 തുരുമ്പിച്ചു പഴകിയ G I പൈപ്പുകൾമാറ്റി വ്യാസമുള്ള PVC പൈപ്പുകൾ സ്ഥാപിക്കണം.

5 പുതിയ PVC പൈപ്പുകൾ സ്ഥാപിച്ചിട്ടുള്ള മേഖലകളിൽ ജല വിതരണം ആരംഭിച്ചിട്ടില്ല.

6 നിലവിലുള്ള ചില ടാപ്പുകൾ കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേയ്ക്കു മാറ്റിസ്ഥാപിക്കണം.

7 നിലവിലുള്ള പൈപ്പുലൈനുകൾ നീട്ടുകയും വാർഡിൻെറ വിവിധഭാഗങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുകയുംവേണം.

8 32-ാം വാർഡിൽ മങ്ങാട്ടഴികത്തിനു തെക്കുവശമുള്ള വയലിൽ ഒരു വലിയ കുളം നിർമ്മിച്ച് വെള്ളം സംഭരിച്ച് നിർത്തണം ഇതുമൂലം സമീപപ്രദേശത്തെ കിണറുകളിലെ ജലവിതാനം വരൾച്ചാ സമയത്ത് സംരക്ഷിക്കാൻ കഴിയും. ഇപ്പോൾ വേനലിൻെറ ആരംഭത്തിൽത്തന്നെ ആ പ്രദേശത്തെ കിണറുകൾ വറ്റിപ്പോകുന്ന സ്ഥിതിവിശേഷം ഉണ്ട്.

9 മുണ്ടയ്ക്കൽ ഈസ്റ്റിലെ അമൃതകുളം വൃത്തിയാക്കി നാലുചുവരും കെട്ടിയാൽ കുളിക്കാനും പാചകത്തിനൊഴിച്ചുള്ള കാര്യങ്ങൾക്കും ഉപയോഗിക്കാം.

സാധ്യതകൾ

1 ശാസ്താംകോട്ടയിൽ നിർമ്മിച്ചിട്ടുള്ള ട്രീറ്റ്മെൻറ് പ്ലാൻറിൻറ ശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തി കൊല്ലംപട്ടണത്തിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും ജലവിതരണം പൂർണ്ണമാക്കണം.

2 ആനന്ദവല്ലീശ്വരത്തുനിന്നും വിവിധ ഓവർഹെഡ് ടാങ്കുകളിലേയ്ക്ക് സ്ഥാപിച്ചിട്ടുള്ള എ. സി. പൈപ്പുകൾ മാറ്റി പകരം മർദ്ദം താങ്ങാൻശേഷിയുള്ള സി. ഐ. പൈപ്പുകൾ സ്ഥാപിക്കുക.

3 ശാസ്താംകോട്ടയിൽനിന്നുള്ള പുതിയ സി. ഐ. പൈപ്പുലൈനോടോപ്പം പഴയ പ്രീമോപൈപ്പുലൈൻ കേടുപാടുകൾ തിർത്ത് സമാന്തര ലൈനായി നിലനിർത്തുകയും പുതിയ ലൈനിൽ പൊട്ടലുകളുണ്ടാകുന്ന അവസരങ്ങളിൽ ജലവിതരണത്തിന് തടസ്സം വരാത്ത നിലയിൽ ഉപയോഗപ്പെടുത്തുകയുംവേണം.

4 ശക്തികുളങ്ങര, നീണ്ടകര ഭാഗങ്ങളിൽ ഐസ് ഫാക്ടറികളുമായി ബന്ധപ്പെട്ട് അനധികൃത കണക്ഷനുകൾ ഉണ്ട്. ഇത്തരം അനധികൃതമായ ജലം ചോർത്തൽ തടയാൻ കഴിയണം.

5 പട്ടണത്തിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ കുഴൽക്കിണറുകളും അത്യാവശ്യ ജീവനക്കാരെ നിയോഗിച്ച് കൂടക്കൂടെ പ്രവർത്തിപ്പിച്ച് പ്രവർത്തനക്ഷമമായി സംരക്ഷിച്ച് നിലനിർത്തണം.

6 പഴയ ജി. ഐ. പൈപ്പുകൾ മാറ്റി പകരം പി. വി. സി. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനം പൂർത്തിയാക്കണം.

7 വിതരണപൈപ്പുകളിൽ അഴുക്കുകൾ നീക്കം ചെയ്യാൻ വിവിധ മേഖലകളിൽ സ്ഥാപിച്ചിട്ടുള്ള സ്കൗർ വാൽവ് തുറന്ന് മാസത്തിൽ രണ്ടുതവണയെങ്കിലും ശുചിയാക്കണം.

8 പട്ടണത്തിൽ 24 മണിക്കൂറും ജലവിതരണം ഉറപ്പുവരുത്തണം.

9 ആനന്ദവല്ലീശ്വരത്തെ പ്രധാന പമ്പിംഗ് സ്റ്റേഷനിലേയ്ക്ക് മാത്രമായി പ്രത്യേക ലൈൻ വലിച്ച് കണക്ഷൻ നൽകണം.

6.6

# ഗതാഗതം

കൊല്ലം നഗരസഭാതിർത്തിക്കുള്ളിൽ പ്രധാന ഗതാഗത മാർഗ്ഗങ്ങൾ റോഡ്, റെയിൽ, ജലമാർഗ്ഗം എന്നിവയാണ്. 36 വാർഡുകളിലായി 18.48 ചതുരശ്രകിലോമീറ്റർ പ്രദേശത്താണ് ഇവ സ്ഥിതി ചെയ്യുന്നത്. 139717 ആണ് 1991-ലെ സെൻസസ് പ്രകാരം ജനസംഖ്യ.

## 1. റോഡുഗതാഗതം

ഏതൊരു പ്രദേശത്തിന്റെയും സാമൂഹിക സാമ്പത്തിക പുരോഗതിയുടെ അനിവാര്യഘടകമാണ് റോഡുഗതാഗതം. കൊല്ലം നഗരസഭയിലെ പ്രധാനപ്പെട്ട വാണിജ്യ വ്യാപാര കേന്ദ്രങ്ങൾ സിവിൽ സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സർക്കാർ ഓഫീസുകൾ, റെയിൽവേ സ്റ്റേഷനും ആരാധനാലയങ്ങളും വിദ്യാലയങ്ങളും സ്ഥിതി ചെയ്യുന്ന രാമൻകുളങ്ങര മുതൽ പോളയത്തോട് വരെയുള്ള മുഖ്യ ഗതാഗതമാർഗ്ഗമാണ്. 6 k.m. നാഷണൽ ഹൈവേ.

വിവിധ പ്രദേശങ്ങളിൽ നിന്നുമെത്തുന്ന വാഹനങ്ങൾ എല്ലാംതന്നെ ചിന്നക്കട സ്പർശിക്കാതെ കൊല്ലം കടന്നു പോകാൻ കഴിയാത്ത തരത്തിലാണ് പട്ടണത്തിലെ ഗതാഗതസംവിധാനം. ഇതിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ട് ഏറെ സമയം നീണ്ടുനിൽക്കുന്ന ട്രാഫിക് ജാം അനുഭവപ്പെടുന്നുവെന്നതാണ്. പ്രധാന റോഡുകൾക്കരുകിൽ നടപ്പാതകൾ ഇല്ലാത്തത് കാൽനടക്കാരെ ദുരിതത്തിലാക്കുന്നു. വിവധ ആവശ്യങ്ങൾക്കായി പട്ടണത്തിലെത്തുന്നവർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കാൻ വേണ്ട സംവിധാനം ഉണ്ടാക്കാൻ ഇനിയും അമാന്തിച്ചുകൂട. ആയിരക്കണക്കിനാളുകൾ ഗതാഗതകുരുക്കിന്റെയും റോഡുമുറിച്ചു കടക്കാൻ കഴിയാത്തതിന്റെയും ഫലമായി ദീർഘനേരം കാത്തുനിന്ന് ബുദ്ധിമുട്ടുന്ന കാഴ്ച നഗരത്തിൽ സർവ്വസാധാരണമാണ്. പെഡസ്ട്രിയൻ ക്രോസ്സുകൾ നിശ്ചയിക്കുക, സബ് വേകളും ഓവർ ബ്രിഡ്ജുകളും നിർമ്മിക്കുക ഇവയാണിതിനുള്ള പരിഹാരം. നഗരത്തിന്റെ ദീർഘകാല വികസനത്തെ മുന്നിൽ കണ്ടുവേണം ഈ സംവിധാനങ്ങളെ കുറിച്ച് ചിന്തിക്കുവാൻ. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള ടാർ ചെയ്ത 50.54 കി.മീറ്റർ ദൈർഘ്യമുള്ള റോഡുകളാണ് നഗരസഭയുടെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്നത്. വാഹന ബാഹുല്യവും ജനസാന്ദ്രതയും കണക്കിലെടുത്താൽ നിലവിലുള്ള റോഡുകൾ വളരെ അപര്യാപ്തമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ഉള്ള റോഡുകളുടെ വിവരങ്ങൾ പട്ടിക 1-ൽ ചേർക്കുന്നു

## പട്ടിക 1

## കൊല്ലം നഗരസഭയിലെ ടാർ റോഡുകൾ (P.W.D.)

| നമ്പർ | റോഡ് | ഉടമസ്തത | ദൂരം കി.മീ. | വീതി ടാർ ചെയ്തത് | ബസ്, മറ്റ് യാത്രാസൗകര്യം. |
|---|---|---|---|---|---|
| 1. | കൊല്ലം ചെങ്കോട്ട റോഡ് | PWD | 2.4 K.M. | 7M. | ഉണ്ട് |
| 2. | കൊല്ലം കണ്ണനല്ലൂർ | PWD | 1 K.M. | 6 M. | ഉണ്ട് |
| 3. | തേവള്ളി | PWD | 1.8 K.M. | 6.5 M | ഉണ്ട് |
| 4. | ചിന്നക്കട ഗവ:ഹൗസ് | PWD | 2.26 K.M. | 7 M. | ഉണ്ട് |
| 5. | ചിന്നക്കട-വെള്ളയിട്ടമ്പലം | PWD | 3.64 K.M. | 6.5 M. | ഉണ്ട് |
| 6. | പായിക്കട | PWD | 0.8 K.M. | 5 M. | ഉണ്ട് |
| 7. | Y.M.C.A. | PWD | 0.5 K.M. | 5.5 M. | ഉണ്ട് |
| 8. | പഴയപോലീസ് സ്റ്റേഷൻ ട്രാൻസ്പോർട്ട് സ്റ്റാന്റ് | PWD | 0.86 K.M. | 4.5 M. | ഉണ്ട് |
| 9. | കർബല ക്യൂ.എസ്.റോഡ് | PWD | 0.83 K.M. | 4 M. | ഉണ്ട് |
| 10. | ഡി.എസ്.പി. കൊച്ചുപിലാംമൂട് | PWD | 0.805 K.M. | 5 M. | ഉണ്ട് |
| 11. | തോമസ് സ്റ്റീഫൻ കമ്പനി | PWD | 1.68 | 4.5 M. | ഉണ്ട് |
| 12. | ഫിഷ് മാർക്കറ്റ് റോഡ് | PWD | 0.57 K.M. | 4 M. | ഉണ്ട് |
| 13. | സ്റ്റാന്റേർഡ് ടൈൽ ഫാക്ടറി | PWD | 0.18 K.M. | 4 M. | ഉണ്ട് |
| 14. | Y.M.C.A. യ്ക്കു മുന്നിൽ | PWD | 0.50 K.M. | 5.5 M. | ഉണ്ട് |
| 15. | ഗവൺമെന്റ് ഹൗസിന് വടക്കുവശം | PWD | 0.63 K.M. | 4M. | ഉണ്ട് |
| 16. | ഫ്ലാഗ് സ്റ്റാഫ് റോഡ് | PWD | 0.37 K.M. | 4 M. | ഉണ്ട് |
| 17. | മഞ്ചാടിമുക്ക് | PWD | 0.53 | 4M. | ഉണ്ട് |
| 18. | ബാങ്ക് റോഡ് | PWD | 0.80 K.M. | 4 M. | ഉണ്ട് |
| 19. | യൂറോപ്യൻ ക്ലബ്ബ് റോഡ് | PWD | 0.32 | 4 M. | ഉണ്ട് |
| 20. | റൈഫിൾ | PWD | 0.83 K.M. | 4 M. | ഉണ്ട് |
| 21. | ലക്ഷ്മി നട സിറിയൻ ചർച്ച് | PWD | 0.44 K.M. | 4 M. | ഉണ്ട് |
| 22. | തിരുമുല്ലവാരം | PWD | 1.87 K.M. | 4 M. | ഉണ്ട് |
| 23. | മസൂരി ആശുപത്രി | PWD | 0.75 K.M. | 4 M. | ഉണ്ട് |
| 24. | വലിയപാലം - ഇരുമ്പുപാലം | PWD | 0.68 | 4M. | ഉണ്ട് |
| 25. | ആനന്ദവല്ലീശ്വരം ക്ഷേത്രം രാമേശ്വരം | PWD | 0.4 K.M. | 4 M. | ഉണ്ട് |
| 26. | ഉളിയക്കോവിൽ | PWD | 2.00 K.M. | 4 M. | ഉണ്ട് |
| 27. | ആശ്രാമം ക്ഷേത്രം-ആറാട്ടുകുളം | PWD | 0.73 K.M. | 4 M. | ഉണ്ട് |
| 28. | ഗവ: ഹൗസ്, കടപ്പാക്കട | PWD | 0.77 | 6.5 M. | ഉണ്ട് |
| 29. | കടപ്പാക്കട-കപ്പലണ്ടി മുക്ക് | PWD | 1.49 K.M. | 8 M. | ഉണ്ട് |
| 30. | റെയിൽവേ-കനാൽ റോഡ് | PWD | 0.90 K.M. | 4 M. | ഉണ്ട് |
| 31. | കോൺവെന്റ് റോഡ് | PWD | 0.46 K.M. | 4M. | ഉണ്ട് |

| | | | | | |
|---|---|---|---|---|---|
| 32. | കോട്ടൺമിൽ | PWD | 0.38 K.M. | 4 M. | ഉണ്ട് |
| 33. | ലക്ഷ്മിനട-തങ്കശ്ശേരി | PWD | 1.40 K.M. | 4.5 M. | ഉണ്ട് |
| 34. | ഫ്ളാഗ് സ്റ്റാഫ് തങ്കശേരി | PWD | 0.55 K.M. | 4 M. | ഉണ്ട് |
| 36. | കർബല-ചെമ്മാൻമുക്ക് | PWD | 1.2 K.M. | 4 M. | ഉണ്ട് |
| 37. | ഡി.എസ്.പി. ആഫീസ്-എൻ.പി.സിയ ഐയൺ ഫൗണ്ടറി | PWD | 0.70K.M. | 4.5 M. | ഉണ്ട് |
| 38. | സൗത്ത് താമരക്കുളം | PWD | 1.1 K.M. | 4 M. | ഉണ്ട് |
| 39. | നോർത്ത് താമരക്കുളം | PWD | 0.6K.M. | 4 M. | ഉണ്ട് |
| 40. | എ.ആർ. ക്യാമ്പ് ജംഗ്ഷൻ | PWD | 0.53 K.M. | 4 M. | ഉണ്ട് |
| 41. | വലിയപാലം ചെറിയപാലം | PWD | 1.5 K.M. | 4 M. | ഉണ്ട് |
| 42. | സാൾട്ട് ബാങ്ക് | PWD | 0.2 K.m. | 4 M. | ഉണ്ട് |
| 43. | പട്ടത്താനം | PWD | 0.59 | 5M. | ഉണ്ട് |
| 44. | കുറവൻപാലം | PWD | 1.5 K.M. | 4 M. | ഉണ്ട് |
| 45. | ഈസ്റ്റേൺ അപ്രോച്ച്, ആശ്രാമം മൈതാനം | PWD | 0.62K.M. | 5M. | ഉണ്ട് |
| 46. | കളക്രേറ്റ്-വാഡി | PWD | 1.58 K.M. | 5M. | ഉണ്ട് |
| 47. | ചെറിയപാലം-എച്ച് ആന്റ് സി വയൽ | PWD | 0.39 K.M. | 4 M. | ഉണ്ട് |
| 48. | ഓലയിൽകടവ് | PWD | 0.7 K.M. | 4 M. | ഉണ്ട് |
| 49. | ടിമ്പർ ടിപ്പോ | PWD | 0.15 K.M. | 4M. | ഉണ്ട് |
| 50. | ഓലയിൽകടവ്-ക്രോസ് റോഡ് | PWD | 0.21 K.M. | 4 M. | ഉണ്ട് |
| 51. | രാമവർമ്മ ക്ലബ്ബ് റോഡ് | PWD | 0.27 K.M. | 4 M. | ഉണ്ട് |
| 52. | ഡിവിഷൻ കച്ചേരി-കോട്ടയത്തുകടവ് | PWD | 1.3 K.M. | 4 M. | ഉണ്ട് |
| 53. | നെല്ലിമുക്ക്-കുരീപ്പുഴ | PWD | 1.8 K.M. | 4 M. | ഉണ്ട് |
| 54. | ഓലയിൽ സത്രം | PWD | 0.44 K.M. | 4 M. | ഉണ്ട് |
| 55. | തേവള്ളി ക്രോസ് റോഡ് | PWD | 0.22 K.M. | 4 M. | ഉണ്ട് |
| 56. | റിസർവ് ബാരക്കിന് മുന്നിലുള്ള റോഡ് | PWD | 0.15 K.M. | 4 M. | ഉണ്ട് |
| 57. | കടപ്പാക്കട പാലത്തിന് താഴെ | PWD | 0.26 | 4 M. | ഉണ്ട് |
| 58. | പുള്ളികടവ് | PWD | 0.03 K.M. | 4 M. | ഉണ്ട് |
| 59. | ആശുപത്രി ഡീവിയേഷൻ | PWD | 0.37 K.M. | 4 M. | ഉണ്ട് |

കൊല്ലം നഗരസഭയുടെ അധീനതയിൽ വിവിധ വാർഡുകളിലായി 177.40 കി.മീറ്റർ റോഡുകൾ സ്ഥിതിചെയ്യുന്നു. നിലവിലുള്ള റോഡുകളുടെ സ്ഥിതിവിവര കണക്കുകളും പട്ടിക 2 താഴെ ചേർക്കുന്നു.

## കൊല്ലം നഗരസഭയുടെ അധീനതയിലുള്ള വിവിധ തരം റോഡുകൾ

**പട്ടിക 2**

| ക്രമ നമ്പർ | വാർഡ് | ടാർറോഡ് | വീതി | ഗ്രാവൽ റോഡ് കി.മീ. | കോൺക്രീറ്റ് കി.മീ. | മറ്റ് റോഡ് കി.മീ. | മെറ്റൽ റോഡ് കി.മീ. |
|---|---|---|---|---|---|---|---|
| 1. | ഉളിയക്കോവിൽ നോർത്ത് | 6.15 | 3 M. | 0.85 | 0.90 | 1.10 | – |
| 2. | ഉളിയക്കോവിൽ മിഡിൽ | 4.4 | 3 M. | 0.25 | 0.3 | 0.1 | – |
| 3 | ഉളിയക്കോവിൽ സൗത്ത് | 4.1 | 3 M. | 0.45 | – | 0.3 | – |

| | | | | | | | |
|---|---|---|---|---|---|---|---|
| 4. | ആശ്രാമം നോർത്ത് | 4.6 | 3M. | 0.55 | – | 0.4 | – |
| 5. | ആശ്രാമം വെസ്റ്റ് | 3.9 | 2.6M. | 0.35 | 0.9 | 0.2 | – |
| 6. | ആശ്രാമം മിഡിൽ | 3.4 | 2.40 M. | 0.45 | 0.75 | 0.1 | – |
| 7. | ആശ്രാമം സൗത്ത് | 4.60 | 3M. | 0.40 | 0.30 | 0.20 | – |
| 8. | പട്ടത്താനം ഈസ്റ്റ് | 3.65 | 3.M. | 0.30 | 0.20 | 0.5 | – |
| 9. | പട്ടത്താനം വെസ്റ്റ് | 3.50 | 3M. | 0.50 | 0.65 | 0.10 | – |
| 10. | പോളയത്തോട് | 3.120 | 2.8M. | – | 0.900 | – | 0.2 |
| 11. | മുണ്ടയ്ക്കൽ ഈസ്റ്റ് | 4.8 | 3M. | 2.150 | 0.55 | 1.2 | – |
| 12. | മുണ്ടയ്ക്കൽ മിഡിൽ | 4.9 | 3M. | 1.65 | 0.75 | 1.6 | 0.25 |
| 13. | മുണ്ടയ്ക്കൽ വെസ്റ്റ് | 5.95 | 3M. | – | 0.700 | 1.75 | – |
| 14. | കന്റോൺമെന്റ് നോർത്ത് | 2.17 | 3M. | – | 0.2 | 0.05 | – |
| 15. | കന്റോൺമെന്റ് സൗത്ത് | 3.95 | 3M. | – | – | – | – |
| 16. | വടക്കുംഭാഗം | 3.76 | 3M. | – | 0.4 | – | – |
| 17. | ആണ്ടാമുക്കം | – | – | – | 0.200 | – | – |
| 18. | താമരക്കുളം | 3.65 | 3M. | – | 0.2 | – | – |
| 19. | പള്ളിത്തോട്ടം | 2.85 | 3M. | .49 | 0.32 | 0.08 | – |
| 20. | ബീച്ച് ഈസ്റ്റ് | 1.15 | 3M. | 0.37 | 0.45 | 0.28 | – |
| 21. | ബീച്ച് സൗത്ത് | 1.03 | 3M. | 037 | 0.37 | 0.39 | – |
| 22. | ബീച്ച് നോർത്ത് | 1.18 | 3M. | 039 | 0.40 | 0.25 | – |
| 23. | കോട്ടയ്ക്കകം | 4.65 | 3M. | 0.40 | 0.35 | 0.15 | – |
| 24. | കച്ചേരി | 0.90 | 3M. | 0.15 | 0.45 | 0.15 | – |
| 25 | പാലസ് | 1.09 | 3M. | 0.49 | 0.3 | 0.2 | – |
| 26. | തേവള്ളി | 2.7 | 3M. | 0.46 | 0.34 | 0.25 | – |
| 27 | കൈക്കുളങ്ങര നോർത്ത് | 2.65 | 2.8M. | 0.25 | 0.32 | 0.25 | – |
| 28. | കൈക്കുളങ്ങര ഈസ്റ്റ് | 2.2 | 3M. | – | 0.25 | 0.73 | – |
| 29. | കൈക്കുളങ്ങര വെസ്റ്റ് | 1.8 | 2.8M. | – | 0.23 | 0.75 | – |
| 30. | തങ്കശ്ശേരി | 2.8 | 3M. | 0.27 | 0.05 | 0.5 | – |
| 31. | പുന്നത്തല സൗത്ത് | 6.35 | 3M. | 0.7 | 0.3 | 0.35 | – |
| 32. | പുന്നത്തല നോർത്ത് | 3.5 | 3 | 0.7 | 0.3 | – | – |
| 33. | മുളങ്കാടകം | 2.5 | 3M. | 0.5 | 0.15 | 0.45 | – |
| 34. | കുരീപ്പുഴ ഈസ്റ്റ് | 3.4 | 3M. | 0.5 | 0.45 | 0.6 | – |
| 35. | കുരീപ്പുഴ വെസ്റ്റ് | 3.63 | 3M. | 0.8 | 0.35 | 0.4 | – |
| 36. | മനയിൽകുളങ്ങര | 4.6 | 3M. | 1.1 | 0.2 | 0.45 | – |

## റോഡുകളും അനുബന്ധ പ്രശ്നങ്ങളും:–

കഴിഞ്ഞ 25 വർഷങ്ങൾക്കിടയിൽ കൊല്ലം നഗരത്തിൽ ഒരു പുതിയ റോഡുപോലും പൊതുമരമാത്ത് വകുപ്പിന്റേതായി രൂപം കൊണ്ടിട്ടില്ല. ഈ കാലയളവിൽ ഏറ്റെടുത്തിട്ടുള്ളതു കുഞ്ഞമ്മപാലം എന്ന സ്ക്യൂ ബ്രിഡ്ജിന്റെയും പുകയില പണ്ടകശാല പാലത്തിന്റെയും നിർമ്മാണമാണ്. ഈ കാലയളവിൽ നഗരത്തിൽ കൂടി കടന്നുപോകുന്നതും നഗരത്തിൽ ഉള്ളതുമായ വാഹനങ്ങളുടെ നിരക്ക് പലമടങ്ങ് വർദ്ധിച്ചിട്ടുണ്ട്. റോഡിന്റെ അപര്യാപ്തത നിരവധി വാഹന അപകടങ്ങൾക്കിടയാക്കുന്നു. കഴിഞ്ഞ 5 വർഷകാലയളവിൽ പട്ടണത്തിലാകെ 2230 വാഹന അപകടങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ അപകടങ്ങളിൽ 101 വിലപ്പെട്ട ജീവൻ നഷ്ടപ്പെട്ടു.

നിരവധി പേർക്ക് മുറിവേൽക്കുകയും പലർക്കും അംഗഭംഗം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ദുരവസ്ഥയ്ക്ക് പരിഹാരം ഉണ്ടാവുക എന്നത് ദീർഘകാലമായി ജനങ്ങൾ ഉന്നയിച്ചുപോന്നിട്ടുള്ള ആവശ്യമാണ്. നിലവിലുള്ള റോഡുകൾ താഴെ പറയുംവിധം മാറ്റങ്ങൾക്ക് വിധേയമാക്കാനുള്ള സ്കീമുകൾ അംഗീകരിച്ചിട്ടുണ്ട്.

1. താലൂക്ക് ആഫീസ് കളക്ട്രറ്റ് റോഡ്:- കൊല്ലം നഗരത്തിൽ ഏറ്റവും കൂടുതൽ ഗതാഗതകുരുക്കുള്ള റോഡാണിത്. ഈ റോഡിന്റെ വീതി 21 മീറ്ററായി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനമാണിപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. നാലുവരി വാഹനഗതാഗതവും ഇരുവശവും 3 മീറ്റർ വീതം നടപ്പാതയുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. 196.25 ലക്ഷം രൂപാ ഭരണാനുമതിയും ഈ വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. അടുത്ത വർഷം ആദ്യം പ്രവർത്തനം ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വികസനത്തിലൂടെ പ്രദേശത്തെ ഗതാഗതകുരുക്ക് നല്ലൊരളവുവരെ പരിഹരിക്കപ്പെടുന്നതാണ്.

2. പുകയില പണ്ടകശാല വാഡി റോഡ്:- പുകയില പണ്ടകശാല പാലം കൊണ്ടുള്ള പ്രയോജനം പൂർണ്ണമാകണമെങ്കിൽ വാഡി വരെയുള്ള റോഡ് 15 മീറ്റർ വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം. ഇതിലേക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 75.7 ലക്ഷം രൂപയാണ്. ഈ വർഷം 5 ലക്ഷം രൂപ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ട്. ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല.

3. കൊച്ചുപിലാംമൂട് പാലം:- നഗരത്തിലെ തിരക്ക് കുറയ്ക്കാൻ കൊച്ചുപിലാംമൂട് പാലത്തിന്റെ നിർമ്മാണം എത്രയും പ്രാധാന്യമുള്ളതാണ്. അപ്രോച്ച് റോഡിന്റെ വീതി കൂട്ടലും നാഷണൽ ഹൈവേയിൽ നിന്നും ഡി.എസ്.പി. ആഫീസിനു മുമ്പിൽ കൂടിയുള്ള റെയിൽവേ മേൽപ്പാലവും യാഥാർത്ഥ്യമാകുമ്പോൾ ഈ ലക്ഷ്യം കൈവരിക്കുവാൻ കഴിയും. ഇതിന് 56 ലക്ഷം രൂപയുടെ ഭരണാനുമതിയും ഈ വർഷത്തെ ബഡ്ജറ്റിൽ 8 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്.

4. ഡി.എസ്.പി. ആഫീസ് - പി.ഡബ്ല്യൂ. ഡി. ആഫീസ് റോഡ്:-

നാഷണൽ ഹൈവേയിൽ നിന്ന് മേൽ പ്രസ്താവിച്ച റെയിൽവേ മേൽപ്പാലം കടന്നുവരുന്ന റോഡിൽ നിന്ന് തുടങ്ങി ബി.റ്റി.എസിന് മുമ്പിൽ കൂടി പി. ഡബ്ല്യൂ. ഡി. ജംഗ്ഷനിൽ എത്തുന്നു. അവിടെ നിന്നും താമരക്കുളം പുകയില പണ്ടകശാല വഴി നാഷണൽ ഹൈവേയിൽ എത്തിച്ചേരുന്ന വിധമാണ് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഇത് പൂർത്തിയാകുന്നതോടെ പട്ടണത്തിലെ ഗതാഗതകുരുക്ക് കുറയ്ക്കുവാൻ കഴിയുന്ന ഒരു സമാന്തര റോഡായി ഉപയോഗിക്കുവാൻ കഴിയും. ഈ റോഡിന്റെ സ്കീമിന് ചില സാങ്കേതിക പ്രശ്നം മൂലം അംഗീകാരം നീണ്ടുപോവുകയാണ്.

5. സ്ക്യൂബ്രിഡ്ജ് (കുഞ്ഞമ്മപാലം) താലൂക്ക് ആഫീസ് ഭാഗത്തുനിന്നും പി.ഡബ്ല്യൂ.ഡി. ആഫീസ് ബീച്ച് ഭാഗത്തുനിന്നും കൊല്ലം ചെങ്കോട്ട റോഡിൽ എത്തുവാൻ ഉപയോഗിക്കുന്ന ഒരു റെയിൽവേ മേപ്പാലം ആണ് ഇത്. ഇവിടുത്തെ ഗതാഗതകുരുക്ക് യാത്രക്കാർക്ക് ഒട്ടധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. ഇപ്പോഴത്തെ പാലത്തിന് പടിഞ്ഞാറുവശം നികത്തി കിഴക്കുഭാഗത്തേക്കുള്ള ഗതാഗതം കൊല്ലം-ചെങ്കോട്ട റോഡുവഴിയും ആശ്രാമം റോഡുവഴിയും നടത്തുവാനാണ് ഈ സ്കീം കൊണ്ട് ഉദ്ദേശിക്കുന്നത്. റെയിൽവേ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതിന്റെ പ്രവർത്തനം സാദ്ധ്യമാകൂ.

6. താലൂക്ക് ആഫീസ്-ബസ് സ്റ്റാന്റ്-ആശ്രാമം ലിങ്ക് റോഡ്:- കൊല്ലം വികസന അതോറിറ്റി തയ്യാറാക്കിയ ഒരു പദ്ധതിയാണിത്. താലൂക്ക് ആഫീസിന്റെ പടിഞ്ഞാറുനിന്നും വരുന്ന വാഹനങ്ങൾക്ക് ചിന്നക്കട സ്പർശിക്കാതെ ആശ്രാമം കടപ്പാക്കട വഴി കൊല്ലം ചെങ്കോട്ട റോഡിൽ എത്താൻ കഴിയും. ഏകദേശം ഒരുകോടി രൂപയാണ് ചിലവ്. അങ്ങനെ ഗതാഗതകുരുക്ക് ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതൊരു നിർദേശമെന്ന നിലയിലാണ് ഇപ്പോഴുള്ളത്.

ചിന്നക്കടയിലെ ഗതാഗതകുരുക്ക് ഒഴിവാക്കാൻ ഹെഡ് പോസ്റ്റാഫീസിന്റെ മുന്നിൽ ഒരു തുരങ്കപാത നിർമ്മിക്കാവുന്നതാണ്. താഴെ പറയുന്ന റോഡുകളുടെ വീതി കൂട്ടുകയും വളവുകൾ നിവർത്തുകയും ചെയ്താൽ ഗതാഗതകുരുക്കിന് ഒരു പരിധി വരെ ശമനമുണ്ടാകും.

## വീതി കൂട്ടേണ്ട ഭാഗങ്ങൾ

1. സിവിൽ സ്റ്റേഷനും റൗൺ യു.പി.എസിനും ഇടയ്ക്കുള്ള പ്രദേശം.

താലൂക്ക് ആഫീസ് മുതൽ സിവിൽ സ്റ്റേഷൻ വരെയുള്ള സ്ഥലം 21 മീറ്റർ വീതി വേണം. കൊല്ലം കണ്ണനല്ലൂർ റോഡ് രണ്ടുകിലോമീറ്റർ നീളത്തിൽ 21 മീറ്റർ വീതി കൂട്ടണം.

കൊല്ലം ചെങ്കോട്ട റോഡ് - 25 മീറ്റർ വീതി വേണം

കൊല്ലം ആലപ്പുഴ റോഡ് - 25 മീറ്റർ വീതി വേണം

കൊല്ലം അഞ്ചാലുംമൂട് റോഡ് - 21 മീറ്റർ വീതി വേണം.

പുകയില പണ്ടകശാല പാലത്തിന് പടിഞ്ഞാർ വശം മുളക്കടമുക്ക് മുതൽ വാടി വരെയുള്ള ഭാഗം 21 മീറ്റർ വീതിയാകണം.

നോർത്ത് താമരക്കുളം റോഡ് ബെൻസിഗർ ആശുപത്രിക്ക് പടിഞ്ഞാറുവശം ഗണപതി കോവിലിനു മുമ്പിൽ കൂടി പോകുന്ന റോഡ് പരമാവധി വീതി കൂട്ടണം. വടയാറ്റുകോട്ട റോഡ് 21 മീറ്റർ വീതിയാക്കണം. താലൂക്ക് ആഫീസ് ജംഗ്ഷനിലെ വളവു നിവർത്തണം. മുളങ്കാടകം, നെല്ലിമുക്ക്, കാങ്കത്തുമുക്ക്, തോപ്പിൽകടവ് എന്നിവിടങ്ങളിലെ പി. ഡബ്ല്യൂ. ഡി. റോഡിന്റെ ഭാഗവും മുളങ്കാടകം, അഞ്ചുകല്ലുംമൂട്, ലക്ഷ്മിനട, മാടൻനട എന്നിവിടങ്ങളിലെ നാഷണൽ ഹൈവേ 47-ലെ വളവുകളും നിവർത്തണം. ചിന്നക്കട, താലൂ

ക്കാഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻറോഡ് എന്നിവിടങ്ങളിൽ കൈവരികൾ സ്ഥാപിക്കണം. നിലവിലുള്ള ടാക്സി-ഓട്ടോ സ്റ്റാന്റുകൾ പുനർക്രമീകരിക്കണം. വാഹനങ്ങൾക്ക് ക്യൂ സിസ്റ്റം ഏർപ്പെടുത്തുകയും വേണം. നഗരത്തിലുള്ള മുനിസിപ്പൽ റോഡിന്റെ നീളം 177.4 കി. മീറ്ററാണ്. ടി. റോഡുകളുടെ നില വളരെ ശോചനീയമാണ്. കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്തി മുനിസിപ്പൽ റോഡുകൾ സംരക്ഷിക്കണം.

വാർഡ് സഭകളിൽ അവതരിപ്പിച്ച വിവിധതരം റോഡുകളുടെ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

### പട്ടിക 3 മുതൽ 8 വരെ.

### കൊല്ലം നഗരസഭയുടെ വാർഡുകളിൽ നിന്നും ലഭിച്ച വിവരങ്ങൾ

### ടാർ ചെയ്യേണ്ട റോഡുകൾ. പട്ടിക 3

| ക്രമനമ്പർ | വാർഡുനമ്പർ | | റോഡിന്റെ വിവരങ്ങൾ |
|---|---|---|---|
| 1. | 3 | | തോമസ് താഹയുടെ ജംഗ്ഷനിൽ രവികുമാറിന്റെ വീടിന്റെ സമീപത്തു നിന്നും മിനിസിപ്പൽ കോളനിയുടെ കിഴക്ക് കൊരണ്ടിക്കുഴി ജംഗ്ഷൻ വരെ. |
| 1a | 3 | | കൊക്കയത്ത് കണ്ടോലി-പുന്നമൂട് റോഡിലെ കലുങ്ക് |
| 2. | 4. | (1) | സാവിത്രിക്കട ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കാവടിപ്പുറം ചങ്ങാലറോഡ്. |
| | | (2) | ശ്രീ. ഗോപാലകൃഷ്ണന്റെ വീട്ടിന്റെ മുമ്പിൽ നിന്ന് തെക്കോട്ട് ചമ്പത്തോട് വരെ. |
| 3 | 5 | | കമ്പിയ്ക്കകം മുനിസിപ്പൽ കോളനിയുടെ വടക്കേഅറ്റം മുതൽ അസോസിയേറ്റഡ് ഇൻഡസ്ട്രീസിനു തെക്കുവശം വരെ. |
| 4. | 7 | (1) | കുറവൻ പാലം ജംഗ്ഷൻ മുതൽ കടപ്പാക്കട വരെയുള്ള തോടിന്റെ സൈഡിൽ കൂടിയുള്ള റോഡ്. |
| | | (2) | വർഗീസ് കോമ്പൗണ്ടിൽ നിന്നും ഗോരേട്ടി ഹോസ്റ്റലിൽ കയറുന്ന വഴി. |
| | | (3) | ശങ്കരകുമാരപുരം ക്ഷേത്രത്തിൽ നിന്നും കിഴക്കോട്ടുള്ള റോഡ്. |
| | | (4) | കുന്നിൽ നിന്ന് കിഴക്കോട്ട് ജീൽസൺ പുരയിടത്തിൽ അവസാനിക്കുന്ന റോഡും മിഷ്യൻ കാമ്പൗണ്ട് പള്ളിപുരയിടം റോഡും |
| | | (5) | മുപ്പതാം നമ്പർ മുനിസിപ്പൽ കോളനിയിൽ നിന്നും കോതേശ്വരം ഹരിജൻ കോളനിയിൽ പോകുന്ന റോഡ്. |
| 5 | 8 | | ഫയർ സ്റ്റേഷൻ മുതൽ ചക്കരത്തോപ്പുവരെയുള്ള റോഡ്. |
| 6 | 11 | | കല്ലുകണ്ടത്തിൽ മുതൽ പുളിമൂടു വരെ. |
| 7 | 12 | | സാൻകോ പബ്ലിക് സ്ക്കൂളിന്റെ തെക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ടുകിടക്കുന്ന 50 മീറ്റർ റോഡ്യ |
| 8 | 12 | | എസ്.എൻ. കോളേജ് ജംഗ്ഷൻ മുണ്ടയ്ക്കൽ പാലം റോഡ് |
| 9 | 15 | | ക്രേവൻ സ്ക്കൂളിൽ നിന്നും കുറവൻപാലത്തേക്കുള്ള റോഡ്. |
| 10 | 18 | (1) | പുകയില പണ്ടകശാല പുതിയ പാലത്തിൽ കൂടിയുള്ള അപ്രോച്ച് റോഡ്. ആണ്ടാമുക്കം വഴി ബീച്ച്റോഡുമായി ബന്ധിപ്പിക്കുക. |
| | | (2) | ഗണപതി ക്ഷേത്രത്തിന് സമീപത്തുനിന്നും തെക്കോട്ട് ലക്ഷ്മണപാലം വരെയും PWD ആഫീസിന് വടക്കുവശത്തുനിന്ന് പടിഞ്ഞാറോട്ട് ടി റോഡിൽ എത്തിച്ചേരുന്നതും മുതലിയാർ സ്ട്രീറ്റ് റോഡ് താമരക്കുളം റോഡുവരെയും. |
| 11 | 24 | (1) | രാമവർമ്മ ക്ലബ്ബ് മുതൽ ഓലയിൽകടവു വരെയുള്ള റോഡ്. |
| | | (2) | ശ്രീ വി.പി. രാമകൃഷ്ണപിള്ള M.L.A. യുടെ വീടുവരെയുള്ള റോഡ്. |
| 12 | 26 | (1) | കോട്ടമുക്കിൽ നിന്നും സെന്റ് അലോഷ്യസ് റോഡിലേക്കുള്ള ഇടവഴി |
| | | (2) | സി.പി. & സി.പി. കോമ്പൗണ്ടിലേക്കുള്ള റോഡ് (200 മീറ്റർ) |
| 13 | 27 | | നാഷണൽ ഹൈവേയിൽ സെന്റർ ഫോർ കെമിസ്ട്രിയുടെ സമീപത്തു നിന്നും വടക്കോട്ട് തോട്ടത്തിൽ റോഡും രാമേശ്വരം അമ്പലത്തിന് പടിഞ്ഞാറുവശം |

| | | |
|---|---|---|
| | | ഉള്ള റോഡും. |
| 14 | 29 | പുതിയ ട്രാൻസ് ഫോർമർ മുതൽ കല്ലേലി വയൽ പുരയിടത്തിന്റെ മദ്ധ്യഭാഗത്തുകൂടിയുള്ള റോഡ്. |
| 15 | 30 | ബിഷപ്പ് പാലസ് മാർക്കറ്റ് റോഡ്. |
| 16 | 31 | കരുമാലി റോഡും അനുബന്ധ ഇടവഴികളും. |
| 17 | 32 | കാരിപ്പള്ളി കിഴക്കുവശത്തുനിന്നും തെക്കോട്ടു മുത്തയ്യത്തു കയറുന്ന റോഡും കരുമാലി റോഡിൽ നിന്നും മങ്ങാട്ടഴികത്തു ചെന്നുകയറുന്ന റോഡും കടവിനകത്തുനിന്നും അഞ്ചുകല്ലുംമൂട്ടിൽ ചെന്നുകയറുന്ന റോഡും. മുണ്ടാലുംമൂട്ടിൽ തിരുമുല്ലവാരം റോഡിൽ ഭാരതീയ സൊസൈറ്റി ജംഗ്ഷനിൽ കല്ലുംപുറം പടിഞ്ഞാറുഭാഗത്തെ റോഡും പരിഷത്തുവീടിന്റെ മുന്നിൽ നിന്നും കിഴക്കോട്ടു 500 മീറ്റർ റോഡും മുണ്ടാലുംമൂടു തിരുമുല്ലവാരം റോഡിൽ വിഷ്ണത്തുകാവിനു പടിഞ്ഞാറുവശം കൂടി മുളയ്ക്കൽ പൂവത്തൂർ ഭാഗത്തേക്ക് പോകുന്ന റോഡ്. തിരുമുല്ലവാരം ക്ഷേത്രത്തിനു മുന്നിൽ കളരി ക്ഷേത്രത്തിനു മുമ്പിലൂടെ പോകുന്ന റോഡും കുന്നേമുക്കിൽ നിന്നുള്ള കല്ലുംപുറം റോഡും, തോട്ടുമുഖം കല്ലുംപുറം റോഡും, തിരുമുല്ലവാരം സർപ്പക്കുഴി റോഡും. |
| 18 | 34 | (1) നെല്ലിമുക്ക് മാമൂട്ടിൽ കടവ് റോഡ് |
| | | (2) ഇരട്ടക്കടവു ജംഗ്ഷനിൽ നിന്ന് കിഴക്കോട്ട് കായൽവാരത്തേക്ക് പോകുന്ന റോഡ് |
| | | (3) കുരീപ്പുഴ ബംഗ്ലാവിന്റെ (പൗൾട്രി ഫാം) തെക്കുവശത്തുകൂടി കിഴക്കോട്ടു കായൽവാരം വരെയുള്ള റോഡ് |
| | | (4) നെല്ലിമുക്കിൽ നിന്നും കിഴക്കോട്ടു കായൽവാരം വരെയുള്ള റോഡ്. |
| 19 | 35 | കോമോസ് ഷെഡിന്റെ വടക്കുവശത്തുള്ള റോഡ്. |

## പട്ടിക 4

## ക്രോൺക്രീറ്റ് ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡുനമ്പർ | റോഡിന്റെ വിവരങ്ങൾ |
|---|---|---|
| 1 | 1 | ഞാറവിള ഹരിജൻകോളനി മുതൽ കായൽവാരം വരെയുള്ള റോഡ്. |
| 1 a | 1 | ജനയുഗത്തിനു പുറകുവശം സുധാകരന്റെ വീടുമുതൽ കേരളമലർ വരെ |
| 2 | 5 | (1) ആറാട്ടുകുളത്തിന് വടക്കുവശത്തുള്ള റോഡ് തുടർന്ന് അവിടെ നിന്ന് ആരംഭിക്കുന്ന ഓടയിൽ നിന്നുള്ള ജലനിർഗ്ഗമനത്തിന് തടസ്സമില്ലാതെ കട്ടിയുള്ള കോൺക്രീറ്റ് സ്ലാബിട്ട് സൈഡു വീതി കൂട്ടുക. |
| | | (2) ബോട്ടുപുരയിടത്തിലേക്കുള്ള ഇടവഴി |
| | | (3) ഇ.എസ്.ഐ. ആശുപത്രിയുടെ തെക്കുവശം പുളിമൂട് പുരയിടത്തിനു പടിഞ്ഞാറുവശം തെക്കുവടക്കുള്ള റോഡ്. |
| | | (4) ബട്ട്ളറഴികത്തുള്ള ഇടവഴി |
| | | (5) അസോസിയേറ്റഡ് ഇൻഡസ്ട്രീയലിന് തെക്കുവശം. |
| | | (6) രാഘവൻപിള്ളയുടെ ചായക്കടയുടെ പടിഞ്ഞാറുവശത്തുകൂടി അകത്തേക്കു പോകുന്ന ഇടവഴി |
| | | (7) ഫോർമാൻ ശ്രീധരൻ മേസ്തിരിയുടെ വീടിന് മുൻവശത്തുകൂടിയുള്ള ഇടവഴി രണ്ടുവശത്തും കൂടിയുള്ളത്. |
| | | (8) എസ്.ജി. & സൺസിന് സമീപം മേക്കതിൽ പുരയിടത്തിലേക്ക് പോകുന്ന ഇടവഴി. |
| | | (9) ആശ്രാമം ടൈൽവർക്സിന് പടിഞ്ഞാറുവശത്തുകൂടി പുതുവൽ പുരയിടത്തി |

| | | |
|---|---|---|
| | | ലേക്ക് പോകുന്ന ഇടവഴി |
| | | (10) അറയ്ക്കൽ പുരയിടത്തിന്റെ ഇരുവശവുമുള്ള നാല് ഇടവഴികൾ |
| 3 | 7 | ഇന്ദിരാജി ജംഗ്ഷനിൽ നിന്നും റൈറ്റേഴ്സ് കോമ്പൗണ്ടിലേക്ക് പോകുന്ന വഴി |
| 4 | 8 | (1) കരീമിന്റെ വീടിനു സമീപത്തുകൂടി വടക്കോട്ട് എഴുപത്തിഅഞ്ചു മീറ്റർ |
| | | (2) ചക്കരത്തോപ്പു പ്രഭയുടെ വീടിന്റെ പരിസരത്തു നിന്നും താഴോട്ട് ഇറങ്ങുന്ന 60 മീറ്റർ റോഡ്. |
| | | (3) കൈപ്പൂരത്തിൽ പുരയിടത്തിൽ സ്ലാബിട്ടുനിർത്തിയ സ്ഥലത്തുനിന്നും 80 മീറ്റർ |
| 5 | 9 | പ്രൊഫസർ വൈറ്റസ് സാറിന്റെ വീടിന്റെ മുമ്പിൽ നിന്നും വയലിൽ പുരയിടത്തിലേക്കുള്ള വഴി. |
| 6 | 10 | ശാന്തി നഗർ കോളനിയിലെ റോഡ് കോൺക്രീറ്റുചെയ്യുക |
| 7 | 12 | തുമ്പറ റോഡിൽ നിന്നും ഇടത്തോട്ട് ആദ്യത്തെ തിരിവുമുതൽ സാൻകോ പബ്ലിക് സ്ക്കൂളിന്റെ മുൻവശത്തുകൂടി കിഴക്കോട്ട് കാവൽപുര മുക്കുവരെയുള്ള റോഡ്. |
| 7 a | 13 | പുളിന്തിട്ട പരമേശ്വരന്റെ വീടുമുതലുള്ള ഹരിജൻ കോളനിയിലെ ഇടവഴി. |
| 8 | 15 | MC 535 മുതൽ 538 വരെയുള്ള താമസക്കാർക്ക് ഓട കെട്ടി വഴി കോൺക്രീറ്റ് ചെയ്യുക. |
| 9 | 18 | പുകയില പണ്ടകശാല കനാൽ ഭാഗത്തെ റോഡ്. |
| 10 | 24 | കുമ്പളത്തു റോഡുമുതൽ ഡിപ്പോപുരയിടം വരെയുള്ള റോഡ്. |
| 11 | 29 | കല്ലേലി വയൽ പുരയിടത്തിൽ ശ്രീമാൻ ചന്ദ്രന്റെ വീടിന്റെ ഭാഗത്തേക്കുള്ള റോഡും ഫിഷർമെൻ കോളനിയിലേക്കുള്ള റോഡും. |
| 12 | 32 | വെട്ടമ്പറമ്പത്തു പുരയിടത്തിലുള്ള ഇടറോഡ്. |
| 13 | 34 | (1) ആനേഴത്തുമുക്കിൽ നിന്നും സൈമാകോളേജിന്റെ തെക്കുവരെയുള്ള ഇടറോഡ്. |
| | | (2) സോമയാജിയുടെ വീടിന്റെ മുൻവശത്തുനിന്നും അറയ്ക്കൽ പുരയിടത്തിലേക്കു പോകുന്ന റോഡ്. |
| | | (3) മണലി ക്ഷേത്രത്തിന്റെ വടക്കുവശത്തു നിന്ന് കിഴക്കോട്ടു പോകുന്ന ഇടറോഡ്. |
| 14 | 35 | (1) പാണന്റ്യം റോഡ് |
| | | (2) വെളിയിൽ പുരയിടത്തിന്റെ ഇടറോഡ് |
| | | (3) വയലിൽ കാവിൽ നിന്ന് തെക്കോട്ട് കുഴിക്കാണത്തേക്ക് പോകുന്ന ഇടറോഡ്. |
| | | (4) മാതേതര ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ടുചെന്ന് തെക്കോട്ടു തിരിയുന്ന ചെപ്പള്ളി ഇടറോഡ്. |

## പൂർത്തീകരിക്കാനുള്ള റോഡുകൾ

**പട്ടിക 5**

| ക്രമനമ്പർ | വാർഡു | റോഡിന്റെ വിവരങ്ങൾ |
|---|---|---|
| 1 | 1 | പുന്നമൂട്ടിൽ നിന്ന് സെന്റ് മേരീസ് സ്ക്കൂളിന് സമീപത്തേക്കുള്ള റോഡ്. |
| 2 | 3 | ഹോമിയോ ഡിസ്പൻസറി മുതൽ തങ്കപ്പൻ തീപ്പെട്ടിക്കമ്പനി വരെയുള്ള 400 മീറ്റർ റോഡ് |
| 3 | 4 | (1) കുഴിക്കാനം മുതൽ വരമ്പശ്ശേരി വരെയുള്ള റോഡ് |
| | | (2) ചമ്പത്തോട് ജംഗ്ഷൻ മുതൽ കാവടിപ്പുറം റോഡിൽ ചെന്നുചേരുന്ന ഇടവഴി |
| 4 | 8 | ചക്കരത്തോപ്പുതോടിന് മുകളിൽ കോൺക്രീറ്റ് ചെയ്ത് പകുതിയാക്കി നിർത്തിയിരിക്കുന്നത്. |

| | | |
|---|---|---|
| 5 | 5 | മുൻ കൗൺസിലർ ദാനശീലന്റെ വീടിന്റെ മുൻവശത്തുകൂടി ശാന്തിനഗറിൽ ചെന്നു ചേരുന്ന റോഡ് |
| 6 | 16 | താലൂക്ക് കച്ചേരി സ്ലാട്ടർ ഹൗസ് റോഡ് 100 മീറ്റർ ദൂരം. |

## പുതിയതായി ചെയ്യേണ്ട റോഡുകൾ

### പട്ടിക 6

| ക്രമനമ്പർ | വാർഡ് | റോഡിന്റെ വിവരങ്ങൾ |
|---|---|---|
| 1 | 1 | (1) പള്ളിയ്ക്കൽ കിഴക്കേകലങ്കിൽ നിന്നും 150 മീറ്റർ വാടക്കേ കലങ്കുവരെ സ്ലാബിട്ടു നടപ്പാത പണിയുക. |
| | | (2) പള്ളിയ്ക്കൽ ജംഗ്ഷൻ മുതൽ കടവന ഗോപിപിള്ളയുടെ വീടിന്റെ മുമ്പിൽ ഉള്ള പഞ്ചായത്തുറോഡുമായി ബന്ധിപ്പിക്കുന്ന റോഡ്. |
| | | (3) ജയിംസിന്റെ വീടിന്റെ മുൻവശം മുതൽ ഓടപ്പുറത്തുകൂടി പടിഞ്ഞാറു പബ്ലിക് റോഡിൽ ബന്ധിപ്പിക്കുന്ന റോഡ് |
| 2 | 3 | ചാഴിപ്പുറത്തുനിന്നും കെ.വി.എസ്.എൻ.ഡി.പി. യു.പി. സ്ക്കൂളിലേക്കുള്ള ലിങ്ക് റോഡ്. |
| 3 | 5 | (1) ശ്രീവിലാസം ടൈൽ ഫാക്ടറി മുതൽ കൊച്ചുതോണ്ടലിൽ വരെ. |
| | | (2) കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്നും യാത്രാനിവാസിനു സമീപത്തേക്കുള്ള റോഡ്. |
| 4 | 9 | (1) ജവഹർ ജംഗ്ഷനിൽ നിന്നും സിംസൺ ഡോക്ടറുടെ വീടിന് വടക്കോട്ടുള്ള റോഡ്. ഡി.ജി.പി. കൃഷ്ണൻനായരുടെ വീടിന് മുന്നിലുള്ള റോഡുമായി ബന്ധിപ്പിക്കുക. |
| | | (2) കുളത്തിപണ വയലിൽ നിന്നും പടിഞ്ഞാറോട്ട് കിടക്കുന്ന റോഡു കുമാരമന്ദിര റോഡുവരെ മുട്ടിക്കുക. |
| 5 | 12 | പടലക്കാട്ടുറോഡ് ഗതാഗതയോഗ്യമാക്കി വടക്കുനിന്നും വരുന്ന പുതിയ റോഡുമായി ബന്ധിപ്പിക്കുക. |
| 6 | 15 | (1) കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്നും പാർവ്വതി മില്ലിന്റെ പുറകിൽ കൂടിയുള്ള റോഡു നിർമ്മിച്ചു പുള്ളിക്കടവ് റോഡുമായി ബന്ധിപ്പിക്കുക. |
| | | (2) ശങ്കർ നഗറിൽ നിന്നും ഓയിൽമില്ലിന്റെ മുമ്പിൽ കൂടിയുള്ള റോഡു ക്രേവൻ സ്ക്കൂളിനു മുമ്പിൽ നിന്നും വരുന്ന റോഡുമായി ബന്ധിപ്പിക്കുക. |
| 7 | 16 | താലൂക്ക് കച്ചേരിയിൽ നിന്നും ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിന്റെ പിറകിൽ കൂടി പാർവ്വതിമില്ലിന്റെ പുറകിൽ കൂടി ശങ്കർ നഗറിലേക്ക് റോഡ്. |
| 7a | 18 | കൊച്ചുപള്ളി കോമ്പൗണ്ട് മുതൽ പുൽത്തോട്ടം വഴി ആണ്ടാമുക്കം ക്രോസ്സ് റോഡ് |
| 8 | 24 | (1) വാർഡിന്റെ തീരപ്രദേശത്തുകൂടി (കായൽതീരം) തേവള്ളി പാലം വരെ |
| | | (2) ഇരുമ്പുപാലം മുതൽ തുടങ്ങിവച്ച റോഡ് ഓലയിൽ കടവു കായൽ തീരത്തുകൂടി കൊട്ടാര ഗോപാലകൃഷ്ണന്റെ വീടിനടുത്തുവരെ നീട്ടുക. |
| 10 | 27 | (1) അഞ്ചുകല്ലുംമൂട്ടിനു സമീപം നാഷണൽ ഹൈവേയിൽ നിന്ന് വടക്കോട്ട് അറത്തിൽ പുരയിടം വരെ നടപ്പാത വീതി കൂട്ടണം. |
| 11 | 27 | (2) രാമേശ്വരം അമ്പലത്തിന് കിഴക്ക് നാഷണൽ ഹൈവേയിൽ നിന്ന് തെക്കോട്ട് കൊച്ചിലഴികം റോഡ് മേപ്പിലാംകീഴ് വഴി തങ്കശേരി റോഡുമായി ബന്ധിപ്പിക്കുക. |
| 12 | 27 | (3) കാവൽ അഞ്ചുകല്ലുംമൂട് റോഡിൽ ഒറ്റക്കല്ല്മൂട്ടിൽ നിന്ന് കിഴക്കോട്ട് മേപ്പിലാ |

| | | |
|---|---|---|
| | | കീഴ് വഴി അമ്മച്ചിവീട് ക്ഷേത്രം വരെ. |
| 13 | 34 | അമ്മിനഴികത്തു കായൽ വാരത്തുനിന്ന് പടിഞ്ഞാറോട്ടു മാമൂട്ടിൽ കടവിൽ വന്നു ചേരുന്ന റോഡ്. |
| 14 | 35 | ടി റോഡിൽ നിന്ന് ഇരട്ടകട കായൽവാര റോഡിലേക്ക് വരുന്ന ഇടറോഡ് ഗതാഗതയോഗ്യമാക്കുക. |
| 15 | 13 | സിന്ധുഹോട്ടലിന്റെ മുമ്പിൽ നിന്നും സിറാമിക്സ് മാമൂട്ടിൽ ആലിന്റെ മുമ്പിലേക്ക് |

## പട്ടിക 7

## റിപ്പയർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് | റോഡുകളുടെ വിവരം |
|---|---|---|
| 1 | 6 | വാർഡിലെ ആറുകിലോമീറ്റർ ദൂരമുള്ള റോഡുകൾ റിപ്പയർ ചെയ്യുക |
| 2 | 7 | വിശ്വനാഥൻ റോഡിൽ നിന്നും പൂതക്കുഴിയിലേക്കു പോകുന്ന വഴി |
| 3 | 7 | ശങ്കരകുമാരപുരം ക്ഷേത്രത്തിന് വടക്കോട്ടുമാറി ഇടത്തോട്ടുള്ള നടപ്പാതയും പടിഞ്ഞാറോട്ടുള്ള നടപ്പാതയും. |
| 4 | 7 | ഇന്ദിരാജി ജംഗ്ഷനിൽ നിന്നും ശങ്കേഴ്സിലേക്കു പോകുമ്പോൾ ഇടതുസൈഡിൽ കിഴക്കോട്ടുള്ള നടപ്പാതയും വേലായുധന്റെ വീടിന്റെ സൈഡിൽകൂടി പോയി രവീന്ദ്രന്റെ വസ്തുവിൽ അവസാനിക്കുന്ന നടപ്പാതയും. |
| 5 | 9 | പ്രതിഭാ ജംഗ്ഷൻ മുതൽ ഓവർബ്രിഡ്ജ് വരെയുള്ള റോഡ് |
| 6 | 10 | വയലിൽ തോപ്പിനുള്ളിലെ റോഡുകളുടെ വശത്തായി ഓടകൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കുക. |
| 7 | 11 | കൊണ്ടേയത്ത് പാലത്തിനടുത്തുനിന്ന് കച്ചിക്കടവു വരെയുള്ള റോഡ് |
| 8 | 12 | വാർഡിൽ വെള്ളക്കെട്ടുള്ള ഭാഗങ്ങൾ ഉയർത്തുക. |
| 9 | | പാകിസ്ഥാൻ മുക്കിൽ നിന്നും തെക്കോട്ട് തുമ്പറ റോഡ് |
| 10 | | പോളയത്തോട് കാവൽപുര മുതൽ അമൃതകുളം വരെ. കുന്നടികിഴക്കുവശത്തെ വയലിൽ പുരയിടത്തിലേക്ക് പോകുന്ന റോഡുകൾ ഉയർത്തി ശരിയാക്കുക. |
| 11 | | മുണ്ടയ്ക്കൽ റോഡിലുള്ള ചെറിയ ഇടറോഡുകൾ സഞ്ചാരയോഗ്യമാക്കുക. |
| 12 | 13 | മുണ്ടയ്ക്ക്ൽ മിനിമാർക്കറ്റിന് കിഴക്കോട്ടുള്ള ഓടപുരം റോഡ് |
| 13 | | എച്ച്. ആൻസ് സി. ജംഗ്ഷനിൽ നിന്നും കിഴക്കോട്ടുള്ള പുളിമൂട്ടിൽ വരുന്ന റോഡ്. |
| 14 | | ഓടപുറത്തുനിന്നും മോഹൻ നിവാസിലേക്ക് 150 മീറ്റർ ഇടവഴി |
| 15 | 15 | വാർഡുകളിലെ റോഡുകളുടെ വീതികൂട്ടുക |
| 16 | | ബാബുജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കിഴക്കുവശത്തുള്ള ഇടിഞ്ഞുകിടക്കുന്ന റോഡിനു സൈഡുവാൾ കെട്ടുക. |
| 17 | 16 | (1) വാർഡുകളിലെ റോഡുകൾ നന്നാക്കി യാത്രായോഗ്യമാക്കുക.<br>(2) റ്റി.ബി. ക്ലിനിക്കിനു പുറകുവശത്തുള്ള റോഡിന്റെ വീതി കൂട്ടുക. |
| 18 | 20 | വാർഡിലെ റോഡുകൾ റിപ്പയർ ചെയ്യുക |
| 19 | 21 | മൊഹമ്മദൻസ് ബീച്ച് റോഡ് |
| 20 | | സെന്റ് ജോസഫ് സി.കെ.എസ്. റോഡ് |
| 21 | 22 | പുകയില പണ്ടകശാല അപ്രോച്ച് റോഡ് |
| 22 | | വാർഡിലെ റോഡുകൾ |
| 23 | 23 | കോട്ടമുക്കുമുതൽ കല്ലുകടവു വരെയുള്ള റോഡ് |

| | | | |
|---|---|---|---|
| 24 | | | ലക്ഷ്മി നടമുതൽ ദുർഗാജംഗ്ഷൻ വരെയുള്ള റോഡ് |
| 25 | 24 | | കല്ലടാന്തി വടക്കതിൽ റേഷൻകട ജംഗ്ഷനിൽ നിന്ന് വടക്കോട്ടുപോകുന്ന റോഡ് (വെള്ളം കെട്ടിക്കിടക്കുന്ന റോഡ്) |
| 26 | 25 | | കല്ലുകടയ്ക്കൽ ക്ഷേത്രത്തിനു സമീപം പടിഞ്ഞാറോട്ടുപോകുന്ന വഴി |
| 27 | | | മുനിസിപ്പൽ ഹെൽത്ത് ആഫീസിനു സമീപം വടക്കോട്ടുപോകുന്ന റോഡ് |
| 28 | | | സബ്ജയിൽ സമീപത്തു കൂടി രാമവർമ്മ ക്ലബ്ബ് വരെയുള്ള റോഡ് (പി.ഡബ്ല്യൂ.ഡി. റോഡ്) |
| 29 | | | കാനറാ ബാങ്കിന് എതിർവശത്തുള്ളറോഡ് |
| 30 | 27 | (1) | താമരത്തോട്ടം ആനന്ദവല്ലീശ്വരം റോഡിൽ അമ്പലത്തിനു സമീപമുള്ള വളവു നിവർത്തുക. |
| 31 | | | തങ്കശേരി റോഡിൽ നിന്നും വടക്കോട്ടുള്ള വില്ലുകുളം അമ്മച്ചിവീട് ക്ഷേത്രം റോഡ് |
| 32 | | | കാവൽ അഞ്ചുകല്ലുംമൂട് റോഡിൽ മണ്ണിട്ട് ഉയർത്തുക. |
| 33 | 27 | | വാർഡിലെ മുനിസിപ്പൽ അധീനതയിലുള്ള റോഡുകൾ കാലാകാലങ്ങളിൽ മെയിന്റനൻസ് നടത്തണം. |
| 34 | 28 | | വാടി കടപ്പുറത്തുള്ള ഹാർബർ റോഡ് റിപ്പയർ ചെയ്യുക. |
| 35 | | | സെമിത്തേരി തെക്കുവശം സ്റ്റോറിലേയ്ക്കുള്ള റോഡ്. |
| 36 | | | വാടി ജംഗ്ഷൻ മുതൽ ജോനകപ്പുറം ജംഗ്ഷൻ വരെയുള്ള റോഡ് |
| 37 | | | ആൽത്തറമുക്ക് മുതൽ കടപ്പുറം വരെയുള്ള റോഡ് |
| 38 | 29 | | കൈക്കുളങ്ങര ഈസ്റ്റ് വെസ്റ്റ് വാർഡുകളുടെ മധ്യഭാഗത്തുള്ള സെമിത്തേരി മുതൽ വാടി സ്റ്റോർ ജംഗ്ഷനിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന 17¼ മീറ്റർ നീളവും 60 സെ.മീ. വീതിയുമുള്ള സ്ഥലമെടുത്ത് ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക. |
| 39 | 31 | (1) | വാർഡിലെ റോഡുകൾ ഒറ്റക്കല്ലും മൂട് സർപ്പക്കുഴിറോഡ് തീരദേശറോഡിൽ ഉൾപ്പെട്ടതാണ് ഇപ്പോഴത്തെ വീതികുറഞ്ഞ പലയിടങ്ങളിലും നശിച്ചുനാമാവ ശേഷമായ റോഡുകൾ വീതികൂട്ടി അറ്റകുറ്റപ്പണിചെയ്ത് സഞ്ചാരയോഗ്യമാക്കണം. |
| 40 | | | കാവൽ ബിഷപ്പ് പാലസ് റോഡ് റിപ്പയർചെയ്യുക. |
| 41 | 32 | | തുണ്ടിൽപുരയിടത്തിനും കടവിട്ടിൽപുരയിടത്തിനും ഇടയിലുള്ള റോഡ് വീതി കൂട്ടുക. |
| 42 | 33 | (1) | മുളങ്കാടകം വിഷ്ണത്തുകാവ് റോഡ്. |
| | | (2) | മുളങ്കാടകത്തുനിന്നും റിക്രിയേഷൻക്ലബ്ബിന് പടിഞ്ഞാറുനിന്നും കിഴക്കുവശം വടക്കോട്ട് തിരിഞ്ഞ് പടിഞ്ഞാറോട്ട്പോയി മനയിൽക്കുളങ്ങര അവസാനിക്കുന്ന റോഡ് |
| 43 | 34 | | മണലിൽ ക്ഷേത്രത്തിന് മുൻവശത്തുകൂടി പൗൾട്രി ഫാമിലേക്ക് വരുന്ന റോഡ് അറ്റകുറ്റപ്പണി പൂർത്തിയാക്കുക. |
| 44 | 36 | | മത്താവിൽ കിഴക്കുവശത്തുള്ള വയലിൽ കൂടിയുള്ള റോഡ് ഉപയോഗപ്രദമാക്കുകയും പ്രീതാസിന്റെ കിഴക്കുവശത്തുള്ള ഇടവഴി ഗ്രാവൽ ചെയ്ത് നികത്തി സഞ്ചാരയോഗ്യമാക്കുക. |

## റോഡുമായി ബന്ധപ്പെട്ട ഓടകൾ

### പട്ടിക 8

| ക്രമനമ്പർ | വാർഡുനമ്പർ | ഓടയുടെ വിവരങ്ങൾ |
|---|---|---|
| 1 | 2 | പുന്നത്താനത്തുനിന്നും ആറ്റുചിറിയിലേക്കുള്ള ഓടയുടെ നിർമ്മാണം ത്വരിതപ്പെടുത്തുക. |
| 2 | 6 | വാർഡിൽ ആവശ്യമായ ഓട നിർമ്മിക്കുക. |
| 3 | 7 | ശങ്കർ ആശുപത്രി മുതൽ ഇന്ദിരാജിജംഗ്ഷനിൽ വരുമ്പോൾ പോളച്ചിറ വയലിൽ വളഞ്ഞുവരുന്ന ആദ്യത്തെ റോഡ് ഓടകെട്ടി സ്ലാബിടുക. |
| 4 | | പോളച്ചിറ വടക്കതിൽ ശങ്കരന്റെ കടയുടെ തെക്കോട്ടുള്ള കോൺക്രീറ്റ് റോഡിന്റെ സൈഡിൽ ഓടനിർമ്മിക്കുക. |
| 5 | 9 | വാർഡുകളിൽ കൂടി പോകുന്ന മൈനർഇറിഗേഷൻ വക ഓടയ്ക്ക് മുകളിൽ സ്ലാബിടുക. |
| 6 | | പോളയത്തോട് മണിച്ചിത്തോട് റോഡിൽ പുത്തൻകട ആഡിറ്റോറിയത്തിന്റെ മുൻപിൽ നിന്ന് അക്കരെ തെക്കേ മുക്ക് വരെ ഓടനിർമ്മിച്ച് പോളയത്തോട് ഓടയുമായി ബന്ധിപ്പിക്കുക. |
| 6 | 12 | തുമ്പറ റോഡിൽനിന്നും ആദ്യത്തെ തിരിവു മുതൽ സാൻകോ പബ്ലിക് സ്കൂളിന്റെ മുൻവശത്തുകൂടി കിഴക്കോട്ട് കാവൽപ്പുര മുക്കുവരെ ഓടനിർമ്മിക്കുക. |
| 6a | 13 | കലുങ്കും ഓടയിൽ നിന്നും പടിഞ്ഞാറോട്ട്, ചെല്ലപ്പൻ നാടാരുടെ വീടുവരെ സ്ലാബിടൽ |
| 7 | 14 | വാർഡിലെ ഓടകളുടെ പണി പൂർത്തീകരിക്കുക |
| 8 | 15 | ജ്യോതി കോളേജിന്റെ മുൻവശത്തുള്ള റോഡിന്റെ ഇടതുവശത്തുകൂടി ഓട നിർമ്മിക്കണം. |
| 9 | | ക്രേവൻ സ്കൂളിന്റെ അടുത്തുനിന്നും കുറവൻപാലത്തു ചെന്നുചേരുന്ന റോഡിന്റെ ഇടതുവശത്തുകൂടി പോകുന്ന ഓട വൃത്തിയാക്കി സ്ലാബിടുക. |
| 10 | | ഓയിൽമില്ലിന്റ മുൻപിൽ കൂടിയുള്ള ഓട റസിഡൻസി റോഡിന്റെ കുറുകേ കലുങ്ക് തീർത്ത് ഹൗസിംഗ് കോളനിക്കടുത്തുകൂടി മലിനജലം കായലിൽ കളയണം. |
| 11. | | സ്മൂത്തുസെല്ലിന്റെ മുമ്പിലുള്ള റോഡിന്റെ സൈഡിലെ ഓടയും കലുങ്കും വലുതാക്കണം. |
| 12. | | ചെമ്മാൻമുക്കുപാലത്തിന് താഴെ ഭാരതരാഞ്ജി പള്ളിക്കെതിർവശത്തു ഓട നിർമ്മിക്കണം. |
| 13 | 16 | കടപ്പാക്കട ഡോബിഘാട്ടിൽ നിന്നു പടിഞ്ഞാറോട്ടുവന്ന് ശങ്കർനഗർ മുറിച്ചു കായലിൽ പതിക്കുന്ന തോടിന്റെ വശങ്ങൾ കെട്ടിയ സ്ലാബ് ഇട്ടു യാത്രാസൗകര്യം വർദ്ധിപ്പിക്കുക. |
| 14 | 18 | വാർഡിൽ റോഡിന്റെ സൈഡിലായി സ്ഥാപിച്ചിട്ടുള്ള ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ഓടകൾ പുതുക്കുക. പ്രത്യേകിച്ചു ബൻസിഗർ ജംഗ്ഷനിൽ നിന്നു താമരക്കുളം റോഡിന്റെ വലതുഭാഗത്തെ വലിയ ഓടയുടെ ഇടിഞ്ഞുപൊളിഞ്ഞ സൈഡുവാൾ P.G.R. കാമ്പൗണ്ടുവരെ കെട്ടി സ്ലാബിട്ടു കവർചെയ്യണം. |
| 15 | | ഗണപതി ക്ഷേത്രത്തിന് പടിഞ്ഞാറുഭാഗത്തുള്ള വലിയ ഓട പടിഞ്ഞാറോട്ടു കെട്ടി കനാൽ ഓടയുമായി ബന്ധിപ്പിക്കുക. |

| | | |
|---|---|---|
| 16 | 18 | SNV ഓട്ടുകമ്പനിയുടെ മുൻവശത്തുകൂടി തടിപ്പാലം വരെയുള്ള റോഡുനിർമ്മിക്കുക. |
| 17 | | അമ്മൻകോവിൽ പുരയിടത്തിൽ മഴക്കാലത്തുള്ള വെള്ളപ്പൊക്കം ഒഴിവാക്കാൻ ഓട നിർമ്മിക്കുക. |
| 18 | | താമരക്കുളം പുൽത്തോട്ടം ഭാഗത്തു ഓടകൾ നിർമ്മിക്കുക |
| 19 | | M.G. സ്ട്രീറ്റിലെ റോഡുകളുടെ സൈഡിൽ ഓട കെട്ടുക |
| 20 | | S.K. സേവ്യർ കോൺക്രീറ്റു റോഡുസൈഡിൽ ഓട നിർമ്മിക്കുക. പെരിയവീട് കോമ്പൗണ്ടിലുള്ള 10/0 മീറ്റർ നീളമുള്ള കോൺക്രീറ്റ് റോഡുസൈഡിൽ ഓട നിർമ്മിക്കുക. |
| 21 | | PGR കാമ്പൗണ്ടിൽ പടിഞ്ഞാറുഭാഗത്തുകെട്ടിനിർത്തിയ ഓട പൂർത്തിയാക്കുക. |
| 23 | 20 | വാർഡിലെ QSS കോളനിയിലെ പൊട്ടിപ്പൊളിഞ്ഞ ഓടകൾ കെട്ടുക. |
| 24 | 23 | കോട്ടമുക്കുമുതൽ കല്ലുകടവു വരെയും ലക്ഷ്മി നടമുതൽ ദുർഗ്ഗാജംഗ്ഷൻ വരെയും ഓടയുടെ റിപ്പയർ നടത്തുക. |
| 25 | | പുത്തൻപുരയ്ക്കൽ വീടു തുടങ്ങി നേവി നഗരിയുടെ വടക്കോട്ടു ഓട കെട്ടി സ്ലാബ് ഇട്ട് വയലിൽക്കര ഓടയുമായി യോജിപ്പിക്കുക. |
| 26 | | കനാൽ റോഡിൽ നിന്നും ഓയിൽഫീൽഡു എന്ന വീട്ടിന്റെ വടക്കുഭാഗത്തുവരെയുള്ള റോഡിൽ ഓട കെട്ടി സ്ലാബ് ഇടുക. |
| 27 | | പപ്പടമുക്കിൽ നിന്നുള്ള ഓടയ്ക്ക് സ്ലാബ് ഇടുക. |
| 28 | 24 | ബോയ്സ് ഹൈസ്ക്കൂളിനും ഗേൾസ് ഹൈസ്ക്കൂളിനും ഇടയിലുള്ള റോഡുകളിൽ വന്ന്ചേരുന്ന ഇടറോഡുകളിൽ വെള്ളക്കെട്ട് ഒഴിവാക്കാൻ ഓട നിർമ്മിക്കുക. |
| 29 | | തേവള്ളി റേഷൻകടമുക്കിൽ നിന്നും കിഴക്കോട്ടുള്ള റോഡിനരുകിൽ പണിതീരാതെയുള്ള ഓടയുടെ പണി പൂർത്തിയാക്കുക. |
| 30 | 26 | മുതാക്കര ക്ലബിനരികിൽ തമിഴ് സ്ക്കൂളിന് കിഴക്കുവശം ചേർന്ന റോഡിന് കുറുകെയുള്ള കലുങ്ക് റിപ്പയർ ചെയ്യുക. |
| 31 | 26 | കോട്ടമുക്ക് ട്രാൻസ്ഫോർമറിന്റെ പടിഞ്ഞാറുവരെ കൊണ്ട് നിർത്തിയിരിക്കുന്ന ഓട 200 മീറ്റർ കിഴക്കോട്ടുനീട്ടി ലക്ഷ്മിനടയിലുള്ള ഓടയുമായി ബന്ധിപ്പിക്കുക. |
| 32 | | നീലാൻതോട്ടം ഭാഗത്ത് നിലവിലുള്ള കുഴൽ മാറ്റി ഓട നിർമ്മിച്ചു സ്ലാബ് ഇട്ട് ഗതാഗതയോഗ്യമാക്കുക. |
| 33 | | സി.പി ആന്റ് സി.പി. കോമ്പൗണ്ടിലേക്കുള്ള 200 മീറ്റർ നീളത്തിൽഓട നിർമ്മിക്കുക. |
| 34 | 29 | തോട്ടുമുഖം മുതൽ ഫിഷർമെൻ കോളനി വരെ നിലവിലുള്ള ഓടയ്ക്ക് സ്ലാബ് ഇടുക. |
| 35 | 31 | വാർഡിൽ ആവശ്യാനുസരണം ഓട നിർമ്മിക്കുക. |
| 36 | 32 | കുന്നേൽമുക്കിൽ നിന്നു കല്ലുംപുറം വരെയുള്ള റോഡിന്റെ സൈഡിൽ ഓട നിർമ്മിക്കുക. |
| 37 | | മുണ്ടാലുംമൂടു തിരുമുല്ലവാരം റോഡിൽ ഭാരതീയസൊസൈറ്റി ജംഗ്ഷനിൽ കല്ലുമ്പുറം പടിഞ്ഞാറു സർപ്പക്കഴി ഭാഗത്തെ റോഡിൽ ഓട നിർമ്മിക്കുക. |
| 38 | | അഞ്ചുകല്ലും മൂട്ടിൽ നിന്നും കാവലിലേക്ക് പോകുന്ന റോഡിന്റെ വശത്ത് ഓട കെട്ടി ഇപ്പോൾ ആ റോഡിൽ സാധാരണ ഉണ്ടാവുന്ന വെള്ളക്കെട്ട് ഒഴിവാക്കണം. |

| | | |
|---|---|---|
| 39 | 34 | നെല്ലിമുക്ക് മാമൂട്ടിൽകടവു റോഡിൽ ഓട നിർമ്മിക്കുക. |
| 40 | | മുസ്ലീം പള്ളിക്ക് സമീപം എത്തിനിൽക്കുന്ന ഓട കംഫർട്ട് സ്റ്റേഷന്റെ അടുത്ത് വരെ എത്തിക്കുക. |

36 വാർഡുകളുള്ള കൊല്ലം നഗരസഭയിൽ ജനസാന്ദ്രതയും ജനബാഹുല്യവും വളരെ അധികമായിരിക്കുകയും മറ്റു സ്ഥലങ്ങളിൽ നിന്നു നിത്യവും തൊഴിൽപരമായ ആവശ്യത്തിനായി പോയിവരുന്നവരുടെ എണ്ണം വളരെ കൂടുതലാണെന്നുള്ള വസ്തുതയും നിലനിൽക്കുമ്പോൾ യാത്രസൗകര്യം വളരെ തുച്ഛമാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സ്വകാര്യവാഹനങ്ങളും സർക്കാർ വാഹനങ്ങളുമായി ഏകദേശം 600 ബസ്സുകൾ കൊല്ലം പട്ടണത്തിലൂടെ സർവ്വീസ് നടത്തുന്നതിലും അധികം പട്ടണവാസികൾക്കും വേണ്ടത്ര യാത്രാസൗകര്യം ലഭ്യമാകുന്നില്ല. രണ്ടും മൂന്നും കിലോമീറ്ററുകൾ നടന്നും, ആട്ടോറിക്ഷയിൽ സഞ്ചരിച്ചും മാത്രമേ കൂടുതൽ ആളുകൾക്കും ബസ് യാത്രാസൗകര്യം പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളു. ഈ ദുരവസ്ഥയ്ക്ക് പരിഹാരമെന്ന നിലയ്ക്ക് ഉൾപ്രദേശത്തുകൂടി കടന്നുപോകുന്ന ബസ് സർവ്വീസുകൾ ആരംഭിക്കണം. പ്രത്യേകിച്ചും തീരപ്രദേശത്ത്. പ്രാദേശിക ഗതാഗതസൗകര്യങ്ങൾ നഗരസഭയ്ക്കുള്ളിൽ ലഭിയ്ക്കുന്ന മറ്റു ഗതാഗതഉപാധികൾ ടാക്സി, കാർ, ആട്ടോറിക്ഷ എന്നീ വാഹനങ്ങളാണ്.

## ചരക്ക് ഗതാഗതം.

ചരക്ക് ഗതാഗതത്തിനായി പ്രധാനമായി ലോറി, ടെമ്പോ, ജീപ്പ്, റയിൽവേ എന്നിവയാണ് ഉപയോഗിക്കുന്നത്. കൊല്ലം പട്ടണത്തിൽ നിന്നാണ് ചരക്ക് ഗതാഗതത്തിന് ആവശ്യമായ വാഹനങ്ങൾ കൂടുതൽ ലഭിക്കുന്നത്.

### സ്ഥിതി വിവരപട്ടിക 9 മുതൽ 11 വരെ കാണുക.

### പട്ടിക 9 ഗതാഗതം

കൊല്ലം ട്രാൻസ്പോർട്ട് ബസ് സ്റ്റാന്റിൽ നിന്നും പ്രവർത്തിപ്പിക്കുന്ന ബസ്സുകളുടെ സ്ഥിതിവിവര കണക്ക്

| | |
|---|---|
| 1. കൊല്ലത്തുനിന്നും പുറപ്പെടുന്ന ബസ്സുകളുടെ എണ്ണം | 114 |
| 2. കൊല്ലം സ്റ്റാന്റിൽ വന്നുപോകുന്ന ബസ്സുകൾ | 110 |
| 3. അന്തർ സംസ്ഥാന ട്രാൻസ്പോർട്ട് ബസ്സുകളുടെ എണ്ണം | 6 |

### പട്ടിക 10

### പ്രൈവറ്റ് വാഹനങ്ങളുടെ സ്ഥിതിവിവര കണക്ക്

| | |
|---|---|
| 1. മുനിസിപ്പൽ പ്രദേശത്ത്കൂടി ഓടുന്ന സ്വകാര്യബസ്സുകളുടെ എണ്ണം | |
| a. ൗൺ സർവ്വീസ് | – 184 |
| b. വന്നുപോകുന്ന ബസ്സുകൾ | – 157 |
| 2. ആട്ടോറിക്ഷകളുടെ എണ്ണം | –1895 |
| 3. ഇരുചക്രവാഹനങ്ങൾ (ബൈക്ക്, സ്ക്കൂട്ടർ) | –30043 |

4. ൗണിൽ ശരാശരി ഒരു ആണ്ടിൽ 20 പുതിയ ബസ്സ് റൂട്ടുകൾ അനുവദിക്കുന്നു.

### പട്ടിക 11

### വാർഡുകളിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള ബസ് സർവ്വീസിനെ സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പർ | വാർഡുനമ്പർ | ആവശ്യമുള്ള സർവ്വീസിന്റെ വിവരങ്ങൾ |
|---|---|---|
| 1 | 5 | കൊച്ചുപിലാംമൂട്, തങ്കശേരി, മുണ്ടയ്ക്കൽ എന്നിവിടങ്ങളിൽ നിന്നും കോളേജുകൾ വഴി വാർഡിന്റെ കിഴക്കൻ മേഖലയിലേക്ക് K.S.R.T.C. ബസ് സർവ്വീസ് ആരംഭിക്കുക. |
| 2 | 6 | ആശ്രാമം, ഉളിയക്കോവിൽ വഴി K.S.R.T.C. ബസ് സർവ്വീസുകൾ ആരംഭിക്കുക |
| | 9 | എൻ.എച്ചിൽ നിന്നും റസിഡൻസി റോഡുവഴി ആശ്രാമം ഉളിയക്കോവൽ ഭാഗത്തേക്ക് ബസ് സർവ്വീസ് ആരംഭിക്കുക. |
| 3 | 13 | മുണ്ടയ്ക്കൽ പ്രദേശത്തേക്ക് കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കുക. |

| | | |
|---|---|---|
| 4 | 13 | മുണ്ടയ്ക്കൽ കൂട്ടിക്കട ബസ് സർവീസ് പുനഃസ്ഥാപിക്കുക. |
| 6 | | കൊച്ചുപിലാംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഇരവിപുരം വഴി പുതിയ K.S.R.T.C. ബസ് സർവ്വീസ് ആരംഭിക്കുക. |
| 7 | 15 | ചിന്നക്കടയിൽ നിന്നും കുണ്ടറയ്ക്ക് പോകുന്ന കുറേ ബസ്സെങ്കിലും മുനീശ്വരൻ കോവിൽ, ജില്ലാവ്യവസായകേന്ദ്രം, കുറവൻപാലം വഴി ശങ്കേഴ്സ് ആശുപത്രി വഴി സർവ്വീസ് നടത്തുക. |
| 8 | 18 | താമരക്കുളം വാർഡിൽകൂടി ബസ് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന K.S.R.T.C. ബസ് സർവ്വീസ് പുനരാരംഭിക്കുക. |
| 9 | 20 | കല്ലുപാലം, പള്ളിത്തോട്ടം, കൊച്ചുപിലാംമൂടു വഴി തീരദേശ ബസ് സർവ്വീസ് പുനസ്ഥാപിക്കുക. |
| 10 | 21 | കൊല്ലാം, ഇരവിപുരം, പരവൂർ വഴിതീരദേശ ബസ് സർവ്വീസ് പുനരാരംഭിക്കുക |
| 11 | 22 | വാർഡിൽ കൂടി സർവ്വീസ് നടത്തിക്കൊണ്ടിരുന്ന ബസ് സർവ്വീസുകൾ പുനരാരംഭിക്കണം |
| 12 | | പുകയില പണ്ടകശാല വഴിഗതാഗതം പുനസ്ഥാപിക്കുക. |
| 13 | | K.S.R.T.C. ബസ്സുകൾ ബൻസിഗർ ആശുപത്രി ജംഗ്ഷൻ വഴി പുകയില പണ്ടകശാല വഴി സർവ്വീസ് ആരംഭിക്കുക. |
| 14 | 23 | കച്ചേരി ചാമക്കട വഴി ബസ് സർവ്വീസ് ആരംഭിക്കുക. |
| 15 | 12 A 32 | തിരുമുല്ലവാരം അഞ്ചുകല്ലുംമൂട് വഴി കൂടുതൽ ബസ് സർവ്വീസ് അനുവദിക്കുക. |
| 16 | 33 | മുളങ്കാടകം വഴി സർവ്വീസ് നടത്തുന്ന നാലഞ്ച് ബസ് നെല്ലിമുക്ക് കാങ്കത്തുമുക്ക് വഴി തിരിച്ചുവിടുക. |
| 17 | | മാമൂട്ടിൽ കടവ് ബസ്സ് കൃത്യമായി ഓടിക്കുന്നതിനും പുതുതായി രണ്ടുമൂന്നു ബസ് സർവ്വീസ് കൂടി ഓടിക്കുന്നതിനും വേണ്ട നടപടി ഉണ്ടാവണം. |
| 18 | 34 | മാമൂട്ടിൽകടവ്-ആറാട്ടുകുളത്തിന്റെ തെക്ക് ഭാഗത്തുകൂടി കിഴക്കോട്ട് പോയി കുഞ്ഞമാഴികത്ത് ജംഗ്ഷനിൽ വന്നുചേരുന്ന റോഡിൽ പുതിയ ബസ് സർവ്വീസുകൾ അർാഭിക്കുക. |
| 19 | | മരുത്തടിയിൽ നിന്നു വരുന്ന ബസ്സുകൾക്ക് രാമൻകുളങ്ങര നിന്നും ഇരട്ടക്കട വഴി മുൻനിശ്ചയിച്ചിരുന്ന റൂട്ട് പുനസ്ഥാപിക്കുക |
| 20 | 35 | മരുത്തടി ബസ്സുകൾ രാമൻകുളങ്ങര ആശാൻമുക്ക് ഇരട്ടക്കട നെല്ലിമുക്ക് വഴി സർവ്വീസ് നടത്തണം. |
| 21 | 36 | മനയിൽകുളങ്ങര വാർഡിന്റെ പടിഞ്ഞാറുഭാഗത്ത് ശക്തികുളങ്ങര കുരിശടിയുടെ പുറകിൽ കൂടി തെക്കോട്ടു മരുത്തടി ഒഴുക്കുതോടു വഴി തെക്കോട്ടു തിരുമുല്ലവാരം പള്ളിയുടെ മുമ്പിൽകൂടി തെക്കോട്ടു തിരുമുല്ലവാരം ക്ഷേത്രത്തിന്റെ പിറകിൽകൂടി തിരുമുല്ലവാരം അഞ്ചുകല്ലുംമൂട് റോഡുവഴി രാവിലെയും വൈകിട്ടും വേണ്ടത്ര ബസ് സർവ്വീസ് കൂടുതലായി അനുവദിക്കുക. |

## റെയിൽ ഗതാഗതം

ചരിത്ര പ്രാധാന്യമുള്ള കൊല്ലം പട്ടണത്തിന്റെ വ്യവസായികവും വാണിജ്യപരവുമായ രംഗങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് 1905-ൽ സ്ഥാപിതമായ കൊല്ലം റെയിൽവേ സ്റ്റേഷൻ. ഈ റയിൽവേ സ്റ്റേഷൻ പട്ടണത്തിന്റെ വികസനത്തിൽ മാത്രമല്ല ജില്ലയുടെ മുഴുവൻ വികസനത്തിലും എടുത്തുപറയത്തക്ക പങ്കുവഹിക്കുന്നുണ്ട്. ചരക്ക് ഗതാഗതത്തിന് യത്രയും മറ്റേത് മാർഗ്ഗത്തെക്കാളും മുൻപന്തിയിലാണ് റയിൽവേയുടെ സേവനം. അയൽ സംസ്ഥാനമായ തമിഴ്നാടുമായി ബന്ധപ്പെടുന്ന പഴക്കം ചെന്ന മീറ്റർഗേജ് ലൈൻ ഇരു സംസ്ഥാനങ്ങളും തമ്മിലുള്ള വാണിജ്യ-വ്യാപാര ബന്ധത്തിന് വിലപ്പെട്ട സഹായമാണ്. സിമന്റ്, കശുവണ്ടി, ഭക്ഷ്യധാന്യങ്ങൾ തുടങ്ങിയ വസ്തുക്കൾ ഏറെയും ഈ പട്ടണത്തിലെത്തുന്നത് പ്രധാനമായും റെയിൽവേ മാർഗ്ഗമാണ്. ചുവടെ ചേർക്കുന്ന പട്ടികയിൽ നിന്നും ഈ റെയിൽവേ സ്റ്റേഷന്റെ സ്വാധീനം എത്രത്തോളമാണെന്ന് മനസ്സിലാക്കാം.

## പട്ടിക 12
## ലഭ്യമായ റെയിൽവേ സൗകര്യങ്ങൾ

| | |
|---|---|
| 1. വണ്ടികളുടെ എണ്ണം (പാസഞ്ചർ/എക്സ്പ്രസ്സ് 59 എണ്ണം. സ്റ്റേഷനിൽ നിർത്തിപോകുന്നത്) | |
| 2. കൊല്ലത്ത് നിന്ന് പുറപ്പെടുന്നവ | 12 |
| 3 സ്റ്റേഷനിൽ നിർത്താത്തവ | 2 |
| 4. ചരക്ക് വണ്ടി | 8 |
| 5. റിസർവേഷൻ | കമ്പ്യൂട്ടർ റിസർവേഷൻ |
| 6. കൊല്ലം മുനിസിപ്പൽ പ്രദേശത്തെ റെയിൽവേ ലൈനിന്റെ നീളം | 3 കി. മീറ്റർ |
| 7. റയിൽവേ ഗേറ്റുകൾ കാവൽ ഉള്ളത് | 5 |
| കാവൽ ഇല്ലാത്തത് | 2 |
| 8. ശരാശരി യാത്രക്കാർ ഒരു ദിവസം | 7000 |
| 9. ജീവനക്കാർ | 1350 |

## പട്ടിക 13
## കൊല്ലം റയിൽവേസ്റ്റേഷനിലെ വരുമാനം

| വർഷം | യാത്രക്കൂലി | പാഴ്സൽ ചാർജ്ജ് | ചരക്ക് കൂലി |
|---|---|---|---|
| 1991–92 | 64584522.00 | 2185049.00 | 17107144.00 |
| 1992–93 | 71310351.00 | 2304362.00 | 15295356.00 |
| 1993–94 | 67101599.00 | 2028594.00 | 17055951.00 |
| 1994–95 | 78983945.00 | 3911207.00 | 22557068.00 |
| 1995–96 | 87741098.00 | 3468329.00 | 31800362.00 |
| സീസൺ ടിക്കറ്റു ശരാശരി 1 മാസം 3500 എണ്ണം | | | |
| പ്ലാറ്റുഫാം ടിക്കറ്റ് ശരാശരി 1 മാസം 33000 എണ്ണം | | | |
| വാഹനങ്ങളുടെ പാർക്കിംഗ് ഫീസ് 1 വർഷം 500000 രൂപ | | | |

### പ്രശ്നങ്ങൾ

1. റോഡുകളുടെ വശങ്ങളിൽ ഓടയില്ലാത്തതിനാൽ മഴക്കാലത്ത് വെള്ളംകെട്ടിനിന്ന് റോഡുകൾ താറുമാറാകുന്നു.

2. റോഡിന് അരുകിലുള്ള ഇലക്ട്രിക്ക് ടെലിഫോൺ പോസ്റ്റുകൾ അപകടസാധ്യത ഉണ്ടാക്കുന്നു.

3. അഞ്ചുകല്ലുംമൂട് കാവൽ റോഡിൽ അഞ്ചുകല്ലുംമൂട്ടിൽ വർക്ക്ഷോപ്പിൽ റിപ്പയറിംഗിന് വരുന്ന കാറുകൾ നിരനിരയായി കിഴക്കുവശവും ആട്ടോറിക്ഷകൾ പടിഞ്ഞാറുഭാഗവും സ്റ്റാന്റായി ഉപയോഗിക്കുന്നതിനാൽ ഗതാഗതസൗകര്യം ക്രൂരമായി അപഹരിക്കപ്പെടുന്നു.

### സാദ്ധ്യതകൾ

1. ബഹുജനപങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റ പണി നടത്താൻ പരിപാടി

2. എല്ലാ റോഡുകളിലേയും ഓടകൾ വൃത്തിയാക്കി ശരിയായ രീതിയിൽ വെള്ളം ഒഴുകാൻ സൗകര്യം ഉണ്ടാക്കുക.

3. റോഡുകൾ സംരക്ഷിക്കാൻ പ്രാദേശിക ജനകീയസമിതികൾ രൂപീകരിക്കുക.

### പൊതുനിർദ്ദേശം

ഇന്ന് ജനങ്ങളിൽ നിന്നും വളരെ കൂടുതൽ പരാതികൾ ഉണ്ടാകുന്നത് , പൊതുമരാമത്ത്, വാട്ടർ വർക്സ്, ബ്ലോക്ക്, പഞ്ചായത്ത് ഇവകളിൽ നടക്കുന്ന മരാമത്ത് പണികളെ സംബന്ധിച്ചാണ്. ജനകീയാസൂത്രണത്തിലൂടെ ഫലമായി ഇതിന് ഒരു പരിഹാരം കണ്ടേ മതിയാകൂ. ഓരോ പണിയും ആരംഭിക്കുന്നതിന് മുമ്പ് പണിയുടെ പേര്, എസ്റ്റിമേറ്റ് തുക, എത്ര രൂപയ്ക്കാണ് ഇപ്പോൾ പണി നടത്തുന്നത്, ഏതെല്ലാം

തരത്തിലുള്ള പണികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, സിമന്റ്, കമ്പി, ഗ്രാവൽ, മെറ്റൽ എന്നിവ എത്ര ഉപയോഗിക്കും എന്ന് ആരംഭിച്ചു എന്ന് അവസാനിക്കും, ഇതിന്റെ കോൺട്രാക്ടർ ആരാണ് ഈ കാര്യങ്ങൾ അടങ്ങുന്ന ബോർഡ് പണി ആരംഭിക്കുന്ന സ്ഥലത്തും അവസാനിക്കുന്ന സ്ഥലത്തും പണി തുടങ്ങുന്നതിന് മുമ്പ് തന്നെ സ്ഥിരമായി സ്ഥാപിക്കണം. പൊതുജനങ്ങൾക്ക് ഈ കാര്യങ്ങൾ അറിയുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും തരുന്നതിന് ഇതുപകരിക്കും. ഈ ബോർഡുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക, വർക്കിന്റെ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തിയിരിക്കണം. ഇതുമൂലം ഇന്നുള്ള പരാതികൾ ഒരു പരിധി വരെ ഒഴിവാക്കാൻ കഴിയും.

### ജലഗതാഗതം

കൊല്ലത്തിന്റെ ഗതാഗതഭൂപടത്തിൽ തനതായ പങ്ക് ജലഗതാഗതത്തിനുണ്ട്. പട്ടണത്തിലെ ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്കും ജലഗതാഗതത്തിലൂടെ ലഭിയ്ക്കുന്നതാണ്. വേണ്ടത്ര റോഡ് ഗതാഗതമില്ലാത്ത അഷ്ടമുടി, ചവറ തെക്കുംഭാഗം, മൺട്രോതുരുത്ത് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് കൊല്ലം പട്ടണത്തിൽ വന്നുപോകുന്നതിന് ഏറെയും സഹായകമാകുന്നത് ജലഗതാഗതമാണ്. എന്നാൽ ആവശ്യത്തിന്റെ അനിവാര്യതയ്ക്കനുസരിച്ച്ജലഗതാഗതം വികസിതമായിട്ടില്ല. ഈ രംഗത്ത് മുരടിപ്പാണ് ഉണ്ടായിട്ടുള്ളത്.

കൊല്ലം ആലപ്പുഴ ഭാഗത്തേക്കുള്ള ബോട്ട് സർവ്വീസ് നിർത്തിവച്ചത് ഇതിനുദാഹരണമാണ്.

ടൂറിസം വികസനത്തെ ലക്ഷ്യമാക്കി ആധുനിക സൗകര്യങ്ങളുള്ള ജലഗതാഗതവികസനത്തിന് ഒട്ടേറെ സാദ്ധ്യതകളുള്ള ഒരു നഗരമാണ് കൊല്ലം. പ്രകൃതി സൗന്ദര്യത്താൽ സമൃദ്ധമായ അഷ്ടമുടിക്കായലിലൂടെ ഗതാഗതസൗകര്യം വർദ്ധിപ്പിച്ച് ടൂറിസം വികസിപ്പിക്കാനുള്ള സാദ്ധ്യതയും ഇവിടെ ഉപയോഗപ്പെടുത്താവുന്നതാണ്.

കൊല്ലം ജെട്ടിയിൽ നിന്നും 3 സർവ്വീസുകൾ മാത്രമാണ് ഇപ്പോഴുള്ളത്. ഇതു തികച്ചും അപര്യാപ്തമാണ്. വേഗത കൂടിയ ബോട്ട് സർവ്വീസുകൾ ദീർഘദൂര റൂട്ടുകളിൽ ഏർപ്പെടുത്തുകയും ദളവാപുരം, പള്ളിക്കോടി ഗുഹാനന്ദപുരം സർക്കുലർ സർവ്വീസ് ആരംഭിക്കുകയും ചെയ്യണം.

## കൊല്ലം തോടിന്റെ സംരക്ഷണം

ഒരുകാലത്തു കൊല്ലത്തിന്റെ പ്രധാന യാത്രാമാർഗ്ഗവും കയറ്റിറക്കുമതി കേന്ദ്രവുമായിരുന്നു കൊല്ലം തോടിന്റെ ഇരുകരകളും. അഷ്ടമുടിക്കായൽ മുതൽ പരവൂർ കായൽ വരെ നീണ്ടുകിടക്കുന്ന ഈ തോട് തിരുവനന്തപുരം മുതൽ വടക്കോട്ടുള്ള ജലഗതാഗതമാർഗ്ഗത്തിലെ പ്രധാന ഭാഗമായിരുന്നു. ഏറ്റവും ജനത്തിരക്കേറിയ വ്യവസായ കേന്ദ്രങ്ങളിലൂടെ കടന്നുപോകുന്ന ഈ തോട് ഇന്നു പരിതാപകരമായ അവസ്ഥയിലാണ്. ഇരുവശത്തുനിന്നും ഇടിഞ്ഞിറങ്ങുന്ന മണ്ണടിഞ്ഞും കച്ചവടകേന്ദ്രങ്ങളിൽ നിന്നു പുറംതള്ളുന്ന ചപ്പുചവറുകൾ കുമിഞ്ഞുകൂടിയും അറവുശാലകളിൽ നിന്നെത്തുന്ന മാലിന്യങ്ങളും മനുഷ്യവിസർജ്ജ്യങ്ങളും കൊണ്ടു ദുർഗന്ധപൂരിതമായി മാറിയിരിക്കുന്ന കൊല്ലംതോട് ഇന്നു നഗരം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ആരോഗ്യപ്രശ്നം കൂടിയാണ്. കൊതുകും കൃമികീടങ്ങളും പെരുകുന്ന ഈ ജലാശയം ശുദ്ധീകരിച്ചു സംരക്ഷിക്കേണ്ടത് അടിയന്തിരകാര്യമായി ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

നഗരാതിർത്ഥിയിലുള്ള ഈ തോടിന്റെ ദൈർഘ്യം 5 കിലോമീറ്ററാണ്. വീതി 12 മീറ്റർ മുതൽ 25 മീറ്റർ വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അവിടവിടെ മണ്ണടിഞ്ഞും മാലിന്യങ്ങൾ നിറഞ്ഞും സഞ്ചാരയോഗ്യമല്ലാത്തെ അവസ്ഥയിലാണിപ്പോൾ തോടിന്റെ സ്ഥിതി. നീരൊഴുക്കു നിലച്ചിരിക്കുന്നതിനാൽ മാലിന്യങ്ങൾ നിറഞ്ഞു കീടങ്ങളും കൊതുകും പെരുകാൻ കാരണമായിരിക്കുന്നു. സഞ്ചാരയോഗ്യമല്ലാത്തതുകൊണ്ടുള്ള അസൗകര്യം മാത്രമല്ല, മാലിന്യങ്ങൾ അടിഞ്ഞുകൂടി വലിയ ആരോഗ്യപ്രശ്നം കൂടിയുണ്ടാക്കുന്ന അവസ്ഥയിലാണിപ്പോൾ. ഇരുവശങ്ങളിലുമായി നിരവധി കുടുംബങ്ങൾ പാർക്കുന്ന സ്ഥിതിയും കൂടിയുണ്ടിപ്പോൾ.

*കൊല്ലം തോടിന്റെ വികസനത്തോടനുബന്ധിച്ച് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ ചുവടെ സൂചിപ്പിക്കുന്നവയാണ്.*

1. തോടിന്റെ ഇരുകരകളിലുമായി താമസിക്കുന്ന 250-ഓളം വരുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുക.
2. ഡ്രട്ജ് ചെയ്ത് ആഴം വർദ്ധിപ്പിച്ച് നീരൊഴുക്കുണ്ടാക്കുക.
3. ഇരുവശങ്ങളിലും സൈഡ്വാൾ കെട്ടി മണ്ണിടിഞ്ഞിറങ്ങുന്നതു തടയുക.
4. ഇരുകരകളിലും ചെടികളും നിത്യഹരിതസസ്യങ്ങളും വച്ചുപിടുപ്പിച്ച് മോടി പിടുപ്പിക്കുക.
5. ഇതുവഴിയുണ്ടായിരുന്ന ജലഗതാഗതം പുനസ്ഥാപിച്ച് കച്ചവടാവശ്യങ്ങൾക്കും വിനോദസഞ്ചാരികൾക്കും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.
6. തോടിന്റെ കരയിൽ ഇപ്പോഴുള്ള കശാപ്പുശാല അവിടെ നിന്നും മാറ്റി സ്ഥാപിക്കുക.
7. ഓടകളും മറ്റും വഴി എത്തിച്ചേരുന്ന വിസർജ്ജ്യങ്ങളും മറ്റു മാലിന്യങ്ങളും തോട്ടിലെത്താതെ മറ്റുമാർഗ്ഗത്തിലൂടെ നിർമ്മാർജ്ജനം ചെയ്യുക.
8. നഗരത്തിലെ പ്രധാനപ്പെട്ട ടൂറിസ്റ്റുകേന്ദ്രങ്ങളുമായി ഗതാഗതബന്ധം സ്ഥാപിക്കുകയം വിനോദസഞ്ചാരികൾക്കു വേണ്ടി ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

### സാദ്ധ്യതകൾ

1. ടൂറിസ്റ്റു പ്രൊമോഷൻ കൗൺസിലിന്റെ സഹകരണത്തോടുകൂടി ശുചീകരണ പ്രവർത്തനങ്ങളും വികസനപ്രവർത്തനങ്ങളും നടത്താവുന്നതാണ്.
2. കൊല്ലം കടൽപ്പുറം, ആശ്രാമത്തെ വിനോദ സഞ്ചാര സൗകര്യങ്ങൾ, യാത്രിനിവാസ്, അഡ്വഞ്ചർ പാർക്ക്, ബോട്ടു ജട്ടി, തങ്കശ്ശേരി തുടങ്ങിയ കേന്ദ്രങ്ങളെ വികസിപ്പിച്ച് ടൂറിസം വികസിപ്പിക്കുവാൻ കഴിയുന്നതാണ്.
3. ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിലെരു പ്രധാന കാര്യമെന്ന നിലയിൽ കൊല്ലം തോടിന്റെ വികസനം വഴി കൊതുകും മാലിന്യങ്ങളും വഴിയുണ്ടാകുന്ന രോഗം ഒഴിവാക്കാൻ കഴിയും.

# BUSINESS BENEFIT COMPANY LTD.

☏742494-742995,741657

(Incorporated Under Indian Companies Act of 1956)

**BUSINESS BUILDING, BEACH ROAD, KOLLAM**

**we offer under mentioned HIGH YIELD DEPOSIT SCHEMES**

BBC

## MONTHLY INTEREST SCHEME / MONTHLY INCOME SCHEME (MIS)

| Deposit Amount | 12months | Interest | 24months | Interest | 36months | Interest |
|---|---|---|---|---|---|---|
| Rs.5,000-Rs.25,000 | 19.5% | Rs.406.25 | 20.0% | Rs.416.65 | 20.5% | Rs427.00 |
| Rs.25,000-Rs.50,000 | 19.5% | Rs 812.50 | 20.5% | Rs.854.15 | 21.0% | Rs875.00 |
| Rs.50,000-Rs.1,00,000 | 20.0% | Rs.1666.66 | 20.5% | Rs.1708.30 | 21.0% | Rs1750.00 |

## FIXED DEPOSIT

| Period | 46Days | 12Months | 24Months | 36Months | 48Months | 60Months | 60Months |
|---|---|---|---|---|---|---|---|
| % of Interest p.a | 13% | 17.5% | 18% | 19% | 19.5% | 20% | 21% |
| Min.Deposit Rs. | 5000 | 3000 | 3000 | 3000 | 3000 | 15,000 | 50,000 |

## MONEY QUEEN BOND

**RS.50000 60 മാസം RS.1,50,000 ലഭിക്കുന്നു**

MATURITY VALUE Rs. 1,50,000 Period of Deposit - 60 Months. Deposit Tribles in 60 Months

## DOUBLE BENEFIT SWARNA MANGALYA SCHEME

Deposit doubles in 42 months - Mininum depoist Rs. 5000/- **Rs.50000 42 Months Rs.100000 ലഭിക്കുന്നു.**

## CUMULATIVE DEPOSIT

| Amount of Deposit | MATURITY VALUE AND DURATION OF DEPOSIT | | | | |
|---|---|---|---|---|---|
| | 12Months | 24Months | 36Months | 48Months | 60Months |
| Rs. 1,000 | 1,180 | 1,400 | 1,700 | 2,180 | 2,690 |
| Rs. 5,000 | 6,000 | 7,140 | 8,500 | 10.900 | 13,400 |
| Rs. 7,500 | 9,000 | 10,700 | 12,800 | 16,380 | 20,200 |
| Rs. 10,000 | 12,000 | 14,200 | 17,000 | 21,840 | 26,900 |

## CASH CERTIFICATES : PERIOD 36 MONTHS

| DEPOSIT | AMOUNT | CERTIFICATE VALUE | DEPOSIT AMOUNT | CERTIFICATE VALUE |
|---|---|---|---|---|
| Rs. | 5.90 | 1,000 | Rs. 8,700 | 15,000 |
| Rs. | 2,900 | 5,000 | Rs. 11,600 | 20,000 |
| Rs. | 5,800 | 10,000 | | |

## PENSIONERS PACKAGE SCHEME

Rs 200-60M = Pension Rs 6000 30 Month 91 [illegible] Rs 38000

**പ്രതിമാസങ്ങളിൽ പലിശ നൽകുന്നു.**



**SPOT INCENTIVES GOLD COINS 1/2gm.TO 1.750gm**

12 മാസത്തേയ്ക്ക് 20% + 1/2gm Gold Coin ഓരോ10000രൂപയ്ക്കും
24 മാസത്തേയ്ക്ക് 20.5% + 1gm Gold Coin " "
36 മാസത്തേയ്ക്ക് 21% + 1.250gm Gold Coin " "
42 മാസത്തേയ്ക്ക് Double Benefit + 1.500gm Gold Coin
60 മാസത്തേയ്ക്ക് Money Queen Bond + 1750gm Gold Coin



**THIS PREVILAGE ONLY UPTO 31ST DECEMBER 1996**

# DHANAVARDHAN

(JOIN OUR DANAVARDHAN SCHEMEAND GROW WITH US)

## (MONTHLY DEPOSIT SCHEME)

### MATURITY VALUE AND PERIODS (കാലാവധിയും കാലാവധി തുകയും)

| Monthly Deposit | 12 months | 24 months | 36 months | 45 months | 50 months | 60 months | 80 months | 120 months |
|---|---|---|---|---|---|---|---|---|
| Rs100 | Rs1340 | Rs 2900 | Rs 4500 | Rs 6700 | Rs7840 | Rs10340 | Rs15000 | Rs30000 |
| Rs200 | Rs2680 | 5800 | 9000 | 13400 | 15680 | 20680 | 30000 | 60000 |
| Rs300 | Rs4020 | 8700 | 13500 | 20100 | 23520 | 31020 | 45000 | 90000 |
| Rs400 | Rs5360 | 11600 | 18000 | 26800 | 31860 | 41360 | 60000 | 120000 |
| Rs500 | Rs6700 | 14500 | 22500 | 33500 | 39200 | 51700 | 75000 | 150000 |

100രൂപയുടെ ഗുണിതങ്ങളായി പ്രതിമാസങ്ങളിൽ 3000 രൂപ വരെ നിക്ഷേപിക്കാവുന്നതാണ്.100രൂപയുടെ പെരുക്കങ്ങൾനോക്കി കാലാവധി തുക മനസ്സിലാക്കാവുന്നതാണ്

## TRANSACTION WITH MEMBERS ONLY

Make Saving A Habit & Grow With Us

# 6.6

# ഊർജ്ജം

ജീവികളുടെ നിലനിൽപ്പിൻെറ അടിസ്ഥാനഘടകം ഊർജ്ജമാണ്. വായു, വെള്ളം, ഭക്ഷണം എന്നിവ കഴിഞ്ഞാൽ ജീവസന്ധാരണത്തിന് നാം ഉപയോഗിക്കുന്ന ഊർജ്ജത്തിൻെറ സ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, വിറക്,പാചകവാതകം,സൗരോർജ്ജം തുടങ്ങിയവയാണ്. പ്രകൃതിയിൽനിന്നു ലഭ്യമാകുന്ന ഊർജ്ജ സ്രോതസ്സുകൾ അനിയന്ത്രിതമായി ഉപയോഗിക്കുന്നതുമൂലം നമ്മുടെ ആവശ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കാൻ മതിയായ തോതിൽ ലഭ്യമാകുന്നില്ല. ആധുനിക കാലഘട്ടത്തിൽ വൈദ്യുതിയുടെ ഉപയോഗം ജീവിതത്തിൻെറ നാനാ തുറയിലും ഒഴിച്ചുകൂടാനാവാത്തതായി തീർന്നിരിക്കുന്നു. തദനുസൃതമായി വൈദ്യുതിയുടെ ഉത്പാദനം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. ഭൂഗർഭത്തിൽനിന്നും ഖനനംചെയ്തെടുക്കുന്ന മണ്ണെണ്ണയുടെ ലഭ്യതയാണെങ്കിൽ പരിമിതപ്പെട്ടുകൊണ്ടിരിക്കുന്നു. വിറകിൻെറ ലഭ്യതയാകട്ടെ ഉപയോഗത്തിലെ വർദ്ധനവുമൂലം കുറഞ്ഞുകുറഞ്ഞു വരുന്നു. ഈ കുറവു പരിഹരിക്കാൻ പാചകവാതകം പകരമായി ഉപയോഗിക്കാമെങ്കിലും അതിൻെറയും ലഭ്യത ആവശ്യാനുസരണം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. സൗരോർജ്ജം ഉപയോഗപ്പെടുത്തി ഗാർഹികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സാരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അതിൻെറ നിർമ്മാണച്ചെലവിൻെറ വൈപുല്യംമൂലം വേണ്ടത്ര വികസിപ്പിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. വിവിധ ഊർജ്ജ സ്രോതസ്സുകൾ നമ്മുടെ ആവശ്യവുമായി ബന്ധപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിക്കുന്നതിൽ പറ്റിയ പാളിച്ചകൾ കാർഷിക മേഖലയിലും വ്യവസായിക മേഖലയിലും പ്രതിസന്ധികൾ സൃഷ്ടിച്ചിരിക്കുന്നു. ഈ ദുഃസ്ഥിതിക്ക് പരിഹാരം കാണുന്നതിലൂടെ മാത്രമേ സമഗ്രവികസനം യാഥാർത്ഥ്യമാവുകയുള്ളൂ.

ഒൻപതാം പദ്ധതിയിലൂടെയെങ്കിലും ഇതിനൊരു പരിഹാരം കണ്ടെത്തിയേ മതിയാകൂ.

### *വൈദ്യുതി*

വൈദ്യുതിയുടെ ഉത്പാദനക്കമ്മിമൂലം വൈദ്യുതിയുടെ ഉപഭോഗത്തിൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ നിർബന്ധിതമായിരിക്കുന്നു. ജലലഭ്യത കൂടുതലുള്ള കേരളത്തിൽ ജല വൈദ്യുതപദ്ധതികൾ അഭികാമ്യമാണെങ്കിലും അതു മാത്രം ആശ്രയിച്ചുകൊണ്ട് കേരളത്തിൻെറ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റപ്പെടുകയില്ലെന്നു തെളിഞ്ഞുകഴിഞ്ഞു. ഈ സാഹചര്യത്തിൽ താരതമ്യേന ചെലവുകൂടിയ താപവൈദ്യുതനിലയങ്ങളെയും ഡീസൽ വൈദ്യുത നിലയങ്ങളെയും ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ മേഖലകളിൽ മുതൽമുടക്കിനുള്ള സംസ്ഥാനസർക്കാരിൻെറ

സാമ്പത്തിക പരിമിതിമൂലം സ്വകാര്യമേഖലയെക്കൂടി ആശ്രയിക്കേണ്ട സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. ദീർഘവീക്ഷണത്തോടുകൂടി വൈദ്യുതി പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതിലും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. ഒൻപതാം പദ്ധതിയിലെങ്കിലും ഇതിനൊരു പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം.

വൈദ്യുതി വിതരണം കൊല്ലം നഗരത്തിൽ ആരംഭിക്കുന്നത് 1934-ൽ ആണ് ആരംഭിക്കുന്നത്. പരിമിതമായ സംവിധാനങ്ങൾ ആവശ്യത്തിന്റെ സമ്മർദ്ദം മൂലം വളരെയധികം വികസിപ്പിക്കേണ്ടി വന്നിട്ടുണ്ട്. ഇന്നത്തെ സ്ഥിതി പരിശോധിച്ചാൽ കൊല്ലം നഗരസഭയുടെ പരിധിക്കുള്ളിൽ 23029 വൈദ്യുതീകരിച്ച വീടുകളും 7807 വൈദ്യുതീകരിക്കാത്ത വീടുകളുമാണുള്ളത്. വ്യാവസായികാവശ്യത്തിനും വെളിച്ചത്തിനുമാണ് പട്ടണത്തിൽ മുഖ്യമായും വൈദ്യുതി ഉപയോഗിക്കുന്നത്. പാചകത്തിനാകട്ടെ മുഖ്യമായും മണ്ണെണ്ണ, ഗ്യാസ്, വിറക് എന്നിവയും ഉപയോഗിക്കുന്നു.

പാചക ആവശ്യത്തിനു ഒരു മാസം 63378 ലിറ്റർ മണ്ണെണ്ണയും, വെളിച്ചത്തിനുവേണ്ടി 84,685 ലിറ്റർ മണ്ണെണ്ണയും ഉപയോഗിക്കുന്നു.

പട്ടിക 1

കൊല്ലം നഗരസഭാ വാർഡുകളിലെ വൈദ്യുതിയെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ

| നിലവിലുള്ള ഉപഭോക്താക്കൾ | എണ്ണം |
|---|---|
| a. ഗാർഹികം | - 23029 |
| b. വ്യാപാരം | - 7321 |
| c. വ്യാവസായികം | - 533 |
| d. കാർഷികം | - 25 |

**കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം**

| | |
|---|---|
| ഓർഡിനറി | - 270 |
| ഒ. റ്റി. പി. | - 2 |
| ഒ. വൈ. ഇ. സി. | - 41 |

സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| | |
|---|---|
| a, ബൾബ് | - 3215 |
| b. ട്യൂബ് | - 2967 |
| c. മെർക്കുറി വേപ്പർ / സോഡിയം വേപ്പർ | - 1466 |

തൻവർഷത്തെ കണക്ഷൻ [1996-97]

| | |
|---|---|
| ഓർഡിനറി | - 67 |
| ഒ. റ്റി. പി. | - 19 |
| ഒ. വൈ. ഇ. സി. | - 674 |
| ലോടെൻഷൻ ട്രാൻസ്ഫോർമർ | - 158 |

പട്ടണത്തിലെ വൈദ്യുതിവിതരണം നിർവ്വഹിക്കുന്നത് അയത്തിൽ 110 K. V. സബ്സ്റ്റേഷൻ, ശക്തികുളങ്ങരയിലെ 110 K. V. സബ്സ്റ്റേഷൻ എന്നിവ മുഖേനയാണ് ഈ സബ്സ്റ്റേഷനുകളിലെ പ്രസരണശേഷി നമ്മുടെ ഉപയോഗത്തിനു മതിയാകുന്നില്ല. പട്ടണത്തിൽത്തന്നെ പാർവ്വതി മിൽ കാമ്പൗണ്ടിൽ ഒരു 110 K. V. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഉള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. 17 കിലോമീറ്ററോളം നീളത്തിൽ പഴയ 11 K.V. ലൈനുകളും കാലപ്പഴക്കം മൂലമുള്ള എൽ. റ്റി. ലൈനുകളും പ്രസരണനഷ്ടം കുറയ്ക്കുന്നതിനുവേണ്ടി മാറ്റുകയും പകരം ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുകയും വേണം. നിലവിൽ 158 ട്രാൻസ്ഫോർമറുകളിലൂടെയാണ് പട്ടണത്തിൽ വൈദ്യുതിവിതരണം നടത്തുന്നത്. എന്നാൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആവശ്യം നിർവ്വഹിക്കാൻ ഇതുകൊണ്ടു മതിയാകുന്നില്ല. വോൾട്ടേജ് ക്ഷാമം പല സ്ഥലത്തും അനുഭവപ്പെടുന്നു. വിശേഷിച്ച് സന്ധ്യാസമയങ്ങളിൽ ഇതു പരിഹരിക്കണമെങ്കിൽ ആവശ്യമായത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനും ഏക ദേശം 4 കി. മീ. 11 കെ. വി. ലൈനുകൾ പുതുതായി നിർമ്മിക്കാനും കഴിയണം.

വൈദ്യുതി ഉപഭോക്താക്കളുടെ സ്ഥിതി പരിശോധിച്ചാൽ കഴിഞ്ഞ വർഷം നിലവിലുണ്ടായിരുന്ന 30148 വൈദ്യുതി കണക്ഷനോടൊപ്പം ഈ വർഷം നൽകിയ 760 പുതിയ കണക്ഷൻ ചേർത്തു 30908 ആണ് നിലവിലുള്ള എണ്ണം. ഇനിയും 313

അപേക്ഷകൾ കണക്ഷൻ പ്രതീക്ഷിച്ചു കഴിയുന്നു. വർദ്ധിച്ചുവരുന്ന ഉപഭോക്താക്കളുടെ വൈപുല്യംകൂടി കണക്കിലെടുക്കുമ്പോൾ വൈദ്യുതി വിതരണരംഗത്തെ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ അത്യാവശ്യമായി ഏറ്റെടുത്തേ മതിയാകു.

ഊർജ്ജ പ്രസരണനഷ്ടം നാം അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. പ്രസരണനഷ്ടം കുറച്ചുകൊണ്ടുവരുവാനും മേൽപ്പറഞ്ഞ വികസന പ്രവർത്തനങ്ങളോടൊപ്പം ലൈനുകളിലെ ജംബറുകൾ ക്രമീകരിക്കുക, ലൂസ്കണക്ഷനുകൾ ഒഴിവാക്കുക, ലൈനിൽ തട്ടിക്കിടക്കുന്ന വൃക്ഷലതാദികൾ വെട്ടി മാറ്റുക എന്നതും പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങളാണ്.

## വഴിവിളക്കുകൾ

മുനിസിപ്പൽ പ്രദേശങ്ങളിൽ വഴിവിളക്കുകളായി ഉപയോഗിക്കുന്ന സാധാരണ ബൾബുകളും ട്യൂബുകളും സപ്ലൈചെയ്യുന്നതും സ്ഥാപിക്കുന്നതും ഇലക്ട്രസിറ്റി ബോർഡാണ്. എന്നാൽ സോഡിയം വേപ്പർ ലാംബ് സ്ഥാപിക്കുന്നതും സ്പെയറുകൾ വാങ്ങുന്നതും മുനിസിപ്പാലിറ്റി ആണ്. എന്നാൽ ഇവയുടെ അറ്റകുറ്റ പണികൾ ബോർഡാണ് നിർവ്വഹിക്കുന്നത്. നിലവിലുള്ള ഈ രീതിമൂലം പല പരാതികളും ഉയർന്നു വരാൻ ഇടയാകുന്നു. യഥാസമയം ബൾബുകളുടേയും ട്യൂബുകളുടേയും പുനഃസ്ഥാപനം നടക്കുന്നില്ലായെന്ന പരാതി സാർവ്വത്രികമാണ്. ഇതു പരിഹരിക്കാൻ, വാർഡ് കൗൺസിലർമാരും ഇലക്ട്രിസിറ്റി ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയെങ്കിലും പ്രശ്നം പരിഹരിച്ചിട്ടില്ല. ഇതിനുള്ള പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

## കോമ്പാക്റ്റ് ഫ്ളൂറസൻറ് ലാമ്പുകൾ [CFL]

9 മുതൽ 13 വരെ വാട്സ് കൊണ്ടു പ്രവർത്തിക്കുന്നതും 60 വാൾട്ട് ബൾബിൻെറ പ്രകാശം നൽകുന്നതുമായ കോമ്പാക്ട് ഫ്ലൂറസെൻറ് ലാമ്പുകൾ ഇന്നു മാർക്കറ്റിൽ ലഭ്യമാണ്. ഈ ബൾബുകൾ ഉപയോഗിക്കുന്നതുമൂലം 47 വാട്ടിൻെറ പവ്വർ ലാഭിക്കാൻ കഴിയും. ഉയർന്ന അളവിലുള്ള പ്രകാശം ലഭിക്കുകയും ചെയ്യും. ഈ ബൾബുകൾ വ്യാപകമായി ഉപയോഗിക്കാൻ കഴിഞ്ഞാൽ വളരെയധികം ഊർജ്ജം ലാഭിക്കാൻ കഴിയും എന്നു മാത്രമല്ല സന്ധ്യാസമയങ്ങളിലുള്ള വോൾട്ടേജ് ദൗർലഭ്യം നല്ലോരളവുവരെ പരിഹരിക്കാനും കഴിയും. വൈദ്യുതി പ്രതിസന്ധി അഭിമുഖീകരിക്കുന്ന നമ്മുടെ സംസ്ഥാനത്ത് ഗവൺമെൻറുതന്നെ മുൻകൈയെടുത്ത് അനർട്ട് എന്ന ഏജൻസിയിലൂടെ ഒരുകുടുംബത്തിന് ഒരു ബൾബ് സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നുണ്ട്. ബൾബിൻെറ വിലയായ 345 രൂപായിൽ 150 രൂപ സബ്സിഡിയായി മുനിസിപ്പാലിറ്റി ഉപഭോക്താവിനു തിരിച്ചു നൽകുകും. ബാക്കി 195 രൂപ മാത്രമെ ഉപഭോക്താവിനു ചെലവുവരുന്നുള്ളു. 6000 മണിക്കൂറാണ് ഇതിൻെറ പ്രവർത്തന കാലയളവ്. ഈ ബൾബിൻെറ ഉപയോഗത്തേയും അതിൻെറ നേട്ടത്തേയും സംബന്ധിച്ച് ഉപഭോക്താക്കൾക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിയണം. വാർഡുതലത്തിൽ തന്നെ ഇതിനുള്ള ഓർഡറുകൾ ഒന്നായി ശേഖരിച്ച് എല്ലാ വീടുകളിലും ഈ സൗകര്യം പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങളും വാർഡ് കൗൺസിലർമാർക്ക് മുൻകൈയെടുത്ത് ചെയ്യാവുന്നതുമാണ്.

പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കാനും നല്ല സേവനം കാഴ്ചവെയ്ക്കുവാനും ഉദ്യോഗസ്ഥൻമാരെ പ്രേരിപ്പിക്കാനാവശ്യമായ പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതു കൂടുതൽ ഫലപ്രദമാകേണ്ടതുണ്ട്.

## മണ്ണെണ്ണ

സാധാരണക്കാരുടെ ഊർജ്ജമായി കണക്കാക്കുന്ന മണ്ണെണ്ണയുടെ ലഭ്യത വേണ്ടത്ര അളവിൽ ഇല്ല. പാവപ്പെട്ട ആളുകൾ റേഷൻകട മുഖേനയാണ് മണ്ണെണ്ണ വാങ്ങിക്കൊണ്ടിരിക്കുന്നത്. വൈദ്യുതീകരിച്ച വീടുകൾക്ക് പ്രതിമാസം രണ്ടുലിറ്ററും വൈദ്യുതീകരിക്കാത്ത വീടിന് 5 ലിറ്റർ മണ്ണെണ്ണയുമാണ് വിതരണം ചെയ്യു

പട്ടിക 2

മണ്ണെണ്ണ പൊതുവിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ.

| വർഷം | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം (ലിറ്റർ) | കാർഡുവഴി വിതരണം(ലിറ്റർ) |
|---|---|---|---|
| 1992-92 | 3200 | 55,200 | 9,71,184 |
| 1992-93 | 3800 | 6,00,000 | 11,04,240 |
| 1993-94 | 4200 | 6,48,000 | 11,24,412 |
| 1994-95 | 5100 | 6,96,000 | 11,36,928 |
| 1995-96 | 5635 | 7,60,535 | 10,16,220 |

ന്നത്. ഇതുകൊണ്ട് മതിയാകാതെ വരുന്നതുമൂലം ഓപ്പൺ മാർക്കറ്റിൽ നിന്നും വലിയ വില കൊടുത്തു വാങ്ങാൻ നിർബന്ധിതരാകുന്നു. റേഷൻ കടകളിലൂടെ വിതരണം ചെയ്യപ്പെടുന്ന മണ്ണെണ്ണയുടെ പട്ടിക ചേർക്കുന്നു. [പട്ടിക 2]

## വിറക

വിറകിൻെറ ദൗർലഭ്യവും ഭാരിച്ച വിലയുംമൂലം അത് പട്ടണപ്രദേശങ്ങളിൽ സാധാരണ ജനങ്ങൾക്ക് അപ്രാപ്യമായിക്കൊണ്ടിരിക്കുകയാണ്. ഒരുതൂക്കു വിറകിന് [25 Kg] മാർക്കറ്റിൽ 35 രൂപയാണ് ഇപ്പോഴത്തെ വില. ഇത് അടിക്കടി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വീടുകളിൽ പാചകത്തിനായി ഉപയോഗിച്ചുവരുന്ന വിറക് അടുപ്പുകളുടെ ദക്ഷത വളരെക്കുറവാണ്. ഏതാണ്ട് 8 മുതൽ 15% വരെവരും. ഇതു ഗണ്യമായി വർദ്ധിപ്പിക്കാനാകും നാട്ടിൽ പ്രചരിപ്പിച്ചുപോരുന്ന പരിഷത് അടുപ്പുകളുടെ ദക്ഷത 20 മുതൽ 25% വരെ വരും. ദക്ഷതയേറിയ ഇത്തരം അടുപ്പുകൾ വ്യാപകമായി സ്ഥാപിക്കുന്നതുവഴി വിറകുപയോഗം ഗണ്യമായി കുറയ്ക്കാം. മുനിസിപ്പൽ മേഖലയിലെ വിറക് ഉപയോഗിക്കുന്ന മുഴുവൻ വീടുകളിലും ദക്ഷത കൂടിയ പരിഷത് അടുപ്പുകൾ സ്ഥാപിക്കുവാനുള്ള പ്രചാരണം ജനപ്രതിനിധികൾ മുനിസിപ്പാലിറ്റിയുടെ മുൻകയ്യോടുകൂടി സംഘടിപ്പിക്കാവുന്നതാണ്.

## പാചകഗ്യാസ

പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന വിറക്, മണ്ണെണ്ണ എന്നിവയുടെ ദൗർലഭ്യവും അതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങളും കാരണം പാചകഗ്യാസിൻെറ ഉപയോഗം സാർവ്വത്രികമായിരിക്കുന്നു. ഇടത്തരം, ഉയർന്നവരുമാന വിഭാഗങ്ങളിൽ ഏറെക്കുറെ പൂർണ്ണമായും ഈ മാർഗ്ഗം അവലംബിച്ചിട്ടുണ്ട്. ഗ്യാസ് കണക്ഷൻ ലഭിക്കുവാനുള്ള കാലതാമസവും ഗ്യാസിൻെറ വിതരണത്തിലുണ്ടാകുന്ന കാലതാമസവും അടിക്കടി ഉയർന്നുകൊണ്ടിരിക്കുന്ന വിലക്കയറ്റവും ഉപഭോക്താക്കൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതിനുള്ള പരിഹാരം ഗവൺമെൻറുതലത്തിൽ മാത്രമെ കഴിയൂ എന്നതുകൊണ്ട് മുനിസിപ്പൽ തലത്തിൽ പരിഹാരമില്ല. എന്നാൽ ഗ്യാസ് ഏജൻസികളുടെ വിതരണത്തിൽ നടക്കുന്ന ക്രമക്കേടുകളെ സംബന്ധിച്ച് ഒട്ടേറെ പരാതികളുണ്ട്. ഈ പരാതികളിൽ ഇടപെട്ട് പരിഹാരം കാണാൻ മുനിസിപ്പാലിറ്റിക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്. മുനിസിപ്പൽ അതിർത്തിയിലെ ഗ്യാസ് ഏജൻസിയുടെയും ഉപഭോക്താക്കളുടെയും സ്ഥിതിവിവരക്കണക്കുകൾ പട്ടിക മൂന്നായി ഇതോടൊപ്പം ചേർക്കുന്നു. [പട്ടിക 3]

[പട്ടിക 3

**മുനിസിപ്പൽ അതിർത്തിയിലെ ഗ്യാസ് ഏജൻസികളുടേയും ഉപഭോക്താക്കളുടേയും സ്ഥിതിവിവരകണക്ക്.**

| ഏജൻസിയുടെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|
| 1 ശിവാ ഏജൻസീസ്, ആനന്ദവല്ലീശ്വരം | 6500 |
| 2 സെൻറ് ജോർജ്ജ് ഏജൻസീസ്, കൊല്ലം | 3500 |
| 3 കായിലോൺ ഗ്യാസ് | |
| ഏജൻസീസ്, താമരക്കുളം, കൊല്ലം | 4000 |
| 4 ചിറ്റൂർ ഗ്യാസ് ഏജൻസീസ്, സ്റ്റേഡിയം ഗ്രൗണ്ട്, കൊല്ലം. | 3000 |
| 5 വിസ്ഡം ഗ്യാസ് ഏജൻസീസ്, കടപ്പാക്കട, കൊല്ലം. | 1850 |
| ആകെ | 18850 |

## സൗരോർജ്ജം

ഭൂമിയിലെത്തുന്ന പ്രഥമമായ ഊർജ്ജമാണ് സൗരോർജ്ജം. ഇത് പ്രകാശരൂപത്തിലും, താപരൂപത്തിലും ഭൂമിയിലെത്തുന്നു. ഈ ഊർജ്ജം നേരിട്ട് പ്രയോജനപ്പെടുത്താൻ സസ്യങ്ങൾക്കുമാത്രമെ കഴിയുന്നുള്ളൂ. എന്നാൽ സസ്യങ്ങളാകട്ടെ പ്രയോജനപ്പെടുത്തുന്ന ഊർജ്ജം ഭൂമിയിലെത്തുന്ന സൗരോർജ്ജത്തിൻെറ ഒരു ശതമാനം മാത്രമാണ്. ബാക്കിവരുന്ന സൗരോർജ്ജം താപരൂപത്തിലും പ്രകാശരൂപത്തിലും പ്രയോജനപ്പെടാതെ പോകുന്നു. ഇങ്ങനെ നഷ്ടപ്പെട്ടുപോകുന്ന ഊർജ്ജം പ്രയോജനപ്പെടുത്താൻ പാരമ്പര്യേതര ഊർജ്ജ സംവിധാനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി സോളാർസെല്ലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ച് വഴിവിളക്കുകൾക്കും ഗാർഹികാവശ്യത്തിനും ഉപയോഗിക്കാവുന്നതാണ്. പക്ഷെ ഇതിൻെറ സ്ഥാപനച്ചെലവു വളരെയധികമായതിനാൽ ഇത് ഇപ്പോഴും വ്യാപകമായിട്ടില്ല. വിപുലമായ സബ്സിഡികൾ ഏർപ്പെടുത്തിക്കൊണ്ട് ഈ മാർഗ്ഗം വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ തലങ്ങളിൽ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു.

അനർട്ട് എന്ന ഏജൻസി ഇതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജോല്പാദനം എന്ന നിലയിൽ കാറ്റിൽനിന്നും തിരമാലകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. ഇവയും കൂടുതൽ വികസിപ്പിക്കേണ്ടതുണ്ട്.

[പട്ടിക 4

വൈദ്യുതിയെ സംബന്ധിക്കുന്ന വിവരങ്ങൾ വാർഡ് സഭകളിൽനിന്നും ലഭിച്ചത്.

| ക്രമനമ്പർ | വാർഡ്നമ്പർ | വിവരങ്ങൾ |
|---|---|---|
| 1 | 1 | 1. മഹാത്മാഗാന്ധികോളനിയിലെ 15 വീടുകൾ വൈദ്യുതീകരിക്കുക. |
| | | 2. ഞാറവിള ഹരിജൻ കോളനിയിലെ സ്ട്രീറ്റ് ലൈറ്റ് കത്തിക്കുക. |
| | | 3. വാർഡിൽ വൈദ്യുതീകരിക്കാത്ത സ്ഥലങ്ങൾ വൈദ്യുതീകരിക്കുക. |
| | | 4. പള്ളിക്കൽ ജംഗ്ഷനിലെ ട്രാൻസ്ഫോർമർ ഉയരത്തിൽ സ്ഥാപിക്കുക. |
| 2 | 2 | 1. ഉളിയക്കോവിൽ മൈതാനത്തിനു മുകളിൽക്കൂടിപോകുന്ന ലൈൻ കേബിൾ ആക്കുക. |
| 3 | 4 | 1. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. |
| 4 | 6 | 1. വാർഡിൽ ത്രീഫേസ്ലൈൻ സ്ഥാപിച്ച് വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക. |
| 5 | 7 | 1. ആവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കണം. |
| | | 2. പോളച്ചിറ വടക്കതിൽ ശങ്കരൻെറ തെക്കോട്ടുള്ള വഴിയിൽ ട്യൂബ്ലൈറ്റുകൾ ഇടുക. |
| 6 | 8 | 1. കർപ്പൂരം ചേരിയിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം. |
| | | 2. ഇടവാ ബഷീറിൻെറ വീടിനടുത്തുനിന്നും സെക്രട്ടറിയുടെ വീടുവരെ ത്രീഫേസ് ലൈനാക്കുക. |
| 7 | 9 | 1. സ്ട്രീറ്റ്ലൈറ്റുള്ള സ്ഥലത്ത് ബൾബ് മാറ്റി ട്യൂബ്ലൈറ്റുകൾ സ്ഥാപിക്കുക. |
| 8 | 10 | 1. പോളയത്തോട് വാർഡിലെ സ്ട്രീറ്റ്ലൈറ്റിൻെറ നിലവിലുള്ള ബൾബുകൾമാറ്റി ട്യൂബ്ലൈറ്റാക്കുക. |
| | | 2. ശാന്തി നഗർ കോളനിയിൽ തെരുവുവിളക്കു സ്ഥാപിക്കുക. |
| 9 | 11 | 1. ഇലവൻ കെ. വി. ലൈൻ റോഡിൻെറ അടിയിൽക്കൂടി കേബിൾ ആക്കുക. |
| 10 | 12 | 1. വാർഡിലെ വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക. |
| | | 2. വാർഡിൽ ആവശ്യാനുസരണം സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുക. |
| 11 | 13 | 1. മിനി മാർക്കറ്റിൽനിന്നും ഓടപ്പുറം വഴി തിട്ടയിൽ പടിഞ്ഞാറെ മുക്കുവരെ ത്രീ ഫേസ് ലൈൻ സ്ഥാപിക്കുക. |
| | | 2. വാർഡിൽ തെരുവുവിളക്കുകൾ ഇല്ലാത്ത സ്ഥലത്ത് തെരുവുവിളക്കുകൾ സ്ഥാപിക്കുക. |
| | | 3. മുണ്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുക. |
| 12 | 14 | 1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |
| | | 2. വാർഡിലെ നിർദ്ധന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നിയമം ലഘൂകരിക്കുക. |
| 13 | 18 | 1. താമരക്കുളം പുൽത്തോട്ടം ഭാഗത്തു കിഴക്കും പടിഞ്ഞാറും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. |

| | | |
|---|---|---|
| 14 | 21 | 1. വാർഡിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുക. |
| | | 2. വാർഡിൽ ആവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. |
| 15 | 23 | 1. വിദ്യാധിരാജാ സ്കൂളിനു സമീപത്തുള്ള വീടുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |
| | | 2. വാർഡിൽ ആവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. |
| 16 | 24 | 1. ഓലയിൽ സബ്സ്റ്റേഷന്റെ ഊർജ്ജശക്തി വർദ്ധിപ്പിക്കുക. |
| | | 2. തേവള്ളി മാർക്കറ്റ്, രാമവർമ്മ ക്ലബ്ബ്, ജി. ഒ. ക്വാർട്ടേഴ്സ്, നാണി മെമ്മോറിയൽ ജംഗ്ഷൻ, വടക്കേമുക്കിൽ കായൽവാരം സൈഡ്, കല്ലി റോഡ് എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പു സ്ഥാപിക്കുക. |
| 17 | 25 | 1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുക. |
| 18 | 26 | 1. റ്റി. ഡി. റോഡ്, നീലാംതോട്ടം എന്നീ ഭാഗത്തെ വോൾട്ടേജ്ക്ഷാമം പരിഹരിക്കുക. |
| 19 | 27 | 1. വില്ലികുളം-അമ്മച്ചിവീട് റോഡിൽ കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക. |
| | | 2. കൈക്കുളങ്ങര വാർഡിലെ നിർദ്ധനരായ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുക. |
| | | 3. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ത്രീഫേസ്ലൈൻ സ്ഥാപിക്കുക. |
| 20 | 28 | 1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |
| 21 | 29 | 1. വൈദ്യുതീകരിക്കാത്ത വീടുകൾ ഉടൻ വൈദ്യുതീകരിക്കുക. |
| 22 | 30 | 1. 11 കെ. വി. ലൈൻ കൂടെക്കൂടെ പൊട്ടുന്നതിനാൽ കേബിളിടുക. |
| | | 2. വാർഡിലെ മത്സ്യത്തൊഴിലാളികളുടെ വീടുകൾ വൈദ്യുതീകരിക്കുക. |
| | | 3. വാർഡിൽ ആവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക. |
| 23 | 31 | 1. വാർഡിലെ ഇലക്ട്രിക്കൽ മീറ്ററുകൾ ഓവർറീഡുംഗ് കാണിക്കുന്നതിനാൽ അത്തരം മീറ്ററുകൾ മാറ്റി പുതിയതു സ്ഥാപിക്കുക. |
| 24 | 32 | 1. വാർഡിൽ സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലത്ത് ആവശ്യാനുസരണം സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കുക. |
| | | 2. വാർഡിലെ പട്ടയം കിട്ടാത്ത വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാക്കണം. |
| | | 3. കുന്നേൽ മുക്കിൽനിന്നും കല്ലും പുറത്തേയ്ക്കുള്ള റോഡിൽ തുണ്ടിൽ വീടിന്റെ മുൻവശംമുതൽ സൺഡേകോളനി വരെ സ്ട്രീറ്റ് ലൈറ്റില്ലാത്തിടത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. |
| 25 | 33 | 1. വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |
| | | 2. വാർഡിലെ തെരുവുവിളക്കുകൾ കത്തിക്കുന്നതിനുള്ള നടപടിയുണ്ടാക്കുക. |
| 26 | 34 | 1. വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. |
| | | 2. വാർഡിലെ സ്ട്രീറ്റ് ലൈറ്റില്ലാത്ത സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. |

## പ്രശ്നങ്ങൾ

1. വൈദ്യുതിക്ഷാമം നിത്യജീവിതത്തിൽ അനുഭവപ്പെടുന്ന ഒരു മുഖ്യപ്രശ്നമായി തീർന്നിരിക്കുന്നു.

2. മുനിസിപ്പൽ മേഖലയിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം, വിതരണതടസ്സങ്ങൾ എന്നിവയക്കു പരിഹാരമുണ്ടാകാൻ ലൈനുകളുടെ നവീകരണവും പുതിയ സബ്സ്റ്റേഷനും കൂടുതൽ ട്രാൻസ്ഫോർമറുകളുടെ ആവശ്യവും ഉയർന്നുവന്നിട്ടുണ്ട്.

3. പ്രസരണനഷ്ടം ലഘൂകരിക്കാനുള്ള മാർഗ്ഗങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

4. വഴിവിളക്കുകൾ കത്തിക്കുന്നതിലുള്ള അപാകതകളും പോരായ്മകളും പരിഹരിക്കേണ്ടിയിരിക്കുന്നു.

5. വൈദ്യുതി ലഭിക്കാനുള്ള മാർഗ്ഗങ്ങൾ ആരായുകയും പ്രാവർത്തികമാക്കുകയും പ്രധാനമാണ്.

6. മണ്ണെണ്ണ, വിറക്, പാചക ഗ്യാസ് എന്നിവയുടെ ദൗർലഭ്യം കണക്കിലെടുത്ത് ദക്ഷത കൂടിയ അടുപ്പുകൾ ലഭ്യമാക്കാനുള്ള സാദ്ധ്യത.

7. ഗാർഹിക കണക്ഷനുള്ള അപേക്ഷകളനുസരിച്ച് കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം

## സാധ്യതകൾ

1. വൈദ്യുതോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സംസ്ഥാന ഗവൺമെൻറു തലത്തിൽ സ്വീകരിക്കണം. ജലവൈദ്യുത പദ്ധതിയോടൊപ്പം താപവൈദ്യുത നിലയങ്ങളും ഡീസൽ വൈദ്യുതനിലയങ്ങളും എത്രയും വേഗം സ്ഥാപിക്കുക.

2. മുനിസിപ്പൽ പ്രദേശത്ത് ആവശ്യമായ ട്രാൻസ്ഫോർമറുകളുടേയും ഒരു 110 കെ.വി. സബ്സ്റ്റേഷൻേറയും സ്ഥാപനം കൂടാതെ 11 കെ. വി. ലൈനുകളുടേയും എൽ. റ്റി. ലൈനുകളുടേയും നവീകരണ നടപടികളും ഉണ്ടാക്കണം.

3. പ്രസരണ നഷ്ടം ലഘൂകരിക്കാനുള്ള മെയിൻറനൻസ് ജോലി കാര്യക്ഷമമാക്കുക. കാമ്പാക്ട് ഫ്ലൂറസെൻറ് ലാമ്പുകളുടെ പ്രചരണവും സൗജന്യ നിരക്കിലുള്ള വിതരണവും ഉറപ്പുവരുത്തുക.

4. സാധാരണ ബൾബുകളും ട്യൂബുകളും വൈദ്യുതിബോർഡും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് നഗരസഭയും അവയുടെ ആകെ സംരക്ഷണം ഇലക്ട്രിസിറ്റി ബോർഡും എന്ന നിലവിലുള്ള രീതി മാറ്റി ഇവയുടെ എല്ലാം സ്ഥാപനം മുനിസിപ്പാലിറ്റിയുംവസംരക്ഷണം ഇലക്ട്രിസിറ്റി ബോർഡ് തന്നെ നിർവ്വഹിക്കുകയും ചെയ്യുക. വഴിവിളക്കുകൾ യഥാസമയം പുനഃസ്ഥാപിക്കുവാനുള്ള ചുമതല വാർഡു കമ്മിറ്റികൾ മുൻകൈയെടുത്ത് ചെയ്യിക്കുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

5. മണ്ണെണ്ണ, വിറക് എന്നിവയുടെ ലഭ്യത കണക്കിലെടുത്ത് ദക്ഷത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുകയും അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കയുംവേണം.

6. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

7. പുതിയ വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ പരിഗണിച്ച് കാലതാമസമില്ലാതെ കണക്ഷൻ നൽകണം.

8. ഓവർഹെഡ് ലൈനുകൾക്ക് പകരം അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം കാര്യക്ഷമമാക്കാൻ ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കുക.

9. വൈദ്യുതീകരിക്കാത്ത പാവപ്പെട്ടവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

10. നിലവിലുള്ള ലൈനുകൾ നീട്ടുകയും കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക.

11. തെരുവുവിളക്കുകൾ താരതമ്യേന കുറവുള്ള വാർഡുകളിൽ കൂടുതൽ തെരുവുവിളക്കുകൾ അനുവദിക്കുക.

12. മുണ്ടയ്ക്കൽ ഒരു ഇലക്ട്രിക് സെക്ഷൻ ആഫീസ് സ്ഥാപിക്കുക.

13. മത്സ്യതൊഴിലാളി മേഖലയിൽ വൈദ്യുതീകരണത്തിന് മുൻഗണന നൽകുക.

14. കേടുപാടുകൾ സംഭവിച്ച മീറ്ററുകൾ മാറ്റിസ്ഥാപിക്കുക.

15. പട്ടയത്തിൻെറ പേരിൽ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുക.

16. ദക്ഷത കൂടിയ പരിഷത് അടുപ്പുകൾ സ്ഥാപിക്കാനുള്ള ബോധവത്ക്കരണം നടത്തുക.

17. സൗരോർജ്ജം പ്രയോജനപ്പെടുത്തുന്നതിനുള്ള വിപുലമായ സാദ്ധ്യതകൾ കണക്കിലെടുത്ത് അതിനാവശ്യമായ സജ്ജീകരണങ്ങൾ ചെയ്യേണ്ടതാണ്. അതിനുള്ള ഉപകരണങ്ങൾ സബ്സിഡി നൽകി ഉപഭോക്താക്കൾക്ക് നൽകണം. ഇതിനുള്ള ബോധവൽക്കരണപ്രവർത്തനങ്ങളും സംഘടിപ്പിക്കണം.

18. കാറ്റിൽനിന്നും തിരമാലയിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ അവയുടെ സാദ്യതകൾ പരിശോധിച്ച് സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കണം.

© 742494,742995, 741657

125

# BUSINESS BENEFIT COMPANY LTD.

BCF (Estd: 1949)

**(Incorporated Under Indian Companies Act of 1956)**

**BUSINESS BUILDING, BEACH ROAD, KOLLAM**

BBC

**( A GROUP CONCERN OF BUSINESS CHITTY FUND (ASRAMAM (P) LTD**

**(MEMBERS ONLY)**

## INDIA'S HIGHEST MONTHLY INCOME PAYING COMPANY

30% മുതൽ 40 % വരെ പലിശ കൂടാതെ നിക്ഷേപകർക്ക് ക്യാഷ് ഇൻസെന്റീവും മറ്റ് ബനിഫിറ്റുകളും

31-12-96 ലെ ബനിഫിറ്റ് ഡ്രോയിൽ വിജയികളാകുന്ന 25 നിക്ഷേപകർക്ക് 2 ഗ്രാം വീതമുള്ള 2 ഗോൾഡ് കോയിൻ ലഭിക്കുന്നു.

BUSINESS BENEFIT DRAW

GOLD COIN 1/2gm

GOLD COIN 1gm

GOLD COIN 1.750gm

GOLD COIN 1.250gm

GOLD COIN 1.500gm

ON DECEMBER 31st 1996 AT 4.30 PM

Spot Incentives for Depositors GOLD COINS 1/2 gm to 1.750 gm.

ഓരോ 10,000 രൂപാ നിക്ഷേപത്തിനും ഒരു GOLD COIN വീതം

### പ്രതിമാസങ്ങളിൽ പലിശ നിക്ഷേപകന്റെ കരങ്ങളിൽ എത്തിക്കുന്നു.

സ്വർണ്ണപ്പണയം പവന് 3000 രൂപ

GOLD COIN 1/2gm *to* GOLD COIN 1.750 gm

HIRE PURCHASE — RENT A CAR — Rs. 1,60,000 New, Old Maruthi Zen, Fiat, Uno, Amb. Bus/Hospital Equipment Leasin

**CAR LORRY BUS HIREPURCHASE -GOLD LOAN RS. 3000**

12 മാസം 19 1/2% + 1/2gm GOLD COINഓരോ 10,000/രൂപയ്ക്കും ഉടൻ നല്കുന്നു.

24 മാസം 20% + 1gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.

36 മാസം 21 % + 1.250gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.

42 മാസം DOUBLE BENEFIT +1.500gm GOLD COIN ഓരോ 10,000 രൂപയ്ക്കും " "

60 മാസം MONEY QUEEN BOND + 1.750gm GOLD COIN ഓരോ 10,000 രൂപയ്ക്കും "

**MONEY BEGETS THE MONEY**

ഓരോ 10,000 രൂപ നിക്ഷേപത്തിനും 1/2 **gm** മുതൽ 1.750 **gm** വരെ സ്വർണ്ണ നാണയം **SPOT INCENTIVE** ആയി നൽകുന്നു. ഈ ആനുകൂല്യം **ഡിസംബർ** 31 വരെ മാത്രം. 12 മാസവും അതിനുമുകളിലും 10000 **രൂപയ്ക്ക്** താഴെയുള്ള നിക്ഷേപകർക്ക് വിലിപിടിപ്പുള്ള സമ്മാനങ്ങൾ.

എല്ലാ മാസവും 8–ാം തീയതി തോറും 4.30 ന് എല്ലാ നിക്ഷേപകരേയും ഉൾപ്പെടുത്തി പതിവ് ബനിഫിറ്റ് ഡ്രാ ഉണ്ടായിരിക്കും. സമയം 4.30 P.M. 10 വിജയികൾക്ക് 500/–രൂപാ വീതം മൊത്തം 5000/– രൂപ CASH INCENTIVE നൽകുന്നു.

## OUR GROUP OF COMPANIES

1. TRANSWORLD CREDIT & INVESTMENT COMPANY(P) LTD. BEACH ROAD, KOLLAM-1 PH.742995,742494
2. TRANSWORLD HIRE PURCHASE (INDIA) LTD., BEACH ROAD, KOLLAM-1 PH. 741657
3. COMMERCIAL HIRE PURCHASE (INDIA) LTD., ERNAKULAM, PH.365571
4. SOBHANA TILE WORKS, KOLLAM, PH.204078
5. MODERN BRICKS, KOLLAM

This pervilage only upto 31st December 1996

DIRECTORS: VIJAYAN PILLIAI SOBHANAN PILLAI SUNDARAN PILLAI

6.7

# പാർപ്പിടം [ഹൗസിംഗ്]

വായു, ഭക്ഷണം, കുടിവെള്ളം എന്നിവയോടൊപ്പം പാർപ്പിടവും മനുഷ്യന്റെ മുഖ്യ ആവ ശ്യമാണ്. ഒഴിച്ചുകൂടാനാവാത്ത ഈ ആവശ്യങ്ങൾ നിറവേറ്റുകയെന്നത് വികസന പ്രക്രിയയിൽ അതീവ പ്രാധാന്യമർഹിക്കുന്നു. 2000 മാണ്ടോടെ എല്ലാവർക്കും വീട് ഇതായിരുന്നു നമ്മുടെ ലക്ഷ്യം. ആ ലക്ഷ്യം സാധ്യമാക്കണമെങ്കിൽ കൂട്ടായ കഠിന പ്രയത്നം അത്യാവശ്യമാണ്. മറ്റ് മുനിസിപ്പൽ പ്രദേശങ്ങളിൽ എന്നപോലെ കൊല്ലം മുനിസിപ്പൽ പ്രദേശത്തും പാർപ്പിട പ്രശ്നം രൂക്ഷമാണ്. 1991-92 മുതൽ 1995-96 വരെമുനിസിപ്പൽ പ്രദേശത്തുള്ള വീടുകളുടെ എണ്ണം താഴെകൊടുക്കുന്നു.

| | | | | | |
|---|---|---|---|---|---|
| ആണ്ട് | 1991-92 | 1992-93 | 1993-94 | 1995-96 | |
| വീടുകൾ | 34107 | 34452 | 35567 | 36066 | 36582. |

ഇതിൽനിന്നും മുനിസിപ്പൽ പ്രദേശത്തുള്ള ശരാശരി 500 വീടുകളുടെ വർദ്ധനവാണ് ഓരോ കൊല്ലവും ഉണ്ടായിട്ടുള്ളത്. എന്നാൽ ഈ വർദ്ധനവുകൊണ്ട് മുനിസിപ്പൽ പ്രദേശത്തുള്ള പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് കഴിയുന്നതല്ലെന്ന് ഇനിപ്പറയുന്ന കണക്കുകൾ കൊണ്ട് വ്യക്തമാകുന്നതാണ്. മുനിസിപ്പൽ പ്രദേശത്തുള്ള മുനിസിപ്പാലിറ്റി വീട്ടുനമ്പർ ചെയ്തിട്ടുള്ള 2155 കുടിലുകളും അതു കൂടാതെ ഏകദേശം 2000 അനധികൃത കുടിലുകളും ഉണ്ട്. കുടിലുകളിൽ താമസിക്കുന്ന ഈ ജനവിഭാഗങ്ങളുടെ പുനരധിവാസമാണ് ഇന്നത്തെ ഏറ്റവും വലിയ പ്രശ്നം. വാർഡുതിരിച്ചുള്ള വീടുകളുടെ എണ്ണവും കോൺക്രീറ്റ് വീടുകളുടെ എണ്ണവും ഓലമേഞ്ഞതിൽത്തന്നെ.

ഇഷ്ടികയോ കല്ലോ കൊണ്ടു ഭിത്തികെട്ടിയിട്ടുള്ളവയുടെ എണ്ണവും ഓലകൊണ്ടുതന്നെ കുത്തിമറച്ചിട്ടുള്ള കുടിലുകളുടെ എണ്ണവും മറ്റും വാർഡ് തിരിച്ചുള്ളത് താഴെചേർക്കുന്നു.

# വീടുകളുടെ എണ്ണവും സ്വഭാവവും വാർഡുതിരിച്ച്

| നമ്പർ | വാർഡിൻെറ പേര് | ആകെ വീടുകൾ | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | കോൺക്രീറ്റ് വീടുകൾ | ഓടിട്ട വീടുകൾ | ഓലമേഞ്ഞതും ഭിത്തി കെട്ടിയ തുമായവീടുകൾ | കുടിൽ | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| 1 | ഉളിയക്കോവിൽ നോർത്ത് | 1092 | 10 | 2914 | 481 | 264 | 47 | 6 |
| 1 | ഉളിയക്കോവിൽ മിഡിൽ | 877 | 25 | 458 | 200 | 155 | 57 | 7 |
| 3 | ഉളിയക്കോവിൽ സൗത്ത് | 1040 | 66 | 407 | 419 | 83 | 83 | 28 |
| 4 | ആശ്രാമം നോർത്ത് | 882 | 18 | 303 | 465 | 52 | 56 | 6 |
| 5 | ആശ്രാമം വെസ്റ്റ് | 1014 | 24 | 225 | 540 | 231 | 12 | 6 |
| 6 | ആശ്രാമം മിഡിൽ | 964 | 78 | 319 | 396 | 63 | 76 | 110 |
| 7 | ആശ്രാമം സൗത്ത് | 860 | 65 | 211 | 325 | 157 | 61 | 106 |
| 8 | പട്ടത്താനം വെസ്റ്റ് | 1222 | 86 | 512 | 427 | 131 | 114 | 38 |
| 9 | പട്ടത്താനം ഈസ്റ്റ് | 927 | 72 | 559 | 235 | 2 | 22 | 109 |
| 10 | പോളയത്തോട് | 1049 | 42 | 360 | 310 | 308 | 17 | 54 |
| 11 | മുണ്ടയ്ക്കൽ ഈസ്റ്റ് | 1057 | 27 | 161 | 378 | 213 | 272 | 33 |
| 12 | മുണ്ടയ്ക്കൽ മിഡിൽ | 1029 | 60 | 156 | 626 | 136 | 16 | 95 |
| 13 | മുണ്ടയ്ക്കൽ വെസ്റ്റ് | 1260 | 130 | 378 | 448 | 131 | 87 | 216 |
| 14 | കൻേറാൺമെൻറ് സൗത്ത് | 1108 | 60 | 587 | 269 | 83 | 92 | 77 |
| 15 | കൻേറാൺമെൻറ് നോർത്ത് | 1204 | 120 | 372 | 433 | 191 | 38 | 170 |
| 16 | വടക്കുംഭാഗം | 1374 | 130 | 401 | 390 | 178 | 144 | 261 |
| 17 | ആണ്ടാമുക്കം | 2975 | 150 | 700 | 1750 | 36 | 72 | 417 |
| 18 | താമരക്കുളം | 950 | 79 | 241 | 492 | 158 | 20 | 39 |
| 19 | പള്ളിത്തോട്ടം | 1120 | 34 | 124 | 626 | 130 | 223 | 17 |
| 20 | ബീച്ച് ഈസ്റ്റ് | 849 | 16 | 250 | 342 | 65 | 97 | 95 |
| 21 | ബീച്ച് സൗത്ത് | 642 | 14 | 47 | 341 | 102 | 138 | 45 |
| 22 | ബീച്ച്നോർത്ത് | 827 | 31 | 108 | 495 | 113 | 69 | 42 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 23 | കോട്ടയക്കകം | 837 | 44 | 138 | 555 | 75 | 17 | 52 |
| 24 | പാലസ് | 956 | 199 | 300 | 449 | 83 | 94 | 30 |
| 25 | തേവള്ളി | 1092 | 106 | 560 | 392 | 61 | 46 | 33 |
| 26 | കച്ചേരി | 883 | 62 | 300 | 423 | 113 | 20 | 27 |
| 27 | കൈക്കുളങ്ങര നോർത്ത് | 879 | 91 | 400 | 300 | 110 | 28 | 41 |
| 28 | കൈക്കുളങ്ങര ഈസ്റ്റ് | 789 | 5 | 55 | 320 | 132 | 272 | 10 |
| 29 | കൈക്കുളങ്ങര വെസ്റ്റ് | 758 | 10 | 181 | 248 | 233 | 46 | 50 |
| 30 | തങ്കശ്ശേരി | 743 | 33 | 142 | 271 | 116 | 181 | 33 |
| 31 | പുന്നത്തല സൗത്ത് | 740 | 50 | 400 | 142 | 13 | 27 | 158 |
| 32 | പുന്നത്തല നോർത്ത് | 936 | 12 | 300 | 350 | 116 | 139 | 31 |
| 33 | മുളങ്കാടകം | 978 | 52 | 645 | 190 | 4 | 66 | 70 |
| 34 | കുരീപ്പുഴ ഇസ്റ്റ് | 832 | 10 | 160 | 437 | 112 | 68 | 55 |
| 35 | കുരിപ്പഴ വെസ്റ്റ് | 849 | 26 | 200 | 407 | 162 | 28 | 52 |
| 36 | മനയിൽക്കുളങ്ങര | 988 | 8 | 201 | 483 | 118 | 112 | 74 |
| | ആകെ | 36582 | 2045 | 11021 | 15313 | 4444 | 2455 | 2844 |

വീടുകളിടെ എണ്ണത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകളും നമ്പർ കൊടുത്തിട്ടുള്ള കടമുറികളും ഉൾപ്പെടുന്നു.

വിവിധ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാർപ്പിട പദ്ധതി ഏതെല്ലാമെന്നു പരിശോധിക്കാം.

1 മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് ഡിപ്പാർട്ടുമെൻറ് മത്സ്യഫെഡ് മുതലായവ നടപ്പിലാക്കിവരുന്ന പദ്ധതികൾ.

നാഷണൽ ഫിഷർമെൻസ് വെൽഫെയർ ഫണ്ട് പദ്ധതിപ്രകാരം മുനിസിപ്പൽ പ്രദേശത്ത് താമസക്കാരായ 14 മത്സ്യത്തൊഴിലാളികൾക്ക് 35000 രൂപ വീതം ഭവനനിർമ്മാണത്തിന് 1995-96-ൽ ഗ്രാൻറ് അനുവദിച്ചു. 1996-97-ൽ 25 വീടുകൾക്ക് അനുവാദം കൊടുക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

മത്സ്യഫെഡിൻെറ ഫെയ്സ് ഫോർ പദ്ധതിപ്രകാരം 1995-96-ൽ 10 മത്സ്യത്തൊഴിലാളികൾക്ക് 12500 രൂപ വായ്പയായി 1500രൂപ സബ്സിഡിയായും ഭവന നിർമ്മാണത്തിന് അനുവദിച്ചു. ഈ വർഷം 20 പേർക്ക് സാമ്പത്തിക സഹായം കൊടുക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

2 പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുവേണ്ടി 1995-96-ൽ പ്രത്യേക ഘടകപദ്ധതിപ്രകാരം 3 പേർക്ക് 15000 രൂപവീതം ഭൂമി വാങ്ങുന്നതിനും 15000 രൂപ വീതം വീടുവയ്ക്കുന്നതിനും അനുവദിച്ചു. 1996-97-ൽ മുനിസിപ്പൽ പ്രദേശത്തുള്ള 10 പേർക്ക് സഹായംകൊടുക്കുന്നതിനാണ് ലക്ഷ്യം.

3 മുനിസിപ്പൽ ഷെൽട്ടർ അപ്ഗ്രഡേഷൻ പ്രോഗ്രാം

സ്വന്തമായി ഭൂമി ഉള്ളവർക്ക് 3150 രൂപ വായ്പയായും 1000 രൂപ സബ്സിഡിയായും ഉള്ള ഒരു പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നു. 1994-95-ൽ 282

പേർക്ക് സഹായം കൊടുത്തു. ഇതിൽ 36 പേർ പട്ടികജാതിയിൽപ്പെട്ടവരാണ്. പദ്ധതി ഇപ്പോഴും തുടരുന്നു.

4 കേരള സ്റ്റേറ്റ് ഹൗസിംഗ്ബോർഡ്

കേരള സ്റ്റേറ്റ് ഹൗസിംഗ്ബോർഡ് മുനിസിപ്പൽ പ്രദേശത്ത് 1995-96-ൽ 4 വായ്പാ പദ്ധതി നടപ്പിലാക്കി.

| | സ്കീമിന്റെ പേര് | തുക വീതം | മുനിസിപ്പൽ പ്രദേശത്ത് അനുവദിച്ച എണ്ണം | ജില്ലയിൽ അനുവദിച്ച എണ്ണം |
|---|---|---|---|---|
| 1 | എക്കോണമിക്കലി | | | |
| | വീക്കർസെക്ഷൻ | | | |
| | ഹൗസിംഗ് സ്കീം | 26,400 | 129 | 1418 |
| 2 | ലോ ഇൻകം | | | |
| | ഹൗസിംഗ് സ്കീം | 55,000 | 3 | 86 |
| 3 | മിഡിൽ ഇൻകം | 1,75000 | 4 | 28 |
| 4 | ഹയർ ഇൻകം | 3,00000 | 2 | 13 |

5 കൊല്ലം ഡവലപ്മെൻറ് അതോറിറ്റി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാർപ്പിട പദ്ധതികൾ

| | |
|---|---|
| എ. എക്കണോമിക്കലിവീക്കർ സെക്ഷൻ | 6 |
| ബി. ലോ ഇൻകം ഹൗസിംഗ് സ്കീം | 13 |
| സി. മിഡിൽ ഇൻകം ഹൗസിംഗ് സ്കീം | 12 |
| ഡി. ഹയർ ഇൻകം ഹൗസിംഗ്സ്കീം | 5 |
| | 36 |

6 ഫ്ളഡ റിലീഫ് സ്കീം റവന്യു വകുപ്പ് മുഖാന്തിരം

1992-ലെ വെള്ളപ്പൊക്കത്തിൽവീടു നഷ്ടപ്പെട്ടവർക്ക് 9000 രൂപ സബ്സിഡിയും 6000 രൂപ വായ്പയും ഉള്ള ഒരു പദ്ധതി ഇപ്പോഴും നടപ്പിലാക്കിവരുന്നുണ്ട്. 1995 -96 -ൽ 12 പോർക്ക് ഈ പദ്ധതിയിൽ സഹായം കൊടുത്തിട്ടുണ്ട്.

7 സഹകരണമേഖലയിലെ പാർപ്പിട പദ്ധതി.

കൊല്ലം ജില്ലാ സഹകരണബാങ്കും മറ്റു 6 സഹകരണസംഘങ്ങളും പാർപ്പിടം പണിയുന്നതിനു വേണ്ടി വായ്പകൊടുത്തുവരുന്നു. ഈ സഹകരണസംഘങ്ങൾ ഇനിപ്പറയുന്നവയാണ്.

എ. കൊല്ലം ഹൗസ് ബിൽഡിംഗ് സൊസൈറ്റി ക്യു 157

ബി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ഹൗസിംഗ് സൊസൈറ്റി ക്യു 322

സി. കൊല്ലം താലൂക്ക് എംപ്ലോയിസ് ഹൗസിംഗ് കോർപ്പറേറ്റിവ് സൊസൈറ്റി ക്യു. 815

ഡി. എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് ഹൗസിംഗ് സൊസൈറ്റി ക്യു 1107

ഇ. പാർവ്വതി മിൽ എംപ്ലോയിസ് കോ ഓപ്പറേറ്റീവ്സൊസൈറ്റി ക്യു 1107

എഫ്. കൊല്ലം ജില്ലാ ഗവൺമെൻറ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ക്യു 817

കൊല്ലംജില്ലാ സഹകരണബാങ്ക് നേരിട്ട് 1995-96-ൽ 18 പേർക്ക് 18,84,400 രൂപാ വീട് പണിയുന്നതിനുവേണ്ടി കൊടുത്തിട്ടുണ്ട്. 4000 രൂപാ മുതൽ 2 ലക്ഷം രൂപ വരെയാണ് ഈ ഇനത്തിൽ ലോൺ കൊടുത്തിട്ടുള്ളത്.

മറ്റ് പ്രൈമറി സൊസൈറ്റിസ് എല്ലാംകൂടി 33 പേർക്കായി 25,23,000 രൂപ ലോൺ 1995-96-ൽ കൊടുത്തു. എന്നാൽ ഈ ഇനത്തിലുള്ള വായ്പകളെല്ലാംതന്നെ സ്വന്തമായി ഭൂമിയുള്ളവർക്കും കുറച്ചൊക്കെ സാമ്പത്തികശേഷി ഉള്ളവർക്കുമാണ് കിട്ടിയിട്ടുള്ളത്. ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്, കൊല്ലം മുനിസിപ്പാലിറ്റിയുടെ ഷെൽട്ടർ അപ്ഗ്രഡേഷൻ സ്കീമിലെ 282വീടുകൾ കഴിച്ചാൽ 1995-96-ൽ വിവിധ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും ബോർഡുകളും കോർപ്പറേഷനുകളും എല്ലാംകൂടി സാമ്പത്തിക സഹായം നൽകിയ വീടുകളുടെ എണ്ണം 300 മാത്രമാണ്. ഷെൽട്ടർ അപ്ഗ്രഡേഷൻ സ്കീം കൊണ്ടുദ്ദേശിക്കുന്നത് സ്വന്തമായി സ്ഥലമുള്ളവരുടെ മോശപ്പെട്ട നിലയിലുള്ള വീടുകൾ വാസയോഗ്യമാക്കാൻ പുതുക്കി പണിയുക എന്നുള്ളതാണ്.എന്നാൽ ഈ കാഴ്ചപ്പാടോടെയുള്ള പ്രവർത്തനമല്ല നടന്നുകൊണ്ടിരിക്കുന്നത്. ഇതാണ് നമ്മുടെ അവസ്ഥയെങ്കിൽ ചെറ്റപ്പുരകളിൽ താമസിക്കുന്നവർക്കും വീടില്ലാത്തവർക്കും വീട് കൊടുക്കുവാൻ 2000-മാണ്ടോടെ സാദ്ധ്യമല്ല. ഇപ്പോൾ വീട് ഇല്ലാത്തവർക്കുതന്നെ വീട് പണി

യുവാൻ പിന്നീട് കാത്തിരിക്കേണ്ടിവരും. ഇതിൽനിന്നും ഇപ്പൊഴുള്ള ഓരോ കുടുംബവും രണ്ടും മൂന്നും കുടുംബങ്ങളായി വർദ്ധിക്കുമ്പോൾ കൊല്ലം മുനിസിപ്പൽ പ്രദേശത്തെ പാർപ്പിട പ്രശ്നം എത്രമാത്രം രൂക്ഷമാകുമെന്ന് ഊഹിക്കാമല്ലോ. നേരത്തെ സൂചിപ്പിച്ച കണക്കുകൾ അനുസരിച്ച് ഓരോ വർഷവും മുനിസിപ്പാലിറ്റിയിൽ രജിസ്റ്റർ ചെയ്ത പുതിയ വീടുകളുടെ എണ്ണം ശരാശരി 500 വരും. ഇതിൽ 300 മാത്രമെ വിവിധ ഡിപ്പാർട്ടുമെൻറുകളുടെയും ബോർഡു കളുടെയും മറ്റും സഹായത്തോടുകൂടി പണിയുന്നുള്ളു. ബാക്കി 200 പുതിയ വീടുകളും പഴയവീടുകൾ പുതുക്കിപണിയുന്നതുമെല്ലാം വ്യക്തിപരമായി സ്വന്തംനിലയിൽ ചെയ്യുന്നതാണ്.മുനിസിപ്പാലിറ്റിയിലെ പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിയ്ക്കുന്നതിനു മുമ്പു ഓരോ മുനിസിപ്പൽ വാർഡിൽനിന്നും വന്നിട്ടുള്ളവർ കൂടി ഈ അവസരത്തിൽ പരിശോധിക്കുന്നത് നന്നായിരിക്കും.

1 ഉളയക്കോവിൽ നോർത്ത്

മഹാത്മാഗാന്ധി കോളനിയിലെ നിലവിലുള്ള വീടുകളിൽനിന്നും ചരിപ്പിറക്കി 15 കുടുംബങ്ങൾ താമസിക്കുന്നു. ഇവർക്ക് പുതിയതായി വീടുകൾവേണം.

2 ഉളിയക്കോവിൽ

ഈ വാർഡിൽ ധാരാളം ഓല വീടുകളും കുടിലുകളും ഉണ്ട്. ഇവർക്ക് പുതുയതായി പാർപ്പിടം പണിയണം.

3 ഉളിയക്കോവിൽ സൗത്ത്

3 സെൻറിന് താഴെ സ്ഥലമുള്ള ഓല വീടുകൾക്ക് ഓടിടുന്നതിന് സാമ്പത്തികസഹായം ചെയ്യണം.

4 ആശ്രാമം നോർത്ത്

വാർഡിൽ 3 പട്ടികജാതി കോളനിയുണ്ട് 250 വീട്ടുകാർ കുടിലുകളിൽ താമസിക്കുന്നു. ഇവർക്ക് വീട് കിട്ടണം

5 ആശ്രാമം വെസ്റ്റ്

വീടില്ലാത്തവർക്ക് വീട്കിട്ടുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

6 ആശ്രാമം മിഡിൽ

സ്വന്തമായി ഭൂമിയില്ലാത്തവർക്ക് പാർപ്പിടം ലഭിക്കുവാൻ പദ്ധതിനടപ്പാക്കണം.

7 ആശ്രാമം സൗത്ത്

കുടിലുള്ളവർക്ക് പകരം വീട് നിർമ്മിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കണം.

8 പട്ടത്താനം വെസ്റ്റ്

പാവപെട്ടവരായ നിരവധിപേർക്ക് വീടില്ല. ഇവർക്കു വീട് ലഭിക്കുവാൻ നടപടി സ്വീകരിക്കണം

9 പട്ടത്താനം ഇസ്റ്റ്

പ്ലാമൂട്ടിൽ കിഴക്കതിൽ പ്രദേശങ്ങളിൽ പാവപ്പെട്ട ജനങ്ങൾ തിങ്ങിപാർക്കുന്നതുകൊണ്ട് ഒരു മുനിസിപ്പൽകോളനിയായി പ്രഖ്യാപിച്ചു, വീടു നിർമ്മിച്ചു കൊടുക്കണം.

10 പോളയത്തോട്

വലിയ തോപ്പിൽ താമസിക്കുന്ന കുടുംബങ്ങൾക്കെല്ലാവർക്കും വീടില്ല. ഇവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ നടപടിയുണ്ടാകണം

11 മുണ്ടയ്ക്കൽ ഈസ്റ്റ്

കൊല്ലം തോട്ടിൻെറ കരയിൽ അനധികൃത താമസക്കാരെ കുടി ഒഴിപ്പിക്കേണ്ടി വന്നാൽ കഴിയുന്നതും അടുത്തുള്ള സ്ഥലങ്ങളിൽ പുനരധിവസിപ്പിക്കണം

12 മുണ്ടയ്ക്കൽ മിഡിൽ

നിർദ്ധനരായ ഭവനരഹിതർക്ക് ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കണം.

13 മുണ്ടയ്ക്കൽ വെസ്റ്റ്

സ്വന്തമായി വീടില്ലാത്ത നിരവധി പാവപ്പെട്ടവർ വാർഡിലുണ്ട്. അവർക്കു പാർപ്പിടം നിർമ്മിച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കണം.

14 കൻേറാൺമെൻറ് സൗത്ത്

1 എസ്. എം. പി. കോമ്പൗണ്ടിലെ താമസക്കാർക്ക് സ്ഥിരമായ പാർപ്പിടമില്ല. ഇവർക്കു സ്വന്തമായ പാർപ്പിടം നിർമ്മിച്ചുകൊടുക്കണം.

2 സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ടവർക്ക് വീടുവയ്ക്കാൻ സാമ്പത്തിക സഹായം നൽകാനും വീടു നിർമ്മിക്കുവാനുള്ള മറ്റു സഹായങ്ങളും ചെയ്തുകൊടുക്കണം.

3 കൈവശഭൂമിയുള്ളവർക്ക് പട്ടയം നൽകി സ്വന്തമായി വീടുവയ്ക്കുവാൻ മുനിസിപ്പാലിറ്റിയിൽ

നിന്നും അനുവാദം നൽകുക.

15 കൻേറാൺമെൻറ് നോർത്ത്

1 ഭൂരഹിതരായിട്ടുള്ളവർക്ക് ഭൂമിയും വീടും നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം.

2 റോഡ് പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ മുനിസിപ്പാലിറ്റി നടപടി സ്വീകരിക്കണം.

16 വടക്കുംഭാഗം

1 ചേരി പ്രദേശത്തു താമസിക്കുന്നവർക്ക് തിരുവനന്തപുരം ചെങ്കൽച്ചൂള മാതൃകയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അവരെ പുനരധിവസിപ്പിക്കണം

2 ദേശീയ ജലപാതയുടെ പണിസുഗമമാക്കാൻ കൊല്ലം തോട്ടിൻെറ ഇരുകരകളിലും ഉള്ള ഭൂമികയ്യേറ്റക്കാരെ അവിടെനിന്നും ഒഴിപ്പിച്ച് സമീപത്തുതന്നെ മറ്റെവിടെയങ്കിലും പുനരധിവസിപ്പിക്കാൻ നടപടിയെടുക്കണം.

17 ആണ്ടാമുക്കം

വീടില്ലാത്തവർ നിരവധിയുണ്ട്. അവർക്ക് വീടു നിർമ്മിച്ചുകൊടുക്കാൻ നടപടിയുണ്ടാവണം. ചോർന്നൊലിക്കുന്ന വീടുകൾ നന്നാക്കുവാനും സാമ്പത്തിക സഹായം ചെയ്യണം.

18 താമരക്കുളം

1 ഈ വാർഡിലെ പല വീടുകൾക്കും എം. സി. നമ്പർ ലഭിച്ചിട്ടില്ല. അവർക്കു റേഷൻകാർഡിന് അപേക്ഷിക്കുവാനോ ലോണെടുക്കുവാനോ കഴിയുന്നില്ല. മുനിസിപ്പാലിറ്റി ഈ വീടുകൾക്ക് എം. സി. നമ്പർ നൽകണം

2 സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കണം.

19 പള്ളിത്തോട്ടം

കടപ്പുറത്തു കുടിലുകളിൽ താമസിക്കുന്നവർക്ക് വീടുകൾ നിർമ്മിച്ച് വൈദ്യുതീകരിച്ച്കൊടുക്കുവാൻ നടപടി സ്വീകരിക്കണം.

20 ബീച്ച് ഈസ്റ്റ്

മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പുതിയ വീടുകൾ പണിയണം. വൈദ്യുതീകരിക്കുന്നതിനുള്ള സഹായങ്ങൾ ചെയ്തുകൊടുക്കണം.

21 ബീച്ച് സൗത്ത്

1 തീരദേശ സംരക്ഷണനിയമം [csr] ജനങ്ങളുടെ ജീവിത സാഹചര്യം തകർക്കുന്ന നിയമമായതുകൊണ്ട് ഇത് പിൻവലിക്കണം.

2 ബ്രേക്ക്വാട്ടർ പദ്ധതിമൂലം ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് വീടുവച്ചുകൊടുക്കണം.

3 27 സ്ത്രീകളുടെ വീട് നഷ്ടപ്പെട്ടിട്ടുണ്ട്. സ്വന്തമായി സ്ഥലമുള്ളവർക്ക് വീടുവച്ചു കൊടുക്കണം.

22 ബീച്ച് നോർത്ത്

ഈ വാർഡിൽ പാർപ്പിടം ഇല്ലാത്തവർക്ക് പാർപ്പിടം ഉണ്ടാക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായം ചെയ്യണം.

23 കോട്ടയ്ക്കകം

പാർപ്പിട നിർമ്മാണത്തിനായി സ്ഥലം കണ്ടെത്തുകയും സർക്കാർ ഏറ്റെടുത്ത് ജനങ്ങൾക്കു വിതരണംനടത്തി വീടു നിർമ്മിച്ചുകൊടുക്കണം.

24 പാലസ്വാർഡ്

1 ഭവനനിർമ്മാണ പദ്ധതികൾക്കു സ്ഥലംകണ്ടെത്തി ഫ്ലാറ്റുകൾ നിർമ്മിക്കണം. ഭവനനിർമ്മാണ പദ്ധതികൾ പാലസ് - തേവള്ളി വാർഡുകളിൽ ഇന്നില്ല.

2 ഗവൺമെൻറ് ഡിപ്പോ പുറംമ്പോക്കിൽ അനധികൃതമായി താമസിക്കുന്നവരെ മാറ്റി അവിടെ പരമ്പരാഗതമായി താമസിക്കുന്ന വീട്ടുകാർക്കു പാർപ്പിടം നൽകണം.

25 തേവള്ളി

കച്ചേരിക്കുളത്തിനടുത്തും കായൽവാരത്തും താമസിക്കുന്നവർക്ക് സ്വന്തമായി വീടു ലഭിക്കുവാൻ നടപടി എടുക്കണം.

26 കച്ചേരി വീടില്ലാത്ത പാവപ്പെട്ടവർക്കു വീടു കൊടുക്കണം.

27 കൈകുളങ്ങര നോർത്ത്

1 അമരത്തോട് കോളനിയിൽ കിഴക്കേയറ്റം താമസിക്കുന്ന 9 വീടുകൾക്ക് സ്ഥലംകൊടുക്കണം.

സ്വന്തമായി സ്ഥലവും വീടും ഇല്ലാത്തവർക്ക് പാർപ്പിടസൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

28 കൈക്കുളങ്ങര ഈസ്റ്റ്

1 കടലാക്രമണംമൂലം വീടു നഷ്ടപ്പെട്ടവർക്ക്

സമീപ പ്രദേശങ്ങളിൽ വീടുവച്ചു നൽകുക.

2 തീരപ്രദേശത്തെ തീരദേശപരിപാലനനിയമം മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും.

3 വാർഡിലെ മത്സ്യത്തൊഴിലാളികളുടെ ഓല മേഞ്ഞ വീടിനുപകരം കോളനിയടിസ്ഥാനത്തിൽ വീടു വച്ചുകൊടുക്കുക.

29 കൈക്കുളങ്ങര വെസ്റ്റ്

കൈക്കുളത്ത് 32 വീടുകൾ ഉണ്ട്. ഈ സ്ഥലത്ത് ഒരു ഹൗസിംഗ് സ്കീം നടപ്പിലാക്കണം. കൂടാതെ വീടില്ലാത്തവർക്ക് വീട്വച്ചുകൊടുക്കണം.

30 തങ്കശ്ശേരി

ഈ പ്രദേശം തീരദേശമായതിനാൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്നു അതുകൊണ്ട് തീരദേശ പരിപാലനനിയമം പ്രതികൂലമായി ബാധിക്കും അതിനാൽ അത് നടപ്പാക്കരുത്.

2 മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുള്ള വളരെയധികംപേർ നിത്യ ദാരിദ്ര്യത്തിലാണ്. അതിനാൽ ഗവൺമെൻറിൽനിന്നും ഇവർക്ക് സാമ്പത്തികസഹായംചെയ്തു വീടു നിർമ്മിച്ചുകൊടുക്കണം.

31 പുന്നത്തല സൗത്ത്

മൂന്നുസെൻറിൽത്താഴെ ഭൂമിയുള്ളവർക്ക് ഭൂമിയിൽ വീടുവയ്ക്കാൻ സഹായം അനുവദിക്കണം. ഓലമേഞ്ഞവീടുകൾക്ക് ഓലമേയുവാൻ സാമ്പത്തിക സഹായം ചെയ്യണം.

32 പുന്നത്തല നോർത്ത്

വീടില്ലാത്ത 15 കുടുംബങ്ങളിൽ 4 പട്ടികജാതിക്കാരും ഉൾപ്പെടുന്നു ഇവർക്കെല്ലാം വീടുനിർമ്മിച്ചുകൊടുക്കണം. പുന്നത്തല വടക്കേവാർഡിൽ ചതുപ്പു സ്ഥലങ്ങൾ നികത്തി വീടുവച്ചു താമസിക്കുന്ന ഇരുപതോളം കുടുംബങ്ങൾക്ക് പട്ടയം കിട്ടിയിട്ടില്ല. ഇവർക്ക് പട്ടയം നൽകണം.

33 മുളങ്കാടകം

ഈ വാർഡിൽ പലഭാഗങ്ങളിലായി കുറെ കുടിലുകളുണ്ട്. മുളങ്കാടകം ക്ഷേത്രത്തിനു പടിഞ്ഞാറുവശം ഏകദേശം ഒരേക്കർവരുന്ന നിലം നികത്തിയിട്ടിരിക്കുന്നു. ഈ സ്ഥലം പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കണം. സ്വന്തമായി വീടില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. 3 സെൻറിനുതാഴെ ഭൂമിയുള്ളവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവുവരുത്തി വീടുവയ്ക്കാൻ അനുവദിക്കണം. ഇതിനുള്ള സാമ്പത്തിക സഹായവും അനുവദിക്കണം.

34 കുരീപ്പുഴ ഈസ്റ്റ്

1 ഈ വാർഡിൽ വീടില്ലാത്തവർക്ക് സർക്കാർ പാർപ്പിട പദ്ധതിയിൽ ഉൾപ്പെടുത്തി വസ്തുവും വീടും നൽകണം.

2 ചെഞ്ചരി വയൽകോളനി ചേരി പ്രദേശമായി പ്രഖ്യാപിച്ച് ചേരിനിർമ്മാർജ്ജന പദ്ധതി നടപ്പാക്കണം

35 കുരീപ്പുഴ വെസ്റ്റ്

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത 5 കുടുംബം ഉണ്ട്. ഇവർക്ക് വീട്കൊടുക്കണം. നിർമ്മിതി കേന്ദ്രം ഉണ്ടാക്കിയ വീടുകളിൽ അനവധി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അതുകൊണ്ട് സർക്കാർ പുറംമ്പോക്കുകൾ പതിച്ചുകൊടുക്കുകയും വീടുവയ്ക്കാൻ സാമ്പത്തികസഹായം ചെയ്യുകയുംവേണം.

36 മനയിൽക്കുളങ്ങര

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് വാർഡിലെ ദുർബലവിഭാഗങ്ങൾക്ക് 25000 രൂപാവീതം ധനസഹായം ചെയ്യണം.

## പ്രശ്നങ്ങൾ

മുനിസിപ്പൽ പ്രദേശത്ത് 3000 അംഗീകൃത കുടിലും 2000 അനധികൃതകുടിലും ഉണ്ട്. എന്നാൽ പ്രതിവർഷം വിവിധ ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും കോർപ്പറേഷനുകളും സഹകരണസ്ഥാപനങ്ങളുംകൂടി 300 വീടുകൾക്കുമാത്രമെ സാമ്പത്തിക സഹായം ചെയ്തുവരുന്നുള്ളു. 5 വർഷംകൊണ്ട് 3000 അംഗീകൃത കുടിലുകൾക്കും പാർപ്പിടം നൽകണമെങ്കിൽ ഓരോവർഷവും ഈ പദ്ധതികളിലൊന്നുംപെടാത്ത ഏതെങ്കിലും സംവിധാനത്തിലൂടെ ഏറ്റവും കുറഞ്ഞത് 300 വീടുകൾ കൂടുതലായി പണിയണം. ഇതിനുള്ള പോംവഴി കണ്ടെത്തണം. സ്വന്തനിലയിൽ വീടു പണിയുന്നവരും പഴയവീടുകൾ പുതുക്കിപണിയുന്നവരും പുതിയ കുടുംബങ്ങൾക്കുവേണ്ടി പുതിയവീട് പണിയുന്നവരും ഇതിൽ ഉൾപ്പെടുന്നില്ല.

കടലോരപ്രദേശത്തും കോളനികളിലും ചേരിപ്രദേശത്ത് താമസിക്കുന്നവരും സ്വന്തംനിലയിൽ വീടുപണിയാൻ കഴിവില്ലാത്തവരാണ്. ഗവൺമെൻറിൻെറ യൊ മറ്റു ഏജൻസികളുടെയൊ സഹായമില്ലാതെ ഇവർക്ക്

വീടു പണിയുക സാധ്യമല്ല. പാർപ്പിട നിർമ്മാണരംഗത്ത് വാസ്തു ശില്പത്തിലെ പുതിയ പ്രവർത്തനങ്ങൾ കണക്കിലെടുക്കേണ്ടതുണ്ട്. കേരളത്തിൻെറ തനിമയുള്ള നാലുകെട്ടും എട്ടുകെട്ടും കോടികളുള്ള വീടുകളും പുതിയരൂപത്തിൽ വരുന്നു. പഴയ തടികൊണ്ടുള്ള കോടികളുടെ സ്ഥാനത്ത് കോൺക്രീറ്റ് ചെയ്ത കോടികൾ രൂപാന്തരപ്പെടുത്തിയിട്ട് അതിൽ മേച്ചിൽ ഓടുകൾ നിരത്തി പുതിയ വീടുകൾ നിർമ്മിച്ചുവരുന്നു. അതുപോലെ പഴയ നാലുകെട്ടിൻെറ സ്ഥാനത്ത് അകത്തളങ്ങളോടുകൂടിയ നാലുകെട്ടുകളും ധാരാളമായി പണിഞ്ഞുവരുന്നു.

ധൂർത്തിൻെറ അംശം ഇതിൽ ഉണ്ടെങ്കിലും കേരളത്തിൻെറ തനിമ പുതിയരൂപത്തിൽ പ്രത്യക്ഷപ്പെടുന്നതുകൊണ്ട് പഴയനാലുകെട്ടും കോടികളുള്ള വീടും പഴക്കംകൊണ്ട് അപ്രത്യക്ഷമാകുന്ന ഇന്നത്തെ സാഹചര്യത്തിൽ സാമ്പത്തികശേഷിയുള്ളവർ അത്തരത്തിൽ വീടുകൾ പണിയുന്നത് പ്രോത്സാഹജനകംതന്നെയാണ്. പഴയനിരപ്പുരയുടെ ഭാഗത്ത് ഇന്നുപണിയുന്ന തടികൊണ്ടുള്ള പാനലിംഗ് സ്ഥാനംപിടിക്കുന്നുണ്ട്. രാജസ്ഥാൻെറ തലസ്ഥാനമായ ജയ്പൂരിൽ പഴയ രജപുത്രസംസ്ക്കാരത്തിൻെറ പ്രതീകമായ മോഡൽവീടുകൾക്കാണ് ഇപ്പോഴും അവിടെ അംഗീകാരം കൊടുക്കുന്നത്. പുതുതായി പണിയുന്നതും അത് ജയ്പൂരിൻെറ തനിമ നിലനിർത്താനാണ്. കേരളത്തിലും പഴയ വാസ്തുശില്പകല ആധുനിക സാഹചര്യങ്ങളുമായി കൂട്ടിയിണക്കി വീടുകൾനിർമ്മിക്കുന്നത് കേരളത്തനിമ നിലനിർത്താൻ സഹായകരമാണ്.

സാമ്പത്തികശേഷിക്കുറവുള്ളവർ ചെറിയ ഒരു വീടു പണിയാൻ തുടങ്ങുമ്പോഴുള്ള പ്രശ്നങ്ങൾ ഏറെയാണ്. അവരുടെ ശേഷിക്കനുസരിച്ച് വീടുകൾ നിർമ്മിക്കുമ്പോൾ ഉയർന്നുവരുന്ന പ്രശ്നങ്ങൾ സാമാന്യമായി പരിശോധിച്ചാൽ താഴെപ്പറയുന്നവയാണ്.

1 ഗൾഫ് മണിയുടെ കേരളത്തിലേയ്ക്കുള്ള ഒഴുക്ക് വലിയ വീടുകൾ പണിയുന്നതിന് കാരണമാകുന്നു.

2 ചെറുതാണെങ്കിലും ഏതു മാതൃകയിലാണെങ്കിലും കോൺക്രീറ്റം വീടുകളോടുള്ള താല്പര്യം.

3 കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലയും ദൗർലഭ്യവും.

4 വിദഗ്ദ്ധരായ [സ്കിൽഡ് വർക്കേഴ്സ്] തെഴിലാളികളുടെ കുറവ്

5 ഭംഗിക്കുവേണ്ടി ആവശ്യത്തിൽകൂടുതൽ വലിപ്പമുള്ള ജന്നലുകളും വാതിലുകളും സ്ഥാപിക്കാനുള്ള താല്പര്യം.

6 വീടിൻെറ സൗകര്യത്തേക്കാൾ ആഡംബരങ്ങൾക്കുകൊടുക്കുന്ന അമിത പ്രാധാന്യം.

ഈ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്ന് പരിശോധിക്കാം.

1 പാർപ്പിട നിർമ്മാണരംഗത്ത് കേരളത്തിലും കൊല്ലം മുനിസിപ്പൽ പ്രദേശത്തും ധാരാളം തൊഴിൽ സാധ്യതയുണ്ട്. എന്നാൽ പരിശീലനം കിട്ടിയ തൊഴിലാളികളുടെ കുറവുകൊണ്ട് കേരളാ അതിർത്തിയിലുള്ള പാറശ്ശാലയിലും മറ്റുമുള്ള ധാരാളം തൊഴിലാളികൾ മുനിസിപ്പൽ പ്രദേശത്ത് താമസിച്ചുകൊണ്ട് ഇവിടെ പണിയെടുക്കുന്നു. ഇവിടുത്തെ തൊഴിലില്ലായ്മയ്ക്ക് പരിഹാരമെന്നനിലയിൽ തൊഴിൽ രഹിതർക്ക് ആവശ്യമായ പരിശീലനം കെട്ടിടനിർമ്മാണത്തിൽ കൊടുത്തുകൊണ്ട് ആഭിമുഖ്യം വളർത്തുകയും അതിലൂടെ കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.

2 കെട്ടിടംപണിക്ക് ആവശ്യമായ തടിക്ക് അമിതമായവില നിലനിൽക്കുന്നതുകൊണ്ട് അത്യാവശ്യത്തിനുമാത്രം തടിഉപയോഗിക്കാൻ ശ്രദ്ധിക്കണം.

3 അകത്തുമുറികൾക്ക് ഡോർഫ്രെയിം ഒഴിവാ ക്കുക.

4 കട്ടളയ്ക്ക്, അടിപ്പടി ഒഴിവാക്കുക.

5 കെട്ടിടനിർമ്മാണരംഗത്തെ ആധുനിക പ്രവണതകളും സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാധനങ്ങൾ ഉപയോഗിക്കുക. കെട്ടിട നിർമ്മാണ രംഗത്ത് നൂതന പ്രവണതകളും സാങ്കേതിക വിദ്യകളും കണ്ടുപിടിത്തങ്ങളും നിർമ്മിതികേന്ദ്രം, ഹഡ്കോ മുതലായ സ്ഥാപനങ്ങളുടെ സംഭാവനകളും കണക്കിലെടുക്കുന്നത് നന്നായിരുക്കും.

ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള സാധനങ്ങൾ ഉപയോഗിക്കുന്നതുകൊണ്ടുള്ള ലാഭവും തടിക്ക് അമിതമായ വിലവർദ്ധനവ് വന്നതുകൊണ്ട് തടിക്കുപകരം കോൺക്രീറ്റ് വാതിൽ, കട്ടള, ജന്നലുകൾഎന്നിവ ഉപയോഗിക്കുന്നതുകൊണ്ടുള്ള ലാഭവുംമറ്റും ഒരു താരതമ്യപഠനത്തിലൂടെ പരിശോധിക്കാം.

| പേര് | അളവ് | തടി ഉരുപ്പടിയുടെ വില | കോൺക്രീറ്റ്‌വില ഉരുപ്പടിയുടെ |
|---|---|---|---|
| 1 രണ്ടുപാളി ജന്നൽ | 1 മീ.X1.2 മീ. | 1250രൂ. | 410രൂ. |
| 2 മൂന്നുപാളിജന്നൽ | 1.50 മീ.X1.2 മീ | 1900രൂ | 700രൂ |
| 3 വാതിൽ കട്ടള | 1.0X2.10" | 950രൂ. | 250 രൂ. |
| 4 ഹോളോ ബ്ലോക്ക് ഉപയോഗിച്ച കെട്ടിടത്തിന് ഒരു ചതുരശ്ര മീറ്റർ | | 220 രൂപ | |
| കമ്പിക്കട്ട ഉപയോഗിച്ച കെട്ടിടത്തിന് ഒരു ചതുരശ്രമീറ്റർ | | 300 രൂപ | |
| 5 500 സ്ക്വയർ മീറ്റർ കെട്ടിട സാങ്കേതിക വിദ്യ ഉപയോഗിച്ച് | | 1,50,000 | |
| സാധാരണ പണിസാധനങ്ങൾ ഉപയോഗിച്ച് | | 200,000 | |
| 6 വാട്ടർ ടാങ്ക് നിർമ്മിതി ഒരു ലിറ്ററിന് | | 2.50 രൂപ | |
| വാട്ടർടാങ്ക് സിൻടെക്സ് ഒരു ലിറ്ററിന് | | 4.50രൂപ | |

ഇതിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാണ്. നൂതന സാങ്കേതിക വിദ്യകൾ ഉപോഗിച്ചാൽ കെട്ടിട നിർമ്മാണത്തിൻെറ ചെലവ് 20-25 ശതമാനം കുറയ്ക്കാൻ കഴിയും. കൊല്ലം മുനിസൂപ്പൽ പ്രദേശത്ത് ചെറിയവീടുകളും രണ്ടുനില കെട്ടിടങ്ങളും ഓഡിറ്റോറിയങ്ങളും ഒക്കെ ഈ തരത്തിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉപോയോഗിച്ച് പണിഞ്ഞുകൊണ്ടിരിക്കുന്നത് ജനങ്ങൾക്ക് ഇതഅനോട് താൽപര്യം വർദ്ധിക്കുവാൻ സഹായകരമാകേണ്ടതാണ്.

സാദ്ധ്യതകൾ ചുവടെചേർക്കുന്നു.

1 ഇന്ന് ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും, കോർപ്പറേഷനുകളും, ബോർഡുകളും പാർപ്പിട രംഗത്തുള്ള സഹകരണസ്ഥാപനങ്ങളുമെല്ലാം അവയുടെ ഓരോ കൊല്ലത്തേയും ഭൗതിക ലക്ഷ്യങ്ങൾ [ഫിസിക്കൽ ടാർജറ്റ്] ഇന്നുള്ളതിൻെറ ഇരട്ടിയായെങ്കിലും ആയി വർദ്ധിപ്പിക്കണം.

2 സാമൂഹ്യ സംഘടനകളെയും സന്നദ്ധ സംഘടനകളേയും കൂടുതലായി ഈ രംഗത്തു കൊണ്ടുവന്നു പാർപ്പിട പ്രശ്നം ഒരു മാനുഷിക പ്രശ്നമായി കാണക്കാക്കി അവരുടെ സാമ്പത്തികമായും സംഘടനാപരമായും ഉള്ള പങ്ക് നിർവ്വഹിക്കുവാൻ പ്രേരിപ്പക്കണം.

3 സി.എ.പി.എ.ആർ.റ്റി. [കൗൺസിൽഫോർ അഡ്വാൻസ്മെൻറ് ഓഫ് പീപ്പിൾസ് ആക്ഷൻ ആൻറ് റൈസൽ ടെക്നോളജി] ഹഡ്കോ[ഹൗസിംഗ് ആൻറ് അർബൻ ഡവലപ്മെൻറ് കോർപ്പറേഷൻ] കേരളാ സ്റ്റേറ്റ് ഹൗസിംഗ് ഫെഡറേഷൻ മുതലായ ഏജൻസികളുടെ പദ്ധതികൾക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി സമർപ്പിക്കാനും അംഗീകാരംവാങ്ങി നടപ്പാക്കാനും ശ്രമിക്കണം.

4 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ പ്രത്യേകിച്ച് സിമൻറ്, കമ്പി, ഇഷ്ടിക മുതലായവയുടെ കാര്യത്തിൽ വില നിയന്ത്രിച്ചുനിർത്തുവാൻ സിവിൽ സപ്ലൈസ് പോലുള്ള ഡിപ്പാർട്ടുമെൻറുകൾ ഇടപെടണം.

5 കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവുകൊണ്ട് വ്യക്തികൾക്കുള്ള വീടിൻെറ നിർമ്മാണച്ചെലവിന് പരിധി ഏർപ്പെടുത്തണം.

6 ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളിൽനിന്നും കോർപ്പറേഷനിൽനിന്നുമെല്ലാം ഇന്ന് വീടുവയ്ക്കാൻ കിട്ടുന്ന വായ്പകളുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും വ്യവസായ ഡിപ്പാർട്ടുമെൻറിലെ ഗ്രിൻ ചാനൽ സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക.

7 മുനിസിപ്പൽ പ്രദേശത്തു പണിയുന്ന വീടുകൾക്ക് സ്റ്റേജ് സർട്ടിഫിക്കറ്റ് കൊടുക്കുന്നതിനുള്ള അധികാരം മുനിസിപ്പാലിറ്റിക്കു കൊടുക്കുക.

8 ഇന്നുള്ള പാർപ്പിട പദ്ധതികളുടെയെല്ലാം അടങ്കൽതുക വർദ്ധിപ്പിക്കുക.

9 ഹൗസിംഗ് സൊസൈറ്റികൾക്ക് വീടില്ലാത്ത വർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വിലയ്ക്കുവാങ്ങാൻ അധികാരം കൊടുക്കുകയും ഭൂമിയുടെ വില ഗവൺ മെൻറ് ആവശ്യങ്ങൾക്ക് പൊന്നുംവില കൊടുക്കുന്ന തുപോലെ ഹൗസിംഗ് സൊസൈറ്റികൾക്ക് പൊന്നും വില കൊടുത്തു വാങ്ങാനുള്ള അധികാരം നൽകണം.

10 ഹൗസിംഗ്സൊസൈറ്റികൾ വിലയ്ക്കുവാ ങ്ങുന്ന ഭൂമിയിൽ സൊസൈറ്റികൾ അവരുടെ സ്വന്തം ഫണ്ടുകൊണ്ടു വീടു പണിയുന്നതിന് അനുവദിക്കു കയും അങ്ങനെയുള്ള വീടുകൾ ലഘു തവണ വ്യവ സ്ഥകളിൽ വീടില്ലാത്തവർക്ക്, പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കൊടു ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയുംവേണം.

11 പാർപ്പിട പ്രശ്നത്തിന് മുനിസിപ്പാലിറ്റി സ്വന്തം ഫണ്ടിൽനിന്നും അൺറ്റൈഡ് ഫണ്ടിൻെറ ഒരു വിഹിതവും അധികാര വികേന്ദ്രീകരണത്തിൻെറ ഫലമായി കിട്ടുന്ന അധിക ഫണ്ടിൻെറ ഒരു ഭാഗവും സാമ്പത്തികസ്ഥാപനങ്ങളുടെ സഹായവുംകൂടി ഉപയോഗപ്പെടുത്തി കൂടുതൽ ചെറിയ വീടുകളും ഫ്ലാറ്റു കളും നിർമ്മിച്ച് വീടില്ലാത്തവർക്ക് വിതരണംചെയ്യണം.

12 പഞ്ചായത്തു പ്രദേശങ്ങളിൽ വീടുവയ്ക്കുവാൻ സ്ഥലമില്ലാത്തവർക്ക് ഗവൺമെൻറ് സഹായത്തോടെ ഭൂമി വിലയ്ക്കുവാങ്ങി 5 സെൻറുവീതം വീടുവയ്ക്കാൻ വിതരണംചെയ്യുന്നുണ്ട്. ഇതുപോലെ കൊല്ലം മുനി സിപ്പൽ പ്രദേശത്തും ഭൂരഹിതർക്കുവേണ്ടി ഗവൺമെൻറ് സഹായത്തോടേയും മറ്റുവിധത്തിലും ഭൂമി വിലയ്ക്കു വാങ്ങി 5 സെൻറുവീതം വിതരണം നയത്തിയും കൊല്ലം ഡവലപ്മെൻറ് അതോറിറ്റി ചെയ്യുന്നതുപോലെ വീടില്ലാത്തവർക്ക് വായ്പകൊടുത്തും വീടില്ലാത്ത ഭൂര ഹിതകുടുംബങ്ങളെ മുനിസിപ്പാലിറ്റി സഹായിക്കണം.

13 കൊല്ലം ബ്രേക്ക്വാട്ടർ പദ്ധതി നടപ്പാക്കുന്ന തുമൂലം വീടുനഷ്ടപ്പെടുന്നവർക്ക് പദ്ധതിപ്രദേശത്ത് ഡ്രഡ്ജിംഗ് നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ് ഉപയോ ഗിച്ച് സ്ഥലം നികത്തി വീട് നിർമ്മിക്കുവാൻ ഹാർ ബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തണം.

14 വായ്പയ്ക്കുള്ള വരുമാന പരിധി കാലോചിതമായി ഉയർത്തണം. ഇത്തരത്തിൽ നാനാ രൂപത്തിലുള്ള ശ്രമംകൊണ്ടുമാത്രമെ കൊല്ലം മുനി സിപ്പൽ പ്രദേശത്തുള്ള പാർപ്പിട പ്രശ്നം ഒരു പരിധി വരെയെങ്കിലും പരിഹരിക്കുവാൻ കഴിയുകയുള്ളു.

അധികാരം ജനങ്ങളിലേക്ക്

## 6.7

# സാമൂഹ്യ ക്ഷേമം

കൊളോണിയൽ ആധിപത്യത്തിൽനിന്നും ഇന്ത്യ മോചിതമായപ്പോൾ നമ്മുടെ മുഖ്യലക്ഷ്യങ്ങൾ ജനാധിപത്യവും ക്ഷേമരാഷ്ട്രവും ആയിരുന്നു. ഈ കാഴ്ചപ്പാടോടെയാണ് നമ്മുടെ ഭരണഘടനയും രൂപപ്പെട്ടിട്ടുള്ളത് സർവ്വതോന്മുഖമായ അഭിവൃദ്ധി മുൻനിർത്തി രൂപംനൽകിയ 8 പഞ്ചവൽസര പദ്ധതികൾ കഴിഞ്ഞിട്ടും നമ്മുടെ ക്ഷേമരാഷ്ട്രം എന്നത് ഇപ്പോഴും ഒരു സ്വപ്നം മാത്രമായി അവശേഷിക്കുകയാണ്. അതിൻെറ എല്ലാ അർത്ഥത്തിലും ലക്ഷ്യത്തിലെത്തിച്ചേരുവാൻ ഇനിയും നാം ബഹുദൂരം പോകേണ്ടതുണ്ട്. തൊഴിലും തൊഴിലിലൂടെ മെച്ചപ്പെട്ട വരുമാനവും ഉറപ്പായെങ്കിൽമാത്രമെ വെൽഫെയർസ്റ്റേജ് എന്ന നിർവ്വചനത്തിൽ നാം എത്തിച്ചേരുകയുള്ളു. എന്നാൽ വികസിത രാഷ്ട്രങ്ങളിൽപ്പോലും എല്ലാവർക്കുംതൊഴിലുകൊടുക്കുവാൻ കഴിയുന്നില്ല എന്നതൊരു സത്യമാണ്.അതുകൊണ്ടുതന്നെ തൊഴിൽരഹിതർക്കുവേണ്ടി നിരവധി ക്ഷേമ പ്രവർത്തനങ്ങൾ അവിടെ എല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. തൊഴിൽ രഹിതർക്കും ജീവിക്കാൻ നിവർത്തിയില്ലാത്ത മറ്റ് ജനവിഭാഗങ്ങൾക്കും കേരളം പോലുള്ള ഒരു സംസ്ഥാനം നടപ്പാക്കികൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തവനങ്ങൾക്കും ഏറെ പ്രസക്തിയുണ്ട്. ഈ പശ്ചാതലത്തിൽ വേണം നമുക്ക് ക്ഷേമ പെൻഷൻ പദ്ധതികളെ വിലയിരുത്താൻ.

ഗ്രാമപ്രദേശത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ കണ്ട് പിടിക്കുന്നതിന് ഐ. ആർ. ഡി. പി. മാതൃകയിൽ കൊല്ലം മുനിസിപ്പിൽ പ്രദേശത്ത് ഇതുവരെ ഒരു സർവ്വേ നടന്നിട്ടില്ല. അർബൻ ബേസിക് സർവ്വീസ് ഫോർ ദി പൂവർ (UBSP) പ്രോഗ്രാം നടപ്പിലാക്കുന്നതിന് വേണ്ടി1993 മേയ്, ഒക്ടോബർ മാസങ്ങളിൽ തിരുവനന്തപുരം ലയോള കോളേജ് എക്സ്റ്റൻഷൻ സർവ്വീസ്, ചേരിനിവാസികൾക്കുവേണ്ടി നടത്തിയ ഒരു സർവ്വേമാത്രമേ മുനിസിപ്പാലിറ്റിയിൽ ഇന്നുള്ളു. അതുതന്നെ റാൻഡംസാംപ്ലിംഗ് മെത്തേഡിൽ നടത്താത്തതുകൊണ്ട് ശാസ്ത്രീയമായിട്ടുള്ള തല്ലതാനും.

ഗ്രാമപ്രദേശങ്ങളിൽ നടപ്പിലായിക്കൊണ്ടിരിക്കുന്ന ദേശീയ പദ്ധതികളായ I R D P ,D W D R A[ഗ്രാമീണ സ്ത്രീകളുടേയും കുട്ടികളുടേയും വികസനത്തിനുള്ള പദ്ധതി ] റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം മുതലായവ പട്ടണനിവാസികളായ കൊല്ലം മുനിസിപ്പാലിറ്റിയിലെ ജനങ്ങൾക്ക് പ്രാപ്യമല്ല. ഈ പദ്ധതിയുടെ എല്ലാഗുണങ്ങളും ഉളിയക്കോവിൽ നോർത്ത് വാർഡിലെ പാവപ്പെട്ടവർക്കു നിഷേധിക്കുമ്പോൾ അപ്പുറത്തുള്ള കിളികൊല്ലൂർ പഞ്ചായത്തിലെ പാവപ്പെട്ടവർക്കു ലഭിക്കുകയും ചെയ്യുന്നു. അതുപോലെതന്നെ ചെമ്മാംമുക്കിലെ പാവപ്പെട്ട ആൾക്ക് കിട്ടാത്തത് വടക്കേവിള

പഞ്ചായത്തിലെ അമ്മൻ നടയിലുള്ളവർക്ക് ലഭ്യമാണ്. ഇങ്ങനെ എത്രയോ ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കുവാൻ കഴിയും. ഇതു സംഭവിച്ചിരിക്കുന്നത് കേരളത്തിൻേറ പ്രത്യേകതകൾ മനസ്സിലാക്കാതെ ദേശീയ പദ്ധതികൾ അതേരൂപത്തിൽ കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളുടെ ഫലമായിട്ടാണ്. ഈ സ്ഥിതിക്ക് മാറ്റം വന്നില്ലെങ്കിൽ മുനിസിപ്പൽ പ്രദേശത്തുള്ള തൊഴിൽ രഹിതർക്ക് തൊഴിൽരംഗത്തും സേവനരംഗത്തും സാമൂഹ്യ രംഗത്തും കാര്യമായ ഗുണമൊന്നും കിട്ടാൻ പോകുന്നില്ല. ഈ പശ്ചാത്തലത്തിൽവേണം മുനിസിപ്പൽ പ്രദേശത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്തേണ്ടത്. ഇനി കൊല്ലം മുനിസിപ്പൽ പ്രദേശത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളേയും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളേപ്പറ്റിയും അവലോകനം ചെയ്യുന്നതു നന്നായിരിക്കും.

1 പ്രത്യേക പോഷകാഹാര പരിപാടി [U S N P]

സാമൂഹ്യക്ഷേമവകുപ്പിൻേറ കൊല്ലം മുനിസിപ്പൽ പ്രദേശത്ത് 49 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽകൂടി 3-6 വയസ്സുള്ള കുട്ടികൾക്കു അനൗപചാരിക പ്രീ സ്ക്കൂൾ വിദ്യാഭ്യാസം, പോഷകാഹാരം, പ്രതിരോധകുത്തിവയ്പ് എന്നിവ നടത്തുന്നതിനോടൊപ്പം ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് ആരോഗ്യ പോഷക വിദ്യാഭ്യാസവും പോഷകാഹാര വിതരണവും നടത്തുന്നു.നിലവിൽ റേഷൻ കടകളിൽനിന്നും വാങ്ങുന്ന അരിയും വികലാംഗ കോർപ്പറേഷനിൽ നിന്നു വാങ്ങുന്ന ചെറുപയറുമാണ് പോഷകാഹാരവിതരണത്തിനായി ഉപയോഗിക്കുന്നത്. ഇപ്പോൾ കൊല്ലം മുനിസിപ്പൽ പ്രദേശത്തുള്ള അംഗനവാടികളിൽനിന്ന് സേവനം ലഭ്യമാകുന്ന ഗുണഭോക്താക്കൾ ഇപ്രകാരമാണ്.

1 മൂന്നിനും ആറിനും ഇടയ്ക്കു പ്രായമുള്ള കുട്ടികൾ - 889

2 ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും - 1289

3 മൂന്നുവയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ - 1569

ഇന്ന് 95% അംഗനവാടികേന്ദ്രങ്ങളും പ്രവർത്തിക്കുന്നത് താൽക്കാലികമായി നിർമ്മിച്ചിട്ടുള്ള ഷെഡ്ഡുകളിലും വീടുകളുടെ വരാന്തകളിലുമാണ്. സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും അംഗനവാടി കെട്ടിടങ്ങൾ പണിയുന്നതിന് പണം ലഭ്യമാണെങ്കിലും ആവശ്യമായ സ്ഥലം പ്രാദേശികമായി കണ്ടെത്തേണ്ടതുണ്ട്. മുനിസിപ്പാലിറ്റി പുറംപോക്ക് സ്ഥലങ്ങൾ കണ്ടെത്തി ഇതിനുവേണ്ടി കൊടുക്കാൻ കഴിഞ്ഞാൽ അംഗനവാടി കെട്ടിടങ്ങൾ പണിയാൻ കഴിയും. കെട്ടിടവും സ്ഥലവും ഇല്ലാത്ത സാഹചര്യത്തിൽ ഇന്ന് മിക്ക അംഗനവാടികളുടെ പ്രവർത്തനവും തൃപ്തികരമല്ല. ചിലതിൻേറ പ്രവർത്തനം നിന്നുപോയ അവസ്ഥയിലാണ്. അധികാര വികേന്ദ്രീകരണങ്ങളുടെ മാറിയ സാഹചര്യത്തിൽ അംഗനവാടികളുടെ പ്രവർത്തനം പുനർജ്ജീവിപ്പിക്കാവുന്നതാണ്.

1 അബലാ മന്ദിരങ്ങൾ

സമൂഹത്തിലെ അശരണരും അനാഥകളും ആലംബഹീനരും ആയുള്ള സ്ത്രീകളുടെ സംരക്ഷണവും വിദ്യാഭ്യാസവുമാണ് ഇവയുടെ ലക്ഷ്യം. കൊല്ലത്തുള്ള അബലാ മന്ദിരത്തിൽ 25 സ്ത്രീകളെ സംരക്ഷിക്കുന്നു.

റെസ്ക്യൂ ഹോമുകൾ

അസാന്മാർഗ്ഗിക ജീവിതത്തിൽ ഏർപ്പെടാനും വഴിപിഴച്ച ജീവിതത്തിലേയ്ക്കു വീഴാനും സാധ്യതയുള്ള സ്ത്രീകൾക്ക് സംരക്ഷണവും പുനരധിവാസവും നൽകി അവരെ സമൂഹത്തിൻേറ മുഖ്യധാരയിലേയ്ക്കു കൊണ്ടുവരാനും വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് റസ്ക്യൂ ഹോമുകൾ. മുനിസിപ്പൽ പ്രദേശത്ത് ഈ വിധത്തിൽ ഒരെണ്ണം പ്രവർത്തിക്കുന്നുണ്ട്.

3 ആഫ്റ്റർ കെയർ ഹോസ്റ്റൽ

അബല മന്ദിരം, റസ്ക്യൂ ഹോം തുടങ്ങിയവയിൽനിന്നും വിടുതൽ ചെയ്തുവരുന്നവരുടെ സംരക്ഷണവും പുനരധിവാസവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ആഫ്റ്റർ കെയർ ഹോസ്റ്റൽ.

4 കെയർഹോം ഫോർ ദി ഡിസ്ഏബിൾഡ് ചിൽഡ്രൻ [വികലാംഗ സദനം]

അഞ്ചു വയസ്സിനു മുകളിലും 16 വയസ്സിനു താഴേയുമുള്ള വികലാംഗരായ കുട്ടികളെ സംരക്ഷിച്ച് അവരെ ജീവിതത്തിൽ സ്വയം പര്യാപ്തമാക്കിത്തീർക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് കെയർ ഹോം ഫോർ ദി ഡിസ്ഏബിൾഡ് ചിൽഡ്രൻ. ഇത്തരത്തിലുള്ള ഒരു കേന്ദ്രം മുളങ്കാടകത്തു പ്രവർത്തിക്കുന്നുണ്ട്.

**സാമൂഹ്യക്ഷേമ വകുപ്പിൻെറ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വികലാംഗക്ഷേമ പരിപാടികൾ.**

1 വികലാംഗ വിദ്യാർത്ഥികൾക്കുള്ള സംസ്ഥാന സ്കോളർഷിപ്പ് പദ്ധതി

ഈ പദ്ധതിയനുസരിച്ച് 1 മുതൽ നാലുവയസ്സു വരെ ക്ലാസ്സിൽ പഠിക്കുന്നവർക്ക് പ്രതിമാസം 30 രൂപയും 5 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വർക്ക് പ്രതിമാസം 45 രൂപയും ലഭിക്കുന്നു.

2 പട്ടികജാതി പട്ടികവർഗ്ഗേതര മിശ്രവിവാഹിതരായ ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി.

മിശ്ര വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുവാനും അതുവഴി സാമൂഹ്യ ഉദ്ഗ്രഥനം ത്വരിതപ്പെടുത്തുന്നതിനുംവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ്. ഈ പദ്ധതിപ്രകാരം കുടുംബവരുമാനം 8000 രൂപയിൽ കവിയാത്തവരും മിശ്രവിവാഹംമൂലം കഷ്ടതയനുഭവിക്കുന്നവരുമായ ദമ്പതികൾക്ക് 5000 രൂപായിൽക്കവിയാത്ത തുക ധനസഹായമായി നൽകുന്നുണ്ട്.

**ജുവനിയൽ ജസ്റ്റിസ് ആക്ട് [ബാലനീതി നിയമം] അനുസരിച്ചുള്ള സ്ഥാപനങ്ങളും സേവനങ്ങളും**

1 ജുവനിയൽഹോം

അനുസരണയില്ലാത്തവരും അവഗണിക്കപ്പെട്ടവരും ഉപേക്ഷിക്കപ്പെട്ടവരുമായ 16 വയസ്സുവരെയുള്ള ആൺ കുട്ടികളേയും 18 വയസ്സുവരെയുള്ള പെൺകുട്ടികളേയും താമസിപ്പിക്കുന്ന സ്ഥാപനമാണ് ജുവനിയൽഹോം. ഇവിടെ പ്രവേശിക്കപ്പെടുന്ന കുട്ടികൾക്ക് നിർബന്ധ വിദ്യാഭ്യാസം നൽകുന്നു. കൊല്ലത്തു ബീച്ചു റോഡിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള ഒരു സ്ഥാപനം നടത്തിവരുന്നുണ്ട്. കുറ്റവാളികളുടെ സമുദ്ധാരണവും പുനരധിവാസവും പ്രൊബേഷനിലൂടെ [നല്ലനടപ്പ്]

ആരും കുറ്റവാളികളായി ജനിക്കുന്നില്ല. എന്നാൽ പൊതുതത്വത്തിനനുസരണമായി കുറ്റം ചെയ്തവരെ ജയിലിൽ പ്രവേശിപ്പിക്കാതെ കുറ്റക്കാരെ കൈകാര്യം ചെയ്യുവാനുള്ള ഒരു ബദൽ ഏർപ്പാടാണ് പ്രൊബേഷൻ [നല്ലനടപ്പ്] ഇത് ഇളം പ്രായക്കാരായ കുറ്റവാളികളുടെ കാര്യത്തിൽ അവരുടെമേലുള്ള ശിക്ഷ തൽക്കാലമായി നിർത്തിവച്ച് അവരെ തടവിൽ പാർപ്പിക്കാതെ ചില വ്യവസ്ഥകൾക്ക് വിധേയമായി സ്വാതന്ത്ര്യത്തോടുകൂടി വീടുകളിൽ കഴിയുവാൻ അനുവദിക്കുന്നതിനേയാണ് പ്രൊബേഷൻ എന്നതുകൊണ്ടുദ്ദേശിക്കുന്നത്.

സാമൂഹ്യ ക്ഷേമ വകുപ്പിൻെറ കീഴിലുള്ള ജില്ലാ പ്രൊബേഷനർ ഓഫീസർമാരാണ് ഇവരെക്കുറിച്ച് അന്വേഷിക്കുന്നത്.

2 ഹോസ്റ്റൽ ഫോർ വർക്കിംഗ് വിമൻ

കുറഞ്ഞ വരുമാനക്കാരായ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലേയും ഉദ്യോഗസ്ഥകൾക്ക് താമസസൗകര്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണിവ. കൊല്ലം വിമൻസ് സഹകരണ സംഘത്തിൻെറ ആഭിമുഖ്യത്തിൽ കളക്ടറേറ്റിനു സമീപവും മറ്റു സാമൂഹ്യസംഘടനകളുടേയും ചുമതലയിലും ഇത്തരത്തിലുള്ള ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്.

3 കൊല്ലം അഗതി മന്ദിരം [കൊല്ലം പൂവർഹോം]

പാവപ്പെട്ടവർക്കുവേണ്ടി 1972-ൽ ആരംഭിച്ച സ്ഥാപനമാണ് ഇത്. ഇപ്പോൾ മുണ്ടയ്ക്കലിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇതിനുണ്ട്. ഇവിടുത്തെ അന്തേവാസികൾക്കുള്ള ഭക്ഷണം ഉദാരമതികളായ വ്യക്തികൾ സംഭാവനകളായി നൽകിവരുന്നതാണ്. അതുപോലെതന്നെ കൊല്ലത്ത് പല മാന്യവ്യക്തികളും ഈ സ്ഥാപനത്തിനുവേണ്ടി ബാങ്കിൽ സ്ഥിരനിക്ഷേപം ഇട്ടിട്ടുണ്ട്. അതിൻെറ പലിശയാണ് മറ്റു ചിലവുകൾക്കുപയോഗിച്ചുവരുന്നത്. മുനിസിപ്പാലിറ്റിയിൽനിന്നും ഒരു മിഡ്വൈഫിൻേറയും ഒരു ആയയുടേയും സേവനം ഈ സ്ഥാപനത്തിൽ ഇന്നു ലഭിക്കുന്നുണ്ട്. മറ്റു ക്ഷേമ പ്രവർത്തനങ്ങളും പെൻഷൻ പദ്ധതികളും ഇനി പറയുന്നവയാണ്.

1 തൊഴിൽരഹിതവേതനം:- [അൺ എംപ്ലോയ്മെൻറ് റിലീഫ് സ്കീം]

കൊല്ലം മുനിസിപ്പൽ പ്രദേശത്തുനിന്നും 1982 മുതൽ 1994 വരെ 16866 പേരെ ഈ പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. ഒരാൾക്ക് 70 രൂപയാണ് പ്രതിമാസ വേതനം. 1995 ജൂൺ വരെയുള്ള വേതനം ഇതുവരെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. 7/95 മുതൽ 10/96 വരെയുള്ള വേതനം കൊടുത്തു തീർക്കുവാനുണ്ട്. 35 വയസ്സിനകത്തുള്ള SSLCപാസ്സായ തൊഴിൽരഹിതർക്കാണ് ഈ വേതനത്തിന് അർഹതയുള്ളത്. 179 അപേക്ഷകൾ തീർപ്പു കല്പിക്കാനുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ

60 വയസ്സിനുമേൽ പ്രായമുള്ള കർഷക തൊഴിലാളിക്ക് 70 രൂപ പ്രതിമാസ വേതനം കിട്ടും. കൊല്ലം മുനിസിപ്പൽ പ്രദേശത്ത് ഇതുവരെ 254 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയുടെ അംഗീകാരം കൊടുക്കുന്നത് ജില്ലാ പഞ്ചായത്തു സമിതിയാണ്. 1995 മാർച്ചുവരെയുള്ള പെൻഷൻ കൊടുത്തു കഴിഞ്ഞിട്ടുണ്ട്.

3 വിധവാ പെൻഷൻ

589 പേർക്ക് ഈ പെൻഷൻ പദ്ധതിയുടെ ആനുകൂല്യം കിട്ടിവരുന്നുണ്ട്. പ്രതിമാസം 100 രൂപയാണ് പെൻഷൻതുക.

4 വാർദ്ധക്യകാല പെൻഷൻ

188 പേർക്ക് 100 രൂപാ വീതം ഈ പെൻഷൻെറ ആനുകൂല്യം ലഭിക്കുന്നുണ്ട്.

5 വികലാംഗ പെൻഷൻ

100 രൂപാ വീതം 204 പേർക്ക് ഈ പെൻഷൻെറ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നു.

6 ക്ഷയരോഗികൾക്കുള്ള പെൻഷൻ പദ്ധതി

പ്രതിമാസം 50 രൂപ വീതം ക്ഷയരോഗികൾക്ക് മരുന്നുവാങ്ങാൻ അനുവദിച്ചുവരുന്നു. 207 പേർക്ക് ഇതിൻെറ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നുണ്ട്.

7 ക്യാൻസർരോഗികൾക്കുള്ള പെൻഷൻ പദ്ധതി

138 ക്യാൻസർരോഗികൾക്ക് പ്രതിമാസം 115 രൂപാവീതം ഈ പദ്ധതിയുടെ കീഴിൽ അനുവദിച്ചിട്ടുണ്ട്.

8 കുഷ്ഠരോഗികൾക്കുള്ള പെൻഷൻ പദ്ധതി

പ്രതിമാസം 115 രൂപ വീതം 6 പേർക്ക് ഈ പദ്ധതിയിൽ പെൻഷൻ കൊടുത്തുവരുന്നു.

9 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ആനുകൂല്യം

വിധവകളുടെ പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് 2000 രൂപ വീതം ഈ പരിപാടിയുടെ കീഴിൽ അനുവദിച്ചുവരുന്നു. 1995 - 96-ൽ 222 പേർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. 1996 ഒക്ടോബർവരെ 33 പേർക്ക് ഈ ആനുകൂല്യം കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ഇതുവരെ സൂചിപ്പിച്ചിട്ടുള്ളത് ചില പെൻഷൻ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും മാത്രമാണ്. ഇതുകൂടാതെ ഓരോ മേഖലയിലുമുള്ള ക്ഷേമബോർഡുകളും ഫണ്ടുകളും അതാതു മേഖലയിലെ തൊഴിലാളികൾക്ക് ഇവയിൽനിന്നും ആനുകൂല്യങ്ങൾ കൊടുത്തുവരുന്നുണ്ട്. ഉദാ. ചെത്തുതൊഴിലാളി ക്ഷേമനിധി, കശുവണ്ടിതൊഴിലാളി ക്ഷേമനിധിബോർഡ്, ചുമട്ടുതൊഴിലാളി വെൽഫെയർഫണ്ട്, മത്സ്യത്തൊഴിലാളി ക്ഷേമനിധി, കേരള നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ഇങ്ങനെ പലതും.

ഈ പെൻഷൻ പദ്ധതികളും ക്ഷേമനിധികളുമൊക്കെ അതാതുമായി ബന്ധപ്പെട്ടവർക്ക് ഒരു താൽക്കാലികാശ്വാസം എന്നതിലേയ്ക്കാണ് സഹായം ചെയ്തുവരുന്നത്. ഇത് ഒരിക്കലും അവർക്ക് ജീവിക്കാൻ മതിയാകുന്നില്ല. തൊഴിൽരഹിതർക്ക് സ്ഥിരമായി വരുമാനം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയാണ് വേണ്ടത്.

സാമൂഹികക്ഷേമപരിപാടികളെപ്പറ്റിയും പെൻഷൻ പദ്ധതികളെപ്പറ്റിയും മുനിസിപ്പൽ വാർഡുതലത്തിൽ നടന്ന ചർച്ചകളുടെ ചുരുക്കം ഇനി പറയും പ്രകാരമാണ്.

1 അംഗനവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അംഗനവാടികൾ സ്ഥാപിക്കണം. അംഗനവാടികളുടെ ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല. കെട്ടിടങ്ങൾ ഇല്ലാത്ത അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കണം.

2 വനിതാ വികസന കോർപ്പറേഷൻ, വികലാംഗ കോർപ്പറേഷൻ മുതലായവ വഴിയുള്ള സാമ്പത്തിക സഹായം അർഹതയുള്ളവർക്കെല്ലാം ലഭിക്കണം.

3 പ്രായപരിധി കഴിഞ്ഞ് വിവാഹം നടത്താൻ സാമ്പത്തിക കഴിവില്ലാതെ നിൽക്കുന്ന പെൺകുട്ടികൾക്ക് ധനസഹായം നൽകണം.

4 60 വയസ്സിനുമേൽ പ്രായമുള്ള എല്ലാ നിരാശ്രയർക്കും സ്ഥിരമായി സാമ്പത്തിക സഹായം കൊടുക്കണം.

5 വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ വനിതകളെ കണ്ടെത്തി അവർക്ക് സ്വയംതൊഴിൽ കണ്ടെത്തുവാൻ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും അതുവഴി സാമ്പത്തിക സഹായം

നൽകുകയുംവേണം.

6 മുനിസിപ്പൽ പ്രദേശത്ത് അർഹതയുള്ള എല്ലാ വിധവകൾക്കും വികലാംഗർക്കും വൃദ്ധൻമാർക്കും പെൻഷൻ ലഭിക്കാത്തവർക്കും പെൻഷൻ അനുവദിക്കണം.

7 നേരത്തെ സമ്മതിച്ച രീതിയിൽ കൻേറാൺമെൻറ് സൗത്ത് വാർഡിലെ അബ്ദുൽ റഹിമാൻ ഹാജിയുടെ വക സ്ഥലത്ത് അംഗനവാടി കെട്ടിടം പണിയണം.

8 കടൽത്തീര പ്രദേശങ്ങളിലെ സ്ക്കൂളിൽ നിന്നുള്ള കുട്ടികളുടെ പൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ നടപടികൾ സ്വീകരിക്കുകയും ഉച്ചഭക്ഷണ പരിപാടി സ്ക്കൂളുകളിൽ പുനരാരംഭിക്കുകയും വേണം.

9 മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി ഏർപ്പെടുത്തണം.

10 സമ്പൂർണ്ണ മദ്യനിരോധനത്തേക്കാൾ പടിപടിയായി മദ്യനിരോധനത്തിലേയ്ക്കെത്താനുള്ള ബോധവത്ക്കരണ പരിപാടി ആരംഭിക്കണം.

11 വിവിധ പെൻഷൻ പദ്ധതികൾ കുടിശ്ശികയില്ലാതെ വിതരണം നടത്തണം. അതുപോലെതന്നെ അർഹതയുള്ളവർക്കെല്ലാം വിവിധതരത്തിലുള്ള പെൻഷൻ കൊടുക്കണം.

സാമൂഹ്യക്ഷേമരംഗത്തുള്ള എല്ലാ പ്രശ്നങ്ങളും വാർഡുകളിൽ നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞു വന്നു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. ഈ പ്രശ്നങ്ങൾക്കുള്ള ചില നിർദ്ദേശങ്ങളാണ് ഇനി വിശദീകരിക്കുന്നത്.

സാമൂഹ്യരംഗത്തെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഈ വിഷയത്തിലേയ്ക്കു കടക്കുന്നതിനുമുമ്പ് കൊല്ലം മുനിസിപ്പൽ പ്രദേശത്തുള്ള കുട്ടികളുടേയും അമ്മമാരുടേയും സ്ഥിതിവിവരകണക്കുകൾ പരിശോധിക്കുന്നത് ആവശ്യമാണ്.

സാമൂഹ്യക്ഷേമരംഗത്തെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം പാവപ്പെട്ട കുട്ടികളുടേയും അമ്മമാരുടേയും ക്ഷേമത്തിനുതകുന്ന പരിപാടികൾ നടപ്പിലാക്കുക എന്നതാണ്.

ആരോഗ്യമുള്ള ഒരു അമ്മയ്ക്കു മാത്രമെ ആരോഗ്യമുള്ള ഒരു കുട്ടിയെ പ്രസവിക്കാൻ കഴിയു. ആരോഗ്യമുള്ളൊരു കുട്ടിയ്ക്കു മാത്രമേ ആരോഗ്യവും ബുദ്ധിയുമുള്ളൊരു പൗരനായി വളർന്നുവരാൻ കഴിയു. അങ്ങനെയുള്ള ഒരു പൗരനേ നാടിൻെറ സമ്പത്താവുകയുള്ളു. മറിച്ചാണെങ്കിൽ നാട്ടിനു ശാപവും.

ഈ ലക്ഷ്യം നേടണമെങ്കിൽ ദാരിദ്ര്യത്തിൽ കഴിയുന്ന എല്ലാ കുട്ടികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, ഗർഭിണികൾക്കും മാതൃ-ശിശു സംരക്ഷണകേന്ദ്രം, അംഗനവാടി പോലുള്ള സ്ഥാപനങ്ങളിൽനിന്നും പോഷകാഹാരവും ആരോഗ്യപരിപാലനത്തിനുള്ള മറ്റു കാര്യങ്ങളും ലഭ്യമാക്കണം. ഇതിനുവേണ്ടത് ഇന്നുള്ള അംഗനവാടികൾ എല്ലാംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കണം. അവയ്ക്കെല്ലാം സ്വന്തമായി കെട്ടിടം ഉണ്ടാക്കണം. ഈ അംഗനവാടികളിൽനിന്നും പ്രീ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുവാൻ പരിശീലനം ലഭിച്ച അദ്ധ്യാപകരും, മറ്റു സൗകര്യങ്ങളും അംഗനവാടികളിൽഉണ്ടാവണം. സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിന് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പണമുണ്ട്. ഇതിനാവശ്യമായ സ്ഥലം റവന്യു പുറമ്പോക്കിൽ നിന്നോ മുനിസിപ്പാലിറ്റിയുടെ കൈവശമുള്ള ഭൂമിയിൽനിന്നോ കുറച്ചു ഭൂമി സൗജന്യമായി തരുന്നതിന് സൻമനസ്സുള്ള വ്യക്തികളിൽനിന്നോ കിട്ടുന്നതിനു ശ്രമിച്ചാൽ ഇന്നത്തെ അംഗനവാടികളുടെ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാം. കൂടാതെ അംഗനവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതുതായി അംഗനവാടികൾ സ്ഥാപിക്കണം. ഇതിനുവേണ്ടി മുമ്പ് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെൻറു ചില നടപടികൾ സ്വീകരിക്കുകയും കുറെ അംഗനവാടി അദ്ധ്യാപകരെ തെരഞ്ഞെടുക്കുകയും ചെയ്തുവെങ്കിലും ആ പരിപാടി പൂർത്തിയാക്കിയില്ല. അത് ഉടനെതന്നെ പൂർത്തിയാക്കിയാൽ പാവപ്പെട്ട കുട്ടികൾക്കും അമ്മമാർക്കും അതൊരു അനുഗ്രഹമായിരിക്കും. അംഗനവാടികളിലെ ആഹാരത്തിനുള്ള തുക വർദ്ധിപ്പിക്കണം.

2 ഒരു വീട്ടമ്മയ്ക്കു കിട്ടുന്ന വരുമാനം പൂർണ്ണമായും അവ വീട്ടിൽത്തന്നെ ചെലവിടാൻ കഴിയും. എന്നാൽ ഒരു പുരുഷനുകിട്ടുന്ന വരുമാനത്തിൻെറ ഒരംശം മാത്രമെ വീട്ടിലെ ആവശ്യങ്ങൾക്കിന്നു ലഭിക്കുന്നുള്ളു. അതുകൊണ്ട് അഭ്യസ്ഥ വിദ്യരും അല്ലാത്തവരുമായ സ്ത്രീകളെ സഹകരണാടിസ്ഥാനത്തിലും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടിൻെറ കീഴിലും മഹിളാസംഘടനകളിലും സംഘടിപ്പിച്ചുകൊണ്ട് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കണം. ഇങ്ങനെയുള്ള

തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ഇനി പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

എ. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ചുള്ള ചെറിയ വ്യവസായ സംരംഭങ്ങൾക്ക് ഊന്നൽകൊടുക്കണം.

ബി. ഒരു തൊഴിലിലും പ്രത്യേക പ്രാവീണ്യം ലഭിക്കാത്ത യുവതികൾക്ക് ഏതെങ്കിലും ഒരു തൊഴിൽ ചെയ്യുന്നതിന് ഉതകുന്നതരത്തിലുള്ള പരിശീലനം കൊടുക്കണം.

സി. ചെറിയ മുതൽമുടക്കുള്ള സംരംഭങ്ങൾക്ക് പ്രാധാന്യം കൊടുക്കണം.

ഡി. ഇങ്ങനെയുള്ള യൂണിറ്റുകളിൽനിന്നും ഉത്പാതിപ്പിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റ് ഉണ്ടോയെന്നു പരിശോധിക്കുകയും ഇല്ലങ്കിൽ അതു ഉണ്ടാക്കിയെടുക്കുന്നതിനുള്ള നടപടി സ്വാകരിക്കുകയുംവേണം.

ഇ. കൊല്ലം മുനിസിപ്പൽ പ്രദേശത്ത് അന്വേഷണത്തിൽനിന്നും മെഴുകുതിരി, ചന്ദനത്തിരി, കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ, റെഡിമെയ്ഡ് ഗാർമെൻറ്സ്,പാസ്റ്റിക്സാധനങ്ങൾ മുതലായവയക്ക് നല്ല സാധ്യതകൾ ഉണ്ട്. ഈ പറഞ്ഞതരത്തിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു സ്ത്രീകൾക്ക് തൊഴിൽ നൽകുന്നതിന് നടപടികൾസ്വീകരിക്കണം. സാമൂഹ്യക്ഷേമവകുപ്പ് ഇപ്പോൾതന്നെ ധനസഹായത്തിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. വരുമാനം 11400 രൂപയ്ക്കു താഴെ ആയിരിക്കണം.

3 നിരക്ഷരരായ സ്ത്രീകളെ സാക്ഷരതയിലേയ്ക്കു കൊണ്ടുവരികയും ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന ക്ഷേമ പ്രവർത്തനങ്ങളേപ്പറ്റിയും വികസന പ്രവർത്തനങ്ങളേപ്പറ്റിയും അവരെ ബോധവൽക്കരിക്കുകയും വേണം.

4 സ്ത്രീകളേയും പ്രത്യേകിച്ച് വീട്ടമ്മമാരേയും ഇന്നു ബാധിച്ചിരിക്കുന്ന ഒരു രോഗമാണ് ഇലക്ട്രോണിക് മാധ്യമങ്ങളായ ടി. വി., റേഡിയോ മുതലായവയിലൂടെയുള്ള പരസ്യത്തിൻെറ പിന്നാലെപോയി ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഉത്പാതിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ മാത്രം വാങ്ങുകയെന്നത്. ഇതിനു നിയന്ത്രണം വരുത്തി സ്ത്രീകളുടെ സംരംഭങ്ങൾ വഴി ഉത്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള ഉത്പ്പന്നങ്ങൾക്ക് മുൻഗണന നൽകി അവ വാങ്ങുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുകയും അതുവഴി ഇത്തരം സാധനങ്ങൾക്ക് കമ്പോളം ലഭിക്കുകയും ചെയ്താൽ സ്ത്രീകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കാൻ ഉപകരിക്കും.

5 ഇന്ന് വിവിധ ഡിപ്പാർട്ടുമെൻറുകളും, ബോർഡുകളും, ഏജൻസികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പെൻഷൻ പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും അർഹതയുള്ള എല്ലാ ആളുകൾക്കും കിട്ടാൻ നടപടി സ്വീകരിക്കുകയും അനർഹരായവർക്ക് അത് ലഭിക്കാതിരിക്കുവാൻ നടപടികൾ ഉണ്ടാക്കുകയുംവേണം. ഉദാ. തൊഴിൽ രഹിതവേതനം വാങ്ങുന്നതിൽ ഏറെപ്പേർ ഇന്ന് മാസവരുമാനം ഉള്ള തൊഴിൽ ഉള്ളവരും അതുപോലെതന്നെ മറ്റു വരുമാനം ഉള്ളവരുമാണ്. ഇതുതടയുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുകയും SSLC പാസ്സായാലെ തൊഴിലില്ലായ്മവേതനം ലഭിക്കൂ എന്നുള്ള ഇന്നത്തെ നിബന്ധന മാറ്റുകയും വേണം. കൂടാതെ എല്ലാ പെൻഷനും കുടിശ്ശികയില്ലാതെ കൊടുക്കുവാൻ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും മറ്റു ഏജൻസികളുടെ ഭാഗത്തുനിന്നും സത്വര നടപടികൾ ഉണ്ടാകണം.

6 കടൽത്തീര പ്രദേശങ്ങളിലെ സ്ക്കൂളുകളിലും അതുപോലെതന്നെ കോളനികളുടേയും ചേരിപ്രദേശങ്ങളുടേയും അടുത്തുള്ള സ്ക്കൂളുകളിലുമാണ് സ്ക്കൂൾക്കുട്ടികളുടെ പൊഴിഞ്ഞുപോക്ക് കൂടുതലായിട്ടുണ്ടാകുന്നത്. ഇതിൻെറ ആദ്യപടിയായി വിദ്യാഭ്യസത്തിൻെറ പ്രാധാന്യത്തിന്, ഊന്നൽകൊടുത്തുകൊണ്ട് രക്ഷാകർത്താക്കളെ ബോധവൽക്കരിക്കുകയും അവരുടെ സഹായത്തൊടെ കുട്ടികളെ വീണ്ടും സ്ക്കൂളിൽച്ചേർത്ത് പഠിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയും പഠിത്തം തുടരുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ചെയ്തുകൊടുക്കുകയുംവേണം.

7 ഇന്ന് ഗ്രാമ പ്രദേശങ്ങളിൽ എല്ലാ സ്ത്രീകളുടേയും നന്മയക്കുവേണ്ടി പ്രവർത്തിക്കുന്നത് മഹിളാ സമാജങ്ങളാണ്. എന്നാൽ പട്ടണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ വിരളമാണ്. പട്ടണ പ്രദേശങ്ങളിൽ റോട്ടറി ക്ലബ്ബ്, ലയൺസ് ക്ലബ്ബ്, ഇന്നർവീൽസ് മുതലായവയുടെ വനിതാ വിഭാഗങ്ങളാണിന്നുള്ളത്. അവർകുറച്ചൊക്കെ ക്ഷേമപ്രവർത്തനങ്ങൾ വല്ലപ്പോഴുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും സാധാരണക്കാരായ സ്ത്രീകളുടേയും കുട്ടുകളുടേയും ക്ഷേമത്തിന് ഇത് പര്യാപ്പമല്ല.

അതുകൊണ്ട് ഓരോ മുനിസിപ്പൽ വാർഡിലും കൗൺസിലർമാർ മുൻകൈയെടുത്ത് ഇന്നുള്ള മഹിളാ സമാജങ്ങൾ പുനരുദ്ധരിക്കുകയോ അല്ലെങ്കിൽ പുതിയ മഹിളാസമാജങ്ങൾ രജിസ്റ്റർചെയ്യുകയോ വേണം. ഇങ്ങനെയുള്ള മഹിളാ സമാജങ്ങൾ കുടുംബകാര്യങ്ങളും, തൊഴിൽ പ്രശ്നങ്ങളും, കുട്ടികളുടേയും അമ്മമാരുടേയും ക്ഷേമകാര്യങ്ങളും ഇന്ന് സമൂഹത്തിൽ കൂടുതലായി കണ്ടുവരുന്ന സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളും സങ്കീർണ്ണങ്ങളായ മറ്റു കാര്യങ്ങളും ചർച്ചചെയ്യുന്നതിനുള്ള ഒരു വേദിയായി മാറുകയും വേണം. സംഘടനാബലംകൊണ്ടുമാത്രമെ സ്ത്രീകളെ ഉദ്ധരിക്കാൻ കഴിയു.

8 മത്സ്യത്തൊഴിലാളികൾ,കോളനിനിവാസികൾ, ചേരിപ്രദേശത്ത് താമസിക്കുന്ന പുരുഷന്മാർ ഇവരിൽ ഇന്നു കാണുന്ന ഒരു ദുഷിച്ച പ്രവണതയാണ് മദ്യപാനാസക്തി. ഇത് ബോധവൽക്കരണത്തിലൂടെ മാത്രമെ പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയൂ. ഇത്തരക്കാരുടെ കുടുംബങ്ങളെ നാശത്തിൽനിന്നും രക്ഷിക്കാൻ ഇതുമാത്രമെ പോംവഴിയുള്ളു. ഇപ്പോൾതന്നെ ജൂൺ 26 ലോക ലഹരിവിരുദ്ധദിനമായി ആചരിച്ചുവരുന്നുണ്ട്. സമൂഹത്തെ ബോധവൽക്കരിക്കുന്നതിനുമുമ്പു സാമൂഹ്യപ്രവർത്തകരെ ബോധവൽക്കരിക്കേണ്ടതായിട്ടുണ്ട്. ഇതിന് കേന്ദ്ര ഗവൺമെൻറ് മുൻഗണന നൽകുകയും അവയർനസ് ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാമ്പത്തിക സഹായം ചെയ്യുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള സാമ്പത്തികസഹായത്തിൻെറ സഹായത്തോടെ എല്ലാ മേഖലകളിലും ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കണം.

9 ഇന്ന് മറ്റെല്ലാ പട്ടണങ്ങളിലും കാണുന്നതുപോലെ കൊല്ലം പട്ടണത്തിലും കാണുന്ന ഒരു ദുഷിച്ച പ്രവണതയാണ് കുട്ടികളെക്കൊണ്ട് ജോലിഎടുപ്പിക്കുന്നത്. ഇത് കൂടുതലായി കാണുന്നത് ഹോട്ടൽ വ്യവസായം, തീപ്പെട്ടി വ്യവസായം, ഇഷ്ടിക വ്യവസായം, മത്സ്യ സംസ്ക്കരണമേഖല വീടുകളിൽ ജോലിയെടുപ്പിക്കൽ എന്നീ രംഗങ്ങളിലാണ്. സ്ക്കൂളിൽപ്പോയി പഠിക്കേണ്ട സമയത്താണ് ഈ കുട്ടികൾ ഇങ്ങനെയുള്ള ജോലികളിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിന് പല കാരണങ്ങളുണ്ട്. അതിൽ പ്രധാനം വീട്ടിലെ ദാരിദ്ര്യമാണ്. ഇങ്ങനെയുള്ള കുട്ടികളെ കണ്ടെത്തി അവർ ഏതു ക്ലാസ്സിൽനിന്നാണോ പിരിഞ്ഞുപോന്നത് ആ ക്ലാസ്സിൽച്ചേർന്ന് പഠിക്കുന്നതിന് സൗകര്യം ഉണ്ടാക്കുകയും ഇങ്ങനെ തൊഴിൽ നഷ്ടപ്പെടുന്നതുമൂലം ദാരിദ്ര്യം അനുഭവിക്കേണ്ടിവരുന്ന കുടുംബങ്ങളിലെ മറ്റംഗങ്ങൾക്ക് ജോലികിട്ടുന്നതിനും വരുമാനത്തിനുംവേണ്ടി കേന്ദ്ര ഗവൺമെൻറ്, ഇൻറർനാഷണൽ ലേബർ ഓർഗനൈസേഷൻ മുതലായവയിലൂടെ ലഭിക്കാൻ സാധ്യതയുള്ള സഹായം വാങ്ങി ചൈൽഡ് ലേബർ മുനിസിപ്പൽപ്രദേശത്ത് അവസാനിപ്പിക്കാൻ നടപടികൾ എടുക്കുകയും വേണം.

അധികാരം ജനങ്ങളിലേക്ക്

**(Estd: 1949)**

# BUSINESS BENEFIT COMPANY LTD.

© 742494,742995, 741657

**BBC**

**(Incorporated Under Indian Companies Act of 1956)**

**BUSINESS BUILDING, BEACH ROAD, KOLLAM**

**( A GROUP CONCERN OF BUSINESS CHITTY FUND (ASRAMAM (P) LTD**
**(MEMBERS ONLY)**

## INDIA'S HIGHEST MONTHLY INCOME PAYING COMPANY

30% മുതൽ 40 % വരെ പലിശ കൂടാതെ നിക്ഷേപകർക്ക് ക്യാഷ് ഇൻസെന്റീവും മറ്റ് ബനിഫിറ്റുകളും




31-12-96 ലെ ബനിഫിറ്റ് ഡ്രോയിൽ വിജയികളാകുന്ന 25 നിക്ഷേപകർക്ക് 2 ഗ്രാം വീതമുള്ള 2 ഗോൾഡ് കോയിൻ ലഭിക്കുന്നു.

**Spot Incentives for Depositors GOLD COINS 1/2 gm to 1.750 gm.**

ഓരോ 10,000രൂപാ നിക്ഷേപത്തിനും ഒരു GOLD COIN വീതം

## പ്രതിമാസങ്ങളിൽ പലിശ നിക്ഷേപകന്റെ കരങ്ങളിൽ എത്തിക്കുന്നു.

സ്വർണ്ണപ്പണയം
പവന് 3000 രൂപ

GOLD COIN 1/2gm *to* GOLD COIN 1.750 gm

HIRE PURCHASE Rs. 1,60,000 New, Old Maruthi Zen, Fiat, Uno, Amb. Bus/Hospital Equipment Leasin
RENT A CAR

**CAR LORRY BUS HIREPURCHASE -GOLD LOAN RS. 3000**

12 മാസം 19 1/2% + 1/2gm GOLD COINഓരോ 10,000/രൂപയ്ക്കും ഉടൻ നല്കുന്നു.
24 മാസം 20% + 1gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.
36 മാസം 21 % + 1.250gm GOLD COIN ഓരോ 10,000/ രൂപയ്ക്കും ഉടൻ നല്കുന്നു.
42 മാസം DOUBLE BENEFIT +1.500gm GOLD COIN ഓരോ 10,000 രൂപയ്ക്കും " "
60 മാസം MONEY QUEEN BOND + 1.750gm GOLD COIN ഓരോ 10,000 രൂപയ്ക്കും "

**MONEY BEGETS THE MONEY**

ഓരോ 10,000 രൂപ നിക്ഷേപത്തിനും 1/2 **gm** മുതൽ 1.750 **gm** വരെ സ്വർണ്ണ നാണയം **SPOT INCENTIVE** ആയി നൽകുന്നു. ഈ ആനുകൂല്യം **ഡിസംബർ 31** വരെ മാത്രം. 12 മാസവും അതിനുമുകളിലും 10000 രൂപയ്ക്ക് താഴെയുള്ള നിക്ഷേപകർക്ക് വിലിപിടിപ്പുള്ള സമ്മാനങ്ങൾ.

എല്ലാ മാസവും 8–ാം തീയതി തോറും 4.30 ന് എല്ലാ നിക്ഷേപകരേയും ഉൾപ്പെടുത്തി പതിവ് ബനിഫിറ്റ് ഡ്രാ ഉണ്ടായിരിക്കും. സമയം 4.30 P.M. 10 വിജയികൾക്ക് 500/–രൂപാ വീതം മൊത്തം 5000/– രൂപ CASH INCENTIVE നൽകുന്നു.

## OUR GROUP OF COMPANIES

1. TRANSWORLD CREDIT & INVESTMENT COMPANY(P) LTD. BEACH ROAD, KOLLAM-1 PH.742995,742494
2. TRANSWORLD HIRE PURCHASE (INDIA) LTD., BEACH ROAD, KOLLAM-1 PH. 741657
3. COMMERCIAL HIRE PURCHASE (INDIA) LTD., ERNAKULAM, PH.365571
4. SOBHANA TILE WORKS, KOLLAM, PH.204078
5. MODERN BRICKS, KOLLAM

This pervilage only upto 31st December 1996

DIRECTORS: VIJAYAN PILLIAI SOBHANAN PILLAI SUNDARAN PILLAI

## 6.8

# സംസ്കാരം

മാനവസമുദായം ഉണ്ടായ കാലം മുതൽ മനുഷ്യന്റെ ജന്തുസഹജമായ ജന്മവാസനകളെ സാമൂഹിക ജീവിതത്തിന്റെ ഭദ്രതയ്ക്കും വികാസത്തിനും അനുയോജ്യമായവിധം പരിവർത്തനം ചെയ്തുവരുന്നു. ആദിമുതൽ ഇന്നോളം മനുഷ്യൻ സമ്പാദിച്ച് സംഭരിച്ചിട്ടുള്ള അറിവും അനുഭവവും ജീവിതക്രമവും ചേർന്നതാണ് മാനവസംസ്കാരം. ഈ സംസ്കാരം തലമുറയിൽ നിന്ന് തലമുറയിലേക്ക് സംക്രമിച്ചുവന്നത് വാമൊഴിയിലും വരമൊഴിയിലും ബിംബങ്ങളിലും കൂടിയാണ്. കലയും സാഹിത്യവും ധാർമ്മിക വിശ്വാസങ്ങളും മൂല്യബോധവും ആചാരനുഷ്ഠാനങ്ങളുമെല്ലാം സംസ്കാരത്തിന്റെ ഘടകങ്ങളാണ്. ദേശം, മതം, ജാതി, ഭാഷ എന്നിവയിലെ ഭേദഭാവങ്ങൾ വിവിധ സാംസ്കാരിക ധാരകൾക്ക് ജന്മം നൽകുന്നു. സാംസ്കാരിക സംക്രമണത്തിന്റെ മുഖ്യോപാധി വിദ്യാഭ്യാസമാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന വിജ്ഞാനവിസ്ഫോടനം ഒരേസമയം ഒരു വലിയ നേട്ടവും അതേസമയം ഒരു കടുത്ത വെല്ലുവിളിയുമാണ്. ദ്രുതഗതിയിലുള്ള സാങ്കേതികവളർച്ചക്കൊപ്പം സംസ്കാരത്തിന്റെ അനുയോജ്യവികാസവും അഭികാമ്യമായ മൂല്യബോധവും കൂടി ഉണ്ടായില്ലെങ്കിൽ മാനവസമൂഹം തകർച്ചയിലേക്കു നിപതിച്ചെന്നുവരും. ദ്രുതഗതിയിലുള്ള ഈ മാറ്റത്തിനൊപ്പമെത്താനുള്ള പ്രവർത്തനത്തിന്റെ പലപ്രാപ്തിയുടെ അളവാണ് ഏതുപ്രദേശത്തെയും സാംസ്കാരികാഭിവൃദ്ധിയുടെ ഉരകല്ല്.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ കൊല്ലം അതിന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. വേണാടിന്റെ തലസ്ഥാനം എന്ന നിലയിൽ ഈ പട്ടണം കവികളുടെയും പണ്ഡിതന്മാരുടെയും വിഹാരരംഗമായിരുന്നു. ശുകസന്ദേശത്തിൽ കൊല്ലം നഗരത്തിന്റെ ഐശ്വര്യസമൃദ്ധിയെ വർണ്ണിച്ചിട്ടുണ്ട്. രവിവർമ്മ കുലശേഖരന്റെ കാലത്ത് കൊല്ലത്തു ജീവിച്ചിരുന്ന പ്രസിദ്ധ കവികളായിരുന്നു സമുദ്രബന്ധനും കവിഭൂഷണനും (A.D.1299-1311). രാജാരവിവർമ്മകുലശേഖരൻ തന്നെ പ്രദ്യുമ്നാഭ്യുദയം എന്ന ഒരു ഉത്കൃഷ്ട സംസ്കൃത നാടകം രചിച്ചിട്ടുണ്ട്. "കൊല്ലം കണ്ടാലില്ലം വേണ്ട" എന്ന ചൊല്ലിൽ തന്നെ കൊല്ലത്തിന്റെ പ്രാചീന മാഹാത്മ്യം ഉൾച്ചേർന്നിരിക്കുന്നു. A.D.825-ൽ കൊല്ലവർഷം ആരംഭിച്ചതും കൊല്ലത്തുവച്ചാണ്. കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രീനാരായണ ധർമ്മ പരിപാലന യോഗം ഇവിടത്തെ സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ പരിവർത്തനത്തിൽ ഒരു വലിയ പങ്കുവഹിക്കുന്നു. നായർ സർവീസ് സൊസൈറ്റി, കത്തോലിക്കാ സംഘടനകൾ, മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റി എന്നിവയും സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. ഈ സംഘടനകൾ സ്ഥാപിച്ചു നടത്തിവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊല്ലത്തിന്റെ സാംസ്കാരികാഭിവൃദ്ധിക്ക് വമ്പിച്ച സംഭാവനയാണ് നൽകുന്നത്. കൊല്ലത്തു നിന്നു ഹജൂർ കച്ചേരി സ്വാതിതിരുനാൾ തിരുവനന്തപുരത്തേക്കു മാറ്റിയത് എ.ഡി. 1830ൽ മാത്രമാണ്. ചിന്നക്കടയിലെ മുസ്ലീംപള്ളി ആനന്ദവല്ലീശ്വരക്ഷേത്രം, തേവള്ളി കൊട്ടാരം തുടങ്ങിയ പ്രൗഢസുന്ദരങ്ങളായ വാസ്തുശില്പങ്ങൾ കൊല്ലം നഗരത്തിനുണ്ടായിരുന്ന പ്രാമാണികത വിളിച്ചോതുന്നു. സെയിന്റ് തോമസ് സ്ഥാപിച്ച പള്ളികളിലൊന്ന് കൊല്ലത്തായിരുന്നു എന്നു വിശ്വസിക്കപ്പെടുന്നു. ചൈനയും, അറേബ്യയും യൂറോപ്പുമായി പ്രാചീനകാലം മുതൽ വമ്പിച്ചതോ

തിൽ വ്യാപാരം നടത്തിവന്ന ദക്ഷിണേന്ത്യൻ തുറമുഖ നഗരം എന്നതിലുപരി ഒരു സാംസ്കാരിക കേന്ദ്രം കൂടിയായിരുന്നു കൊല്ലം. എ.ഡി.849ലെ തെരിസാപ്പള്ളി ചെപ്പേടുകൾ കൊല്ലം നഗരത്തെപ്പറ്റി വ്യക്തമായ വിവരം നൽകുന്നുണ്ട്. കൊല്ലം നഗരവാസികൾ വിഗ്രഹാരാധകരും അൽപ്പവസ്ത്രധാരികളും ആയിരുന്നു എന്ന് 1290ൽ മാർക്കോപോളോ രേഖപ്പെടുത്തിയിട്ടുണ്ട്. ഹിന്ദുക്കളും കൃസ്ത്യാനികളും കുറെ യഹൂദരും ഇവിടെ വസിച്ചിരുന്നു എന്നും മതസ്വാതന്ത്ര്യം ഉണ്ടായിരുന്ന എന്നും എഴുതപ്പെട്ടിരിക്കുന്നു. ഇവിടെനിന്നും ബുദ്ധഭിക്ഷുക്കൾ കടൽമാർഗം ചൈനയിലെത്തി ബുദ്ധമതം പ്രചരിപ്പിച്ചതിന് രേഖകളുണ്ട്. ഇതിൽ നിന്നെല്ലാം കൊല്ലം അതിപുരാതനമായൊരു സാംസ്കാരിക കേന്ദ്രമായിരുന്നു എന്നുതെളിയുന്നു.

## പത്രപ്രവർത്തനം

ഒരു കാലത്ത് അഞ്ചുദിനപത്രങ്ങൾ കൊല്ലത്തുനിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്ന് അവയിൽ ഒന്നുപോലും ഇല്ല. കേരളകൗമുദിയുടെയും മലയാള മനോരമയുടെയും കൊല്ലം പതിപ്പുകൾ മാത്രം. കൂടാതെ അല്പം ചില സായാഹ്നപത്രങ്ങളും വാരിക-മാസികാദികളും കാണാം. സായാഹ്നശബ്ദം, കേരളരാജ്യം, യംഗ്ലർക്ക്, ജനപ്രീതി, കേരളമലർ, കേരളടൈംസ്, സിറ്റിസൺ ടൈംസ്, രാഷ്ട്രദീപിക മുതലായവയാണ് സായാഹ്നപത്രങ്ങൾ.

തമിഴ്നാട്ടുകാരനും വ്യവസായപ്രമുഖനും, സംസ്കാര സമ്പന്നനുമായിരുന്ന ശ്രീ. ആർ.കൃഷ്ണസ്വാമി റെഡ്യാർ രൂപം കൊടുത്ത കേരളശബ്ദമെന്ന പത്രത്തറവാട് കഴിഞ്ഞ കാൽനൂറ്റാണ്ടു കാലമായി നിലനിൽക്കുന്നു. കേരളശബ്ദം, നാന, കുമാരി, കുങ്കുമം, മഹിളാരത്നം, മുത്തശ്ശി, കസ്തൂരി, പാക്കനാർ, മുത്തുച്ചിപ്പി എന്നിവയാണ് ആ തറവാട്ടിലെ അംഗങ്ങൾ. നാഗകൃഷ്ണ പബ്ലിക്കേഷൻസ് എന്ന ഒരു പ്രസിദ്ധീകരണസ്ഥാപനവും ഇതോടൊപ്പം പ്രവർത്തിപ്പിക്കുന്നു. പ്രാചീന മലയാള കൃതികളെ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചതും ഒരു തമിഴനായ എസ്സ്.റ്റി.റെഡ്യാർ ആയിരുന്നല്ലോ. സ്വാതന്ത്ര്യസമരത്തിന്റെയും സാമൂഹ്യ വിപ്ലവത്തിന്റെയും പടക്കളമായിരുന്ന കൊല്ലത്തിന്റെ ചാലകശക്തിയായിരുന്നു കാലം ചെയ്ത ഇവിടത്തെ പത്രങ്ങൾ. അച്ചടിയും പത്രപ്രവർത്തനവുമായി പൊക്കിൾക്കൊടി ബന്ധമാണല്ലോ. 1978ൽ കേരളത്തിലാദ്യത്തെ അച്ചടിച്ച പുസ്തമായ സെയിന്റ് ഫ്രാൻസിസ് സേവ്യറുടെ 'വേദോപദേശം' അച്ചടിച്ചതു കൊല്ലത്താണ്.

പരവൂർ കേശവനാശാൻ 1892ൽ കൊല്ലത്തുനിന്നും പ്രസിദ്ധികരിച്ച 'സുജനാനന്ദിനി'യായിരുന്നു കൊല്ലത്തെ പ്രഥമ പത്രസന്തതി. തുടർന്ന് 1894ൽ ഈ.വി.രാമനുണ്ണിത്താന്റെ 'മലയാള', 1879ൽ കേരളചന്ദ്രിക, 1900ൽ സി.കൃഷ്ണപിളളയുടെ ഉപാദ്ധ്യായൻ, ബാരിസറ്റർ ജി.പി.പിള്ളയുടെ 'മദ്രാസ്സ്റ്റാൻഡേർഡ്', 1911ൽ സി.വി.കുഞ്ഞുരാമന്റെ 'കേരളകൗമുദി', 1921ൽ ബാരിസ്റ്റർ ഏ.കെ.പിള്ളയുടെ 'സ്വരാട്', 1928ൽ കെ.ജി.ശങ്കറിന്റെ 'മലയാളരാജ്യം' എന്നിവ ആരംഭിച്ചു. ഈ പത്രങ്ങളെല്ലാം സാമൂഹ്യ വിപ്ലവത്തിന്റെ ശംഖനാദങ്ങളായിരുന്നു. മലയാളി മെമ്മോറിയലിന്റെ നായകനായിരുന്ന ജി.പി.പിള്ളയുടെ പ്രധാന കർമ്മരംഗങ്ങളിലൊന്ന് കൊല്ലമായിരുന്നു.

ശ്രീ.ഏ.തങ്ങൾ കുഞ്ഞുമുസലിയാരുടെ 'പ്രഭാതം' 1945 കെ.കെ.ചെല്ലപ്പൻ പിള്ളയുടെ 'യുവകേരളം' 1947, കോശി, ഡാനിയേൽമാർ തുടങ്ങിയ 'കേരളം' 1949, സി.എം.സ്റ്റീഫന്റെ 'പൗരപ്രഭ' ശ്രീ:ആർ.ശങ്കർ തുടങ്ങിയ ദിനമണി 1954 കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനയുഗം 1953 ഏ.കെ.ഭാസ്കറിന്റെ നവഭാരതം എന്നിവ കൊല്ലത്ത് ഉദയം ചെയ്യുകയും കാലക്രമത്തിൽ അസ്തമിക്കുകയും ചെയ്ത പത്രതാരകങ്ങളാണ്. എസ്.കെ.നായരുടെ 'മലയാളനാട് സ്മരണീയമാണ്. സി.ജി.കേശവന്റേതായി കേരള പ്രസ് എന്നപേരിൽ ഒരു വാർത്താ സർവീസും ഉണ്ടായിരുന്നു കൊല്ലത്ത്.

കൊല്ലത്തെ പത്രപ്രവർത്തനരംഗത്ത് പ്രകാശം പരത്തിയ പ്രമുഖരായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, ടി.കെ.മാധവൻ, ആർ..ശങ്കർ, മൂലൂർ എസ് പത്മനാഭപ്പണിക്കർ, സി.വി.കുഞ്ഞുരാമൻ, കെ.ജി.ശങ്കർ, കൈനിക്കര കുമാരപിള്ള, എ.ഏ.റഹിം, എൻ.ഗോപിനാഥൻ നായർ, വൈയ്ക്കം ചന്ദ്രശേഖരൻനായർ, കാമ്പിശ്ശേരി കരുണാകരൻ മുതലായവർ.

മൗലിക ഋഷി, ഇന്ത്യൻ ഡാൻസ് അക്കാഡമി, മാളവിക പ്രതിഭാഞ്ജലി മുതലായവ നൃത്ത വിദ്യാലയങ്ങളാണ്. ഓ.മാധവന്റെ കാളിദാസ കലാകേന്ദ്രം തുടങ്ങി 10 നാടകസംഘങ്ങൾ ഉണ്ട്. (ലിസ്റ്റ് നോക്കുക) ബിന്ദു, ജ്യോതി, ചിത്രാലയം മുതലായവ ബാലേ ഗ്രൂപ്പുകളാണ്. ഹാർമ്മണി ബീറ്റിൽസ് എന്ന ഗായകസംഘം ഉണ്ട്. കഥാപ്രസംഗ പാർട്ടികൾ രണ്ട്.

നഗരത്തിൽ മുസിപ്പാലിറ്റി വക 12 ടി.വിസെറ്റുകൾ വിവിധ വാർഡുകളിലായി പ്രവർത്തിപ്പിച്ചു വരുന്നു. ഇവിടത്തെ പ്രിന്റിംഗ് പ്രസുകളുടെ എണ്ണം 45 ൽ പരം ആണ്. നെഹ്രുപാർക്ക്, മഹാത്മാഗാന്ധിപാർക്ക്, കടപ്പാക്കട ചിൽഡ്രൻസ് പാർക്ക്, തേവള്ളി ചിൽഡ്രൻസ് പാർക്ക്, അപ്പുക്കുട്ടൻപിള്ള മെമ്മോറിയൽ പാർക്ക്, അഡ്വഞ്ചർ പാർക്ക്, ആശ്രാമം ചിൽഡ്രൻസ് പാർക്ക്, ടി.എം.വർഗീസ് പാർക്ക് എന്നിങ്ങനെ അനേകം പാർക്കുകൾ ഉണ്ടെങ്കിലും അവയുടെ സംരക്ഷണം വളരെ മോശപ്പെട്ട നിലയിലാണ്.

സുപ്രസിദ്ധ കവി ഓ.എൻ.വി.കുറുപ്പിനെ വളർത്തിയതും പഠിപ്പിച്ചതും കവിയാക്കിയതും കൊല്ലം തന്നെ. സുപ്രസിദ്ധ സാഹിത്യനായകന്മാരായ വൈയ്ക്കം ചന്ദ്രശേഖരൻനായരുടെ കാക്കനാടന്റെയും കർമ്മഭൂമിയും കൊല്ലംതന്നെ. 20ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ കൊല്ലം നഗരത്തിന്റെ സാംസ്കാരിക ജീവിതത്തിൽ നിറഞ്ഞുനിന്ന പ്രൊഃഎസ്.ശിവപ്രസാദ് സ്മരണീയനാണ്.

സ്വാതന്ത്ര്യസമരത്തിൽ തിരുവിതാംകൂറിലെ ത്രിമൂർത്തികളായിരുന്നവരിൽ രണ്ടുപേരും ടി.എം.വർഗീസും, സി.കേശവനും, കൊല്ലം പടക്കളം ആക്കിയവരായിരുന്നു. ശ്രീനാരായണ കോളേജുകളുടെ സ്ഥാപകനും കേരള മുഖ്യമന്ത്രിയുമായിരുന്ന ആർ.ശങ്കറുടെ കർമ്മഭൂമിയും കൊല്ലം ആയിരുന്നു. തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതാക്കളായിരുന്ന എം.ആർ.ഗോവിന്ദൻനായർ, എൻ.ശ്രീകണ്ഠൻനായർ, ടി.കെ.ദിവാകരൻ എന്നിവരും കൊല്ലം കേന്ദ്രമാക്കി സമരം നയിച്ചവരായിരുന്നു.

സാംസ്കാരിക പൈതൃകം തലമുറകളിൽനിന്ന് തലമുറകളിലേക്ക് സംക്രമിപ്പിക്കുന്ന ക്ഷേത്രങ്ങളും ക്രിസ്ത്യൻ-മുസ്ലീം പള്ളികളും ഇടകലർന്ന് മതേതരത്വത്തിന്റെ സ്തംഭങ്ങൾപോലെ ഇവിടെ നിലകൊള്ളുന്നു. ദേശിങ്ങനാടിന്റെ ചരിത്രസങ്കേതമായ രാമേശ്വരം ക്ഷേത്രം, വേലുത്തമ്പി ദളവ പുതുക്കിപ്പണിയിച്ച ആനന്ദവല്ലീശ്വരം ക്ഷേത്രം, ചരിത്ര പ്രസിദ്ധമായ ആശ്രാമം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം ജോനകപ്പുറം വലിയപള്ളി മുതലായ ആരാധനാലയങ്ങൾ മാത്രമല്ല ചരിത്ര സ്മാരകങ്ങൾ കൂടെയാണ്.

കൊല്ലം നഗരത്തിന്റെ ഹൃദയഭാഗത്ത് ക്വയിലോൺ പബ്ലിക് ലൈബ്രറി ആൻസ് റിസേർച്ച് സെന്റർ എന്നപേരിൽ ആധുനികരീതിയിൽ പണികഴിപ്പിച്ച ലൈബ്രറി മന്ദിരത്തിന്റെ വാസ്തുശില്പം മനോഹരമാണ്. സമീപത്തുതന്നെ ദൃശ്യകലകൾ അവതരിപ്പിക്കാനും വിവാഹമണ്ഡപമായി ഉപയോഗിക്കാനും കഴിയുന്ന മട്ടിൽ നിർമ്മിച്ചിട്ടുള്ള സോപാനം ആഡിറ്റോറിയം ആധുനിക സംവിധാനങ്ങളോടുകൂടി മനോഹരമായ ഒരു കലാകേന്ദ്രമാണ്. ഈ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച സംഘടിപ്പിച്ചിട്ടുള്ള വിപുലമായ ഗ്രന്ഥശേഖരം, ഗവേഷണ സൗകര്യങ്ങൾ, നാടകം-കലാഭ്യാസന സൗകര്യങ്ങൾ, വിദ്യാഭ്യാസ ഗൈഡൻസ് കേന്ദ്രങ്ങൾ തുടങ്ങിയവയൊക്കെ കൊല്ലത്തിന്റെ സാംസ്കാരിക പുരോഗതിയെ വലിയതോതിൽ സഹായിച്ചുവരുന്നു. 63 വർഷം പഴക്കമുള്ളതും കേരളത്തിലെ ഏറ്റവും വലിയ മുനിസിപ്പൽ ലൈബ്രറികളിൽ ഒന്നുമായ കൊല്ലം മുനിസിപ്പൽ ലൈബ്രറിക്കുവേണ്ടി നിർമ്മിക്കാൻ തുടങ്ങിയ ടി.എം.വർഗീസ് സ്മാരക ലൈബ്രറി മന്ദിരം 15 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാതെ കിടക്കുകയാണ്. പക്ഷേ ഗ്രന്ഥശേഖരത്തിന്റെ വൈപുല്യം കൊണ്ടും പഴക്കം കൊണ്ടും പ്രാധാന്യമർഹിക്കുന്ന ഈ സാംസ്കാരിക വളർച്ചയ്ക്ക് അദ്വതീയമായ സംഭാവനയാണ് നൽകിവരുന്നത്.

കടപ്പാക്കട സ്പോർട്ട്സ് ക്ലബ്, ജവഹർ ബാലഭവൻ എന്നിവ കലാരംഗത്തെ വമ്പിച്ച മുതൽകൂട്ടുകളാണ്. പുരോഗമനപ്രസ്ഥാനങ്ങളുടെയും പുരോഗമന കലാസംഘടനകളുടെയും വളർച്ചയെ സഹായിച്ചുകൊണ്ട് ചിരകാലമായി പ്രവർത്തിച്ചുവരുന്ന കടപ്പാക്കട സ്പോർട്ട്സ് ക്ലബ് നൽകുന്ന സഹായവും സൗകര്യവും കലാരംഗത്തും സാംസ്കാരികരംഗത്തും വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ നഗരത്തിലെ കലാകുതുക യുവാക്കളെ സഹായിച്ചിട്ടുണ്ട്. ഒരു കലാഭ്യസനകേന്ദ്രം, സാങ്കേതിക വിദ്യാഭ്യാസരംഗത്തു പരിശീലനം നൽകുന്ന സ്ഥാപനം എന്നീ നിലകളിലാണു ജവഹർ ബാലഭവന്റെ പ്രവർത്തനം. അയിത്തകാലത്താരംഭിച്ച കാര്യക്ഷമമായി നടത്തിവരുന്ന പല സാങ്കേതിക കോഴ്സുകളും ഈ സ്ഥാപനത്തിന്റെ പ്രസക്തി വെളിപ്പെടുത്തുന്നവയാണ്.

മാസ് (MASS) കൊല്ലം ഫൈൻ ആർട്ട്സ് സൊസൈറ്റി, കല തുടങ്ങി പല സാംസ്കാരിക കലാസ്ഥാപനങ്ങളും കൊല്ലത്തിന്റെ പല പരിപോഷണ രംഗത്തു കാര്യമായ സംഭാവന നൽകുന്നു എന്നതിനുപുറമേ പല ഫിലിംസൊസൈറ്റികളും വർഷങ്ങളായി ഇവിടെ പ്രവർത്തിച്ചുവരുന്നു.

വിവിധ വാർഡുകളിലായി പത്തിലധികം ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകളും 30ലധികം ഇതരസാംസ്കാരി സാമൃങ്ങളുമുണ്ട്. എന്നാൽ ചില വാർഡുകളിൽ ഇത്തരം സ്ഥാപനങ്ങളൊന്നും തന്നെയില്ലെന്നത് എടുത്തുപറയേണ്ട കാര്യമാണ്.

ലോകശ്രദ്ധ പിടിച്ചുപറ്റാൻ കഴിഞ്ഞ ഉന്നതനിലവാരമുള്ള ചലച്ചിത്രങ്ങൾ നിർമ്മിച്ച ജനറൽ പിക്ച്ചേഴ്സ് കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മഹത്തായൊരു സ്ഥാപനമാണ്. എട്ടു സിനിമാശാലകളാണ് നഗരത്തിൽ പ്രവർത്തിക്കുന്നത്.

പ്രമുഖന്മാരായ പല കലാകാരന്മാരുടെയും സാംസ്കാരിക നായകന്മാരുടെയും വളർത്തില്ലമായിരുന്നു കൊല്ലം. ഇന്നും ആ പാരമ്പര്യം മങ്ങലേൽക്കാതെ തുടരുന്നു. ഇടപ്പള്ളി രാഘവൻ പിള്ള അന്ത്യവിശ്രമംകൊള്ളുന്നതു കൊല്ലം നഗരത്തിലാണ്. ദിവംഗതനായ കാഥികസാമ്രാട്ട് വി.സാംബശിവൻ ദശകങ്ങളോളം പ്രവർത്തിച്ചിരുന്നതും കലാസാപര്യനിർവഹിച്ചതും കൊല്ലം നഗരം കേന്ദ്രീകരിച്ചാണ്. അന്തരിച്ച നാടകനടി സുധർമ്മ കൊല്ലത്തിന്റെ അഭിമാനഭാജനമാണ്. വൈക്കം ചന്ദ്രശേഖരൻനായർ, കാക്കനാടൻ എന്നീ സാഹിത്യനായകന്മാരും ഒ.മാധവൻ എന്ന നാടക പ്രതിഭയും, നൃത്തകാല നിപുണനായ കാലമണ്ഡലം ഗംഗാധരനും നമ്മുടെ കലാസാംസ്കാരിക രംഗത്തെ അനശ്വര പ്രതിഭകളാണ്.

## പ്രശ്നങ്ങൾ

1. നാടകൻകലകളുടെ പോഷണത്തിനുള്ള സംഘടനകളുടെ അഭാവം
2. വിവിധ കലാസാംസ്കാരിക സ്ഥാപനങ്ങൾ തമ്മിൽ ഏകോപിപ്പിക്കുവാനുള്ള നടപടികളില്ല.
3. പാരമ്പര്യ കലാകാരന്മാർ, കരകൗശല വിദഗ്ദ്ധൻമ്മാർ തുടങ്ങിയവരുടെ പോഷണത്തിനുള്ള പ്രവർത്തനങ്ങളില്ല.
4. കഥകളി, ഓട്ടൻതുള്ളൽ, കലാരൂപങ്ങളും കാക്കാരശി ചവിട്ടുനാടകം, തുടങ്ങി പുരാതനകലാരൂപങ്ങളും സാധാരണജനങ്ങൾക്കിടയിൽ പ്രചരിക്കുന്നില്ല.
5. കുട്ടികളുടെ വിനോദത്തിനുതകുന്ന കലകൾ, നാടകം തുടങ്ങിയവ പ്രദർശിപ്പിക്കുവാനുള്ള വേദികളില്ല, അതിനു തയ്യാറാകുന്ന സമിതികളില്ല, അതു സംബന്ധിച്ച പഠനങ്ങളോ പരിശീലനങ്ങളോ നൽകാനുള്ള സംവിധാനങ്ങളില്ല.
6. ഒരു സ്ഥിരം കലാപ്രകടന വേദിയുടെ അഭാവം.
7. ട്രൈബൽ കലാരൂപങ്ങൾ സംബന്ധിച്ച പഠനം നടത്തി അവ പ്രചരിപ്പിക്കാനുള്ള നടപടികളില്ല.
8. കുട്ടികളുടെയും യുവാക്കളുടെയുമിടയിൽ വായനാശീലം കുറഞ്ഞുവരുന്നു.

## സാദ്ധ്യതകൾ

1. നാടകകലകളെ പ്രോത്സാഹിപ്പിക്കുവാൻ ഒരു കലാസാംസ്കാരിക സംഘടനയ്ക്കു രൂപം നൽകുക.
2. നിലവിലുള്ള കലാസാംസ്കാരിക സംഘങ്ങളെ ഏകോപിപ്പിക്കുവാനും സഹായിക്കുവാനും ഒരു കേന്ദ്രകലാസമിതിക്കു രൂപം കൊടുക്കുക.
3. ടി.എം.വർഗീസ് സ്മാരക വായനശാലാ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുക. അവിടെ സ്ത്രീകൾക്കും, കുട്ടികൾക്കും,

കർഷകർക്കും മറ്റും വെവ്വേറെ പുസ്തക കോണറുകൾ ഏർപ്പെടുത്തുക.

4. കോൽക്കളി, പുള്ളുവൻ പാട്ട്, ചവിട്ടുനാടകം, കാക്കരശി നാടകം തുടങ്ങിയ കലാരൂപങ്ങൾ സംബന്ധിച്ച പഠനം നടത്തി അവയുടെ അഭിവൃദ്ധിക്കുവേണ്ട നടപടി കൈക്കൊള്ളുക. ആ കലാരൂപങ്ങളുടെ പ്രകടനങ്ങളിൽ പ്രാവീണ്യമുള്ളവരെ പുരസ്കാരങ്ങൾ നൽകി അംഗീകരിക്കുക.

5. ആയുർവേദ ഔഷധച്ചെടികളും അപൂർവ്വമായ സസ്യങ്ങളും നട്ടുവളർത്തുന്ന ഒരു പാർക്ക് ആശ്രാമത്തു സ്ഥാപിക്കുക.

6. കൊച്ചുപിലാംമൂട് കടപ്പുറത്തുള്ള പാർക്ക് മെച്ചപ്പെടുത്തി മുമ്പത്തെപ്പോലെ ഒരു ഡീയർപാർക്കാക്കി വികസിപ്പിക്കുക. അവിടെ ശില്പങ്ങളും ഒരു ടെക്നോളിക്കൽ മ്യൂസിയവും സ്ഥാപിക്കുക.

7. നഗരത്തിൽ സൗജന്യമായി പ്രവേശനമനുവദിക്കുന്ന ഒരു സ്ഥിരം കലാപ്രകടനകേന്ദ്രം സ്ഥാപിക്കുക. ഇവിടെ നാടൻ കലാരൂപങ്ങൾ, പ്രാദേശിക കലകൾ തുടങ്ങിയവ പ്രദർശിപ്പിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

8. നഗരത്തിൽ പ്രവർത്തിക്കുന്ന സമാനസ്വഭാവമുള്ള കലാസമിതികൾ സഹകരിച്ച് ഇൻഡ്യയിലെ വിവിധ പ്രദേശത്തെ കലാരൂപങ്ങൾ പ്രദർശിപ്പിക്കുകയും അതു കുറഞ്ഞ ചെലവിൽ കണ്ടാസ്വദിക്കുവാനുള്ള സൗകര്യമുണ്ടാക്കുകയും ചെയ്യുക.

9. നഗരത്തിലെ വിദ്യാലയങ്ങളെയും ഗ്രന്ഥശാലകളെയും സംയോജിപ്പിച്ചു കൊണ്ട് വായനയെ സംബന്ധിച്ച ക്ലാസുകൾ സംഘടിപ്പിക്കുക. റീഡേഴ്സ് ക്ലബുകൾ രൂപീകരിച്ച് മത്സരം സംഘടിപ്പിച്ച് അർഹരായവരെ തെരഞ്ഞെടുത്തു സമ്മാനങ്ങൾ നൽകുക.

10. ടി.വി.ക്ലബുകൾ, റേഡിയോ ക്ലബുകൾ എന്നിവ സംഘടിപ്പിച്ച് ടി.വി. റേഡിയോ പരിപാടികളുടെ ഗുണദോഷങ്ങളെ സംബന്ധിച്ചു ചർച്ച ചെയ്യുകയും നല്ല പരിപാടികളോടുള്ള ആഭിമുഖ്യം വളർത്താനുതകുന്ന ബോധവൽക്കരണപരിപാടി സംഘടിപ്പിക്കുകയും ചെയ്യുക.

11. നഗരത്തിൽ പ്രവർത്തിക്കുന്ന ഫിലിം ക്ലബുകൾ സഹകരിക്കാനുള്ള വേദിയുണ്ടാക്കുകയും അവയുടെ ആഭിമുഖ്യത്തിൽ ഒരാഴ്ചയിൽ ഒന്നെന്ന ക്രമത്തിലെങ്കിലും അന്തർദേശീയ നിലവാരമുള്ള ചിത്രങ്ങൾ പ്രദർശിപ്പിക്കുയും ചെയ്യുക.

12. നഗരത്തിലെ പ്രധാന ഗ്രന്ഥശാലകളിൽ വച്ച് തെരഞ്ഞെടുക്കുന്ന പുസ്തകങ്ങൾ, ചലച്ചിത്രങ്ങൾ, മറ്റു ദൃശ്യശ്രവ്യകലാരൂപങ്ങൾ എന്നിവയെ സംബന്ധിച്ചു മാസത്തിലൊരിക്കലെങ്കിലും ചർച്ച സംഘടിപ്പിക്കുക.

## കായികരംഗം

കേരളത്തിന്റെ കായിക ഭൂപടത്തിൽ സുപ്രധാനമായ സ്ഥാനമാണ് കൊല്ലത്തിനുള്ളത്. എടുത്തു പറയത്തക്ക പല നേട്ടങ്ങളും കൈവരിക്കുകയും അഭികാമ്യമായ കായിക സംസ്കാരം ജനങ്ങളിലെത്തിക്കുകയും ചെയ്ത പല കായിക സംഘടനകളുടെയും പ്രവർത്തനങ്ങൾ കൊണ്ട് ധന്യമാക്കപ്പെട്ട കായിക പാരമ്പര്യവും കൊല്ലം നഗരത്തിന് അവകാശപ്പെടാം.

ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള ഒട്ടനവധി കായിക താരങ്ങളെ സംഭാവന ചെയ്യാൻ കൊല്ലത്തിനു കഴിഞ്ഞിട്ടുണ്ട്. ഒളിമ്പ്യൻ റ്റി.സി.യോഹന്നാൻ, എം.ബി.സുരേഷ് ബാബു, റെയിൽവേയിലെ കെ.രഘുനാഥൻ തുടങ്ങിയവർ കൊല്ലത്തിന്റെ അഭിമാനമാണ്. കഴിഞ്ഞ 75 വർഷമായി കായികരംഗത്തിന്റെ പ്രവർത്തനങ്ങളിൽ നിർണ്ണായക സംഭാവനകൾ നൽകിയിട്ടുള്ള ക്വയിലോൺ അത്‌ലറ്റിക് ക്ലബ്, കെ.എൻ.ഭാസ്ക്കരൻ നായർ, കെ.എൻ.കരുണാകരൻ നായർ, കിരി ദാമോദരൻ, എറൽഡി ക്ലാസ്സ്, ജാനി സ്പിങ്ക്സ്, ഏവീസ് പീറ്റേഴ്സ്, എൽ.രാധ, എൽ.എസ്ഥാ, ഇന്ദ്രപാലൻ, തോമസ്സ് ആന്റണി, എം.എ.അസീസ്, സുലൈമാൻ, കെ.കെ.ഗോപാലകൃഷ്ണൻ തുടങ്ങി ദേശീയ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള താരങ്ങൾക്ക് പ്രോത്സാഹനം നൽകി വളർത്തുന്നതിന് നേതൃത്വം നൽകിയിട്ടുള്ള കായികസംഘടനയാണ്. ഈ കാലയളവിൽ തന്നെ ഫാത്തിമാമാതാ നാഷണൽ കോളേജിലെ സുരേഷ്ബാബു, എം.സി.സത്യാനന്ദൻ, എൻ.രാധ, ശ്യാംകുമാർ തുടങ്ങിയവർ അന്തർദ്ദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ചവരാണ്. ശ്രീനാരായണ വനിതാ കോളേജ്, മജ്‌ലീസ് ക്ലബ്, കടപ്പാക്കട സ്പോർട്സ് ക്ലബ്, രാമവർമ്മ ക്ലബ് എന്നീ സ്ഥാപനങ്ങൾ കായിക രംഗത്തിന് വിലപ്പെട്ട സംഭാവനകളാണ് നൽകിയിട്ടുള്ളത്. ബാൾ ബാറ്റ്മിന്റണിൽ കൊല്ലം ഉന്നതനിലവാരം പുലർത്തുന്നു. ഈ രംഗത്തെ പ്രഗത്ഭനായ സത്താർകുഞ്ഞ് കൊല്ലത്തിന്റെ സംഭാവനയാണ്.

12 വർഷക്കാലം കേരള ഫുട്ബാൾ അസോസിയേഷന്റെ ആസ്ഥാനം കൊല്ലം അത്‌ലറ്റിക് ക്ലബ് ആയിരുന്നു എന്നുള്ളത് പ്രത്യേകം പ്രസ്താവ്യമാണ്. സന്തോഷ് ട്രോഫി ദേശീയ ഫുട്ബാൾ ചാമ്പ്യൻ ഷിപ്പ്, ദേശീയ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ്, ഗുസ്തി, ബോക്സിംഗ്, ഹാൻഡ് ബോൾ തുടങ്ങിയ ദേശീയ മത്സരങ്ങൾ കൊല്ലത്ത് സംഘടിപ്പിക്കുന്നതിന് ശ്രീ.കെ.തങ്കപ്പനും, കെ.എസ്.പീറ്ററും സമർത്ഥമായ നേതൃത്വം നൽകി. ഇവ സംഘടിപ്പിക്കുന്നതിൽ കൊല്ലം അത്‌ലറ്റ്ക്സ് ക്ലബിന്റെയും പനം പുന്ന ജോൺ അലക്സാണ്ടറിന്റെയും സേവനം വിലപ്പെട്ടതായിരുന്നു.

ഇന്റർ കോളെജിയേറ്റ് മത്സരങ്ങളിലും സംസ്ഥാന സ്കൂൾ കായിക മത്സരങ്ങളിലും കൊല്ലം അതിന്റെ ആധിപത്യം തുടർച്ചയായി നിലനിർത്തിയിരുന്നു.

തെക്കേ ഇന്ത്യയിലെ വലിപ്പമുള്ള സ്റ്റേഡിയങ്ങളിലൊന്നാണ് ലാൽ ബഹദൂർ സ്റ്റേഡിയം. ഇതിനോടനുബന്ധിച്ചുള്ള സ്റ്റേഡിയം പവലിയൻ കായിക രംഗത്തിന്റെ വളർച്ചയ്ക്ക് എത്രയും വേഗം നിർമ്മിക്കുക. ഇൻഡോർ സ്റ്റേഡിയവും സ്വിമ്മിംഗ് പൂളും അടിയന്തിര പ്രാധാന്യം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുക.

കേരളത്തിൽ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള മൂന്ന് പരിശീലന കേന്ദ്രങ്ങളിൽ ഒരെണ്ണം സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ആഭിമുഖ്യത്തിൽ കൊല്ലം ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ കേരളാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പെൺകുട്ടികൾക്കു വേണ്ടിയുള്ള ഒരു ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്. നാല്പതു ലക്ഷം രൂപാ ചെല

വിൽ ഒരു കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്റ്റലിന്റെ നിർമ്മാണം താമസിയാതെ തുടങ്ങുവാനുള്ള നടപടിയും സ്വീകരിച്ചു വരുന്നുണ്ട്.

കേരളാ സ്പോർട്ട്സ് കൗൺസിലിന്റെ ജില്ലാ ഘടകമായ ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ 35 സ്പോർട്ട്സ് സംഘടനകൾ അംഗങ്ങളാണ്. ഫലപ്രദമായി പ്രവർത്തിക്കുന്ന ജില്ലാ സ്പോർട്ട്സ് കൗൺസിൽ കൊല്ലത്തിന്റെ കായികരംഗത്തിൽ ഒരു വലിയ മുതൽകൂട്ടാണ്.

സ്പോർട്ട്സ് രംഗത്തിന്റെ അഭിവൃദ്ധിക്കു വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണ്.

1. സ്കൂളുകളിൽ കായിക പരിശീലനം നിർബന്ധിത പാഠ്യവിഷയമാക്കുക.

2. കോളേജുകളിലെ കായിക പരിശീലന പരിപാടികൾ ഫലപ്രദമായി പുനഃസംവിധാനം ചെയ്ത് നടപ്പാക്കുക.

3. സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. ലാൽ ബഹദൂർ സ്റ്റേഡിയത്തിൽ ലഭ്യമായ സൗകര്യങ്ങൾ ഫലപ്രദമായി ക്രമപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് കൃത്യമായും ചിട്ടയായും വിദഗ്ദ്ധ പരിശീലനം ഉറപ്പുവരുത്തുക.

5. പരിശീലികരുടെ സേവനം മെച്ചപ്പെടുത്തുകയും റിസൾട്ട് ഓറിയന്റഡ് ആയിട്ടുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

6. കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടെ സ്റ്റേഡിയം പവലിയൻ ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, ബാസ്ക്കറ്റ് ബോൾ കോർട്ടുകൾ മുതലായവ നിർമ്മിക്കുക.

7. കായിക താരങ്ങൾക്ക് കൂടുതൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

8. പ്രൈമറി സ്കൂളുകൾ ഉൾപ്പടെ എല്ലാ സ്കൂളുകളിലും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരെ നിയമിക്കുക.

9. എല്ലാ വാർഡുകളിലും സ്പോർട്ട്സ് ക്ലബ്ബുകൾ തുടങ്ങുകയും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുക.



**നന്മയിലൂടെ സമൃദ്ധിയിലേക്ക്**

**ഒരു ഹരിതസ്വപ്നം**

**വൃക്ഷങ്ങളെ സ്നേഹിയ്ക്കുക**

**അത് രാജ്യത്തിന്റെ സമ്പത്താണ്.**

## 6.9

# വനിതാ ക്ഷേമം

കേരള വികസന പ്രക്രിയയുടെ പ്രധാന ദൗർബല്യങ്ങളിലൊന്നായ നാനാ രംഗത്തുമുള്ള കുറഞ്ഞ സ്ത്രീ പങ്കാളിത്തം, അവരുടെ സാമൂഹിക പുരോഗതിക്കും പദവിക്കുമെതിരായി നിൽക്കുന്ന സുപ്രധാന ഘടകമാണ്. കൊല്ലം മുനിസിപ്പാലിറ്റിയുടെ സ്ഥിതിയും ഇക്കാര്യത്തിൽ വ്യത്യസ്തമല്ല. കേരളത്തിലെ മൊത്തം ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ മുന്നിലൊന്നാണ്. കൊല്ലം മുനിസിപ്പാലിറ്റിയിൽ 1981 സെൻസസ് പ്രകാരം 1000 പുരുഷന്മാർക്ക് 1012 സ്ത്രീകളുണ്ടായിരുന്നെങ്കിൽ 1991 - ൽ അത് 1017 ആയിരിക്കുന്നു. [50.4%] സാക്ഷരതയുടെ കാര്യത്തിലും സ്ത്രീകൾ പുരുഷന്മാരേക്കാൾ പിന്നിലാണ്. സാക്ഷരതാനിരക്ക് പുരുഷന്മാരുടേത് 82- ഉം സ്ത്രീകളുടേത് 79 ശതമാനവുമാണ്.

ജനസംഖ്യയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് മുന്നിലെങ്കിലും മറ്റെല്ലാ കാര്യങ്ങളിലും അവർ പിന്നിലാണെന്നു കാണാം. അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ജനങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലാത്തവർ സ്ത്രീകൾതന്നെയാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് വർഷംതോറും കുറഞ്ഞുകൊണ്ടിരിക്കുന്നതായും കാണാം. സർക്കാർ സർവ്വീസിലും പരമ്പരാഗത കുടിൽവ്യവസായ മേഖലയിലും സ്വകാര്യ സ്ഥാപനങ്ങളിലും ജോലിചെയ്യുന്നവരാണധികവും. കയർ, കൈത്തറി, കശുവണ്ടി, തീപ്പെട്ടി നിർമ്മാണം, സോപ്പ്, സ്വകാര്യ ആശുപത്രികൾ, മത്സ്യ വിപണനം, സംസ്ക്കരണം എന്നീ മേഖലകളിലാണ് മുനിസിപ്പൽ പ്രദേശത്ത് കൂടുതൽ സ്ത്രീകളും പണിയെടുക്കുന്നത്, തൊഴിൽ ദിനങ്ങളും പുതിയ തൊഴിൽ അവസരങ്ങളും ഇവിടെയെല്ലാം ദിനംപ്രതി കുറഞ്ഞു വരുന്നു. കർഷ കത്തൊഴിലാളികളായ സ്ത്രീകളുടെ എണ്ണം പരിമിതമാണ്. കെട്ടിടനിർമ്മാണം, റോഡുപണി, പാറപ്പണി തുടങ്ങിയ ഏറെ ആയാസകരമായ ജോലികളിൽ ഏർപ്പെടുന്നവരും ഉണ്ട്. തൊഴിൽപരമായ വിവേചനവും, വേതനക്കുറവും, ചൂഷണവും പല രംഗത്തുമുണ്ട്. അലക്കു തൊഴിലിലേർപ്പെട്ട കുടുംബങ്ങളും മുനിസിപ്പാലിറ്റിക്കുള്ളിലുണ്ട്. വിദേശത്ത് ജോലി സമ്പാദിച്ചവർ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ ചെറു ന്യൂനപക്ഷമാണ്. അഭ്യസ്തവിദ്യരായ സ്ത്രീകൾ കൂടുതലായി പണിയെടുത്തിരുന്ന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും സേവനരംഗത്തുമെല്ലാം തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നത് സ്ത്രീകളുടെ തൊഴിലില്ലായ്മ വർദ്ധിക്കാനിടയാകുന്നു. പരമ്പരാഗത മേഖലയിലും ഈ സ്ഥി

| | ആകെ | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|---|
| ജനസംഖ്യ | 1,39,852 | 70512 | 69340 |
| തൊഴിലാളികൾ | 38,849 | 9455 | 29394 |
| കർഷകർ | 207 | 22 | 185 |
| കർഷകത്തൊഴിലാളികൾ | 644 | 34 | 610 |
| മൃഗസംരക്ഷണം | 3918 | 96 | 3822 |
| ക്വാറി | 52 | 5 | 47 |
| ഉല്പാദനം,സംസ്കരണം,സർവ്വീസ് | 407 | 141 | 266 |
| നിർമ്മണം | 2142 | 64 | 2078 |
| വ്യാപാരം, വ്യവസായം | 9625 | 1184 | 8441 |
| മറ്റുസേവനങ്ങൾ | 9566 | 4166 | 5435 |
| മറ്റുള്ളവ | 6808 | 1520 | 5288 |
| ഗതാഗതം-സംഭരണം etc. | 4472 | 218 | 4254 |

**ജനസംഖ്യയൽ ഒഴിച്ച് എല്ലാ മേഖലകളിലും സ്ത്രീകൾ ഏറെപ്പിന്നിലാണെന്ന് കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു.**

തിക്ക് മാറ്റമില്ല. യാതൊരു വരുമാനമാർഗ്ഗവുമില്ലാതെ, ആവർത്തനവിരസവും കാണാപ്പണികളുമായ വീട്ടുജോലികൾ മാത്രം ചെയ്തു ജീവിക്കുന്ന അഭ്യസ്തവിദ്യരും അല്ലാത്തവരുമായ വളരെയേറെ സ്ത്രീകൾ മുനിസിപ്പാലിറ്റിക്കുള്ളിലുണ്ട്. വനിതാ വികസന കോർപ്പറേഷൻ-ജില്ലാ വ്യവസായ കേന്ദ്രം തുടങ്ങിയ സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി സാമ്പത്തിക ഉൽപ്പാദനപരമായ സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നവർ അഭ്യസ്ഥവിദ്യർക്കിടയിലും കുറവാണ്. റെഡിമെയ്ഡുകൾ, അച്ചാറുകൾ, മെഴുകുതിരി, കുറ്റിമുല്ല കൃഷി, കോഴിവളർത്തൽ തുടങ്ങി പരമ്പരാഗത സ്വയംതൊഴിലുകളിൽ ഏർപ്പെടുന്നവരാണ് അധികവും. സാമ്പത്തികമായി ഉയർന്ന നിലവാരത്തിലുള്ള അപൂർവ്വം കുടുംബിനികളിൽ ചിലർ സ്വന്തം വീട്ടിൽ ഓർക്കിഡ് ആന്തൂറിയം തുടങ്ങിയ വിലകൂടിയ ഇനം പുഷ്പ കൃഷിയിലേർപ്പെട്ട് ആദായമുണ്ടാക്കുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ രംഗത്തും സംഘടനാരംഗത്തും, തൊഴിലാളി-മഹിളാ പ്രസ്ഥാനങ്ങളിലും വളരെ സജീവമായി പ്രവർത്തിക്കുന്ന സ്ത്രീകൾ ധാരാളം ഉണ്ടെങ്കിലും എണ്ണത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് തീരെക്കുറവാണ്. അതിൽത്തന്നെ പതിവുജോലികൾ നിർവ്വഹിക്കപ്പെടുന്നവരല്ലാതെ നേതൃത്വപരമായ പങ്കുവഹിക്കുന്നവർ വിരലിൽ എണ്ണാൻ മാത്രമേയുള്ളു. ആത്മവിശ്വാസക്കുറവോ, ഉത്തരവാദിത്വങ്ങൾ സ്ത്രീകളെ ഏൽപ്പിക്കുവാനുള്ള പുരുഷന്മാരുടെ മടിയോ ഇതിനു കാരണമാകാം. താഴെ ചേർത്തിട്ടുള്ള പട്ടിക മുനിസിപ്പാലിറ്റിയിലെ സ്ത്രീ-പുരുഷ എണ്ണവും അവരുടെ തൊഴിൽ പങ്കാളിത്ത സ്ഥിതിയും സൂചിപ്പിക്കുന്നു.

കൊല്ലം മുനിസിപ്പാലിറ്റിയിൽ 26713 കുടുംബങ്ങളുള്ളതിൽ 6107 എണ്ണം[23%] ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. പാർപ്പിടം കുടിവെള്ളം, കക്കൂസ് സംവിധാനം, വൈദ്യുതി, ആരോഗ്യസംരക്ഷണം, ഗതാഗതസൗകര്യം, പരിസരശുചിത്വ സംവിധാനം, തൊഴിൽ എന്നിവ മഹാഭൂരിപക്ഷം പാവപ്പെട്ട കുടുംബ

ങ്ങൾക്കും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളാണിന്നും. പട്ടയം കിട്ടാതെ പുറംപോക്കിൽ താമസിക്കുന്ന കുടുംബങ്ങളുമുണ്ട്. നഗരാധിഷ്ഠിത പരിപോഷിത പോഷണ പരിപാടി [U. S. N. P. ] നഗരാധിഷ്ഠിത സേവന പരിപാടി [U. B. S. P], നെഹ്റു റോസ്ഗാർ യോജന തുടങ്ങിയ സർക്കാർ സംവിധാനങ്ങളെക്കുറിച്ച് വ്യക്തമായ അറിവും ധാരണകളും പല സ്ത്രീകൾക്കുമില്ല. ഒട്ടേറെ സാമൂഹ്യ ക്ഷേമ പരിപാടികൾക്കു വേദിയാകേണ്ട 49 അംഗനവാടികൾ നഗരത്തിലുള്ളതിൽ പലതിനും സ്വന്തമായി കെട്ടിടമോ ആവശ്യമായ പ്രവർത്തന സൗകര്യങ്ങളോ ഇന്നില്ല. വനിതകൾ കൂടുതലായി ജോലിചെയ്യുന്ന സ്ഥാപനങ്ങളോടനുബന്ധിച്ചോ, സമീപത്തോ ക്രഷ് [തൊട്ടിൽപുര], ഡേ കെയർ സെൻററുകൾ എന്നിവയുടെ സൗകര്യവും തീരെ അപര്യാപ്തമാണ്.

ആയുർദൈർഘ്യത്തിൻെറ കാര്യത്തിൽ പുരുഷൻമാരേക്കാൾ മുന്നിൽ സ്ത്രീകളാണെങ്കിലും രോഗങ്ങൾ കൂടുതലായിക്കാണുന്നത് അവരിലാണ്. വിളർച്ച, പോഷണക്കുറവ്, സാംക്രമിക രോഗങ്ങൾ മറ്റു തൊഴിൽജന്യരോഗങ്ങൾ എന്നിവ പാവപ്പെട്ട കുടുംബങ്ങളിലെ സ്ത്രീകൾക്കും കുട്ടികൾക്കും സർവ്വസാധാരണമാണ്. മുനിസിപ്പാലിറ്റിയിൽ ഇന്നുള്ള സർക്കാർ ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളും പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കി, പാവപ്പെട്ട ജനവിഭാഗങ്ങൾക്കുകൂടി കാര്യമായ പരിഗണന നൽകിയാൽ "കാശുള്ളവനു" മാത്രം ചികിത്സയും ആരോഗ്യവും എന്ന ഇന്നത്തെ സ്ഥിതി മാറ്റിയെടുക്കാൻ കഴിയും.

പുകവലി, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീധനപീഠനങ്ങൾ, പെൺകുഞ്ഞുങ്ങളോടുള്ള ക്രൂരത, ലൈംഗിക പീഠനം, പെൺ വാണിഭം, നീലച്ചിത്ര നിർമ്മാണം തുടങ്ങി സാമൂഹികവും സാംസ്ക്കാരികവുമായ അധഃപ്പതനത്തിൻെറ ഇരകൾ കൂടുതലും സ്ത്രീകളാണ്. മതമൗലികവാദം, മതപരമായ അനാചാരങ്ങൾ എന്നിവയുടെ ദോഷഫലങ്ങൾക്കും വിധേയരാകുന്നതും അവർ തന്നെ. ടി. വി. സിനിമ തുടങ്ങിയ മാദ്ധ്യമങ്ങളുടെ അതിപ്രസരവും അമിത സ്വാധീനവും ഇന്നത്തെ തലമുറയെ ദോഷകരമായി ബാധിക്കുന്നു.

*പ്രശ്നങ്ങൾ.*

1. സ്ത്രീകൾ അസംഘടിതരായതുകൊണ്ട് അവർക്കുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാനും നടപ്പിലാക്കാനും താല്പര്യം കുറയുന്നു.
2. തൊഴിൽരംഗത്ത് പലവിധ വിവേചനങ്ങൾ നിലനില്ക്കുന്നു.
3. തുല്യജോലിക്ക് തുല്യവേതനം നിഷേധിക്കപ്പെടുന്നു.
4. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ മൂർത്തമായ പരിപാടികൾ ഒന്നുമില്ല.
5. സ്ത്രീകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കാൻ സംഘടിത ശ്രമം നടക്കുന്നില്ല.
6. സ്വയംതൊഴിൽ പരിശീലന ബോധവൽക്കരണ പരിപാടികൾ വേണ്ടത്രയില്ല.
7. വനിതാ സഹകരണസംഘങ്ങൾ തീരെക്കുറവാണ്.
8. വനിതകൾക്കു പ്രത്യേകമായി കാർഷിക - വ്യവസായിക ഉത്പാദന വിപണന കേന്ദ്രങ്ങളില്ല.
9. വനിതാക്ഷേമ പ്രവർത്തനങ്ങളിൽ പോരായ്മയുണ്ട്.
10. DWCRA, USNP, UBSPഎന്നിവയുടെ പ്രവർത്തനത്തിൽ കൂടുതൽ സ്ത്രീകൾ വരാത്തതിൻെറ കുറവുണ്ട്.
11. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഒരുരംഗത്തുമില്ല.
12. കാര്യപ്രാപ്തിയും നേതൃത്വ പാടവവും വർദ്ധിപ്പിക്കാൻ പരിശീലന ബോധവൽക്കരണ പരിപാടികൾ കാര്യമായില്ല.
13. മഹിളാ സമാജങ്ങൾ അംഗനവാടികൾ എന്നിവയുടെ പ്രവർത്തനം പ്രാധാന്യമനുസരിച്ച് ഉയർന്നിട്ടില്ല.
14. പാർപ്പിടം, കുടിവെള്ളം, ദാരിദ്ര്യം, സാനിട്ടേഷൻ എന്നീ പ്രധാന പ്രശ്നങ്ങൾക്കു പരിഹാര മാർഗ്ഗങ്ങൾ ഫലപ്രദമായില്ല.
15. മദ്യം, മയക്കുമരുന്ന്, സ്ത്രീധനം, സ്ത്രീധനപീഠനം, വർദ്ധിച്ചുവരുന്ന ലൈംഗിക ആക്രമണം, പെൺവാണിഭങ്ങൾ നീലച്ചിത്രനിർമ്മാണം എന്നീ സാമൂഹ്യ പ്രശ്നങ്ങൾ ഗുരുതരമായി നിലനിൽക്കുന്നു.
16. സ്ത്രീകളെ വിൽപ്പനച്ചരക്കായി ചിത്രീകരിക്കുന്ന വികൃതമാധ്യമസംസ്ക്കാരം കൂടുതൽ വഷളായിവരുന്നു.
17. ഗൃഹഭരണം, പാചകം, കുടുംബപരമായ ഉത്തരവാദിത്വങ്ങൾ എന്നീ കെട്ടുപാടുകളിൽനിന്നും മോചനമില്ല.
18. ആത്മവിശ്വാസവും കഴിവും വളർത്തിയെടുത്ത് പുരുഷനൊപ്പം വളർത്തിയെടുക്കാൻ ബോധപൂർവ്വമായ സാമൂഹിക ശ്രമങ്ങളില്ല..
19. അഗതികൾ, അശരണർ, വൃദ്ധർ എന്നിവർക്ക് സംരക്ഷണ സംവിധാനങ്ങളില്ല.

20. മത്സ്യമേഖലയിലെ സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ സാമൂഹ്യക്ഷേമപ്രവർത്തനങ്ങളിൽ പോരായ്മയുണ്ട്.

21. വനിതകൾ നാഥകളായ കുടുംബങ്ങൾക്ക് ആവശ്യമായ പരിഗണനയില്ല.

22. പൊതുസ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്ത്രീകൾക്കു വേണ്ടത്ര പ്രാഥമിക ആവശ്യ സൗകര്യങ്ങളില്ല.

23. സാമ്പത്തിക ചൂഷണം, ഇടത്തട്ട് സ്വാധീനം, മൂലധനമില്ലായ്മ എന്നീ പ്രശ്നങ്ങൾക്കു വനിതകൾക്കു പ്രത്യേകമായുള്ള ലോൺ വ്യവസ്ഥകൾ, പരസ്പര സഹായസംഘങ്ങൾ, റിവോൾവിങ് ഫണ്ടുകൾ എന്നിവ ആവശ്യാനുസരണമില്ല.

24. യാതൊരു സാമ്പത്തിക വരുമാനവുമില്ലാത്ത കുടുംബിനികൾ അടക്കമുള്ള വനിതകൾക്കായി ഇൻഷ്വറൻസ്-ക്ഷേമ പദ്ധതികൾ നിലവിലില്ല.

25. ഭരണഘടനാദത്തമായും, നിയമപരമായും നിലനിൽക്കുന്ന സംരക്ഷണംപോലും ഉറപ്പാക്കപ്പെടുന്നില്ല.

26. സർക്കാർ-സ്വകാര്യ വാഹനയാത്രയിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ അനുവദിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾപോലും നിഷേധിക്കപ്പെടുന്നു.

27. സംസ്ഥാന വനിതാ കോർപ്പറേഷന് ജില്ലാതല ഭരണസംവിധാന സൗകര്യങ്ങളില്ല.

### *സാദ്ധ്യതകൾ*

1. ജനകീയ ആസൂത്രണത്തിലൂടെയുള്ള വികസന പ്രക്രിയയിൽ നിർദ്ദേശിക്കപ്പെട്ട സ്ത്രീ പങ്കാളിത്തം പൂർണ്ണമായും ഉറപ്പാക്കണം.

2. മുനിസിപ്പൽ തലത്തിലും വാർഡുതലത്തിലും സ്ത്രീകളുടെ സംഘാടനവും സമിതികളും രൂപവൽക്കരിക്കണം.

3. കാർഷിക-വ്യാവസായിക-ക്ഷേമമേഖലകളിൽ സാമ്പത്തിക ഉൽപ്പാദനപരമായ സജീവ പങ്കാളിത്തം

4. ഓരോ മേഖലയിലും സ്ത്രീ-തൊഴിലവസരങ്ങൾക്ക് മുൻഗണനയും പ്രാമുഖ്യവും ഉറപ്പാക്കൽ.

5. സ്വയംതൊഴിൽ പരിശീലനവും ബോധവൽക്കരണവും വഴി തൊഴിൽ സംരംഭങ്ങൾ സംഘടിതമായി രൂപപ്പെടണം.

6. കുടുംബവരുമാനത്തിനുതകുന്ന അനുയോജ്യ കാർഷിക - മൃഗപരിപാലന - ചെറുകിട വ്യവസായ സംരംഭങ്ങൾ തനതായും കൂട്ടായും ആവിഷ്ക്കരിക്കൽ.

7. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ വ്യാപനം. ഉദാഹരണം; തയ്യൽ, കംപ്യൂട്ടർ, ഭക്ഷ്യ സംസ്ക്കരണം, ഡയറി യൂണിറ്റ്, മത്സ്യ സംസ്ക്കരണം-വിപണനയൂണിറ്റുകൾ എന്നിവ.

8. അംഗനവാടികൾ ശക്തമാക്കി - സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്ത്വ - ക്ഷേമ കേന്ദ്രമായി മാറ്റിയെടുക്കൽ.

9. നേതൃത്വ പരിശീലനവും - ബോധവൽക്കരണ പരിപാടികളും മുനിസിപ്പൽ വാർഡ് ഭരണസമിതികളുടെ ആഭിമുഖ്യത്തിൽ.

10. സ്ത്രീ നാഥകളായ കുടുംബങ്ങൾക്കു പ്രത്യേക പരിഗണന.

11. വിവാഹാദി പരിപാടികളിലെ ആർഭാടം കുറയ്ക്കൽ.

12. തീരെ പാവപ്പെട്ടവർക്കുവേണ്ടിയുള്ള വിവാഹ ഫണ്ടുകൾ.

13. അഗതി - അശരണ - വൃദ്ധസദനങ്ങൾ.

14. പൊതുസ്ഥലങ്ങൾ - സ്ഥാപനങ്ങൾ എന്നിവയിൽ പ്രാഥമിക ആവശ്യ സൗകര്യങ്ങൾ.

15. വനിതാ സഹകരണസംഘങ്ങൾ വാർഡുതലത്തിൽ.

16. വനിതാ വികസന ജില്ലാ സമിതി രൂപീകരണം.

17. കുറഞ്ഞ പലിശ നിരക്കിൽ സ്ഥിരം വനിതാ സഹായ ഫണ്ടുകൾ ആവിഷ്ക്കരിക്കൽ.

18. മത്സ്യ വിപണന തൊഴിലാളി സ്ത്രീകൾക്ക് പ്രത്യേക ഗതാഗത സൗകര്യങ്ങൾ.

19. പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് നൽകൽ.

20. മാധ്യമ - അതിപ്രസര നിയന്ത്രണം.

21. പ്രാദേശിക - ജില്ലാതല പൊതു വിപണനകേന്ദ്രങ്ങൾ.

22. വിവിധ വനിതാ വികസന സമിതികൾ ഏകോപിപ്പിക്കലും യോജിച്ച പ്രവർത്തനവും.

# 6.10

# സഹകരണം

തിരുവിതാംകൂറിലെ സഹകരണപ്രസ്ഥാനത്തിൻെറ ആരംഭകാലം മുതൽക്കുതന്നെ കൊല്ലം നഗരത്തിൽ സഹകരണസംഘങ്ങൾ സ്ഥാപിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്. കൊല്ലം നഗരത്തിൽ ആകെ 95 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നണ്ടെന്നുള്ള വസ്തുത തെളിയിക്കുന്നത് സഹകരണ പ്രസ്ഥാനം നഗരവാസികളിലെ സർവ്വതോൻമുഖമായ അഭിവൃദ്ധിക്ക് നിസ്സാരമല്ലാത്ത പങ്ക് വഹിക്കുന്നുണ്ടെന്നുള്ളതാണ്. നഗരത്തിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സംഘങ്ങളുടെ കണക്ക് താഴെ ചേർക്കുന്നു.

| ക്രമനമ്പർ | വിഭാഗം | എണ്ണം |
|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക് | 1 |
| 2 | ഭൂവികസന ബാങ്ക് | 1 |
| 3 | അർബൻ ബാങ്ക് | 2 |
| 4 | സർവ്വീസ് സഹകരണബാങ്ക് | 4 |
| 5 | പട്ടിക ജാതി സഹകരണസംഘം | 2 |
| 6 | എംപ്ലോയിസ്. സഹകരണസംഘം | 17 |
| 7 | മാർക്കറ്റിംഗ് | 1 |
| 8 | കൺസ്യൂമർ | 12 |
| 9 | സ്ക്കൂൾ സഹകരണസംഘങ്ങൾ | 12 |
| 10 | ഹൗസിംഗ് | 6 |
| 11 | ലേബർ കോൺട്രാക്ട് | 13 |
| 12 | ട്രാൻസ്പോർട്ട് | 5 |
| 13 | വനിത | 2 |
| 14 | ആട്ടോറിക്ഷ | 2 |
| 15 | ഹോസ്പിറ്റൽ | 2 |
| 16 | സാഹിത്യസേവ | 1 |
| 17 | ടാക്സി ഡ്രൈവേഴ്സ് | 1 |
| 18 | കാൻറീൻ | 1 |
| 19 | പലവക | 9 |
| | ആകെ | 94 |

[സഹകരണസംഘങ്ങളുടെ പേരും രജിസ്റ്റർ ചെയ്തിട്ടുള്ള തീയതിയും കാണിക്കുന്ന പട്ടിക ഇതോടൊപ്പം ചേർത്തിരിക്കുന്നത് നോക്കുക.]

മുകളിൽപ്പറഞ്ഞിട്ടുള്ളവ കൂടാതെ ഏതാനും ഫിഷറീസ് സഹകരണസംഘങ്ങളും, വ്യവസായ

സഹകരണസംഘങ്ങളും നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനത്തെപ്പറ്റിയുള്ള വിശദാംശങ്ങൾ മത്സ്യബന്ധനം, വ്യവസായം എന്നീ ശീർഷകങ്ങളിൽ ചേർത്തിട്ടുണ്ട്.

### ജില്ലാ സഹകരണ ബാങ്ക്

ജില്ലാ സഹകരണബാങ്കിന്റെ പ്രവർത്തന ഉദ്ദേശം പ്രാഥമിക സഹകരണസംഘങ്ങൾക്ക് സാമ്പത്തികവും അല്ലാതെയുമുള്ള സഹായസഹകരണങ്ങൾ നൽകി സഹകരണപ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തുക എന്നുള്ളതാണ്. 1959 ഓഗസ്റ്റ് 1-ന് പ്രവർത്തനം ആരംഭിച്ച കൊല്ലംജില്ലാ സഹകരണ ബാങ്കിന്റെ മൂന്നു ശാഖകൾ കൊല്ലം നഗരത്തിൽ പ്രവർത്തിച്ചുവരുന്നു. ജില്ലാ ബാങ്കിന്റെ നയങ്ങളിൽ വരുത്തിയ മാറ്റങ്ങൾകൊണ്ട് അടുത്തകാലത്തായി വ്യക്തികൾക്കും ഭവനവായ്പകൾ, ഗൃഹോപകരണവായ്പകൾ തുടങ്ങിയവ കിട്ടിത്തുടങ്ങിയിട്ടുണ്ട്.

### അർബൻ ബാങ്കുകൾ

കൊല്ലം നഗരത്തിലെ ജനങ്ങൾക്ക് സഹകരണ ബാങ്കിംഗിന്റെ സേവനം അനുഭവവേദ്യമാക്കിതീർക്കുന്നത് നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് അർബൻ ബാങ്കുകൾ മുഖേനയാണ്.

| ബാങ്കിന്റെ പേര് | രജിസ്റ്റർചെയ്ത തീയതി |
|---|---|
| 1 കൊല്ലം സഹകരണ അർബൻ ബാങ്ക് നമ്പർ 960 | 20-11-1095 |
| 2 കൊല്ലം കോസ്റ്റൽ അർബൻ ബാങ്ക്നമ്പർ 3036 | 08-2-1950 |

കൊല്ലം അർബൻ ബാങ്കിന്റെ പ്രവർത്തന പരിധി കൊല്ലം നഗരമാണ്. എന്നാൽ കോസ്റ്റൽ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഇരവിപുരം, മയ്യനാട്, ശക്തികുളങ്ങര, പരവൂർ, തൃക്കടവൂർ പഞ്ചായത്തുകളും കൊല്ലം നഗരത്തിനു പുറമെ ഉൾപ്പെടുത്തിയിട്ടുണ്ട്.

### വായ്പാ വിതരണം

രണ്ടു ബാങ്കുകളും വായ്പാ വിതരണ രംഗത്ത് സ്തുത്യർഹമായ സേവനമാണ് നടത്തിവരുന്നത്. 1995-96 വർഷത്തിൽ ടി ബാങ്കുകൾനൽകിയ വായ്പകളുടെ വിവരം ചുവടെചേർക്കുന്നു.

രൂപ ലക്ഷത്തിൽ

| വായ്പയുടെ പേര് | കൊല്ലം അർബൻ ബാങ്ക് | കോസ്റ്റൽ അർബൻബാങ്ക് |
|---|---|---|
| 1 ഹ്രസ്വകാല വായ്പ | 218.39 | - |
| 2 മദ്ധ്യകാല വായ്പ | 1,044.22 | 5,83,92 |
| 3 ദീർഘകാല വായ്പ | 125.07 | - |
| ആകെ | 1,387.68 | 5,83,92 |

രണ്ടു ബാങ്കുകളുംകൂടി കഴിഞ്ഞ വർഷം വിതരണം ചെയ്ത വായ്പകൾ 1971.60 ലക്ഷം രൂപയാണ്. കോസ്റ്റൽ അർബൻ ബാങ്ക് സാധാരണ വായ്പകൾ, ചെറുകിട വ്യവസായ വായ്പകൾ എന്നിവയ്ക്കു പുറമേ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി താഴെപ്പറയുന്ന പ്രത്യേക ഇനം വായ്പകൾ കൊടുക്കുന്നുണ്ട്

1 വള്ളവും വലയും വാങ്ങുന്നതിന്

2 സ്ത്രീകൾക്ക് മത്സ്യവ്യാപാരത്തിന് 3000 രൂപാവരെ

അർബൻ ബാങ്കിന്റെ പ്രത്യേക വായ്പകളും താഴെപ്പറയുന്നവയാണ്.

1 കൺസ്യൂമർ ലോൺ
2 ഹൗസിംഗ് ലോൺ
3 ട്രാൻസ്പോർട്ട് വെഹിക്കിൾലോൺ
4 കാർഷിക - അനുബന്ധ വായ്പകൾ
5 വിദ്യാഭ്യാസ വായ്പ
6 പട്ടികജാതിക്കാർക്കുള്ള വായ്പ
7 റീട്ടെയിൽ ട്രേഡ് ലോൺ
8 കോട്ടേജ് - സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് ലോൺ

മുകളിൽപ്പറഞ്ഞ വായ്പകളെല്ലാംതന്നെ നഗരത്തിലെ സാധാരണ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നവയാണ്. മാത്രമല്ല രണ്ടു ബാങ്കുകളും പ്രവർത്തിക്കുന്നത് സ്വന്തം ഫണ്ടുപയോഗിച്ചാണ്. ജില്ലാ ബാങ്കിൽ നിന്നോ മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നോ യാതൊരു വായ്പയും എടുത്തിട്ടില്ല.

### പ്രാഥമിക സഹകരണബാങ്കുകൾ

അർബൻ ബാങ്കുകൾക്കുപുറമെ നഗരവാസികളുടെ സാമ്പത്തിക പ്രയാസങ്ങൾക്ക് സഹായ ഹസ്തം

നീട്ടുന്ന മൂന്ന് പ്രാഥമിക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

| | പേര് | പ്രവർത്തനം ആരംഭിച്ച തീയതി |
|---|---|---|
| 1 | പുന്നത്തല സർവ്വീസ് | |
| | സഹകരണ ബാങ്ക് ക്യു 491 | 20-1-1975 |
| 2 | ഉളിയക്കോവിൽ സർവ്വീസ് | |
| | സഹകരണബാങ്ക് ക്യു. 1001 | 5-5-1990 |
| 3 | പട്ടത്താനം സർവ്വീസ് | |
| | സഹകരണ ബാങ്ക് ക്യു. 1145 | 11-8-1993 |

മുണ്ടയ്ക്കൽ സർവ്വീസ്സഹകരണ ബാങ്ക് നമ്പർ ക്യു.1003, 21-2-1980-ൽ രജിസ്റ്റർചെയ്തു പ്രവർത്തനം ആരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പുന്നത്തലസർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഏഴു വാർഡുകളിലും ഉളിയക്കോവിൽസർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം പത്തു വാർഡുകളിലും പട്ടത്താനം സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനം രണ്ടു വാർഡുകളിലും ഒതുങ്ങി നിൽക്കുന്നു.

പ്രാഥമിക സഹകരണബാങ്കുകൾ രൂപീകരിക്കപ്പെട്ടത് കാർഷികമേഖല ശക്തിപ്പെടുത്താൻ വേണ്ടിയാണ്. എന്നാൽ കൊല്ലംനഗരത്തിൽ കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ ലഭ്യത കുറവാണ്. എങ്കിലും മുകളിൽപ്പറഞ്ഞ മൂന്നു ബാങ്കുകളും പലതരം വായ്പകൾ നൽകി നഗരവാസികൾക്ക് പ്രയോജനപ്രദമായ നിലയിൽ പ്രവർത്തിച്ചുവരുന്നു.ടി ബാങ്കുകളുടെ പ്രവർത്തനം പ്രധാനമായും സ്വർണ്ണപ്പണയം, സാധാരണവായ്പ എന്നിവയെ കേന്ദ്രീകരിച്ചാണ് നടക്കുന്നത്. ഉളിയക്കോവിൽ സർവ്വീസ് സഹകരണബാങ്ക് ഒരു കൺസ്യൂമർസ്റ്റോർ ആരംഭിച്ച് മിതമായ നിരക്കിൽ പലചരക്കു സാധനങ്ങളും സ്റ്റേഷനറി സാധനങ്ങളും വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ചിട്ടിയും നടത്തുന്നുണ്ട്. അംഗങ്ങളുടെ ഇടയിൽ മിതവ്യയം ശീലിപ്പിക്കുന്നതിന്റെ ഭാഗമായി ഹോം സേവിംഗ്സ് അക്കൗണ്ട്, സ്വയം വർദ്ധിനി ഡിപ്പോസിറ്റ് എന്നിവ ഉളിയക്കോവിൽ സർവ്വീസ് സഹകരണബാങ്ക് നടപ്പാക്കിയിട്ടുണ്ട്.

ടി മൂന്നു ബാങ്കുകളിലായി കിട്ടിയിട്ടുള്ള നിക്ഷേപങ്ങളുടെ കണക്ക് താഴെപ്പറയും പ്രകാരമാണ്.

രൂപ ലക്ഷത്തിൽ

| | സംഘത്തിന്റെ പേര് | സ്ഥിര നിക്ഷേപം | ഹ്രസ്വകാല നിക്ഷേപം |
|---|---|---|---|
| 1 | പുന്നത്തല സർവ്വീസ് ബാങ്ക് | 127.00 | 31.00 |
| 2 | ഉളിയക്കോവിൽ സർവ്വീസ് ബാങ്ക് | 14.75 | 7.69 |
| 3 | പട്ടത്താനം സർവ്വീസ് ബാങ്ക് | 35.00 | 15.00 |
| | ആകെ | 176.75 | 53.69 |

കൂടുതൽ ഡിപ്പോസിറ്റ് സ്വരൂപിക്കാനും പ്രവർത്തനം വളരെയേറെ മെച്ചപ്പെടുത്താനും ഉള്ള സാദ്ധ്യത മൂന്നു ബാങ്കുകൾക്കുമുണ്ട്. കൂടാതെ ഇപ്പോൾ സർവ്വീസ് സഹകരണബാങ്കിന്റെ സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങൾകൂടി ടി ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുന്നത് നല്ലതാണ്.

## പ്രാഥമിക ഭൂവികസനബാങ്ക്

കൊല്ലം പ്രാഥമികഭൂവികസന ബാങ്ക് രജിസ്റ്റർചെയ്ത [26-1-1900]പ്രവർത്തനം ആരംഭിച്ചിട്ട് ഏകദേശം ഒരു നൂറ്റാണ്ട് കാലമായി.കൊല്ലം ജില്ലയിലെ അനേക സഹസ്രം കൃഷിക്കാർക്ക് ബാങ്കിന്റെ പലതരത്തിലുള്ള ധനസഹായം ലഭിച്ചിട്ടുണ്ട്. എന്നാൽ നഗരത്തിനുള്ളിൽ ബാങ്കിന്റെ പ്രവർത്തനം കൊണ്ട് കാര്യമായ നേട്ടങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. 1995-96 വർഷം ഏഴുപേർക്കായി 2.10 ലക്ഷം രൂപ മാത്രമാണ് കൊല്ലം നഗരത്തിൽ വിതരണം ചെയ്തിട്ടുള്ളത്. നഗരവാസികൾ ഭൂവികസനബാങ്കിന്റെ പ്രവർത്തനങ്ങളുമായി വേണ്ടവിധത്തിൽ ബന്ധപ്പെടുന്നില്ലായെന്നുള്ളതാണ് ഇതു കാണിക്കുന്നത്. ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പ, ചെറുകിട ചരക്കു വണ്ടികൾ വാങ്ങുന്നതിനുള്ള വായ്പ,സംയോജിത ചെറുകിടവ്യവസായ വായ്പാ പദ്ധതികളാണ്, ഭവന നിർമ്മാണ വായ്പാ പദ്ധതി തുടങ്ങിയവ നഗരവാസികൾക്ക് പ്രയോജന പ്രദമായ പദ്ധതികളാണ്. എന്നാൽ ഇവയൊന്നും നഗരത്തിലുള്ളവർ പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല. 1994-95 വർഷത്തിൽ ബാങ്ക് 2770 ലക്ഷം രൂപ ആംഗങ്ങൾക്കു വായ്പയായി കൊല്ലം ജില്ലയിൽ കൊടുത്തിട്ടുണ്ട്.

## ഹൗസിംഗ്

നഗരവാസികളുടെ പാർപ്പിട പ്രശ്നത്തിന് ശാശ്വതപരിഹാരം കാണുന്നതിന് ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് മുഖ്യമായ പങ്ക് വഹിക്കുവാനുണ്ട്.

കൊല്ലം നഗരത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹൗസിംഗ് സഹകരണസംഘങ്ങൾ താഴെപ്പറയുന്നവയാണ്.

| നമ്പർ | സംഘത്തിൻെറ പേര് | രജി.നമ്പർ | രജി.ചെയ്ത തീയതി |
|---|---|---|---|
| 1 | കൊല്ലം ഹൗസ് ബിൽഡിങ് സഹകരണസംഘം | ക്യു.157 | 2-3-1960 |
| 2 | എസ്.ബി.ഐ. ഹൗസിംഗ് സഹ.സംഘം | ക്യു.322 | 17-1-1965 |
| 3 | കൊല്ലം താലൂക്ക് എംപ്ലോയിസ് സഹ.സംഘം | ക്യു.815 | 2-7-1980 |
| 4 | കൊല്ലം ജില്ലാ ഗവ. സർവ്വീസ് | ക്യു.817 | 13-11-1980 |
| 5 | കൊല്ലം ജില്ലാ എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് | ക്യു.1107 | |
| 6 | പാർവ്വതി മിൽ എംപ്ലോയിസ് | ക്യു.1159 | 13-12-1993 |

മുകളിൽപ്പറഞ്ഞ സംഘങ്ങളിൽ ഒന്നും മൂന്നും സംഘങ്ങൾ ഒഴികെ ബാക്കിയുള്ളവ വിവിധ സ്ഥാപനങ്ങളിലെ /സർക്കാർ സർവ്വീസിലെ ജീവനക്കാർക്കുവേണ്ടിമാത്രമുള്ള സംഘങ്ങളാണ്. അതിനാൽ കൊല്ലം നഗരത്തിലെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന സംഘങ്ങൾ രണ്ടെണ്ണം മാത്രമാണ്. അവയിൽഒരെണ്ണം കൊല്ലം താലൂക്ക് എംപ്ലോയിസ് - വിവധ സ്വകാര്യ സ്ഥാപനങ്ങളിലെയും പൊതുസ്ഥാപനങ്ങളിലേയും ജീവനക്കാർക്ക് പ്രയോജനപ്പെടുന്നതാണ്. കൊല്ലം ബിൽഡിംഗ് സൊസൈറ്റി എല്ലാ വിഭാഗം ജനങ്ങൾക്കും വായ്പ നൽകുന്നുണ്ട്. കൊല്ലം ടൗൺകൂടാതെ ശക്തികുളങ്ങര പഞ്ചായത്തും ഈ സംഘത്തിൻെറ പ്രവർത്തനപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

നൽകിയിട്ടുള്ള വായ്പകൾ

| | |
|---|---|
| 1 കൊല്ലം ഹൗസ് ബിൽഡിംഗ് സൊസൈറ്റി ക്യു. 157 | 60.65 ലക്ഷം |
| 2 കൊല്ലം താലൂക്ക് എംപ്ലോയിസ് സൊസൈറ്റി ക്യു. 815 | 23.92 ലക്ഷം |

രണ്ടു സഹകരണസംഘങ്ങളും ഹൗസിംഗ് ഫെഡറേഷനിൽ നിന്നും വായ്പ എടുത്താണ് അംഗങ്ങൾക്ക് വായ്പ നൽകുന്നത്. നാമമാത്രമായ നിക്ഷേപങ്ങൾ മാത്രമെ അംഗങ്ങളിൽനിന്നും കിട്ടിയിട്ടുള്ളു. കൂടുതൽ നിക്ഷേപങ്ങൾ സ്വരൂപിക്കാനും കൂടുതൽ വായ്പകൾ കൊടുക്കുവാനും കഴിഞ്ഞാൽ ഈ സംഘങ്ങളുടെ പ്രവർത്തനം കൊണ്ട് കൊല്ലം നഗരവാസികൾക്ക് വളരെയേറെ പ്രയോജനം ലഭിക്കും. കൊല്ലം ഹൗസിംഗ് സഹകരണസംഘത്തിലെ കുടിശ്ശിഖ 7.55 ശതമാനമാണ്. കുടിശ്ശിക 5 ശതമാനത്തിൽ താഴെ ആയിരുന്നാൽ മാത്രമെ ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് ഫലപ്രഥമായി പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളു.

**ഉപഭോക്തൃ സഹകരണസംഘങ്ങൾ**

കൊല്ലം ജില്ല മൊത്ത വ്യാപാര സഹകരണസ്റ്റോർ നമ്പർക്യു. 291 കൂടാതെ പതിനൊന്നു പ്രാഥമിക കൺസ്യൂമർ സഹകരണസംഘങ്ങൾ കൊല്ലം ടൗണിൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ 8 മുതൽ 11വരെയുള്ളസംഘങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ജീവനക്കാർക്കുവേണ്ടി മാത്രമുള്ളവയാണ്. എങ്കിലും പാർവ്വതി മിൽ എപ്ലോയിസ് സഹകരണസംഘത്തിൻെറ റീട്ടെയിൽ ഷാപ്പുകളിലൂടെ മിതമായ വിലക്ക് പലചരക്കു സാധനങ്ങളും തുണിത്തരങ്ങളും മറ്റു പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്.

1962-ലെ ഇൻഡോ - ചൈന യുദ്ധത്തെതുടർന്നുണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കേരളത്തിൽ അങ്ങോളമിങ്ങോളം ഉപഭോക്തൃസഹകരണസംഘങ്ങൾ രൂപീകരിച്ചപ്പോഴാണ് കൊല്ലംനഗരത്തിൽ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘം കൊല്ലം ജില്ലാ മൊത്തവ്യാപാര സഹകരണസ്റ്റോറും രൂപീകരിക്കപ്പെട്ടത്. എന്നാൽ പ്രാഥമിക സഹകരണസ്റ്റോറുകളിൽ മുണ്ടയ്ക്കൽ താമരക്കുളം സ്റ്റോർ ഒഴികെ ബാക്കിയുള്ളവയെല്ലാം പ്രവർത്തനരഹിതമായിട്ട് വർഷങ്ങൾ പലതായി. കൊല്ലം നഗരത്തിൻെറ ത്വരിതഗതിയിലുള്ള വളർച്ചയ്ക്കും അതോടൊപ്പം ചെറുതും വലുതുമായ വ്യാപാരശാഖകളുടെ പെരുപ്പവും കാരണം ഉപഭോക്തൃ സഹകരണസംഘങ്ങൾക്ക് പിടിച്ചുനിൽക്കാൻ സാധിക്കാതെവന്നു. ഇതിൻെറ ഏറ്റവും പ്രധാനമായ കാരണം ആത്മാർത്ഥതയും കാര്യശേഷിയുമുള്ള ഭരണസമിതിയുടെ അഭാവമായിരുന്നു. എന്നിരുന്നാലും തുടങ്ങിയ കാലംമുതൽത്തന്നെ

| പേര് | രജി.നമ്പർ | | രജിസ്റ്റർചെയ്ത തീയതി |
|---|---|---|---|
| 1 | കൊല്ലം കോസ്റ്റൽ കൺസ്യൂമർ സഹകരണ സ്റ്റോർ | ക്യു. 213 | 24-7-1963 |
| 2 | ആശ്രാമം കൺസ്യൂമർ സഹകരണ സ്റ്റോർ | ക്യു. 274 | 24-7-1963 |
| 3 | തങ്കശ്ശേരി കൈക്കുളങ്ങര സഹകരണ സ്റ്റോർ | ക്യു. 277 | 27-7-1963 |
| 4 | കോട്ടയ്ക്കകം കൺസ്യൂമർ സഹകരണ സ്റ്റോർ | ക്യു. 280 | 30-7-1963 |
| 5 | മുണ്ടയ്ക്കൽ താമരക്കുളംസഹകരണ സ്റ്റോർ | ക്യു. 282 | 31-7-1963 |
| 6 | കൊല്ലം ബീച്ച് സൗത്ത് സഹകരണ സ്റ്റോർ | ക്യു. 677 | 1-12-1963 |
| 7 | കൊല്ലം ഈസ്റ്റ് സഹകരണ സ്റ്റോർ | ക്യു. 1136 | |
| 8 | സതേൺ റെയിൽവെ എംപ്ലോയിസ് സഹകരണ സ്റ്റോർ | ക്യു. 143 | 11-3-1959 |
| 9 | പാർവ്വതി മിൽ എംപ്ലോയിസ്സഹകരണ സ്റ്റോർ | ക്യു. 298 | 25-2-1964 |
| 10 | കൊല്ലം ട്രാൻസ്പോർട്ട് സഹകരണ സ്റ്റോർ | ക്യു. 332 | 24-7-1965 |
| 11 | വാട്ടർ അതോറിറ്റിസഹകരണ സ്റ്റോർ | ക്യു. 994 | 20-9-1989 |

നല്ലനിലയിൽ പ്രവർത്തിക്കുകയും ലാഭമുണ്ടാക്കുകയും ചെയ്ത സ്ഥാപനമാണ് മുണ്ടയ്ക്കൽ - താമരക്കുളം സഹകരണ സ്റ്റോർ. കേവലം 36140 രൂപ മാത്രം ഓഹരിമൂലധനമുള്ള ഈ സംഘം 1995-96 - ൽ 16 ലക്ഷത്തോളം രൂപായുടെ വ്യാപാരം നടത്തുകയും ചെറിയതോതിൽ ലാഭമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. മിതമായ വിലയ്ക്ക് സാധനങ്ങൾ വിൽക്കുന്നുവെന്നതു മാത്രമല്ല, സാധനങ്ങളുടെ ഗുണനിലവാരത്തിലും സ്റ്റോർ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. സ്റ്റോർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടവും സ്ഥലവും വിലയ്ക്കുവാങ്ങി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പ്രവർത്തനമൂലധനത്തിൻെറ അപര്യാപ്തത സംഘത്തിൻെറ പുരോഗതിക്കൊരു തടസ്സമാണ്.

**കൊല്ലം ജില്ല മൊത്തവ്യാപാര സഹകരണസ്റ്റോർ നമ്പർ ക്യു. 291**

23-11-1963-ലാണ് സ്റ്റോർ പ്രവർത്തനം ആരംഭിച്ചത്. 1964-ൽ അനൗപചാരിക റേഷനിംഗ് സമ്പ്രദായം നടപ്പിലാക്കിയപ്പോൾ റേഷൻ സാധനങ്ങളുടെ വിതരണം സ്റ്റോർഏറ്റെടുക്കുകയും 1966 വരെ ലാഭകരമായി പ്രവർത്തിക്കുകയും ചെയ്തു. 1968-ൽ ഫുഡ്കോർപ്പറേഷൻ റീട്ടെയിൽ ഷോപ്പുകൾക്ക് നേരിട്ട് വിതരണം തുടങ്ങിയതോടെ സ്റ്റോറിൻെറ ആ മേഖലയിലുള്ള പ്രവർത്തനം നിലച്ചു.

1968-ലാണ് സ്റ്റോർ സൂപ്പർമാർക്കറ്റ് ആരംഭിച്ചത്. വിലനിലവാരം പിടിച്ചുനിർത്താനും ജനങ്ങൾക്ക് മിതമായ നിരക്കിൽ ഗുണമേൻമയുള്ള സാധനങ്ങൾ കൊടുക്കാനുമായിരുന്നു ലക്ഷ്യം. എന്നാൽ പ്രാരംഭംമുതലേ സ്റ്റോറിൻെറ പ്രവർത്തനം വൻപിച്ച നഷ്ടത്തിലാണ് കലാശിച്ചത്. സർക്കാരിൽനിന്നും ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭിച്ച ഓഹരിത്തുകയും വായ്പയും പ്രവർത്തനമൂലധനവും മറ്റും കടലിൽ കായം കലക്കിയതുപോലെയായി. 303 പ്രാഥമിക സഹകരണസംഘങ്ങൾ ചേർന്നതാണ് മൊത്തവ്യാപാര സ്റ്റോർ എങ്കിലും ഓഹരി മൂലധനം മുഴുവനും നഷ്ടത്തിൽ ഒലിച്ചുപോയിക്കഴിഞ്ഞു. അംഗങ്ങളായിച്ചേർന്ന മിക്കവാറും എല്ലാ കൺസ്യൂമർസ്റ്റോറുകളും ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. 107.55 ലക്ഷം രൂപ പ്രവർത്തനമൂലധനമുള്ള സ്റ്റോറിൻെറ സഞ്ചിത നഷ്ടം 116.17 ലക്ഷമാണെന്നു പറഞ്ഞാൽ സ്റ്റോറിൻെറ ദയനീയാവസ്ഥ ഊഹിക്കാവുന്നതേയുള്ളു. സ്റ്റോറിന് സർക്കാരിൽനിന്നു

വായ്പയായും ഓഹരി മൂലധനമായും 70.82ലക്ഷം രൂപ കിട്ടിയിട്ടുണ്ട്. ഇപ്പോൾ 41 ജീവനക്കാരുള്ളസ്റ്റോറിൻെറ 92-93 മുതൽ 94-95 വരെ പ്രവർത്തന റപ്പോർട്ട് താഴെ പ്പറയും പ്രകാരമാണ്.

രൂപ ലക്ഷത്തിൽ

| വർഷം | ആകെ വിറ്റുവരവ് | വ്യാപാര ലാഭം | തൻവർഷത്തെ നഷ്ടം |
|---|---|---|---|
| 1992-93 | 443.30 | 9.57 | 6.13 |
| 1993-94 | 369.20 | 10.09 | 6.35 |
| 1994-95 | 266.88 | 5.82 | 8.07 |

കൊല്ലം നഗരത്തിൽ കഴിഞ്ഞ ഒരു ദശകം കൊണ്ട് അനേകം വൻ വ്യാപാരസ്ഥാപനങ്ങളും സൂപ്പർ മാർക്കറ്റുകളും ഉണ്ടായിട്ടുണ്ട്. കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് നിലവിൽ വന്നതോടെ ഗുണമേൻമയുള്ള സാധനങ്ങൾ കച്ചവടം ചെയ്യാൻ വ്യാപാരികൾ ബാദ്ധ്യസ്ഥരാണ്. കൂടാതെ കോടിക്കണക്കിന് രൂപാ മുടക്കി വൻ സൂപ്പർമാർക്കറ്റുകൾ നഗരത്തിൻെറ പലഭാഗങ്ങളിലും പ്രവർത്തിക്കുന്നതിനാൽ ഉപഭോക്താക്കൾക്ക് മൊത്തവ്യാപാര സഹകരണസ്റ്റോറിനെ ആശ്രയിക്കേണ്ട ആവശ്യം വരുന്നില്ല. കൂടാതെ സിവിൽ സപ്ലൈസ് കോർപ്പറേഷൻെറ സേവനവും നഗരത്തിൽ ലഭ്യമാണ്. ഈ സാഹചര്യത്തിൽ കൊല്ലം ജില്ല മൊത്തവ്യാപാര സഹകരണസ്റ്റോറിനെ ലാഭകരമായി നടത്താവുന്ന ഒരു സ്ഥാപനമായി വളർത്തിയെടുക്കാൻ പ്രയാസമാണ്. മാത്രമല്ല, വ്യാപാര ലാഭത്തിൻെറ ഇരട്ടിയിലധികം പ്രവർത്തനച്ചെലവ് സഹിക്കേണ്ടിവരുന്നതിനാൽവ്യാപാരം പതിൻമടങ്ങ് വർദ്ധിക്കുകയും ചെലവു ചുരുക്കുകയും ചെയ്താലല്ലാതെ സ്റ്റോറിന് പിടിച്ചുനിൽക്കുവാൻ സാധിക്കുകയില്ല. എന്നാൽ വിറ്റുവരവ് ഓരോ വർഷവും ഇരുപത്തഞ്ചു ശതമാനത്തിലധികം കുറഞ്ഞു വരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. സ്റ്റോറിനുള്ള ജനവിശ്വാസം വീണ്ടെടുക്കുകയെന്നുള്ളത് വളരെ ശ്രമകരമായ കാര്യമാണ്.

സ്റ്റോർ റിവൈവ് ചെയ്യുന്നതിനുള്ള ചില നിർദ്ദേശങ്ങൾ 31-3-96-ൽ നിലവിൽവന്ന ഡയറക്ടർബോർഡ് സർക്കാർ മുൻപാകെ വച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പായാൽത്തന്നെ സ്റ്റോറിന് സ്വയം പര്യാപ്തമാവാൻ സാധിക്കുമോയെന്ന കാര്യം സംശയമാണ്. നഗര ഹൃദയത്തിൽ ഒരേക്കർ പതിനഞ്ചുസെൻറു സ്ഥലം സ്റ്റോറിന് സ്വന്തമായി ഉണ്ടെന്നുള്ളത് അഭിമാനകരമായ ഒരു വസ്തുതയാണ്.

**മാർക്കറ്റിംഗ് സഹകരണസംഘം:**

കൊല്ലം നാളീകേര വിപണന സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യു. 74 ആണ്. നഗരത്തിലെ ഏക നാളീകേര വിപണന സഹകരണസംഘം പ്രവർത്തനരഹിതമായിട്ട് വർഷങ്ങൾ പലതായി.

**ട്രാൻസ്പോർട്ട്**

കൊല്ലം ടൗണിൽ താഴെപ്പറയുന്ന 6 മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്തിട്ടുണ്ട്.

| | പേര് | | രജിസ്റ്റർചെയ്ത തീയതി |
|---|---|---|---|
| 1 | കൊല്ലംജില്ലാ മോട്ടോർ ട്രാൻസ്പോർട്ട് | ക്യു. 420 | 13-10-69 |
| 2 | മോട്ടോർമെക്കാനിക് ആൻറ് ഇൻഡസ്ട്രിയൽ | ക്യു. 1040 | 30-6-92 |
| 3 | മോട്ടോർമെക്കാനിക്കൽ | ക്യു.1180 | 4-6-94 |
| 4 | മോട്ടോർ ട്രാൻസ്പോർട്ട് ആൻറ് ആട്ടോമൊബൈൽ | ക്യു. 1199 | 12-1-94 |
| 5 | ലോറി ഓപ്പറേറ്റേഴ്സ് | ക്യു. 874 | 30-1-83 |

മുകളിൽ പറഞ്ഞ സഹകരണസംഘങ്ങളിൽ ആദ്യത്തേത് ഒഴികെയുള്ളവയൊന്നുംതന്നെ കാര്യമായി പ്രവർത്തിക്കുന്നവയല്ല. ജില്ലാ മോട്ടോർ ട്രാൻസ്പോർട്ട് സഹകരണസംഘം ക്ലിപ്തംനമ്പർക്യു. 420 കൊല്ലം ടൗണിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനമാണ്, 'കോമോസ്'എന്ന പേരിൽ ബസ്സ്സർവ്വീസ് നടത്തുന്ന സംഘത്തിൽ ഇപ്പോൾ 35 ബസ്സുകൾ 32 റൂട്ടുകളിൽ സർവ്വീസ് നടത്തുന്നുണ്ട്. ആകെ 350 ഓളം

ജീവനക്കാരുള്ള ഈസ്ഥാപനം ഇപ്പോൾ ലാഭകരമായി നടത്തുന്നുണ്ടെങ്കിലും മോട്ടോർ വ്യവസായം പൊതുവിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ - ഡീസലിൻേറയും സ്പെയർ പാർട്സിൻേറയും വില വർദ്ധനവ് ശമ്പളവർദ്ധനവ് തുടങ്ങിയവ - സംഘത്തിൻെറ സാമ്പത്തിക ഭദ്രതയ്ക്കു കോട്ടം ഉണ്ടാക്കുന്നുണ്ട്. സംഘത്തിന് സ്വന്തമായി കൊല്ലം ടൗണിൽ നാലേക്കർ സ്ഥലവും ആഫീസും വർക് ഷോപ്പും ഉണ്ടെന്നുള്ളത് സംഘത്തിൻെറ പ്രവർത്തനപുരോഗതിയെ കാണിക്കുന്നതാണ്.

ആട്ടോറിക്ഷാ:

31-12-73-ൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ച കൊല്ലം ടൗൺ ആട്ടോറിക്ഷാ സഹകരണസംഘവും [നമ്പർ ക്യൂ. 464] 10-10-92-ൽ രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ച കൊല്ലം വെസ്റ്റ് 2 ആൻറ് 3 വീലേഴ്സ് സഹകരണസംഘവുമാണ് കൊല്ലം ടൗണിലുള്ളത്. ആദ്യ സംഘം അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവർക്ക് തൊഴിൽ കൊടുക്കുകയെന്ന ഉദ്ദേശത്തോടെ എസ്. എസ്. എൽ. സി. പാസ്സായവർക്കുമാത്രം ആട്ടോറിക്ഷാ കൊടുക്കുന്ന സ്ക്കീം ആവിഷ്ക്കരിച്ച് നടപ്പാക്കുകയാണ് ചെയ്തത്. ഈ പദ്ധതികൊണ്ട് അനേകം പേർക്ക് ആട്ടോറിക്ഷകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സംഘം ഇപ്പോൾ 2 ലക്ഷത്തിലധികം രൂപനഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2 ആൻറ് 3 വീലേഴ്സ് സഹകരണസംഘത്തിന് ഇപ്പോൾ കാര്യമായ പ്രവർത്തനം ഒന്നും തന്നെയില്ല.

ടാക്സി ഡ്രൈവേഴ്സ്:

കൊല്ലം ടാക്സി ഡ്രൈവേഴ്സ് സഹകണസംഘം ക്ലിപ്തം നമ്പർ ക്യൂ. 471, 1974 ഫെബ്രുവരി 26-ന് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. അംഗങ്ങൾക്ക് ബാങ്കിൽ നിന്നും വായ്പയെടുത്തു ഏതാനും ടാക്സികാറുകൾ വാങ്ങികൊടുത്തെങ്കിലും വായ്പകുടിശിഖകാരണം സംഘം പ്രവർത്തനം നിലച്ചു പോവുകയാണ് ചെയ്തത്.

വനിതാസഹകരണസംഘങ്ങൾ

കൊല്ലം ടൗണിൽ രണ്ടു വനിതാ സഹകരണസംഘങ്ങൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. 2427-ാം നമ്പർ കൊല്ലം മഹിളാ സഹകരണസംഘം 14-1-1920-ൽ രജിസ്റ്റർചെയ്തു പ്രവർത്തനം ആരംഭിച്ചതാണ്. വനിതകൾക്കുവേണ്ടി സിവിൽസ്റ്റേഷനു സമീപം ഒരു ഹോസ്റ്റൽ നടത്തുന്നുണ്ട് . കെട്ടിടവും സ്ഥലവും സ്വന്തമാണ്.

ക്യൂ 1094-നമ്പർ തിരുമുല്ലവാരം വനിതാസഹകരണസംഘം 1992 ൽ പ്രവർത്തനം ആരംഭിച്ചതാണ്. വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിയാണ് നടപ്പിലാക്കികൊണ്ടിരിക്കുന്നത് ഇതിനോടകം തന്നെ 40 തയ്യൽ മെഷീൻ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്വയം തൊഴിലിനുവേണ്ടി വ്യക്തികൾക്ക് 1000 രൂപയുടേയും 5000 രൂപയുടേയും വായ്പ കൊടുക്കുന്നുണ്ട്. സർക്കാരിൽ നിന്നും 50000 രൂപ ഓഹരി മൂലധനവും വനിതാക്ഷേമ കോർപ്പറേഷനിൽനിന്നും 50000 രൂപ പ്രവർത്തന മൂലധനവും കിട്ടിയിട്ടുണ്ട്. സംഘം നല്ല നിലയിൽ ആയിത്തീരാനുള്ള എല്ലാ സാധ്യതകളും ഉണ്ട്.

ഹോസ്പിറ്റൽ:

1987 ആഗസ്റ്റ് 3 നു രജിസ്റ്റർ ചെയ്തു പ്രവർത്തനം ആരംഭിച്ച കൊല്ലം ജില്ലാ ഹോമിയോപ്പതി സഹകരണ സംഘവും 1993 ഒക്ടോബർ 20 നു രജിസ്റ്റർ ചെയ്ത ക്യൂ 1150 ാം എൻ.എസ്. മെമ്മോറിയൽ ആശുപത്രിയുമാണ് ടൗണിലുള്ള 2 ആശുപത്രി സഹകരണ സംഘങ്ങൾ. ഇവയിൽ ആദ്യത്തേത് ഹോമിയോ മരുന്നുകളുടെ വിപണനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. പ്രതിവർഷ പ്രവർത്തന ലാഭം ഒന്നരലക്ഷം രൂപ വരുമെങ്കിലും സിൽബന്ധിച്ചെലവ് മുതലായവ കണക്കാക്കുമ്പോൾ സംഘം ലാഭത്തിലല്ല പ്രവർത്തിക്കുന്നതെന്ന് കാണാൻ കഴിയും. അംഗങ്ങളുടെ ഓഹരി മൂലധനം 118,350 രൂപയും സർക്കാർ ഓഹരി 361400 രൂപയും ആണ്.

എൻ. എസ്. മെമ്മോറിയൽ ആശുപത്രി സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുള്ളതല്ലാതെ ഇതുവരെ കാര്യമായ പ്രവർത്തനം ഒന്നുംതന്നെ നടന്നിട്ടില്ല.

ലേബർ കോൺട്രാക്ട്:

കൊല്ലം നഗരത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുള്ള 10 ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ നിലവിലുണ്ട്. ഇവയെല്ലാംതന്നെ പൊതുമരാമത്ത്, ഇറിഗേഷൻ തുടങ്ങിയ വകുപ്പുകളിൽനിന്നും കോൺട്രാക്ടുകൾ എടുക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളവയാണ്. അതുകൊണ്ടുതന്നെ അവ നിക്ഷിപ്ത താൽപര്യക്കാരുടെ പോക്കറ്റു സംഘങ്ങളായി നിലനിന്നുപോരുന്നു. നല്ല

നിലയിൽ പ്രവർത്തിക്കുന്ന ഒരു സംഘംപോലും ഇക്കൂട്ടത്തിൽ ഇല്ലെന്നുള്ളത് ദുഃഖകരമായ വസ്തുതയാണ്.

**പലവക:**

ബാക്കിയുള്ള സഹകരണസംഘങ്ങളെ പലവക വിഭാഗത്തിൽ ഉൾപ്പെടുത്താം അവ താഴെപ്പറയുന്നവയാണ്:-

| | |
|---|---|
| 1 സ്ക്കൂൾ സഹകരണസംഘങ്ങൾ | 12 എണ്ണം |
| 2 സാഹിത്യസേവ | 1 എണ്ണം |
| 3 കാൻറീൻ | 1 എണ്ണം |
| 4 പലവക | 9 എണ്ണം |
| ആകെ | 23 എണ്ണം |

സ്ക്കൂൾ സഹകരണസംഘങ്ങൾ സ്ക്കൂൾ കുട്ടികൾക്കുമാത്രം ഉള്ളവയായതിനാൽ അവയെ ഇവിടെ കണക്കാക്കേണ്ടതില്ല. അതുപോലെ കാൻറീൻ റെയിൽവേ എംപ്ലോയിസ്സിനു വെണ്ടി മാത്രമുള്ളവയാണ്. കൊല്ലം സാഹിത്യസേവ സഹകരണസംഘം വളരെ വർഷങ്ങളായി പ്രവർത്തന രഹിതമാണ്. ക്രെഡിറ്റ് വിഭാഗത്തിൽ വരുന്ന ടൗൺ സഹകരണസംഘവും വാടി സഹകരണസംഘവും കാര്യമായ പ്രവർത്തനംഒന്നു നടത്തുന്നില്ല. തങ്കശ്ശേരി സഹകരണസംഘം പ്രവർത്തന രഹിതമാണ്. പലവകയിൽ വരുന്ന മറ്റുള്ളവയും പ്രായേണ പ്രവർത്തനരഹിതങ്ങളാണ്.

**പ്രശ്നങ്ങൾ:**

1 വിവിധ മേഖലകളിലായി ഒട്ടനവധി സഹകരണസംഘങ്ങൾ കൊല്ലം നഗരത്തിൽ പ്രവർത്തിക്കുന്നുണ്ട്. അവയിൽ അർബൻ ബാങ്കുകൾ സർവ്വീസ് ബാങ്കുകൾ തുടങ്ങിയ ക്രെഡിറ്റ് സഹകരണസംഘത്തിൽ ഒഴികെയുള്ളവയിൽ ഭൂരിഭാഗവും വേണ്ടത്ര നന്നായായി പ്രവർത്തിക്കുന്നില്ല.

2 ഭൂവികസനബാങ്ക്, അർബൻ ബാങ്കുകൾ, പ്രാഥമിക സർവ്വീസ് ബാങ്കുകൾ, ഹൗസിംഗ് സൊസൈറ്റികൾ എന്നിവയിലൂടെ ഇപ്പോൾ ലഭ്യമായ വായ്പാസൗകര്യങ്ങൾ പൂർണ്ണമായ തോതിൽ ഉപയോഗിക്കപ്പെടുന്നില്ല.

3 കൊല്ലം ടൗണിൽ ഇന്ന് രണ്ട് മഹിളാസഹകരണസംഘങ്ങൾ മാത്രമെ പ്രവർത്തിക്കുന്നുള്ളു. അവയിൽ ഒന്നു മാത്രമെ സ്ത്രീകളുടെ ക്ഷേമപ്രവർത്തനങ്ങൾക്കും തൊഴിൽ കണ്ടെത്തുന്നതിനും ആവശ്യമായ പദ്ധതികൾ ചെറിയതോതിലെങ്കിലും നടപ്പാക്കുന്നുള്ളു. മുനിസിപ്പാലിറ്റിയിലെ എല്ലാവാർഡുകളിലും ഇത്തരം സ്വയംതൊഴിലുകൾകണ്ടെത്തുന്നതിനുപകരിക്കുന്ന വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കാനുള്ള സാദ്ധ്യതയുണ്ട്. അത് പ്രയോജനപ്പെടുത്തുവാൻ കഴിയണം.

4 രണ്ടു പട്ടികജാതി സഹകരണസംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല.

5 നഗരത്തിൽ പ്രവർത്തിച്ചുവന്ന ഏക മാർക്കറ്റിംഗ് സഹകരണസംഘം തകർച്ചയിലാണ്.

6 കൺസ്യൂമർ സഹകരണസംഘങ്ങൾ നല്ലനിലയിൽ നടത്താനുള്ള സാദ്ധ്യതകൾ എല്ലാ വാർഡുകളിലും ഉണ്ട്. അതു പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

7 വിലനിലവാരം നിയന്ത്രിക്കുന്നതിൽ നിർണ്ണായക പങ്കു വഹിക്കേണ്ട ജില്ലാ സഹകരണസ്റ്റോർ തകർച്ചയുടെ വക്കിലാണ്. പ്രവർത്തനമൂലധനത്തേക്കാൾ കൂടുതൽ നഷ്ടം വരുത്തിവച്ച ആസ്ഥാപനം നല്ലനിലയിൽ പ്രവർത്തിക്കുവാൻ കഴിയുന്നില്ല.

8 ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് നല്ലനിലയിൽ പ്രവർത്തിക്കാനുള്ള സാദ്ധ്യതകൾ ഉണ്ട്. ആ സാദ്ധ്യത ചൂഷണംചെയ്യപ്പെടുന്നില്ല.

9 തൊഴിലാളികളുടെ ഉന്നമനവും പങ്കാളിത്തവും ലാക്കാക്കി രൂപീകരിക്കപ്പെട്ടിട്ടുള്ള ലേബർ കോൺട്രാക്ട് സഹകരണസംഘങ്ങൾ 'പോക്കറ്റ്' സംഘങ്ങളായി മാറിയിരിക്കുന്നതിനാൽ അവകൊണ്ട് തൊഴിലാളികൾക്ക് വലിയ പ്രയോജനം ഇല്ലാതെ വന്നിരിക്കുന്നു.

10 ട്രാൻസ്പോർട്ട് സഹകരണസംഘങ്ങൾ നല്ലനിലയിൽ പ്രവർത്തിക്കുവാനുള്ള സാഹചര്യം കൊല്ലം മുനിസിപ്പൽ പ്രദേശത്തുണ്ട്. ആ സാഹചര്യം വേണ്ടവിധത്തിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല.

11 ആതുര സേവനരംഗത്ത് മികച്ചസേവനങ്ങൾ നൽകാൻ സഹകരണപ്രസ്ഥാനത്തിന് സാധിക്കും. കൊല്ലം നഗരത്തിലെ സ്വകാര്യ. ആശുപത്രികളുടെ എണ്ണംതന്നെ ഇതിനുള്ള തെളിവാണ്. ആശുപത്രികൾ വൻ വ്യവസായമായി മാറിക്കൊണ്ടിരിക്കുന്ന കൊല്ലം പട്ടണത്തിൽ സഹകരണ ആശുപത്രികൾ ഒരനുഗ്രഹവും ആവശ്യവുമാണ്. ഇത്രയും സാധ്യതകൾ ഉണ്ടങ്കിലും ഇ രംഗത്ത് കാര്യമായിട്ടെന്തെങ്കിലും ചെയ്യാൻ ഇതുവരെ സാധിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

1 ഉപഭോക്തൃ സഹകരണസ്റ്റോറുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുകയോ കൊല്ലം ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണസ്റ്റോറിൻെറ ശാഖകൾ ആവശ്യമുള്ളത്ര സ്ഥാപിക്കുകയോ ചെയ്യുക.

2 മുണ്ടയ്ക്കൽ താമരക്കുളം വാർഡിൽ പ്രവർത്തിക്കുന്ന ക്യു. 282-ാം നമ്പർ സഹകരണസ്റ്റോറിന് അവശ്യമായ പ്രവർത്തന മൂലധനം ലഭ്യമാക്കുക.

3 സർവ്വീസ് സഹകരണബാങ്കുകളുടെ പ്രവർത്തനം ഇപ്പോഴില്ലാത്ത വാർഡുകളേക്കൂടി നിലവിലുള്ള ബാങ്കുകളുടെ പ്രവർത്തന പരിധിയിൽ കൊണ്ടുവരികയോ ആവശ്യമെങ്കിൽ പുതിയ സർവ്വീസ് ബാങ്ക് ആരംഭിക്കുകയോ ചെയ്യുക.

4 വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അവരുടെ ഉന്നമനത്തിനുംവേണ്ടി എല്ലാ വാർഡുകളിലും തിരുമുല്ലാവാരം വനിതാ സഹകരണസംഘത്തിൻെറ മാതൃകയിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

5 തൊഴിലില്ലാത്തവർക്ക് തൊഴിൽ പഠിക്കാൻ ഉതകുന്ന വിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഓരോ പ്രദേശത്തും പ്രത്യേകം പ്രത്യേകം സഹകരണ സംഘങ്ങൾ രൂപീകരിക്കുക. പച്ചക്കറി വില്പ്പന, മത്സ്യവിപണനം,റഡിമേഡ് വസ്ത്രവ്യാപാരം, മസാലപ്പൊടികൾ നിർമ്മിക്കൽ തുടങ്ങിവയ്ക്ക് വൻ സാധ്യതയുണ്ട്.

6 പട്ടികജാതി സഹകരണസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും തൊഴിലില്ലാത്തവർക്ക്തൊഴിൽ കിട്ടത്തക്ക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.

7 ഭൂവികസന ബാങ്ക്,ആർബൻ ബാങ്കുകൾ, പ്രാഥമിക സഹകരണബാങ്കുകൾ എന്നിവനടപ്പാക്കുന്ന പദ്ധതിയുടെ പ്രയോജനം പരമാവധി കൊല്ലം നഗരവാസികൾക്ക് ലഭ്യമാക്കുകയും സ്വയം തൊഴിൽ കണ്ടെത്താനും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉയർത്താനും വേണ്ട പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.

8 സഹകരണാടിസ്ഥാനത്തിൽ കഴിയുന്നത്ര സഹകരണാശുപത്രികൾ നഗരത്തിൽ പല ഭാഗങ്ങളിലായി സ്ഥാപിക്കുകയും ആതുരശുശ്രൂഷയും മെഡിക്കൽ സേവനവും(മരന്നു വിൽപ്പന ശാലകൾ സ്ഥാപിക്കുന്നതുൾപ്പെടെ) സാധാരണക്കാരനു കുറഞ്ഞചെലവിൽ ലഭ്യമാക്കുകയും ചെയ്യുക.

9 കൊല്ലം നഗരത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ ഹൗസിംഗ് സൊസൈറ്റികളുടെ സേവനം വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ഭവന രഹിതരായ മുഴുവൻ പേർക്കും ടി സംഘങ്ങളിലൂടെ ആവശ്യനുസരണം വായ്പ്പകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക. ഇതിനായി ആവശ്യമുള്ളത്ര പ്രവർത്തന മൂലധനം സംഘങ്ങൾക്ക് കൊടുക്കുക.

10 ട്രാൻസ്പോർട്ട് സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടപദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

11 കൊല്ലം നഗരത്തിൽ കൃഷിയും അതോടനുബന്ധിച്ചുള്ള മൃഗസംരക്ഷണം, പാലുല്പ്പാദനം, അലങ്കാരസസ്യകൃഷി തുടങ്ങിയവ നല്ലതോതിൽ സംഘടിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും, ജില്ലാകൃഷി വികസനാഫീസർ, സഹകരണസംഘം ജോയിൻറ് രജിസ്ട്രാർ, ജില്ലാമൃഗസംരക്ഷണ ആഫീസർ, ഖാദി, വില്ലേജ് ഇൻഡസ്ട്രീസ് ജില്ലാ ആഫീസർ, ജില്ലാ വ്യവസായ മാനേജർ, ജില്ലാ ഫിഷറിസ് വകുപ്പ് ആഫീസർ എന്നിവരെ ഉൾപ്പെടുത്തി മുനിസിപ്പൽ ചെയർ മാൻ അദ്ധ്യക്ഷനായി ഒരു കമ്മറ്റി രൂപികരിച്ചു പ്രവർത്തിക്കുക.

പട്ടിക

## കൊല്ലം നഗരത്തിലെ സഹകരണസ്ഥാപനങ്ങൾ

| ക്രമനമ്പർ | പേര് | രജിസ്റ്റർ ചെയ്ത തീയതി |
|---|---|---|
| 1 | കൊല്ലം ജില്ലാ സഹകരണ ബാങ്ക് ക്ലിപ്പംനമ്പർ4321 | 1-8-1959 |
| 2 | കൊല്ലം പ്രാഥമിക ഭൂവികസനബാങ്ക്ക്ലിപ്പം നമ്പർ 167 | 26-1-1900 |
| 3 | പുന്നത്തല സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്പം നമ്പർ ക്യു.491 | 2-1-1975 |
| 4 | മുണ്ടയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്പം നമ്പർ ക്യു 1001 | 21-2-1980 |
| 5 | ഉളിയക്കോവിൽ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്പം നമ്പർക്യു 1003 | 5-5-1990 |
| 6 | പട്ടത്താനം സർവ്വീസ് സഹകരണബാങ്ക് ക്ലിപ്പം നമ്പർക്യു. 1145 | 11-8-1993 |
| **പട്ടികജാതി സഹകരണസംഘം:** | | |
| 7 | ഉളിയക്കോവിൽ ഹരിജൻ സഹകരണസംഘം H W 61 | 20-2-1964 |
| 8 | കൊല്ലം മുനിസിപ്പൽ പട്ടികജാതി സഹകരണസംഘം ക്യു.899 | 8-10-1966 |
| **അർബൻ ബാങ്ക്:** | | |
| 9 | കൊല്ലം സഹകരണ അർബൻ ബാങ്ക് ക്ലിപ്പം നമ്പർ 960 | 20-11-1095 |
| 10 | കൊല്ലം കോസ്റ്റൽ അർബൻ സഹകരണബാങ്ക് ക്ലിപ്പംനമ്പർ 3036 | 8-2-1950 |
| **എംപ്ലോയീസ് സഹകരണസംഘം:** | | |
| 11 | ഗവ. എംപ്ലോയീസ് സഹ. ബാങ്ക് നമ്പർ 57 | 24-1-1094 |
| 12 | കൊല്ലം മുനിസിപ്പൽ എംപ്ലോയിസ് സഹകരണസംഘം നമ്പർ ക്യു 450 | 11-10-1096 |
| 13 | കൊല്ലം ജില്ലാ ട്രാൻസ്പോർട്ട് വർക്കേഴ്സ് സഹകരണസംഘം നമ്പർക്യു | 76 14-3-1969 |
| 14 | കൊല്ലം ജില്ലാ ബാങ്ക് എംപ്ലോയിസ് സഹകരണസംഘം ക്യു 99 | 20-5-1950 |
| 15 | കൊല്ലം ജില്ലാ ഇല്കിടസിറ്റി എംപ്ലോയിസ് സഹകരണസംഘം ക്യു 232 | 10-6-1962 |
| 16 | കൊല്ലം ജില്ലാ സഹകരണ വകുപ്പ് ക്യു 399 | 19-6-1968 |
| 17 | പാർവ്വതി മിൽസ് എംപ്ലോയിസ്ക്യു 423 | 6-2-1970 |
| 18 | ഫാത്തിമാമാതാ നാഷണൽ കോളേജ് ക്യു 503 | 10-12-1975 |
| 19 | പോസ്റ്റ്, ടെലഗ്രാഫ് എംപ്ലോയീസ് ക്യു 880 | 12-1-1964 |
| 20 | ഫിഷറീസ് വകിപ്പ് എംപ്ലോയീസ് ക്യു 770 | 6-4-1977 |

| | | |
|---|---|---|
| 21 | കാഷ്യു കോർപ്പറേഷൻ എംപ്ലോയിസ് ക്യു 848 | 8-12-1982 |
| 22 | എക്സ്പോർട്ട് ഇൻസ്പെക്ഷൻ എജൻസീസ് എംപ്ലോയിസ് ക്യു 851 | 10-3-1983 |
| 23 | ഫുഡ് കോർപ്പറേഷൻ എംപ്ലോയിസ് ക്യു 879 | 22-12-1983 |
| 24 | കോ-ഓപ്പറേറ്റീവ് എംപ്ലോയിസ് ക്യു 934 | 21-8-1987 |
| 25 | വാട്ടർ അതോറിറ്റി എംപ്ലോയിസ് ക്യു 896 | 11-10-1989 |
| 26 | പോലീസ് ഡിപ്പാർട്ട്മെൻറ് എംപ്ലോയിസ് ക്യു 1179 | 22-7-1994 |
| 27 | ഡിപ്പാർട്ട്മെൻറൽ ടീച്ചേഴ്സ് എംപ്ലോയിസ് ക്യു 1184 | 22-7-1994 |
| **മറ്റുള്ളവ:** | | |
| 28 | വാടി സഹകരണസംഘം ക്ലിപ്തം നമ്പർ ക്യു 1532 | 21-7-1102 |
| 29 | കൊല്ലം ടൗൺ ക്ലിപ്തം നമ്പർ ക്യു 1615 | 21-11-1102 |
| 30 | തങ്കശ്ശേരി ക്ലിപ്തം നമ്പർ ക്യു 3310 | 1-5-1913 |
| **മാർക്കറ്റിംഗ് സഹകരണസംഘം:** | | |
| 31 | കൊല്ലം നാളീകേര വിപണന സഹകരണസംഘം ക്യു 74 | 13-2-1959 |
| **കൺസ്യൂമർ സഹകരണസംഘം:** | | |
| 32 | കൊല്ലം ജില്ല മൊത്തവ്യാപാര സഹകരണസ്റ്റോർ ക്യു 291 | 20-9-1968 |
| 33 | സതേൺ റെയിൽവെ എംപ്ലോയിസ് സഹകരണസ്റ്റോർ ക്യു 143 | 11-3-1959 |
| 34 | കൊല്ലം കോസ്റ്റൽ കൺസ്യൂമർസ്റ്റോർ ക്യു 213 | 24-7-1963 |
| 35 | ആശ്രാമം കൺസ്യൂമർ സ്റ്റോർ ക്യു 274 | 24-7-1963 |
| 36 | തങ്കശ്ശേരി കൈക്കുളങ്ങര സ്റ്റോർ ക്യു 277 | 27-7-1963 |
| 37 | കോട്ടയ്ക്കകം കൺസ്യൂമർസ്റ്റോർ ക്യു 280 | 30-7-1963 |
| 38 | മുണ്ടയ്ക്കൽ താമരക്കുളം സ്റ്റോർ ക്യു 282 | 31-7-1963 |
| 39 | പാർവ്വതി മിൽ എംപ്ലോയിസ്സ്റ്റോർ ക്യു 298 | 25-2-1964 |
| 40 | കൊല്ലം ട്രാൻസ്പോർട്ട് എംപ്ലോയിസ് സ്റ്റോർ ക്യു 332 | 24-7-1965 |
| 41 | കൊല്ലം ബീച്ച് സൗത്ത് സ്റ്റോർ ക്യു 677 | 1-12-1963 |
| 42 | വാട്ടർ അതോറിറ്റി സ്റ്റോർ ക്യു 994 | 20-9-1989 |
| 43 | കൊല്ലം ഈസ്റ്റ് സ്റ്റോർ ക്യു 1136 | |

| | | |
|---|---|---|
| **സ്ക്കൂൾ സഹകരണസംഘങ്ങൾ:** | | |
| 44 | കൊല്ലം ഗവൺമെൻറ് ബോയിസ്ക്യൂ 644 | 13-7-1099 |
| 45 | സെൻറ് അലോഷ്യസ് ക്യൂ 2993 | 28-9-1944 |
| 46 | കൊല്ലം ഗവ. ഗേൾസ് ക്യൂ 83 | 26-3-1959 |
| 47 | ക്രേവൻ എൽ. എം. എസ്. ക്യൂ 103 | 27-5-1959 |
| 48 | കൃസ്തുരാജ ക്യൂ 116 | 10-6-1959 |
| 49 | വെസ്റ്റേ കായിലോൺ ക്യൂ 366 | 4-1-1967 |
| 50 | വിമലഹൃദയം ക്യൂ 497 | 23-10-1975 |
| 51 | കൊല്ലം ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ട് ക്യൂ 552 | 9-3-1976 |
| 52 | ആശ്രാമം കെ. വി. ക്യൂ 645 | 28-4-1976 |
| 53 | പട്ടത്താനം ഗവ. എസ്. എൻ. വി. ക്യൂ 880 | 8-5-1976 |
| 54 | ഉളിയക്കോവിൽ ഗവ. എച്ച്. എസ്. ക്യൂ 717 | 28-5-1976 |
| 55 | കൊല്ലം ടൗൺ യു.പി. ക്യൂ 902 | 12-12-1986 |
| **ഹൗസിംഗ്:** | | |
| 56 | കൊല്ലം ഹൗസ് ബിൽഡിംഗ്ക്യൂ 157 | 2-3-1960 |
| 57 | എസ്. ബി. ഐ. ഹൗസിംഗ് ക്യൂ 322 | 17-1 1965 |
| 58 | കൊല്ലം താലൂക്ക് എംപ്ലോയിസ് ക്യൂ 815 | 2-7-1980 |
| 59 | കൊല്ലം ജില്ല ഗവ. സർവൻറ്സ് ക്യൂ 817 | 13-11-1980 |
| 60 | കൊല്ലം ജില്ലാ എയ്ഡഡ് പ്രൈമറി ടീച്ചേഴ്സ് ക്യൂ 1107 | |
| 61 | പാർവ്വതി മിൽ എംപ്ലോയിസ് ക്യൂ 1159 | 13-12-1993 |
| **ലേബർ കോൺട്രാക്ട്:** | | |
| 62 | കൊല്ലം താലൂക്ക് ലേബർ കോൺട്രാക്ട് ക്യൂ 38 | 19-11-1950 |
| 63 | കൊല്ലം ദേശിയ ലേബർ കോൺട്രാക്ട് ക്യൂ 231 | 28-8-1962 |
| 64 | ഹെഡ്ലോഡ് വർക്കേഴ്സ് ലേബർ കോൺട്രാക്ട് ക്യൂ 271 | 8-7-1963 |
| 65 | എൻജിനീയറിംഗ് ആൻറ് സ്കിൽഡ് വർക്കേഴ്സ് ക്യൂ 418 | 23-9-1963 |

| | | |
|---|---|---|
| 66 | ലൈസൻസ് ഫയർമെൻ ക്യു 863 | 26-8-1963 |
| 67 | പെയിൻേറഴ്സ് ആൻറ് മെയിൻറനൻസ് വർക്കേഴ്സ് ക്യു 960 | 8-4-1988 |
| 68 | കൊല്ലം ജില്ലാ ലേബർ കോൺട്രാക്ട് ക്യു 1004 | 2-7-1990 |
| 69 | എൻജിനീയറിഗ് ആൻറ് സ്കിൽഡ് വർക്കേഴ്സ് ക്യു 1010 | 7-11-1990 |
| 70 | പബ്ലിക് വർക്കേഴ്സ് ആൻറ് ഇറിഗേഷൻ വർക്കേഴ്സ് ക്യു 1011 | 7-11-1990 |
| 71 | എംപ്ലോയിസ് ടെക്നിക്കൽ ഹോൾഡേഴ്സ് ആൻറ് സ്കിൽഡ് വർക്കേഴ്സ് ക്യു 1016 | 28-11-1990 |
| 72 | എഡ്യൂക്കേറ്റഡ് അൺ എംപ്ലോയിസ് ക്യു 4383 | 7-7-1992 |
| 73 | കൊല്ലം ലേബർ കോൺട്രാക്ട് ക്യു 1175 | 5-5-1994 |
| 74 | മരംവെട്ട് തൊഴിലാളി[ഹരിജൻ] ക്യു 493 | 5-7-1975 |
| 75 | കൊല്ലം ജില്ലാ മോട്ടോർ ട്രാൻസ്പോർട്ട് ക്യു 420 | 13-10-1969 |
| 76 | മോട്ടോർ മെക്കാനിക് ആൻറ് ഇൻഡസ്ട്രിയൽ ക്യു 1040 | 30-6-1992 |
| 77 | മോട്ടോർ മെക്കാനിക്കൽ ക്യു 1180 | 4-6-1994 |
| 78 | മോട്ടോർ ട്രാൻസ്പോർട്ട് ക്യു 420 | 12-0-1994 |
| 79 | ലോറി ഓപ്പറേറ്റേഴ്സ് ക്യു 874 | 30-1-1983 |
| വനിത | | |
| 80 | കൊല്ലം മഹിള ക്യു 2427 | 14-1-1120 |
| 81 | തിരുമുല്ലവാരം വനിത ക്യു 1094 | 2-9-1992 |
| ആട്ടോറിക്ഷ | | |
| 82 | കൊല്ലം ൦൱ൺ ക്യു 464 | 31-12-1973 |
| 83 | കൊല്ലം വെസ്റ്റ് 2 ആ 3വീലഴ്സ് ക്യു 1125 | 10-10-1992 |
| ഹോസ്പിറ്റൽ | | |
| 84 | ജില്ലാ ഹോമിയോപ്പതി ക്യു 932 | 3-8-1987 |
| 85 | എൻ. എസ്. മെമ്മോറിയൽ ക്യു 1150 | 20- -1993 |
| ലിറ്ററരി: | | |
| 86 | കൊല്ലം സാഹിത്യസേവ ക്യു 44 | 3-1-1959 |
| ടാകി ഡ്രൈവേഴ്സ്: | | |

| | | |
|---|---|---|
| 87 | കൊല്ലം ടാക്സി ഡ്രൈവേഴ്സ് ക്യു 471 | 26-2 1974 |
| കാൻറീൻ: | | |
| 88 | സതേൺ റെയിൽവെ എംപ്ലോയിസ് ക്യു 998 | 30-4-1968 |
| പലവക: | | |
| 89 | സർവ്വോദയ ക്യു 3481 | 29- - 1954 |
| 90 | സിനി ആർട്സ് ക്യു 207 | 18-7-1961 |
| 91 | എഡ്യൂക്കേഷൻ ക്യു 839 | 17-6-1982 |
| 92 | പാർസൽ ബുക്സ് ട്രാൻസ്പോർട്ടിംഗ് ക്യു 1988 | 28-6-1988 |
| 93 | ടൂറിസം ഡെവലപ്മെൻറ് ക്യു 1100 | 14-9-1992 |
| 94 | റെയിൽവെ മോട്ടേഴ്സ് ക്രെഡിറ്റ് ക്യു 1148 | 20- -19-993 |

അധികാരം ജനങ്ങളിലേക്ക്

# 6.11

# പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

അനാചാര മണ്ഡലചിത്തരായ തമ്പുരാക്കൻമാർ വാണരുളിയ നാട്ടിൽ ആട്ടും വിലക്കും വഴിയാട്ടും കൊണ്ടു പൊറുതിമുട്ടിയ ഒരു ജനവിഭാഗത്തിന് സ്വാതന്ത്ര്യവും ആത്മാഭിമാനവും തിരിച്ചു നൽകാൻ ശ്രീനാരായണഗുരുവും ശ്രീ അയ്യൻ കാളിയും തുടങ്ങി നമ്മുടെ സ്വാതന്ത്ര്യ സമര നായകന്മാരും കർഷക ത്തൊഴിലാളി പ്രസ്ഥാനങ്ങളും വഹിച്ച പങ്ക് നിസ്സുലമാണ്. മറ്റുള്ളവർക്കായി ഉഴാനും നടാനും കറ്റമെതിക്കാനും വിധിക്കപ്പെട്ടിരുന്ന അടിച്ചമർത്തപ്പെട്ടവർക്ക് ഭൂമിയിൽ സ്ഥിരാവകാശംവരെ നേടിക്കൊടുത്ത ഭരണപരിഷ്ക്കാരങ്ങൾ ചരിത്രത്തിന്റെ പുരോഗതിയിലെ അവിസ്മരണീയമായ നാഴികക്കല്ലുകളായി അംഗീകരിക്കപ്പെടുന്നു.

എന്നാൽ പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമത്തിനായി സ്വാതന്ത്ര്യാനന്തര ഭാരതം ചിലവാക്കിയ നിരവധി കോടികൾ ആശാവഹമായ പുരോഗതി അവർക്ക് നേടിക്കൊടുത്തിട്ടില്ല എന്ന സംശയം നിലനില്ക്കുന്നു. ഇതു സംബന്ധിച്ച വിലയിരുത്തൽ ഒരു ഏജൻസി മുഖാന്തിരം നടത്തുന്നത് ഉചിതമായിരിക്കും. പട്ടിക ജാതി വികസന വകുപ്പ് കഴിഞ്ഞ അഞ്ചുവർഷങ്ങളായികൊല്ലം ജില്ലയിൽ 13579 കോടി രൂപ പട്ടികജാതി പട്ടിക വർഗ്ഗങ്ങളുടെ ക്ഷേമത്തിനു വിവിധ സ്കീമുകളിലായി ചെലവാക്കിയിട്ടുണ്ട്.

പ്രീ മെട്രിക് - പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, ട്യൂഷൻ സമ്പ്രദായം, എസ്. എസ്. എൽ. സി., പ്രീ ഡിഗ്രി, ഡിഗ്രി മുതലായ ക്ലാസ്സുകളിൽ പരാജിതരായ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കാൻ ധനസഹായം, മെച്ചപ്പെട്ട സ്ക്കൂളുകളിൽ വിദ്യാഭ്യാസ സൗകര്യം, ബാങ്കുകൾ ഭൂരഹിത /ഭവനരഹിതരുടെ പുനരധിവാസം കെട്ടിമേച്ചിൽ ഗ്രാൻറ്, ഭവന നിർമ്മാണ ഗ്രാൻറ്, മിശ്ര വിവാഹ ധനസഹായം, കോളനികളുടെ നന്മയെ ലാക്കാക്കിയുള്ള തീവ്ര സങ്കേത വികസന പദ്ധതി, വേടർ, നായാടി, എന്നീ വിഭാഗങ്ങളുടെ പുനരധിവാസം എന്നിവയ്ക്കാണ് മേൽപ്പറഞ്ഞ തുക ചെലവഴിച്ചത്.

കൊല്ലം പട്ടണത്തിൽ താമസിക്കുന്ന പട്ടികജാതിക്കാർക്കുമാത്രം ക്ഷേമത്തിനായി വിവിധ സ്കീമുകൾ ചെലവാക്കിയ തുകയുടെ വ്യക്തമായ കണക്കുകൾ ലഭ്യമല്ലെങ്കിലും ലഭ്യമായ ചിലവിവരങ്ങൾ ചുവടെ ചേർക്കുന്നു.

**പട്ടികജാതി വികസന ഡിപ്പാർട്ടുമെൻറിൽ നിന്നും കൊല്ലം നഗരത്തിലെ ഗുണഭോക്താക്കൾക്ക്നല്കിയ ക്ഷേമ പദ്ധതികൾ**

പട്ടിക 1

| ധനസഹായ പദ്ധതിയുടെ പേര് | ഒരുഗുണഭോക്താവിന് കിട്ടുന്ന തുക | 94-95 ൽ സഹായംലഭിച്ചവർ | 95-96 ൽ സഹായം ലഭിച്ചവർ | 96-97 ൽ സഹായിക്കാൻ നിശ്ചയിച്ചവർ |
|---|---|---|---|---|
| ഭവനനിർമ്മാണം | 15000 | 6 | 4 | 4 |
| ഭൂമിയും വീടും ഇല്ലാത്തവർക്ക് രണ്ടിനും കൂടി | 25000 | 3 | 2 | 2 |
| കെട്ടിമേയ്ച്ചിൽ ഗ്രാൻറ് | 500 | 17 | 18 | 23 |
| വിവാഹധനസഹായം | 2000 | 6 | - | 3 |
| ചികിത്സാധനസഹായം | 1000 | 5 | 7 | 5 |
| ആകെ ഗുണഭോക്താക്കൾ | | 37 | 31 | 37 |

പട്ടിക 2

## ജനസംഖ്യ

ജനസംഖ്യാപരമായി കൊല്ലം പട്ടണത്തിലെ പട്ടിക ജാതി പട്ടികവർഗ്ഗത്തിൻെറ നില താഴെകൊടുക്കുന്നു.

| | മൊത്തം ജനസംഖ്യ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെപട്ടികജാതിപട്ടിക വർഗ്ഗം |
|---|---|---|---|---|
| സ്ത്രീ | 70512 | 5056 | 45 | 5101 |
| പുരുഷന്മാർ | 69340 | 5056 | 39 | 5095 |
| ആകെ | 139852 | 10112 | 84 | 10196 |
| ശതമാനം | 100 | 7.23 | 0.06 | 7.29 |

പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ സ്ഥിതിവിവരക്കണക്കുകൾ പ്രധാനമായും 1991-ലെ സെൻസസ് റിപ്പോർട്ടും ഡിപ്പാർട്ടുമെൻറിൽ നിന്നും ലഭിച്ച വിവരങ്ങളും വാർഡു സഭാ റിപ്പോർട്ടുകളുമായിരുന്നു അവലംബം. സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചശേഷം വർഷങ്ങൾ കടന്നുപോയി എന്നതും കൊല്ലം പട്ടണനിവാസികളായ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായിമാത്രം വിനിയോഗിച്ച വായ്പകളുടേയും സാമ്പത്തിക സഹായങ്ങളുടേയും കൃത്യമായ കണക്കുകൾ ലഭ്യമല്ല യെന്നതും ഒരു പോരായ്മതന്നെയാണ്. വാർഡു സഭകളിലെ റിപ്പോർട്ട് സ്വാഭാവികമായും സംക്ഷിപ്തമായിരിക്കും.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്ത് വിവരങ്ങൾ നേരിട്ടറിയാൻവേണ്ടി പട്ടണത്തിലുള്ള 8 അംഗീകൃത പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ ഒരു ദ്രുത വീക്ഷണ പഠന പരിപാടി നടത്തി. സെൻസസ് റിപ്പോർട്ട്, ഡിപ്പാർട്ടുമെൻറ്, വാർഡ് സഭകൾ എന്നിവയിൽനിന്നും കിട്ടുന്ന വിവരങ്ങൾ, ഇവയെല്ലാം തന്നെ പരാമർശിത വിഭാഗങ്ങളുടെ ഗുരുതരവും ദയാർഹവുമായ നിലയെ പൂർണ്ണമായും വെളിവാക്കുന്നില്ലെന്നു കാണാൻ കഴിഞ്ഞു. ഈ അന്വേഷണത്തിൽ ലഭ്യമായവിവരങ്ങൾ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു:-

അവലംബം:- സെൻസസ് റിപ്പോർട്ട് - 1991

കൊല്ലം പട്ടണത്തിലെ മൊത്തം ജനസംഖ്യയുടെ 7.29 ശതമാനം മാത്രമാണ് പട്ടികജാതി - പട്ടിക വർഗ്ഗക്കാർ ഇവർ 2248 ഭവനങ്ങളിലായി കുടിയിരിക്കുമെന്നതായി റിപ്പോർട്ടിൽ കാണുന്നു.

പട്ടിക 3 പട്ടികജാതി - പട്ടികവർഗ്ഗ കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | കനാൽ പുറമ്പോക്ക് | 11 |
| 2 | മുനിസിപ്പൽ കോളനി | 11 |
| 3 | കൻേറാൺമെൻറ് - വടക്ക് | 14 |
| 4 | ആശ്രാമം തെക്ക് | 15 |
| 5 | കാരുവേലിൽ കോളനി | 13 |
| 6 | കുന്നടിയിൽ കോളനി | 11 |
| 7 | പൂന്തലിൽ എസി കോളനി | 17 |
| 8 | ഉളിയക്കോവിൽ കോളനി [വേടർ] | 66 |
| | ആകെ | 158 |

പട്ടിക 4

അംഗീകൃതകോളനികളുടെ സ്ഥിതിവിവരം

| ക്രമ നമ്പർ | വാർഡ് നമ്പർ | പട്ടികജാതികോളനിയുടെ പേര് | വീടുകളുടെ എണ്ണം | വൈദ്യുതി ലഭിച്ചവ | സൗജന്യസ്ലാബിലുള്ളവ | കക്കൂസ് ഉള്ള വീടുകൾ | കുടിവെള്ളം ലഭ്യമാണോ |
|---|---|---|---|---|---|---|---|
| 1 | 1 | മഹാത്മാഗാന്ധി കോളനി | 25 | 20 | ഇല്ല | 4 | 3 ടാപുകൾ ഉണ്ട് |
| 2 | 1 | കുറുവേലി കോളനി | 29 | 7 | ഇല്ല | 5 | 4 ടാപുകൾ ഉണ്ട് |
| 3 | 1 | മുനിസിപൽ കോളനി or ശ്രീരംഗത്തു കിഴക്കതിൽ കോളനി | 26 | 4 | ഇല്ല | ഇല്ല | 2 ടാപ് (രണ്ടു കിണർ) |
| 4 | 3 | മുനിസിപ്പൽ കോളനി | 40 | 12 | ഇല്ല | ഇല്ല | 30 കിണർ (രണ്ടു ടാപുകൾ) |
| 5 | 4 | കേളോത്തുകോളനി | 13 | 4 | ഇല്ല | ഇല്ല | 3 ടാപുകൾ വെള്ളംഇല്ല |
| 6 | 10 | പോളേത്തോട് മുനിസിപ്പൽകോളനി | 50 | 14 | 1 | ഇല്ല | 2 ടാപുണ്ട് (6 ടാപ്) |
| 7 | 11 | അമൃതകുളം കോയിപ്പുറം മുനിസിപ്പൽ കോളനി | 6 | 3 | ഇല്ല | ഉണ്ട് | വെള്ളം ഇല്ല (രണ്ടു ടാപുണ്ട്) |
| 8 | 11 | കളരിക്കാവ് മുനിസിപ്പൽ കോളനി | 10 | 2 | ഇല്ല | ഇല്ല | 33 ടാപുണ്ട് [2 ടാപ്] |
| | | ആകെ | 199 | 66 | 1 | 9 | |

NBകൂടുതലായി വേണ്ട ടാപ്പുകളുടെ എണ്ണം ബ്രായ്ക്കറ്റിൽ കൊടുത്തിരിക്കുന്നു.*വിവരങ്ങൾ നേരിട്ടു ശേഖരിച്ചവ.

**കോളനിയെപ്പറ്റി മറ്റു നിരീക്ഷണങ്ങൾ**

കോളനികളിലെ വീടുകൾ എല്ലാംതന്നെ അറ്റകുറ്റപ്പണികൾ ആവശ്യമുള്ളവയായിക്കണ്ടു. കേളോത്തു കോളനിയിലെ പതിമൂന്നിൽ ഏഴു വീടുകൾ ഓല മേഞ്ഞവയാണ്. അമൃതകുളം കോളനിയിൽ ആറു വീടുകളും ചെറ്റക്കുടിലുകളാണ്. മറ്റു കോളനികളിലും അപൂർവ്വമായി ഓലക്കൂരകൾ ഉള്ള വീടുകൾ കാണാം.

കക്കൂസ് സൗകര്യങ്ങൾ അടിയന്തിരമായി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

കോളനികളുടെ അപ്രോച്ചു റോഡുകൾ റിപ്പയർ ആവശ്യമുള്ളവയാണ്. കളരിക്കാവു കോളനിയിൽ അകത്ത് റോഡ്സൗകര്യം ഇല്ല. ഈ കോളനിയിൽ തെരുവുവിളക്കുകൾ വേണം.

വളരെ ചെറിയ ശതമാനം നിവാസികൾ മാത്രമെ പട്ടികജാതി - പട്ടികവർഗ്ഗത്തിൽപ്പെടാത്തവരായുള്ളു. മൂന്നു കോളനികളിൽ ഏതാണ്ടെല്ലാവരും മുനിസിപ്പൽ തൊഴിലാളികളാണ്. മറ്റുള്ളവരെല്ലാം കൂലിപ്പണിചെയ്യുന്നു. സ്ത്രീകൾ പൊതുവെ തൊഴിൽ രഹിതരാണ്.

എല്ലാ കുട്ടികളും സ്ക്കൂളിൽപ്പോകുന്നവരാണെന്നു കാണാൻകഴിഞ്ഞു. 1991 - ലെ സെൻസസിൽ സ്ഥിതി ഇതായിരുന്നില്ല. എന്നാൽ മുതിർന്നവരിൽ ഭൂരിഭാഗവും നിരക്ഷരരാണ്. ഇവരിൽ പലരും സാക്ഷരതാ പ്രസ്ഥാനത്തിൻെറ പ്രയോജനം ലഭിച്ചവരായിരുന്നു. തുടർ വിദ്യാഭ്യാസത്തിൻെറ അഭാവം ഇവരെ വീണ്ടും നിരക്ഷരരാക്കി എന്നത് ഖേദകരമാണ്.

33% ഭവനങ്ങളാണ് വൈദ്യുതികരിച്ചവ. ആരംഭകാലത്തു സൗജന്യ നിരക്കിൽ വൈദ്യുതി ഉപയോഗിക്കുന്ന അധികം വീടുകളുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ സൗജന്യനിരക്ക് അനുഭവിക്കുന്ന ഒരെണ്ണമെയുള്ളു. ഇലക്ട്രിസിറ്റി ചാർജ്ജ് അടയ്ക്കായ്കയാൽ വൈദ്യുതി വിഛേദിച്ചിരിക്കുന്ന ചുരുക്കം ഭവനങ്ങളുമുണ്ട്.

**വാർഡ് സഭാ റിപ്പോർട്ട്**

ദാരിദ്ര്യം പ്രസക്ത വിഭാഗത്തെപ്പറ്റി ചർച്ചചെയ്തു 20 വാർഡുസഭകളുടെ റിപ്പോർട്ടിലും പാർപ്പിട സൗകര്യങ്ങളുടെ ദാരുണമായ അപര്യാപ്തതയെപ്പറ്റി പരാമർശിക്കുന്നുണ്ട്. 1972 - മുതൽ അനുവദിച്ച വീടുകൾക്കെല്ലാം തന്നെ അറ്റകുറ്റ പണികൾ അടിയന്തിരമായി ചെയ്യേണ്ടിയിരിക്കുന്നു. മാത്രവുമല്ല വീടുകൾക്ക് പട്ടയം ലഭിച്ചിട്ടില്ല എന്നതും വ്യക്തമായ പരാതിയാണ്.

ഏതാണ്ട് 50% വീടുകൾക്കും അടുക്കള സൗകര്യം ഇല്ലായെന്നത് വസ്തുതയായിരിക്കേ ശേഷിക്കുന്നവയ്ക്ക് അറ്റകുറ്റ പണികൾചെയ്തു ഉപയോഗ യോഗ്യമാക്കേണ്ടതായും ഉണ്ട്. പോളിത്തീൻ കടലാസ്സുകളിലുള്ള മറകൾക്കുപകരം ചുവരുകൾകെട്ടുകയെന്നതാണ് പ്രധാനം ശുചിത്വമില്ലായ്മയ്ക്കും അതുവഴിവരുന്ന രോഗങ്ങൾക്കും ലാട്രിൻസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടുകൂടി ഒരു നല്ലയളവ് പരിഹാരമാകും പൊതുകിണറുകൾ യഥാസമയം വൃത്തിയാക്കാത്തതിനാൽ കുടിവെള്ളം മലിനമാവുകയും വേനൽക്കാലങ്ങളിൽ വരണ്ടുപോകാൻ ഒരുവിധത്തിൽ കാരണമാവുകയും ചെയ്യുന്നു. ഇവ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കി മാറ്റാനും പോരാത്ത സ്ഥലങ്ങളിലെല്ലാം ടാപ്പുകൾ സ്ഥാപിക്കുകയുംവേണം.

വീടുകൾ കെട്ടിമേയിക്കാനും ദക്ഷതകൂടിയ അടുപ്പുകൾ വിതരണം ചെയ്യാനും ശ്രമിക്കണം.

വീടുള്ളവരുടെ പ്രശ്നങ്ങൾ ഇങ്ങനെ ഉരുണ്ടുകൂടുമ്പോൾ വീടുതന്നെയില്ലാത്തവരുടെപ്രശ്നങ്ങൾ ഏറ്റവും പ്രസക്തമാവുന്നു. വീടിൻെറ അസൗകര്യങ്ങൾ രൂക്ഷമാകുന്നതുമൂലം ഇപ്പോഴുള്ള വീടുകൾക്ക് ചെറിയ ഇറക്കുകൾ ഉണ്ടാക്കി അവയിൽ തലചായ്ക്കുന്നവരെ സംബന്ധിച്ചുള്ള കാര്യങ്ങളും വാർഡ് സഭാ റിപ്പോർട്ടിലുണ്ട്.

**വിദ്യാഭ്യാസം**

സ്ക്കൂൾ പ്രായമെത്തിയ എല്ലാ കുട്ടികളും സ്ക്കൂളിൽപ്പോകുന്നത് ആഹ്ലാദജനകമായ ഒരു വസ്തുതയാണ്. എങ്കിലും അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ലംപ്സംഗ്രാൻറ് ലഭിക്കാതിരിക്കുക, ചക്കിലി സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് കോളേജ് തലത്തിൽ സ്റ്റൈപൻറ് കിട്ടാതിരിക്കൽ, മക്കൾക്ക് ആഹാരവും വസ്ത്രവും നൽകാൻ രക്ഷിതാക്കൾക്കു കഴിയായ്കയാൽ ഉയർന്നക്ലാസ്സുകളിൽ കുട്ടികളെ അയക്കാൻ കഴിയാതിരിക്കുക ഇവയൊക്കെ അനുഭവപ്പെടുന്നു. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ പ്രവർത്തിക്കുന്ന പെൺകുട്ടികളുടെ ഹോസ്റ്റലിൻെറ സൗകര്യങ്ങൾ തികച്ചും അപര്യാപ്തം.

**തൊഴിൽ**

കോളനികളിൽ താമസിക്കുന്ന മുനിസിപ്പൽ തൊഴിലാളികളെ മാറ്റി നിറുത്തിയാൽ ബഹുഭൂരിപക്ഷം

പേരും കൂലിപ്പണിക്കാരാണ്. തെങ്ങു കയറ്റം മുതലായ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. ഭാഗികമായി തൊഴിൽ ചെയ്യുന്നവരും തീരെ തൊഴിൽ ഇല്ലാത്തവരും ഉണ്ട്. സ്ത്രീകളുടെ ഇടയിലെ തൊഴി ലില്ലായ്മ രൂക്ഷമാണ്. അതുപോലെ അഭ്യസ്ത വിദ്യരും കൈവേല പരിശീലിച്ചവരും തൊഴിലില്ലായ്മ നേരടുന്നു.

**സാമൂഹ്യ പദവി**

സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഏതാണ്ട് അവസാനിച്ചെന്നു പറയാം. നേരിട്ടന്വേഷിച്ച കോളി നികളിലൊക്കെ ഉച്ചനീചത്വം അവസാനിച്ചു എന്നാണ് മറുപടി കിട്ടിയതെങ്കിലും XI, XXXI എന്നീ വാർഡുക ളിലെ റിപ്പോർട്ടിൽ ഉച്ചനീചത്വം അവസാനിപ്പിക്കാൻ ശ്രമിക്കണമെന്നും XXXIV-ാം വാർഡ് സഭാ റിപ്പോ ർട്ടിൽ ഉച്ചനീചത്വം ഉണ്ട് എന്നും പരാമർശിച്ചുകാ ണുന്നു. ആക യാൽ ഈ ദുരവസ്ഥ ചിലപ്രദേശങ്ങ ളിലെങ്കിലും ഇപ്പോഴും നിലനില്ക്കുന്നു എന്ന് യാഥാ ർത്ഥ്യമാണ്.

സ്പോർട്സ് സംരംഭങ്ങൾ ആരംഭിച്ച് പരിശീല നം നൽകണമെന്നും വനിതാ ക്ഷേമപരിപാടികൾ തുട ങ്ങണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്

**കോളനി**

കോളനികളെ സംബന്ധിച്ച് നേരിട്ടു ശേഖരിച്ച വിവരങ്ങൾ പരിഗണിക്കുന്നതിനുമുൻപ് കൻേറാൺ മെൻറ് വടക്ക് വാർഡിൽ നിന്നു വന്ന ഒരു നിർദ്ദേശം എടുത്തുകാട്ടേണ്ടിയിരിക്കുന്നു. പട്ടികജാതിയിൽപ്പെട്ട ഏതാണ്ട് 250 കുടുംബങ്ങൾ ഈ വാർഡിൽ അടിസ്ഥാ ന സൗകര്യമില്ലാത്തവരായുണ്ട്. അവർക്ക് ശുദ്ധജലം, കക്കൂസ്, വിദ്യാഭ്യാസ സൗകര്യങ്ങൾ മുതലായ രംഗങ്ങ ളിലുള്ളപോരായ്മകൾ എടുത്തുകാട്ടുന്നതോടൊപ്പം ഈ വാർഡിനെത്തന്നെ പട്ടികജാതി കോളനിയായി പ്രഖ്യാ പിക്കണമെന്നും ആവശ്യപ്പെടുന്നു. മറ്റൊരു വാർഡും ഇപ്രകാരമൊരാവശ്യം ഉന്നയിച്ചിട്ടില്ല. ആകയാൽ ഒരു കോളനിയുടെ പദവി ഈ വാർഡിനു നൽകുന്നതി നെപ്പറ്റി ഗൗരവപൂർവ്വം ചർച്ച വേണ്ടിയിരിക്കുന്നു.

അതുപോലെ പുന്നത്തല നോർത്ത് വാർഡിൽ നിന്നും ഒരാവശ്യം ഉയർന്നുവരികയുണ്ടായി. അവിടെ വികസിച്ചുവരുന്ന ഒരു പാർപ്പിട പ്രദേശത്തിനു പട്ടികജാതി - പട്ടിക വർഗ്ഗകോളനിയുടെ പദവി ലഭി ക്കണമെന്നാണത്. ഇപ്പോൾതന്നെ ഈ വിഭാഗത്തിൽ പെട്ടവരുടെ 6 വീടുകളും മറ്റുള്ളവരുടെ 4 വീടുകളും ഉണ്ട്. 6 വീടുകളിൽ 5 എണ്ണവും ചെറ്റക്കുടിലുകളാണ്. ഒറ്റ വീടിനുമാത്രമേ വൈദ്യുതിയുള്ളു. മറ്റടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ല. താമസക്കാരുടെ ദാരിദ്ര്യവും പിന്നോക്കാവസ്ഥയും കണക്കിലെടുത്ത് ഇവിടുത്തെ നിവാസികൾക്കും പട്ടയം, ഭവനനിർമ്മാണ സൗജന്യ ങ്ങൾ, മറ്റടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവയൊക്കെ പരിഗണിക്കണം.

**പ്രശ്നങ്ങൾ**

1 സ്വന്തമായി വീടില്ലാത്തവർ ഉണ്ട്

2 ഉള്ളവീടുകൾ കേടുപാടുകൾ പറ്റിയവ നിരവധിയാണ്.

3 കക്കൂസുകൾ ഇല്ല/കേടുപാടുകൾ ഉള്ളവയുണ്ട്.

4 പൊതുകിണറുകൾ ശുചിയാക്കുന്നില്ല, കുടിവെള്ളം വേണ്ടത്ര എല്ലാക്കാലവും ലഭിക്കുന്നില്ല.

5 വീടുകൾക്ക് ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

6 ഭൂരിഭാഗം വീടുകൾക്കും വൈദ്യുതി ഇല്ല.

7 ചെറ്റക്കുടിലുകളും ഓലക്കൂരയും ഉണ്ട്.

8 വീടുകൾ കെട്ടിമേയാത്തവയുമാണ്.

9 കുട്ടികൾ എല്ലാം സ്ക്കൂളിൽ പോകുന്നവെങ്കിലും നിലവാരമില്ലാത്തവരാണ്.

10 ഇടയ്ക്ക് വച്ച് പഠനം നിർത്തുന്നു.

11 മുതിർന്നവരിൽ നിരക്ഷരരുണ്ട്.

12 കൈവേലപരിശീലിച്ചവർ ഉൾപ്പെടെ നിരവധി ചെറുപ്പക്കാർക്ക് തൊഴിലില്ല.

13 അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്കും തൊഴിലില്ല.

14 മരംകയറ്റ തൊഴിലാളികളുടെ ബുദ്ധിമുട്ട് പരിഹ രിക്കണം.

15 തൊഴിലില്ലാത്ത വനിതകളുണ്ട്.

16 സ്പോർട്ട്സ്-കലകൾ തുടങ്ങിയവയിൽ വാസന യുള്ളകുട്ടികൾക്ക് വേണ്ട പ്രോത്സാഹനമില്ല.

17 ഉച്ചനീചത്വങ്ങൾ പരിമിതമായ തോതിലെങ്കിലും നിലനിൽക്കുന്നു.

**സാദ്ധ്യതകൾ**

1 പുറംപോക്കുകൾ - ഉദാഹരണം തോപ്പിൽക്കടവിനു വടക്കുവരെയുള്ള കായൽപ്പുറംപോക്ക് നികത്തി വീടി ല്ലാത്തവർക്ക് നൽകുക.

2 സന്നദ്ധപ്രവർത്തനം സ്വരൂപിച്ച് വീടുകളുടെ അറ്റകുറ്റ

പണികൾ നടത്തുക.

3 സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് സ്ഥിതിവിവര ക്കണക്കുകൾ വഴി കക്കൂസില്ലാത്തതും റിപ്പയർ വേണ്ട തുമായവ എത്രയെന്നു നിർണ്ണയിക്കുക.

4 പട്ടയം നൽകുക, പട്ടയം നൽകുമ്പോൾ ഉടമകൾ വിൽക്കുക /കൈമാറ്റം ചെയ്യുക മുതലായ നടപടിക ളിലൂടെ വീണ്ടും ഭവനരഹിതരാകാതിരിക്കാനുള്ള മുൻ കരുതലുകളെടുക്കുക.

5 വൈദ്യുതി സൗജന്യം വിപുലമാക്കുകയും സൗജ ന്യത്തിനകത്ത് ഉപഭോക്താവ് നിൽക്കാനുള്ള ബോധ വൽക്കരണം നടത്തുകയും ചെയ്യുക.

6 ചെറ്റക്കുടിലുകൾ മേയാൻ നിലവിലുള്ള സൗജന്യ പദ്ധതി പ്രയോജനപ്പെടുത്തി നിർമ്മിക്കുക.

7 അംഗനവാടികൾ, ട്യൂഷൻ സെൻററുകൾ മുതലാ യവ സ്ഥാപിച്ച് കുട്ടികളുടെ പഠനനിലവാരം ഉയ ർത്തുകയും അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരി ഹരിക്കുകയും ചെയ്യുന്നതിന് ഒരു അളവുവരെയെങ്കിലും പരിശ്രമിക്കുക.

8 രക്ഷാകർത്താക്കളെ ബോധവാൻമാരാക്കുക.

9 സർക്കാരിൽനിന്നും ലഭിക്കേണ്ട ഗ്രാൻറും സ്റ്റൈ പെൻറും മറ്റും അർഹരായവർക്കെല്ലാം യഥാസമയം കിട്ടുമെന്നുറപ്പാക്കുക. ഇതിനായി വാർഡ് കൗൺസി ലറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുക.

10 സാക്ഷരതാപദ്ധതിയും തുടർവിദ്യാഭ്യാസ പരിപാ ടിയും വീണ്ടും ആവശ്യമുള്ളിടത്തേർപ്പെടുത്തുക.

11 ഡ്രൈവിംഗ് പരിശീലനം നൽകുക.

12 കംപ്യൂട്ടർ പരിശീലനകേന്ദ്രം തുടങ്ങുക.

13 സഹകരണാടിസ്ഥാനത്തിൽ കൈവേലക്കാരെ സംഘടിപ്പിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുക.

14 വനിതാ സഹകരണസംഘങ്ങളും വനിതകൾക്ക് ഇ ഡി പി പരിശീലനങ്ങളും നൽകുകവഴി അവരെ സ്വയംതൊഴിൽ പ്രാപ്തരാക്കുക.

15 നൃത്ത-സംഗീത വിദ്യാലയങ്ങൾ തുടങ്ങി വാസന യുള്ള കുട്ടികളുടെ കഴിവു വർദ്ധിപ്പിക്കുക.

## 6.12

# വിഭവസമാഹരണം

എല്ലാ വികസനപ്രവർത്തനങ്ങളുടേയും മുഖ്യ ഘടകം വിഭവങ്ങളാണ്. തദ്ദേശസ്ഥാപനങ്ങളുടെവിഭ വങ്ങളിൽ പ്രധാനമായവ സ്വന്തം വരുമാനം, പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും ലഭിക്കാവുന്ന വിഹിതം മറ്റു വകുപ്പിൽ നിന്നും ലഭിക്കുന്ന പദ്ധതി വിഹിതം സർക്കാർ നൽകുന്ന സഹായധനം വിവധ ഏജൻസികളിൽനിന്നും ലഭിക്കാവുന്ന വായ്പകൾ, ഗുണഭോക്താക്കളിൽനിന്നും സ്വരൂപിക്കാവുന്ന സംഭാവന, തൊഴിൽദാനം, മറ്റു വിഭവങ്ങൾ തുടങ്ങിയവയാണ്. നികുതി ഇനങ്ങളിലും നികുതിയേതര വരുമാനങ്ങളിലും സ്വരൂപിക്കുന്ന വരുമാനം ഭരണച്ചെലവുകളും അത്യാവശ്യസേവനച്ചെലവുകളും നടത്തിക്കഴിഞ്ഞാൽ വികസനപ്രവർത്തനങ്ങൾക്ക് അപര്യാപ്തമായിക്കാണുന്ന സ്ഥിതിയാണുള്ളത്.

കൊല്ലം നഗരസഭയുടെ 1985-86 വർഷം മുതൽ 1995-96 വർഷംവരെയുള്ള വരവു ചെലവ് ഇനങ്ങളുടെ സംക്ഷിപ്ത വിവരം പരിശോധിച്ചാൽ വർദ്ധിച്ചുവരുന്ന വികസന ആവശ്യങ്ങൾക്ക് മറ്റു വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതിന്റെ ആവശ്യകത കാണാവുന്നതാണ്. വാർഡു സഭകളിൽനിന്നും വിവിധ മേഖലകളിലായി നടപ്പാക്കുന്നതിനുവേണ്ടി ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നതിനും ലഭ്യമായിട്ടുള്ള വിഭവങ്ങൾ തുലോം അപര്യാപ്തമാണ്. 9-ാം പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതിന് അംഗീകരിക്കുന്ന പുതിയ പദ്ധതികൾക്ക് നാൽപ്പതു ശതമാനംവരെ പദ്ധതി വിഹിതമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കാം. നഗരത്തിൽ വർദ്ധിച്ചുവരുന്ന വികസനപ്രവർത്തനങ്ങൾക്ക് വിഭവങ്ങൾ കണ്ടെത്താനുള്ള ചുമതലയും സാദ്ധ്യതയും നഗരസഭക്കാണ്. ജനപങ്കാളിത്തത്തോടെ ഈ ബാധ്യത നിർവ്വഹിക്കേണ്ടതാണെന്നുള്ളതാണ് വിഭവസമാഹരണത്തിനുവേണ്ടിയുള്ള പര്യാലോചനയുടെ പ്രസക്തി.

കൊല്ലം നഗരസഭയുടെ വരുമാന മാർഗ്ഗങ്ങളെപ്പറ്റി പരിശോധിക്കാം. 1985 - 86 വർഷം മുതലുള്ള വിവിധ വരുമാനങ്ങളുടെ വിവരം പട്ടിക 1-ൽ ചേർത്തിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, വിനോദനികുതി, അധിക വിനോദ നികുതി, പ്രദർശന നികുതി, പരസ്യ നികുതി, വസ്തു കൈമാറ്റത്തിൻമേലുള്ള നികുതി, പ്രദർശന നികുതി സർച്ചാർജ്ജ് എന്നീ നികുതിഇനങ്ങൾ മറ്റു നിയമങ്ങൾവഴിയുള്ള വരവ്. മുനിസിപ്പൽ ലൈസൻസ് ഫീസ്, മുനിസിപ്പൽ വസ്തു വകകളിൽനിന്നുള്ള ആദായം, സർക്കാർ ധനസഹായം തുടങ്ങിയ പ്രത്യേക വരവിനങ്ങളുമാണുള്ളത്. വസ്തു നികുതി 5 വർഷത്തിലൊരിക്കൽ പുതുക്കി നിശ്ചയിക്കുന്നു. 20-30 % വർദ്ധനവ് ഉണ്ടാകുന്നുണ്ട്. തൊഴിൽ നികുതി അർദ്ധവർഷംതോറും ചുമത്തിവരുന്നു. എന്നാൽ 1250

രൂപയിൽകൂടുതൽ തുക ഒരാൾക്ക് ചുമത്താൻ പാടില്ല എന്നുള്ള ഭരണഘടന വ്യവസ്ഥ വൻ വരുമാനക്കാരിൽ നിന്നും നികുതി കൂടുതൽ ഈടാക്കുന്നതിനു പ്രതിബന്ധമുള്ളതിനാൽ മൊത്തവരുമാനം ഗണ്യമായി വർദ്ധിക്കുന്നതിന് സാദ്ധ്യതയില്ല.

വിനോദനികുതി 30% നിരക്കിൽ ചുമത്തുന്നത് പരമാവധി നിരക്കാണ്. ടിക്കറ്റിന്റെ നിരക്ക് വർദ്ധിക്കുന്നതിനനുസരിച്ച് വരുമാനം കൂടുതൽ ലാഭിക്കാൻ ഇടയാകുന്നു. തദനുസരണമായി അതികവിനോദ നികുതിയും വർദ്ധിക്കുന്നു.

പ്രദർശനനികുതി ക്ലിപ്തനിരക്കായതിനാൽ പ്രദർശനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നു.

പരസ്യനികുതി പൂർണ്ണമായും ഈടാക്കിയാൽ ഗണ്യമായ വർദ്ധനവിന് സാധ്യതയുണ്ട്. വസ്തുകൈമാറ്റത്തിൻമേലുള്ള നികുതി സബ്‌രജിസ്ട്രാഫീസുകളിൽ വസ്തുക്കളുടേയുംമറ്റും ക്രയവിക്രയവും മറ്റും നടത്തുമ്പോൾ ഈടാക്കുന്ന സ്റ്റമ്പ് ഡ്യൂട്ടിയുടെ ഒരു നിശ്ചിത നിരക്കിൽ ഈടാക്കുന്നത് സ്വരൂപിച്ച 75% വിഹിതവും, പിന്നീട് ആവശ്യാനുസരണം 25% വിഹിതവും സർക്കാർ നൽകുന്നതാണ്. സ്റ്റാമ്പ് ഡ്യൂട്ടി വരുമാനം കൂടുന്നതനുസരിച്ച് വിഹിതവും കൂടുതൽ ലഭിക്കുന്നു.

ശുദ്ധജലത്തിന്റെ വില ഈടാക്കി വന്നിരുന്നത് ജലവിതരണത്തിന്റെ ചുമതല വാട്ടർ അതോറിറ്റിക്ക് 1991-ൽ കൈമാറിയതോടുകൂടി നിർത്തലാക്കി.

മുനിസിപ്പൽ വസ്തുക്കളിൽനിന്നുള്ള വരുമാനം [ബസ്സ്റ്റാൻറ്, ലോറി സ്റ്റാൻറ്, ചന്തകൾ, കശാപ്പുശാല തുടങ്ങിയവ] വർദ്ധിപ്പിക്കാനുതകുന്നതരത്തിലുള്ളതാണ്. വരുമാനശേഷിയുള്ള ആസ്തികൾ കൂടതൽ സ്ഥാപിക്കുന്നതോടെ വരുമാനവും വർദ്ധിപ്പിക്കാവുന്നതാണ് - ഇതിനു യാതൊരു പരിധിയുമില്ല. ലൈസൻസ്ഫീസ്, കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് തുടങ്ങിയവ ചോർച്ചയ്ക്കിടയാകാതെ ശരിയായ നിരക്കിൽ ഈടാക്കിയാൽ വരുമാനവർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്. സർക്കാർ സഹായധനത്തിൽ വാഹന നികുതി നഷ്ടപരിഹാരമായി [ V T C ] വാഹനഗതാഗത സൗകര്യമുള്ളറോഡിന്റെ കണക്കിന് വർഷംതോറും ലഭിക്കുന്ന തുക ഗണ്യമായ ഒരു വരുമാനമാണ് - റോഡുകളുടെ സംരക്ഷണത്തിന് ചെലവഴിക്കണമെന്നുമാത്രം.

മൊത്തം വരവ് 1985-86-ൽ ഒരുകോടി അറുപത്തിയൊൻപത് ലക്ഷത്തോളമായിരുന്നത് 1995-96ൽ മൂന്നുകോടി 48 ലക്ഷത്തിൽപരമായി പടിപടിയായി വർദ്ധിച്ചിരുന്നതായി പട്ടികയിൽ കാണാം. വർദ്ധനവ് 270% ആണ്. എന്നാൽ ചെലവിനത്തിൽ 1985-86-ൽ ഒരുകോടി 63 ലക്ഷമായിരുന്നത് 1995-96-ൽ 4 കോടി നാല്പതുലക്ഷത്തിൽപരമായി വർദ്ധിച്ചിട്ടുണ്ട്. - ഏകദേശം 335% [ പട്ടിക 2, 3 ,4 ] വർദ്ധനവിലുള്ള ഈ വ്യത്യാസം വികസനപ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി കണക്കുകളിൽനിന്നും വ്യക്തമാണ്.ശമ്പളച്ചെലവ് 1985-86-ൽ മൊത്തം വരുമാനത്തിന്റെ 40.5% ആയിരുന്നത് 1995-96ൽ 65.6% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ എണ്ണവും ശമ്പളനിരക്കും ജോലിഭാരത്തിനനുസരിച്ച് വർദ്ധിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ചെലവിന്റെ തോത് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്.

അടുത്ത പ്രധാന ഇനം പൊതുമരാമത്താണ്. മൊത്തം വരവിന്റെ അടിസ്ഥാനത്തിൽ ചെലവിന്റെ തുക വർദ്ധിച്ചുകാണുന്നുണ്ടെങ്കിലും ശതമാനനിരക്കിൽ വലിയ വ്യത്യാസം കാണുന്നില്ല. ഇത് സൂചിപ്പിക്കുന്നത് നഗരത്തിലെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്കനുസരണമായി പൊതുമരാമത്തു പണികൾ നടക്കുന്നില്ല എന്നാണ്. മരാമത്തു പണികൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ മാത്രം നടത്തുന്നതിനാൽ ജനങ്ങളുടെ പങ്കാളിത്തവും ശ്രമദാനവും ലഭ്യമായിരുന്നില്ല. നഗരസഭ നേരിട്ടോ, നോമിനി മുഖാന്തിരമോ നടത്തിയിരുന്നെങ്കിൽ കൂടുതൽ പണികൾ ഇതേതുകകൾ വിനിയോഗിച്ച് നടത്താമായിരുന്നു. പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് ശമ്പളച്ചെലവുൾപ്പടെ മൊത്തം വരവിന്റെ 45% ത്തോളം ചെലവ് 1995-96 വർഷം ഉണ്ടായിട്ടുണ്ട്. 1985-86 -ൽ ഈ ചെലവ് 26% ആയിരുന്നുവെന്നു കാണാം. ജീവനക്കാരുടെ ശമ്പളവർദ്ധനവാണ് ഇതിന് മുഖ്യകാരണം.

വിളക്കുകത്തിക്കൽ, വിദ്യാഭ്യാസം തുടങ്ങിയ ഇനങ്ങൾക്ക് ചെലവിന്റെ തോത് കാര്യമായ വ്യത്യാസമില്ലാതെ തുടരുന്നു. മുനിസിപ്പൽ വസ്തുക്കളിൽ കൂടുതൽചെലവുകൾനടത്തി കൂടുതൽ ആദായകരമാക്കുന്നതിനു സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

# കൊല്ലം നഗരസഭ

## വരവ് ചെലവ് വിവരം



പട്ടിക 1

കൊച്ചി നഗരസഭയുടെ 1985 - 86 മുതൽ 1995-- 96 വരെ 11 വർഷത്തെ വരവ് - സംക്ഷിപ്ത വിവരം

| | 1985-86 | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|---|
| നികുതികളും നിരക്കുകളും | | | | | | | | | | | |
| വസ്തുനികുതി | 41,31,380 | 44,15,409 | 44,17,579 | 51,96,662 | 61,74,658 | 64,70,858 | 63,18,554 | 65,21,264 | 64,41,451 | 83,71,599 | 84,15,858 |
| തൊഴിൽനികുതി | 7,29,706 | 3,91,337 | 8,54,980 | 5,99,040 | 6,46,946 | 6,67,173 | 8,25,514 | 7,61,288 | 11,90,867 | 16,87,656 | 14,75,861 |
| വിനോദ നികുതി | 36,14,541 | 35,87,862 | 37,57,503 | 38,27,534 | 41,79,605 | 45,76,901 | 56,64,262 | 66,28,902 | 79,33,563 | 78,70,205 | 86,88,906 |
| പ്രദർശന നികുതി | 22,728 | 20,523 | 19,844 | 22,948 | 29,931 | 25,038 | 26,489 | 26,648 | 26,539 | 28,473 | 24,745 |
| പരസ്യനികുതി | 82,147 | 96,910 | 1,01,723 | 1,28,579 | 1,18,894 | 1,64,859 | 1,76,041 | 1,25,235 | 1,56,771 | 2,31,496 | 2,48,461 |
| വസ്തു കൈമാറ്റത്തിൻമേലുള്ള സർച്ചാർജ് | 6,15,891 | 8,68,614 | 16,82,373 | 16,40,977 | 16,94,637 | 11,32,328 | 16,17,115 | 26,42,762 | 25,28,046 | 36,36,306 | 39,98,537 |
| [illegible] | 5,41,179 | 14,42,610 | 15,20,246 | 14,03,277 | 13,29,498 | 11,21,539 | 53,506 | .. | .. | .. | .. |
| പ്രദർശന നികുതി സർച്ചാർജ് | 5,689 | 5,297 | 4,968 | 5,728 | 7,477 | 6,266 | 6,642 | 6,658 | 6,821 | 7,037 | 6,495 |
| അധിക വിനോദ നികുതി | 21,45,475 | 21,29,710 | 22,41,678 | 22,83,912 | 24,93,808 | 27,40,792 | 32,96,829 | 39,80,111 | 47,44,334 | 47,45,292 | 52,33,348 |
| ആകെ - നികുതികളും നിരക്കുകളും | 1,18,88,736 | 1,29,58,272 | 1,46,00,894 | 1,51,08,657 | 1,66,75,454 | 1,69,05,754 | 1,79,84,951 | 2,06,92,868 | 2,30,28,392 | 2,65,78,064 | 280,92,211 |
| മറ്റു നിയമങ്ങൾ വഴിയുള്ള വരവ് | 18,554 | 14,211 | 15,177 | 16,230 | 21,174 | 17,295 | 14,969 | 18,716 | 14,168 | 17,328 | 14,090 |
| മുനിസിപ്പൽ വസ്തുക്കളിൽനിന്നും | 17,10,676 | 18,87,011 | 26,65,959 | 22,36,666 | 21,64,067 | 23,77,097 | 21,65,688 | 25,82,253 | 26,16,735 | 30,12,701 | 28,33,348 |
| മുനിസിപ്പൽ ഫീസുകൾ | 2,93,144 | 3,35,102 | 2,62,646 | 4,23,215 | 5,12,045 | 4,89,679 | 6,02,948 | 13,29,877 | 18,87,396 | 25,05,355 | 22,98,010 |
| ഗവൺമെന്റ് ഗ്രാന്റുകളും സഹായധനവും | 14,68,087 | 12,41,000 | 3,62,662 | 24,73,275 | 3,57,559 | 21,04,830 | 10,03,327 | 22,35,550 | 48,54,816 | 9,68,730 | 8,05,013 |
| പലവക വരവുകൾ | 15,01,982 | 12,13,018 | 13,64,208 | 13,38,776 | 17,26,676 | 12,78,606 | 7,85,704 | 2,86,994 | 14,04,269 | 10,04,540 | 7,95,990 |
| ആകെ - മറ്റു വരവുകൾ | 49,92,443 | 46,90,342 | 46,70,652 | 64,88,162 | 47,81,521 | 62,67,507 | 45,72,636 | 64,53,090 | 1,07,77,384 | 75,08,654 | 67,46,451 |
| ആകെ വരവ് (വാർഷിക ശരിക) | 1,68,81,179 | 1,76,48,614 | 1,92,71,546 | 2,15,96,819 | 2,14,56,975 | 2,31,73,261 | 2,25,57,787 | 2,71,45,958 | 3,38,05,776 | 3,40,86,718 | 348,38,662 |



177

പട്ടിക 2

കൊല്ലം നഗരസഭയുടെ 1985 - 86 മുതൽ 1995 - 96 വരെ 11 വർഷത്തെ ചെലവ് - സംക്ഷിപ്ത വിവരം

| | 1985-86 | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|---|
| [illegible] | 20,90,305 | 19,25,096 | 21,77,523 | 28,92,115 | 28,75,069 | 31,08,590 | 44,72,229 | 53,62,627 | 51,23,880 | 58,89,071 | 82,83,542 |
| മരാമത്ത് പണികൾ | 15,69,950 | 19,80,056 | 47,04,129 | 36,49,713 | 49,47,898 | 45,90,599 | 46,93,812 | 69,66,751 | 61,91,430 | 68,80,163 | 81,62,463 |
| വിദ്യാഭ്യാസം | 1,66,202 | 1,80,478 | 2,59,801 | 3,18,481 | 4,58,198 | 3,27,398 | 3,38,142 | 4,39,005 | 4,97,202 | 6,00,658 | 6,29,779 |
| [illegible] | 7,64,854 | 24,57,081 | 14,27,807 | 12,82,902 | 15,63,448 | 13,31,511 | 3,42,711 | 3,28,194 | 5,03,880 | 5,03,960 | 5,71,173 |
| പൊതുജനാരോഗ്യം | 42,64,488 | 42,76,108 | 60,56,338 | 60,35,681 | 67,70,264 | 72,66,334 | 83,59,201 | 1,04,46,238 | 1,60,05,816 | 1,36,05,420 | 1,56,56,224 |
| വിളക്കുകത്തിക്കൽ | 11,74,677 | 13,33,953 | 13,72,736 | 18,61,731 | 16,05,814 | 18,31,569 | 15,39,312 | 20,61,469 | 23,15,717 | 23,82,560 | 23,87,703 |
| [illegible] | 8,82,192 | 1,78,357 | 2,59,564 | 5,26,975 | 2,60,822 | 2,65,332 | 3,26,996 | 4,83,833 | 3,42,465 | 7,32,434 | 4,90,283 |
| [illegible] | 12,13,275 | 14,48,676 | 14,45,242 | 22,12,188 | 26,50,062 | 27,55,085 | 31,04,129 | 28,33,474 | 25,89,456 | 36,75,757 | 23,27,825 |
| പലവക | 3,010 | 4,874 | 1,355 | .. | 3,607 | 656 | 5,960 | .. | .. | .. | 40,323 |
| മൂലധന ചെലവ് | | | | | | | | | | | |
| നടത്തിപ്പ് | 1,71,628 | 5,39,259 | 2,75,561 | 4,17,410 | 1,05,532 | 23,473 | 9,927 | 38,374 | 2,88,489 | 40,81,858 | |
| മരാമത്ത് പണികൾ | 37,20,588 | 7,42,593 | 52,85,012 | 30,26,554 | 12,22,192 | 26,573 | 9,53,433 | 36,72,385 | 7,76,772 | 47,14,677 | |
| വിദ്യാഭ്യാസം | 27,110 | 61,228 | .. | .. | 7,425 | .. | .. | 8,668 | 27,355 | .. | 55,09,070 |
| ജലവിതരണം | 84,821 | 4,266 | .. | .. | 25,800 | .. | .. | .. | 28,375 | .. | |
| പൊതുജനാരോഗ്യം | 1,57,794 | 10,18,920 | 4,73,846 | 1,60,138 | 42,445 | .. | 5,19,645 | .. | .. | .. | |
| വിളക്കുസ്ഥാപിക്കൽ | 4,515 | 24,500 | 77,134 | .. | 1,71,555 | .. | 9,44,080 | 67,500 | .. | .. | |
| **ആകെ ചെലവ്** | 1,62,95,409 | 1,61,75,445 | 2,38,16,048 | 2,23,85,885 | 2,27,10,131 | 2,15,26,464 | 2,56,09,577 | 3,26,41,018 | 3,46,90,837 | 4,30,66,558 | 4,40,58,810 |

പട്ടിക 3

ചെലവ് വിവരം - മൊത്തം ചെലവിന്റെ ശതമാനം

| | 1985-86 | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുമരാമത്ത് | 32.5 | 16.8 | 41.9 | 29.8 | 27.2 | 21.4 | 22.1 | 32.6 | 20.1 | 26.9 | 31.0 |
| വിദ്യാഭ്യാസം | 1.2 | 1.5 | 1.1 | 1.4 | 2.0 | 1.5 | 1.3 | 1.4 | 1.5 | 1.4 | 1.5 |
| പൊതുജനാരോഗ്യം | 27.1 | 32.7 | 27.4 | 27.7 | 30.0 | 33.8 | 34.7 | 32.0 | 46.1 | 31.6 | 35.5 |
| വിളക്കുകത്തിക്കൽ | 7.2 | 8.4 | 6.1 | 8.3 | 7.8 | 8.5 | 9.7 | 6.5 | 6.7 | 5.5 | 5.4 |
| മുനിസിപ്പൽ വസ്തുക്കൾ | 5.4 | 1.1 | 1.1 | 2.3 | 1.1 | 1.2 | 5.8 | 1.5 | 1.0 | 1.7 | 1.1 |

ചെലവ് വിവരം മൊത്തം വരവിന്റെ ശതമാനം

| | 1985-86 | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുമരാമത്ത് | 31.3 | 15.4 | 51.8 | 30.9 | 28.8 | 19.9 | 25.0 | 39.2 | 20.6 | 34.0 | 39.0 |
| വിദ്യാഭ്യാസം | 1.1 | 1.4 | 1.3 | 1.5 | 2.1 | 1.4 | 1.5 | 1.6 | 1.5 | 1.8 | 1.8 |
| പൊതുജനാരോഗ്യം | 26.2 | 30.0 | 33.9 | 28.7 | 31.8 | 31.4 | 39.4 | 30.9 | 47.3 | 39.9 | 44.9 |
| വിളക്കുകത്തിക്കൽ | 5.9 | 7.7 | 7.5 | 8.6 | 8.3 | 7.9 | 11.0 | 7.8 | 6.8 | 7.0 | 6.9 |
| മുനിസിപ്പൽ വസ്തുക്കൾ | 5.2 | 1.0 | 1.3 | 2.4 | 1.2 | 1.1 | 1.4 | 1.8 | 1.0 | 2.1 | 1.4 |

പട്ടിക :

ജീവനക്കാരുടെ ശമ്പള ചെലവ്

| 1985-86 | 1986-87 | 1987-88 | 1988-89 | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|---|---|---|
| 58,33,976 | 66,00,802 | 104,48,785 | 84,60,513 | 103,90,284 | 120,23,507 | 116,59,940 | 170,15,089 | 210,84,863 | 196,57,305 | 228,63,141 |
| വാർഷിക മൊത്തം വരവിന്റെ അടിസ്ഥാനത്തിൽ | | | | | | | | | | |
| 40.5% | 37.4% | 54.2% | 39.2% | 48.2% | 51.9% | 51.7% | 62.7% | 62.4% | 57.7% | 65.6% |
| വാർഷിക മൊത്തം ചെലവിന്റെ അടിസ്ഥാനത്തിൽ | | | | | | | | | | |
| 41.0% | 40.9% | 43.9% | 36.2% | 45.8% | 55.9% | 45.5% | 52.1% | 60.8% | 45.6% | 51.9% |

ശമ്പളത്തിന്റെ വർദ്ധനവ് നിരക്ക്

1985 - 86 ൽനിന്നും 1990 - 91-ലേക്ക് → 173.0%

1985 - 86 ൽനിന്നും 1995 - 96-ലേക്ക് → 335.0%

മൊത്തം വരവിന്റെ വർദ്ധനവ് നിരക്ക്

1985 - 86 ൽനിന്നും 1990 - 91-ലേക്ക് → 137.0%

1985 - 86 ൽനിന്നും 1995 - 96-ലേക്ക് → 206.3%

മൊത്തം ചെലവിന്റെ വർദ്ധനവ് നിരക്ക്

1985 - 86 ൽനിന്നും 1990 - 91-ലേക്ക് → 132.1%

1985 - 86 ൽനിന്നും 1995 - 96-ലേക്ക് → 270.3%

പട്ടിക 5 1985-86 മുതൽ ലഭിച്ചിട്ടുള്ള വായ്പ

| വർഷം | വായ്പയുടെ ആവശ്യം | വായ്പ അനുവദിച്ച സ്ഥാപനം | തുക |
|---|---|---|---|
| 1985-86 | സ്റ്റേഡിയത്തിൻെറ നവീകരണം | കേരള അർബൻഡെവലപ്പ്മെൻറ് ഫിനാൻസ് കോർപ്പറേഷൻ | 8,95,000 |
| 1986-87 | " | " | 21,80,000 |
| 1987-88 | പദ്ധതിയിലുള്ള മരാമത്ത് പണികൾക്ക് | കേരള സർക്കാർ | 1,90,550 |
| 1987-87 | പദ്ധതിയിൽപ്പെടാത്ത മരാമത്ത് പണികൾക്ക് | കേരള സർക്കാർ | 10,28,300 |
| 1988-89 | സ്റ്റേഡിയത്തിലെ ഫ്ലഡ്ലൈറ്റുകൾ സ്ഥാപിക്കുന്നതിന് | ഹഡ്കോ | 46,75,000 |
| 1990-91 | ചെലവുകുറഞ്ഞ സാനിട്ടേഷൻ പദ്ധതിക്ക് | കേരള സർക്കാർ | 1,38 ,523 |
| 1991-92 | പദ്ധതിപ്രകാരമുള്ള മരാമത്ത് പണിക്ക് | കേരള സർക്കാർ | 18,37,254 |
| 1992-93 | " | കേരള സർക്കാർ | 58,37,496 |
| 1993-94 | IDSMT | | 35,00,000 |
| 1994-95 | പദ്ധതിപ്രകാരമുള്ള നരാമത്തു പണികൾക്ക് | കേരള സർക്കാർ | 8,33,300 |
| 1995-96 | " | കേരള സർക്കാർ | 28,75,948 |

വായ്പ തിരികെ അടച്ചതിൻെറ വിവരം

| വർഷം | മുതൽ | പലിശ | ആകെ | ചെലവിൻെറ മൊത്തംശതമാനം |
|---|---|---|---|---|
| 1985-86 | 8,80,667 | 2,60,526 | 11,41,193 | 7 |
| 1986-87 | 8,51,209 | 4,93,015 | 13,44,224 | 8.3 |
| 1987-88 | 10,69,342 | 3,58,582 | 14,27,974 | 5.9 |
| 1988-89 | 12,23,863 | 9,65,907 | 21,89,770 | 9.8 |
| 1989-90 | 16,12,340 | 9,61,411 | 25,73,751 | 11.3 |
| 1990-91 | 18,05,869 | 8,10,102 | 26,15,971 | 11.7 |
| 1991-92 | 23,60,952 | 7,30,663 | 30,91,615 | 12 |
| 1992-93 | 25,10,306 | 2,98,478 | 28,08,784 | 8.6 |
| 1993-94 | 19,47,297 | 63,666 | 20,10,963 | 5.8 |
| 1994-95 | 32,72,456 | 2,56,748 | 35,29,204 | 8.2 |
| 1995-96 | 8,77,004 | 8,02,272 | 16,79,276 | 3.8 |

1985-86 വരഷംമുതൽ വിവിധ ആവശ്യങ്ങൾക്കായി സർക്കാരിൽനിന്നും, ഹൗസിംഗ് ഡവലപ്മെൻറ് കോർപ്പറേഷനിൽനിന്നും [HUDCO] കേരള അർബൻ ഡവലപ്മെൻറ് ഫിനാൻസ് കോർപ്പറേഷനിൽനിന്നും, [I D S M T] പദ്ധതിപ്രകാരവും നഗരസഭ വായ്പ എടുത്തിട്ടുള്ളതിൻെറ പട്ടിക ഇതോടൊപ്പം ചേർത്തിട്ടുണ്ട്. [പട്ടിക-5] നഗരത്തിൻെറ വികസനോൻമുഖമായ കാര്യങ്ങൾക്കാണ് വായ്പകൾ എടുത്തിട്ടുള്ളത് എന്നിരുന്നാലും പ്രത്യുൽപ്പാദനപരമായ ആവശ്യങ്ങൾക്ക് വായ്പകൾ എടുക്കുന്നതുമൂലം ആസ്ഥി വർദ്ധിക്കുന്നതിനും വരുമനം പരിധിയില്ലാതെ വർദ്ധിക്കുന്നതിനുമുള്ള സാദ്ധ്യത ഗൗരവതരമായി പരിഗണന അർഹിക്കുന്നതാണ്. നഗരസഭ നടപ്പാക്കാനുദ്ദേശിക്കുന്നതായി 1996-97-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ വരുമാനം ഗണ്യമായി വർദ്ധിക്കുന്നതിന് സഹായകരമാണ്.

1 മഹാറാണി മാർക്കറ്റ് - കൊമേഴ്സിയൽ കോംപ്ലക്സ്

2 ആണ്ടാമുക്കം കൊമേഴ്സിയൽകോംപ്ലക്സ്

3 പോളയത്തോട് മാർക്കറ്റ് - ഷോപ്പിംഗ് കോംപ്ലക്സ്

4 മുണ്ടയ്ക്കൽ മിനി മാർക്കറ്റ്

5 തങ്കശ്ശേരി മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും

6 രാമൻകുളങ്ങര മാർക്കറ്റ് - കം - ഷോപ്പിംഗ് കോംപ്ലക്സ്

7 കടപ്പാക്കട മാർക്കറ്റും ഷോപ്പിംഗ് കോംപ്ലക്സും

8 എഫ്. സി. ഐ.- യ്ക്ക് സമീപം ടൂറിസ്റ്റ് വിശ്രമ കേന്ദ്രം

9 ഇലക്ട്രിക് ക്രമറ്റോറിയം

10 മുണ്ടാലുംമൂട്ടിൽ മിനി മാർക്കറ്റ്

11 തിരുമുല്ലാവാരം ടൂറിസ്റ്റ് കേന്ദ്രം

വായ്പകളുടെ തിരിച്ചടവിനുവേണ്ടി നൽകിവരുന്ന ചെലവിൻെറ ശതമാനനിരക്കും 5-ാം പട്ടികയിൽ ചേർത്തിട്ടുണ്ട്. ഇപ്പോൾ തിരിച്ചടയ്ക്കുന്നതിനുള്ളചെലവ് വായ്പ ഉപയോഗിച്ചുള്ള ആസ്ഥിയിൽനിന്നുള്ള വരുമാനവുമായ് ബന്ധപ്പെടുത്താവുന്നതല്ല. 1995-96 വർഷാവസാനം വായ്പ ഇനത്തിൽ 1,04,06,170 രൂപ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്.

പ്രശ്നങ്ങൾ എന്തൊക്കെയാണെന്നു പരിശോധിക്കാം.

1 നഗരസഭയുടെ വരുമാന സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല. കാരണങ്ങൾ ചുവടെചേർക്കുന്നു.

വസ്തു നികുതി നിരക്ക് വാർഷികമൂല്യത്തിൻെറ 12% മാത്രമാണ്. 25% വരെ ഉയർത്തി നിശ്ചയിക്കുന്നതിന് നിയമപരമായ സാധ്യതയുണ്ട്. കെട്ടിടങ്ങളുടേയും വസ്തുക്കളുടേയും നികുതി ചുമത്തുന്നതിന് വാർഷികമൂല്യം നിശ്ചയിക്കുന്നതിന് ശാസ്ത്രീയമായ നിയമവ്യവസ്ഥയില്ല. ഓരോ പ്രദേശത്തും ഓരോരുത്തരുടേയും യുക്തതാനുസരണം മൂല്യം കണക്കാക്കുന്നു. റവന്യു കെട്ടിട നികുതി നിയമത്തിലേതുപോലെ വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് നിയമ വ്യവസ്ഥകൾ ഉണ്ടാക്കിയാൽ ഐക്യരൂപ്യംവരുന്നതിനും നികുതി ചോർച്ചയുണ്ടാകാതിരിക്കുന്നതിനും നികുതി വർദ്ധനവ് ഉണ്ടാകുന്നതിനും സാധ്യതയുണ്ട്. പുതിയതായി ഉണ്ടാകുന്ന കെട്ടിടങ്ങൾക്ക് അതാതു വർഷംതന്നെ നികുതി ചുമത്താൻ സംവിധാനം ഉണ്ടാകണം. ചില കെട്ടിടങ്ങൾ വർഷങ്ങളോളം നികുതി ചുമത്തലിൽനിന്നും ഒഴിവാകാനിടയാകുന്ന ഇന്നത്തെ രീതി മാറേണ്ടതാണ്. നികുതി പിരിവു വിഭാഗത്തിൽ പ്രത്യേക സ്ക്വാഡിനെ ഇതിനായി നിയോഗിക്കാവുന്നതാണ്.

തൊഴിൽ നികുതി അതാതു സ്ഥാപനങ്ങളിലെ മേധാവികൾ ജീവനക്കാരിൽനിന്നും പിരിച്ച് നഗരസഭയ്ക്ക് നൽകുന്ന രീതിയാണ് നിലവിലുള്ളത്. ചില സ്ഥാപനങ്ങളും തൊഴിൽനികുതിക്ക് വിധേയമായ മറ്റു സ്ഥാപനങ്ങളും, വ്യക്തികളും വിട്ടുപോകാതെ നികുതി ചുമത്തലിന് വിധേയമാകണം. തൊഴിൽനികുതിയുടെ പരമാവധി നിശ്ചയിച്ചിരിക്കുന്നത് അർദ്ധവർഷത്തേയ്ക്ക് 1250 രൂപ എന്നുള്ളത് വൻ വരുമാനക്കാരിൽ വരുമാനത്തിൻെറ അടിസ്ഥാനത്തിൽ നികുതി ചുമത്തുന്നതിന് പ്രതിബന്ധമാണ്. പരസ്യനികുതി ചട്ടങ്ങളിലെ വ്യവസ്ഥയ്ക്കനുസരണമായി ചുമത്താറില്ല. വരുമാനത്തിൻെറ ഗണ്യമായ ഭാഗം നഷ്ടപ്പെടാൻ ഇതും കാരണമാകുന്നു. ലൈസൻസ് ഫീസിനു വിധേയമായ എല്ലാ വ്യാപാരങ്ങളും വ്യവസായങ്ങളും നഗരസഭയുടെ ലിസ്റ്റിൽ പെടാറില്ല. ചുമത്തുന്ന ഫീസുകൾതന്നെ പട്ടികകളിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലും അളവിലും കുറവായി കണക്കാക്കപ്പെടുന്നു.

2 ഭരണച്ചെലവ് വർദ്ധനവ് നാണയ മൂല്യശോഷണംമൂലമുള്ള ഒരു പ്രതിഭാസം കൂടിയാണ്. ജീവനക്കാരുടെ വേതനവർദ്ധനവിൻെറ അടിസ്ഥാനത്തിൽ ഭരണച്ചെലവ് വർദ്ധിക്കാനിടയാകുന്നു. അതുപോലെ തന്നെ മറ്റത്യാവശ്യച്ചെലവുകളും.

3 പണികൾ കോൺട്രാക്ടർമാർ മുഖേന നടത്തുന്നതിനു പകരം ജനപങ്കാളിത്തത്തോടെ നടത്തിയാൽ പണികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും മിതവ്യയത്തിനും സഹായകരമായിരിക്കും.

4 പ്രാദേശിക ആവശ്യങ്ങൾക്ക് അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം നിലവിലില്ല.

5 വായ്പകളുടെ ലക്ഷ്യംവിട്ടുള്ള വിനിയോഗമില്ല. എന്നിരുന്നാലും ആദായകരമല്ലാത്ത ആവശ്യങ്ങൾക്ക് വായ്പതുക വിനിയോഗിച്ചുവരുന്നുണ്ട്.

6 സന്നദ്ധ പ്രവർത്തനങ്ങളിലെ താല്പര്യക്കുറവ് നഗരസഭാ പ്രവർത്തനങ്ങളിൽ പ്രകടമാണ്.

7 വരവു - ചെലവ് സംബന്ധിച്ച വിവരങ്ങൾ ഇന്ന് നഗരവാസികളെ അറിയിക്കുന്നതിനുള്ള ഏർപ്പാടുകൾ ഒന്നുംതന്നെയില്ല.

സാദ്ധ്യതകൾ എങ്ങനെയൊക്കെ എന്നു നോക്കാം.

1 നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് കാര്യക്ഷമമായപ്രവർത്തനംതന്നെ മുഖ്യഘടകം. ഇന്നുള്ള വരുമാന ഇനങ്ങളും ചെലവ് രീതികളും നഗരവാസികളെ ബോദ്ധ്യപ്പെടുത്തിയാൽ നികുതി നൽകേണ്ടത് അവരുടെകൂടി ആവശ്യമാണെന്നുള്ള ചുമതലാബോധം വളർത്തുന്നതിനും നികുതിപിരിവ് സുഗമമാക്കുന്നതിനും കഴിയും. വാർഡുകൾതോറും നിശ്ചിതദിവസങ്ങളിൽ പിരിവ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് വാർഡ് നിവാസികൾക്ക് നികുതി യഥാസമയം അടയ്ക്കുന്നതിന് സഹായകരമായിരിക്കും. നികുതി വെട്ടിപ്പ് തടയുന്നതിന് പ്രത്യേക സ്ക്വാഡിനെ നിയോഗിച്ച് മിന്നൽ പരിശോധന കൂടെക്കൂടെ നടത്താവുന്നതാണ്. പ്രത്യേക സമ്മാന പദ്ധതികൾ ഏർപ്പെടുത്തി നികുതി ഊർജ്ജിത പിരിവു പരിപാടി നടത്താവുന്നതാണ്.

2 സർവ്വീസ് നികുതിയായി സാനിട്ടേഷൻ ഇനത്തിൽ ഈടാക്കി വരുന്നതുപോലെ സേവനങ്ങൾ കൂടുതൽ ഏർപ്പെടുത്തി സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്. ആംബുലൻസ് സർവ്വീസ് നടത്താവുന്നത് വരുമാനവർദ്ധനവിന് സഹായകരമാണ്.

3 വസ്തുനികുതിയുടെ ഇന്നത്തെ 12% നിരക്ക് പടിപടിയായി ഉയർത്താവുന്നതാണ്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങളുമായി ബന്ധപ്പെടുത്തി നികുതി നിരക്ക് വർദ്ധിപ്പിക്കുന്നതുമായി നഗരവാസികൾ സഹകരിക്കാതിരിക്കില്ല.

4 ഭരണച്ചെലവ് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാവിഭാഗക്കാരുമായി ബന്ധപ്പെട്ടതാകയാൽ ജനപ്രതിനിധികളും, ജീവനക്കാരും, സർക്കാരും കൂട്ടായി ചർച്ചനടത്തി പരിഹാരം കാണാവുന്നതാണ്.

5 പുതിയ നഗരപാലികാ നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ള പല വകുപ്പുകളും പ്രാവർത്തികമാക്കിയിട്ടില്ല. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്കും സ്വകാര്യ ആശുപത്രികൾക്കും ഫീസ് ഏർപ്പെടുത്തുന്നതിനും, നിലം നികത്തുന്നതിന് ഫീസ് ഈടാക്കുന്നതിനുമുള്ള വകുപ്പുകൾ നടപ്പിലാക്കുന്നതും പട്ടണ പ്രദേശത്ത് കൂടുതൽ വരുമാനം ലഭിക്കുന്നതിന് സഹായകരമാണ്.

6 സന്നദ്ധ പ്രവർത്തനങ്ങൾ ജനകീയ ആസൂത്രണ പരിപാടികൾ നടപ്പാക്കുന്നതോടെ സജീവമാകുന്നതാണ്.

7 വിദ്യാഭ്യാസ ആരോഗ്യ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേക നിധികൾ സ്വരൂപിക്കാവുന്നതാണ്.

8 വരവു ചെലവുകൾ സുതാര്യമാക്കാൻ നിയമവ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണ്. പഞ്ചായത്തു ഗ്രാമസഭയിൽ ആഡിറ്റ് റിപ്പോർട്ടും ബഡ്ജറ്റും അവതരിപ്പിക്കുന്നതുപോലെ വാർഡു കമ്മിറ്റി യോഗത്തിലും അച്ചടിച്ച വരവുചെലവു കണക്കുകൾ അവതരിപ്പിക്കുന്നതിന് നിയമവ്യവസ്ഥകൾ ആവശ്യമാണ്.

9 സന്നദ്ധസംഘടനകൾക്കായുള്ള സഹായ പദ്ധതികൾ നടപ്പാക്കുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും മറ്റും സജ്ജീകരണങ്ങൾ വിപുലപ്പെടുത്തുക.

10 വാണിജ്യ ബാങ്കുകളിൽനിന്നും പ്രത്യുൽപ്പാദനപരമായ വികസനപ്രവർത്തനങ്ങൾക്കായി വായ്പ സ്വീകരിക്കുന്നതിന് നഗരസഭയ്ക്ക് പ്രത്യേകാനുമതി ലഭിക്കുന്ന പക്ഷം വായ്പകൾ കിട്ടുന്നതിന് ഇന്നുള്ള നിയമകുരുക്കുകൾ മാറ്റുന്നതിനും വായ്പകൾ ഉപയോഗിച്ച് നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കാവുന്നതുമാണ്.

ജനകീയ ആസൂത്രണപരിപാടിയിൽ വിഭവസമാഹരണത്തിന് പ്രത്യേക പ്രാധാന്യംനൽകി പരിഗണിക്കേണ്ട ഇനമാണ് പ്രകൃതി വിഭവങ്ങളും, കായികാദ്ധ്വാനവും, സാമ്പത്തികസഹായങ്ങളും ഗുണ ഭോക്താക്കളിൽനിന്ന് സമാഹരിക്കുക എന്നുള്ളത്. ഇതു

സംബന്ധിച്ച് വാർഡ്സഭകളിൽനിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ള നിർദ്ദേശങ്ങൾ വളരെ പ്രോത്സാഹജന കമാണ്. വിവിധ ഇനങ്ങളിലായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ അംഗീകാരം ലഭിച്ചുകഴിയുമ്പോഴേയ്ക്കും സമൂർത്തമായ കർമ്മപ രിപാടികൾ രൂപംകൊള്ളുന്നതായിരിക്കും.

വാർഡ് സഭകളിൽനിന്നും ലഭിച്ചിട്ടുള്ള നിർദ്ദേശ ങ്ങൾ പരിശോധിക്കാം.

വികസനപ്രവർത്തനങ്ങൾക്ക് സന്നദ്ധസേവനം, സാമ്പത്തികസഹായം ഇവ സമാഹരിക്കാനുള്ള സാധ്യ തകൾ വിപുലമായിട്ടുണ്ടെന്നും ഇത് സമാഹരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ നടത്തണമെന്നും ഉളി യക്കോവിൽ മിഡിൽ, ഉളിയക്കോവിൽ സൗത്ത്, ആശ്രാമം വെസ്റ്റ്, പട്ടത്താനം ഈസ്റ്റ്, മുണ്ടയ്ക്കൽ ഈസ്റ്റ്, മുണ്ടയ്ക്കൽ മിഡിൽ, മുണ്ടയ്ക്കൽ വെസ്റ്റ് കൻേറാൺമെൻറ് നോർത്ത്, വടക്കുംഭാഗം, ആണ്ടാ മുക്കം, താമരക്കുളം, പള്ളിത്തോട്ടം, ബീച്ച് ഈസ്റ്റ്, ബീച്ച് സൗത്ത്,ബീച്ച് നോർത്ത്, പാലസ്വാർഡ്, തേവ ള്ളി, കൈക്കുളങ്ങര നോർത്ത് എന്നീ വാർഡ് സഭക ളിൽനിന്നുള്ള അഭിപ്രായങ്ങൾ വളരെ സ്വാഗതാർ ഹമാണ്.

സഹകരണബാങ്കിൽനിന്നും സാമ്പത്തിക സഹായം സ്വരൂപിക്കണമെന്ന് ഉളിയക്കോവിൽ നോർത്ത് വാർഡിൽനിന്നും, ഓരോരുത്തരും അവരവ രുടെ കഴിവനുസരിച്ച് പണമോ, വിഭവങ്ങളോ, കായികാ ദ്ധ്വാനമോ നൽകുന്നത് സഞ്ചയിക്കുന്നതിന് സ്ഥിരം സംവിധാനം വേണമെന്ന് ഉളിയക്കോവിൽ സൗത്ത്, മുണ്ടയ്ക്കൽ ഈസ്റ്റ്,മുണ്ടയ്ക്കൽ വെസ്റ്റ് എന്നീ വാർഡു സഭകളിൽനിന്നും നിർദ്ദേശങ്ങളുണ്ട്.

കൊല്ലംതോട് വൃത്തിയാക്കുന്നതിന് വാർഡ്നിവാ സികളുടെ പൂർണ്ണ പങ്കാളിത്തം - സാമ്പത്തികമായും ശാരീരികമായും - പ്രയോജനപ്പെടുത്തണമെന്ന് കോട്ട യ്ക്കകം വാർഡിൽനിന്നും നിർദ്ദേശിച്ചിട്ടുണ്ട്. മുളങ്കാടകം ക്ഷേത്രമൈതാനത്ത് കെട്ടിനില്ക്കുന്ന വെള്ളം ഒഴുക്കി വിടുന്നതിന് മുണ്ടാലുമൂട് - മാവള്ളി ഓട പുതുക്കി പണിയുന്നതിൻെറ പകുതിതുക സാമ്പത്തികമായും അദ്ധ്വാനമായും സ്വരൂപിക്കാൻ കഴിയുമെന്ന് മുളങ്കാടകം വാർഡ് സഭ നിർദ്ദേശിച്ചിരിക്കുന്നു.

വിദേശത്ത് ജോലിചെയ്യുന്നവരിൽനിന്നും സഹായം സ്വരൂപിച്ച് വികസനപ്രവർത്തനങ്ങൾ നട ത്താൻ സാദ്ധ്യതയുണ്ടെന്ന് മുണ്ടയ്ക്കൽ മിഡിൽ, മുണ്ടയ്ക്കൽ വെസ്റ്റ്, ആണ്ടാമുക്കം, താമരക്കുളം, പള്ളി ത്തോട്ടം, ബീച്ച് ഈസ്റ്റ്, ബീച്ച് സൗത്ത്, ബീച്ച് നോർത്ത്, കൈക്കുളങ്ങര നോർത്ത് എന്നീ വർഡുസ ഭകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കൈക്കുളങ്ങര നോർത്ത് വാർഡിൽ താമരത്തോട്ടം കോളനിക്ക് സമീപം പുറമ്പോക്ക് സ്ഥലം അനഃധികൃത കൈയേറ്റക്കാ രിൽനിന്നും ഒഴിപ്പിച്ചെടുത്താൽ വികസന പ്രവർത്തന ങ്ങൾക്ക് വിനിയോഗിക്കാമെന്ന് വാർഡ് സഭ നിർദ്ദേ ശിച്ചിട്ടുണ്ട്.

പദ്ധതികൾ രൂപംകൊള്ളുന്നതോടെ വിഭവ സമാ ഹരണത്തിനുള്ള സന്നദ്ധത ഏറിവരുന്നതാണെന്നാണ് വാർഡ് സഭകളുടെ നിർദ്ദേശങ്ങളിൽനിന്നും കാണു ന്നത്. വിഭവസമാഹരണവുമായി ബന്ധപ്പെടുത്തി വിദേ ശത്തേയ്ക്കുള്ള കുടിയേറ്റത്തിൻെറ സ്വാധീനം പരി ശോധിക്കാവുന്നതാണ്. സംസ്ഥാനത്തിലെ വർദ്ധിച്ച ജനസാന്ദ്രതയ്ക്ക് അനുസരണമായി തൊഴിൽ സാധ്യ തവിരളമായതിനാലാണ് വിദേശത്തേയ്ക്ക് തൊഴിൽ അന്വേഷിച്ച് പോകുന്ന പ്രവണത വളർന്നുകൊണ്ടിരി ക്കുന്നത്. സമഗ്രമായ ഒരു സർവ്വേ നടത്തിയാൽ മാത്രമെ ഈ നഗരാതിർത്തിയിൽനിന്നും എത്ര പേർ വിദേശരാ ജ്യങ്ങളിൽ ജോലി ചെയ്തുവരുന്നുവെന്ന് തിട്ടപ്പെ ടുത്താൻ കഴിയുകയുള്ളു. എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൽനിന്നും 1992-93-ൽ നടത്തി പ്രസിദ്ധീകരിച്ചിട്ടുള്ള സ്ഥിതിവിരക്കണക്കിൻെറ അടിസ്ഥാനത്തിൽ ഈ നഗരാതിർത്തിയിൽ ആറായി രത്തിൽപ്പരം ആളുകൾ വിദേശരാജ്യങ്ങളിൽ ജോലിചെ യ്യുന്നവരായുണ്ടെന്നു കണക്കാക്കാം. സർവ്വേയിലെ പൊതുനിഗമനമനുസരിച്ച് ഭൂരിഭാഗം ആളുകളും അവരുടെ വരുമാനം നാട്ടിൽ സ്ഥലം വാങ്ങുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും മറ്റ് ആർഭാടങ്ങൾക്കും ചെലവഴിക്കുന്ന സ്വഭാവക്കാരാണെന്നുകാണാം. പ്രത്യുൽപ്പാദനപരമായ മേഖലകളിൽ പണം വിനിയോ ഗിക്കുന്ന ശീലം അവരിൽ വളർത്തിയെടുക്കേണ്ടിയിരി ക്കുന്നു. ഇതുമൂലം പുറംരാജ്യങ്ങളിൽനിന്നും തിരിച്ചു പോരേണ്ടിവരുന്നവർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഒഴിവാക്കുന്നതിനും, പ്രത്യു ല്പാദനമേഖലയിൽ മുടക്കുന്ന മുതൽ അനവധി ആളുകൾക്ക് നാട്ടിൽ തെഴിൽ സാധ്യതയുണ്ടാക്കുന്ന തിന് സഹായകരമായിരിക്കും.

ബാങ്കിംഗ് മേഖല

ബാങ്കിംഗ് മേഖലയെ സംബന്ധിച്ചിടത്തോളം

ജില്ലാ ആസ്ഥാനംകൂടിയായ കൊല്ലം നഗരം വളരെ സമ്പന്നമാണ്. വാണിജ്യബാങ്കുകളുടെ നാല്പതിൽപരം ശാഖകളും കൊല്ലം ജില്ലാ സഹകരണബാങ്കിൻെറ 3 ശാഖകളും, പ്രൈമറി കോ - ഓപ്പറേറ്റീവ് ആൻറ് റൂറൽ ഡവലപ്മെൻറ് ബാങ്കും, കേരളാ ഫിനാൻസ് കോർപ്പറേഷൻെറ ഒരു ശാഖയും നഗരാതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് സഹകരണ ബാങ്കിൻെറ ഒരുശാഖയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂറിൻെറ ഒരു ശാഖ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

ഈ ബാങ്കുകളുടെ പ്രവർത്തനം ഗുണഭോക്താക്കളുടെ പ്രത്യേകിച്ചും മുൻഗണനാവിഭാഗത്തിലുള്ള കൃഷി, ചെറുകിട വ്യവസായം, വ്യാപാരം തുടങ്ങയവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കും ബാങ്ക് സ്വീകരിച്ചിരിക്കുന്ന ഉദാരവൽക്കരണപദ്ധതി മുഖേന വരുമാനവർദ്ധന ഉണ്ടാകുന്നതിന് സഹായകരമാണെന്നുള്ളതിൽ തർക്കമില്ല. തൊഴിൽരഹിതർക്കുവേണ്ടിയും സ്വയംതൊഴിൽകണ്ടെത്തുന്നവർക്കുവേണ്ടിയും നടപ്പാക്കിവരുന്ന പദ്ധതികളും പ്രത്യേകം പ്രാധാന്യമർഹിക്കുന്നവയാണ്. സ്വയംതൊഴിൽ കണ്ടെത്തലിനുവേണ്ടിയുള്ള പരിശീലന പരിപാടിയും മാർഗ്ഗ നിർദ്ദേശങ്ങളും ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനും തദ്വാര കൂടുതൽ ആളുകൾക്ക് പ്രയോജനപ്രദമാകുന്നതിനും ഉപകരിക്കുന്നതാണ്.

ഇത്തരുണത്തിൽ ബാങ്കുകളുടെ നിക്ഷേപങ്ങളുടേയും വായ്പകളുടേയും നിലവാരം പരിശോധിക്കുന്നത് പ്രസക്തമാണ്. 1996 മാർച്ച് അവസാനം കൊല്ലംജില്ലയിലെ എല്ലാ ബാങ്കുകളിലുംകൂടി സ്വരൂപിച്ച നിക്ഷേപം 1,27,512 ലക്ഷം രൂപയാണ്. വായ്പകൾ നൽകിയിട്ടുള്ളത് 85663 ലക്ഷം മാത്രമാണ്. [വായ്പാ നിക്ഷേപ അനുപാതം 67. 1989 -90 കാലത്ത് ഈ അനുപാതം യഥാക്രമം 117,118 നിരക്കിലായിരുന്നു.] 1989-ൽ 36510ലക്ഷം രൂപ നിക്ഷേപം ഉണ്ടായിരുന്നത് 1996-ൽ 127512 ലക്ഷമായി പടിപടിയായി ഉയർന്നെങ്കിലും വായ്പാനിരക്ക് കുറഞ്ഞതായിട്ടാണ് കാണുന്നത്. 1996 മാർച്ച് അവസാനംവരെ 85663 ലക്ഷത്തിൽപരം രൂപയാണ് - ഇതിൽ മുൻഗണനാ വിഭാഗത്തിന് 48779 ലക്ഷത്തിൽപരംമാത്രം. 1990 മുതൽ 1995 വരെയുള്ള 5 വർഷക്കാലത്ത് നിക്ഷേപത്തിൻെറ പുരോഗതി 292 ശതമാനവുംവായ് പയുടെ പുരോഗതി 163 ശതമാനവും ആണ്. സൂക്ഷ്മനിരീക്ഷണം നടത്തിയാൽ മുൻഗണനാവിഭാഗങ്ങൾക്കുള്ള വായ്പാനിരക്കിനേക്കാൾ വളരെ മന്ദഗതിയിലാണ് ദുർബലവിഭാഗങ്ങൾക്കുള്ള വായ്പാപുരോഗതി എന്നുകാണാം. എന്നാൽ മൊത്തം വായ്പയിൽ മുൻഗണനാ വിഭാഗത്തിന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള 40% നിരക്കിനേക്കാൾ ഉയർന്ന നിലവാരം - 54%വരെ എത്തിയിട്ടുണ്ട്. ഇതേനിരക്കിലും അനുപാതത്തിലും കൊല്ലം നഗരാതിർത്തിയിലുള്ള ബാങ്കുകളുടെ വായ്പാ നിക്ഷേപനിലവാരം പരിഗണിക്കാവുന്നതാണ്. ബാങ്കുകളുടേയും നഗരസഭയുടേയും വായ്പാഗുണഭോക്താക്കളുടേയും കൂട്ടായ പരിശ്രമം ഉണ്ടെങ്കിൽ വായ്പകളുടെ ഗുണനിലവാരവും വ്യാപ്തിയും വളരെ ഗണ്യമായ നിലയിൽ വർദ്ധിപ്പിക്കാവുന്നതും തദ്വാര കൃഷിയും അനുബന്ധ ഘടകങ്ങളും വ്യവസായങ്ങളും പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് കൂടുതൽ വായ്പാവിനിയോഗം നടത്താവുന്നതും തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കാവുന്നതും സാമ്പത്തിക പുരോഗതി കൈവരിക്കാവുന്നതുമാണ്.

1996 - 97 വർഷത്തേയ്ക്ക് കൊല്ലം നഗരാതിർത്തിയിലുള്ള ബാങ്കുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന വായ്പാ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| മേഖല | ഗുണഭോക്താക്കൾ | വായ്പാതുക [1000] |
|---|---|---|
| കൃഷി | 625 | 8278 |
| അനുബന്ധ മേഖലകൾ | 191 | 116585 |
| കാർഷികേതര മേഖലകൾ | 950 | 1394015 |
| മറ്റ് മുൻഗണനാ മേഖലകൾ | 2151 | 97675 |
| ആകെ | 3917 | 16,16,553 |
| കൊല്ലം ജില്ലയ്ക്കുമൊത്തം | 216541 | 33,39,930 |

കൊല്ലം ജില്ലയ്ക്ക് ഉദ്ദേശിച്ചിട്ടുള്ള പദ്ധതികളുടെ പകുതിയോളം തുക നഗരസഭാതിർത്തിയിലേയ്ക്കുള്ളതാണെന്ന് പ്രത്യേകം പ്രസ്താവ്യമാണ്. ഇതേക്രമത്തിന് വർഷംതോറും 10 മുതൽ 15% വരെ ഉയർന്ന അനുപാതത്തിൽ വരും വർഷങ്ങളിലേയ്ക്ക് വായ്പാ നിക്ഷേപ വർദ്ധനവ് പ്രതീക്ഷിക്കാവുന്നതാണ്.

ഈ നഗരാതിർത്തിയിലുള്ള ബാങ്കു ശാഖകളുടെ വിവരം ചുവടെ ചേർക്കുന്നു.

1 ആന്ധ്രാ ബാങ്ക്, കൊല്ലം
2 ബാങ്ക് ഓഫ് ബറോഡ, കൊല്ലം

3 ബാങ്ക് ഓഫ് ഇൻഡ്യ, കൊല്ലം
4 ബാങ്ക് ഓഫ് ഇൻഡ്യ, കൊല്ലം സൗത്ത്
5 കാനറാ ബാങ്ക്, താമരക്കുളം
6 കാനറാ ബാങ്ക്, ആനന്ദവല്ലീശ്വരം
7 കാനറാ ബാങ്ക്, ചിന്നക്കട
8 സെൻട്രൽ ബാങ്ക്ഓഫ് ഇൻഡ്യ, ചിന്നക്കട
9 സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, കടപ്പാക്കട
10 കോർപ്പറേഷൻ ബാങ്ക്, കൊല്ലം
11 ദേനാ ബാങ്ക്, കൊല്ലം
12 ഇൻഡ്യൻ ബാങ്ക്, കൊല്ലം
13 ഇൻഡ്യൻ ബാങ്ക്, മുണ്ടയ്ക്കൽ
14 ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കൊല്ലം
15 പഞ്ചാബ് നാഷണൽ ബാങ്ക് കൊല്ലം
16 പഞ്ചാബ് നാഷണൽ ബാങ്ക്, ബിഗ് ബസാർ
17 പഞ്ചാബ് ആൻറ് സിൻഡ് ബാങ്ക്, കൊല്ലം
18 സിൻഡിക്കേറ്റ് ബാങ്ക്, കൊല്ലം.
19 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, കൊല്ലം
20 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ചിന്നക്കട
21 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, രാമൻകുളങ്ങര
22 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തങ്കശ്ശേരി
23 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, കൊല്ലം മെയിൻ
24 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സിവിൽസ്റ്റേഷൻ
25 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ആനന്ദവല്ലീശ്വരം
26 സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ബീച്ച് റോഡ്
27 ദി ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ്,കൊല്ലം
28 ദി ഫെഡറൽ ബാങ്ക് ലിമിറ്റഡ്, കൊല്ലം
29 ദി കർണ്ണാടക ബാങ്ക് ലിമിറ്റഡ്, കൊല്ലം
30 ദി ലോർഡ് കൃഷ്ണാ ബാങ്ക്, കൊല്ലം
31 ദി നെടുങ്ങാടി ബാങ്ക് ലിമിറ്റഡ്, കൊല്ലം
32 ദി നെടുങ്ങാടി ബാങ്ക് ലിമിറ്റഡ്, ആശ്രാമം
33 ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്,കൊല്ലം
34 ദി തമിഴ്നാട് മർക്കെൻറയിൽ ബാങ്ക്, കൊല്ലം
35 ദി വൈശ്യാ ബാങ്ക് ലിമിറ്റഡ്,കൊല്ലം
36 ദി കാത്തലിക് സിറിയൻ ബാങ്ക് ലിമിറ്റഡ്, കൊല്ലം
37 യൂക്കോ ബാങ്ക്, കൊല്ലം
38 വിജയാ ബാങ്ക്, കൊല്ലം
39 ദി ബാങ്ക് ഓഫ് മധുര, കൊല്ലം.
40 യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കൊല്ലം
41 കൊല്ലം ജില്ലാ സഹകരണബാങ്ക്, HO കൊല്ലം
42 കൊല്ലം ജില്ലാ സഹകരണബാങ്ക് ബ്രാഞ്ച് ചാമക്കട
43 കൊല്ലം ജില്ലാ സഹകരണബാങ്ക്, ബ്രാഞ്ച് ചാമക്കട
44 പ്രൈമറി കോ-ഓപ്പറേറ്റീവ് ആൻറ് റൂറൽ ഡവലപ്മെൻറ് ബാങ്ക്, കൊല്ലം
45 കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്,ആനന്ദവല്ലീശ്വരം
46 കേരളാ ഫിനാൻസ് കോർപ്പറേഷൻ, കൊല്ലം

കൂടാതെ കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസ്സ് ലിമിറ്റഡിൻെറ നാലു ശാഖകളും [ആനന്ദവല്ലീശ്വരം, കടപ്പാക്കട,കൊല്ലം മെയിൻറോഡ്, കടപ്പാക്കട, വടയാറ്റുകോട്ട]ഒരു ഹയർ പർച്ചേസ്യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. 1996-97വർഷത്തേയ്ക്ക് വിവിധ പദ്ധതികൾക്കായി നിശ്ചയിച്ചിട്ടുള്ള തുകകൾ താഴെപ്പറയും പ്രകാരമാണ്.

5 ലക്ഷം സലയുള്ള ചിട്ടികൾ - 283.15 ലക്ഷം
ഹയർ പർച്ചേസ് - 283.15 ലക്ഷം
വീടുകൾ നവീകരിക്കുന്നതിന് 22.59 ലക്ഷം
തൊഴിൽ അടിസ്ഥാനമാക്കിയുള്ള വായയ്പ-3.41 ലക്ഷം
സ്ഥിരനിക്ഷേപത്തിൻമേലുള്ള വായ്പ - 50.91 ലക്ഷം
പുതിയ ചിട്ടി വരിക്കാർക്ക് വായ്പ - 403.73 ലക്ഷം
വ്യാപാര സംരഭകർക്കുള്ള വായ്പ - 75.9 ലക്ഷം
പുതിയവീടുകൾ വയ്ക്കുന്നവർക്ക് വായ്പ-156.1 ലക്ഷം

സ്ഥിരനിക്ഷേപമായി 1168.96 ലക്ഷം രൂപ സമാഹരിക്കുന്നതിനും പദ്ധതിയുണ്ട്. വർഷംതോറും പദ്ധതികളുടെ പുരോഗതി പതിനഞ്ചുശതമാനം വർദ്ധന കണക്കാക്കിയാൽ വരും വർഷങ്ങളിൽ ഈ സ്ഥാപനത്തിൻെറ പ്രവർത്തനം നഗരവാസികൾക്ക് ഗണ്യമായ സാമ്പത്തിക പുരോഗതിക്ക് സഹായകരമായിരിക്കും.

സഹകരണമേഖല

നഗരാതിർത്തിയിൽ പ്രവർത്തിച്ചുവരുന്ന സഹകരണ അർബൻ ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, ഉപഭോക്തൃ സഹകരണസംഘങ്ങൾ, വിവിധ മേഖലകളിലെ ജീവനക്കാരുടെ സഹകരണസംഘങ്ങൾ, സ്ക്കൂൾ കോളേജ് സഹകരണസംഘങ്ങൾ തുടങ്ങിയവയുടെ സേവനത്തെപ്പറ്റിയും പ്രതിബന്ധങ്ങളേയും പരിഹാര മാർഗ്ഗങ്ങളെയുംപറ്റി സഹകരണം എന്ന അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം നഗരത്തിൻെറ സാമ്പത്തിക മേഖലയെ സാരമായി സഹായിക്കുന്നതിനും ഉതകുന്നതാണ്.

മറ്റു സാമ്പത്തിക സ്ഥാപനങ്ങൾ

വായ്പാ സൗകര്യംപോലെതന്നെ പണം സ്വരൂപിച്ച് മുൻകൂറായും ആവശ്യാനുസരണവും തുക നൽകുന്ന വിവിധതരം ചിട്ടി സ്ഥാപനങ്ങളും

നഗരത്തിൽ പ്രവർത്തിക്കുന്നു. പ്രധാനമായവ

1 മഹാലക്ഷ്മി ചിട്ടിഫണ്ട്
2 ബിസിനസ് ചിട്ടിഫണ്ട്
3 മുത്തൂറ്റ് ബാങ്ക്
4 സുദർശൻ ചിട്ടിഫണ്ട്
5 ഗോകുലം ചിട്ടിഫണ്ട്
6 വേണാട് ചിട്ടിഫണ്ട്
7 വേണാട് ചിറ്റ്സ് ആൻറ് കുറീസ്
8 അയ്യപ്പാ ചിട്ടിഫണ്ട്
9 ആമ്പാടി ചിട്ടിഫണ്ട് തുടങ്ങിയവയാണ്. ചിട്ടിയിൽ മുന്നിട്ട്നിൽക്കുന്നത്. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എൻറർപ്രൈസസ്സിൻെറ നാലു ശാഖകളാണ്. മ്യൂച്ചൽ ഫണ്ട് എന്നപേരിൽ അംഗങ്ങളായിചേരുന്നവർക്കുമാത്രം വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ബിസിനസ് മ്യൂച്ചൽ ഫണ്ട്, മിനി മുത്തൂറ്റ് മ്യൂച്ചൽ ഫണ്ട്, നിധി കമ്പനി തുടങ്ങിയ സ്ഥാപനങ്ങളും ആയിരക്കണക്കിന് ആളുകൾക്ക് നിക്ഷേപത്തിനും വായ്പകൾക്കും സേവനം നൽകുന്നുണ്ട്. ഇവ കൂടാതെ വാഹനങ്ങൾ, വസ്തുക്കളുടെ പ്രമാണം, സ്വർണ്ണം തുടങ്ങിയവയുടെ ഈടിൻമേൽ വായ്പനൽകുന്ന ഒട്ടേറെ സ്ഥാപനങ്ങൾ നിലവിലുണ്ട്. ഓട്ടോ റിക്ഷാ, ടാക്സി കാറുകൾ, താമസസ്ഥലം, വീട്, തൊഴിൽ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുവേണ്ടി അനേകം ആളുകൾ ഈ വായ്പകൾ പ്രയോജനപ്പെടുത്തിവരുന്നു.

ദിവസേനയുള്ള ചെറിയതവണകൾ തൊഴിൽ സ്ഥലത്തുചെന്ന് വാങ്ങി സ്വരൂപിച്ച് തുക വൻ പലിശനിരക്കിന് മുൻകൂറായി നൽകുന്ന പണമിടപാടുകാർ ധാരാളമുണ്ട്. വേണ്ടത്ര ജാമ്യം നൽകാൻ കഴിവില്ലാത്തവർക്ക് ഈ രീതി സൗകര്യമാണെങ്കിലും ഇത്തരം പണമിടപാടുകൾ നടത്തി മുങ്ങുന്നവരും ഉള്ളതിനാൽ ഇടപാടുകാർ കബളിപ്പിക്കപ്പെടാൻ സാധ്യതയുണ്ട്. ആകയാൽ അംഗീകാരമില്ലാത്ത ഇത്തരം ഇടപാടുകാരെ പ്രോൽസാഹിപ്പിക്കാവുന്നതല്ല.

ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മാന്ദ്യത്തിന് നിദാനമായ മുഖ്യപ്രശ്നങ്ങൾ 25-11-96-ൽ നഗരസഭാ ചെയർമാൻ വിളിച്ചുകൂട്ടിയ ബാങ്കുമാനേജർമാരുടെ യോഗത്തിൽ പ്രതിപാദിക്കുകയുണ്ടായി.

1 മുൻഗണന ഘടകങ്ങൾക്കായി ബാങ്കുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെപ്പറ്റി ഗുണഭോക്താക്കളാകേണ്ടവർക്ക് വേണ്ടത്ര അറിവ് പകരാതിരിക്കുക.

2 പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടത്ര പരിശീലനം ലഭ്യമാകാത്ത സ്ഥിതി.

3 വായ്പകൾ ശരിയായി വിനിയോഗിക്കാതെ വന്നാൽ തവണകൾ തിരികെ അടയ്ക്കുന്നതിനുള്ള മുടക്കം.

4 വേണ്ടത്രജാമ്യമില്ലാത്തതിനാൽ ബാങ്കുകൾക്കുണ്ടാകാവുന്ന നഷ്ടത്തെപ്പറ്റിയുള്ള ഉൽക്കണ്ഠ.

5 ദുർബലവിഭാഗങ്ങൾക്ക് എന്തെല്ലാം പദ്ധതികളാണ് ലഭ്യമായിട്ടുള്ളതിനെപറ്റി ആവിഭാഗത്തിനുള്ള അജ്ഞത.

പരിഹാരമാർഗ്ഗങ്ങളും ചർച്ചചെയ്യപ്പെട്ടു.

1 ബാങ്കിൻെറ വായ്പാ പദ്ധതികളെപറ്റിയുള്ള ശരിയായ ബോധവൽക്കരണപരിപാടികൾ നടത്തുക.

2 ബാങ്കുകളും നഗരസഭാ പ്രതിനിധികളും ഗുണഭോക്താക്കളുംകൂടിയുള്ള കൂട്ടായ പ്രവർത്തനം.

3 ഗുണഭോക്താക്കൾക്ക് ശരിയായ പരിശീലനം ലഭ്യമാക്കുക.

4 വായ്പ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾക്ക് ശരിയായ വിപണനസൗകര്യം ഉണ്ടാക്കുക.

5 വായ്പതിരികെ അടയ്ക്കുന്നതിനുള്ള കൂട്ടായ ഉത്തരവാദിത്വബോധം ശക്തമാക്കുക.

ചുരുക്കത്തിൽ വാണിജ്യബാങ്കുകൾ, സഹകരണസ്ഥാപനങ്ങൾ, മറ്റു ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽനിന്നുള്ള സാമ്പത്തിക സഹായം, നഗരസഭക്ക് കൂടുതലായി കണ്ടെത്താവുന്ന ധനാഗമമാർഗ്ഗങ്ങൾ, പദ്ധതിവിഹിതം, സർക്കാരിൽനിന്നുകിട്ടുന്ന മറ്റു ധനസഹായങ്ങൾ സന്നദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയവ സംയോജിപ്പിച്ച് നഗരത്തിലെ വികസനപ്രവർത്തനങ്ങൾ സംപുഷ്ടമാക്കാവുന്നതാണ്.

7

# ഇനിയെന്ത്?

നരത്തിലെ വിവിധ വികസനമേഖലകളെകുറിച്ചുള്ള പരിശോധനയും പ്രശ്നസൂചനയും സാദ്ധ്യതാനിർദ്ദേശവുമടങ്ങുന്ന വിവരങ്ങളാണ് ഈ റിപ്പോർട്ടിന്റെ ഇതുവരെയുള്ള ഭാഗങ്ങളിൽ പ്രതിപാദിച്ചത്. പൂർവ്വകാല ചരിത്രത്തിന്റെയും വർത്തമാനകാലസാഹചര്യങ്ങളുടെയും പശ്ചാത്തലത്തിൽ പരിശോധിച്ചാൽ  പട്ടണത്തിന്റെ ആനുകാലികാവശ്യങ്ങൾ തൃപ്കിരമായി നിർവഹിക്കണമെങ്കിൽ ഇനിയുമൊട്ടനവധി കാര്യങ്ങൾ ചെയ്യേണ്ടതുണ്ടെന്ന് കാണാം. ഉല്പാദന രംഗത്തു പ്രായേണ അനുഭവപ്പെടുന്ന മുരടിപ്പ് വളരെ ഗുരുതരമായ ഭവിഷ്യത്തുണ്ടാക്കും. ഊർജ്ജം, ആരോഗ്യം, കുടിവെള്ളം, ഗതാഗതം, തൊഴിലവസരങ്ങൾ തുടങ്ങിയ മേഖലകൾ ഇനിയുമേറെ വികസനത്തിന് വേണ്ടി ദാഹിക്കുകയാണ്. പ്രകടമായും പിന്നോക്കം നിൽക്കുന്ന മേഖലയാണ് പാർപ്പിടത്തിന്റേത്. പിന്നോക്കവിഭാഗങ്ങളുടേയും സ്ത്രീകളുടേയും പ്രശ്നങ്ങൾ പരിഹാരം കാണാതെ തുടരുകയാണ്. ഈ സാഹചര്യത്തിൽ അടിയന്തിരമായി ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങൾ ഏറെയാണ്.

ഇന്നത്തെ ആവശ്യങ്ങൾ പൂർണ്ണമായും നിർവഹിക്കുകയും ഗതകാല പ്രൗഢി വീണ്ടെടുക്കുകയും ചെയ്താൽ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. നഗരത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽമേഖലകളായ കൃഷി, മത്സ്യബന്ധനം, എന്നിവയാണിതിൽ പ്രധാനം. നെൽകൃഷി നാശോന്മുഖമാവുകയും തെങ്ങുകൃഷി വികസനത്തിനുള്ള സാദ്ധ്യതകൾ മങ്ങിവരുകയും ചെയ്യുന്നു. സ്വാഭാവികമായും ഇടവിളകളിലേക്കും ചെറുതും വലുതുമായ തോതിലുള്ള മറ്റു കൃഷി സാദ്ധ്യതകളിലേക്കും ജനങ്ങളുടെ ശ്രദ്ധ പതിയേണ്ടതുണ്ട്. കുറഞ്ഞുവരുന്ന തൊഴിലവസരങ്ങൾക്ക് ഏറ്റവും പ്രധാന പോംവഴിയും സ്ത്രീകളുടെ ജീവിത സാഹചര്യവും മെച്ചപ്പെടുത്തുവാനുള്ള പ്രവർത്തനവും മറ്റൊന്നല്ല. നഗരത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് പുതിയ തൊഴിൽ മേഖലകളും ജീവിത സാഹചര്യങ്ങളും കണ്ടെത്തേണ്ടതുണ്ട്.

കൃഷി പോലെ തന്നെ പ്രധാനപ്പെട്ടതാണ് കൊല്ലത്തെ മത്സ്യബന്ധനപ്രവർത്തനം. ആയിരക്കണക്കിനാളുകൾ ഈ മേഖലയെ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നു. നഗരത്തിന് പുറത്തുള്ളവരും ആയിരക്കണക്കിനിവിടുത്തെ മത്സ്യബന്ധനസാദ്ധ്യതകളും സൗകര്യങ്ങളും ഉപയോഗപ്പെടുത്തുന്നു. അനുബന്ധപ്രവർത്തനങ്ങളും നിരവധിപേർക്ക് ജീവിതമാർഗ്ഗമൊരുക്കുന്നു. പക്ഷേ, പല കാരണങ്ങളാൽ മത്സ്യസമ്പത്ത് കുറഞ്ഞ് വരുകയാണ്. ഇതിന് പരിഹാരമുണ്ടാക്കാനുള്ള നടിപടികൾ അടിയന്തിരമായി കൈക്കൊള്ളണം. ഒപ്പം മത്സ്യബന്ധനത്തിനനുബന്ധമായി വികസിപ്പിക്കാൻ കഴിയുന്ന വ്യവസായങ്ങളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള പരിശ്രമമുണ്ടായില്ലെങ്കിൽ മത്സ്യബന്ധനമേഖലയെ ആശ്രയിച്ച് കഴിയുന്ന നിരവധി കുടുംബങ്ങൾ തൊഴിലില്ലായ്മയുടെ കെടുതിയിലേക്ക് വലിച്ചെറിയപ്പെടും. പുതുതായി നിർമ്മാണം ആരംഭിച്ചിട്ടുള്ള തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതിയുടെ പശ്ചാത്തലത്തിൽ നവീന മത്സ്യബന്ധനരീതികളും അനുബന്ധ വ്യവസായ സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തി

കൊല്ലം നഗരത്തിന്റെ വികസനത്തിനുതകുന്നതാക്കി തീർക്കേണ്ടിയിരിക്കുന്നു.

വ്യവാസയങ്ങളുടെ കാര്യത്തിൽ കൊല്ലം പടിപടിയായി പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. കശുഅണ്ടി, കൈത്തറി, തീപ്പെട്ടി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ നാശോന്മുഖമാകുന്നു. കയർ, ചണം, തുടങ്ങിയ മറ്റ് മേഖലകൾ മുമ്പേതന്നെ നശിച്ചുകഴിഞ്ഞു. ഉള്ള വ്യവസായങ്ങളെ നവീകരിച്ച് ശക്തിപ്പെടുത്തി നിലനിർത്തേണ്ടത് അടിയന്തിരമായ ആവശ്യമാണ്. ലഭ്യമായ സാദ്ധ്യതകൾ ഉപയോഗിച്ച് ഇതിന് വേണ്ട നടപടികൾ നീക്കിയില്ലെങ്കിൽ കൊല്ലത്തിന് പൊയ്പോയ പദവി തിരിച്ച് പിടിക്കാനോ ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുവാനോ കഴിയാതെ വരും.

വാർഡുസഭകൾ ചേർന്നപ്പോഴും അതിന് ശേഷമുള്ള വികസനപ്രവർത്തനവുമായി ബന്ധപ്പെട്ട മാറ്റം പ്രവർത്തനങ്ങളിലും ജനങ്ങൾ കാട്ടിയ താൽപര്യം വഴിതെളിച്ച് നിർമ്മാണാത്മകമാക്കി മാറ്റുവാൻ കഴിഞ്ഞാൽ കൊല്ലം നഗരത്തിന്റെ സ്ഥിതി പാടേ മാറ്റുവാനും കൂടുതൽ അഭിവൃദ്ധികരമാക്കിത്തീർക്കാനും കഴിയും.

വിശാലമായ സമുദ്രവും ഫലപുഷ്ടവുമായ മണ്ണും സമൃദ്ധമായ വർഷപാതവും കൊണ്ടനുഗ്രഹീതമായ ഈ പുരാതന നഗരം വളരെയേറ വികനസസാദ്ധ്യതകൾ ഉൾവഹിക്കുന്നതാണ്. പ്രശ്നങ്ങളെ മുഖാമുഖം കാണുന്ന സാധാരണ പൗരന്മാർ ജീവിതാനുഭവങ്ങളുടെയും സാസ്ക്കാരികൗന്നത്യത്തിന്റെയും ഫലമായി കണ്ടെത്തുന്ന വികസന സാദ്ധ്യതകൾ മുമ്പത്തെപ്പോലെ ഏതാനും ഉദ്യോഗസ്ഥന്മാരുടെ ഇച്ഛാനുസരണം നടപ്പിലാക്കാൻ വേണ്ടി മറ്റിവയ്ക്കാതെ നിർവഹണത്തിന്റെ ഓരോ ദശാസന്ധിയിലും ജാഗ്രതയോടെ പങ്കാളികളായി മെച്ചപ്പെട്ട ഫലപ്രാപ്തി ഉറപ്പുവരുത്തണം. ജനകീയാസൂത്രണത്തിന്റെ ആണിക്കല്ലും ആത്മസത്തയുമായ ജനപങ്കാളിത്തത്തിലൂടെയുള്ള സുതാര്യത പദ്ധതി നടത്തിപ്പിന്റെ ആദ്യാവസാനുമുണ്ടായേ മതിയാകൂ. ഈ പുതിയ അവബോധത്തിന്റെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനത്തിൽ പങ്കാളിയാകാൻ ഓരോവ്യക്തിയും സന്നദ്ധമാകണം. അധികാരവികേന്ദ്രീകരണം ഓരു മുദ്രാവാക്യമെന്നതിലുപരി ഒരു ജീവിതസംസ്ക്കാരമായിട്ടുൾകൊണ്ട് ഉത്തരവാദിത്വമേറ്റെടുത്ത് നഗരവികസനത്തിന്റെ ഓരോ അംശവും ഫലവത്താക്കുവാൻ ഏവരുമൊത്തൊരുമിച്ച് പ്രവർത്തിക്കേണ്ട മുഹൂർത്തമാണിത്. പുരാതന പ്രൗഢിയും പ്രൗഢിയുടെ ചരിത്രസമ്പത്തും ആധുനിക സാദ്ധ്യതകളുടെ വിഭവവൈപുല്യവും അദ്ധ്വാനശക്തിയുടെ ചാലകശക്തിയും കാര്യക്ഷമമായുപയോഗിച്ച് വികസിതവും സംതൃപ്തവുമായ ജനജീവിതം കൊണ്ട് ധന്യമായ നഗരമായി നമ്മുടെ പ്രിയപ്പെട്ട ദേശത്തെ മാറ്റിയെടുക്കാം. അതിനുള്ള കൂട്ടായ യജ്ഞത്തിൽ മുഴുകുവാൻ നമുക്കൊരുമിക്കാം.

അധികാരം ജനങ്ങളിലേക്ക്

# വാഹനവായ്പ

# TRANS WORLD



TRANSWORLD CREDIT AND INVESTMENT COMPANY (P) LTD.
Reg: Office : Business Building, Beach Road, Kollam- 1

Grams : Trans
Fax : 0474-78886

Phone : 746071, 742494

**AUTOMOBILE FINANCES IS OUR BUSINESS**

**BUSINESS GROUP, KOLLAM (ESTD: 1949)**

## Rs 1,60,000

**HIRE PURCHASE FOR NEW AND OLD MARUTHI, ZEN, FIAT, AMB, BUS & LORRY**

**WE ACCEPT DEPOSITS, ATTRACTIVE RATE OF INTEREST**

*Our Associates:-*

**BUSINESS CHITTY FUND (ASRAMAM) (P) LTD., KOLLAM. Ph : 742494**
**BUSINESS BENEFIT COMPANY LTD. Ph : 742494**
**TRANS WORLD HIRE PURCHASE (INDIA) LTD, KOLLAM. Ph : 741657**
**COMMERCIAL HIRE PURCHASE (INDIA) LTD, ERNAKULAM. Ph : 364171**
**SOBHANA TILES, MATHILIL, KOLLAM. Ph : 204078**

Directors : M.K. Vijayan Pillai, M.S. Sobhanan Pillai, M.K. Sundaran Pillai

(Estd : 1949)

# BUSINESS BENEFIT COMPANY LTD.

(Incorporated under Indian Companies Act of 1956)

**BEACH ROAD, KOLLAM. PHONE : 742494 - 746071**

(a group Concern of Business Chitty Fund (Asramam) (P) Ltd.

## മന്തിലി ഇന്ററസ്റ്റ് സ്കീം

**പ്രതിമാസങ്ങളിൽ പലിശ നല്കുന്നു.**

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | മാസം | - | 19.5% | + | ഉടൻ | ½ gm. | Gold Coin |
| 24 | മാസം | - | 20% | + | ഉടൻ | 1 gm. | Gold Coin |
| 36 | മാസം | - | 21% | + | ഉടൻ | 1.250 gm. | Gold Coin |

**ഓരോ 10,000/- രൂപയ്ക്കും GOLD COIN SPOT INCENTIVE**

HIRE PURCHASE FINANCE

RENT A CAR

**Rs. 1,60,000**

New, Old Marthi

Zen, Fiat, Uno, Ab, Lorry,

Hospital Equipments

സ്വർണ്ണ മംഗല്യ സ്കീം 42 മാസം - 50,000 രൂപയ്ക്ക് 1 ലക്ഷം രൂപ ലഭിയ്ക്കുന്നു.

മണിക്വീൻ ബോണ്ട് 60 മാസം-50,000 രൂപ ഒന്നരലക്ഷം രൂപ ലഭിയ്ക്കുന്നു.

50 വർഷത്തെ സേവനപാരമ്പര്യവും വിശ്വസ്തതയും

നിങ്ങളുടെ പണത്തിന് കൂടുതൽ റിട്ടേണും ഉറപ്പുനല്കുന്നു.

എല്ലാമാസവും 8-ാം തീയതി 4.30 ന് BENEFIT DRAW-കൂടി

10 മെമ്പേഴ്സിന് 500 രൂപാ വീതം ഇൻസന്റീവ് നല്കുന്നു.

**ഈ ആനുകൂല്യം 96 ഡിസംബർ 31ന് അവസാനിക്കുന്നു.**

MARUTHI, FIAT, AMB, BENZ A/C

RENT A CAR

RS. 750/-PER DAY

# INDIA'S HIGHEST

## Monthly Income Paying Company

NEW CAR, LORRY, BUS HIREPURCHASE/LEASING COMPANY GOLD LOAN RS. 3,000/-

### ധൻ വർദ്ധൻ മന്തിലി സ്കീം

(100 രൂപയുടെ ഗുണിതങ്ങളായി എത്ര യൂണിറ്റ് വേണമെങ്കിലും എടുക്കാം)

GOLD COIN 1/2 GM — 12 MONTHS

GOLD COIN 1 GM — 24 MONTHS

GOLD COIN 1.25 GM — 36 MONTHS

GOLD COIN 1.5 GM — 42 MONTHS

GOLD COIN 1.750 GM — 60 MONTHS

| Maturity Value and Periods | | | | കാലാവധിയും കാലാവധി തുകയും | | | |
|---|---|---|---|---|---|---|---|
| Monthly | 12 | 24 | 36 | 45 | 50 | 60 | 80 |
| Deposit | Months | Months | Months | Months | Months | Months | Months |
| Rs. 100 | Rs.1340 | Rs. 2900 | Rs. 4500 | Rs. 6700 | Rs. 7840 | Rs. 10340 | Rs. 15000 |
| Rs. 200 | 2680 | 5800 | 9000 | 13400 | 15680 | 20680 | 30000 |

OUR GROUP OF COMPANIES: Transworld Credit & Investment Company (P) Ltd, Beach Road, Kollam - 1 Ph : 746071, Transworld Hire Purchase (India) Ltd, Beach Road, Kollam - 1, Ph : 741657, Fax : 0474-78886, Commercial Hire Purchase (India)Ltd, Ernakulam, Ph : 365571, 364171; Sobhana Tile Works, Kollam, Ph : 204078, Modern Bricks, Kollam.

Directors : Vijayan Pillai, Sobhanan Pillai, Sundaran Pillai

**BENEFIT DRAW**

**31-12-1996**

വിവിധ ഡിപ്പോസിറ്റ് സ്കീമുകളിലായി 25 വിജയികൾക്ക് **2gm** ന്റെ **25 Gold Coin** നല്കുന്നു.

Catholic Press,[Offset] Kollam. ph.206098

# പുനലൂർ നഗരസഭ
# ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ



പൊന്നില്ലെങ്കിലും പുലരാം ആരോഗ്യമില്ലെങ്കിലോ !!



കുടുംബത്തിൽ
ഏവർക്കും
ഉപയോഗിക്കാവുന്ന
ഉത്തമടോണിക്

വാജീകരണസുധ

JAYA BHARATHAM ARYAVAIDYA SALA · H.O. PUNALUR · JBAVS

ജയഭാരതം
ആര്യവൈദ്യശാല
H.O. പുനലൂർ – 691 306

ഫോൺ: 222610, 222661

സ്ഥാപകൻ:- പി. ഒ. തോമസ് വൈദ്യൻ, വൈദ്യകലാനിധി

TALENT

# പുനലൂർ നഗരസഭ



# സമഗ്ര വികസന രേഖ



ഇന്ത്യയുടെ ആത്മാവ്
ഗ്രാമങ്ങളിൽ കുടികൊള്ളുന്നു

– മഹാത്മാഗാന്ധി

# സമർപ്പണം

അധികാരം ജനങ്ങളിലേക്ക് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിനുള്ള കർമ്മ പരിപാടികളുമായി നാം മുന്നോട്ട് പോകുകയാണ്. സമ്പത്സമൃദ്ധവും ഐശ്വര്യ സമ്പൂർണ്ണവുമായ ഒരു നൂതന കേരളമാണ് നമ്മുടെ ലക്ഷ്യം. അതിനായി ജനങ്ങളുടെ ആശയാഭിലാഷങ്ങളനുസരിച്ച് പദ്ധതികൾക്ക് രൂപം കൊടുക്കുവാനുള്ള നവീന പ്രക്രിയയാണ് ജനകീയാസൂത്രണം. നാടിന്റെ വികസനത്തിൽ നാട്ടാരുടെ പങ്കാളിത്തം ഉറപ്പാക്കപ്പെടുന്നു. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിച്ചുകൊണ്ടിരിക്കുന്ന ഈ മുഹൂർത്തത്തിലെങ്കിലും ജനാധിപത്യം സാർഥകവും സമഗ്രവുമാക്കുന്നതിനുള്ള കർമ്മ മാർഗ്ഗങ്ങളെക്കുറിച്ച് പരിചിന്തിക്കുന്നതിനും തദനുസൃതമായി പദ്ധതികളാവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനും കിട്ടുന്ന ഈ സന്ദർഭം പരമാവധി പ്രയോജനപ്പെടുത്തണമെന്നും ജനകീയാസൂത്രണം വമ്പിച്ച വിജയമാക്കിത്തീർക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസനറിപ്പോർട്ട് ബഹുജനസമക്ഷം സവിനയം സമർപ്പിക്കുന്നു.

ജനകീയാസൂത്രണ സമിതി.
പുനലൂർ നഗരസഭ

# വിദഗ്ദസമിതി അംഗങ്ങൾ

അഡ്വ: ഡി. സുരേഷ് കുമാർ
(മുനിസ്സിപ്പൽ ചെയർമാൻ)

പി. ഗംഗാധരൻ പിള്ള
(കൺവീനർ)

**എം.മധുസൂദനൻ പിള്ള**
(മുനി:സെക്രട്ടറി)
**കെ.രാധാകൃഷ്ണൻ**
(വൈസ് ചെയർമാൻ)
**എസ്സ്.താജുദ്ദീൻ**
(പ്രതിപക്ഷ നേതാവ്)
**യു.കെ.അബ്ദുൽസലാം**
(വർക്സ് കമ്മിറ്റി ചെയർമാൻ)
**എം.എ.രാജഗോപാൽ**
(ഹെൽത്ത് കമ്മിറ്റി ചെയർമാൻ)
**പ്രൊഫ:ഡി.ശശിധരൻ**
**എൻ.സുന്ദരേശൻ**

**എസ്സ്.ഹരിദാസ്, SC**
**ബി.മോഹൻദാസ്**
**എം.പി.സുന്ദർ**
**റ്റി.അമീർകണ്ണ്**
**പ്രൊഫ: പാർത്ഥൻ**
**എസ്സ്.ബിജു**
**കെ.ഐ.ജോൺ**
**എം.ജയചന്ദ്രൻ നായർ**
**ജി.അരവിന്ദാക്ഷൻ**
**എം.അബ്ദുൽ അസ്സീസ്**

മുഖചിത്രം. 1932 കാലഘട്ടത്തിലെ പുനലൂർ
സമ്പാ:- ആർ. രാജൻ.

LAY - OUT & DESIGN - MURUKAN , TALENT.

PHOTOS - THAMPEES , PUNALUR.

COMPUTER SUPPORT - DATEL , PUNALUR.



അഡ്വ : D. സുരേഷ്കുമാർ
ചെയർമാൻ



കെ. രാധാകൃഷ്ണൻ
വൈസ് ചെയർമാൻ



എസ്സ്. താജുദ്ദീൻ
പ്രതിപക്ഷനേതാവ്



യു. കെ. അബ്ദുൽ സലാം
വർക്സ് കമ്മറ്റി ചെയർമാൻ



എം. എ. രാജഗോപാൽ
ഹെൽത്ത് കമ്മറ്റി ചെയർമാൻ



പി. ഗംഗാധരൻ പിള്ള
വിദഗ്ദ സമിതി കൺവീനർ



എം. മധുസൂദനൻ പിള്ള
മുനിസി : സെക്രട്ടറി

# പേജുകൾ മറിക്കുമ്പോൾ


| | |
|---|---|
| ആമുഖം | 13--20 |
| ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി | 24--25 |
| *വികസന മേഖലകൾ* | |
| *കൃഷിയും ജലസേചനവും* | *33--59* |
| മൃഗപരിപാലനവും മത്സ്യ ബന്ധനവും | 64--70 |
| വിദ്യാഭ്യാസം | 71--89 |
| ആരോഗ്യം പരിസര ശുചിത്വം | 91--104 |
| കുടിവെള്ളം | 105--108 |
| വ്യവസായം | 109--113 |
| ഗതാഗതം | 115--157 |
| ഊർജ്ജം | 158--167 |
| ഭവന നിർമ്മാണം | 168--174 |
| ക്ഷേമ പ്രവർത്തനങ്ങൾ | 175--180 |
| സംസ്ക്കാരം | 181--189 |
| വനിത | 191--197 |
| സഹകരണമേഖല | 198--207 |
| പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം | 208--215 |
| വിഭവ സമാഹരണം | 216--222 |

# ആമുഖം

ഇരുപതാം നൂറ്റാണ്ടിന്റെ സായംസന്ധ്യയിൽ എത്തി നിൽക്കുന്ന നമ്മുടെ രാജ്യം വളരെ നിർണ്ണായകമായ ദശാസന്ധിയിലൂടെയാണ് കടന്നു പൊയ്ക്കൊണ്ടിരിയ്ക്കുന്നത്. അയ്യായിരം വർഷത്തെ നാഗരിക പൈതൃകം ഈ നാടിനുണ്ട്. അതിവിസ്തൃതമായ ഭൂപ്രദേശവും അളവറ്റ മാനവശേഷിയും അനന്തമായ പ്രകൃതിസമ്പത്തും അനല്പമായ ധാതുസമ്പത്തും കൊണ്ട് അനുഗ്രഹീതമാണ് ഇവിടം. എന്നിട്ടും അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിയ്ക്കപ്പെട്ട കോടിക്കണക്കിന് മനുഷ്യർ ഇവിടെ ജീവിയ്ക്കുന്നു. ഇന്ത്യയ്ക്ക് വളർച്ചയ്ക്കും വികസനത്തിനും അനന്തമായ കാത്തിരിപ്പ് അസാദ്ധ്യമായിരിയ്ക്കുന്നു. ആസൂത്രിതമായ വികസന പ്രക്രിയ ആരംഭിച്ചത് 1951 ലാണ്. ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയയാണ് വികസനം. പഞ്ചവത്സരപദ്ധതികളിലൂടെ വ്യാവസായിക-കാർഷിക-ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ നാം പുരോഗതി കൈവരിയ്ക്കുകയുണ്ടായി. ഉല്പാദന വർദ്ധന പോലെ പ്രധാനമാണ് നീതിപൂർവ്വമായ വിതരണവും. അത് നടന്നില്ല. തൽഫലമായി നേട്ടത്തിന്റെ പ്രയോജനം എല്ലാവർക്കും അനുഭവവേദ്യമായില്ല. വൈവിദ്ധ്യമാർന്ന ഈ രാജ്യത്തിന്റെ വികസന പ്രക്രിയയിൽ അതിന്റെ ഗുണഭോക്താക്കൾക്ക് ഒരു പങ്കുമില്ലായിരുന്നു. രാജ്യത്തിന്റെ ഭരണസിരാകേന്ദ്രങ്ങളിലിരുന്ന് ജനങ്ങളിൽനിന്ന് അന്യവൽക്കരിക്കപ്പെട്ട ഉദ്യോഗസ്ഥ സംവിധാനങ്ങളിലൂടെയാണ് വികസന പ്രക്രിയ നടപ്പാക്കിവന്നത്. അതിന്റെ ഫലമായി ജനങ്ങളിൽ നിരാശയും, ഒന്നും നടക്കില്ല എന്ന ചിന്തയും സാർവത്രികമായി. ഇന്ത്യ പിൻതുടരുന്ന പുത്തൻ സാമ്പത്തികനയം നമ്മുടെ കാർഷിക വ്യാവസായിക രംഗങ്ങളിൽ പുതിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രകൃതിയെ സ്നേഹിക്കുകയും മനുഷ്യനോട് നീതിപുലർത്തുകയും ചെയ്യുന്ന ഒരു ഉൽപ്പാദന വിതരണ ക്രമം നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ സത്യങ്ങളുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് വേണം ഒൻപതാം പദ്ധതിയെ സമീപിക്കേണ്ടത്. ഒരു പുത്തൻ വികസന സംസ്ക്കാരത്തിനും പുതിയ ഒരു വികസന പ്രക്രിയക്കും കേരളം തുടക്കം കുറിക്കുകയാണ്.

# പുനലൂർ നഗരസഭ

**പൊതുവിവരണം:-**

| | |
|---|---|
| മുനിസിപ്പാലിറ്റിയുടെ പേര് | പുനലൂർ |
| ഉൾപ്പെടുന്ന വില്ലേജുകൾ | പുനലൂർ |
| | വാളക്കോട് |
| താലൂക്ക് | പത്തനാപുരം |
| പാർലമെന്റ് മണ്ഡലം | അടൂർ |
| അസംബ്ളി മണ്ഡലം | പുനലൂർ |
| വിസ്തീർണ്ണം | 34.60ച. കി. മീറ്റർ |
| അതിരുകൾ:- | |
| പടിഞ്ഞാറ് | വിളക്കുടി |
| കിഴക്ക് | ഇടമൺ |
| തെക്ക് | കരവാളൂർ |
| വടക്ക് | പിറവന്തൂർ |
| ജനസംഖ്യ:- 1996-ൽ | 48487 |
| സ്ത്രീകൾ– 18 വയസിനു മുകളിൽ | 17924 |
| പുരുഷന്മാർ–18 വയസിനു മുകളിൽ | 17165 |
| 18 വയസിനു താഴെ പ്രായമുയള്ളവർ | 13398 |
| സാക്ഷരത | 91.2% |
| വാർഡുകൾ | 28 |
| നഗരപിതാവ് | അഡ്വ: ഡി. സുരേഷ്കുമാർ |

# പുനലൂരും ചരിത്രപശ്ചാത്തലവും

കൊല്ലം ജില്ലയിൽ ഗ്രാമീണ സൗന്ദര്യമുള്ള ഒരേ ഒരു നഗരമാണ് പുനലൂർ. ഒരിക്കൽ സസ്യ ലതാദികളെക്കൊണ്ട് നിറഞ്ഞുനിന്നിരുന്ന ഈ പ്രദേശം ഐശ്വര്യത്തിന്റെ പ്രതീകമായിരുന്നു. തമിഴുനാടുമായി പുരാതന കാലം മുതൽ പുനലൂരിന് ബന്ധമുണ്ടായിരുന്നു എന്ന് സ്ഥലനാമം വ്യക്തമാക്കുന്നു. പുനൽ (വെള്ളം) ഊര് (സ്ഥലം) വെള്ളമുള്ള പ്രദേശം എന്നർത്ഥം. പുനലൂരുമായുള്ള വാണിജ്യാവശ്യങ്ങൾക്കായി തമിഴുനാട്ടിൽ നിന്നും വരുന്നവർക്ക് ആവശ്യത്തിനുള്ള വെള്ളം കിട്ടുന്ന സ്ഥലം പുനലൂരായിരുന്നു. പട്ടണത്തിന്റെ അരഞ്ഞാണം പോലെ കിടക്കുന്ന കല്ലടയാർ പ്രകൃതിയുടെ വരദാനമാണ്. പ്രകൃതിക്ഷോഭം, ആക്രമണം എന്നിവ മൂലം ഛിന്നഭിന്നമായ ഈ പ്രദേശത്തിന് ഇന്നു കാണുന്ന നിലയിലേക്ക് ഒരു പുനർ ജന്മം ലഭിച്ച സ്ഥലമെന്ന നിലയ്ക്ക് പുനർ ഊര് എന്ന അർത്ഥത്തിൽ പുനലൂർ ഉണ്ടായതായും അറിയപ്പെടുന്നു.

അന്യസ്ഥലക്കാർ ഇവിടം കണ്ടുകഴിഞ്ഞാൽ അവരുടെ ജന്മദേശത്തെപ്പറ്റി തല്ക്കാലത്തേയ്ക്കെങ്കിലും മറക്കുമായിരുന്നു. ഇവിടം അവരെ അത്ര മാത്രം ആകർഷിച്ചിരുന്നു. സരസനായ ഒരു കവിയുടെ ഭാവന താഴെചേർക്കുന്നു.

"ഊരിൽപ്പോകാൻ പുനരൊരുവനും പറ്റുകില്ലി-
ങ്ങുവന്നി
ട്ടാരാണ്ടേവം കരുതി പുനലൂരെന്നു പേരിട്ടുനൂനം
കാരാഗാരാദ് ഗളിതതനുവാം പുള്ളിയെപ്പോലെ-
കാണാം
വീരൻ പാലം പെരിയതുടലിൽ പൂട്ടിനിൽക്കു-
ന്നിതത്ര."

സിന്ധുനദീതട സംസ്ക്കാരത്തേക്കാൾ പഴക്കമേറിയ പുരാതന ശിലായുഗ കാലഘട്ടത്തിൽത്തന്നെ പത്തനാപുരം താലൂക്കിൽ ജനവാസം ഉണ്ടായിരുന്നു എന്ന് തെന്മലയിൽ നടന്ന ഗവേഷണങ്ങളിൽ വെളിവായിട്ടുണ്ട്. ദക്ഷിണേന്ത്യയിൽ ഏറ്റവും പഴക്കമേറിയ ചേന്തുരുണി നദീതട സംസ്ക്കാരത്തിന്റെ അവശിഷ്ടങ്ങൾ തെന്മലയിൽ നിന്നും കണ്ടെടുത്തതോടെ ഇവിടം ചിരപുരാതനമായ ഒരു സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നുവെന്ന് വെളിവാക്കപ്പെട്ടിട്ടുണ്ട് A.D. ഒന്നാം നൂറ്റാണ്ടിലെ ആയ് വംശത്തിന്റെ ഭരണകാലത്തുതന്നെ പത്തനാപുരം താലൂക്കിന്റെ പല ഭാഗങ്ങളിലും പ്രത്യേകിച്ച് പുനലൂരിലും

ജനവാസമുണ്ടായിരുന്നുവെങ്കിലും, അന്ന് ഭൂരി ഭാഗവും ഘോര വനങ്ങളായിരുന്നു. ഇന്ന് വന ങ്ങളും എസ്റ്റേറ്റുകളുമായിട്ടുള്ള പല സ്ഥല ങ്ങളും അന്ന് ജനപഥങ്ങളായിരുന്നു വെന്ന്കാണാം നൂറ്റാണ്ടുകൾ പഴക്കമുള്ള മിത്രാനന്ദപുരം വെള്ളായണി ശാസനങ്ങളിൽ പുനലൂരിലേയും പട്ടാഴിയിലേയും നാട്ടുരാജാ ക്കന്മാരെക്കുറിച്ചുള്ള സൂചനകളുണ്ട് . 1734 വരെ പുനലൂരടക്കമുള്ള സമീപ പ്രദേശങ്ങൾ ഇളയിടത്തുസ്വരൂപം വകയായിരുന്നു. താലൂക്ക് എന്നുള്ളതിനു പകരം 'മണ്ഡപത്തും വാതുക്കൽ' എന്നാണ് അന്ന് പറഞ്ഞു വന്നിരുന്നത്. താലൂക്ക് കേന്ദ്രം പിന്നീട് പത്തനാപുരത്ത് നിന്നും പുനലൂരിലേയ്ക്ക് മാറ്റുകയുണ്ടായി. മഹാരാജാവിനും റാണിക്കും എഴുന്നള്ളി കുളിക്കുന്നതിനുവേണ്ടി രണ്ട് കുളിക്കടവും ഉണ്ടായിരുന്നു. ഇപ്പോഴും കുളിക്കടവുകൾ അവിടെ ഉള്ളതാണ്. ഇതിനെ കൊട്ടാരം കുളിക്കടവ് എന്ന് അറിയപ്പെടുന്നു.

ചരിത്ര രേഖകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന വേണാട്ടിലെ ആദ്യത്തെ നാടുവാഴി അയ്യനടികളാണ്. തരിസാപ്പള്ളി ശാസനത്തിൽ നിന്നും കൊല്ലം 24-ാമാണ്ട് അയ്യനടികൾ കേരള ചക്രവർത്തി സ്ഥാണുരവിയുടെ സാമന്തനായി വേണാട് വാഴുന്നത് മനസ്സിലാക്കാം. അതിനുശേഷം അന്ന് ഇളംക്കൂർ വാഴുകയായിരുന്ന രാമതിരുവടി ഭരണമേറ്റിട്ടുണ്ടാവണം. രാമതിരുവടിക്കുശേഷം വേണാടിന്റെ 100 വർഷത്തെ ചരിത്രത്തെക്കുറിച്ച് രേഖകൾ ഇല്ല. കൊല്ലം 149ലെ മാമ്പള്ളി ശാസനത്തിൽ പറയുന്ന ശ്രീവല്ലഭൻ കോതയെ പിന്നീട് നമുക്ക് കാണാം. മാമ്പള്ളി ശാസനത്തി ൽ പുനലൂർക്കാരൻ ഇരവിപരന്തരവനെ കുറിച്ച് പരാമർശം ഉണ്ട്. മാമ്പള്ളി ശാസനത്തിലാണ് ആദ്യമായി കൊല്ലവർഷത്തെ കുറിച്ച് രേഖപ്പെടു ത്തിയിട്ടുള്ളത്. പുനലൂർ, ചെങ്ങന്നൂർ മുതലായ പ്രദേശങ്ങൾ വേണാട്ടിൽ ഉൾപ്പെട്ടിരുന്നു എന്ന് ശാസനത്തിൽ നിന്നും മനസിലാക്കാം

1552ൽ കൊല്ലത്ത് ആസ്ഥാനമുറപ്പി യ്ക്കാൻ ശ്രമിച്ച പോർട്ടുഗീസ് ക്യാപ്റ്റൻ റോഡ് ഡ്രിഗ്സ് കുരുമുളക് കൃഷിക്കാരിൽനിന്നും മൊത്തമായി കുരുമുളകുവാങ്ങുവാൻ ശ്രമിച്ചു. കച്ചവടക്കാർ അതിന് വിസമ്മതിച്ചു. 5000 കാളവണ്ടി നിറയെ കുരുമുളക് കയറ്റി തമിഴുനാട്ടിലേയ്ക്ക് പോയ വ്യാപാരികളെ റോഡ് ഡ്രിഗ്സിന്റെ പടയാളികൾ അക്രമിച്ചു.

പുനലൂരിലും പരിസരപ്രദേശത്തും വച്ചാ ക്രമിക്കപ്പെട്ട വ്യാപാരികളുടെ രക്തം വീണ് ഈ മണ്ണ് കുതിർന്നു. പല വ്യാപാരികളുടേയും തല വെട്ടിയെടുത്ത് പടയാളികൾ റോഡ് ഡ്രിഗ്സിനു സമർപ്പിച്ചു. ഒരു തലയ്ക്ക് 50 രൂപാ വെച്ച് റോഡ് ഡ്രിഗ്സ് അവർക്ക് പ്രതിഫലം നൽകി. പശ്ചിമഘട്ടം ചുരങ്ങളിൽ കൂടിയാണ് അന്ന് തമി ഴരും വ്യാപാരികളും തമ്മിൽ വ്യാപാര ബന്ധം പുലർത്തിയത്. ചരക്കുഗതാഗതത്തിന് കാളവ ണ്ടികളും, പൊതിക്കാളകളും ഉപയോഗി ക്കപ്പെട്ടിരുന്നു.

താലൂക്കിന്റെ ആസ്ഥാനം പുനലൂരാക്കി മാറ്റുന്നതിനു മുമ്പ് 1901 ൽ പുനലൂർ വഴി കൊല്ലം തിരുനെൽവേലി മീറ്റർഗേജ് ലൈൻ ആരംഭിച്ചു. 1877ൽ തൂക്കുപാലവും, 1888ൽ പേപ്പ ർ മില്ലും, 1901ൽ റെയിൽവ്വേസ്റ്റേഷനും പുനലൂ രിൽ സ്ഥാപിക്കപ്പെട്ടു. 1943ൽ ശ്രീ. ചിത്തിരതി രുനാൾ ബാലരാമവർമ്മ മഹാരാജാവ് ട്രാവ ൻകൂർ പ്ലൈവുഡ് ഫാക്ടറി സ്ഥാപിച്ചു.

പുനലൂർ കല്ലടയാറ്റിൽ നിർമ്മിക്കപ്പെ ട്ടിട്ടുള്ള തൂക്കുപാലം ഒരു എഞ്ചിനീയറിങ്ങ് അ ത്ഭുതമാണ്. നാടിന്റെ വികസനം ത്വരിതപ്പെടു ത്തി നദിയുടെ അക്കരയിലേക്ക് വ്യാപിപ്പിച്ചതും, വാണിജ്യ ബന്ധങ്ങൾ വിപുലപ്പെടുത്തിയതും തൂക്കുപാലത്തിന്റെ നിർമ്മാണമാണ്. 1872ൽ തിരുവിതാംകൂർ മഹാരാജാവ് അനുമതി നൽകി യതിന്റെ ഫലമായാണ് തൂക്കുപാലത്തിന്റെ പണി ആരംഭിച്ചത്. അൽബർട്ട് ഹെൻട്രി എന്ന എഞ്ചിനീയറാണ് 2212 ദിവസം നീണ്ടുനിന്ന പാ ലം പണിക്ക് നേതൃത്വം നല്കിയത് (1872 മുതൽ 1877 വരെ). പ്രതിദിനം 200ൽപരം തൊഴിലാളി കൾ പണിയെടുത്തിരുന്നു. മൊത്തം 3 ലക്ഷം രൂപയാണ് ചെലവ്. പാലത്തിന് 400അടി നീളമു ണ്ട്. ആർച്ചുകൾക്കിടയിൽ 200 അടിയും ആർ ച്ചുകൾക്ക് ഇരുവശവും 100 അടി വീതവും. 7 ആനകളെ ഒരേ സമയം നടത്തിച്ചാണ് പാലത്തിന്റെ ഉറപ്പ് പരിശോധിച്ചത്. ആനകൾ കാക്കാഴം ബാവ (മുളകു രാജൻ) യുടേതായിരുന്നു. 53 കണ്ണികൾ വീതമുള്ള 2 ചങ്ങലകളിലാണ് പാലം തൂക്കിയിട്ടിരിക്കുന്നത്. കൊല്ലം ജില്ലയിൽ ആദ്യമായി ഒരു വാന നിരീ ക്ഷണ കേന്ദ്രം ആരംഭിച്ചത് പുനലൂരിലാണ്. പൈനാപ്പിൾ കൃഷിക്ക് പണ്ടു മുതലേ പ്രസി ദ്ധമാണിവിടം. ക്യൂ (·KEW ) എന്ന മുള്ളില്ലാത്ത

പൈനാപ്പിൾ ലാറ്റിൻ അമേരിക്ക, വെസ്റ്റിൻഡീസ് എന്നിവിടങ്ങളിൽ നിന്നും കൊണ്ടുവന്ന് ആദ്യം കൃഷി തുടങ്ങിയത് പുനലൂരിലാണ്.

## 5. പുനലൂരും ദേശീയ പ്രസ്ഥാനവും.

ദേശീയ പ്രസ്ഥാനത്തിൽ പുനലൂരും അതിന്റേതായ പങ്കു വഹിച്ചിട്ടുണ്ട്. പഴയ തിരുവിതാംകൂറിന്റെ ഭാഗമെന്ന നിലയിൽ ബ്രട്ടീഷ് ഭരണാധികാരികൾക്കെതിരെ നടത്തിയ വളരെ സാഹസികമായ ചില പ്രവർത്തനങ്ങളുടെ ഓർമ്മകൾ പുനലൂരിനും ഓർക്കാനുണ്ട്.

തിരുനെൽവേലി കളക്റ്ററായിരുന്ന ഹാഷ് എന്ന വെള്ളക്കാരനെ വെടിവെച്ചു കൊല്ലുവാൻ തീരുമാനിച്ചു. ആ ചുമതല ഏറ്റെടുത്തത് ചെങ്കോട്ട വാഞ്ചിനാഥൻ എന്ന രാജ്യസ്നേഹിയും. ദൗർഭാഗ്യമെന്നു പറയട്ടെ, കൃത്യം നടത്തിയതിനു ശേഷം വാഞ്ചിനാഥൻ സ്വയം വെടിവെച്ചു മരിച്ചു. അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന കമ്മ്യൂണിക്കേഷൻ കാർഡിലെ കോഡ് വാക്കുകളിൽ നിന്നും അനേകം പേരെപ്പറ്റിയുള്ള വിവരങ്ങൾ പോലീസിന് ലഭിച്ചു. തുടർന്നുള്ള റെയിഡിൽ പുനലൂരിന് സമീപം ചെങ്കുളത്തുണ്ടായിരുന്ന വെടിവെയ്പ്പ് പരിശീലന കേന്ദ്രവും പോലീസ് കണ്ടുപിടിച്ചു. റെയിൽവെ പാലത്തിനു സമീപം ഇന്നും നിലനിൽക്കുന്നതും അന്ന് കോൺഗ്രസ് ആഫീസ് ആയി പ്രവർത്തിച്ചിരുന്നതുമായ കുമാരസ്വാമിപിള്ള എന്ന വാപ്പു പിള്ളയുടെ രണ്ടുനില കെട്ടിടം കണ്ടു പിടിച്ച് റിക്കാർഡുകൾ സീലുചെയ്ത് ഇതിനൊരു സാക്ഷിയേയും കൊല്ലം പേഷ്ക്കാർ കണ്ടു പിടിച്ചു. തകരക്കട എന്നറിയപ്പെടുന്ന പുത്തൻ പീഠികയിൽ ഷേക്മുദാർ രാവുത്തർ മകൻ ചിന്നബാവാ രാവുത്തർ ആയിരുന്നു സാക്ഷി .(1969ൽ 74-ാമത്തെ വയസിൽ മരിച്ചു. ഇദ്ദേഹത്തിന് പോലീസ് സംരക്ഷണം ഉണ്ടായിരുന്നു. പേഷ്ക്കാർ പറഞ്ഞു പഠിപ്പിച്ചതുപോലെ റാവുത്തർ കോടതിയിൽ സാക്ഷി പറഞ്ഞു. ഇനി എന്തെങ്കിലും പറയാനുണ്ടോ എന്ന് കോടതി ചോദിച്ചു. അപ്പോൾ സാക്ഷി പറഞ്ഞു "കളക്റ്റർ യസമാൻ ഇവളവുതാൻ ശൊല്ലിയിരുക്കിന്റാർ മേൽക്കൊണ്ട് ഏതാവതു തെരിയവേണ്ടുമാനാൽ പേഷ്ക്കാരിടമേ കേൽപതുതാൻ നന്റായിരിക്കും". തെളിവില്ലാത്തതിന്റെ പേരിൽ കേസ് വെറുതെ വിട്ടു. പ്രതികൾ തൂക്കുമരത്തിൽ നിന്ന് രക്ഷപെട്ടു. പ്രവർത്തനങ്ങൾ തൽക്കാലത്തേക്ക് സ്തംഭിച്ചു.

സ്റ്റേറ്റു കോൺഗ്രസിലെ ഗർജ്ജിക്കുന്ന സിംഹമായിരുന്ന ശ്രീ. സി. കേശവന്റെ ഒരു രാഷ്ട്രീയ താവളമായിരുന്നു പുനലൂർ. അദ്ദേഹം റ്റി. ബി. ജംഗ്ഷനിൽ ഉണ്ടായിരുന്ന മുതിരവിള വൈദ്യരുടെ (രാമൻകേശവൻ) വൈദ്യശാലയിൽ വരികയും സംഘടനാ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിരുന്നു. തുടർന്ന് കോൺഗ്രസിന്റെ പ്രവർത്തനം പുനലൂരിൽ ശക്തവും, വ്യാപകവുമായി. കോൺഗ്രസിന്റെ ആദ്യകാല നേതാക്കന്മാർ ശ്രീമാന്മാർ എൻ. പത്മനാഭപിള്ള (ലംബോധരൻപിള്ള) എ.എസ്. റാവുത്തർ, എ.എസ്.എം.ഷാ, റ്റി.കെ. അലക്സാണ്ടർ, പ്രൊഫ: പി.എ. മാത്യു, കെ കുഞ്ഞുരാമ ശാസ്ത്രി, റ്റി.വി. തോമസ് എന്നിവരാണ്.

## കർഷക പ്രസ്ഥാനം.

ഫ്യൂഡലിസവും ജന്മിത്തവും നിലനിന്നിരുന്ന ഒരു പ്രദേശമാണിത്. പാട്ടവും പാതി വാരവ്യവസ്ഥയും, കുടികിടപ്പും ഉണ്ടായിരുന്നു. കുത്തകപ്പാട്ടഭൂമിയും, ദേവസ്വ ഭൂമിയും കൈവശം വച്ചിരുന്ന കൃഷിക്കാരും കുറവല്ലായിരുന്നു. ഭൂവുടമ ബന്ധങ്ങളിൽ നിഴലിച്ചുകണ്ടിരുന്ന പ്രത്യേകതകളായിരുന്നു ഇവയൊക്കെ. കുത്തകപ്പാട്ടഭൂമിക്ക് അടിസ്ഥാന നികുതിക്കു പുറമെ തെങ്ങിന് 2 രൂപയും കമുക്, പ്ളാവ്, മുളകുകൊടി, പറങ്കിമാവ്, മാവ്, പുളി എന്നിവയ്ക്ക് 1 രൂപ വീതവും വീതവും വൃക്ഷക്കരം ഈടാക്കിയിരുന്നു.

കൃഷിക്കാർ സംഘടിച്ച് കർഷ സംഘത്തിന്റെ നേതൃത്വത്തിൽ നടത്തിയ സമരങ്ങളുടെ ഫല മായി അശാസ്ത്രീയവും അന്യായവുമായ കു ത്തകപ്പാട്ടക്കരം നിർത്തലാക്കി. 1957ൽ കമ്യൂണി സ്റ്റ് ഗവൺമെന്റ് കുടിയൊഴിപ്പിക്കൽ നിരോധന നിയമം കൊണ്ടുവന്നു. ജന്മിമാർ പാട്ടം പാതി വാര കൃഷി[illegible]യും കുടികിടപ്പുകാരെയും ഒഴിപ്പിക്കാ[illegible] ശ്രമിച്ചു. അപ്പോഴേക്കും കർഷക പ്രസ്ഥാനം വളർന്നു ശക്തിപ്പെട്ടിരുന്നു. അതുകൊണ്ട് കൃഷിക്കാരെ ഒഴിപ്പിക്കാൻ കഴിഞ്ഞില്ല. കർഷക പ്രസ്ഥാനം നടത്തിയ ധീരസമരങ്ങളുടേയും പുരോഗമന പ്രസ്ഥാനം

നടത്തിയ പ്രവർത്തനങ്ങളുടേയും ഫലമായി 1970 ൽ യാഥർത്ഥ്യമയി. ജന്മിത്തം അവസാനിച്ചു. പാട്ടം പാതിവാരകൃഷിക്കാർക്കും കുടികിടപ്പു കാർക്കും കൈവശഭൂമി യിൽ അവകാശം ലഭിച്ചു

നെടുങ്ങോലം ആശുപത്രി നടത്തുന്നതിന് ദിവാൻ രാമറാവു, ഡോ. സാമുവലിന് വട്ടപ്പട പ്രദേശത്ത് 25 ഏക്കർ സ്ഥലം ദാനമായി കൊടുത്തു. ആശു പത്രിയുടെ പ്രവർത്തനം നിലച്ചാൽ ഭൂമി സർക്കാരിൽ നിക്ഷിപ്തമാവു മെന്നായിരുന്നു വ്യവസ്ഥ. ഈ ഭൂമി 1940ൽ ആപ്രദേശത്തെ പല കൃഷി ക്കാർക്കായി പാട്ടം വ്യവസ്ഥയിൽ കൊടുത്തു. ആശുപത്രിയുടെ പ്രവർത്തനം മന്ദീഭവിച്ചപ്പോൾ ഈ ഭൂമി സർക്കാരിന്റേതായി. തുടർന്ന് കർഷകസംഘ ത്തിന്റെ നേതൃത്വത്തിൽ വമ്പിച്ച സമരം നടത്തി. വട്ടപ്പടയിലെ കൃഷിക്കാർക്ക് ഭൂമി പതിച്ചു കിട്ടി. റെയിൽവെ പുറംപോക്കിൽ താമസിക്കുന്ന 362 കുടുംബങ്ങളുടേയും റോഡ് പുറം പോക്കിലെ 485 കുടുംബങ്ങളുടേയും പ്രശ്ന ങ്ങൾ ഇന്നും അവശേഷിക്കുകയാണ്. അതു പോലെ പേപ്പർമിൽവക 150 ഏക്കർ സ്ഥലത്ത് താ മസിക്കുന്നവരുടെ പ്രശ്നവും പരിഹൃതമായിട്ടില്ല. ഇതെല്ലാം പരിഹരിക്കുന്നതിന് ദീർഘകാലമായി സമരങ്ങൾ നടന്നുവരികയാണ്. ആദ്യകാലത്തെ കർഷക സംഘം പ്രവർവർത്തകരിൽ പ്രധാനി യാണ് ശ്രീ. കെ.പി ദാമോദരൻ. കൃഷിക്കാരുടെ എണ്ണമറ്റ അവകാശ സമരങ്ങൾക്ക് സാക്ഷ്യം വഹിച്ച രണഭൂമിയാണു പുനലൂർ.

## തൊഴിലാളി വർഗ്ഗ പ്രസ്ഥാനം.

കേരളത്തിൽ തൊഴിലാളി വർഗ്ഗ പ്രസ്ഥാനത്തിന് ബീജാവാപം നൽകിയ പ്രദേശങ്ങളിലൊന്നാണ് പുനലൂർ. 1888ൽ സ്ഥാപിക്കപ്പെട്ട പേപ്പർമില്ലിലെ ജീവനക്കാരാണ് ആദ്യത്തെ സംഘടിത തൊഴി ലാളിവർഗ്ഗം . കേരളത്തിൽ രണ്ടാമതായി രജിസ്റ്റർ ചെയ്ത യൂണിയനാണ് പുനലൂർ പേപ്പർമിൽ വർക്കേഴ്സ് യൂണിയൻ. പേപ്പർമിൽ തൊഴിലാ ളികളെ ആദ്യം സംഘടിപ്പിച്ചത് ആലപ്പുഴക്കാരായ ശ്രീ.വി.കെ കരുണാകരനും ശ്രീ.സി.ഒ. മാത്യുവും ആയിരുന്നു. ശ്രീ.എൻ. രാജഗോപാലൻ നായരും ശ്രീ. കെ. എ. ജോർജും ഈ യൂണിയന്റെ പി ൽക്കാലത്തെ നേതാക്കന്മാരാണ്. ഐതിഹാസി കങ്ങളായ എണ്ണമറ്റ സമരങ്ങൾ പേപ്പർമിൽ തൊഴിലാളികൾ നടത്തിയിട്ടുണ്ട്. രാജവാഴ്ച യ്ക്കും സർ. സി. പി. രാമസ്വാമി അയ്യരുടെ അമേ രിക്കൻ മോഡൽ ഭരണത്തിനുമെതിരായി പേപ്പ ർമില്ലിലെ ധീരന്മാരായ തൊഴിലാളികൾ, പോലീ സിന്റെ കണ്ണുവെട്ടിച്ച് അസംബ്ളിക്കകത്തു കട ന്ന്, മുദ്രാവാക്യം വിളിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തത് കേരളത്തിന്റെ വിപ്ളവ ചരിത്രത്തിലെ ഒരു അവിസ്മരണീയ സംഭവമാണ്. ശ്രീ. ഫിലിപ്പോസിന്റെ നേതൃത്വ ത്തിൽ ശ്രീമാന്മാർ ഡി.ഉണ്ണുണ്ണി, (ഹരിദാസ്) എ.കുട്ടൻപിള്ള, യോഹന്നാൻ എന്നീ തൊഴിലാ ളി നേതാക്കന്മാരാണ് ഈ സമരത്തിൽ പങ്കെടു ത്തത്. ഇവർ ഭീകര മർദ്ദനത്തിനിരയാകുകയും, 22ദിവസം തടങ്കലിൽ കഴിയുകയും ചെയ്തു. ശ്രീ.സി.ഒ.മാത്യുവിന്റെ സാന്നിദ്ധ്യത്തിൽ ഉണ്ടാ യ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിൽ ഇവർ മോചിപ്പിക്കപ്പെടുകയുണ്ടായി. ഇവരിൽ ശ്രീമാ ന്മാർ സി. ഫിലിപ്പോസ്, ഡി. ഉണ്ണുണ്ണി (ഹരിദാസ്), കുട്ടൻപിള്ള എന്നിവർ ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. തുടർന്ന് തോട്ടം മേഖലയിൽ പുനലൂർ എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ സ്ഥാ പിതമായി. ഇതിന്റെ സംഘാടകരും നേതാക്ക ന്മാരും പി.എ. സോളമൻ, പി.ഒ. ജോർജ്, എസ്. രാഘവൻ എന്നിവരായിരുന്നു. പുനലൂരിലെ ട്രേ ഡ് യൂണിയൻ പ്രവർത്തനങ്ങൾക്കാകെ നേതൃ ത്വം നല്കിയ ശ്രീ.എം.എൻ. ഗോവിന്ദൻ നായരുടെ പേര് ഇവിടെ സ്മരണീയമാണ്.

## വ്യവസായ പാരമ്പര്യം

കുരുമുളക്, ഇഞ്ചി, പൈനാപ്പിൾ, വിവിധയിനം മാങ്ങകൾ, നേന്ത്രക്കാ എന്നിവ ഇവിടെനിന്നും കയറ്റുമതി ചെയ്തിരുന്നു. കുട്ട, വട്ടി ,പനമ്പുനെ യ്ത്, തേനീച്ച വളർത്തൽ, മൺപാത്രനിർമ്മാണം, മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം എന്നിവയായിരുന്നു ഇവിടുത്തെ കുടിൽ വ്യവസായങ്ങൾ. ആദ്യത്തെ ആധുനിക വ്യവസായ ശാല പുനലൂർ പേപ്പർമില്ലാണ്. ഇന്ന് അത് പ്രവർത്തിക്കുന്നില്ല. 1948 തുടങ്ങിയ ട്രാവൻകൂർ പ്ളൈവുഡ് ഫാക്റ്ററി പുനലൂർ നഗരസഭയുടെ പ്രാന്ത പ്രദേശത്താണ് സ്ഥിതിചെയ്യുന്നത് വൻകിട വ്യവസായ ശാലകളൊന്നും പുനലൂരിൽ ഉണ്ടായിട്ടില്ല. ചെറുകിട വ്യവസായങ്ങൾപലതും

ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. സ്വാമില്ലുകൾ, ക്രേപ്പ് ഫാക്റ്ററികൾ, ആഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട്സ്, പ്ളൈവുഡ് ഫാക്റ്ററികൾ, പി.വി.സി. പൈപ്പ് ഫാക്റ്ററി, ചുടുകട്ട നിർമ്മാണം, ഓട് നിർമ്മാണം, ഫർണിച്ചർ നിർമ്മാണം, ലെയ്ത്ത വർക്സ് എന്നിവയെല്ലാം ഇതിൽ പെടും. ലാഭകരമായി പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷൻ ഹെഡാഫീസ് പുനലൂരിലാണ്. റീഹാബിലിറ്റാഷൻ പ്ളാന്റേഷനേ സ് ലിമിറ്റഡിന്റെ ഹെഡാഫീസും, ബി.ബി എസ്റ്റേറ്റുകളുടെ ഹെഡാഫീസും ഈ നഗരസഭാതിർത്തിയിൽ

## നഗരസഭയുടെ ചരിത്രത്തിലൂടെ

1940 കളിൽ പുനലൂരിന്റെ ഭരണം നടത്തിയിരുന്നത് അഞ്ച് അംഗങ്ങളടങ്ങിയ വില്ലേജ് യൂണിയനായിരുന്നു. തഹസീൽദാർ ആയിരുന്നു അംഗങ്ങളെ നാമനിർദ്ദേശം ചെയ്തിരുന്നത്. വില്ലേജുയൂണിയന്റെ പ്രസിഡന്റ്, വളരെക്കാലം പുനലൂർ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. പി. ചെല്ലപ്പൻപിള്ള യായിരുന്നു. പുനലൂരിൽ വൈദ്യുതി ലഭ്യമായത് അക്കാലത്താണ്. 1952-53 കാലത്ത് തെരഞ്ഞെടുക്കപ്പെടുക്കപ്പെട്ട പ്ചായത്തുകമ്മിറ്റി നിലവിൽവന്നു, ശ്രീ എൻ. രാജഗോപാലൻ നായരായിരുന്നു ആദ്യത്തെ പ്രസിഡൻഡ് ശ്രീ എൻ സദാനന്ദൻ (മണിയാർ ) വൈസ് പ്രസിഡൻഡും. മുൻ എം. എൽ. എ. ശ്രീ. കെ. കൃഷ്ണപിള്ള ദീർഘകാലം പഞ്ചായത്തു പ്രസിഡൻഡ് ആയിരുന്നു. ഇന്ന് നഗരസഭയുടെ കീഴിലുള്ള കേളൻകാവ്, തൊളി ക്കാട്, ആരംപുന്ന സ്കൂളുകൾ സ്ഥാപിച്ചത് ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ്. പത്തനാപുരം താലൂക്ക് പബ്ളിക്ക് ലൈബ്രറി ആൻഡ് റീഡിങ്ങ് റൂം പഞ്ചായത്തു ഭരണത്തിൻ കീഴിലായി

1971 ഏപ്രിൽ ഒന്നാം തീയതി പുനലൂർ പഞ്ചായത്തി് നഗരസഭയായി ഉയർത്തി. നിലവിലിരുന്ന പഞ്ചായത്തു കമ്മറ്റിയെ മുനിസിപ്പൽ അഡ്വൈസറി കമ്മറ്റിയായി നിയമിച്ചു. അഡ്വൈസറി കമ്മിറ്റി ചെയർമ്മാനും ശ്രീ. കെ. കൃഷ്ണപിള്ള ആയിരുന്നു.പഞ്ചായത്ത ആഫീസ് കെട്ടിടം നഗരസഭാ കാര്യാലയമായി പ്രവർത്തിച്ചു തുടങ്ങി സ്ഥല പരിമിതി മൂലം സ്വന്തമായി നഗരസഭാ കെട്ടിടം നിർമ്മിക്കുന്ന കാര്യം ആലോചനാ വിഷയമായി. പഞ്ചായത്ത് ആഫീസ് കെട്ടിടം മൃഗാശുപത്രിക്ക് വിട്ടുകൊടുക്കാമെന്നുള്ള ഉറപ്പിൻ മേൽ പഴയ സത്രം നിന്നിരുന്ന സ്ഥലം നഗരസഭാ കാര്യാലയം നിർമ്മിക്കുന്നതിനുവേണ്ടി സർക്കാർ വിട്ടു തന്നിട്ടുള്ളതാണ്. മുനിസിപ്പൽ കാര്യാലയം പണിതീരുന്നതിനിടയ്ക്കുള്ള കാലയളവിൽ റെയിൽവ്വേ സ്റ്റേഷനു സമീപമുള്ള ജയഭാരതം വിൽഡിഗ്സിനും , മൂർത്തിക്കാവിനു സമീപമുള്ള ഹാജി. എ. അബ്ദുൾഖാദർ ബിൽഡിംഗിലും വാടകയ്ക്ക് പ്രവർത്തിച്ചു. പുതിയ നഗരസഭാ കാര്യാലയത്തിന്റെ ശിലാസ്ഥാപനം 3-1-1976ൽ ചെയർമാൻ ശ്രീ. പി.ഒ. തോമസ്വൈദ്യൻ നിർവ്വഹിച്ചു. 29-12-1976ൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. കെ. അവുക്കാദർകുട്ടിനഹയുടെ സാന്നിദ്ധ്യത്തിൽ ബഹു. കേരളാ ഗവർണ്ണർ ശ്രീ.എൻ.എൻ വാഞ്ചു പുതിയ മന്ദിരത്തിന്റെ ഉത്ഘാടന കർമ്മം നിർവ്വഹിച്ചു.

അന്നത്തെ സ്പഷ്യൽ ആഫീസറായിരുന്ന ശ്രീ. ദാമോദരക്കുറുപ്പിന്റെ ചുമതലയിൽ നഗരസഭാ തെരഞ്ഞെടുപ്പു നടക്കുകയും, ഹാജി പി.കെ. മുഹമ്മദുകുഞ്ഞ് മാസ്റ്റർ 6-4-1972-ൽ നഗരസഭാ ചെയർമാനായി സ്ഥാനമേൽക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ കാലത്താണ് ശ്രീരാമപുരം മാർക്കറ്റ് എ. ആന്റ് ബി ബ്ളോക്ക് കെട്ടിടങ്ങൾ പണിതത്. 2-2-1974-ൽ ശ്രീ പി.ഒ. തോമസ് വൈദ്യൻ ചെയർമാനായി സ്ഥാനമേറ്റു. പുതിയ മുനിസിപ്പൽ കാര്യാലയ ത്തിന്റെ പണി പൂർത്തിയായത് അദ്ദേഹത്തിന്റെ കാലത്താണ്. 3-10-1979-ൽ ശ്രീ. എ. ജി. സെബാസ്റ്റ്യൻ ചെയർമാനായി. 14-10-1981-ൽ ശ്രീ. ജെ. കമലാസനൻ ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. ഇദ്ദേഹത്തിന്റെ കാലത്താണ് 7 നില മുനിസിപ്പൽ കോംപ്ളക്സ് പണി പൂർത്തിയായത് ശ്രീ.ഏ.ജി സെബാസ്റ്റ്യന്റെ കാലത്തായിരുന്നു നെഹ്റു മെമ്മോറിയൽ റെസ്റ്റ് ഹൗസ് കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചത്. എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ആഫീസ്, ഫയർ സ്റ്റേഷൻ എന്നിവയും പ്രവർത്തനം ആരംഭിച്ചു. ശ്രീ. എ.ജി. സെബാസ്റ്റ്യൻ ചെയർമാനായി

രുന്നപ്പോൾ തന്നെയാണ് ബഹു: റവന്യൂ മന്ത്രി. ശ്രീ.പി.എസ്.ശ്രീനിവാസൻ സ്റ്റേഡിയം നിർമ്മാണത്തിന്റെ ശിലാ സ്ഥാപനം നിർവ്വഹിച്ചത്. .6-2-1988-ൽ ശ്രീ. എ.ജി.സെബാസ്റ്റ്യൻ വീണ്ടും ചെയർമാനായി 23-11-1990ൽ ശ്രീ. എൻ. ശിവരാജൻമുനി: ചെയർമാനായി. ഏഴുനില ഷോപ്പിംഗ് കോംപ്ളക്സിന്റെ ഉൽഘാടനം ഇക്കാലത്ത് ബഹു: മന്ത്രി. ശ്രീ.സി.വി. പത്മരാജൻ നിർവ്വഹിച്ചു. കലയനാട് മാർക്കറ്റിനു വേണ്ടി സ്ഥലം പൊന്നും വിലയ്ക്ക് എടുത്ത് ഷോപ്പിംഗ് കോംപ്ളക്സ് നിർമ്മിച്ചു. കൂടാതെ മുനിസിപ്പൽ പാർക്കിനോട് ചേർന്നുള്ള ഭാഗത്ത് കടമുറികളുടെ പണി ആരംഭിച്ചു 4-10-1995ൽ അഡ്വ: ഡി. സുരേഷ് കുമാർ ചെയർമാൻ സ്ഥാനം ഏറ്റെടുത്തു. പുതിയ പ്രൈവറ്റ് ബസ്സ്റ്റാൻഡിനുവേണ്ടി ചെമ്മന്തൂർ ഉള്ള മൂന്നര ഏക്കർ സ്ഥലത്ത് തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി. ശ്രീ. പാലൊളി മുഹമ്മദ് കുട്ടി. തറക്കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ഇത് പുനലൂർ നഗരസഭയുടെ സിൽവ്വർ ജൂബിലി വർഷമാണ്. ഒരു വർഷക്കാലം നീണ്ടുനിൽക്കുന്ന വൈവിദ്ധ്യമാർന്ന ആഘോഷ പരിപാടികൾക്ക് നഗരസഭ തുടക്കം കുറിച്ചിരിക്കുന്നു. ആഘോഷങ്ങളോടൊപ്പം നഗരത്തിന്റെ ബഹുമുഖമായ വികസന പ്രവർത്തനങ്ങൾക്ക് നഗരസഭ രൂപം നൽകിയിരിക്കുകയാണ്. പുനലൂർ പട്ടണത്തിന് ഒരു ടൗൺഹാൾ പണിയുക കെ.എസ്. ആർ. റ്റി. സി. ബസ്സ്റ്റാന്റ് മാറ്റി സ്ഥാപിക്കുക, സ്റ്റേഡിയം വികസനം ത്വരിതപ്പെടുത്തുക,പുനലൂർ ബാലൻ മെമ്മോറിയൽ ലൈബ്രറി വിപുലീകരിച്ച് മാറ്റി സ്ഥാപിക്കുക, ചിൽഡ്രൻസ് പാർക്ക് പുനരുദ്ധരിക്കുക, ബാലകലാഭവൻ സ്ഥാപിക്കുക, തുമ്പോട് മുസാവരി ജല വിതരണ പദ്ധതികൾ പൂർത്തീകരിക്കുക, ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, ശ്രീരാമവർമ്മപുരം മാർക്കറ്റ് ആധുനികവൽക്കരിക്കുക എന്നീ സൃഷ്ടിപരങ്ങളായ പ്രവർത്തനങ്ങളാണ് ജൂബിലി വർഷത്തിൽ ചെയ്യാനുദ്ദേശിക്കുന്നത്.

സിൽവ്വർജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ, മുനിസിപ്പാലിറ്റിയുടെ ആരംഭ കാലം മുതൽ ഇതേ വരെ എല്ലാ നഗരസഭാ തിരഞ്ഞെടുപ്പുകളിലും ഒരേ വാർഡിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ശ്രീ. കെ. രാമചന്ദ്രൻപിള്ളയുടെ പേര് പ്രത്യേകം എടുത്ത് പറയാൻ ഞങ്ങൾക്കതിയായ സന്തോഷമുണ്ട്. ആദ്ദേഹത്തിന്റെ നഗരസഭാ പ്രവർത്തനങ്ങളുടെ സിൽവ്വർ ജൂബിലി വർഷം കൂടിയാണിത് .1973ൽ മോസ്ക്കോയിൽ നടന്ന ലോക സമാധാന സമ്മേളനത്തിൽ ഇദ്ദേഹം പങ്കെടുത്തിട്ടുണ്ട്. കായിക കലാ രംഗത്ത് വാസനയും കഴിവും തെളിയിച്ചിട്ടുള്ളവരാണ് കൗൺസിലർമാരായ ശ്രീമതി. പ്രഭലതയും, ശ്രീ. കടവിൽ ബാബുവും എന്നുള്ളത് പ്രസ്താവ്യമാണ്.



തൂക്കുപാലം

## നഗരസഭാ ചെയർമാൻമാർ
## കാലഘട്ടത്തിലൂടെ

| | | | |
|---|---|---|---|
| 1. | പി.കെ. മുഹമ്മദുകുഞ്ഞ് മാസ്റ്റർ | 6-4-1972 | 9-12-1973 |
| 2 | പി.ഒ. തോമസ് വൈദ്യൻ | 2-2-1974 | 2-10-1979 |
| 3 | എ.ജി. സെബാസ്റ്റ്യൻ | 3-10-1979 | 2-10-1981 |
| 4 | ജെ. കമലാസനൻ | 14-10-1981 | 30-9-1984 |
| 5 | ഉജഗാർ സിംങ്ങ് IAS | 20-10-1984 | 5-3-1985 |
| 6. | അലോക്ഷീൽ IAS | 6- 3-1985 | 25-8-1986 |
| 7. | പി.എ. ഷെറഫുദീൻ IAS | 26-8-1986 | 14-9-1987 |
| 8. | രാജീവ് സദാനന്ദൻ IAS | 15-9-1987 | 5-8-1988 |
| 9. | എജി. സെബാസ്റ്റ്യൻ | 6-2-1988 | 19-10-1990 |
| 10. | തോമസ് കൊച്ചിടിക്കുള | 20-10-1990 | 22-11-1990 |
| 11. | എൻ. ശിവരാജൻ | 23-11-1990 | 30-9-1995 |
| 12. | അഡ്വ: ഡി. സുരേഷ്കുമാർ | 4-10-1995 | |

# ആദ്യത്തെ മുനിസിപ്പൽ കൗൺസിൽ

പി.കെ മുഹമ്മദ് കുഞ്ഞുമാസ്റ്റർ

എൻ ബാലകൃഷ്ണപിള്ള

പി.ഒ.തോമസ് വൈദ്യൻ

പി.തങ്കച്ചൻ

കെ.എ.ജോർജ്

പി.എ.മാമൻ

ജെ.കമലാസനൻ

എ.ഗോവിന്ദൻ

സൂസന്നാ കോശി

എം.അർജുനൻ നായർ

കെ.കൃഷ്ണപിള്ള

എം.ആനന്ദം അമ്മ

എൻ.ഭാനു

കെ.രാമചന്ദ്രൻപിള്ള

പി.എൻ. ബാലകൃഷ്ണപിള്ള

കെ.ശ്രീധരൻ

പി.വി.ബാബുരാജൻ

പി.കെ.സദാശിവൻ

എൻ. ഗംഗാധരൻ

കെ.ഭാനുവൈദ്യൻ

പി.എ.ഇട്ടി

റ്റി..മുഹമ്മദ്സാഹിബ്ബ്

കെ.രവീന്ദ്രൻപിള്ള

എ.ജി..കോശി

# ഭൂപ്രകൃതി
# ജലപ്രകൃതി
# ജനപ്രകൃതി

പുനലൂർ പ്രകൃതി സമ്പത്തും സൗന്ദര്യവും കൊണ്ട് അനുഗ്രഹീതമാണ്. കുന്നും മലയും താഴ്‌വാരവും നിറഞ്ഞ ഭൂപ്രകൃതിയാണ് പുനലൂരിന്റേത്. പുനലൂർ പട്ടണം തന്നെ കുന്നുകൾക്കിടയിലാണ്. മിക്കവാറും വാർഡുകളിൽ ഉയർന്ന കുന്നും., കുന്നിന്റെ മുകളിൽ നിരപ്പും, കീഴ്ക്കാംതൂക്കായ ചരിവും താഴ്‌വാരവും കാണാം. പുള്ളുവൻകുന്ന്, കോമളം കുന്ന്, മുസാവരിക്കുന്ന്, ഗുഡ്ഹോപ്പ്കുന്ന്, തുമ്പോട്കുന്ന് ഇങ്ങനെ പോകുന്നു കുന്നുകളുടെ നിര. ഇതിൽ കോമളം കുന്നും, മുസാവരി കുന്നും രണ്ട് വാർഡുകളുടെ പേരാണ്. നിരപ്പായ പ്രദേശങ്ങൾ വളരെ കുറവാണ്. ചതുപ്പ്പ്രദേശങ്ങളില്ല. വയലേലകളെ ഉരുമി വളഞ്ഞ്പുളഞ്ഞൊഴുകുന്ന തോടുകളുണ്ട്. അതിൽ പ്രധാനപ്പെട്ടവ വെട്ടിപ്പുഴത്തോട് വട്ടപ്പട എരപ്പൻതോട്, വള്ളിമാനൂർ തോട്, ചെമ്മന്തൂർ തോട്, എരിച്ചക്കൽ തോട്, കലയനാട് തോട് എന്നിവയാണ്.

വർഷകാലത്ത് ഈ തോടുകളെല്ലാം കവിഞ്ഞൊഴുകി സമീപപ്രദേശത്തുള്ള വീടുകൾക്ക് ഭീഷണി ഉയർത്തുകയും നെൽവയലുകൾക്ക് നാശനഷ്ടങ്ങൾ വരുത്തുകയും ചെയ്യുന്നു. തോടുകളിലെ ജല നിരപ്പ് ഉയരുമ്പോൾ പുനലൂർ പട്ടണം മറ്റു പ്രദേശങ്ങളിൽനിന്നും ഒറ്റപ്പെട്ടിട്ടുണ്ട്. വേനൽക്കാലത്ത് മിക്കവയും വരണ്ടുപോകുന്നു. എന്നാൽ വള്ളിമാനൂർ തോട്ടിൽ വേനൽക്കാലത്തും ഊറ്റുവെള്ളം കിട്ടാറുണ്ട്. കുളങ്ങളും വലിയ കിണറുകളും അങ്ങിങ്ങായുണ്ട്.

വിശാലമായ വയലേലകൾ പുനലൂരിനെ ഐശ്വര്യ സമർദ്ധിയിലേക്ക് ഉയർത്തിയിരുന്നു. നെൽകൃഷി ചെയ്തുകൊണ്ടിരുന്ന പ്രദേശങ്ങൾഇന്ന് ചുടുകട്ട നിർമ്മാണത്തിനും ഗൃഹനിർമ്മാണത്തിനും വഴിമാറി കൊടുത്തിരിക്കുന്നു. ഇത് ഒരു സാമൂഹ്യവിപത്തായി കരുതണം. പുരാതനമായ കൊല്ലം ചെങ്കോട്ട റെയിൽപ്പാത പുനലൂരിലൂടെ കടന്നുപോകുന്നു. കൊല്ലം

ചെങ്കോട്ട റോഡ് നഗരസഭയിൽ കൂടിയാണ് കടന്നുപോകുന്നത്. കല്ലടയാറ്റിനു കുറുകെ നിർമ്മിച്ചിരിക്കുന്ന റെയിൽപ്പാലവും തൂക്കു പാലവും, പുതിയ കോൺക്രീറ്റ് പാലവും പട്ടണത്തിന്റെ കിഴക്കും പടിഞ്ഞാറും പ്രദേശ ങ്ങളെ കൂട്ടിയിണക്കുന്നു. നഗരസഭയുടെ പടിഞ്ഞാറ് ഇളമ്പലും, കിഴക്ക് വെള്ളിമലയും, തെക്ക് കരവാളൂരും, വടക്ക് മുക്കടവുമാണ്. ഇവിടെ കാണുന്ന മണ്ണിനങ്ങൾ ചരൽ, പശിമരാശി മണ്ണ് , ചെളിമണ്ണ്, വെട്ടുകല്ല്, മണൽ മണ്ണ് എന്നിവയാണ്. അന്തരീക്ഷ ആർദ്രത (Humidity) താരതമ്യേന കൂടുതലുള്ള പ്രദേശമാണിത്. ജൂൺ മധ്യം മുതൽ ആഗസ്റ്റ് അവസാനം വരെ ഇടവപ്പാതിയും, സെപ്റ്റംബർ, ഒക്റ്റോബർ, നവംബർ മാസങ്ങളിൽ തുലാവ ർഷവും ലഭിക്കുന്നു. ഡിസംബർ, ജാനുവരി, ഫെബ്രുവരി മാസങ്ങൾ തണുപ്പു കാലവും, മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങൾ ഉഷ്ണകാല വുമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂടും ഏറ്റവും കൂടുതൽ മഴയും ഉള്ള പ്രദേശമാണ് പുനലൂർ. കാലാവസ്ഥ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം പുനലൂരിൽ ഉണ്ടെങ്കിലും ആ രേഖകൾ ഇവിടെ സൂക്ഷിക്കാറില്ല. നെല്ല്, പയർവർഗ്ഗങ്ങൾ, ഇഞ്ചി, മരച്ചീനി, ചേന,കാച്ചിൽ, ചേമ്പ്, ഏത്തവാഴ, പൈനാപ്പിൾ, തെങ്ങ്, മാവ്, പ്ലാവ്, കമുക്, റബ്ബർ, അൽബീസിയ എന്നിവ സമൃദ്ധിയായി വളരുന്നു. റബ്ബറിന്റെ കടന്നു കയറ്റം പല കൃഷിയേയും ദോഷകരമായി ബാധിച്ചിട്ടുണ്ട്. നഗരവൽക്ക രണത്തിന്റെ ഫലമായി പാരിസ്ഥിതിക പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്.

34.6 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പുനലൂരിലെ ജനസഖ്യ 48,487 ആണ്. ജനസാന്ദ്രത കുറവുള്ള (1347) പ്രദേശമാണ്. 17,924 സ്ത്രീകളും, 17165 പുരുഷൻമാരും വോട്ടവകാശമുള്ളവരാണ്. സാക്ഷരത 91.2 ശതമാനം. വിദേശരാജ്യങ്ങ ളിൽ തൊഴിലെടുക്കുന്നവർ ധാരാളമുണ്ട്. അവരുടെ വരുമാനം നമ്മുടെ നാട്ടിൽ പ്രത്യുൽപ്പാദനപരമായ ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുന്നില്ല. ഇതിന് പരിഹാരം കണേണ്ടതാണ്. ഉൽപ്പാദന വർദ്ധനവും നീതിപൂർവ്വകമായ വിതരണവും ഉണ്ടായെ ങ്കിലെ സംതൃപ്തമായ ഒരു സമൂഹസൃഷ്ടി സാദ്ധ്യമാകൂ. അതിനുള്ള ഒരു എളിയ ശ്രമമാണ് ഈ വികസന റിപ്പോർട്ട്.



കല്ലടയാർ

# മുനി: കൗൺസിലേഴ്സ്

ഓമനക്കുട്ടൻ
ഉണ്ണിത്താൻ



ആരംപുന്ന.

ബീനാശാമുവേൽ



കാഞ്ഞിരമല

ഏബ്രഹാം ജോർജ്ജ്



ചെമ്മന്തൂർ

V. K. സഫിയ
അസ്സീസ്



ചാലക്കോട്

ആഗ്നസ് ഫസിൽ



പേപ്പർമിൽ

R. പ്രസാദ്



മുസാവരി

നെൽസൺ
സെബാസ്റ്റ്യൻ



ശാസ്താംകോണം

U. K. അബ്ദുൽ സലാം



റെയിൽവേസ്റ്റേഷൻ

D. ശശിധരൻ



ഭരണിക്കാവ്

S. താജുദ്ദീൻ



മാർക്കറ്റ്

M. A. രാജഗോപാൽ



കോളേജ്

പ്രഭലതാ സുരേഷ്



കോമളംകുന്ന്


കെ. രാധാകൃഷ്ണൻ- കച്ചേരി


കടവിൽ ബാബു
തൊളിക്കോട്


ജി. വിക്രമൻ പിള്ള
പരവട്ടം


M. ശ്രീധരൻ
മണിയാർ


K. രാമചന്ദ്രൻ പിള്ള
അഷ്ടമംഗലം


രാധാമണി
വിജയാനന്ദ്
കക്കോട്


അഡ്വ: D. സുരേഷ്
കുമാർ
ഐക്കരക്കോണം


K. ധർമ്മരാജൻ
വാളക്കോട്


പ്രഭാവതി സോമരാജൻ
ഗ്രേസിംഗ് ബ്ലോക്ക്


N. സുന്ദരേശൻ
പ്ലാച്ചേരി


L. ഹംസാബീവി
കാരയ്ക്കാട്


അഡ്വ: K.A. ലത്തീഫ്
കലയനാട്


നസീമാനസീർ
തുമ്പോട്


M.S ബുഖാരി
ഹൈസ്കൂൾ


ഗ്രേസി ജോൺ
നെല്ലിപ്പള്ളി


P.S. സിന്ധു.
വിളക്കുവെട്ടം

# വിദഗ്ദ സമിതി അംഗങ്ങൾ





മുനി: ഓഫീസ്

മുനി: ഷോപ്പിംഗ് കോംപ്ലക്സ്





പഠന പര്യടനം

പഠന പര്യടനം



# വികസനമേഖലകൾ

റീ ഹാബിലിറ്റേഷൻ പ്ലാന്റേഷൻ ഹെഡ് ഓഫീസ്




ഫാമിംഗ് കോർപ്പറേഷൻ ഹെഡ് ഓഫീസ്



# കൃഷിയും ജലസേചനവും

കൊല്ലം ജില്ലയുടെ കിഴക്കായി സഹ്യപർവ്വതത്തിന്റെ പടിഞ്ഞാറൻ മലഞ്ചെരിവുകളോട് ചേർന്ന് കല്ലടയാറിന്റെ ഇരുകരകളിലായി കുന്നിൻ ചരിവുകളുടെ മടിത്തട്ടിൽ കിടക്കുന്ന നാണം കുണുങ്ങിയായ നാടൻ പെൺകൊടിയാണ് പുനലൂർ നഗരം. സഹ്യന്റെ ഔന്നത്യവും കല്ലടയാറിന്റെ ഗാഭീര്യവും ഗതകാല സ്മരണകളുണർത്തുന്ന തൂക്കുപാലവും പേപ്പർ മില്ലും പ്രപഞ്ചത്തിന്റെ വർണശബളിമയും ഒത്തുചേർന്ന ഈ നഗരത്തിന്റെ പൂർവ്വകാല ചരിത്രം വീരസ്മരണകൾ ഉണർത്തുന്നതാണ്. 34.60 ചതുരശ്ര കിലോമീറ്റർ പ്രദേശത്തായി വ്യാപിച്ചുകിടക്കുന്ന ഈ പ്രദേശത്തിന്റെ പൊതുവായ സ്ഥിതി പരിശോധിച്ചാൽ കൃഷിക്ക് ഏറ്റവും അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയുമാണ് നിലവിലുള്ളതെന്ന് മനസ്സിലാക്കാം. ഏതിനം കൃഷിക്കും അനുയോജ്യമായ കാലാവസ്ഥയും ഭൂപ്രകൃതിയും മണ്ണും നമ്മുടെ മുനിസിപ്പൽ അതൃത്തിക്കുള്ളിൽ ഉണ്ട് എന്നത് പ്രധാന്യമർഹിക്കുന്നു. വളക്കൂറുള്ള പശിമരാശി മണ്ണും ചെളി മണ്ണും, ലാറ്ററൈറ്റ് മണ്ണും, ഫോറസ്റ്റ് മണ്ണും നമ്മുടെ മാത്രം സവിശേഷതയാണ്.

നാട്ട്-കേട്ട്-കണ്ട്- അറിവുശേഖരണത്തിലൂടെ പുനലൂർ മുനിസിപ്പൽ പ്രദേശത്തിന്റെ കാർഷികമേഖലയുടെ പൂർവ്വകാലം പരിശോധിച്ചാൽ കാർഷിക വിഭവങ്ങൾ ധാരാളമായി ഉൽപാദിപ്പിച്ച് വീട്ടാവശ്യം കഴിഞ്ഞ് വലിയ ഒരളവിൽ വിപണനം നടത്തിയിരുന്നു എന്നു മനസ്സിലാക്കാം. ഈ പ്രദേശത്തെ 95% ആളുകളുടേയും തൊഴിലും ഉപജീവനമാർഗ്ഗവും കൃഷിയായിരുന്നു. നമ്മുടെ ജില്ലയിൽ ഏറ്റവുമധികം കാർഷിക ഉൽപന്നങ്ങൾ വിപണനം നടത്തിയിരുന്നത് പുനലൂർ കമ്പോളം വഴി ആയിരുന്നു. ഇവിടെ ഉൽപാദിപ്പിച്ച് സംസ്കരിച്ച് കയറ്റിയയച്ചിരുന്ന കുരുമുളകും, ചുക്കും മറ്റു സമാന സ്വഭാവമുള്ള സുഗന്ധവിളകളും ലോക കമ്പോളം തന്നെ പിടിച്ചടക്കിയ ഒരു കാലം ഉണ്ടായിരുന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിലുള്ള കമ്പോളങ്ങളിൽ (ബോംബെ, മദ്രാസ്) പ്രശസ്തി പിടിച്ചുപറ്റിയ നമ്മുടെ കാർഷിക വിഭവങ്ങളായിരുന്നു. കൈതച്ചക്ക, വരിയ്ക്ക ചക്ക, മാമ്പഴം, അടയ്ക്ക എന്നിവ. ഒന്നും രണ്ടും ലോക മാഹായുദ്ധങ്ങളെത്തുടർന്ന് ഇൻഡ്യ ഒട്ടാകെ പട്ടിണി മരണവും, മാറാരോഗങ്ങളും പടർന്ന് പിടിച്ചപ്പോഴും കേരളത്തിന്റെ ഒട്ടുമുക്കാൽ ഭാഗങ്ങളിലും അതിന്റെ അല ആഞ്ഞടിച്ചപ്പോഴും പുനലൂർ പ്രദേശത്തെ ജനങ്ങൾക്ക് ആഹാരകാര്യത്തിൽ യാതൊരു ബുദ്ധിമുട്ടും അനുഭവപ്പെടാതിരുന്നത് നമ്മുടെ ജനവിഭാഗം കാർഷിക മേഖലയ്ക്ക്

ഊന്നൽ നൽകിയതുകൊണ്ടായിരുന്നു. വീട്ടാവശ്യത്തിനുവേണ്ടിയുള്ള ഉപ്പും ചിലയിനം പലവ്യഞ്ജനങ്ങളും ഒഴിച്ചാൽ മറ്റു കാർഷിക വിഭവങ്ങൾ എല്ലാം തന്നെ നാം ധാരാളമായി ഉല്പാദിപ്പിച്ചിരുന്നു. കുടിൽ തൊട്ട് കൊട്ടാരം വരെയുള്ള ആരും തന്നെ പട്ടിണി എന്തെന്ന റിഞ്ഞിട്ടില്ലാത്ത ഒരു ഭൂതകാലമാണ് പുനലൂർ നിവാസികൾക്കുണ്ടായിരുന്നത്.

നാട്ടിൻ പുറങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന ജൈവവളങ്ങളായിരുന്നു കൃഷിക്ക് മുഖ്യമായും ഉപയോഗിച്ചിരുന്നത്. ജനങ്ങളുടെ ആരോഗ്യസ്ഥിതിയും രോഗപ്രതിരോധശേഷിയും വളരെ കൂടുതലായിരുന്നു. കൃഷിക്കാരും കർഷകത്തൊഴിലാളികളും ഐക്യത്തോടെ വസിച്ചിരുന്നു. വിളവിറക്കും വിളവെടുപ്പും ഉത്സവപ്രതീതിയോടെ ഞാറ്റുപാട്ടുകളുടെ അകമ്പടിയോടെ നടത്തിയിരുന്നു.

ഞാറ്റുപാട്ട്

പറിക്കിണേ ഞാറു പറിക്കിണേ
പിടി കെട്ടി ഞാറു പറിക്കിണേ
തിത്തിനോം തെയ്യ തിത്തിനോം
തിത്തിനോം തെയ്യ തിത്തിനോം
ചെറുപ്പക്കാരി പെമ്പിള്ളേരു
നട്ടുനട്ടു പോകിണേ
മുട്ടുകൂനി മുതുക്കിമാരു മാറിമാറിപോകിണേ
ഉണ്ണിക്കുടവയർ ഓമനത്തമ്പിരാൻ
വരമ്പു നീളെ നടക്കിണേ
തിത്തിനോം തെയ്യ തിത്തിനോം
തിത്തിനോം തെയ്യ തിത്തിനോം
പറിക്കിണേ ഞാറു പറിക്കിണേ
പിടി കെട്ടി ഞാറു പറിക്കിണേ
ഒന്നു രണ്ടു ഞാറെടുത്തു നട്ടുനട്ടു കേറിണേ.

ഏലാകളിൽ കൃഷിക്കാരുടെ നേതൃത്വത്തിൽ മരമടി മത്സരം സംഘടിപ്പിച്ചിരുന്നത് ഉത്സവ പ്രതീതിയോടെയാണ്. അക്കാലത്തു നമ്മുടെ പൂർവ്വികർ കരഭാഗങ്ങൾ തോണ്ടി നിലങ്ങളാക്കിയിരുന്നു. 30 മേനിയിൽ അധികമായിരുന്നു സാധാരണവിളവ്. കൃഷിക്കാവശ്യമായ ജലം ലഭിക്കാതെ വന്നാൽ വെള്ളം ഉള്ളഭാഗങ്ങളിൽ കുളം തോണ്ടി കൈത്തോടുകൾ വഴി വെള്ളം കൊണ്ടുവന്ന് കൃഷി ഇറക്കുന്നതിൽ കർഷകർ പരസ്പരം സഹായിച്ചിരുന്നു.

എന്നാൽ 21 ാം നൂറ്റാണ്ടിലേക്ക് കടക്കാൻ വെമ്പൽ കൊള്ളുന്ന പുനലൂരിന്റെ ഇന്നത്തെ അവസ്ഥ ആരെയും ഞെട്ടിപ്പിക്കുന്നതും വേദന ഉളവാക്കുന്നതുമാണ്. ഏതാനും ചില വാണിജ്യ വിളകളുടെ ഉൽപാദനം വർദ്ധിച്ചിട്ടുണ്ട് എന്നതൊഴിച്ചാൽ ജീവന്റെ നിലനിൽപ്പിനാവശ്യമായ എല്ലാ കാർഷിക വിഭവങ്ങൾക്കും മറ്റു പ്രദേശങ്ങളേയും അന്യസംസ്ഥാനങ്ങളേയും വിദേശ രാജ്യങ്ങളേയും ആശ്രയിക്കേണ്ട ഗതികേടിൽ എത്തപ്പെട്ടിരിക്കുന്നു നാം. എന്തിന്, അല്പം ശ്രദ്ധകേന്ദ്രീകരിച്ചാൽ സ്വന്തം വീട്ടുവളപ്പിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഭാഗങ്ങളിൽ പച്ചക്കറി ശാസ്ത്രീയമായി കൃഷിചെയ്താൽ നമുക്കാവശ്യമുള്ളവലഭിക്കുമെന്നിരിക്കെ, നമ്മുടെ ഉപഭോഗത്തിന്റെ 90% വരെ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നു. നമ്മുടെ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ സമ്പത്ത് അയൽ സംസ്ഥാനങ്ങളും അന്യരാജ്യക്കാരും ചൂഷണം ചെയ്യുന്നതിന്റെ യാഥാർത്ഥ്യം എത്ര പേരാണ് മനസ്സിലാക്കുന്നത്. ഈ അപകടത്തിൽ നിന്നും എത്രയും വേഗം രക്ഷനേടാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കാത്ത പക്ഷം നാം വലിയ ആപത്തിൽ ചെന്നെത്തും എന്നതിൽ ആർക്കും സംശയം ആവശ്യമില്ല.

ഇതിൽ നിന്നും രക്ഷനേടാൻ "വീടൊന്നിന് ഒരു പച്ചക്കറിതോട്ടം_- ഒരു കമ്പോസ്റ്റുകുഴി" എന്നതാകട്ടെ നമ്മുടെ ഭാവിപരിപാടി. പുനലൂർ മുൻസിപ്പൽ പ്രദേശത്തെ 28 വാർഡുകളിലെ ഗ്രൂപ്പു ചർച്ചകളുടേയും ക്രോഡീകരണ റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിലും, വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ശേഖരിച്ച സ്ഥിതി വിവരകണക്കുകളുടെ അവലോകന റിപ്പോർട്ടുകളിൽ നിന്നും പഠന പര്യടനങ്ങളുടെ ഫലമായി ലഭിച്ച നേരിട്ടുള്ള അറിവുകളുടേയും വെളിച്ചത്തിൽ നമ്മുടെ നഗരപ്രദേശത്തെ നെൽകൃഷിയെ സംബന്ധിച്ച് കിട്ടിയ വിവരങ്ങൾ അതിദയനീയമാണ്. ഇത് സൂചിപ്പിക്കുന്നത് അനതി വിദൂര ഭാവിയിൽ കേരളീയരായ നാം അതീവ ഗുരുതരമായ ഒരു ഭക്ഷ്യപ്രതിസന്ധിയെ നേരിടുവാൻ പോകുകയാണ് എന്നതാണ്. ഈ പ്രതിസന്ധിയിൽ നിന്നും നമ്മെ രക്ഷപ്പെടുത്തുവാനുള്ള ജാലവിദ്യകൾ ഒരു ഭരണാധികാരിയുടെ കയ്യിലും ഇല്ല എന്നതാണ് സത്യം. നാം മനഃപൂർവ്വം ചെന്നുപെട്ട ഈ ദുരവസ്ഥയിൽ നിന്നും നമ്മെ മോചിപ്പിക്കുവാൻ കർഷക ജനതയ്ക്ക് മാത്രമേ സാദ്ധ്യമാകൂ.

നെൽകൃഷി ആദായകരമല്ല എന്ന് പറഞ്ഞ് കേരളീയരായ നാം നെൽപ്പാടങ്ങൾ നികത്തി മറ്റുവിളകൾ കൃഷി ചെയ്യുന്നതുപോലെ

ലാഭം മാത്രം നോക്കി, ഇന്ന് നമുക്ക് അരി നൽകിക്കൊണ്ടിരിക്കുന്ന തമിഴ്നാട്ടിലേയും ആന്ധ്രയിലേയും മറ്റും കൃഷിക്കാർ നെൽകൃഷിയിൽ നിന്നും വ്യതിചലിച്ച് മറ്റു വാണിജ്യ വിളകളിലേക്ക് മാറിയാൽ അരി മുഖ്യആഹാരമായി സ്വീകരിച്ചിരിക്കുന്ന നമ്മുടെ അവസ്ഥ പരമദയിനീയമായിത്തീരും. ആയതിനാൽ എന്തുവിലകൊടുത്തും ഇനിയെങ്കിലും നെൽകൃഷിയെ പരിപോഷിപ്പിക്കാനുള്ള നടപടികൾ ഉണ്ടായേ മതിയാകൂ.

നമ്മുടെ മുനിസിപ്പൽ ഏരിയായിലെ നെൽകൃഷിയുടെ വിവരം ശേഖരിച്ചതിൽ ഭൂരിഭാഗം ഏലാകളിലും മതിയായ ജലസേചന സൗകര്യം നിലവിലിത്താത്തതും തോടുകളുടെ വരമ്പുകൾ മോശമായതിനാൽ കൃഷി നശിക്കുന്നതുമാണെന്ന് മനസ്സിലാക്കാം. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു

## നിലവിലുള്ള കൃഷികൾ

**നെൽകൃഷി.**

മുൻകാലങ്ങളിൽ പാടങ്ങളിലും കരപ്രദേശങ്ങളിലും നെൽകൃഷി നടത്തിയിരുന്നു. കാള-പോത്ത് എന്നീ മൃഗങ്ങളെ ഉപയോഗിച്ച് നിലം ഉഴുതു മറിച്ച് മരമടിച്ച് വൃത്തിയാക്കി ജൈവവളങ്ങൾ ചേർത്ത് കൂരിചെമ്പാവ്, കിളിക്കുറുവ, ചേറാടി, തവളക്കണ്ണൻ, തുടങ്ങിയനെൽ വിത്തുകൾ കൃഷിചെയ്തിരുന്നു. കൃത്യമായി മഴലഭിച്ചിരുന്നതിനാൽ ജലസേചനത്തിന്റെ ബുദ്ധിമുട്ടുകൾ ഇല്ലായിരുന്നു. മികച്ച നിലയിൽ വിളവ് ലഭിക്കുമായിരുന്നു. കർഷകരും കർഷക തൊഴിലാളികളുമായി മികച്ച ബന്ധം നിലനിന്നിരുന്നു.

എന്നാൽ ഇന്ന് കരപ്രദേശങ്ങളിൽ നെൽകൃഷി ചെയ്യുന്നില്ല. പാർപ്പിടസൗകര്യത്തിനുവേണ്ടിയും വാണിജ്യവിളകൾ കൂടുതൽ ആദായകരമായത്കൊണ്ടും നെൽപാടങ്ങൾ ഭൂരിഭാഗവും നികത്തിയിരിക്കുന്നു. മാത്രവുമല്ല മഴയുടെകുറവ് മൂലം ജലസേചന സൗകര്യമില്ലാതെ വളരെ അധികം നെൽപാടങ്ങളിൽ പണകോരി വാഴ, ഇഞ്ചി, തെങ്ങ്, മരച്ചീനി, കമുക്, വെറ്റിലകൊടി എന്നിവകൃഷിചെയ്തുവരുന്നു. ജൈവവളപ്രയോഗം പാടെ ഉപേക്ഷിച്ച് രാസവളപ്രയോഗം ആരംഭിച്ചതോടെ മണ്ണിന്റെ ഗുണനിലവാരം കുറയുവാനിടയായി. കാലാവസ്ഥയിൽ ഉണ്ടായ വ്യതിയാനം മൂലം വരൾച്ച, വെള്ളപൊക്കം എന്നിവ സർവ്വസാധാരണമാണ്. ആധുനികയന്ത്രോപകരണങ്ങൾ വളരെ കുറച്ച്മാത്രമേ കൃഷിക്കായി നാം ഉപയോഗിക്കുന്നുള്ളൂ. കർഷക തൊഴിലാളികളുടെ കൂലിവർദ്ധനവും തൊഴിലാളികളെ യഥാസമയം കിട്ടാത്ത സാഹചര്യവും മൂലം കൃഷിചെയ്യാതെ തരിശായി ഇട്ടിരിക്കുന്ന നെൽപാടങ്ങളും പല വാർഡുകളിലായി കാണാവുന്നതാണ്.

**തെങ്ങ്, കമുക്**

കേരകേദാരമായ കേരളത്തിൽ തെങ്ങ് കൃഷി നാശത്തിന്റെ വക്കിലാണ്. പുനലൂർ മുനിസിപ്പൽ പ്രദേശത്ത് തെങ്ങ് കൃഷി എല്ലാ വാർഡുകളിലും ഉണ്ട്. എങ്കിലും നമ്മുടെ ആവശ്യത്തിന് ഉള്ള നാളീകേരവും വെളിച്ചെണ്ണയും ഉൽപ്പാദിപ്പിക്കുന്നില്ല.

കമുക്കൃഷി നാശത്തിന്റെ വക്കിലാണ്. പുതിയതായി കമുക് വച്ച് പിടിപ്പിക്കുന്നതിൽ കർഷകർ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല.

**പച്ചക്കറികൃഷി.**

പച്ചക്കറിയുടെ ഉൽപാദനം വളരെ പരിമിതമാണ്. എന്നാൽ ചിലർ വാണിജ്യ അടിസ്ഥാനത്തിൽ കൃഷിചെയുന്നുണ്ട്. പച്ചക്കറികൃഷിക്ക് ഏറെ സാദ്ധ്യതയുള്ള പ്രദേശമാണ്.

വാഴ

വാഴക്കൃഷി വളരെകൂടുതലായി ചെയ്തുവരുന്നു. ഭൂരിഭാഗവും വയൽ നികത്തിയാണ് കൃഷിചെയ്യുന്നത്. പ്രകൃതി ദുരന്തം ഉണ്ടായില്ലെങ്കിൽ വാഴക്കൃഷി ലാഭകരമാണ്. കൊല്ലം പട്ടണത്തിലേക്ക് വാഴക്കുല ധാരാളമായി കയറ്റിയയ്ക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ ഏത്തവാഴയാണ് കൃഷി ചെയ്യുന്നത്. മറ്റു പ്രധാന ഇനം വാഴകളാണ് പാളേങ്കോടൻ, ഞാലിപ്പൂവൻ, റോബസ്റ്റ, ചൊവ്വാഴ,കുമ്പില്ലാക്കണ്ണൻ,പച്ചച്ചിങ്ങൻ തുടങ്ങിയവ. വീട്ടുവളപ്പുകളിൽ വാഴ ധാരാളമായി കൃഷി ചെയ്തുവരുന്നു.

കുരുമുളക്

മുൻകാലങ്ങളിൽ കുരുമുളക് കൃഷി വളരെ വ്യാപകമായിരുന്നു. എന്നാൽ ഇടവിളവുകൾ ചെയ്തിരുന്ന ഭൂപ്രദേശങ്ങൾ റബ്ബർ കൃഷിക്ക് ഉപയോഗിച്ചു തുടങ്ങിയതുമൂലവും

## പട്ടിക I
## നിലവിലുള്ള ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ (എണ്ണം) | കുഴൽ കിണർ (എണ്ണം) | കുളം (എണ്ണം) | ക്രോസ്സ് ബാർ (എണ്ണം) | ആയ കെട്ട് (എണ്ണം) | തോടുകൾ (എണ്ണം) |
|---|---|---|---|---|---|---|
| 1 | - | - | 1 | - | - | 2 |
| 2 | - | - | - | - | - | 2 |
| 3 | - | - | 1 | - | - | 2 |
| 4 | - | - | 1 | - | - | 2 |
| 5 | - | - | - | - | - | 1 |
| 6 | - | - | - | - | - | - |
| 7 | - | - | 2 | - | - | 3 |
| 8 | - | - | - | - | - | 2 |
| 9 | - | - | - | - | - | - |
| 10 | - | - | - | - | - | 1 |
| 11 | - | - | 1 | - | - | 4 |
| 12 | - | - | - | - | - | 5 |
| 13 | - | - | 1 | - | - | 1 |
| 14 | - | - | - | - | - | 4 |
| 15 | - | - | - | - | - | 4 |
| 16 | - | - | - | - | - | 3 |
| 17 | - | - | 2 | - | - | 3 |
| 18 | - | - | 1 | - | - | 3 |
| 19 | - | - | - | - | - | 2 |
| 20 | - | - | - | - | - | 2 |
| 21 | - | - | 1 | - | - | 2 |
| 22 | - | - | - | - | - | 3 |
| 23 | - | - | 1 | - | - | 4 |
| 24 | - | - | 3 | - | - | 5 |
| 25 | - | - | - | - | - | 2 |
| 26 | - | - | 2 | - | - | 2 |
| 27 | - | - | 1 | - | - | 2 |
| 28 | - | - | 2 | - | - | 6 |
| | | | 20 | | | 72 |

**മാസംതോറുമുള്ള ഏററവും ഉയർന്നതും താഴ്ന്നതുമായ അന്തരീക്ഷ ഊഷ്മാവ്**



225

## മാസംതോറുമുള്ള മഴയുടെ ശരാശരി കണക്ക്



പട്ടിക 4

## ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 355 ഹെക്ടർ |
| പുരയിടം | 2343.27 " |
| പുറമ്പോക്ക് | 546 " |
| കൃഷിയോഗ്യ തരിശ് | 42 " |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 9 " |
| ആകെ | 3395.27 " |

Ref. അടിസ്ഥാന വിവര രജിസ്റ്റർ

പട്ടിക 5

## വിളവിസ്തീർണവും ഉൽപാദനവും

| വിള | വിസ്തീർണം | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത ഹെക്ടർ |
|---|---|---|---|
| നെല്ല് 1–ാം വിള | 305 ഹെക്ടർ | 1037 ടൺ | 3400 Kg |
| 2–ാം വിള | 305 "" | 823 "" | 2700 Kg |
| പയർ | 20 "" | 5 ടൺ | 250 Kg |
| എള്ള് | ഇല്ല | ഇല്ല | ഇല്ല |
| പച്ചക്കറികൾ | 8 ഹെക്ടർ | 4 ടൺ | 500 Kg |
| തെങ്ങ് | 201 " | 506400 എണ്ണം | 2400 എണ്ണം |
| വാഴ | 211 " | 1361 ടൺ | 61/2 ടൺ |
| മരച്ചീനി | 80 " | 640 ടൺ | 8 ടൺ |
| കുരുമുളക് | 167 " | 1670 ടൺ | 10 ടൺ |
| കശുമാവ് | 20 " | 40 ടൺ | 2 ടൺ |
| കമുക് | 13 " | 26 ടൺ | 2000 കി. |
| കൈതച്ചക്ക | 12 " | 54 ടൺ | 4500 കി. |
| റബ്ബർ | 1645 " | 4112 ടൺ | 2500 കി. |
| മറ്റുള്ളവ (പ്ലാവ്, മാവ്, ഇഞ്ചി,...) | 56 " | ഇല്ല | ഇല്ല |

Ref. അടിസ്ഥാന വിവരരജിസ്റ്റർ & പ്രാദേശിക സർവ്വേ

പട്ടിക – 6

## കർഷ കുടുംബങ്ങൾ

| നാമമാത്ര കർഷകർ 1 ഹെക്ടറിനു താഴെ | ചെറുകിട കർഷകർ 1 മുതൽ 2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിന് മുകളിൽ |
|---|---|---|
| 2938 | 390 | 26 |

Ref. കൃഷി ആഫീസ്+ പ്രാദേശിക സർവ്വേ

## പട്ടിക 7
### കാർഷിക രംഗത്തെ നിലവിലുള്ള കൂലിവിവരം

| നം. | ഇനവിവരം | കൂലി | |
|---|---|---|---|
| | | സ്ത്രീ | പുരുഷൻ |
| 1. | നാടൻ ഉഴവുകൾ | | 200 |
| 2. | ട്രാക്ടർ മണിക്കൂറിൽ | – | 90 |
| 3. | കൃഷി ജോലി (1 ദിവസം) | 75 | 100 |
| 4. | കീടനാശിനി തളിയ്ക്കൽ (1 ദിവസം) | – | 125 |
| 5. | റോക്കർ സ്പ്രയർ ( 1 ദിവസം വാടക) | | 15 |
| 6. | തുരിശ് തളി 1 ബാരൽ (റബ്ബർ) | | 120 |
| 7. | റബ്ബർ ടാപ്പിംഗ് (1 ബ്ലോക്ക്) | 70 | 70 |
| 8. | ചീക്ക് എടുപ്പ് (റബ്ബർ) | | 150 |
| 9. | ബഡ്ഡിഗ് (റബ്ബർ നേഴ്സറി) | | 150 |
| 10. | അടയ്ക്കാ പറിക്കൽ (കമുക് 1) | | 2 |
| 11. | തേങ്ങ ഇടീൽ 1 തെങ്ങ് | | 5 |
| 12 | കൊയ്ത് | 1/6 പതം | |
| 13. | കുരുമുളക് പറിക്കൽ (10 കി.) | | 20 |

## പട്ടിക - 8
### കാർഷികോപകരണങ്ങൾ

| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്ടാക്ക് സ്പ്രെയർ | മെതിയെന്ത്രം | പമ്പ് സെറ്റുകൾ |
|---|---|---|---|---|---|---|
| ഇല്ല | ഇല്ല | 42 | 3 | 2 | ഇല്ല | 7 |

Ref: ഏലാ വികസന ആഫീസ്

## പട്ടിക 9
### നടീൽ വസ്തുക്കളുടെ വിതരണം

| ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|
| തെങ്ങ് | 625 എണ്ണം | 450 എണ്ണം | 770 എണ്ണം |
| കശുമാവ്(മേൽത്തരം) | 25 | – | 104 |
| കുരുമുളക് വള്ളി | ഇല്ല | 12000 മൂട് | 7200 മൂട് |
| കമുക് | – | – | – |
| മാവിൻ തൈ | 50 എണ്ണം | 80 എണ്ണം | – |
| ജാതി | ഇല്ല | 50 എണ്ണം | ഇല്ല |
| പ്ലാവ് തൈ | 100 | – | – |
| ഗ്രാമ്പൂ തൈ | ഇല്ല | 90 എണ്ണം | – |
| പേര തൈ | 100 എണ്ണം | – | – |
| നാരകം | 20 എണ്ണം | – | – |
| നെൽ വിത്ത് | 780 kg | 1180 kg | – |
| പയർ വിത്ത് | 411 kg | 280 kg | 850 kg |
| പച്ചക്കറി വിത്ത് | 3 kg | 30 പായ്ക്കറ്റ് | 180 kg<br>400 പായ്ക്കറ്റ് |

Ref: ഏലാ വികസന ആഫീസ്

## ദുരിതാശ്വാസം

### പട്ടിക 10

| വർഷം | വെള്ളപ്പൊക്കം,വരൾച്ച, കൊടുംകാറ്റ്,ഉരുൾപൊട്ടൽ | ധനസഹായം ലഭിച്ചവർ | വിതരണം ചെയ്ത തുക |
|---|---|---|---|
| 1994-95 | വെള്ളപ്പൊക്കത്തിന് | 56 | 72377 രൂ. |
| 1995-96 | " | 46 | 71590 രൂ. |

Ref: വില്ലേജ് ആഫീസ്+ഏലാ വികസനം

## തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 11

| തെങ്ങുകൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ച തൈകൾ | | | | |
|---|---|---|---|---|---|---|---|---|
| | | | | റൂട്ട്ബിൽറ്റ് | ലീഫ്റോട്ട് | ബെഡ്റൂട്ട് | സ്റ്റബിംഗ് | ആകെ |
| 211 | 7520 | 16800 | 24320 | 255 | 1135 | 835 | 225 | 2450 |

## രാസവള-കീടനാശിനി വിവരണം

### പട്ടിക 12

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | 1993 | 1994 | | 1995 | 1995 | | 1994 | 1996 | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | ഏലാ വികസനം | - | 3.75 ലി. | 2.5കി. | - | 5ലി. | 5കി. | - | 7ലി. | - |
| 2 | പുനലൂർ സർവ്വീസ് സഹകരണസംഘം | 78 ടൺ | - | - | 72 ടൺ | - | - | 92 ടൺ | - | - |
| 3 | പുനലൂർമാർക്കറ്റിംഗ് സൊസൈറ്റി | ഇല്ല | - | - | ഇല്ല | - | - | ഇല്ല | - | - |
| 4 | സ്വകാര്യ സ്ഥാപനങ്ങൾ | 925 ടൺ | | | 1050 ടൺ | | | 975 ടൺ | | |

Ref: കൃഷി ഭവൻ+പ്രാദേശിക ശേഖരണം

## പുനലൂർ നഗരസഭയിലെ കാർഷികവിളകളുടെ സൂചിക

229




| കാർഷികവിളകളുടെ വിവരണം | | |
|---|---|---|
| 1 | റബർ | 60% |
| 2 | നെല്ല് | 11% |
| 3 | തെങ്ങ്,കമുക് | 8% |
| 4 | വാഴ | 7.75% |
| 5 | മരച്ചീനി | 3% |
| 6 | കശുമാവ് | 0.75% |
| 7 | കൈതച്ചക്ക,പച്ചക്കറി | 1.50% |
| 8 | കുരുമുളക് | 6% |
| 9 | മററിനംകൃഷികൾ | 2% |

വനനശീകരണത്തെ തുടർന്നുണ്ടായ കാലാവസ്ഥാ വ്യതിയാനം മൂലവും കുരുമുളക് കൃഷി പ്രതിസന്ധിയിലാണ്.

**മരച്ചീനി**

റബ്ബർ കൃഷി വ്യാപകമാകുന്നതിന് മുൻപ് പുനലൂർ നിവാസികൾ ഏറ്റവുമധികം ശ്രദ്ധകേന്ദ്രീകരിച്ചിരുന്നത് മരച്ചീനി കൃഷിയിലാണ്. ഇവിടെ ഉൽപാദിപ്പിച്ചിരുന്ന മരച്ചീനി നാടിന്റെ നാനാഭാഗങ്ങളിലേക്കും അയൽ സംസ്ഥാനങ്ങളിലേക്കും കയറ്റി അയച്ചിരുന്നു. അരി കഴിഞ്ഞാൽ പുനലൂർ നിവാസികളുടെ പ്രധാന ആഹാരവും മരച്ചീനിയായിരുന്നു. എന്നാൽ ഇന്ന് മരച്ചീനി കൃഷി നഗരസഭയിലെ എല്ലാവർഡുകളിലും ഉണ്ട് എങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്ന കൃഷിക്കാർ വളരെ കുറച്ച് മാത്രമേ ഉള്ളൂ. മരച്ചീനി ഏറ്റവും കൂടുതൽ ഉൽപാദിപ്പിച്ചിരുന്ന പുനലൂർ നിവാസികൾക്ക് ഇപ്പോൾ മരച്ചീനിക്കും ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഉയർന്ന ഉൽപാദനശേഷിയുള്ള മരച്ചീനി കൃഷി ചെയ്താൽ ഭക്ഷ്യാവശ്യത്തിനും വ്യാവസായികാവശ്യത്തിനും കന്നുകാലികളുടെ തീറ്റയായും ഉപയോഗിക്കാവുന്നതാണ്. ഈ കൃഷിയും പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്.

**വെറ്റില കൃഷി**

മുൻകാലങ്ങളിൽ വെറ്റിലകൃഷി നമ്മുടെ മുൻസിപ്പൽ പ്രദേശത്ത് വളരെ കൂടുതലായി ചെയ്തിരുന്നു. പുനലൂർ കമ്പോളത്തിലെ ഒരു പ്രധാന വാണിജ്യ വിഭവമായിരുന്ന വെറ്റില നാടിന്റെ നാനാഭഗങ്ങളിലേക്ക് കയറ്റിയയച്ചിരുന്നു. നമ്മുടെ നാട്ടിലെ വളരെധികം കൃഷിക്കാർ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരുന്ന വെറ്റില കൃഷിയും ഇന്ന് നാശത്തിന്റെ വക്കിലാണ്. ഈ കൃഷിക്ക് ഏറ്റവും അത്യാവശ്യഘടകങ്ങളാണ് ജലസേചനസൗകര്യവും ഈറ്റ, മുള, മരക്കമ്പുകൾ എന്നിവയുടെ ലഭ്യതയും. ഇവയുടെ അപര്യാപ്തതയാണ് വെറ്റിലകൃഷിയെ നാശോന്മുഖമാക്കിയത്. കൊടികൾക്കുണ്ടാകുന്ന പലവിധ രോഗബാധയും ഈ രംഗത്തെ തളർത്തുകയുണ്ടായി.

**സുഗന്ധവിളകൾ**

സുഗന്ധവിളകളിൽ പുനലൂരിൽ കൂടുതൽ സാദ്ധ്യതയുണ്ടായിരുന്നത് ഇഞ്ചികൃഷിയ്ക്ക് ആയിരുന്നു. എന്നാൽ ഇഞ്ചിയുടെ ഉൽപാദനവും നമ്മുടെ നാട്ടിൽ കുറഞ്ഞുവരുകയാണ്. പുനലൂർ കമ്പോളത്തിൽ നിന്നും കേരളത്തിന്റെ പല ഭാഗങ്ങളിലേക്കും ഇഞ്ചി കയറ്റുമതി ചെയ്തിരുന്നു. തമിഴ്നാട്ടിലേക്ക് ഇഞ്ചികയറ്റി അയച്ചിരുന്നത് പുനലൂരിൽ നിന്നാണ്. എന്നാൽ ഇഞ്ചികൃഷിയും താരമമ്യേന കുറഞ്ഞുവരികയാണ്. കാലാവസ്ഥയിൽ ഉണ്ടായ മാറ്റവും വളത്തിന്റേയും കീടനാശനിയുടേയും വിലവർദ്ധനവും ഈ കൃഷിയെ തളർത്തുകയുണ്ടായി. എന്നാൽ അടുത്തകാലത്തായി ജലക്ഷാമം അനുഭവപ്പെടുന്ന നിലങ്ങൾ തോണ്ടി ഇഞ്ചികൃഷി വ്യാപകമായി ചെയ്തുവരുന്നു. ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിച്ചാൽ ഇഞ്ചികൃഷി വളരെ ആദായകരമാക്കാവുന്നതാണ്. ആഹാരാവശ്യത്തിനും ഔഷധ നിർമ്മാണത്തിനും ആവശ്യമായ ഇഞ്ചികൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ഗ്രാമ്പൂ, ജാതി, എന്നിവ ഇടവിളയായി അങ്ങിങ്ങ് കൃഷിചെയ്തുവരുന്നു.

**പൈനാപ്പിൾ കൃഷി**

റബ്ബർ കൃഷി വ്യാപകമാകുന്നതിന് മുമ്പ് പുനലൂരിൽ വ്യാപകമായി ചെയ്തുവന്ന ഒരു കൃഷിയാണിത്. നാം ഉല്പാദിപ്പിച്ചിരുന്ന കൈതച്ചക്ക ഇന്ത്യയിലെ പ്രധാനകമ്പോളങ്ങൾ പിടിച്ചടക്കിയിരുന്നു എങ്കിലും ഈ കൃഷി വീട്ടാവശ്യത്തിനുമാത്രമായി ചരുങ്ങിയിരിക്കുന്നു. ശാസ്ത്രീയാടിസ്ഥാനത്തിൽ ഈ കൃഷി വ്യാപപ്പിക്കേണ്ടതുണ്ട്. നമ്മുടെ മുൻസിപ്പാലറ്റിയിൽ സ്ഥിതിചെയ്യുന്ന സർക്കാർ ഉടമയിലുള്ള "കേരളാ ആഗ്രോ ഫ്രൂട്ട് പ്രൊഡക്ട്" എന്ന സ്ഥാപനത്തിനാവശ്യമായ പൈനാപ്പിൾ ലഭ്യമല്ലാത്തതിനാൽ ആ വ്യവസായം ഇന്ന് ഭീഷണിയെ നേരുടുകയാണ്. ഈ സ്ഥാപനത്തോട് ചേർന്ന് പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് ഉള്ളസ്ഥലം പോലും ഇന്ന് ഉപയോഗശൂന്യമായിക്കിടക്കുകയാണ്. പൈനാപ്പിൾ കൃഷിക്കാവശ്യമായ സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ ഈ കൃഷി വ്യാപിപ്പിക്കാവുന്നതാണ്. ഇടവിളവുകളായും പൈനാപ്പിൾ കൃഷിചെയ്യാവുന്നതാണ്.

**പയർവർഗ്ഗങ്ങൾ**

പയർവർഗ്ഗങ്ങളുടെ കൃഷി മുൻകാലങ്ങളിൽ നമ്മുടെ നാട്ടിൽ വ്യാപകമായിരുന്നു. എന്നാൽ ഇന്ന് ഉല്പാദനം മുരടിച്ച നിലയിലാണ്. അതിന്റെ പ്രധാനകാരണം മേൽത്തരം വിത്തുകളുടെ ലഭ്യതക്കുറവും ജലക്ഷാമവും ജൈവവള

ങ്ങളുടെ ക്ഷാമവും ആകുന്നു. ഇതിന് പരിഹാര മുണ്ടാക്കി ആധുനിക രീതിയിൽ പയർ വർഗ്ഗങ്ങ ളുടെ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജലലഭ്യത ഉറപ്പുവരുത്തിയാൽ നമ്മുടെ ഭൂരിഭാഗം നിലങ്ങളിലും ഇടവിളയായി പയർ വർഗ്ഗങ്ങൾ കൃഷിചെയ്യാവുന്നതാണ്. ഇങ്ങനെ കൃഷി ചെയ്യുന്നതുവഴി നിലങ്ങളിലെ മണ്ണിന്റെ ഗുണനിലവാരം (ജൈവാംശം) കൂട്ടാവുന്നതാണ്.

**ഔഷധസസ്യകൃഷി**

ഔഷധസസ്യകൃഷി നമ്മുടെ നാട്ടിൽ അതിപുരാതന കാലം മുതൽ നിലനിന്നിരുന്നു. ഇവിടെ സുലഭമായി ലഭിച്ചിരുന്ന ഔഷധസസ്യ ങ്ങളാണ് കുറുന്തോട്ടി, രാമച്ചം, മുത്തങ്ങ, ആട ലോടകം, അമൽപ്പൊരി, വേപ്പ്, നറുനണ്ടി, കൈ യ്യുന്നി, കല്ലൂർ വഞ്ചി, കൃഷ്ണതുളസി, ആവണക്ക്, തെറ്റി, നെച്ചി, അശോകം, കറുക, അമൃത്, ഞവര, ചെറുപുള്ളടി, ഉമ്മം, എരുക്ക്, ഞെരി ഞ്ഞിൽ, നെല്ലി, നീലഅമരി, വാറ്റപ്പുല്ല്, കറ്റാർ വാഴപ്പൊള, ബ്രഹ്മി, തുടങ്ങിയവ. എന്നാൽ ഇന്ന് അമൂല്യങ്ങളായ ഈ ഔഷധസസ്യങ്ങൾ നമ്മുടെ നാട്ടിൽ വളരെ അപൂർവ്വമാണ്.

ഔഷധസസ്യകൃഷിക്ക് ഏറ്റവും അനുയോ ജ്യമായ കാലാവസ്ഥയാണ് നമ്മുടെ നാട്ടിലുള്ള ത്. അതുകൊണ്ടുതന്നെ മനുഷ്യജീവന്റെ നിലനി ല്പിനാവശ്യമായ ഈ കൃഷി പ്രോതാസാഹിപ്പി ക്കേണ്ടതാണ്.

ഔഷധ സസ്യകൃഷി വ്യാവസായികാ ടിസ്ഥാനത്തിൽ നടത്താനുള്ള സാദ്ധ്യതകൾ പുനലൂർ മുൻസിപ്പൽ പ്രദേശമായ അഷ്ടമംഗലം വാർഡിൽ ഉണ്ട്.

**പ്രദേശം** : അഷ്ടമംഗലം വാർഡിൽ ചുങ്ങോട് തോടിന് കിഴക്ക് കല്ലടയാറിന് തെക്ക് കിഴക്ക് ചെങ്കുളം വരെ റീഹാബിലിറ്റേഷൻ പ്ലാന്റേഷന് കിഴക്ക് വടക്കായി സ്ഥിതി ചെയ്യുന്ന 150 ഹെക്ടർ വരുന്ന സോഷ്യൽ ഫോറസ്റ്ററി പ്രദേശം.

പൂർവ്വചരിത്രം : 1952 ൽ ഈ വനഭൂമി വെട്ടിത്തെ ളിച്ച് തേക്ക്, പ്ലാവ്, അൽബീസിയ, പറങ്കിമാവ്, എന്നിവ മാറിമാറി കൃഷിചെയ്തു. എല്ലാ പദ്ധതികളും വൻ നഷ്ടത്തിൽ കലാശിച്ചു. ഇപ്പോൾ ഈ പ്രദേശത്ത് ഭാഗീകമായി ഒരു വർഷം പ്രായമായ കുറേ യൂക്കാലി തൈകളും, കുറേ കശുമാവിൻ തൈകളും ഉണ്ട്. ഏതാണ്ട് എഴുപത്തിയഞ്ച് ശതമാനത്തോളം സ്ഥലം കാ ടുകയറി കിടക്കുകയാണ്.

**ഔഷധകൃഷിക്ക് അനുയോജ്യഘടകങ്ങൾ**

(a) മണ്ണ്: ഫലഭൂയിഷ്ഠമായ പശിമരാശിമണ്ണ്
(b) ജലസേചനം: i. കല്ലടയാറിന്റെ തീരപ്രദേശം
(ii) 4 തോടുകൾ
(iii) വള്ളിമാന്നൂർ തോട്ടിൽ തടയണ കെട്ടി വെള്ളം ശേഖരിച്ചാൽ 100 ഹെക്ടർ സ്ഥലം ജലസേചനം നടത്താൻ കഴിയും.

(c) തൊഴിലവസരം: ഈ പ്രദേശത്തോട് ചേർന്ന് കിടക്കുന്ന ചെങ്കുളം, മണിയാർ, പരവ ട്ടം, അഷ്ടമംഗലം എന്നീപ്രദേശങ്ങളിലെ ഏകദേ ശം 500 ൽപരം ഹരിജൻ/ഗിരിജൻ/മലവേടർ കുടുംബങ്ങൾക്ക് മുൻഗണനാക്രമത്തിൽ തൊഴിലവസരം. ഈ ജനവിഭാഗം കൂടുതലും ഔഷധസസ്യങ്ങൾ ഈ പ്രദേശങ്ങളിൽ നിന്നും സംഭരിച്ച് ഉപജീവനം നടത്തുന്നവരാണ്.

(d) മറ്റു വികസന സാദ്ധ്യതകൾ: (i) ഭവിയിൽ ഇതിനോടനുബന്ധിച്ച് ഒരു ഔഷധ ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.
(ii) വള്ളിമാന്നൂർ വെള്ളച്ചട്ടത്തിൽ നിന്നും (ചെക്കുഡാം കെട്ടിയാൽ) വൈദ്യുതി ഉല്പാദി പ്പിക്കാവുന്നതാണ്.
(iii) വള്ളിമാന്നൂർ വെള്ളച്ചാട്ടം "കുറ്റാലം" പോലെ ടൂറിസം വികസനത്തിന് സാദ്ധ്യതയു ള്ളതാണ്.
(e) പരിസ്ഥിതി സംരക്ഷണം

സസ്യഔഷധ വൃക്ഷങ്ങളായ വേപ്പ്, നെല്ലി, ജാതി, കറുക, ഗ്രാംപൂ, എന്നിവ ഔഷ ധസസ്യങ്ങൾക്ക് തണൽ മരങ്ങളായി കൃഷി ചെയ്യുന്നതുകൊണ്ട് പരിസ്ഥിതിയെ സംരക്ഷി ക്കാൻ സാധിക്കും.

നിലവിലുള്ള യൂക്കാലി, പറങ്കിമാവ്, എന്നിവയും തണൽ മരങ്ങളായി നിലനിർത്താം.

കിഴങ്ങുവർഗ്ഗങ്ങൾ

നമ്മുടെ മുൻസിപ്പൽ പ്രദേശത്ത് ആദ്യകാ ലം മുതൽ ധാരാളമായി കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്തിരുന്നു. ഈ ഇനത്തിലെ പ്രധാന വിഭവങ്ങളാണ് ചേന, ചേമ്പ്, കാച്ചിൽ, ചെറു കിഴങ്ങ്, നനകിഴങ്ങ്, ചീവക്കിഴങ്ങ്, തുടങ്ങിയവ. ഇവയുടെ ഉല്പാദനം വളരെ കൂടുതലായിരുന്ന പ്രദേശമായിരുന്നു പുനലൂർ. ഇപ്പോൾ എല്ലാ കൃഷിക്കാരും ഇവ കൃഷി ചെയ്യുന്നുവെങ്കിലും പഴയപടി വൻപിച്ചതോതിൽ കൃഷിചെയ്യുന്നില്ല. പുനലൂരിന്റെ ഭൂപ്രകൃതിയും മണ്ണും ഈ കൃഷിക്ക് വളരെ അനുയോജ്യമാണ്. എന്നാൽ ജൈവവ

ളങ്ങളുടെ ലഭ്യതയില്ലായും മേൽത്തരം വിത്തുകളുടെ അഭാവവും ഈ കൃഷിയോട് വിമുഖത കാണിക്കുവാൻ കാരണമായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിച്ച് കിഴങ്ങുവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കേണ്ടതാണ്.

**കൂൺകൃഷി**

പാൽ, മൽസ്യം, മാംസം എന്നിവപോലെ ആരോഗ്യസംരക്ഷണത്തിന് വളരെയേറെ പ്രയോജനകരമാണ് കൂൺ. വാണിജ്യാടിസ്ഥാനത്തിൽ ഇതിന്റെ ഉല്പാദനം നാടിന്റെ പലഭാഗങ്ങളിലും വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ പുനലൂരിൽ ഇതിന് വേണ്ടത്ര പുരോഗതി കൈവരിയ്ക്കാനായില്ല. നമ്മുടെ നാട്ടിൽ ഈ കൃഷിയ്ക്ക് ആവശ്യമായ ഘടകങ്ങൾ ഏറെയുണ്ട്. എന്നാൽ ഇതിന്റെ ഉല്പാദനത്തെപ്പറ്റി കർഷകർക്ക് വേണ്ടത്ര അറിവ് ലഭിക്കാത്തതുകൊണ്ടാണ് കൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്താതിരിക്കുന്നത്. നമ്മുടെ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് ശാസ്ത്രീയ രീതിയിൽ കൂൺകൃഷി പ്രോതാസാഹിപ്പിച്ചാൽ ആദായകരമായ ഈ തൊഴിലിൽ ധാരാളം കർഷകർ ഏർപ്പെടും എന്നതിൽ സംശയമില്ല.

**ഫലവർഗ്ഗകൃഷി**

പ്ലാവ്, മാവ്, പേര എന്നിവ എല്ലാവരും കൃഷിചെയ്യുന്നുണ്ട് എന്നാൽ, വേണ്ടത്ര കൃഷിചെയ്യുവാൻ ആരും മുന്നിട്ടറങ്ങുന്നില്ല. വാണിജ്യാടിസ്ഥാനത്തിൽ ഇവ കൃഷിചെയ്യുവൻ പറ്റിയ ഭൂപ്രദേശമാണ് പുനലൂർ. ഈ കൃഷി പ്രോതാസാഹിപ്പിക്കണം. പഴക്കം ചെന്നത് വെട്ടിമാറ്റിയാൽ പകരം നടാത്ത ഇന്നത്തെ അവസ്ഥ മാറ്റുകയും മേൽത്തരം തൈകൾ വച്ചുപിടിപ്പിക്കുകയും വേണം.

**ഉദ്യാനകൃഷി**

ഏറെ സാദ്ധ്യതയുണ്ടെങ്കിലും ഒന്നോ രണ്ടോ ഒഴിച്ച് ആരും കൃഷിചെയ്യുന്നില്ല. ശാസ്ത്രീയരീതിയിൽ വ്യാപകമായി കൃഷിചെയ്താൽ നല്ല വരുമാന മാർഗ്ഗം ഉണ്ടാക്കാവുന്നതാണ്.

അവലോകനം 8-ാം പദ്ധതി

1. സമഗ്ര നാളികേര വികസന പദ്ധതി

രോഗം പിടിച്ച തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുപിടിപ്പിക്കലാണ് ഇതിലെ പ്രധാന ഇനം. ഈ പദ്ധതിപ്രകാരം 2450 തെങ്ങുകൾ മുറിച്ചുമാറ്റേണ്ടതായുണ്ട്. എന്നാൽ 95-96ൽ 770 തെങ്ങുകൾ മാത്രമേ മുറിച്ചുമാറ്റിയിട്ടുള്ളൂ. അത്രയും തെങ്ങിൻ തൈകൾ കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട്. കൂടുതൽ മുറിച്ചുമാറ്റേണ്ടതുണ്ടെങ്കിലും കർഷകർ ഇതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല. ഇതിന്റെ ആവശ്യകതയെപ്പറ്റി കർഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്.

**2. സംയോജിത ഉദ്യാനകൃഷി പദ്ധതി.**

സർക്കാർ തലത്തിൽ ഈ കൃഷിയുടെ വികസനത്തിനായി നൽകിവരുന്ന സബ്സിഡി ആയ ഒരു ചതുരശ്രമീറ്റർ വിസ്തീർണത്തിന് 62 രൂപ 50 പൈസ വളരെ കുറവാണ്. ഈ സബ്സിഡി 200 രൂപയായെങ്കിലും ഉയർത്തിയാൽ ഈ പദ്ധതി വിജയിപ്പിക്കുവാനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും കഴിയും.

**3. ജൈവവള വികസന പദ്ധതി**

മുൻസിപ്പൽ പ്രദേശത്തെ ചപ്പുചവറുകളും ലഭ്യമായ പച്ചിലകളും ചേർത്ത് കമ്പോസ്റ്റാക്കി കൃഷിക്ക് ഉപയുക്തമാക്കുന്ന പദ്ധതിയാണിത്. പുനലൂർ മുൻസിപ്പാലിറ്റിയിൽ ഈ പദ്ധതി നടപ്പിലാക്കി പച്ചക്കറി കൃഷി വികസിപ്പിക്കാവുന്നതാണ്.

**4. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി**

പ്രകൃതി ക്ഷോഭം മൂലം കൃഷി നശിച്ച കർഷകർക്ക് വിളകൾക്കുണ്ടായ നാശനഷ്ടത്തിന് കൃഷിഭവൻ വഴി 1994- 95 ൽ 56 പേർക്ക് 723777 രൂപയും 95-96 ൽ 46 പേർക്ക് 71590 രൂപയും വിതരണം ചെയ്യുകയുണ്ടായി. പ്രകൃതി ക്ഷോഭമുണ്ടായാൽ 7 ദിവസത്തിനകം നാശനഷ്ടത്തിന്റെ വിവരങ്ങൾ കൃഷിഭവനിൽ അറിയിക്കേണ്ടതാണ്.

**5. മണ്ണ് പരിശോധന പദ്ധതി**

ഈ പദ്ധതി പ്രകാരം കൃഷി ഭവനിൽ ഉദ്യാഗസ്ഥന്മാർ വിവിധ വാർഡുകളിൽ നിന്നും മണ്ണ് ശേഖരിച്ച് ജില്ലാ മണ്ണ് പരിശോധനാകേന്ദ്രത്തിൽ എത്തിച്ച് മണ്ണിന്റെ ഗുണനിലവാരം വളപ്രയോഗം എന്നിവ ശുപാർശചെയ്ത് കൃഷിക്കാരെ അറിയിക്കേണ്ടതുണ്ട്. എന്നാൽ നമ്മുടെ മുൻസിപ്പൽ പ്രദേശത്ത് ഇത് നടപ്പാക്കിയിട്ടില്ല. കൃഷിവകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കുറവാണ് ഇതിന് കാരണം. ഇത് പരിഹരിക്കേണ്ടതുണ്ട്.

## നിലവിലുള്ള കാർഷിക വികസന പദ്ധതികളുടെ ഒരവലോകനം

## കൃഷി ഭവൻ മുഖേന 8-ാം പദ്ധതിയിൽ നടപ്പാക്കി വരുന്ന പദ്ധതികളുടെ ലഘു വിവരം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എട്ടാം പദ്ധതിയിൽ നേരിട്ടു പ്രയോജനം ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | സമഗ്ര കേര വികസന പദ്ധതിയിൽ | ഇല്ല |
| | ജലസേചനക്കിണർ,ജലസേചന പമ്പ് സെറ്റ് | 3 |
| 2 | സംയോജിത ഉദ്യാന കൃഷി വികസന പദ്ധതി | ഇല്ല |
| 3 | കണിക ജലസേചനം | ഇല്ല |
| 4 | പ്രത്യേക ഘടക പദ്ധതി | 264 |
| 5 | ജൈവ വള വികസന പദ്ധതി | 40 |
| 6 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി | 225 |
| 7 | മണ്ണ് പരിശോധനാ പദ്ധതി | 210 മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചു |
| 8 | ബയോ ഗ്യാസ് വികസന പദ്ധതി | ഇല്ല |
| 9 | പഴ വർഗ്ഗ വികസന കൃഷി പദ്ധതി | ഇല്ല |
| 10 | സുഗന്ധ ദ്രവ്യ വികസന പദ്ധതി | 180 എണ്ണം |
| 11 | പച്ചക്കറി കൃഷി വികസന പദ്ധതി | 810 എണ്ണം |
| 12 | രാസവള കീടനാശിനി ഗുണ നിയന്ത്രണ പദ്ധതി | ഇല്ല |
| 13 | പൊതുജന പങ്കാളിത്തത്തോടെ കാർഷികോത്പ്പാദനം | ഇല്ല |
| 14 | ഗുണമേന്മയുള്ള തെങ്ങിൻതൈ വിതരണ പദ്ധതി | 695 |
| 15 | കിഴങ്ങു വർഗ്ഗ കൃഷി വികസന പദ്ധതി | ഇല്ല |
| 16 | കശുമാവ് കൃഷി വികസന പദ്ധതി | 42 |
| 17 | നെൽകൃഷി സബ്സിഡി | 358 |
| 18 | പൈനാപ്പിൾ കൃഷി വികസന പദ്ധതി | ഇല്ല |
| 19 | ആകെ ഗ്രൂപ്പ് ഫാമിംഗ്<br>വാർഡുകൾ<br>ചെമ്മന്തൂർ<br>ആരംപുന്ന<br>ഐക്കരക്കോണം<br>മണിയാർ<br>വിളക്കുവെട്ടം<br>കലയനാട്<br>വാളക്കോട് | 7 |

234

**6, ബയോഗ്യാസ് പദ്ധതി**

സർക്കാർ ധനസഹായത്തോടെ നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് ഈ പദ്ധതി വളരെ വിജയകരമായി നടപ്പാക്കാവുന്നതാണ്. ബയോഗ്യാസ് പ്ലാന്റിന് നിലവിലുള്ള 2600 രൂപ സബ്സിഡി വളരെ കുറവാണ്. ഇത് ഉയർത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്താൽ ഈ പദ്ധതി നമ്മുടെ പ്രദേശത്ത് വ്യാപകമാക്കാവുന്നതാണ്.

**7. സുഗന്ധദ്രവ്യ വികസന പദ്ധതി**

സുഗന്ധവിളകളായ ഇഞ്ചി, കുരുമുളക്, എന്നിവ വളരെ വ്യാപകമായി ഇവിടെ കൃഷി ചെയ്യുന്നു. 94-95 ൽ 12000 മൂടും 95-96 ൽ 7200 മൂടും കരുമുളക് തൈകൾ വിതരണം ചെയ്തിട്ടുണ്ട്. വളം, കീടനാശിനി, സ്പ്രേയിങ്ങ് മെഷീൻ എന്നിവ സൗജന്യനിരക്കിൽ നൽകിയാൽ ഈ കൃഷി കൂടുതൽ വ്യാപിപ്പിക്കാവുന്നതാണ്.

8. പൊതുജന പങ്കാളിത്തത്തോടെയുള്ള കാർഷിക വികസനം

മുൻസിപ്പൽ പ്രദേശത്ത് നല്ല കർഷകരെ തിരഞ്ഞെടുത്ത് കാർഷിക പരിശീലനവും സമ്മാന പദ്ധതികളും മത്സരങ്ങളും നടപ്പിലാക്കാറുണ്ട്. എന്നാൽ ഇതിന്റെ സമ്മാനത്തുക ഉയർത്തേണ്ടതാണ്.

9. ഗുണമേന്മയുള്ള തെങ്ങിൻ തൈ വിതരണ പദ്ധതി

ഉൽപാദന ശേഷിയുള്ള സങ്കര ഇനം തെങ്ങിൻ തൈകൾ നിയന്ത്രിത വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്ന പദ്ധതിയാണിത്. ഇതിൻ പ്രകാരം94_95ൽ 450 തൈകളും 95_96 ൽ 770 തൈകളും വിതരണം ചെയ്യുകയുണ്ടായി.

**10 ഔഷധ സസ്യകൃഷി**

9 ാം പദ്ധതിയിൽ ഔഷധസസ്യകൃഷിക്ക് വികസന പദ്ധതി നടപ്പിലാക്കേണ്ടതുണ്ട്. ജീവന്റെ നിലനിൽപിന് ആവശ്യമായ ഈ കൃഷിയെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

**പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും**

**പ്രശ്നങ്ങൾ**

**1. നെല്ല്**

a. നെല്പാടങ്ങൾ നികത്തപ്പെടുന്നു.
b. കാർഷക തൊഴിലാളികളുടെ കുറവ്
c. വളം- കീടനാശിനി എന്നിവയുടെ വിലവർദ്ധനവ്.
d. ജലസേചനക്കുറവ്
e. മേൽത്തരം വിത്തുകളുടെ ആഭാവം

പരിഹാരമാർഗ്ഗങ്ങൾ

ജലസേചന സൗകര്യം ആധുനിക യന്ത്രോപകരണങ്ങൾ, മേൽത്തരം വിത്തുകൾ, വളങ്ങൾ, കീടനാശിനി എന്നിവ ലഭ്യമാക്കി ഗ്രൂപ്പ് ഫാമിംഗ് വഴി നെൽകൃഷി ലാഭകരമാക്കാം.

**2. തെങ്ങ്, കമുക്:**

പ്രശ്നങ്ങൾ

a. കാറ്റുവീഴ്ച
b. തെങ്ങുകൃഷി ജലസേചന പദ്ധതിയുടെ 30 സെന്റ് ഭൂപരിധി നഗരപ്രദേശത്തെ ബാധിക്കുന്നു.
c. കീടശല്യം

പരിഹാരമാർഗ്ഗങ്ങൾ

യഥാസമയം കുമിൾ നാശിനി ലഭ്യമാക്കുക സ്പ്രേയിങ്ങ് ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുക, മുനിസിപ്പൽ പ്രദേശത്തെ 30 സെന്റ് ഭൂപരിധി എടുത്തുകളയുക. മേൽത്തരം കീടനാശിനി കുറഞ്ഞവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുക.

**3. പച്ചക്കറി കൃഷി:**

പ്രശ്നങ്ങൾ

a. നല്ലയിനം വിത്തുകളുടെ ലഭ്യതക്കുറവ്, ജലദൗർലഭ്യം.
b. കൃഷിചെയ്യുവാനുള്ള അനാസ്ഥ.

പരിഹാരമാർഗ്ഗങ്ങൾ

കൃഷിഭവൻ വഴി അത്യുൽപാദനശേഷിയുള്ള വിത്തുകൾ ലഭ്യമാക്കുക, കുളം കുഴിക്കുന്നതിനും പമ്പുസെറ്റ് വയ്ക്കുന്നതിനും സബ്സിഡി നൽകുക, ബോധവൽക്കരണം നടത്തുക

**4. വെറ്റിലകൃഷി**

**പ്രശ്നങ്ങൾ**

വേര്-തണ്ട്ചീയൽ, കുമിൾരോഗം

പരിഹാരമാർഗ്ഗങ്ങൾ

യഥാസമയം സ്പ്രെയർ ഉപയോഗിച്ച് കീടനാശിനി തളിയ്ക്കുക. കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അ   ്യയുക. സബ്സിഡി നൽകുക.

**വാഴകൃഷി**

പ്രശ്നങ്ങൾ

ഗുണമേന്മയുള്ള കന്നുകളുടെ ദൗർലഭ്യം. ജൈവവള ദൗർലഭ്യം

പരിഹാരമാർഗ്ഗങ്ങൾ

ഗുണമേന്മയുള്ള വാഴക്കന്നുകൾ കൃഷിഭവൻ വഴി ലഭ്യമാക്കുക. കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ച് ജൈവവളം ഉണ്ടാക്കാനായി സഹായങ്ങൾ നൽകുക.

**കുരുമുളക്**

പ്രശ്നങ്ങൾ

a. മേൽത്തരം തൈകളുടെ അഭാവം

b. കുമിൾ രോഗങ്ങൾ.

പരിഹാരമാർഗ്ഗങ്ങൾ

അത്യുൽപാദനശേഷിയുള്ള തൈകൾ കൃഷിഭവൻ വഴി ലഭ്യമാക്കുക. കൃഷിഭവന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം യഥാസമയം കീടനാശിനി തളിയ്ക്കുക.

**സുഗന്ധവിളകൾ**

പ്രശ്നങ്ങൾ

നല്ലയിനം തൈകളുടെ ലഭ്യതക്കുറവ്.

പരിഹാരമാർഗ്ഗം

കൃഷിഭവൻ വഴി മേൽത്തരം തൈകൾ ലഭ്യമാക്കുക

**മരച്ചീനി**

പ്രശ്നങ്ങൾ

അത്യുൽപാദനശേഷിയുള്ള കമ്പുകളുടെ അഭാവം

പരിഹാരമാർഗ്ഗം

കൃഷിഭവൻ വഴി കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത അത്യുൽപാദനശേഷിയുള്ള കമ്പുകൾ ലഭ്യമാക്കുക.

**പൈനാപ്പിൾ**

പ്രശ്നങ്ങൾ

ഗുണമേന്മയുള്ള തൈകളുടെ അഭാവം, ജലദൗർലഭ്യം

പരിഹാരമാർഗ്ഗങ്ങൾ

കൃഷിഭവൻ വഴി ഗുണമേന്മയുള്ള തൈകൾ ലഭ്യമാക്കുക. കുളവും പമ്പുസെറ്റ് വാങ്ങുന്നതിനും സബ്സിഡി നൽകുക.

**പയർ വർഗ്ഗങ്ങൾ**

പ്രശ്നങ്ങൾ

a. നല്ലയിനം വിത്തുകളുടെ അഭാവം

b. ജലക്ഷാമം

പരിഹാരമാർഗ്ഗങ്ങൾ

മേൽത്തരം വിത്തുകൾ കൃഷിഭവൻ വഴി നൽകുക. ജലസേചന സൗകര്യം ഉറപ്പുവരുത്തുക. കുളവും പമ്പുസെറ്റ് വാങ്ങുന്നതിനും സബ്സിഡി നൽകുക.

**ബയോഗ്യാസ് നിർമ്മാണം**

പ്രശ്നങ്ങൾ

നിർമ്മാണത്തിന് വലിയ സാമ്പത്തിക ബാദ്ധ്യതയുണ്ടാകുന്നു.

പരിഹാരമാർഗ്ഗം

നിലവിലുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കണം. സഹകരണാടിസ്ഥാനത്തിൽ നടത്തണം.

**പ്രത്യേക തൊഴിൽദാന പദ്ധതി.**

പ്രശ്നങ്ങൾ

വായ്പകൾ യഥൽസമയം ലഭിക്കുന്നില്ല.

പരിഹാരമാർഗ്ഗങ്ങൾ

സഹകരണ സംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യത ഉറപ്പുവരുത്തുക.

മണ്ണുപരിശോദധഫലവത്തായി നടക്കന്നില്ല

പരിഹാരമാർഗ്ഗം

കൃഷിഭവൻ തലത്തിൽ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് മണ്ണുപരിശോദിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

വാർഡുതല പ്രശ്നങ്ങളും സാദ്ധ്യതകളും

വാർഡ് 1

പ്രശ്നങ്ങൾ

ജലസേചനത്തിന്റെ അഭാവം. നിലവിലുള്ള ചീപ്പിന്റെ പ്രവർത്തനം നിലച്ചത്, തോട്ടുവരമ്പുകളുടെ ബലക്ഷയം, ഏലാ നികത്തൽ, ജൈവവളത്തിന്റെ ലഭ്യതക്കുറവ്. കൃഷിഡിപ്പാർട്ട്മെന്റിന്റെ തൃപ്തികരമല്ലാത്ത പ്രവർത്തനം

പരിഹാരമാർഗ്ഗങ്ങൾ

അമ്പലക്കുളം വിപുലപ്പെടുത്തി തോടുകളും വരമ്പുകളും വൃത്തിയാക്കി ജലസേചനസൗകര്യം മെച്ചപ്പെടുത്തുക. കുളം കുഴിക്കുന്നതിനും പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും സബ്സിഡി നൽകുക. മാടപ്പാറതൊട്ടിന്റെ ചീപ്പിന്റെ പുനരുദ്ധാരണം നടപ്പിലാക്കണം. കമ്പേസ്റ്റുവള നിർമ്മാണം പ്രോതസാഹിപ്പിക്കണം. കൃഷിഭവന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

വാർഡ് 2

പ്രശ്നങ്ങൾ

ജലസേചനക്കുറവ്, ഉൽപാദനശേഷിയുള്ള വിത്തുകളുടെ അഭാവം, ആധുനിക കൃഷിസമ്പ്ര

ദായത്തെപ്പറ്റിയുള്ള കർഷകരുടെ അറിവില്ലായ്മ.

പരിഹാരമാർഗ്ഗങ്ങൾ

നിലവിലുള്ള തോടുകളും വരമ്പുകളും വൃത്തിയാക്കി ജനസേചനം മെച്ചപ്പെടുത്തണം. കൃഷിഭവനുമായി ബന്ധപ്പെട്ട് ആധുനികയന്ത്ര ങ്ങളുടേയും വിത്തുകളുടേയും പ്രയോഗത്തെപ്പറ്റി കർഷകരെ ബോധവൽക്കരിക്കുക. കൂട്ടുകൃഷി പ്രേത്സാഹിപ്പിക്കുക.

വാർഡ് 3

പ്രശ്നങ്ങൾ

ജലസേചനക്കുറവ്, ആധുനിക കൃഷിസ മ്പ്രദായത്തെപ്പറ്റിയുള്ള കർഷകരുടെ അറിവി ല്ലായ്മ.

പരിഹാരമാർഗ്ഗങ്ങൾ

നിലവിലുള്ള തോട് വൃത്തിയാക്കി, വരമ്പുകൾ ബലപ്പെടുത്തി, എരുമപ്പെട്ടിയിലുള്ള കുളം നവീകരിച്ചും ജലസേചനം മെച്ചപ്പെടുത്താം. കൂട്ടകൃഷി സമ്പ്രദായത്തിലുടെ കർഷകരെ ബോധവൽക്കരിക്കുക.

വാർഡ്. 4

പ്രശ്നങ്ങൾ

ജലസേചനത്തിന്റെ അഭാവം മൂലം നെൽകൃഷി നശിയ്ക്കുന്നു.

പരിഹാരമാർഗ്ഗം

ജലസേചനം മെച്ചപ്പെടുത്തി നിലവിലുള്ള നെൽകൃഷി സംരക്ഷിക്കുക.

വാർഡ് 5

പ്രശ്നങ്ങൾ

വഞ്ചിയൂർ ഏലായിലെ തോടിന് ചീപ്പില്ല. വരമ്പുകൾ ഇടിഞ്ഞ് തോട്ടിൽ മടവീഴുന്നു. കുളങ്ങൾ നലവിലില്ല.

പരിഹാരം

ഏലായുടെ തലയ്ക്കൽ ,ഒരു കുളം കുഴിച്ചും തോടിന്റെ അറ്റകുറ്റപ്പണികൾ നടത്തി യും ആവശ്യമുള്ള ഭാഗത്ത് ചീപ്പുകൾ നിർമ്മിച്ചും ജലസേചനം മെച്ചപ്പെടുത്താം.

വാർഡ് 6

പ്രശ്നം

തോടുകളും കുളങ്ങളും നിലവിലില്ല. ജലക്ഷാമം രൂക്ഷമാണ്. മുസാവരി വാട്ടർ സപ്ലേസ്കിം പ്രവർത്തനക്ഷമാക്കണം.

പരിഹാരം

ജലസേചനം മെച്ചപ്പെടുത്തി പച്ചക്കറിയും ഇടവിളകളും കൃഷിചെയ്യാവുന്നതാണ്.

വാർഡ് 7

പ്രശ്നം

ജലക്ഷാമം മൂലം നെൽകൃഷി ലാഭകരമാല്ലാത്ത തിനാൽ കുനംകുഴി ഏലാ തരിശ്ശായിക്കിട ക്കുന്നു.

പരിഹാരം

കൂനംകിഴി ഏലായുടെ തലയാക്കലുള്ള ശാസ്താംകോണം അമ്പലക്കുളവും നെല്ലിക്കു ന്നം ഏലായുടെ തലയ്ക്കലുള്ള കുളവും ആഴം വർദ്ധിപ്പിച്ച് വൃത്തിയാക്കി തോടുനിർമ്മിച്ചാൽ ഈ ഏലായിലെ ജലക്ഷാമം പരിഹരിക്കാം.

വാർഡ് 8

പ്രശ്നം

ജലസേചന സൗകര്യത്തിന്റെ കുറവ് ജൈവവളത്തിന്റെ അഭാവം. കൂനംകുഴി ഏലാ വർഷങ്ങളായി തരിശ്ശായിക്കിടക്കുന്നു.

പരിഹാരം

ജലസേചനസൗകര്യം മെച്ചപ്പെടുത്തിയാൽ പച്ചക്കറി കൃഷിക്ക് ഏറെ സാദ്ധ്യതയുണ്ട്. കൂനംകുഴി ഏലായുടെ ഉടമയിൽ നിന്നും കൃഷി ഭൂമി പാട്ടവ്യവസ്ഥയിൽ എടുത്ത്സഹകരണാ ടിസ്ഥാനത്തിൽ പച്ചക്കറികൃഷിചെയ്യാം. കമ്പോസ്റ്റുപിറ്റുകൾ നിർമ്മിച്ച് ജൈവവളക്ഷാമം പരിഹരിക്കാം.(മുനിസിപ്പാലറ്റിയിലെ ചപ്പുചവറുക ൾ ഇതിനായി ഉപയോഗിക്കാം.)

വാർഡ് 9

പ്രശ്നം

മണ്ണൊലിപ്പ് വ്യാപകമാണ്. E.S.I വക സ്ഥലം തരിശ്ശായിക്കിടക്കുന്നു.

പരിഹാരം

E.S.I. കോമ്പൗണ്ടിൽ കൃഷിവികസന സമതിയുടെ മേൽനേട്ടത്തിൽ പച്ചക്കറി കൃഷി നടത്താവുന്നതാണ്. ഈടികൾ ബലപ്പെടുത്തി മണ്ണൊലിപ്പ് തടയണം. ഈടികളുടെ നിർമ്മാ ണത്തിന് സബ്സിഡി നൽകുക.

വാർഡ് 10

വീട്ടുവളപ്പിൽ ഉദ്യാനകൃഷിയും പച്ചക്കറി കൃഷിയും നടത്താവുന്നതാണ്.

വാർഡ് 11

പ്രശ്നം

ജല ചനക്കുറവ്, കർഷകതോഴിലാളി കളുടെ ദൗർലഭ്യം, തോടുകൾ നികന്നുകിടക്കു ന്നു.

പരിഹാരം

കല്ലുങ്കൽ-വെട്ടിപ്പുഴ തോട്, പനംകുറ്റി

-ഇരപ്പൻകുഴിതോട്, എരുമപ്പെട്ടി-ചെമ്മന്തൂർ തോട്, എന്നിവ ആഴത്തിൽ കുഴിച്ച് തോട്ടുവരമ്പുകൾ ബലപ്പെടുത്തുക. കരിമ്പിൻ കുഴ്, കാലൻ കുഴി, പ്ലാവറ തലയ്ക്കൽ എന്നിവിടങ്ങളിൽ ചീപ്പുകൾ സ്ഥാപിക്കുക. പ്ലാവറ തലയ്ക്കൽ ഉള്ള കുളം നവീകരിച്ചും, ഇടച്ചാവട്ടം ഏലായിൽ കുളംകുഴിച്ച് പമ്പുസെറ്റുകൾ സ്ഥാപിച്ച് ഗ്രൂപ്പുഫാമിംഗ് ഏർപ്പെടുത്തിയാൽ കൃഷി ലാഭകരമാക്കാം.

വാർഡ് 12

പ്രശ്നം

മണ്ണിന്റെ ഗുണനിലവാരക്കുറവ്, ജലദൗർലഭ്യം, വയൽ നികത്തൽ, ആധുനിക കൃഷിസമ്പ്രദായത്തിന്റെ അഭാവം.

പരിഹാരം

ചെമ്മന്തൂർ-വെട്ടിപ്പുഴ തോട് വൃത്തിയാക്കി ആവശ്യാനുസരണം ചീപ്പുകൾ നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്താം. പകിടി-കാട്ടുകുണ്ടയം തോട്, മുക്കുവൻതോട്, എന്നിവ വൃത്തിയാക്കി ചീപ്പ് നിർമ്മിച്ച് മണ്ണാർകോട് ഏലായിൽ ജലം ലഭ്യമാക്കാം. ആധുനിക കാർഷികോപകരണങ്ങളും ഉല്പാദനക്ഷമതയുള്ള വിത്തിനങ്ങളും കൃഷിവകുപ്പിന്റെ നിർദ്ദേശത്തോടുകൂടി വളം, കീടനാശിനി എന്നിവ പ്രയോഗിച്ചാൽ നെൽകൃഷി ലാഭകരമാക്കാം. നെല്പാടം നികത്തുന്നത് തടഞ്ഞുകൊണ്ട് കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കണം.

വാർഡ് 13

പ്രശ്നം

ജലസേചന സൗകര്യക്കുറവ്, കർഷകതൊഴിലാളികളുടെ കുറവ്, കല്ലട ആറ്റിലെ വെള്ളപ്പൊക്കം.

പരിഹാരം

മണ്ണുവയൽ ഏലായുടെ തലയാക്കൽ ഉള്ള കുളം വിപുലപ്പെടുത്തി തോടും വരമ്പും വൃത്തിയാക്കിയാൽ ജലസേചനം മെച്ചപ്പെടുത്താം. ഗ്രൂപ്പ്ഫാമിംഗ് പ്രോത്സാഹിപ്പിക്കണം. മൈനർ ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണം. ജലധാരപദ്ധതി പൂർത്തീകരിക്കണം.

വാർഡ് 14

പ്രശ്നം

നിലം തരിശ്ശായിക്കിടക്കുന്നു. നിലം നികത്തൽ വ്യാപകമാണ്. മണൽ വാരുന്നതു മൂലം ആറ്റുതീരങ്ങൾ ഇടിയുന്നു. കൃഷിനാശം സംഭവിക്കുന്നു.

പരിഹാരം

നിലം നികത്തുന്നത് കർശനമായി തടയുക. കല്ലടയാറ്റിലെ മണൽ വാരൽ കർശനമായി തടയുക. നിലവിലുള്ള തോടുകൾ വൃത്തിയാക്കി ജലസേചനം മെച്ചപ്പെടുത്താം. ഐല്ലൂർ ഏലായുടെ തലയാക്കൽ കുളം കുഴിച്ച് ജലസേചനം മെച്ചപ്പെടുത്തണം. മത്സ്യം കൃഷിചെയ്യാം.

വാർഡ് 15

പ്രശ്നം

ജലദൗർലഭ്യം, നെൽപ്പാടത്തോടു ചേർന്നുള്ള ചുടുകട്ട നിർമ്മാണം, വന്യമൃഗശല്യം, ശാസ്ത്രീയ കൃഷിയുടെ അഭാവം, ആറ്റുതീരങ്ങൾ ഇടിയുക.

പരിഹാരം

ബംഗ്ലാവിൽ ഏലായുടെ തലയ്ക്കലും ചാവരുനട ഏലായുടെ തലയ്ക്കലും കുളം കുഴിച്ച് ഉള്ളതോടുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ജലസേചനം മെച്ചപ്പെടുത്താം. ശാസ്ത്രീയ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക മേൽത്തരം വിത്തുകളും കീടനാശിനികളും വളങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക. ഏലായുടെ സമീപത്തുനിന്നും ചുടുകട്ട നിർമ്മാണത്തിന് മണ്ണെടുക്കുന്നത് നിയമപരമായി നിരോധിക്കുക. കല്ലടയാറ്റിലെ മണൽ വാരൽ തടയുക. കാട്ടുമൃഗങ്ങളുടെ ശല്യത്തിൽ നിന്നും കൃഷിയെ രക്ഷിക്കുവാൻ പവ്വർ ഫെൻസിംഗ് സ്ഥാപിക്കുക.

വാർഡ 16

പ്രശ്നം

യന്ത്രോപകരണങ്ങൾ കൊണ്ടുപോകുന്നതിനുള്ള വഴിയുടെ അഭാവം, ജലസേചനക്കുറവ്, മേൽത്തരം വിത്തിനങ്ങളുടെ അഭാവം, ആധുനിക ശാസ്ത്രീയ കൃഷി സമ്പ്രദായത്തിന്റെ അഭാവം, തോട്ടു വരമ്പിൽ മട വീഴുക.

പരിഹാരം

തോട്ടുവരമ്പുകൾ വീതിയും ബലവും വർദ്ധിപ്പിച്ച് യന്ത്രോപകരണങ്ങൾ വയലിൽ എത്തിക്കാവുള്ള സൗകര്യവും, മട വീഴുന്നത് തടയുകയും ചെയ്യുക. പുത്തയം തോട്ടിൽ തടയണ കെട്ടുക. എല്ലാ തോടുകളുടേയും വരമ്പുകൾ കെട്ടി ജസസേചനം മെച്ചപ്പെടുത്തുക. കെ.ഐ.പി. കനാലിന്റെ മണലിൽ ഭാഗത്തുനിന്നും തോട്ടിലേക്ക് വെള്ളം എത്തിക്കുക. കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക. മേൽത്തരം വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക. കൃഷി ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. മണിയാർ മാർ

ക്കറ്റ് കാര്യക്ഷമമാക്കി കാർഷിക ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുക.

വാർഡ് 17

പ്രശ്നങ്ങൾ

തോടുകളുടെ മട പൊട്ടൽ, കാട്ടുമൃഗ ശല്യം രോഗബാധ, നിലം നികത്തുന്ന പ്രശ്നം, ചീപ്പുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കൽ.

പരിഹാരം

തോടുകളുടെ ആഴം കൂട്ടി വരമ്പുകൾ ബലപ്പെടുത്തുകയും ആവശ്യമുള്ള സ്ഥാനത്ത് ചീപ്പുകൾ സ്ഥാപിച്ചും ജലസേചനം മെച്ചപ്പെടുത്താം. മണലിൽ ഭാഗത്തുനിന്ന് കെ.ഐ.പി കനാലിലെ ജലം എരിച്ചക്കൽ തോട്ടിൽ എത്തിച്ചാൽ ഏലായിൽ മൂന്ന് പൂവ് കൃഷിചെയ്യാം. നെൽ പാടങ്ങൾ നികത്ത് തടയുക, മൃഗശല്യത്തിന് പവ്വർ ഫെൻസിംഗ് സ്ഥാപിക്കുക, പച്ചക്കറി കൃഷി മെച്ചപ്പെടുത്തുക.

പൂങ്ങോട്ട്- വള്ളിച്ചാർ-ചെങ്കുളം പ്രദേശത്ത് സോഷ്യൽ ഫോറസ്റ്ററിയുടെ 150 ഹെക്ടർ സ്ഥലം ഔഷധകൃഷിക്ക് ഏറ്റവും അനുയോജ്യമാണ്.

വാർഡ് 18

പ്രശ്നങ്ങൾ

കല്ലടയാറിന്റെ തീരപ്രദേശങ്ങൾ മണൽ വാരൽ മൂലം ഇടിയുന്നു. കുടിവെള്ളപ്രശ്നം ചുടുകട്ട വ്യവസായത്തിന് മണ്ണെടുക്കൽ, ജലസേചനക്കുറവ്.

പരിഹാരം

കല്ലടയാറിലെ മണൽ വാരൽ നിരോധിക്കുക. നെൽപ്പാടങ്ങളിൽ നിന്നും ഇഷ്ടിക വ്യവസായത്തിന് മണ്ണെടുക്കുന്നത് തടയുക. കക്കോട് ഏലായുടെ മുകൾ ഭാഗത്ത് വലിയ ഒരു കുളം കുഴിച്ചാൽ ജലസേചനത്തിനും മത്സ്യകൃഷിക്കും ഉപയോഗിക്കാം. വട്ടപ്പട കല്ലടയാറ്റിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻ നടത്തിയാൽ വട്ടപ്പട മുതൽ പാണങ്ങാട്ട് വരെയുള്ള വയലിൽ മൂന്ന് പൂവ് കൃഷി നടത്താം.

വാർഡ് 19

പ്രശ്നം

ജലദൗർലഭ്യം, അശാസ്ത്രീയമായ കൃഷി രീതി, തോടുകളിൽ ചീപ്പുകളടെ അഭാവം കല്ലടയാറ്റിന്റെ തീരപ്രദേശം ഇടിയുന്നത്.

പരിഹാരം

വട്ടമംഗലം ഏലായുടെ മുകൾഭാഗത്ത് കുളം നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്തുക. കല്ലടയാറ്റിൽനന്ന് മണൽ വാരുന്നത് കർശനമായി തടയുക.

വാർഡ് 20

പ്രശ്നങ്ങൾ

ജലദൗർലഭ്യം, കർഷക തൊഴിലാളികളുടെ അഭാവം അശാസ്ത്രീയമായ കൃഷിരീതി.

പരിഹാരം

വട്ടപ്പട കല്ലടയാറ്റിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചും തോടുകൾ സംരക്ഷിച്ചും ജലസേചനം മെച്ചപ്പെടുത്താം. കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിക്കുക. ശാസ്ത്രീയമായ കൃഷിരീതിക്ക് കർഷകരെ ബോധവൽക്കരിക്കുക.

വാർഡ് 21

പ്രശ്നങ്ങൾ

മണ്ണൊലിപ്പ്, അശാസ്ത്രീയമായ കൃഷിരീതി, കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യക്കുറവ്സ നെൽപ്പാടങ്ങൾ നികത്തി മറ്റു കൃഷി ചെയ്യുന്നത്.

പരിഹാരം

മണ്ണൊലിപ്പ് തടയുന്നതിന് ഈടി കയ്യാലകളും കാനകളും നിർമ്മിക്കാൻ കർഷകർക്ക് സബ്സിഡി നൽകി സഹായിക്കുക. നെൽകൃഷി ഗ്രൂപ്പ് ഫാമിഗിലൂടെ ആദായകരമാക്കാം. കലയനാട് മാർക്കറ്റ് വിപുലപ്പെടുത്തി സഹകരണ സംഘങ്ങൾ മുഖാന്തിരം കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യം മെച്ചപ്പെടുത്തുക. നട്ടക്കണ തോട്ടനിർമ്മാണത്തിനുള്ള വിത്തും വളവും പരിശീലനവും ലഭ്യമാക്കുക.

വാർഡ് 22

പ്രശ്നങ്ങൾ

നെൽകൃഷി ആദായകരമല്ലാത്തതിനാൽ കർഷകർ മറ്റു കൃഷിയിൽ താല്പര്യം കാട്ടുന്നു. ജലസേചനക്കുറവ്, റബ്ബർ കൃഷി ശാസ്ത്രീയമല്ല. കർഷകതൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യക്കുറവ്.

പരിഹാരം

ഏലാകളുടെ മുകൾ ഭാഗത്ത് കുളം കഴിച്ചും വട്ടപ്പട ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചും ജലസേചന സൗകര്യം മെച്ചപ്പെടുത്താം. കൂട്ടുകൃഷി സമ്പ്രദായം വ്യാപിപ്പിക്കുക. കൃഷിഭവനിൽ നിന്നുള്ള സഹായം ലഭ്യമാക്കുക. കലയനാട്ടെ മാർക്കറ്റ് വിപുലപ്പെടുത്തി വിപണന

സൗകര്യം മെച്ചപ്പെടുത്തുക.

വാർഡ് 23

പ്രശ്നങ്ങൾ

ജലസേചനത്തിന്റെ അഭാവം മട പൊട്ടൽ, മണ്ണൊലിപ്പ്, ശാസ്ത്രീയമായ കൃഷിയുടെ അഭാവം ആധുനിക യന്ത്രങ്ങളുടെ അഭാവം, മേൽത്തരം വിത്തുകളുടേയും കീടനാശിനുകളുടേയും ലഭ്യതക്കുറവ്, കൃഷിഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനത്തെ കർഷകർ വേണ്ടത്ര പ്രയോജനപ്പെടുത്താതിരിക്കൽ.

പരിഹാരം

കൂത്തനാട്-കലയനാട്-പൂങ്ങോട് തോടിനെ കെ.ഐ.പി. കനാലുമായി ബന്ധിപ്പിക്കുക.(വെള്ളിമലഭാഗത്തുനിന്നും മേലേകുത്തനാടി തോടുമായി). താമര വള്ളി ഏലായുടെ തലയ്ക്കൽ ഒരു വലിയ കുളം നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്താം. തോടിന്റെ ആഴം വർദ്ധിപ്പിച്ച് വരമ്പുകൾ ബലപ്പെടുത്തി ആവശ്യമുള്ളസ്ഥലങ്ങളിൽ ചീപ്പുകൾ നിർമ്മിക്കുക. കൃഷി ഡിപ്പാർട്ട്മെന്റിന്റെ ഒരു സബ്സെന്റർ കലയനാട്ട് സ്ഥാപിക്കുക. പച്ചക്കറി കൃഷിക്കുള്ള സാദ്ധ്യത ഏറെയുണ്ട്. കൂട്ടുകൃഷിസമ്പ്രദായം പ്രോത്സാഹിപ്പിക്കുക.

വാർഡ് 24

പ്രശ്നങ്ങൾ

ജനസേചനക്കുറവ്, മട പൊട്ടൽ, നിലം നികത്തൽ, യന്ത്രോപകരണങ്ങളുടെ കുറവ്, വെള്ളപ്പൊക്കം, ചീപ്പുകളുടെ അഭാവം, കർഷക തൊഴിലാളികളുടെ ലഭ്യതക്കുറവ്, ഉയർന്ന കൂലി നിരക്ക്, വിപണന സൗകര്യക്കുറവ്.

പരിഹാരം

നിലവിലുള്ള തോടുകളുടെ ആഴം കൂട്ടി തോട്ടുവരമ്പുകൾ ബലപ്പെടുത്തി ആവശ്യാനുസരണം ചീപ്പകൾ നിർമ്മിക്കുക. ആധുനിക കാർഷിക ഉപകരണങ്ങളും മേൽത്തരം വിത്തുകളും ലഭ്യമാക്കുക. കൃഷി വകുപ്പിന്റെ ഒരു സബ്സെന്റർ സ്ഥാപിക്കുക. കല്ലട ജലസേചന പദ്ധതിയുടെ കനാൽ കുത്തനാടിയുടെ മുകൾ ഭാഗത്തുവെച്ച് ഒരു സബ്കനാൽ നിർമ്മിച്ച് മുറിച്ച് കൂത്തനാടി തോട്ടിലേക്ക് വിട്ടാൽ കൂത്തനാടി മുതൽ പൂങ്ങോട്ട്വരെയുള്ള ഏലായിൽ മുന്ന് പൂവ് കൃഷി നടത്താൻ സാധിക്കും. ഏല നികത്തുന്നത് കർശനമായി തടയുക. കലയനാട് മാർക്കറ്റ് വികസിപ്പിച്ച് വിപണന സൗകര്യം മെച്ചപ്പെടുത്തുക. വാലോട്ട് ഭാഗത്ത് ഒരു കുളം നിർമ്മിച്ച് വാലോട് ഏലായിലെ ജലസേചനം മെച്ചപ്പെടുത്താം.

വാർഡ് 25

പ്രശ്നങ്ങൾ

ജലസേചനക്കുറവ്, കർഷകതോഴിലാളികളുടെ ലഭ്യതക്കുറവ്, മണ്ണൊലിപ്പ്, അശാസ്ത്രീയമായ കൃഷിരീതി, വിപണന സൗകര്യക്കുറവ്, കൃഷിഭവന്റെ സേവനങ്ങളുടെ അലഭ്യത.

പരിഹാരം

ചന്ദനശ്ശേരി ഏലായുടെ തലയ്ക്കൽ കുളം കുഴിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്താം. ഈടു കയ്യാലകളും, കാനകളും നിർമ്മിക്കുവാൻ കർഷകർക്ക് ധനസഹായം ലഭ്യമാക്കുക. ചന്ദനശ്ശേരി ഏലായിലെ തോട് ആഴം കൂട്ടി വരമ്പുകൾ ബലപ്പെടുത്തുക. പച്ചക്കറി കൃഷിക്ക് സാദ്ധ്യതകൾ ഏറെയാണ്. ഗ്രൂപ്പ് ഫാമിംഗ്, ശാസ്ത്രീയ കൃഷിസമ്പ്രദായം എന്നിവയിൽ കർഷകരെ ബോധവൽക്കരിക്കുക.

വാർഡ് 26

പ്രശ്നങ്ങൾ

കർഷകതൊഴിലാളികളുടെ അഭാവം നെൽപ്പാടങ്ങൾ നികത്തൽ ജലദൗർലഭ്യം നിലം നികത്തുന്നതുകൊണ്ട് തൊടുകൾ ഇല്ലാതാകുന്നു.

പരിഹാരം

ചന്ദനശ്ശേരി ഏലായിലെ മദ്ധ്യഭാഗത്തുള്ള കുളം പുനർ നിർമ്മിച്ചാൽ ജലസേചന സൗകര്യം മെച്ചപ്പെടുത്താം. ഗ്രൂപ്പ് ഫാമിംഗ്, ശാസ്ത്രിയ കൃഷിരീതി എന്നിവയൽ കർഷകരെ ബോധവൽക്കരിക്കുക.

വാർഡ് 27

പ്രശ്നങ്ങൾ

വെള്ളപ്പൊക്കം, കർഷകതൊഴിലാളികളുടെ ദൗർലഭ്യം, ജലസേചനക്കുറവ്, നിലം നികത്തൽ, പുഷ്പവിലാസം ആറ്റുകടവിലെ മണൽ വാരൽ കാരണം കര ഇടിയുക.

പരിഹാരം

തോടുകളുടെ ആഴം കൂട്ടിയും വരമ്പുകൾ ബലപ്പെടുത്തിയും ജലസേചനം മെച്ചപ്പെടുത്താം. കൃഷിനാശത്തിന് ഏലാ വികസന കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭ്യമാക്കുക. ആധുനിക കൃഷിരീതിയിൽ കർഷകരെ ബോധവൽക്കരിക്കുക. പുഷ്പവിലാസം

ആറ്റുകടവിലെ മണൽ വാരൽ നിയന്ത്രിക്കുവാൻ പിറവന്തൂർ പഞ്ചായത്തിന് എഴുതുക.

വാർഡ് 28

പ്രശ്നങ്ങൾ

ജലസേചനക്കുറവ്, മണൽ വരൽ മൂലം ചാലിയേക്കര ആറിന്റെ തീരപ്രദേശങ്ങൾ ഇടിയുക, ശാസ്ത്രീയ കൃഷിയുടെ അഭാവം.

പരിഹാരം

ഏലായുടെ തലയ്ക്കൽ കുളങ്ങൾ നിർമ്മിച്ച് ജലസേചനം മെച്ചപ്പെടുത്തുക. മണൽ വാരൽ നിയന്ത്രിക്കുക. ശാസ്ത്രീയ കൃഷി മാർഗ്ഗങ്ങളെ സംബന്ധിച്ച് കൃഷിക്കാരെ ബോധവൽക്കരിക്കുക.

സോയിൽ സർവ്വേ.

പുനലൂർ മുൻസിപ്പൽ പ്രദേശത്ത് പ്രധാനമായും അഞ്ചിനം മണ്ണുകളാണ് കാണപ്പെടുന്നത്,

1. ചെളിമണ്ണ്:ഈ മണ്ണ് പ്രധാനമായും നെൽപ്പാടങ്ങളിൽ കാണുന്നു.
2. ചരൽ മണ്ണ്: ഈ മണ്ണ് കരഭാഗങ്ങളിൽ കാണപ്പെടുന്നു.
3. മണൽ മണ്ണ്: ഈ മണ്ണ് ആറ്റുതീരങ്ങളിൽ കാണപ്പെടുന്നു.
4. മണലും ചെളിയും കലർന്ന മണ്ണ്: കരകൃഷിക്കനുയോജ്യമായ ഈ മണ്ണ് നമ്മുടെ മുൻസിപ്പൽ പ്രദേശത്ത് കുറച്ച് ഭാഗങ്ങളിലേ കാണപ്പെടുന്നുള്ളൂ.
5. പശിമരാശി മണ്ണ്: പുനലൂർ മുൻസിപ്പൽ പ്രദേശത്ത് ഏറ്റവും കൂടതലായി കാണപ്പെടുന്ന ഈ മണ്ണ് കൃഷിക്ക് ഏറ്റവും അനുയോജ്യമാണ്.

പുനലൂരിൽ മുൻപ് ഉണ്ടായിരുന്ന മണ്ണു പരിശോധനയുടെ ഓഫീസ് ഇന്ന് നിലവിലില്ല. അത് കാരണം കൃഷിയിടങ്ങളിലെ മണ്ണ് പരിശോധിക്കുന്നതിനും മണ്ണിന്റെ ഗുണനിലവാരവും തകരാറും കണ്ടുപിടിച്ച് അവശ്യമായ പ്രതിവിധികൾ ചെയ്യുന്നതിന് കൃഷിക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുവരുന്നു. അതിനാൽ 9 ാം പദ്ധതിക്കാലത്ത് പുനലൂരിൽ ഒരു മണ്ണ് പരിശോദനാകേന്ദ്രം ആരംഭിക്കേണ്ടതാണ്.

പുനലൂർ പട്ടണത്തിന്റെ മദ്ധ്യഭാഗത്തുകൂടി കല്ലട നദി 10 കിലോമീറ്റർ നീളത്തിൽ ഒഴുകുന്നു. ഈ നദിയിൽ നഗരത്തിന്റെ വിവധ വാർഡുകളിൽ നിന്നായി ധാരാളം വലിയതോടുകളും ഇടത്തോടുകളും വന്നുചേരുന്നു. എന്നാൽ നദിയിലോ തോടുകളിലോ ജല ദൗർലഭ്യം [illegible] നും ആവശ്യമായ തടയണകളോ ചീർപ്പുകളോ സ്ഥാപിച്ചിട്ടില്ല. അതിന്റെ ഫലമായി കുന്നും ചരിവുകളും നിറഞ്ഞ പുനലൂർ നഗരാതിർത്തിയിൽ മണ്ണൊലിപ്പും കുടിവെള്ളക്ഷാമവും രൂക്ഷമായിട്ടുണ്ട്. വരുന്ന 9 ാം പദ്ധതിയിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനായി നദിയിലും പ്രധാനതോടുകളിലും തടയണകളും ചീർപ്പും നിർമ്മിക്കേണ്ടതുണ്ട്.

സാമാന്യം മെച്ചപ്പെട്ട മഴ പെയ്താൽ പുനലൂർ നഗരത്തിന്റെ താഴ്ന്ന ഭാഗങ്ങളിൽ വെള്ളം കയറുന്നതും പതിവായിട്ടുണ്ട്. കുറച്ച് കാലം മുൻപ് വരെ നമ്മുടെ മുനിസിപ്പൽ പ്രദേശത്തെ ചെറുതും വലുതുമായ എല്ലാ റബ്ബർ തോട്ടങ്ങളിലും തോട്ടം ഉടമകൾ മണ്ണൊലിപ്പ് തടയുന്നതിനായി ഈടികൾ കെട്ടുകയും കാനകൾ കുഴിക്കുകയും ചെയ്തിരുന്നു. ഇതുവഴി ഒരു പരിധി വരെ ഭൂമിക്കടിയിൽ ജലം സംഭരിക്കുവാനും മണ്ണൊലിപ്പ് തടയുവാനുംകഴിഞ്ഞിരുന്നു. എന്നാൽ അമിതലാഭത്തിൽ മാത്രം കണ്ണും നട്ടിരിക്കുന്ന തോട്ടമുടമകൾ കാന കുഴിക്കലും ഈടികെട്ടലുംനിർത്തിയിരുക്കുകയാണ്. അതിന്റെ ഫലമായി മണ്ണൊലിപ്പ്, മലവെള്ളപ്പാച്ചിൽ, മടപൊട്ടൽ, നിലം നശിക്കൽ എന്നിവ സാധാരണമാണ്. കൂടാതെ ചെറിയ ഉണക്ക് അനുഭവപ്പെടുമ്പോൾ തന്നെ കിണറുകളിൽ വെള്ളം വറ്റുന്നു. പഴയ നിലയിൽ ഈടികെട്ടിയും കാനകൾ കുഴിച്ചും മഴവെള്ളം അതാത് പ്രദേശത്ത് തന്നെ നിലനിർത്താൻ സാധിച്ചാൽ മണ്ണൊലിപ്പ്, മടപൊട്ടൽ, കുടിവെള്ളക്ഷാമം എന്നിവ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്.

സോയിൽ സർവ്വേ വകുപ്പിന്റെ പ്രവർത്തനം നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് വ്യാപകമാക്കിയെങ്കിൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. മുൻകാലങ്ങളിലെപ്പോലെ ആറ്റുതീരങ്ങളും തോട്ടുതീരങ്ങളും സംരക്ഷണ ഭിത്തികെട്ടി കരയിടിഞ്ഞ് പോകാതെ സൂക്ഷിക്കേണ്ടതുണ്ട്. മൈനർ ഇറിഗേഷൻ വകുപ്പിന്റെ പുതിയ പദ്ധതികൾ ഈ മേഖലയിൽ വ്യാപിപ്പിക്കേണ്ടതുണ്ട്. കൂടാതെ ആറ്റിൽ നിന്നും തോട്ടിൽ നിന്നും മണൽ വാരൽ കർശനമായി തടയണം.

**റബ്ബർകൃഷിയും റബ്ബർ ബോർഡും**

പുനലൂർ മുൻസിപ്പൽ അതിർത്തിക്കുള്ളിൽ 1645 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷിചെയ്തു

വരുന്നു. ഇത് പുനലൂരിലെ മൊത്തം കൃഷിസ്ഥലത്തിന്റെ 50% ത്തോളം വരും.

നമ്മുടെ നഗരസഭയിലെ ഭൂരിപക്ഷം ആളുകളുടേയും ഉപജീവനമാർഗ്ഗമാണ് റബ്ബർ കൃഷി. ഈ കൃഷിയുടെ വകസനത്തിനായി റബ്ബർ ബോർഡ് വളരെയധികം നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാലാക്കിവരുന്നു. സൗജന്യ സാങ്കേതിക ഉപദേശവും ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുപയോഗിച്ച് റബ്ബർ തോട്ടങ്ങൾ നവീകരിച്ച് ആദായകരമാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും റബ്ബർ ബോർഡിൽ നിന്നും നൽകിവരുന്നു. പുതിയ സംരംഭകരെ ആകർഷിക്കുവാൻ റബ്ബർ ബോർഡ് നടപ്പിലാക്കിയിട്ടുള്ള ക്ഷേമപദ്ധതികൾ താഴെ വിവരിക്കാം.

I (a) റബ്ബർ കൃഷി വികസന പദ്ധതി.

റബ്ബർ ബോഡിന്റെ അംഗീകാരത്തിന് വിധേയമായി പുതിയതായി റബ്ബർ കൃഷി നടത്തുന്നതിന് നിബന്ധനകൾക്ക് വിധേയമായി ഹെക്ടർ ഒന്നിന് 11000 രുപ വരെ വായ്പ നൽകുന്നു.

(b) റബ്ബർ കർഷകർക്കാവശ്യമായ റബ്ബർ റോളർ വാങ്ങുന്നതിനായി വായ്പകൾ നൽകിവരുന്നു. 1000 രൂപ സബ്സിഡി നൽകുന്നു.

(c) പുകപ്പുര നിർമ്മിക്കുന്നതിന് വായ്പയും 3000 രൂപ സബ്സിഡിയും നൽകുന്നു.

(d) ജലസേചനത്തിന് വായ്പയും 2500 രൂപ സബ്സിഡിയും നൽകുന്നു.

(e) റബ്ബർ ഉൽപാദക സംഘങ്ങൾ വഴി വളം, റെയിൻഗാർഡ്, സ്പ്രേയിംഗ്, ഉല്പാദന ഉപാധികൾ എന്നി വ സഹായനിരക്കിൽ നൽകിവരുന്നു.

(f) റബ്ബർ ബോഡിന്റെ അംഗീകാരത്തോടെ റബ്ബർ കർഷകരുടെ സഹകരണ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിക്കുവാൻ വേണ്ട സഹായങ്ങൾ നൽകിവരുന്നു. പാൽ സംഭരണ ഉപകരണങ്ങൾ വാങ്ങാൻ 14000 രൂപ സൗജന്യമായും കെട്ടിട നിർമ്മാണത്തിന് 20000 രൂപ സബ്സിഡിയായും നൽകുന്നു. കൂടാതെ സ്പെയർ പാർട്ടുകൾ പകുതി വിലയ്ക്കും നൽകുന്നു.

2. തൊഴിലാളി ക്ഷേമപദ്ധതികൾ

(a) ഭവന പദ്ധതി

റബ്ബർ തോട്ടങ്ങളിൽ പണിയെടുക്കുന്ന പ്ലാന്റേഷൻ തൊഴിലാളികളെ സ്വന്തമായി വീട് നിർമ്മിക്കാൻ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

(i) SC&ST വിഭാഗത്തിൽ പെടുന്നവർക്ക് വീടുനിർമ്മാണത്തിനായി 10000 രൂപ സബ്സിഡിയായി നൽകുന്നു.

(ii) മറ്റു തൊഴിലാളികൾക്ക് 7500 രൂപ സബ്സിഡി നൽകുന്നു.

(iii) പ്ലാന്റേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നവർക്ക് 6000 രൂപ സബ്സിഡി നൽകുന്നു.

(iv) എല്ലാ വിഭാഗം തൊഴിലാളികൾക്കും കക്കൂസും മറ്റും നിർമ്മിക്കുന്നതിനായി 4000 രൂപ ബോർഡ് നൽകുന്നു.

വിദ്യാഭ്യാസ പദ്ധതി

റബ്ബർ തൊട്ടം തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിവിധതരം ധനസഹായം ബോർഡ് നൽകിവരുന്നു.

(a) എല്ലാ വിദ്യാർത്ഥികൾക്കും 165 രൂപ മുതൽ മുകളിലോട്ട് മാസം ഗ്രാന്റ് നൽകുന്നു.

(b) ഗവ. സ്ഥാപനത്തിലോ എയിഡഡ് സ്ഥാപനത്തിലോ പഠിക്കുന്ന കുട്ടികൾക്ക് ട്യൂഷൻ ഫീസും ഹോസ്റ്റൽ ഫീസ്സും അംഗീകാരത്തിന് വിധേയമായി പ്രത്യേക നിരക്കുകൾ പ്രകാരം നാൽകുന്നു.

(c) വിവധ തരത്തിലുള്ള സ്കോളർഷിപ്പുകൾ നൽകുന്നു.

(d) വർഷത്തിൽ 1500 രൂപ ചികിൽസാ സൗകര്യം നൽകുന്നു.

(f) തോട്ടം തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കിയിരിക്കുന്നു. ഈ പദ്ധതി പ്രകാരം തൊഴിലാളി 50 രുപ പ്രതിമാസവും ബോർഡ് 100 രൂപയും അടയ്ക്കണം. ഇതിന്റെ കാലാവധി 10 വർഷമാണ്. കാലാവധി കഴിയുംമ്പോൾ 20000 രൂപ തിരകെ കിട്ടും.

സഹ്യാദ്രി പദ്ധതികൾ

റബ്ബർ ബോഡിന്റെ നിയന്ത്രണത്തിൽ റബ്ബർ കർഷകരെ സഹായിക്കുവാനായി തുടങ്ങിയ പദ്ധതിയാണിത്. ഇതിൽ 51 % ഷെയർ റബ്ബർ ബോഡിനും 49% ഷെയർ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 49 റബ്ബർ ഉല്പാദക സംഘങ്ങൾക്കുമാണ്. ഈ പദ്ധതി പ്രകാരം R.P.S. വഴി സംഭരിക്കുന്ന റബ്ബറിന് മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നു.

എല്ലാവിധ പരീക്ഷണങ്ങൾക്കും അവശ്യം വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുക, തോട്ടത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരമുള്ള സാധനസാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് വിതര

# 11.3 സാമൂഹ്യ വനവത്ക്കരണ പരിപാടിയിലൂടെ ഉത്പ്പാദിപ്പിച്ച തൈകളുടെ വിവരം

## പട്ടിക 14

| | ഉത്പ്പാദിപ്പിച്ച തൈകളുടെ എണ്ണം | ആകെ ഉത്പ്പാദിപ്പിച്ച തൈകളുടെ എണ്ണം | | | | | വിതരണം നടത്തിയതിന്റെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 1991 | 1992 | 1993 | 1994 | | 1991 | 1992 | 1993 | 1994 | 1995 |
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | തേക്ക് | – | – | – | 5000 | 10000 | – | – | – | 5000 | 9000 |
| 2 | അൽബിസിയ | 3000 | 2000 | 3000 | 4000 | | 2750 | 1900 | 2500 | 3400 | – |
| 3 | പെരുമരം(മട്ടി) | 2000 | 2000 | 2500 | 3000 | | 2000 | 1800 | 2000 | 2900 | – |
| 4 | നെല്ലി | 1000 | 500 | 1000 | 500 | | 800 | 450 | 900 | 450 | – |
| 5 | പേര | 1000 | 300 | 1000 | 1000 | | 900 | 450 | 900 | 1000 | – |
| 6 | മാഞ്ചിയം | – | – | – | – | 10000 | – | – | – | – | 10000 |
| 7 | മഹാഗണി | 1000 | 1000 | 1500 | 1000 | | 950 | 900 | 1450 | 900 | – |
| 8 | ഫെൽറ്റോഫാം(മഞ്ഞക്കൊന്ന) | 500 | 250 | 500 | 250 | | 400 | 250 | 450 | 245 | – |
| 9 | കണിക്കൊന്ന | 300 | 250 | 500 | – | | 250 | 250 | 450 | – | – |
| 10 | രക്തചന്ദനം | – | 100 | 10 | – | | – | 90 | 80 | – | – |
| 11 | കാറ്റാടി | – | 1000 | 1000 | 1000 | | – | 850 | 900 | 950 | – |
| 12 | സുബാബുൽ | – | 1000 | 1000 | 200 | | – | 850 | 900 | 150 | – |
| 13 | ഗുൽമോഹർ | 500 | 500 | – | 200 | | 450 | 480 | – | 150 | – |
| 14 | വേപ്പ് | – | 3000 | – | 500 | | – | 2500 | – | 500 | – |
| 15 | പുളി | – | 500 | – | – | | – | 400 | – | – | – |
| 16 | പ്ലാവ് | – | – | – | 350 | | – | – | – | 250 | – |
| | ആകെ | 9300 | 12600 | 12100 | 17000 | | 8500 | 11120 | 10530 | 15895 | 19000 |

ണം ചെയ്യുക, പൂർണ്ണമായും കൃഷിക്ക് വിശ്വസിക്കാവുന്ന ജൈവവളങ്ങളും കേന്ദ്രസർക്കാരിന്റെ ജീവാണു വളങ്ങളും കുറഞ്ഞനിരക്കിൽ കൃഷിക്കാർക്ക് നൽകിവരുന്നു. പുതിയ പ്ലാന്റിനും ഉല്പാദനമുള്ള പ്ലാന്റിനും ആവശ്യമായ എല്ലാ ശാസ്ത്ര-സാങ്കേതിക വിദ്യകളേയും പറ്റി കർഷക സെമിനാർ വിളിച്ചുകൂട്ടി കൃഷിക്കാരെ ബോധവാന്മാരാക്കുന്നതിനും പരമാവധി ശ്രമിച്ചുവരുന്നു.

**വനങ്ങൾ**

ഗ്രാമീണപ്രതീതി ജനിപ്പിക്കുന്ന പുനലൂരിൽ ആകെയുള്ളത് ഏകദേശം 200 ഹെക്ടറോളം വനങ്ങളാണ്. ഇവ ചുണ്ടോട്, കേളൻകാവ്, ചെങ്കുളം ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു. ഇവടെയുള്ള വനങ്ങൾ അധികവും സാമൂഹ്യവനവൽക്കരണത്തിനായി ഉപയോഗിക്കുന്നു എങ്കിലും വേണ്ടത്ര പുരോഗതി ആ മേഖലയിലും കൈവരിക്കാൻ ആയിട്ടില്ല. എന്നാൽ പുനലൂർ മുനിസിപ്പാലിററിയോട് ചേർന്ന് കിടക്കുന്ന പിറവന്തൂർ, തെന്മല, ഏരൂർ, ആര്യങ്കാവ് എന്നീ പഞ്ചായത്തുകളിൽ വനപ്രദേശങ്ങൾ വളരെ കൂടുതലുണ്ട്. വ്യാപകമായുള്ള വനം കൊള്ളയുടേയും വനം കയ്യേറ്റങ്ങളുടേയും ഫലമായുണ്ടായ വനനശീകരണം നമ്മുടെ പ്രദേശത്തെ കാലാവസ്ഥയിൽ വലിയ മാറ്റമുണ്ടാക്കുവാൻ കാരണ മായിട്ടുണ്ട്. വനനശീകാരണം തടയുന്നതിനായി സർക്കാർ വേണ്ട മുൻകരുതലുകൾ നടത്തുന്നുണ്ട് എങ്കിലും ജനങ്ങളുടെ വേണ്ടത്ര ശ്രദ്ധയും സഹായവും ഇതിനായി ഇനിയും ലഭിക്കേണ്ടതുണ്ട്. ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി ഇതിനുള്ള ജനശ്രദ്ധ ഉറപ്പുവരുത്തണം.

പുനലൂർ പട്ടണത്തിൽ വനം വകുപ്പിന്റെ അഞ്ച് ഓഫീസ്സുകൾ നിലവിലുണ്ട്. 8-ാം പദ്ധതിയിൽ വനം വകുപ്പ് സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയുടെ വിവരങ്ങൾ പിന്നാലെ പ്രതിപാദിച്ചിരിക്കുന്നു. വനങ്ങളിലും നാട്ടിൻ പുറത്തുള്ള തോട്ടങ്ങളിലുമായി പുനലൂർ പ്രദേശത്ത് വളരെയധികം ആളുകൾ വിവധ പണികളിൽ ഏർപ്പെട്ട് ജീവിക്കുന്നു. മരം മുറിപ്പ്, ലോഡിംഗ്, ചുമട്, വെട്ടിയറപ്പ് തുടങ്ങിയജോലികളാണ് പ്രധാനമായുള്ളത്. ഇവിടെ നിന്നും തടിയും മറ്റു വനവിഭവങ്ങളും ധാരാളമായി ലോറികളിലും റെയിൽ മാർഗ്ഗവും കേരളത്തിന്റെ വിവധഭാഗങ്ങളിലും അയൽ സംസ്ഥാനങ്ങളിലും കയറ്റി അയക്കുന്നുണ്ട്.

കാർഷികവൃത്തിയോടുള്ള യുവജനങ്ങളുടെ ആഭിമുഖ്യത്തിൽ കുറവുവരാനുള്ള പ്രധാനകാരണം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിലെ തകരാറുകളാണ്. കർഷകനായി വളരുവാൻ ഒരു കുഞ്ഞിനേയും പ്രോത്സാഹിപ്പിക്കുന്ന ഒരു സംസ്കാരമല്ല ഇവിടെ ഇപ്പോഴും നിലനിൽക്കുന്നത്. എന്നാൽ ക്ഷുദ്രമായ ഈ ധാരണയിൽ വിള്ളലുകൾ ഉണ്ടാക്കിയത് മഹാത്മാഗാന്ധിയായിരുന്നു. അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾ അന്നും ഇന്നും അന്തഃരീക്ഷത്തിൽ രാവും പകലും വ്യതാസമില്ലാതെ മുളിമുഴങ്ങുകയാണ്. കിസാൻ എന്ന വാക്കുതന്നെ ഇന്ത്യയിൽ ആദ്യമായി പ്രചരിപ്പിച്ചത് ഗാന്ധിജിയായിരുന്നു. ഇന്ത്യയുടെ പ്രാണൻ കർഷകനിലാണ് എന്ന് നമ്മേ പഠിപ്പിച്ചതും ഗാന്ധിജി തന്നെ. കർഷകൻ ഭൂമിയുടെ ഉപ്പാണ് എന്ന ഗാന്ധിജിയുടെ വചനം കേട്ടറിഞ്ഞ് കുമാരനാശാനും വള്ളത്തോളുമേല്ലാം അവരുടെ ആരംഭകാല കവിതകളിൽ കർഷകന് പ്രമുഖ്യം നൽകി. ഇന്ത്യയുടെ ചിന്തയും സംസ്കാരവും എത്ര ഉയർന്ന് പോയാലും ഒടുവിൽ അവയെല്ലാം ഭൂമിയിൽ ശില്പം രചിക്കുന്ന കർഷകവൃത്തിയിൽ ചെന്നുമുട്ടുന്നു എന്നാണ് "ദുരവസ്ഥ"യുടെ വ്യങ്ങ്യത്തിൽ ഒന്ന്. സാവിത്രി ചാത്തന്റെ കൂട്ടുകാരിയായി കളപറിക്കുവാനും കൊയ്യാനും പ്രതിജ്ഞ എടുക്കുമ്പോൾ അന്തർജ്ജനം ബഹിർജനമാകുന്നു. ഋഷി ഭൂമി കൃഷി ഭൂമിയായി വിലസുന്നു. വള്ളത്തോളിൽ ഈ കാർഷിക സംസ്കാരപ്രേമം ആകാശത്തോളം പൊങ്ങി ഉയർന്നു.

ഒരു നവ ഭാരതസൃഷ്ടിക്കായി കാർഷിക മേഖലയുടെ പുരോഗതിക്കാ യി നമുക്ക് പ്രതിജ്ഞ എടുക്കാം.



YILAKKUDI PANCHAYAT
EDAMON VILLAGE
THENMALA PANCHAYAT
KARAYALOOR PANCHAYAT VILLAGE
YEROOR PANCHAYAT
TW.1
TW.2
TW.3
TW.4
TW.5
TW.6
TW.7
TW

## പൊതുവായ പ്രശ്നങ്ങളും സാദ്ധ്യതകളും

| ക്രമനമ്പർ | പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|---|
| 1 | നെൽകൃഷി ലാഭകരമല്ല | നിലവിലുള്ള തോടുകൾ ആഴപ്പെടുത്തി തോട്ടു വരമ്പുകൾ ബലപ്പെടുത്തി,കുളങ്ങൾ ആഴം കൂട്ടി ജലസേചനം മെച്ചപ്പെടുത്തിയും മേൽത്തരം വിത്തുകൾ ,വളം,കീടനാശിനി എന്നിവയ്ക്ക് സബ്സിഡി ഏർപ്പെടുത്തിയും,കൂട്ടുകൃഷി സമ്പ്രദായം പ്രോത്സാഹിപ്പിച്ചും നെൽകൃഷി ലാഭകരമാക്കാം. |
| 2 | ജല ലഭ്യത കുറവ് | i,ഏലാകളുടെ മുകൾ ഭാഗത്ത് നിലവിലുള്ള കുളങ്ങൾക്കാഴം കൂട്ടുന്നതിനും,പുതിയവ നിർമ്മിക്കുന്നതിനും പമ്പു സെറ്റുകൾ വാങ്ങുന്നതിനും കർഷകർക്ക് സബ്സിഡി നൽകുക<br><br>ii,കെ.ഐ.പി കനാലിലെ വെള്ളം മണലിൽ, കൂത്തനാടി മുകൾ വശം എന്നിവിടങ്ങളിൽ കൊണ്ടു വരാനുള്ള മാർഗ്ഗങ്ങൾക്കാരായുക<br><br>iii,വട്ടപ്പടയിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. |
| 3 | മണൽ വാരൽ ഭീഷണി | i കല്ലടയാറ്റിൽ മുക്കടവു മുതൽ വട്ടപ്പട വരെയുള്ള പ്രദേശങ്ങളിൽ നിന്നുള്ള മണൽ വാരൽ കർശനമായി നിരോധിയ്ക്കുക<br><br>ii,ഒരു അന്വേഷണ കമ്മീഷനെ നിയമിച്ച് മമൽ വാരൽ മൂലം കല്ലടയാറ്റിന്റെ തീരപ്രദേശങ്ങൾ ഇടിഞ്ഞ് കർഷകർക്ക് ഉണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തി ധനസഹായം നല്കുക,ആറ്റുതീരം സംരക്ഷിയ്ക്കുക<br><br>iii,തടയണകൾ കെട്ടി കുടിവെള്ള പ്രശ്നം പരിഹരിക്കുക |
| 4 | നിലം നികത്താൻ | ഇനിയുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കാൻ നെൽപ്പാടങ്ങൾ നികത്തുന്നതും ചുടുകട്ട വ്യവസായങ്ങൾക്ക് മണ്ണെടുക്കുന്നതും കർശനമായി തടയുക |
| 5 | വിപണന സൗകര്യ കുറവ് | സഹകരണ സംഘങ്ങൾ മേഖലാടിസ്ഥാനത്തിൽ (കലയനാട്,മണിയാർ) സ്ഥാപിച്ച് കാർഷിക ഉല്പ്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച് വിപണനം നടത്തുക. ഇടത്തട്ട് പൂർണ്ണമായി ഒഴിവാക്കുക. കിഴങ്ങുവർഗ്ഗങ്ങൾക്ക് തറവില നിശ്ചയിക്കുക. |
| 6 | കാർഷിക വായ്പയുടെ ലഭ്യത കുറവ് | സർവ്വീസ് സഹകരണ സംഘങ്ങൾ വഴി കാർഷിക വായ്പ ഉദാരമായ പലിശ നിരക്കിൽ ലഭ്യമാക്കുക. |

| ക്രമ നമ്പർ | പ്രശ്നങ്ങൾ | പരിഹാരങ്ങൾ |
|---|---|---|
| 6 | വിളനാശ ധനസഹായം | വിളകൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക. വിള നാശനഷ്ടത്തിനുള്ള ധന സഹായം വർദ്ധിപ്പിയ്ക്കുക. യഥാസമയം നൽകുക. |
| 7 | മണ്ണ് പരിശോധനയുടെ കാല താമസം | വേണ്ടത്ര കൃഷി ഭവൻ ജീവനക്കാരെ നിയമിച്ച് ഈ പ്രശ്നം പരിഹരിക്കുക. കൃഷിഭവന്റെ ഒരു സബ് സെന്റർ കലയനാടും മണിയാറും സ്ഥാപിക്കുക. |
| 8 | ജൈവ വളലഭ്യതയുടെ അഭാവം | വീടുകൾ തോറും കംപോസ്റ്റ് പിറ്റുകൾ നിർമ്മിച്ചും മുനിസിപ്പാലിറ്റിയിൽ ചപ്പുചവറുകൾ കംപോസ്റ്റാക്കി ഇത് കുറെ പരിഹരിക്കാം. |
| 9 | അശാസ്ത്രീയമായ കൃഷിരീതി | കർഷകരെ ബോധവത്ക്കരിക്കുക. കൃഷിവകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ ആരായുക. ഗ്രൂപ്പ് ഫാർമിംഗ് പ്രോത്സാഹിപ്പിക്കുക. നല്ല കർഷകരെ കണ്ടെത്തി പ്രോത്സാഹനം നൽകി ആദരിക്കുക. കൃഷി പഠനക്ലാസ്സുകൾ,കാർഷിക സെമിനാറുകൾ സംഘടിപ്പിക്കുക. |
| 10 | നല്ല ഇനം വിത്തുകളുടെ അഭാവം | കൃഷിഭവൻ മുഖേന പരിഹരിക്കുക |
| 11 | അടുക്കള തോട്ടനിർമ്മാണത്തിന് സഹായം | വിത്ത്,വളം,കീടനാശിനി എന്നിവ സബ്സിഡിയായി നൽകണം. " ഒരു വീടിന് ഒരു അടുക്കളത്തോട്ടം" ,"ഒരു വീടിന് ഒരു കംപോസ്റ്റ് പിറ്റ്" എന്ന മുദ്രാവാക്യം പ്രാവർത്തികമാക്കുക. |
| 12 | കർഷക തൊഴിലാളികളുടെ ലഭ്യത കുറവ് | i ബോധവത്ക്കരണം നടത്തി തൊഴിൽ രഹിതരായ യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.<br>ii യന്ത്രവത്ക്കരണം,കൂട്ടക്കൃഷി സമ്പ്രദായം നടപ്പിലാക്കുക |
| 13 | നെൽപ്പാടങ്ങൾ തരിശിടുന്നു | പുനലൂർ മേഖലയിൽ തരിശായിക്കിടക്കുന്ന നെൽപ്പാടങ്ങൾ വസ്തു ഉടമയിൽ നിന്നും പാട്ട വ്യവസ്ഥയിൽ എടുത്ത് സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താവുന്നതാണ്. അതിനാവശ്മായ ജൈവവളം മാർക്കറ്റിലേയും മുനിസിപ്പൽ പ്രദേശത്തെ ചപ്പുചവറുകളിൽ നിന്നും കംപോസ്റ്റ് ഉണ്ടാക്കി പരിഹരിക്കാം. |
| 14 | വന്യമൃഗശല്ല്യം | വന്യമൃഗ ശല്ല്യമുള്ള പ്രദേശങ്ങളിൽ പവർ ഫെൻസിംഗ് (ബാറ്ററി വെച്ച്) സ്ഥാപിക്കുക) |



കാരണവർ സമ്മേളനം, ഉത്ഘാടനം

കാരണവർ സമ്മേളനം




N
VILAKKUDI PANCHAYAT/
VILLAGE
EDAMON VILLAGE
THENMALA
PANCHAYAT
KARAVALOOR PANCHAYAT/
VILLAGE
YEROOR PANCHAYAT
Q. S. റോഡ്
A. P. റോഡ്


ഭൂപ്രകൃതി
സസ്യാവരണം
മണ്ണിനം
ജലലഭ്യത
കാഞ്ഞിരവിള
നിരപ്പ്
റബ്ബർ
കുരുമുളക്
തെങ്ങ്, ചേമ്പ്
നെല്ല്
ചെമണ്ണ്
പശിമരാശി
ദൗർലഭ്യം
കല്ലുവിള
ശാസ്താംകോണം
പ്രദേശം
എള്ള് ഇനം
കൃഷി
ചെമണ്ണ്
പശിമരാശി
ഹൈഡ്രൽ മണ്ണ്
ഗ്രീഷ്മ വര്‍ഷ
ജലക്ഷാമം
ഏലാതോട്
ടി.ടി. എസ്റ്റേറ്റ്
കുന്നിൻ പ്രദേശം
റബ്ബർ
തേക്ക് , കാപ്പി
ചരൽ മണ്ണ്
ഫോറസ്റ്റ് മണ്ണ്
സാമാന്യം
വെട്ടിവിള ഏല
നെല്ല്
പശിമരാശി
സുലഭം
സമതലം
ഭക്ഷ്യവിള
പശിമരാശി
സാമാന്യം
പള്ളിക്കൽ ഏല
നെല്ല്
പശിമണ്ണ്
സുലഭം
നിരപ്പും
പാറ
ടി.ടി. എസ്റ്റേറ്റ്
റബ്ബർ
ഫോറസ്റ്റ്
മണ്ണ്
ഗ്രീഷ്മവര്‍ഷ
ജലക്ഷാമം
മണക്കാല ഏല
നെല്ല്
പശിമരാശി, ചെമണ്ണ്
സുലഭം

249



ജനകീയാസൂത്രണ കലാജാഥ




ജനകീയാസൂത്രണ വിളമ്പര ജാഥ

# മത്സ്യബന്ധനവും മൃഗപരിപാലനവും

ഒരു കാലഘട്ടത്തിൽ കന്നുകാലിവളർത്തൽ ഐശ്വര്യത്തിന്റെയും സമ്പത്തിന്റെയും ആഭിജാത്യത്തിന്റെയും പ്രതീകമായിരുന്നു. പ്രാചീന കാലം മുതൽ ഒരു കച്ചവടകേന്ദ്രമായി അറിയപ്പെട്ടിരുന്ന പുനലൂരിൽ ചരക്കുകൾ കൊണ്ടുപോയിരുന്നതും കൊണ്ടുവന്നിരുന്നതും കാളവണ്ടി, പൊതിക്കാള എന്നിവയുടെ സഹായത്തോടെ ആയിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ മൃഗസമ്പത്തിന്റെ 90% ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്യയ ആണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതുപുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ സമ്പുഷ്ടമാക്കുമെന്ന് ഉറപ്പാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പദ്ധതിവിഹിതത്തിന്റെ ചെറിയ ഒരംശം മാത്രമാണ് മൃഗസംരഷണത്തിനായി ചെലവഴിക്കുന്നത്. ഈകുറവ് പരിഹരിച്ച് വരും പദ്ധതിയിൽ മൃഗസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് പുതിയമാർഗങ്ങൾ കണ്ടെത്തേണ്ടിവരും.

പുനലൂർ നഗരസഭാതിർത്തിക്കുള്ളിൽ 1960–65 കാലഘട്ടം വരെ 80% ഭവനങ്ങളിലും ആട്, മാട്, കോഴി എന്നിവയെ വളർത്തിയിരുന്നു. മണ്ണും മനുഷ്യനും കൃഷിയും മൃഗങ്ങളും പരസ്പരബന്ധിതങ്ങളാണ്. ജൈവവളം, പാൽ., മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിലൂടെ നിരവധികുടുംബങ്ങൾ നിത്യവൃത്തിനടത്തി വന്നു. പാടങ്ങളിൽ കൃഷിയിറക്കണമെങ്കിൽ കാള, പോത്ത് എന്നിവ അത്യാവശ്യമായിരുന്നു.

നാടൻ വർഗ്ഗത്തിൽപ്പെട്ട കാള, പോത്ത്, ഏരുമ, പശു, ആട് എന്നിവയായിരുന്നു നമ്മുടെ പ്രധാന വളർത്ത് മൃഗങ്ങൾ. പട്ടി, പൂച്ച എന്നിവയെയും ധാരാളമായി വളർത്തിയിരുന്നു. കാർഷിക ഉൽപ്പന്നങ്ങളായ വൈക്കോൽ, പുല്ല്, പിണ്ണാക്ക്, തവിട്, പരുത്തിക്കുരു, പുളിയരിപ്പൊടി, തവിട് എന്നിവയായിരുന്നു പ്രധാനമായും കന്നുകാലികൾക്ക് തീറ്റയായി കൊടുത്തിരുന്നത്. നെൽകൃഷി കുറഞ്ഞതു കൊണ്ട്, വൈക്കോൽ, പുല്ല്, എന്നിവ കുറഞ്ഞതും, തീറ്റയുടെ വിലയിൽ ഉണ്ടായ ക്രമാതീതമായ വർദ്ധനയും, കീടനാശിനികളുടെ ഉപയോഗത്തിന്റെ ഫലമായി കന്നുകാലികൾക്കുണ്ടാകുന്ന രോഗങ്ങളും,

യഥാസമയങ്ങളിൽ ചികിൽസ നൽകാൻ വേണ്ടിവരുന്ന അമിത ചെലവുകളും കർഷകരെ കന്നുകാലി വളർത്തലിൽ നിന്നും പിൻതിരിപ്പിക്കാൻ കാരണമായി.

പാൽ, ഇറച്ചി, മുട്ട, തൈര്, നെയ്യ്, എന്നീ ഭക്ഷ്യോൽപ്പന്നങ്ങൾ വേണ്ടി പക്ഷിമൃഗാദികളെ ആശ്രയിച്ചേതീരൂ. സങ്കരയിനം പശുക്കളുകൾ, മേൽത്തരം കോഴികുഞ്ഞുങ്ങൾ, മുയൽ, പന്നി എന്നിവയുടെ ലഭ്യത വർദ്ധിച്ചതോട് കൂടി ഇവയേ ശാസ്ത്രീയ രീതിയിൽ വളർത്തുന്നതിൽ നമ്മുടെപ്രദേശങ്ങളിലെ ജനങ്ങൾ കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചു എന്നിരുന്നാലും നമ്മുടെ ഉൽപാദനം ആവിശ്യത്തിന്റെ 30% ത്തിൽ താഴെയാണ്. ഈ മേഖലയിൽ നിന്നും കോടികണക്കിന് രൂപ നമ്മുടെ അയൽ സംസ്ഥാനത്തേക്ക് ഒഴുകികെണ്ടിരിക്കുന്നു. ഈ പ്രവണത തടയണമെങ്കിൽ നമ്മുടെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ആളോഹരി കൃഷി ഭൂമിയുടെ ലഭ്യതയിൽ വന്ന കുറവും വ്യാവസായികഖേലയിലെ മുരടിപ്പും മന്മൂലമുണ്ടായ തൊഴിലില്ലായ്മയും മൃഗസ്രക്ഷണമേഖലയിലേക്ക് ജനശ്രദ്ധതിരിക്കുവാൻ കാരണമായി. പുനലൂർ മുനിസിപ്പൽപ്രദേശത്തെ കന്നുകാലി ഉടമകളിൽ ഭൂരിപക്ഷവും ചെറുകിട-നാമ-മാത്രകർഷകരും കർഷകതൊഴിലാളികളുമാണ്. 8-ാം പദ്ധതി കാലഅളവിൽമൃഗസംരക്ഷണ മേഖലയിൽ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേന്മയും ഉൽപാദനക്ഷമതാവർദ്ധനയും സാദ്ധ്യമാക്കാൻ ശ്രമിച്ചിട്ടുണ്ട്

**മൃഗസംരക്ഷണമേഖലയുടെ പ്രത്യേകപരിഗണനകൾ**

1. കൂടുതൽ തൊഴിൽഅവസരങ്ങൾ
2. പോഷക പ്രധാനമായ മുട്ട, പാൽ, മാംസം, തുടങ്ങിയവയുടെ ഉല്പാദന വർദ്ധന.
3. ബയോഗ്യാസ് നിർമാണസാധ്യതകൾ
4. പരിസ്ഥിതിയ്ക്കായുള്ള മൃഗശക്തി
5. ജൈവവളങ്ങൾ
6. മാംസ സംസ്കരണം, വിപണനം, ഉൽപന്നങ്ങളുടെ ശാസ്ത്രീയ ഉൽപാദനവും ഉപഭോഗവും.

നാടൻപശുക്കളുടെ സ്ഥാനത്ത് മേൽത്തരം ജനുസുകളിലേക്ക് ഉണ്ടായ പരിവർത്തനവും അവയുടെ പരിപാലനവും മൂലം പാൽ ഉൽപാദനത്തിൽ നമ്മുടെ സംസ്ഥാനം വളരെയേറെ മുന്നോട്ട് പോയെങ്കിലും പുനലൂർ മുനിസിപ്പൽ പ്രദേശത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാനായില്ല. കോഴിയിറച്ചിയുടെ ഉൽപാദനത്തിൽ നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് പളരെ പുരോഗതി കൈവരിയാക്കാനായെങ്കിലും തമിഴ്നാട്ടിൽ നിന്നും താണവിലയാക്ക് കോഴിയിറച്ചി കേരളത്തിലേക്ക് കടത്തിക്കൊണ്ടുവരുന്നതുമൂലം നമ്മുടെ പൗൾട്രിഫാമുകൾ വലിയ പ്രതിസന്ധിയെ നേരിടുകയാണ്. മുനിസിപ്പൽ പ്രദേശത്ത് ചെറുതും വലുതുമായ നിരവധി പൗൾട്രി ഫാമുകൾ പ്രവർത്തിച്ചുവരുന്നു. ഇതിലൂടെ ധാരാളം ആളുകൾ തൊഴിൽ ചെയ്ത് ഉപജീവനം നടത്തിവരുന്നു. കോഴിഇറച്ചിയുടെ ഇറക്കുമതി കർശനമായി നിരോധിച്ചും നമ്മുടെ നാട്ടിലെ പൗൾട്രി ഫാമുകൾ നവീകരിച്ചും കോഴിയിറച്ചിയുടെ ഉൽപാദനം വർദ്ധിപ്പിച്ചാൽ ആഭ്യന്തര ആവശ്യത്തിനുവേണ്ടത് ഇവിടെ ഉൽപാദിപ്പിക്കുവാനും ആ രംഗത്ത് തൊഴിൽ ഭദ്രത ഉറപ്പു വരുത്താവുന്നതുമാണ്. പുനലൂരിൽ വിപണനം ചെയ്യപ്പെടുന്ന കൊഴിമുട്ടയുടേയും താറാമുട്ടയുടേയും 95% ും അന്യനാടുകളിൽ നിന്നും എത്തിച്ചേരുന്നതാണ്. മേൽത്തരം മുട്ടക്കോഴികളെയും സാധ്യതയുള്ള ഭാഗങ്ങളിൽ താറാവിനേയു വളർത്തിയാൽ മുട്ടയുടെ ഉൽപാദനം വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ നാട്ടിൽ മാംസത്തിന്റെ ഉപഭോഗം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മാംസോൽപാദന-സംസ്കരണ-വിപണന രംഗമാകട്ടെ അസംഘടിതമേഖലയിലും. മാംസോൽപാദനത്തിനുള്ള മൃഗങ്ങളുടെ 90 % വരെഅന്യസംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടുവരുന്നത്. ഇവിടെ ക്രയവിക്രയം നടക്കുന്ന സമ്പത്തിന്റെ ഏറിയ ഭാഗവും അന്യ സംസ്ഥാനങ്ങളിലേക്കാണ് പോകുന്നത്.

**മൃഗസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ**

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും, അനിയ[illegible] വിലയും, ലഭിക്കുന്ന തീറ്റയുടെ ഗുണമില്ല[illegible]മയും
2. കുറഞ്ഞ പാൽ വില
3. പാൽ വിതരണ രംഗത്തെ അപര്യാപ്തത.
4. അമിതമായ ചികിൽസാ ചെലവ്
5. മൃഗസംരക്ഷണ മേഖലയിലെ വായ്പാ സൗകര്യത്തിന്റെ കുറവ്.
6. ഉരുക്കളെ ഇൻഷ്വർ ചെയ്യാനുള്ള ബുദ്ധിമുട്ട്.

7. വൈക്കോലിന്റെ ദൗർലഭ്യം, വിലവർദ്ധനവ്
8. തീറ്റപ്പുൽകൃഷിയുടെ അഭാവം.
9. ആവശ്യാനുസരണമുള്ള ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം
10. മൃഗാശുപത്രികളുടെ ശോച്യാവസ്ഥ.
11. സൗകര്യങ്ങൾ ഇല്ലാത്ത മൃഗാശുപത്രികൾ.
12. മാംസോൽപാദന-വിപണന രംഗത്തെ പ്രശ്നങ്ങൾ.
13. പേ വിഷ നിയന്ത്രണത്തിനുള്ള തകരാറുകൾ.

മൃഗസംരക്ഷണ മേഖലയിലെ സാദ്ധ്യതകൾ

1. പ്രാദേശിക വിഭവങ്ങൾ സമാഹരിച്ച് സഹകരണമേഖലയിൽ കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം.
2. നെൽകൃഷി അഭിവൃദ്ധിപ്പെടുത്തി വയ്ക്കോലിന്റെ ലഭ്യത വർദ്ധിപ്പിക്കുക.
3. തെങ്ങിൻ തോപ്പുകളിലും പുരയിടങ്ങളിലെ ഈടികളിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കണം.
4. പുനലൂർ കേന്ദ്രമാക്കി ഒരു ക്ഷീരോൽപാദക സംസ്കരണ സഹകരണ സംഘം രൂപീകരിക്കുകയും അതിന്റെ യൂണിറ്റുകൾ കലയനാട് ഐക്കരക്കോണം, മണിയാർ, കല്ലാർ, ഭരണിക്കാവ്, പേപ്പർ മിൽ, ചെമ്മന്തൂർ, എന്നീ ഭാഗങ്ങളിൽ സ്ഥാപിക്കുകയും വേണം.
5. ധനകാര്യ സ്ഥാപനങ്ങളും, കൃഷി ഡിപ്പാർട്ട്മെന്റും, ക്ഷീരസഹകരണ സംഘവും, സംരഭകരും ചേർന്ന് വായ്പാ സംവിധാനം ഉണ്ടാക്കണം.
6. പാൽ, മുട്ട എന്നിവയ്ക്ക് ന്യായമായ വില ലഭ്യമാക്കണം.
7. മുൻസിപ്പൽ പ്രേദേശത്തെ എല്ലാ കന്നുകാലികളെയും, കോഴി, താറാവ്, മുയൽ, പന്നി എന്നിവയേയും ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരണം.
8. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യം ലഭ്യമാക്കുകയും വേണം.
9. വനിതാ സംഘങ്ങൾ രൂപീകരിച്ച് മൃഗസംരക്ഷണ മേഖലയിൽ സ്ത്രീ പങ്കാളിത്തം ഉറപ്പ് വരുത്തണം.
10. സമഗ്ര പേവിഷ നിയന്ത്രണ നയം രൂപീകരിച്ച് മുനിസിപ്പൽ അതിർത്തിയിലെ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് ഏർപ്പെടുത്തി പ്രതിരോധ കുത്തിവയ്പ് നിർബന്ധമാക്കുകയും അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

9-ാം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട മൃഗസംരക്ഷണമേഖലയിലെ പ്രധാന പദ്ധതികൾ.

1. പാലുല്പാദനം

കർഷകർ-ചെറുകിട നാമ മാത്ര കർഷകർ-കർഷക തൊഴിലാളികൾ-വനിതാ സംഘങ്ങൾ-വീട്ടമ്മമാർ-എന്നിവരെ ഈ മേഖലയിലേക്ക് ആകർഷിക്കുക. കാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിക്കുന്നതിന് വേണ്ട പ്രോതസാഹനവും സാമ്പത്തിക സഹായവും നൽകുക.

2. സഹകരണാടിസ്ഥാനത്തിൽ പുനലൂർ കേന്ദ്രമാക്കി ഒരു ക്ഷീരോൽപാദക-സംസ്കരണ-വിപണന സംഘം സ്ഥാപിക്കുക. മുനിസിപ്പാലിറ്റിയുടെ വിവിധ മേഖലകളിൽ അതിന് യൂണിറ്റുകൾ തുടങ്ങുക. ഈ സംഘം വഴി കർഷകരിൽ നിന്നും ന്യായ വിലയ്ക്ക് പാൽ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും കഴിയണം. സംഘം വഴി സംഘാംഗങ്ങൾക്ക് ആവശ്യമുള്ള കാലിത്തീറ്റ, ഫീഡ് സപ്ലിമെന്റുകൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുക.
3. സഹകരണ മേഖലയിൽ ചെറുകിട കാലിത്തീറ്റ ഉൽപാദന യൂണിറ്റ് തുടങ്ങുക.
4. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.
5. മാതൃകാ തൊഴുത്ത് നിർമ്മാണ സഹായ പദ്ധതി നടപ്പിലാക്കുക.

ഉൽപാദനക്ഷമതയുള്ള മേൽത്തരം പശുക്കളെ വളർത്തുന്നതിന് ശാസ്ത്രീയാടിസ്ഥാനത്തിലുള്ള തൊഴുത്ത് നിർമ്മിക്കേണ്ടതുണ്ട്. കന്നുകാലികളുടെ ആരോഗ്യപരിപാലനത്തിനും ശുചിയായ പാൽ ഉൽപാദനത്തിനും ഇതാവശ്യമാണ്. സാമ്പത്തിക ബുദ്ധിമുട്ടനുഭവപ്പെടുന്ന കർഷകർക്ക് തൊഴുത്തു നിർമ്മാണത്തിനാവശ്യമുള്ള ധനസഹായം നൽകുന്ന നടപടി സുതാര്യമാക്കുക.

6. ബ്രോയിലർ കോഴി വളർത്തലിന് സഹായ പദ്ധതി.

മാംസ്യാവശ്യത്തിനുള്ള കോഴികളെ വളർത്തുന്ന ഫാമുകൾക്കാവശ്യമായ സാങ്കേതിക പരിജ്ഞാനവും ഉയർന്ന ഗുണമേന്മയുള്ള കൊഴികളെ ലഭിക്കുന്നതിനുള്ള സൗകര്യവും വർദ്ധിപ്പിക്കേണ്ടതാണ്. കോഴിത്തീറ്റ, മരുന്ന്, കോഴികുഞ്ഞുങ്ങൾ എന്നിവയ്ക്ക് ഏർപ്പെടുത്തിയിരിക്കുന്ന നികുതികൾ നിർത്തലാക്കണം. അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ക്കരിച്ച കോഴി ഇറച്ചി കൊണ്ടുവരുന്നത് കർശനമായും നിയന്ത്രക്കണം.

ഫാമുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും രോഗബാധ തടയുന്നതിനും പ്രത്യേക പദ്ധതി നടപ്പിലാക്കണം.

7. പേ വിഷബാധ നിർമ്മർജ്ജന പദ്ധതി.

സംയോജിതവും സമയബന്ധിതവുമായ വാക്സിനേഷൻ പ്രവർത്തനങ്ങളിലൂടെ മുൻസിപ്പൽ പ്രദേശത്ത് വളർത്തപ്പെടുന്ന നായ്ക്കളെ പേ വിഷ ബാധയിൽ നിന്നും ഒഴിവാക്കേണ്ടതാണ്. അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാനും വളർത്തുനായ്ക്കൾക്ക് കർശനമായ ലൈസൻസ് സമ്പ്രദായം നടപ്പിലാക്കണം. അത്തരം നായ്ക്കൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം.

8. ക്യാമ്പ് ഡിസ്പെൻസറികൾ

നഗരത്തിലെ പ്രധാനകേന്ദ്രങ്ങളിൽ ക്യാമ്പ് ഡിസ്പെൻസറികൾ സ്ഥാപിക്കുകയും അവയിലൂടെ ചികിത്സ, പ്രതിരോധ വാക്സിനേഷൻ, വിജ്ഞാന വ്യാപന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ, ഫിലിം പ്രദർശനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

9. മാർക്കറ്റുകളിലെ അറവുശാലകളുടെ നവീകരണവും ഇറച്ചി സ്റ്റാൾ നിർമ്മാണവും കുറ്റമറ്റതാകണം.

10. ചെറിയ മൃഗങ്ങൾക്ക് വേണ്ടിയുള്ള പരിശോദനാ മുറിയുടെ നിർമ്മാണവും സജ്ജീകരണവും ആധുനുക രീതിയിലുള്ള സൗകര്യങ്ങളോടുകൂടി നടപ്പിലാക്കണം.

11. പുനലൂർ വെറ്റിനറി പോളി ക്ലിനിക്കിന്റെ നവീകരണവും വികസനവും ധൃതഗതിയിലാക്കണം. ഇന്നുള്ള മൃഗാശുപത്രിയിൽ യാതോരു വിധ സൗകര്യങ്ങളും നിലവിലില്ല. ആശുപത്രി കെട്ടിടം അപകട നിലയിലാണ്. ചുറ്റുമതിൽ ഇല്ല. വൈദ്യുതി, വെള്ളം എന്നിവയ്ക്കുള്ള സൗകര്യം തകരാറിലാണ്. ഉള്ള വാഹനം കാലപ്പഴക്കം വന്നതും പ്രവർത്തന യോഗ്യമായതുമല്ല.

12. കലയനാടുള്ള മാർക്കറ്റ് വിപുലപ്പെടുത്തുകയും അവിടെ ഒരു മൃഗാശുപത്രി സ്ഥാപിക്കുകയും വേണം. പുനലൂരിൽ ഒരു കന്നുകാലി പൗണ്ട് ഉണ്ടാക്കണം.

**മൽസ്യബന്ധനം**

പുനലൂർ നഗരാതിർത്തിയിൽ നിലവിൽ മൽസ്യക്യഷി നടത്തുന്നില്ല. എന്നാൽ ചില വാർഡുകളിൽ കൃഷിയുക്തമല്ലാത്ത നെല്പാടങ്ങൾ തോണ്ടി പരുവപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ശാസ്ത്രീയ മൽസ്യകൃഷി നടത്താവുന്നതാണ്. ആയതിനാൽ പുനലൂർ കേന്ദ്രീകരിച്ച് ഒരു സഹകരണ മത്സ്യോല്പാദന സംസ്കരണ-വിപണന സംഘം രൂപീകരിക്കുകയും, താല്പര്യമുള്ള കർഷകർക്ക് മത്സ്യം വളർത്തുന്നതിനും വിപണനം നടത്തുന്നതിനും വേണ്ട സഹായസഹകരണങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. ആയതിന്റെ സാങ്കേതിക ഉപദേശങ്ങൾ നൽകുന്നതിനായി നിലവിൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ശാഖകളൊന്നും പുനലൂരിൽ പ്രവർത്തിക്കുന്നില്ല. പുനലൂർ പ്രദേശത്ത് സാദ്ധ്യതയുള്ള ഭാഗങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് വേണ്ട സാങ്കേതിക പരിജ്ഞാനം സംരഭകർക്ക് സൗജന്യമായി നൽകുന്നതിലേക്ക് ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായം ഉണ്ടാകേണ്ടതുണ്ട്. അത്തരം സഹായമുണ്ടാക്കിയെടുത്താൽ ജലസേചനാവശ്യത്തിനായി പുതിയ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന മിക്കവാറും കുളങ്ങളിൽ മത്സ്യകൃഷി ലാഭകരമായി നടത്താവുന്നതാണ്.

മത്സ്യ വിപണന രംഗത്ത് പുനലൂർ വളരെ മുന്നിലാണ്. എന്നാൽ മത്സ്യ വിപണനം നടത്തുന്നതിനും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും യാതൊരു വിധമായ സൗകര്യങ്ങളും നിലവിലില്ല. ഈ മേഖലയ്ക്ക് മൊത്തത്തിൽ ബാധകമായ വിപണന സംസ്കാരം ഉണ്ടാക്കിയെടുക്കേണ്ടിയിരിക്കുന്നു. മുകളിൽ സൂചിപ്പിച്ച തരത്തിൽ ഒരു സഹകരണ സംഘം രൂപീകരിച്ചാൽ ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം ഉണ്ടാക്കുവാനും മത്സ്യം വിപണനം നടത്തി ഉപജീവനം നടത്തുന്ന സാമ്പത്തിക പരാധീനതമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന ചെറു ഇടത്തരം തൊഴിലാളികൾക്ക് വളരെയധികം സഹായങ്ങൾ ചെയ്തുകൊടുക്കാവുന്നതാണ്. കൂടാതെ, മത്സ്യവ്യാപാരം നടത്തുന്നതിനാവശ്യമായ മിനിലോറി, ആട്ടോറിക്ഷ, ഉന്തുവണ്ടി, സൈക്കിൾ മറ്റുപകരണങ്ങൾ, എന്നിവ വാങ്ങുന്നതിനുവേണ്ട സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിൽ നിന്നും ഈ മേഖലയിൽ നടത്തിവരുന്ന ഒട്ടേറെ ക്ഷേമപദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങളുടെ പ്രയോജനം ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

പുനലൂർ മാർക്കറ്റിലെ മത്സ്യവിപണനത്തിന് ഇന്നുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്തി പൊതുനിരത്തുകളിൽ വെച്ചുള്ള മത്സ്യവ്യാപാരം

കർശനമായി നിരോധിക്കണം. മാർക്കറ്റുകളോട ചേർന്ന് മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനു ള്ള സൗകര്യങ്ങളും ലഭ്യമാക്കണം. പുനലൂർ മാർക്കറ്റിൽ പ്രവർത്തന രഹിതമായി കിടക്കുന്ന ഐെസ്പ്ലാന്റ് അവിടെ നിന്നും മാറ്റി സൗകര്യപ്രദ മായ സ്ഥലത്ത് സ്ഥാപിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

കലയനാട്, മണിയാർ മാർക്കറ്റുകളിൽ ഉണക്ക-പച്ച മത്സ്യങ്ങൾ വിൽക്കുന്നതിനാവശ്യ മായ സ്റ്റാളുകൾ നിർമ്മിക്കണം. കമ്പോളങ്ങളിൽ ഉപയോഗശൂന്യമായ മത്സ്യം വിൽപന നടത്തുന്നത് കർശനമായി നിരോധിക്കുകയും പരിശോധനാ സമ്പ്രദായം വിപുലപ്പെടുത്തുകയും വേണം. എല്ലാ കമ്പോളങ്ങളും ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം. ചപ്പുചവറുകൾ നീക്കം ചെയ്യുവാനുള്ള സൗകര്യം ഉറപ്പുവരുത്തണം. കമ്പോളങ്ങളെ ഇൻഷൂർ ചെയ്യണം.വാർഡുസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള വാർഡുകൾ.

4.ചാലക്കോട്.
5. പേപ്പർ മിൽ,
14 തൊളിക്കോട്,
16 മണിയാർ,
17 അഷ്ടമംഗലം,
18. കക്കോട്,
19.ഐക്കരക്കോണം
22.പ്ലാച്ചേരി.
24 കലയനാട്,
25 തുമ്പോട്,
26 ഹൈസ്കൂൾ,
28 വിളക്കുവട്ടം,
11. കോളേജ്,
7. ശാസ്താംകോണം.
6 മുസാവരി

ഈ വാർഡുകളിൽ നിലവിലുള്ള കുളങ്ങൾ വിപുലീകരിച്ചും, കൃഷിയക്ക് ഉപയോഗിക്കുന്ന കുളങ്ങൾ ഉപയോഗപ്പെടുത്തിയും,കൃഷിയ്ക്ക് അനുയോജ്യമല്ലാത്തതിനാൽ തരിശായി ഇട്ടിരിക്കുന്ന നിലങ്ങളിൽ കുളം കുഴിച്ചും മത്സ്യകൃഷി നടത്തുന്നതിനുള്ള സാദ്ധ്യതയുണ്ട്. ഇതിനായി മുന്നിട്ടറങ്ങുന്ന കൃഷിക്കാർക്ക് ഫഷറീസ് ഡിപ്പാർട്ട്മെന്റ് വഴിയും ധനകാര്യ സ്ഥാപനങ്ങൾ വഴിയും വേണ്ട സാങ്കേതിക പരിജ്ഞാനവും ഗുണനിലവാരമുള്ള മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയും ധനസഹായ വും ഉറപ്പുവരുത്തേണ്ടതാണ്. കല്ലട ആറ്റിൽ തടയണ നിർമ്മിച്ചും മണൽ വാരൽ, തൊട്ട ഇടീൽ, ആറ്റിൽ വിഷം കലർത്തൽ എന്നിവ നിരോധിച്ചും കല്ലട ആറ്റിലെ മ ത്സ്യസമ്പത്ത് വികസിപ്പിച്ചെടുക്കാവുന്നതാണ്.

വിവധ ഏജൻസികൾ

സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഏജൻസികളാണ്,

a. ഫിഷറീസ് ഡിപ്പാർട്ട്മെന്റ്,
b. മത്സ്യഫെഡ്,
c. ഫിഷ്ഫാർമേഴ്സ്. ഡവലപ്മെന്റ് ഏജൻസി,
d. കേരളാ മത്സ്യത്തൊഴിലാളി ക്ഷേമനിധി,
e. ഓരു ജല മത്സ്യകൃഷി വകസന പദ്ധതി.

ഇവയുടെ പ്രവർത്തനം നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് നിലവിലില്ലാത്തതുകൊണ്ട് ഈ ഏജൻസികൾ വഴി നടത്തിവരുന്ന ക്ഷേമ പദ്ധതികളുടെ ഗുണം നമ്മുടെ നാട്ടിൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും ലഭിക്കുന്നില്ല. ആയതിന് പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ആയതിനാൽ ഇവയുടെ പ്രവർത്തനത്തെ സംബന്ധിച്ച വിവരം നൽകുന്നതിലോക്കായി ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ ഒരു ആഫീസ്സ് പുനലൂരിൽ ആരംഭിക്കേണ്ടതുണ്ട്.

## പട്ടിക 1

### വളർത്തു മൃഗസംഖ്യ

| കാള- നാടൻ | | കാള-സങ്കരം | | പശു-നാടൻ | | പശു-സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|
| വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവയുള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 62 | 54 | 102 | 79 | 241 | 212 | 1077 | 793 | 63 | 11 | 28 | 1260 | 1910 | – |

## പട്ടിക 2

### വളർത്തു പക്ഷി സംഖ്യ

| ഇറച്ചി കോഴി / പൂവൻകോഴി | പിടക്കോഴി | | താറാവ് | | ആകെ | മറ്റുള്ളവ |
|---|---|---|---|---|---|---|
| | മുട്ടയിടുന്നത് | മുട്ട യിടാത്തത് | ആൺ | പെൺ | | |
| 6790 | 14100 | 7170 | 69 | 211 | 28340 | |

അവലംബം മൃഗാശുപത്രി രേഖകൾ

## പട്ടിക 3

### രോഗ വിവരങ്ങൾ പുനലൂർ മൃഗാശുപത്രി

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | കോഴി | താറാവ് | പൂച്ച | പട്ടി |
|---|---|---|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായ | 12000 | 100 | 2000 | 30 | 1000 | 50 | 5 | 300 |
| 2 | ശ്വാസകോശ സംബന്ധം | 13000 | 120 | 3000 | 25 | 1000 | 60 | 10 | 400 |
| 3 | ഉപാപചയം സംബന്ധം | 3000 | 50 | 300 | 15 | – | – | – | 100 |
| 4 | ത്വക് രോഗങ്ങൾ | 5000 | 40 | 1000 | – | – | – | – | 500 |
| 5 | ധാതു ലവണങ്ങളുടെ അഭാവം | 2000 | 10 | 500 | – | – | – | – | 10 |
| 6 | പരാദ രോഗങ്ങൾ | 4000 | – | 3000 | 25 | 3000 | 100 | 25 | 1200 |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി | 3000 | 50 | | 50 | – | – | – | 100 |
| 8 | ബന്ധപ്പെട്ടവ | 500 | – | | – | – | – | – | – |
| 9 | വന്ധ്യത | 600 | – | | – | – | – | – | – |
| 10 | അകിടു വീക്കം | 410 | – | | – | – | – | – | – |
| 11 | മുടന്തൻ പനി പകർച്ച വ്യാധികൾ | 600 | | | – | 5000 | 200 | 50 | 400 |

അവലംബം മൃഗാശുപത്രി രേഖകൾ

പട്ടിക 4

## പേ വിഷബാധ - പ്രതിരോധവും ചികിത്സയും

| | പശു | എരുമ | ആട് | പട്ടി | പൂച്ച |
|---|---|---|---|---|---|
| പ്രതിരോധ കുത്തിവെയ്പ്പ് നൽകിയവയുടെ എണ്ണം | - | - | - | 600 | - |
| കടിയേറ്റതിനു ശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം | 15 | 20 | 10 | | |

അവലംബം മൃഗാശുപത്രാ രേഖകൾ

പട്ടിക 5

## കൃത്രിമ ബീജസങ്കലനം വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭ ധാരണത്തിന് 2-ലധികം തവണ ബീജ സങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| ഇനം | 1800 | 1300 | 800 |
| പശു | 1000 | 700 | 500 |
| കിടാരി | 60 | 15 | 5 |
| എരുമ | | | |

അവലംബം മൃഗാശുപത്രി രേഖകൾ

## 8 -)0 പദ്ധതിയിൽ ആവിഷ്ക്കരിച്ച സ്കീമുകൾ

| സ്കീമുകൾ | ചിലവായ തുക |
|---|---|
| ചികിത്സ | 285000 |
| രോഗ പ്രതിരോധ കുത്തിവെയ്പ്പ് | 150000 |
| കന്നുകാലി വർഗ്ഗോദ്ധാരണ പദ്ധതി (കൃത്രിമ ബീജ സങ്കലനം) | 173400 |
| കോഴി രോഗങ്ങളുടെ നിയന്ത്രണം | 5000 |
| ക്യാമ്പ് ഡിസ്പെൻസറികൾ | 15000 |
| പേവിഷബാധ നിയന്ത്രണം | 3000 |
| വിജ്ഞാന വ്യാപന പരിപാടികൾ ചർച്ചാ ക്ലാസ്സ്, സെമിനാർ, പ്രദർശനം തുടങ്ങിയവ | 1000 |
| ആകെ ചിലവായ തുക | 632400 |

അവലംബം മൃഗാശുപത്രി

257

258

# വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ മഹത്തായ പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന പട്ടണമാണ് പുനലൂർ. 2 കോളേജുകളും 6 ഹൈസ്കൂളുകളും 3 അപ്പർ പ്രൈമറി സ്കൂളുകളും, 14 ലോവർ പ്രൈമറി സ്കൂളുകളും 4 നേഴ്സറി സ്കൂളുകളും 16 പാരലൽ കോളേജുകളും 18 സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പടെ 63 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പുനലൂരിന്റെ വിദ്യാഭ്യാസ ചരിത്രം പരിശോ ധിക്കുന്നത് ഇത്തരുണത്തിൽ ഏറ്റവും ഉചിതമായിരിക്കും.

കഴിഞ്ഞ 8 ദശാബ്ദകാലമായി വിദ്യാഭ്യാസ-സാംസ്ക്കാരിക-കായികരംഗങ്ങളിൽ ഉണ്ടായ അഭിവൃദ്ധിക്ക് നേതൃത്വം നല്കിയ പത്തനാപുരം താലൂക്ക് സമാജമാണ്, 1915ൽ ആദ്യമായി ഒരു വിദ്യാഭ്യാസസ്ഥാപനം പുനലൂരിൽ ആരംഭിച്ചത്. ഇംഗ്ലീഷ് മിഡിൽ സ്കൂൾ എന്ന പേരിൽ ആരംഭിച്ച ഈ സ്ഥാപനത്തിന്റെ പ്രഥമ ഹെഡ്മാസ്റ്റർ കോട്ടയം സ്വദേശിയായ ശ്രീ. കെ. ആർ. ഗോപാല പിള്ളയും മാനേജർ ശ്രീ. പി. സി. ശിവരാമപിള്ളയും ആയിരുന്നു. പുനലൂരിൽ ആരംഭിച്ച മുസ്ളീം പ്രൈമറി സ്കൂളുകളും, സി എസ്. ഐ. ഇടവകയുടെ നേതൃത്വത്തിൽ ചെമ്മന്തൂരിൽ സ്ഥാപിച്ച ലണ്ടൻമിഷൻ സ്കൂളും, കാത്തോലിക് സഭയു ടെ നേതൃത്വത്തിൽ റെയിൽവേസ്റ്റേഷന് വടക്കാരംഭിച്ച പള്ളിപള്ളിക്കൂടവും 1947ന് മുമ്പ്തന്നെ ഇവിടെ പ്രവർത്തിച്ചിരുന്നു. ഇതേ കാലഘട്ടത്തിൽ തന്നെ ഇപ്പോഴത്തെ താലൂക്ക് ആഫീസിനു കിഴക്ക് വശത്ത് മുൻസിഫ് കോടതി കിടക്കുന്നിടത്ത് ഒരു വലിയ ഹാളിൽ എഴിപ്പള്ളിക്കൂടം എന്ന റിയപ്പെടുന്ന ഒരു മലയാളം മീഡിയം സ്കൂളും ഉണ്ടായിരുന്നു. പത്തനാപുരം മണ്ഡപത്തും വാതുക്കൽ ആസ്ഥാനമായ പുനലൂരിലെ താലൂക്ക് കച്ചേരി പ്രാരംഭമായി പ്രവർത്തിച്ചിരുന്നതും ഇതേ സ്കൂളിന്റെ കെട്ടിടത്തിലായിരുന്നതിനാൽ കച്ചേരിപ്പള്ളിക്കൂടം എന്നും ഇത് അറിയപ്പെട്ടിരുന്നു. ഇവിടുത്തെ പ്രഥമാദ്ധ്യാപിക പുങ്കാവിൽ ശ്രീമതി അന്നമ്മയാണ്. അടുത്ത കാലം വരെ പെൺപള്ളിക്കൂടം എന്നും ഇപ്പോൾ L. P. G .S.എന്നും അറിയപ്പെടുന്നസ്കൂൾ നിൽക്കുന്ന സ്ഥാനത്ത് മുൻപുണ്ടായിരുന്ന കെട്ടിടം രാജഭരണകാലത്ത് സൗജന്യ ഭക്ഷണം നൽകുന്നതി നുള്ള ഊട്ടുപുരയായിരുന്നു.

1943-ൽ മാധവവിലാസം എന്ന പേരിൽ ഒരു സംസ്കൃത സ്കൂൾ പരേതനായ ശ്രീ.കെ.മാധവന്റെ ഉടമസ്ഥതയിൽ ഇന്നത്തെ മൃഗാശുപത്രിക്ക് എതിർവശം സ്ഥിതി ചെയ്തിരുന്ന S.N.D.P യൂണിയന്റെ കെട്ടിടത്തിൽ ആരംഭിച്ചു. പ്രഥമം, ദ്വിതീയം എന്നീ രണ്ടു ക്ളാസുകളായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ. എസ്.കെ മാധവൻനായർശാസ്ത്രീയായിരിന്നു. പിൽക്കാലത്ത് ഇത് വാളക്കോട്ടേക്ക് മാറ്റി സ്ഥാപിച്ചു. എന്നാൽ സ്കൂളിന്റെ തുടർന്നുള്ള പ്രവർത്തനത്തിനാവശ്യമായ അനുവാദവും മറ്റും സർക്കാരിൽനിന്ന് ( സർ. സി. പി. രാമസ്വാമി അയ്യരിൽനിന്ന് ) നേടിയെടുക്കാൻ പുനലൂർ പേപ്പർമില്ലിന്റെ അന്നത്തെ മാനേജർ ശ്രീ. നരസിംഹ അയ്യരുടെ സേവനവും സഹായവും ആവശ്യമാണെന്നു കണ്ട് ആ നാമധേയത്തിൽ (നരസിംഹവിലാസം സംസ്കൃത സ്കൂൾ എന്ന പേരിൽ) ഈ സ്ഥാപനം നടത്തിപ്പോന്നു. സംസ്കൃത സ്കൂളുകളെല്ലാം ഹൈസ്കൂളുകളാക്കി മാറ്റി യപ്പോൾ ഈ വിദ്യാലയത്തിന്റെ പേർ എൻ.എസ്.വി. ഹൈസ്കൂൾ എന്നായി മാറി.

സർ സിപി രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ പരിഷ്ക്കാരത്തിന്റെ ഭാഗമായി നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസ സമ്പ്രദായം നടപ്പിൽ വന്നതോടുകൂടി വിദ്യാഭ്യാസം സർക്കാർ നിയന്ത്രണത്തിലായി. വ്യക്തികളുടെ നേതൃത്വത്തിൽ സ്കൂൾ പാടില്ല എന്ന നിയമം വന്നതോടെ ഡിനോമിനേഷൻ സ്കൂൾ എന്നറി യപ്പെട്ടിരുന്ന ചില സ്വകാര്യ സ്കൂളുകൾ സർക്കാരിനു വിട്ടുകൊടുത്തു. മറ്റു ചില സ്കൂളുകൾ നിലച്ചുപോയി. സർക്കാർ മേഖലയിൽ പുതിയ സ്കൂളുകൾ ആരംഭിച്ച താലൂക്കുകളിൽ പത്തനാപുരം താലൂക്കും ഉൾപ്പെടുത്തി. ഇന്ന് നിലവിലുള്ള വാളക്കോട് എൽ. പി. സ്കൂളും അനാഥശാല സ്കൂളും ആരംഭിക്കുന്നതിനുമുമ്പ് കലയനാട് മേൽപ്പാലത്തിനു സമീപം ശ്രീ ഫിലിപ്പോസ് ആരംഭിച്ച മന്ദിരം സ്കൂൾ രണ്ടു മൂന്നിടങ്ങളിൽ മാറി മാറി പ്രവർത്തിച്ച ശേഷം ക്രമേണ നാമാവശേഷമായി.

പത്തനാപുരം മണ്ഡപത്തും വാതുക്കൽ ആസ്ഥാനം, കൊല്ലവർഷം 1000 ആണ്ടി നുശേഷം മറവന്മാരുടെ ആക്രമണത്തിൽ ശിഥിലമായപ്പോൾ പത്തനാപുരത്തുനിന്നും പുനലൂരിലേക്ക് മാറ്റി സ്ഥാപിച്ചു. ഭരണപരമായ ആവശ്യങ്ങൾക്ക് വേണ്ടി കൂടുതൽ ക്രമീകരണങ്ങൾ ഉണ്ടായി. തുടർന്ന് താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ആളുകൾ പുനലൂരിലേക്ക് വരാനിടയായി. പുനലൂരിന്റെ ക്രമാനുഗതമായ വളർച്ചയ്ക്ക് തമിഴുനാടുമായുള്ള വ്യാപാര ബന്ധം മുഖ്യ ഘടകമായി. 1877-ൽതൂക്കുപാലം പണി പൂർത്തിയായതും 1888-ൽ മീനാക്ഷി പേപ്പർമിൽ ആരംഭിച്ചതും 1904-ൽ തമിഴ്നാടു മായി ബന്ധിപ്പിക്കുന്ന റയിൽവെ ലൈൻ നിലവിൽവന്നതും ഈ പ്രദേശത്തിന്റെ വളർച്ചയെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. അതോടെ നാനാവിഭാഗം ജനതയുടെ ഒരു സങ്കേതമായി പുനലൂർ പട്ടണം വികസിച്ചു. ഇംഗ്ളീഷ് വിദ്യാഭ്യാസം കാലഘട്ടത്തിന്റെ ആവശ്യമായി മാറി. നാട്ടുകാരുടെ ആഗ്രഹ സാഫല്യത്തിനായി ഇംഗ്ളീഷ് മിഡിൽസ്കൂൾ നിലവിൽവന്നു.

ഈ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിൽ വിദ്യാഭ്യാസത്തോട് ആഭിമുഖ്യം വളർത്തുന്ന പ്രേരകശക്തിയായി നിലകൊണ്ടു. വിദ്യാഭ്യാസപരവും വാണിജ്യപരവുമായ വളർച്ച അഭ്യസ്തവിദ്യരേയും സാങ്കേതിക വിദഗ്ദരേയും സാമൂഹ്യ പരിഷ്ക്കർത്താക്കളേയും ഇങ്ങോട്ടേയ്ക്കാകർഷിച്ചു. ഒരു സാംസ്ക്കാരിക സങ്കേതമായി പുനലൂർ വളരുകയും ചെയ്തു. സമൂഹം വൈവിധ്യവത്ക്കരിക്കപ്പെട്ടു. അന്നു നിലവിലിരുന്ന സങ്കുചിത ജാതി മത വർഗ്ഗീയ ചിന്തകളിൽ ഗുണകരമായ മാറ്റം സംഭവിച്ചു. തത്ഫലമായി വർഗ്ഗീയ കലാപങ്ങൾ ഈ പ്രദേശത്തിന് അന്യമായി എന്നുതന്നെ പറയാം.

അന്ന് 7-)o ക്ളാസ് ജയിച്ചവരെ എൽ. പി. സ്കൂൾ അദ്ധ്യാപകരായി നിയമിച്ചിരുന്നു. ഗുരുക്കന്മാരോട് വിദ്യാർത്ഥികൾക്ക് ഭയ ഭക്തിബഹുമാനങ്ങൾ നിലനിന്നിരുന്നു. ആകാലത്ത് അദ്ധ്യാപികമാർ

ഉണ്ടായിരുന്നില്ല എന്നത് ഒരു പ്രത്യേകത ആയിരുന്നു. അദ്ധ്യാപകർ കുട്ടികളെ കഠിനമായി ശിക്ഷിച്ചിരുന്നു. കുടിപ്പള്ളിക്കൂടം, ആശാൻ പള്ളിക്കൂടം എന്നീ പേരുകളിലറിയപ്പെട്ടിരുന്ന നിലത്തെഴുത്ത് കേന്ദ്രങ്ങളിൽ നിന്നായിരുന്നു വിദ്യാഭ്യാസത്തിന്റെ തുടക്കം. നാരായം കൊണ്ട് പനയോലയിൽ, ആശാൻ എഴുതിക്കൊടുക്കുന്ന പാഠങ്ങൾ ചൂണ്ടുവിരൽകൊണ്ട് പൂഴിയിൽ എഴുതിയാണ് ആദ്യാക്ഷരങ്ങൾ അഭ്യസിച്ചിരുന്നത്. വിദ്യാർത്ഥികളുടെ ഇടയിൽ അയിത്തം അൽപമായെങ്കിലും നിലനിന്നിരുന്നു.

പുനലൂർ പട്ടണത്തിൽ ഗവൺമെന്റുടമയിൽ ഏഴു ലോവർ പ്രൈമറി സ്കൂളുകളും രണ്ട് അപ്പർ പ്രൈമറി സ്കൂളുകളും, ഒരു ഹൈസ്കൂളും, ഒരു ബി. എഡ്. ട്രെയിനിങ് കോളേജും ഒരു ടെക്ക്നിക്കൽ സ്കൂളും പ്രവർത്തിക്കുന്നുണ്ട്. നാല് എൽ. പി. സ്കൂളുകളും ഒരു യു. പി. സ്കൂളും, 5 ഹൈസ്കൂളുകളും, ഒരു ആർട്സ് & സയൻസ് കോളേജും എയ്ഡഡ് സ്ഥാപനങ്ങളാണ്. എൽ. പി. സ്കൂളുകളിൽ മൂന്നെണ്ണം മുനിസിപ്പാലിറ്റിയുടെ തന്നെ ഉടമസ്ഥതയിൽ ഉള്ളതാണ്. ബാക്കിയുള്ളവ ഗവൺമെന്റ് അംഗീകാരം ഇല്ലാത്ത അൺഎയിഡഡ് സ്ഥാപനങ്ങളാണ്. നാല് പ്രീ പ്രൈമറി L.P. സ്കൂളുകൾ കഴിഞ്ഞ പത്ത് വർഷത്തി നിടയിൽ ഉണ്ടായവയാണ്. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഒരു വിദ്യാഭ്യാസ സ്ഥാപനവും നിലച്ചു പോയിട്ടില്ല

## ഉന്നത വിദ്യാഭ്യാസ മേഖല

ഈ പട്ടണത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുരോഗതിക്ക് ഏറ്റവുമധികം സംഭാവന നല്കിയത് പുനലൂർ ശ്രീനാരായണ കോളേജ് ആണ്. പുനലൂർ പ്രദേശത്തെ കുട്ടികൾക്ക് കോളേജ് വിദ്യാഭ്യാസം ലഭിക്ക ണമെങ്കിൽ ദൂരെ സ്ഥലങ്ങളിലുള്ള കോളേ ജുകളിൽ പോകേണ്ടിയിരുന്നു. അതു കൊണ്ടു തന്നെ സാധാരണ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നല്കുന്നതിന് പ്രയാസമായിരുന്നു. ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ 1964-ൽ പുനലൂരിൽ ഒരു കോളേജ് സ്ഥാപിക്കുന്നതിന് ശ്രീ നാരായണ ട്രസ്റ്റിന് അനുവാദം ലഭിച്ചു. ശ്രീ. വി. ഗോപാ ലൻ (EX-M.L.A) ചെയർമാനായും, ശ്രീ. പി. വി. ശ്രീധരപ്പണിക്കർ കൺവീനറായും, ശ്രീ. പി. വി ഭാനുപ്പണിക്കർ ഖജാൻജിയായും, ഒരു കോളേജ് നിർമ്മാണ കമ്മറ്റി നിലവിൽ വന്നു. 1965-ൽ പുനലൂർ ശ്രീ നാരായണ കോളേജ് പ്രവർത്തനം ആരംഭിച്ചു.

പ്രിൻസിപ്പൽ ശ്രീ. പി. വിജയരാഘവന്റെ നേതൃത്വത്തിലുള്ള ആദ്യ ബാച്ചിൽ 400 കുട്ടികൾ പഠിച്ചിരുന്നു. 1976-ൽ ഡിഗ്രി കോഴ്സുകളും തുടർന്ന് ബിരുദാനന്തര ബിരുദ കോഴ്സുകളും നിലവിൽ വന്നു. ഇപ്പോൾ 2200-ൽ അധികം കുട്ടികൾ പഠിക്കുന്ന ഈ കോളേജിന്റെ ഉന്നമനത്തിന് വേണ്ടി പരേതനായ ശ്രീ. പി. വി. ഭാനു പ്പണിക്കർ നല്കിയ സേവനങ്ങൾ ശ്ലാഘനീയമാണ്. സർവ്വകലാശാലാതലത്തിൽ ഒന്നാം റാങ്ക് നേടിയ പല കുട്ടികളും ഈ കോളേജിന്റെ സംഭാവനകളാണ്.

ഒരു സീനിയർ കോളേജിനാവശ്യമായ കളിസ്ഥലം ഹോസ്റ്റൽ, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ലൈബ്രറി കെട്ടിടം ഇവ പര്യാപ്തമല്ലെന്നുള്ളത് ഈ സ്ഥാപനത്തിന്റെ പരാധീനതകളാണ്. ലബോറട്ടറി സൗകര്യങ്ങളും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും അപര്യാപ്തങ്ങളാണ്. ഇവയെല്ലാം പരിഹരിക്കപ്പെടേണ്ടതുണ്ട്.

ട്യൂട്ടോറിയൽ പാരലൽ കോളേജ് രംഗത്തും പുനലൂരിന് ശ്രദ്ധേയമായ ഒരു സ്ഥാനമുണ്ട്. 1948-ൽ രാജൻസാർ എന്നറിയപ്പെടുന്ന ശ്രീ. പി. രാഘവൻപിള്ള ആരംഭിച്ച ( രാജൻ ട്യൂട്ടോറിയൽ ) ആണ് പുനലൂരിലെ എടുത്തുപറയത്തക്ക ആദ്യകാല ട്യൂട്ടോറിയൽ കോളേജ്. ഹോസ്റ്റൽ സൗകര്യം ഉൾപ്പെടെ ഉണ്ടായിരുന്ന ഈ സ്ഥാപനത്തിൽ 1500 കുട്ടികൾ വരെ പഠിച്ചിരുന്നു. കേരളത്തിന്റെ വിവിധ

ഭാഗങ്ങളിൽനിന്നും കുട്ടികൾ വന്നു പഠിച്ചിരുന്ന ഈ സ്ഥാപനം ഇന്നു നിലവിലില്ല. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലവിൽ വന്ന ആദ്യ സ്ഥാപനമാണ് ഫിലിപ്സ് റ്റൈ പ്റ്റൈറ്റിഗ് ഇൻസ്റ്റിട്യൂട്ട്

വിദ്യാഭ്യാസ മേ ഖലയിൽ പൊതുവെ ഒരു വിപ്ളവം തന്നെ സൃഷ്ടിച്ച പ്രസ്ഥാനമായിരുന്നു സാക്ഷരതാ പ്രസ്ഥാനം. ശ്രീ ജി. വിദ്യാധരൻ പ്രോജക്റ്റ് ഓഫീസറായും. ശ്രീ. എൻ. ജയാനന്ദൻ നായർ അസിസ്റ്റന്റ് പ്രോജക്ട് ആഫീസറായും പൂനലൂർ പട്ടണത്തിൽ നടത്തിയ സാക്ഷരതാ പ്രവർത്തനം പ്രത്യേകം ശ്ളാഘനീയമാണ് സാക്ഷരതാ പ്രവർത്തനത്തിൽ ത്യാഗ പൂർണ്ണമായ നിസ്വാർത്ഥ സേവനം നടത്തി യതിന് പുനലൂർ നഗരസഭ സ്വർണ്ണമെഡൽ കൊടുത്ത് അംഗീകരിച്ച ശ്രീ. പി. ഗംഗാധര ൻപിള്ളയുടെയും ശ്രീ. ബി. മോഹൻ ദാസിന്റേയും സേവനങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കേണ്ടതുണ്ട് .

വിദ്യാഭ്യാസ രംഗത്തെ മഹത്തായ സേവനത്തിന് ദേശീയ അവാർഡ് നേടിയ ശ്രീമതി. വിക്റ്റോറിയ സെബാസ്റ്റ്യൻ, ശ്രീ തങ്കപ്പനാചാരി, സംസ്ഥാന അവാർഡ് നേടിയ ശ്രീ. കെ. ഗോവിന്ദൻ നായർ ശ്രീ പി. എഫ് ഖജാമിയ എന്നിവരേയും പ്രത്യേകം അനുമോദിക്കേണ്ടതാണ്. ശ്രീ. കെ. ഗേവിന്ദൻ നായർ വിദ്യാഭ്യാസ, കായിക, സാംസ്ക്കാരിക രംഗങ്ങളിൽ അരനൂറ്റാണ്ടിലേറെ കാലം മാതൃകയും, മാർഗദർശിയുമായി നിറഞ്ഞു നിന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ്. 30–തിൽപരം വർഷം വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച് A.E.O ആയി പെൻഷൻപറ്റിയ ശ്രീമതി. L. ഹംസാ ബീവി, ഇപ്പോൾ മുനിസിപ്പൽ കൗൺസിലറാണ്.

പട്ടിക ഒന്നിൽ സൂചിപ്പിച്ചിരിക്കുന്നത് അനുസരിച്ച് കാഞ്ഞിരമല, ചാലക്കോട്, മുസാവരിക്കുന്ന്, ശാസ്താംകോണം, പരവട്ടം, കക്കോട്, പ്ളാച്ചേരി, കാരയ്ക്കാട്, നെല്ലിപ്പള്ളി എന്നീ 9 വാർഡുകളിൽ വിദ്യാഭ്യാസ സ്ഥാപ നങ്ങളില്ല. അതിനാൽ ചില വാർഡുകളിലെ കുട്ടികൾക്ക് ശരാശരി 3 കിലോമീറ്ററിലധികം ദൂരം നടന്നുപോയി പ്രാഥമിക വിദ്യാഭ്യാസം നേടേണ്ടതായി രുന്നവ വരുന്നു.

പട്ടിക–2, പട്ടിക–3 ഇവയിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ 17 സ്കൂളു കൾ ആവശ്യത്തിന് കെട്ടിടം ഇല്ലാത്ത വയും, 16 സ്കളുകൾ ആവശ്യത്തിന് ഫർണ്ണിച്ചർ ഇല്ലാത്തവയും ആണ്. മൂത്രപുര വേണ്ടുന്ന 12 സ്കൂളുകൾ ഉള്ളപ്പോൾ 2 സ്കളുകൾ ഒരുകക്കൂസു പോലും ഇല്ലത്തവയാണ്. കളിസ്ഥലങ്ങൾ തീരെ ഇല്ലാത്ത 5 സ്കൂളുകൾ ഉണ്ട്. 16 സ്കൂളുകൾ ചുറ്റ്മതിൽ തീരെയില്ലത്ത വയാണെങ്കിൽ 2 എണ്ണം ഒഴികെ ബക്കിയെല്ലാ സ്കൂളുകളും ഭാഗീകമായി മാത്രം ചുറ്റുമതിലുള്ളവയാണ്. പട്ടിക – 4 ൽ നിന്നും ഇതിന്റെ സാമാന്യരൂപം മനസ്സിലാ ക്കവുന്നതണ്.

61 % സ്കൂളുകൾ ആവശ്യത്തിന് ക്ളസ്മു റികൾ ഇല്ലാത്തവയും 57 % സ്കൂളുകൾ ആവശ്യത്തിന് ഫർണ്ണിച്ചർ ഇല്ലാത്തവയും 57 % സ്കൂളുകളിൽ മൂത്രപുരയും 10% സ്കൂളുകളിൽ കക്കൂ സും പണിയേണ്ടത് ആവശ്യമാണ്.. 24% സ്കൂളുകൾകളിസ്ഥലം തീരെയില്ലത്ത വയാണ്.

പട്ടിക–5, പട്ടിക–6 ൽ കാണുന്ന തനുസരിച്ച് 90% സ്കൂളുകളിലെയും വിദ്യാർത്ഥികളുടേയും എണ്ണത്തിൽ ക്രമമായ കുറവ് കാണാൻ കഴിയുന്നു. Punalur Girls H.S.ലെ കുട്ടികളുടെ എണ്ണം ഏതാണ്ട് സ്ഥിരമായിതന്നെ നിൽക്കുന്നു.പുനലൂർ St: Gorette H.S-ൽ ക്രമമായ കുറവ് കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിരുന്നു. എങ്കിലും ഈ വർഷം മാത്രം കുട്ടികളുടെ എണ്ണം അൽപ മൊന്നു മെച്ചപ്പെട്ടിരിക്കുന്നതായി കാണുന്നു.

പുനലൂർ നഗരസഭാ അതിർത്തി യിലെവിദ്യാർഥികളുടെ മൊത്തം എണ്ണത്തിലും കഴിഞ്ഞ 5 വർഷങ്ങ ളിലാ യിതുച്ഛമല്ലാത്തകുറവ് അനുഭവപ്പെട്ടിട്ടുണ്ട് ചാർട്ട് 7 ൽ നിന്ന് ഇത് ഒറ്റനോട്ടത്തിൽ കാണാവു ന്നതാണ്.

# വിദ്യാഭ്യാസ സ്ഥാപനങ്ങൾ സംബന്ധിച്ച വാർഡ്തല വിവരങ്ങൾ

## പട്ടിക - 1

| നമ്പർ | വാർഡ് | H.S | U.P.S | L.P.S | നേഴ്സറി | സാങ്കേതികം | കോളേജ് | പാരലൽ കോളേജ് |
|---|---|---|---|---|---|---|---|---|
| 1 | ആരംപുന്ന | - | - | 1 | - | - | - | - |
| 2 | കാഞ്ഞിരമല | - | - | - | - | - | - | - |
| 3 | ചെമ്മന്തൂർ | 1 | - | - | 1 | - | 1 | - |
| 4 | ചാലക്കോട് | - | - | - | - | - | - | - |
| 5 | പേപ്പർമിൽ | - | 1 | 1 | 1 | - | - | - |
| 6 | മുസാവരികുന്ന് | - | - | - | - | - | - | - |
| 7 | ശാസ്താം കോണം | - | - | - | - | - | - | - |
| 8 | റയിൽവെ സ്റ്റേഷൻ | 1 | - | 1 | - | - | - | - |
| 9 | ഭരണിക്കാവ് | 1 | - | 2 | 1 | 1 | - | - |
| 10 | മാർക്കറ്റ് | - | - | 1 | - | - | - | 5 |
| 11 | കോളേജ് വാർഡ് | - | - | 1 | - | - | 1 | - |
| 12 | കോമളം കുന്ന് | - | - | - | 1 | - | - | - |
|  | കച്ചേരി | - | - | - | - | 1 | - | 1 |
| 13 | തൊളിക്കോട് | - | - | 2 | 1 | - | - | - |
| 14 | പരവട്ടം | - | - | - | - | - | - | - |
| 15 | മണിയാർ | - | 1 | - | - | - | - | - |
| 16 | അഷ്ടമംഗലം | - | - | 1 | - | - | - | - |
| 17 | കക്കോട് | - | - | - | - | - | - | - |
| 18 | ഐക്കരക്കോണം | - | - | 2 | 1 | - | - | - |
| 19 | വാളക്കോട് | - | - | 1 | 1 | - | - | - |
| 20 | ഗ്രേസിങ്ങ് ബ്ളോക്ക് | - | - | 1 | - | - | - | - |
| 21 | പ്ളാച്ചേരി | - | - | - | - | - | - | - |
| 23 | കാരയ്ക്കാട് | - | - | - | - | - | - | - |
| 24 | കലയനാട് | - | 1 | - | - | - | - | - |
| 25 | തുമ്പോട് | 1 | - | 1 | 1 | - | - | - |
| 26 | ഹൈസ്കൂൾ വാർഡ് | - | - | 2 | - | - | - | - |
| 27 | നെല്ലിപ്പള്ളി | 2 | - | - | - | - | - | - |
| 28 | വിളക്കുവട്ടം | - | - | 1 | - | - | - | - |
|  | Total | 6 | 3 | 18 | 8 | 2 | 2 | 6 |

**S. S. L. C. വിജയ ശതമാനം കഴിഞ്ഞ**
**5 വർഷങ്ങളിൽ**



## പട്ടിക - 2

| സ്കൂളിന്റെ പേര് | കെട്ടിടം/ മുറി | ഫർണീച്ചർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | കളി സ്ഥലം |
|---|---|---|---|---|---|---|
| 1. L.P.S. ആരംപുന്ന | മുറികൾ വേണം | വേണം | വേണം | - | - | - |
| 2. L.P.S. കേളൻകാവ് | മുറികൾ വേണം | വേണം | വേണം | വേണം | - - | - |
| 3. St: ജോൺ L.P.S. പുനലൂർ | - | - | വേണം | - | - | - വേണം |
| 4. L.P.S. തൊളിക്കോട് | സ്റ്റാഫ് റൂം വേണം | - | - | - | - | - - |
| 5. Govt: L.P.S ഐക്കരക്കോണം | സ്റ്റാഫ് റൂം വേണം | - | - - | - | - | - - |
| 6. Govt: L.P.S കുതിരച്ചിറ | സ്റ്റാഫ് റൂ വേണം | വേണം | വേണം | - | - | - വേണം |
| 7. Govt: L.P.S നെല്ലിപ്പള്ളി | സ്റ്റാഫ് റൂം വേണം | - | വേണം | - | - | വേണം |
| 8. Govt: L.P.S. പുനലൂർ | സ്റ്റാഫ് റൂം വേണം | വേണം | വേണം | വേണം | - | വേണം |
| 9. Govt: L.P.S വാളക്കോട് | സ്റ്റാഫ് റൂം വേണം | - | വേണം | - | - | - |
| 10. Govt: L.P.S. വിളക്കുവെട്ടം | സ്റ്റാഫ് റൂം വേണം | | | വേണം | | - |
| 11. Town L.P.S പുനലൂർ | സ്റ്റാഫ് റൂം വേണം | | | | | - |
| 12. V.O.V.P.S പുനലൂർ | -- | | | | | - |
| 13. Govt: U.P.S മണിയാർ | കെട്ടിടം വേണം | വേണം | വേണം | | | - |
| 14. P.M.G U.P.S പുനലൂർ | - | വേണം | വേണം | | | - |
| 15. N.S.V.H.S വാളക്കോട് | പാചകമുറി | വേണം | വേണം | | | - |
| 16. Boys H.S പുനലൂർ | - | | | | | - |
| 17. Girls H.S പുനലൂർ | - | | | | | - |
| 18. Chemmanthoor H.S, പുനലൂർ | - | | വേണം | | | - |
| 19. St.Goretti H.S പുനലൂർ | - | | | | | - |
| 20. Govt.H.S പുനലൂർ | വേണം | വേണം | വേണം | വേണം | | - |
| 21. Mary Giri Vidya Mandir | | | | | | - |

പുനലൂർ മുനിസിപ്പാലിറ്റി

സ്കൂളിന്റെ പൊതുവിവരം പട്ടിക 3 A

| | സ്കൂളിന്റെ പേര് | G/A/UA | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | വിസ്തീർണ്ണം | | ചുറ്റുമതിൽ അറ്റകുറ്റ പണികൾ |
|---|---|---|---|---|---|---|---|---|---|
| | | | M | F | ആകെ | | ക്യാമ്പസ് | കളിസ്ഥലം | |
| 1 | LPS ആരംപുന്ന | A | 76 | 78 | 154 | 5 | 1 ഏ: | 25 സെ: | ചുറ്റുമതിലില്ല |
| 2 | LPS കേളൻകാവ് | A | 58 | 47 | 105 | 4 | 1 ഏ: | 20 സെ: | ചുറ്റുമതിലില്ല,ഫർണിച്ചർ റിപ്പയർ ചെയ്തു |
| 3 | St.Johns LPS പുനലൂർ | A | 389 | 395 | 784 | 18 | 70 സെ: | ഇല്ല | ചുറ്റുമതിലുണ്ട് |
| 4 | LPS തൊളിക്കോട് | A | 96 | 89 | 185 | 5 | 50 സെ: | 25 സെ: | ചുറ്റുമതിലില്ല |
| 5 | Govt:LPS ഐക്കരക്കോണം | G | 102 | 90 | 192 | 8 | 1.12 ഏ: | 20 സെ: | ചുറ്റുമതിലില്ല |
| 6 | Govt:LPS കുതിരച്ചിറ | G | 181 | 199 | 380 | 11 | 45 സെ: | ഇല്ല | ചുറ്റുമതിൽ ഭാഗികം |
| 7 | Govt:LPS നെല്ലിപ്പള്ളി | G | 43 | 46 | 89 | 4 | 50 സെ: | ഇല്ല | ചുറ്റുമതിലില്ല |
| 8 | Govt:LPGS പുനലൂർ | G | 125 | 93 | 218 | 9 | 50 സെ: | ഇല്ല | ചുറ്റുമതിലില്ല,അറ്റകുറ്റപ.ണി,ഫർണിച്ചർ റിപ്പയർ |
| 9 | Govt:LPS വാളക്കോട് | G | 140 | 125 | 265 | 8 | 1.90 ഏ: | 75 സെ: | ചുറ്റുമതിലില്ല,പണികൾ ചെയ്തിട്ടില്ല |
| 10 | Govt:LPS വിളക്കുവെട്ടം | G | 76 | 66 | 142 | 4 | 28.5 സെ: | ഇല്ല | ചുറ്റുമതിലില്ല |
| 11 | Town LPS പുനലൂർ | G | 40 | 28 | 68 | 5 | 50 സെ: | 25 സെ: | ചുറ്റുമതിലില്ല |
| 12 | V.O UPS പുനലൂർ | A | 112 | 86 | 198 | 9 | 1.5 ഏ: | 1 ഏ: | ചുറ്റുമതിൽ ഭാഗികം,പണികൾ ചെയ്തിട്ടില്ല |
| 13 | Govt:UPS മണിയാർ | G | 187 | 213 | 400 | 12 | 67 സെ: | 10 സെ: | ചുറ്റുമതിലില്ല |
| 14 | P.M.G UPS പുനലൂർ | G | 206 | 210 | 416 | 23 | 1.51 ഏ: | 20 സെ: | ചുറ്റുമതിൽ ഭാഗികം |
| 15 | N.S.V.H.S പുനലൂർ | A | 538 | 491 | 1029 | 42 | 4.13 ഏ: | 50 സെ: | ചുറ്റുമതിൽ ഭാഗികം |
| 16 | Boys High School പുനലൂർ | A | 1028 | 55 | 1083 | 39 | 6 ഏ: | 2.5 ഏ: | ചുറ്റുമതിലില്ല |
| 17 | Girls High School പുനലൂർ | A | _ | 870 | 870 | 22 | 3 ഏ: | 1 ഏ: | ചുറ്റുമതിലില്ല |
| 18 | Chemmanthoor H.S പുനലൂർ | A | 556 | 523 | 1079 | 41 | 3.86 ഏ: | 1 ഏ: | ചുറ്റുമതിലുണ്ട്,പണികൾ ചെയ്തിട്ടില്ല |
| 19 | St.goretti.H.S പുനലൂർ | A | 635 | 813 | 1448 | 42 | 4 ഏ: | 1 ഏ: | ചുറ്റുമതിൽ ഭാഗികം,അറ്റകുറ്റപണികൾ |
| 20 | Govt:H.S പുനലൂർ | G | 721 | 596 | 1317 | 52 | 2.08 ഏ: | 50 സെ: | ചെയ്യാനുണ്ട് |
| 21 | Mary Giri Vidyamandir EM | UA | 520 | 461 | 981 | 26 | 1 ഏ: | 25 സെ: | ചുറ്റുമതിലുണ്ട് |
| 22 | Sree Narayana English Medium | UA | 63 | 55 | 118 | 8 | 8 സെ: | – | |
| 23 | Little Flower English Medium | UA | 105 | 93 | 198 | 15 | 1.50 ഏ: | – | |
| 24 | St.Mary's Bethany E.M PLR | | 217 | 176 | 393 | 10 | 1 ഏ: | | |
| 25 | Toc H School, Punalur | | 42 | | 90 | 6 | Rented Building | | |

UA - Un Aided A - Aided G - Government



265

## പട്ടിക-6
## വിദ്യാഭാസം -അഞ്ച് വർഷത്തെ വിദ്യാർത്ഥികളുടെ എണ്ണം

| നമ്പർ | സ്കൂളിന്റെ പേര് | ഗ്രേഡ് | ഉടമസ്ഥത | 91-92 | 92-93 | 93-94 | 94-95 | 95-96 | 96-97 |
|---|---|---|---|---|---|---|---|---|---|
| 1 | LPS ആരംപുന്ന | LP | Aided | 253 | 251 | 216 | 207 | 180 | 154 |
| 2 | LPS കേളൻകാവ് | LP | Aided | 92 | 104 | 116 | 114 | 11 | 105 |
| 3 | St.Johns LPS ,PLR | LP | Aided | 912 | 942 | 919 | 941 | 943 | 784 |
| 4 | LPS തൊളിക്കോട് | LP | Aided | 203 | 216 | 218 | 206 | 211 | 185 |
| 5 | LPS ഐക്കരക്കോണം | LP | ഗവ: | 286 | 272 | 246 | 216 | 208 | 192 |
| 6 | LPS കുതിരച്ചിറ | LP | ഗവ: | 427 | 409 | 414 | 408 | 407 | 380 |
| 7 | LPS നെല്ലിപ്പള്ളി | LP | ഗവ: | 161 | 146 | 124 | 101 | 101 | 89 |
| 8 | LPGS,പുനലൂർ | LP | ഗവ: | 243 | 241 | 232 | 244 | 196 | 218 |
| 9 | LPS വാളക്കോട് | LP | ഗവ: | 370 | 332 | 312 | 272 | 285 | 265 |
| 10 | LPS വിളക്കുവെട്ടം | LP | ഗവ: | 177 | 178 | 170 | 142 | 151 | 142 |
| 11 | Town LPS,PLR | LP | ഗവ: | 169 | 148 | 148 | 136 | 82 | 68 |
| 12 | VOUPS,കലയനാട് | UP | Aided | 212 | 211 | 195 | 205 | 205 | 198 |
| 13 | UPS മണിയാർ | UP | ഗവ: | 572 | 537 | 510 | 444 | 425 | 400 |
| 14 | PMG UPS പുനലൂർ | UP | ഗവ: | 649 | 561 | 464 | 439 | 415 | 416 |
| 15 | NSVHS,പുനലൂർ | HS | Aided | 1174 | 1176 | 1140 | 1112 | 1068 | 1029 |
| 16 | Boys HS,പുനലൂർ | HS | Aided | 1321 | 1237 | 1217 | 1205 | 1170 | 1083 |
| 17 | Girls HS,പുനലൂർ | HS | Aided | 921 | 840 | 850 | 860 | 870 | 870 |
| 18 | CHS,പുനലൂർ | HS | Aided | 1150 | 1338 | 1258 | 1200 | 1115 | 1079 |
| 19 | St.Goretti.HS,പുനലൂർ | HS | Aided | 1377 | 1585 | 1802 | 1823 | 1722 | 1448 |
| 20 | ഗവ:HS,പുനലൂർ | HS | ഗവ: | 1412 | 1611 | 1588 | 1502 | 1415 | 1317 |
| 21 | MaryGiri VidyaMandir.PLR | LP | UA | 703 | 668 | 737 | 730 | 719 | 981 |
| 22 | LPEML സ്കൂൾ | LP | UA | 64 | 107 | 122 | 152 | 184 | 198 |
| 23 | St.Mary's Bethany | LP | UA | 394 | 444 | 288 | 504 | 540 | 393 |
| 24 | Toe H Public School | LP | UA | | | | | 292 | 90 |
| 25 | Sabarigiri | LP | | | | | | 165 | 127 |
| 26 | NPP Memorial EM | Nursary | | | | | | | 89 |
| 27 | TVTME School | Nursary | | | | | | | |
| | Total | | | | | | | | |

1991 - 1992 വർഷം മുതൽ 6 വർഷക്കാലത്തെ നഗരസഭാതിർത്തിയിലുള്ള
വിദ്യാർത്ഥികളുടെ എണ്ണം ക്രമേണ കുറയുന്നു



കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഡിവിഷൻ കുറവ് അനുഭവപ്പെടാത്ത നാല് സ്കൂളുകളാണ് നഗരാതിർത്തിയിലുള്ളത്. ഇവ St.Goretti High School,High School For Girls, Govt:LPS കുതിരച്ചിറ, VOUPS; കലയനാട് എന്നിവയാണ്. പുനലൂരിലുള്ള ആകെ വിദ്യാർത്ഥികളുടെ എണ്ണം കഴിഞ്ഞ വർഷങ്ങളിൽ കുറഞ്ഞ് വന്നിരുന്നത് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണക്കുറവിന് ഒരു കാരണമാണ്. ഗവ:LPS കുതിരച്ചിറ, VOUPS കലയനാട് ഈ സ്ഥാപനങ്ങൾ അവയുടെ പരിസരത്തുള്ള രണ്ടു മൂന്നു വാർഡുകളിലെ കുട്ടികൾക്ക് അനായാസം വന്നു പോകുവാൻ സൗകര്യപ്രദമായ സ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്.. കുതിരച്ചിറ Govt: Model LPS അതിന്റേതായ അക്കാദമിക നിലവാരം കാത്തുസൂക്ഷിക്കുന്നതും അവിടേക്ക് കുട്ടികളെ ആകർഷിക്കുന്നതിന് കാരണമാകുന്നു. പെൺകുട്ടികൾക്ക് മാത്രമായിയുള്ള ഒരേ ഒരു ഹൈസ്ക്കൂൾ ആണ് ഗേൾസ് ഹൈസ്ക്കൂൾ. ഗേൾസ് ഹൈസ്ക്കൂളിലെ കുട്ടികളുടെ എണ്ണത്തിൽ വലിയ കുറവ് വരാതിരിക്കുന്നതിന് ഇത് ഒരു കാരണമായി കണക്കാക്കാം.

ഒരു പ്രത്യേക മത വിഭാഗത്തിന്റെ സ്ഥാപനം എന്ന നിലയിൽ St.Goretti High School ഒരു വലിയ വിഭാഗം രക്ഷകർത്താക്കൾക്കുള്ള വൈകാരികമായ അടുപ്പവും താരതമ്യേന മെച്ചപ്പെട്ട SSLC വിജയ ശതമാനവും, കുട്ടികളുടെ അച്ചടക്കവും ഈ സ്കൂളിൽ കുട്ടികളുടെ എണ്ണം കുറയാതിരിക്കാൻ സഹായിക്കുന്നു.

മിക്ക സ്കൂളുകളും സംസ്ഥാന ശരാശരിയിലധികം വിജയം കരസ്ഥമാക്കുന്നുണ്ട്. എന്നാൽ St.Goretti.H.S തൃപ്തികരമായ വിജയ ശതമാനം നില നിർത്തുന്നു എന്നത് അഭിമാനകരമാണ്.

1996–97 വർഷത്തിൽ സ്കൂളിൽചേരുകയും പഠനം നിർത്തുകയും ചെയ്തവരുടെ കണക്കുകൾ പട്ടിക 11 ൽ നിന്നും ലഭ്യിക്കുന്നു. 2.5% കുട്ടികൾ വിവിധ സ്റ്റാൻഡേർഡ്കളിലായി പഠനം നിർത്തിയിരിക്കുന്നു. കുട്ടികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയും കുടുംബഭദ്രതകുറവും ഇതിനു കാരണങ്ങളാണ്

കലാകായികരംഗങ്ങളിൽ മിക്ക സ്കൂളിലെയും കുട്ടികൾക്ക് ജില്ലാ തലത്തിൽ പോലും എത്താൻ കഴിഞ്ഞിട്ടില്ല. എത്താൻ കഴിഞ്ഞ വരുടെ എണ്ണവും വളരെ കുറവാണ്. ഇന്റർ സ്കൂൾ സ്പോർസ്, ഗെയിംസ്, യുവജനോ ൽസവ ങ്ങൾ, ശാസ്ത്ര സാങ്കേതിക മത്സര ങ്ങൾ തുടങ്ങിയവ വലിയ സാമ്പത്തിക ബാധ്യത വരുന്ന പാഠ്യേതര വിഷയങ്ങൾ ആയതിനാൽ ബഹു പൂരിപക്ഷം വിദ്യാർത്ഥികൾക്കും വേണ്ടത്ര പങ്കാളിത്തം ലഭിക്കാതെ വരുന്നു. അടിസ്ഥാന വിഭാഗങ്ങളുടെ കുടുംബാഗങ്ങളിൽ നിന്നും വരുന്ന കുട്ടികൾക്ക് രക്ഷകർത്താക്കളിൽനിന്നും ഉണ്ടായി കാണുന്നില്ല.സ്കൂൾ തലത്തിൽ ഇതിനുള്ള സൗകര്യങ്ങളും സാഹചര്യങ്ങളും ലഭ്യമാ കാതെ വരുന്നതും കുട്ടികൾക്ക് വേണ്ടത്ര പരിശീലനം കിട്ടാതെ വരുന്നതും വളരെ മോശപ്പെട്ട പങ്കാളിത്തത്തിന് കാരണമായി തീരുന്നു. സാമ്പത്തികമായി വളരെ ഉയർന്ന നിലവാരമുള്ള രക്ഷകർത്താക്കളുടെ കുട്ടികൾമാത്രമാണ് ജില്ലാ സംസ്ഥാന തല മൽസരത്തിൽ പങ്കെടുത്ത് വരുന്നത് എന്ന വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്.

200 മീറ്റർ ട്രാക്ക് ഇടാനുള്ള കളിസ്ഥലം പുനലൂർ ബോയിസ് ഹൈസ്കൂളിൽ മാത്രമാണുള്ളത്. കളിസ്ഥലത്തിന്റെ അപര്യാപ്ത ത കായിക രംഗത്തെ ശുഷ്ക്കമാക്കിയതായി കാണാം

കമ്പ്യൂട്ടർ,സിനിമാ പ്രൊജക്ടർ,ഓവർ ഹെഡ് പ്രൊജക്ടർ,ടെലിവിഷൻ സെറ്റ് തുടങ്ങിയ ആധുനിക ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ 90% സ്കൂളുകളിലും ഇല്ല. വേണ്ടത്ര ബ്ലാക്ക് ബോർഡുകൾ പോലും ഇല്ലാത്ത ആറു സ്കൂളുകൾ ഇന്നും ഉണ്ട് എന്നത് ദു:ഖ സത്യമാണ്. വി.സി.ആർ,വി.സി.പി എന്നീ [illegible]ണങ്ങൾ ഒരു സ്കൂളുകളിലും ഉള്ളതായ [illegible]ാണുന്നില്ല.

വിദ്യാർത്ഥി സമരം മൂലം വിദ്യാലയങ്ങളിൽ ഈ അദ്ധ്യായന വർഷം ,അദ്ധ്യായന ദിവസങ്ങൾ

## പട്ടിക - 4

## നിലവിലുള്ള അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും മറ്റു സൗകര്യങ്ങളേയും സംബന്ധിച്ച വിവരങ്ങൾ (പൊതുവായി)

| സ്കൂളുകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | മറ്റ് സൗകര്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ | കെട്ടിടം വേണ്ടത്ര ഉള്ളവ | കെട്ടിടം വേണ്ടത്ര ഇല്ലാത്തവ | ഫർണിച്ചർ വേണ്ടത്ര ഉള്ളവ | ഫർണിച്ചർ വേണ്ടത്രഇല്ലാത്തവ |
| ഹൈസ്കൂൾ | 100 | 138 | 238 | 3478 | 3348 | 6826 | 5 | 1 | 4 | 2 |
| യു.പി. സ്കൂൾ | 16 | 28 | 44 | 505 | 509 | 1014 | 2 | 1 | 1 | 2 |
| എൽ. പി. സ്കൂൾ | 27 | 117 | 144 | 1358 | 1284 | 2642 | 1 | 10 | 4 | 7 |
| പ്രീ. പ്രൈമറി | – | 24 | 24 | 298 | 233 | 531 | 3 | 5 | 3 | 5 |
| ആകെ | 143 | 307 | 450 | 5639 | 5377 | 10013 | 11 | 17 | 12 | 16 |

## പട്ടിക 5

## പുനലൂർ നഗരസഭ

## നിലവിലുള്ള വിദ്യാലയങ്ങളുടെ തരവും എണ്ണവും

| | | ഗവൺമെന്റ് | എയ്ഡഡ് | അൺ എയ്ഡഡ് | ആകെ |
|---|---|---|---|---|---|
| 1 | പ്രീ പ്രൈമറി | – | – | 4 | 4 |
| 2 | എൽ.പി.സ്കൂൾ | 7 | 4 | 3 | 14 |
| 3 | യു.പി സ്കൂൾ | 2 | 1 | – | 3 |
| 4 | ഹൈസ്ക്കൂൾ | 1 | 5 | – | 6 |
| 5 | കോളേജ് ഓഫ് എഡ്യൂക്കേഷൻ | 1 | – | – | 1 |
| 6 | ഒന്നാം ഗ്രേഡ് കോളേജ് | – | 1 | – | 1 |
| 7 | ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 1 | – | 8 | 9 |
| 8 | കമ്പ്യൂട്ടർ സെന്റർ | – | – | 7 | 7 |
| | പാരലൽ കോളേജ് | – | – | 16 | 16 |
| | ഐ.ടി.ഐ | – | – | 2 | 2 |
| | ആകെ | 12 | 11 | 40 | 63 |

## പട്ടിക - 3

| നമ്പർ | സ്ക്കൂളിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ | | | | | | | | ബ്ളാക്ക് ബോർഡ് | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | റേഡിയോ | ടേപ്പറെക്കഡർ | ടി.വി. | വി.സി.ആർ. | പ്രൊജക്ടർ | | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളവ |
| 1 | L.P.S., ആരംപുന്ന | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 |
| 2 | L.P.S, കേളൻകാവ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 5 |
| 3 | St.Johns L.P.S. പുനലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19 | 19 |
| 4. | L.P.S. തൊളിക്കോട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 8 |
| 5 | Govt. L.P.S., ഐയ്ക്കരകോണം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 8 |
| 6 | Govt. L.P.S., കുതിരച്ചിറ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 11 | 5 |
| 7 | Govt. L.P.S., നെല്ലിപ്പള്ളി | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 |
| 8 | Govt. L.P.G.S., പുനലൂർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 |
| 9 | Govt. L.P.S., വാളക്കോട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 9 |
| 10 | Govt. L.P.S., വിളക്കുവട്ടം | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 5 |
| 11 | Town L.P.S.,പുനലൂർ | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 |
| 12 | V.O.U.P.S.,കലയനാട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 6 |
| 13 | Govt U.P.S.,മണിയാർ | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 12 |
| 14 | P.M.G.U.P.S.,പുനലൂർ | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 14 | 8 |
| 15 | N.S.V.H.S.,പുനലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 31 | 26 |
| 16 | Boys H.S., പുനലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 27 | 27 |
| 17 | Girls H.S., പുനലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 22 | 22 |
| 18 | C.H.S., പുനലൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27 | 27 |
| 19 | St. Gorty H.S. | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 32 | 32 |
| 20 | Govt H.S. പുനലൂർ | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | 32 | 20 |

P.T.A. യുടെ നേതൃത്വത്തിൽ നടന്ന നിർമാണ പ്രവർത്തനങ്ങൾ

| സ്കൂളിന്റെ പേര് | P.T.A.യുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ |
|---|---|
| L.P.S. തൊളിക്കോട് | ജല വിതരണ സംവിധാനം (പൈപ്പ് ടാങ്ക്) (2)ഇടിഞ്ഞുകിടന്ന പടികൾ പുതുക്കി പണിതു |
| L.P.S.ആരംപുന്ന. | (1)കൊടിമരം (2) ക്ളോക്ക് (3) തടിയലമാര (4) രണ്ട് സ്ക്രീൻ (5) സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കൽ |
| Govt: L.P.S. ഐക്കരക്കോണം. | (1) ഉച്ചക്കഞ്ഞി പാചകപുര (2) 40 കെട്ടിടം (കോൺക്രീറ്റ്)(3) കൊടിമരം |
| Govt: L.P.S. കുതിരച്ചിറ | (1) പൈപ്പ് (2) 10 സ്ക്രീൻ(3) കൊടിമരം (4) മുള്ളുവേലിയും ഗേറ്റും. |
| Govt: L.P.S. വാളക്കോട് | (1) കക്കൂസ് (2) ജലവിതരണ സംവിധാനം(3) ഓപ്പറേഷൻ ബ്ളാക്ക് ബോർഡ് സ്കീമിൽ കെട്ടിട നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു |
| Govt:L.P.S. വിളക്കുവെട്ടം. | (1) കിണർ കുഴിച്ചു(2)ജലവിതരണ സംവിധാനം(3) വൈദ്യുതീകരണം (4) പാചകപ്പുര (5) കിണറിനുമുകളിൽ വലയിട്ടു.(6)ക്ളോക്ക് |

272

| സ്കൂളി ന്റെ പേര് | P.T.A.യുടെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾ |
|---|---|
| V.O.U.P.S. കലയനാട് | (1) പാചകപ്പുര(2)പമ്പുസെറ്റ് (3) സ്കൂൾ ഗേറ്റ് (4)മൈക്കുസെറ്റ്(5) ഫാൻ |
| Govt:.U.P.G.S.പുനലൂർ | (1) സ്കൂളിലേക്കുള്ള പടികൾ (2) മൈക്കുസെറ്റ് |
| Govt:L.P.S. മണിയാർ | (1) കെട്ടിടം പണിയാൻ അധികം ചെലവായ 25000രൂപ സംഭാവന ചെയ്തു (2) 17 സെന്റ് സ്ഥലം വാങ്ങിച്ചു(3)സ്കൂൾ ഉപകരണങ്ങൾ നിർമ്മിച്ചു. (4) ചുറ്റു കയ്യാല കോരിച്ചു (5) വൈദ്യുതീകരിച്ചു(6)ഫാൻ,ക്ളോക്ക്, ബെൽ, നയിം ബോർഡ് ഇവ സമാഹരിച്ചു. |
| P.M.G.U.P.S. പുനലൂർ | (1)ശുദ്ധ ജല വിതരണ സംവിധാനം(2) അറ്റ കുറ്റ പണികൾ(3) മൂത്രപ്പുര |
| Boys H.S. പുനലൂർ | (1) ആനന്ദ അമ്മ ആഡിറ്റോറിയം. |
| Govt: H.S. പുനലൂർ | (1) ജൂബിലി കെട്ടിടം പണിതു. (2) ഗ്രൗണ്ട് മെച്ചപ്പെടുത്തി(3) ബഞ്ച് ഡെസ്ക്ക് തുടങ്ങിയ ഉപകരണങ്ങൾ പണിയിച്ചു. (4) വാട്ടർ ടാങ്ക് (5) കിഴക്കുഭാഗത്തെ ചുറ്റുമതിൽ പണിയിച്ച് (6)ജല വിതരണ സംവിധാനം ഏർപ്പെടുത്തി |

കാര്യമായി നഷ്ടപ്പെട്ടിട്ടില്ല എന്നത് ആശ്വാസജനകമാണ്.

PTA എല്ലാസ്കൂളുകളിലും ഉള്ളതായി രേഖകളിൽ കാണുന്നുണ്ട്. മാതൃസംഗമവും എല്ലാസ്കുളുകളിലും നിലവിലുണ്ട്. എന്നാൽ ആകെയുള്ള 14 LP സ്കൂളുകളിൽ. 7 എണ്ണത്തിലും, 2 UP സ്കൂളുകളിലും, 2 HS കളിലും മാത്രം PTA യുടെ പ്രവർത്തനം വളരെ കാര്യ ക്ഷമമായി കണുന്നു. PTA യുടെ നേതൃത്വത്തിൽ ചിലയിടങ്ങളിൽ പ്രയോജന പ്രദമായ നിർമ്മാണപ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. ഇത് സംബന്ധിച്ച വിവരങ്ങൾ പട്ടിക 14-ൽ കാണം

പ്രൈമറി വിദ്യാഭ്യാസ രംഗത്തെ നടപ്പ് സ്കീമുകളും വിവരങ്ങളും പരിശോധിച്ചതിൽ നിന്നും നിലവിലുള്ള സ്കീമുകൾ തുലോം വിരളമാണെന്ന് മനസ്സിലാക്കാം. ഉള്ള സ്കീമുകൾ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പിലാകുന്നുണ്ട്. ഓപ്പറേഷൻ ബ്ളാക് ബോർഡ് സ്കീം നിലവിലുണ്ടായിരുന്നത് അനുവദിച്ചിരുന്ന മുഴുവൻ തുകയും ഉപയോഗിച്ചതിനുശേഷം നിർത്തിവച്ചു. വാർഡ് സഭാചർച്ച കളിലൂടെയും ദ്വിതീയ സ്ഥിതിവിവരക്കണക്കുകളിലൂടെയും ചരിത്രരേഖകളിലൂടെയും കിട്ടിയ വസ്തുതകളുടെ അടിസ്ഥാനത്തിലും താഴെ പറയുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതായി കാണുന്നു.

## പ്രശ്നങ്ങൾ

### I ഭൗതീക സാഹചര്യങ്ങൾ

1. ആരംപുന്ന L.P.S. ന്റെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂര സുരക്ഷിതമല്ല.
2. പുനലൂർ Govt. H. S. ന്റെ പടിഞ്ഞാറും തെക്കും ഭാഗത്തുള്ള ഓടു മേഞ്ഞ കെട്ടിടങ്ങൾ കേടുപാടുകൾ ഉള്ളതാണ്
3. തൊളിക്കോട് L.P.S ന്റെ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂരയും ഇടിഞ്ഞു പൊളിഞ്ഞു കൊണ്ടിരിക്കുന്ന ഭിത്തിയും ബലമുള്ളതല്ല.
4. കുതിരച്ചിറ L.P.S ന്റെ സെമിപെർമെനന്റ് കെട്ടിടം സുരക്ഷിതമല്ല.
5. മണിയാർ U.P.S ന്റെ സെമിപെർമനന്റ് കെട്ടിടത്തിന്റ ഭിത്തി ബലമുള്ളതല്ല.

### II പ്രാഥമിക സൗകര്യങ്ങൾ

1) V.O.U.P.S, Govt. L.P.S, വിളക്കുവട്ടം, Govt. L.P.S നെല്ലിപ്പള്ളി, P.M.G.U.P.Sപുനലൂർ എന്നിവിടങ്ങളിൽ മൂത്രപ്പുരകളില്ല

2. Govt. L.P.S കുതിരച്ചിറ, Govt. L.P.S വാളക്കോട്, P.M.G.U.P.S പുനലൂർ, C.H.S ചെമ്മന്തൂർ Govt. H..S പുനലൂർ, ഇവിടങ്ങളിലെ കക്കൂസ് ഉപയോഗശൂന്യമാണ്.

### III ഫർണിച്ചർ പഠനോപകരണങ്ങൾ

1 ആരംപുന്ന L.P.S കുതിരച്ചിറ മോഡൽ L.P.S എന്നിവിടങ്ങളിൽ ആവശ്യത്തിന് ബഞ്ചുകളും ഡസ്കുകളും ഇല്ല.

2. P.M.G.U.P.S ൽ ഫർണിച്ചറുകളും പഠനോപകരണങ്ങളും ആവശ്യത്തിന് ഇല്ല.

### IV കുടിവെള്ളം.

കേളൻകാവ് L.P.S, നെല്ലിപ്പള്ളി L.P.S. എന്നിവിടങ്ങളിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ട്. കുതിരച്ചിറ L.P.S. ൽ ഓവർ ഹെഡ് ടാങ്ക് ഇല്ലാത്തതിനാൽ ജലവിതരണം സുഗമമല്ല.

### V കളിസ്ഥലം.

പുനലൂർ Govt. H.S, മണിയാർ U.P.S. കേളൻകാവ് L.P.S, ഐക്കരക്കോണം L.P.S. കക്കോട് അംഗൻവാടി എന്നിവിടങ്ങളിൽ അത്യാവശ്യത്തിന് കളിസ്ഥലം ഇല്ല.

### VI. ചുറ്റു മതിലുകൾ

ആരംപുന്ന L.P.S പുനലൂർ L.P.G.S, തൊളിക്കോട് L.P.S, P.M.G.U.P.S, മണിയാർ U.P.S., കേളൻകാവ് L.P.S., ഐക്കരക്കോണം L.P.S., വാളക്കോട് L.P.S., വിളക്കുവട്ടം L.P.S., ഠൗൺ L.P.S എന്നീ സ്കൂളുകൾക്ക് ചുറ്റുമതിൽ പൂർണ്ണമല്ല.

2. ആരംപുന്ന L.P.S., കേളൻകാവ്, കക്കോട് അംഗൻവാടികൾ ഇവ വൈദ്യുതീകരിച്ചിട്ടില്ല.

### VII കളിക്കോപ്പുകൾ.

1 അംഗൻവാടികളിൽ പലതിനും ആവശ്യത്തിന് കളിക്കോപ്പുകൾ ഇല്ല.

### VIII പുതിയ കെട്ടിടങ്ങൾ

1 പുനലൂർ Govt. H.S. ൽ നിലവിലുള്ള ഡിവിഷനുകൾ പ്രവർത്തിക്കുന്നതിന് ആവശ്യ

മായ ക്ലാസ് മുറികളില്ല.

2. പുനലൂർ LPGS ൽ പണിതുടങ്ങിയ ഒരു കെട്ടിടം പൂർത്തിയാക്കിയിട്ടില്ല.

3. തുമ്പോട് വാർഡിലെ പ്രീ-മെട്രി ക്ക് ഹോസ്റ്റലിന് കെട്ടിടം ഇല്ല.

## IX അംഗൻവാടികൾ

1 എല്ലാ വാർഡുകളിലും അംഗൻവാടികൾ ഇല്ല.

X പല സ്കൂളുകളിലേയും അദ്ധ്യാപന നിലവാരം തൃപ്തികരമല്ല

XI സൂളുകളിലെ അച്ചടക്കവും പാഠ്യേതരപ്രവർത്തനങ്ങളും തൃപ്തികരമല്ല.

## നിർദ്ദേശങ്ങൾ

1 ദുർബലമായ സ്കൂൾകെട്ടിടങ്ങൾ PTA യുടെ സഹായത്തോടെ എത്രയും വേഗം ബലപ്പെടുത്തണം.

2 മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സംവിധാനം എന്നിവ ആവശ്യത്തിനില്ലാത്ത സ്കൂളുകളിൽ അവ ഉണ്ടാക്കുക. PTA യുടെ സഹായം തേടാം.

3. ബഞ്ച്, ഡസ്ക്ക്, ബ്ലക്ക്ബോർഡ് ഇവ ആവശ്യത്തിനില്ലാത്ത സ്കൂളുകളിൽ അടിയന്തിരമായി ഉണ്ടാക്കിക്കൊടുക്കുക.

4. പുനലൂർ Govt.H.S. ന്റെ തെക്കുവശം സ്കൂളിനോട് ചേർന്നുകിടക്കുന്ന പുതുവൽ സ്ഥലംനികത്തിയെടുത്ത് കളിസ്ഥലം നിർമ്മിക്കുക 20% ചിലവ് PTA യിൽ നിന്നും നല്കുന്നതാണ്.

5. മണിയാർ U.P.S.-ൽ രക്ഷാകർത്തൃ സമിതി വാങ്ങിയ സ്ഥലത്ത് കളിസ്ഥലം നിർമ്മിക്കണം.

6. കേളൻകാവ് L.P.S നോട് ചേർന്ന് കിടക്കുന്ന ഒരു ഹെക്റ്റർ സ്ഥലം കളിസ്ഥലമാക്കുക.

7. എല്ലാ വാർഡുകളിലും അനുയോജ്യമായ സ്ഥലത്ത് അംഗൻ വാടികൾ നിർമ്മിക്കുക.

8. ആവശ്യത്തിന് കളിക്കോപ്പുകൾ ഇല്ലാത്ത അംഗൻവാടികൾക്ക് കളിക്കോപ്പ് വാങ്ങുക.

9. പുനലൂർ Govt. H. S. ഓലഷെഡ് മാറ്റി ഒരു ബഹുനില കെട്ടിടം സ്ഥാപിക്കുക. (25% PTA വഹിക്കുന്നതാണ്.)

10. LPGS ന്റെ പൂർത്തിയാകാത്ത കെട്ടിടം പൂർത്തിയാക്കുക.

11. തുമ്പോർഡ് വാർഡിൽ Pre-metric hostel പണിയുക.

12. നെല്ലിപ്പള്ളി LPS ന്റെ പൊളിഞ്ഞുവീഴാറായ മേൽക്കൂര ഓല മേഞ്ഞ് സംരക്ഷിച്ച് കമ്മ്യൂണിറ്റിഹാൾ ആക്കി മാറ്റുക. ഇത് വാടകയ്ക്ക് കൊടുക്കാവുന്നതാണ്. ഇതേ കെട്ടിടത്തിൽതന്നെ ഒരു ഭാഗത്ത് Text book depot സ്ഥാപിക്കുക.

13. തൊളിക്കൊട് L.P.S. മണിയാർ U.P.S. കേളൻകാവ് L.P.S. ഐക്കരക്കോണം L.P.S വിളക്കുവെട്ടം L.P.S. ഇവ അപ്ഗ്രേഡ് ചെയ്യുക പുനലൂർ ഗവ. H.S-ൽ +2കോഴ്സ് ആരംഭിക്കുക.

15 താലൂക്ക് സമാജം വക ബോയ്സ് H.S ൽ സ്പോർട്ട്സ് ഡിവിഷൻ സ്ഥാപിക്കുക.

16. C.H.S ;ചെമ്മന്തൂരിൽ വൊക്കേഷണൽ ഹയർ സെക്കന്ററി കോഴ്സ് തുടങ്ങുക.

16. വാളക്കോട് L.P.S. നോട് അനുബന്ധിച്ചുള്ള സർക്കാർ സ്ഥലം കളിസ്ഥലമാക്കുക

## പുതിയ സംരഭങ്ങൾ

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ തൊഴിലധിഷ്ഠിത പരിശീലനത്തിനുവേണ്ടി നഗരസഭയുടെ സഹയത്തോടെ I.T.C, Politechnic, കമ്പ്യൂട്ടർ സെന്റർ, വീഡിയോഗ്രാഫി പരിശീലന കേന്ദ്രം

എന്നിവ ആരംഭിക്കുക.

18. കോളേജ് വാർഡിൽ ചെമ്മന്തൂർ ജംഗ്ഷനിൽ ഒരു സഹകരണ പാരലൽ കോളേജ് ആരംഭിക്കുക.

19. എല്ലാ വാർഡിലേയും കുട്ടികൾക്ക് ഒരു കി.മീറ്ററിൽ അധികം യാത്രചെയ്യാതെ പ്രൈമറി വിദ്യാഭ്യാസം സാധ്യമാകത്തക്ക വിധം ആവശ്യമായ ഇടങ്ങളിൽ L.P.സ്കൂൾ അനുവദിക്കുക.

20. പ്ളാച്ചേരി വാർഡിൽ ഒരു പട്ടിക വർഗ്ഗ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുക.

21. അഖിലേന്ത്യ എൻഡ്രൻസ് പരിശീലന കേന്ദ്രം, യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ, കരിയർ ഗൈഡൻസ് സെന്റർ, ഡേകെയർ സെന്റർ, ഇവ നഗരസഭയുടെ നേതൃത്വത്തിൽ ആരംഭിക്കുക.

22. ഐക്കരക്കോണം വാർഡിലെ നിരപ്പുവിള ഭാഗത്തുള്ള 8 ഏക്കർ സ്ഥലം കായിക പരിശീലനകേന്ദ്രം, പോളിടെക്നിക്ക്, ചിൽഡ്രൻസ് പാർക്ക് എന്നിവ നിർമിക്കുന്നതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

23. സാമൂഹ്യ ക്ഷേമത്തിന്റെ ഭാഗമായി സാങ്കതിക വിദ്യാഭ്യാസ മേഖല ഉപയോഗപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ ഗൃഹോപകരണങ്ങൾ റിപ്പയർ ചെയ്യുവാൻ ഒരു പരിശീലന കേന്ദ്രം ആരംഭിക്കണം. സാധുക്കളായ കുട്ടികളെ പരിശീലിപ്പിച്ച് കിട്ടുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്ത് ഇതിന്റെ നടത്തിപ്പിനുള്ള മൂലധനം കണ്ടെത്തുക.

24. സമാന്തര വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വിദ്യാഭ്യസയോഗ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി അവരുടെ സർട്ടിഫിക്കറ്റിന്റെ സാകഷ്യപ്പെടുത്തിയ പകർപ്പ് മുനിസിപ്പൽ ഉപദേശക സമിതിയെ കാണിച്ച് അംഗീകരിപ്പിക്കുവാൻ നടപടികൾ എടുക്കുക. അതിന്റെ അടിസ്ഥനത്തിൽ നഗരസഭ യോഗ്യതാ സർട്ടിഫിക്കറ്റ് നൽകുക.

## 25. സ്കൂൾവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്ന തിനുള്ള പ്രവർത്തനങ്ങൾ

### 1 ബുള്ളറ്റിൻ ബോർഡ്

കുട്ടികൾ ദിനപത്രങ്ങളും മറ്റുപ്രസിദ്ധീകരണങ്ങളും നിരന്തരം വായിക്കുന്നതിനുള്ള പ്രചോദനം കൊടുക്കുന്നതിനാണ് ഈ പരിപാടി. വായനയിലൂടെ ലഭിക്കുന്ന പുതുമയുള്ള വാർത്തകളും ചിത്രങ്ങളും മുറിച്ചെടുത്തോ പകർത്തിയോ സ്കൂളുകളിൽ കൊണ്ടുവന്ന് പ്രത്യേകമായി വച്ചിട്ടുള്ള ബോർഡിൽ പ്രദർശിപ്പിക്കുക.

### 2. പഠനോപകരണ വിതരണം

പുതിയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ വന്ന പാഠഭാഗങ്ങൾ യഥോചിതം പഠിപ്പിക്കുന്നതിനാവശ്യമായ പഠനോപകരണങ്ങൾ പല സ്ഥലത്തും ആവശ്യത്തിനില്ല. അവ അടിയന്തിരമായി സ്കൂളുകൾക്ക് നൽകുവാൻ നടപടിയുണ്ടാവണം.

### 3 ക്വസ്റ്റ്യൻ ബോക്സ് (ചോദ്യപ്പെട്ടി)

സ്റ്റാഫ്റൂമിലോ ലൈബ്രറിയിലോ ഉചിതമായ മറ്റുസ്ഥാനത്തോ ഒരു പെട്ടി സ്ഥാപിക്കുക. കുട്ടികളുടെ പൊതുവായ സംശയങ്ങളും പാഠ്യസംബന്ധമായ സംശയങ്ങളും ചോദ്യരൂപത്തിലാക്കി ആഴ്ചയിൽ ഒരിക്കലെങ്കിലും ഈ പെട്ടിയിൽ നിക്ഷേപിക്കുക കുട്ടികളുടെ തന്നെ തിരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പുകളുടെ ചുമതലയിൽ ഇവയുടെ ഉത്തരം കണ്ടെത്തി ബുള്ളറ്റിൻ ബോർഡിൽ പ്രദർശിപ്പിക്കുക.

### 4 ക്വിസ് മത്സരങ്ങൾ

വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്വിസ് മത്സരങ്ങൾ ഇടയ്ക്കിടെ നടത്തുകയും വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

4. ഉപന്യാസ മത്സരം വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി ഘട്ടം ഘട്ടമായി ഉപന്യാസ മത്സരങ്ങൾ കുട്ടികൾക്കായി നടത്തുകയും

വിജയികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യുന്നു.

5 കൈയ്യെഴുത്തു മാസിക. കുട്ടികളെ സ്റ്റാൻഡേർഡ് തലത്തിൽ ഗ്രൂപ്പുകളാക്കി ഗ്രൂപ്പിന്റെ ചുമതലയിൽ കൈയ്യെഴുത്തു മാസികൾ തയ്യാറാക്കുക, എല്ലാകുട്ടികളേയും നിർബന്ധിച്ച് മാസികകളിൽ ലേഖനങ്ങളും മറ്റും എഴുതിക്കുക.

6. പരിശീലന കളരി. ക്രിസ്തുമസ് കാർഡ്, പഠന മാതൃകൾ Improvisation, plaster of Paries Model-കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിശീലനം മുനിസി പ്പൽ തലത്തിൽ വിദഗ്ധരെ വിളിച്ച് നടത്തി ക്കുക

7. Subject Council & School Complex. നഗരസഭയിലെ സ്കൂളുകളിൽ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപ കർക്ക് പ്രത്യേകം പ്രത്യേകമായി കൂടുന്ന തിനും ചർച്ച ചെയ്യുന്നതിനും അവസരമു ണ്ടാക്കണം. കൂടാതെ വിദഗ്ധൻമാരെകൊണ്ട് ക്ലാസ് കൊടുക്കേണ്ടതുമാണ്.

8. പ്രതിമാസ പരീകഷകൾ-സ്കൂളുക ളിൽ നിർബനാധമാക്കണം. നഗരസഭാ വിദ്യാഭ്യസ ഉപദേശക സമിതി ഇതിനുവേണ്ട പ്രോത്സാഹനം നടത്തണം.

9. മുനിസിപ്പൽ തല പൊതുപരീക്ഷ. എല്ലാ സ്കൂളുകൾക്കും പൊതുവായി ഓരോ സ്റ്റാന്റേർഡിനും പ്രത്യേകമായി മുനിസിപ്പൽ തലത്തിൽ പൊതുപരീക്ഷകൾ നടത്തി വിദ്യാഭ്യസ നിലവാരം തിട്ടപ്പെടുത്തുകയും കുറവുകൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൻകുകയും ചെയ്യുക. കൂടാതെ 80 ശതമാനത്തിലധികം മാർക്കുവാങ്ങിയവരിൽ ഏറ്റവും കൂടുതൽ മാർക്കുള്ള കുട്ടികൾക്ക് സമ്മാനങ്ങൾ നൽകണം.

## രക്ഷാകർതൃ സമിതി

യോഗങ്ങൾ മാസം തോറും കൂടുകയും വിദ്യാഭ്യാസ നിലവാരവും ഭൗതീക സാഹചര്യങ്ങളും വിലയിരുത്തി പ്രശ്നങ്ങൾ മുനിസിപ്പൽ ഉപദേശക സമിതിയെ അറിയിക്കുകയും ചെയ്യുക

## തുടർച്ചയായ ബന്ധം.

മുനിസിപ്പൽ ഉപദേശക സമിതി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി നിരന്തരം ബന്ധപ്പെട്ട് പ്രശ്നങ്ങൾ വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുക യും ചെയ്യുക. പെൻഷൻ പറ്റിയവരു ൾപ്പെടെ സാദ്ധ്യതയുള്ള വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെ ടുത്തി നിലവാരം താഴ്ന്ന കുട്ടികൾക്ക് സ്കൂൾ സമയം അല്ലാത്ത സമയങ്ങളിൽ പരിഹാരബോധനം നടത്തുക.

## ഉച്ചക്കഞ്ഞി

സ്കുളുകളിൽ ഇന്നു നിലവിലിരി ക്കുന്ന ഉച്ചക്കഞ്ഞി വിതരണം പലയിടത്തും കാര്യക്ഷമമല്ല. വർഷങ്ങൾക്കു മുൻപ് ഇതിനുവേണ്ടി ഒരു കുട്ടിക്ക് ഒരു ദിവസ ത്തേക്ക് 10 പൈസാ നിരക്കിൽ അനുവദി ച്ചിരുന്നു. പാചക ചെലവ്, സാധനങ്ങൾ വാങ്ങുന്ന ചെലവ് ജോലിക്കൂലി തുടങ്ങിയ മറ്റു ചെലവുകൾ നേരിടാൻ ഈ തുക തുലോം പരിമിതമാണ്. അതുകൊണ്ട് ഈ തുക കാലോചിതമായി വർദ്ധിപ്പിച്ച് ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കാൻ സംവിധാനം ഉണ്ടാക്കണം.



ഗവ:ഹൈസ്ക്കൂൾ



ശ്രീ നാരായണാ കോളേജ്

ബോയ്സ് ഹൈസ്ക്കൂൾ



# ആരോഗ്യം പരിസരശുചിത്വം

ആരോഗ്യമുള്ള ജനതയുടെ സമൂഹം മാത്രമാണ് ഐശ്വര്യ സമ്പൂർണ്ണമായി തീരുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ സുസ്ഥിതി ആണ് വ്യക്തിയുടെ ആരോഗ്യം എന്ന് ലോകാരോഗ്യ സംഘടന നിർവ്വചിക്കുന്നു. ശുദ്ധ വായു,ശുദ്ധ ജലം, ശുചിത്വമുള്ള വീട്, വൃത്തിയുള്ള പരിസരം ഇവയാണ് ആരോഗ്യ പരിപാല നത്തിന് സഹായകമായ മുഖ്യഘട കങ്ങൾ. മൂല്യങ്ങളിലധിഷ്ടിതമായ ജീവിത ചര്യകൾ വൃതമായി മാറുന്ന വ്യക്തികൾക്ക് മാത്രമേ ഒരു സമൂഹത്തേയോ രാഷ്ട്രത്തേ യോ ഉന്നതിയിലേക്ക് നയിക്കാനാവൂ. അസൂയയും പകയുമില്ലാത്ത നീതി ബോധവും, സഹജീവി സ്നേഹവും കൈമുതലായുള്ള വ്യക്തികൾ വളരണം. ശാന്തമായ മനസും രോഗമില്ലാത്ത ശരീരവും, വ്യക്തികളുടെ സമ്പത്തായി മാറണം . സാമൂഹ്യമര്യാദകളെ കുറിച്ച് ധാരണയുള്ള സംസ്ക്കാര സമ്പന്നരായ ജനത നാടിന്റെ നെടും തൂണുകളായി തീരണം. ആരോഗ്യമുള്ള വ്യക്തി, ആരോഗ്യമുള്ള സമൂഹം, ആരോഗ്യമുള്ള രാഷ്ട്രം, ആരോഗ്യമുള്ള ലോകം അതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

ശാരീരികാരോഗ്യത്തെക്കുറിച്ചും അത് നിലനിർത്തുന്നതിനുള്ള നിലവിലുള്ള സംവിധാനങ്ങളെക്കുറിച്ചും പഠിക്കുന്നതിന് മുമ്പായി ഈ രംഗത്ത് മുമ്പ് ഉണ്ടായിരുന്ന ചിന്താഗതികളെക്കുറിച്ചുള്ള പഠനം ഉചിതമായിരിക്കും.

രോഗകാരണങ്ങളെ കുറിച്ച് നിലനിന്നിരുന്ന ചില അന്ധവിശ്വാസങ്ങൾ ഉണ്ട്. വസൂരി (small pox) വരുന്നത് ദേവീകോപം കൊണ്ടാണെന്ന് ഒരു വിഭാഗം ആളുകൾ വിശ്വസിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. അതിനുള്ള ചികിൽസയായി മന്ത്രവാദം നടത്തുക പതിവായിരുന്നു. ഹൃദയ സ്തംഭനം (heart attack) ഉണ്ടാകുന്നത് "മാടൻ" അടിക്കുന്നതുകൊണ്ടാണെന്നും വയർ പെരുകുന്നതിനുള്ള മരുന്നായി കൊതിക്കോതി കൊടുത്താൽ മതിയെന്നുമുള്ള വിശ്വാസങ്ങൾ ഇപ്പോഴും ഉണ്ട്. ഉളുക്ക് വന്നാൽ ഇരട്ട പ്രസവത്തിൽ ഉണ്ടായ കുട്ടികളിലൊരാളെക്കൊണ്ട് തടവിച്ച് ആശ്വാസം കണ്ടെത്തുന്നവരുമുണ്ട്.

ആശുപത്രി സംവിധാനം ചികിൽസാ രംഗത്തുണ്ടായ അടുത്ത ഒരു കാൽവെയ്പായിരുന്നു. പ്രത്യേക പരീക്ഷാ

പട്ടിക - 1

279

വാർഡ്ഡി ചികിൽസാ രംഗത്തുള്ള സ്ഥാപനങ്ങൾ വാർഡ്തലത്തിൽ

| വാർഡിന്റെ നമ്പർ | വാർഡിന്റെ പേര് | സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ സ്വഭവം | ഡോക്ടർമാരുടെ എണ്ണം | മറ്റഗംങ്ങൾ |
|---|---|---|---|---|---|
| 1 | ആരംപുന്ന | മാതൃ ശിശു സംരക്ഷണ കേന്ദ്രം | | | |
| 8 | റെയിൽവെ സ്റ്റേഷൻ | ജയഭാരതം മെന്റൽ ആശുപത്രി | മാനസിക രോഗചികിൽസ | | |
| 10 | മാർക്കറ്റ് | ഷൺമുഖ വിലാസം | | | |
| | | ഭാനു നഴ്സിംഗ് ഹോം | | | |
| | | | അലോപ്പതി ആയുർവേദം | | |
| | | ഹോമിയോഡിസ്പെൻസറി (ഗവൺമെന്റ്) | അലോപ്പതി | | |
| | | മാജോ ഹോമിയോ ഡിസ്പെൻസറി | ഹോമിയോ | | |
| | | ആഡംസ് ഹോസ്പിറ്റൽ | ഹോമിയോ | | |
| | | വിജയാ ഫാർമസി | ദന്ത ചികിൽസ | | |
| 13 | കച്ചേരി | ശങ്കേഴ്സ് ഐ ക്ളിനിക്ക് | ആയുർ വേദം | | |
| | | സെന്റ് തോമസ് ഹോസ്പിറ്റൽ | നേത്രരോഗ ചികിൽസ<br>ഹോമിയോ | | |
| | | ജയഭാരതം നഴ്സിംഗ് ഹോം | അലോപ്പതി | | |
| | | ശങ്കേഴ്സ് ഹോസ്പിറ്റൽ | അലോപ്പതി | | |
| | | ആരാധനാ ഹോസ്പിറ്റൽ | അലോപ്പതി | | |
| | | കോട്ടയ്ക്കൽ ആര്യ വൈദ്യശാല | ആയുർവേദം | | |
| | | | ദന്തരോഗ ചികിൽസ | | |
| | | ഡെന്റൽ ക്ളിനിക്ക് | അലോപ്പതി | | |
| | | ഗവ. ഹോസ്പിറ്റൽ | അലോപ്പതി | | |
| | | ഫാമിംഗ് കോർപ്പറേഷൻകം ബൈൻഡ് ഹോസ്പി റ്റൽ | | | |
| 14 | തൊളിക്കോട് | മാതൃ ശിശു സംരക്ഷണ കേന്ദ്രം | അലോപ്പതി | | |
| 17 | അഷ്ടമംഗലം | | ദന്തരോഗ ചികിൽസ | | |
| 18 | കക്കോട് | മാതൃശിശു സംരക്ഷണ കേന്ദ്രം | ആയുർവേദം | | |
| 20 | വാളക്കോട് | ഡീൻ ഹോസ്പിറ്റൽ | | | |
| | | എസ്.ജി.ഡെന്റൽ ക്ളിനിക്ക് | | | |
| | | ആർ.കെ.എം. ഫാർമസി | | | |

വാർഡി

| ന്റെ നമ്പർ | വാർഡിന്റെ പേര് | | സ്ഥാപനത്തിന്റെ പേര് | സ്ഥാപനത്തിന്റെ സ്വഭാവം | ഡോക്ടർമാരുടെ എണ്ണം | മറ്റഗംങ്ങൾ |
|---|---|---|---|---|---|---|
| 22 | പ്ലാച്ചേരി | | മാതൃ ശിശു സം രക്ഷണ കേന്ദ്രം | ആയുർവേദം | | |
| 23 | കാരക്കാട് | | ജീവാ നേഴ്സിഗ് ഹോം | | | |
| | | | ഹോമിയോഹോസ്പിറ്റൽ | ഹോമിയോ | | |
| 24 | കലയനാട് | | | | | |
| | | | മുരളീധരാ ആയുർവേദ | ആയുർവേദം | | |
| 26 | ഹൈസ്കൂൾ | | ഫാർമ്മസി | | | |
| 28 | വിളക്കുവെട്ടം | | ആയുർവേദ ആശുപത്രി | | | |
| | | | മാതൃ ശിശു സംരക്ഷണ | ആയുർവേദം | | |

യോഗ്യതകളില്ലെങ്കിലും ചികിത്സാരംഗത്ത് പരിചയമുള്ളവരെ ചികിത്സയ്ക്കായി നിയമിച്ചിരുന്നു. സ്ഥാപനത്തിന്റെ മേലധികാരിയായ ഡോക്ടർ. "അപ്പോത്തിക്കരി" എന്നറിയപ്പെട്ടു. മരുന്നുകൾ കോമ്പൗണ്ട് ചെയ്ത് അഥവാ കലർത്തിക്കൊടുക്കാൻ ഡോക്ടറെ കൂടാതെ ഒരാളിനെക്കൂടി നിയമിച്ചിരുന്നു. കോമ്പൗണ്ട് ചെയ്യുന്ന ഇയാളെ കമ്പൗണ്ടർ എന്ന് വിളിച്ചു പോന്നു. ഒരു നേഴ്സും ഒരു വാച്ച്മാനും ആണ് മറ്റ് ആശുപത്രി അംഗങ്ങൾ. ഡോക്ടർമാരിൽ കൂടുതലും (L.M.P.) ലൈസൻസ്ഡ് മെഡിക്കൽ പ്രാക്റ്റീഷണേഴ്സ് ആയിരുന്നു. നാട്ടുപ്പതിച്ചികളായിരുന്നു പ്രസവം എടുക്കുന്നതിന് സഹായിച്ചിരുന്നത്. സാമ്പത്തിക സൗകര്യമുള്ളവർ ഡോക്ടർമാരെ വീട്ടിൽ വിളിച്ചുകൊണ്ട് വന്ന് ചികിൽസിച്ചിരുന്നു.

ഇപ്പോഴത്തെ താലൂക്ക് ആശുപത്രിയാണ് പുനലൂരിലെ ആദ്യത്തെ ആതുര സേവനസ്ഥാപനം. നാലുവശം വരാന്തയുമായി രണ്ടു മുറികളുള്ള ഒരു ഓട് മേഞ്ഞ കെട്ടിടത്തിൽ ഗവണ്മെന്റ് ഡിസ്പൻസറിയായിട്ടാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇത് പിന്നീട് താലൂക്ക് ആശുപത്രിയായി മാറുകയും അതിന്റെ സൗകര്യങ്ങൾക്ക് വേണ്ടി ഒരു മൂന്ന് നില കെട്ടിടം നിർമ്മിക്കുകയും ചെയ്തു. ഇവിടെ ഇപ്പോൾ X-Ray, ബ്ളോക്ക് ബ്ളഡ് ബാങ്ക്, ഇ. സി. ജി. ലാബ്, പാതോളജി ലാബ് തുടങ്ങിയ ആധുനിക രോഗനിർണ്ണയ സങ്കേതങ്ങൾ ഉണ്ട്. കൂടാതെ പകർച്ചവ്യാധി കളുള്ളവരെ പ്രത്യേകം കിടത്തി ചികിത്സിക്കുന്നതിനായി ഒരു ഐസോലേഷൻ വാർഡും, ശവശരീരങ്ങൾ സൂക്ഷിക്കുന്നതിനും മറ്റുമായി ഒരു മോർച്ചറിയും പ്രവർത്തിക്കുന്നു.

പുനലൂർ പട്ടണത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ വാർഡ് തിരച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

## പട്ടിക ഒന്നിൽ

പുനലൂർ പട്ടണത്തിൽ 30 ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട് അവയിൽ മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങ ൾ ഒഴിവാക്കിയാൽ ബാക്കി 24 എണ്ണവും 8 വാർഡുകളിലായിട്ടാണ് വിന്യസിച്ചിരിക്കുന്നത്. ആശുപത്രികളുടെ എണ്ണം ആവശ്യത്തിനുണ്ടെങ്കിലും പട്ടണത്തെ കേന്ദ്രീകരിച്ചാണ് ഇവയിൽ കൂടുതലും പ്രവർത്തിക്കുന്നത് ആയതിനാൽ 28 വാർഡുകളിൽനിന്നും രോഗികൾക്ക് അനായാസം ചികിൽസാകേന്ദ്രങ്ങളിൽ യഥാസമയം എത്താൻ കഴിയാതെ വരുന്നുണ്ട്.താലൂക്ക് ഗവ. ആശുപത്രി, ഷൺമുഖവിലാസം ആശുപത്രി, ശങ്കർ മെമ്മോറിയൽ ആശുപത്രി എന്നിവിടങ്ങളിൽ ദന്തരോഗം, ത്വക്ക് രോഗം, എല്ലുസംബന്ധമായ കാര്യങ്ങൾ, ഇ.എൻ. റ്റി, ഗൈനക്കോളജി, സർജറി തുടങ്ങിയ വിവിധ വിഭാഗങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം

## നിലവിലുള്ള ചികിൽസാ കേന്ദ്രങ്ങളിലെ ചികിത്സാ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച കണക്ക്

പട്ടിക-2

| ചികിത്സാ സമ്പ്രദായം | ഗവ. മേഖല | സ്വകാര്യ മേഖല | ആകെ |
|---|---|---|---|
| അലോപ്പതി | 1 | 7 | 8 |
| ആയുർവേദം | 1 | 6 | 7 |
| ഹോമിയോ | 2 | 2 | 4 |
| ദന്ത രോഗ ചികിത്സ | | 3 | 3 |
| മാനസിക രോഗ ചികിത്സ | | 1 | 1 |
| നേത്ര രോഗ ചികിത്സ | | 1 | 1 |
| മാതൃ ശിശു സംരക്ഷണ കേന്ദ്രം | 6 | | 6 |
| ആകെ | 10 | 20 | 30 |

282

## പട്ടിക-3

| വർഷം | ഇൻപേഷ്യന്റ് | ഔട്ട് പേഷ്യന്റ് | ആകെ | രോഗങ്ങൾ സംബന്ധിച്ച വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ത്വക്ക് | ശതമാനം | വാതം | ശതമാനം | പകർച്ചവ്യാധി | ശതമാനം | വിഷചികിത്സ | ശതമാനം | മറ്റുരോഗങ്ങൾ | ശതമാനം |
| 1992–1993 | 17492 | 132911 | 150403 | 4578 | 3.04 | 611 | 0.4 | 1633 | 1.1 | 49 | 0.03 | 143532 | 95.4 |
| 1993–1994 | 17704 | 132613 | 150317 | 8480 | 5.6 | 503 | 0.4 | 1464 | 1 | 26 | 0.02 | 139844 | 93 |
| 1994–1995 | 21011 | 130595 | 151606 | 9372 | 6.2 | 353 | 0.3 | 1204 | 0.8 | 86 | 0.06 | 140591 | 92.7 |
| 1995–1996 | 24019 | 158614 | 182613 | 9444 | 5.2 | 477 | 0.3 | 1210 | 0.7 | 68 | 0.04 | 171434 | 93.9 |

ലഭ്യമാണ്.

മോഡേൺ മെഡിസിൻ ഉപയോഗിച്ചുള്ള ചികിത്സാ രീതിയാണ് കൂടുതൽ ആളുകളും സ്വീകരിച്ചു കാണുന്നത്. പുനലൂരിലുള്ള ആശുപത്രികളിൽ ചികിത്സയ്ക്കു വരുന്നവരെല്ലാം പുനലൂർ നഗരസഭയിലുള്ളവരല്ല എന്നു മാത്രമല്ല ഒരിക്കൽ ചികിത്സയ്ക്കായി എത്തിയവർ തന്നെ വീണ്ടും ചികിത്സക്ക് എത്തുമ്പോൾ വീണ്ടും രജിസ്ട്രേഷൻ നടത്തുന്നതുമൂലം രേഖകളിൽ കാണുന്ന കണക്കുകൾക്ക് കൃത്യത കുറവായിരിക്കും. എങ്കിലും രോഗാതുരത വിലയിരുത്താൻ ഈ കണക്കുകൾ ഉപയോഗിക്കാം .

ഇൻപേഷ്യന്റിന്റെ എണ്ണം കഴിഞ്ഞ 4 വർഷങ്ങളിൽ ക്രമേണ കൂടുന്നതായും ഔട്ട് പേഷ്യന്റിന്റെ എണ്ണം കുറയു ന്നതായും കാണുന്നു. എന്നാൽ 1995-96ൽ ഔട്ട് പേഷ്യന്റിന്റെ എണ്ണത്തിലും പൊടുന്നനെ ഒരു വർദ്ധനവ് ഉണ്ടായിട്ടുണ്ട്. രോഗങ്ങളെ കുറിച്ചുള്ള ശരിയായ ധാരണ ഇല്ലാത്തതിനാൽ നിസ്സാര പ്രശ്നങ്ങൾക്ക് പോലും ആശുപത്രിയിൽ കിടന്ന് ചികിത്സിക്കണമെന്ന രോഗികളുടെ ചിന്താഗതിയും അതിനെ പ്രോത്സാഹിപ്പിക്കുന്ന സ്വകാര്യ ആശുപത്രി സംവിധാനവുമാണ് ഈ വർദ്ധനവിന് കാരണമായി കാണുന്നത്. രോഗികളുടെ എണ്ണം കൂടുന്നതാണ് മേൽപ്പറഞ്ഞതിന് കാരണമെന്നനുമാനിക്കാനാവുന്നില്ല.കാരണം സർക്കാർ ആശുപത്രികളിൽ എത്തുന്ന ഔട്ട് പേഷ്യന്റിന്റെ എണ്ണവും ഇൻ പേഷ്യന്റിന്റെ എണ്ണവും പൊതുവെ കുറയുന്നതായിട്ടാണ് അനുഭവപ്പെടുന്നത്.

പട്ടിക മൂന്നിൽ വിവിധ അലോപ്പതി ആശുപത്രികളിൽനിന്നും കിട്ടിയ ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ് കണക്കുകളും വിവിധ രോഗങ്ങൾക്ക് വിധേയരായവരുടെ കണക്കുകളും ഇനം തിരിച്ചു കൊടുത്തിരിക്കുന്നു. താലൂക്കിലെ മുഴുവൻ ആളുകളും ഇവിടെ ചികിത്സയ്ക്കായി എത്താൻ ഇടയുള്ളതിനാൽ പത്തനാപുരം താലൂക്കിലെ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് നിരക്കുകൾ കണക്കാക്കിയിരിക്കുന്നത് ഇത് അനുസരിച്ച് ത്വക്ക് രോഗം, വിഷചികിത്സ എന്നിവയ്ക്കു വിധേയരായവരുടെ എണ്ണം കഴിഞ്ഞ നാല് വർഷങ്ങളിലായി കൂടുന്നതായി കാണുന്നു. പരിസര മലിനീകരണം, ത്വക്ക് രോഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനും വിഷ ജന്തുക്കളുടെ എണ്ണത്തിൽ വന്ന വർദ്ധനവ് വിഷ ചികിൽസയ്ക്ക് എത്തുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവിനും കാരണമാകുന്നതായി അനുമാനിക്കാം. പുനലൂർ നഗരസഭയിലെ 5 വർഷത്തെ ജനന മരണ നിരക്കുകളും കുട്ടികളുടെ പോഷണ നിലവാരവും കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 4

| വർഷം | ജനനം | ജനന നിരക്ക് | മരണം | മരണ നിരക്ക് | ശിശു മരണം | ശിശുമരണ നിരക്ക് |
|---|---|---|---|---|---|---|
| 1991 | 605 | 13.07 | 351 | 7.6 | 32 | 5.3 |
| 1992 | 567 | 12.2 | 345 | 7.4 | 23 | 4.03 |
| 1993 | 554 | 11.6 | 346 | 7.24 | 23 | 4.2 |
| 1994 | 600 | 12.5 | 346 | 7.21 | 25 | 4.2 |
| 1995 | 640 | 13.27 | 370 | 7.67 | 1 5 | 2.3. |

കേരളത്തിലെ ശരാശരി ജനന നിരക്ക് 17 ആണ്. നഗരസഭയിൽ ഇത് താരതമ്യേന കുറഞ്ഞ് കാണുന്നു. കേരളത്തിലെ പൊതുമരണനിരക്ക് 5.9 ആയിരിക്കെ പുനലൂർ നഗരസഭയിലെ മരണ നിരക്ക് കഴിഞ്ഞ അഞ്ച് വർഷങ്ങളിലും ഇതിനേക്കാൾ വളരെക്കൂടുതലാണ്. താഴ്ന്ന ജനനനിരക്കും ഉയർന്ന മരണ നിരക്കും ആണ് ഈ പ്രദേശത്തുള്ളത്. കുടുംബാസൂത്രണം ഫലപ്രദമായി നടന്നു വരുന്നതും ചെറിയ കുടുംബ സങ്കൽപ്പവും കുറഞ്ഞ ജനനനിരക്കിന് കാരണമാണ് അപകടമരണങ്ങളും ആത്മഹത്യകളും ഈ പ്രദേശത്ത് പൊതുവേ കൂടുതലാണെന്നതാണ് ഉയർന്ന മരണ നിരക്കിനുള്ള കാരണം. മുനിസിപ്പാലിറ്റിയിലെ 1996 മാർച്ചിലെ ജനസംഖ്യ 48487 ആണ്. പ്രായഘടന തെളിയിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

## പട്ടിക നമ്പർ 5

| ഒരു വയസ്സിനു താഴെ | 1നും 5നും ഇടയിൽ | 5നു 12നും ഇടയിൽ | 12നും 18നും ഇടയിൽ | 18നുമുകളിൽ | 18 വയസ്സിനു മുകളിൽ പുരു | സ്ത്രീ. |
|---|---|---|---|---|---|---|
| 694 | 3366 | 3073 | 6265 | 35089 | 17165 | 17924 |

## രോഗ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുള്ള ശിശുക്കളുടെ വിവരങ്ങൾ പട്ടിക 6-ൽ കാണിച്ചിരിക്കുന്നു

## പട്ടിക- 6

| 5 വയസ്സിനു താഴെയുള്ള കുട്ടികൾ | .ബി.സി.ജി. | പോളിയോ | മീസിൽസ് | ബൂസ്റ്റർ ഡോസ് |
|---|---|---|---|---|
| 4060 | 3406 | 3384 | 2921 | 2730 |
| ശതമാനം | 83.9 | 83.3 | 71.9 | 67.2 |

100 % കുട്ടികൾക്കും പ്രതിരോധ മരുന്നുകൾ നല്കാൻ നമുക്ക് ഇനിയും കഴിഞ്ഞിട്ടില്ല. തുടക്കത്തിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുള്ളവർ പോലും അത് ക്രമമായി പൂർത്തീകരിക്കുവാൻ ശ്രമി ച്ചിട്ടില്ല. ഇത്തരം സംരംഭങ്ങളെ കുറിച്ചുള്ള അവബോധം ഇല്ലായ്മയാണ് ഇതിന് കാരണം. വൈകല്യ നിരക്കിനെ കാണിക്കുന്ന പട്ടിക ഇത് തെളിയിക്കുന്നതാണ്

1000 ൽ 7 പേരോളം ഏതെങ്കിലും തരത്തിൽ വൈകല്യം ഉള്ളവരാണ്. വൈകല്യം ഉള്ളവർക്ക് അവരുടെ ശേഷിക്കും ശേ[illegible]ും അനുസരിച്ച് തൊഴിൽ ചെയ്യുന്നതിനു[illegible] പരിശീലനം കൊടുക്കുകയും തൊഴിലെടുക്കന്നതിനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്താൽ അവരിലും ജീവിതത്തെ കുറിച്ചുള്ള പ്രതീക്ഷകൾ വളർത്താൻ കഴിയും.

12269 കുടുംബങ്ങളിലായി 48487 പേരാണ് ഇപ്പോൾ നഗരത്തിൽ ഉള്ളത്. നമ്മുടെ ശരാശരി കുടുംബ വലിപ്പം നാലാണ് എന്ന്

പട്ടിക– 7

വൈകല്യനിരക്ക് സംബന്ധിച്ച വിവരം

ആകെജനസംഖ്യ 48487

| വൈകല്യം | ആൺ | പെൺ | ആകെ | നിരക്ക് |
|---|---|---|---|---|
| ചലനവൈകല്യം | 85 | 50 | 135 | 2.9 |
| കേൾവി/സംസാരം | 25 | 38 | 63 | 1.4 |
| കാഴ്ച്ച | 1 6 | 7 | 23 | 0.5 |
| ബുദ്ധിമാന്ദ്യം | 45 | 23 | 68 | 1.5 |
| മറ്റുവിഭാഗങ്ങൾ | 7 | 8 | 15 | 0.3 |
| ആകെ | 178 | 126 | 3.4 | 66 |

കാണാവുന്നതാണ്. ചെറിയ കുടുംബം സന്തുഷ്ട കുടുംബം എന്ന ആശയം ദമ്പതികളിൽ വേരൂന്നിയിരിക്കുന്നു എന്ന് ഉറപ്പിക്കാം. വിവാഹത്തിന് മുമ്പ് തന്നെ യുവതീ യുവാക്കളിൽ സന്തുഷ്ട കുടുംബ സങ്കൽപം രൂഢമായിട്ടുണ്ട് എന്നുള്ളതും അതിന് ഒരു കാരണമായി തീരുന്നു.

## മലിനീകരണം

12269 വീടുകളും 7 വിവിധ തരം ഫാക്റ്ററികളും 30 ഓളം ആശുപത്രികളും അറവുശാല, മീൻ ചന്ത, പച്ചക്കറി കടകൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വലിയ മാർക്കറ്റും , ബസ് സ്റ്റേഷനുകൾ, റെയിൽവേസ്റ്റേഷൻ എന്നിവയും ചേരി പ്രദേശങ്ങളും അടങ്ങുന്ന പുനലൂരിൽ വായു ജല പരിസര മലിനീകരണത്തിന് മറ്റു കാരണങ്ങൾ ഏറെ വേണ്ടതില്ല. നഗരത്തിലെ പല വീടുകളിലും കക്കൂസ് ഇല്ല. ഇത് ഏതാണ്ട് 7.3 ശതമാനത്തോളം വരുന്നുണ്ട്. ആ വീടുകളിലെ അംഗങ്ങൾ തുറസായ സ്ഥലത്ത് മല മൂത്ര വിസർജനം ചെയ്യുന്നതും പരിസര മലിനീകരണത്തി ന്റെ തീവ്രത വർദ്ധപ്പിക്കുന്നു. വീടുകളേയും കക്കൂസുകളേയും സംബന്ധിക്കുന്ന വാർഡ് തല വിവരങ്ങൾ പട്ടിക 8-ൽ കൊടുക്കുന്നു.

ശബരിമല തീർത്ഥാടകരുടേയും പാലരുവി വിനോദ സഞ്ചാരികളുടേയും ഒരു ഇടത്താവളമായ പുനലൂർ അനേകം ഹോട്ടലുകളും ചായക്കടകളും ബേക്കറികളും തിങ്ങി നിറഞ്ഞ സ്ഥലമാണ്.

മേൽപ്പറഞ്ഞ രീതിയിൽ ഉണ്ടാകാവുന്ന മലിനീകരണം ഒഴിവാക്കാനാവശ്യ മായ ഫലപ്രദമായ സംവിധാനം ഇന്ന് നില വിലില്ല. നഗരത്തിൽതന്നെ ശരാശരി 10 ടൺ മാലിന്യങ്ങൾ ദിനംപ്രതി നീക്കേണ്ടതായിട്ടുണ്ട്. മുനിസിപ്പാലിറ്റിക്ക് സ്വന്തമായുള്ള ഒരു ലോറി ഉപയോഗിച്ച് എല്ലാ പ്രവർത്തി ദിവസങ്ങളിലും ഞായറാഴ്ച ഒഴികയുള്ള മറ്റ് അവധിദിവസങ്ങളിലും ഖര മാലിന്യങ്ങൾ നീക്കം ചെയ്തു വരുന്നു. എന്നാൽ ഈ ഖര മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനോ സംസ്ക്കരിക്കുന്നതിനോ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് ഇല്ല. ഇപ്പോൾ ശേഖരിക്കുന്ന മാലിന്യങ്ങൾ ജൈവവളം എന്ന നിലയിൽ ആവശ്യക്കാർക്ക് കൊടുത്തതിന് ശേഷമുള്ളത് സംസ്ക്കരിക്കാൻ വേണ്ട സൗകര്യം നിലവിലില്ല. ഇത് വളരെ വലിയ പരിസര മലിനീകരണവും പാരിസ്തിതിക, പൊതുജനാരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. തികച്ചും അനാരോഗ്യപരമായ ചുറ്റുപാടിൽ അശാസ്ത്രീയമായ ഒരു സ്ലാട്ടർഹൗസ് ആണ് പുനലൂർ മുനിസിപ്പാലിറ്റിക്കുള്ളത്. മൃഗങ്ങളെ നിരീക്ഷണത്തിന് വിധേയമാക്കി സൂക്ഷിക്കുന്നതിന് പ്രത്യേക സ്ഥലം

## പട്ടിക - 8

| വാർഡ് നമ്പർ | ആകെ വീടുകൾ | കക്കൂസുകൾ ഇല്ലാതിരുന്ന വീടുകൾ | വിവിധപദ്ധതികളിലായി അനുവദിച്ച കക്കൂസുകളുടെ എണ്ണം | പൂർത്തികരിച്ചത് | ഇനിയും വേണ്ട കക്കൂസുകൾ |
|---|---|---|---|---|---|
| 1 | 448 | 15 | | | |
| 2 | 369 | 49 | | | |
| 3 | 446 | 25 | | | |
| 4 | 270 | 16 | | | |
| 5 | 411 | 39 | | | |
| 6 | 350 | 19 | | | |
| 7 | 389 | 27 | | | |
| 8 | 429 | 39 | | | |
| 9 | 441 | 8 | | | |
| 10 | 806 | 48 | | | |
| 11 | 501 | 24 | UNDP : 171<br>UBSP : 62<br>Toatl : 233 | 233 | 899 |
| 12 | 311 | 58 | | | |
| 13 | 928 | 39 | | | |
| 14 | 423 | 71 | | | |
| 15 | 390 | 75 | | | |
| 16 | 429 | 73 | | | |
| 17 | 385 | 72 | | | |
| 18 | 390 | 67 | | | |
| 19 | 438 | 9 | | | |
| 20 | 543 | 12 | | | |
| 21 | 360 | 37 | | | |
| 22 | 334 | 7 | | | |
| 23 | 496 | 31 | | | |
| 24 | 326 | 27 | | | |
| 25 | 399 | 32 | | | |
| 26 | 427 | 56 | | | |
| 27 | 364 | 83 | | | |
| 28 | 306 | 74 | | | |
| ആകെ | 12269 | 1132 | | | |

ഇല്ല. സ്ളാട്ടറിങ്ങിന് ഉപയോഗിക്കുന്ന സ്ഥലം അനുയോജ്യമല്ല. കേരളത്തലെ ഏറ്റ വു വലിയ മാർക്കറ്റുകളിലൊന്നായ പുനലൂർ പബ്ളിക്ക് മാർക്കറ്റിനുള്ളിലാണ് സ്ളാട്ടർ ഹൗസ് സ്ഥിതി ചെയ്യുന്നത്. സ്ളാട്ടറിങ്ങിനു ശേഷമുള്ള അവശിഷ്ടങ്ങളും മറ്റും പരിസരത്തുതന്നെ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്. ഇത് പട്ടികളും, പക്ഷികളും വലിച്ചെടുത്ത് പരിസരങ്ങളിൽ കൊണ്ടു പോയി ഇടുന്നത് പരിസര മലിനീകരണത്തിനിടയാക്കുന്നു. നഗരത്തിന്റെ ഹൃയഭാഗത്തുകൂടി ഒഴുകിപ്പോകുന്ന കല്ലടയാറ്റിലെ വെള്ളം മലിനമാകുന്നതിനും ഇത് കാരണമാകുന്നു. കുണ്ടറ, പുനലൂർ സ്ഥല വാസികൾ കല്ലടയാറ്റിലെ വെള്ളമാണ് കുടിക്കുവാൻ ഉപയോഗിക്കുന്നത്. കല്ലടയാറിന്റെ തീരത്തുള്ള ഒട്ടുപാൽ (റബ്ബർ) സംസ്ക്കരണ മില്ലിൽ നിന്നും ഒഴുക്കിവിടുന്ന മാലിന്യങ്ങളും ആറിന്റെ തീരത്തുള്ള ആശുപത്രികളിൽ നിന്നും പുറത്തുവരുന്ന വിസർജ്ജ്യ, അവശിഷ്ട മാലിന്യങ്ങളും ട്രാൻസ്പോർട്ട് സ്റ്റേഷനു സമീപമുള്ള പബ്ളിക്ക് കംഫേർട്ട് സ്റ്റേഷനിൽ നിന്നും പൈപ്പും ടാങ്കും പൊട്ടി ഒലിച്ചു വരുന്ന വിസർജ്ജ്യ മാലിന്യങ്ങളും പുനലൂർ പാലത്തിനു സമീപം വാളക്കോട് വാർഡിലുള്ള പ്ളൈവുഡ് ഫാക്റ്ററിയിൽ നിന്നും ഒഴുകി വരുന്ന മാലിന്യങ്ങളും, ഹോട്ടലുകളിൽ നിന്ന് പുറത്തു കളയുന്ന മാലിന്യങ്ങളും കല്ലടയാറ്റിൽതന്നെ എത്തിച്ചേരുന്നു.

കൂടതെ ആശുപത്രികൾ, ഫാക്റ്ററികൾ, വീടുകൾ എന്നിവിടങ്ങളിൽ പാഴ്‌വസ്തുക്കൾ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷവാതകങ്ങളും കരിംകല്ല് ക്രഷർ മില്ലിൽ നിന്നും ക്രമാതീതമായി ഉയരുന്ന പൊടിപടലങ്ങളും വാഹനങ്ങളിൽനിന്നും പുറം തള്ളപ്പെടുന്ന വാതകങ്ങളും ഗുരുതരമായ വായു മലിനീകരണത്തിന് ഇടയാകുന്നു. നിയന്ത്രണമില്ലാത്ത ഉച്ചഭാഷിണി പ്രയോഗങ്ങളും നിയമ വിരുദ്ധമായി ഉപയോഗിക്കുന്ന വാഹനങ്ങളിലെ സൗണ്ട് ഹോണും അസഹ്യമായ ശബ്ദമലിനീകരണം ഉണ്ടാക്കു ന്നതായി തെളിഞ്ഞിട്ടുണ്ട്. ആശുപത്രികളുടെ സമീപത്തുകൂടി പോലും വാഹനങ്ങൾ അമിതമായ ശബ്ദത്തിൽ ഹോൺ മുഴക്കി പോകുന്നതും രോഗികളിൽ മാത്രമല്ല സമീപ വാസികളിൽ പോലും അസഹ്യത സൃഷ്ടിക്കുന്നു. വിദ്യാലയങ്ങളുടെ സമീപത്തുകൂടിയുള്ള ഇത്തരം വാഹന ഗതാഗതം അവിടങ്ങളിലെ അദ്ധ്യാപനത്തെ തടസപ്പെടുത്തുന്നു. ചുരുക്കത്തിൽ പരിസര -വായു-ശബ്ദ മലിനീകരണം ജന ജീവിതത്തെ ദുസ്സഹമാക്കുന്നു

## പ്രശ്നങ്ങൾ വാർഡ് തലത്തിൽ

1. ആരംപുന്ന - സ്വാഗതം ജംഗ്ഷ നിലെ കശുവണ്ടി ഫാക്റ്ററിയിൽ നിന്നുള്ള മലിന ജലം റോഡിൽ ഒഴുകി കെട്ടിക്കിടക്കു ന്നു. ഫാക്റ്ററിയിലെ ചപ്പു ചവറുകൾ റോഡി ൽ കൂട്ടിയിടുന്നു

2. കാഞ്ഞിരമല -പല വീടുകൾക്കും കക്കൂസ് ഇല്ല.

3. ചെമ്മന്തൂർ കോളനി റോഡ് പുറംപോക്ക് സ്ഥലത്ത് തുറസായ ഭാഗത്ത് മല മൂത്ര വിസർജനം നടത്തുന്നു. അംഗൻവാടി ഇല്ല.

5. പേപ്പർ മില്ല്- സാമ്പത്തിക പരാധീനത മൂലം 20 ശതമാനം വീടുകൾക്ക് കക്കൂസ് ഇല്ല.

6. മുസാവരി.- 20ശതമാനം വീടുകൾക്ക് കക്കൂസ് ഇല്ല. മലിന ജലവും ചപ്പു ചവറുകളും നീക്കം ചെയ്യുന്നില്ല. കൊതുക്, ഈച്ച ശല്യം ഉണ്ട്. പേപ്പട്ടി ശല്യം രൂക്ഷമാണ്.

7. ശാസ്താംകോണം:- അംഗൻവാടിക്കു സമീപം ചപ്പു ചവറുകൾ ഇടുവാൻ സംവിധാനം ഉണ്ടാക്കണം

8. റെയിൽവേ സ്റ്റേഷൻ- കുറ്റിക്കാട് പ്രദേശത്തെ ഓടകൾ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. തമിഴ്നാട്ടിൽ നിന്നും എത്തുന്ന രോഗികൾ പകർച്ചവ്യാധികൾ പരത്തുന്നു.

288

9. ഭരണിക്കാവ് -പുറം പോക്കുകളിൽ കമ്മ്യൂണിറ്റി കക്കൂസ് ഇല്ല. ഔഷധ നിർമാണ ശാലകളിൽനിന്നുള്ള മലിനജലം റോഡിലേക്ക് ഒഴുകുന്നു. കൊതുക് നശീകരണം ഫലപ്രദമായി നടക്കുന്നില്ല. ചപ്പുചവറുകൾ വാരി മാറ്റുന്നില്ല.

10. മാർക്കറ്റ്:-അറവുശാല അനുചിതമായ സ്ഥലത്താണ്. പൊതുസ്ഥലത്തു വച്ച് മത്സ്യ വ്യാപാരം നടത്തുന്നു. ഹെഡ്പോസ്റ്റാഫീസിനു സമീപം മാലിന്യങ്ങളും ചപ്പുചവറുകളും കൂട്ടിയിടുന്നതു തടയണം.

11. കോളേജ്:- വീടുകളിൽ നിന്നും റോഡിലേയ്ക്കു അഴുക്കു വെള്ളം ഒഴുക്കുന്നു. മാർക്കറ്റിൽ 'വിറ്റുവരുന്ന മത്സ്യ മാംസങ്ങൾ കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

12. കോമളംകുന്ന്- ഹോട്ടലുകളിലെ മാലിന്യങ്ങൾ വെട്ടിപ്പുഴ തോട്ടിൽ തള്ളുന്നത് ഗുരുതരവും അപകടകരവുമായ പരിസര മലിനീകരണവും തദ്വാര ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാക്കുന്നു.

13. കച്ചേരി - ശബരിമല സീസണിൽ ടൗൺ മലമൂത്ര വിസർജ്യ വസ്തുക്കളെക്കൊണ്ട് വൃത്തികേടാകുന്നു.. കംഫർട്ട് സ്റ്റേഷനില്ല

14. തൊളിക്കോട്:- പല വീടുകളിലും കക്കൂസ് ഇല്ല. ശ്മശാനം മതിൽകെട്ടി ഗേറ്റു ഇട്ട് ഷെഡ്ഡ് കെട്ടി സംരക്ഷിക്കണം. 30 സെന്റു സ്ഥലം ശ്മശാന ഭൂമിയിൽ നിന്നു സ്വകാര്യ വ്യക്തികൾ കൈയ്യേറിയതിനാൽ 5 ലക്ഷം രൂപ നഷ്ടമായിട്ടുണ്ട്.

15. പരവട്ടം:- കോളനി ഭാഗത്തുള്ള വീടുകൾക്ക് എല്ലാം കൂടി ഒരു കക്കൂസ് മാത്രമേയുള്ളൂ. കൊതുക് നശീകരണം പ്രതിരോധ കുത്തിവയ്പ് എന്നിവ ശരിയായ രീതിയിൽ നടക്കുന്നില്ല.

16. മണിയാർ:- ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും പോഷക ആഹാര പരിപാടി നടക്കുന്നില്ല. ഹരിജന ഗിരിജനങ്ങൾക്ക് കക്കൂസ് ഇല്ല.

17. അഷ്ടമംഗലം:- കക്കൂസ് ഇല്ലാത്ത വീടുകൾ ഉണ്ട് . പ്രാഥമിക ചികിൽസാ കേന്ദ്രത്തിൽ കാര്യമായ സേവനം ലഭിക്കുന്നില്ല. കുടുംബക്ഷേമ കേന്ദ്രത്തിൽ സ്ഥിരമായ ജീവനക്കാരില്ല.

18. കക്കോട്:- ഹെൽത്ത് സെന്ററിൽ ഡോക്ടർമാരില്ല.

19. ഐക്കരക്കോണം:- ധാരാളം വീടുകൾക്ക് കക്കൂസ് ഇല്ല. മാലിന്യങ്ങൾ സംസ്ക്കരിക്കുവാൻ ട്രഞ്ചിംഗ് ഗ്രൗണ്ട് ഇല്ല. പൊതുജനാരോഗ്യ കേന്ദ്രം ഈ വാർഡിലില്ല.

20. വാളക്കോട്:-ആശുപത്രിയിൽ നിന്നും എൽ.ഐ.സി. ആഫീസിൽ നിന്നും മാലിന്യങ്ങൾ പൊട്ടി ഒഴുകുന്നു. പൊതു മാലിന്യങ്ങൾ കത്തിക്കുകയോ മൂടുകയോ ചെയ്യാൻ സംവിധാനം വേണം. റ്റി.ബി. ജംഗ്ഷനിൽ പൊതു കക്കൂസും ബഥനി ജംഗ്ഷൻ ഭാഗത്ത് ഓടയും വേണം.

21. ഗ്രേസിംഗ് ബ്ളോക്ക്:- ഹെൽത്ത് സെന്റർ മാതൃ ശിശു സംരക്ഷണ കേന്ദ്രം ഇവ വേണം. ചപ്പു ചവറുകൾ നീക്കം ചെയ്യുകയും മലിനജലം കെട്ടിക്കിടക്കാതിരിയ്ക്കുവാൻ ഓടകൾ നിർമ്മിക്കുകയും വേണം. കൊതുക് നശീകരണ പ്രവർത്ത്നങ്ങൾ നടത്തണം. ആരോഗ്യ ബോധവൽക്കരണ ക്ളാസ്സുകൾ നടത്തണം.

22. പ്ളാച്ചേരി:- മാതൃശിശു സംരക്ഷണ കേന്ദ്രം ആശുപത്രിയായി ഉയർത്തണം. കൊതുക് നശീകരണ പ്രവർത്തനങ്ങൾ നടത്തണം.

23. കാരയ്ക്കാട്:- ഡിസ്പെൻസറിയിൽ ഡോക്ടർ ഇല്ല. പൊതുജനാരോഗ്യ കേന്ദ്രം വേണം. പ്ളാച്ചേരി ഭാഗത്ത് ഒരു വിഭാഗം ആൾക്കാർ ശ്മശാനം ഉണ്ടാക്കുന്നത് ഉപദ്രവമാണ്.

24. കലയനാട്:- കക്കൂസ് ഇല്ലാത്ത വീട്ടുകാർക്ക് സൗജന്യമായി കക്കൂസ് നിർമ്മിച്ചു കൊടുക്കുക. സർക്കാർ ആശുപത്രി വേണം.

25. തുമ്പോട്:- കക്കൂസ് ഇല്ലാത്തവർക്ക് അത് നിർമ്മിച്ചു കൊടുക്കണം. പ്രധാന ജനവാസകേന്ദ്രങ്ങളിൽ ചവറു വീപ്പകൾ വയ്ക്കണം. ഒരു ഹെൽത്ത് സെന്റർ വേണം.

26. ഹൈസ്ക്കൂൾ- കൊതുക് നിവാരണ സംവിധാനങ്ങൾ വേണം. ഓടകൾ വേണം.

27. നെല്ലിപ്പള്ളി:- കൊതുക് നിവാരണ സംവിധാനം ഫലപ്രദമല്ല. രോഗചികിത്സാ രംഗത്തു സന്നദ്ധ സംഘടനകളുടെ സഹായം തേടണം.

28. വിളക്കുവെട്ടം:- പൊതുജനാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിടം റിപ്പയർ ചെയ്യണം. ഒരു സ്ഥിരം ഡോക്ടറോടുകൂടി ചികിത്സാ സമ്പ്രദായം ഏർപ്പാടാക്കണം. പട്ടണത്തിലെ ചികിത്സാ കേന്ദ്രങ്ങളിലെത്താൻ 8 കിലോമീറ്റർവരെ യാത്ര ചെയ്യേണ്ടിവരുന്നുണ്ട്. ഒരു പബ്ളിക് ഹെൽത്ത് സെന്റർ കൂടി വേണം. 10 പറയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയോ, ഹോമിയോ ഡിസ്പെൻസറി യോ വേണം.

## നിർദ്ദേശങ്ങൾ:-

1. 34.6 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പുനലൂർ നഗരത്തിന് ഒരു ട്രഞ്ചിംഗ് ഗ്രൗണ്ട് ഉണ്ടാകേണ്ടതാണ്. ഠൗണിന്റെ പ്രധാന ഭാഗങ്ങൾ കഴിഞ്ഞാൽ ജനസാന്ദ്രത തീരെ കുറഞ്ഞ പ്രദേശങ്ങളും ജനവാസമില്ലാത്ത പ്രദേശങ്ങളും നഗരത്തിനകത്തുണ്ട്. ഇത്തരം സ്ഥലങ്ങളിൽ എവിടെയെങ്കിലും ചുരുങ്ങിയത് 10 ഏക്കർ സ്ഥലം കണ്ടെത്തി ചുറ്റുമതിലോ കമ്പി വേലിയോ കെട്ടി ചപ്പു ചവറുകൾ നിക്ഷേപിക്കേണ്ടതാണ്.

2. ശാസ്ത്രീയമായ രീതിയിൽ ഖരമാലിന്യങ്ങൾ വേർതിരിച്ച് കമ്പോസ്റ്റുണ്ടാക്കുന്നതിനുള്ള ഒരു പ്ലാന്റ് സ്ഥാപിക്കണം. ഈ ജൈവവളം വിപണനം ചെയ്ത് ഈ പ്ളാന്റിന്റെ പ്രവർത്തനച്ചെലവിൽ ഒരു ഭാഗം നേരിടണം.

3. ഫാക്ടറികൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നിന്നും നദിയിലേക്കും റോഡുകളിലേക്കും മാലിന്യങ്ങൾ ഒഴുക്കുന്നത് കർശനമായി തടയണം.

4. ഇത്തരം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ അതത് കേന്ദ്രങ്ങളിൽ പ്രത്യകം സംവിധാനം ഉണ്ടാക്കി ശാസ്ത്രീയമായി സംസ്ക്കരിക്കണം.

5. മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്ക്കരണത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനവും നിർദ്ദേശങ്ങളും കൊടുക്കുന്നതിന് സംവിധാനം ഉണ്ടാക്കണം.

6. ആശുപത്രികളിൽ ഇൻസിമിനേറ്റർ സ്ഥാപിക്കണം.

7. നഗരത്തിലെ ചപ്പു ചവറുകളും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഒരു ലോറി ഒരു ട്രാക്ടർ ഒരു ടിപ്പർ എന്നിവ അധികമായി ഉണ്ടാകണം. കൂടാതെ ജലവിതരണത്തിനും മറ്റുമായി ഒരു ടാങ്കർ വാങ്ങിക്കണം.

8. പട്ടണത്തിൽ തായ്‌ലക്ഷ്മി തിയേറ്ററിന് കിഴക്കു വശത്ത് 25 മുറികളുള്ള ഒരു താൽക്കാലിക കംഫർട്ട് സ്റ്റേഷൻ ഇപ്പോൾ നിലവിലുണ്ട്. ഇത് സ്ഥിരം സംവിധാനമാക്കി മാറ്റണം.

9. വീടുകളിലേയും ലോഡ്ജുകളിലേയും കുളിമുറി, അടുക്കള, കക്കൂസ് തുടങ്ങിയവയിൽ നിന്നും പൊതു നിരത്തുകളിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് കർശനമായി തടയുക.

10. ഒരു പൊതു ശ്മശാനം എല്ലാ വിഭാഗം

ആളുകൾക്കും ഉപയോഗിക്കത്തക്കവിധം പ്രവർത്തനം ആരംഭിക്കുക. ഇത് വൈദ്യുത ശ്മശാനം ആകുന്നത് നന്ന്.

11. തൊളിക്കോട് വാർഡിലുള്ള പൊതു ശ്മശാനം മതിൽ കെട്ടി ഗേറ്റിട്ടു സംരക്ഷിക്കുക.

12. പുനലൂരിൽ ഗവ. ആശുപത്രിയോടനുബന്ധിച്ച് ഒരു എയ്ഡ്സ് പരിശോധനാ കേന്ദ്രം സ്ഥാപിക്കുക.

13. തീർത്ഥാടകരുടേയും വിനോദസഞ്ചാരികളുടേയും വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനും, വിരിവയ്ക്കുവാനും, ഭക്ഷണം പാചകം ചെയ്യുന്നതിനും സൗകര്യമുള്ള ഏകദേശം 4 ഏക്കർ സ്ഥലം മുക്കടവ് ജംഗ്ഷനിൽ ആറ്റിനു സമീപം കണ്ടെത്തി അവിടെ കംഫർട്ട് സ്റ്റേഷനും മോട്ടലും നിർമ്മിക്കുക.

14. ടൗണിനോടടുത്ത് താരതമ്യേന ജനവാസം കുറഞ്ഞ ഗതാഗതസൗകര്യമുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്തി അവിടെ അത്യാധുനിക രീതിയിലുള്ള ഒരു സ്ളാട്ടർ ഹൗസ് നിർമ്മിക്കേണ്ടതാണ്. മൃഗങ്ങളെ നിരീക്ഷണത്തിന് വിധേയമാക്കുന്നതിന് പ്രത്യേകമായ സ്ഥലസൗകര്യവും ഇതോടൊപ്പം കണ്ടെത്തേണ്ടതാണ്.

15. ഈച്ച-കൊതുക് തുടങ്ങിയവയെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ആവൃത്തിയും വ്യാപ്തിയും വർദ്ധിപ്പിക്കുക.

16. വാഹനങ്ങളിലെ പുക നിയന്ത്രിക്കുന്നതിന് പുക പരിശോധനാ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമവും, സത്യസന്ധവുമാക്കുക. ഇടയ്ക്കിടെ മിന്നൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുക.

17. ആശുപത്രികളുടേയും വിദ്യാലയങ്ങളുടേയും പരിസരത്ത് സിഗ്നൽ ബോർഡുകൾ സ്ഥാപിക്കുകയും, സൗണ്ട് ഹോൺ നിരോധിക്കുകയും ചെയ്യുക.

18. റോഡ് നിയമങ്ങളെ കുറിച്ചും പൗരധർമ്മങ്ങളെ കുറിച്ചും സാമൂഹ്യ നീതിയെ കുറിച്ചും സാധാരണക്കാർക്ക് പ്രാപ്യമായ വിധത്തിൽ ക്ലാസ്സുകൾ നൽകുക.

19. കച്ചേരി വാർഡിൽ പ്രവർത്തിക്കുന്ന മെറ്റൽ ക്രഷർ യൂണിറ്റിന്റെ പ്രവർത്തനം വായു, ശബ്ദ മലിനീകരണത്തിന് കാരണമായിത്തീരുന്നതിനാൽ ആൾപ്പാർപ്പില്ലാത്ത സ്ഥലത്തേക്ക് ഇത് മാറ്റി സ്ഥാപിക്കുക.

20. KSRTC ബസ്സ് സ്റ്റേഷൻ, T.B. ജംഗ്ഷൻ, കൃഷ്ണൻ കോവിലിനു സമീപം, പോസ്റ്റാഫീസ് ജംഗ്ഷൻ, ചെമ്മന്തൂർ എന്നിവിടങ്ങളിൽ ഓരോ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുക.

21 തോടുകളിലും നദിക്കരകളിലും, പൊതുടാപ്പുകളുടെ സമീപത്തും വാഹനങ്ങൾ കഴുകുന്നത് നിരോധിക്കുക.

22. പേവിഷബാധ തടയുന്നതിന് തെരുവ് നായ്ക്കളെ പിടികൂടി കൊല്ലുക.

23. ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരപരിശോധന സത്യസന്ധവും, കാര്യക്ഷമവുമാക്കുക.

24. പുനലൂർ യാചക നിരോധനമേഖലയായി പ്രഖ്യാപിക്കുക.

25. ഇന്നു നിലവിലുള്ള അഴുക്കുചാലുകൾ കാലോചിതമായി പുതുക്കിപ്പണിയുക.

26. അനാശാസ്യ പ്രവർത്തനങ്ങൾ ചില കേന്ദ്രങ്ങളിൽ ചെറിയ തോതിലെങ്കിലും ഉള്ളത് രോഗങ്ങൾ പകരുന്നതിനും സാമൂഹ്യ വിരുദ്ധ പ്രവണത വളരുന്നതിനും ഇടയാക്കുമെന്നതിനാൽ ഇത് കർശനമായി തടയുക.

27. അലോപ്പതി, ആയുർവേദം, ഹോമിയോ ചികിത്സാ സംവിധാനങ്ങൾ ഒരു കൂരയ്ക്കു കീഴിൽ ലഭ്യമാകത്തക്കവിധം ഒരു സ്ഥാപനം തുടങ്ങുക. ഇവിടെയെത്തുന്ന രോഗികൾക്ക് കൂടുതൽ ഉചിതമായ ചികിൽസാരീതി ഏതെന്

ഏതെന്ന് കൂട്ടായി തീരുമാനിച്ച് അതനുസരിച്ച് ചികിത്സ നൽകുവാൻ ഉതകുന്ന സംവിധാനം ഉണ്ടാക്കുക.

28. യോഗാ കേന്ദ്രങ്ങളും, പ്രകൃതി ചികിത്സാ കേന്ദ്രങ്ങളും ഉചിതമായ സ്ഥാനങ്ങളിൽ സ്ഥാപിക്കുക.

29. പുകവലി, പൊടിവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കുക.

30. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ എല്ലാ വാർഡുകളിലേയും ആളുകൾക്ക് ഒരുപോലെ പ്രയോജനപ്പെടത്തക്കവണ്ണം വിന്യസിക്കുകയോ കൂടുതൽ എണ്ണം സ്ഥാപിക്കുകയോ ചെയ്യുക.

31. ഇപ്പോഴുള്ള മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങൾക്ക് ആവശ്യമായ ചുറ്റുമതിൽ കെട്ടുകയും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്തു സംരക്ഷിക്കുകയും ചെയ്യുക.

32. മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ഇപ്പോഴത്തെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതിനാൽ-അവിടങ്ങളിൽ വേണ്ടുന്ന-ഡോക്ടർമാർ - മരുന്നുകൾ - ഉപകരണങ്ങൾ ഇവ ആവശ്യാനുസരണം എത്തിച്ചു കൊടുക്കുക.

33. മുക്കടവ് ആറ്റിൽ അപകടരഹിതമായി കുളിക്കുന്നതിന് കുളിക്കടവുകൾ തീർക്കുക.

34. ന്യായവില മരുന്ന് വിൽപ്പനശാല ഗവ. ആശുപത്രിയോടൊപ്പം ആരംഭിക്കുക.

# കുടിവെള്ളം

കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും ആരോഗ്യപുരോഗതിയുടെ സൂചകങ്ങളാണ്. മനുഷ്യന്റെ എല്ലാ ആവശ്യങ്ങൾക്കുമായി പ്രതിദിനം ഇരുനൂറ് ലിറ്റർ വെള്ളം ആവശ്യമായി വരുമെന്ന് കണക്കാക്കിയിരിക്കുന്നു. കല്ലടയാറ്റിലെ വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നതും കിണറുകളും ആണ് പട്ടണ നിവാസികളുടെ കുടിവെള്ള സ്രോതസ്സ്. 40 പൊതുകിണറുകളും 315 പൊതുടാപ്പുകളും 9360 സ്വകാര്യ കിണറുകളും നഗരത്തിലുണ്ട്.

വാർഡുതലത്തിലുള്ള പൊതുകിണറുകളുടേയും ടാപ്പുകളുടേയും വിവരങ്ങൾ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

നാല്പത്തിമൂന്ന് ശതമാനം കിണറുകളിൽ വേനൽക്കാലത്ത് നാലുമാസങ്ങളോളം വെള്ളം ലഭ്യമല്ല. "വെള്ളമുള്ള ഊര്" എന്ന അർത്ഥത്തിൽ "പുനലൂർ" എന്ന് നാമകരണം ചെയ്തിട്ടുണ്ടെങ്കിലും കുടിവെള്ളക്ഷാമം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന സ്ഥലമാണ് പുനലൂർ. 43 ശതമാനത്തോളം ഭൂപ്രദേശവും സമുദ്രനിരപ്പിനേക്കാൾ വളരെ ഉയർന്ന് സ്ഥിതി ചെയ്യുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന സ്ഥലം പുനലൂരാണ്. മഴവെള്ളം തടഞ്ഞുനിൽക്കുന്നതിനോ മണ്ണിൽ താഴുന്നതിനോ സാദ്ധ്യത ഇപ്പോൾ തീരെ ഇല്ല. അതുകൊണ്ടുതന്നെ രൂക്ഷമായ കുടിവെള്ളക്ഷാമം പല പ്രദേശങ്ങളിലും അനുഭവപ്പെടുന്നു. ജനകീയ ആസൂത്രണ പദ്ധതിയുമായി ബന്ധപ്പെട്ട് പുനലൂർ പട്ടണത്തിൽ നടത്തിയ ഏഴ് പഠനപര്യടനങ്ങൾ(Transect walk) വിവിധ പ്രദേശങ്ങളിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിട്ട് ബോധ്യപ്പെടുന്നതിന് സഹായകമാവുകയുണ്ടായി. ഒന്നിലധികം കിലോമീറ്ററുകൾ നടന്ന് കുടിവെള്ളം സംഭരിക്കേണ്ടുന്ന ഗുരുതരമായ സ്ഥിതി വിശേഷം പലസ്ഥലത്തും നേരിൽ കണ്ടത് ഹൃദയസ്പർശിയായി. നലവിലുള്ള പൊതുപൈപ്പുകളിൽ പലതുംപ്രവർത്തനരഹിതമായതും മറ്റുള്ളവയിലൂടെ ജലവിതരണം കൃത്യമായി നടക്കാതിരിക്കുന്നതും കുടിവെള്ളക്ഷാമത്തിന് കാരണമാണ്. പ്രതിദിനം 9.8 മില്യൻ ലിറ്റർ ജലമാണ് നഗരത്തിന്റെ ആവശ്യം. വർഷം മുഴുവൻ ഈ കണക്കനുസരിച്ച് വേണ്ടുന്ന ജലം കിണറുകളിൽ നിന്നും കല്ലടയാറ്റിൽ നിന്നും നമുക്ക് അനായാസം ലഭ്യമാകേണ്ടതാണ്. എന്നാൽ ഈ ജലം സംഭരിച്ച് ശുദ്ധിചെയ്ത് ഉയരമുള്ള പ്രദേശങ്ങളിൽ എത്തത്തക്കവണ്ണം വിതരണം ചെയ്യുവാൻ ഇന്നു നിലവിലുള്ള ജലവിതരണ സംവിധാനം അപര്യാപ്തമാണ്.

പുനലൂർ മുനിസിപ്പൽ പ്രദേശത്തെ പല

വാർഡുകളിലും രൂക്ഷമായും മറ്റുള്ളവയിൽ അല്പമായി എങ്കിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നതായി വാർഡുസഭകളുടെ റിപ്പോർട്ടുകളിൽ നിന്നും മനസ്സിലാക്കാം.

വേനൽക്കാലത്ത് രണ്ടുമുതൽ ആറുമാസ കാലം വരെ ജലക്ഷാമം അനുഭവപ്പെടുന്നതായി ക്കാണാം.

പ്രശ്നങ്ങൾ : വാർഡുതലത്തിൽ

1. ആരംപുന്ന വാർഡ്: ആലിയാട്ടുകുന്നിനു പടിഞ്ഞാറുവശത്ത് മാടപ്പാറ തെക്ക്, വടക്ക് ഭാഗത്ത് പൈപ്പുലൈൻ ഇല്ല. രണ്ടു പൊതുകിണറുകൾ ഉള്ളത് വൃത്തിയാക്കിയിട്ടില്ല. പൈപ്പുവെള്ളം ദുർവിനിയോഗം ചെയ്യുന്നു.

2. കാഞ്ഞിരമല : പൈപ്പ് ലൈൻ ഇല്ല. കിണറുകൾ കുറവാണ്. ഉള്ള കിണറുകളിൽ നാലുമാസത്തോളം വെള്ളം ഇല്ല.

3. ചെമ്മന്തൂർ : കരിപ്പുറം റോഡിന്റെ വശങ്ങളിലുള്ള വീടുകളിൽ വെള്ളം കിട്ടുന്നില്ല. പൊതുവിതരണ ടാപ്പുകൾ പ്രവർത്തനക്ഷമമല്ല.

4. ചാലക്കോട് : വേനൽ കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.

5. പേപ്പർ മിൽ : കല്ലുമല ഭാഗത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ജലവിതരണ സംവിധാനം എല്ലായിടത്തും എത്തിയിട്ടില്ല.

6. മുസാവരി : കുടിവെള്ളക്ഷാമം രൂക്ഷമാണ്. മുസാവരി വാട്ടർ സപ്ലേ സ്കീം പൂർത്തിയായിട്ടില്ല.

7. ശാസ്താംകോണം : ഒന്നര കിലോമീറ്ററോളം നടന്നുപോയി വെള്ളം കൊണ്ടുവരേണ്ട സ്ഥിതി വിശേഷം ഉണ്ട്.

8. റെയിൽവ്വേ സ്റ്റേഷൻ : ചേരിപ്രദേശങ്ങളിൽ കിണറുകളില്ല. ശുദ്ധജലക്ഷാമം ഉണ്ട്.

9. ഭരണിക്കാവ് : വെള്ളക്കരം അടയ്ക്കാൻ വാട്ടർ അതോറിറ്റിയുടെ ഒരു ഓഫീസ് മുൻസിപ്പൽ ഓഫീസിനോടനുബന്ധിച്ച് തുറക്കുക.

10. മാർക്കറ്റ് : വീട്ടുടമകൾക്ക് സ്ഥലം കുറവായതിനാൽ സ്വന്തം കിണറുകുഴിക്കാൻ ബുദ്ധിമുട്ടുണ്ട്. മരുതമൺ കോളനി, സ്കൂൾ ഓഫ് കോമേഴ്സിനു സമീപം, ചന്ദ്രാടാക്കീസിനുസമീപം, മുഹൂത്തിക്കാവ് ഭാഗം ഈ പ്രദേശങ്ങളിൽ വാട്ടർ കണക്ഷൻ നൽകണം. ഗവ: ആശുപത്രിയിൽ ജനറേറ്റർ വേണം.

11. കോളേജ്: പകിടി കോളനി, പാലംകുഴി കോളനി, കടുവാക്കുഴി കോളനി, കുതിരച്ചറ, തോളിക്കോട്, ചെമ്മന്തൂർ_നരിക്കൽ റോഡ്, ഫെയ്ത്ത് ഹോം ജംഗ്ഷൻ എന്നിവിടങ്ങളിൽ പബ്ളിക് ടാപ്പുകളില്ല.

12. കോമളം കുന്ന് : പൊതുടാപ്പുകളിൽ കന്നുകാലികളെ കുളിപ്പിക്കുന്നു.

13. കച്ചേരി : പൊതുവിതരണടാപ്പുകളിൽ ചില കേടുപാടുകൾ സംഭവിച്ചവയാണ്.

14. തൊളിക്കോട് : 12 വീടുകളിൽ കിണറുകൾ ഇല്ല. വേനൽ കാലത്ത് കിണറിൽ മിക്കവയിലും വെള്ളം ഇല്ല. നൂറ് മീറ്റർ ലൈൻ നീട്ടി നാല് ടാപ്പ് സ്ഥാപിക്കണം. കടവിൽവീടിന് സമീപം ടാപ്പ് വേണം.

15. പരവട്ടം : ആദിച്ചൻകുന്ന് കോളനി, പരവട്ടംകുന്ന്, അക്കരവിള ജംഗ്ഷൻ എന്നീ പ്രദേശത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്. വാട്ടർ കണക്ഷൻ പര്യാപ്തമല്ല.

16. മണിയാർ : പൊതുകിണറുകൾ ഉപയോഗശൂന്യമായി കിടക്കുന്നു. ഉയർന്നപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്.

17. അഷ്ടമംഗലം : കേളൻകാവിൽ കുടിവെള്ള ക്ഷാമം ഉണ്ട്. കുഴൽ കിണറുകൾ ഉള്ളത് ഉപയോഗയോഗ്യമല്ല.

18. കക്കോട് : കുഴൽ കിണർ ഇല്ല. ഹെൽത്ത് സെന്ററിൽ വെള്ളമില്ല.

19. ഐക്കരക്കോണം : പൈപ്പുകളിലൂടെ വെള്ളം എത്തുന്നില്ല. കുടിവെള്ളക്ഷാമം ഉണ്ട്. ചില സ്ഥലങ്ങളിൽ അരകിലോമീറ്റർ ദൂരം നടന്ന് വേണം കുടിവെള്ളം ശേഖരിക്കേണ്ടത്. മണൽ വാരൽ കാരണം കിണറുകളിൽ വെള്ളം കുറയുന്നു.

20. വാളക്കോട് : ജലക്ഷാമം ഉണ്ട് ആവശ്യമുള്ളിടത്ത് വാട്ടർ പൈപ്പ് ഇല്ല.

21. ഗ്രേസിംഗ് ബ്ലോക്ക് : ചുട്ടിത്തല, പയ്യംകുന്ന്, കിഴക്കേക്കര, കൊച്ചുപ്ലാച്ചേരി, മൂലവിള താഴേ വാതുക്കൽ, ഉഗ്രൻ കുന്നിലേക്കുള്ള വഴി എന്നിവിടങ്ങളിൽ ജലദൗർലഭ്യമുണ്ട്. പൈപ്പുലൈൻ നീട്ടണം. നിലവിലുള്ള കിണറുകൾ വൃത്തിയാക്കുകയും ആഴം കൂട്ടുകയും വേണം.

22. പ്ലാച്ചേരി : കുടിവെള്ളക്ഷാമം ഉണ്ട്. പൈപ്പിൽ

വെള്ളം ഇല്ല. കുഴൽ കിണറുകൾ വേണം.

23. കാരയ്ക്കാട് : കോളനിയിലും പ്ലാച്ചേരി ഭാഗത്തും കുടിവെള്ളക്ഷാമം ഉണ്ട്. ടാങ്കും പമ്പുസെറ്റും സഹിതം കുഴൽ കിണറുകൾ വേണം.

24. കലയനാട് : വാട്ടർ ടാപ്പ് ഇല്ലാത്തിടത്ത് വാട്ടർ ടാപ്പ് സ്ഥാപിക്കുക. വിളക്കുവട്ടംലയം ഭാഗത്ത് അത്യാവശ്യമായി കുഴൽ കിണറുകൾ കുഴിക്കുക.

25. തുമ്പോട് : പശുമല, തൊണ്ടിയോട്, കല്ലാർ, ഭാഗങ്ങളിൽ ജലക്ഷാമം ഉണ്ട്. പലസ്ഥലത്തും പബ്ലിക്ക് ടാപ്പുകൾ അത്യാവശ്യമാണ്.

26. ഹൈസ്കൂൾ : വേനൽ കാലത്ത് വെള്ളക്ഷാമം രൂക്ഷമാണ്. കിണറുകൾ വറ്റുന്നു.

27. നെല്ലിപ്പള്ളി : വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ട്. പൊതുജനപങ്കാളിത്തത്തോടെ കുളമോ, കിണറുകളോ ഉണ്ടാക്കണം.

28. വിളക്കുവെട്ടം : ശുദ്ധജലവിതരണത്തിന് സ്ഥാപിച്ച പൈപ്പുകളിൽ സപ്ലേ എത്തിയിട്ടില്ല. പത്തുപറ, പന്ത്രണ്ടേക്കർ സ്ഥലത്ത് കുഴൽ കിണർ ഉള്ളവ പ്രവർത്തനക്ഷമമല്ല. എല്ലായിടത്തും വെള്ളം കിട്ടത്തക്കവിധം പുതിയ പൈപ്പുലൈൻ ഇടണം.

**നിർദ്ദേശങ്ങൾ**

1. നഗരത്തിന്റെ വിവിധഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രവർത്തനരഹിതമായ ടാപ്പുകൾ പ്രവർത്തനക്ഷമമാക്കുക.

2. നിലവിലുള്ള പൊതുകിണറുകൾ വൃത്തിയാക്കുകയും സുലഭമായി വെള്ളം കിട്ടുന്നതിനുവേണ്ട സംവിധാനം ഉണ്ടാക്കുകയും ചെയ്യുക. ഇത്തരം പ്രവർത്തനങ്ങൾക്ക് വാർഡുസഭകൾ വാഗ്ദാനം ചെയ്തിട്ടുള്ള പൊതുജന പങ്കാളിത്തം ഉപയോഗിക്കാം.

3. നിലവിലുള്ള കുഴൽ കിണറുകൾ ബന്ധപ്പെട്ട വകുപ്പ് മുഖേന പ്രവർത്തനക്ഷമമാക്കിത്തീർക്കുക. ആവശ്യമുള്ള ഇടങ്ങളിൽ കൂടുതൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

4. ഉയരമുള്ള മുനിസിപ്പൽ പ്രദേശങ്ങളിൽ ജലവിതരണം സുഗമമാക്കത്തക്കവിധത്തിൽ ഓവർ ഹെഡ്ടാങ്കുകൾ നിർമ്മിക്കുക. മുസാവരിയിൽ നടപ്പിലാക്കുന്ന പോലെ കോമളം കുന്നിലും കിഴക്കൻ പ്രദേശങ്ങളിലെ ഉയരമുള്ള പ്രദേശത്തും (വട്ടപ്പട, കൊച്ചുപ്ലാച്ചേരി, etc,....) വാട്ടർ ടാങ്ക് കെട്ടി ശദ്ധജലക്ഷാമം പരിഹരിക്കാം.

5. പൈപ്പുലൈനുകൾ നീട്ടി കൂടുതൽ വീട്ടുകാർക്ക് പ്രയോജനപ്പെടുന്ന ഭാഗങ്ങളിൽ പൊതുടാപ്പുകൾ ഇടുകയും ആവശ്യമുള്ള വീടുകളിൽ വാട്ടർ കണക്ഷൻ ലഭ്യമാക്കുകയും ചെയ്യുക.

6. പൈപ്പുലൈനുകളുടേയും ടാപ്പിന്റേയും കേടുപാടുകൾ യുദ്ധകാലാടിസ്ഥാനത്തിൽ തീർത്ത് പ്രയോജനരഹിതമായി ജലംനഷ്ടപ്പെടുന്നത് കർശനമായി തടയുക.

7. കന്നുകാലികളെ കുളിപ്പിക്കുന്നതിനും വാഹനങ്ങൾ കഴുകുന്നതിനും പൈപ്പിലെ കുടിവെള്ളം ഉപയോഗിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ച് ദുരുപയോഗം നിയന്ത്രിക്കുക.

8. കുടിവെള്ളത്തിന്റെ (കിണറിലെയും) ഗുണനിലവാരം പരിശോധിക്കുന്നതിന് മുനിസിപ്പാലിറ്റിയുടെ ആരോഗ്യവിഭാഗത്തിന്റെ കീഴിൽ ഒരു ലബോറട്ടറി സ്ഥാപിക്കുകയും ഈ പരിശോധന ചിട്ടയായി നടത്തുകയും ചെയ്യുക.

9. ശുദ്ധജലത്തിന്റെ ദുരുപയോഗം തടയുന്നതിന് ബോധവൽക്കരണ പ്രവർത്തനം നടത്തുക.

10. കല്ലടയാറ്റിൽ ഒരു തടയണകെട്ടി ജലനിരപ്പും തദ്വാര കരയിലുള്ള കിണറുകളിലെ ജലനിരപ്പും ഉയർത്തുക.

## പട്ടിക 1
## വാർഡു തിരിച്ചുള്ള കിണറുകളുടെയും ടാപ്പുകളുടെയും എണ്ണം

| വാർഡ് നമ്പർ | വാർഡിന്റെ പേര് | പൊതുടാപ്പുകൾ പ്രവർത്തിക്കുന്നവ | പൊതുടാപ്പുകൾ പ്രവർത്തിക്കാത്തവ | വീടുകളുടെ എണ്ണം | പൊതു കിണറുകൾ | സ്വകാര്യ കിണറുകൾ |
|---|---|---|---|---|---|---|
| 1 | ആരംപുന്ന | 14 | 3 | 448 | 2 | 356 |
| 2 | കാഞ്ഞിരമല | 8 | 2 | 369 | – | 370 |
| 3 | ചെമ്മന്തൂർ | 14 | 2 | 446 | – | 354 |
| 4 | ചാലക്കോട് | 8 | 1 | 270 | – | 204 |
| 5 | പേപ്പർ മില്ല് | 12 | 2 | 411 | 2 | 326 |
| 6 | മുസാവരി | 12 | 2 | 350 | – | 278 |
| 7 | ശാസ്താംകോണം | 14 | 1 | 389 | 2 | 309 |
| 8 | റെയിൽവേ സ്റ്റേഷൻ | 12 | 2 | 429 | 4 | 184 |
| 9 | ഭരണിക്കാവ് | 14 | 2 | 441 | – | 350 |
| 10 | മാർക്കറ്റ് | 15 | 2 | 806 | 2 | 640 |
| 11 | കോളേജ് | 12 | 1 | 561 | 4 | 401 |
| 12 | കോമളംകുന്ന് | 11 | 1 | 311 | – | 247 |
| 13 | കച്ചേരി | 20 | 2 | 928 | – | 737 |
| 14 | തൊളിക്കോട് | 12 | 2 | 423 | – | 336 |
| 15 | പരവട്ടം | 8 | 1 | 390 | 2 | 310 |
| 16 | മണിയാർ | 10 | 1 | 429 | 2 | 227 |
| 17 | അഷ്ടമംഗലം | 16 | 2 | 385 | 4 | 306 |
| 18 | കക്കോട് | 15 | 2 | 390 | 2 | 310 |
| 19 | ഐക്കരക്കോണം | 14 | 1 | 438 | – | 348 |
| 20 | വാളക്കോട് | 10 | 1 | 543 | 2 | 431 |
| 21 | ഗ്രേസിംഗ് ബ്ലോക്ക് | 12 | 2 | 360 | 3 | 286 |
| 22 | പ്ലാച്ചേരി | 8 | 1 | 334 | 3 | 265 |
| 23 | കാരക്കാട് | 6 | 1 | 496 | 2 | 394 |
| 24 | കലയനാട് | 10 | 1 | 326 | – | 259 |
| 25 | തുമ്പോട് | 8 | 1 | 399 | 1 | 317 |
| 26 | ഹൈസ്ക്കൂൾ | 10 | 1 | 427 | 1 | 283 |
| 27 | നെല്ലിപ്പള്ളി | 10 | 1 | 364 | – | 289 |
| 28 | വിളക്കുവെട്ടം | NIL | NIL | 306 | 2 | 243 |
| | ആകെ | 315 | 41 | 12269 | 40 | 9360 |

# വ്യവസായം

കേരളത്തിന്റെ വ്യവസായിക ഭൂപടത്തിൽ പുനലൂരിന് മുഖ്യമായ സ്ഥാനമാണ് ഉണ്ടായിരുന്നത്. പുനലൂരിൽ പ്രവർത്തിക്കുന്ന പേപ്പർ മില്ലും പ്ലൈവുഡും കേരളത്തിലെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ടവയാണ്. ആഗ്രോ ഫ്രൂട്ട് പ്രോജക്റ്റും മറ്റൊരു പ്രധാന വ്യവസായ സ്ഥാപനമാണ്. എന്നാൽ ഇന്ന് വ്യവസായങ്ങളുടെ ശവപ്പറമ്പ് എന്ന വിശേഷണം പുനലൂർ പട്ടണത്തെ സംബന്ധിച്ച് അക്ഷരാർത്ഥത്തിൽ ശരിയായിരിക്കുന്നു. ഇന്ന്, ഈ വൻകിട വ്യവസായങ്ങൾ എല്ലാം തന്നെ ഗുരുതരമായ പ്രതിസന്ധിയിലും തകർച്ചയിലുമാണ്. പുനലൂരിന്റെ വ്യാവസായിക വികസനത്തെ സംബന്ധിച്ച റിപ്പോർട്ടിൽ ഈ വൻകിട വ്യവസായങ്ങളുടെ പ്രതിസന്ധിക്കുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളുമാണ് മുഖ്യമായും പരിശോധിക്കപ്പെടേണ്ടത്.

പുനലൂരിലെ വൻകിട വ്യവസായങ്ങളിൽ ഏറ്റവും പ്രധാനം പുനലൂർ പേപ്പർ മില്ലാണ്. ഈ സ്ഥാപനം സ്വകാര്യ മേഖലയിലാണ്. 1876 ൽ പ്രവർത്തനമാരംഭിച്ച പുനലൂർ പേപ്പർ മില്ലിന്റെ നിയന്ത്രണം 1941 ൽ യൂറോപ്യൻമാരുടെ കൈകളിലായി. 1968 ൽ എൽ.എൻ. ഡാൽമിയ എന്ന വൻകിടവ്യവസായി ഈ മില്ല് വിലയ്ക്കു വാങ്ങി. ആരംഭകാലത്ത് നല്ല നിലയിൽ പ്രവർത്തിച്ചു വന്ന മില്ല് ക്രമേണ തകർച്ചയിലേക്ക് നീങ്ങുകയും 1987 ൽ അടച്ചുപൂട്ടുകയും ചെയ്തു.

കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ മുന്നേറ്റത്തിന് പുനലൂർ പേപ്പർമിൽ തൊഴിലാളികളുടെ ട്രേഡ്യൂണിയൻ സംഘടനകൾ നൽകിയ മാതൃക വളരെ വിലപ്പെട്ടതായിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ സ്ഥാപനത്തെ തകർച്ചയിൽനിന്നും രക്ഷിക്കുവാൻ ഇവിടെ പ്രവർത്തിച്ചിരുന്ന ട്രേഡ്യൂണിയനുകൾക്ക് കഴിഞ്ഞില്ല എന്നത് ദുഃഖകരമാണ്. കേരളത്തിലെ സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ അമരക്കാരായിരുന്ന ആർ. സുഗതൻ, പി.റ്റി. പുന്നൂസ്, സി.ഒ. മാത്യു, എം.എൻ. ഗോവിന്ദൻനായർ, ഒ.ജെ. ജോസഫ്, സി.എം. സ്റ്റീഫൻ, എൻ. ശ്രീകണ്ഠൻനായർ എന്നിവർ പുനലൂർ പേപ്പർമിൽ തൊഴിലാളികളുടെ നേതാക്കന്മാരായിരുന്നിട്ടുണ്ട്.

പുനലൂർ പേപ്പർമില്ലിൽ ഏകദേശം 2000 ത്തോളം ആളുകൾക്ക് തൊഴിൽ ലഭിച്ചിരുന്നു. കഴിഞ്ഞ ഒൻപതുവർഷമായി ഈ തൊഴിലാളികളും അവരുടെ കുടുംബവും കൊടിയ ദുരിതത്തിലാണ്. 14 തൊഴിലാളികൾ ഇതിനകം ജീവിതം വഴിമുട്ടി ആത്മഹത്യചെയ്തു. ഇന്ന് മിക്ക

തൊഴിലാളികളും മറ്റു പല മേഖലകളിൽ നിത്യ വൃത്തിക്കുവേണ്ടി തൊഴിൽ തേടുന്നു.

ഇവിടെ ഉല്പാദിപ്പിച്ചിരുന്ന പേപ്പർ ലോകകമ്പോളത്തിൽ മുഖ്യ സ്ഥാനമുള്ളതായിരുന്നു. പൾപ്പു നിർമ്മാണത്തിന് പ്രധാനമായും ഇവിടെ ഉപയോഗിച്ചിരുന്നത് ഈറയും മുളയുമാണ്. ഇത്തരത്തിലുള്ള ഇൻഡ്യയിലെ ഏക പേപ്പർ മില്ലായിരുന്നു പുനലൂർ പേപ്പർ മിൽ. ഇവിടെ നിർമ്മിച്ചിരുന്ന ബ്ളൂമാച്ച് പേപ്പറിനും വലിയ ഡിമാന്റായിരുന്നു.

പുനലൂർ പേപ്പർ മില്ലുമായി ബന്ധപ്പെട്ട് പുനലൂർ കമ്പോളത്തിൽ കോടികളുടെ ക്രയവിക്രയങ്ങളാണ് നടന്നിരുന്നത്. മിൽ പൂട്ടിയതോടെ കമ്പോളത്തിന് വലിയ ഇടിവ് നേരിട്ടു. ഇപ്പോൾ മില്ല് ബോംബേ ഹൈക്കോടതി നിയമിച്ചിരിക്കുന്ന റിസീവറുടെ നിയന്ത്രണത്തിലാണ്. സഗാനിയ കമ്മീഷൻ പുനലൂർ പേപ്പർ മിൽ സംബന്ധിച്ച് പഠിച്ച് വിജയകരമായി നടത്തുവാൻ കഴിയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഈ മില്ലിനാവശ്യമായ മുഖ്യ അസംസ്കൃത വസ്തുവായ ഈറയും മുളയും പുനലൂരിന്റെ പ്രാന്തപ്രദേശങ്ങളിൽ ഉള്ള വനങ്ങളിൽ നട്ടുപിടിപ്പിക്കാവുന്നതാണ്. സഹാനിയ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് പേപ്പർ മിൽ തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ ഏറ്റെടുക്കുന്നതും ഉചിതമായിരിക്കും. എന്നാൽ സ്വകാര്യസ്വത്ത് സർക്കാർ ഏറ്റെടുക്കുന്നതിൽ നിയമ തടസ്സമുണ്ടെങ്കിൽ, അതുമാറ്റുവാൻ ആവശ്യമായ നിയമനിർമ്മാണം ഉണ്ടാകണം.

പുനലൂരിലെ തകർച്ചയെനേരിടുന്ന മറ്റൊരു വൻകിട പൊതുമേഖലാ വ്യവസായ സ്ഥാപനമാണ് ട്രാവൻകൂർ പ്ലൈവുഡ് വ്യവസായം. 1943 ൽ ഇതിന്റെ പ്രവർത്തനമാരംഭിച്ചു. 540 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ നിലവിൽ പണിയെടുക്കുന്നു. വളരെ ലാഭകരമായി പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഇന്ന് തകർച്ചയുടെ വക്കിലാണ്. ഉൽപാദനം ഇപ്പോൾ പൂർണമായി നിലച്ചിരിക്കുന്നു. കേരളാ ഹൈക്കോടതി നിയമിച്ച റസീവറുടെ നിയന്ത്രണത്തിലായിരുന്ന പ്ലൈവുഡ് ഫാക്ടറി അടുത്ത നാളുകളിൽ ഉണ്ടായ കോടതി ഉത്തരവുകൾ അനുസരിച്ച് വീണ്ടും പൂർണമായി സർക്കാർ നിയന്ത്രണത്തിലായിരിക്കുകയാണ്. കോടികളുടെ കടബാധ്യതയിൽപ്പെട്ട് പ്രതിസന്ധിയിലായ ഈ സ്ഥാപനത്തെ പുനരുദ്ധരിക്കാൻ മാനേജ്മെന്റ് വിദഗ്ദ്ധന്മാർ ചില നിർദ്ദേശങ്ങൾ സർക്കാരിനു മുൻപിൽ സമർപ്പിച്ചിട്ടുണ്ട്.

ട്രാവൻകൂർ പ്ലൈവുഡ് വ്യവസായത്തിലെ പ്രധാന ഉൽപ്പന്നം ചക്ക് പ്ലൈവുഡാണ്. ചെക്ക് പ്ലൈവുഡുകൾ വാഹനങ്ങളുടെ ഫ്ലാറ്റ്ഫോമിന് ഏറ്റവും അനുയോജ്യമാണ്. ഈ സ്ഥാപനത്തിലെ ഉൽപ്പന്നങ്ങൾക്ക് പൊതുമാർക്കറ്റിൽ വലിയ ഡിമാന്റാണ്. കോടികളുടെ ഓർഡറുകൾ ഈ സ്ഥാപനത്തിന് ഇപ്പോഴും കിട്ടിക്കൊണ്ടിരിക്കുന്നു. എന്നാൽ ഉൽപ്പന്നം കൃത്യമായി വിതരണം ചെയ്യുവാൻ കമ്പനിക്ക് കഴിയുന്നില്ല.

ഈ സ്ഥാപനത്തിന്റെ പ്രധാനപ്രശ്നം അസംസ്കൃത വസ്തുവായ തടിയുടെ ലഭ്യതക്കുറവാണ്. തടി കൃത്യമായി ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കണം. അതിനായി സർക്കാർ വനങ്ങളിലെ തടികൾ ഈ പൊതുമേഖലാ സ്ഥാപനത്തിന് കോടുത്തശേഷമേ പുറത്തു കൊടുക്കൂ എന്ന നയം സർക്കാർ ഭാഗത്തു നിന്നുമുണ്ടാകണം. സർക്കാർ അധീനതയിലുള്ള ഈ സ്ഥാപനം വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുമ്പോഴും ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന നിരവധി സ്വകാര്യ സ്ഥാപനങ്ങൾ വമ്പിച്ച ലാഭം ഉണ്ടാക്കുന്നകാര്യം ചിന്തിക്കപ്പെടേണ്ടതാണ്. ഇതിന്റെ പ്രധാന കാരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ നടത്തിപ്പിലുള്ള വൈകല്യങ്ങളാണ്. ഇവ അടിയന്തിരമായി പരിഹരിച്ചാൽ പ്ലൈവുഡ് വ്യവസായത്തെ വളർച്ചയിലേക്ക് നയിക്കുവാനും അതുവഴി തൊഴിലാളികൾക്കും, നാട്ടിനും, ഗവൺമെന്റിനും വലിയ നേട്ടം ഉണ്ടാക്കുവാനും കഴിയും.

പുനലൂരിൽ പ്രവർത്തിച്ചു വരുന്ന ആഗ്രോ ഫ്രൂട്ട് പ്രോഡക്ട്സ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏക പൊതുമേഖലാ സ്ഥാപനമാണ്. ഇവിടെ 58 തൊഴിലാളികൾ പണിയെടുക്കുന്നു. ഇവിടുത്തെ ജ്യോതി ഉൽപ്പന്നങ്ങൾക്ക് രാജ്യത്ത് വലിയ ഡിമാന്റാണുള്ളത്. ഈ സ്ഥാപനം ആരംഭിക്കുമ്പോൾ പുനലൂരിലായിരുന്നു കേരളത്തിൽ ഏറ്റവും അധികം കൈതച്ചക്ക ഉൽപ്പാദിപ്പിച്ചിരുന്നത്. എന്നാൽ ഇന്ന് പുനലൂരിൽ കൈതച്ചക്കയുടെ ഉൽപ്പാദനം നിലച്ചിരിക്കുന്നു എന്നു പറയാം. കമ്പനിക്കുള്ളിൽ കമ്പനിയുടെ ഉടമസ്ഥതയിൽ 7 ഏക്കറോളം

ഭൂമിയിൽ കൈത കൃഷിചെയ്തുവരുന്നു. ഇപ്പോൾ ഈ സ്ഥാപനം തകർച്ചയെ നേരിടുന്നു. ആയതിന്റെ കാരണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയപ്പോൾ അറിയാൻ കഴിഞ്ഞത് ആഗ്രോ ഇൻഡസ്ട്രീസ് വകുപ്പിലെ ഉന്നതന്മാരും സ്വകാര്യ സ്ഥാപനങ്ങളുടെ ഉടമകളുമായി ചേർന്ന് നടത്തുന്ന ഒത്തുകളിയുടെ ഫലമായി ഉണ്ടായതാണ് എന്ന് മനസ്സിലാക്കാം. സർക്കാരിൽ നിന്ന് ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഗ്രാന്റുകൾ വഴിമാറി ചെലവഴിച്ചതും കാരണമാണ്. കൂടാതെ ടി, വി. പരസ്യങ്ങൾ പോലുള്ള ആധുനിക വിപണന തന്ത്രങ്ങൾ പ്രയോഗിക്കാൻ പലപ്പോഴും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

മുകളിൽ വിവരിച്ച പ്രവർത്തന വൈകല്യങ്ങൾ ഫലപ്രദമായി പരിഹരിച്ചും ഈ വ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയും ഈ വ്യവസായത്തെ തകർച്ചയിൽ നിന്നും മോചിപ്പിക്കാവുന്നതാണ്. അതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റ് തലത്തിൽ സമഗ്രമായ അഴിച്ചുപണി നടത്തി വ്യവസായനടത്തിപ്പിൽ തൊഴിലാളി സംഘടനകൾക്ക് മതിയായ പ്രാതിനിധ്യം നൽകേണ്ടതുണ്ട്. കൃഷിവകുപ്പുമായി ചേർന്ന് കൈതച്ചക്കയുടേയും മാമ്പഴത്തിന്റേയും ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ പ്രോത്സാഹനങ്ങൾ കൃഷിക്കാർക്ക് ലഭ്യമാക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ ന്യായമായ വിലക്കെടുത്ത് സംഭരിക്കുകയും ചെയ്താൽ ഈ വ്യവസായം ലാഭകരമാക്കാവുന്നതാണ്.

### ചെറുകിട വ്യവസായങ്ങൾ

നിരവധി ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുനലൂരിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ 133 യൂണിറ്റുകൾ താലൂക്ക് വ്യവസായ ആപ്പീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 10 എണ്ണം ഇപ്പോൾ പ്രവർത്തന രഹിതമാണ്. രജിസ്റ്റർ ചെയ്യാത്ത നിരവധി ചെറുകിട വ്യവസായസ്ഥാപനങ്ങളുമുണ്ട്. രജിസ്റ്റർ ചെയ്ത യൂണിറ്റുകളിൽ മെത്തം 487 പേർ തൊഴിൽ എടുക്കുന്നതായി കാണുന്നു. പി.എം.ആർ.വൈ. യിൽ നിന്നുമാണ് കൂടുതൽ സാമ്പത്തിക സഹായങ്ങൾ ഈ സ്ഥാപനങ്ങൾക്ക് കിട്ടിയിട്ടുള്ളത്. ലോൺ എടുക്കുന്നതിൽ ഉള്ള സങ്കീർണമായ നടപടി ക്രമങ്ങൾ ആണ് ചെറുകിട വ്യവസായ സംരംഭകർ നേരിടുന്ന മുഖ്യമായ പ്രശ്നം. കൂടാതെ സർക്കാരിന്റെ മറ്റു സാമ്പത്തികാനുകൂല്യങ്ങളായ മാർജിൻ മണി, വിവിധ സബ്സിഡികൾ എന്നിവ വാങ്ങുന്നതിനും നിരവധി സങ്കീർണങ്ങളായ നടപടി ക്രമങ്ങളുമുണ്ട്. ഇത്തരത്തിലുള്ള നടപടി ക്രമങ്ങളിലുള്ള സങ്കീർണ്ണതകൾക്ക് പരിഹാരം ഉണ്ടാകണം.

ചെറുകിട വ്യവസായ രംഗത്ത് മറ്റൊരു പ്രധാന പ്രശ്നം വൈദ്യുതിയുമായി ബന്ധപ്പെട്ടതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുവാൻ ഉണ്ടാകുന്ന കാലതാമസം മൂലം ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ പലതും രോഗബാധിതമായാണ് ആരംഭിക്കുന്നതുതന്നെ. തുടർച്ചയായി ഉണ്ടാകുന്ന പവർക്കട്ടുകളും ചെറുകിട വ്യവസായ രംഗത്തെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.

പുനലൂർ നഗരാതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക I ൽ കാണിച്ചിരിക്കുന്നു.

പട്ടിക I

| നം | യൂണിന്റെപേര് | യൂണിറ്റിന്റെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | അച്ചടി ആന്റ് ബുക്ക് ബൈന്റിങ്ങ് | 6 | 18 |
| 2. | കെമിക്കൽസ് | 3 | 10 |
| 3. | ഓയിൽ ആന്റ് പൊടിപ്പ്മിൽ | 3 | 6 |
| 4. | ആയൂർവേദമരുന്ന് | 1 | 5 |
| 5. | ഇലക്ട്രോണിക്സ് | 8 | 16 |
| 6. | ടിംബർ ആന്റ് ഫർണീച്ചർ | 9 | 36 |
| 7. | കളർലാബ് | 1 | 2 |
| 8. | പ്ലാസ്റ്റിക് | 1 | 12 |
| 9. | മൈസൈക് | 1 | 3 |
| 10. | വർക്ഷോപ്പ് ആന്റ് എഞ്ചിനീയറിങ്ങ് | 21 | 70 |
| 11. | റെഡിമെയ്ഡ് ഗാർമെന്റ്സ് | 16 | 48 |
| 12. | ടെയിലറിംങ്ങ് | 5 | 15 |
| 13. | ഐസ്പ്ലാന്റ് | 3 | 9 |
| 14. | പ്ലൈവുഡ് | 1 | 2 |
| 15 | ഗോൾഡ് കവറിംങ്ങ് | 1 | 2 |
| 16 | കോഫിവർക്സ് | 1 | 2 |
| 17. | ഫോട്ടോസ്റ്റാറ്റ് ആന്റ് സീറോക്സ് | 7 | 10 |
| 18 | ചിപ്സ് | 1 | 2 |

| | | | |
|---|---|---|---|
| 19. | ജുവലറി വർക്സ് | 2 | 4 |
| 20 | ഹോളോബ്രിക്സ് ആന്റ് ചുടുകട്ട | 5 | 30 |
| 21 | ടയർ റീട്രേഡിംങ്ങ് | 4 | 10 |
| 22. | ബേക്കറി ആന്റ് ബോർമ | 9 | 25 |
| 23 | കറി പൗഡർ | 1 | 3 |
| 24. | കിണറ്റുതൊടി | 1 | 3 |
| 25 | റഫ്രിജറേഷൻ | 2 | .4 |
| 26 | സോഡാഫാക്ടറി | 5 | 10 |
| | ആകെ | 121 | 357 |

(അവലംബം വ്യവസായകേന്ദ്രം.)

**ആയൂർവ്വേദ മരുന്നു നിർമ്മാണം.**

ആയൂർവ്വേദ മരുന്നു നിർമ്മാണത്തിൽ കേരളത്തിന് മുന്തിയ സ്ഥാനമാണുള്ളത്. നിരവധി ആയൂർവ്വേദ മരുന്നു കമ്പനികൾ പുനലൂരിൽ പ്രവർത്തിക്കുന്നുണ്ട്. പുനലൂരിലെ പ്രധാനപെ ്പട്ട ആയൂർവ്വേദ മരുന്നുനിർമ്മാണ കമ്പനികൾ, ജയഭാരത ആര്യവൈദ്യശാല, SVIMCO, S.D.V. Manufacturing Co., തുടങ്ങിയവയാണ്. ഈ രംഗത്ത് 250 ഓളം തൊഴിലാളികളുണ്ട്.

സഹ്യാദ്രിസാനുക്കളുടെ താഴ്വരയിൽ സ്ഥിതി ചെയ്യുന്ന പട്ടണമെന്നനിലയിൽ പുനലൂരിൽ ഔഷധസസ്യകൃഷിക്കും അതിനോടനുബന്ധിച്ചുള്ള ഔഷധ നിർമ്മാണത്തിനും വളരെ സാദ്ധ്യതകളാണുള്ളത്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതോടൊപ്പം തന്നെ ആരോഗ്യ രംഗത്ത് കുടുതൽ സംഭാവനകൾ നൽകുവാനും കഴിയും.

**പരമ്പരാഗത വ്യവസായങ്ങൾ**

പരമ്പരാഗത വ്യവസായമായി പുനലൂരിൽ ഈറ്റ_ പനമ്പു നിർമ്മാണം ശക്തമായിരുന്നു. എന്നാൽ അത് ഇപ്പോൾ പൂർണ്ണമായ തകർച്ചയിലാണ്. ഈറ്റയുടെ ദൗർലഭ്യമാണ് ഈ പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ചയ്ക്ക് കാരണം. പരമ്പരാഗത വ്യവസായ രംഗത്ത് പണിയെടുത്തിരുന്ന നിരവധി ഹരിജൻ കുടുംബംങ്ങൾ ഇന്നു പട്ടിണിയിലാണ്. മറ്റൊരു പരമ്പരാഗത വ്യവസായമാണ് മൺകല നിർമ്മാണം. എന്നാൽ അസംസ്കൃതസാധനങ്ങളുടെ ലഭ്യതയില്ലയ്മയും വർദ്ധിച്ച കൂലി ചിലവും കാരണം ഇതും പൂർണമായി തകർച്ചയിലാണ്. അസംസ്കൃതസാധനങ്ങളായ ചെളിമണ്ണ്, വിറക്, ആധുനിക നിർമ്മാണ രീതികൾ എന്നിവ ലഭ്യമാക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്താൽ ഈ പരമ്പരാഗത വ്യവസായത്തേയും അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

**പ്രശ്നങ്ങൾ**

1. വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ ചെറുകിട വ്യവസായങ്ങളെ ഗുരുതരമായി ബാധിച്ചിട്ടുണ്ട്.
2. വ്യവസായങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ സ്ഥലം കണ്ടെത്താൻ ഏറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. പലപ്പോഴും വൻതുകകൾ അഡ്വാൻസായി നൽകേണ്ടിവരുന്നു.
3. സർക്കാരിന്റെ സാമ്പത്തിക സഹായം നേടുന്നതിനുള്ള നടപടി ക്രമങ്ങളിലെ സങ്കീർണത.

**പരിഹാരമാർഗ്ഗങ്ങൾ.**

1. വൈദ്യുതിപ്രതിസന്ധി ഒരു ദേശീയ പ്രശ്നമാണ്. ഈ പ്രശ്നത്തിന് ഒരു അടിയന്തിരപരിഹാരം കണ്ടെത്തേണ്ടത് പുനലൂരിന്റെ മാത്രമല്ല കേരളത്തിന്റെ ആകെ ആവശ്യമാണ്. അടിയന്തിരമായി പുതിയ വൈദ്യുത പദ്ധതികൾ ആരംഭിക്കേണ്ടതാണ്. അതോടൊപ്പം തന്നെ പുനലൂരിലെ 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി. ആയി ഉയർത്തേണ്ടതാണ്.

2. പുനലൂരിനെ നാലു മേഖലകളായി തിരിച്ച് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കണം.
3. സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതിലും വിതരണം ചെയ്യുന്നതിലും നിലനിൽക്കുന്ന നടപടി ക്രമങ്ങളിലെ സങ്കീർണതകൾ പരിഹരിക്കണം.

4. പുതിയതായി ആരംഭിക്കുന്ന ചെറുകിടവ്യവസായങ്ങൾക്ക് വൈദ്യുതിയുടെ വിലയിൽ ഇളവനുവദിക്കണം.

**പുനലൂരിലെ സാദ്ധ്യതയുള്ള വ്യവസായങ്ങൾ**

1. റബ്ബർ ഉൽപാദനരംഗത്ത് പുനലൂരിന് മുഖ്യമായ സ്ഥാനമാണുള്ളത്. എന്നാൽ റബ്ബറധിഷ്ഠിതമായ യാതോരുവിധ വ്യവസായങ്ങളും പുനലൂരിൽ ഇല്ല. റബ്ബറധിഷ്ഠിതമായ വ്യവസായങ്ങൾ പുനലൂരിൽ ആരംഭിക്കേണ്ടതാണ്.

2. അൽബീസിയ, റബ്ബർ, പെരുമരം തുടങ്ങിയ വെള്ളത്തടികൾ പുനലൂരിൽ ധാരാളം നട്ടുവളർത്തുന്നുണ്ട്. എന്നാൽ, ഇവയെല്ലാം

തമിഴ്നാട്ടിലേക്ക് കയറ്റി അയക്കപ്പെടുകയും തീപ്പെട്ടിയും മറ്റ് ഉൽപന്നങ്ങളുമായി തിരികെ കേരളത്തിന്റെ മാർക്കറ്റുകളിൽ എത്തുന്നു. അതിനാൽ വെള്ളത്തടികൾ പ്രധാന അസംസ്കൃ തവസ്തുക്കളായുള്ള ഫർണീച്ചറുകൾ, കാർഡുബോർഡു നിർമ്മാണം, പാക്കിങ്ങ്ക്യേസ് എന്നിവയുടെ നിർമ്മാണം നടത്തിന്നതിനാവശ്യ മായ വ്യവസായ യൂണിറ്റുകൾ ആരംഭിക്കേണ്ടതാ ണ്.

3. സർക്കാർ നിയന്ത്രണത്തിൽ ഒരു ജൈവവള നിർമ്മാണ യുണിറ്റ് പുനലൂരിൽ ആരംഭിക്കാവു ന്നതാണ്. പട്ടണത്തിൽ നിന്നും ശേഖരിക്കപ്പെ ടുന്ന ചപ്പുചവറുകളും മാർക്കറ്റുകളിലെ ചീഞ്ഞ ളിഞ്ഞ ജൈവവസ്തുക്കളും ഇതിനായി ഉപയോഗപ്പെടുത്താം. ഇത് മുനിസിപ്പാലിറ്റിക്ക് ലാഭമുണ്ടാക്കുകയും അതോടൊപ്പം കർഷകർ ക്ക് കുറഞ്ഞവിലയക്ക് ജൈവവളങ്ങൾ ലഭ്യമാക്കു കയും ചെയ്യാം.

4. കാലിത്തീറ്റയുടേയും കോഴിത്തീറ്റയുടേയും നിർമ്മാണത്തിനായുള്ള വ്യവസായ യൂണിറ്റ് തുടങ്ങുന്നതിനുള്ള സാധ്യതയും പുനലൂരിൽ വലിയതോതിൽ ഉണ്ട്.

**താലൂക്ക് വ്യവസായ ആഫീസ്സ്.**

പത്തനാപുരം താലൂക്ക് വ്യവസായ ആഫീസ്സ് പുനലൂരിൽ ആണ് പ്രവർത്തിക്കുന്നത്. താലൂക്ക് സർക്കാർ ആശുവത്രിക്കുസമീപം വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മതിയായ ഉപകരണങ്ങളോ, സ്റ്റേഷനറി സാധന ങ്ങളോ ഈ ആഫീസ്സിൽ ഇല്ല. വേണ്ടത്ര ജീവന ക്കാർ ഇവിടെയില്ല. താലൂക്ക് വ്യവസായ ആഫീ സ്സുമായി ബന്ധപ്പെട്ട് പുതിയ വ്യവസായസംരംഭ കർക്ക് ഉപദേശങ്ങളും സഹായങ്ങളും നൽകുവാൻ ആവശ്യമായ സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ലഭ്യമായ സാധ്യതകളും വിഭവങ്ങളും മനുഷ്യശക്തിയും നേർവഴിക്ക് ഉപയോഗപ്പെടു ത്തിയാൽ കേരളത്തിന്റെ വ്യവസായിക ഭൂപട ത്തിൽ പുനലൂരിന് ശ്രേഷ്ഠമായ ഒരു സ്ഥാനം കൈവരിക്കുവാൻ കഴിയും. അതുവഴി അനേകം വരുന്ന തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുവാനും കഴിയും

പുനലൂർ പേപ്പർമിൽ



ആഗ്രോ ഫ്രൂട്ട് പ്രൊഡക്ടസ്





ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറി

# ഗതാഗതം

ഒരു നാടിന്റെ ഭാവിയേയും വികസനത്തേയും തുലനം ചെയ്യുന്നത് ആ പ്രദേശത്തിന്റെ ഗതാഗത സൗകര്യത്തെ ആശ്രയിച്ചാണ്. ആയിതിലേയ്ക്ക് വിലപ്പെട്ട സംഭാവന ചെയ്യുവാൻ കഴിവുള്ളതാണ് ജനപങ്കാളിത്തത്തോടെയുള്ള റോഡുനിർമ്മാണം. 1953ൽ പുനലൂർ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഈ പ്രദേശത്ത് യാത്രാസൗകര്യവും വാഹന സൗകര്യവും നന്നേ കുറവായിരുന്നു. 1960–70 കാലഘട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ ജനപങ്കാളിത്തത്തോടെ നിരവധി റോഡുകൾ നിർമ്മിയ്ക്കപ്പെട്ടു. അതിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

പട്ടിക രണ്ട് കാണുക.

1970നു ശേഷം വികസന പ്രക്രിയയിൽ ജനപങ്കാളിത്തം [illegible]തുടങ്ങി. ആയതിന്റെ കാരണങ്ങളെ ഈ അവസര[illegible]ൽ വിലയിരുത്തുന്നത് ആശാസ്യമല്ല. 1971ൽ പുനലൂർ, മുനിസിപ്പാലിറ്റി ആയി ഉയർത്തിയപ്പോഴും നമ്മുടെ നഗരത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും വാഹന ഗതാഗത സൗകര്യം ഇല്ലായിരുന്നു. ആ സാഹചര്യം നിലനിന്നിട്ടും നമ്മുടെ പഞ്ചായത്തിനെ മുനിസി

## റോഡുകൾ

ആധുനിക യുഗത്തിൽ ഒരു പ്രദേശത്തിന്റെ സാമ്പത്തിക-സാമൂഹിക പുരോഗതി ഗതാഗതത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവപോലെ മനുഷ്യപുരോഗതിയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ് ഗതാഗതം. ഇത് മെച്ചമായാൽ അതിനനുസൃതമായി സാമൂഹ്യ പുരോഗതി കൈവരിയ്ക്കാനാകും. ഗതാഗതക്കുരുക്കിൽ പെട്ടും വേണ്ടത്ര ഗതാഗത സൗകര്യമില്ലാതെയും ദിനംപ്രതി എത്രസമയമാണ് നാം പാഴാക്കിക്കളയുന്നത്. പുനലൂർ മുനിസിപ്പൽ പ്രദേശത്തെ പ്രധാന ഗതാഗതമാർഗ്ഗങ്ങൾ റോഡ്, റെയിൽവേ എന്നിവയാണ്.

## റോഡ് ഗതാഗതം

28 വാർഡുകളിലായി നമ്മുടെ നഗരത്തിൽ ആകെയുള്ളത് 175.405 കിലോമീറ്റർ റോഡുകളാണ്. ആയതിന്റെ ഉടമസ്ഥത, നീളം, ഗുണനിലവാരം എന്നിവ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

**മുനിസിപ്പൽ പ്രദേശത്തെ റോഡുകൾ**

| ക്രമ നമ്പർ | ഉടമസ്ഥത | നീളം കി.മീ.ൽ | ടാർ | ഗുണ നിലവാരം | | |
|---|---|---|---|---|---|---|
| | | | | മെറ്റൽ | മണൽ | കോൺക്രീറ്റ് |
| 1 | പി.ഡബ്ല്യു.ഡി. | 34.500 | 33.250 | —— | 1.250 | —— |
| 2 | മുനിസിപ്പാലിറ്റി | 140.905 | 39.945 | 10.725 | 80.128 | 3.565 |
| | ആകെ | 175.405 | 73.195 | 10.725 | 81.378 | 3.565 |

പ്പാലിറ്റി ആയി ഉയർത്തിയത് അന്നുണ്ടായിരുന്ന ജന സംഖ്യയുടെയും വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ആയിരുന്നു. എന്നാൽ അന്നുണ്ടായിരുന്ന പുനലൂർ പേപ്പർമിൽ, പുനലൂർ പ്ളൈവുഡ് എന്നീ വ്യവസായശാലകൾ പ്രവർത്തന രഹിതമായതോടെ വരുമാനത്തിൽ ഗണ്യമായ കുറവു സംഭവിച്ചു. ഇത് വികസനത്തെ പ്രതികൂലമായി ബാധിച്ചു.

നമ്മുടെ മുനിസിപ്പാലിറ്റി സിൽവർ ജൂബിലി ആഘോഷിയ്ക്കുവാൻ തയാറെടുക്കുന്ന ഈ അവസരത്തിലും റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിച്ചേരാത്ത് എത്രയോ പ്രദേശങ്ങൾ നമ്മുടെ നഗരസഭയിലുണ്ട് എന്ന സത്യം നാം ഓർക്കണം. നമ്മുടെ മുനിസിപ്പൽ പ്രദേശത്തെ ആകെയുള്ള 175.405 കിലോമീറ്റർ റോഡുകളിൽ വാഹന ഗതാഗതയോഗ്യമായത് വെറും 83 കിലോമീറ്റർ മാത്രമാണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ പിന്നിലാണ്. മുകളിൽ സൂചിപ്പിച്ച പട്ടിക - 1 ൽ നിന്നും വ്യക്തമാകുന്നത് ആകെയുള്ള 175.405 കി.മി. റോഡിൽ 34.500 കി.മി. മാത്രമേ മുനിസിപ്പൽ നിയന്ത്രണത്തിൽ അല്ലാതെയുള്ളു എന്നതാണ്. ഇതുമൂലം കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തിന്റെ അപര്യാപ്തത വലിയൊരളവിൽ നമ്മെ ബാധിക്കുന്നു. ആയത് വ്യക്തമാക്കുന്നതാണ് പുനലൂർ നഗരസഭ രൂപീകൃതമായ 1971 മുതൽ ഇന്നുവരെയുള്ള റോഡുകളുടെ വളർച്ചയെ സംബന്ധിച്ച താഴെപ്പറയുന്ന പട്ടിക.

പട്ടിക മൂന്ന് കാണുക.

നമ്മുടെ സംസ്ഥാനത്തെ ഭൂരിഭാഗം മുനിസിപ്പാലിറ്റികളിലും ഭൂരിഭാഗം റോഡുകളുടെ നിർമാണത്തിന്റെയും മെയ്ന്റനൻസിന്റെയും മേൽനോട്ടം വഹിയ്കുന്നത് സ്റ്റേറ്റ്-സെൻട്രൽ പി.ഡബ്ളൃു.ഡി.കളാണ്. എന്നാൽ പുനലൂരിലേത് തികച്ചും വ്യത്യസ്തവും. അതിനാൽ മതിയായ ഫണ്ടിന്റെ അപര്യാപ്തതമൂലം നിലവിലുള്ള റോഡുകളുടെ വികസനത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും നഗരസഭയ്ക്ക് വേണ്ടത്ര പുരോഗതി കൈവരിയ്ക്കാനാകുന്നില്ല. നമ്മുടെ നിലവിലുള്ള റോഡുകളിൽ അധികവും മതിയായ വീതി ഇല്ലാത്തതും കലങ്കുകൾ, ഓട എന്നിവ നിർമ്മിച്ചിട്ടില്ലാത്തതുമാണ്. ഈ ദുരവസ്ഥയ്ക്ക് പരിഹാരമുണ്ടാകണമെങ്കിൽ നഗരസഭയുടെ അധീനതയിലുള്ള റോഡുകളെ ലിങ്ക്റോഡ് പദ്ധതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതും അത്തരം റോഡുകളുടെ ചുമതല പി. ഡബ്ള്യു. ഡിയ്ക്ക് കൈമാറുകയും വേണം. അതുവഴി റോഡ് വികസന കാര്യത്തിൽ നഗരസഭ ഇന്നനുഭവിയ്ക്കുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാവുന്നതാണ്. അതിൻപ്രകാരം പി.ഡബ്ള്യു.ഡിയെ ഏല്പിയ്ക്കാവുന്ന റോഡുകളാണ്.

പുനലൂർ - പാപ്പന്നൂർ റോഡ് (5.25 കി:മി:)

പാണങ്ങാട് - ചെങ്കുളം - വട്ടപ്പാറ റോഡ് (5.8 കി.മി.)

ചെമ്മന്തൂർ - ആരംപുന്ന - വിളക്കുടി റോഡ് (4.95 കി.മി.)

## റോഡു വികസന പദ്ധതികൾ

### 1. പുനരർപ്പണ പദ്ധതി

വർഷങ്ങളായി നിർജീവമായിരുന്ന ജനപങ്കാളിത്തത്തോടെയുള്ള റോഡു നിർമ്മാണത്തിന് ഒരു പുത്തൻ ഉണർവ് ഉണ്ടാക്കുവാൻ നമ്മുടെ ജനകീയാസൂത്രണ പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതേതുടർന്ന് നമ്മുടെ സംസ്ഥാനത്തിന്റെ ഗ്രാമ-ഗ്രാമാന്തരങ്ങളിൽ ജനലക്ഷങ്ങൾ ജാതി യ്ക്കും മതത്തിനും, വിഭാഗീയതയ്ക്കും, രാഷ്ട്രീയത്തിനും അതീതമായി അണിചേർന്ന് നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഒരു പുതുയുഗപ്പിറവിയുടെ ശംഖൊലിപോലെ സംസ്ഥാനമൊട്ടുക്കും മുഴങ്ങുന്നത് ആശയ്ക്ക് വക നൽകുന്നതാണ്. ആയതിന്റെ ഭാഗമായി പുനലൂർ നഗരസഭയിലെ എല്ലാവാർഡുകളിലും പുനരർപ്പണദിനമായ നവംബർ ഒന്നിന് ഒരോ പുതിയ റോഡുനിർമ്മാണത്തിന് തുടക്കം കുറിയ്ക്കുകയുണ്ടായി. അതിൽ ജനപങ്കാളിത്തം നാൽപ്പതുശതമാനം മുതൽ നൂറു ശതമാനം വരെ ഉറപ്പു വരുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

304

പട്ടിക -2

## 1960-70 ൽ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| 1 | തൊളിക്കോട് -മണിയാർ -കേളൻകാവ് |
| 2 | മണിയാർ - ചുണ്ടോട് റോഡ് |
| 3 | ചാവരുനട-അക്കരവിള റോഡ് |
| 4 | തൊളിക്കോട്-കോമളംകുന്ന് റോഡ് |
| 5 | ആരംപുന്ന റോഡ് |
| 6 | ചാലക്കോട് റോഡ് |
| 7 | ശാസ്താം കോണം റോഡ് |
| 8 | നെല്ലിപ്പള്ളി - വിളക്കുവെട്ടം റോഡ് |
| 9 | കല്ലാർ- പന്ത്രണ്ടേക്കർ റോഡ് |
| 10 | പശുമല റോഡ് |
| 11 | കൊച്ചു പ്ലാച്ചേരി റോഡ് |
| 12 | പാപ്പന്നൂർ റോഡ് |
| 13 | ചെങ്കുളം റോഡ് |
| 14 | പ്ലാച്ചേരി-വട്ടപ്പട |
| 15 | ഇഞ്ചത്തടം റോഡ് |
| 16 | ഭരണിക്കാവ് റോഡ് |
| 17 | നേതാജി റോഡ് |
| 18 | ശിവൻ കോവിൽ റോഡ് |
| 19 | പയ്യം കുന്ന് റോഡ് |
| 20 | ഇരുവേലിക്കൽ റോഡ് |
| 21 | പവ്വർ ഹൗസ് റോഡ് |

## പട്ടിക - 3

### പുനലൂർ നഗരസഭയിൽ 1971 മുതൽ 1996 വരെയുള്ള റോഡുകളുടെ വളർച്ചയെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നംമ്പർ | ഗുണനിലവാരം | 1971 | | | 1996 | | | 25 വർഷത്തെ വർദ്ധനവെ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആകെ കീ. മീ. | P.W.D. കീ. മീ. | മുനിസിപ്പലിറ്റി കീ. മീ. | ആകെ കീ. മീ. | P.W.D. കീ. മീ. | മുനിസിപ്പലിറ്റി കീ. മീ. | ആകെ കീ. മീ. | P.W.D. കീ. മീ. | മുനിസിപ്പലിറ്റി കീ. മീ. |
| 1 | കോൺക്രീറ്റ് റോഡ് | 0.312 | -.-- | 0.312 | 3.565 | -.-- | 3.569 | 3.253 | -.-- | 3.253 |
| 2 | ടാർ റോഡ് | 25.880 | 25.540 | 0.340 | 73.195 | 33.250 | 39.945 | 47.315 | 7.710 | 39.609 |
| 3 | മെറ്റൽ റോഡ് | 21.576 | 7.125 | 14.451 | 10.725 | -.-- | 10.725 | (–)10.851 | (–)7.125 | (–)3.726 |
| 4 | മൺ റോഡ് | 96.927 | -.-- | 96.927 | 80.378 | 1.250 | 79.128 | (–)16.549 | 1.250 | (–)15.299 |
| 5 | മൺ റോഡ് (3 കീ.മീ. വീതിയിൽ കുറഞ്ഞവ) | 6.960 | -.-- | 6.960 | 6.542 | -.-- | 6.542 | (–)0.418 | -.-- | (–)0.418 |
| | ആകെ | 151.655 | 32.665 | 118.990 | 174.409 | 34.500 | 139.905 | 22.750 | 1.835 | 20.915 |



305


മുനിസിപ്പൽപ്രദേശത്തെ റോഡുകൾ
1971
1996
റോഡുകളുടെ നീളം കി. മി.
180
160
140
120
100
80
60
40
20
0
കോൺക്രീറ്റ്
ടാർ
മെറ്റൽ
മൺറോഡ്
മൺറോഡ 3' വീതിയിൽ താഴെ
ആകെ നിളം

## പട്ടിക. 4

## പുനരർപ്പണ പദ്ധതികൾ

| വാർഡ് നമ്പർ | പദ്ധതിയുടെ പേര് | മറ്റു വിവരങ്ങൾ |
|---|---|---|
| 1 | ആലിയാടുകുന്ന് മാടപ്പാറ ലിങ്ക്റോഡ് രണ്ടാം ഘട്ടം | |
| 2 | കാഞ്ഞിരമല മുകൾഭാഗത്തുനിന്നും താഴോ[illegible] ജോർജ്ജിന്റെ വീടിന്റെ ഭാഗം വരെ | |
| 3 | റെയിൽവേസ്റ്റേഷൻ ചെമ്മന്നൂർ കുരിശ്ശടിറോഡ് | 1 കി.മീ. |
| 4 | പി.പി.എം. സ്റ്റാഫ് ക്ലബ്ബിന് പടിഞ്ഞാറുവശത്തുള്ള റോഡ് റ്റോക്ക് എച്ച് സ്കൂളിന്റെ ചരിവു പ്രദേശവുമായി ബന്ധിപ്പിക്കുക | |
| 5 | നെടുങ്കയം കോ-ഓപ്പറേറ്റീവ് കല്ലുമല നെടുങ്കയം റോഡ് | |
| 6 | ശ്രീ. ജനാർദ്ദനന്റെ വീടിന്റെ ഭാഗത്തുകൂടി അസംബ്ലീസ് ഓഫ് ഗോഡസ് ഭാഗത്ത് ചെന്ന് പേപ്പർമിൽ റോഡിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ് | |
| 7 | കൂനംകുഴി നെല്ലിക്കുന്നം റോഡ് | |
| 8 | ഇമ്പീരിയൽ ടയർ സർവ്വീസ് ഭാഗത്തുനിന്നും എം.എൽ.എ. റോഡുമായി ബന്ധിപ്പിക്കുക. | |
| 9 | മദ്രസ്സാ റോഡ് ഗതാഗതയോഗ്യമാക്കുക | |
| 10 | ചന്ദ്രാടാക്കീസിനു മുൻവശത്തുനിന്നും ഇമ്പീരിയൽ ടയേഴ്സിന്റെ വീടിന്റെ ഭാഗത്തുകൂടി എം.എൽ.എ. റോഡിന്റെ ഭാഗത്ത് എത്തിച്ചേരുന്ന ലിങ്ക് റോഡ് | |
| 11 | പകിടി റോഡ് കെ.വി.ആർ. റോഡുമായി ബന്ധിപ്പിക്കുക | |
| 12 | കുന്നുംപുറം വഴി കാട്ടുകുണ്ടയം റോഡ് | |
| 13 | കോട്ടൂർ റോഡ് ഗതാഗതയോഗ്യമാക്കുക | |
| 14 | കലങ്ങിൻ മുകളിൽനിന്നും അയ്യന്നൂർ ഏലായിൽ കൂടിയുള്ള നടവരമ്പ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക | |
| 15 | പരവട്ടം-വാല്മുരിപ്പിൽ ആറ്റുകടവ് റോഡ് വീതികൂട്ടി കുളിക്കടവ് സ്ഥാപിക്കുക | |
| 16 | പൊരിയ്ക്കൽ ഇരിവേലിയ്ക്കൽ ഊരാളികോണം റോഡ് ഗതാഗതയോഗ്യമാക്കുക. | |
| 17 | ചുണ്ടോട് വള്ളിമാനൂർ റോഡ് | 750 മീ. |
| 18 | ചെങ്കുളം വട്ടപ്പട ലിങ്ക്റോഡ് | |
| 19 | മണ്ണാമൂല റോഡ് | |
| 20 | വണ്ടടിപ്പേട്ട ഹെൽത്ത് സെന്റർ റോഡിൽനിന്നും ശ്രീ. റ്റി.ഇ. ചെറിയാന്റെ വീടിന്റെ ഭാഗത്തുകൂടി വാഴമൺ ക്ഷേത്രത്തിനുസമീപം എത്തിച്ചേരുന്ന റോഡ് | |
| 21 | പയ്യംകുന്നിൽ ശ്രീ. വിളയിൽ സുകുമാരന്റെ വീടിന്റെ ഭാഗത്തുകൂടി റോഡ് വെട്ടി ഗതാഗതയോഗ്യമാക്കുക | |
| 22 | മാങ്കോണം റോഡ് | |
| 23 | റെയിൽവേ കലങ്ങു മുതൽ കൂത്തനാടി മുനിസിപ്പൽ അതിർത്തിവരെയുള്ള റോഡ് | |
| 24 | ചൂരോട് മൈക്രോവേവ് റോഡ് | |
| 25 | കല്ലാർ അമ്പലം ജംഗ്ഷനിൽനിന്നും ചന്ദനശ്ശേരി ഏലായിലേക്കുള്ള നടപ്പാത വീതികൂട്ടി ഗതാഗതയോഗ്യമാക്കുക | |
| 26 | കല്ലാർ ക്ഷേത്രം-വാട്ടർ അതോറിട്ടി റോഡ് ലിങ്ക് ചെയ്യുക | |
| 27 | എഫ്.എ.സി.റ്റി. ഓഫീസിന്റെ വശത്തുകൂടിയുള്ള റോഡ് പള്ളിയോട് ഏലായുമായി ബന്ധിപ്പിക്കുക | |
| 28 | വട്ടക്കുണ്ടയം മരുതിമൂട് റോഡ് ഗതാഗതയോഗ്യമാക്കുക. | |

## 2. മറ്റു വികസന പദ്ധതികൾ

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നത് താഴെപ്പറയുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ്.

a. കുറഞ്ഞ ചിലവിൽ പെട്ടെന്ന് ചെയ്തു തീർക്കാവുന്നവ
b. നിലവിലുള്ള റോഡുകളെ കൂട്ടിയോജിപ്പിയ്ക്കാവുന്നത്.
c. സ്ഥലമെടുപ്പുകൂടാതെ പൂർത്തീകരിയ്കാവുന്നത്.
d. പ്രാദേശികാവശ്യങ്ങൾ പെട്ടെന്ന് പരിഹരിയ്കാവുന്നത്.
e. ഗതാഗത സൗകര്യം ഏർപ്പെടുത്തുവാൻ ആവശ്യമായത്.

ഈ പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിയ്ക്കുന്ന റോഡുകളുടെ വിവരം പട്ടിക 5ൽ ചേർത്തിരിക്കുന്നു.

### പട്ടിക 5
### പുതിയ പദ്ധതികൾ

| വാർഡ് നമ്പർ | പദ്ധതികൾ | മറ്റു വിവരങ്ങൾ |
|---|---|---|
| 1 | ആലിയാടുകുന്നു മാടപാറ റോഡിൽ കരുഴ ഭാഗത്തുനിന്നും പടിഞ്ഞാറോട്ടുള്ള റോഡ് പഞ്ചായത്ത് അതിർത്തിവരെ വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.<br>1. പൈനാപ്പിൾ ആരംപുന്ന റോഡ് | 1 കി.മീ. |
| 2. | 1. പത്തേക്കർ പള്ളിഭാഗത്തുനിന്നും തെക്കോട്ട് റെയിൽവേ പാരലൽ റോഡ്<br>2. കാഞ്ഞിരമല നിരപ്പത്തുനിന്നും വടക്കോട്ടുള്ള റോഡ് ഹരിജൻ കോളനിയുമായി ബന്ധിപ്പിക്കുക. | |
| 3 | ആരംപുന്ന റെയിൽവേസ്റ്റേഷൻ കുറ്റിപ്പുറം റോഡ്, ജാസ്മിൻ മൻസിൽ റോഡ് ഗതാഗതയോഗ്യമാക്കുക. | |
| 4 | 1. ശാസ്ത്രിത്തോപ്പിൽ ശ്രീ. കുഞ്ഞച്ചന്റെ സ്ഥലം മുതൽ റേഡിയോ സ്ക്കൂൾ ജംഗ്ഷൻ<br>2. ചാലക്കോട് വാലുതുണ്ടിൽ പ്രദേശം-വിളയിൽ-ഭാഗം റേഡിയോ സ്ക്കൂൾ ജംഗ്ഷൻ ലിങ്ക് റോഡ്<br>3. ശ്രീ. കായംകുളം ജോർജ്ജിന്റെ വീടിന്റെ ഭാഗത്തുനിന്നും ചാലക്കോട് റേഡിയോ സ്ക്കൂൾവരെയുള്ള റോഡ് | |
| 5 | 1. കല്ലുമല ശ്രീ. ചെമ്പകൻപിള്ളയുടെ വീടിന്റെ ഭാഗത്തുനിന്നും വടക്കോട്ടുള്ള റോഡ്<br>2. കല്ലുമല കെ.പി.എം.എസ്. ഓഫീസിനു തെക്കുഭാഗത്തുള്ള നടപ്പാത ശാസ്താംകോണം സെമിത്തേരി റോഡുമായി ബന്ധിപ്പിക്കുക. | |
| 6 | 1. മാർത്തോമാ പള്ളിക്കു സമീപമുള്ള കക്കാട്ടിപ്പുറം റോഡ്<br>2. മുല്ലയ്ക്കൽ റോഡ് സഞ്ചാരയോഗ്യമാക്കുക | |
| 7 | 1. കടയിൽവീടിന്റെ സമീപത്തുകൂടി ഹരിജൻ കോളനി റോഡ്<br>2. ട്രാൻഫോർമർ – ആറ്റുകടവ് റോഡ്<br>3. റ്റി.വി. സ്ക്കൂൾ ജംഗ്ഷന് തെക്കുകൂടി മുകൾ ഭാഗത്തുള്ള ജംഗ്ഷൻ ലിങ്ക് റോഡ് | |
| 8 | 1. നേതാജി റോഡിന്റെ വാഴപ്പള്ളി മഠം ജംഗ്ഷനിൽ – ഭരണിക്കാവ് – അമ്പലംമുറ്റം വഴി നേതാജി റോഡിൽ എത്തുന്ന സർക്കുലർ റോഡ്<br>2. നേതാജിറോഡ് ശാസ്താംകോണം റോഡുമായി ബന്ധിപ്പിക്കുക | |
| 9 | ഭരണിക്കാവ് ആറ്റുകടവ് റോഡ് കോൺക്രീറ്റു ചെയ്യുക<br>1. ഭരണിക്കാവ് ഞാക്കയിൽ റോഡ് കോൺക്രീറ്റു ചെയ്യുക<br>2. ഭരണിക്കാവ് ശിവൻകോവിൽ റോഡ് ഗതാഗതയോഗ്യമാക്കുക | |
| 10 | 1. ശിവൻകോവിൽ റോഡിൽ ഗുരുമന്ദിരത്തിനടുത്തു നിന്നും – മാർക്കറ്റ് വഴി – മാർക്കറ്റ് റോഡിൽ എത്തുന്ന ലിങ്ക് റോഡ് | |

2. ലൂമിയർ സ്റ്റുഡിയോ ജംഗ്ഷൻ മുതൽ ശ്രീ. മാധവൻതമ്പിയുടെ കടവരെയുള്ള ഇടുങ്ങിയ ഭാഗം വീതികൂട്ടുക (പി. ഡബ്ള്യൂ.ഡി.)

11 1. സി.എൻ.ആർ.ൽ നിന്നും മുരുകൻ കോവിൽ വഴി കടുവാകുഴി ഭാഗത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

2. സി.എൻ.ആർ. കുതിരച്ചിറ ജംഗ്ഷൻ – ബ്ളാവറ വയലിലേക്കുള്ള റോഡ് ആശ്രാമം മുക്കുമായി ബന്ധിപ്പിക്കുക

3. മുരുകൻകോവിൽ റോഡിൽനിന്നും പാലംകുഴി ഭാഗത്തുകൂടി സ്റ്റേഡിയം വരെ റോഡു നിർമ്മിക്കണം.

4. സി.എൻ.ആർ.ൽനിന്നും ശങ്കൽ വിഹാർ മുതൽ സ്റ്റേഡിയം വരെയുള്ള റോഡ് കൊല്ലം–ചെങ്കോട്ട റോഡുമായി ബന്ധിപ്പിക്കുക

5. കട്ടാക്കോട്ടു മുക്കിൽനിന്നും കെ.റ്റി.ആർ.ൽ ബന്ധിപ്പിക്കുന്ന റോഡ്

12. ശ്രീദേവി ഭാഗത്തുനിന്നും കോമളംകുന്നു ഭാഗത്ത് ബന്ധിപ്പിക്കുന്ന റോഡ്

13 1. ജലദാര കാട്ടുകുണ്ടയം റോഡ് വീതികൂട്ടി ഗതാഗതയോഗ്യമാക്കുക

2. ശ്രീ. അയ്യപ്പപിള്ള അണ്ണാച്ചിയുടെ വീടിന്റെ കിഴക്കുകൂടി വയലിലേക്കുള്ള റോഡ്

3. കാളക്കര റോഡ്

4. ലേബർ ആഫീസ് റോഡ്

14 1. സ്മശാനത്തിൽനിന്നും തൊളിക്കോട് ജംഗ്ഷൻ റോഡ്

2. ശ്രീ. ഗംഗാധരൻ വൈദ്യന്റെ വീടിന്റെ മുൻഭാഗത്തുകൂടി കൊച്ചയ്യൻ ഭാഗത്തുകൂടിയുള്ള റോഡ്

3. ദേവീകോണം ജംഗ്ഷനിൽനിന്നും അയന്നൂർ ഏലായിൽകൂടി കലങ്ങുമുകളിലെത്തുന്ന റോഡ്

4. വിളയിൽ കുളിക്കടവ് റോഡ്

5. കാക്കറച്ചി കുളിക്കടവ് കൽപടവുകെട്ടി വൃത്തിയാക്കുക.

15. പുളിമൂട്ടിൽ ആലുമൂട് ജംഗ്ഷനിൽനിന്നും ചുടുകട്ട റോഡിലെത്തുന്ന നടപ്പാത വീതികൂട്ടി ഗതാഗതയോഗ്യമാക്കുക.

16. 1. ചുടുകട്ട റോഡ് വീതികൂട്ടി ടാർ ചെയ്യുക.

2. ചിറയിൽ ജംഗ്ഷൻ ഇരുവേലിയ്ക്കൽ റോഡ്

3. ഹെൽത്ത് സെന്റർ മുതൽ വേമ്പനാടുവഴി സ്ക്കൂൾ ജംഗ്ഷൻ ലിങ്ക് റോഡ്

4. പന്നിക്കോണത്തുനിന്നും കരവാളൂർ പഞ്ചായത്ത് അതിർത്തിയിലേയ്ക്കുള്ള റോഡ്

5. മണിയാർ പുത്തയംറോഡ്

6. ചിറയത്തടം വാങ്കോണം റോഡ്

17. 1. ചിന്നം വെട്ടി റോഡ് ചാരുനടവരെ 750 മീ.

2. പൊരിയ്ക്കൽ – ബ്ളാവടി കേളൻകാവ് വരെ

18. 1. പൂതപാറ വയൽ റോഡ്, കൽപ്പട, സ്ളാബ് കെട്ടി സഞ്ചാര യോഗ്യമാക്കുക.

2. മുറിയന്തല റോഡിൽനിന്നും വയൽ ക്രോസു ചെയ്തു നടപ്പാത സഞ്ചാരയോഗ്യമാക്കുക.

3. കൊച്ചുകക്കോട് ഭാഗത്തുനിന്നും പാറവരെയുള്ള നടപ്പാത പടികെട്ടി സഞ്ചാരയോഗ്യമാക്കുക

4. കക്കോട് ജംഗ്ഷനിലെ വളവ് വീതികൂട്ടുക.

19. 1. പാണങ്ങാട് പാലത്തിന്റെ പുനരുദ്ധാരണം, വയലിന്റെ രണ്ടുവശങ്ങളും സംരക്ഷണ ഭിത്തികെട്ടി വീതി കൂട്ടുക

2. മാരുതിവിള ജംഗ്ഷൻ മുതൽ ശ്രീമതി. രമണി സുധാകരന്റെ വീടുവരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

20. 1. കേരള കൗമുദി റോഡ് വയലിലേക്കു വെട്ടി കലങ്ങു നിർമിച്ചു ഗതാഗതയോഗ്യമാക്കുക.

2. വാളക്കോട് ചർച്ചിന് കിഴക്കുഭാഗത്തുകൂടി നിലവിലുള്ള റോഡ് ഗതാഗതയോഗ്യമാക്കുക

3. പുനലൂർ ചെങ്കുളം റോഡിൽ ഫയർസ്റ്റേഷനു സമീപമുള്ള വളവ് വീതികൂട്ടി അപകടം ഒഴിവാക്കുക.

21. 1. മൈലയ്ക്കൽ വട്ടപ്പട റോഡ് ഗതാഗത യോഗ്യമാക്കുക.
2. പയ്യംകുന്നു റോഡിനെ എം. കെ.ബി. ആറിന്റെ വീടിനു സമീപത്തുകൂടി റെയിൽവേ ഓവർബ്രിഡ്ജിനു സമീപം ക്യു. എസ്സ്. റോഡുമായി ബന്ധിപ്പിയ്ക്കുക.
3. കല്ലുവിള പയ്യംകുന്നു വഴി ഹരിജൻ കോളനി റോഡ് ടാറിംഗ് ചെയ്യുക.

22. 1. വട്ടപ്പട ചെങ്കുളംറോഡ് വാർഡ് അതിർത്തിവരെ കലങ്ങുതീർത്ത് കക്കോട് വാർഡുമായി ബന്ധിപ്പിക്കുക.
2. ഗോപാല വിലാസം ജഗ്ഷൻ മുതൽ ശ്രീ. ജി. പ്രഭാകരന്റെ വീടിനടുത്തുകൂടി വട്ടപ്പട പാപ്പന്നൂർ റോഡിൽ കലങ്ങു ജഗ്ഷനുമായി ബന്ധിപ്പിയ്ക്കുക.
3. കൊച്ചു പ്ലാച്ചേരി കൃഷ്ണവിലാസം വീടിന്റെ കിഴക്കു വശത്തുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

23. **1. ഇളപ്പുപാറ കോളനി – എൽ.പി.എസ്. കലയനാട് – റോഡ് ഗതാഗത യോഗ്യമാക്കുക.**
**2. താമരപ്പള്ളി റോഡ് വയലിലൂടെ കൂത്തനാടി റോഡുമായി ബന്ധിപ്പിച്ച് ഗതാഗത യോഗ്യമാക്കുക.**

24. 1. പന്ത്രണ്ടേക്കർ കൈതോട് റോഡ് കോൺക്രീറ്റു ചെയ്തു തുമ്പോടുമായി ബന്ധിപ്പിക്കുക.
2. കലയനാട് റോഡിൽ തൊണ്ടിയോട് റോഡ് കയറ്റംകുറച്ച് കോൺക്രീറ്റും ടാറുംചെയ്യുക.
3. പേഴുംമൂട്വഴി വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
4. കൗൺസിലർ നസീമ നസീർ ന്റ വീടിനടുത്തുകൂടിയുള്ള റോഡ് തൊണ്ടിയോടുവരെ വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
5. പുതുപ്പടപ്പുറോഡ് അമ്പിക്കോണം റോഡുമായി ബന്ധിപ്പിക്കുക.
6. പന്ത്രണ്ടേക്കർ – ഊരാളി അയ്യൻ റോഡ് സൈഡുകെട്ടി സഞ്ചാരയോഗ്യമാക്കുക.

25. 1. ഏരൂർ ശ്രീ. ജനാർദ്ദനന്റെ വീടിന്റെ ഭാഗത്തുനിന്നും പന്ത്രണ്ടേക്കർ ഭാഗത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
2. ജീപ്പ് ജംഗ്ഷനിൽനിന്നും കൈതോടുഭാഗത്തേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
3. പശുമല തൊണ്ടിയോട് റോഡ് ഗതാഗത യോഗ്യമാക്കുക.

26. 1. ചന്ദനശ്ശേരി ജംഗ്ഷനിൽനിന്നും ഏലായിലേക്കുള്ള നടപ്പാത ഗതാഗത യോഗ്യമാക്കുക.
2. ഡ്രൈവർ ശ്രീ. ചാക്കോയുടെയും ശ്രീ. പുഷ്പരാജന്റെയും വീടിന് അടുത്തുകൂടിയുള്ള ഇടവഴി ഗതാഗത യോഗ്യമാക്കുക.
3. ചന്ദനശ്ശേരി ഏലായിൽ നെല്ലിപ്പള്ളിയിൽ നിന്നും കല്ലാർ പയ്യംകുന്നു റോഡുമായി ബന്ധിപ്പിയ്ക്കുക.

27. 1. നെയ്യത്തുമുക്ക് വള്ളക്കടവിൽനിന്നും ബി.ബി. എസ്റ്റേറ്റിന്റെ സമീപത്തുകൂടി മൺവിള ഭാഗത്തേയ്ക്കുള്ള വഴി ഗതാഗതയോഗ്യമാക്കുക.

28. 1. ശ്രീ. പൊന്ന പ്പൻ പിള്ളയുടെ വീടു മുതൽ മരുതിമൂട് പുത്തൻവീട് ജംഗ്ഷൻ വരെയുള്ള റോഡ്.
2. മാങ്കോയിയ്ക്കൽ ശ്രീ. വിശ്വനാഥന്റെ വീടുമുതൽ പരപ്പിൽ വീടുവരെയുള്ള റോഡ്.
3. വട്ടക്കുണ്ടയം കലങ്ങുമുതൽ ശ്രീ. രാധാകൃഷ്ണന്റെ വീടുവരെയുള്ള റോഡ്
4. ബംഗ്ലാവിൽ ശ്രീ. വേലായുധൻനായരുടെ വീടുമുതൽ നെല്ലിപ്പള്ളി റോഡുമായി ബന്ധിപ്പിയ്ക്കുന്ന റോഡ്.

3. **നിലവിലുള്ള റോഡുകളുടെ വികസനം – അറ്റകുറ്റപ്പണികൾ**

a. ഓടകൾ – കലങ്കുകൾ എന്നിവ നിർമ്മിയ്ക്കുക
b. റോഡിന്റെ വശങ്ങൾ സംരക്ഷിയ്ക്കുക
c. വളവുകളും ഇടുങ്ങിയ ഭാഗങ്ങളും വീതികൂട്ടുക
d. മെറ്റലിംഗ്, ടാറിംഗ്, റീ ടാറിംഗ് എന്നിവ പൂർത്തീകരിയ്ക്കുക
e. നടപ്പാതകളും തോട്ടുവരമ്പുകളും സഞ്ചാരയോഗ്യമാക്കുക.

ഇപ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിയ്ക്കുന്ന പദ്ധതികളെ പട്ടിക 6 ൽ ഉൾപ്പെടുത്തിയിരിയ്ക്കുന്നു.

**പട്ടിക 6**

**നിലവിലുള്ള റോഡുകളുടെ വികസനം**

| വാർഡ് നമ്പർ | നിലവിലുള്ള റോഡുകൾ, വികസനം | മറ്റു വിവരങ്ങൾ |
|---|---|---|
| 1 | 1. സ്വാഗതം ജംഗ്ഷൻ അലിയാരുകുന്ന് റോഡ് 2<br>2. പഴവൂർ ജംഗ്ഷൻ അറപ്പുര റോഡ് 800 മീ. മെറ്റലിംഗ് ടാർ.<br>3. കാഞ്ഞിരംവിള മുതൽ ക്ഷേത്രം വരെയുള്ള റോഡ്. 40 മീ. മെറ്റലിംഗ് ടാറിംഗ്<br>4. എൽ.പി.എസ്സിന് കിഴക്ക് അയത്തൂർ റോഡിന്റെ അവസാന ഭാഗം പടികെട്ടി തോട്ടിൽ സ്ളാബിടുക.<br>5. പുന്നക്കര ജംഗ്ഷൻ പടിഞ്ഞാറു ഭാഗത്തുനിന്നും ക്ഷേത്രക്കാവു റോഡ് ഗതാഗതയോഗ്യമാക്കുക<br>6. തോട്ടുവരമ്പുകൾ, ഇടവഴികൾ എന്നിവ സഞ്ചാരയോഗ്യമാക്കുക. | കി.മി. റീടാർ |
| 2 | 1. ശാസ്ത്രീത്തോപ്പ് വിദ്യാമന്ദിർ റോഡ് ഗതാഗത യോഗ്യമാക്കുക.<br>2. ചേരിക്കോണം റെയിൽവേ പാരലൽ റോഡ് പണി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുക.<br>3. കാഞ്ഞിരമല റെയിൽവേ പാരലൽ റോഡിൽ കലുങ്ക് നിർമ്മിച്ച് കാഞ്ഞിരമല റോഡുമായി ബന്ധിപ്പിയ്ക്കുക | |
| 3 | 1. ജി.എം.ന്റെ മുൻവശത്തുകൂടി ചെമ്മന്തൂർ വയൽറോഡ് ഗതാഗത യോഗ്യമാക്കുക.<br>2. ആരംപുന്ന ചെമ്മന്തൂർ റോഡ് ഗതാഗതയോഗ്യമാക്കുക.<br>3. മറ്റു റോഡുകളുടെ അറ്റകുറ്റപ്പണി. | |
| 4 | ചാലക്കോട് കാവുവിള ജംഗ്ഷനിൽനിന്നും റെയിൽവേ റോഡിലേയ്ക്കുള്ള വഴിയിൽ പടികെട്ടുക. | |
| 5 | 1. നെടുങ്കയം ചാലക്കോട് ഏലായിൽ റോഡ് ടാർ ചെയ്യുക.<br>2. നെടുങ്കയത്ത് നിന്നും ആരംഭിച്ച് ശ്രീ. മുഹമ്മദ് ഹനീഫയുടെ വീടിന് ഭാഗത്ത് കൂടി ചാലക്കോട് ഏലായുടെ കിഴക്കേ കരയിലൂടെ നെടുങ്കയം ചാലക്കോടം റോഡ് ബന്ധിപ്പിയ്ക്കുക.<br>3. വാർഡിന്റെ ഒന്നാംനമ്പർ വീടിന്റെ കിഴക്കുനിന്ന് ആരംഭിക്കുന്ന റോഡ് സെമിത്തേരി റോഡിൽ ബന്ധിപ്പിക്കുക.<br>4. നെടുങ്കയം കോ.ഓപ്പറേറ്റീവ് കല്ലുമല ബേക്കറി റോഡ് സഞ്ചാരയോഗ്യമാക്കുക.<br>5. കല്ലുമല അണയിൽ റോഡ് സഞ്ചാരയോഗ്യമാക്കുക | |
| 6 | 1. ശ്രീ.വി.ഐ. എബ്രഹാമിന്റെ വീടിന്റെ ഭാഗംമുതൽ – പേപ്പർമിൽ റോഡിലെത്തുന്ന വഴി സഞ്ചാരയോഗ്യമാക്കുക.<br>2. കേരളാ ലെയ്ത്ത് കുഞ്ഞപ്പന്റെ വീടിന് സമീപത്തുകൂടിയുള്ള റോഡ് പടികെട്ടി സഞ്ചാരയോഗ്യമാക്കുക.<br>3. കൂനംകുഴിയിൽ റീച്ചീസ് വിദ്യാലയത്തിന് സമീപത്തുകൂടി ആന്റണിയുടെ വീട്വരെ മുകൾഭാഗത്തേയ്ക്കുള്ള റോഡ് പടികെട്ടി സഞ്ചാരയോഗ്യമാക്കുക.<br>4. സെന്റഗേറ്റി സ്ക്കൂൾ മുതൽ മൂസാവരിറോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക. | |
| 7 | 1. വള്ളക്കടവ് തിരിയുന്നഭാഗത്ത്–രണ്ടുസൈഡിനുംതിരിയുന്ന ഭാഗത്ത്– ടാർ ചെയ്യുക.<br>2. ജി.എം.ന്റെ തോട്ടത്തിന് എതിർവശത്തുള്ള റോഡ് ടാർചെയ്യുക<br>3. റ്റി.വി. സ്ക്കൂൾ മുതൽ രാഘവൻ മേശിരിയുടെ വീടുവരെ മെറ്റൽ ടാറ് ചെയ്തു വീതി കൂട്ടുക | |

4. പാറമുക്ക് താഴോട്ട് ഐക്കോട് റോഡ് മെറ്റൽടാർ ചെയ്യുക.
5. ശിവൻകോവിൽ – പുനലൂർക്ലബ്ബ് റോഡ് ടാർ ചെയ്യുക.
6. നെല്ലിക്കുന്നം പുറത്തുനിന്നും ശ്രീ.ബേബിയുടെവീടിന്സമീപമുള്ള നടവഴി പടികെട്ടുന്നതിനുംഅവിടെനിന്നും കുന്നംകുഴിവയലിലേയ്ക്കുള്ളവഴി ബന്ധിപ്പിക്കേണ്ടതും ആണ്.
7. മുക്കടവ് ഭാഗത്ത് ശ്രീമതി. ഈശ്വരിയുടെ വീടുമുതൽ മരുതിതോട്ടത്തിൽ വിശ്വംഭരന്റെ വീടുവരെയുള്ള വഴി സഞ്ചാരയോഗ്യമാക്കുക.
8. നെല്ലിക്കുന്നുംപുറം ശിവൻകോവിൽറോഡ് മെറ്റൽ ടാർ ചെയ്യുക.

8. 1. നേതാജി റോഡ് റീ ടാർ ചെയ്യുക.
2. നേതാജി കൂനംകുഴി വഴി ബന്ധിപ്പിയ്ക്കുന്ന റോഡ് ടാർ ചെയ്യുക
3. ബാക്കിയുള്ള റോഡുകളും അറ്റകുറ്റ പണികൾ ചെയ്യുക.

9. 1. മൂർത്തിക്കാവ് ആർ.സി.റോഡിൽ ശ്രീ. ഗോപീദാസിന്റെ വീടിന്റെ പടിഞ്ഞാറു ഭാഗത്ത് ഭഗത്സിംഗ് ലൈൻ സഞ്ചാരയോഗ്യമാക്കുക.
2. വയലുങ്കൽ വീടിനു കിഴക്കുവശത്തുകൂടി ഭാരത്മാതാ ലൈൻ ടാറ് ചെയ്തു ഗതാഗത യോഗ്യമാക്കുക.
3. ശ്രീ. എ.ജി. സെബാസ്റ്റ്യന്റെ വീടിന് സമീപത്തുകൂടി റെയിൽവേ ലൈനിലെത്തിച്ചേരുന്ന റോഡ് ഓടകെട്ടി ടാറ് ചെയ്യുക.
4. ഭരണിക്കാവ് ആറ്റുകടവിൽ ദോബി ഗാഡ് നിർമ്മിക്കുക.
5. ഇഞ്ചയ്ക്കൽ ശ്രീ. ഫസലുദ്ദീന്റെ വീടിനുമുൻവശത്തുകൂടി ഡോ. ഷാജികുമാറിന്റെ വീടിന് ഇരുവശത്തേയ്ക്കും പോകുന്ന റോഡ് ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.
6. വാഴത്തോപ്പിൽ ശ്രീ. മാധവൻ പിള്ളയുടെയും ശ്രീ. എൻ.ജി. പിള്ളയുടെയും വീടുകൾക്കിടയിലുള്ള ലൈൻ സഞ്ചാരയോഗ്യമാക്കുക.

10. 1. പോസ്റ്റാഫീസ് ജംഗ്ഷൻ മുതൽ പി.എൻ.എസ്.ന്റെ വീടുവരെ കോൺക്രീറ്റു ചെയ്യുക.
2. ക്യൂ.എസ്സ്. റോഡിൽ നിന്നും കോളേജ് ഓഫ് കോമേഴ്സ് വഴി റെയിൽവേ ലൈനിൽ ബന്ധിച്ചിരിയ്ക്കുന്ന റോഡിന്റെ ബാക്കിഭാഗം.
3. നിലവിലുള്ള എല്ലാറോഡുകളും അറ്റകുറ്റപ്പണി നടത്തുക.

11. 1. സി.എൻ.ആറിൽ നിന്നും റിട്ടയർഡ് സെയിൽസ് ടാക്സ് ആഫീസറുടെ വീടിനു മുൻവശത്തുകൂടിയുള്ള റോഡ് കോൺക്രീറ്റു ചെയ്യുക.
2. സി.എൻ.ആറിൽ നിന്നും വിളയിലേയ്ക്കുള്ള റോഡ് വീത്കൂട്ടി സഞ്ചാരയോഗ്യമാക്കുക.
3. പകിടി റോഡിൽ നിന്നും വിളയിൽ വീടുവരെയുള്ള നടപ്പാത വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
4. പകിടി റോഡിൽ ശ്രീ. ജോൺസാറിന്റെ വീടിന് മുൻവശത്തുകൂടിയുള്ള നടപ്പാത വീതികൂട്ടി ശ്രീ. ഉണ്ണികൃഷ്ണവിള്ളയുടെ വീടുവരെ റോഡ് നിർമ്മിക്കുക.
5. സി.എൻ.ആർ. റോഡ് ടാർ ചെയ്യുക.
6. പകിടി കോളനിയിലേയ്ക്കുള്ള നടപ്പാത സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുക.
7. കെ.വി. ആറിൽ നിന്നും താന്നിത്തടം വഴി ശ്രീ. ജവഹറിന്റെ വീടുവരെയുള്ള ഭാഗം സംരക്ഷണ ഭിത്തികെട്ടി സഞ്ചാരയോഗ്യമാക്കുക.
8. പകിടി റോഡ് ടാർ ചെയ്യുക
9. വട്ടവിള ശ്രീ. ജോൺസാറിന്റെ വീടിന് മുൻവശത്തുകൂടിയുള്ള റോഡ് സംരക്ഷണഭിത്തികെട്ടി സഞ്ചാരയോഗ്യമാക്കുക.
10. കെ.റ്റി.ആർ. റോഡ് ടാർ ചെയ്യുക.
11. പാൻ ഇൻഡ്യയുടെ മുൻവശത്തുകൂടിയുള്ള റോഡ് ടാർ ചെയ്യുക.
12. സി.എൻ.ആറിൽ നിന്നും പെന്തകോസ്ത് ചർച്ചിലേയ്ക്കുള്ള റോഡ് വീതികൂട്ടി ടാർ ചെയ്യുക.
13. കെ.റ്റി.ആറിൽ നിന്നും ശ്രീ. അലിസാറിന്റെ വീടുവരെ ടാറ് ചെയ്യുക.
14. എൻ.സി.ആറിൽ നിന്നും ബ്ലാവിള വയലിൽ ഇറങ്ങുന്ന റോഡ് കോൺക്രീറ്റ് ചെയ്യുക.

12. 1. കാട്ടുകുണ്ടയം കോമളംകുന്നു റോഡ് ടാർ ചെയ്യുക.
2. പന്നിക്കോട്ട് കോമളാകുന്നു റോഡ് മെറ്റൽ ടാർ ചെയ്യുക.
3. പകിടി വടക്കേക്കര റോഡ് മെറ്റൽ ടാർ ചെയ്യുക.
4. കോമളംകുന്നു വാഴവിള പകിടിറോഡ് റീ ടാർ ചെയ്യുക.
5. പകിടി വടക്കേക്കര റോസ് മെറ്റൽ ടാർ ചെയ്യുക.

313

| | |
|---|---|
| 13. | 1. പവിത്രരാജൻ ആശുപത്രിയുടെ എതിർവശത്തുനിന്നും റിവർവ്യൂവിന്റെ തെക്കുവശത്തുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.<br>2. കൊച്ചുവിളയിൽ രാജഭവൻ റോഡ് സഞ്ചാരയോഗ്യമാക്കുക.<br>3. ശ്രീ. ഭാസ്കരനാശാരി സാറിന്റെ വീടിന് വടക്കുകൂടിയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.<br>4. ജലദാര റോഡ് ടാർ ചെയ്യുക.<br>5. മേഴ്സിഹോംസിന്റെ വശത്തുകൂടി പച്ചർ ഗൗസ്റോഡിൽ നിന്നും അഞ്ചൽ – പുനലൂർ റോഡിലേയ്ക്കുള്ള വഴി സഞ്ചാരയോഗ്യമാക്കുക.<br>6. കോട്ടൂർ റോഡ് ടാർ ചെയ്യുക.<br>7. എം.എൽ.എ. റോഡിന്റെ പണി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുക.<br>8. ഹോട്ടൽ വൃന്ദാവനത്തിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള റോഡ് എം.എൽ.എ. റോഡുമായി ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കുക. |
| 14. | 1. ദേവിക്കോണം ജംഗ്ഷനിൽനിന്നും കൊച്ചുവട്ടമൺ ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ് ടാർ ചെയ്യുക.<br>2. കുതിരച്ചിറ മുളന്തടം റോഡിൽനിന്നും സി.എസ്.ഐ. ചർച്ചിന്റെ മുൻവശത്തുകൂടി വയലിലെത്തുന്ന റോഡ്.<br>3. തൊളിക്കോട് ശ്രീ. കൃഷ്ണൻമേശിരിയുടെ വീടിന്റെ ഭാഗത്തുനിന്നും ശ്രീമതി. പാറുക്കുട്ടിയമ്മ ടീച്ചറിന്റെ വീടിന്റെ ഭാഗത്തുകൂടി മെയിൽ റോഡിന് എത്തുന്ന റോഡ് ടാർ ചെയ്യുക.<br>4. എസ്.ഡി.വി. കമ്പനിയുടെ സൈഡിൽക്കൂടിയുള്ള റോഡിൽ 30 മീ. നീളത്തിൽ കോൺക്രീറ്റു ചെയ്യണം. |
| 15. | 1. പരവട്ടം റോഡ് ബാക്കിഭാഗം ടാർ ചെയ്യുക.<br>2. അയണിഇയാട്ടു മുക്കിൽനിന്നും ചുടുകട്ടയിലേക്ക് കൈലാസം എസ്റ്റേറ്റ് വഴി പോകുന്ന $1^1/_2$ കിലോമീറ്റർ റോഡ് ഗതാഗതയോഗ്യമാക്കുക.<br>3. ആദിച്ചൽ കോളനിറോഡ് കോൺക്രീറ്റു ചെയ്യുക.<br>4. ചാവരുനട പരവട്ടം റോഡിന്റെ ബാക്കി ഭാഗം ഗതാഗതയോഗ്യമാകുക. 250 മീ.<br>5. മണൽകടവുമുതൽ അക്കരവിള ജംഗ്ഷൻ വരെ ഗതാഗതയോഗ്യമാക്കുക.<br>6. ചുണ്ടോട്ടു റോഡിൽ നിന്നും ആറ്റുകടവു വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.<br>7. ചുണ്ടോട്ടു മുക്കിൽനിന്നും വയലിലേയ്ക്കുള്ള ഇടവഴിയിൽ കൈപ്പട കെട്ടി സഞ്ചാരയോഗ്യമാക്കുക. |
| 16. | 1. തൊളിക്കോട് പാലം എത്രയും പെട്ടെന്ന് പുതുക്കി പണിയുക.<br>2. മണിയാർ പുത്തയം റോഡ് സഞ്ചാരയോഗ്യമാക്കുക<br>3. മിച്ചഭൂമിയിൽനിന്നും തെക്കേക്കര ഹരിജൻ കോളനിയിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.<br>4. ഇരിവേലിയ്ക്കൽനിന്നും മൂടക്കാവ് ജംഗ്ഷനിലേയ്ക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.<br>5. അക്കരവിള ജംഗ്ഷനിൽനിന്നും ചാവരുനട ചുണ്ടോട്ടുറോഡ് ഗതാഗതയോഗ്യമാക്കുക. |
| 17. | 1. പെരിയ്ക്കൽ കീഴ്ക്കാലിൽ വാതുക്കൽ റോഡ് വീതികൂട്ടി ടാർ ചെയ്യുക<br>2. ബേക്കറി ജംഗ്ഷൻ റോഡ് 500 മീ. ഗതാഗതയോഗ്യമാക്കുക.<br>3. ചിന്നംവെട്ടീ റോഡിൽനിന്നും ഇരവി മുക്കുവരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക. |
| 18. | 1. പണിക്കർമുക്ക് പാററോഡ് മെറ്റൽ ടാർചെയ്യുക<br>2. കക്കോട് മുറിയന്തല റോഡ് മെറ്റൽ ടാർ ചെയ്യുക.<br>3. വെമ്പാലക്കര താഴെകടവാതുക്കൽ റോഡ് വീതികൂട്ടി ഏറ്റംകുറച്ച് മെറ്റൽ ടാർചെയ്യുക.<br>4. കൊച്ചുകക്കോട് ആറ്റുകടവ് റോഡ് സഞ്ചാരയോഗ്യമാക്കി ആറ്റുകടവിൽ കൈപ്പട കെട്ടുക.<br>5. താഴെ കടവാതുക്കൽ നിന്നും കോണത്തേയ്ക്കുള്ള നടവരമ്പ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക. |

6. ശ്രീ. ശശാങ്കന്റെ വീടിന്റെ താഴ്ഭാഗത്തുള്ള വയലിൽ നിന്നും ആറ്റിലേയ്ക്കുള്ള തോട്ടു വരമ്പ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
7. കുരിശ്ശടി ജംഗ്ഷനിൽനിന്നും ശ്രീ. ബാബുജിയുടെ വീടിന് മുൻവശത്തു കൂടി പാറ യിലേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.
8. താഴെ കടവാതുക്കൽ നിന്നും മുറിയന്തല വരെയുള്ള തോടുവരമ്പ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.
9. ശ്രീ. ജോണിന്റെ വീടിന്റെ മുൻവശത്തുകൂടി വയലിലേക്കുള്ള ഇടവഴി പടികെട്ടി സഞ്ചാ രയോഗ്യമാക്കുക.

19.
1. ഇഞ്ചക്കാട് ജംഗ്ഷൻ താഴെക്കടവാതുക്കൽ റോഡിൽ ഇടിഞ്ഞുപോയ ഭാഗം സംര ക്ഷണ ഭിത്തികെട്ടി റോഡു ഗതാഗത യോഗ്യമാക്കുക.
2. ഇഞ്ചത്തടം റോഡിന്റെ വയൽഭാഗത്തെ റോഡ് സംരക്ഷണഭിത്തികെട്ടി ഉയർത്തി വീതി കൂട്ടുക.
3. പാറക്കാട് തേക്കുംവിളക്കടവ് തോട്ടരുകിൽ നിന്നും പടിഞ്ഞാറോട്ടു ശ്രീ. രാമൻകുട്ടി ആചാരിയുടെ വീടിന്റെ കിഴക്കുഭാഗത്തുകൂടി പാറവിള ജംഗ്ഷനുമായി ബന്ധിപ്പിക്കുന്ന റോഡു സഞ്ചാരയോഗ്യമാക്കുക.
4. മെറ്റലിട്ട എല്ലാ റോഡുകളും ടാർ ചെയ്യുക.

20.
1. വട്ടിപ്പെട്ട റോഡിൽനിന്നും ഇരിവേലിയ്ക്കൽ വന്നുചേരുന്ന റോഡ് ടാർ ചെയ്തു കലങ്കു പണിത് ഗ്രേസിംഗ് ബ്ലോക്കുമായി ബന്ധിപ്പിക്കുക.
2. ശ്രീ രാഘവൻ സാറിന്റെ വീടിന്റെ പടിഞ്ഞാറു ഭാഗത്തു റോഡിന്റെ പടികൾ നീക്കം ചെയ്തു ഗതാഗത യോഗ്യമാക്കുക.
3. ജവഹർ റോഡ് ഗതാഗത യോഗ്യമാക്കുക.
4. വാളക്കോട് പള്ളിക്കുന്നിലേയ്ക്കുള്ള റോഡു ഗതാഗത യോഗ്യമാക്കുക.

21.
1. പൈയ്യൻകുന്ന് താഴെക്കടവാതുക്കൽ റോഡു മെറ്റൽ ടാർചെയ്തു ഗതാഗതയോഗ്യ മാക്കുക.
2. പയ്യൻകുന്ന് ചുട്ടിത്തല റോഡു സഞ്ചാരയോഗ്യമാക്കുക.
3. താഴെക്കട വാതുക്കൽ ഉഗ്രംകുന്ന് റോഡുവരമ്പ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കുക.
4. മൈലയ്ക്കൽ വട്ടപ്പട റോഡ് ടാർ ചെയ്യുക.

22.
1. പ്ലാച്ചേരി വട്ടപട റോഡ് ആറ്റുകടവ് റോഡ് മെറ്റൽ ടാർ ചെയ്തു ഗതാഗത യോഗ്യമാ ക്കുക. കുളിക്കടവ് കെട്ടുക.
2. ഗുഡ്ഹോപ്പ് കൊച്ചുപ്ലാച്ചേരി റോഡ് മെറ്റൽ ടാർ ചെയ്തു ഗതാഗത യോഗ്യമാക്കുക.
3. പാപ്പന്നൂർ ആറ്റുകടവ് റോഡ് സഞ്ചാരയോഗ്യമാക്കുക
4. ഐ.പി.സി. ഫെയ്ത്ത് ഹോം ഇടവയൽ റോഡ് – പ്ലാച്ചേരി റോഡ് തോട്ടുവരമ്പ് കെട്ടി സഞ്ചാരയോഗ്യമാക്കുക.

23.
1. ജീവാ ജംഗ്ഷനു താഴെ ശ്രീ. സുഗതന്റെ വീടിനു മുന്നിലൂടെ തോടുകടന്ന് മാർക്കറ്റി ലൂടെ ഹരിജൻ കോളനിയിലേക്കുള്ള റോഡു സഞ്ചാരയോഗ്യമാക്കുക.

24.
1. ജീവാ പശുമല റോഡു ഗതാഗത യോഗ്യമാക്കുക.
2. കലയനാട് – കൂത്തനാടി റോഡു ഗതാഗത യോഗ്യമാക്കുക

25.
1. ജീവാ ജംഗ്ഷനിൽനിന്നും കൈതോട് ഭാഗത്തേയ്ക്കുള്ള റോഡു ഗതാഗത യോഗ്യ മാക്കുക.
2. കല്ലാർ മുതൽ കൈതോട് വരെയുള്ള റോഡ് ടാർചെയ്തു ഗതാഗത യോഗ്യമാക്കുക.
3. പശുമല – തൊണ്ടിയോട് റോഡ് ഗതാഗത യോഗ്യമാക്കുക.
4. ശ്രീ. രാജീവിന്റെ വീടിന്റെ ഭാഗത്തുനിന്നും ചന്ദനശ്ശേരി ഏലായിലേയ്ക്കുള്ള റോഡിൽ പടികെട്ടുക.

26.
1. പയ്യൻകുന്ന് കല്ലാർ റോഡ് ഗതാഗത യോഗ്യമാക്കുക.

27.
1. കല്ലാർ – മരുതിമൂട്ടിൽ ജംഗ്ഷനിൽ നിന്നും പാലോടുവരെയുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

28.
1. സ്ക്കൂൾ ജംഗ്ഷൻ മുതൽ ബംഗ്ലാവ് കടവ് വരെയുള്ള റോഡു ഗതാഗതയോഗ്യമാക്കുക.
2. പത്തുപറ – മാർത്തോമ്മാ ചർച്ച് മുതൽ വിളക്കുവട്ടം ജംഗ്ഷനിൽ എത്തിച്ചേരുന്ന റോഡ് ഗതാഗതയോഗ്യമാക്കുക.

പുനലൂർ മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള 337 റോഡുകളെ അവയുടെ നിലവാരം, വികസന സാദ്ധ്യത, ഗതാഗത സൗകര്യം എന്നിവയെ അടിസ്ഥാനമാക്കി പ്രധാനമായും മൂന്നായി തിരിയ്ക്കാവുന്നതാണ്.

1. മൂന്നു മീറ്ററിൽ താഴെ വീതിയുള്ള മൺറോഡുകൾ
2. അഞ്ഞൂറ് മീറ്റർ വരെ ദൈർഘ്യമുള്ള റോഡുകൾ
3. 500 മീറ്റർ മുതൽ 5 കി.മി. വരെ ദൈർഘ്യമുള്ള റോഡുകൾ

– ഈ വിഭാഗത്തിൽപ്പെടുന്ന റോഡുകളെ പട്ടിക 7(a); 7(b); 7(c) എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. ഇവയിൽ പട്ടിക 7(a)യിൽ പറയുന്ന മുന്നുമീറ്ററിൽ കുറച്ച് വീതിയുള്ള 114 റോഡുകളുണ്ട്. ഇവയുടെ വികസനം 1971നു ശേഷം കാര്യമായി നടന്നിട്ടില്ലായെന്ന വസ്തുത പട്ടിക 3ൽ നിന്നും മനസ്സിലാക്കാം. ഈ റോഡുകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങൾ അധികവും സാമ്പത്തികമായി വളരെ പിന്നോ ക്കം നില്ക്കുന്ന ജനങ്ങൾ താമസിക്കുന്ന ഭാഗങ്ങളാണ്. ഇവയുടെ വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടുകൂടിയും മുനിസിപ്പാലിറ്റിയുടെ കുറഞ്ഞ ചിലവിലും എത്രയും പെട്ടെന്ന് ചെയ്തു തീർക്കാവുന്നതാണ്.

പട്ടിക 7 (b) യിൽ കൊടുത്തിരിക്കുന്ന 500 മീറ്ററിനു താഴെ നീളമുള്ള റോഡുകൾ 170 എണ്ണമാണ്. ഈ റോഡുകളിലധികവും പലവിധ പണികൾ നടന്നുവരുന്നതാണ്. ഇത് വേഗത്തിൽ തീർക്കാവുന്നതാണ്. അങ്ങനെ പൂർത്തീകരിച്ചാൽ ഗതാഗത സൗകര്യം വർദ്ധിപ്പിക്കാൻ കഴിയും.

പട്ടിക 7 (c)ൽ കൊടുത്തിരിക്കുന്ന 500 മീറ്റർ മുതൽ 5 കിലോമീറ്റർവരെ ദൈർഘ്യമുള്ള റോഡുകൾ 53 എണ്ണമാണ്. ഇവ പൂർത്തീകരിച്ച് മുനിസിപ്പൽ പ്രദേശത്തെ ഗതാഗത സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്.

പുനലൂർ നഗരാതിർത്തിയിലുള്ള പി.ഡബ്ള്യൂ.ഡി റോഡുകളുടെ വിവരം താഴെ കൊടുത്തിരിയ്ക്കുന്നു.

പട്ടിക എട്ട് കാണുക.

## റൗൺ വികസന പദ്ധതികൾ

ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത് പുനലൂർ പട്ടണത്തിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന റ്റി.ബി. ജംഗ്ഷൻ, ട്രാൻസ്പോർട്ട് ജംഗ്ഷൻ. ഹോസ്പിറ്റൽ ജംഗ്ഷൻ. പോസ്റ്റ് ആഫീസ് ജംഗ്ഷൻ, മാർക്കറ്റ് ജംഗ്ഷൻ, റെയിൽവേഗേറ്റ് ജംഗ്ഷൻ, സെന്റ് ഗൊരേറ്റി സ്കൂൾ ജംഗ് ഷൻ, ചെമ്മന്തൂർ ജംഗ്ഷൻ എന്നിവിടങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി ബസ്സ് യാത്രക്കാരുടെയും മറ്റു വാഹനങ്ങളുടെയും, കാൽനടക്കാരുടെയും ഇന്നനുഭവിയ്ക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കിയും ബസ്സ്സ്റ്റേഷൻ നിർമ്മാണം, ടാക്സി, ആട്ടോ, ജീപ്പ്, വാൻ, ലോറി സ്റ്റാന്റുകളുടെ പുനഃക്രമീകരണം ഓടകളുടെ പുനരുദ്ധാരണം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്തണം. അത്തരത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. വെട്ടിപ്പുഴ – ചെമ്മന്തൂർ എം.എൽ.എ. റോഡ് ചെമ്മന്തൂർ ജംഗ്ഷനിൽ നരിയ്ക്കൽ റോഡു ക്രോസ്സു ചെയ്ത് സ്റ്റേഡിയത്തിനു കിഴക്കു ഭാഗത്തുകൂടി ക്യു. എസ്സ്. റോഡിൽ പ്രൈവറ്റ് ബസ്സ് സ്റ്റാൻഡിനു സമീപം ബന്ധിപ്പിച്ച് അഞ്ചൽ ഭാഗത്തേയ്ക്കുള്ള ഗതാഗതം ആ വഴിയ്ക്ക് തിരിച്ചുവിടുക.
2. ചെമ്മന്തൂരിൽ നിന്നും നരിയ്ക്കല്ലിലേയ്ക്ക് തിരിയുന്ന റോഡിന്റെ വലതു ഭാഗത്തെ നിലം നികത്തി റോഡാ ക്കി പ്രൈവറ്റ് ബസ്സ് സ്റ്റേഷനുമായി ബന്ധിപ്പിയ്ക്കുക.
3. ശിവൻകോവിൽ ഗുരുമന്ദിരത്തിന് അടുത്തുനിന്നും മാർക്കറ്റ് വഴി മാർക്കറ്റുറോഡുമായി ബന്ധിപ്പിച്ച് ചൗക്ക റോഡുവഴി കൊല്ലം ഭാഗത്തേയ്ക്കുള്ള ഗതാഗതം തിരിച്ചുവിടുക. ഗുരുമന്ദിരം മുതൽ മാർക്കറ്റുവരെ ആവശ്യമായ വയൽ അക്വയർ ചെയ്ത് നികത്തി റോഡും മാർക്കറ്റും വികസിപ്പിയ്ക്കാം.
4. കെ.എസ്സ്.ആർ.റ്റി.സ്സി. ബസ്സ് സ്റ്റേഷൻ വെട്ടിപ്പുഴ വയലിൽ നിർദ്ദിഷ്ട സ്ഥാനത്ത് എത്രയും പെട്ടെന്ന് പണി

പൂർത്തിയാക്കുക. ഇപ്പോഴത്തെ ബസ്സ് സ്റ്റേഷന്റെ മുകളിലുള്ള രണ്ടു റോഡുകളും കൂട്ടിച്ചേർക്കുകയും അതി നു താഴെയായി മിൽമാബൂത്തിന്റെ ഭാഗം മുതൽ തൂക്കുപാലത്തിന്റെ ഭാഗം വരെ മേലേ റോഡിന് അഭിമുഖമായി ബഹുനിലകളോടുകൂടിയ ഷോപ്പിംഗ് കോപ്ളക്സ് പണിയുക.

5. റ്റി.ബി. ജംഗ്ഷൻ മുതൽ ചെമ്മന്തൂർ ജംഗ്ഷൻ വരെയുള്ള ടാക്സി, ആട്ടോ, ജീപ്പ്, വാൻ എന്നിവ സൗകര്യപ്രദമായി മാറ്റി സ്ഥാപിയ്ക്കണം.
6. പ്രൈവറ്റ് ബസ്സ്സ്റ്റാന്റിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിയ്ക്കുക.
7. വെട്ടിപ്പുഴപ്പാലം പണിതീരുന്ന മുറയ്ക്ക് കൃഷ്ണൻ കോവിലിനു സമീപം മുതൽ ഗിഫ്റ്റ്ഹൗസ് ഭാഗം വരെ റോഡ് നേരെയാക്കി ഗിഫ്റ്റ്ഹൗസ് ഭാഗത്ത് അനുയോജ്യമായ ട്രാഫിക്ഐലന്റ് നിർമ്മിയ്ക്കുക.
8. ലൂമിയർ സ്റ്റുഡിയോ ജംഗ്ഷൻ മുതൽ മാധവൻ തമ്പിയുടെ കടവരെയുള്ള ഇടുങ്ങിയ റോഡ് വീതി കൂട്ടുക.
9. ട്രാൻസ്പോർട്ടു ജംഗ്ഷൻ മുതൽ ചെമ്മന്തൂർ വരെ ഓടനിർമ്മിച്ച് സ്ളാബിട്ട് നടപ്പാത നിർമ്മിയ്ക്കുക.
10. പി.ഒ. ജംഗ്ഷനിൽ ട്രാഫിക് ഐലന്റ് സ്ഥാപിയ്ക്കുക.
11. റ്റി.ബി. ജംഗ്ഷനിലെ ബങ്കുകൾ ഒഴിപ്പിയ്ക്കുക. ട്രാഫിക് ഐലന്റ് സ്ഥാപിയ്ക്കുക.
12. റ്റി.ബി. ജംഗ്ഷനിലെ മുനിസിപ്പൽ റസ്റ്റ് ഹൗസിന്റെ പിറകിൽ ആറ്റുതീരം കൽപ്പടവുകെട്ടി വൃത്തിയാക്കി കുളിക്കടവും മനോഹരമായ ഒരു പാർക്കും മോട്ടലും സ്ഥാപിയ്ക്കുക.
13. പുനലൂർ തൂക്കുപാലത്തിന്റെ പുനരുദ്ധാരണം പൂർത്തീകരിച്ച് ഒരു ഹാങ്ങിംഗ് ഗാർഡൻ ആക്കിമാറ്റുക.
14. ഇപ്പോഴുള്ള ചിൽഡ്രൻസ് പാർക്ക് ആറ്റുതീരം കെട്ടി ഉയർത്തി കൗതുകമുണർത്തത്തക്കനിലയിലാക്കുക.
15. കൊട്ടാരം കുളിക്കടവ്, മുഹൂർത്തിക്കാവ്, കുളിക്കടവ് എന്നിവിടങ്ങളിൽ കൽപ്പടവുകൾ കെട്ടി വൃത്തിയാക്കുക.
16. പുനലൂർ മാർക്കറ്റ് വികസിപ്പിയ്ക്കുക.
17. റെയിൽവേ ക്രോസ്സ് ഭാഗത്ത് ഓവർബ്രിഡ്ജ് പണിയുക.
18. റ്റി.ബി.യുടെ ചുറ്റുമതിൽ പൊളിച്ച് ഉപയോഗ ശൂന്യമായികിടക്കുന്ന ഭാഗങ്ങൾ പ്രയോജനപ്പെടുത്തി റൗണ്ടായി ബഹുനിലകെട്ടിടം പണിയുകയും അടിയിലെ നില ഷോപ്പിംഗ് കോപ്ലക്സായും മറ്റു നിലകൾ ആഫീസ്സുകൾ, ലോഡിജിംഗ് എന്നിവയ്ക്കായും ഉപയോഗിയ്ക്കാം. റ്റി.ബി. ജംഗ്ഷനിലുള്ള ലൈസൻസ് ബങ്കുകളെ ഒഴിപ്പിച്ച് ഈ കെട്ടിടത്തിൽ ആക്കാം.

## ഗതാഗത തിരക്ക്

പുനലൂർ പട്ടണത്തിലെ ഗതാഗത തിരക്ക് അടിയ്ക്കടി വർദ്ധിച്ചുവരുകയാണ്. ആയതിനനുസൃതമായുള്ള സാഹചര്യങ്ങൾ നിലവിലില്ലാത്തതിനാൽ ഗതാഗത മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ അനവധിയാണ്. പുനലൂർ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ്സിൽ 1996 നവംബർ മാസംവരെ നടന്നിട്ടുള്ള രജിസ്ട്രേഷൻ സംബന്ധിച്ചുള്ള വിവരം താഴെ കാണിച്ചിരിയ്ക്കുന്നു.

| വാഹനങ്ങൾ | എണ്ണം |
|---|---|
| കാറുകൾ (സ്വകാര്യ,ടാക്സി, ടൂറിസ്റ്റ്) | 2051 |
| ആട്ടോറിക്ഷകൾ | 1180 |
| ജീപ്പ്, ടെമ്പോ, ട്രക്കർ തുടങ്ങിയവ) | 1619 |
| ലോറികളും മിനി ലോറികളും | 680 |
| ബസ്സുകൾ | 30 |
| ടൂ വീലറുകൾ | 4.550 |
| ആകെ | 10110 |

ഇവകൂടാതെ കെ. എസ്സ്. ആർ. റ്റി. സി., പോലീസ്സ്, ഫയർഫോഴ്സ്, എക്സൈസ്, ഫോറസ്റ്റ്, ആർ.പി. എസ്സ്. എഫ്.സി.കെ. തുടങ്ങി ചെറുതും വലുതുമായ നിരവധി സർക്കാർ സ്ഥാപനങ്ങളും പുനലൂരിലൂടെ സർവ്വീസ് നടത്തി വരുന്നു. ഒക്ടോബർ ആരംഭം മുതൽ ജനുവരി അവസാനം വരെ ശബരിമലയിലേയ്ക്ക് പുനലൂർ വഴി അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചേരുന്ന വാഹനങ്ങളുടെ എണ്ണം തിട്ടപ്പെടുത്തുവാൻ പറ്റാത്ത നിലയിൽ വർദ്ധിച്ചിട്ടുണ്ട്.

പുനലൂർ പട്ടണത്തിലൂടെ ദിനംപ്രതി കടന്നുപോകുന്ന വാഹനങ്ങളെ സംബന്ധിച്ചുനടത്തിയ സർവ്വേയുടെ വിവരം അടിയിൽ പട്ടികയിൽ ചേർത്തിരിയ്ക്കുന്നു.

| | |
|---|---|
| ക്യൂ.എസ്സ്. റോഡ് | 5875 |
| പി.എം. റോഡ് | 4966 |
| പുനലൂർ – അഞ്ചൽ – റോഡ് | 4216 |
| ആകെ | 15057 |

ദിനംപ്രതിയുള്ള റോഡ് ട്രാൻസ്പോർട്ട് സർവ്വീസുകളുടെ എണ്ണം സംബന്ധിച്ചുള്ള വിവരം

| | |
|---|---|
| കെ.എസ്സ്. ആർ.റ്റി.സി. | 1340 |
| പ്രൈവറ്റ് ബസ്സ് | 880 |
| ആകെ | 2220 |

ഇത്തരത്തിൽ വാഹനങ്ങളുടെ പെരുപ്പം മൂലവും റോഡുകളുടെ പെരുപ്പം മൂലവും റോഡുകളുടെ നിലവാര തകർച്ചമൂലവും പുനലൂർ പട്ടണത്തിൽ 8–ാം പദ്ധതി കാലയളവിൽ ഉണ്ടായ അപകടങ്ങളുടെ വിവരം

| | |
|---|---|
| അപകടങ്ങൾ | 605 |
| മൃതിയടഞ്ഞവർ | 52 |
| പരിക്കേറ്റവർ | 1679 |

പുനലൂർ പട്ടണത്തിൽ നിന്നും വിവിധ പ്രദേശങ്ങളിലേയ്ക്ക് ബസ്സ് സർവ്വീസ്സുകളുള്ള റോഡുകളുടെ വിവരം

1. ക്യൂ.എസ്സ്. റോഡ്
2. പി.എം. റോഡ്
3. പുനലൂർ – കുളത്തൂപ്പുഴ റോഡ്
4. പുനലൂർ – കോക്കാട് റോഡ്
5. പുനലൂർ – ചാലിയേക്കര റോഡ്
6. പുനലൂർ – നരിയ്ക്കൽ റോഡ്
7. പുനലൂർ – കേളൻകാവ് റോഡ്
8. പുനലൂർ – ചെങ്കുളം റോഡ്
9. പുനലൂർ – വട്ടപ്പട റോഡ്
10. പുനലൂർ – ആലിയാട്ടു കുന്ന്.
11. പുനലൂർ – കാര്യറ റോഡ്

*ഠൗണിൽ ഗതാഗതം നിയന്ത്രിയ്ക്കുന്നതിനുള്ള സാധ്യതകൾ*

1. റ്റി.ബി. ജംഗ്ഷനിലുള്ള ബങ്കു നീക്കം ചെയ്യുക
2. കെ.എസ്സ്.ആർ.റ്റി.സ്സി. ജംഗ്ഷനിലുള്ള ബങ്കുകൾ ശിവൻകോവിൽ റോഡിന്റെ സൈഡിൽ മുനിസിപ്പൽ വക സ്ഥലത്ത് മാറ്റി സ്ഥാപിയ്ക്കാവുന്നതാണ്.
3. ഹോസ്പിറ്റൽ റോഡിലുള്ള ബങ്കുകൾ ഹോസ്പിറ്റൽ കംഫർട്ടുസ്റ്റേഷൻ ഭാഗത്തെ മതിൽ പൊളിച്ച് അകത്തേക്ക് മാറ്റി സ്ഥാപിയ്ക്കുക.
4. ചൗക്ക – മാർക്കറ്റു ഭാഗത്തെ ബങ്കുകൾ മാർക്കറ്റു വികസനത്തിനുവേണ്ടിയുള്ള ലിങ്ക് റോഡിന്റെ വശങ്ങളിലായി മാറ്റി സ്ഥാപിയ്ക്കാവുന്നതാണ്.
5. ചെമ്മന്തൂർ ഭാഗത്തുള്ള ബങ്കുകൾ സൗകര്യപ്രദമായി മാറ്റി സ്ഥാപിയ്ക്കണം.
6. ആട്ടോ, ടാക്സി, ജീപ്പ്, വാൻ, ലോറി എന്നിവ പാർക്കു ചെയ്യുന്ന സ്ഥലത്തെ സംബന്ധിച്ച് പുനഃക്രമീകരണം ചെയ്യുക.

**പൊതുനിർദ്ദേശം**

**1. റോഡു സംരക്ഷണ സമിതി**

a. എല്ലാ വാർഡുകളിലും റോഡ് സംരക്ഷണ സമിതികൾ രൂപീകരിക്കുക. റോഡിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം ജനപങ്കാളിത്തത്തോടുകൂടി പൂർത്തീകരിയ്ക്കുക.

b. നിർമ്മാണ പ്രവർത്തനങ്ങളുടെ വിവിധ വശങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും കരാർ ജോലികളിൽ നിലനില്ക്കുന്ന അഴിമതി നിർമ്മാർജ്ജനം ചെയ്ത് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുക.

**2. റോഡു സർഫസ്സിംഗ്**

a. റോഡുകളുടെ സർഫസ്സിംഗ് ജോലികൾ ഓട നിർമ്മാണം, അത്യാവശ്യകലങ്കുകൾ, സംരക്ഷണ ഭിത്തികൾ എന്നിവ ചെയ്തതിനുശേഷം നടത്തുക.

b. സർഫസിംഗ് ജോലികൾക്കു മുമ്പായി റോഡുകളിലെ മണ്ണിന്റെ ഘടന, റോഡിൽകൂടി ദീർഘ കാലയളവിൽ (25 വർഷം) പോകാൻ സാധ്യതയുള്ള ഗതാഗത വർദ്ധനവിന്റെ വ്യാപ്തി എന്നിവ അടിസ്ഥാനമാക്കി സർഫസ്സിന്റെ ഘനം നിശ്ചയിക്കുക.

c. സർഫസ്സിംഗിന് മുൻപായ മൺവേലയോടൊപ്പം വളവുകൾ, വളവിന്റെ എലിവേഷൻ, കേംബർ, ലോക്കൽ ബംബുകൾ എന്നിവ ക്രമീകരിച്ച് റോളിംഗ് നടത്തുക.

d. റോഡു സർഫസിന്റെ വശങ്ങൾ ഇടിയാതിരിക്കാൻ എഡ്ജ് സ്റ്റോൺ സ്ഥാപിക്കുക.

e. റോഡുകളുടെ ടാറിംഗ്, റീ ടാറിംഗ് എന്നിവ ചെയ്യുന്നതിനുമുൻപ് പി.ഡബ്ള്യൂ.ഡി, മുനിസിപ്പാലിറ്റി, വാട്ടർ അതോറിട്ടി, ടെലഫോൺസ് എന്നിവ പരസ്പരം ആലോചിച്ച് അടുത്ത ടാറിംഗിന് മുമ്പായി ആവശ്യമുള്ളവ ദീർഘവീക്ഷണത്തോടെ സ്ഥാപിച്ചശേഷം ടാർ ചെയ്യേണ്ടതാണ്.

3. റോഡിൽ എന്തു പണി നടത്തുന്നതിനും മുനിസിപ്പിൽ ആഫീസിന്റെ അറിവും സമ്മതവും വാങ്ങിയിരിക്കണം. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഓടകൾ അടയ്ക്കുന്നത് കർശനമായി തടയണം. റോഡിൽ കെട്ടിട സാമഗ്രികളും മറ്റും കൂടുതൽ സമയം ഇടാൻ അനുവദിക്കരുത്.

4. **തണൽമരങ്ങൾ**

റോഡു ജംഗ്ഷനുകൾ, വീതി കൂടുതൽ ഉള്ള ഭാഗങ്ങൾ എന്നിവിടങ്ങളിൽ തണൽമരം വച്ചുപിടിപ്പിച്ച് റോഡുകളെ മോടിപിടിപ്പിക്കാവുന്നതാണ്. അതുവഴി പരിസ്ഥിതി സംരക്ഷിക്കാനുംകാൽനടയാത്രക്കാർക്ക് വേനലിന്റെ കാഠിന്യത്തിൽനിന്നും പരിരക്ഷ നൽകാവുന്നതുമാണ്. നഗരഭംഗി വർദ്ധിപ്പിക്കുവാൻ പര്യാപ്തമായ ഈ നടപടി സന്നദ്ധതയുള്ളവരിൽ നിന്നും സ്പോൺസറിംഗ് വഴി നടപ്പിലാക്കാവുന്നതാണ്.

5. **വേയ്സ്റ്റു ബിൻ**

നഗരത്തിനുള്ളിൽ ചപ്പുചവറുകൾ കുന്നുകൂടി ഉണ്ടാകുന്ന മലിനീകരണം ഒഴിവാക്കുവാൻ അങ്ങിങ്ങായി വേയ്സ്റ്റുബിൻ കുറെകൂടി സ്ഥാപിക്കണം.

6. **സാനിട്ടറി സൗകര്യം**

നഗരത്തിലെ പ്രധാന ജംഗഷനുകളിൽ സാനിട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും അവ വൃത്തിയായി സൂക്ഷിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടി അവയുടെ നടത്തിപ്പ് ലേലം ചെയ്തു കൊടുക്കാവുന്നതു മാണ്. വളരെ തുച്ഛമായ ചാർജ്ജ് ഈടാക്കുവാൻ പാടുള്ളു.

7. ടൗണിനുള്ളിൽ വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ ഒഴിവാക്കാൻ സ്പീഡ് ബ്രേക്കർ സ്ഥാപിക്കുകയും റോഡിന്റെ സെന്റർ ലൈൻമാർക്കു ചെയ്യുകയുംവേണം.

8. റോഡ് ബൗണ്ടറി സ്റ്റോൺ സ്ഥാപിച്ച് അനധികൃത റോഡ് കയ്യേറ്റക്കാരെ ഉടനടി റോഡ് ഒഴിപ്പിക്കുക

9. റോഡുകൾക്ക് നമ്പരുകൾ ഇടുക.

10. കിലോമീറ്റർ സ്റ്റോൺ, സബ്ബ് കിലോമീറ്റർ സ്റ്റോൺ എന്നിവ സ്ഥാപിക്കുക.

11. ആവശ്യാനുസരണം സൈൻ ബോർഡുകൾ സ്ഥാപിക്കുക.

12. ഓടകളുടെയും കലുങ്കുകളുടെയും പ്രവർത്തനക്ഷമത ഉറപ്പുവരുത്തുക.

13. കലങ്കുകൾ, പാലങ്ങൾ എന്നിവയ്ക്ക് ഇൻസ്പെക്ഷൻ രജിസ്ട്രറുകൾ സൂക്ഷിക്കുക.

14. **പാസ്സിംഗ് പ്ലേയ്സുകൾ സ്ഥാപിക്കുക**

മുനിസിപ്പാലിറ്റികളുടെ അധീനതയിലുള്ള റോഡുകൾ അധികവും വീതികുറഞ്ഞതാണ്. ഈ റോഡുകളിൽ വാഹനങ്ങൾക്ക് സൈഡു കൊടുക്കുവാൻ സൗകര്യങ്ങളില്ല. അത്തരം റോഡുകളിൽ ഒരു കിലോമീറ്ററിന് മൂന്നു സ്ഥലത്തെങ്കിലും പാസ്സിംഗ് പ്ലെയ്സുകൾ സ്ഥാപിക്കണം. ഇത് ഹിൽ സൈഡിൽ സ്ഥാപിച്ചാൽ ചിലവുകുറച്ചു നിർമ്മിക്കുവാൻ കഴിയും.

15. കലയനാട് ജംഗ്ഷനെ വെള്ളപ്പൊക്കത്തിൽനിന്നും രക്ഷിക്കാൻ റോഡ് ഉയർത്തി റോഡിന്റെ ഇരുവശങ്ങളിലും ആഴത്തിൽ ഓട നിർമ്മിച്ച് കോൺക്രീറ്റു ചെയ്ത് തോടുമായി ബന്ധിപ്പിക്കുക.

16. റോഡിൽ വെള്ളം കയറാൻ സാധ്യതയുള്ള ഭാഗങ്ങളിലും പാലങ്ങളുടെ ഭാഗങ്ങളിലും ഫ്ളഡ്ഗേജ് സ്ഥാപിക്കുക.

## റെയിൽവേ

കേരളത്തിലെ ആദ്യകാല റെയിൽവേ ലൈനുകളിൽ പ്രധാനപ്പെട്ട ഒന്നാണ് കൊല്ലം-ചെങ്കോട്ട മീറ്റർഗേജ്. 1904-ൽ പ്രവർത്തനമാരംഭിച്ച ഈ ലൈൻ വഴി ആയിരുന്നു മുൻ കാലങ്ങളിൽ കേരളവും തമിഴ്നാടുമായുള്ള ചരക്കുഗതാഗതം നടത്തിയിരുന്നത്. സിമന്റ്, പലവ്യഞ്ജനങ്ങൾ, കശുവണ്ടി, ഭക്ഷ്യധാന്യങ്ങൾ എന്നിവയെല്ലാം നമ്മു[illegible]ട്ടയിൽ എത്തിക്കുവാൻ ഈ ലൈൻ വഴി കഴിഞ്ഞിരു[illegible]. എന്നാൽ കൊല്ലം വഴിയുള്ള ബ്രോഡ്ഗേജ് ലൈനിന്റെ ആവിർഭാവത്തോടെ ഈ റെയിൽവേ ലൈനിന്റെ പ്രസക്തി നഷ്ടപ്പെടുകയുണ്ടായി. ഇപ്പോൾ ഈ ലൈനിലൂടെയുള്ള ഗതാഗതം വളരെ കുറവാണ്. ഇത്

പുനലൂരിന്റെ വ്യാവസായിക, വാണിജ്യ മേഖലകളിൽ വലിയ തകർച്ചക്ക് കാരണമായി. പുനലൂർ പേപ്പർമിൽ, പ്ളൈവുഡ് എന്നീ വ്യവസായശാല കളുടെ തകർച്ചയും ഈ ലൈനിന്റെ വളർച്ചയെ പിറകോട്ട ടിച്ചു. മീറ്റർഗേജാ യതു കാരണം ചരക്കു ഗതാഗതത്തിലും പാസഞ്ചർ ഗതാഗതത്തിലും ഈ ലൈൻ പിന്നിലായി.

കൊല്ലം–ചെങ്കോട്ട മിറ്റർഗേജ് ലൈൻ അരംപുന്ന മുതൽ മേലേ കൂത്തനാടി വരെ ഏതാണ്ട് 10 കി.മീറ്ററോളം ദൂരത്തിൽ നമ്മുടെ മുനിസിപ്പൽ പ്രദേശത്തുകൂടി കടന്നു പോകുന്നു. 1905–ൽ പണി പൂർത്തിയായ പുനലൂർ റെയിൽവേ സ്റ്റേഷനിൽ അല്പസ്വല്പം പുനരുദ്ധാരണ പണികൾ ചെയ്തല്ലാതെ വിപുലമാക്കാൻ ശ്രമിച്ചിട്ടില്ല. 9–ാം പദ്ധതിയിൽ കൊല്ലം–ചെങ്കോട്ട മീറ്റർഗേജ് പാത ബ്രോഡ്ഗേജ് ആക്കി മാറ്റിയെങ്കിൽ മാത്രമേ പുനലൂരിന് റെയിൽവേ വഴിയുള്ള പഴയ പ്രതാപം വീണ്ടെടുക്കാൻ കഴിയുകയുള്ളു. അതിനാൽ ഈ മീറ്റർഗേജ് ലൈൻ എത്രയും പെട്ടെന്ന് ബ്രോഡ്ഗേജ് ആക്കി ഉയർത്തുന്നതിനും പുനലൂർ റെയിൽ വേസ്റ്റേഷന്റെ പുനരുദ്ധാരണ നടപടികൾ ആധുനിക വൽക്ക രിക്കുന്നതിനും മുനിസിപ്പൽ പ്രദേശത്തെ മറ്റൊരു വാണിജ്യ മേഖലയായ കലയനാട് ഒരു റെയിൽവേ ഹാൾട്ട് അനുവദിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ 9–ാം പദ്ധതി കാലത്ത് ഉണ്ടാകണം.

പുനലൂർവഴി കടന്നുപോകുന്ന പാസഞ്ചർ ട്രെയിനുകൾ

| | |
|---|---|
| കൊല്ലം – തിരുനൽവേലി | തിരുനൽവേലി – കൊല്ലം |
| കൊല്ലം – മധുര | മധുര – കൊല്ലം |
| കൊല്ലം – മദ്രാസ് | മദ്രാസ് – കൊല്ലം |
| കൊല്ലം – ഡിണ്ടുക്കൽ | ഡിണ്ടുക്കൽ – കൊല്ലം |

കൂടാതെ സ്പെഷ്യൽ തീവണ്ടികളും.

ചരക്കു ഗതാഗതത്തിനായുള്ളവ

| | |
|---|---|
| കൊല്ലം – മദ്രാസ് | മദ്രാസ് – കൊല്ലം |
| കൊല്ലം – മധുര | മധുര – കൊല്ലം |
| കൊല്ലം – തിരുനൽവേലി | തിരുനൽവേലി – കൊല്ലം |

ഇത്തരം വണ്ടികൾ ചരക്കിന്റെ ഏറ്റക്കുറച്ചിൽ അനുസരിച്ച് കൂടിയും കുറഞ്ഞും ഗതാഗതം നടത്തുന്നു. കേരളത്തിൽ കൂടി ഓടുന്ന എല്ലാ ട്രെയിനുകൾക്കും പുനലൂരിൽ റിസർവേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

**ജലഗതാഗതം**

ജലഗതാഗത കാര്യത്തിൽ പുനലൂർ പട്ടണം ഇന്നും ഒരു വട്ടപൂജ്യമാണ്. പുനലൂർ മുനിസിപ്പാലിറ്റിയുടെ മധ്യഭാഗത്തുകൂടി ഏതാണ്ട് 10 കി.മീറ്റർ ദൂരത്തിൽ കല്ലട ആറ് കടന്നു പോകുന്നു. എന്നാൽ ഈ ആറിന്റെ പ്രയോജനം നമ്മുടെ ജലസേചനത്തിനോ, ജലഗതാഗതത്തിനോ, ടൂറിസത്തിനോ നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ല. പുനലൂർ മുതൽ ചെങ്കുളം വരെ ജലഗതാഗതത്തിന് വളരെ അധികം സാധ്യതയുണ്ട്. വേണ്ടത്ര റോഡുഗതാഗത സൗകര്യമില്ലാത്ത ആറിന്റെ ഇരുകരകളിലും താമസിക്കുന്ന വളരെയധികം ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാവുന്നതാണ്.

ടൂറിസം വികസനത്തെ ലക്ഷ്യമാക്കി നാടൻ വള്ളങ്ങൾ, ഹൗസ് ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ എന്നിവ ഉൾപ്പെടുത്തി വേണം ജലഗതാഗതം വികസിപ്പിക്കുവാൻ. പ്രകൃതിരമണീയത നിറഞ്ഞുതുളുമ്പുന്ന കല്ലട ആറിന്റെ കുളിർമയും വട്ടപ്പട ഓവ്, കന്യാർകയം, പോത്തുപാറക്കയം, ചെങ്കുളം തുരുത്ത്, വള്ളിമാന്തൂർ വെള്ളച്ചാട്ടം എന്നിവ യും പട്ടാണി കയത്തിന്റെ മണൽതിട്ടയും ശ്സ്ത്രീയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് വികസിപ്പിച്ചാൽ ടൂറിസം വികസനത്തിൽ പുനലൂർ നഗരസഭക്ക് വലിയ സംഭാവന ചെയ്യുവാൻ കഴിയും.

**പദ്ധതികൾ**

**തടയണ**

1. നിലവിലുള്ള പേപ്പർമിൽ തടയണ ബലപ്പെടുത്തി രണ്ടു മീറ്റർ ഉയർത്തി ജലനിരപ്പ് ഉയർത്തുക. അതുവഴി മുക്കടവുഭാഗത്ത് ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക നിലയിലുള്ള വിശ്രമസങ്കേതവും മോട്ടലും സ്ഥാപിക്കാവുന്നതാണ്. പുനലൂർ ശിവക്ഷേത്രം, നെല്ലിപ്പള്ളി ശിവക്ഷേത്രം, കൃഷ്ണൻകോവിൽ, മുഹൂർത്തിക്കാവ് തുടങ്ങിയ അമ്പലങ്ങളിലേക്ക് ഭക്തജനങ്ങൾക്ക് ജലഗതാഗത മാർഗ്ഗം സൗകര്യപ്പെടുത്താം.
2. പുനലൂർ തൂക്കുപാലം, കോൺക്രീറ്റുപാലം, റെയിൽവേ പാലം എന്നിവക്ക് സംരക്ഷണം ലഭിക്കാൻ ഇത് ഉപകരിക്കും.
3. പുനലൂർ മിനിസിപ്പാലിറ്റി, കുണ്ടറ ജലസേചന പദ്ധതി എന്നിവയുടെ പമ്പിംഗ് സ്റ്റേഷനുകൾക്ക് വരൾച്ചക്കാലത്ത് ഉണ്ടാകാറുള്ള ജലദൗർലഭ്യം പരിഹരിക്കാവുന്നതാണ്.
4. പുനലൂർ മുനിസിപ്പൽ റെസ്റ്റ് ഹൗസിനോടു ചേർന്ന് ഋഷികേശ്, ഹരിദ്വാർ മാതൃകയിൽ ടൂറിസ്റ്റുകൾക്കായി കുളിക്കടവ് നിർമ്മിക്കാം.
5. തൂക്കുപാലത്തെ ഹാങ്ങിംഗ് ഗാർഡനാക്കി മാറ്റാം.
6. ജലക്ഷാമം പരിഹരിക്കാം.

7. വള്ളിമാന്നൂർ വെള്ളച്ചാട്ടം ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക നിലയിൽ കുറ്റാലം മോഡലിൽ നിർമ്മിക്കാം.

8. കലയനാട്ടുള്ള ഇരപ്പിൻകുഴി വെള്ളച്ചാട്ടം ടൂറിസ്റ്റുകളെ ആകർഷിക്കത്തക്ക നിലയിൽ പൂന്തോട്ടം നിർമ്മിക്കുക.

9. ആറ്റുതീര സംരക്ഷണം.

10. വള്ളിമാന്നൂർ വെള്ളച്ചാട്ടത്തിൽ മിനിജല വൈദ്യുത പദ്ധതിക്കു സാദ്ധ്യത.

11. ചുണ്ടോട് ചെങ്കുളം പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഔഷധ സസ്യകൃഷിക്ക് ജല ലഭ്യത.

12. **മുനിസിപ്പാലിറ്റിക്ക് അധിക വരുമാന മാർഗ്ഗം**
ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ സഹായത്തോടെ ഈ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ജന സാന്ദ്രത തീരെയില്ലാത്തതും ആർ.പി.എൽ.ന്റെ റബ്ബർ തോട്ടങ്ങളാലും വനാന്തരഭാഗങ്ങളാലും ചുറ്റപ്പെട്ടു കിടക്കുന്നതും ഒൻപതാം പദ്ധതിയിൽ ഔഷധസസ്യ കൃഷിക്കായി ശുപാർശ ചെയ്തിരിക്കുന്നുതമായ ഭാഗങ്ങളോടു ചേർന്ന് ഒരു പക്ഷി സങ്കേതം സ്ഥാപിക്കാവുന്നതാണ്. ഇതിനോടനുബന്ധിച്ച് ഒരു പക്ഷി നിരീക്ഷണ കേന്ദ്രവും സ്ഥാപിക്കണം. വിശേഷപ്പെട്ട ഇനം പക്ഷികളെ ഇവിടെ വളർത്താവുന്നതാണ്. ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഈ പക്ഷി സങ്കേതവും വിവിധ കയങ്ങളും വള്ളിമാന്നൂർ വെള്ളച്ചാട്ടവും കാനനഭംഗി കലർന്ന കല്ലടയാറിന്റെ തീരഭാഗങ്ങളും ഏറെ പര്യാപ്തമാണ്. സിനിമാ നിർമ്മാണത്തിനും ഇതുവഴി സാദ്ധ്യത ഏറെയാണ്.

## മാർക്കറ്റ്

ഒരു പട്ടണത്തിന്റെ സാമ്പത്തിക വളർച്ചക്ക് അത്യന്താപേക്ഷിത ഘടകമാണ് മെച്ചപ്പെട്ട മാർക്കറ്റിംഗ് സംവിധാനം. കാർഷിക പ്രാധാന്യമുള്ള പുനലൂർ പട്ടണത്തിന് മാർക്കറ്റിംഗ് രംഗത്ത് ബ്രിട്ടീഷ് ഭരണകാലം മുതലെ ഉന്നത സ്ഥാനം കൈവരിക്കാനായിട്ടുണ്ട്. നമ്മുടെ കമ്പോളത്തിൽ നിന്നും നാടിന്റെ നാനാഭാഗങ്ങളിലേക്കും ഇതര സംസ്ഥാനങ്ങളിലേക്കും ധാരാളം സാധനങ്ങൾ കയറ്റി അയക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വാണിജ്യ രംഗത്ത് പുനലൂർ കമ്പോളത്തിന് ഏറെ പ്രശസ്തിയുണ്ടായി. വേണ്ടത്ര സൗകര്യമില്ലായ്മമൂലം നമ്മുടെ മാർക്കറ്റിന്റെ അഭിവൃദ്ധി മുരടിച്ചു നിൽക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ഈ സ്ഥിതിക്ക് മാറ്റമുണ്ടായെങ്കിൽ മാത്രമേ മാർക്കറ്റിംഗ് രംഗത്ത് നമ്മുക്ക് മുന്നേറാനാകൂ. അതിനാൽ പുനലൂർ മാർക്കറ്റിലെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതും പുനലൂർ നഗര സഭയുടെ അധീനതയിലുള്ള കലയനാട്, മണിയാർ മാർക്കറ്റുകളുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതുമാണ്.

1. പുനലൂർ ശ്രീരാമവർമ്മപുരം മാർക്കറ്റിലെ പ്രധാന പ്രശ്നം സ്ഥലസൗകര്യമില്ലായ്മയും ഉള്ള സ്ഥലത്തിന്റെ ക്രമീകര..ണത്തിൽ ഉണ്ടായ തകരാറുമാണ്. അതിനാൽ മാർക്കറ്റിന്റേതായി നഗരസഭയുടെ കൈവശമുള്ളഭൂമി പരമാവധി പ്രയോജനപ്പെടുത്തി ഇപ്പോഴുള്ള ക്രമീകരണത്തിൽ മാറ്റം ഉണ്ടാക്കേണ്ടതുണ്ട്. വേണ്ടിവന്നാൽ മാർക്കറ്റിനോടു ചേർന്ന് സൗകര്യപ്രദമായി ഭൂമി ഏറ്റെടുക്കേണ്ടിയും വരും.

   മാർക്കറ്റിനുള്ളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന ഐസ് പ്ളാന്റ് അവിടെനിന്നും മാറ്റി സ്ഥാപിക്കണം. മാർക്കറ്റിന്റെ വികസനത്തിനായി ഒഴിപ്പിക്കുന്നവരെ പുനരധിവസിപ്പിക്കുവാൻ സൗകര്യം ഉണ്ടാക്കണം.

2. മത്സ്യ-മാംസ മാർക്കറ്റുകൾ നവീകരിക്കുകയും അവ കേടുകൂടാതെയും പരിസ്ഥിതിപ്രശ്നത്തിന് കാരണമാകാതെയും വിപണനം ചെയ്യത്തക്കനിലയിൽ വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കണം.

3. സ്ലാട്ടർ ഹൗസ് ഇപ്പോഴുള്ള സ്ഥാനത്തുനിന്നും മാറ്റി ആധുനിക സൗകര്യങ്ങളോടെ പണിയണം.

4. ഹെൽത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയും ഹെൽത്തുവിഭാഗവും ചേർന്ന് അടിയ്ക്കടി പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകണം.

5. കമ്പോളത്തിനുള്ളിൽ മെച്ചമായ സാനിട്ടറി സൗകര്യങ്ങൾ ലഭ്യമാക്കണം.

6. മാർക്കറ്റിനുള്ളിലെ ജലവിതരണം കാര്യക്ഷമമാക്കണം.

7. മാർക്കറ്റിനുള്ളിൽ നിരത്തിലിരുന്ന് ചെറുകച്ചവടം നടത്തുന്ന ആൾക്കാരെ പുതിയ ഷെഡ്ഡ് പണിത് അതിൽ ഇരുന്ന് കച്ചവടം ചെയ്യുവാൻ നടപടി കൈക്കൊള്ളണം.

8. മാർ..റ്റിലെ മുഴുവൻ ഭാഗങ്ങളും കോൺക്രീറ്റ് ചെ.. മാർക്കറ്റിനുള്ളിൽ വെള്ളം കെട്ടികിടക്കുന്ന അവ..ഥ ഇല്ലാതാക്കണം.

9. മാർക്കറ്റിനുള്ളിലെ ചപ്പുചവറുകൾ നീക്കംചെയ്യുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകണം.

10. മാർക്കറ്റിനുള്ളിലെ ക്രമസമാധാന പാലനത്തി നായി ഒരു പോലീസ് ഔട്ട്പോസ്റ്റ് സ്ഥാപിക്കണം.

11. അരി. ചെറുനാരങ്ങ, നാളികേരം, പർപ്പടം, ചെറിയ തോതിലുള്ള പച്ചക്കറി, പലവ്യഞ്ജനങ്ങൾ എന്നിവ പൊതുനിരത്തിൽ ഇരുന്ന് കച്ചവടം ചെയ്യുന്നത് അവസാനിപ്പിക്കുകയും അത്തരം കച്ചവടങ്ങൾ നട ത്തുന്നതിനായി പ്രത്യേക സ്റ്റാളുകൾ മാർക്കറ്റിനു ള്ളിൽ നിർമ്മിച്ചു കൊടുക്കുകയും വേണം.

12. പൊതു നിരത്തുകളിൽ വച്ചുള്ള പഴവർഗ്ഗങ്ങളുടെ വിപണനം കർശനമായി നിരോധിക്കുകയും അവ യ്ക്കാവശ്യമായ സ്റ്റാളുകൾ പണിത് അങ്ങോട്ടേക്ക് മാറ്റുകയും വേണം.

13. മാർക്കറ്റ് കേന്ദ്രീകരിച്ച് ഒരു മത്സ്യവിപണന സംസ്ക്കരണ സഹകരണസംഘം സ്ഥാപിക്കണം.

വളരെയധികം സ്ഥലസൗകര്യത്തോടെ പ്രവർ ത്തന മാരംഭിച്ച കലയനാട് മാർക്കറ്റ് ഇപ്പോഴും ശരിക്ക് പ്രവർ ത്തനക്ഷമമായിട്ടില്ല. ആയതിന്റെ പ്രധാന കാര ണം കച്ചവടം ചെയ്യുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങ ളുടെ അപര്യാപ്തതയാണ്. കന്നു-കാലി ചന്ത അനുവദിച്ചു എങ്കിലും ആയതിന്റെ നടത്തിപ്പിനും അഭിവൃദ്ധിക്കും ആവശ്യമായ തുടർ നടപടികൾ കൈ ക്കൊള്ളാത്തതുകൊണ്ട് അതും പ്രവർത്തനരഹിത മാണ്. ഈ പോരായ്മകൾ പരിഹരിച്ചാൽ കലയനാട് മാർക്കറ്റിന് വലിയ വികസന സാദ്ധ്യ യുണ്ട്. ഈ മാർക്ക റ്റിന്റെ വികസനത്തിനായി കൈക്കൊള്ളേണ്ട പ്രധാന നട പടികൾ.

1. മാർക്കറ്റു വക സ്ഥലം പൂർണ്ണമായും മണ്ണിട്ട് ഉയർ ത്തി വശങ്ങളിലൂടെ പോകുന്ന തോടിന്റെ വരമ്പ് കെട്ടി ബലപ്പെടുത്തണം.
2. മാർക്കറ്റിനുള്ളിൽ വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കണം.
3. മാർക്കറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാളു കൾ നിർമ്മിക്കണം.
4. ആധുനിക രീതിയിലുള്ള സ്ലാട്ടർഹൗസ് പണിയണം.
5. സാനിട്ടറി സൗകര്യം ഏർപ്പെടുത്തണം.
6. കന്നുകാലി ചന്തയുടെ പ്രവർത്തനത്തെ സംബ ന്ധിച്ച് വേണ്ടത്ര പരസ്യം നൽകണം.
7. തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന കന്നു-കാലി കളെ പൊതുനിരത്തിൽ കെട്ടുന്നത് നിയമംമൂലം തടയണം.
8. മൃഗസംരക്ഷണത്തിനായി മാർക്കറ്റിനോട് ചേർന്ന് ഒരു വെറ്റിനറി പോളി ക്ലിനിക്ക് ആരംഭിക്കണം.
9. പൊതുനിരത്തിൽ മത്സ്യവിപണനം കർശനമായി നിയന്ത്രിക്കേണ്ടതും മാർക്കറ്റിനുള്ളിൽ ഉണക്ക- പച്ചമത്സ്യങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ സ്റ്റാളുകൾ നിർമ്മിക്കേണ്ടതുമാണ്.
10. റ്റി.ബി. ജംഗ്ഷനിൽ ഇപ്പോൾ പാർക്കു ചെയ്തുവ രുന്ന ചരക്കു ലോറികൾ, ടൂറിസ്റ്റ് ബസ്സുകൾ എന്നിവ കലയനാട് മാർക്കറ്റിനുള്ളിൽ പാർക്കു ചെയ്യിക്കു ന്നതിനാ വശ്യമായ നടപടികൾ സ്വീകരിക്കണം.

മണിയാർ മാർക്കറ്റിൽ ഇപ്പോൾ ഉള്ള കെട്ടിടത്തിന് വൈദ്യുതി നൽകുകയും മത്സ്യം, പച്ചക്കറി, മാംസം എന്നിവയുടെ കച്ചവടത്തിനായി പുതിയ സ്റ്റാളുകൾ പണി യുകയും വേണം. മാർക്കറ്റിനു ചുറ്റുമതിൽ കെട്ടണം. ജലലഭ്യത ഉറപ്പുവരുത്തണം.

പുനലൂർ പട്ടമണത്തിലെ മാർക്കറ്റുകളിൽ ചെറു കച്ചവടം നടത്തുന്ന പാവപ്പെട്ട കച്ചവടക്കാരുടെ ഉന്നമ നത്തിനായി ഒരു ചെറുകിട-ഇടത്തരം വിപണന സഹ കരണ സംഘം രൂപികരിച്ച് അതുവഴി അവർക്കാവശ്യ മായ വായ്പാ പദ്ധതികളും മറ്റു ക്ഷേമ പ്രവർത്തന ങ്ങളും നടപ്പി ലാക്കാവുന്നതാണ്. പലവിധ ചൂഷണ ങ്ങൾക്കും വിരാമമിടാൻ ഇത് ഉപകരിക്കും.

മാർക്കറ്റുകളുടെ അഭിവൃദ്ധി നമ്മുടെ നഗരസഭ യുടെ തന്നെ പുരോഗതിയിലേക്കുള്ള ഏണിപ്പടികളാണ്. പട്ടണ ത്തിൽനിന്നും എല്ലാ പ്രദേശങ്ങളിലേക്കും ഗതാ ഗതം എത്തി ക്കുകയും കൊല്ലം-ചെങ്കോട്ട റെയിൽവേ യുടെ ലൈൻ ബ്രോഡ്ഗേജാക്കി പുനലൂർ റെയിൽവേ സ്റ്റേഷന്റെ നവീകരണം എളുപ്പമാക്കിയാൽ പുനലൂർ കമ്പോളത്തിന് പഴയ പ്രതാപം ഉണ്ടാക്കിയെടുക്കാം.

## പൊതുവിതരണം

പുനലൂർ മുനിസിപ്പൽ പ്രദേശത്തെ പൊതുവിത രണ ശ്യംഖല കാര്യക്ഷമമാക്കേണ്ടതും കൂടുതൽ ജന വിഭാഗ ങ്ങൾക്ക് അതിന്റെ പ്രയോജനം ലഭ്യമാക്കേണ്ട തുമാണ്. അതിനായി ഇപ്പോഴുള്ള സിവിൽ സപ്ളൈസ് വക മാവേലി സ്റ്റോറിന്റെ ശാഖകൾ പുനലൂർ നഗരസഭ യുടെ നിയന്ത്രണ ത്തിലുള്ള കലയനാട്, മണിയാർ എന്നി വിടങ്ങളിലെ മാർക്കറ്റുകളോടു ചേർന്നുള്ള ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളിൽ തുറക്കേണ്ടതാണ്. അതു വഴി പുനലൂർ മാവേലിസ്റ്റോറിൽ നിന്നും സാധനങ്ങൾ

വാങ്ങുന്നതിന് ഇന്നുള്ള ജനങ്ങളുടെ ക്ലേശത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കുവാൻ കഴിയും. പൊതു വിപണിയിൽ നിലനില്ക്കുന്ന സാധനങ്ങളുടെ അനിയന്ത്രിതമായ വിലവർദ്ധനവ് തടയുന്നതിനും വിലനിലവാരം പിടിച്ചുനിർത്തുന്നതിനും ഇത് സഹായകരമാണ്. കൂടാതെ പുനലൂർ പട്ടണപ്രദേശത്തെ കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി എന്നിവ ന്യായവിലക്ക് സംഭരിച്ച് വിതരണം ചെയ്യുന്നതിനും പദ്ധതി ആസൂത്രണം ചെയ്യണം.

പുനലൂർ മുനിസിപ്പൽ പ്രദേശത്ത് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ 33 പൊതു വിതരണ കേന്ദ്രങ്ങളിലായി ആകെ 10996 റേഷൻകാർഡുകൾ ഉണ്ട്. അവയിൽ വൈദ്യുതീകരിച്ച 5740 കാർഡുകളും വൈദ്യുതീകരിക്കാത്ത 5256 കാർഡുകളുമാണുള്ളത്. അവയിലായി 45247 പേർ 12 വയസ്സിന് മുകളിലുള്ളവരും 7166 പേർ 12 വയസ്സിൽ താഴെ യുള്ളവരുമാണ്. പൊതു വിതരണ കേന്ദ്രം വഴി പ്രതിവർഷം 6239 ക്വിന്റൽ അരിയും 3447 ക്വിന്റൽ ഗോതമ്പും 28326 കിലോഗ്രാം റവയും 139784 കിലോഗ്രാം മൈദായും 3347 ക്വിന്റൽ പഞ്ചസാരയും 605880 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്തുവരുന്നു. അരിയുടെ സബ്സിഡി നിർത്തിയതു മൂലം അരിവില കൂടുകയും റേഷൻ അരിയുടെ ചിലവ് 1991-92-നേക്കാൾ പകുതിയിൽ അധികം കുറയുകയും ചെയ്തു. പൊതുവിതരണ കേന്ദ്രംവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരത്തെ സംബന്ധിച്ചും വിലയെ സംബന്ധിച്ചും റിവ്യൂ ചെയ്യുവാൻ കമ്മിറ്റികൾ രൂപീകരിക്കണം.

നഗരാതിർത്തിയിൽ പ്രവർത്തിച്ചു വരുന്ന പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ധാരാളം പരാതികൾ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയ്ക്ക് പരിഹാരം ഉണ്ടാക്കുന്നതിന് സിവിൽ സ്പളൈസ് ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതും മുനിസിപ്പൽ കൗൺസിലറന്മാരുടെ നേതൃത്വത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കേണ്ടതുമാണ്. ഗ്യാസ് ഏജൻസികൾ, പെട്രോൾ പമ്പുകൾ എന്നിവിടങ്ങളിലെ പ്രവർത്തന രീതികൾ റിവ്യു ചെയ്യണം.

K.S.R.T.C ബസ്സ്സ്റ്റേഷൻ



## പുനലൂർ മുനിസിപ്പാലിറ്റിയിലെ 3 മീറ്ററിൽ താഴെ വീതിയുള്ള റോഡുകൾ

## പട്ടിക 7 (a)

323

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം (മീ.) | ഗുണനില വാരം | മറ്റ് വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 1 | മാടപ്പാറ ഏലാ ഇടവഴി | 45 | മണ്ണ് | |
| 2 | 1 | മാടപ്പാറ ഐക്കോട് ഏലാ ഇടവഴി | 30 | " | |
| 3 | 1 | മുട്ടവിള മാടപ്പാറ ബൈ ലൈൻ | 30 | " | |
| 4 | 1 | മേലേതിൽ ഇടവഴി | 75 | " | |
| 5 | 1 | വെട്ടിയിൽ ഇടവഴി | 115 | " | |
| 6 | 1 | വിളയിൽ ഇടവഴി | 60 | " | |
| 7 | 1 | പേഴുംകാല ഇടവഴി | 65 | " | |
| 8 | 1 | തുണ്ടുവിള ക്രോസ് ലൈൻ | 25 | " | |
| 9 | 1 | അരിയത്ര ഇടവഴി | 30 | " | |
| 10 | 1 | ചന്ദനശ്ശേരി ഗിരിജ വിലാസം ഇടവഴി | 90 | " | |
| 11 | 1 | ചക്കാലത്തു വഴി വയൽ വരെ | 30 | " | |
| 12 | 1 | ചക്കാലത്തു വഴി വയൽ വരെ | 40 | " | |
| 13 | 1 | പാലമുറ്റം ക്രോസ് ലൈൻ | 40 | " | |
| 14 | 1 | വിജയസദനം ക്രോസ് ലൈൻ | 70 | " | |
| 15 | 1 | ആരംപുന്ന അമ്പലം മുതൽ ഏലാ വരെയുള്ള ഇടവഴി | 40 | " | |
| 16 | 1 | പുളിന്താനത്തു ക്രോസ് ലൈൻ | 55 | " | |
| 17 | 1 | ഷൈലാ വിലാസം ഇടവഴി | 50 | " | |
| 18 | 1 | ഇടന്തലോട്ട് ഏലായിലേക്കുള്ള ഇടവഴി | 75 | " | |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | ഗുണനില വാരം | മറ്റ് വിവര |
|---|---|---|---|---|---|
| 19 | 2 | സജി കോട്ടേജ് മുതൽ റെയിൽവേ ലൈൻ വരെയുള്ള ഇടവഴി | 20 | മണ്ണ് | |
| 20 | 3 | ചാവരുവിള Q.S റോഡ് ഇടവഴി | 60 | " | |
| 21 | 3 | ത്രിവേണി വീടു മുതൽ വയലിലേ ക്കുള്ള വഴി | 60 | " | |
| 22 | 3 | ചങ്ങഴമംഗലത്തുപുത്തൻ വീടു മുതൽ മെയിൻ റോഡ് വരെ | 40 | " | |
| 23 | 3 | പുത്തൽ പറമ്പിൽ ഇടവഴി | 95 | " | |
| 24 | 4 | റേഡിയോ ക്യൂസ്ക്കിനു സമീപത്തുകൂടി വിളയിൽ വീട് വരെയുള്ള ഇടവഴി | 40 | " | |
| 25 | 4 | കൃഷ്ണവിലാസം മുതൽ ചരുവിള പുത്തൻ വീട് വരെയുള്ള ഇടവഴി | 30 | " | |
| 26 | 4 | കാവുവിള മുതൽ ചരുവിള പുത്തൻ വീട് വരെയുള്ള ഇടവഴി | 30 | " | |
| 27 | 4 | ശാസ്ത്രിതോപ്പ് മുതൽ തെക്കോട്ടുള്ള ഇടവഴി(ജമീലയുടെ വീടുവരെ) | 50 | " | |
| 28 | 4 | ശാസ്ത്രിതോപ്പ് മുതൽ കാഞ്ഞിരമല പുത്തൻ വീട് വരെ | 105 | " | |
| 29 | 4 | ശാസ്ത്രിതോപ്പ് മുതൽ കോശിയുടെ വീടുവരെയുള്ള ഇടവഴി | 45 | " | |
| 30 | 4 | ശാസ്ത്രിതോപ്പ് മുതൽ തെക്ക് വയൽ വരെയുള്ള ഇടവഴി | 70 | " | |
| 31 | 4 | എബനേസർ വീടു മുതൽ തെക്കു ഭാഗത്തേക്കുള്ള വയൽ വരെ | 65 | " | |
| 32 | 4 | ചരുവിള മുതൽ വയൽ വരെയുള്ള ഇടവഴി | 70 | " | |
| 33 | 4,5 | കടമുക്കു മുതൽ കല്ലുമല വരെ | 80 | " | |
| 34 | 5 | മെയിൻ റോഡ് മുതൽ തെക്കു വയൽ | 65 | " | |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | ഗുണ നിലവാരം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| 35 | 5 | കമേറകത്തു വീടു മുതൽ വയൽ വരെയുള്ള ഇടവഴി | 40 | മണ്ണ് | |
| 36 | 5 | പി പി എം റോഡ് മുതൽ ബദനി വീടിനു വടക്ക് വാഴയിൽ വീട് വരെയുള്ള ഇടവഴി | 65 | " | |
| 37 | 5,7 | പി പി എം ബൗണ്ടറി മുതൽ കമ്പിവള്ള ക്കടവ് വരെയുള്ള വഴി | 135 | " | |
| 38 | 5,6 | നെടുംകയം മുതൽ വയൽ വരെയുള്ള ഇടവഴി | 50 | " | |
| 39 | 5 | കൊമ്പേലിമുള്ളിൽ മുതൽ ആറ്റുകടവ് വരെയുള്ള ഇടവഴി | 265 | " | |
| 40 | 7 | ശാസ്താംകോണം ക്ഷേത്രം മുതൽ മിനി ഭവനം വരെയുള്ള ഇടവഴി | 120 | " | |
| 41 | 7 | ആശാരി കോണം മുക്കു മുതൽ ആറ്റ്കടവ് വരെയുള്ള ഇടവഴി | 70 | " | |
| 42 | 7 | മുകളുവിള ചന്ദ്രികാ എസ്റ്റേറ്റ് ഇടവഴി | 120 | " | |
| 43 | 7 | സജിതാ വിലാസം മുതൽ ശാസ്താംകോണം വരെയുള്ള ഇടവഴി | 35 | " | |
| 44 | 9 | മൂസാവരിക്കുന്നിൽ നിന്നും നൗഷാദ് മൻസിൽ വഴി കുന്നുവിളയിലേക്കുള്ള ഇടവഴി | 55 | " | |
| 45 | 7 | കൂനംകുഴി ഇടവഴി | 35 | " | |
| 46 | 9 | സെബാസ്റ്റ്യന്റെ വീടിന് പടിഞ്ഞാറു കൂടിയുള്ള ഇടവഴി | 15 | " | |
| 47 | 9 | മുസ്ളീം പള്ളി മുതൽ ദേവിജംഗ്ഷൻ വരെയുള്ള ഇടവഴി | 80 | " | |
| 48 | 9 | ദേവിമുക്കു മുതൽ വടക്കോട്ടുള്ള ഇടവഴി | 30 | " | |
| 49 | 11, 12 | പകടി ഏലാ ഇടവഴി | 35 | " | |
| 50 | 11 | വാഴവിള ഫുട്പാത്ത്(പകടി ഭാഗം) | 55 | "" | |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | ഗുണ നിലവാരം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| 51 | 11 | വാഴവിള ഫുട്പാത്ത് | 55 | മണ്ണ് | |
| 52 | 11 | കടുവാക്കുഴി കോളനിയിലേക്കുള്ള നടവഴി | 100 | " | |
| 53 | 11 | ഗിരിജാഭവന് തെക്കുവശത്തുകൂടിയുള്ള നടവഴി | 35 | " | |
| 54 | 11 | ആമ്പിയിൽ പടി മുതൽ വയൽ വരെയുള്ള നടവഴി | 30 | " | |
| 55 | 11 | എൽ.ഐ.സി ലംബോധരൻ പിള്ളയുടെ വീടിനു സമീപത്തു കൂടിയുള്ള വഴി | 45 | " | |
| 56 | 12 | മുല്ലശ്ശേരി ഇടവഴി | 100 | " | |
| 57 | 12 | കാട്ടു കുണ്ടയം ഇടവഴി | 100 | " | |
| 58 | 12 | വേലം പറമ്പിൽ ഇടവഴി | 125 | " | |
| 59 | 12 | എവർ ഗ്രീൻ നെഴ്സറി ലൈൻ | 50 | " | |
| 60 | 12 | ജെ.കെ റോഡ് മുതൽ പകടി ഏലാ വരെയുള്ള ഇടവഴി | 20 | " | |
| 60 | 12 | കൊല്ലന്റഴികത്ത് ലെയിൻ | 45 | " | |
| 61 | 12 | കാട്ടുകുണ്ടയം ഇടവഴി | 30 | " | |
| 62 | 12 | പുല്ലാഞ്ഞിയോട് ലെയിൻ | 25 | " | |
| 63 | 12 | വേങ്ങവിള കാർട്ട് ലെയിൻ | 40 | " | |
| 64 | 12 | പകിടി ഏലായിലേക്കുള്ള ഇടവഴി | 120 | " | |
| 65 | 12 | ചെക്കിട്ട വിളലെയിൻ | 30 | " | |
| 66 | 12 | വിളയിൽ വീടു ലെയിൻ. | 70 | " | |
| 67 | 13 | കോപ്പാറയിൽ ഇടവഴി | 70 | " | |
| 68 | 13 | മേഴ്സി ഹോം മുതൽ തൊളിക്കോട് റോഡ് വരെയുള്ള നടവഴി | 30 | " | |

| നമ്പർ | നമ്പർ | റോഡിന്റെ പേര | നീളം | ഗുണനിലവാരം | മറ്റു വിവരങ്ങ |
|---|---|---|---|---|---|
| 69 | 13 | കൃഷ്ണ വിലാസം മുതൽ കൃഷ്ണൻ കോവിൽ വരെയുള്ള വഴി. | 50 | മണ്ണ് | |
| 70 | 13 | പമ്പിനു സമീപം Q.S. റോഡുമുതൽ വെട്ടിപ്പുഴ തോടു വരെയുള്ള നടവഴി | 25 | " | |
| 71 | 13 | വൃന്ദാവനം ഹോട്ടൽ മുതൽ വെട്ടിപ്പുഴ തോടുവരെയുള്ള ഇടവഴി | 30 | " | |
| 72 | 14 | പുത്തൻ കടവ് ഇടവഴി. | 30 | " | |
| 73 | 14 | കാവിൽ വീടുമുതൽ തോടുവരെയുള്ള ഇടവഴി. | 20 | " | |
| 74 | 15 | മുരുകൻകോവിൽ ഏലാ റോഡ് | 30 | " | |
| 75 | 15 | പരവട്ടം കുളിക്കടവ് ലെയിൻ | 30 | " | |
| 76 | 15 | ചുടുകട്ട -കൈലാസം എസ്റ്റേറ്റുവഴി | 200 | " | |
| 77 | 16 | മണിയാർ ചുടുകട്ട റോഡ് മുതൽ ഇന്ദിരാ ഗാന്ധി റോഡുവരെയുള്ള ഇടവഴി | 100 | " | |
| 78 | 16 | മണിയാർ പുത്തയം ഏലാ ഇടവഴി | 50 | " | |
| 79 | 16 | മണിയാർ ജംഗ്ഷനിൽ നിന്നും പുത്തയം ഏലാവരെയുള്ള ഇടവഴി | 150 | " | |
| 80 | 16 | മോഡി റബർ വർക്സിനു സമീപത്തുകൂടിയുള്ള ഇടവഴി. | 50 | " | |
| 81 | 16 | ഇന്ദിരാഗാന്ധി റോഡിൽനിന്നും തേവാം കോണം. | 50 | " | |
| 82 | 16,17 | മണിയാർ ചുടുകട്ട -നടുകുന്ന് പുത്തയം | 25 | " | |
| 83 | 17 | കീഴുക്കാലിൽ കണ്ണങ്കര ബ്ളാവടി എസ്റ്റേറ്റ് ലെയിൻ | 130 | " | |
| 84 | 17 | കിഴ്ക്കലിൽ തണ്ടുവിള ബ്ളവടി എസ്റ്റെറ്റ് ലെയിൻ | 50 | " | |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | ഗണനിലവാരം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| 85 | 17 | ബ്ലാവടി- അഷ്ടമംഗംലം ഏലാ ലൈൻ | 40 | മണ്ണ് | |
| 86 | 17 | മലവാതുക്കൽ വിളയിൽ പുത്തൻവീട് ഇടവഴി | 50 | " | |
| 87 | 17 | മലവാതുക്കൽ ഏലാ ഇടവഴി | 45 | " | |
| 88 | 16,17 | ഹെൽത്ത് സെന്റർ മുതൽ മണിയാർ ഏലാ വരെ | 100 | " | |
| 89 | 18 | കുറുമക്കാട്- തെങ്ങും തറ ലെയിൻ | 35 | " | |
| 90 | 18 | പാറമുക്കുമുതൽ വയൽ വരെയുള്ള ഇടവഴി | 100 | " | |
| 91 | 18 | കക്കോട് ജംഗ്ഷൻ മുതൽ ഏലാ വരെയുള്ള വഴി | 40 | " | |
| 92 | 19 | ഈട്ടിവിള മുക്കുമുതൽ ഏലാ വരെയുള്ള വഴി | 30 | " | |
| 93 | 19 | പുത്തൻവിള -വടക്ക് ആറ്റുകടവ് ലെയിൻ | 75 | " | |
| 94 | 19 | ഇഞ്ചത്തടം ആറ്റുകടവ് | 30 | " | |
| 95 | 20,23 | കാരയ്ക്കാട് താഴെ കടവാതുക്കൽ ഇടവഴി | 100 | " | |
| 96 | 21 | മുറിയന്തല -കലയനാട് ഗുരു മന്ദിരം വഴി | 130 | " | |
| 97 | 21 | കൃഷ്ണ വിലാസം മുതൽ വയൽവരെയുള്ള നടവഴി | 100 | " | |
| 98 | 21 | മാരം കോട് ലെയിൻ | 100 | " | |
| 99 | 21,23 | ഗ്രേസിംഗ് ബ്ളോക്ക് പള്ളി മുതൽ വയൽവരെയുള്ള നടവഴി | 60 | " | |
| 100 | 21 | ഗ്രേസിംഗ് ബ്ളോക്ക് റെയിൽവേ ലൈൻ നടവഴി | 112 | " | |
| 101 | 21 | വാളക്കോട് എൽ. പി. എസ്. മുതൽ പടിഞ്ഞാറോട്ടുള്ള വഴി | 60 | " | |
| 102 | 23 | വാളക്കോട് എൽ.പി.എസ്. മുതൽ വയൽ വരെ കലയനാട് മാർക്കറ്റിൽ നിന്നുള്ള വഴി | 45 | " | |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | നീളം | ഗണനിലവാരം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|
| 103 | 24 | കലയനാട് മാർക്കറ്റിൽ നിന്നുള്ള വഴി | 60 | മണ്ണ് | |
| 104 | 25 | തുമ്പോട് – കൈതോട് ലെയിൻ | 100 | " | |
| 105 | 25 | ഷോണി മന്ദിരം മുതൽ തെക്കുവയൽ വരെയുള്ള വഴി | 75 | " | |
| 106 | 26 | പമ്പ് ഹൗസ് മുതൽ ചന്ദനശ്ശേരി ഏലാ. | 100 | " | |
| 107 | 27 | ഷെർളി നിവാസ്– ചരുവിള ലൈൻ | 60 | " | |
| 108 | 27 | ഫാക്ട് ഗോഡൗൺ ലെയിൻ | 45 | " | |
| 109 | 27 | ഫാക്ട് ഗോഡൗൺ മുതൽ ചന്ദനശേരി ഏലാ വരെ | 45 | " | |
| 110 | 27 | നെല്ലിപ്പള്ളി ശിവൻകോവിൽ ലെയിൻ | 100 | " | |
| 111 | 27 | മുക്കടവ് കല്ലാർ ലെയിൻ | 100 | " | |
| 112 | 28 | നെയ്ത്ത് മുക്ക് ഏലാ ലെയിൻ | 75 | " | |
| 113 | 28 | മാർത്തോമാ പള്ളിമുതൽ ആറ്റുകടവ് ലെയിൻ | 50 | " | |



329

# പുനലൂർ മുനിസിപ്പാലിറ്റിയിലെ 500 മീറ്റർ വരെ നീളമുള്ള റോഡുകൾ

## പട്ടിക - 7 (b)

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം മീ. |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ | |
| 1 | 1 | Q.S.റോഡ് മുതൽ പുന്നക്കര ജംഗ്ഷൻവരെ | | 420 | | | 420 |
| 2 | 1 | Q.S. റോഡ് മുതൽ ആരംപുന്ന ഏലാ വരെ | | | | 380 | 380 |
| 3 | 1 | മാടപ്പാറ ബൈ ലൈൻ | | | | 50 | 50 |
| 4 | 1 | മുട്ടവിള മാടപ്പാറ റോഡ് | | | | 290 | 290 |
| 5 | 1 | കല്ലും കുന്നു കുഴി. | | | | 200 | 200 |
| 6 | 1 | ഇടതണ്ണിൽ വഴി | | | | 35 | 35 |
| 7 | 1 | മെയിൻ റോഡ് മുതൽ ഏലാ വരെ | | | | 160 | 160 |
| 8 | 1 | ചാങ്ങയിൽ വഴി | | | | 160 | 160 |
| 9 | 1 | റേഷൻകട ജംഗ്ഷൻ മുതൽ പ്ളാവിള വഴി മരുതൻകോട് മൂല | | | | 160 | 160 |
| 10 | 1 | മേരിവിലാസം റോഡ് | | | | 125 | 125 |
| 11 | 1 | പാരിപ്പള്ളി റോഡ് | | | | 255 | 255 |
| 12 | 1 | ഗോവിന്ദ സദനം റോഡ് | | | | 110 | 110 |
| 13 | 1 | അറപ്പുരയിൽ പടിഞ്ഞാറെ വഴി | | | | 100 | 100 |
| 14 | 1 | അറപ്പുരയിൽ കിഴക്കേ വഴി. | | | | 60 | 60 |
| 15 | 1 | അനിൽഭവൻ ആരംപുന്ന ടെംബിൾ റോഡ് | | | | 320 | 320 |
| 16 | 1 | എൻ. എസ്. എസ്. കെട്ടിടം മതൽ ഏലാവരെയുള്ള റോഡ്. | | | | 230 | 230 |
| 17 | 1 | എൻ.എസ്. കെട്ടിടം ലെയിൻ | | | | 60 | 60 |
| 18 | 1 | അയത്തൂർ വീടിനു സമീപത്തുകൂടി വടക്കോട്ട് ഏലാ വരെ | | | | 270 | 270 |
| 19 | 1 | ശബരിമൂട് ജംഗ്ഷൻ മുതൽ റെയിൽവേ റോഡുവരെ | | | | 420 | 420 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം മീ. |
|---|---|---|---|---|---|---|---|
| | | | കോൺ ക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 20 | 2 | Q.S.റോഡിൽനിന്നും പത്തേക്കർ ജംഗ്ഷൻ വരെയുള്ള വഴി. | 235 | | | 100 | 335 |
| 21 | 2 | ഈട്ടിവിള വീടുമുതൽ Q.S.റോഡുവരെയുള്ള | | | | 285 | 285 |
| 22 | 2 | സൂര്യ വിലാസം മുക്ക് മുതൽ റെയിൽവേ ലൈൻ വരെ | | | | 255 | 255 |
| 23 | 2 | സംഗമം ജംഗ്ഷൻ മുതൽ വയൽ വരെ | | | | 60 | 60 |
| 24 | 2 | കാഞ്ഞിരമല പുത്തൻ വീട് മുതൽ സേവ്യർ ജംഗ്ഷൻ വരെ | | | | 135 | 135 |
| 25 | 2 | കുന്നും പറമ്പിൽ മുക്ക് മുതൽ സേവ്യർ ജംഗ്ഷൻ വരെ | | | | 45 | 45 |
| 26 | 2,3 | പത്തേക്കർ ജംഗ്ഷൻ മുതൽ റെയിൽവേ ലൈൻ വരെ | | | | 390 | 390 |
| 27 | 2,3 | ഹൈസ്ക്കൂൾ മുതൽ വടക്കോട്ട് വയലിലേക്കുള്ള വഴി | | | | 320 | 320 |
| 28 | 3 | saw-mill നു സമീപത്തുകൂടിയുള്ള റോഡ് മിച്ച ഭൂമി റോഡ്ഠർ | | | | 30 | 30 |
| 29 | 3 | മിച്ചഭൂമി റോഡ് | | | | 135 | 135 |
| 30 | 3 | K.I.P ഗോഡൗണിനു സമീപത്തു കൂടി പോലീസ് ക്വാർട്ടേഴ്സ് വരെയുള്ള റോഡ് | | | | 140 | 140 |
| 31 | 3 | റെയിൽവേ സ്റ്റേഷൻ റോഡ് മുതൽ ചെമ്മന്തൂർ ഏലാ വരെ | | | 170 | 50 | 220 |
| 32 | 3 | വെയർ ഹൗസ് മുതൽ കുറ്റിക്കാട്ട് വരെയുള്ള വഴി | | | | 70 | 70 |
| 33 | 3 | പോലീസ് ക്വാർട്ടേഴ്സ് മുതൽ ചെമ്മന്തൂർ ഏലാ വരെയുള്ള റോഡ് | | | | 255 | 255 |
| 34 | 3 | റെയിൽവേ സ്റ്റേഷൻ മുതൽ പോലീസ് ക്വാർട്ടേഴ്സ് വരെയുള്ള റോഡ് | | | | 300 | 300 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം മീ. |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 35 | 4 | കക്കാട്ടിപുറം വീടു മുതൽ റെയിൽവേ ലൈൻ വരെയുള്ള വഴി | | | | 120 | 120 |
| 36 | 4 | ചാലക്കോട് ജംഗ്ഷൻ മുതൽ റെയിൽവേ ലൈൻ വരെയുള്ള റോഡ് | | | | 75 | 75 |
| 37 | 4,5 | പി.പി.എം മൂന്നാം ഗേറ്റ് മുതൽ വയൽ വരെയുള്ള റോഡ് | | | | 105 | 105 |
| 38 | 4,5 | കാഞ്ഞിരവിള വീടു മുതൽ കല്ലുമല തടത്തിൽ വരെയുള്ള വഴി | | | | 210 | 210 |
| 39 | 5 | പി.പി.എം റോഡ് മുതൽ ഹസീനാ കോട്ടേജ് വഴി വടക്ക് വയൽ വരെ | | | | 285 | 285 |
| 40 | 5 | പി.പി.എം റോഡ് മുതൽ കമേറകത്ത് വീട് വരെ | | | | 30 | 30 |
| 41 | 5,6 | സാൽവേഷൻ ആർമി മുതൽ വയൽ വരെയുള്ള റോഡ് | | | | 150 | 150 |
| 42 | 6 | ഹരിജൻ കോളനി റോഡ് റെയിൽവെ സ്ഥലംവരെ | | | 425 | 60 | 485 |
| 43 | 6 | കൃഷ്ണ വിലാസം മുതൽ ചരുവിളപുത്തൻ വീടു വരെയുള്ള ഇടവഴി | | | | 110 | 110 |
| 44 | 7 | ശാസ്താംകോണം റേഡിയോക്യൂസ്ക്ക് മുതൽ ആലുംമൂട് വരെയുള്ള റോഡ് | | | | 210 | 210 |
| 45 | 7 | ശാസ്താംകോണം അമ്പലം മുതൽ വയൽ വരെയുള്ള റോഡ് | | | | 75 | 75 |
| 46 | 7 | മാമച്ചന്റെ വീട് മുതൽ കിഴക്കോട്ടുള്ള റോഡ് | | | | 195 | 195 |
| 47 | 7 | വർഗീസ്കുട്ടിയുടെ വീടു മുതൽ ഹരിജൻ കോളനി വരെയുള്ള റോഡ് | | | | 150 | 150 |
| 48 | 7 | വള്ളക്കടവു മുതൽ പുഷ്പമംഗലത്ത് വരെയുള്ള റോഡ് | | | | 265 | 265 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 49 | 7 | പാറമുക്ക് മുതൽ അനിൽ ഭവനം വരെയുള്ള വഴി | | | | 180 | 180 |
| 50 | 7 | അനിൽ ഭവനം മുതൽ കിഴക്കോട്ടുള്ള വഴി | | | | 45 | 45 |
| 51 | 7 | ശിവൻകോവിൽ മുതൽ ഞാക്കയിൽ ഏലാ വരെ | | | | 242 | 242 |
| 52 | 7 | ശാസ്താംകോണം അമ്പലം മുതൽ ഞാക്കയിൽ ഏലാ വരെയുള്ള റോഡ് | | | | 60 | 60 |
| 53 | 7 | ശാസ്താംകോണം അമ്പലത്തിനു മുമ്പിൽ കൂടി വയലിലേക്കുള്ള റോഡ് | | | | 315 | 315 |
| 54 | 7 | തൊട്ടവാടി വിള മുതൽ ഞാക്കയിൽ ഏലാ വരെയുള്ള റോഡ് | | | | 115 | 115 |
| 55 | 8 | ബൈബിൾ കോളേജ് മുതൽ റെയിൽവേ ലൈൻ വരെ | | | | 120 | 120 |
| 56 | 8 | റെയിൽവേ സ്ഥലം മുതൽ മേക്കാട് ലൈൻ വരെയുള്ള മുല്ലയ്ക്കൽ റോഡ് | | | | 240 | 240 |
| 57 | 8 | മുല്ലയ്ക്കൽ ക്രോസ് റോഡ് | | | | 130 | 130 |
| 58 | 8 | മുല്ലയ്ക്കൽ വെസ്റ്റ് ക്രോസ് റോഡ് | | | | 130 | 130 |
| 59 | 8 | രാധാ വിലാസം മുതൽ റെയിൽവേ ലൈൻ വരെയുള്ള റോഡ് | | | | 195 | 195 |
| 60 | 9 | ബദേൽ ഹൗസ് മുതൽ വയലിലേക്കുള്ള റോഡ് | | | | 130 | 130 |
| 61 | 6,8 | ആർ.സി.പള്ളി ജംഗ്ഷൻ മുതൽ റെയിൽവേ സ്ഥലം വരെയുള്ള വഴി | | 135 | | | 135 |
| 62 | 7,8 | നേതാജി റോഡ് മുതൽ കുനംകുഴിയിലേക്കുള്ള റോഡ് | | | | 300 | 300 |
| 63 | 7,9 | നേതാജി റോഡ് മുതൽ ഭരണിക്കാവ് ക്ഷേത്രം | | | | 220 | 220 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 64 | 9 | സൂസന്ന കോശിയുടെ വീടു മുതൽ തെക്കോട്ടുള്ള റോഡ് | | | | 30 | 30 |
| 65 | 9 | ഭരണിക്കാവ് ക്ഷേത്രത്തിന് പടിഞ്ഞാറു കൂടി നേതാജി റോഡിൽ അവസാനിയ്ക്കുന്ന റോഡ് | | | | 195 | 195 |
| 66 | 9 | ഭരണിക്കാവ് അമ്പലം മുതൽ പണിക്കരുടെ വീടു വരെയുള്ള റോഡ് | 55 | | | 155 | 210 |
| 67 | 9 | കവിതയുടെ വീടിനു മുൻവശത്തു കൂടിയുള്ള റോഡ് | | | | 150 | 150 |
| 68 | 9 | കവിതയുടെ വീടിനു എതിർ വശത്തു കൂടിയുള്ള വഴി | | | | 150 | 150 |
| 69 | 9 | കവിതയുടെ വീടിനു തെക്കു വശത്ത് കൂടി റെയിൽവേ ലെയിൻ വരെയുള്ള വഴി | | | | 40 | 40 |
| 70 | 9 | സിംകോ കമ്പനിക്ക് കിഴക്കുള്ള റോഡ് | | | | 55 | 55 |
| 71 | 9 | നെൽസൺ എഞ്ചിനീയറിംഗ് ബൗണ്ടറി മുതൽ റെയിൽവേ ലൈൻ വരെ | | | | 135 | 135 |
| 72 | 9 | ഫ്രാൻസിസിന്റെ വീടിനു വടക്കോട്ടുള്ള റോഡ് | | | | 70 | 70 |
| 73 | 9 | ഭാനു പണിക്കരുടെ വീടിനു സമീപം ശിവൻ കോവിലിൽ നിന്നും ആറ്റിലേക്കുള്ള വഴി | | | | 35 | 35 |
| 74 | 10 | ബസ് സ്റ്റാന്റ് ക്രോസ് റോഡ് | 135 | | | | 135 |
| 75 | 10 | സി.എസ്.ഐ പള്ളി മുതൽ ചൗക്ക ഭാഗം BJZ വരെ | 250 | | | | 250 |
| 76 | 10 | ശേഖർ കോളേജ് റോഡ് | | 195 | | | 195 |
| 77 | 10 | ശേഖർ ട്യൂട്ടോറിയൽ മുതൽ ചൗക്ക വരെയുള്ള റോഡ്(സന്തോഷ് റോഡ്) | 50 | | 70 | | 120 |
| 78 | 10 | എൻ.എസ്സ്.എസ്സ് ബിൽഡിംഗ് റോഡ് | | 145 | | 15 | 160 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | ആകെ നീളം |
|---|---|---|---|---|---|---|---|
| 79 | 10 | Q.S. റോഡ്മുതൽ എൻ. എസ്. എസ്. റോഡ് വരെയുള്ള വഴി | | | | 115 | 115 |
| 80 | 10 | ശ്രീദേവി ഹോട്ടൽ റോഡ് | 75 | | | | 75 |
| 81 | 10 | മരുതമൺകാലയിൽ റോഡ് | | | | 60 | 60 |
| 82 | 10 | ഇംമ്പീരിയൽ ടയർ ഫാക്ടറി റോഡ് | | 160 | | | 160 |
| 83 | 10 | GHS മുതൽ മൂർത്തികാവ് വരെയുള്ള റോഡ് | | | | 400 | 400 |
| 84 | 10 | ജി.എം.ഇലക്ട്രിക്കൽസ് മുതൽ കിഴക്കെ ഏലാ വരെ | 60 | | | | 60 |
| 85 | 10 | ചെങ്കോട്ട റോഡിൽ നിന്നും കോട്ടൂർ ഏലാ വരെയുള്ള വഴി | 95 | | | | 95 |
| 86 | 11 | മേലവി വീടു മുതൽ തെക്കു കിഴക്കു കോട്ടൂർ ഏലാ വരെയുള്ള റോഡ് | | | | 140 | 140 |
| 87 | 11 | പാലമൂട് പടി മുതൽ കാട്ടാംകോട് ഏലാ വരെ | | | | 140 | 140 |
| 88 | 11 | Q.S റോഡിൽ നിന്നും കടുവാക്കുഴി കോളനിയിലേക്കുള്ള റോഡ് | | | | 100 | 100 |
| 89 | 11 | പുത്തൻ വീട് മുതൽ ജേക്കബ്ബ് വില്ലാ വരെ | | | | 195 | 195 |
| 90 | 11 | കുതിരച്ചിറ ഹരിജൻ സൊസൈറ്റി റോഡ് | 160 | | | 200 | 360 |
| 91 | 11 | ബഥേൽ ഹൗസ് മുതൽ കുതിരച്ചിറ റോഡ് വരെ | | | | 110 | 110 |
| 92 | 11 | റംലാ മൻസിൽ മുതൽ വയൽ വരെയുള്ള റോഡ് | | | | 165 | 165 |
| 93 | 11 | ശങ്കർ വിഹാർ മുതൽ മുരുകൻ കോവിൽ വരെ | 45 | | | 220 | 265 |
| 94 | 11 | അമ്പിയിൽ ലെയിൻ | | | | 60 | 60 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 95 | 11 | സ്റ്റേഡിയം ഗ്രൗണ്ട് മുതൽ വിജയ ഭവനം വരെ | | | | 360 | 360 |
| 96 | 11 | അമ്പിയിൽ പടി മുതൽ കുതിരച്ചിറ റോഡ് വരെ | | | | 170 | 170 |
| 97 | 11 | കുതിരച്ചിറ സ്കൂളിനു പടിഞ്ഞാറ് ഭാഗത്തു കൂടി വയൽ വരെയുള്ള വഴി | | | | 80 | 80 |
| 98 | 11 | നരിക്കൽ റോഡിൽ നിന്നും വയൽ വരെയുള്ള റോഡ് | | | | 135 | 135 |
| 99 | 12 | വാഴവിള റോഡ് | | 350 | 50 | | 400 |
| 100 | 12 | ഭഗവതി ഹൗസ് മുതൽ വെട്ടിപ്പുഴ ഏലാ വരെ | | | | 170 | 170 |
| 101 | 12 | ജെ.കെ. റോഡ് മുതൽ വെട്ടിപ്പുഴ ഏലാ വരെയുള്ള വഴി | | | | 100 | 100 |
| 102 | 12 | കാട്ടുകുണ്ടയം റോഡ് | | | | 160 | 160 |
| 103 | 12 | പകടി ഹരിജൻ കോളനി റോഡ് | | | | 500 | 500 |
| 104 | 10 | കച്ചേരി ക്രോസ് റോഡ് | | 20 | | 55 | 75 |
| 105 | 10 | മൃഗാശുപത്രി മുതൽ ഗവ: എൽ.പി.എസ്സ് വരെയുള്ള റോഡ് | | | | 120 | 120 |
| 106 | 13 | കരിക്കത്തിൽ വീട് മുതൽ കോട്ടൂർ ഏലാ വരെ | | | | 150 | 150 |
| 107 | 13 | തലയാംകുളം റോഡ് | | | | 205 | 205 |
| 108 | 13 | അമ്പാടി പടി മുതൽ ഹരിജൻ കോളനി വരെ | | | | 120 | 120 |
| 109 | 13 | പൗവ്വർ ഹൗസ് മുതൽ മുളന്തടം റോഡ്(ഉപ റോഡ്) | | 90 | | | 90 |
| 110 | 13 | പൗവ്വർ ഹൗസ് ജംഗ്ഷൻ മുതൽ പടിഞ്ഞാറെ വയൽ വരെയുള്ള റോഡ് | | 140 | | | 140 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 111 | 13 | കൃഷ്ണൻ കോവിൽ റോഡ് | | 165 | | | 165 |
| 112 | 13 | കെ.എസ്സ്.ആർ.ടി.സി ആറ്റുകടവ് വരെ | | | 60 | | 60 |
| 113 | 11, 13, 14 | മുകളുംപുറത്ത് വീട് മുതൽ തെക്ക് പള്ളിയ്ക്കു സമീപം വയൽ വരെ | | | | 210 | 210 |
| 114 | 14 | ദേവി കോണം മുതൽ വടക്ക് ഏലാ വരെ | | | | 80 | 80 |
| 115 | 14 | മുളംതടം മുതൽ എ.പി റോഡ് വരെ | | | | 495 | 495 |
| 116 | 14 | എ.പി റോഡ് മുതൽ അഡ്വ: ഭരതന്റെ വീടിനു സമീപത്തു കൂടി ആറു വരെയുള്ള റോഡ് | | | | 135 | 135 |
| 117 | 14 | മാമ്പറ്റ പള്ളി മുതൽ കൊച്ചുവിള കടവു വരെ | 15 | 95 | | 30 | 140 |
| 118 | 14 | മാമ്പറ്റ പള്ളി മുതൽ പൗവ്വർ ഹൗസ് മുളംതടം വരെയുള്ള റോഡ് | 220 | | | | 220 |
| 119 | 14 | ബാങ്കർ ഗോപാലകൃഷ്ണ പിള്ളയുടെ വീട് മുതൽ വടക്ക് ഏലാ വരെ | | | | 75 | 75 |
| 120 | 14 | തൊളിക്കോട് ചപ്പാത്ത് ഹരിജൻ കോളനി റോഡ് | | | | 110 | 110 |
| 121 | 15 | പരവട്ടം ക്രോസ് റോഡ് | | | | 290 | 290 |
| 122 | 15 | പരവട്ടം ശാസ്ത്രി റോഡ് | | | | 120 | 120 |
| 123 | 15 | പരവട്ടം ചാവരു നട ലെയിൻ | | | | 250 | 250 |
| 124 | 15 | പുത്തൂർ ജംഗ്ഷൻ മുതൽ കുളിക്കടവ് റോഡ് വരെ | | | | 150 | 150 |
| 125 | 15, 16 | ചുണ്ടോട് ജംഗ്ഷൻ മുതൽ കിഴക്കേ ഏലാ വരെ | | | | 100 | 100 |
| 126 | 16 | മണിയാർ സ്കൂൾ മുതൽ മാഠകോണം ഏലാ | | | | 100 | 100 |
| 127 | 17 | കീഴ്ക്കാലിൽ റോഡിൽ നിന്നും മണലിൽ ലെയിൻ | | | | 30 | 30 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 128 | 17 | കീഴ്ക്കാലിൽ ബ്ലാവടി എസ്റ്റേറ്റ് | | | | 250 | 250 |
| 129 | 17 | ബ്ലാവടി അഷ്ടമംഗലം കാവ് റോഡ് | | | | 270 | 270 |
| 130 | 18 | കുറുമക്കാട് – ആറ്റുകടവ് റോഡ് | | | | 500 | 500 |
| 131 | 18 | പാറമുക്ക് കുരിശ്ശടി റോഡ് | | | | 495 | 495 |
| 132 | 18 | ബി.ബി.ഭവനം റോഡ് | | | | 40 | 40 |
| 133 | 18 | കുരിശ്ശടി മുതൽ കിഴക്കോട്ടുള്ള വഴി | | | | 105 | 105 |
| 134 | 18 | കക്കോട് ബാലകൃഷ്ണ പിള്ളയുടെ വീടു മുതൽ ആറ്റുകടവ് വരെ | | | | 265 | 265 |
| 135 | 19 | സ്കൂൾ മുതൽ താഴേക്കടവാതുക്കൽ ഏലാ വരെയുള്ള റോഡ്(മണ്ടൻ കുന്ന്) | | | | 420 | 420 |
| 136 | 19 | പഴവിള കുന്ന് റോഡ് | | | | 510 | 510 |
| 137 | 19 | വർക്ക്ഷോപ്പ് മുതൽ വയൽ വരെയുള്ള റോഡ് | | | | 270 | 270 |
| 138 | 19 | പൂങ്ങോട് തേക്കും വിള റോഡ് | | | 300 | 150 | 450 |
| 139 | 19 | ഇഞ്ചത്തടം ബൈ റോഡ് | | | | 90 | 90 |
| 140 | 19 | കല്പനാ വീട് മുതൽ ആറ്റ് കടവ് റോഡ് | | | | 150 | 150 |
| 141 | 19 | നെരപ്പുവിള ഇഞ്ചത്തടം റോഡ് | | | | 330 | 330 |
| 142 | 20 | തോട്ടരുകിൽ റോഡ് | 20 | | | 330 | 350 |
| 143 | 20 | ചന്ദ്രഭവൻ മുതൽ പാണങ്ങാട് വരെ | | | | 135 | 135 |
| 144 | 20 | ടി.ബി ജംഗ്ഷൻ മുതൽ ആറ്റുകടവ് റോഡ് | | | 60 | 20 | 80 |
| 145 | 21 | ചാവരുകോണം മുതൽ റെയിൽവേ ലെയിൻ വരെ | | | | 510 | 510 |
| 146 | 21 | കാരയ്ക്കാടു മുതൽ വയൽ വരെ | | | | 240 | 240 |
| 147 | 21 | കളീൽ വാതുക്കൽ റോഡ് | | | | 225 | 225 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 148 | 22 | വട്ടപ്പട - പ്ളാച്ചേരി തോട്ടരുക് റോഡ് | | | | 440 | 440 |
| 149 | 22 | വട്ടപ്പട മുക്ക് മുതൽ ആറ്റുകടവ് വരെ | | | | 495 | 495 |
| 150 | 22 | പാപ്പന്നൂർ ആറ്റുകടവ് റോഡ് | | | | 225 | 225 |
| 151 | 22 | മൂഴിക്കൽ റോഡ് | | | | 420 | 420 |
| 152 | 22 | കൊച്ചു പ്ളാച്ചേരി ഗുഡ്ഹോപ്പ് എസ്റ്റേറ്റ് റോഡ് | | | | 420 | 420 |
| 153 | 23 | കാരയ്ക്കാട് ഏലാ റോഡ് | | | | 270 | 270 |
| 154 | 24 | കലയനാട് വിളക്കു വെട്ടം റോഡ് | | | 400 | | 400 |
| 155 | 24 | 12 ഏക്കർ ജമാലിയ എസ്റ്റേറ്റ് റോഡ് | | | 125 | | 125 |
| 156 | 24&25 | കലയനാട് പശുമല റോഡ് | | | | 300 | 300 |
| 157 | 25 | 12 ഏക്കർ കൈതോട് ലെയിൻ | | | | 200 | 200 |
| 158 | 26 | ചാലിയക്കര റോഡിൽ മുരുകൻകോവിലിനു സമീപത്തു കൂടി ചന്ദനശ്ശേരി ഏലാ റോഡ് | | | | 200 | 200 |
| 159 | 26 | ഹൈസ്കൂൾ മുതൽ വാട്ടർ ടാങ്ക് വഴി ചന്ദനശ്ശേരി ഏലാ | | | | 300 | 300 |
| 160 | 27 | ഷെർലി നിവാസ് മുതൽ ചന്ദനശ്ശേരി വയൽ വരെ | | | | 100 | 100 |
| 161 | 27 | ചന്ദനശ്ശേരി ഏലാ റോഡ് | | | | 120 | 120 |
| 162 | 27 | ഷെർലി നിവാസ് ലെയിൻ | | | | 150 | 150 |
| 163 | 27 | ശിവൻ കോവിൽ പറയരുവെട്ടി ലെയിൻ | | | | 210 | 210 |
| 164 | 27 | ശിവൻ കോവിൽ കടവ് ലെയിൻ | | | | 30 | 30 |
| 165 | 27 | നെയ്തു മുക്ക് വള്ളക്കടവ് | | | 450 | | 450 |
| 166 | 27 | കോയിത്തറ റോഡ് | | | 15 | 285 | 300 |
| 167 | 27 | കല്ലാർ ഹരിജൻ കോളനി റോഡ് | | | | 400 | 400 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ഗുണനിലവാരം | | | | ആകെ നീളം |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | |
| 168 | 28 | വിളക്കുവെട്ടം പാലോട് റോഡ് | | | 425 | | 425 |
| 169 | 28 | വിളക്കുവെട്ടം ഹെൽത്ത് സെന്റർ റോഡ് | | | | 350 | 350 |
| 170 | 28 | വിളക്കുവെട്ടം അമ്പലമുക്ക് മുതൽ എസ്റ്റേറ്റ് വരെ | | | | 135 | 135 |
| 171 | 28 | കോമളഭവൻ മുതൽ കിഴക്ക് ഏലാ വരെ | | | | 315 | 315 |

# പുനലൂർ മുനിസിപ്പാലിറ്റിയിലെ 500 മീ. മുതൽ 5 കീ. മി. വരെ നീളമുള്ള റോഡുകളുടെ വിവരങ്ങൾ

## പട്ടിക - 7(സി)

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | ആകെ നീളം കി. മീ. |
|---|---|---|---|---|---|---|---|
| 1 | 1 | ചെമ്മന്തൂർ ആരംപുന്ന റോഡ് | - | 2.555 | 0.920 | 1.475 | 4.950 |
| 2 | 1 | റേഷൻകട മുതൽ മെയിൻ റോഡ് വരെ | - | | | 0.680 | 0.680 |
| 3 | 2 | ആരംപുന്ന മുതൽ പഴയപൈനാപ്പിൾ ജംഗ്ഷൻ വരെയുള്ള റോഡ് | - | | | 0.555 | 0.555 |
| 4 | 2 | ചാലക്കോട് സൂര്യവിലാസം റോഡ് | - | | 0.930 | - | 0.930 |
| 5 | 2 | സേവ്യർ ജംഗ്ഷൻ മുതൽ ശാസ്ത്രി തോപ്പ് ജംഗ്ഷൻ വരെ | - | | | 0.890 | 0.890 |
| 6 | 3 | ചെമ്മന്തൂർ മുതൽ പുളിമൂട്ടിൽ വീട് വരെ | - | | | 0.615 | 0.615 |
| 7 | 4 | പി.പി.എം. റോഡ് മുതൽ റേഡിയോ ക്യൂസ്ക്ക് വഴി ചാലക്കോട് പള്ളി വരെ | - | | | 0.860 | 0.860 |
| 8 | 4 | കാഞ്ഞിരമല റോഡ് | - | 0.240 | | 0.860 | 1.100 |
| 9 | 4,5 | പി.പി.എം. റോഡ് മുതൽ ചാലക്കോട് ജംഗ്ഷൻ വരെ | - | | 1.400 | - | 1.400 |
| 10 | 5 | പി.പി.എം ഒന്നാം ഗേറ്റു മുതൽ വള്ളക്കടവ് വരെ | - | 0.450 | 1.350 | 0.350 | 2.150 |
| 11 | 6 | മുസാവരിക്കുന്ന് റോഡ് | - | 1.400 | | | 1.400 |
| 12 | 7,8 | നേതാജി റോഡ് | - | 0.670 | | | 0.670 |
| 13 | 7 | പാറമുക്കു മുതൽ ശിവൻകോവിൽ വരെ | - | 0.400 | 0.080 | 0.115 | 0.900 |
| 14 | 9 | നെൽസൺ ഫൗണ്ടറി മുതൽ ഭരണിക്കാവ് ക്ഷേത്രം വഴി ഇ.എസ്.ഐ. ഹോസ്പിറ്റൽ റോഡ് | 0.045 | 0.510 | | | 0.555 |
| 15 | 9 | ഇ.എസ്.ഐ. മുതൽ ആർ.സി. പള്ളി | 0.785 | | | | 0.785 |

| ക്രമ നമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | കോൺക്രീറ്റ് | താർ | മെറ്റൽ | മൺ റോഡ് | ആകെ നീളം കി.മീ |
|---|---|---|---|---|---|---|---|
| 16 | 10,11 | ജയഭാരതം കുതിരച്ചിറ റോഡ് | 0.540 | | 0.115 | 0.920 | 1.575 |
| 17 | 11,12 | വെട്ടിപ്പുഴ-കുതിരച്ചിറ റോഡ് | | 0.545 | | 1.375 | 1.920 |
| 18 | 12 | ജെ. കെ. റോഡ് മുതൽ പകിടി ഏല വരെയുള്ള റോഡ് | | | | 0.560 | 0.560 |
| 19 | 11,12 | കുതിരച്ചിറ തൊളിക്കോട് റോഡ് | | 1.630 | | | 1.630 |
| 20 | 14 | കുതിരച്ചിറ ദേവികോണം റോഡ് | 0.120 | | | 1.380 | 1.500 |
| 21 | 14 | മുളന്തടം ഹേമാലയം മുക്ക് മുതൽ ഇലക്ട്രിസിറ്റി ഓഫീസ് വരെ | | 0.840 | | | 0.840 |
| 22 | 14 | മുളന്തടം ജംഗ്ഷൻ മുതൽ എ.പി റോഡിൽ ആറാം മൈൽ വരെ | | 0.475 | 0.610 | | 1.085 |
| 23 | 14 | മുളന്തടം ജംഗ്ഷൻ മുതൽ ദേവികോണം റോഡ് | | 1.290 | | | 1.290 |
| 24 | 15 | ചാവരുനട റോഡ് | | | | 0.850 | 0.850 |
| 25 | 15 | ചുടുകട്ട മണിയാർ റോഡ് | | 0.225 | | 0.555 | 0.780 |
| 26 | 15,16 | മണിയാർ ചുണ്ടോട് റോഡ് | | | | 1.500 | 1.500 |
| 27 | 15,17 | പരവട്ടം കേളങ്കാവ് റോഡ് | | | | 1.400 | 1.400 |
| 28 | 16 | മണിയാർ-ചേറ്റുകുഴി ഹരിജൻ കോളനി | | 0.360 | | 0.200 | 0.560 |
| 29 | 17 | അഷ്ടമംഗലം-ഹെൽത്ത് സെന്റർ കേളങ്കാവ് റോഡ് | | 2.210 | | 1.000 | 3.210 |
| 30 | 17 | ചിന്നംവെട്ടി ഏലാറോഡ് | | | | 0.515 | 0.515 |
| 31 | 17 | പൊരക്കൽ കീഴ്ക്കലിൽ വാതുക്കൽ | | 0.720 | 0.030 | | 0.750 |
| 32 | 17 | കണംകര-ബ്ളാവടി കേളങ്കാവ് റോഡ് | | | | 2.300 | 2.300 |
| 33 | 18 | കുറുമക്കാട്-കക്കോട് പാറമുക്ക് ജംഗ്ഷൻ | | | | 1.200 | 1.200 |

| നമ്പർ | നമ്പർ | | | | | റോഡ് | ആകെ നീ.വീ |
|---|---|---|---|---|---|---|---|
| 34 | 18 | മൈലയക്കൽ ജംഗ്ഷൻ മുതൽ കക്കോട് ജംഗ്ഷൻ വരെ | | | | 0.560 | 0.560 |
| 35 | 18,18,20 | മഹാത്മാ ഗാന്ധി റോഡ് (T.B. Jn. മുതൽ ചെങ്കുളം വരെ) | | 3.745 | | 0.805 | 4.550 |
| 36 | 19,20 | എ.കെ.ജി ജംഗ്ഷൻ മുതൽ താഴെക്കട വാതിൽക്കൽ വരെ | | | | 0.590 | 0.530 |
| 37 | 19 | പാണങ്ങാട് വാളക്കോട് റോഡ് | | 0.550 | | | 0.550 |
| 38 | 20 | പാണങ്ങാട് റോഡ് | 0.035 | | 0.950 | | 0.985 |
| 39 | 20 | വാളക്കോട് താഴെകടവാതിൽക്കൽ റോഡ് | | 0.450 | 0.125 | | 0.575 |
| 40 | 20,21,22 | പാണങ്ങാട് പയ്യംകുന്ന് റോഡ് | | | 3.920 | 0.310 | 4.230 |
| 41 | 21 | പയ്യംകുന്ന് റോഡ് | | | | 0.600 | 0.600 |
| 42 | 22 | വട്ടപ്പട പ്ളാച്ചേരി റോഡ് | 0.020 | | 0.865 | 0.395 | 1.280 |
| 43 | 22 | പ്ളാച്ചേരി മാംകോണം റോഡ് | | | | 1.005 | 1.005 |
| 44 | 22 | കലയനാട് കൂത്തനാടീ റോഡ് | | 1.440 | 0 275 | 0.050 | 1.765 |
| 45 | 22,23 | കലയനാട് മുറിയന്തല റോഡ് | | 0.685 | | 0.910 | 1.650 |
| 46 | 24 | കലയനാട് ചൂരോട് റോഡ് | | | | 0.600 | 0.600 |
| 47 | 25 | കലയനാട് പള്ളി മുതൽ പശുമല വരെയുള്ള റോഡ് | | | | 0.540 | 0.540 |
| 48 | 20,25 | വാളക്കോട് കല്ലാർ റോഡ് | 0.235 | 0.475 | 0.015 | 1..290 | 2.015 |
| 49 | 26 | ബോയ്സ് ഹൈസ്ക്കൂൾ ജംഗ്ഷൻ മുതൽ പനമണ്ണറ വഴി വാളക്കോട് | | 0.220 | 0.435 | 0.765 | 1.420 |
| 50 | 27 | വൻമള കടവ് റോഡ് | | | | 1.060 | 1.060 |
| 51 | 28 | വിളക്കുവെട്ടം-അമ്പലംകുന്ന് റോഡ് | | 1.345 | 0.315 | | 1.660 |
| 52 | 24,23 | വിളക്കുവെട്ടം കല്ലാർ- 12ഏക്കർ റോഡ് | | 1.345 | 0.315 | | 1.660 |
| 53 | 29 | പത്തുപറ പനന്തംകര റോഡ് | | | | 0.600 | 0.600 |

# മുനിസിപ്പൽ പ്രദേശത്തെ P.W.D റോഡിന്റെ വിവരങ്ങൾ

## പട്ടിക -8

| ക്രമ നമ്പർ | റോഡിന്റെ പേര് | ഗുണ നിലവാരം | |
|---|---|---|---|
| | | താർ കി.മീ. | മൺ റോഡ് |
| 1 | അഞ്ചൽ പുനലൂർ റോഡ് കി.മീ 8.50 മുതൽ 11.65 വരെ | 3.150 | |
| 2 | ചൊവ്വള്ളൂർ തടിക്കാട് റോഡ്-കി.മീ. 00.00 മുതൽ 00.600 | 0.600 | |
| 3 | പുനലൂർ-നെടുംങ്കയം റോഡ് കി.മീ. 00.00 മുതൽ2.000 | 2.000 | |
| 4 | പേപ്പർമിൽ-പനംപറ്റ റോഡ് കി.മീ. 00.00 മുതൽ 0.600 | 0.600 | |
| 5 | പുനലൂർ-കച്ചേരി റോഡ് കി.മീ. 00.00 മുതൽ 0.600 | 0.600 | |
| 6 | ശിവൻ കോവിൽ -പുനലൂർ റോഡ് കി.മീ. 00.00 മുതൽ 1.200 | 1.200 | |
| 7 | നെല്ലിപ്പള്ളി-നെടുംങ്കയം റോഡ് കി.മീ. 00.00 മുതൽ 1.600 | 1.600 | |
| 8 | കൊല്ലം-ചെങ്കോട്ട റോഡ് കി.മീ. 40.00 മുതൽ 50.00 | 10.000 | |
| 9 | മൂവാറ്റുപുഴ റോഡ് കി.മീ. 00.00 മുതൽ 2.600 | 2.600 | |
| 10 | പുനലൂർ ഠൗൺ മാർക്കറ്റ് റോഡ് കി.മീ. 00.00 മുതൽ 00.400 | 00.400 | |
| 11 | വെട്ടിപ്പുഴ-ചെമ്മന്തൂർ റോഡ് ലിങ്ക് റോഡ്(MLA റോഡ്) കി.മീ. 00.00 മുതൽ 1.250 | | 1.250 |
| 12 | തൊളിക്കോട്-കേളങ്കാവ് റോഡ് കി.മീ. 00.00 മുതൽ 5.500 | 5.500 | |
| 13 | നെല്ലിപ്പള്ളി-വിളക്കുവെട്ടം റോഡ് പത്തുപറ വരെ | 5.000 | |
| | ആകെ | 33.250 | 1.250 |

# ഊർജ്ജം

വായു, വസ്ത്രം, പാർപ്പിടം ഇവയെപ്പോലെ മനുഷ്യജീവിതത്തിന്റെ അടിസ്ഥാനഘടകമാണ് ഊർജ്ജം. അതുകൊണ്ട് തന്നെ ഊർജ്ജ രംഗത്തെ ആസൂത്രണം വളരെ പ്രാധാന്യമർഹിക്കുന്നു. ഊർജ്ജാസൂത്രണം എന്ന് കേൾക്കുമ്പോൾ വൈദ്യുതി യുടെ ഉൽപാദനവും വിതരണവുമാണ് നാംകണക്കിലെടുക്കാറുള്ളത്. എന്നാൽ പെട്രോൾ, ഡീസൽ മണ്ണെണ്ണ, കൽക്കരി, വിറക്, പാചകവാതകം, സൂര്യപ്രകാശം,ചാണകവരളി ഇവയൊക്കെ മുഖ്യഊർജ്ജസ്രോതസ്സുകളാണ്. ഈഊർജ്ജസ്രോതസുകളെയെല്ലാം ദീർഘവീക്ഷണത്തോടുകൂടി സാമൂഹ്യനന്മയ്ക്ക് വേണ്ടി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നതാവണം സമഗ്ര ഊർജ്ജാസൂത്രണം. പരമ്പരാഗത ഊർജ്ജസ്രോതസ്സുകളെ എത്രനാൾ ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരുവിധ ഉറപ്പും നൽകാൻ കഴിയില്ല. അതുകൊണ്ടുതന്നെ ഈ രംഗത്തെ സമഗ്രമായ ആസൂത്രണം അത്യന്താപേക്ഷിതമാണ്. ഈ രംഗത്ത് ഏറ്റവും നല്ല മാതൃക ചൈനയിലെഊർജ്ജാസൂത്രണമാണ്. കോടിക്കണക്കിന് ദക്ഷതയേറിയ അടുപ്പുകൾ ഒരു ലക്ഷത്തോളം ചെറുകിട ജലവൈദ്യുത പദ്ധതികൾ, ൭൦ ലക്ഷം ബയോഗ്യാസ് പ്ലാന്റുകൾ ഇങ്ങനെ പോകുന്നു അവരുടെ നേട്ടങ്ങൾ.

### ബയോഗ്യാസ്, സൗരോർജ്ജം

വൈദ്യുത ഊർജ്ജരംഗത്ത് ഇന്ന് നാം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ബയോഗ്യാസിനും സൗരോർജ്ജത്തിനും മുഖ്യപങ്കാണ് വഹിക്കാനുള്ളത്. നമ്മുടെ മുനിസിപ്പൽ പ്രദേശത്തെ ഗാർഹിക ഊർജ്ജാവശ്യത്തിൽ പകുതിയെങ്കിലും നിറവേറ്റാൻ കഴിയുന്ന തരത്തിലുള്ള ബയോഗ്യാസും സൗരോർജ്ജവും മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ഒരു പദ്ധതി സർക്കാരിന്റെ മേൽനോട്ടത്തിൽ ആരംഭിക്കേണ്ടതാണ്.

കന്നുകാലിവളർത്തൽ രംഗത്തെ സാദ്ധ്യതകളെ പരമാവധി ചൂഷണം ചെയ്തുകൊണ്ട് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം. ഇത്തരത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിൽ അനെർട്ട് പോലുള്ള സർക്കാർ ശാസ്ത്ര സാങ്കേതിക സംഘടനകൾ സബ്സിഡിയും സാങ്കേതിക സഹായവും ചെയ്യുന്നുണ്ട്.

എന്നാൽ ഈ പദ്ധതികളിലൊന്നിലും ജനകീയ പങ്കാളിത്തമില്ലായ്മയാണ് മുഖ്യപോരായ്മ. അതുകൊണ്ട് അനർട്ട്, ശാസ്ത്രസാഹിത്യ പരിഷത്ത് തുടങ്ങി യവകളുടെ പ്രവർത്തന ങ്ങളെ തദ്ദേശസ്വയഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തണം.

**നിർദ്ദേശങ്ങൾ**

1. ഈ രംഗത്തെ ആദ്യപ്രവർത്തനം എന്ന നിലയിൽ നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് 10 കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത് കൂട്ടുത്തരവാദി ത്തത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപി ക്കുക. ആയതിന്റെ ചെലവ് 50% അനെർട്ടും 50% കൗൺസിലും വഹിക്കുക. ഒരു പ്ലാന്റിന് കുറഞ്ഞ ത് 10 ഗാർഹിക ഉപഭോക്താക്കൾ ഉണ്ടായിരി ക്കണം.

2 ഗാർഹികാവശ്യത്തിന് സ്വന്തമായി ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് താൽ പര്യമുള്ളവർക്ക് സഹായകരമാകുന്ന ഒരു പദ്ധതിക്ക് മുനിസിപ്പൽ കൗൺസിലും അനെർട്ടും പ്രാഥമിക കാർഷിക വികസന ബാങ്കും സംയുക്തമായി രൂപം നൽകണം.(മൊത്തം ചെലവിന്റെ 50% അനെർട്ടിന്റെ സബ്സിഡി 25% കൗൺസിലിന്റെ സബ്സിഡി 25% കുറഞ്ഞ പലിശയ്ക്ക് കാർഷിക വികസന ബാങ്കിൽ നിന്നും ലോണായി കൊടുക്കുക)

3. 'വൈദ്യുതി എത്തിക്കാൻ ഏറെബുദ്ധിമുട്ടു കൾ അനുഭവപെടാൻ സാദ്ധ്യതയുള്ള മുനിസിപ്പൽപ്രദേശങ്ങളിൽ കൗൺസിലിന്റെ സഹായത്തോടെ സൗരോർജ വിളക്കുകൾ സ്ഥാപിക്കുക.

## മെച്ചമായ വിറക് അടുപ്പുകൾ

ഊർജം ഊർജത്തിന് വേണ്ടിയല്ല. മറ്റ് അന്തിമ ഫലങ്ങൾക്ക് വേണ്ടിയാണ് ഉപയോഗിക്കുന്നത്. അതിനാൽ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ അളവല്ല കിട്ടുന്നഗുണമാണ് പ്രധാനം. ആ അർത്ഥത്തിൽ ചിന്തിക്കുമ്പോൾ നാം ഇന്ത്യക്കാർ വളരെയേറെ ഊർജ്ജം ദുരുപയോഗം ചെയ്യുന്നവരാണ്. നാം പാചകത്തിന് ദക്ഷത കുറഞ്ഞ വിറക് അടുപ്പുകൾ ഉപയോഗിക്കു ന്നതിനാൽ ഊർജ്ജനഷ്ടം സംഭവിക്കുന്നു. നമ്മുടെ നഗരസഭാപ്രദേശത്തെ 70% അധികം ഭവനങ്ങളിലും പാചകത്തിന് വിറക് അടുപ്പു കളാണ് ഉപയോഗിച്ചുവരുന്നത്. യഥാർത്ഥത്തിൽ ബയോഗ്യാസ് അടുപ്പുകളും എൽ. പി. ഗ്യാസ് അടുപ്പുകളും വിറക് അടുപ്പുകളേക്കാൾ പണത്തിലും സമയത്തിലും ലാഭകരമാണ്. അതുകൊണ്ട് ഇത്തരം അടുപ്പുകൾക്ക് വമ്പിച്ച പ്രചാരം ഉണ്ടാകണം. അതോടൊപ്പം തന്നെ ദക്ഷതകൂടിയ വിറക് അടുപ്പുകൾ സ്ഥാപിക്ക ണം. പുകയില്ലാത്ത ദക്ഷിതകൂടിയ വിറക് അടുപ്പുകൾ അനെർട്ട് പ്രചരിപ്പിന്നുണ്ട്.

**നിർദ്ദേശങ്ങൾ**

1. കൂടുതൽ പുകയില്ലാത്ത ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപിക്കാൻ അനെർട്ടുമായി ബന്ധപ്പെട്ട പദ്ധതികൾ തയാറാക്കണം

2. പുകയില്ലാത്തഅടുപ്പുകൾ സാമ്പത്തികമാ യി പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമാ യി അനുവദിക്കുക.

3. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുവാൻ ആവശ്യമായ പരിശീലന പദ്ധതികൾ നടപ്പിലാ ക്കുക.

4. ബയോഗ്യാസ്, എൽ.പി. ഗ്യാസ് അടുപ്പുകൾ കൂടുതലായി പ്രചരിപ്പിക്കുക

## വൈദ്യുതി

നമ്മുടെ ഊർജ്ജാവശ്യത്തിന്റെ ഏറിയപങ്കും വൈദ്യുതിയിൽ നിന്നുമാണ് ലഭ്യമാകുന്നത്. വൈദ്യുത ഊർജ്ജ ഉൽപാദനത്തിൽ മുഖ്യമാ യും നാം ആശ്രയിക്കുന്നത് ജല വൈദ്യുത പദ്ധതികളെയാണ്. നമ്മുടെസംസ്ഥാനാത്ത സംബന്ധിച്ചടത്തോളം ജലവൈദ്യുതി പദ്ധതികൾ ആണ് ലാഭകരമെങ്കിലും അതിനെ മാത്രം ആശ്രയിച്ചുള്ള വൈദ്യുത ഉൽപാദനം നമ്മുടെ മൊത്തം ഉപഭോഗത്തിന് പര്യാപ്ത മാകുകയില്ല. അതിനാൽ അണു വൈദ്യുത നിലയങ്ങളും താപ, ഡീസൽ നിലയങ്ങളും സ്ഥാപിച്ച് വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. വൈദ്യുതി രംഗത്ത് നാം ഇന്ന് നേരിടുന്ന പ്രതിസന്ധി വ്യാവസായിക വാണിജ്യ സാമ്പത്തിക മേഖലകളെ പ്രതികൂലമായി ബാധിച്ചുട്ടുണ്ട് ഇത് വൈദ്യുതി ഉൽപാദന രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയ സമഗ്രമായ ആസൂത്രണത്തിന്റെ പ്രസക്തിയെ ഓർമപ്പെടുത്തുന്നു.

ചെറുകിട വൈദ്യുത പദ്ധതികൾക്ക് കൂടുത ൽ പ്രാധാന്യം കൊടുത്തുകൊണ്ടുള്ള പദ്ധതിയി ലേക്ക് ശ്രദ്ധതിരിച്ചു വിടണം നമ്മുടെ സംസ്ഥാനത്തെ പല നഗരസഭകൾക്കും പഞ്ചാ യത്തുകൾക്കും ഇത്തരത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാവു ന്നതാണ്.

വൻകിട പദ്ധതികളുടെ നിർമാണപ്രവർത്തനങ്ങളിലെ അഴിമതിയും ധൂ ർത്തും ഒരു പ്രധാന പ്രശ്നമായി അവശേഷിക്കുന്നു. ഉദ്യോഗസ്ഥരും കരാറുകാരും ചേർന്ന് യാതൊരു വിധ സാമൂഹ്യ പ്രതിബദ്ധതയും ഇല്ലാതെ പദ്ധതികളുടെ നിർമാണ പ്രവർത്തനങ്ങളെ സ്വന്തം സാമ്പത്തിക താൽപര്യങ്ങൾ മാത്രം കണക്കിലെടുത്ത് ആവശ്യമാല്ലാതെ കാലവിളമ്പം വരുത്തുന്നു. ഇത് അവസാനിപ്പിക്കാൻ ഇച്ഛാശക്തിയുള്ള സാമൂഹ്യ,സാംസ്കാരിക രാഷ്ട്രീയ നേതൃത്വത്തിന്റെ കർശനമായ ഇടപെടലുകൾ ഉണ്ടായേ മതിയാകൂ.

**നിർദ്ദേശങ്ങൾ**

1. കല്ലടയാറിന് കുറുകെ പേപ്പർ മില്ലിന്റെ ആവശ്യത്തിനായി പണിതിരിക്കുന്ന തടയണ വിപുലപ്പെടുത്തി ചെറുകിടവൈദ്യുത പദ്ധതി ആരംഭിക്കുവാനുള്ള സാദ്ധ്യതയെപ്പറ്റി സമഗ്രമായി പരിശോദിക്കേണ്ടതാണ്.

2. വള്ളിമാന്നൂർ വെള്ളച്ചാട്ടത്തിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുവാനുള്ള സാദ്ധ്യത ആരായണം. വള്ളമാന്നൂർ തോട്ടിൽ ഒരു ചെറിയ തടയണ കെട്ടിയാൽ വെള്ളം ശേഖരിച്ച് ഒരു മിനി ഹൈഡ്രൽ പ്രോജക്ട് സ്ഥാപിക്കുവാനുള്ള സാദ്ധ്യത ഏറെയാണ്. ഇതിനോടനുബന്ധിച്ച് ടൂറിസം വികസനത്തിന് സാദ്ധ്യ തയുണ്ട്.

## ഹരിജൻ വീടുകളുടെ വൈദ്യുതീകരണം

പുനലൂർ മുനിസിപ്പൽ പ്രദേശത്തെഹരിജൻ വീടുകളിൽ ബഹുഭൂരിപക്ഷവും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. ഈ വീടുകളിൽ വൈദ്യുതി എത്തിക്കുവാൻ കളക്ടറുടെ പ്രത്യേക ഘടകപദ്ധതിൽ ഉൾപ്പെടുത്തി പ്രത്യേക പരിപാടി തയ്യാറാക്കുകയുണ്ടായി. എന്നാൽ പദ്ധതി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. മൊത്തം 500 ഹരിജൻ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കാനാണ് പദ്ധതി തയ്യാറാക്കിയത്. മൊത്തം 345 അപേക്ഷകളാണ് സമർപ്പിക്കപ്പെട്ടത്. അപേക്ഷിക്കപ്പെട്ട മുഴുവൻ വീടുകളും വയറിംഗ് പൂർത്തീകരിച്ചു. എന്നാൽ അതിൽ മിക്ക വീടുകൾക്കും പട്ടയമോ പ്രമാണമോ ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ കൊടുക്കാൻ വൈദ്യുത വകുപ്പ് അധികാരികൾ വിസമ്മതിച്ചിരിക്കുകയാണ്. അതിനാൽ ഇക്കാര്യത്തിൽ അധികാരികൾ അടിയന്തിരമായി ഇടപെട്ട് വൈദ്യുത കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത്തരത്തിൽ ഈ പദ്ധതികൾ പൂർത്തീകരിച്ചാൽ പുനലൂർ മുനിസിപ്പൽ പ്രദേശത്തെ 500 വീടുകളിൽകൂടി വൈദ്യുതി എത്തിക്കാൻ കഴിയും. കൂടാതെ വൈദ്യുതി കടന്നുചെല്ലാത്ത നിരവധി കൊളനികൾ ഇപ്പോഴുമുണ്ട്. അവിടെയെല്ലാം വൈദ്യുതി എത്തിക്കാനാവശ്യമായ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്.

### പുതിയ വൈദ്യുത ലൈനുകൾ സ്ഥാപിക്കേണ്ടുന്ന സ്ഥലങ്ങൾ

1. ആരംപുന്ന:

1. പുന്നക്കര ജംഗ്ഷൻ മുതൽ കാവ് വരെയുള്ള ഭാഗത്ത്.

2. എൽ.പി.എസ്സ്.ന് കിഴക്കു ഭാഗത്ത് ശാന്തിനികേതന് വടക്ക് ഭാഗത്ത് 50 മീറ്റർ നീളത്തിൽ

3. കല്ലുംകുന്ന് മാടപ്പാറ റോഡിൽ 50 മീറ്റർ.

4. ആര്യാട്കുഞ്ഞ് മാടപ്പാറ ലിങ്ക് റോഡിൽ 400 മീറ്റർ

5. മാടപ്പാറ തെക്ക് ഭാഗത്ത് ഹരിജൻ കോളനിവരെ പഞ്ചായത്ത് അതിർത്തിയിൽ 300 മീറ്റർ നീളത്തിൽ.

2 കാഞ്ഞിരമല

ഹരിജൻ കോളനിയിലേക്ക് വൈദ്യുത ലൈൻ സ്ഥാപിക്കണം. എല്ലാ നടപ്പാതകളിലും ലൈൻ പിടിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കണം.

3. ചെമ്മന്തൂർ

വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ പുതിയ ലൈൻ പിടിച്ച് തെരുവുവിളക്കുകൾ സ്ഥാപിക്കണം.

5. പേപ്പർ മിൽ

1. കല്ലുമല പേപ്പർ മിൽ ക്വോർട്ടേഴ്സിന്റെ കിഴക്കു ഭാഗത്തുകൂടി വടക്കോട്ട് പോകുന്ന വഴിയിൽ പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ വലിക്കുക

2. കല്ലുമല കെ.പി.എം.എസ്സ് ആഫീസിന്റെ പടിഞ്ഞാറ് ഭാഗത്തുകൂടി വടക്കോട്ട് പോകുന്ന വഴിയിൽ.

3. കെ.പി.എം.എസ്സ്. ആഫീസിന്റെ തെക്കുഭാഗത്തുള്ള വഴിയിൽ.

6. മുസാവരിക്കുന്ന്:

1. ബഥേൽ ബൈബിൾ കോളേജിന് താഴെ ഭാഗത്തുള്ള തറയിൽ കോളനിയിൽ ശ്രീമാൻ. ഫക്കീറിന്റെ വീടിന്റെ പുറകുവശത്തുകൂടി വൈദ്യുതലൈൻ മുല്ലയ്ക്കൽ ജംഗ്ഷൻ വരെ പുതുതായി സ്ഥാപിക്കുക.

2. കൂനംകുഴിയിൽ റിച്ചീസ് വിദ്യാലയത്തിന്റെ

സമീപത്തുകൂടി മുകളിലേക്ക് ആന്റണി അച്ചായന്റെ വീട്ടിന് സമീപം വരെ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കുക.

7. ശാസ്താംകോണം

1. വഞ്ചിയൂർ കോളനിയിലേക്ക് പുതിയ ലൈൻ സ്ഥാപിക്കണം.

2. കുനംകുഴി പടിയിൽനിന്ന് മോഹനൻപിള്ളയുടെ വീടിനും ബേബിച്ചായന്റെ വീടിനുമിടയ്ക്കുള്ള ഇടവഴിയിൽ കൂടി ശാസ്താംകോണം ശിവൻ കോവിൽ റോഡിന്റെ നെല്ലിക്കുന്നും ഭാഗം വരെ.

3. റ്റി.വി. കിയോസ്കിന് തെക്കുനിന്നും മുകളുവിള റോഡിലേക്കുള്ള നടപ്പാതയിൽ ലൈൻ വലിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.

8. റെയിൽവേ സ്റ്റേഷൻ വാർഡ്

1. നേതാജി റോഡുമുതൽ കൈപ്പള്ളി ഭാഗത്തേക്ക്

2. നേതാജി റോഡുമുതൽ ശിവൻ കോവിലിന് പുറകുവശത്തേക്ക്.

3. ക്യു.എസ്സ്. റോഡിൽ നിന്നും പോലീസ് സ്റ്റേഷനിലേക്ക്.

9. ഭരണിക്കാവ്

1. വയലൂങ്കൽ വീടിന് വടക്കുവശത്ത് RSB 5/5-3 പോസ്റ്റിലേക്ക് പുതിയ സ്ട്രീറ്റ് ലൈൻ പിടിക്കണം.

2. ഭരണിക്കാവ് ആറ്റുകടവു റോഡിൽ സ്ട്രീറ്റ് ലൈൻ പിടിക്കണം.

3. മുഹൂർത്തിക്കാവ് ഭരണിക്കവ് റോഡിൽ മുരുകൻ ഫാർമക്ക് കിഴക്ക് വലതുവശത്ത് പുതിയ ലൈൻ സ്ഥാപിക്കണം.

4. കന്യാസ്ത്രി മഠത്തിന് കിഴക്കുവശത്തുകൂടി റെയിൽവ്വേ ലൈൻ എത്തുന്ന ഭാഗത്ത് ലൈൻ നീട്ടുക.

5. ഭാരത്മാത ലൈൻ വയലുങ്കൽ വീടിന് കിഴക്കുകൂടി പോകുന്ന ഭാഗത്തേക്ക് ലൈൻ നീട്ടുക.

10 മാർക്കറ്റ്:

മരുതമൺ കോളനി വൈദ്യുതീകരിക്കുക

11. കോമളംകുന്ന്:

1. വൈദ്യുതി എത്താത്ത നിരവധി ഭാഗങ്ങളുണ്ട്. അവിടങ്ങളിലെല്ലാം വൈദ്യുതി എത്തിക്കണം.

2. പകിടി വടക്കേക്കര റോഡിൽ നിന്നുള്ള ലൈനിനെ ചെമ്മന്തൂർ നിന്നുള്ള ലൈനുമായി ബന്ധിപ്പിക്കുക.

3. വാഴവിള റോഡിൽ 3 പോസ്റ്റുകൂടി സ്ഥാപിച്ച് വടക്കേക്കര റോഡുമായി ബന്ധിപ്പിക്കണം.

4. വെട്ടിപ്പുഴ പന്നിക്കോട് റോഡിൽ നിന്നും ജയഭാരതം-കോമളംകുന്ന് റോഡുമായി ബന്ധിപ്പിച്ച് ലൈൻ സ്ഥാപിക്കണം.

5. പകിടി റോഡിലെ ലൈൻ വെട്ടിപ്പുഴ കുതിരച്ചിറ ലൈനുമായി ബന്ധിപ്പിക്കണം.

6. ജയഭാരതം കോമളംകുന്ന് റോഡിൽ ചെമ്മന്തൂർ ലൈനും ജയഭാരതം ലൈനുമായി ബന്ധിപ്പിക്കണം.

12. കോളേജ്

1.പകിടി കോളനിളുയുടെ ഭാഗത്ത് പുതിയ ലൈൻ സ്ഥാപിക്കണം

2. എസ്സ്,എൻ.കോളേജ് റോഡിൽ നിന്നും ഗോപാലകൃഷ്ണപിള്ളയുടെ റോഡ് വരെ.

13. കച്ചേരി

1. ജലധാര റോഡിലും പുത്തൻപുര കോട്ടൂർ ഭാഗങ്ങളിലേക്കും പുതിയ ലൈൻ സ്ഥാപിക്കണം.

14 തൊളിക്കോട്:

1. അയ്യല്ലൂർ ഏലായിൽ നിന്ന് ഹരിജൻ കോളനി വരെ.

2. കലുങ്കും മുകളിൽ പുതുതായി നിർമ്മിക്കുന്ന റോഡിന്റെ അവശേഷിക്കുന്ന ഭാഗം

3. ശാർങ്ങധരൻ വെണ്ടറുടെ വീടുമുതൽ കൊച്ചച്ചയ്യത്തേക്കുള്ള പുതിയ റോഡ്.

15 പരവട്ടം

1. ചാവരുനട ആറ്ററുവിൽ റോഡിൽ പുതിയ ലൈൻ സ്ഥാപിക്കുക.

2. ബംഗ്ലാവിൽകുന്ന് അയണിയാട് ചുടുകട്ടകൈലാസം കെച്ചയത്തു കുന്ന് എന്നീ ഭഗങ്ങളിലേക്ക് പുതിയ ലൈൻ സ്ഥാപിക്കണം.

16. മണിയാർ

1. മണിയാർ ജംഗ്ഷൻ മുതൽ പുത്തയം വയൽ വരെ.

2. മണിയാർ ചുടുകട്ടറോഡിൽ നിന്നും പുത്തയം ഏലായിലേക്ക്.

3. ചിറയിൽതടം ജംഗ്ഷനിൽ നിന്ന് അക്കരവിള ജംഗ്ഷനിലേക്ക്.

4. ചാവരുനടക്ഷേത്രത്തിനു സമീപത്തുനിന്നും ചേറ്റുകുഴി കോളനി വരെ.

17 അഷ്ടമംഗലം

1. ബ്ലാവടി കേളൻകാവ് റോഡിൽ പുതിയ ലൈൻ പിടിക്കണം.

2. ചുണ്ടോട് കേളൻകാവ് റോഡ്, ചുണ്ടോട്-വള്ളിമാന്നൂർ റോഡ്, ചിന്നവെട്ടിറോഡ്, ഇടക്കുന്നുകാവ് തുടങ്ങിയഭാഗങ്ങളിലേക്ക്.

3. മുളവെട്ടിക്കോണത്തേക്ക് പുതിയ ലൈൻ സ്ഥാപിക്കണം.

18 ഐക്കരക്കോണം

1. ഇഞ്ചക്കാട് ജംഗ്ഷൻ മുതൽ മണ്ണാമൂല 1 കി.മി. ലൈൻ സ്ഥാപിക്കുക.

2. ഇഞ്ചക്കാട് ജംഗ്ഷനിൽ നിന്നും ഇഞ്ചത്തടത്തിലേക്ക്.

19 കക്കോട്

1. പണിക്കർ മുക്കുമുതൽ കുറുമക്കാട് പുതിയ വഴിയിൽ വരെ.

2. എസ്ത്തർ എസ്റ്റേറ്റിൽ കൂടി ഹരിജൻ കോളനിയിലേക്ക് ലൂക്കോസിന്റെ വീട് വരെ.

3. സദാനന്ദന്റെ വീടിന്റെ മുകൾ ഭാഗത്തായി പൊന്നയ്യസ്വാമിയുടെ വീടുവരെ.

വാളക്കോട്

1. തുമ്പശശേരി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് പ്രിയദർശിനി ജംഗ്ഷനിൽ ചേരുന്ന റോഡിൽ എത്തിയിട്ടുള്ള 2 ലൈനുകൾ 2 പോസ്റ്റുകൾ സ്ഥാപിച ് യോജിപ്പിക്കുക.

2. വാളക്കോട് ഹെൽത്ത് സെന്ററിന്റെ കിഴക്ക് ഭാഗത്തുള്ള റോഡിൽ ഒരു പോസ്റ്റ് സ്ഥാപിച്ച് ലൈനുകൾ തമ്മിൽ കൂട്ടിയോജിപ്പിക്കുക.

3. വാളക്കോട് ശ്രീ.ചെറിയാന്റെ വീടിന്റെ മുൻപിൽ കൂടി വാഴമൺ ക്ഷേത്ര സമീപത്തേക്ക് പോകുന്ന റോഡിൽ 2 പോസ്റ്റുകൾ സ്ഥാപിച്ച് ലൈൻ കൂട്ടിയോജിപ്പിക്കുക.

4. വാളക്കോട് വള്ളിക്കുന്ന് ഭാഗത്തേക്കുള്ള ലൈനിൽനിന്നും ഒരു പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടുക.

21. ഗ്രേസിംഗ് ബ്ലോക്ക്

1. താഴെ കടവാതുക്കൽ പാപ്പന്നൂർ റോഡിൽ നിന്നും ചുട്ടിത്തല ഭാഗത്തേക്ക്.

2. കരിക്കത്തിൽ ഭാഗത്തേക്ക്(മുറിയന്തല പടിഞ്ഞാറ് റോഡിൽ നിന്നും)

3. മൈലയ്ക്കൽ കൊച്ചു പ്ലാച്ചേരി റോഡിൽ ശേഷിക്കുന്ന ഭാഗം

4. ചുട്ടിത്തല കിഴക്ക് തെക്കേക്കര എന്നിവിടങ്ങളിലേക്കു പുതിയ ലൈൻ സ്ഥാപിക്കണം.

22. പ്ലാച്ചേരി

1. പ്ലാച്ചേരിയിൽ നിന്നും ഗുഡ്ഹൊപ്പ് റോഡ് വഴി കൊച്ചു പ്ലാച്ചേരിയിലേക്ക്.

2. മുറിയന്തല പാപ്പന്നൂർ റോഡിൽ നിന്നും മാങ്കോണം ഇടവയൽ ഇടക്കുന്നം, നടുക്കുന്നം എന്നീ ഭാഗങ്ങളിലേക്ക്.

3. മുറിയന്തല പാപ്പന്നൂർ റോഡിൽ നിന്നും അടവിപ്പാറ ഭാഗത്തേക്ക്.

4. വട്ടപ്പട പാപ്പന്നൂർ റോഡിൽ നിന്നും കലുങ്ക് ജംഗ്ഷനിൽ നിന്നും ഗോപാലവിലാസം വീടുവഴി അരവിന്ദാക്ഷന്റെ വീടുവരെ.

23. കാരയ്ക്കാട്ട്

1. കൂത്തനാടി താമരപ്പള്ളി റെയിൽവ്വേ കോളനി, ഇളപ്പപാറ തെക്കേക്കര ഭാഗം, കരിമ്പിൻ തടം എന്നീ ഭാഗങ്ങളിലേക്ക് പുതിയ ലൈനു
കൾ സ്ഥാപിക്കണം.

2. കാരയാക്കാട്ട് നിന്നും വയൽ വഴി ശ്രീ. ജേർജിന്റെ വീടിന്റെ ഭാഗം വരെ പുതിയ ലൈൻ സ്ഥാപിക്കണം.

24 കലയനാട്

1. 12 ഏക്കറിൽ കൈതോട് ഭാഗത്തേക്ക് നിലവിലുള്ള സ്ട്രീറ്റ് മെയ്നിൽ മിന്നും ഒരു പോസ്റ്റുകൂട്ടി ലൈൻ വലിക്കണം

2. പേഴുംമൂട് ഭാഗത്തുള്ള വഴിയിൽ കൂടി പുതിയലൈൻ സ്ഥാപിക്കണം.

3. പാലോട് ഹരിജൻ കോളനിയിലേക്ക് ലൈൻ വലിക്കണം.

4. അനാഥശാല പാലോട് റോഡിൽ

5. കുത്തനാടിയിൽ ശേഷിക്കുന്ന ഭാഗത്തു കൂടി ലൈൻ സ്ഥാപിക്കണം.

6. ചൂരോട്, പാലോട്, മേലേകുത്തനാട, ചാലിയക്കരലയം, പേഴുംമൂട് എന്നീവിടങ്ങളിലേക്ക് പുതിയ ലൈൻ സ്ഥാപിക്കണം.

25. തുമ്പോട്

1. മാരാംകോട് നിന്നും ചന്ദനശ്ശേരി ഭാഗത്തേക്ക് പുതിയ ലൈൻ വേണം.

2. തൊണ്ടിയോട് ശേഷിക്കുന്ന ഭാഗത്ത് പുതിയ ലൈൻ വലിക്കണം.

3. കല്ലാർ മുരുകൻ റോഡിൽ നിന്നും ചന്ദനശ്ശേരി ഏലായിലേക്ക്.

4. 12 ഏക്കർ ജംഗ്ഷനിൽ നിന്നും ശേഷിക്കുന്ന ഭാഗത്തേക്ക്.

26. ഹൈസ്കൂൾ

കോളനിയിലേക്ക് വൈദ്യുതി എത്തിക്കണം.

27 നെല്ലിപ്പള്ളി

1. കല്ലാർ മരുതിമൂട് ജംഗ്ഷൻ മുതൽ പാലോട് ജംഗ്ഷൻവരെ പുതിയ ലൈൻ വേണം.

2. വട്ടകുണ്ടയം ചെമ്മന്തൂർ റോഡിൽ പുതിയ ലൈൻ വലിക്കണം.

3. നെയ്ത്ത്മുക്കിൽ നിന്നും ഒന്നാംകുറ്റി പള്ളി പരെയുള്ള ഭാഗത്തേക്ക് പുതിയ ലൈൻ സ്ഥാപിക്കണം.

28 വിളക്കുവട്ടം

1. പനന്തൻകര മുതൽ അമ്പിക്കോണം മാങ്കേയിക്കൽ ശ്രീ. വിശ്വനാഥന്റെ വീടു മുതൽ സോമൻ പിള്ളയുടെ വീടുവരെയും, വട്ടകുണ്ടയം കലുങ്കു മുതൽ ശ്രീ.രാധാകൃഷ്ണന്റെ വീടുവരെയും, ചന്ദ്രവിലാസം ശ്രീ. മാത്യൂസിന്റെ വീടുമുതൽ ശ്രീ. അബ്രോസിന്റെ വീടുവരെയും, ശ്രീവിലാസം ബംഗ്ലാവുമുതൽ ചെമ്മന്തൂർ വയൽ വരെ യും ശ്രീ.പരപ്പിൽ കുഞ്ഞപ്പന്റെ വീടു മുതൽ മേലേ പ്പറമ്പിൽ ശ്രീ.യോഹന്നാന്റെ വീടുവരെയും പുതിയതായി ലൈൻ സ്ഥാപിക്കണം.

**വൈദ്യുത രംഗത്തെ പുനലൂരിന്റെ പ്രശ്നങ്ങൾ**

വൈദ്യുതരംഗത്ത് ഏറെ പ്രശ്നങ്ങൾ നേരി ടുന്ന ഒരു പട്ടണമാണ് പുനലൂർ. പുനലൂരിൽ പ്രവർത്തിക്കുന്ന 66 കെ.വി സബ്സ്റ്റേഷൻ വളരെ കാലപഴക്കം ചെന്നതാണ്. ഈ സബ്സ്റ്റേഷൻ 1954 ൽ സ്ഥാപിച്ചപ്പോൾ 1000 മാത്രമായിരുന്നു ഉപഭോക്താക്കളുടെ എണ്ണം. എന്നാലിന്ന് അത് പന്തീരായിരത്തോളം (12000) ആയി വർദ്ധിച്ചിരി ക്കുന്നു. പുനലൂരിലെ സബ്സ്റ്റേഷൻ ഇതിനോ ടകം തന്നെ നിരവധി അപകടങ്ങൾ സംഭവിച്ച് കഴിഞ്ഞിരിക്കുകയാണ്. താങ്ങാൻ കഴിയുന്ന തിനപ്പുറം പ്രവർത്തനഭാരമുള്ള പുനലൂർ സബ്സ്റ്റേഷനിൽ ഏതുസമയവും അപകടക രമായ പൊട്ടിത്തെറിയും തീപിടത്തവും സംഭവിക്കാവുന്ന സ്ഥിതിയിലായതിനാൽ വൈകുന്നേരങ്ങളിലും, രാത്രി കാലങ്ങളിലും വെള്ളം കോരിയൊഴിച്ച് തണുപ്പിക്കേണ്ട അവ സ്ഥയിലാണ്.

**പരിഹാരമാർഗ്ഗങ്ങൾ**

1. ഇടമൺ കുണ്ടറ 66 കെ.വി. ലൈൻ 110 കെ,വി ഡബിൾ സർക്യൂട്ട് ലൈൻ ആയി അടിയന്തിരമായി നിർമ്മിക്കുക.

2. നിലവിലുള്ള പുനലൂരിലെ 66 കെ,വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനാക്കി മാറ്റണം. ട്രാൻഫോർമറുകളുടെയും സ്വിച്ച് ഗിയറുകളുടേയും കപ്പാസിറ്റി തദനുസരണം ഉയർത്തുക.

3. ഫീഡറുകളുടെ എണ്ണം കൂട്ടി ആശുപത്രി, വാട്ടർസപ്ലേ, ഠൗൺ, റെയിൽവ്വേസ്റ്റേഷൻ എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ഫീഡർ കൊടുക്കുക

## L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

| No. | പേര് | കപ്പാസിറ്റി | റിമാർക്ക് |
|---|---|---|---|
| 1. | കേളൻകാവ് | 100 | |
| 2. | കൂനംകുഴി | 150 | |
| 3. | പരവട്ടം | 100 | |
| 4, | വാളക്കോട് | 100 | |
| 5. | റോമാപള്ളി | 150 | |
| 6. | വെട്ടിപ്പുഴ നോർത്ത് | 150 | |
| 7. | ഐക്കരകോണം | 250 | |
| 8. | രാംരാജ് | 150 | |
| 9. | വെട്ടിപ്പുഴ സൗത്ത് | 100 | |
| 10. | ചെമ്മന്തൂർ സൗത്ത് | 250 | |
| 11. | T.B. ജംഗ്ഷൻ | 500 | |
| 12. | സോൾവ് പ്ലാസ്റ്റിക് No.1 | 150 | |
| 13. | വിളക്ക്വട്ടം | 100 | |
| 14. | പവ്വർഹൗസ് ജംഗ്ഷൻ | 100 | |
| 15. | P.N.E.D No. 11 | 100 | |
| 16. | വട്ടപ്പട | 63 | |
| 17. | എരിച്ചക്കൽ | 100 | |
| 18. | താഴെ കടവാതുക്കൽ | 100 | |
| 19. | മൈലക്കൽ | 100 | |
| 20. | കല്ലുമല | 100 | |
| 21. | ശാസ്താംകോണം | 100 | |
| 22. | ജയഭാരതം | 150 | |
| 23. | മുളന്തടം | 150 | |
| 24. | തൊളിക്കോട് | 150 | |
| 25. | ചുടുകട്ട | 250 | |
| 26. | വണ്ടിപ്പേട്ട | 100 | |
| 27. | മൈക്രോവേവ് | 100 | |
| 28. | കക്കോട് | 100 | |
| 29. | സോൾവ്പ്ലാസ്റ്റിക് No.II | 100 | |
| 30. | കുതിരച്ചിറ | 100 | |
| 31. | ശിവൻകോവിൽ | 100 | |
| 32. | കല്ലാർ | 100 | |
| 33. | P.H.E.D. N.o. 1 | 250 | |
| 34. | കലയനാട് | 100 | |
| 35. | ബീ.ബീ | 150 | |
| 36. | ഗണേശ് | 160 | |
| 37. | മുറിഞ്ഞകലങ്ക് | 150 | |
| 38. | മാർക്കറ്റ് | 250 | |
| 39. | ചെമ്മന്തൂർ വെസ്റ്റ് | 100 | |
| 40. | ചെമ്മന്തൂർ ജംഗ്ഷൻ | 250 | |
| 41. | മുനിസിപ്പൽ കോംപ്ലക്സ് | 250 | |

## ഗ്രാമ സഭകൾ പുതിയതായി ആവശ്യപ്പെടുന്ന തെരുവ് വിളക്കുകളുടെ എണ്ണം

| നമ്പർ | വാർഡ് | ബൾബ് | ട്യൂബ് | ട്രാൻസ്ഫോർമർ |
|---|---|---|---|---|
| 1 | ആരംപുന്ന | 50 | 10 | |
| 2 | കാഞ്ഞിരമല | 45 | 10 | |
| 3 | ചെമ്മന്തൂർ | 35 | 10 | |
| 4 | ചാലക്കോട് | 40 | 10 | |
| 5 | പേപ്പർമിൽ | 40 | 10 | |
| 6 | മുസാവരിക്കുന്ന് | 50 | 10 | മാർത്തോമാ പള്ളിക്ക് സമീപം |
| 7 | ശാസ്താംകോണം | 40 | 5 | |
| 8 | റെയിൽവേസ്റ്റേഷൻ | 50 | 10 | |
| 9 | ഭരണിക്കാവ് | 40 | 10 | |
| 10 | മാർക്കറ്റ് | 40 | 30 | |
| 11 | കോളേജ് | 50 | 30 | |
| 12 | കോമളംകുന്ന് | 50 | 10 | |
| 13 | കച്ചേരി | 50 | 10 | |
| 14 | തൊളിക്കോട് | 40 | 10 | |
| 15 | പരവട്ടം | 80 | 13 | |
| 16 | മണിയാർ | 50 | 10 | |
| 17 | അഷ്ടമംഗലം | 50 | 10 | |
| 18 | കക്കോട് | 60 | 12 | |
| 19 | ഐക്കരക്കോണം | 50 | 15 | |
| 20 | വാളക്കോട് | 50 | 10 | |
| 21 | ഗ്രേസിംഗ് ബ്ലോക്ക് | 60 | 10 | |
| 22 | പ്ലാച്ചേരി | 65 | 10 | |
| 23 | കാരയ്ക്കാട് | 60 | 10 | |
| 24 | കലയനാട് | 60 | 10 | |
| 25 | തുമ്പോട് | 50 | 10 | |
| 26 | H.S | 45 | 10 | |
| 27 | നെല്ലിപ്പള്ളി | 45 | 10 | |
| 28 | വിളക്കുവെട്ടം | 50 | 10 | പത്തുപറയിൽ |
| | ആകെ | 1405 | 315 | |

353

### നിലവിലുള്ള ഉപഭോക്താക്കൾ പുനലൂർ -1996

| | |
|---|---|
| ഗാർഹീകം | 5895 |
| വ്യാപാരം | 1672 |
| വ്യാവസായികം | 214 |
| കാർഷികം | 15 |

### കണക്ഷൻ ലഭിക്കാൻ അപേക്ഷിച്ചിട്ടുള്ളവ

| | |
|---|---|
| ഓർഡിനറി | 461 |
| ഒ.റ്റി.പി | 62 |
| ഒ.വൈ.ഈ.സി | 84 |

### അവസാനം നൽകിയ കണക്ഷന്റെ അപേക്ഷാ തീയതി

| | |
|---|---|
| ഓർഡിനറി | 1-10-96 |
| ഒ.റ്റി.പി | 13-2-95 |
| ഒ.വൈ.ഈ.സി | 18-4-96 |

### വഴിവിളക്കുകളുടെ എണ്ണം

| | |
|---|---|
| ബൾബ് | 1352 |
| ട്യൂബ് | 296 |
| മെർക്കുറി വേപ്പർ | 18 |
| സോഡിയം വേപ്പർ | 22 |

## പൊതു പിതരണ സംവിധാനത്തെ കുറിച്ചുള്ള വിവരങ്ങൾ

| വർഷം | കാർഡുകളുടെ എണ്ണം | | | ഗുണഭോക്താക്കൾ | പെർമിറ്റുകൾ | പെർമിറ്റുൾവഴി മണ്ണെണ്ണ(ലി.) | കാർഡുകൾ വഴി മണ്ണെണ്ണ(ലി.) |
|---|---|---|---|---|---|---|---|
| | NE | E | Total | | | | |
| 1991 – 92 | 5540 | 4700 | 10240 | 50478 | 885 | 141110 | 371000 |
| 1992 – 93 | 5820 | 4866 | 10686 | 51284 | 905 | 141330 | 388320 |
| 1993 –94 | 5829 | 5028 | 10857 | 51372 | 1010 | 148860 | 392010 |
| 1994 – 95 | 5646 | 5056 | 10902 | 50903 | 1080 | 150038 | 378420 |
| 1995 – 96 | 5256 | 5740 | 10996 | 52413 | 1198 | 152640 | 453240 |

## ഗ്യാസ് കണക്ഷൻ സംബന്ധിച്ച വിവരങ്ങൾ

| | എണ്ണം |
|---|---|
| 28–4–93 വരെയുള്ള ഗ്യാസ് കണക്ഷൻ | 4309 |
| ഇനിയും കണക്ഷൻ നല്കാനുള്ള അപേക്ഷകൾ | 2744 |
| ഒന്നിലധികം സിലിണ്ടറുകളുള്ള ഉപഭോക്താക്കൾ | 924 |
| ഒന്നിലധികം സിലിണ്ടറുകൾക്ക് അപേക്ഷിച്ചിട്ടുള്ളവർ | 1076 |

## ഡീസലിന്റേയും പെട്രോളിന്റേയും വിവരങ്ങൾ

| പമ്പുകളുടെ എണ്ണം | ഡീസലിന്റേയും (ദിവസം) | പെട്രോളിന്റേയും ചിലവ്(ദിവസത്തിൽ) |
|---|---|---|
| ആകെ 5 | 18000 ലിറ്റർ | 4500 ലിറ്റർ |



354

# പാർപ്പിടം (ഭവനനിർമ്മാണം)

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ പ്രധാനമാണ് പാർപ്പിടം. 75 വർഷം മുൻപ് ഈ പ്രദേശത്തുണ്ടായിരുന്ന ബഹുഭൂരിപക്ഷം വീടുകളുടേയും ഭിത്തികൾ മണ്ണു കുഴച്ച് ചാണകം മെഴുകിയവയും മേൽക്കൂര പുല്ല് മേഞ്ഞവയുമായിരുന്നു. ധാരാളം വീടുകൾ ഒറ്റ മുറി ഉള്ളവയും അപൂർവ്വം വീടുകൾ രണ്ടുമുറികളും തിണ്ണയും ഉള്ളവയുമായിരുന്നു. ജന്മിത്വവും ആഢ്യത്വവും വിളിച്ചറിയിക്കുന്ന തരത്തിൽ വാസ്തു വിദ്യയും ശില്പകലയും കോർത്തിണക്കി നിർമ്മിച്ച അപൂർവ്വം വീടുകളും അങ്ങിങ്ങ് കാണാമായിരുന്നു. കാട്ടുതടിക്ക് യാതോരു ക്ഷാമവും ഇല്ലാതിരുന്ന അക്കാലത്ത് കട്ടിത്തടിയിൽ പണിതെടുത്ത പിണ്ടിത്തൂണുകളുള്ള പൂമുഖവും, കൊത്തും കോളുമൊപ്പിച്ച് പണികഴിപ്പിച്ചിട്ടുള്ള ചേതോഹരമായ ചിത്രപ്പണികൾ മാറ്റുകൂട്ടുന്ന അറയും നിരയും ചേർന്ന നാലുകെട്ടും അതിന്റെ ഗാംഭീര്യവും ഉയർത്തിക്കാട്ടിക്കൊണ്ട് തലയെടുപ്പോടെ നിന്നിരുന്നു. പ്രാചീന ഭവന നിർമ്മാണ കലയുടെ ഇത്തരത്തിലുള്ള രണ്ടു നല്ല മാതൃകകൾ ഐക്കരക്കോണത്തുള്ള പത്തിശ്ശേരി കുടുംബത്തിലും കച്ചേരി വാർഡിലെ ഇടയ്ക്കാട്ട് കുടുംബത്തിലും ഇന്നും സംരക്ഷിച്ചു നിർത്തിയിട്ടുണ്ട്.

വളരെ കാലത്തിനുശേഷമാണ് ഓലമേഞ്ഞ വീടുകൾ ഉണ്ടായത്. ഓടുമേച്ചിലിന് പിന്നെയും കാലം ഏറെ എടുത്തു. മണ്ണെണ്ണ വിളക്കും റാന്തലും അക്കാലത്ത് ഉപയോഗിച്ചിരുന്നു. സാമ്പത്തികമായ അഭിവൃദ്ധി ഉണ്ടായതോടെ ധാരാളം ഓടുമേഞ്ഞ വീടുകൾ ഉണ്ടാവാൻ തുടങ്ങി. ഗൾഫ് പണത്തിന്റെ സ്വാധീനവും ഉപഭോഗ സംസ്കാരവും കോൺക്രീറ്റ് കെട്ടിടങ്ങളുടെ വ്യാപകമായ തോതിലുള്ള നിർമ്മാണത്തിന് പ്രേരകമായി. കെട്ടിട നിർമ്മാണത്തിലെ ആർഭാടവും ധൂർത്തും നിരുൽസാഹപ്പെടുത്തേണ്ടതാണ്. വാസയോഗ്യമല്ലാത്ത വീടുകളിൽ പാർക്കുന്ന അനേകം കുടുംബങ്ങൾ നഗരാതിർത്തിയിൽ ഇപ്പോഴുമുണ്ട്.

നഗര സഭയുടെ കണക്കനുസരിച്ച് ഇപ്പോൾ 12269 വീടുകൾ പുനലൂർ മുനിസിപ്പാലറ്റിയിൽ ഉണ്ട്. ഇതിൽ 69.47% ഓടുമേഞ്ഞതും 14.87% ഓലമേഞ്ഞതും 15.66% കോൺക്രീറ്റ് ചെയ്തതുമായ വീടുകളാണ്. ഒന്നിൽ കൂടുതൽ നിലകളുള്ള 298 കെടിടങ്ങളുണ്ട്.

കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് നഗരാതിർത്തിയിലുണ്ടായ കെട്ടിടങ്ങളുടെ എണ്ണത്തിലുള്ള വർദ്ധന താഴെ കൊടുക്കുന്ന പട്ടികയിൽ നിന്ന് മനസ്സിലാക്കാം

മുനിസിപ്പാലിറ്റിയിലെ ഒരോവാർഡിലേയും യൂണിറ്റുകളുടെ എണ്ണവും ഇനം തിരിച്ചുള്ള വിവരവും പട്ടിക 2-ൽ കൊടുത്തിരിക്കുന്നു. ഇതിൽ കടമുറികളുടേയും മറ്റും എണ്ണവും ഉൾപ്പെടുന്നു. ഭവനനിർമ്മാണത്തിന് വായ്പയും സഹായവും നൽകുന്ന പദ്ധതികളും സ്ഥാപനങ്ങളും താഴെപ്പറയുന്നവയാണ്. 1. പുനലൂർ മുനിസിപ്പാലിറ്റിക്ക് സ്വന്തമായി ഇതേവരെ ഭവന നിർമ്മാണ പദ്ധതികൾ ഒന്നും നടപ്പാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ 5 വർഷത്തിനിടയ്ക്ക് ഭവന പുനരുദ്ധാരണ പദ്ധതിപ്രകാരം 1029പേർക്ക് 4000 രൂപവീതം സഹായധനം നൽകിയിട്ടുണ്ട്. കൂടാതെ ഷെൽറ്റർ അപ്ഗ്രഡേഷൻ പദ്ധതിപ്രകാരം 4000രൂപ വീതം 222 പേർക്കും ധനസഹായം നൽകിയിട്ടുണ്ട് 2.റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പാക്കിയിട്ടുള്ളവ .

1 പ്രളയ ബാധിതരായ ദുർബല വരുമാന വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി 92-പ്രകാരം 22 പേർക്ക് 15000 രൂപ വീതം നല്കി.

2 പുനരധിവാസ ഭവന നിർമ്മാണ പദ്ധതി

ഒന്നാം ഘട്ടം - 6000രൂപാ വീതം 43 പേർക്ക് നൽകി

II രണ്ടാം ഘട്ടം. 6000 രൂപാ വീതം 62 പേർക്ക് നല്കി.

മൂന്നാം ഘട്ടം -9000 രൂപാ വീതം 34 പേർക്ക് നൽകി.

നാലാം ഘട്ടം- 9000 രൂപാ വീതം 17 പേർക്ക് നല്കി.

3. കൈരളി ഭവനനിർമ്മാണ പദ്ധതി. 9552 രൂപാ വീതം 47 പേർക്ക് നൽകി.

പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി പുനലൂർ. ഭവന നിർമ്മാണ വായ്പകൾ അനുവദിക്കുകയും സൗജന്യ സാങ്കേതിക സഹായം നൽകുകയും ചെയ്യുന്നു.

1973 ൽ ആരംഭിച്ച ഈ സംഘത്തിന് 200,390 രൂപ സർക്കാർ ഗ്രാന്റും 1,49,10,320 രൂപ ആകെ പ്രവർത്തന മൂലധനവും ഉണ്ട്. 748 പേർക്കായി 2 കോടി 65 ലക്ഷം രൂപ വായ്പ്പ നൽകിയിട്ടുണ്ട്

4. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ബ്രാഞ്ചാഫീസ്,പത്തനാപുരം:

16.8.96 ൽ ആരംഭിച്ച ഈ സ്ഥാപനം വഴി പുനലൂർ നഗരവാസികൾക്ക് വിതരണം ചെയ്ത വായ്പ്പകൾ

5വർഷത്തെ വീടുകളുടെ കണക്ക്:-

| | | | | |
|---|---|---|---|---|
| വർഷം | 1991-'92 | 19'92-'93 | '93-'94 | '95-'96 |
| വീടുകളുടെ എണ്ണം | 11365 | 11525 | 11694 | 12269 |
| | | (+160) | (+169) | (+178) |

1 ദുർബല വരുമാന വിഭാഗം:

EWS-92 12500രൂപ വീതം 7 പേർക്ക്

EWS-95 26400രൂപ വീതം 39 "

2. താഴ്ന്ന വരുമാന വിഭാഗം:

LIG-95 55000 രൂപ വീതം 2 പേർക്ക്

ഇവയല്ലാതെ മറ്റു പല പുതിയ പദ്ധതികളും നില വിലുണ്ട്. 300000 രൂപ വരെ ഒരാൾക്ക് പരമാവധി വായ്പ നൽകാൻ വ്യവസ്ഥയുണ്ട്. വീട് പുതുക്കി പണിയുന്നതിനും വായ്പ കൊടുക്കുന്നുണ്ട്. വയ്ക്കുന്ന വീടിന്റെയും സ്ഥലത്തിന്റേയും ജാമ്യ ത്തിൽ 3 ഗഡുക്കളായാണ് വായ്പ നൽകുന്നത്. 10% പട്ടികജാതി പട്ടികവർഗ്ഗത്തിനുവേണ്ടി സംവരണം ചെയ്തിട്ടുണ്ട്.

5. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കുവേണ്ടിയുള്ള പ്രത്യേകഘടക പദ്ധതികൾ

പട്ടികവർഗവികസന വകുപ്പ് മുഖേന

1. ഭവന നിർമ്മാണം - 12550 രൂപ ഒരാൾക്ക്.

2. ഭൂമിയും വീടും ഇല്ലാത്തവർക്ക് രണ്ടിനും കൂടി - 19500 രൂപാ വീതം 4 പേർക്ക്.

3. വീടുകെട്ടി മേച്ചിൽ ഗ്രാന്റ് - 200 രൂപാവീതം 5 പേർക്ക്, 500 രൂപാ വീതം 5 പേർക്ക്.

4. വീട് അറ്റ കുറ്റ പണികൾക്ക് - 17200 രൂപാവീതം 7 പേർക്ക്, 500 രൂപാവീതം ഒരാൾക്ക്.

6. പട്ടികജാതി വികസന വകുപ്പ് മുഖേന:

1. പുരകെട്ടിമേച്ചിൽ

| | | | |
|---|---|---|---|
| 91-92 ൽ | -150 രൂപവീതം | 49 പേർക്ക് | |
| 92-93 ൽ | -150 രൂപവീതം | 36 പേർക്ക് | |
| 93-94 ൽ | -500 " | 7 | " |
| 94-95 ൽ | -500 " | 7 | " |
| 95-96 ൽ | -500 " | 3 | " |

2. സംയോജിത ഭവന നിർമ്മാണ പദ്ധതി

| | | | | |
|---|---|---|---|---|
| 91-92 ൽ | -8100 | രൂപവീതം | 3 | പേർക്ക്, |
| | 7100 | " | 3 | " |
| 92-93 ൽ | 12000 | " | 3 | " |
| | 11100 | " | 1 | " |
| 93-94 ൽ | 12000 | " | 2 | " |
| 94-95 ൽ | 12000 | " | 3 | " |
| 95-96 ൽ | ഇല്ല | | | |

3. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി 92-93

| | | | | |
|---|---|---|---|---|
| 92-93 ൽ | 14600 | രൂപ വീതം | 3 | പേർക്ക്, |
| | 17000 | " | 3 | " |
| 93-94 ൽ | 5000 | " | 1 | " |
| | 11000 | " | 1 | " |
| | 8000 | " | 1 | " |
| | 17000 | " | 1 | " |
| 94-95 ൽ | 20000 | " | 2 | " |
| | 17500 | " | 1 | " |

7. റബ്ബർ ബോർഡിന്റെ കീഴിൽ പ്ലാന്റേഷൻ ലേബർ ആക്ടിന്റെ പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് വിവിധ പദ്ധതികൾ പ്രകാരം സബ്സിഡിയോടുകൂടി ഭവന നിർമ്മാണത്തിനും അറ്റകുറ്റപ്പണിക്കും ധനസഹായം നൽകുന്നുണ്ട്.

8. കേരളസ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസ്സി സിന്റെ പുനലൂർ ബ്രാഞ്ചിൽ നിന്നും വീടുവയ്ക്കു ന്നതിനും റിപ്പയർ ചെയ്യുന്നതിനും വായ്പ നൽകിവ രുന്നുണ്ട്.

വാർഡ് സഭകളിൽ പാർപ്പിടപ്രശ്നം വളരെ ഗൗരവമായി ചർച്ചചെയ്യപ്പെട്ടു. വസ്തു ഉണ്ടെങ്കിലും വീടുണ്ടാക്കാൻ കഴിയാത്തവർ, വസ്തുവും വീടും ഇല്ലാത്തവർ, ഉള്ള വീട് അറ്റ കുറ്റപ്പണി ചെയ്ത് ഉപയോഗിക്കാൻ കഴിയാത്ത വർ ഇങ്ങനെ വീടുമായി ബന്ധപ്പെട്ട ഏറെ പരാധീനതകൾ മിക്കവാറും എല്ലാ വാർഡു സഭകളിലും മുഴങ്ങിക്കേട്ടു. ഇവരുടെ ആവശ്യ ങ്ങൾ പരിഹരിക്കാൻ സമയബന്ധിതമായ പരിപാടികൾക്ക് രൂപം കൊടുക്കേണ്ടിയിരി ക്കുന്നു.

താഴ്ന്ന വരുമാനക്കാരും പട്ടികജാതി പട്ടിക വർഗത്തിൽ പെട്ടവരുമായ ഭവന രഹിതർക്ക് വീട് വച്ചുകൊടുക്കണമെന്നും ഭവന നിർമ്മാണ വായ്പയുടെ വ്യവസ്ഥകൾ ഉദാരവൽക്കരിക്കയും ലഘൂകരിക്കുകയും ചെയ്യണമെന്നും എല്ലാ വാർഡുസഭകളും ശക്തിയായി ആവശ്യപ്പെട്ടി രിക്കുന്നു.

വാർഡുസഭയിൽ ഉയർന്നു വന്ന മറ്റു പ്രധാന ആവശ്യങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ് 1 ആരംപുന്ന: താഴ്ന്നവരുമാനക്കാർക്ക് ഉദാരമായ വ്യവസ്ഥയിൽ ഭവന നിർമ്മാണ വായ്പ നൽകണം.

2 കാഞ്ഞിരമല: പത്തേക്കർ പള്ളിയുടെ ഭാഗത്ത് മുനിസിപ്പാലിറ്റി വക സ്ഥലത്ത് വീട് ഇല്ലാത്തവർ ക്ക് വീട് വച്ച് കൊടുക്കണം. സ്വന്തമായി വീടില്ലാത്ത ധാരാളം പേർ കൂട്ടുകുടുംബമായി കഴിയുന്നു.

3. ചെമ്മന്തൂർ: ഓലപ്പുരകൾ ഓടുമേയാനും നിർധനരായ ഭവന രഹിതർക്ക് സബ്സിഡി സഹിതം ഭവന നിർമ്മാണ വായ്പ നൽകാനും നടപടി ആവശ്യമാണ്.

4. ചാലക്കോട് : ഭവന നിർമ്മാണ വായ്പ കിട്ടാനു

ള്ള കടമ്പകൾ ലഘൂകരിക്കണം.

5. പേപ്പർമിൽ: ഭവന രഹിതരായ 50 ഓളം പേർക്ക് വീടുണ്ടാക്കി നൽകണം.

6 മുസാവരി: ഈ വാർഡിൽ ഭവന നിർമ്മാണ സഹകരണ സംഘം ആരംഭിക്കണം. ലക്ഷം വീട് പദ്ധതി ആരംഭിക്കണം.

7. ശാസ്താംകോണം: വീടില്ലാത്ത 50 കുടുംബങ്ങൾ ഉണ്ട്. അവർക്ക് വീട് നൽകണം. ചെറ്റക്കുടിലുകളുള്ള ഹരിജൻ കോളനി ഉണ്ട്.

8. റെയിൽവ്വേ സ്റ്റേഷൻ: ചേരിപ്രദേശത്തിന്റെ അടിസ്ഥാനപരമായ മാറ്റത്തിനായി പുനരധിവാസ ക്രമീകരണം നടത്തുകയും പട്ടയം നൽകാവുന്നവർക്ക് പട്ടയം നൽകുകയും വേണം.

9. ഭരണിക്കാവ്: പഴയ വീടുകൾ പുനരുദ്ധരിക്കുന്നതിനും മേൽക്കൂര അറ്റകുറ്റപ്പണികൾ നടത്തുന്നതിനും വയറിംഗ് നടത്തുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടു മൂലം കഴിയാത്തവരുണ്ട്. അവർക്ക് ആ പണികൾ സൗജന്യമായി ചെയ്തുകൊടുക്കണം. പുറമേ നിന്ന് വന്ന് താമസിക്കുന്ന കുറഞ്ഞ ശമ്പളക്കാരായ സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണ പദ്ധതി വേണം. റെയിൽവേ പുറമ്പോക്കുകാർക്കുവേണ്ടി കോളനി പണിയണം.

10 മാർക്കറ്റ്: റെയിൽവേ യുടെ ആവശ്യത്തിൽ കഴിഞ്ഞുള്ള സ്ഥലം കണ്ടുപടിച്ച് റെയിൽവേ കുടികിടപ്പുകാർക്ക് പട്ടയം നൽകണം. വീടുവയ്ക്കാൻ ഭവന നിർമ്മാണ വായ്പയും സഹായവും നൽകണം. റെയിൽവ്വേ പുറമ്പോക്കിലെ താമസക്കാർക്ക് പുനരധിവാസത്തിന് സൗകര്യം ചെയ്തുകൊടുക്കണം.

11. കോളേജ്: ഓലമേഞ്ഞ വീടുകൾ ഓടുമേയുന്നതിനും, വൈദ്യുതീകരിച്ചിട്ടില്ലാത്ത പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിനും ധനസഹായം നൽകണം.

12 കോമളം കുന്ന്: വീടും പുരയിടവും ഇല്ലാത്ത പട്ടികജാതിക്കാരുണ്ട്. അവർക്കം വീടും, പുരമേയാൻ നിവൃർത്തി ഇല്ലാത്തവർക്ക് അതിനുള്ള ധനസഹായവും വേണം.

13. കച്ചേരി: ഭവന രഹിതരും വസ്തു ഇല്ലാത്തവരുമായി പലരും ഉണ്ട്. അവർക്ക് വീട് നൽകണം. 92 ലെ വെള്ളപ്പൊക്കത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് വച്ച് കൊടുക്കണം. 80 വർഷമായി കരമൊടുക്കുന്നവർക്ക് പട്ടയം ഇല്ല. പട്ടയം കൊടുക്കണം. കല്ലടയാറ്റിലെ മണൽ വാരൽ മൂലം കരകളിലെ വീടുകൾ ഇടിയുന്നതിന് പരിഹാരം കാണണം.

14. തൊളിക്കോട്: ഭിത്തിയും വാതിലും മേൽക്കൂരയും തകരാറിലായ 9 വീടുകൾക്ക് 25000 രൂപവീതം കുറഞ്ഞ പലിശയ്ക്ക് ലോൺ നൽകണം. ഓടുമേയാനുള്ള 18 വീടുകൾക്ക് 5000 രൂപ വീതം നൽകി ഓടുമേഞ്ഞാൽ ഈ വാർഡിൽ ഓലകെട്ടിയ വീടുകളേ ഇല്ലാതാകും വൈദ്യുതീകരിക്കാനുള്ള 12 വീടുകൾക്ക് 7000 രൂപാവീതം വായ്പ നൽകി സഹായിക്കണം. വയറിംഗ് നടത്തിയിട്ടിരിക്കുന്ന 8 വീടുകൾക്ക് സപ്ലേ നൽകണം.

15 പരവട്ടം: സ്വന്തമായി വീടോ വസ്തുവോ ഇല്ലാത്തവർക്ക് വീട് വച്ച് കൊടുക്കണം.

16. മണിയാർ: വാർഡിലെ ധാരാളം പാർപ്പിടങ്ങൾ കുടിലുകളാണ്. മിച്ച ഭൂമിയുണ്ട്. അത് കോളനിയായി അഫിലിയേറ്റ് ചെയ്യണം. വീടുകൾ വൈദ്യുതീകരിക്കണം.

17. അഷ്ടമംഗലം: സ്വന്തമായി വീടില്ലാത്ത 30 പാവപ്പെട്ടവർക്ക് വീട് നൽകണം

18. കക്കോട്: ധാരാളം ഭവനരഹിതരുണ്ട്. അപകടാവസ്ഥയിൽ നിൽക്കുന്ന വീടുകളുണ്ട്. അവയുടെ കേടുപാടുകൾ തീർക്കണം. ഭവന നിർമ്മാണ വായ്പക്ക് അപേക്ഷിച്ചിട്ട് ഒരുവർഷമായി കാത്തിരിക്കുന്നവരുണ്ട്. വിവിധ പാർപ്പിട സഹായ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പദ്ധതികൾ വേണം.

19. ഐക്കരക്കോണം: സ്വന്തമായി വീടില്ലാത്തതിനാൽ ഒരേ വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങൾ താമസിക്കുന്നുണ്ട്. സ്ഥലവും വീടും ഇല്ലാത്തവർ ചുരുക്കമായെങ്കിലും ഉണ്ട്. കിണറും കക്കൂസും ഇല്ലാത്ത വീടുകൾ ഉണ്ട്. ഇഞ്ചത്തടം ഭാഗത്ത് എട്ടേക്കർ വരുന്ന ഭൂമി ഏറ്റെടുത്ത് ലക്ഷം വീടുപോലുള്ള പദ്ധതി ആവിഷ്കരിക്കണം.

20. വാളക്കോട്: സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത ഇരുപതോളം പേരുണ്ട്. അവർക്ക് വീട് വേണം.

21. ഗ്രേസിംഗ് ബ്ലോക്ക്: വീടും വസ്തുവും സ്വന്തമായി ഇല്ലാത്ത ധാരാളം പേരുണ്ട്. ഉള്ള വീടുകളിൽ പലതും വാസയോഗ്യമല്ല.

22. പ്ലാച്ചേരി : നാൽപതോളം കുടുംബങ്ങൾ കുടിലുകളിലാണ് താമസിക്കുന്നത്. അവർക്ക് വീട് പുതുക്കി വയ്ക്കാൻ ധനസഹായം വേണം. വെള്ളപ്പൊക്കത്തിൽ വീട് നശിച്ചുപോകുന്നവർക്ക് പുനർ നിർമാണത്തിന് ഊർജ്ജിതമായ നടപടി വേണം.

23. കാരയാക്കാട്: 30% പേർ പട്ടയമില്ലാത്തവരാണ്. ഓടിടാവുന്ന ഓലക്കെട്ടിടങ്ങൾക്ക് അതിനുള്ള ധനസഹായം ആവശ്യമാണ്.

റോഡ്-റെയിൽവേ പുറമ്പോക്കുകൾക്ക് പട്ടയം നൽകണം.

24. കലയനാട്: ധാരാളം ഭൂരഹിതരും ഭവന രഹിനരഹിതരുമുണ്ട്. ഭവന രഹിതരായ 50 കർഷക തൊഴിലാളി കുടുംബങ്ങൾ ഉണ്ട്.

25. തുമ്പോട്: ഹരിജനങ്ങളുടെ ഓല മേഞ്ഞ വീട് ഓടിടാൻ ധനസഹായം നൽകണം.

26. ഹൈസ്കൂൾ: വീടോ വസ്തുവോ ഇല്ലാത്ത വർക്ക് അവ ലഭ്യമാക്കണം.

27. നെല്ലിപ്പള്ളി: പട്ടികജാതി പട്ടികവർഗക്കാരിൽ വസ്തുവും വീടും ഇല്ലാത്തവരുണ്ട്. വയൽ നികത്തി കരയാക്കുകയും അവിടെ വീട് വയ്ക്കുകയും ചെയ്യുന്ന പ്രവണത ഇവിടെ കണ്ടുവരുന്നു.

28. വിളക്കുവട്ടം: വീട് വയ്ക്കാനുള്ള വായ്പയ്ക്കും ധനസഹായത്തിനുമുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ഉദാരമാക്കുകയും ചെയ്യണം. ഭവന നിർമ്മാണ വായ്പവാങ്ങി മറ്റുകാര്യങ്ങൾക്കായി ധൂർത്തടിക്കുന്നുണ്ട്. ഇത് തടയണം. 25000 രൂപയിൽ താഴെ നിർമ്മാണച്ചെലവ് വരുന്ന വീടുകളെ ലൈസൻസ് ഫീസിൽ നിന്നും ഒഴിവാക്കണം. വായ്പാ ബാദ്ധ്യത തീരും വരെ വീടുകളെ നികുതിയിൽ നിന്ന് ഒഴിവാക്കണം. കൈരളി ഭവന പദ്ധതി പ്രകാരമുള്ള ആധാരങ്ങൾക്ക് തീർപ്പ് കൽപ്പിക്കണം.

## പ്രശ്നങ്ങൾ

പുനലൂർ നഗരസഭയിൽ 28 വാർഡുകളിലായി ആകെ കടയും സ്ഥാപനങ്ങളും ഉൾപ്പെടെ 12269 വീടുകളുണ്ട്. ഇതിൽ 362 വീടുകൾ റെയിൽവേ പുറമ്പോക്കിലും 485 വീടുകൾ റോഡു പുറമ്പോക്കിലുമാണ്. ഇവയിൽ ബഹുഭൂരിപക്ഷവും കുടിലുകളാണ്. കൊല്ലം ചെങ്കോട്ട മീറ്റർ ഗേജ് റെയിൽവേ ലൈൻ ബ്രോഡ്ഗേജ് ആക്കുന്ന പദ്ധതി നടപ്പാക്കുമ്പോൾ അനിവാര്യമായി ഒഴിപ്പിക്കപ്പെടേണ്ടവരുണ്ട്. അതുപോലെ റോഡുകളുടെ വികസനം വരുന്ന മുറയ്ക്ക് കുറേ വീട്ടുകാരെ ഒഴിപ്പിക്കേണ്ട ആവശ്യവും വരും. ഇത്തരത്തിൽ ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നവർ മേൽപറഞ്ഞ രണ്ടു വിഭാഗത്തിലുമുണ്ട്.

കല്ലടയാറ്റിന്റെ ഇരുകരകളിലുമുള്ള ധാരാളം വീടുകൾക്ക് വെള്ളപ്പൊക്കത്തിന്റെയും മണൽ വാരലിന്റേയും മണ്ണൊലിപ്പിന്റേയും ഫലമായി കര ഇടിയുന്നതുമൂലം ബലക്ഷയം ഉണ്ടാകുന്നു. ചെറിയ വീടുകൾ ഒലിച്ചുപൊയ സംഭവങ്ങളും ഉണ്ട്.

ഒരു വിഭാഗം അളുകൾക്ക് ഇന്ന് ഭവനനിർമ്മാണം ആവശ്യമെന്നതിലുപരി ആഡംബരമായി തീർന്നിട്ടുണ്ട്. ഇത് സാമ്പത്തിക ദുർവ്യയം ഉണ്ടാക്കുകയും പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുകയും ചെയ്യുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധന, വിദഗ്ധ ജോലിക്കാരുടെ കുറവ്, വായ്പ ലഭിക്കാനുള്ള കാലതാമസം എന്നിവ സാധാരണക്കാർക്ക് ഭവന നിർമ്മാണത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന ഘടകങ്ങളാണ്.

വീടില്ലാത്തവർക്കും അന്യസ്ഥലങ്ങളിൽ നിന്നു വന്നു താമസിക്കുന്ന ഉദ്യോഗസ്ഥർക്കും വാടകയ്ക്ക് വീട് കിട്ടാനുള്ള ബുദ്ധിമുട്ടേറെയാണ്.

ഭവന രഹിതരായ ധാരാളം ആളുകൾ പുനലൂർ നഗരത്തിലുണ്ട്. അതിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് വയ്ക്കുന്നതിന് സമയബന്ധിതവും സമഗ്രവുമായ പദ്ധതികൾ ആവശ്യമാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1. ചേരിപുറമ്പോക്കു നിവാസികളെ പുനരധിവസിപ്പിക്കാൻ സമഗ്രമായ പദ്ധതി നടപ്പിലാക്കുക. ഇതിന് ഭവന നിർമാണ വായ്പാ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കാവുന്നതാണ്.
2. കല്ലടയാറ്റിലെ മണൽ വാരൽ തടയുകയും ആവശ്യമുള്ള സ്ഥലത്ത് റീടൈനിംഗ് വാൾ നിർമ്മിക്കുകയും ചെയ്യുക.
3. തൊഴിലില്ലാത്തവർക്ക് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് പരിശീലനം നൽകാൻ പദ്ധതി ഉണ്ടാകണം.
4. ചെലവുകുറഞ്ഞ കെട്ടിടനിർമ്മാണ രീതികൾക്കായി ഹഡ്കോ, നിർമ്മിതി കേന്ദ്രം മുതലായ സ്ഥാപനങ്ങളുടെ ഉപദേശവും സഹായവും ലഭ്യമാക്കുക. ഈ സ്ഥാപനങ്ങളുടെ ശാഖ പുനലൂരിൽ ആരംഭിക്കുക.
5. ചെലവ് കുറഞ്ഞതും തദ്ദേശീയവുമായ സാമഗ്രികൾ ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം പ്രചരിപ്പിക്കുക.
6. ദുർബല വിഭാഗക്കാരുടേയും താഴ്ന്ന വരുമാനക്കാരുടേയും ഓലപ്പുരകൾ കെട്ടിമേയാനും റിപ്പയർ ചെയ്യാനും ഓട്മേയാനുമുള്ള സഹായം ലഭ്യമാക്കുക.
7. ഹൗസിംഗ് സൊസൈറ്റികളുടെ ടാർജറ്റ്

ഇരട്ടിയായി വരദ്ധിപ്പിക്കുക. മുനിസിപ്പാലിറ്റി സ്വന്തമായി ഒരു ഭവന നിർമാണ സ്കിം നടപ്പിലാക്കുക.

8. സാമൂഹ്യസന്നദ്ധ സംഘടനകളെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ പങ്കാളികളാവാൻ പ്രേരിപ്പിക്കുക.

9. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കുന്നതിൽ സിവിൽസപ്ലൈസ് സ്ഥാപനങ്ങൾ പോലെയുള്ള സംവിധാനം സർക്കാർ ഉടമസ്ഥതയിൽ ആരംഭിക്കണം.

10. 5 ലക്ഷം രൂപയിൽ കൂടുതൽ ചെലവുവരുന്ന വീടുകൾക്ക് വർദ്ധിച്ച ടാക്സ് ഏർപ്പെടുത്തുക.

11. ഭവന നിർമ്മാണ വായ്പ ലഭിക്കാനുള്ള നടപടി ക്രമങ്ങളും ജാമ്യവ്യവസ്ഥയും ലഘൂകരിക്കുകയും ഉദാരമാക്കുകയും ചെയ്യുക.

12. അൺടൈഡ് ഫണ്ടിൽ നിന്നും സ്വരൂപിക്കാവുന്ന പരമാവധി തുക സംഭരിച്ച് എല്ലാ വാർഡുകളിലേയും കോളനികളിൽ പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാം.

13. വായ്പയുടെ വരുമാന പരിധി കാലോചിതമായി ഉയർത്തുക.

14. മുനിസിപ്പാലറ്റിയുടെ അധികാര പരിധിയിൽ വരുന്ന ഓഫീസുകൾക്ക് അനുബന്ധമായി ക്വാർട്ടേഴ്സുകൾ പണിയുക.

മുനിസിപ്പാലിറ്റിയിലെ വീടുകളുടെ ഇനം തിരിച്ചുള്ള വിവരം

| വാർഡ് നമ്പർ | ആകെ വീടുകൾ | ഒന്നിലധികം നിലയുള്ളവ | ഒറ്റ നില യുള്ളവ | ഓടുമേ ഞ്ഞവ | ഓല കെട്ടിയ തും |
|---|---|---|---|---|---|
| 1 | 448 | 3 | 52 | 312 | 81 |
| 2 | 369 | - | 14 | 250 | 105 |
| 3 | 446 | 23 | 38 | 315 | 70 |
| 4 | 270 | 4 | 11 | 187 | 68 |
| 5 | 411 | 4 | 25 | 317 | 65 |
| 6 | 350 | 7 | 43 | 240 | 60 |
| 7 | 389 | 5 | 37 | 284 | 63 |
| 8 | 429 | 10 | 19 | 338 | 62 |
| 9 | 441 | 23 | 60 | 295 | 63 |
| 10 | 806 | 23 | 270 | 434 | 79 |
| 11 | 561 | 12 | 98 | 399 | 52 |
| 12 | 311 | 7 | 16 | 244 | 44 |
| 13 | 928 | 61 | 365 | 456 | 46 |
| 14 | 423 | 36 | 57 | 309 | 21 |
| 15 | 390 | 4 | 29 | 289 | 68 |
| 16 | 429 | 6 | 44 | 282 | 97 |
| 17 | 385 | - | 15 | 320 | 50 |
| 18 | 390 | - | 32 | 292 | 66 |
| 19 | 438 | 4 | 33 | 364 | 37 |
| 20 | 543 | 39 | 78 | 368 | 58 |
| 21 | 360 | 1 | 22 | 321 | 16 |
| 22 | 334 | - | 5 | 264 | 65 |
| 23 | 496 | 4 | 52 | 315 | 125 |
| 24 | 326 | 1 | 49 | 209 | 67 |
| 25 | 399 | 6 | 29 | 308 | 56 |
| 26 | 427 | 14 | 54 | 300 | 59 |
| 27 | 364 | 1 | 64 | 222 | 77 |
| 28 | 306 | - | 12 | 289 | 105 |
| | 12269 | 298 | 1623 | 8523 | 1825 |

# ക്ഷേമപ്രവർത്തനങ്ങൾ

നാടിന്റെയും നാട്ടാരുടേയും ക്ഷേമൈശ്വര്യങ്ങൾ ഉന്നംവെച്ചുകൊണ്ട് നടപ്പിലാക്കിയ എട്ട് പഞ്ചവത്സര പദ്ധതികൾ കഴിഞ്ഞു. ഇവയൊന്നും ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിയില്ല എന്ന വസ്തുത പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ളതാണ്. വന്നതും, പോയതും നിലവിലിരിക്കുന്നതുമായ പല ക്ഷേമപദ്ധതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ആരെ ഉദ്ദേശിച്ച് ഈ പരിപാടികൾ നടപ്പിലാക്കിയോ ആ വിഭാഗക്കാർക്ക് പൂർണ്ണമായും ഇവ ഉപയോഗപ്പെടുകയോ, ഉപയുക്തമാക്കാൻ കഴിയുകയോ ചെയ്തിട്ടില്ല എന്ന കാര്യം നിസ്തർക്കമാണ്.

ജീവിക്കാൻ അടിസ്ഥാനസൗകര്യങ്ങളോ, വരുമാനമോ ഇല്ലാത്തവർ, തൊഴിൽ രഹിതർ വികലാംഗർ, നിത്യരോഗികൾ ഇങ്ങനെ ജീവിതത്തിന്റെ താഴെക്കിടയിലുള്ള, സഹായം അർഹിക്കുന്ന നല്ലൊരുവിഭാഗത്തിൽപ്പെട്ട ഏറെപ്പേർക്കും സർക്കാരിന്റെ ഇത്തരം പദ്ധതികളെപ്പറ്റി വിവരമില്ല. അവർക്ക് വേണ്ട വിവരം നൽകാനും വഴികാട്ടിയായി പ്രവർത്തിക്കാനും സാമൂഹ്യപ്രവർത്തകർക്കും ജനപ്രതിനിധികൾക്കും സന്നദ്ധസംഘടനകൾക്കും സർക്കാർ ജീവനക്കാർക്കും കഴിയുമെങ്കിൽ ഈ കുറവ് ഒരളവുവരെ പരിഹരിക്കാം.

ദാരിദ്ര്യരേഖ മാനദണ്ഡമാക്കി പുനലൂർ നഗരത്തിലെ ജനങ്ങളെ ഒരു തരംതിരിവിന് വിധേയരാക്കിയതായി രേഖകളൊന്നും കാണുന്നില്ല.

മലയോര കാർഷിക മേഖലയായ ഈ പട്ടണത്തിലെ ദരിദ്രരുടേയും അവശത എനുഭവിക്കുന്നവരുടേയും എണ്ണം മറ്റുള്ള പ്രദേശങ്ങളിൽ നിന്ന് വ്യത്യസ്തമല്ല. എന്നാൽ റെയിൽവേ, റേഡ്പുറമ്പോക്കുകൾ അതിനോടനുബന്ധിച്ചുള്ള ചേരിപ്രദേശങ്ങൾ ഇവയിൽ താമസിക്കുന്ന ധാരാളം ദരിദ്രർ പുനലൂരിൽ ഉണ്ട്. ഇതിനുപുറമെ തമിഴ്നാട്ടിൽ നിന്ന് വരുന്ന യാചകരുടേയും ചില്ലറ പണികൾ ചെയ്യുന്നവരുടേയും ഒരു സ്ഥിരം ആവാസ കേന്ദ്രമായിട്ടുണ്ട് പുനലൂർ.

**മുനിസിപ്പൽ തലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ.**

1. അർബൻ ബേസിക് സർവ്വീസസ് ഫോർ ദി

പൂവർ (UBSP)

പാവപ്പെട്ടവരെ പ്രത്യേകിച്ച് നഗരവാസികളായ ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവരും, അവഗണിക്കപ്പെട്ടവരും അവശരും ദരിദ്രരുമായ ജനങ്ങളെ സ്വാശ്രയത്തിലേക്ക് നയിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള UBSP പരിപാടികൾ പുനലൂർ മുനിസിപ്പാലറ്റിയുലും നടപ്പിലാക്കിവരുന്നു.

സാമൂഹ്യക്ഷേമ വകുപ്പു വഴിയും മറ്റ് വകുപ്പുകൾ വഴിയും വിതരണം ചെയ്ത് കൊണ്ടിരിക്കുന്ന സഹായപദ്ധതികൾ താഴെ പട്ടികയിൽ കെടുത്തിരിക്കുന്നു

| ക്രമ നമ്പർ | സഹായത്തിന്റെഇനം | എത്ര പേർക്ക് ലഭിക്കുന്നു | ഒരാൾക്ക് ലഭിക്കുന്ന തുക |
|---|---|---|---|
| 1. | അഗതി പെൻഷൻ | - | - |
| 2. | വിധവാ പെൻഷൻ | 156 | 100 |
| 3. | വികലാംഗ പെൻഷൻ | 76 | 100 |
| 4. | വാർദ്ധ്യകൃപെൻഷൻ | 55 | 100 |
| 5. | അവശകലാകാര/ സാഹിത്യകാര പെൻഷൻ | - | - |
| 6. | അവശകായിക താര പെൻഷൻ | 1 | 100 |
| 7. | ക്ഷയരേഗികൾ പെൻഷൻ | 49 | 50 |
| 8. | കുഷ്ടരോഗികൾ പെൻഷൻ | 11 | 115 |
| 9. | കാൻസർ രോഗി പെൻഷൻ | 62 | 115 |
| 10. | കർഷകതെഴിലാളി പെൻഷൻ | | |
| 11. | തൊഴിലില്ലായ്മ വേതനം | 728 | 70 |

2. കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി (C.D.S)

ദുർബല വിഭാഗത്തിന്റെ ഉന്നമനത്തിനായി അവരുടെ പങ്കാളിത്തത്തോടെ നടപ്പാക്കിവരുന്ന ഈ പദ്ധതിയുടെ ഭാഗമായി വിവിധവാർഡുകളിലായി നൂറ് "അയൽ കൂട്ടസമതി" കളും പത്ത് ഏരിയ ഡവലപ്മെന്റ സൊസൈറ്റികളും പ്രവർത്തിക്കുന്നു. നൂറോളം സന്നദ്ധപ്രവർത്തകർ (റെസിഡന്റ് കമ്യൂിറ്റി വാളണ്ടിയേഴ്സ്) ഈ മേഖലയിലും, മർസിപ്പാലറ്റിയുടെ മറ്റു വിവിധപ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തിച്ചുവരുന്നു. അയൽകൂട്ടസമതിയിലെ നിർദ്ദനരായ കിടുംബാഗങ്ങളിൽ കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക, വീടുകളുടെ അവസ്ഥകണക്കിലെടുത്ത് മേൽക്കൂര ഓടുമേയുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക മുതലായക്ഷേമപ്രവർത്തികൾ നടപ്പാക്കി വരുന്നു.

3. രണ്ടുവനിതകൾ ഉൾപ്പെടെ 36 പേർക്ക് ഡ്രൈവിംങ്ങ് പരിശീലനം നൽകിയിട്ടുണ്ട്. ഈ ഇനത്തിൽ വകയിരുത്തിയിരുന്ന 43,200 രൂപായും ചെലവഴിച്ചിട്ടുണ്ട്.

മേൽ വിവരിച്ചവയല്ലാതെ ഓരോ വകുപ്പുകളുടേയും പരിധിയിൽ വരുന്ന മറ്റുപല ക്ഷേമപ്രവർത്തനങ്ങളും നിലവിലുണ്ട്. സാമൂഹ്യക്ഷേമവകുപ്പ് മുഖാന്തിരവും പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പ് മുഖാന്തിരവും IRDP, ട്രൈസം, TSP, SCP, പദ്ധതികൾ പ്രകാരവും ഒക്കെ ഇത്തരത്തിലുള്ള നിരവധി പരിപാടികളുണ്ട്.

ഈ വിഷയത്തെപ്പറ്റി വാർഡുലതത്തിൽ നടന്ന ചർച്ചകളുടെ രത്നച്ചുരുക്കം താഴെ കൊടുക്കുന്നു.

**അംഗൻവാടി/ബാലവാടി:** 18 വാർഡുകളിലായി 20 അംഗൻവാടികളുണ്ട്. എന്നാൽ അത് മതിയാകുന്നില്ല എന്നും വീണ്ടും ഓരോ അംഗൻവാടി കൂടിവേണം എന്നും വാർഡുസഭകൾ ആവശ്യപ്പെടുന്നു. നിലവിലുള്ള അംഗൻവാടികൾക്ക് മിക്കതിനും സ്വന്തം കെട്ടിടമോ സാധനസാമഗ്രികളോ ഇല്ല എന്ന കുറവും ഉണ്ട്.

**മഹിളാസമാജം:** പകുതിയോളം വാർഡുകളിൽ മാത്രമേ മഹിളാസമാജങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. മാറ്റുള്ള വാർഡുകളിലും മഹിളാസമാജം വേണമെന്ന ആവശ്യം പൊതുവേ ഉയർന്നു കണ്ടില്ല.

**പെൻഷൻ:** അർഹതയുള്ള ആളുകൾക്കെല്ലാം പെൻഷനോ ധനസഹായമോ കിട്ടുന്നില്ല എന്നാണ് എല്ലാവാർഡുകാരും പരാതിപ്പെടുന്നത്. ഇതിന് വിവിധ കാരണങ്ങളും നിരത്തുകയുണ്ടായി. ജനങ്ങൾക്ക് ഈ ക്ഷേമപദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ, അപേക്ഷിക്കാനും അനുവദിക്കാനുമുള്ള ക്ലിഷ്ടമായ സർക്കാർ നിബന്ധനകൾ, സർക്കാർ ഉദ്യോഗസ്ഥന്മരുടെ സഹകരണമില്ലായ്മ ഇവയൊക്കെയാണ് ചുണ്ടിക്കാണിക്കപ്പെട്ട കടമ്പകൾ. പെൻഷൻ അനുവദിച്ചുകിട്ടിയ പലർക്കും കൃത്യമായി അത് കിട്ടാറില്ല എന്നും കാണുന്നു.

വൃദ്ധഭവനം: പുനലൂർ നഗരത്തിലെ ഒട്ടുമുക്കാൽ വാർഡുകാരും ആവശ്യപ്പെട്ട ഒരു കാര്യമാണ്. വൃദ്ധഭവനം വേണം എന്നത്. അതാത് വാർഡിൽ തന്നെ വേണമെന്നും പൊതുവായി മുനിസിപ്പാലിറ്റിക്ക് ഒന്നുമതി എന്നും പാഠഭേദം ഉണ്ടെന്നുമാത്രം. ഒരു വാർഡ്സഭയിൽ ഒരു വന്ധ്യവയോധികൻ തന്നെയാണ് ഈ ആവശ്യം ഉന്നയിച്ചിരിക്കുന്നത് ! യൂറോപ്പിലേയും അമേരിക്കയിലേയും വികസിതരാജ്യങ്ങളിൽ പ്രചുരപ്രചാരം സിദ്ധിച്ച "വൃദ്ധസദനം" ഇവിടെയും വേണമെന്ന്, ഗ്രാമപ്രദേശമെന്ന് പറയാവുന്ന പുനലൂരിലെ നഗരവാസികൾ ആവശ്യപ്പെടുന്നത് പഠനവിധേയമാക്കേണ്ട വിഷയമാണ്.

മറ്റുകാര്യങ്ങൾ: മിനിമം കൂലി ലഭ്യമാക്കുക, വ്യാജച്ചാരായം നിർത്തലാക്കുക (പരവട്ടം വാർഡ്) ചാലക്കോട് റേഡിയോ കിയോസ്ക് റോഡിന് അനുവദിച്ച ഒരു ലക്ഷം രൂപ സ്റ്റേചെയ്തത് പിൻവലിക്കുക, ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കുക,(മുസാവരി വാർഡ്) ദീർഘനാളായി കൈവശമിരിക്കുന്ന വസ്തുക്കൾക്ക് പട്ടയം നൽകുക (കച്ചേരി, തുമ്പോട് വാർഡുകൾ) ക്ഷേമപെൻഷന് അർഹരായിട്ടുള്ള ഇരുപത്തഞ്ചുപേരുടെ പെൻഷൻ അനുവദിക്കുക (മണിയാർവാർഡ്), പട്ടിതജാതിക്കാരുൾപ്പെടെയുള്ള നിർധനരായവരുടെ മക്കൾക്ക് വിവാഹധന സഹായം നൽകുക (കക്കോട് വാർഡ്) ഇങ്ങനെ നാനാമേഖലകളേയും സ്പർശിച്ചുകൊണ്ടുള്ള ചർച്ചകൾ ഓരോ വാർഡ് സഭകളിലും നടന്നു.

## പട്ടിക

യു.ബി.എസ്.വി. പദ്ധതിയനുസരിച്ച് 1990_91, 91_92, 95_93, 93_94 എന്നീ വർഷങ്ങളിൽ അനുവദിച്ച തുകയും, ചെലവായതികയും, നടപ്പാക്കിയ പദ്ധതികളടക്കം താഴെകെടുത്തിരിക്കുന്നു.

### 1990–1991

ആകെ അനുവദിച്ച തുക _ 267200.00

ചെലവുകൾ ഇനവിവരങ്ങൾ

| | | |
|---|---|---|
| 1. | മുനിസിപ്പൽ ജീവനക്കാർക്കും, അഗനവാടി പ്രവർത്തകർക്കും എൻ.ജി.ഒ മാർക്കും പരിശീലനം നൽകിയതിന് (രണ്ടുദിവസം 100 പേർക്ക്) | 18824.00 |
| 2. | ആർ.സി.വി. (100 പേർക്ക്)ഠൗൺ അടിസ്ഥാനത്തിൽ പരിശീലനം നടത്തിയതിന് | 7480.00 |
| 3. | ആർ.സി.വി. മാർക്ക് വാർഡുതല പരിശീലനം നൽകിയതിന് (100പേർക്ക്) | 9800 |
| 4. | രണ്ടുകിണറുകൾ കുഴിക്കുന്നതിനും, കുടിവെള്ളത്തിനും വേണ്ടി കിണറുകൾ അറ്റകുറ്റപ്പണികൾ ചെയ്തതിന് ചെലവ് | 25987.00 |
| 5. | അയൽപക്ക സമൂഹരൂപീകരണം | 18,400.00 |
| 6. | അംഗനവാടികൾക്ക് പഠനോപകരണങ്ങളുംമറ്റുപകരണങ്ങളും കൊടുത്തതിന് ചെലവ് | 31,500 |
| 7. | ആറു കേന്ദ്രങ്ങളിൽ മെഡിക്കൽ ക്യാമ്പ്നടത്തിയതിന് ചിലവ് | 20,000.00 |
| 8. | പരസ്യങ്ങൾക്ക് വേണ്ടി ഭിത്തി പെയ്ന്റ്ചെയ്തതിനു ചിലവ് | 8000 |
| 9. | ടി.വി., വി.സി.ആർ ഇവ വാങ്ങിയതിന് | 43,299 |
| 10. | പരിസരശുചീകരണവും, പൊതു കക്കൂസുംനിർമ്മിച്ചതിനുള്ള ചെലവ് | 25845 |
| 11. | ഡസ്റ്റ്ബിൻ സ്ഥാപിച്ചതിന്റെ ചെലവ് | 33000 |
| | ആകെ | 267200 |

ബാക്കി ഇല്ല

### 1991_92

| | | |
|---|---|---|
| 1. | 200 R.C.V മാർക്ക് ടൗൺ തല പരിശീലനം നടത്തിയതിന്റെ ചെലവ് | 11200 |
| 2. | എൻ.ജി.ഒ മാർ, മുനിസിപ്പൽ കൗൺസിലൻമാർ, ജീവനക്കാർ ഇവർക്ക് ഒരു ദിവസത്തെ പരിശീലനം കൊടുത്തതിന്റെ ചെലവ് | 8350 |
| 3. | 28 വാർഡുകളിലും ഗ്രൂപ്പ് ചർച്ച നടത്തിയതിന്റെ ചെലവ് | 10500 |
| 4. | ഏഴു ചപ്പുചവറു വീപ്പകൾ കൊടുത്തതിനുംപരിസര ശുചീകരണം നടത്തുന്നതിനും ചെലവ് | 2800 |
| 5. | 10 കക്കൂസുകൾ നിർമ്മിച്ചതിന് | 20000 |
| 6. | 50 മേൽക്കൂരകൾ മാറ്റിയതിന് | 15000 |
| 7. | അടുക്കളത്തോട്ടം 100 എണ്ണം ആരംഭിച്ചതിന് ചെലവ് | 7500 |
| 8. | കുടിവെള്ളസംവിധാനത്തിനുവേണ്ടി 10 കിണറുകളുടെ ആഴം വർദ്ധിപ്പിച്ചതിന്റെ ചെലവ് | 10400 |
| 9. | ഡ്രെയിനേജ് സംവിധാനം | 9250 |
| 10. | കുട്ടികളുടെ വായനശാലയ്ക്ക് പുസ്തകംകൊടത്തതിന്റെ ചെലവ് | 5000 |
| | ആകെ | 100000 |
| | ആകെ വരവ് | 100000 |

ബാക്കി ഇല്ല

**1992-1993**

ആകെ വരവ് 2,43,850.00

**ചെലവുകൾ**

| | | |
|---|---|---|
| 1. | ബഞ്ച്മാർക്ക് സർവ്വേ നടത്തിയതിന് ചെലവ്(ലയോള എക്സ്ടെൻഷൻ സർവ്വീസസ് ആണ്പരിപാടി നടത്തിയത്) | 21143 |
| 2. | ആറുകേന്ദ്രങ്ങളിൽ വൈദ്യപരി ശോധനാക്യാമ്പ്നടത്തിയതിനു ചെലവ് | 27107 |
| 3. | വാട്ടർ ടാങ്ക് കൊടുത്തതിന് ചെലവ് | 4000 |
| 4. | 38 കക്കൂസുകൾ നിർമ്മിച്ചതിന് ചെലവ് | 76000 |
| 5. | 50 വീടുകളുടെ മേൽക്കൂര മാറ്റിയതിനുചെലവ് | 100000 |
| 6. | 100 ആർ.സി.വി മാർക്ക് പരിശീലനം നടത്തിയതിന്റെ ചെലവ് | 15600 |
| | ആകെ | 243850 |
| | ബാക്കി ഇല്ല | |

**1993_94**

| | | |
|---|---|---|
| | ആകെ വരവ് | 400900 |
| 1. | ആരോഗ്യ വിദ്യാഭ്യാസക്യാമ്പ് | 5500 |
| 2. | 10 കേന്ദ്രങ്ങളിൽ വൈദ്യപരി ശോധനാക്യാമ്പുകൾ നടത്തിയതിനു ചെലവ് | 45000 |
| 3. | 10 കിണറുകളുടെ ആഴം കൂട്ടിയതിനും വൃത്തിയാക്കിയതിനും ചെലവ് | 15000 |
| 4. | 10 കക്കൂസുകൾ നിർമ്മിച്ചതിനും, പരിസര ശുചീകരണത്തിനും ചെലവായതുക | 150000 |
| 5. | ഹൗസിങ്ങ്_മേൽക്കൂര ഓലമാറ്റി ഓടിട്ടതിന് | 170000 |
| 6. | 100 ആർ.സി.വി. മാർക്ക് പരിശീലനം കൊടുത്തതിന് ചെലവ് | 15400 |
| | ആകെ | 400900 |
| | ബാക്കി ഇല്ല | |

കുറിപ്പ്: യു.ബി.എസ്.പി. പദ്ധതിപ്രകാരം 1991-92 വർഷം മുതൽ 1994-95 വർഷം വരെയുള്ള നാലുവർഷങ്ങളിലായി 60 കക്കൂസുകളും, രണ്ടു കിണറുകളും പുതുതായി കുഴിക്കുകയും, 20 കിണറുകളുടെ ആഴം വർദ്ധിപ്പിക്കുകയും ചെയ്തു. കൂടാതെ എല്ലാവർഷവും 100 ൽ അധികം ആളുകൾക്ക് പരിശീലനം കൊടുത്തതായും കണക്കുകളിൽ കാണുന്നു. T.V., V.C.R., ഇവ വാങ്ങിയിട്ടുണ്ട്. ഓല മേഞ്ഞ വീടിന്റെ ഓല മാറ്റി ഓട് ഇടുന്നതിനും, കിണറുകൾ വൃത്തിയാക്കുന്നതിനും ചപ്പുചവറുകൾ ഇടുന്നതിന് വീപ്പകൾ സ്ഥാപിക്കുന്നതിനുമായി പണം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ രോഗപ്രതിരോധനക്യാമ്പുകൾ നടത്തുക, വാട്ടർ ടാങ്ക് കൊടുക്കുക, ബഞ്ച്മാർക്ക് സർവ്വേ നടത്തുക, തുടങ്ങിയ പ്രയോജനപ്രദങ്ങളായ ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വസ്തുതകളിൽ നിന്നും, ദ്വിതീയ വിവരശേഖരണത്തിലൂടെ ലഭിച്ച കണക്കുകളിൽ നിന്നും, വാർഡ് സഭകളിലെ ചർച്ചകളിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

**പ്രശ്നങ്ങൾ**

1. അർഹരായ എല്ലാപേർക്കും പെൻഷൻ കിട്ടുന്നില്ല.
2. ആരെല്ലാമാണ് പെൻഷന് അർഹർ എന്നോ, എന്തെല്ലാം ക്ഷേമപദ്ധതികൾ നിലവിലുണ്ട് എന്നോ സാധാരണക്കാർ പൂർണമായി അറിയുന്നില്ല.
3. അധികാരികളിൽ ചിലരെങ്കിലും ഇത്തരം അഗതികളെ സഹായിക്കുന്നതിൽ വിമുഖത കാട്ടുന്നു.
4. ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷനുകളും സഹായധനവും ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘുവല്ല.
5. ആനുകൂല്യങ്ങൾ കിട്ടുന്നവർക്കുതന്നെ ആവ കൃത്യമായി ലഭിക്കാറില്ല.
6. ആവശ്യത്തിനുള്ളത്ര അംഗൻ വാടികളും വനിതാസമാജങ്ങളും ഇല്ല. കാഞ്ഞിരമല, ചെമ്മന്തൂർ. ഭരണിക്കാവ്, ഹൈസ്കൂൾ, കച്ചേരി, കലയനാട്, മണിയാർ, കാരയ്ക്കാട്, പരവട്ടം, മാർക്കറ്റ് എന്നീ പത്തുവാർഡുകളിൽ, അംഗൻവാടികൾ ഇല്ല.
7. അപൂർവ്വമായി എങ്കിലും വൃദ്ധജനങ്ങൾക്ക് കുടുംബങ്ങളിൽനിന്ന് അർഹമായസംരക്ഷണം ലഭിക്കുന്നില്ല. അവരെ അകറ്റി നിർത്താനുള്ള

ദുഷിച്ചപ്രവണത വളർന്നുവരുന്നു.

8. ക്ഷേമപെൻഷനുകൾ അനുവദിക്കുന്നത് 1978 ൽ നിശ്ചയിച്ചിട്ടുള്ള വരുമാന പരിധിയാണ് ഇപ്പോഴും പ്രാബല്യത്തിൽ ഇരിക്കുന്നത്. ഇത് കാലോചിതമായി ഉയർത്തേണ്ടത് ആവശ്യമാണ്.

**പരിഹാരങ്ങൾ സാദ്ധ്യതകൾ**

1. ക്ഷേമപദ്ധതികൾക്ക് അർഹരായവരെ കണ്ടെത്താൻ സർവ്വേ നടത്തി അവർക്ക് പെൻഷനും സഹായധനവും ലഭ്യമാക്കുക.

2. നിലവിലുള്ള ക്ഷേമപദ്ധതികളെപ്പറ്റി എല്ലാവർക്കും അറിവുണ്ടാകത്തക്കവിധംപരസ്യങ്ങളും ബോധവൽക്കരണവും നടത്തുക. ഇതിന് വാർഡുതല സമതികൾ രൂപീകരിക്കുക.

3. പെൻഷൻ/സഹായധനം അനുവദിക്കാനുള്ള നടപടികൾ ലഘൂകരിക്കുക. പെൻഷൻ കൃത്യമായി എത്തിക്കാനുള്ള പരിപാടികൾ നടപ്പാക്കുക.

4. മുനിസിപ്പൽ തലത്തിൽ ഒരു വൃദ്ധസദനം ആരംഭിക്കുക.

5. വർക്കിംങ്ങ് വിമൻസ് ഹോസ്റ്റൽ, അംഗൻവാടി ഇല്ലാത്തവാർഡുകളിൽ ഇവ ആരംഭിക്കുക, അവയ്ക്ക് സ്വന്തം കെട്ടിടവും സൗകര്യങ്ങളും ഏർപ്പെടുത്തുക.

6 മഹിളാസമാജങ്ങൾ, മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ എന്നിവ വഴി ആരോഗ്യ പരിപാടികൾ ജനങ്ങളിൽ എത്തിക്കുക.

7. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരക്കുറവ് നികത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ, അംഗൻവാടി, മഹിളാസമാജം ഇവ വഴി നടത്തുക.

8. വീടുകളിൽ സമാന്തരമായി ഒരു വരുമാനമാർഗ്ഗം കണ്ടെത്താൻ വീട്ടമ്മമാരെസഹായിക്കത്തക്കവിധത്തിൽ അടുക്കളത്തോട്ട നിർമ്മാണം, കോഴി,കാലിവളർത്തൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, കറിപൗഡർ, അച്ചാർ, പപ്പടം ഇവയുടെ നിർമ്മാണ വിപണനം തുടങ്ങിയവയ്ക്ക് സഹായവും ഉപദേശവും നൽകുക.

9. എല്ലാ സർക്കാർ ഒഫീസുകളിലും ഒരു റിസപ്ഷൻ കൗണ്ടർ ആരംഭിക്കുക. ഗുണഭോക്താക്കൾ/പരാതിക്കാർ ഉദ്യോഗസ്ഥരുമായി നേരിട്ടു ബന്ധപ്പെടാതെ തങ്ങളുടെ അപേക്ഷയും പരാതിയും ഇവിടെ ഏൽപ്പിക്കുക, കൗണ്ടറിന്റെ ചുമതലക്കാരനായ ഉദ്യോഗസ്ഥൻ അപേക്ഷസ്വീകരിച്ച് രസീത് നൽകുകയും, പ്രശ്ന പരിഹാരത്തിനോ മറുപടി ലഭിക്കാനോ അപേക്ഷകൻ എന്നു വരണമെന്ന് അറിയിക്കുകയും ചെയ്യുക. ഇപ്പറഞ്ഞ ദിവസത്തിനകം ഫയലുകളിൽ തീരുമാനം എടുപ്പിച്ച് പ്രശ്നപരിഹാരം വരുത്തി മറുപടിയോ സർട്ടിഫിക്കറ്റോ തയ്യാറാക്കി വച്ചിരിക്കേണ്ടതും നിർദ്ദിഷ്ടദിവസം അത് അപേക്ഷകന് കൗണ്ടറിൽ നിന്ന് ലഭ്യമാക്കേണ്ടതുമാണ്. ഇതു മൂലം ഓഫീസുകളിലെ പരാതിക്കാരുടെ അനാവശ്യമായ തിരക്കുകുറയ്ക്കുന്നതിനും പ്രശ്നപരിഹാരത്തിനുനുള്ള അനാവശ്യകാല താമസം ഒഴിവാക്കുന്നതിനും അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും സഹായകമാകും

10 ക്ഷേമപദ്ധതികൾ പ്രകാരമുള്ള പെൻഷനും ധനസഹായത്തിനും അടിസ്ഥാനമായി സ്വീകരിക്കേണ്ട വരുമാന പരിധി കാലോചിതമായി ഉയർത്തുക.

11. എല്ലാ ക്ഷേമപ്രവർത്തനങ്ങളും കാര്യ ക്ഷമമാക്കിയാലും അവ പൂർണ്ണമായി നടപ്പാക്കുന്നതിന് ഇതിന്റെയൊക്കെ ചുക്കാൻ പിടിക്കേണ്ട മുനിസിപ്പൽ ഓഫീസും കൗൺസിലും സുസജ്ജമാക്കേണ്ടിയിരിക്കുന്നു. അതുപോലെ തന്നെ ഇന്നലെവരെ ചെയ്തിരുന്ന ഭാരിച്ചജോലികൾക്ക് പുറമേ പഞ്ചായത്ത്_നഗരപാലികാ നിയമങ്ങളനുസരിച്ച് മുനിസിപ്പാലിറ്റിക്ക് ഏറെ ജോലികൾ കൂടി ഏറ്റെടുക്കേണ്ടിവരുന്നു. ഇതിന് പുനലൂർ മുൻസിപ്പാലറ്റിയിൽ ഇന്നുള്ള സ്റ്റാഫ്, സൗകര്യങ്ങൾ, സാമഗ്രികൾ ഇവ തുലോം അപര്യാപ്തമാണ്. ആകയാൽ താഴെ പറയുന്ന ന്യൂനതകൾ അടിയന്തിരമായി പരിഹരിക്കണം.

(a) ആവശ്യമുള്ള സ്റ്റാഫിനെ നിയമിക്കുക.

(b)ഓഫീസിൽ ആവശ്യമായ ഫർണീച്ചർവാങ്ങുക.

(c) റിക്കാഡ് റൂം, തൊഴിലാളികൾക്ക് വിശ്രമമുറി, സ്ത്രീ ജീവനക്കാർക്ക് യൂണിഫോം മാറാനുള്ള മുറി രണ്ട് കക്കൂസുകൾ, വാഹനങ്ങൾ സൂക്ഷിക്കാൻ ഷെഡ്, ലോക്കർ സൗകര്യത്തോടുകൂടിയ ക്യാഷ് കൗണ്ടർ, ഇവ നിർമ്മിക്കുകയും വാട്ടർ കൂളർ, ജനറേറ്റർ, ഫോട്ടോകോപ്പിയിങ്ങ് മെഷീൻ, ഇവ വാങ്ങുകയും വേണം.

(d) 6 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും ആവശ്യമായ സ്റ്റാഫ് ഇല്ല. ഒരു ഫുൾടൈം ഡോക്ടർ ആവശ്യമാണ്. മരുന്നുകൾ സൂക്ഷിക്കാൻ ഒരു ഫ്രിഡ്ജ് വേണം. അവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങളും കെട്ടിടവും ഫർണീച്ചറും എല്ലാ മാതൃശിശു സംരക്ഷണ കേന്ദ്ര

ത്തിലും വേണം. കാലാകാലങ്ങളിൽ ആരോഗ്യ കേന്ദ്രങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്യണം.

(e) അലഞ്ഞുനടക്കുന്ന കന്നുകാലികളെ പിടിച്ചുസൂക്ഷിക്കുന്നതിന് കാറ്റിൽ പൗണ്ട് നിർമ്മിക്കണം.

(f) ആരംപുന്നയിൽ പൊന്നും വിലയ്ക്കെടുത്ത സ്ഥലത്ത് ജീവനക്കാർക്ക് ക്വാർട്ടേഴ്സ് പണിയുക.

(g) അനാഥശവങ്ങൾ ശ്മശാനത്തിൽ കൊണ്ടു പൊകുന്നതിന് മൂടിയുള്ളവാഹനം വാങ്ങുക.

(h) ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കണം.

(i) ചപ്പുചവറുകൾ നീക്കം ചെയ്യാൻ ഒരു ഡിപ്പർ ലോറി വാങ്ങുക.



രണ്ടാംഘട്ട വിവരശേഖരണം

# സംസ്ക്കാരം

മനുഷ്യസമൂഹത്തിന്റെ ആയിരക്കണക്കിനു വർഷത്തെ ജീവിതാനുഭവങ്ങളിൽ നിന്ന് സ്ഫുടം ചെയ്തെടുത്തതാണ് ഇന്നു കാണുന്ന ധാർമ്മിക-സാംസ്ക്കാരിക മൂല്യങ്ങൾ. ആദിമ മനുഷ്യനും ആധുനിക മനുഷ്യനുമിടയിൽ ഒരു തുടർച്ചയും അതേ സമയം ഗുണപരമായ ഒരു വ്യതിയാനവും ഉണ്ട്. അദ്ധ്വാനവും,ഭാഷയുമാണ് മനുഷ്യനെ രൂപപ്പെടുത്തിയത്. മനുഷ്യന്റെ അറിവുകളും ,ചിന്തകളും, വികാരങ്ങളും, കലകളും ,ധാർമ്മിക മൂല്യങ്ങളും, ആചാരാനുഷ്ഠാനങ്ങളും, അനുഭവങ്ങളുമെല്ലാം ചേർന്നാണ് ഒരു സംസ്ക്കാരം രൂപപ്പെടുന്നത്. സമ്പത്ത് ഉല്പാദന വിതരണ ക്രമവുമായി സംസ്ക്കാരത്തിന് ബന്ധമുണ്ട്. വിദ്യാഭ്യാസം സംസ്ക്കാരത്തെ സമ്പന്നമാക്കുന്നു. ലോകത്തിലെ പുരാതന സാംസ്ക്കാരിക കേന്ദ്രങ്ങളിൽ ഒന്നാണ് ഇൻഡ്യ. ഇൻഡ്യയുടെ പൗരാണിക വിജ്ഞാന ചക്രവാളം അതിവിശാലമായിരുന്നു ദ്രുതഗതിയിലുള്ള സാങ്കേതിക വളർച്ചയ്ക്ക് സാക്ഷ്യം വഹിച്ചുകൊണ്ടാണ് ഇരുപതാം നൂറ്റാണ്ട് കടന്നുപോകുന്നത്. ഈ സാങ്കേതിക വളർച്ചയ്ക്കൊപ്പം സാംസ്ക്കാരിക വളർച്ചയും മനുഷ്യസമുദായത്തിന്റെ നിലനിൽപ്പിനാവശ്യമാണ്. കേരളത്തിലെ ശ്രദ്ധേയമായ കലാ സാംസ്ക്കാരിക കേന്ദ്രങ്ങളിലൊന്നാണ് പുനലൂർ.

ഹിന്ദു-മുസ്ളിം-കൃസ്ത്യൻ മതവിഭാഗങ്ങളാണ് ഇവിടെ പ്രധാനമായുള്ളത്. ഇവർ ഇടകലർന്നു ജീവിച്ചുപോന്നു. ഒരു മത നിരപേക്ഷ സാംസ്ക്കാരിക പൈതൃകം അവകാശപ്പെടാവുന്ന പ്രദേശമാണ് പുനലൂർ. ഹിന്ദു മതത്തിൽ നിന്ന് ഇസ്ളാം കൃസ്ത്യൻ മതങ്ങളിലേക്ക് ധാരാളം പേർ മതപരിവർത്തനം നടത്തിയിട്ടുണ്ട് ഇവർക്ക് മെച്ചപ്പെട്ട സാമൂഹ്യ പദവി ലഭിച്ചിരുന്നു.

## ആരാധനാലയങ്ങൾ, ഉത്സവങ്ങൾ, പെരുന്നാളുകൾ

പുനലൂരിലെ ആദ്യത്തെ ക്ഷേത്രം വാഴമൺ ശിവക്ഷേത്രമാണ്. പുലയ വംശജനായ വാഴമൺ വേലത്താനാണ് ഈ ക്ഷേത്രം സ്ഥാപിച്ചത്. ഇദ്ദേഹം രാജാവിന്റെ പ്രതിനിധി ആയിരുന്നു. മറവൻമാരുമായുള്ള യുദ്ധത്തിൽ വേലത്താൻ മരിച്ചു. മൃതദേഹം കലയനാട് അടിവയലിൽകാവ് എന്ന സ്ഥലത്ത് അടക്കം ചെയ്തു. അപമൃത്യു വരിച്ച വേലത്താന്റെ കോപം ഉണ്ടാകാതിരിക്കാൻ ആട്,കോഴി ഇവയെ കുരുതി നടത്തി വന്നു. ഇപ്പോൾ അത് നിറുത്തൽ ചെയ്തിരിയ്ക്കുകയാണ്. വാഴമൺ ശിവക്ഷേത്രം

പുന:സംവിധാനം ചെയ്ത് വിപുലപ്പെടുത്തിയിട്ടുണ്ട്.

തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രം പുനലൂരിന്റെ വലിയ അമ്പലം എന്നറിയപ്പെടുന്നു. ഈ ശിവക്ഷേത്രത്തെപ്പറ്റി ഐതിഹ്യങ്ങൾ ധാരാളം ഉണ്ട്. കൊല്ലം ജില്ലയുടെ കിഴക്കൻ മലയോരപ്രദേശമായ പുനലൂർ പട്ടണത്തിലൂടെ ഉദ്ദേശം കിഴക്ക് പടിഞ്ഞാറായി ശാന്തമായി ഒഴുകുന്ന കല്ലടയാറിന്റെ തീരത്ത് നയനാഭിരാമമായി തല ഉയർത്തി നിൽക്കുന്ന തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രത്തിന്റെ ഉൽപത്തിയെപറ്റി പഴമക്കാർക്ക് ഒരുപാട് പറയാനുണ്ട്. കല്ലടയാറിന്റെ കരയിൽ ഐയ്ക്കാട് എന്ന സ്ഥലത്ത് 400 വർഷങ്ങൾക്ക് മുമ്പ് കോതവംശത്തിൽപ്പെട്ട ഒരു കുടുംബം വാണിരുന്നു. ആ കുടുബത്തിലെ ആവസാനത്തെ തലമുറയിൽപ്പെട്ട തൃക്കോത എന്ന സ്ത്രീ പരമേശ്വര ഭക്തയായിരുന്നു. തൃക്കോതയ്ക്ക് ഒരുനാൾ സാക്ഷാൽ മഹാദേവരുടേതായ ഒരു വെളിച്ചപ്പാടുണ്ടായി മൂന്നു നാളുകൾക്കകം പ്രളയം ഉണ്ടകുമെന്നും കണ്മുന്നിൽക്കാണുന്ന ശിവലിംഗം ഉചിതമായ പ്രദേശത്തുവെച്ച് ആരാധിക്കണ മെന്നുമായി രുന്നു നിർദ്ദേശം. ഇപ്പോൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന ഭാഗത്തുനിന്നും അല്പം ദൂരത്തായി ചൈതന്യവത്തായി കണ്ട ശിവലിംഗം ഭക്ത്യാതരപൂർവ്വം തൃക്കോത എടുത്ത് തന്റെ കഴിവിനനുസരണമായി ഒരു ആലയം തീർത്ത് അവിടെ പ്രതിഷ്ഠിച്ചു. കുളത്തൂപ്പുഴ വനാന്തരങ്ങളിൽനിന്നും വനവിഭവങ്ങൾ ശേഖരിച്ച് കൊല്ലത്ത് വ്യാപാ രത്തിന് പോകുന്ന ഒരു സംഘം ആളുകൾ കല്ലടയാറ്റിലൂടെ ഒരുരാത്രിയിൽ പോകുമ്പോൾ ദൂരെ നിന്നും ഉണ്ടായ പ്രകാശ ധൂളികൾ കണ്ട് ചങ്ങാടം കരയ്ക്കടുപ്പിച്ച് പ്രകാശലക്ഷ്യത്തിലെത്തിയപ്പോൾ ശിവലിംഗ പൂജ നടത്തുന്ന തൃക്കോതയെ കാണുകയും വിവരങ്ങൾ അറിഞ്ഞ് അവർ കൊട്ടാരക്കര രാജാവിനെ കാര്യങ്ങൾ ധരിപ്പിക്കുകയും ചെയ്തു. പുനലൂർ എത്തിയ രാജാവ് അമ്പലപ്പണിക്ക് നേതൃത്വം നല്കി. ആ ക്ഷേത്രം പണിയുന്നതിന് ആയിരത്തിൽപ്പരം ആൾക്കാർ അഹോരാത്രം അദ്ധ്വാനിച്ചിരുന്നു. എന്നതാണ് വസ്തുത. നദിക്കരയിൽ നിന്നും കല്ലുകളെത്തിച്ച് കല്ലുകളാൽ തീർത്ത ഈ ക്ഷേത്രത്തിന്റെ പ്രതിഷ്ഠാകർമ്മത്തിന് ആയിരത്തിയെട്ടുപറ പുഷ്പങ്ങൾ ഉപയോഗി ച്ചിരുന്നു എന്ന വിവരം അന്നത്തെ പാലി ഭാഷയിൽ രേഖപ്പെടുത്തിയ ശീവേലിക്കല്ല് ക്ഷേത്രത്തിന്റെ മുൻഭാഗത്ത് ഇന്നും കാണുന്നു. മറ്റൊരൈതിഹ്യം ഇപ്രകാരമാണ്. ഇളയിടത്തുരാജാവിന്റെ പടനായകൻ കോത എന്ന സ്ത്രീയുടെ ഭർത്താവായിരുന്നു. യുദ്ധത്തിൽ പടനായകൻ മരിച്ചു. തന്മൂലം വിധവയായ കോതയ്ക്ക് ഇപ്പോൾ ക്ഷേത്രം നിൽക്കുന്നിടത്തുനിന്നും നോക്കിയാൽ കാണാവുന്നത്ര സ്ഥലം രാജാവ് ദാനമായിക്കൊടുത്തു. കോത അവിടെ ക്ഷേത്രം പണിയിപ്പിച്ചു. 36പറ 3 ഇടങ്ങഴി ജീരകം ജോലിക്കാർക്ക് ആഹാരത്തിനുവേണ്ടി ചിലവായി എന്നാണ് പറയപ്പെടുന്നത്. കോത നിർമ്മിച്ച ഈ ക്ഷേത്രം പില്ക്കാലത്ത് തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രം എന്ന പേരിൽ അറിയപ്പെടുന്നു.

## ഭരണിക്കാവ്

ഇടത്തുങ്ങൽ ഉണ്ണിത്താൻ കളരി പരദേവതയെ പ്രതിഷ്ഠിച്ച സ്ഥലം ഭരണിക്കാവ്. ഇളയിടത്തു രാജാവിന്റെ പടനായികനായിരുന്നു ഉണ്ണിത്താൻ. ഭരണിക്കാവ് ക്ഷേത്രം ഇന്ന് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പട്ടാളക്യാമ്പ് തുറന്ന് യുദ്ധത്തിന് പരിശീലനം നല്കാൻ തുടങ്ങി ഇവിടെനിന്നും നോക്കിയാൽ ഒറ്റക്കൽ വരെയുള്ള സ്ഥലം കാണാമായിരുന്നു ശത്രുക്കളായ മറവന്മാർ രാത്രികാലങ്ങളിൽ ചൂട്ടുമായി വരുന്നത് കാണാമെന്നതാണ് ഈ സ്ഥലം തിരഞ്ഞെടുക്കാൻ കാരണം.

പട്ടാള പരിശീലനം തുടങ്ങുന്നതിന്, കാളീ പരദേവതയെ പൂജിക്കേണ്ടതുണ്ട്. അതിനുവേണ്ടി മണ്ണടിയിൽനിന്നും ഭദ്രകാളിയെ ആവാഹിച്ചു കൊണ്ടുവന്ന് ഭരണിക്കാവിൽ പ്രതിഷ്ഠിച്ചു. ഭദ്രകാളിയെ പൂജ നടത്തി അങ്ങനെ അവിടെ ക്ഷേത്രം സ്ഥാപിതമായി.

## കൃഷ്ണൻ കോവിൽ

തൊളിക്കോട് വാർഡിൽ ഇപ്പോഴത്തെ എക്സൈസ് ആഫീസ് സ്ഥിതി ചെയ്യുന്നതിനടുത്ത് അമ്പലംകുന്ന് എന്ന സ്ഥലത്തായിരുന്നു ആദ്യകാലത്ത് കൃഷ്ണ ൻകോവിൽ സ്ഥാപിച്ചത് അന്നു കുളത്തൂപ്പുഴയിൽനിന്നും

പുനലൂരിലേക്കുള്ള റോഡ് മറവൻചിറ , കേളൻ കാവ് എരിച്ചക്കൽ വഴിയായിരുന്നു. മറവന്മാർ ഈ ക്ഷേത്രം കൊള്ള ചെയ്ത് വിഗ്രഹം ആറ്റിൽ എറിഞ്ഞു. ഇടയ്ക്കാട്ടു കുടുംബത്തിലെ പൂർവ്വീക ന്മാരിൽഒരാളായ മാതേവൻപിള്ള ഇപ്പോഴത്തെ കൃഷ്ണൻ കോവിൽ കുളിക്കടവിൽ കുളിക്കാൻ ഇറങ്ങി. അദ്ദേഹം ആറ്റിൽ ഒരു ദിവ്യ പ്രഭ കണ്ടു. ആ ദിവ്യ പ്രഭ കണ്ട സ്ഥലത്തു മുങ്ങിയപ്പോൾ ഒരു വിഗ്രഹം കിട്ടി. ഈ വിഗ്രഹം ഇപ്പോഴത്തെ കൃഷ്ണൻ കോവിലിനു മുൻവശത്തുണ്ടായിരുന്ന ഒരു വലിയ ആൽ വൃക്ഷത്തിന്റെ ചുവട്ടിൽ ചാരിവച്ചു. നാട്ടുകാരുടെ സഹായത്തോടെ ഒരു ചെറിയ ക്ഷേത്രം ഉണ്ടാക്കി പൂജ നടത്തി. രാജാവിനെ വിവരം അറിയിച്ചു. രാജാവ് ക്ഷേത്രം വിപുലീകരിച്ചു. ഇതാണ് ഇപ്പോഴത്തെ ശ്രീകൃ ഷ്ണസ്വാമി ക്ഷേത്രം എന്നാണ് ഐതിഹ്യം.

## നെല്ലിപ്പള്ളി ശിവക്ഷേത്രം.

നെല്ലിപ്പള്ളിയിൽ ഒരു സന്യാസി എവിടെ നിന്നോ വന്ന് ഒരു നെല്ലിയുടെ ചുവട്ടിൽ തപസ നുഷ്ഠിച്ചു. അദ്ദേഹം അവിടെ ഒരു ശിവലിംഗം വച്ച് പൂജിച്ചു. അങ്ങനെയുണ്ടായ ക്ഷേത്ര പരിസരം പിൽക്കാലത്ത് നെല്ലിപ്പള്ളി എന്ന പേരിൽ അറിയപ്പെട്ടു.

## അഷ്ട മംഗലം ശ്രീ മഹാവിഷ്ണു ഭഗവതി ക്ഷേത്രം.

അഷ്ടൈശ്വര്യ ദായകരായ ഭഗവാന്റേയും ഭഗവതിയുടേയും മഹത്സാന്നിദ്ധ്യം ഈ ക്ഷേത്രത്തിൽ ഉണ്ടെന്നു വിശ്വസിച്ചു പോരുന്നു. ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ള രണ്ട് മഹാക്ഷേത്രങ്ങൾ നിലകൊള്ളുന്ന സ്ഥലമാണ് അഷ്ടമംഗലം. പുനലൂർ ടൗണിൽ നിന്നും 5 കിലോമീറ്റർ കിഴക്കുമാറി സഹ്യസാനുക്കളുടെ സമീപ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അഷ്ടമംഗലത്തിന് ഈ പേരുവരാൻ കാരണം അഷ്ടമംഗല വസ്തുക്കൾ (ബ്രഹ്മണൻ, പശു, അഗ്നി, സ്വർണ്ണം, ജലം, നെയ്യ്, ആദിത്യൻ, രാജാവ്) ഉൾക്കൊള്ളുന്ന പ്രദേശമായ തുകൊണ്ടാണ് ചതുർബാഹുവായ മഹാവി ഷ്ണുവും ദുർഗ്ഗാദേവിയെന്ന് സങ്കൽപ്പിച്ചു വരുന്ന ഭഗവതിയും വാണരുളുന്ന ഈ ക്ഷേത്രത്തിൽ കൊടിയേറ്റം ഉത്സവവും ഉണ്ട്. ഭഗവാന്റെ തിരുനാളായ തിരുവോണം മുതൽ ഭഗവതിയുടെ തിരുനാളായ ഭരണിവരെയാണ് ഉത്സവ കാലം. സൗന്ദര്യവതിയായ ദേവിയുടെ തിരുമുടിക്കെട്ടിൽപൂമാല ചാർത്തിച്ച് അഭീഷ്ട സിദ്ധി നേടുന്ന ചടങ്ങുമുണ്ട്.

## മുസ്ളീം പള്ളികൾ

1. ആലംഞ്ചേരി ജമാ-അത് പള്ളിയും അതിന്റെ ഉപ സ്ഥാപനങ്ങളായ കുറ്റിക്കാട്ടു പള്ളി, ടൗൺ പള്ളി, ചാലക്കോട്ട് പള്ളി, പത്തുപറ പള്ളി
2. എൻ. എം. എ. എച്ച് ജമാ-അത് പള്ളി.
3. ദവ്നി ജമാ-അത് പള്ളി ( രണ്ടും ഹൈസ്കൂൾ വാർഡിൽ)
4. വാളക്കോട് ജമാ- അത് പള്ളി.
5. ഭരണിക്കാവ് വാർഡിലെ മൊഹിയുദ്ദീൻ പള്ളി .

പുരാതന കാലത്ത്, ഇപ്പോഴത്തെ ആലഞ്ചേരി പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലത്ത് എങ്ങുനിന്നോ വന്നു ചേർന്ന ഒരു ദിവ്യന്റെ സാന്നിദ്ധ്യമാണ് ഈ പള്ളിക്ക് തുടക്കം കുറിച്ചത്. അദ്ദേഹത്തിന്റെ ഖബറിടം പള്ളിക്ക് സമീപം ഉണ്ട്

## കൃസ്ത്യൻ പള്ളികൾ

1. ഭരണിക്കാവി വാർഡിലെ റോമാപള്ളി
2. വാളക്കോട് യാക്കോബാ പള്ളി
3. തൊളിക്കോട് മർത്തോമാ പള്ളി.
4. ചെമ്മന്തൂർ യാക്കോബാ പള്ളി
5. മാർക്കറ്റു വാർഡിലെ സി. എസ് ഐ. പള്ളി
6. മുസാവരി വാർഡിലെ ബൈബിൾ കോളേജും പള്ളിയും
7. കോളേജുവാർഡിലെ സിലോൺ പെന്ത ക്കോ സ് ഫെയ്ത്ത് ഹോം .

8. വിളക്കുവട്ടം നെയ്ത്തുമുക്കു പള്ളി, മാർത്തോമാ ചർച്ച്, 3 പെന്തക്കോസ് പള്ളികൾ.

9. ബി. ബി. പള്ളി

10. മുക്കടവ് പള്ളി.

11. റീത്ത് പള്ളി

## ഉത്സവങ്ങൾ

പുനലൂരിൽ പുരാതന കാലം മുതൽ ആർഭാടപൂർവ്വം നടത്തിവരുന്ന ഒരു ഉത്സവമാണ് ഭരണിക്കാവ് ദേവീ ക്ഷേത്രത്തിലെ മീനഭരണി. മീന ഭരണിയോടനുബന്ധിച്ച് 41 ദിവസം തോറ്റൻ പാട്ട് നടത്തിയിരുന്നു. ഇപ്പോൾ അത് 100 ദിവസം വരെ നടത്തുന്നുണ്ട്. അടുത്ത കാലത്തായി പൊങ്കാല നേർച്ചയും ഉണ്ട് കരക്കാരാണ് പ്രധാന ഉത്സവ പങ്കാളികൾ. അമ്പീൽ, ഇടയ്ക്കാട്ട്, താഴത്തുഭാഗം എന്നീ കരക്കാരാണ് ഉത്സവം നടത്തി വന്നത്. ക്രമേണ എല്ലാ മതക്കാർക്കും ഉത്സവത്തിലെ പൊതുവായ പരിപാടികളിൽ പങ്കാളിത്തമുണ്ടായി. 21 കോൽ എടുപ്പു കുതിരയുടെ എഴുന്നള്ളത്തും അപ്പാവു നാടാരുടെ എരുത്തിലും കാളയും എഴുന്നള്ളത്തിലെ പ്രധാന ഇനങ്ങളായിരുന്നു. ഇലക്ട്രിക്ക് ലൈൻ ഒരു തടസമായതോടെ ഇതിനു വ്യത്യാസമുണ്ടായി. എടുപ്പു കുതിരയുടെ സ്ഥാനത്ത് വണ്ടിക്കുതിര വന്നു മുമ്പ് മത്സരക്കമ്പം നടത്തിയിരുന്നു.

ശിവൻകോവിൽ നെല്ലിപ്പള്ളി എന്നീ ക്ഷേത്രങ്ങളിൽ ശിവരാത്രി ഉത്സവമാണ് പ്രധാനം. കൃഷ്ണൻ കോവിലിലെ പ്രധാന ഉത്സവം അഷ്ടമി രോഹിണിയാണ് ഇതോടനുബന്ധിച്ച് ഉറിയടി മത്സരം നടത്തിയിരുന്നു. 41 ദിവസം ഉത്സവ മോടിയോടെ ചിറപ്പു നടത്തുക പതിവായിരുന്നു

മുരുകൻ കോവിലിൽ തൈപ്പൂയ മഹോൽസവമാണ്. ഇതിലെ ഒരു പ്രധാന ഇനമാണ് കാവടിയാട്ടം.പേപ്പർമിൽ ഗണപതി കോവിലിൽ മുൻകാലത്ത് ഉത്സവത്തടനുബന്ധിച്ച് പ്രസിദ്ധരായ തെന്നിന്ത്യൻ കർണ്ണാടക സംഗീത വിദ്വാന്മാർ സംഗീത സദസു നടത്തിയിരുന്നു.

അഷ്ടമംഗലം, ശാസ്താംകോണം, ഐക്കര ക്കോണം, ആരംപുന്ന, വിളക്കുവെട്ടംക്ഷേത്ര ങ്ങളിൽ ഉത്സവങ്ങളോടനുബന്ധിച്ച് ആഴ്ചകൾ നീണ്ടു നിൽക്കുന്നവൈവിധ്യമാർന്ന പരിപാടികൾ നടത്തിയിരുന്നു. മുൻകാലത്തെ കഥകളിയുടെയും, കുത്തിയോട്ടത്തിന്റേയും സ്ഥാനത്ത് ക്രമേണ കഥാപ്രസംഗം, ഗാനമേള, മിമിക്സ് പരേഡ്, ബാലെ എന്നിവ പ്രധാന ഇനങ്ങളായി. ഇപ്പോൾ നാടകം മുഖ്യയിനമായി തീർന്നിരിക്കുന്നു.

മുസ്ളീം പള്ളികളുമായി ബന്ധപ്പെട്ട് പൊതുവിൽ ആഘോഷങ്ങൾ കുറവാണ്. നബി ദിനാഘോഷം മുടങ്ങാതെ നടന്നുവരുന്നു. മുഹറം ആഘോഷം മുമ്പുണ്ടായിരുന്നു. പുലികളി ഒരു പ്രധാന ഇനം ആയിരുന്നു. റംസാൻ, ബക്രീദ് എന്നീ സാർവ്വ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ ഈ പ്രദേശത്തും ആചരിക്കുന്നു. സംയുക്ത ക്രിസ്മസ് ആഘോഷം, ക്രസ്മസ് റാലി, റാസാ ഘോഷയാത്രാ, കുരുത്തോല പ്പെരുന്നാൾ, സൺഡേ സ്കൂൾ, വാർഷിക സംയുക്ത റാലി എന്നിവയാണ് കൃസ്തുമത വിശ്വാസികളുടെ പ്രധാന ആഘോഷം.

## ആചാരാനുഷ്ഠാനങ്ങൾ

| | |
|---|---|
| ഹിന്ദുക്കൾ | തിങ്കളാഴ്ച വ്രതം (സ്ത്രീകൾ)<br>ഞായറാഴ്ച ഒരിക്കൽ ഊണ്<br>ഏകാദശി, ഷഷ്ഠി വ്രതം.(സ്ത്രീകൾ)<br>ജന്മനാൾ വയറ്റു പൊങ്കാല, പുളികുടി<br>ചോറൂട്ട്, കെട്ടുകല്യാണം |

| | |
|---|---|
| ഇസ്ളാം | കുട്ടി ജനിക്കുമ്പോൾ കുട്ടിയെ കയ്യിൽ വച്ചുകൊണ്ടുള്ള ബാങ്കുവിളി.<br>40 കുളി ചടങ്ങ്<br>കുട്ടിയുടെ മുടി കളയൽ<br>അരഞ്ഞാണം കെട്ട്<br>ചോറൂണ്<br>സുന്നത്തു കല്യാണം (ചേലാ കർമ്മം)<br>റംസാൻ വ്രതം.<br>സക്കാത്ത്.<br>ഹജ്<br>മറയിരുപ്പ് |
| ക്രിസ്ത്യൻ | നോമ്പ് , തീർത്ഥാടനം, സുവിശേഷ യോഗങ്ങൾ, മാമോദീസാ, കുമ്പസാരം. |

## കലാ സാഹിത്യരംഗം.

ഭൂമിയിൽ ജീവജാലങ്ങൾ ഉള്ളടത്തോളം കാലം ശാശ്വതമായിരിക്കുന്ന ഒരത്ഭുത പ്രതിഭാസമാണ് കല. സാമൂഹ്യ ജീവിതത്തിന്റെ കലാത്മകവും സോദ്ദ്യേശ്യ പൂർണ്ണവുമായ ആവിഷ്ക്കാരമാണ് സാഹിത്യം

കലാ കായിക സാഹിത്യ രംഗത്ത് എണ്ണമറ്റ പ്രതിഭകൾക്ക് ജന്മം കൊടുക്കുകയും അവരെ പ്രശസ്തിയിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്ത മഹത്തായ പാരമ്പര്യമാണ് പുനലൂരിനുള്ളത്. പുനലൂരിലെ കലാ സാഹിത്യ രംഗത്ത് എന്നുമെന്നും ജീവിക്കുന്ന വ്യക്തികളാണ് ശ്രീ പുനലൂർ ബാലനും, ശ്രീ. എൻ. രാജഗോപാലൻ നായരും. സമുദ്രത്തോളം ആഴവും ചക്രവാളത്തോളം പരപ്പുമുള്ള തന്റെ കവിതകളിലൂടെ സാമൂഹിക പ്രതിബദ്ധത തെളിയിച്ച മഹാ കവിയാണ് പുനലൂർ ബാലൻ. പുനലൂരിലൂടെ ബാലനും, ബാലനിലൂടെ പുനലൂരും പ്രശസ്തിയിലേയ്ക്ക് ഉയർന്നു. സകല കലാ വല്ലഭനായ ശ്രീ. എൻ. രാജഗോപാലൻ നായർ പുനലൂരിലെ ഒരു കാലഘട്ടത്തിന്റെ നാദവും, താളവും ആയിരുന്നു. അദ്ദേഹം അവതരിപ്പിച്ച ഇംഗ്ളീഷ് രാമായണം കലാലോകത്ത് ഒരു അത്ഭുതം തന്നെ സൃഷ്ഠിച്ചു. അദ്ദേഗത്തിന്റെ "കാട്ടുമങ്ക" എന്ന മലയാളം കഥാപ്രസംഗവും കേരളീയരെ വളരെ ആകർഷിച്ചിരുന്നു.

ഇംഗ്ളീഷ് രാമായണത്തിലെ പാട്ടിന്റെ വരികൾ

ആത്മവിദ്യാലയമെ -- ശ്യാമതഗത്തിന്റെ മനോധർമ്മസ്വരം.

My name is Hanuman ..................
Oh Rama ..................
My name is Hanuman
I am the Prime Minister of the King Sugreeva
Every every day I will go to his palace

കേരളത്തിന്റെ തനത് കലകളായ ഓട്ടൻതുള്ളൽ, കഥകളി എന്നിവയുടെ പരിശീലന കളരിയായിരുന്നു ഇവിടം. നാടക പ്രസ്ഥാനത്തിന് ഒരു പുതിയ അവതരണ ശൈലി സംഭാവന ചെയ്തുകൊണ്ട് സാമൂഹിക പരിവർത്തനത്തിന് കളമൊരുക്കിയ കെ.പി.എ.സി. ക്ക് ജന്മം കൊടുത്തത് പുനലൂരാണ്. ഇതിന്റെ മുഖ്യ ശിൽപ്പികളാണ്. എൻ രാജഗോപാലൻ നായരും, പുനലൂർ ബാലനും പേപ്പർമിൽ തൊഴിലാളിയാ യിരുന്ന ശ്രീ. കെ. എസ്. ജോർജിനെ വി പ്ളവഗായകരിൽ പ്രമുഖനാക്കി വളർത്തിയതും ഈ പ്രദേശം

തന്നെയാണ്. കെ.പി.എ.സി യുടെ ഗാന വിഭാഗത്തിൽ പ്രധാനിയായിരുന്ന ശ്രീ. രാമസ്വാമി ഭാഗവതർ, നാടൻ പാട്ടുകൾ രചിച്ച് സംഗീതാ വിഷ്ക്കാരം നടത്തി പാടിയത് ജനങ്ങളെ ഹരം കൊള്ളിച്ചിരുന്നു.

നാടകരംഗത്തെപ്പറ്റി പറയുമ്പോൾ ശ്രീ. വി. ടി. അപ്പൻ, പുനലൂർ മുഹമ്മദ്. എൻ. എ. അസീസ്, എൻ. രാധാകൃഷ്ണൻ നായർ, കൊന്നമൂട്ടിൽ ബാലൻ പിള്ള, മൃദംഗം കേശവനാശാൻ, കാഥികൻ പുനലൂർ തങ്കപ്പൻ എന്നിവരെ മറക്കാൻ പറ്റില്ല.

സംഗീത നൃത്തരംഗത്തിൽ വ്യക്തി മുദ്ര പതിപ്പിച്ചവരാണ് കലാമണ്ഡലം ആർ. എൽ. വി. ഗണേശും, ഡാൻസർ ഭാർഗ്ഗവൻ പിള്ളയും. ശിശുദിനത്തോടനുബന്ധിച്ച് ഡെൽഹിയിൽ നടന്ന പ്രത്യേക ചടങ്ങിലെ മികച്ച ഗാനാലാപനത്തിന് പ്രധാന മന്ത്രി ജവഹർലാൽ നെഹ്റുവിൽ നിന്ന് സ്വർണ്ണ മെഡൽ നേടിയ ശ്രീ. എസ്. ആർ. ത്യാഗരാജൻ ഈ നാടിന്റെ മറ്റൊരു പ്രതിഭയാണ്. മികച്ച സാഹിത്യകാരനായ ശ്രീ പുനലൂർ അബ്ദുൾ ഖാദർ ഈ പ്രദേശത്തിന്റെ സന്തതി തന്നെ. സംസ്കൃത പണ്ഡിതനും അദ്ധ്യാപകനുമായിരുന്ന ശ്രീ കെ. കുഞ്ഞുരാമ ശാസ്ത്രി ഒരനുഗ്രഹീതനായ വാഗ്മികൂടിയാണ്. വല്യത്ത് എ.പി. നായരുടെ (അനന്ത പത്മനാഭൻ നായർ) സാഹിത്യ പ്രവർത്തന രംഗവും പുനലൂരായിരുന്നു.

ദൂരദർശൻ പ്രോഗ്രാം ഡയറക്റ്റർ ആനന്ത വർമ്മ ,സിനിമാ നടന്മാരായ സുരേഷ് വർമ്മ, പ്രൊഫസർ ഡി. ശശിധരൻ, എം കുറേഷി. സിനിമാ നിർമ്മാതാവായ ഡോ. ഷാജഹാൻ , സംവിധായകനായ കാർമ്മൽ അലക്സ് എന്നിവർ പുനലൂരിന്റെ സംഭാവനകളാണ്.

പുനലൂർ മുനിസിപ്പൽ കോംപ്ലക്സ് കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന ദൂരദർശൻ റിലേ കേന്ദ്രവും, തുമ്പോട് വാർഡിലെ മൈക്രോ വേവ് സ്റ്റേഷനും ശ്രദ്ധേയമാണ്.

---

---

കക്കോട് ദീപ്തിയിൽ ശ്രീ. എസ്. ഹരിദാസിന് ധീരതയ്ക്കും കൃത്യനിഷ്ടയ്ക്കുമുള്ള "ശൗര്യചക്രം" അവാർഡ് രാഷ്ട്രപതിയിൽനിന്നും ലഭിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ കാര്യമാണ്. കാശ്മീർ അതിർത്തി പ്രദേശത്തെ തന്ത്രപ്രധാനമായ 48 കി.മീ. ദൂരംവരുന്ന 80 അടി ഘനമുള്ള മഞ്ഞുകട്ടകൾ വെട്ടിമാറ്റുന്നതിന് നേതൃത്വം നല്കി പ്രവർത്തിച്ചതിനാണ് അവാർഡ് ലഭ്യമായത് ഇദ്ദേഹം പുനലൂർ നഗരസഭ ജനകീയാസൂത്രണ വിദഗ്ധ സമിതി അംഗം കൂടിയാണ്.

## പ്രശ്നങ്ങൾ

1. ഒരു ടൗൺ ഹാളിന്റെ അഭാവം
2. സംഗീതാദ്ധ്യാപകരുടെ കുറവ്
3. യുവജനോത്സവങ്ങളിൽ നൃത്തനൃത്ത്യങ്ങൾ, കഥകളി തുടങ്ങിയവ അവതരിപ്പിക്കുവാൻ വേണ്ടിവരുന്ന ദുർവ്വഹമായ ചെലവ്.
4. പുത്തൻ തലമുറയ്ക്ക് കലാപരമായ പരിശീലനം കൊടുക്കാനുതകുന്ന പരിശീലന കേന്ദ്രത്തിന്റെ അഭാവം.
5. കേരളത്തിന്റെ തനിമയും പഴമയും ഉള്ള നാടൻ കലകൾക്കും നാടൻ പാട്ടുകൾക്കും പുനർജീവൻ നല്കാൻ നടപടിയില്ല.
6. വാർഡുകളിൽ പ്രവർത്തിച്ചിരുന്ന കലാസമിതികൾക്ക് വേണ്ടത്ര പ്രോത്സാഹനം നല്കുന്നില്ല.
7. യുവാക്കളിൽ വായനാശീലം ഇല്ല.
8. ട്രൈബൽ കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നില്ല.
9. കലാ സമിതികൾക്ക് സ്ഥിരമായ ഒരു പ്രവർത്തന സംവാധാനം ഇല്ല.

## പരിഹാരങ്ങൾ

1. നാടകം ഡാൻസ് തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിക്കുന്നതിന് പൊതു വേദി ഒരുക്കുക.
2. പ്രൈമറി സ്കൂൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാലയങ്ങളിലും സംഗീത അദ്ധ്യാപകരെ നിയമിക്കുക.
3. കലാവാസനയുള്ള നിർദ്ധനരായ കുട്ടികളുടെ കലാഭിരുചി വളർത്തുന്നതിന് ആവശ്യമായ സമ്പത്ത് സ്പോൺസറിങ്ങിലൂടെ കണ്ടെത്തുക.
4. കൗൺസിലർമാരുടെ നേതൃത്വത്തിൽ

ഇന്റർ വാർഡ് കലാമത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികളെ സമ്മാനങ്ങൾ നല്കി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

5. മുനിസിപ്പൽതല കേരളോത്സവം വിപുലവും ഫലപ്രദവുമായി നടത്തുക.

6. പ്രവർത്തനക്ഷമമായിട്ടുള്ള കലാസമിതി കളെ ധന സഹായം നല്കി പ്രോത്സാഹിപ്പിക്കു ക.

7. വർഷത്തിലൊരിക്കൽ കലാസമിതികളെ സംഘടിപ്പിച്ചുകൊണ്ട് ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന കലാമേള സംഘടിപ്പിക്കുക.

8. നിലവിലുള്ള കലാ സാംസ്ക്കാരിക രംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഏകോപിപ്പിക്കുകയും, സഹായിക്കുകയും ചെയ്യുന്നതിന് ഒരു കേന്ദ്ര കലാ സമിതി രൂപം കൊടുക്കുക.

9. കലാ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുവാൻ മുനിസിപ്പാലിറ്റിയിൽ പ്രത്യേകം ഒരു വിംഗ് പ്രവർത്തിക്കുക.

10 ട്രൈബൽ കലാരൂപങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തി അത് പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക

11. മുനിസിപ്പൽതല കലോൽസവവും കേരളോൽസവവും വിപുലമായ പ്രാതിനിധ്യത്തോടെ സംഘടിപ്പിക്കുക.

10 ട്രൈബൽ കലാരൂപങ്ങളെ സംബന്ധിച്ച് ഒരു പഠനം നടത്തി അത് പ്രോത്സാഹിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക

11. മുനിസിപ്പൽതല കലോൽസവവും കേരളോൽസവവും വിപുലമായ പ്രാതിനിധ്യത്തോടെ സംഘടിപ്പിക്കുക.

## പത്രമാസികൾ

മലയാള ഭാഷയ്ക്ക് ശ്രദ്ധേയമായ സംഭാവന ചെയ്തിട്ടുള്ള ഒരു പ്രദേശമാണ് പുനലൂർ. പുരോഗതിയുടെ ചിറകുവിരിച്ച് പറന്നുയരാൻവെമ്പുന്ന പുനലൂർ നഗരത്തിന് കേരള ചരിത്രത്തിൽ ഉന്നതമായ സ്ഥാനം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട് പത്ര മാസികകളുടെ പ്രസിദ്ധീകരണ രംഗത്ത് പുനലൂരിന് ഒരു ചരിത്രമുണ്ട് . മലയാളത്തിലെ ആദ്യത്തെ വനിതാ മാസികയായ "ശാരദ" പുനലൂർ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. ശാരദയുടെ പത്രാധിപർ പരേതനായ ശ്രീ. എൻ. ശങ്കരപ്പിള്ളയായിരുന്നു. അദ്ദേഹം സാഹിത്യപ്രീയനും സഹൃദയനും കൂടിയായിരുന്നു. പ്രൊഫസർ ജോസഫ് മുണ്ടശേരി, ബാലാമണിഅമ്മ എന്നിവർ പ്രസ്തുത വാരികയുടെ ശിൽപ്പശാലയിൽ അക്കാലത്ത് പ്രവർത്തിച്ചിരുന്നവരാണ്. 'ശാരദ'യി ലൂടെയാണ് ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ ആദ്യകാല കവിതകൾ വെളിച്ചം കണ്ടത്. ശ്രീ ജി. ഭാസ്ക്കരൻ പിള്ളയുടെ ഉദയാ പ്രസിൽനിന്നും പ്രസിദ്ധം ചെയ്തിരുന്ന 'പ്രതിധ്വനി' പുനലൂരിന്റെ മറ്റൊരു സംഭാവനയാണ്. കവിയും സാഹിത്യകാരനുമായിരുന്ന വിദ്വാൻ ശ്രീ. ഗോപാലകൃഷ്ണൻ നായർ ആയിരുന്നു ഇതിന്റെ പത്രാധിപർ. കൈനിക്കര സഹോദരന്മാരും, വക്കം അബ്ദുൾ ഖാദറും അവരുടെ തൂലികാവിലാസം കൊണ്ട് വാരികയെ സമ്പുഷ്ടമാക്കി. പണ്ഡിതനും സാഹിത്യകാരനുമായിരുന്ന പരേതനായ ശ്രീ. പി. ഒ തോമസ് വൈദ്യ ന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'വൈദ്യഭാരതം' ഒരു ആരോഗ്യ പ്രസിദ്ധീകരണമായിരുന്നു. പ്രൊഫസർ പി. എ. മാത്യുവാണ് പുനലൂരിലെ ആദ്യത്തെ ഇംഗ്ലീഷ് നോവലിസ്റ്റ്. അദ്ദേഹത്തിന്റെ "The Storm" എന്ന കൃതിയുടെ ഇതിവൃത്തം തോട്ടം തൊഴിലാളികളുടെ ദുരിതപൂർണ്ണമായ ജീവിതമാണ്.

ശ്രീ. മുത്താനതാഹയുടെ 'കേരളപാത' ശ്രീ വിൽസന്റെ 'ന്യൂസ്മെയിൽ' തൊഴിലാളി, ശ്രീ പുനലൂർ കൃഷ്ണൻ കുട്ടിയുടെ 'കാവ്യ കേളി' ശ്രീ. കെ. ചന്ദ്രൻപിള്ളയുടെ 'മാതൃനാട്' ശ്രീ. പ്രതാപന്റെ 'സൺഡേ റ്റൈംസ്' ശ്രീ. തോമസ് കുഞ്ഞുകുഞ്ഞിന്റെ 'സൂപ്പർ സോണിക്ക്' ശ്രീ സി. എൻ സദാശിവന്റെ 'സോഷ്യലിസ്റ്റ് വർക്കർ' ശ്രീമാന്മാർ പുനലൂർ ചന്ദ്രൻ പ്രൊഫ: ഷാജഹാൻ എന്നിവരുടെ 'കേരളമനോരമ' ശ്രീ. വി.കെ.എ. അസീസിന്റെ 'ഭാരതനാട്' എന്ന ദ്വൈവാരിക എന്നിവയൊക്കെ പുനലൂർ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു. ഫോട്ടോഗ്രാഫിയിലെ വൈദഗ്ദ്ധ്യം കൊണ്ട് പ്രസിദ്ധനായ ശ്രീ. പുനലൂർ രാജനെ വളർത്തി വലുതാക്കിയതും പുനലൂരാണ്. പുസ്തക പ്രസാധന രംഗത്ത് മുൻനിരയിൽനിന്ന് പ്രവർത്തിച്ച മുൻകാല സ്ഥാപനമാണ് ഉദയാ പ്രസ് & ബുക്ക് ഡിപ്പോ. എന്നാൽ ഇന്ന് ഈ രംഗത്ത് ഉള്ളത് ശ്രീ രാധാകൃഷ്ണന്റെ 'ഹരിശ്രീ

ബുക്സും, സിൻസിയർ പബ്ളിക്കേഷൻസു മാണ്. മുൻകാലത്ത് ഇവിടെ പ്രചാരത്തിലിരുന്ന പത്രങ്ങളാണ് ' മലയാള രാജ്യം പ്രഭാതം, കേരള ഭൂഷണം, ദിനമണി, ദേശബന്ധു, ജനയുഗം എന്നിവ.

## കായികരംഗം

കേരളത്തിന്റെ കായിക ഭൂപടത്തിൽ പ്രമുഖ സ്ഥാനമാണ് പുനലൂരിനുള്ളത്. . മതിയായ പരിശീലന സൗകര്യം ഇല്ലതിരുന്ന കാലത്തു പോലും നിരവധി സംസ്ഥാന ദേശീയ താരങ്ങളെ പുനലൂർ വളർത്തിയിട്ടുണ്ട്. നിരവധി കായിക താരങ്ങളുടെ പാദസ്പർശമേറ്റ് പതം വന്നതാണ് ബോയിസ് ഹൈസ്ക്കൂൾ ഗ്രൗണ്ടിലെ പരുക്കൻ കല്ലുകൾ. ആറ് ദശാബ്ദങ്ങൾക്കു മുൻപ് ശ്രീ. ചിത്തിരതിരുനാൾ ജന്മദിനാഘോഷ ത്തോടനുബന്ധിച്ച് കൊട്ടാരം ഗ്രൗണ്ടിൽ (ഇപ്പോ ഴത്തെ ഫോറസ്റ്റാഫീസ്) സ്പോട്ട്സ് മത്സരങ്ങൾ നടത്തിയിരുന്നു. കൊല്ലം ജില്ലയിൽ ആദ്യമായി ബാസ്ക്കറ്റ്ബാൾ ഗ്രൗണ്ണ്ട് നിർമ്മിച്ചത് പുനലൂ രാണ്. ബാസ്ക്കറ്റ്ബാൾ കളിയിൽ നമുക്ക് അറുപതു വർഷത്തെ പാരമ്പര്യമുണ്ട്. 1948-50 കളിയിൽ സംസ്ഥാന സ്ക്കൂൾ സ്പോർട്ട്സ് ചാമ്പ്യൻഷിപ്പും സംസ്ഥാന സ്ക്കൂൾ ബാസ്ക്കറ്റ് ബാൾ ചാമ്പ്യൻഷിപ്പും പുനലൂർ ഹൈസ്ക്കൂൾ നേടിയിട്ടുണ്ട്. 1952 മുതൽ നടന്നു വന്ന പത്ത്നാ പുരം തലൂക്ക് റിപ്പബ്ളിക്ക് ദിന കായിക മൽസരങ്ങൾ സ്പോർട്ട്സിന്റെ വളർച്ചയിലും സ്പോർട്ടസ് മനോഭാവം വളർത്തുന്നതിലും ഒട്ടേറെ സഹായിച്ചിട്ടുണ്ട്. വൈവിദ്ധ്യമാർന്ന ഇനങ്ങൾ ആ മൽസരങ്ങളുടെ ഒരു പ്രത്യേകതയായിരുന്നു. സംസ്ഥാന ഫുട്ബോൾ ചാമ്പ്യൻ ഷിപ്പ്, സംസ്ഥാന ബാസ്ക്കറ്റ്ബാൾ ചാമ്പ്യൻഷിപ്പ് ജില്ലാ അമച്വർ അത്ലറ്റിക് മീറ്റ് എന്നിവ പുനലൂരിൽ നടന്ന ചില മൽസരങ്ങളാണ്. ഒന്നാമത് ജില്ലാ യുവജനമേളയ്ക്ക് വേദി ഒരുക്കിയതും ഈ പട്ടണം തന്നെ.

പുനലൂരിലെ ആദ്യകാല സ്പോർട്ട്സ് താരങ്ങളാണ് ശ്രീമാന്മാർ കെ കൃഷ്ണപിള്ള (മുൻ എം.എൽ.എ) കെ. തങ്കപ്പൻ (കൊല്ലം മുനി സിപ്പൽ ചെയർമാൻ) പി. ഗംഗാധരൻ പിള്ള, അമിൽ ജാൻ സാഹിബ്, എൻ. വേലായുധൻ പിള്ള, ഷംസുദീൻ എന്നിവർ. ശ്രീ. പി. ഗംഗാധ രൻ പിള്ള 1994-ൽ ജക്കാർത്തയിൽ നടന്ന ഏഷ്യൻ വെറ്ററൻസ് മീറ്റിൽ 5 കി. മീറ്റർ നടത്ത മൽസരത്തിൽ വെള്ളിമെഡൽ നേടുകയു ണ്ടായി എന്നത് പൂനലൂരിനെന്നും അഭിമാ നപൂർവ്വം ഓർക്കാ വുന്നതാണ്. മികച്ച കായിക താരവും ദേശീയ അത്ലറ്റിക് കോച്ചുമായിരുന്ന ശ്രീ. ജി. തോമസിനെ പ്രശസ്തിയിലേക്കുയ ർത്തിയത് പൂനലൂരാണ്. ശ്രീമാന്മാർ ചെറിയാൻ പഞ്ഞിക്കാരൻ, മാരത്തോൺ ജോസഫ്, റിട്ട. ജഡ്ജി. സി. ഗോപിനാഥ പിള്ള ലത്തീഫ് ജാൻ സാഹി ബ്, വർഗ്ഗീസ് ചെറിയാൻ, ദിവാൻ ഖാൻ എന്നിവർ പുനലൂരിലെ കായികരംഗത്തിന് മികവുറ്റ സംഭാവനകൾ നൽകിയിട്ടുണ്ട്.മികച്ച കായികതാരവും സ്പോർട്ടസ് കുടുംബത്തിലെ കാരണവരുമാണ് ഐക്കരക്കോണം എം.ബി ഭാസ്ക്കരൻ. സംസ്ഥാനത്തെ മികച്ച സ്പ്രിന്റ് താരമായിരുന്ന ശ്രീ. എം. അബ്ദുൽ അസീസ് ഒരു കായികാദ്ധ്യാപകൻ എന്ന നിലയിൽ മൂന്ന ദശാബ്ദക്കാലം പുനലൂരിലെ സ്പോർട്ട്സിന്റെ വളർച്ചക്ക് അദ്ദേഹം വലിയ പങ്കു വഹിച്ചിട്ടുണ്ട്. ദേശീയ താരമായിരുന്ന ശ്രീ. ശശിധരൻ നായർ ഏഷ്യാഡിൽ ഇൻഡ്യയെ പ്രതിനിധീകരിച്ച കുഞ്ഞുകുഞ്ഞമ്മ എന്നിവർ പുനലൂരിന്റെ സന്തതികളാണ്. 1996-ൽ ദേശീയ വെറ്ററൻസ് മീറ്റിൽ 20 കി.മീറ്റർ നടത്ത മൽസരത്തിൽ സ്വർണ്ണം നേടിയ ശ്രീ. ഗംഗാധരൻ കായികതാര ങ്ങൾക്ക് ഒരു മാതൃകയാണ്. ശ്രീ. എസ്. നൗഷറുദീൻ ജൂനിയർ നാഷണൽ ബാസ്ക്കറ്റ്ബാൾ കളിക്കാരനും കുമാരി അന്ന ഏബ്രഹാമും ശ്രീ. പി. എ. അനസും ഇന്റർവേ ഴ്സിറ്റി താരങ്ങളുമാണ്. പുനലൂരിലെ സ്പോ ർട്ട്സിന്റെ വളർച്ചയ്ക്ക് അളവറ്റ സേവനം നൽകിയിട്ടുള്ള ശ്രീമാന്മാർ കെ. ഗോവിന്ദൻ നായർ, റ്റി.വി. തോമസ്, എൻ. ശങ്കരൻ നായർ എന്നീ ഗുരുക്കന്മാരുടെ സേവനം എന്നുമെന്നും സ്മരിക്കപ്പെടും. സ്പോർട്ട്സിന്റെയും ഗെയിം സിന്റെയും വളർച്ചയ്ക്ക് അനുസരിച്ച് കളിസ്ഥ ലങ്ങളോ, ശാസ്ത്രീയ പരിശീലന സൗകര്യ ങ്ങളോ പുനലൂരിൽ ഇനിയും ഉണ്ടായിട്ടില്ല. പുനലൂർ ബി.എച്ച്.എസ്സിലെ ഒരു മിനി സ്റ്റേഡി യം മാത്രമാണ് കായിക പ്രേമികളുടെ ഏക ആശ്രയം. ഒരു സ്റ്റാൻഡേർഡ് സ്റ്റേഡിയത്തിന്റെ അഭാവം മൂലം മേജർ കായിക മൽസരങ്ങൾക്ക് വേദിയാവാൻ പുനലൂരിന് കഴിയുന്നില്ല. ഇത് ഈ പട്ടണത്തിന്റെ വികസനത്തേയും

സാരമായി ബാധിക്കുന്നുണ്ട്

## പ്രശ്നങ്ങൾ

1. സ്കൂളുകളിൽ കളിസ്ഥലങ്ങളുടെ അപര്യാപ്തത

2. ഗ്രാമ പ്രദേശങ്ങളിൽ കായികാഭിരുചിയുള്ളവരെ കണ്ടെത്തി പ്രോൽസാ ഹിപ്പി ക്കുന്നില്ല.

3. അടിസ്ഥാന ജീവിത സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ഗ്രാമപ്രദേശങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം ഉണ്ടാകുന്നില്ല.

4. ഈ രംഗത്ത് കതിരിന്മേൽ വളം വയ്ക്കുന്ന രീതി അവസാനിപ്പിച്ച്, ചെറുപ്രായം മുതൽ പരിശീലനം കൊടുക്കാതിരിക്കുന്നതു കൊണ്ട് കായിക നിലവാരം ഉയർത്താൻ കഴിയുന്നില്ല.

5. സ്പോർട്ട്സിന്റെ പൊതുവായ മേൽനോട്ടത്തിന് മുനിസിപ്പാലിറ്റിയിൽ ഒരു ചുമതലക്കാരനില്ല.

6. പരീക്ഷാ വിജയത്തിന് സ്പോർട്ട്സിലെ പങ്കാളിത്തം ഒരാവശ്യഘടകമല്ല.

7. സ്പോർട്ട്സ് ഡിവിഷൻ ഇല്ല.

8. കായികാദ്ധ്യാപകർ ആവശ്യത്തിനില്ല.

9. കായികാദ്ധ്യാപകർക്ക് ശാസ്ത്രീയമായ പരിശീലനം ലഭിക്കുന്നില്ല.

10. ഒരു സ്റ്റേഡിയത്തിന്റെ അഭാവം11. ബോധവൽക്കരണത്തിലൂടെ ഒരു സ്പോ ർട്ട്സ് സംസ്ക്കാരം വളർത്തുന്നില്ല.

## പരിഹാരങ്ങൾ

1. എല്ലാ വിദ്യാലയങ്ങളിലും സ്പോർട്ട്സിന്റെ അടിസ്ഥാന പരിശീലനത്തിനുള്ള സൗകര്യം തുടങ്ങുക.

2. സ്ക്കൂളുകളിൽ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യ വിഷയമാക്കുക.

3. ജില്ലാ സ്പോർട്ട്സ് കൗൺസിൽ മാതൃകയിൽ താലൂക്ക് സ്പോർട്ട്സ് കൗൺസിൽ സ്ഥാപിക്കുക.

4. മുനിസിപ്പൽ തലത്തിലുള്ള ഒരു Sprts office ഉം Sports wing ഉം ഏർപ്പെടുത്തുക.

5. കഴിവുള്ള കായികതാരങ്ങൾക്ക് സ്പോൺസറിംഗിലൂടെ ഉന്നത പരിശീലനം ലഭ്യമാക്കുക.

6. സ്പോർട്ട്സ് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുക.

7. പ്രൈമറി സ്കൂളുകളിൽ കായികാദ്ധ്യാപകരെ നിയമിക്കുക.

8. സ്റ്റേഡിയം നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുക.

9. സ്പോർട്ട്സ് ക്ലബ്ബുകളെ പ്രോൽസാഹിപ്പിക്കുക.

10. പുനലൂരിൽ ഒരു സ്വിമ്മിംഗ് പൂൾ നിർമ്മിക്കുക.

11. ഒരു മുനിസിപ്പാലിറ്റിക്ക് ഒരു കോച്ച്.

12. എല്ലാ വർഷവും ജില്ലാ മൽസരങ്ങളിൽ പങ്കെടുക്കേണ്ടവരെ നേരത്തേ കണ്ടെത്തുകയും അവരെ കുറഞ്ഞത് മൂന്നു മാസമെങ്കിലും പരിശീലിപ്പിക്കുകയും വേണം

13. പുനലൂർ ഗവ. ഹൈസ്ക്കൂൾ ഗ്രൗണ്ട് നന്നാക്കുക.

റോമൻ കാത്തലിക്ക് പള്ളി





തൃക്കോതേശ്വരം മഹാദേവർ ക്ഷേത്രം



ആലഞ്ചേരി മുസ്ലീം പള്ളി

# വനിത

മനുഷ്യസമൂഹത്തിൽ സ്ത്രീ_പുരുഷന്മാർ പരസ്പര പൂരകങ്ങളാണല്ലോ. ആ സ്ഥിതിക്ക്ഒന്നിന് മറ്റേതിനേക്കാൾ ഉത്കർഷമോ, അപകർഷമോ കൽപിക്കുന്നത് അയുക്തികവും അശാസ്ത്രീയവുമാണ്. പ്രശസ്ത തത്വചിന്തകനായ ബട്രാൻഡ് റസ്സൽ അഭിപ്രായപ്പെട്ടതുപോലെ പുരുഷന് സ്ത്രീയേക്കാൾ മേന്മ അവകാശപ്പെടാവുന്നത് പേശീബലത്തിൽ മാത്രമാണ്.

മനുഷ്യന്റെ സാമൂഹിക ചരിത്രത്തിലെ ആദ്യഘട്ടം സ്ത്രീയുടെ മേൽക്കോയ്മയുടേതായിരുന്നു എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ആഹാരസമ്പാദനം പുരുഷൻ മാത്രം ഏറ്റെടുത്തതോടെ സ്ത്രീയുടെ സ്ഥാനം അടുക്കളയിലേക്ക് ചുരുങ്ങി. ഫ്യൂഡൽ_മുതലാളിത്ത സംവിധാനത്തിൽ സ്ത്രീയെ ഒരു ഉപഭോഗവസ്തുവായി മാത്രം കണ്ടു. മാനവ ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും സ്ത്രീകൾ ക്രൂരമായ അവഗണനയ്ക്കും ചൂഷണത്തിനുംവിധേയരായി. എന്നാൽ സോഷ്യലിസത്തിന്റെ ആവിർഭാവത്തോടെ സ്ത്രീകളോടുള്ള പുരുഷന്മാരുടെ സമീപനത്തിൽ കാതലായ മാറ്റമുണ്ടായി. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ നിലവിൽ വന്നപ്പോൾ അവിടെയുള്ള സ്ത്രീകൾക്ക് നൂറ്റാണ്ടുകളായി നിഷേധിക്കപ്പെട്ടിരുന്ന അവരുടെ അന്തസ്സ് വീണ്ടുകിട്ടി.

കേരളത്തിലെ സ്ത്രീകളുടെ സ്ഥിതിയും ഇതിൽ നിന്നും വിഭിന്നമല്ല. എന്നാൽ ശ്രീനാരായണ ഗുരു, ചട്ടമ്പിസ്വാമികൾ, അയ്യങ്കാളി തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കളുടെ ശ്രമഫലമായി നിലവിൽ വന്ന നവോത്ഥാനം കേരളത്തിലെ സ്ത്രീകളുടെ അന്തഃസ്സ് ഉയർത്തുന്നതിനുള്ള  പ്രേരകശക്തിയായി. വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതി ഇതിന് ആക്കം കൂട്ടി. ഇതു കേരളത്തിലെ സ്ത്രീ സമൂഹത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്ത്രീകളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിലും, സാമൂഹ്യബോധത്തിലും നമ്മുടെ വനിതകൾ എത്രയോ മുൻപിലാണ്.

ജനകീയ ആസൂത്രണത്തിലൂടെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക വഴി  അവരുടെ പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു. പുനലൂർ മുനിസിപ്പൽ പ്രദേശത്തെ സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും കേരളത്തിന്റേതിൽ നിന്നും വിഭിന്നമല്ല. മുൻകാലങ്ങളിൽ തന്നെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടായിരുന്നതിനാൽ പുനലൂരിലെ സ്ത്രീകൾ പുരുഷന്മാർക്ക് തുല്യം വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിരുന്നു. ഇന്നവർ ഉന്നത വിദ്യാഭ്യാസ രംഗത്ത് പുരുഷന്മാരെ പിന്നിലാക്കുയിരിക്കുന്നു.

ഹൈസ്കൂൾ തലം വരെ എണ്ണത്തിൽ മുന്നിൽ നിൽക്കുന്ന ആൺകുട്ടികളുടെ സംഖ്യ കോളേജിലെത്തുമ്പോൾ പിന്നിലാണെന്ന് കാണാം. പുനലൂരിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ശ്രീനാരായണാ കോളേജിൽ ആകെ പഠിക്കുന്ന 2201 വിദ്യാർത്ഥികളിൽ 1265 പേർ വനിതകളാണ്. ഇത് വിദ്യാഭ്യാസരംഗത്ത് നമ്മുടെ പ്രദേശത്തെ വനിതകളുടെ മേൽക്കയ്യിലേക്ക് വെളിച്ചം വീശുന്നു. അധ്യാപന രംഗത്തും വനിതകളുടെ മുന്നേറ്റം പ്രകടമാണ്. പുനലൂർ പട്ടണാതിർത്തിയിൽ ആകെ ജോലിചെയ്യുന്ന 450 അധ്യാപകരിൽ 307 പേർ വനിതകളാണ്. എസ്.എൻ.കോളേജിലെ 74 അധ്യാപകരിൽ 34 പേർ വനിതകളാണ്.

ക്ലേശകരമായ കർഷക തൊഴിലാളിരംഗം, കെട്ടിട നിർമ്മാണ രംഗം, കശുവണ്ടി_കൈത്തറി കയർ എന്നീ രംഗങ്ങളിൽ വനിതകളുടെ സാന്നിദ്ധ്യം പ്രകടമാണ്. ആശുപത്രികൾ, നേഴ്സറി വിദ്യാഭ്യാസം, അംഗൻവാടികൾ, തീപ്പെട്ടി വ്യവസായം, ഹോം നേഴ്സിംഗ്, ലബോറട്ടറികൾ, എംബ്രോയിഡറി വർക്ക്, വിറകുശേഖരണം, പുല്ലുപറിക്കൽ, മൺകല നിർമ്മാണം, തുടങ്ങി വളരെയധികം രംഗങ്ങളിൽ വനിതകളുടെ ആധിപത്യം പ്രകടമാണ്.

വനിതകളുടെ പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും:_

പട്ടികജാതി ഒഴികെ.

വാർഡുസഭായോഗങ്ങളിൽ ഉയർന്നുവന്ന വനിതകളുടെ ആവശ്യം.

28 വാർഡുകളിലും വിളിച്ചുചേർത്ത വാർഡുസഭകളിൽ സമാനസ്വഭാവമുള്ള ആവിശ്യങ്ങളാണ് ഉയർന്ന് വന്നത്. ആവർത്തന വിരസത ഒഴിവാക്കുവാൻ പ്രസ്തുത ആവിശ്യങ്ങൾ പൊതുവായി ഉൾപ്പെടുത്തിയിരിക്കുന്നു.

1. അംഗൻവാടികളും നേഴ്സറി സ്കൂളുകളും നിലവിലില്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുക.
2. മാതൃ ശിശു സംരക്ഷണ കേന്ദ്രം ഇല്ലാത്ത വാർഡുകളിൽ പുതിയവ സ്ഥാപിക്കുക. ലേഡി ഡോക്ടർ മാരുടെ സേവനം ലഭ്യമാകത്തക്കനിലയിൽ പ്രവർത്തനം മെച്ചപ്പെടുത്തുക.
3. കന്നുകാലി വളർത്തലിന് സഹായകരമായി സൗജന്യ പദ്ധതികൾ നടപ്പിലാക്കുക.
4. ക്ഷീര സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
5. മഹിളാ സമാജങ്ങൾ സ്ഥാപിക്കുക.
6. വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
7. സ്വയം തൊഴിൽ പദ്ധതികൾക്കാവശ്യമായ ധനസഹായവും സാങ്കേതിക സഹായവും ഉറപ്പ് വരുത്തുക.
8. ടെയ്ലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ് സ്ഥാപനങ്ങൾ സഹകരണമേഖലയിൽ ആരംഭിക്കുക.
9. സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനം ഉണ്ടാക്കുക.
10. കോഴി വളർത്തൽ, ആടുവളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.
11. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിച്ച് തീപ്പെട്ടി നിർമ്മാണം, ചെരിപ്പുനിർമ്മാണം, റെഡിമെയ്ഡ് ഗാർമെന്റ് നിർമ്മാണം, സോപ്പുനിർമ്മാണം, ഭക്ഷ്യോൽപ്പന്നങ്ങളുടെ പ്രോസസിംഗ്, മെഴുകുതിരി നിർമ്മാണം, റബ്ബർ ബാൻഡ് നിർമ്മാണം, ബുക്ക് ബയന്റിംഗ്, പാൽ സംസ്കരണം, പഴ വർഗ്ഗസംസ്കരണം തുടങ്ങിയവയുടെ പ്രവർത്തനം സഹകരണ മേഖലയിൽ ആരംഭിക്കുക.
12. സ്ത്രീധന നിരോധനം നടപ്പിലാക്കുക.
13. സമ്പൂർണ മദ്യ നിരോധനം നടപ്പിലാക്കുക.
14. സ്ത്രീ പീഡനക്കേസ്സുകളിൽ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുക.
15. സർക്കാർ ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
16. ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.
17. കാലിത്തീറ്റയുടേയും കോഴിത്തീറ്റയുടേയും നിർമ്മാണത്തിനാവശ്യമായ വനിതാ സംഘം രൂപീകരിക്കുക.
18. വനിതകൾക്കായി ഒരു പബ്ലിക് ലൈബ്രറിയും സ്പോർട്സ് ആന്റ് ആർട്സ് ക്ലബും മുൻസിപ്പാലറ്റിയുടെ നിയന്ത്രണത്തിൽ ആരംഭിക്കണം.
19. വർദ്ധിച്ചുവരുന്ന കഞ്ചാവ്, കറുപ്പ്, ചരസ്സ് തുടങ്ങിയ മാരകമായ മയക്കുമരുന്നുകളുടെ വിപണനം കർശനമായി തടയുക.
20. വനിതാ ക്ഷേമപ്രവർത്തനങ്ങളെപ്പറ്റിയുള്ള സെമിനാറുകൾ സംഘടിപ്പിക്കണം. പദ്ധതികളെപ്പറ്റിയുള്ള നോട്ടീസുകൾ വിതരണം ചെയ്യണം.

**പൊതുനിർദ്ദേശങ്ങൾ**

1. വനിതാ മേഖലയിൽ നിലവിലുള്ള ക്ഷേമപദ്ധതികളെയും അവയുടെ പ്രവർത്തനത്തെയും സംബന്ധിച്ച് വിവരങ്ങൾ നൽകുന്നതിലേക്കായി സാമൂഹ്യക്ഷേമവകുപ്പിന്റെ ഒരു ശാഖ പുനലൂരിൽ തുടങ്ങണം.

2. പുനലൂരിൽ ഒരു അബലാ മന്ദിരം സ്ഥാപിക്കുക
3. 1500 രൂപയിൽ താഴെ വരുമാനമുള്ള വനിതാ ജീവനക്കാർക്കായി ഒരു വനിതാ ഹോസ്റ്റൽ പുനലൂരിൽ സ്ഥാപിക്കണം.
4. പുനലൂർ പട്ടണത്തിൽ ഒരു വർക്കിംഗ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കണം.
5. വനിതകൾക്കായുള്ള ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
6. മദ്യത്തിനും മയക്കുമരുന്നിനും എതിരായി പ്രവർത്തിക്കുന്ന വനിതാ സംഘടനകൾ നടത്തുന്ന കൗൺസിലിംഗ് സെന്ററും ഡിഅഡീക്ഷൻ സെന്ററും സ്ഥാപിക്കണം.
7. സംയോജിത ഗ്രാമവികസന പരിപാടി

ഇതുവഴി വളരെയധികം വനിതകൾക്ക് തൊഴിൽ സമ്പാദിക്കാവുന്നതാണ്. പല ഇനങ്ങളിലായി ഈ പദ്ധതി പ്രകാരം സാമ്പത്തിക-സാങ്കേതിക സഹായം ലഭിക്കുന്നതാണ്.

8. അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന വനിതകളെ ക്ഷേമനിധിയിൽ അംഗമാക്കണം.
9. ഗ്രാമീണ വനിതാ ശിശു വികസന പരിപാടി

ഈ പദ്ധതി പ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും സഹായധനവും നൽകിവരുന്നു. കൊല്ലം ജില്ലയിൽ നടപ്പിലാക്കിയിട്ടില്ലാത്ത ഈ പദ്ധതി പുനലൂർ മുനിസിപ്പൽ പ്രദേശത്ത് നടപ്പിലാക്കിയാൽ അതുവഴി വളരെയധികം വനിതകൾക്ക് ഭാഗീകമായി തൊഴിലും മറ്റാനുകൂല്യങ്ങളും ലഭിക്കും.

10. വനിതകൾക്കായി പ്രത്യേകം വികലാംഗക്ഷേമ പരിപാടികൾ നടപ്പിലാക്കണം.
11. പുനലൂരിൽ ഒരു വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കണം.
12. പുനലൂരിൽ ഒരു ബാലസദനം സ്ഥാപിക്കണം.
13. ദുർബല ജനവിഭാഗങ്ങളിൽ പെടുന്ന വനിതകൾക്ക് പ്രത്യേകക്ഷേമപദ്ധതികൾ നടപ്പിലാക്കണം.
14. വനിതകൾക്കായി ചെറുകിട ഡബ്ല്യു.ഐ.പി. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുകയും മുനിസിപ്പാലറ്റിയുടെ വിവിധ മേഖലകളിൽ അതിന്റെ യൂണിറ്റ് സ്ഥാപിക്കുകയും വേണം.
15. പുനലൂരിൽ ഒരു കുടുംബ കോടതി സ്ഥാപിക്കേണ്ടതാണ്.
16. പച്ചക്കറി കൃഷി, കൂൺകൃഷി, പുഷ്പകൃഷി എന്നിവ വിപുലപ്പെടുത്തുന്നതിനായി വനിതകൾക്ക് പ്രത്യേകം ധനസഹായം നൽകുക.

സാമൂഹ്യ രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന വനിതാ സംഘടനകൾ, അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സമൂഹത്തിന്റെ മുഖ്യധാരയിൽ അവർക്കുള്ള സ്വാധീനം വർദ്ധിപ്പിക്കുകയും വേണം. നിലവിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാന, ദേശീയ, സാർവ്വദേശീയ വനിതാ സംഘടനകളുടെ പ്രവർത്തനത്തെപ്പറ്റി മുനിസിപ്പൽ ഏരിയയിലെ വനിതകൾക്ക് പ്രത്യേക ബോധവൽക്കരണം നടപ്പിലാക്കണം. വനിതകളിൽ ചിലരിലെങ്കിലും നിലനിൽക്കുന്ന അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഇല്ലാതാക്കാൻ അവയെ സംബന്ധിച്ച പ്രത്യേക ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.

സ്ത്രീകൾക്കായി വിതരണ് ചെയ്തു കൊണ്ടിരിക്കുന്ന സഹായപദ്ധതി

| ന. | ഇനം | ഗുണഭോക്താക്കൾ | ഒരാൾ ലഭിക്കു തുക |
|---|---|---|---|
| 1. | വിധവാ പെൻഷൻ | 156 | 100 |
| 2. | വികലാംഗപെൻഷൻ | 76 | 100 |
| 3. | വാർദ്ധക്യകാലപെൻഷൻ | 55 | 100 |
| 4. | കർഷക തൊഴിലാളി പെൻഷൻ | 225 | 75 |
| 5. | തൊഴിലില്ലായ്മ വേതനം | 728 | 70 |
| | ആകെ ഗുണഭോക്താക്കൾ | 1240 | |

ആധാരം: വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ലഭിച്ചത്.

പുനലൂർ മുനിസിപ്പാലറ്റിയിൽ സ്ത്രീകളുടെ സാക്ഷരത 90.9%

സ്ത്രീ_പുരുഷ അനുപാതം 1011/1000

സാക്ഷരതാ പ്രവർത്തനം തുടർന്ന് നടത്തേണ്ടതാണ്.

അടിസ്ഥാന തൊഴിൽ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സ്ത്രീ തൊഴിലാളികളുടെ വിവരം

| നം | തൊഴിൽ മേഖല | തൊഴിലാളികളു എണ്ണം |
|---|---|---|
| 1. | കർഷകതൊഴിലാളികൾ | 441 |
| 2. | നിർമ്മാണ തൊഴിലാളികൾ | 340 |
| 3. | കുടിൽ വ്യവസായം | 510 |
| 4. | മൃഗപരിപാലനം | 1140 |
| 5. | കച്ചവടം (ചെറുകിട) | 519 |
| | ആകെ | 2950 |

സർക്കാർ_സ്വകാര്യ സ്ഥാപനങ്ങളിൽ ജോലിനോക്കുന്ന വനിതകളുടെ വിവരം

| മേഖല | തെഴിലാളികളു എണ്ണം |
|---|---|
| സർക്കാർ മേഖല | 1022 |
| സ്വകാര്യ മേഖല | 1078 |
| ആകെ | 2100 |

അടിസ്ഥാന തൊഴിൽ മേഖലയിൽ നിലവിലുള്ള കൂലിവിവരം

| തൊഴിൽ | സ്ത്രീ | പുരുഷൻ |
|---|---|---|
| കർഷകതൊഴിലാളി | 75 | 100 |
| നിർമ്മാണതൊഴിലാളി | 80 | 130 |
| റബ്ബർ ടാപ്പിംഗ് | 70 | 70 |
| കൊയ്ത് | | 1/6 പതം |
| ഹോട്ടൽ തൊഴിലാളി | 50 | 75 |

ആധാരം : സെക്കന്ററി ഡേറ്റാ കളക്ഷൻ വഴി ലഭിച്ചത്.

മുകളിൽ സൂചിപ്പിച്ചിട്ടുള്ള വസ്തുതകളെ അർഹിക്കുന്ന ഗൗരവത്തോടെ കാണുകയും പരിഹാരമുണ്ടാക്കുകയും ചെയ്താൽ അതുവഴി നമ്മുടെ സമൂഹത്തിൽ വനിതകൾക്കുള്ള സ്ഥാനം പുരുഷന്മാരുടേതിന് തുല്യമാക്കി ഉയർത്താം. അതുവഴി ഒരു പുതു പുത്തൻ സംസ്കാരത്തിന് അടിത്തറപാകാം

# പട്ടിക 1

| പ്രശ്നങ്ങൾ | പരിഹാര പ്രശ്നങ്ങൾ |
|---|---|
| 1. സാമൂഹ്യ-രാഷ്ട്രിയ രംഗത്തെ കുറഞ്ഞ പങ്കാളിത്തം | 1. എല്ലാ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും വനിതകൾക്ക് മതിയായ പ്രാതിനിധ്യം ഉറപ്പുവരുത്തണം |
| 2. കാലാസാംസ്ക്കാരിക, രംഗങ്ങളിൽ പ്രവർത്തിക്കുന്നതിനുള്ള വിമുഖത | 2. ഗ്രന്ഥശാലകളിലും സ്പോർട്സ്&ആട്സ് ക്ളബുകളിലും കൂടുതൽ വനിതകളെ അംഗങ്ങളാക്കുകയും ഭരണസമിതികളിൽ മെച്ചമായ പങ്കാളിത്തം ഉറപ്പുവരുത്തുകയും വേണം |
| 3. വനിതകൾക്ക് തൊഴിലവസരങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിയുന്നില്ല. | 3. വനിതകൾക്കായി പ്രത്യേകം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുകയും അവയുടെ അഭിവൃത്തിക്കായി ശാസ്ത്ര സാങ്കേതിക വിദ്യകൾ ലഭ്യമാക്കുകയും വേണം |
| 4. വനിതാ-ക്ഷേമ പ്രവർത്തനങ്ങളെ സംബധിച്ചുള്ള അറിവില്ലായ്മ | 4. വനിതകൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് ബോധവൽക്കരണം വ്യാപകമാകുന്നു |
| 5.. വിദ്യാ സമ്പന്നരായ വനിതകളുടെ തൊഴിലില്ലായമ രൂക്ഷമായിക്കൊണ്ടിരിക്കുന്നു | 5 വിദ്യാസമ്പന്നരായ തൊഴിൽ രഹിത വനിതക്ൾക്കായി പ്രത്യേകം തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുക. |
| 6. കാർഷികമേഖലയിൽ പണിയെടുക്കു ന്നതിനോടുള്ള വനിതകളുടെ താൽപര്യം കുറഞ്ഞുവരുന്നു. എന്നാൽ ഈ മേഖലയിൽ തൊഴിലാളികളുടെ ലഭ്യത കുറവുമൂലം കൃഷി യഥാസമയത്തു നടത്തുവാൻ ആകുന്നുല്ല | 6.. കാർഷിക മേഖലയുടെ അതിന്റെ പ്രാധാന്യത്തെപറ്റിയും പണിയെടുക്കുക വഴി രാഷ്ട്രത്തിനുണ്ടാകുന്ന പുരോഗതിയെപറ്റിയും ബോധവൽക്കരണം നടത്തുക.ഈ മോഖലയിൽ പണിയെടുക്കുന്നവർക്ക് സമൂഹത്തിൽ മാന്യമായ സ്ഥാനം ഉറപ്പുവരുത്തുക |
| 7. തൊഴിലുടമകൾ വനിതകളെ കുറഞ്ഞ കൂലി നല്കി ചൂഷണത്തിന് വിധേയരാക്കുന്നു. | 7.. ഓരോ തൊഴിൽ മേഖലയിലേയും കൂലി നിശ്ചയിച്ച വനിതാ ജീവനക്കാർക്ക് നൽകുന്നു എന്ന് ഉറപ്പുവരുത്തുക |
| 8. അസംഘിടിത മേഖലയിൽ വനിതകൾക്ക് മാത്രം കുറഞ്ഞ കൂലി ഏർപ്പെടുത്തിയിരിക്കുന്നു | 8. തുല്യജോലിക്ക് തുല്യവേതനം എന്ന നയം കർശനമായും നടപ്പിൽ വരുത്തുകയും അതിന്റെ ലഭ്യത ഉറപ്പുവരുത്തുകയും വേണം. |

| | |
|---|---|
| 9. വർദ്ധിച്ചു വരുന്ന സ്ത്രീപീഢനങ്ങൾ | 9.. സ്ത്രീ പീഡന കേസുകളിൽപ്പെട്ട കുറ്റവാളികളെ കാലനിളംബം ഒഴിവാക്കി കർശനമായ ശികഷാ നടപടിക്ക് വിധേയരാക്കണം. |
| 10. വർദ്ധിച്ചു വരുന്ന ദാമ്പത്യ തകർച്ചയും അതുവഴി ഉണ്ടാകുന്ന പ്രശ്നങ്ങളും. | 10. ദാമ്പത്യ പ്രശ്നങ്ങൾ പരിഹരിക്കാനായി കൗൺസിലിങ് സെന്റർ സ്ഥാപിക്കുകയും പ്രവർത്തനം ശക്തിപ്പെടുത്തുകയും വേണം |
| 11. സ്ത്രീധനത്തിന്റെ പേരിൽ വനിതകൾ നേരിടുന്ന ഭീഷണി കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന ശിഥിലീകരണം | 11. ദേശീയമായി നിലനിൽക്കുന്ന ഈ പ്രശ്നം ശരിയായ ബോധവൽക്കരണം വഴി പരിഹരിക്കാം. പുതിയ തലമുറയിൽപെടുന്നവരെ ഇതിൽ അടങ്ങിയിരിക്കുന്ന അപകടം ബോദ്ധ്യപ്പെടുത്തുന്നതിലേക്കായി ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.പത്ര മാധ്യമങ്ങൾ ദൃശ്യമാധ്യമങ്ങൾ എന്നിവ ഇതിന്റെ ദൂഷ്യ വശങ്ങൾചിത്രീകരിക്കുന്നതിൽ |
| 12 വായനാശീലം സ്ത്രീകളിൽ പൊതുവെ കുറവാണ്. | 12. വായനാശീലം വർദ്ധിപ്പിക്കുവാൻ പുസ്തകങ്ങൾ എത്തിക്കണം ഉയർന്ന നിലവാരമുള്ള പുസ്തകങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം |
| 13 ആഡംബരത്തിനും ആർഭാടത്തിനും വേണ്ടിയുള്ള അമിത ചെലവുകൾ | 13. ലളിതവും ആർഭാടരഹിതവുമായ ജീവിതത്തിലൂടെ കൈവരിക്കാവുന്ന നേട്ടങ്ങളെ പറ്റി നല്ല രീതിയിൽ ബോധവൽക്കരണം നടത്തണം |
| 14 . കുറഞ്ഞുവരുന്ന സമ്പാദ്യശീലം, വർദ്ധിച്ചുവരുന്ന ചെലവുകൾ | 14 സമ്പാദ്യ ശീലം വളർത്തിയെടുക്കുന്നതിനായി സഹകരണ സംഘങ്ങൾ, പോസ്റ്റാഫീസുകൾ എന്നിവിടങ്ങളിൽ കഴിവനുസരിച്ച് പണം നിക്ഷേപിക്കുവാൻ പ്രേരിപ്പിക്കണം. |
| 15. മാതൃ-ശിശു സംരക്ഷണ കാര്യത്തിൽ അനുഭവപ്പെ ടുന്ന ബുദ്ധിമുട്ടുകൾ | 15 മുനിസിപ്പാലിറ്റിയിലെ മാതൃ- ശിശു സംരക്ഷ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ലേഡി ഡോക്റ്ററുടെ സേവനം ഉറപ്പുവരുത്തുകയും വേണം. കൂടുതൽ മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും , ഡേകെയർ സെന്ററുകളും തുടങ്ങണം. |
| 16 കുട്ടികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിന്<br>12.വായനാശീലം സ്ത്രീകളിൽ പൊതുവേ കുറവാണ് | 16 മുനിസിപ്പാലിറ്റിയിലെ എല്ലാ വാർഡുകളിലും അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. പരിചയ സമ്പന്നരായ വനിതകളെ നിയമിക്കണം. |

| | |
|---|---|
| 17. വനിതകൽക്ക് അപമാനം വരത്തക്ക രീതിയിലുള്ള നിലയിലുള്ള പത്ര ദൃശ്യമാധ്യമങ്ങളിലെ പരസ്യങ്ങൾ | 17 സ്ത്രീത്വത്തിന് കോട്ടം തട്ടത്തക്കനിലയിലുള്ള പരസ്യങ്ങൾ, സിനിമകൾ, സീരിയലുകൾ എന്നിവ കർശനമായി നിരോധിക്കണം . മുനിസിപ്പാലിറ്റിയുടെ |
| 18.. കോളനികളിലും ജനബാഹുല്യം കൂടുതലുള്ള ഭാഗത്തും നിലനിൽക്കുന്ന സാനിറ്ററി സൗകര്യങ്ങൾ കുറവ് | 18. കോളനികളിലും ജനബാഹുല്യം ഏറിയ ഭാഗങ്ങളിലും മെച്ചമായ സാനിറ്ററി സൗകര്യങ്ങളിലും ജലലഭ്യതയും ഉറപ്പുവരുത്തണം. |
| 19. രൂക്ഷമയി അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം | 19.കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ യുദ്ധകാല അടിസ്ഥാനത്തിൽ ചെയ്യണം |
| 20പൊതു സ്ഥലങ്ങളിൽ (മാർക്കറ്റ് ടൗൺ , ആഫീസുകൾ) ബസ്സ്റ്റാന്റുകൾതുടങ്ങിയവ വനിതകൾക്കായി നിലവിലില്ലാത്ത സാനിറ്ററി സൗകര്യം വിശ്രമ സൗകര്യം തുടങ്ങിയവ. | 20. ടൗണിലും മാർക്കറ്റുകളിലും ആഫീസുകളിലും മറ്റും വനിതകൾക്കായി പ്രത്യേകം സാനിറ്ററി, വിശ്രമ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. |



384

# സഹകരണം

സ്വന്തം സാമ്പത്തിക താല്പര്യങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകികൊണ്ട് വ്യക്തികൾ സമഭാവനയുടെ അടിസ്ഥാനത്തിൽ സ്വയമേവ സംഘടിച്ച് യുക്തി സഹവും നീതി പൂർവ്വവുമായി നടത്തി വരുന്ന സ്വയം പ്രേരിത സംഘടനകളുടെ സംഗമമാണ് സഹകരണ പ്രസ്ഥാനം

ലോകത്തിന് മാതൃകയായി 1848 ൽ ഇംഗ്ലണ്ടിലെ പ്രമുഖ സാമ്പത്തിക സോഷ്യലിസ്റ്റായ റോബർട്ട് ഓവൻ, തന്റെ നിയന്ത്രണത്തിലുള്ള വ്യവസായശാലയിലാണ് സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ഇതിന്റെ ഉദ്ദേശശുദ്ധിയും ആവശ്യകതയും മനസിലാക്കി ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് രൂപം കൊടുക്കുകയുണ്ടായി. 1904 ൽ ബ്രിട്ടീഷ് ഗവണ്മെന്റ് നിയമം മൂലം ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന് രൂപം കൊടുത്തു. 1919ൽ സഹകരണപ്രസ്ഥാനം ഒരു സംസ്ഥാന വിഷയമാകുന്നതിനു മുൻപ് ഇൻഡ്യയാകെ ഇതിന്റെ ചുക്കാൻ പിടിച്ചിരുന്നത് വൈസ്രോയിമാരായിരുന്നു. തിരു:കൊച്ചിയിൽ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചത് അന്നത്തെ ദിവാൻ ശ്രീ. രാജഗോപാലാചാരി ആയിരുന്നു. നിരവധി പ്രശ്നങ്ങളേയും പ്രതിബന്ധങ്ങളേയും തരണം ചെയ്തുകൊണ്ട് കേരളത്തിലെ സഹകരണ പ്രസ്ഥാനം ഒരു വടവൃക്ഷം പൊലെ പടർന്ന് പന്തലിച്ച് ഇന്ത്യയ്ക്ക് മാതൃക കാണിച്ചുവരുകയാണ്.

നാടിന്റെ സമസ്ത മേഖലകളിലും സഹകരണപ്രസ്ഥാനത്തിന്റെ അലകൾ, ആഞ്ഞടിക്കുമ്പോഴും ഇതിന്റെ സന്ദേശം എത്തിച്ചേരാത്ത പ്രദേശങ്ങളും നമ്മുടെ നാട്ടിൽ ഇപ്പോഴുമുണ്ട് എന്നത് ഖേദകരമാണ്. ആയതിന്റെ സൂചന മുനിസിപ്പൽ പ്രദേശത്തും കാണുന്നുണ്ട്. നാളിതുവരെ ഒരു സഹകരണ സംഘത്തിലും അംഗത്വമില്ലാത്ത നിരവധി വ്യക്തികളും, കുടുംബങ്ങളും നമ്മുടെ നഗരത്തിലുണ്ട്. മുനിസിപ്പൽ പ്രദേശത്തെ എല്ലാ കുടുംബങ്ങളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരുവാൻ പര്യാപ്തമായ മാർഗങ്ങളാണ് 9–ാം പദ്ധതിയിൽ നാം ആസൂത്രണം ചെയ്യേണ്ടത്.

പട്ടിക I 1994 ലെ ലഭ്യമായ കണക്കനുസരിച്ചുള്ള ഇന്ത്യയിലെ സഹകരണപ്രസ്ഥാനത്തിന്റെ വ്യാപ്തിയിലേക്ക് വെളിച്ചം വീശുന്നതാണ്.

പട്ടിക I

| ആകെ സംഘങ്ങൾ | ആകെ അംഗങ്ങൾ | ആകെ ആസ്തി |
|---|---|---|
| 3.95 ലക്ഷം | 19 കോടി | 1.18 ലക്ഷം കോടി |

1960–61 ൽ നമ്മുടെ രാജ്യത്ത് വിവിധസഹ

കരണ ബാങ്കുകളിലായി 200 കോടി രൂപ കാർഷിക വായ്പ ഇനത്തിൽ വിതരണം ചെയ്യുകയുണ്ടായി. ഇത് 1990-91 ൽ 6900 കോടി രൂപയായി ഉയർന്നു. 1990-91 കാലയളവിൽ ഇന്ത്യാ രാജ്യത്ത് വിതരണം ചെയ്ത രാസവളത്തിന്റെ 35%വും പഞ്ചസാരയുടെ 60%വും, കൈത്തറിയുടെ 50%വും സഹകരണ മേഖലയിലൂടെയാണ്.

പട്ടിക രണ്ട് കാണുക.

പട്ടികയിൽക്കാണിച്ച സഹകരണ സംഘങ്ങളിൽ ഭാഗീകമായിപ്പോലും പ്രവർത്തിക്കാത്ത സംഘങ്ങളും ഉണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്, ആയതിന് മുനിസിപ്പാലറ്റിയും സഹകരണ ഡിപ്പാർട്ട്മെന്റും ഉചിതമായ നടപടികൾ കൈക്കൊള്ളണം. കൃഷിയ്ക്കും, ഭവന നിർമ്മാണത്തിനും സ്വയം തൊഴിൽ പദ്ധതിക്കും, മൃഗപരിപാലനത്തിനും, ചെറുകിട വ്യവസായ സംരഭങ്ങൾക്കും മറ്റുമെല്ലാം വായ്പ അനുവദിക്കുന്നതിന് സഹകരണസംഘങ്ങൾ മുന്നിൽ നിൽക്കുന്നു വെങ്കിലും നിലവിലുള്ള പഴകി ദ്രവിച്ച നിയമങ്ങൾ വഴി വായ്പ എടുക്കുന്നതിന് വളരെയധികം വൈഷമ്യങ്ങൾ അനുഭവപ്പെടുന്നു. ഇതിനു പരിഹാരം എന്ന നിലയിൽ നിലവിലുള്ള സഹകരണ നിയമത്തിൽ വായ്പ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ കൂടുതൽ സുതാര്യമാക്കണം.

പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ച് വരുന്നതും റബ്ബർ ബോർഡിന്റെ സഹ്യാദ്രി പദ്ധതിപ്രകാരം നടത്തിവരുന്നതുമായ കലയനാട്, കക്കോട്, മണിയാർ എന്നീ റബ്ബർ ഉൽപാദക സഹകരണ സംഘങ്ങളേയും സഹകരണപ്രസ്ഥാനത്തിന്റെ പരിധിയിൽ കൊണ്ടുവരാവുന്നതാണ്. കാർഷിക തൊഴിൽ മേഖലകളിൽ സഹകരണ സംഘം വഴി വളരെയധികം പുരോഗതി കൈവരിക്കാനാകും. പുനലൂർ പട്ടണത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സ്കൂളുകളിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. നമ്മടെ പട്ടണത്തിലെ പല സഹകരണ സംഘങ്ങളുടേയും പ്രവർത്തനം തൃപ്തികരമല്ല. അവയുടെ പ്രവർത്തനം വിലയിരുത്തിമെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിക്കണം.

പുനലൂർ പട്ടണത്തിൽ കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ഒരു ശാഖ പ്രവർത്തിച്ചുവരുന്നു. ഈ ബ്രാഞ്ചിന് വലിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും സ്വന്തമായി കെട്ടിടം ഇല്ലാത്തത് ഒരു പോരായ്മയാണ്.

ഈ മുനിസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഭൂരിഭാഗം സഹകരണ സംഘങ്ങളും വാടക കെട്ടിടങ്ങളിലാണ് സ്ഥിതിചെയ്യുന്നത്. അതുകാരണം സഹകരണസംഘങ്ങളേറെയും ൌൺ ഏരിയ വിട്ടാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥിതിക്ക് പരിഹാരം ഉണ്ടായെങ്കിൽ മാത്രമേ സഹകരണ മേഖലയെ പുഷ്ടിപ്പെടുത്തുവാനാകൂ. അതിനാൽ പുനലൂർ ൌണിൽ എവിടെയെങ്കിലും കുറച്ച് സ്ഥലം ഏറെറടുത്ത് അതിവിശാലമായ നിലയിൽ ഒരു സഹകരണ കോംപ്ലക്സ് (കുറഞ്ഞത് 5 നിലകളുള്ള) പണിതാൽ സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാസഹകരണ സംഘങ്ങളുടെയും പ്രവർത്തനം പ്രസ്തുതകോംപ്ലക്സിൽ ആക്കാവുന്നതാണ്. സഹകരണസംഘം അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസ്, ജില്ലാസഹകരണ ബാങ്ക് ശാഖ എന്നിവയും ഈ കെട്ടിടത്തിൽ പ്രവർത്തിപ്പിക്കാം ഈകെട്ടിടത്തിന്റെ നിർമ്മാണത്തിന് ആവശ്യമായതുക ഇതിൽ പ്രവർത്തിപ്പിക്കാവുന്നബാങ്കുകളുടെ ഫണ്ടിൽ നിന്നും എടുക്കാവുന്നതാണ്. ഇത്തരം ഒരു കെട്ടിടം സഹകരണാടിസ്ഥാനത്തിൽ ഉണ്ടാകുന്നതും സഹകരണപ്രസ്ഥാനത്തിന് മാതൃക ആയിരിക്കും എന്നകാര്യത്തിൽ ആർക്കും സംശയത്തിന്റെ കാര്യമില്ലല്ലോ.

### വാർഡുതലത്തിൽ നടന്ന ഗ്രൂപ്പ് ചർച്ചകളുടെ വിവരങ്ങൾ.

വാർഡ് 1 ആരംപുന്ന : ഈ വാർഡിൽനിലവിൽ സഹകരണസംഘങ്ങൾ ഇല്ല. ഗ്രൂപ്പ് ഫാമിംഗ് ഉണ്ട്. ക്ഷീരവ്യവസായ സഹകരണസംഘം തുടങ്ങണം.

വാർഡ് 2. കാഞ്ഞിരമല : നിലവിൽ സഹകരണസംഘങ്ങൾ ഇല്ല. ഒരു കാർഷിക വിപണന സഹകരണ സംഘം തുടങ്ങണം.

വാർഡ് 3. ചെമ്മന്തൂർ : ഈ വാർഡിൽനിലവിൽ സഹകരണസംഘങ്ങൾ ഇല്ല. വാർഡിൽ സഹകരണസംഘം ആരംഭിക്കണം. അതിൽ കൂടി വായ്പാസൗകര്യങ്ങൾ മെച്ചപെടുത്തുക.

വാർഡ് 4. ചാലക്കോട് : നിലവിൽ സഹകരണസംഘങ്ങൾ ഇല്ല. മഹിളാ സമാജത്തിന്റെ പ്രവർത്തനം തുടങ്ങണം. ചന്ദനത്തിരി, സോപ്പ്, അച്ചാർ, തീപ്പെട്ടി നിർമ്മാണം, ബേക്കറി ഉൽപ്പന്നങ്ങൾ, എന്നിവ സഹകരണ അടിസ്ഥാനത്തിൽ തുടങ്ങണം. ക്ഷീര വ്യവസായ സഹകരണ

സംഘം ആവശ്യമാണ്.

5. പേപ്പർമിൽ: വാർഡിൽ സഹകരണസംഘമുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ വാർഡിലെ സഹകരണ സംഘം പേപ്പർമില്ലുമായി ബന്ധപ്പെട്ടതാണ്. മഹിളാ സമാജത്തിന്റെ പ്രവർത്തനം ശക്തമാക്കണം. മെഴുകുതിരി, സോപ്പ്, അച്ചാർ, റെഡിമെയിഡ് ഗാർമെന്റ്സ് തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുക.

6. മുസാവരി: വാർഡിൽ സഹകരണ സ്ഥാപനങ്ങളില്ല. ഒരു കാർഷിക വിപണന സഹകരണ സംഘം തുടങ്ങാവുന്നതാണ്. ഒരു ക്ഷീരോൽപാദക സഹകരണ സംഘം ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ ഒരു ബീഡിനിർമ്മാണ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്. സിവൽ സപ്ലൈസ്ഡിപ്പാർട്ട്മെന്റിന്റെ "സപ്ലൈകോ" കേന്ദ്രം തുടങ്ങണം.

7. ശാസ്താംകോണം : നിലവിൽ സഹകരണ സംഘം പ്രവർത്തിക്കുന്നില്ല. സഹകരണ സംഘം സ്ഥാപിക്കണമെന്ന നിർദ്ദേശമുണ്ട്.

8. റെയിൽവേ സ്റ്റേഷൻ: നിലവിൽ സഹകരണ സംഘങ്ങളില്ല. പട്ടണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാവുന്നതാണ്.

9. ഭരണിക്കാവ്: സഹകരണ സംഘം ആവശ്യമാണ്. മിൽക്ക് സൊസൈറ്റി, കൺസ്യൂമർ സ്റ്റോർ, ബുക്ക് ബൈൻഡിഗ്, ഗാർമെന്റ് മേക്കിംഗ് എന്നീ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങേണ്ടതാണ്.

10. മാർക്കറ്റ് വാർഡ്: നിലവിൽ കൺസ്യൂമർ സ്റ്റോർ, മാവേലി സ്റ്റോർ എന്നീ സ്ഥാപനങ്ങൾ നടന്നുവരുന്നു.

11. കോളേജ് വാർഡ്: നിലവിൽ ഒരു ഹരിജൻ സൊസൈറ്റിയും വനിതാ സഹകരണ സംഘവുമുണ്ട്. വനിതാ സംഘം ചാരിറ്റബിൾ സോസൈറ്റി ആക്ടനുസരിച്ച് പ്രവർത്തിപ്പിക്കുക. സൊസൈറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യുണിറ്റുകൾ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കുക.

12. കോമളം കുന്ന്: സഹകരണാടിസ്ഥാനത്തിൽ ചെറുകിട കൈത്തൊഴിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. ക്ഷീരവ്യവസായ സഹകരണ സംഘം തുടങ്ങുക. ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം ആരംഭിക്കുക.

13. കച്ചേരി വാർഡ്: സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. സോപ്പ് നിർമ്മാണം റെഡിമെയ്ഡ് ഗാർമെന്റ്, മെഴുകുതിരി നിർമ്മാണം എന്നിവ തുടങ്ങിയാൽ തൊഴിലില്ലായ്മ കുറേയൊക്കെ പരിഹരിക്കാവുന്നതാണ്.

14. തൊളിക്കോട്: സഹകരണാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്. റെഡിമെയ്ഡ് ഗാർമെന്റ് , തിരി, ചെരുപ്പ് നിർമ്മാണം എന്നിവ തുടങ്ങാവുന്നതാണ്.

15. പരവട്ടം : ഒരു കാർഷിക ക്ഷീരോൽപാദക സഹകരണ സംഘം സ്ഥാപിക്കുക. ആട്, കോഴി, പന്നി മുയൽ എന്നിവയെ വളർത്തുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

16. മണിയാർ : പുനലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ മണിയാർ മാർക്കറ്റ് കോംപ്ലക്സിൽ തുടങ്ങുക. ഒരു മഹിളാ സംഘവും ക്ഷീരോൽപാദക സഹകരണ സംഘവും ആരംഭിക്കുക. പൊരീക്കൽ ഒരു റബ്ബർ ഉൽപാദക സഹകരണ സംഘമുണ്ട്.

17. അഷ്ടമംഗലം : സഹകരണസംഘമൊന്നും നിലവിലില്ല. ഒരു ക്ഷീരോൽപാദക സഹകരണ സംഘം സ്ഥാപിക്കുക. ഒരു കാർഷികോപകരണ നിർമ്മാണ സഹകരണ സംഘം തുടങ്ങുക.

18. കക്കോട് : നിലവിൽ ഒരു റബ്ബർ ഉൽപാദക സഹകരണ സംഘം ഉണ്ട്. ഒരു കൺസ്യൂമർ സൊസൈറ്റി രൂപീകരിക്കുക. ക്ഷീരോൽപാദക സഹകരണ സംഘം തുടങ്ങണം. ലേബർ കോൺട്രാക്ട് സഹകരണസംഘം തുടങ്ങുക. ഒരു ബ്ലാക്ക്സ്മിത്ത് യുണിറ്റ് തുടങ്ങുക.

19 ഐക്കരക്കോണം : വസ്ത്ര നിർമ്മാണ യൂണിററ് റബ്ബർ പ്രോസസ്സിഗ് യൂണിററ്, ബുക്ക് ബൈൻഡിംഗ് എന്നിവയ്ക്കായി സഹകരണ സംഘങ്ങൾ ആരംഭിക്കുക.

20.വാളക്കോട് : വാർഡുമായി ബന്ധപ്പെട്ടുകിടക്കുന്ന പുനലൂർ സർവ്വീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട് സഹകരിച്ച് മുമ്പോട്ടുപോകുക.

21. ഗ്രേസിംഗ് ബ്ലോക്ക് : പുനലൂർ ഹരിജൻ സൊസൈറ്റിയുടെ ഒരു ശാഖ ഗ്രേസിംഗ്

ബ്ലോക്കിൽ തുടങ്ങാവുന്നതാണ്. ഇവിടെ ആട്, കോഴി തുടങ്ങിയ കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങവുന്നതാണ്. സർവ്വീസ് സഹകരണ ബാങ്ക് കാർഷിക വിപണന സംഘം, ചെറുകിട വ്യവസായ സഹകരണസംഘം എന്നിവ സ്ഥാപിക്കണം.

22. പ്ലാച്ചേരി : സഹകരണ മേഖലയിൽ അച്ചാർ, പർപ്പടകം ബേക്കറി ഉൽപ്പന്നങ്ങൾ, മെഴുകുതിരി, സോപ്പ്, കുറ്റിമുല്ലക്കൃഷി, റെഡിമെയ്ഡ് ഗാർമെന്റ്സ്, തയ്യൽ പരിശീലന കേന്ദ്രം കോഴി വളർത്തൽ, ആട് വളർത്തൽ, ചന്ദനത്തിരി നിർമ്മാണം എന്നിവ തുടങ്ങേണ്ടതാണ്. ഇവിടെ ഒരു റബ്ബർ ഉൽപാദക സഹകരണ സംഘം ആവിശ്യമാണ്. ഒരു ക്ഷീരോൽപാദക സഹകരണ സംഘം തുടങ്ങണം, ബ്ലാക്ക്സ്മിത്ത് സഹകരണ സംഘം തുടങ്ങണം.

23. കാരയ്ക്കാട് : ഒരു ക്ഷീരോൽപാദക സഹകരണസംഘം, കാർഷിക വിപണന സഹകരണ സംഘം കാർഷിക ഉപകരണ നിർമ്മാണ സഹകരണ സംഘം എന്നിവ ആരംഭിക്കണം.

24. കലയനാട് : ക്ഷീരോൽപാദക സഹകരണ സംഘം ആവശ്യമാണ്. വനിതാ ക്ഷേമ സഹകരണ സംഘം, ചെറുകിട വ്യവസായ സഹകരണ സംഘം, കാർഷിക സഹകരണ സംഘം എന്നിവ ആരംഭിക്കുക.

25. തുമ്പോട്: ക്ഷീരോൽപാദക സഹകരണ സംഘം ആവശ്യമാണ്. സഹകരണ മേഖലയിൽ ചെറുകിട കൈത്തൊഴിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക. തയ്യൽ പരിശീലന കേന്ദ്രം തുടങ്ങുക. കോഴി വളർത്തൽ കേന്ദ്രം തുടങ്ങുക.

26. ഹൈസ്കൂൾ വാർഡ്: ഒരു കൺസ്യൂമർ സ്റ്റോർ തുടങ്ങുക. തിരി, കവർ, സോപ്പ്, മെഴുകുതിരി, കോഴിവളർത്തൽ തുടങ്ങിയവ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.

27. നെല്ലിപ്പള്ളി : ഒരു മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി ഇവിടെ ആവശ്യമാണ്. സഹകരണ മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങവുന്നതാണ്. ഒരു കൺസ്യൂമർ സ്റ്റോർ ആവശ്യമാണ്.

28. വിളക്കുവട്ടം : ഒരു ക്ഷീരോൽപാദക സഹകരണ സംഘം ആരംഭിക്കുക. കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക, റബ്ബർ ഉൽപാദക സഹകരണ സംഘങ്ങൾ തുടങ്ങുക, കാർഷിക വിപണന സംഘം ആരംഭിക്കുക, ഗ്രൂപ്പ് ഫാമിഗ് സഹകരണ സംഘം തുടങ്ങുക. വനിതാ ക്ഷേമ സഹകരണസംഘം തുടങ്ങുക.

388

പൊതുനിർദ്ദേശങ്ങൾ

1. പുനലൂരിന്റെ പൊതു വികസന പദ്ധതികളിൽ നിർണായക പങ്കുവഹിക്കുവാൻ തക്കവണ്ണം പുനലൂർ സർവ്വീസ് സഹകരണ ബാങ്കിനെ ശക്തിപ്പെടുത്തി കലയനാട്, മണിയാർ, റയിൽവേസ്റ്റേഷൻ എന്നിവിടങ്ങളിൽ ബങ്കുശാഖകൾ തുറക്കുക. നടപടിക്രങ്ങൾ സുതാര്യമാക്കുക. രജിസ്ട്രേഷൻ നടപടി നിർത്തലാക്കുക.(വായ്പകൾക്ക്)

2. എംപ്ലോയീസ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

3. കാർഷിക ബാങ്കിന്റെ എല്ലാത്തരം വായ്പാ മേഖലകളിലും പുനലൂർ മുനിസിപ്പൽഅതിർത്തിയിൽ ഉള്ളവരെക്കൂടി ഉൾപ്പെടുത്തുക.

4. ഹൗസിംഗ് സഹകരണസംഘത്തിന്റെ വായ്പാ പരിധി ഉയർത്തുകയും നടപടിക്രമങ്ങൾ സുതാര്യമാക്കുകയും ചെയ്യുക.

5. എല്ലാ സഹകരണ ബാങ്കുകളിലും കൂടുതൽ അംഗങ്ങളെ ചേർത്ത് ബാങ്കുകളുടെ പ്രവർത്തനം ലാഭകരമാക്കുക.

6. ഹരിജൻ സഹകരണ സംഘത്തിന്റെ പ്രവർത്തന പോരായ്മകൾ പരിഹരിച്ച് പ്രവർത്തനം ലാഭകരമാക്കുകയും, പരമാവധി അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുക. പ്രിന്റിഗ് പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7. റബ്ബർ ഉൽപാദക സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങളേയും സഹകരണ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുക.

8. സഹകരണസ്ഥാപനങ്ങളിൽ ഇന്നുള്ള വനിതാ പ്രാതിനിദ്ധ്യം വർദ്ധിപ്പിക്കുക.

9. പ്രവർത്തനം മുടങ്ങിക്കിടക്കുന്ന സഹകരണ സംഘങ്ങൾ എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം.

10. വനിതാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

11. എല്ലാ തൊഴിൽ മേഖലകളിലും സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

12. പുനലൂരിൽ പ്രവർത്തിച്ചിരുന്ന അർബൻ സഹകരണ ബാങ്കിന്റെ പ്രവർത്തനം

389

പുനരാരംഭിക്കുക.

13. ഒരു ചെറുകിട വനിതാ വ്യവസായ സഹകരണസംഘം രൂപീകരിക്കുക.

14. നഗരാതിർത്തിക്കുള്ളിലെ എല്ലാ സ്കൂളുകളിലും സ്കൂൾ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും നിലവിലുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വേണം.

15. പുനലൂർ കേന്ദ്രമാക്കി ഒരു മത്സ്യ വിപണന-സംസ്കരണ സഹകരണ സംഘം രൂപികരിക്കുക.

16. പുനലൂർ കേന്ദ്രമാക്കി ഒരു ക്ഷീരോൽപാദക സംസ്കരണ വിപണന സംഘം രൂപീകരിക്കുകയും അതിന്റെ ശാഖകൾ കലയനാട്, മണിയാർ, കല്ലാർ, പേപ്പർ മിൽ, ചെമ്മന്തൂർ എന്നിവിടങ്ങളിൽ സ്ഥാപിക്കുകയും വേണം.

17. പുനലൂർ കേന്ദ്രമാക്കി ഒരു മോട്ടോർ തൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.

18. കാർഷികയന്ത്രങ്ങളുംമറ്റുപകരണങ്ങളും നിർമ്മിക്കുന്നതിനായി ഒരു കാർഷിക ഉപകരണ നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

19. വനിതകൾക്ക് പലവിധ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിലേക്ക് ഒരു വനിതാ ചെറുകിട വ്യവസായ സഹകരണ സംഘം തുടങ്ങാവുന്നതാണ്.

20. ഇറച്ചിക്കോഴിയുടേയും മുട്ടക്കോഴിയുടേയും വർദ്ധിച്ച ഉൽപാദനം ലക്ഷ്യമാക്കി ഒരു വനിതാ സഹകരണ കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിക്കണം.

21. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു വ്യവസായ സഹകരണ സംഘം സ്ഥാപിക്കുക.

22. പുനലൂർ കേന്ദ്രമാക്കി ഒരു കാർഷിക-ഉൽപാദക - സംഭരണ - വിതരണ സഹകരണ സംഘം സ്ഥാപിക്കുക.

23. നമ്മുടെ നഗരത്തിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളേയും അതിലെ ജീവനക്കാർ ബോർഡംഗങ്ങൾ, ഓഹരി ഉടമകൾ എന്നിവരേയും ഇൻഷ്വർ ചെയ്യുക

24. മുനിസിപ്പൽ നഗരത്തിലെ എല്ലാ വീടുകളിലേയും കുറഞ്ഞത് ഒരു അംഗത്തെയെങ്കിലും റെക്കറിംഗ് ഡിപ്പോസിറ്റ് പദ്ധതിയിൽ കൊണ്ട് വരിക.

25. മുനിസിപ്പൽ അതൃത്തിയിലെ മൊത്തം സഹകരണ സ്ഥാപനങ്ങളിലേയും അംഗങ്ങളായുള്ളവരുടെകുട്ടികളിൽ എസ്സ്. എസ്സ്. എൽ. സി. മുതൽ മുകളിലോട്ടുള്ള പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങിജയിക്കുന്നവർക്ക് പാരിതോഷികം നൽകണം.

ഇത്രയധികം സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെങ്കിലും ഭൂരിഭാഗം ജനങ്ങളും ആവശ്യത്തിന് വായ്പയെടുക്കാൻ സ്വകാര്യ പണമിടപാടുകാരെയാണ് ആശ്രയിക്കുന്നത്. ഇത് വളരെ ചൂഷണത്തിന് കാരണമാകുന്നുവെങ്കിലും സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ദിവസം തോറും നമ്മുടെ പട്ടണപ്രദേശത്ത് പെരുകിക്കൊണ്ടിരിക്കുന്നു. സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുവാനുള്ള നിയമതടസ്സവും കാലതാമസ്സവും രജിസ്ട്രേഷൻ പോലുള്ള ചിലവുകളുമാണ് ജനങ്ങളെ സ്വകാര്യധനകാര്യ സ്ഥാപനങ്ങളുമായി കൂടുതൽ അടുപ്പിക്കുന്നത്. എന്നിരുന്നാലും സാധാരണക്കാരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ സഹകരണ സ്ഥാപനങ്ങൾ പോലെ മറ്റൊന്നില്ല എന്ന സത്യം അവശേഷിക്കുന്നു. നമ്മുടെ പട്ടണത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹകരണ മേഖല ശക്തിപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. നിലവിലുള്ള സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഊർജ്ജിത പ്പെടുത്തിയും പുതിയവ രൂപവൽക്കരിച്ചും ഇവ സാധിക്കാവുന്നതാണ്.

## ബാങ്കിംഗ് മേഖല.

പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ചു വരുന്ന വാണിജ്യ ബാങ്കുകൾ താഴെപറയുന്നവയാണ്.

**1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ**

1960 - ൽ പ്രവർത്തനം ആരംഭിച്ച ഈബാങ്കിൽ ഇപ്പോൾ 20000 ത്തോളം ഇടപാടുകാർ ഉണ്ട്. ഈ ബാങ്കിലെ നിലവിലുള്ള നിക്ഷേപം23,13,77,000 രൂപയാണ്. ഇവിടെ എല്ലായിനം നിക്ഷേപങ്ങളും സ്വീകരിച്ചു വരുന്നു. വിവിധയിനം വായ്പകളായി 4,99,30000 രൂപ വിതരണം ചെയ്തിട്ടുണ്ട്. 38 ജീവനക്കാർ ഉള്ള ഈ ബാങ്കിന്റെ പ്രവർത്തനം നല്ലരീതിയിൽ നടന്നുവരുന്നു.

**(2) സിൻഡിക്കേറ്റ് ബാങ്ക്**

1962 ൽ പ്രവർത്തനം തുടങ്ങിയ ഈ

ബാങ്കിൽ 17900 ഇടപാടുകൾ നിലവിൽ ഉണ്ട്. 15 കോടിരൂപ നിക്ഷേപമായി സമാഹരിച്ചിട്ടുള്ള ഇവിടെ നിന്നും 3 കോടിരൂപ വായ്പയായി വിതരണം ചെയ്തിട്ടുണ്ട്. പുനലൂരിലെ വാണിജ്യമേഖലയുടെ പുരോഗതിക്ക് സാരമായ സംഭാവന നൽകിയിട്ടുണ്ട്. 36 പേർ ജീവനക്കാരായുണ്ട്.

(3) കാനറാ ബാങ്ക്

1976 ൽ പ്രവർത്തനം തുടങ്ങിയ ഈ ബാങ്കിൽ 30000 ഇടപാടുകാരുണ്ട്. എല്ലായിനം നിക്ഷേപങ്ങളും, ഈവനിംങ്ങ് കൗണ്ടറും പ്രവർത്തിപ്പിച്ചുവരുന്ന ഇവിടെ 1968 ലക്ഷം രൂപായുടെ നിക്ഷേപം നിലവിലുണ്ട്. ഇവിടെ നിന്നും 858 ലക്ഷം രൂപാ വായ്പയായി നൽകിയിട്ടുണ്ട്. ഇവിടെ 34 പേർ ജോലി നോക്കിവരുന്നു. സാധാരണക്കാരെ കൂടുതൽ ആകർഷിയ്ക്കത്തക്ക നിലയിലാണ് ഈ ബാങ്കിന്റെ പ്രവർത്തനം.

(4) ഫെഡറൽ ബാങ്ക്

1967ൽ പ്രവർത്തനം ആരംഭിച്ച ഈ ബാങ്കിൽ 10000 ത്തിൽ അധികം ഇടപാടുകാർ ഉണ്ട്. വിവിധ തരം നിക്ഷേപങ്ങൾ നിലവിലുള്ള ഈ ബാങ്കിൽ 7 കോടിയിലധികം രൂപയുടെ നിക്ഷേപവും 3.5 കോടി രൂപയുടെ വായ്പയും ഉണ്ട്. ഇവിടെ 26 പേർ ജോലി ചെയ്തുവരുന്നു.

(5) കാത്തലിക് സിറിയൻ ബാങ്ക്

1979 ൽ പ്രവർത്തനമാരംഭിച്ച ഇവിടെ 7000 ത്തിൽ അധികം ഇടപാടുകാർ ഉണ്ട്. എല്ലാവിധ ബാങ്കിംഗ് പ്രവർത്തനങ്ങളും നടത്തിവരുന്ന ഈ ബാങ്കിലെ ആകെ നിക്ഷേപം 4 കോടിയും, ആകെ വായ്പ 1.5 കോടിയും ആണ്. ഇവിടെ 14 പേർ ജോലി നോക്കി വരുന്നു.

(6) ഇൻഡ്യൻ ബാങ്ക്

1995 ൽ പുനലൂരിൽ പ്രവർത്തനം ആരംഭിച്ച ഇൻഡ്യൻ ബാങ്ക് പ്രധാനമായും വ്യാവസായിക മേഖലയ്ക്ക് ഊന്നൽ നൽകിവരുന്നു. ഇവിടെ നിന്നും വ്യാവസായിക ആവശ്യങ്ങൾക്കായി പലവിധത്തിലുള്ള വായ്പകൾ വിതരണം ചെയ്തുവരുന്നു. കൊല്ലം ജില്ലയിലെ ലീഡ് ബാങ്കായ ഇതിന്റെ പ്രവർത്തനം പുനലൂരിന്റെ വ്യാവസായിക വളർച്ചയ്ക്ക് പുതിയ ഒരുണർവ്വ് നൽകിയിട്ടുണ്ട്.

(7) ഫിനാൻഷ്യൽ എന്റർപ്രൈസസ്

1973 ൽ പ്രവർത്തനമാരംഭിച്ച ഇവിടെ പലവിധ ബാങ്കിംഗ് പ്രവർത്തനങ്ങളും ചിട്ടി ഇടപാടുകളും നടത്തിവരുന്നു. ഒരു കോടിയിലധികം നിക്ഷേപമുള്ള ഈ സ്ഥാപനത്തിൽ നിന്നും 72 ലക്ഷം രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. 2959 ഇടപാടുകാരുള്ള ഇവിടെ 15 ജീവനക്കാർ ഉണ്ട്.

ജില്ലാ സഹകരണ ബാങ്ക്

പുനലൂർ മുനിസിപ്പൽ ഏരിയായിലെ എല്ലാ പ്രാഥമിക സഹകരണ ബാങ്കുകളും ഇതിന്റെ പരിധിയിൽ വരുന്നതാണ്. ഒരു വാണിജ്യബാങ്കിന്റെ എല്ലാ പ്രവർത്തനങ്ങളും നടത്തിവരുന്ന ഈ ബാങ്ക് നമ്മുടെ പട്ടണത്തിന്റെ വളർച്ചയ്ക്ക് മഹത്തായ സംഭാവനയാണ് നൽകിവരുന്നത്. ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്.

## ഇൻഷ്വറൻസ് മേഖല

പുനലൂർ മുനിസിപ്പൽ ടൗണിൽ, ലൈഫ് ഇൻഷ്വറൻസിന്റെ തിരുവനന്തപുരം ഡിവിഷന് കീഴിലുള്ള ഒരു ബ്രാഞ്ച് 1962 മുതൽ പ്രവർത്തിച്ചു വരുന്നു. ഈ ബ്രാഞ്ചിൽ നിലവിൽ 35000 പോളിസി ഉടമകൾ ഉണ്ട്. നമ്മുടെ നാട്ടിൽ നല്ലൊരു വിഭാഗം ആളുകളെ ലൈഫ് ഇൻഷ്വറൻസിൽ ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഭൂരിഭാഗം വരുന്ന കൃഷിക്കാരെയും സാധാരണ ജനവിഭാഗങ്ങളേയും ഇതിൽ അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദകരമാണ്. അംഗങ്ങളെ ചേർക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

പുനലൂരിൽ ജനറൽ ഇൻഷ്വറൻസിന്റെ രണ്ടു ശാഖകൾ സാമാന്യം നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. ന്യൂ ഇന്ത്യാ അൻഷ്വറൻസ് കമ്പനിയും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമാണവ. കാർഷിക വ്യാവസായിക മേഖലകളിൽ ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

പുനലൂർ മുനിസിപ്പൽ പ്രദേശത്തെ മുഴുവൻ സ്ഥാപനങ്ങളേയും ജനങ്ങളേയും അടിയന്തിരമായി ഇൻഷ്വർ ചെയ്യേണ്ടതാണ്. യൂണിറ്റ് ട്രസ്റ്റിന്റെ ശാഖയും പുനലൂരിൽ പ്രവർത്തിച്ചു വരുന്നു.

## ഫൈനാൻസിംഗ് കമ്പനികളും സ്വകാര്യ പണമിടപാടുകാരും

പുനലൂർ കേന്ദ്രമാക്കി ധാരാളം സ്വകാര്യ ഫൈനാൻസിംഗ് സ്ഥാപനങ്ങൾ പ്രവർത്തിച്ചു

വരുന്നു. അവയിൽ പ്രധാനപ്പെട്ടതും രജിസ്റ്റർ ചെയ്യപ്പെട്ടതും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നതുമായ സ്ഥാപനങ്ങളാണ്,

മുത്തൂറ്റ് ചിട്ടിഫണ്ട്,
സന്തോഷ് ഫൈനാൻസിയേഴ്സ്,
പോപ്പുലർ ഫൈനാൻസിയേഴ്സ്,
ജയഭാരതം ഫൈനാൻസിയേഴ്സ്,
രോഹിണി ഫൈനാൻസിയേഴ്സ്,
പ്രണവം ഫൈനാൻസിയേഴ്സ്,
അനി ചിട്ടിഫണ്ട്,
മിനി മുത്തൂറ്റ്,
വിജയാ ബാങ്കേഴ്സ്,
മലനാട് ബാങ്ക്,
നിരപ്പുവിള ഫൈനാൻസിയേഴ്സ്,
പവിത്രം ബാങ്കേഴ്സ് തുടങ്ങി ചെറുതും വലുതുമായ നിരവധി സ്ഥാപനങ്ങൾ പുനലൂരിൽ പ്രവർത്തിച്ചുവരുന്നു.

ഇവ കൂടാതെ രജിസ്റ്റർ ചെയ്യപ്പെടാത്ത ധാരാളം പണമിടപാടുകാർ എല്ലാ വാർഡുകളിലും പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങളിൽ നിന്നും മറ്റു വാണിജ്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുവാൻ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും ഉയർത്തുന്ന ഭീഷണിയും കാലതാമസവുമാണ് സാധാരണക്കാരെ സ്വകാര്യ പണമിടപാടുകാരിലേക്ക് ആകർഷിക്കുന്നത്. അതിനാൽ വായ്പകൾ അനുവദിക്കുന്നതിന് നിലവിലുള്ള നിയമങ്ങളിൽ ഇളവുവരുത്തണം. പുനലൂർ പട്ടണാതിർത്തിയിൽ പ്രവർത്തിച്ചു വരുന്ന ഷെഡ്യൂൾ ബാങ്കുകളും നോൺ ഷെഡ്യൂൾ ബാങ്കുകളും സഹകരണ ബാങ്കുകളും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഈ പ്രദേശത്തു നിന്നും സ്വരൂപിക്കുന്ന നിക്ഷേപത്തിന്റെ അധിക ഭാഗവും ഇവിടെയുള്ളവർക്ക് വായ്പയായി വിതരണം ചെയ്താൽ പുനലൂർ മുനിസിപ്പൽ പ്രദേശത്തിന് വലിയ പുരോഗതി കൈവരിക്കാനാവും.

## പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങളുടെ വിവരം

പട്ടിക–2

| ക്രമ നമ്പർ | പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾ:നമ്പർ | പ്രവർത്തനം ആരംഭിച്ച വർഷം | ക്രഡിറ്റ് | നോൺ ക്രഡിറ്റ് | ആകെ പ്രവർത്തന മൂലധനം | സർക്കാർ ഗ്രാന്റ് | ജീവനക്കാർ പുരുഷൻ | സ്ത്രീ |
|---|---|---|---|---|---|---|---|---|
| 1 | പത്തനാപുരം പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്ക്.ക്യു.995 | 1989 | ക്രഡിറ്റ് | – | 37300329 | – | 6 | 3 |
| 2 | പത്തനാപുരം താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം. നമ്പർ:2635 | 1946 | – | നോൺ ക്രഡിറ്റ് | 1560858 | 1037081 | 2 | 2 |
| 3 | പുനലൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ: 2634 | 1946 | ക്രഡിറ്റ് | – | 9627128 | 95156 | 4 | 3 |
| 4 | പത്തനാപുരം ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം നമ്പർ:456 | 1973 | ക്രഡിറ്റ് | – | 14910320 | 200390 | 4 | 1 |
| 5 | പുനലൂർ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം നമ്പർ:489 | 1974 | ക്രഡിറ്റ് | – | 366903 | 562782 | 4 | 3 |
| 6 | മണിയാർ വാർഡ് കണസ്യൂമർ സഹകരണ സംഘം നമ്പർ:1077 | 1992 | – | നോൺ ക്രഡിറ്റ് | 38890 | – | – | – |
| 7 | പുനലൂർ മുനിസിപ്പാലിറ്റി വനിതാ സഹകരണ സംഘം നമ്പർ ക്യു:1088 | 1992 | – | നോൺ ക്രഡിറ്റ് | 32450 | 25000 | – | – |
| 8 | ഐക്കരക്കോണം വാർഡ് കൺസ്യൂമർ സഹകരണ സംഘം നമ്പർ ക്യു:1126 | 1992 | – | നോൺ ക്രഡിറ്റ് | 880 | – | – | – |
| 9 | പുനലൂർ ലേബർ കോൺട്രാക്ട് സഹകരണസംഘം നമ്പർ ക്യു:1116 | 1992 | – | നോൺ ക്രഡിറ്റ് | 25100 | – | – | |

| ക്രമ നമ്പർ | പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾ:നമ്പർ | പ്രവർത്തനം ആരംഭിച്ച വർഷം | ക്രഡിറ്റ് | നോൺ ക്രഡിറ്റ് | ആകെ പ്രവർത്തന മൂലധനം | സർക്കാർ ഗ്രാന്റ് | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|
| | | | | | | | പുരുഷൻ | സ്ത്രീ |
| 10 | പുനലൂർ ട്രാൻസ്പോർട്ട് എംപ്ലോയീസ് സഹകരണ സംഘം നമ്പർ ക്യു:827 | 1981 | ക്രഡിറ്റ് | – | 1288897 | – | – | – |
| 11 | പുനലൂർ മരാമത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം നമ്പർ ക്യു:40 | 1958 | – | നോൺ ക്രഡിറ്റ് | 237972 | – | 1 | – |
| 12 | പത്തനാപുരം താലൂക്ക് കോ:ഓ:സഹകരണ എംപ്ലോയീസ് സഹകരണ സംഘം ക്യു:973 | 1989 | ക്രഡിറ്റ് | – | 9117 | – | – | – |
| 13 | കേരള ആഗ്രോ ഫ്രൂട്ട് പ്രോഡക്ട് വർക്കേഴ്സ് നമ്പർ ക്യു:955 | 1988 | ക്രഡിറ്റ് | – | 77588 | – | 1 | – |
| 14 | പത്തനാപുരം താലൂക്ക് ഗവ:എംപ്ലോയീസ് സഹകരണ സംഘം | 1951 | ക്രഡിറ്റ് | – | 777853 | – | 1 | – |
| 15 | പുനലൂർ പേപ്പർ മിൽസ് എംപ്ലോയീസ് സഹകരണ സംഘം നമ്പർ : 2307 | 1946 | " | – | 91627 | – | 1 | – |
| 16 | പത്തനാപുരം താലൂക്ക് സ്കിൽഡ് വർക്കേഴ്സ് സഹകരണ സംഘം | 1994 | – | നോൺക്രഡിറ്റ് | 2350 | – | – | – |
| 17 | പുനലൂർ പേപ്പർമിൽ എംപ്ലോയീസ് സഹകരണ സംഘം നമ്പർ :52 | 1917 | – | " | 284593 | 15000 | – | – |
| 18 | പുനലൂർ വനിതാ ടെയ്ലറിംഗ് & ഗാർമെന്റ് മേക്കിംഗ് സഹകരണ സംഘം ക്യു:326 | 1981 | – | " | 47000 | 310001 | 1 | – |



393

| ക്രമ നമ്പർ | പുനലൂർ മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിച്ച് വരുന്ന സഹകരണ സംഘങ്ങൾ:നമ്പർ | പ്രവർത്തനം ആരംഭിച്ച വർഷം | ക്രഡിറ്റ് | നോൺ ക്രഡിറ്റ് | ആകെ പ്രവർത്തനം മൂലധനം | സർക്കാർ ഗ്രാന്റ് | ജീവനക്കാർ | |
|---|---|---|---|---|---|---|---|---|
| | | | | | | | പുരുഷൻ | സ്ത്രീ |
| 19 | പുനലൂർ ബോയ്സ് ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ :2072 | 1927 | – | നോൺ ക്രഡിറ്റ് | 11106 | – | – | – |
| 20 | എൻ.എസ്.വി ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ ക്യു :227 | 1962 | – | നോൺ ക്രഡിറ്റ് | 10938 | 5000 | – | – |
| 21 | പുനലൂർ ഗവ: എച്ച്.എസ്സ് സഹകരണ സംഘം | 1967 | – | നോൺ ക്രഡിറ്റ് | 18790 | 7100 | – | – |
| 22 | പുനലൂർ ഗേൾസ് ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ :496 | 1975 | – | നോൺ ക്രഡിറ്റ് | 6831 | 7000 | – | – |
| 23 | ചെമ്മന്തൂർ ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ :387 | 1968 | – | നോൺ ക്രഡിറ്റ് | 9502 | 5000 | – | – |
| 24 | സെന്റ്.ഗൊരോട്ടി.ഗേൾസ് ഹൈസ്ക്കൂൾ സഹകരണ സംഘം നമ്പർ ക്യു:852 | 1983 | – | നോൺ ക്രഡിറ്റ് | 2427 | 3100 | – | – |
| 25 | പുനലൂർ എൽ.പി.ജി.എസ് സഹകരണ സംഘം നമ്പർ ക്യു:775 | 1977 | – | നോൺ ക്രഡിറ്റ് | 3700 | 2500 | – | – |
| 26 | എസ്സ്.എഫ്.സി.കെ. എംപ്ലോയീസ് സഹകരണ സംഘം നമ്പർ ക്യു:976 | 1989 | – | നോൺ ക്രഡിറ്റ് | 70387 | 10000 | – | – |
| 27 | പുനലൂർ ടു & ത്രീ വീലേഴ്സ് സഹകരണ സംഘം | 1992 | – | നോൺ ക്രഡിറ്റ് | 9350 | – | – | – |
| 28 | വാളക്കോട് മരാമത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘം നമ്പർ :1268 | 1996 | – | നോൺ ക്രഡിറ്റ് | 10000 | – | – | – |



394

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സാമൂഹ്യ ഉച്ചനീചത്വം കേരളത്തിൽ കൊടി കുത്തി വാണിരുന്ന കാലത്ത് പോലും പത്തനാപുരം താലൂക്കിൽ അതിന്റെ തീവ്രത പൊതുവെ കുറവായിരുന്നു. എങ്കിലും അയിത്തം, ജന്മിത്വം, പാതിവാര വ്യവസ്ഥ (ഉടയോനും അടിയനും) എന്നിവ നിലനിന്നിരുന്നു. ഹരിജനങ്ങൾക്ക് ചായ പ്പീടികകളിലും ബാർബർഷാപ്പുകളിലും പ്രവേശനം അനുവദിച്ചിരുന്നില്ല.

പുനലൂർ പട്ടണത്തിൽ ഗവഃ ഹൈസ്കൂളിന് കിഴക്കുവശം ഇപ്പോൾ വെങ്കലപ്പാത്രക്കട സ്ഥിതിചെയ്യുന്ന സ്ഥലത്ത് 60 വർഷങ്ങൾക്ക്മുമ്പ് ഒരു ബാർബർ ഷാപ്പുണ്ടായിരുന്നു. ശങ്കുനായർ എന്ന ബാർബർ ആയിരുന്നു ഉടമ. ബാർബർഷാപ്പിനു മുൻവശം തൂക്കിയിട്ടിരുന്ന ബോർഡിൽ "ബ്രാഹ്മണർക്കും നായന്മാർക്കും മാത്രം" എന്ന് പ്രത്യേകം എഴുതിയിരുന്നു. ബ്രാഹ്മണർക്കും നായന്മാർക്കും മാത്രമേ അവിടെ ജോലി ചെയ്തിരുന്നുള്ളു. ക്ഷേത്ര പ്രവേശന വിളംബരത്തിനു ശേഷവും മറ്റ് ജാതിക്കാർക്ക് മുടി വെട്ടുകയോ, ഷേവ് ചെയ്യുകയോ ആ സ്ഥാപനത്തിൽ ചെയ്തിരുന്നില്ല. ഒരു ദിവസം ഒരു ഹരിജൻ മുടി വെട്ടിക്കുന്നതിനുവേണ്ടി ബാർബർഷാപ്പിൽ ചെന്നു. എന്നാൽ ബാർബർ ആ ജോലി ചെയ്യുന്നതിന് തയ്യാറായില്ല. ഹരിജൻ പോലീസിൽ പരാതിപ്പെട്ടു. ഒരു പോലീസ് കോൺസ്റ്റബിൾ ഈ ഹരിജന്റെ കൂടെ പ്രസ്തുത ബാർബർഷാപ്പിലേക്ക് പോയി. പോലീസുകാരൻ വരുന്നുണ്ടെന്നറിഞ്ഞ ബാർബർഷാപ്പുടമ 'ശങ്കു'നായർ തന്റെ ബാർബർ ഷാപ്പ് പൂട്ടി വീട്ടിലേക്കു പോയി. പിന്നീടൊരിക്കലും ആ ബാർബർഷാപ്പ് തുറന്നു പ്രവർത്തിച്ചിട്ടില്ല.

പ്രസ്തുത സംഭവം അന്ന് വിരളമായെങ്കിലും നില നിന്നിരുന്ന ഉച്ചനീചത്വ മനോഭാവത്തിന് തെളിവായി നിൽക്കുന്നു.

ഭൂമിയുടെ ഉടമകളായ ജന്മികളെ കുടികിടപ്പുകാരായ ഹരിജനങ്ങൾ 'തമ്പ്രാൻ' എന്നും സംബോധന ചെയ്യണമായിരുന്നു. കുടികിടപ്പുകാരൻ അധ്വാനിച്ചുണ്ടാക്കുന്ന കൃഷി സാധനങ്ങൾ മുന്തിയപങ്കും ജന്മിക്ക് കാഴ്ചവെയ്ക്കണമായിരുന്നു. തമ്പ്രാന്റെ മുറ്റം വരെ മാത്രം പ്രവേശനം അനുവദിച്ചിരുന്ന ഹരിജനങ്ങൾക്ക് മുറ്റത്ത് ചെറിയ കുഴികുത്തി അതിൽ ഇലവെച്ച് കഞ്ഞി വിളമ്പുന്ന രീതി നിലനിന്നിരുന്നു. "കീഴ് ജാതിയിൽ"പ്പെട്ട പെണ്ണുങ്ങൾക്ക് മാറ് മറയ്ക്കുവാൻ അവകാശം ഉണ്ടായിരുന്നില്ല. ഹരിജനങ്ങൾക്ക് അമ്പലത്തിൽ പ്രവേശനം നിഷേധിച്ചിരുന്നു. അവരുടെ കുടുംബ ജീവിതം ദുരിത പൂർണ്ണമായിരുന്നു. ഒരു മുറി മാത്രമുള്ള കൂരകളിൽ ഒന്നിലധികം കുടുംബങ്ങൾ കഴിഞ്ഞുകൂടുന്ന ദുഃസ്ഥിതിയുമുണ്ടായിരുന്നു. അക്കാലത്ത് പാടങ്ങളിൽ ഞാറു നടുന്ന ഹരിജൻ സ്ത്രീകളുടെ ഞാറ്റുപാട്ടുകൾ കേഴ്വികാർക്ക് ഹരം പകരുന്നതായിരുന്നു.

ഉദാഹരണമായി ഇവയിലൊന്ന് കേൾക്കാം.

അയ്യപ്പപൂങ്കോഴികൂവി വിളിച്ചേ (2)<br>
ചിറ്റേന്നും ചീതേന്നും ഒന്നു വിളിച്ചേ (2)<br>
എന്തോന്നും ഏതോന്നും വിളിയതു കേട്ടേ (2)<br>
കിഴക്കു കിഴക്കു തിരുമുഖം കണ്ടേ (2)<br>
നമ്മുടെ പാടത്ത് പണിയതു തുടങ്ങി (2)<br>
നമ്മുടെ തമ്പുരാൻ വന്നങ്ങു നിന്നേ (2)<br>
ആ ഒരു കാഴ്ച നീ കണ്ടോടെ ചിറ്റേ (2)<br>
ആളിന്റേം കാളേടേം കൈവേല കാണാൻ (2)<br>
ആളെണ്ണി ആളെണ്ണി വെറ്റില നിരത്തും (2)<br>
കോടം കവുങ്ങിലെ ചെമ്പഴുക്ക പാക്കേ (2)<br>
നമ്മുടെ തമ്പുരാൻ വന്നങ്ങുനിന്നേ (2)<br>
എന്തു നിറത്തിൽ വന്നതു നിന്നേ (2)

കാഞ്ഞാപ്പൂ നിറമുള്ള കടുക്കൻ ഇലഞ്ഞിപ്പൂവ് നിറമുള്ള പുടവ (2)
ഏഴരമുട്ടുള്ള വടിയും മൂന്നരമുട്ടുള്ള കുടയും (2)
നൂറ്റൊന്നു കുറിയും ഒരു ചന്ദന കുറിയും (2)
അങ്ങൊരു കാഴ്ച നീ കണ്ടോ (2)
ആളിന്റേയും കാളേടേം കൈ വേല കണ്ടേ (2)
മേലേ വരമ്പത്തു തമ്പുരാൻ വന്നങ്ങു നിന്നേ (2)
നീലവെളുമ്പിയും കൂട്ടരും താഴേ വരമ്പത്തു നിന്നേ (2)
നാലുകൂട്ടം കൂട്ടി മുറുക്കിയിട്ട് ആദിത്യഭഗവാനെ തൊഴുന്നേ (2)
അതൊരു കാഴ്ച നീ കണ്ടോടെ നാത്തൂനെ (2)
വയലരികത്തു ഓമന തമ്പുരാൻ മുത്തുകുട പിടിച്ചിരിക്കുന്നേ (2)
അരികിറുക ചെറികിറുക ജീരകച്ചേമ്പാവ് (2)
വിത്തെല്ലാം വാരിപാവുന്നേ (2)
പാവുന്നേ വിത്ത് പറിക്കുന്നേ ഞാറ് (2)
പിടിഞ്ഞാറുകെട്ടി എറിയുന്നേ (2)
ലാസി ലാസി പറിക്കുന്നേ ഞാറ്
പിടിഞ്ഞാറു കെട്ടി എറിയുന്നേ (2)

നായന്മാരും ബ്രാഹ്മണരും ഹൌയ്, ഹൌയ് വിളിച്ചു വരുമ്പോൾ തീണ്ടലുള്ളവർ മാറിക്കൊള്ളണമെന്നായിരുന്നു നിയമം

നീറിന്റെ മുട്ട പൊരിച്ചും, എലികളെ ആഴികൂട്ടി അതിലിട്ട് പൊരിച്ചും ഭക്ഷിക്കുമായിരുന്നു.

മലയിൽ പോകുമ്പോൾ വഴിതെറ്റാതിരിക്കുവനും കളഞ്ഞുപോയ സാധനങ്ങൾ തിരികെ കിട്ടാനും വഴിയരുകിൽ മുറുക്കാൻ വെച്ചാൽ മതിയെന്ന് അവർ വിശ്വസിച്ചിരുന്നു.

മല ദൈവങ്ങളെ തൃപ്തിപ്പെടുത്താൻ പട്ടും ചാരായവും വെച്ച് പൂജിക്കുന്നതും അവരുടെ ഇടയിൽ പതിവായിരുന്നു.

പട്ടിക 1

**കോളനികളുടെ വിവരം**

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകാരം ലഭിച്ച കോളനികൾ |
|---|---|---|
| | | **പട്ടികജാതി കോളനി** |
| 1 | 12 | പകിടി കോളനി, കോമളംകുന്ന് |
| | | **പട്ടികവർഗ്ഗ കോളനി** |
| 2 | 16 | മണിയാർ–ചേറ്റുകുഴി കോളനി |
| 3 | 21 | ഗ്രേസിംഗ് ബ്ലോക്ക് സെറ്റിൽ മെന്റ് |

| ക്രമ നമ്പർ | വാർഡ് നമ്പർ | അംഗീകാരം പ്രതീക്ഷിക്കുന്ന കോളനികൾ |
|---|---|---|
| 1 | 3 | ചെമ്മന്തൂർ രണ്ട് കോളനികൾ |
| 2 | 5 | കല്ലുമല ഹരിജൻ കോളനി |
| 3 | 6 | മുസാവരിക്കുന്ന് കോളനി |
| 4 | 7 | ശാസ്താംകോണം ഹരിജൻ കോളനി |
| 5 | 10 | മരുതമൺ കോളനി |
| 6 | 16 | മണിയാർ രണ്ട് കോളനികൾ |
| 7 | 21 | ഗ്രേസിംഗ് ബ്ലോക്ക് |
| 8 | 28 | പാലോട്, പനന്തങ്കര |
| 9 | 23 | കാരയ്ക്കാട് രണ്ട് കോളനികൾ |

പതിനാറോളം കോളനികൾ മുനിസിപ്പൽ പ്രദേശത്തുണ്ട് എങ്കിലും, ഒരു പട്ടികജാതി കോളനിക്കും രണ്ട് പട്ടികവർഗ്ഗ കോളനികൾക്കും മാത്രമാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ബാക്കിയുള്ളവ അംഗീകാരം പ്രതീക്ഷിക്കുന്ന കോളനികളാണ്. അംഗീകാരം അർഹിക്കുന്ന കോളനികൾക്ക് അംഗീകാരം നൽകി അർഹിക്കുന്ന ആനുകൂല്യങ്ങൾ അനുഭവേദ്യമാക്കിക്കൊടുക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ ആരംഭിക്കേണ്ടതാണ്.

പുരോഗമന പ്രസ്ഥാനങ്ങളുടെ ആവിർഭാവം ഹരിജനങ്ങളുടെ ദുഃസ്ഥിതിക്ക് ക്രമേണ മാറ്റംവരുത്തി ഹരിജന ങ്ങൾ അതിവേഗം പുരോഗമന പ്രസ്ഥാനങ്ങളോട് അടുക്കാൻ തുടങ്ങി. അവരുടെ അവശതകൾ പരിഹരിക്കുന്ന മുദ്രാവാക്യങ്ങൾ നിരത്തി ഹരിജനങ്ങളെ ആകർഷിച്ചു. ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ക്രമേണ ജന്മിത്വത്തിനെതിരെ ശബ്ദമുയർത്തി "നമ്മൾ കൊയ്യും വയലെല്ലാം നമ്മുടെതാകും പൈങ്കിളിയേ" എന്ന മുദ്രാവാക്യം ഹരിജനങ്ങളെ അങ്ങേയറ്റം ആകർഷിച്ചു. തൽഫലമായി പുരോഗമന പ്രസ്ഥാനങ്ങൾ ശക്തി പ്രാപിച്ച് ജന്മിത്വം അവസാനിച്ചു. കൃഷിഭൂമി കർഷകന്റേതായി "തമ്പ്രാനും", "അടിയനും" ചരിത്രത്തിന്റെ ഏടുകളിൽ മാത്രമായി ഒതുങ്ങി.

ക്ഷേത്ര പ്രവേശന വിളംബരം ഇവരുടെ ജീവിതത്തിൽ ഒരു വഴിത്തിരിവായിരുന്നു. അതിനുമുമ്പ് ധാരാളം ഹരിജനങ്ങൾ ക്രിസ്തുമതത്തിലേക്ക് മതഃപരിവർത്തനം നടത്തിയിരുന്നു. വിദ്യാഭ്യാസം ഹരിജനങ്ങൾക്കും അന്യമല്ലാതായി. ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയ പല ഹരിജനങ്ങളും ഉന്നതസ്ഥാനം വഹിക്കുന്നുണ്ട്. സർക്കാർ അനുവദിച്ച സ്കോളർഷിപ്പുകളും മറ്റ് ആനുകൂല്യങ്ങളും ഇതിന് ഇവരെ സഹായിച്ച പ്രധാന ഘടകങ്ങളാണ്. എന്നാൽ ഈ ആനുകൂല്യങ്ങൾ ഇവർ പൂർണ്ണമായും പ്രയോജനപ്പെടുത്തുകയോ കൂടതലാളുകൾ വിദ്യാഭ്യാസപരമായി ഉയർന്നുവരുകയോ ചെയ്തില്ല എന്ന സത്യം അവശേഷിക്കുന്നു. വാർഡ് സഭകളിൽനിന്ന് കിട്ടിയ വിവരങ്ങളനുസരിച്ച് ഓരോ വാർഡിലുമുള്ള കുടുംബങ്ങളുടെ എണ്ണവും വിവരവുംതാഴെ കൊടുക്കുന്നു.

### പട്ടിക 2

## ഓരോ വാർഡിലേയും പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വിവരങ്ങൾ (1991-ലെ സെൻസസ് കണക്ക്)

| വാർഡ് നമ്പർ | വാർഡിന്റെ പേര് | കോളനിക ളുടെഎണ്ണം | വീടുകളുടെ എണ്ണം | അംഗസംഖ്യ | |
|---|---|---|---|---|---|
| | | | | പട്ടിക | പട്ടിക |
| 1 | ആരംപുന്ന | — | 59 | 295 | — |
| 2 | ചെമ്മന്തൂർ | 2 | 19 | 87 | 10 |
| 3 | ചാലക്കോട് | — | 18 | 92 | — |
| 4 | പേപ്പർമിൽ | 2 | 75 | 375 | — |
| 5 | മുസാവരിക്കുന്ന് | 1 | 38 | 190 | — |
| 6 | ശാസ്താംകോണം | 1 | 23 | 117 | 4 |
| 7 | ഭരണിക്കാവ് | — | 10 | 49 | — |
| 8 | മാർക്കറ്റ് | 1 | 25 | 127 | — |
| 9 | കോളേജ് | — | 11 | 54 | — |
| 10 | കോമളംകുന്ന് | 1 | 44 | 222 | — |
| 11 | കച്ചേരി | — | 12 | 59 | — |
| 12 | തൊളിക്കോട് | — | 5 | 24 | — |
| 13 | മണിയാർ | 3 | 54 | 269 | — |
| 14 | അഷ്ടമംഗലം | — | 59 | 294 | — |
| 15 | കക്കോട് | — | 21 | 103 | — |
| 16 | ഐക്കരക്കോണം | — | 11 | 56 | — |
| 17 | വാളക്കോട് | — | 14 | 70 | — |
| 18 | ഗ്രേസിംഗ്ബ്ലോക്ക് | 2 | 78 | 323 | 66 |
| 19 | പ്ലാച്ചേരി | 1 | 60 | 293 | 8 |
| 20 | കലയനാട് | — | 54 | 229 | 39 |
| 21 | തുമ്പോട് | — | 39 | 194 | — |
| 22 | ഹൈസ്കൂൾ | — | 26 | 129 | — |
| 23 | നെല്ലിപ്പള്ളി | — | 48 | 241 | — |
| 24 | വിളക്കുവെട്ടം | 2 | 17 | 80 | 5 |

*കുറിപ്പ് :* 1991-ൽ പുനലൂരിൽ ഉണ്ടായിരുന്ന 24 വാർഡുകളെ ഇപ്പോൾ 28 വാർഡുകളായി പുനർ വിഭജനം ചെയ്തിട്ടുണ്ട്.

പനലൂർ നഗരസഭയിൽ ഇപ്പോൾ 960 പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളും 4468 അംഗങ്ങളും ഉണ്ട്.

പുനലൂർ നഗരസഭയുടെ ഇപ്പോഴത്തെ ജനസംഖ്യ 48487 ആണ്. അതിൽ 4150 പട്ടികജാതിക്കാരും 318 പട്ടികവർഗ്ഗക്കാരുമാണ്. ജനസംഖ്യയുടെ ശതമാന കണക്ക് താഴെ കൊടുക്കുന്നു.

### പട്ടിക 3

| ആകെ ജനസംഖ്യ | പട്ടികജാതി | | പട്ടികവർഗം | |
|---|---|---|---|---|
| | ജനസംഖ്യ | ശതമാനം | ജനസംഖ്യ | ശതമാനം |
| 48487 | 4150 | 8.6 | 318 | 0.7 |

3 അംഗീകൃത കോളനികളും 13 അംഗീകാരം പ്രതീ ക്ഷിക്കുന്ന കോളനികളുമാണ് മുനിസിപ്പാലിറ്റിയിലുള്ളത് അവയിലെ അടിസ്ഥാന സൗകര്യങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

### പട്ടിക 4

## പട്ടികജാതി-പട്ടികവർഗ കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

| ക്രമ നമ്പ. | വാർഡ് നമ്പർ | കോളനിയുടെ പേര് | അടിസ്ഥാന സൗകര്യങ്ങൾ | | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | കുടിവെള്ളം | വൈദ്യുതി | കക്കൂസ് | |
| 1 | 3 | ചെമ്മന്തൂർ കോളനി-1 | ദൗർലഭ്യം | | ഉണ്ട് | പാർപ്പിട സൗകര്യം അപര്യാപ്തമാണ്. ഭൂമിയില്ലാത്തവരുംഭൂമിയും വീടും ഇല്ലാത്തവരും ഉണ്ട്. |
| 2 | | കോളനി-2 | -അപര്യാപ്തം- | | | |
| 3 | 5 | കല്ലുമല ഹരിജൻ കോളനി | ഇല്ല | ഇല്ല | ഉണ്ട് | |
| 4 | 6 | മുസാവരിക്കുന്ന് കോളനി | ദൗർലഭ്യം | | ഉണ്ട് | |
| 5 | 7 | ശാസ്താകോണം കോളനി | -അപര്യാപ്തം - | | | |
| 6 | 10 | മാർക്കറ്റ്-മരുതമൺ | അപര്യാപ്തം | | ഉണ്ട് | |
| 7 | 12 | പകിടി കോളനി | അപര്യാപ്തം | | ഉണ്ട് | |
| 8 | 16 | ചേറ്റുകുഴി കോളനി | -അപര്യാപ്തം- | | | |
| 9 | | കാഞ്ഞിരംകുന്ന് കോളനി | ഇല്ല | ഇല്ല | ഇല്ല | |
| 10 | | പ്ലാകോണം മിച്ചഭൂമി കോളനി | ഇല്ല | ഇല്ല | ഇല്ല | |
| 11 | 21 | ഗ്രേസിംഗ്ബ്ലോക്ക് സെറ്റിൽമെന്റ് | അപര്യാപ്തം | | | |
| 12 | | ഗ്രേസിംഗ് ബ്ലോക്ക് കോളനി | അപര്യാപ്തം | | കുറവ് | |
| 13 | 23 | കാരക്കാട് കോളനി-1 | തൃപ്തികരമല്ല | | | |
| 14 | | കാരക്കാട് കോളനി-2 | തൃപ്തികരമല്ല | | | |
| 15 | 28 | പാലോട് | അപര്യാപ്തം | | ഇല്ല | |
| 16 | | പനന്തങ്കര | അപര്യാപ്തം | | | |

പട്ടിക 4ന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ മിക്ക വാറും എല്ലാ കോളനികളിലും ഭൂമി, പാർപ്പിടം, വൈദ്യുതി, കുളിവെള്ളം, കക്കൂസ് എന്നിവ അപര്യാപ്തമാണെന്ന് മനസ്സിലാക്കാം. മേല്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും മിതമായ തോതിലെങ്കിലും ലഭ്യമാക്കാതെ ദ്വിതീയ, ത്രിതീയ മേഖലകളിലെ പ്രവർത്തനങ്ങളുമായി ഇവരെ സജീവമായി ബന്ധപ്പെടുത്താൻ കഴിയാതെ വരുന്നു. അതുകൊണ്ടുതന്നെ സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിലും പ്രതീക്ഷിക്കുന്ന ഉന്നമനം സാധ്യമാവാത്ത അവസ്ഥയാണുള്ളത്.

മുഴുവൻ വാർഡുകളേയും പട്ടികജാതി പട്ടിക

വർഗ കുടുംബങ്ങളുടെ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ തൃപ്തികരമല്ല. സാമൂഹ്യമായും വിദ്യാഭ്യാസപരമായും താരതമ്യേന ഇവർ ഇന്നും പിന്നിലാണ്. നഗരസഭയിലെ നിരക്ഷരരിൽ കൂടുതലും ഈ വിഭാഗത്തിൽപ്പെട്ടവരാണ്. മുനിസിപ്പൽ മേഖലയിലെ ഓരോ സ്കൂളിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികളുടെ ക്ലാസ്സുതിരിച്ചുള്ള വിവരം താഴെ 5, 6 പട്ടികകളിൽ കൊടുക്കുന്നു.

നഗരസഭാ പരിധിയ്ക്കുള്ളിലെ സ്കൂളുകളിലെ ഓരോ ക്ലാസിലേയും കുട്ടികളുടെ എണ്ണം പരിശോധിച്ചതിൽ ആകെ 1591 കുട്ടികൾ പട്ടികജാതി-പട്ടിക വർഗ ക്കാരാണ്. സ്കൂളിൽ ചേരുകയും പഠനം നിർത്തുകയും ചെയ്ത 46 പേർ ഉണ്ട്. നഗരസഭയിലെ മുന്നോക്ക വിഭാഗങ്ങളുടെയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടേയും അനുപാതം 7: 1 ആണ്. 1.5% മുന്നോക്ക വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കുമ്പോൾ പട്ടികജാതി

പട്ടിക 5

ഓരോ സ്ക്കൂളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ ക്ലാസ്സു തിരിച്ചുള്ള വിവരം

| ക്രമ നമ്പർ | സ്ക്കുൾ | ഓരോ ക്ലാസ്സിലും പഠിക്കുന്ന കുട്ടികൾ sC മിറ so | | | | | | | | | | പഠനം നിർത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | |
| 1 | Govt. L.P.S. വാളക്കോട് | 15 | 16 | 13 | 20 | | | | | | | 1 |
| 2 | Govt. L.P.S.ഐക്കരക്കോണം | 4 | 7 | 9 | 6 | | | | | | | |
| 3 | L.P.G.S. പുനലൂർ | 7 | 11 | 7 | 10 | | | | | | | |
| 4 | Govt. L.P.S. നെല്ലിപ്പള്ളി | 3 | 5 | 4 | 10 | | | | | | | |
| 5 | L.P.S. തൊളിക്കോട് | 2 | 6 | 3 | 11 | | | | | | | |
| 6 | L.P.S. കേളൻകാവ് | 3 | 3 | 4 | 2 | | | | | | | |
| 7 | St. John's L.P.S. പുനലൂർ | 12 | 10 | 12 | 14 | | | | | | | |
| 8 | Town L.P.S. പുനലൂർ | 1 | 1 | 2 | 9 | | | | | | | |
| 9 | Govt. Model L.P.S.കുതിരച്ചിറ | 22 | 31 | 27 | 28 | | | | | | | |
| 10 | L.P.S. ആരംപുന്ന | 3 | 3 | 12 | 5 | | | | | | | |
| 11 | Govt. L.P.S. വിളക്കുവട്ടം | 2 | 8 | 4 | 11 | | | | | | | |
| 12 | P.M.G.U.P.S. പുനലൂർ | 11 | 14 | 9 | 11 | 7 | 13 | 11 | | | | 2 |
| 13 | Govt. U.P.S. മണിയാർ | 8 | 10 | 7 | 11 | 15 | 13 | 13 | | | | 1 |
| 14 | V.O.U.P.S. പുനലൂർ | | | | | 1 | 21 | 12 | | | | 1 |
| 15 | H.S. for Girls. പുനലൂർ | | | | | 18 | 25 | 22 | 46 | 46 | 14 | 7 |
| 16 | St. Goretty H.S. കേളൻകാവ് | | | | | 15 | 11 | 14 | 15 | 12 | 8 | – |
| 17 | Govt. H.S. പുനലൂർ | | | | | 14 | 28 | 29 | 51 | 63 | 49 | 5 |
| 18 | C.H.S. പുനലൂർ | | | | | 25 | 35 | 28 | 36 | 50 | 28 | 8 |
| 19 | N.S.V.H.S. പുനലൂർ | | | | | 11 | 28 | 27 | 50 | 42 | 24 | 8 |
| 20 | H.S. For Boys. പുനലൂർ | | | | | 14 | 22 | 17 | 27 | 40 | 22 | 13 |
| | ആകെ | 93 | 125 | 113 | 148 | 120 | 196 | 173 | 225 | 253 | 145 | 46 |

പട്ടിക വർഗത്തിൽപ്പെട്ട 3% കുട്ടികളാണ് പഠനം ഉപേക്ഷിക്കുന്നത്. ഈ വിഭാഗത്തിലെ അർഹതയുള്ള എല്ലാ കുട്ടികൾക്കും ലാപ്സം ഗ്രാന്റ് ലഭിക്കുന്നുണ്ട്.

ഏതെല്ലാം ക്ലാസ്സിലാണ് കുട്ടികൾ പഠനം നിർത്തുന്നത് എന്നും മറ്റുള്ള വിവരങ്ങൾ താഴെ പട്ടിക 6–ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6

പട്ടിക . 6
അടുത്ത പേജിൽ

ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾ കൃത്യമായി സ്ക്കൂളിൽ പോകുന്നില്ല എന്നാണ് വാർഡ് തല റിപ്പോർട്ടിൽ കാണുന്നത്. ഈ പ്രവണത എല്ലാ വാർഡിലേയും പട്ടിക ജാതി പട്ടിക വർഗ്ഗക്കാരിൽ ഒരുപോലെയാണ്. സാമ്പത്തിക പിന്നോക്ക അവസ്ഥയും നിരക്ഷരരായ രക്ഷകർത്താക്കളുടെ വിദ്യാഭ്യാസത്തെ കുറിച്ചുള്ള അവബോധമില്ലായ്മയും കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിച്ച് കിട്ടുന്ന നാമമാത്രമായ പ്രതിഫലം കൊണ്ട് കുടുംബം പോറ്റാനുള്ള വ്യഗ്രതയും ഇതിന് കാരണമായി കാണുന്നു. ഒരു കുടുംബത്തിലെ തീരെ ചെറിയ കുട്ടികളെ നോക്കാൻ മറ്റ് മുതിർന്ന കുട്ടികളെ ഏൽപ്പിച്ച് രക്ഷകർത്താക്കൾ തൊഴിൽ തേടി പോകുന്നത് മറ്റൊരു കാരണമാണ്. തോറ്റു പഠിക്കുന്നവരുടെ ശതമാനം പട്ടിക വർഗ്ഗക്കാരിൽ 22ഉം മറ്റുള്ളവരിൽ 2ഉം ആണ്.

**തൊഴിൽ**

31–10–96ലെ കണക്കനുസരിച്ച് പുനലൂർ ടൗൺ എംപ്ലോയ്മെന്റ് എക്സേയ്ഞ്ചിലാകെ 48,960 പേര രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 5411 പേർ പട്ടിക ജാതിക്കാരും 189 പേർ പട്ടികജാതിക്കാരുമാണ്. ഈ കണക്കനുസരിച്ച് ഏതെങ്കിലും ഉദ്യോഗത്തിന് അർഹതയുള്ളവരായി 11 % പട്ടികജാതിക്കാരും 0.4% പട്ടിക വർഗ്ഗക്കാരും ആണ് ഈ നഗരസഭാ പ്രദേശത്തുള്ളത്. കാർഷിക നിർമ്മാണ മേഖലകളിലാണ് ഇവരിൽ അധികവും പണിയെടുക്കുന്നത്. പരമ്പരാഗത തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ കുറവാണ്. പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത കുറവാണ് ഇതിന് ഒരു കാരണം. പരമ്പരാഗത മേഖലകളിൽ പണിയെടുത്തുണ്ടാക്കുന്ന വരുമാനത്തെക്കാൾ കൂടുതൽ മറ്റു മേഖലകളിൽ പണിയെടുത്തുണ്ടാക്കാം എന്നതും മറ്റൊരു കാരണമാണ്. കൂലിപ്പണിചെയ്ത് ഉപജീവനത്തിനുവേണ്ടി ഈ വിഭാഗങ്ങളിൽപ്പെട്ട ആളുകൾ മുൻസിപ്പൽ അതിർത്തിക്കു പുറത്തുനിന്നും വന്ന സ്വന്തം വീടില്ലാതെ കഴിഞ്ഞുകൂടുന്നത് കാരയ്ക്കാട് വാർഡിന്റെ പ്രത്യേകതയാണ്. ചെമ്മന്തൂർ കാഞ്ഞിരമല, ചാലക്കോട്, മുസ്ലാവരിക്കുന്ന്, റെയിൽവേ സ്റ്റേഷൻ, മാർക്കറ്റ്, കച്ചേരി, മണിയാർ, ഐക്കരക്കോണം, കോളേജ്, കാരയ്ക്കാട്, എച്ച്.എസ്സ്., വിളക്കുവട്ടം എന്നീ വാർഡുകളിൽ സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത പട്ടികജാതി പട്ടിക വർഗ്ഗക്കാരുണ്ട്.

**ബഹുജനസംഘടനാനേതൃത്വവും സാമൂഹ്യപദവിയും**

ബഹുജന സംഘടനാ നേതൃത്വനിരയിൽ മുൻസിപ്പൽ അതിർത്തിയിൽപ്പെട്ടവരുണ്ട്. മുനിസിപ്പൽ കൗസിലർമാരിൽ ഒരു വനിത ഉൾപ്പെടെ മൂന്നുപേർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. റിസർവേഷൻ വാർഡിൽ നിന്നല്ലാതെ പട്ടികജാതി പട്ടിക വർഗ്ഗക്കാരായ ഒരാളും ഏതെങ്കിലും വാർഡിൽനിന്നും മൽസരിക്കുകപോലും ചെയ്തിട്ടില്ല. ഇവരുടെ വീടുകളിലെ എല്ലാവിശേഷാവസരങ്ങളിലും നാനാജാതി മതസ്ഥരും പങ്കെടുക്കുകയും ഭക്ഷണം കഴിക്കുകയും ചെയ്യാറുണ്ട്. എന്നിരുന്നാലും തുമ്പോട്, പേപ്പർമില്ല്റ്റ വാർഡുകളിലും ഉച്ചനീചത്വ മനോഭാവം നിഴലിക്കുന്നുവെന്ന് വാർഡു സഭകളുടെ റിപ്പോർട്ടുകളിൽ കാണുന്നു. ജാതി പറഞ്ഞോ മറ്റു രീതിയിലോ ഇവരെ അവഹേളിക്കുന്ന പതിവ് തീരെ ഇല്ല.

**ക്ഷേമ പ്രവർത്തനങ്ങൾ**

സർക്കാർ അനുവദിച്ച എല്ലാ ക്ഷേമപ്രവർത്തനങ്ങളും പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ അനുഭ

പട്ടിക - 6

ജനകീയാസൂത്രണ പദ്ധതി -പുനലൂർ മുനിസിപ്പാലിറ്റി.

കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ :-സ്റ്റാന്റേർഡ്.

| സ്റ്റാന്റാർഡ് | ആകെ കുട്ടികൾ | | | sc/st കുട്ടികൾ | | | തോറ്റുപഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | sc/st | | | മറ്റുള്ളവർ | | | sc/st | | | മറ്റുള്ളവർ | | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | എണ്ണം |
| I | 355 | 316 | 671 | 46 | 47 | 93 | - | - | - | - | - | - | - | 1 | 1 | - | 2 | 2 | 3. |
| II | 380 | 383 | 763 | 66 | 59 | 125 | 6 | 2 | 8 | 11 | 8 | 19 | - | - | - | 1 | 3 | 4 | 4 |
| III | 405 | 367 | 772 | 61 | 52 | 113 | 3 | 3 | 6 | 16 | 14 | 30 | - | - | - | - | - | - | - |
| IV | 408 | 416 | 824 | 70 | 78 | 148 | 10 | 7 | 17 | 13 | 10 | 23 | - | - | - | 2 | 1 | 3 | 3 |
| V | 568 | 546 | 1114 | 52 | 68 | 120 | 11 | 23 | 34 | 22 | 13 | 35 | 1 | 1 | 2 | 1 | 6 | 7 | 9 |
| VI | 587 | 603 | 1190 | 97 | 99 | 196 | 16 | 35 | 51 | 42 | 22 | 64 | 1 | 2 | 3 | 3 | - | 3 | 6 |
| VII | 667 | 605 | 1272 | 89 | 84 | 173 | 22 | 74 | 96 | 48 | 33 | 81 | 4 | - | 4 | 7 | 7 | 14 | 18 |
| VIII | 740 | 702 | 1442 | 106 | 119 | 225 | 30 | 39 | 69 | 63 | 39 | 102 | 9 | 5 | 12 | 22 | 12 | 34 | 48 |
| IX | 813 | 722 | 1535 | 122 | 131 | 253 | 30 | 38 | 68 | 97 | 58 | 155 | 8 | 10 | 18 | 22 | 33 | 55 | 73 |
| X | 594 | 635 | 1229 | 70 | 75 | 145 | - | - | - | - | - | - | 3 | 1 | 4 | 12 | 11 | 23 | 27 |
| Grand Total | 5517 | 5295 | 10812 | 779 | 812 | 1591 | 128 | 221 | 349 | 312 | 197 | 509 | 26 | 20 | 46 | 70 | 75 | 145 | 191 |

## പട്ടിക 7

## പട്ടിക ജാതി വികസന ഡിപ്പാർട്ടുമെന്റിൽനിന്ന് പുനലൂർ നഗരത്തിലെ ഗുണഭോക്താക്കൾക്കു നൽകിയ ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | | സഹായം ലഭിച്ചവർ | | സഹായം ലഭിച്ചവർ | | സഹായിക്കാൻ നിശ്ചയിച്ചവർ |
|---|---|---|---|---|---|---|
| | | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 1. ഭവനനിർമ്മാണം | ആകെ നല്കിയ തുക | 45600 | 47100 | 24000 | 36000 | – |
| | എത്ര പേർക്ക് | 6 | 4 | 2 | 3 | |
| 2. ഭൂമിയും വീടും ഇല്ലാത്തവർ | ആകെ നല്കിയ തുക | – | 94800 | 41000 | 57500 | |
| ക്കുരണ്ടിനും കൂടി | എത്ര പേർക്ക് | – | 6 | 4 | 3 | – |
| 3. കെട്ടി മേച്ചിൽ ഗ്രാന്റ് | ആകെ നല്കിയ തുക | 7350 | 5400 | 3500 | 3500 | 1500 |
| | എത്ര പേർക്ക് | 49 | 36 | 7 | 7 | 3 |
| 4. വിവാഹധന സഹായം | ആകെ നല്കിയ തുക | – | 10000 | 6000 | – | – |
| | എത്ര പേർക്ക് | – | 5 | 3 | – | – |
| 5. ചികിത്സാ ധന സഹായം | ആകെ നല്കിയ തുക | 500 | 5800 | – | – | – |
| | എത്ര പേർക്ക് | 1 | 2 | – | – | – |
| 6. മറ്റു പദ്ധതികൾ | ആകെ നല്കിയ തുക | – | – | – | – | – |
| | എത്ര പേർക്ക് | – | – | – | – | – |
| ആകെ ഗുണഭോക്താക്കൾ | | | | | | |

## പട്ടിക 8

## പട്ടികവർഗ വികസന ഡിപ്പാർട്ടുമെന്റിൽനിന്ന് പുനലൂർ നഗരത്തിലെ ഗുണഭോക്താക്കൾക്കു നൽകിയ ക്ഷേമ പദ്ധതികൾ

| പദ്ധതിയുടെ പേര് | | സഹായം ലഭിച്ചവർ | | | | |
|---|---|---|---|---|---|---|
| | | 91–92 | 92–93 | 93–94 | 94–95 | 95–96 |
| 1. ഭവനനിർമ്മാണം | ആകെ നല്കിയ തുക | 12500 | – | – | – | – |
| | എത്ര പേർക്ക് | 1 | – | – | – | – |
| 2. ഭൂമിയും വീടും ഇല്ലാത്തവർ | ആകെ നല്കിയ തുക | 78000 | – | – | – | – |
| ക്കും രണ്ടിനും കൂടി | എത്ര പേർക്ക് | 4 | – | – | – | – |
| 3. കെട്ടി മേച്ചിൽ ഗ്രാന്റ് | ആകെ നല്കിയ തുക | 1000 | – | 1500 | 1000 | 1000 |
| | എത്ര പേർക്ക് | 5 | – | 3 | 2 | 2 |
| 4. വിവാഹധന സഹായം | ആകെ നല്കിയ തുക | – | – | – | – | 1000 |
| | എത്ര പേർക്ക് | – | – | – | – | 2 |
| 5. ചികിത്സാ ധന സഹായം | ആകെ നല്കിയ തുക | 150 | – | – | 2500 | – |
| | എത്ര പേർക്ക് | 1 | – | – | 1 | |
| 6. മറ്റു പദ്ധതികൾ | ആകെ നല്കിയ തുക | 18650 | – | 2000 | – | – |
| എത്ര പേർക്ക് | 9 | – | 1 | – | – | |
| ആകെ ഗുണഭോക്താക്കൾ | | 20 | – | 4 | 3 | 4 |

വേദ്യമായി കാണുന്നില്ല. ലഭ്യമാക്കിയ സഹായങ്ങൾ പട്ടിക്യിൽ കാണിച്ചിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. മിക്ക പട്ടിക വർഗ്ഗക്കോളനികളിലും കോളനികളല്ലാത്ത വാസ കേന്ദ്രങ്ങളിലും കക്കൂസ്, കുടിവെള്ളം, വൈദ്യുതി, പാർപ്പിടം എന്നീ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
2. തൊഴിൽ പരമായും പിന്നോക്കം നിൽക്കുന്നു.
3. കാലോചിതമല്ലാത്ത ആചാരങ്ങളും അന്ധവിശ്വാസങ്ങളും അവരുടെ വരുമാനത്തിന്റെ ദുർവിനിയോഗത്തിന് ഇടയാക്കുന്നു.
4. ചിലയിടങ്ങളിലെങ്കിലും അവർക്കുവേണ്ടിയുള്ള ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന അവസ്ഥയുണ്ട്. ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത അത് നേടിയെടുക്കുന്നതിൽ നിന്നും ഇവരെ അകറ്റി നിർത്തുന്നു. നൂലാമാല പിടിച്ച സർക്കാർ നടപടിക്രമങ്ങൾ അർഹതപ്പെട്ട ആനുകൂല്യങ്ങൾ ഇവർക്ക് ലഭിക്കാതെ പോകുന്നു.
5. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഏറിയ പങ്കു പാലിക്കുന്നില്ല. അതിനാൽ ആരോഗ്യ പ്രശ്നങ്ങൾ താരതമ്യേന കൂടുതലാണ്.
6. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിലാണ് പഠനം നിർത്തിയവർ ധാരാളമാണ്. സ്കൂളുകളിൽ പോകുന്നെങ്കിലും അവരിൽത്തന്നെ നിലവാരം ഉള്ളവർ കുറവാണ്. മുതിർന്നവരിൽ നിരക്ഷരർ ഉണ്ട്.
7. ചെറ്റക്കുടിലും ഓലപ്പുരയും ഉണ്ട്. കെട്ടിമേയാത്ത വീടുകൾ ഉണ്ട്. കേടുപാടുകൾ ഉള്ള കക്കൂസുകളും വീടുകളും ഉണ്ട്.
8. ഉച്ചനീചത്വങ്ങൾ ചെറിയ തോതിലേങ്കിലും ഉണ്ട്.
9. കലാകായിക രംഗങ്ങളിൽ വാസനയുള്ളവർക്കു വേണ്ടത്ര പ്രോത്സാഹനം കിട്ടുന്നില്ല.

**സാദ്ധ്യതകൾ**

1. കോളനികളിൽ പൊതു കക്കൂസുകൾ സ്ഥാപിക്കുക. റിപ്പയർ ചെയ്യേണ്ട കക്കൂസുകളുടേയും, ടാപ്പുകളുടേയും എണ്ണം സന്നദ്ധ പ്രവർത്തകരെ ഉപയോഗിച്ച് കണ്ടുപിടിയ്ക്കുക.
2. വയറിംഗ് പൂർത്തിയായ വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കുക.
3. സൗജന്യ വയറിംഗ് നടത്തിയിട്ടില്ലാത്ത വീടുകൾ, വയറിംഗ് നടത്തി വൈദ്യുതി ലഭ്യമാക്കുക.
4. കുടിലുകൾ മേയാൻ സൗജന്യപദ്ധതി ഏർപ്പെടുത്തുക.
5. കോളനികൾക്ക് സമീപം സൗകര്യമായ കളിസ്ഥലങ്ങൾ നിർമിക്കുക.
6. ട്യൂഷൻ സെന്ററുകൾ, അംഗൻ വാടികൾ മുതലായവ സ്ഥാപിച്ചു കുട്ടികളുടെ പഠന നിലവാരം ഉയർത്തുക. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരളവുവരെ പരിഹരിക്കുകയും ചെയ്യുക.
7. പരമ്പരാഗത തൊഴിലുകൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉറപ്പാക്കുക. അതിന് ആവശ്യമായ സാങ്കേതിക പരിശീലനം നൽകുക.അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഏർപ്പെടുത്തുക.
8. സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് സൊസൈറ്റികൾ രൂപീകരിക്കുക.
9. ശുചിത്വ പരിപാലനത്തിനായി ബോധവൽക്കരണം (വീഡിയോ പ്രദർശന സെമിനാർ) സംഘടിപ്പിക്കുക.
10. സന്നദ്ധ സേവന സംഘടനകളുടെ സഹായത്തോടെ കഴിയുന്നത്ര സഹായങ്ങൾ ലഭ്യമാക്കുക.
11. നിശ്ചിത വൈദ്യ പരിശോധനയും, സൗജന്യ പ്രതിരോധ കുത്തിവെയ്പും കാലാകാലങ്ങളിൽ നൽകുക.
12. പട്ടികജാതി പട്ടിക വർഗ്ഗക്ഷേമ പ്രവർത്തനങ്ങളേയും ആനുകൂല്യങ്ങളേയുംകുറിച്ച് ഇവരെ ബോധവാൻമാരാക്കുക. ഇതിനായി വാർഡ് കോളനി മുനിസിപ്പൽ തലങ്ങളിൽ വെച്ച് കൂടി ബോധവൽക്കരണ സമ്മേളനങ്ങൾ നടത്തുക.

ഇങ്ങനെ തങ്ങളും സമൂഹത്തിന്റെ അവിഭാജ്യഘടകമാണെന്ന തോന്നൽ ആവശ്യം വളർത്തിയെടുത്ത് വികസന പ്രക്രിയയുടെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുകയും ചെയ്യേണ്ടത് ഒരു ജനാധിപത്യ സമൂഹത്തിന്റെ കടമയാണെന്നുള്ളത് നാം ഓർക്കുക.

# വിഭവസമാഹരണം

ഏതൊരു പ്രദേശത്തിന്റെയും പുരോഗതി അവിടെ നിന്നും സ്വരൂപിയ്ക്കാൻ കഴിയുന്ന വിഭവത്തിന്റെ അളവിനേയും സ്വഭാവത്തേയും വിനിയോഗത്തേയും അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കുന്നത്. ആവശ്യങ്ങൾ വർദ്ധിയ്ക്കുകയും വിഭവങ്ങൾ ചുരുങ്ങുകയും ചെയ്യുമ്പോൾ വികസന പ്രക്രിയ സ്തംഭനാവസ്ഥയിലാകുന്നു. ഇത് വിഭവാസൂത്രണത്തെ കീഴ്മേൽ മറിയ്ക്കുന്നു. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി ഏറുന്നത്. വിഭവം എന്നാൽ ധന വിഭവം മാത്രമല്ല ജനവിഭവും കൂടിയുണ്ട് എന്ന തിരിച്ചറിവിന് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന പ്രഖ്യാപനം, വഴി തെളിച്ചിട്ടുണ്ട്. നമ്മുടെ നഗരത്തിന്റെ വികസന സ്വപ്നം സാക്ഷാത്ക്കരിക്കുവാൻ വേണ്ട വിഭവം പണം വഴിയും കായികാദ്ധ്വാനം വഴിയും പ്രാദേശികമായി കണ്ടെത്താനുള്ള അന്വേഷണം അടിയന്തിരമായി ഉണ്ടാവേണ്ടിയിരിയ്ക്കുന്നു.

ദീർഘവീക്ഷണത്തോടെയുള്ള ആസൂത്രണത്തിലൂടെ മാത്രമേ നാം ഏറ്റെടുക്കുന്ന പദ്ധതികളെ വിജയത്തിലെത്തിയ്ക്കുവാനാകൂ. സർക്കാരിൽ നിന്നും എന്തുകിട്ടുമെന്നല്ല – മനുഷ്യാദ്ധ്വാനമടക്കമുള്ള വിഭവങ്ങൾ സമാഹരിച്ചുകൊണ്ട് എന്തു ചെയ്യുവാൻ സാധിക്കും എന്നിടത്താണ് "9–ാം പദ്ധതി ജനകീയ പദ്ധതി എന്ന സൂക്തത്തിന്റെ അർത്ഥവ്യാപ്തി". സംസ്ഥാന ആസൂത്രണ വകുപ്പ് ജനഹൃദയങ്ങളിൽ കൂടി നടപ്പിലാക്കാൻ ശ്രമിയ്ക്കുന്ന ഈ പദ്ധതി നാടിന്റെ വികസന പ്രക്രിയയ്ക്ക് വിപ്ളവകരമായ മാറ്റത്തിന് നാന്ദി കുറിയ്ക്കു മെന്നത് തർക്കമറ്റ കാര്യമാണ്

മുൻകാല വ്യവസായങ്ങൾ തകർന്നടിഞ്ഞതുവഴി ഉണ്ടായ പ്രതിസന്ധി, രൂക്ഷമായി നിലനിൽക്കുന്ന പവർകട്ട്, കുറഞ്ഞ ഉല്പാദനക്ഷമത, അമിത ചെലവുകൾ, വിപണനത്തിലെ തകരാറുകൾ എന്നിവ മൂലം തകർച്ചയെ നേരിടുന്ന ചെറുകിട വ്യവസായരംഗം അങ്ങനെ എല്ലാം കൊണ്ടും പുനലൂരിന്റെ വ്യാവസായിക വിഭവ ശേഖരണത്തിൽ ശോഷണം ഉണ്ടായി. കാർഷിക വിഭവങ്ങളിൽ തകർച്ചയെ നേരിടുക വഴി ആ മേഖലയിലുള്ള

വിഭവങ്ങളിൽ റബർ ഒഴിച്ചുള്ള എല്ലാം തകർച്ചയെ നേരിടുക വഴി ആ മേഖലയിലുള്ള സാദ്ധ്യതയും ഇല്ലാതായി. എല്ലാ മേഖലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന തകർച്ചയും തൊഴിലാളികളിൽ നല്ലൊരു ശതമാനവും അടിസ്ഥാന തൊഴിലുകളിൽ ഏർപ്പെടുവാൻ കാണിക്കുന്ന വൈമുഖ്യവും വിഭവ ശോഷണത്തിന് കാരണമായിട്ടുണ്ട് ഇവിടെ തൊഴിലില്ലായ്മ രൂക്ഷമായി നിലനിൽക്കുമ്പോഴും തമിഴ്നാടുപോലെയുള്ള അയൽസംസ്ഥാനങ്ങളിൽ നിന്നുള്ള ധാരാളം പേർ ഇവിടെയുള്ള വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു എന്നതും ചിന്തിക്കേണ്ട വിഷയമാണ്. സാദ്ധ്യതകൾ ഏറെയുണ്ടായിട്ടും പ്രയോജനപ്പെടുത്താതെ പച്ചക്കറി, പാൽ, മുട്ട, മാംസം, പൂവ് എന്നിവ വളരെ വലിയ തോതിൽ അന്യ സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുക വഴി ഇവിടെ പ്രയോജനപ്പെടുത്തേണ്ട പണം ചൂഷണം ചെയ്യുവാൻ അന്യ നാട്ടുകാരെ പ്രേരിപ്പിക്കുന്നു. ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തിയെങ്കിൽ മാത്രമെ വിഭവ ശേഷി വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളു.

പുനലൂർ നഗരാതിർത്തിയിലുള്ള ഏകദേശം 2000 പേർ വിദേശ രാജ്യങ്ങളിൽ പണിയെടുക്കുന്നവരാണ് അവർവഴി കോടിക്കണക്കിനുരൂപാ ഓരോ വർഷവും നമ്മുടെ നാട്ടിലെത്തുന്നു. എന്നാൽ ഈ സമ്പത്തിന്റെ ഭൂരിഭാഗവും പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലകളിലാണ് വിനിയോഗിച്ചുവരുന്നത്. ഈ സമ്പത്ത് ഗുണകരമായി ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ പദ്ധതികളാണ് ജനകീയാസൂത്രണത്തിലൂടെ കണ്ടെത്തേണ്ടത്. എങ്കിൽ മാത്രമേ നമ്മുടെ വികസന സങ്കൽപ്പം സാക്ഷാത്കരിക്കാൻ ആവശ്യമായ വിഭവം കണ്ടെത്താൻ കഴിയുകയുള്ളു.

പുനലൂർ നഗരസഭയുടെ പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങൾ വസ്തു നികുതി, തൊഴിൽ നികുതി, പ്രദർശന നികുതി, കെട്ടിടങ്ങളുടെ വാടക, മാർക്കറ്റു ലേലം വഴിയുള്ള വരവ്, പരസ്യനികുതി, വിവിധ തരം സർക്കാർ ഗ്രാന്റുകൾ, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പകൾ തുടങ്ങിയവയാണ്.

പുനലൂർ നഗരസഭയുടെ 1990-'91 ലേയും 1995-'96 ലേയും വരവിനെ സൂചിപ്പിക്കുന്ന പട്ടികയും അതോടനുബന്ധിച്ചുള്ള സൂചികയും പട്ടിക 1 ൽ സൂചിപ്പിച്ചിരിക്കുന്നു.

ഈ പട്ടികയിൽ നിന്നും 8-ാം പദ്ധതി കാലയ ളവിൽ നമ്മുടെ നഗരസഭയുടെ വരവിൽ 117.98% വർദ്ധനവ് ഉണ്ടായതായി കാണാവുന്നതാണ്. ചെലവിനത്തിലും ഈ കാലയള വിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിനെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 ൽ കാണിച്ചിരിക്കുന്നു.

പട്ടിക 2-ൽ നിന്നും ചെലവിനത്തിൽ 46.46% വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായി എന്നു മനസ്സിലാക്കാം.

പുനലൂർ നഗരസഭയുടെ ആകെ വരവു-ചെലവു കണക്കുകളെ സംബന്ധിച്ചുള്ള വിവരം പട്ടിക 3-ൽ കൊടുത്തിരിയ്ക്കുന്നു.

നമ്മുടെ മുനിസിപ്പാലിറ്റിയുടെ സമഗ്ര വികസനത്തിന് ഈ തുക തികച്ചും അപര്യാപ്തമാണ്. ഇതി നായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും നിലവിലുള്ളവ കുറ്റമറ്റതാക്കുകയും കാലോ ചിതമായി പരിഷ്ക്കരിയ്ക്കുകയും വേണം. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന്റെ ആവശ്യകത ഇവിടെയാണ് നിഴലിച്ചു കാണുന്നത്. വികസനം ഭരണകൂടത്തിന്റെ മാത്രം ചുമതലയാണെന്നും നാം അതിന്റെ ഗുണഭോക്താക്കൾ മാത്രമാണെന്നും നമുക്ക് അതിൽ പങ്കില്ലെന്നുമുള്ള ധാരണ മാറ്റി , നാടിന്റെ വികസനം എന്റെയും നമ്മുടേയും വികസനമാണെന്നും അതിൽ എന്റെ പങ്ക് വിലമതിയ്ക്കാനാവാത്തതാണെന്നുമുള്ള ധാരണ എല്ലാവരിലും ഉണ്ടാക്കിയെടുത്തുകൊണ്ട് ഇവിടെ ഒരു പുത്തൻ വികസനപാത വെട്ടിത്തെ ളിക്കുവാൻ നമ്മുടെ ജനകീയാസൂത്രണ പരിപാടിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

## ബാങ്കിംഗ് മേഖല

ബാങ്കുകളുടെ പ്രവർത്തനം വഴി മാത്രമേ ഏതൊരു പ്രദേശത്തിനും വികസനം കൈവരിയ്ക്കാനാകു. അതിനാൽ അവയുടെ പ്രവർത്തനത്തിലെ നേട്ടങ്ങളും വൈകല്യങ്ങളും വിഭവാസൂത്രണത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. പുനലൂർ മുനിസിപ്പൽ പ്രദേശത്ത്

പ്രവർത്തിച്ചു വരുന്ന ദേശസാൽക്കരിക്കപ്പെട്ടതും അല്ലാത്തതുമായ വാണിജ്യ ബാങ്കുകളാണ്.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
സിൻഡിക്കേറ്റ് ബാങ്ക്
കാനറ ബാങ്ക്
ഇൻഡ്യൻ ബാങ്ക്
ദി കാത്തലിക് സിറിയൻ ബാങ്ക്
ദി ഫെഡറൽ ബാങ്ക്
ജില്ലാ സഹകരണ ബാങ്ക് പുനലൂർ ശാഖ

എന്നിവയും കൂടാതെ ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെശാഖയും നിലവിലുണ്ട്. ഈ ബാങ്കുകളി ലായി ആകെയുള്ള നിക്ഷേപം 68,81,77000 രൂപയാണ്. എന്നാൽ നൽകിയിരിയ്ക്കുന്ന വായ്പ 21,57,30000 രൂപയും അതായത് ആകെ നിക്ഷേപത്തിന്റെ 31.35% മാത്രം വായ്പയായി നൽകിയിട്ടുള്ളു എന്ന് മനസ്സിലാക്കാം. ഈ വായ്പയിൽ ഭൂരിഭാഗവും നൽകിയിരിക്കുന്നത് സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കാണ്. കൃഷിക്കാർക്കും ഇടത്തരം - സാധാരണ ജനവിഭാഗങ്ങൾക്കും ബാങ്ക് വായ്പ നൽകുന്നത് വളരെ പരിമിതമാണെന്നതും ശ്രദ്ധിയ്ക്കപ്പെടേണ്ടതാണ്. 9–)0 പദ്ധതി ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്യുമ്പോൾ ബാങ്കുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിക്ഷേപങ്ങളുടെ നല്ല ഒരു ശതമാനം അതാതു പ്രദേശത്തു തന്നെ വായ്പ ആയി വിതരണം ചെയ്യുന്നതിനും പര്യാപ്തമായ നിയമ നടപടികൾ കൈക്കൊള്ളണം.

വാണിജ്യ ബാങ്കുകളിൽനിന്നും വ്യത്യസ്ഥമായി നമ്മുടെ മുനിസിപ്പൽ പ്രദേശത്ത് 28 സഹകകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിൽ നിന്നും നൽകി വരുന്ന വായ്പകളും മറ്റു പദ്ധതികളും സാധാരണ - ഇടത്തരം ജനവി ഭാഗ ങ്ങൾക്ക് വലിയൊരളവിൽ ആശ്വാസം പകരുന്ന താണ്. അതിനാൽ സഹകരണ ബാങ്കു കളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കേണ്ടിയിരിയ്ക്കുന്നു.

ഇൻഷ്വറൻസ് മേഖലയിൽ ഇവിടെ എൽ.ഐ. സി. യുടെ ബ്രാഞ്ചും, ജി.ഐ.സി. യുടെ രണ്ടു ബ്രാഞ്ചുകളും പ്രവർത്തിച്ചു വരുന്നു. (ഓറിയന്റൽ ഇൻഷ്വറൻസ്, ന്യൂ നമേഖലകൾ എന്നിവയേയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടില്ലാ എന്നത് പ്രത്യേകമായി ഓർമ്മിക്കേണ്ടതുണ്ട്. വരും പദ്ധതിക്കാലത്ത് എല്ലാ തൊഴിൽ രംഗങ്ങളേയും ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടു വരുവാൻ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്. കാർഷിക മേഖലയുടെ പുരോഗതിയ്ക്ക് വിള ഇൻഷ്വറൻസ് അത്യാവശ്യമായിരിയ്ക്കുന്നു. അതിനുള്ള നടപടികളും ആരംഭിയ്ക്കേണ്ടിയിരിയ്ക്കുന്നു.

## സാധ്യതകൾ

1. നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും മുനിസിപ്പാലിറ്റിയുടെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന് ജനം മനസ്സിലാക്കുകയും ചെയ്താൽ മുനിസിപ്പാലിറ്റിയുടെ വരുമാനം കൂട്ടുവാൻ കഴിയും.
2. വാർഡു സഭാ പ്രവർത്തകരും, ജനപ്രതിനിധികളും, മുനിസിപ്പൽ ഉദ്യോഗസ്ഥരും കൂട്ടായി പ്രവർത്തിച്ചാൽ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തി മുനിസിപ്പാലിറ്റിയുടെ വരുമാ നം വർദ്ധിപ്പിക്കാം.
3. മുനിസിപ്പൽ തലത്തിൽ ഒരു സന്നദ്ധ സേന രൂപീകരിച്ച് അതിന്റെ യൂണിറ്റുകൾ എല്ലാ വാർഡുകളിലും പ്രവർത്തിപ്പിക്കുകയും സേവന സന്നദ്ധരായ യുവജനങ്ങളുടെ പങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ മുടക്കം കൂടാതെ നടത്തുകയും വഴി ആ വഴിയ്ക്കുള്ള വിഭവശോഷണം ഇല്ലാതെയാക്കാം.
4. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്.
5. ഉയർന്ന വരുമാനക്കാരിൽ നിന്നും, ഉന്നത ജീവനക്കാരിൽ നിന്നും അഡീഷണൽ നികുതി ഈടാക്കാവുന്നതാണ്
6. നഗരാതിർത്തിയിലുള്ള പൊതു കുളങ്ങൾ വിപുലീകരിച്ചും പുതിയവ നിർമ്മിച്ചും ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയും അവയിൽ മത്സ്യം വളർത്തുന്നതിനായി കൃഷിക്കാർക്ക് പാട്ടത്തിനു കൊടുക്കുകയും ചെയ്യാം.
7. മുനിസിപ്പൽ പ്രദേശത്തെ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതും നിക്ഷേപ - വായ്പാ അനുപാതം സുതാര്യക്കുന്നതിനുള്ള സമ്മർദ്ധം നടത്തേണ്ടതുമാണ്.

8. കാർഷക രംഗത്ത് യന്ത്രവൽക്കരണം നടപ്പിലാക്കുക വഴി കൃഷിയെ പരിപോഷിപ്പിക്കുകയും വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യാം.

9. നഗരസഭ അടിയിന്തിരമായി ഒരു വിഭവ ഭൂപടം നിർമ്മിക്കേണ്ടതാണ്.

10. ഇന്ദിരാ വികാസ് പത്രികയിൽ കൂടതൽ പേരെ ചേർത്ത് അതിൽനിന്നും മുനിസിപ്പാലിറ്റിക്ക് കിട്ടിക്കൊണ്ടിരിക്കുന്ന വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

11.ഒരു നിശ്ചിത പരിധിയിൽ കൂടുതലുള്ള തോട്ടം ഉടമകളിൽ നിന്നും നഗരസഭയ്ക്ക് പ്രത്യേകം സെസ്സ് ഏർപ്പെടുത്തണം .

12. സഹകരണ ബാങ്കുകളിൽ പണം നിക്ഷേപിച്ചാൽ ഉണ്ടാകുന്ന നേട്ടത്തെ സംബന്ധിച്ച് വിദേശത്ത് ജോലിയുള്ളവരിലും, നാട്ടിലുള്ള വരിലും അവബോധം ഉണ്ടാക്കി സഹകരണ സംഘങ്ങളിലെ നിക്ഷേപം ഉയർത്തേണ്ടതാണ്

13. എല്ലാ കുടുബങ്ങളേയും സഹകരണ ബാങ്കിൽ അംഗങ്ങളാക്കുകയും നിക്ഷേപങ്ങൾ ഉറപ്പുവരു ത്തുകയും വേണം.

14. അത്യതികം അഡംബരത്തോടെ നിർമ്മിക്കുന്ന വലിപ്പമേറിയ വീടുകൾക്ക് അധിക നികുതി ചുമത്താവുന്നതാണ്.

15. നഗരാതിർത്തിയിൽ നടത്തപ്പെടുന്ന (ടിക്കറ്റ് വച്ച്)ഒരു കലാപരിപാടിയേയും വിനോദ നികുതിയിൽനിന്നും ഒഴിവാക്കേണ്ടതില്ല.

16. സിനിമാ തീയേറ്ററുകളിൽ വ്യാപകമായുള്ള നികുതി വെട്ടിപ്പ് കർശനമായി തടയുവാനും ടിക്കറ്റുകൾ സീൽ ചെയ്യുന്ന രീതി കുറ്റമറ്റതാക്കുന്നതിനും മുനിസിപ്പൽ അധികൃതരും ജനകീയ കമ്മിറ്റിയും ഒത്തു ചേർന്ന് പ്രവർത്തിക്കാ വുന്നതാണ്.

17. മുനിസിപ്പൽ പ്രദേശത്തെ വിവിധ സ്റ്റാൻഡുകളിൽ പാർക്കുചെയ്ത് ഓടുന്ന വിവിധ തരം വാഹനങ്ങൾക്ക് ചെറിയ തോതിൽ സെസ്സ് ഏർപ്പെടുത്താവുന്നതാണ്

18. പുനലൂരിൽ ഏറെ സാധ്യതയുള്ള ടൂറിസത്തിന്റെ വികസനത്തിലൂടെ വലിയ ഒരു സഖ്യ നമുക്ക് സമാഹരിക്കാവുന്നതാണ്. .

19 വാഹന നികുതി നഷ്ട പരിഹാര· തുകയും ജനറൽ പർപ്പസ് ഗ്രാന്റ് തുകയും സർക്കാരി ൽനിന്നും യഥാസമയം ലഭിക്കുന്നില്ല. ഇത് യഥാസമയം ലഭ്യമാക്കണം. ഈ ഇനത്തിൽ ലഭിക്കുന്ന തുകയിലെ കുറവ് പരിഹരിക്കേണ്ടതുണ്ട്

20. നഗരവാസികളായ വ്യാപാരികളും, വ്യവസായികളും ദൂരദർശൻ റേഡിയോനടത്തിവരുന്ന പരസ്യങ്ങൾക്ക് നഗരസഭയ്ക്ക് കുറഞ്ഞ നികുതി ഏർപ്പെടുത്താവുന്നതാണ്..

21. നഗരാതിർത്തിയിൽ നിന്നും നീക്കം ചെയ്യുന്ന ചപ്പു ചവറുകളും മാലിന്യങ്ങളും ഉപയോഗിച്ച് ജൈവവള നിർമ്മാണം നടത്തി വരുമാനം വർദ്ധിപ്പിക്കാം.

22എസ്റ്റാബളിഷ്മെന്റ് ചെലവുകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന പ്രവണത കുറച്ചുകൊണ്ട് വരുവാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ സ്വീകരിക്കണം .

23. നഗരാതിർത്തിയിൽ പ്രവർത്തിച്ചുവരുന്നതും ഉയർന്ന വരുമാന മാർഗ്ഗം ഉള്ളതുമായ സ്ഥാപനങ്ങളിൽ നികുതി വെട്ടിപ്പ് സാർവ്വത്രികമാണ് അത്തരക്കാരെ കണ്ടുപിടിച്ച് നികുതി ഏർപ്പെടുത്തുകയും കർശന മാർഗ്ഗം ഉപയോഗിച്ച് നികുതി ചോർച്ച തടയുകയും വേണം

24. തീർത്ഥാടകർക്കായി വിശ്രമ കേന്ദ്രം എന്നിവയിലൂടെ വാണിജ്യാവശ്യ ങ്ങൾക്കായി സ്ഥാപിക്കുക. വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക. താമസ, ഭക്ഷണ, യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തുക (അയൽ സംസ്ഥാനങ്ങളിൽനിന്നും വർഷം തോറും ശബരിമലയ്ക്കു പോകുന്ന ഭക്തജനങ്ങളിൽ 30 ശതമാനത്തിലധികം പുനലൂർ വഴിയാണ് പോകുന്നത്. .)

25. പുതിയ നികുതിദായകരെ കണ്ടുപിടിക്കുവാനുള്ള മാർഗ്ഗങ്ങൾ ആരായണം.

26. നഗരസഭാ കെട്ടിടം പ്രതിമാസ വാടകയ്ക്കു കൊടുക്കുമ്പോൾ 10000 രൂപയ്ക്കു മുകളിലുള്ള വാടകയ്ക്ക് ഇൻകംടാക്സായി 20% വസൂലാക്കുന്ന ഇപ്പോഴത്തെ നിയമം മാറ്റി മുഴുവൻ തുകയും നഗരസഭയ്ക്ക് നല്കണം.

27. കുടിവെള്ളം വിതരണം ചെയ്യുന്നതിന്റെ വെള്ളക്കരം ഈടാക്കുന്നതിന്റെയും ചുമതല വാട്ടർ അതോറിട്ടിയിൽ നിന്നും നഗരസഭയ്ക്ക് കൈമാറണം

28. നഗര വികസനത്തിനായി ലോക ബാങ്ക് കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകൾ, പൊതുമേഖലാ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവ നല്കിവരുന്ന ഗ്രാന്റുകളും സഹായങ്ങളും യഥാസമയം കണ്ടെത്തി കാര്യക്ഷമമാക്കണം

29. പുനലൂർ മുനിസിപ്പൽ പ്രദേശത്തു പതിക്കുന്ന പോസ്റ്ററുകൾക്കും പരസ്യത്തിനും

ഈടാക്കിവരുന്ന നികുതികൾ പൂർണ്ണ അളവിൽ പിരിച്ചെടുക്കുവാനുള്ള സംവിധാനം ശക്തമാക്കണം

പുനലൂർ മുനിസിപ്പാലിറ്റിയുടെ മുടക്കമില്ലാതെ അടച്ചുകൊണ്ടിരിക്കുന്നതും വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് 31-3-1996 നു ശേഷം കൊടുത്തു തീർക്കുവാനുള്ള ഋണബാദ്ധ്യത 1,0095485 രൂപയാ ണ്. ലഭ്യമായ എല്ലാ സാദ്ധ്യതകളും ഉപയോഗ പ്പെടുത്തി പുനലൂർ നഗരസഭയുടെ വിഭവ സമാഹ രണം മെച്ചപ്പെടുത്തി ഈ ജനകീയ പദ്ധതി ഒരു വൻ വിജയമാക്കി തീർക്കാവുന്നതാണ്.

## പട്ടിക – 1

## വരുമാനം

| ഇനം | 90–91 | 95–96 | വ്യത്യസം | % |
|---|---|---|---|---|
| വസ്തു നികുതി | 12,86,051 | 22,00,000 | 9,13,949 | 71.06 |
| തൊഴിൽ നികുതി | 1,58,611 | 4,50,000 | 2,91,389 | 183.71 |
| വിനോദ നികുതി | 6,83,104 | 12,00,000 | 5,16,896 | 75.67 |
| വസ്തുകൈമാറ്റ ത്തീരുവ | 2,91,202 | 11,00,000 | 8,08,798 | 277.74 |
| മറ്റുനികുതികൾ | 49,531 | 68,000 | 18,469 | 37.29 |
| പ്രത്യേക നിയമങ്ങൾ വഴിയുള്ള വരുമാനം | 5,057 | 7,000 | 1,943 | 38.42 |
| മുനിസിപ്പൽ വസ്തുക്കളിൽനിന്നുള്ള വരുമാനം | 21,85,486 | 42,20,000 | 20,34,514 | 93.09 |
| മുനിസിപ്പൽ ഫീസുകൾ | 1,35,857 | 3,81,800 | 2,45,943 | 181.03 |
| ഗവൺമെന്റിൽ നിന്നുള്ള ഗ്രാന്റും സഹായവും | 4,34,498 | 12,61,800 | 8,27,302 | 190.4 |
| പലവകവരവുകൾ | 20,22,292 | 9,51,200 | 7,48961 | 370.33 |
| | 54,31,638 | 1,18,39,800 | 64,08,164 | 117.98 |

90–91 – ആഡിറ്റ് ചെയ്ത കണക്കിൽ നിന്ന്

95–96 – പുതുക്കിയ ബഡ്ജറ്റിൽ നിന്നും എടുത്തതുക

# പട്ടിക 2

## ചെലവുകൾ

| ഇനം | 90–91 | 95–96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| പൊതുഭരണം | 13,27,265 | 2196000 | 1068725 | 80.52 |
| പൊതു മരാമത്ത് | 5,50832 | 1465700 | 914868 | 166.09 |
| വിദ്യാഭ്യാസം | 47,579 | 128700 | 81121 | 170.50 |
| ജലവിതരണം | 1017 | 107000 | 105983 | – |
| പൊതജനാരോഗ്യം | 1113740 | 1966400 | 852660 | 76.55 |
| തെരുവ് വിളക്കുകൾ | 263686 | 443000 | 179314 | 68.00 |
| നഗരാസൂത്രണം | 94722 | 155650 | 60928 | 64.32 |
| വായ്പ തിരിച്ചടക്കൽ | 2222613 | 1565600 | (–)657013 | (–)29.56 |
| മറ്റ്ചെലവുകൾ | – | 5550 | 5500 | – |
| | 5621456 | 8233550 | 2612094 | 46.46 |

90–91 ആഡിറ്റ്ചെയ്തകണക്ക്
95–96 പുതുക്കിയബഡ്ജറ്റ്തുക.

പട്ടിക 3

ആകെ വരവു ചിലവു കണക്കുകൾ സംബന്ധിച്ചുള്ള വിവരം

| വർഷം | വരവ് | ചിലവ് |
|---|---|---|
| 1992–93 | 1,23,96,331 | 1,21,54,610 |
| 1993–94 | 1,54,66,323 | 1,32,64,717 |
| 1994–95 | 1,53,03,628 | 1,49,74,401 |

## പട്ടിക 4

| | ഇനവിവരം | തുക |
|---|---|---|
| 1 | ഭരണം നടത്തിപ്പ്-അക്കൗണ്ട്സ് | 10,42,100 |
| 2 | റെവന്യു വിഭാഗം | 12,45,896 |
| 3 | ഇഞ്ചിനീയറിംഗ് വിഭാഗം | 5,51,259 |
| 4 | വിദ്യാഭാസം | 4,19,248 |
| 5 | സാനിറ്റേഷൻ | 5,35,662 |
| 6 | ജനന മരണ രജിസ്ട്രേഷൻ | 1,52,820 |
| 7 | ഠൗൺ പ്ലാനിംഗ് | 1,87,228 |
| 8 | കണ്ടിജന്റ് എസ്റ്റാബ്ലിഷ്മെന്റ് | 11,50,000 |
| | ആകെ | 68,84,213 |

# ആശംസകൾ

P. N. S. പുനലൂർ Ph 222677

---

ഗായത്രി പുനലൂർ Ph 222377

---

സെലക്ഷൻസ് പുനലൂർ

---

***PARK***
***FAMILY RESTAURANT***
***PUNALUR*** Ph. 224277

---

**ZOOM**
**ICE CREAM PARLOUR,**
**PUNALUR**

---

**FASHION POINT**
**PUNALUR** **PH. 225677**

---

VENUS

ICE CREAM PARLOUR,
PUNALUR

EXCLUSIVE DEALERS OF

Ray-Ban®



Kirstie's OPTIC CENTRE &
CONTACT LENS CLINIC

Phone : 0475 223066

KUZHIVELIL BUILDINGS, KUTCHERY ROAD, PUNALUR - PIN - 691 305
C.S.T - NO 12187220 K.G.S.T - NO 12182220 PHONE - 04752 - 3066

*Best Compliments*

**Er. P. T. MOHAN BABU**

**B. Sc. Engg. (CIVIL) MIE, CE, FIV**

Consulting Engineer & Registered Valuer

*VISIT*



**Hotel**

# VRINDHAVANAM INN

**K. S. R. T. C. JN.**

**PUNALUR - 691305**

Phone: 222961, 222962, 222963

FAX : 224732

GRAM : "HOTELVIN"

KALAVARA - The Special Restaurant

PANDHAL - The Family Restaurant

DWARAKA - The Exotic Liquor Chamber.

പുതുമ നിലനിർത്തുന്ന
ഇന്നലെയുടേതല്ലാത്ത,
നാളെയുടേതല്ലാത്ത,
ഇന്നിൻെറ വേഷങ്ങൾ
കല്യാണ സാരികൾ

## നിങ്ങളുടെ
## സ്വന്തം പത്മാസിൽ

## പുനലൂർ **പത്മാസിൽ**




മാസ്റ്റർ
ജ്വല്ലേഴ്സ്

പുനലൂർ ഫോൺ 222453

TALENT

വിവാഹ വസ്ത്രാലയം



# ബീമാസ്

## പുനലൂർ

Phone - 222897, 222594
Resi - 223314

416

കണ്ണടകൾക്ക്

ഒപ്റ്റിക്സ്

ശങ്കേഴ്സ് കണ്ണാശുപത്രിയ്ക്ക് എതിർവശം

പുനലൂർ ഫോൺ - 223299

സഹോദരസ്ഥാപനങ്ങൾ

കൃഷ്ണാ മെഡിക്കൽസ്, പ്രവണ്യാ ബേക്കേഴ്സ്, ശാന്തി കംപ്യൂട്ടേഴ്സ്, കൃഷ്ണാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ്, പുനലൂർ

# വിജയാസ്
# ഹോം അപ്ലയൻസസ്

പോസ്റ്റാഫീസ് ജംഗ്ഷൻ പുനലൂർ ഫോൺ : 223444

| | |
|---|---|
| ഗോദ്റേജ് | റെഫ്രിജറേറ്റർ, വാഷിംഗ് മെഷീൻ,അലമാരാ, കുക്കിംഗ് റേഞ്ച് എയർ കണ്ടീഷൻ, ഫർണിച്ചറുകൾ |
| ഫിലിപ്സ്: | ടെലിവിഷൻ ടേപ്പ് റിക്കാർഡുകൾ |
| സാംസങ്ങ് | ടെലിവിഷൻ |
| പാനാസോണിക്: | ടെലിവിഷൻ, ടേപ്പ് റിക്കാർഡുകൾ |
| ഒനിഡാ | ടെലിവിഷൻ |

കൂടാതെ മികച്ച കമ്പനികളുടെ മിക്സി, പ്രഷർ കുക്കർ, ഫാൻ, അയൺ ബോക്സ്, പ്രസന്റേഷൻ സെറ്റുകൾ തുടങ്ങിടവ

ആശംസകളോടെ!

## വിജയാസ്

പുലമൺ കൊട്ടാരക്കര ഫോൺ 453219,453926

418

CONSULTANCY

SALES--PCL COMPUTERS, FAX,PRINTERS

SOFTWARE DEVELOPMENT

EDUCATION & TRAINING

**THE ONE COMPANY MEETING ALL YOUR I.T NEEDS**

Reach us

**DATEL**

**BUSINESS SOLUTIONS**

NEAR KRISHNAN KOVIL, THOLICODU.P.O, PUNALUR
Phone:(0475) 223477 Fax: 0475-223477

*With the Best Compliments from*

**TALENT**

ADVERTISERS

PUNALUR



ഗവ: ആശുപത്രി

റെയിൽവേസ്റ്റേഷൻ





**കെ. രാജൻ**

നിലവിലുള്ള നഗരസഭാ
കൗൺസിൽ അംഗമായിരിക്കെ
അകാല ചരമമടഞ്ഞ
ശ്രീ. കെ. രാജന്റെ പാവന
സ്മരണക്കു മുന്നിൽ
പ്രണാമം അർപ്പിക്കുന്നു

—ജനകീയാസൂത്രണ സമിതി

നേത്രദാനം മഹാദാനം

നേത്ര സംരക്ഷണം മഹത്തരം

# ബിന്ദു ഒപ്റ്റിക്കൽസ്

## പുനലൂർ

ഈശ്വരന്റെ
വരദാനമാണ് കാഴ്ച ശക്തി.

# പുനലൂർ നഗരസഭ




1. ആരംപുന്ന
2. കാഞ്ഞിരമല
3. ചെമ്മന്തൂർ
4. ചാലക്കോട്
5. പേപ്പർമിൽ
6. മൂസ്സാവരികുന്ന്
7. ശാസ്താംകോണം
8. റയിൽവേസ്റ്റേഷൻ
9. ഭരണിക്കാവ്
10. മാർക്കറ്റ്
11. കോളേജ്
12. കോമളംകുന്ന്
13. കച്ചേരി
15. പരവട്ടം
16. മണിയാർ
14. തൊളിക്കോട്
19. ഐക്കരക്കോണം
20. വാളക്കോട്
21. ഗ്രെയ്സിംഗ് ബ്ലോക്ക്
22. പ്ലാച്ചേരി
23. കാരയ്ക്കാട്
24. കലയനാട്
25. തുമ്പോട്
26. ഹൈസ്കൂൾ
27. നെല്ലിപ്പള്ളി
28. വിളക്കുവെട്ടം

റെയിൽവേ ലൈൻ

കൊല്ലം – ചെങ്കോട്ട റോഡ്

# പരവൂർ നഗരസഭ

## ജനകീയ ആസൂത്രണം




# സമഗ്രവികസന രേഖ



## GANDHIJI'S TALISMAN

'I will give you a talisman. Whenever you are in doubt or when the self becomes too much with you, apply the following test :

Recall the face of the poorest and the weakest man whom you may have seen and ask yourself if the step you contemplate is going to be of any use to him. Will he gain anything by it ? Will it restore him to a control over his own life and destiny ? In other words, will it lead to Swaraj for the hungry and spiritually starving millions ?

Then you will find your doubts and your self melting away."

M.K. Gandhi

425

# ഒമ്പതാം പദ്ധതി ജനകീയപദ്ധതി

# പരവൂർ നഗരസഭ

# നഗരസഭ വികസനസെമിനാർ സമഗ്രവികസനരേഖ

## PARAVOOR MUNICIPALITY Ward - MAP




| | |
|---|---|
| Land Boundary | |
| Kayal Boundary | |
| Ward Boundary | |
| Railway Line | |
| Roads | |
| Ward Number | |
| Population | |
| Aera | |
| Total Ward | |
| | |
| SCALE :- 1 : 16000 | |

426

# റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പംഗങ്ങൾ

| | |
|---|---|
| **ഒമ്പതാംപദ്ധതി ജനകീയ പദ്ധതി** | ആർ.പ്രസന്നകുമാർ<br>അഡ്വ. P.S. ജയപ്രകാശ്<br>അനിൽകുമാർ.എസ്<br>ബാലകൃഷ്ണൻ<br>ജയസുന്ദരം<br>ബിന്ദു M.B.<br>തൽഹത്ത് A.<br>C.മോഹൻദാസ്<br>V.രാജു<br>സുചേതാപ്രസാദ്<br>J.ഷെരീഫ്<br>പുരുഷോത്തമൻ<br>പ്രഭാകരൻ<br>K.R.ബാബു<br>S.K.തങ്ങൾ<br>ശ്രീജിത്ത്<br>Dr.സേതുനാഥ്<br>N.മോഹൻദാസ്<br>മേടയിൽ സജീവ്<br>സുരേന്ദ്രൻ<br>ഗുരുദാസ്<br>V.പ്രകാശ് |

കെ.ആർ.പിമാർ.

R. പ്രസന്നകുമാർ, M.B. ബിന്ദു.

ഡി.ആർ.പി.മാർ

അഡ്വ. ശിവരാജപിള്ള, കെ. സേതുമാധവൻ, സജീബ്, ബാലകൃഷ്ണൻ, എൻ.മോഹൻദാസ്, അനിൽകുമാർ, പ്രതാപൻ, സി.മോഹൻദാസ്, റ്റി.ജി. രവീന്ദ്രൻപിള്ള, ചന്ദ്രശേഖരപിള്ള, സുകുമാരൻനായർ, മധു, സരസ്വതി, നൈസാം, ഗിരിജാദേവി, ചന്ദ്രിക.

## അധികാരം ജനങ്ങളിലേക്ക്...




## മുൻ പഞ്ചായത്തുപ്രസിഡന്റുമാർ

ശ്രീ. കുതിരപ്പന്തിയിൽ അച്യുതൻപിള്ള

ശ്രീ. ജനാർദ്ദനൻപിള്ള

ശ്രീ. കെ. എൻ. ഭാസ്ക്കരപിള്ള

ശ്രീ. വാസുപിള്ള

ശ്രീമതി പി. ലീല



**ശ്രീ. വി. കേശവനാശാൻ**

പ്രശസ്തനായ പണ്ഡിതൻ, നമ്മുടെ വിദ്യാപാരമ്പര്യത്തിലെ
പഴയരീതിയനുസരിച്ചുള്ള ആചാര്യൻ, ദൃഢവ്യുത്പന്നനായ
ജ്യോതിശാസ്ത്രജ്ഞൻ, ആയുർവ്വേദത്തിൽ പ്രയോഗ നൈപുണ്യംനേടിയ
മഹാവൈദ്യൻ, പ്രശസ്തനായ സമുദായാഭിമാനി, നിഷ്ക്കളങ്കനായ
മനുഷ്യസ്നേഹി : സുജനാനന്ദിനി പത്രാധിപർ വി. കേശവനാശാൻ



**മഹാകവി കെ.സി. കേശവപിള്ള**

ഇരയിമ്മൻതമ്പിക്കിപ്പുറം സംഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ അഭിജ്ഞനായി കേരളത്തിന് ലഭിച്ചിട്ടുള്ള ഏക മഹാകവി. മലയാളകവികളിൽ ബഹുമുഖപ്രതിഭാശാലി, കേരളത്തിന്റെ സാഹിത്യ-കലാസാംസ്കാരിക രംഗങ്ങളിലേക്ക് പറവൂരിന്റെ ഏറ്റവും മികച്ച സംഭാവന

# പരവൂർ നഗരസഭ ഭരണസമതിഅംഗങ്ങൾ


കെ. എൻ. ഭാനുമതി
ചെയർമാൻ


ജെ. ഷെരീഫ്
വൈസ് ചെയർമാൻ


മേടയിൽ സജീവ്
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ, ഹെൽത്ത്


എസ്. രമണൻ
ചെയർമാൻ, പബ്ളിക്ക്
വർക്സ് സ്റ്റാൻഡിംഗ്
കമ്മിറ്റി


കെ. സേതുമാധവൻ
പ്രതിപക്ഷനേതാവ്


സി. രാധാകൃഷ്ണപിള്ള


സി. രഘുനാഥൻപിള്ള


കെ. രാജേന്ദ്രൻ


യൂജിൻ ബാലചന്ദ്രൻ


എൻ. രഘു


പൊന്നമ്മബാബു


ജെ. സുരേഷ്


അഡ്വ: പി.എസ്. ജയപ്രകാശ്


എം.ബി. ബിന്ദു


പി. ബാലകൃഷ്ണൻ


മിനി ബാലചന്ദ്രൻ


ഒ. ഷൈലജ


എ. തൽഹത്ത്


എം. മുബീനാബീവി


നൈസാം


സെയ്നുലാബ്ദീൻ


എ. ഖദീജാബീവി


ഇസ്മയിൽ


വി. പ്രകാശ്


കെ.സി. ജോസഫ്
മുനിസിപ്പൽ സെക്രട്ടറി

# വന്ദേമാതരം

(ഖമാജ് – ആദി)

ശുഭമായ വന്ദേമാതരം
ഹൃദികരുതുക നിരുപമ
ശുഭമായ വന്ദേമാതരം
സുഭഗതയാർന്നൊരു ഭരതമഹിയുടെ
പുത്രരായനാം ഒരുമകലർന്നിഹ (ശുഭ)

ഇമ്മഹിയായിടുമമ്മയിൽ നാമതി
നിർമ്മലത്വമിയലും ബഹുമതിയൊടു (ശുഭ)

നിസ്തുലമായിടുമിവളുടെ മഹിമയെ
വിസ്തരിച്ചുപറവാൻ പണി: നാമതി (ശുഭ)

കണ്ണിനുസുധയാം ഹിമഗിരിയാലിവൾ
വിണ്ണിനുള്ള മൈത്രിയെയരുളുന്നിതു. (ശുഭ)

പാവന ഗംഗാനദിയുടെ മഹിമകൾ
ഭാവമാവിഷയമോ ? ബത നാം അതി (ശുഭ)

ഇവളുടെകീർത്തിയെ ഇഹനിലനിർത്തുക-
യൊന്നുതന്നെ കർത്തവ്യം നമ്മുടെ (ശുഭ)

**മഹാകവി കെ.സി. കേശവപിള്ള**

## ഉള്ളടക്കം


1. ആമുഖം ........ 13
2. പരവൂർ നഗരസഭ : പൊതുവിവരണം ........ 15
3. ചരിത്ര സാംസ്ക്കാരിക പശ്ചാത്തലം ........ 18
4. ഭൂപ്രകൃതി ........ 32
5. വികസന മേഖലകൾ
   - 5.1. കൃഷി, ജലസേചനം ........ 36
   - 5.2. മൃഗസംരക്ഷണം, മൽസ്യബന്ധനം ........ 44
   - 5.3 വ്യവസായം ........ 54
   - 5.4 വിദ്യാഭ്യാസം ........ 64
   - 5.5 കുടിവെള്ളം, പൊതുജനാരോഗ്യം ........ 73
   - 5.6 ഗതാഗതം, ഊർജം,മാർക്കറ്റ്. ........ 83
   - 5.7 പാർപ്പിടം, സാമൂഹ്യക്ഷേമം ........ 96
   - 5.8 സംസ്കാരം ........ 108
   - 5.9 വനിത ........ 111
   - 5.10 സഹകരണം ........ 117
   - 5.11 പട്ടികജാതി , പട്ടിക വർഗ്ഗക്ഷേമം ........ 128
   - 5.12 വിഭവസമാഹരണം ........ 133
   - ടൂറിസം ........ 138
6. ഉപസംഹാരം ........ 139

# അധികാരം ജനങ്ങളിലേക്ക്

# ഒമ്പതാം പദ്ധതി ജനകീയപദ്ധതി

## നന്ദി.......

ജനകീയാസൂത്രണം
ലോകത്ത് ആദ്യം
ഇങ്ങ് കേരളത്തിൽ
ഈ ചരിത്രമുഹൂർത്തത്തിന്
നിരവധി ഘട്ടങ്ങൾ
ഓരോഘട്ടത്തിലും
ആത്മാർത്ഥമായി
സഹകരിച്ച ഈനാട്ടിലെ
ജനങ്ങൾക്ക് പരവൂർ
നഗരസഭാകൗൺസിൽ
നന്ദി പ്രകാശിപ്പിക്കുന്നു.
വാർഡുസഭകളിൽ സജീവമായി
ചർച്ചകളിൽ പങ്കെടുത്ത ജനങ്ങൾ,
മുഖ്യപരിശീലകർ, കോർ ഗ്രൂപ്പ്
അംഗങ്ങൾ, ഉദ്യോഗസ്ഥാനുദ്യോഗസ്ഥർ,
പൊതുപ്രവർത്തകർ
തുടങ്ങി എല്ലാവർക്കും
ഒരിക്കൽക്കൂടി ഹൃദയംഗമമായ
നന്ദി രേഖപ്പെടുത്തിക്കൊണ്ട്
ഈ റിപ്പോർട്ട് ജനങ്ങളുടെ
മുന്നിൽ സമർപ്പിക്കുന്നു.
ഇത് ഈ നാട്ടിലെ ജനങ്ങളുടേതാണ്.
തുടർന്നും സഹകരണം
പ്രതീക്ഷിച്ചുകൊണ്ട്

മുനിസിപ്പൽ കൗൺസിലിനുവേണ്ടി,

ചെയർമാൻ

# 1. ആമുഖം

നമ്മുടെ സംസ്ഥാനം ഇന്നു രൂക്ഷമായ സാമ്പത്തികപ്രതിസന്ധിയിലാണ്. സാമ്പത്തികവളർച്ചയുടെ കാര്യത്തിൽ അഖിലേന്ത്യാ ശരാശരിയേക്കാൾ വളർച്ചയിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. സാമൂഹിക-രാഷ്ട്രീയ- ക്ഷേമരംഗങ്ങളിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ മികച്ചതാണെന്നുള്ള വസ്തുത നമുക്കേവർക്കും അറിയാവുന്നതാണ്. സർക്കാർ സംവിധാനം ഉപയോഗിച്ച് പൊതുവിദ്യാഭ്യാസം, പൊതുആരോഗ്യം, പൊതുവിതരണം എന്നിവ സാർവ്വത്രിമാക്കാനും ഭൂപരിഷ്കരണം വഴി സമ്പത്തിന്റെ വിതരണം കൂടുതൽ നീതി പൂർവ്വമാക്കാനും നമ്മുടെ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥതകൾ മെച്ചപ്പെടുത്തുന്നതിന് സഹായിച്ചിട്ടുണ്ട്. ഇങ്ങനെ നോക്കുമ്പോൾ താരതമ്യേന താഴ്ന്ന സാമ്പത്തികനിലവാരത്തിലും ഉയർന്ന ജീവിത ഗുന്നമേന്മ ജനങ്ങൾക്ക് ഉറപ്പ് വരുത്തുവാൻ കഴിഞ്ഞു എന്നുള്ളത് നമ്മുടെ നേട്ടമായി ചൂണ്ടി കാണിക്കാവുന്നതാണ്.

ഇന്നു നമ്മുടെ സംസ്ഥാനത്ത് കൃഷി, വ്യവസായം എന്നീ മേഖലകളിലെ വളർച്ച മുരടിച്ച നിലയിലാണ്. പരസ്പരബന്ധമില്ലാത്ത പരിപാടികൾ ആസൂത്രണം ചെയ്യുന്നതിലൂടെ ഈ മേഖലയിലെ പ്രതിസന്ധി മൂർച്ഛിച്ചുകൊണ്ടിരിക്കുന്നു. അതേ സമയം സാമൂഹ്യക്ഷേമപ്രവർത്തന ചെലവുകൾ മറ്റേതു സംസ്ഥാനത്തേക്കാളും കൂടിക്കൊണ്ടിരിക്കുന്നു. ഗൾഫ് മലയാളികളുടെ വരുമാനം, നമ്മുടെ സാമ്പത്തികരംഗത്തെ അപകടകരമായ സ്ഥിതിവിശേഷത്തെ കൂടുതൽ പ്രകടമാക്കുന്നില്ല. എന്നാൽ ഗൾഫ് വരുമാനത്തിന്റെ ഗുണഫലങ്ങൾ സംസ്ഥാനത്തെ ഉല്പാദനമേഖലയ്ക്ക് പ്രയോജനപ്പെയുത്താൻ കഴിയുന്നില്ല എന്ന കാര്യവും ഓർക്കണം ഉപഭോഗസംസ്കാരത്തിന്റെ മാസ്മരവലയത്തിൽ കുടുങ്ങിപ്പോകുന്ന തലുറയ്ക്ക് സ്വാശ്രയബോധം നഷ്ടപ്പെടുന്നു. മാനുഷ്യവിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്തത്കൊണ്ട് തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ദേശീയതലത്തിലെ പുതിയ സാമ്പത്തിക പരിഷ്കാരങ്ങൾ കേരളം പോലുള്ള പിന്നോക്ക സംസ്ഥാനങ്ങളുടെ സ്ഥിതി കൂടുതൽ സങ്കീർണ്ണമാക്കിക്കൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തിലെ ഈ വികസന വെല്ലുവിളികളെ പരിമതികൾക്കുള്ളിൽ നിന്നുകൊണ്ടു നേരിടുവാൻ 73-74 ഭരണഘടനാ ഭേദഗതി വഴി പ്രദേശിക ഭരണകൂടങ്ങൾക്ക് ലഭിച്ച അധികാര വികേന്ദ്രീകരണത്തെ എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയും? ഇവിടെയാണ് നമ്മുടെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തതും ലോകചരിത്രത്തിൽ സ്വർണ്ണലിപികളിൽ എഴുതി ചേർക്കപ്പെടാൻ പോകുന്നതുമായ ജനകീയാസൂത്രണം കടന്നു വരുന്നത്.

ജനങ്ങളുടെ ഇച്ഛാശക്തിയെ തട്ടിയുണർത്തി അവരുടെ കർമ്മശക്തിയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് പ്രദേശികാസൂത്രണം, പദ്ധതി നടത്തിപ്പ്, അവയുടെ വിലയിരുത്തൽ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പുവരുത്തി സ്വാശ്രയബോധത്തിൽ അധിഷ്ഠിതമായ ഒരു പുതിയ വികസനസംസ്കാരം വളർത്തിയെടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. കൃഷി, ചെറുകിട വ്യവസായം, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളിലെ ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തുന്നതിനും, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവന മേഖലകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ശക്തമായ ജനകീയ ഇടപെടലുകൾ ഇതിലൂടെ സാധ്യമായിത്തീരുന്നു. ഇങ്ങനെ പ്രാദേശികാടിസ്ഥാനത്തിൽ ജനകീയആസൂത്രണം നടക്കുന്നതിനോടൊപ്പംതന്നെ വൈദ്യുതി തുടങ്ങിയ പശ്ചാത്തലമേഖലകളിലെ

പ്രതിസന്ധി പരിഹരിച്ച് വ്യവസായവത്കരണത്തിന് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ നടത്തേണ്ടിയിരിക്കുന്നു. ഇന്നത്തെ സാമ്പത്തികപ്രതിസന്ധിക്ക് പരിഹാരം കാണാൻ അധികാരം ജനങ്ങളിലേക്ക് എത്തിക്കുക എന്ന പ്രക്രിയ കാലവിളമ്പം കൂടാതെ നടപ്പിലാക്കാനുള്ള ഭാഗമായിട്ടാണ് 9-ാം പദ്ധതിയെ ജനകീയപദ്ധതിയാക്കി മാറ്റിയിരിക്കുന്നത്. പ്രാദേശിക സ്വയംഭരണസമിതികൾ എന്നനിലയിൽ പഞ്ചായത്ത് /മുനിസിപ്പൽ സമതികളെ ശക്തിപ്പെടുത്താൻ ഇതുവഴി സാധ്യത തെളിയുന്നു.

9-ാം പഞ്ചവത്സരപദ്ധതി രൂപവൽക്കരിക്കുന്നതിനുള്ള ജനകീയപ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ബഹു: കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ നായനാർ 1996 ആഗസ്റ്റ് 17 ( ചിങ്ങം ഒന്ന്) ന് നിർവ്വഹിച്ചു.

ഒന്നാം ഘട്ടത്തിൽ പരവൂർ നഗരസഭയുടെ വാർഡുസഭകൾ വിളിച്ചുചേർക്കുന്ന പരിപാടിയുടെ ഉത്ഘാടനം സെപ്തംബർ 21 ന് പരവൂർ നഗരസഭയുടെ ആദ്യത്തെ ചെയർമാൻ ശ്രീമതി. കെ.എൻ. ഭാനുമതി നടത്തി. ഇതിന് മുന്നോടിയായി നടന്ന സംസ്ഥാനതല റിസോഴ്സ് പേഴ്സൺമാരുടെ പരിശീലനത്തിൽ പരവൂർ നഗരസഭയിൽനിന്ന് രണ്ടു പേർ പങ്കെടുത്തിരുന്നു. ജില്ലാതല പരിശീലനത്തിൽ പരവൂരിൽനിന്നും പങ്കെടുത്ത 16 പേർ മുനിസിപ്പൽതലത്തിൽ 80 ഓളം കോർ ഗ്രൂപ്പ് അംഗങ്ങൾക്ക് സെപ്തംബർ 11 ന് ഒരു ഏകദിന ശില്പശാല നടത്തി. സെപ്തംബർ 21 ന് 4 വാർഡുകളിലും 22ന് 6 വാർഡുകളിലും 29 ന് 5 വാർഡുകളിലും ഒക്ടോ ബർ 2 ന് 5 വാർഡുകളിലും ഒക്ടോബർ 6 ന് ശേഷിച്ചവാർഡുകളിലും സ്പെഷ്യൽ കൺവൻഷനുകൾ നടന്നു. ഈ കൺവൻഷനുകളിൽ ജില്ലാ റിസോഴ്സ് പേഴ്സൺസ് ''ജനകീയാസൂത്രണം എന്ത്? എന്തിന്?", "വികസനത്തിന്റെ വെല്ലുവിളികൾ" എന്നീ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുക്കുകയും കോർഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ പ്രധാന വികസന മേഖലകളിൽ ഗ്രൂപ്പ്ചർച്ചകൾ നടത്തുകയും ചെയ്തു. വിവിധ മേഖലകളിൽ വാർഡു അടിസ്ഥാനത്തിലുള്ള പൊതുസ്ഥിതി, വികസന പ്രശ്നങ്ങൾ പരിഹാരങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ചകൾ വാർഡുതലത്തിൽ നടക്കുകയുണ്ടായി. സ്ത്രീകളും പുരുഷൻമാരും അടക്കം വലിയ ജനവിഭാഗം ചർച്ചകളിൽ പങ്കെടുത്ത് കഴിഞ്ഞു 32 വർഷമായി ജനകീയഭരണകൂടമില്ലാതിരുന്ന പരവൂരിന്റെ വികസനപ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ജനങ്ങൾ ആവേശപൂർവ്വം വാർഡുസഭകളിലെത്തിയിരുന്നു.

പരവൂർ നഗരസഭയിലെ ജില്ലാ റിസോഴ്സ് പേഴ്സൺമാർക്കും കോർഗ്രൂപ്പ് അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും നൽകിയ പരിശീലനപരിപാടിയോടെയാണ് ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടത്തിന് പരവൂരിൽ തുടക്കംകുറിച്ചത്. നവംബർ 16,17, 18 തീയതികളിൽ പരവൂർ മുനിസിപ്പൽ ഹാളിൽ നടന്ന പരശീലനപരിപാടിയിൽ 62 ഓളം ആളുകൾ പങ്കെടുത്തു. നവംബർ 23ന് ഉദ്യോഗസ്ഥരുടെ യോഗവും 25ന് കാരണവസഭയും മുനിസിപ്പൽ ഹാളിൽവച്ചു ചേരുകയുണ്ടായി. തുടർന്ന് വാർഡുതല ജനകീയ റിപ്പോർട്ടുകളുടെ ക്രോഡീകരണം, ദ്വിതീയവിവരശേഖരണം, ഭൂപ്രകൃതി പഠനപര്യടനം എന്നിവ നടത്തുകയും കീ-റിസോഴ്സ് പേഴ്സൺസ്, കോർ ഗ്രൂപ്പ് അംഗങ്ങൾ, ഉദ്യോഗസ്ഥർ, വാർഡുമെമ്പർമാർ തുടങ്ങിയവരുടെ സഹായത്തോടെ വികസനറിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. ഡിസംബർ 11ന് ചേർന്ന കൗൺസിൽ ഈ റിപ്പോർട്ട് അംഗീകരിക്കുകയും പ്രസിദ്ധീകരണത്തിന് അനുവാദം നൽകുകയും ചെയ്തു.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം വികസനസെമിനാറാണ്. ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്ന വികസനപ്രശ്നങ്ങളെക്കുറിച്ചും പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും കുറേക്കൂടി ആഴത്തിലുള്ള ചർച്ചയ്ക്ക് അവസരം നൽകുക എന്നതാണ് ഈ വികസനസെമിനാറിന്റെ ഉദ്ദേശ്യം. വിഷയാടിസ്ഥാനത്തിലുള്ള 12 ഗ്രൂപ്പുകളിലാണ് വികസന സെമിനാറിലെ ചർച്ചകൾ നടക്കുന്നത്. ഇതിനെത്തുടർന്ന് ഓരോ ഗ്രൂപ്പും മുൻഗണന നിശ്ചയിക്കുന്ന പരിപാടികൾ സ്കീമുകളാക്കി മാറ്റുന്നതിനുള്ള കർമ്മസമതികളെ ഈ വികസനസെമിനാറിൽ നിശ്ചയിക്കുന്നു. ഈ കർമ്മസമിതികൾ പിന്നീട് വികസനപ്രശ്നങ്ങൾ വിശദമായി അവലോകനം നടത്തി അവയെ ചിട്ടപ്പെടുത്തി സ്കീമുകളാക്കി മാറ്റുന്നതോടെ രണ്ടാംഘട്ടംഅവസാനിക്കുന്നു.

ഈ റിപ്പോർട്ടിലെ 5-ാം അദ്ധ്യായത്തിലെ 13 വികസനമേഖലകളിലെ പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്.

OOOO

# 2. പരവൂർ നഗരസഭ – പൊതുവിവരണം

| | |
|---|---|
| പേര് | : പരവൂർ നഗരസഭ |
| വില്ലേജ് | : പരവൂർ, കോട്ടപ്പുറം |
| താലൂക്ക് | : കൊല്ലം |
| ജില്ല | : കൊല്ലം |
| വിദ്യാഭ്യാസജില്ല | : കൊല്ലം |
| ഉപജില്ല | : ചാത്തന്നൂർ |
| പാർലമെന്റ് നിയോജകമണ്ഡലം | : കൊല്ലം |
| അസംബ്ലിമണ്ഡലം | : ചാത്തന്നൂർ |
| വിസ്തീർണം | : 16.19 ച.കിലോമീറ്റർ |
| അതിരുകൾ | : വടക്ക് മയ്യനാട് പഞ്ചായത്ത് |
| | വടക്ക്– കിഴക്ക് ചാത്തന്നൂർ പഞ്ചായത്ത് |
| | തെക്ക് ഇടവാ പഞ്ചായത്ത് |
| | : കിഴക്ക് പൂതക്കുളം പഞ്ചായത്ത് |
| | : പടിഞ്ഞാറ് അറബിക്കടൽ |
| ജനസംഖ്യ | : 37185 (1991) പ്രതീക്ഷിതം 39960 (1996) |
| വാർഡുകൾ | : 1. ജനറൽ 13 |
| | 2. സംവരണം |
| | a) വനിത 8 |
| | b) പട്ടികജാതി –3 |
| ആകെ | : 24 |
| ചെയർമാൻ | : കെ. എൻ ഭാനുമതി |
| വൈസ് ചെയർമാൻ | : ജെ. ഷെരീഫ് |
| പ്രതിപക്ഷ നേതാവ് | : കെ. സേതുമാധവൻ |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ | |
| 1. ഫിനാൻസ് | |
| ചെയർമാൻ | : വൈസ് ചെയർമാൻ |
| അംഗങ്ങൾ | : എം.ബി. ബിന്ദു |
| | അഡ്വ: പി.എസ്. ജയപ്രകാശ് |
| | വി.പ്രകാശ് |
| | എൻ. രഘു |
| 2. പൊതുമരാമത്ത് | |
| ചെയർമാൻ | : എസ്. രമണൻ |
| അംഗങ്ങൾ | : കെ. സേതുമാധവൻ |
| | മിനി ബാലചന്ദ്രൻ |
| | എ. ഇസ്മായിൽ, മുബീനാബീവി |
| 3. ഹെൽത്ത് | |
| ചെയർമാൻ | : മേടയിൽ സജീവ് |
| അംഗങ്ങൾ | : പി. ബാലകൃഷ്ണൻ |
| | കെ. രാജേന്ദ്രൻ |
| | പി. എം. സൈനുലാബ്ദീൻ |
| | എ. ഖദീജബീവി |

മറ്റു കൗൺസിലേഴ്സ് സി. രാധാകൃഷ്ണപിള്ള, സി. രഘുനാഥൻപിള്ള, യൂജിൻ ബാലചന്ദ്രൻ, പൊന്നമ്മ ബാബു, ജെ.സുരേഷ്, എസ്. ഷൈലജ, എ. തൽഹത്ത്, നൈസാം.

# കൗൺസിലേഴ്സ് പ്രതിനിധാനം ചെയ്യുന്ന വാർഡുകൾ

| വാർഡു നമ്പർ | പേര് |
|---|---|
| 1. | മേടയിൽ സജീവ് |
| 2. | സി. രാധാകൃഷ്ണൻ |
| 3. | കെ. സേതുമാധവൻ |
| 4. | സി. രഘുനാഥൻപള്ള |
| 5. | കെ. രാജേന്ദ്രൻ |
| 6. | യൂജിൻ ബാലചന്ദ്രൻ |
| 7. | എൻ. രഘു |
| 8. | ആർ. പൊന്നമ്മബാബു |
| 9. | ജെ. സരേഷ് |
| 10. | അഡ്വക്കേറ്റ് പി. എസ്. ജയപ്രകാശ് |
| 11. | എം,ബി. ബിന്ദു |
| 12. | പി. ബാലകൃഷ്ണൻ |
| 13. | മിനി ബാലചന്ദ്രൻ |
| 14. | എസ്സ്. രമണൻ |
| 15. | ഒ. ഷൈലജ |
| 16. | എ. തൽഹത്ത് |
| 17. | ജെ. ഷെരീഫ് |
| 18. | എ. മുബീനാബീവി |
| 19. | എ.നൈസാം |
| 20. | പി. എം സൈനുലാബ്ദീൻ |
| 21. | എ. ഖദീജബീവി |
| 22. | എ. ഇസ്മായിൽ |
| 23. | കെ. എൻ. ഭാനുമതി |
| 24. | വി. പ്രകാശ് |

## ഭരണചരിത്രം

ശ്രീമൂലം പ്രജാസഭയുടെ 1925-ലെ വില്ലേജ് പഞ്ചായത്ത് ചട്ടം **VII** പ്രകാരം 1932-ൽ തിരുവിതാംകൂറിൽ സ്ഥാപിതമായ 6 പഞ്ചായത്തുകളിൽ ഒന്ന് പരവൂരായിരുന്നു. അന്ന് പരവൂർ പഞ്ചായത്ത് പ്രദേശത്ത് പൊഴിക്കര, കോങ്ങാൽ, കോട്ടപ്പുറം, കുറുമണ്ടൽ, കൂനയിൽ, കലയ്ക്കോട്, പൂതക്കുളം എന്നീ 9 ചേരികൾ ഉണ്ടായിരുന്നു. 1935-ൽ 5 പണം കരം അടച്ചവർക്ക് മാത്രം വോട്ടവകാശം ഉണ്ടായിരുന്ന കാലത്ത് തെരഞ്ഞെടുക്കപ്പെട്ട കുതിരപ്പന്തിയിൽ അച്യുതൻപിള്ളയായിരുന്നു, പരവൂർ പഞ്ചായത്തിലെ ആദ്യത്തെ ചെയർമാൻ. ഭരണ സൗകര്യത്തിനുവേണ്ടി 1953-ൽ പരവൂർ പഞ്ചായത്ത് പ്രദേശത്തെ വിഭജിച്ച് പരവൂർ പഞ്ചായത്ത്, പൂതക്കുളം പഞ്ചായത്ത് എന്നിങ്ങനെയാക്കി മാറ്റി. അന്ന് പരവൂർ പഞ്ചായത്തിൽ പൊഴിക്കര, കോങ്ങാൽ, തെക്കുംഭാഗം, കോട്ടപ്പുറം, കുറുമണ്ടൽ എന്നീ ചേരികൾ ഉൾപ്പെട്ടിരുന്നു. 1953-ൽ പരവൂർ പഞ്ചായത്ത് ആയതിനുശേഷം ആദ്യത്തെ പ്രസിഡന്റ് കോട്ടപ്പുറം ഹൈസ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. ജനാർദ്ദനൻപിള്ളയായിരുന്നു. അക്കാലത്ത് അതിർത്തിയിൽ വീണ്ടും മാറ്റം വരുത്തുകയും കൂനയിൽ ചേരികൂടി പരവൂരിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ശ്രീ. ജനാർദ്ദനൻപിള്ളയ്ക്കുശേഷം കെ.എൻ. ഭാസ്കരൻപിള്ള പഞ്ചായത്തു പ്രസിഡന്റായി. 1964 ൽ ശ്രീ. വാസുപിള്ള പഞ്ചായത്തു പ്രസിഡന്റായി സ്ഥാനമേറ്റു. പരവൂരിന് ഇന്ന് കാണുന്നതരത്തിലുള്ള വികസനത്തിന് അടിത്തറ പാകിയത് അദ്ദേഹമായിരുന്നു. പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടായതും പരവൂർ മാർക്കറ്റ് ഏറ്റെ

ടുത്തതും കുടിവെള്ള വിതരണ സംവിധാനം ആരംഭിച്ചതും കൂനയിൽ പഞ്ചായത്ത് വായനശാല തുടങ്ങിയതും റേഡിയോ പാർക്ക് നിർമ്മിച്ചതും അദ്ദേഹ ത്തിന്റെ കാലഘട്ടത്തിലായിരുന്നു. പറവൂർ ആയുർവ്വേദ ഗവൺമെന്റ് ആശുപത്രി തുടങ്ങുന്നതിനുവേണ്ടിയും അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലുണ്ടായിരുന്ന പറവൂർ നിവാസികളിൽ നിന്നും വിഭവസമാഹരണം നടത്തി ആശുപത്രിക്കെട്ടിടം നിർമ്മിക്കാൻ അദ്ദേഹം ശ്രമിച്ചു. ഇത് നമുക്ക് ഒരു മാതൃകാപ്രവർത്തനമായി സ്വീകരിക്കാം. ഭരണസമിതിയുടെ കാലാവധി കഴിഞ്ഞശേഷവും തെരഞ്ഞെടുപ്പില്ലാതെ ദീർഘനാൾ പ്രസിഡന്റായിരിക്കാൻ അദ്ദേഹത്തിന് അനുമതി ലഭിച്ചു. 1964 മുതൽ 1975 വരെ 11 വർഷക്കാലം അദ്ദേഹം പ്രസിഡന്റായിരുന്നു. നാടിന്റെ വികസനപ്രവർത്തനങ്ങളിൽ മുഴുകിയിരിക്കവെ 1975 നവംബർ 14 -ാം തീയതി 49 -ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. ശ്രീ. വാസുപിള്ളയുടെ മരണശേഷം പഞ്ചായത്ത് സമിതിയിലെ നോമിനേറ്റഡ് അംഗമായ ശ്രീമതി പി. ലീലയെ പഞ്ചായത്ത് പ്രസിഡന്റായി തെരഞ്ഞെടുത്തു. 1980-ൽ പഞ്ചായത്ത് സ്പെഷ്യൽ ഓഫീസർ ഭരണം നിലവിൽ വന്നു.

1964-ൽ തെരഞ്ഞെടുപ്പ് നടന്നശേഷം 1995 വരെ നീണ്ട 32 വർഷക്കാലം പ്രാദേശിക തെരഞ്ഞെടുപ്പ് നടന്നില്ല. ഇതിനിടയിൽ പറവൂർ പഞ്ചായത്ത് പറവൂർ മുനിസിപ്പാലിറ്റിയായി മാറ്റിക്കൊണ്ട് ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. 1988 മേയ് 1 ന് പറവൂർ മുനിസിപ്പാലിറ്റി ഔദ്യോഗികമായി നിലവിൽ വന്നു. 1995 സെപ്തംബറിൽ മുനിസിപ്പൽ തെരഞ്ഞെടുപ്പ് നടക്കുന്നതുവരെ മുനിസിപ്പാലിറ്റിയിൽ സ്പെഷ്യൽ ഓഫീസർ ഭരണം നിലനിന്നു. 1995-ൽ നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീമതി കെ.എൻ.ഭാനുമതി ചെയർമാനായുള്ള ആദ്യത്തെ ഭരണസമിതി 1995 ഒക്ടോബർ 4ന് സ്ഥാനമേറ്റു.

1957 ന് മുമ്പുവരെ തിരുവിതാംകൂറിലെ പ്രത്യേക മണ്ഡലമായി നിലനിന്ന പറവൂർ 57 മുതൽ ഇരവിപുരം മണ്ഡലത്തിന്റെ ഭാഗമായി. 1965-ൽ പറവൂർ ചാത്തന്നൂർ നിയമസഭയിൽ ഉൾപ്പെടുത്തപ്പെട്ടു.

പറവൂരിന്റെ വികസനകാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഇവിടുത്തെ വികസനപ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ടിരിക്കുന്ന രണ്ടു വ്യക്തികളെക്കുറിച്ച് പരാമർശിക്കേണ്ടിയിരിക്കുന്നു. 1969-ൽ നിലവിൽവന്ന കേരള ഗവർമെന്റിന്റെ വ്യവസായവും സ്പോർട്സും കൈകാര്യം ചെയ്തിരുന്ന വകുപ്പു മന്ത്രിയും ഇപ്പോൾ ചാത്തന്നൂർ നിയോജകമണ്ഡലം എം.എൽ.എ.യുമായ ശ്രീ. പി. രവീന്ദ്രൻ, 1982-ൽ നിലവിൽവന്ന കേരള ഗവൺമെന്റിൽ സാമൂഹ്യക്ഷേമവകുപ്പുമന്ത്രിയും 92-ൽ ധനകാര്യവകുപ്പുമന്ത്രിയുമായ ശ്രീ. സി.വി. പത്മരാജൻ എന്നിവർക്ക് ജന്മംകൊടുത്ത നാടാണ് പറവൂർ.

### പറവൂർ മുനിസിപ്പാലിറ്റിയിലുള്ള പ്രധാന ഗവൺമെന്റ് സ്ഥാപനങ്ങൾ.

കൃഷിഭവൻ, സബ്ട്രഷറി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അസിസ്റ്റന്റ് ലേബർ ഓഫീസ്, വെറ്ററിനറി പോളി ക്ലിനിക്, ഗവർമെന്റ് ആയുർവ്വേദ ആശുപത്രി, ഗവ: രാമറാവു ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്റർ, കെ.എസ്.ഇ.ബി. മേജർ സെക്ഷൻ, ടെലഫോൺ എക്സ്ചേഞ്ച്, റയിൽവേ സ്റ്റേഷൻ, പോലീസ് സർക്കിൾ ഓഫീസ്, സബ് രജിസ്റ്റർ ഓഫീസ്, രണ്ട് പോസ്റ്റ് ഓഫീസ്, ഗവ. ഹൈസ്കൂൾ, രണ്ട് വില്ലേജ് ഓഫീസുകൾ, ഗവ. ഹോമിയോ ക്ലിനിക്, കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ്, കോടതി, കെ.ഐ.പി. ഓഫീസ്.



# 3.ചരിത്ര– സാംസ്കാരിക പശ്ചാത്തലം

മനുഷ്യസമൂഹത്തിന്റെ വികാസപ്രക്രിയയെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് ചരിത്രം. സാമൂഹ്യസാംസ്കാരികവീക്ഷണകോണിലൂടെ പരവൂരിനെ നോക്കിക്കാണുകയും പരവൂർ നിവാസികളുടെ ബഹുമുഖമായ വളർച്ചയുടെ ചിത്രം നൽകുകയും ചെയ്യുകയാണിവിടെ. പിന്നിലേക്കുള്ള ഒരു കാൽവെയ്പ്പാണിതെങ്കിലും മുന്നിലേക്കു കുതിക്കാനുള്ള ഒരു തയ്യാറെടുപ്പിന് പശ്ചാത്തലമൊരുക്കുകയാണിവിടെ.

ചരിത്രം ഭൂമിശാസ്ത്രത്തിൽ നിന്നുണ്ടായതാണ്. അതുകൊണ്ടു ഭൂമിശാസ്ത്രം പഠിക്കാതെ ചരിത്രം പൂർണ്ണമാകില്ല. പരവൂരിന്റെ ഭൂപ്രകൃതിയെക്കുറിച്ചുള്ള പഠനം തുടർന്നുള്ള അധ്യായത്തിൽ വരുന്നുണ്ടെങ്കിലും ചില സൂചനകൾ ഇവിടെ കുറിക്കട്ടെ.

തിരുവനന്തപുരത്തിനും കൊല്ലത്തിനും ഇടയിൽ സമുദ്രതീരത്തു സ്ഥിതിചെയ്യുന്ന പ്രകൃതിരമണീയമായ പ്രദേശമാണ് പരവൂർ. കേരളത്തിന്റെ സാഹിത്യകലാകായിക സംസ്കാരത്തിന് മഹത്തായ സംഭാവനകൾ നൽകിയ പ്രദേശമാണ് പരവൂർ.

സമുദ്രതീരഗ്രാമം എന്നു അർത്ഥം വരുന്ന "പരവൈയ്യൂർ" ആണ് പരവൂരിന്റെ ആദ്യനാമമെന്ന് വായ്മൊഴികളും ചില വരമൊഴികളും സൂചിപ്പിക്കുന്നു. "പരവൈയ്യൂർ" പിൽക്കാലത്ത് പരവൈയ്യൂരും പിന്നീട് പരവൂരും ആയി മാറിയതായി കരുതപ്പെടുന്നു. പേരിന്റെ ഉറവിടം കണ്ടെത്താൻ സംഘകാലകൃതികളെ ബന്ധപ്പെടുത്തിയും ചിന്തിക്കേണ്ടിയിരിക്കുന്നു. സംഘകൃതികളിലൂടെ മാത്രം അറിയപ്പെടുന്ന ചില ആയ് വംശജരുണ്ട്. ആയ് രാജാക്കൻമാരുടെ രാജ്യത്തിൽ തിരുനൽവേലി ജില്ലയിലെ ചില ഭാഗങ്ങളും കുട്ടനാടിന് തെക്കുള്ള രാജ്യങ്ങളും ഉൾപ്പെട്ടിരുന്നു. നെൽകിണ്ടയ്ക്കും കന്യാകുമാരിക്കും ഇടയ്ക്ക് അയോ (40) എന്ന രാജ്യമുണ്ടായിരുന്നതായി ടോളമി AD 150 ൽ രേഖപ്പെടുത്തിയിട്ടുണ്ട് ഈ 'അയോ' ആയ് രാജ്യമാകാനേ സാധ്യതയുള്ളൂ.

ഒരു പക്ഷേ പരവൈ ആയൂർ (പരവൈ+ ആയ് + ഊർ) എന്ന വാക്കുലോപിച്ചാകാം പില്ക്കാലത്ത് പരവൂർ ആയി മാറിയത്. പരവൈആയൂർ എന്നാൽ ആയി രാജ്യത്തിന്റെ സമുദ്രതീരത്തുള്ള പ്രദേശം എന്ന അർത്ഥം വരുന്നുമുണ്ട്.

ആണ്ടിലൻ, അതിയൻ, നിതിയൻ, എന്നിവരെപ്പറ്റി പറയുമ്പോൾ സംഘസാഹിത്യം ഉപയോഗിച്ചിട്ടുള്ള പൊതു വിശേഷണം 'ആയ്‌വേൾ' എന്നാണ്. വേളിർ വംശത്തിന്റെ ശാഖയാണ് ആയ്‌വശം. പാലിയം ചെപ്പേടിന്റെ പുരസ്കർത്താവായ വരഗുണനുശേഷം ആയ്കളെപ്പറ്റി കേൾക്കാനില്ല. ഒരുപക്ഷേ ആയ്‌വേൾ വംശം 'ആയ്' എന്നും 'വേൾ' എന്നും പിരിഞ്ഞിരിക്കാൻ സാധ്യതയുണ്ട്. 'ആയ്' കൾ വിഴിഞ്ഞവും, 'വേൾ'കൾ കൊല്ലവും ആസ്ഥാനമാക്കി. കൊല്ലം ആസ്ഥാനമാക്കി രാജ്യം ഭരിച്ചിരുന്ന വേൾകളുടെ നാടാണ് വേണാട് (വേൾ+നാട്). ആയ് വേൾകങ്ങിൽ തുടങ്ങി തിരുവിതാംകൂറിലവസാനിക്കുന്ന നീണ്ടചരിത്രഗതിയിൽ ചരിത്രകാരനുലഭിക്കുന്ന തെളിവുകൾ തുലോം പരിമിതം. പരവൂർ പ്രദേശത്ത് ജനവാസത്തിന് അനുയോജ്യമായ പലപ്രത്യേകതകളും കാണാം. ഈ പ്രത്യേകതകൾ ചരിത്രപരമായി പല സംഭാവനകളും നൽകാൻ സഹായിച്ചിട്ടുണ്ടെന്ന് കൂടുതൽ പഠനങ്ങളിൽ നിന്നും തെളിയുന്നുണ്ട്.

പരവൂരിന്റെ പടിഞ്ഞാറ് ഭാഗത്ത് അറേബ്യൻ

സമുദ്രം. പരവൂർ കായലിൽ നിന്നും കടലിലേയ്ക്കുള്ള വെള്ളം ഒഴുകി പോകാനുള്ള പൊഴി. പൊഴിയുള്ളതിനാൽ ഈ പ്രദേശത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നില്ല. താണ സമതല പ്രദേശമായതിനാൽ കൊടുങ്കാറ്റിന്റെ ശല്യം ഈ പ്രദേശത്ത് കൂടുതൽ അനുഭവപ്പെടുന്നില്ല. ഫലഭൂയിഷ്ഠമായ മണ്ണ് ഫലവൃക്ഷങ്ങളും സസ്യങ്ങളും തഴച്ചുവളരുവാൻ സഹായിക്കുന്നു. നെൽകൃഷിയ്ക്ക് പറ്റിയ വയലുകളും കരകൃഷിയ്ക്കു പറ്റിയ വിളഭൂമിയും ഉണ്ടായിരുന്നു. ഏതുകാലത്തും ആവശ്യമുള്ള ജലം വിദൂരസ്ഥലങ്ങളിൽ നിന്നും സംഭരിച്ച് എത്തിച്ചു തരുന്ന ഇത്തിക്കരയാറിന്റെ പതനസ്ഥലം ഇവിടെയാണ്. കായലുകളും തോടുകളും പ്രദേശത്തെ വലയം വയ്ക്കുന്നു. കടലും കായലും തോടും മത്സ്യബന്ധനത്തിന് സൗകര്യമൊരുക്കിയിരുന്നു. തീരപ്രദേശങ്ങളിലൂടെ നടക്കുമ്പോൾ കരയിലേക്ക് ചാടുന്ന മത്സ്യങ്ങൾ പലപ്പോഴും പ്രതിബന്ധങ്ങൾ സൃഷ്ടിച്ചിരുന്നതായി പഴമക്കാർ പറയുന്നു. കായലുകളും തോടുകളും ജലഗതാഗതത്തിന് യോജിച്ചവിധത്തിലായിരുന്നു. കരമാർഗ്ഗവും ജലമാർഗ്ഗവും ഉള്ള ഗതാഗതസൗകര്യങ്ങൾ കാലാകാലങ്ങളിൽ വാണിജ്യബന്ധത്തി നായും സാംസാകാരികവിനിമയത്തിനായും ഉപയോഗിക്കപ്പെട്ടു. ഇതെല്ലാം പരവൂരിന് വ്യാപകമായ പ്രശസ്തി പണ്ടുപണ്ടേതന്നെ നേടികൊടുത്തിരുന്നു.

## ചരിത്രം നൂറ്റാണ്ടുകൾക്ക് മുൻപ്.....

ചരിത്രത്തിന്റെ അനസ്യൂതത ചിലയിടങ്ങളിലെങ്കിലും നഷ്ടപ്പെട്ടേക്കാം എഴുതപ്പെട്ടരേഖകളുടെ അഭാവം തന്നെ അതിനു കാരണം. അതുകൊണ്ട് തന്നെ സാംസ്കാരിക ലക്ഷണങ്ങളുടെ അങ്കുരാവസ്ഥ വ്യക്തമായി പറയാൻ വിഷമം.

വേണാടിനും ദേശിങ്ങനാടിനും (ജയസിംഹനാട്) ഇടയ്ക്ക് പണ്ടുണ്ടായിരുന്ന പെണ്ണരശുനാടിന്റെ ഭാഗമായിരുന്നു പരവൂർ. ഇവിടെ വേണാട് മഹാരാജാവിനോ ദേശിങ്ങനാട് തിരുവടിയ്ക്കോ യാതൊരുവിധ അധികാരവും പണ്ടുണ്ടായിരുന്നില്ല. ആറ്റിങ്ങൽ അമ്മത്തമ്പുരാട്ടിയുടെ അധീനതയിലായിരുന്നു പരവൂർകോട്ടയും കൊത്തളങ്ങളും കുരുമുളക് പണ്ടകശാലയും മറ്റും. പ്രാചീന സാഹിത്യത്തിൽ സ്ത്രീ രാജ്യമെന്ന് പുകൾപ്പെറ്റ ആറ്റിങ്ങൽ രാജ്യത്തിന്റെ ഭാഗമായിരുന്നതുകൊണ്ട് സ്ത്രീരാജ്യമെന്ന് പരവൂരിന് പ്രശസ്തി ഉണ്ടായി. ആറ്റിങ്ങൽ അമ്മ തമ്പുരാട്ടി പരവൂർകോട്ട വാണിരുന്നത് തികച്ചും സ്വതന്ത്രമായരീതിയിലായിരുന്നു. അന്ന് വേണാട് മഹാരാജവിന്റെ രക്ഷ ശിക്ഷകൾ ഇവിടെ നടപ്പില്ലായിരുന്നു. മറിച്ച് ആറ്റിങ്ങൽ റാണിതന്നെ കരം പിരിക്കുകയും രക്ഷ ശിക്ഷകൾ നടപ്പിൽ വരുത്തുകയും രാജകീയ അധികാരം കൈയ്യാളുകയും ചെയ്തിരുന്നു.

പരവൂരിന്റെ മേൽപറഞ്ഞ ചരിത്രം വെളിപ്പെടുത്തുന്ന പ്രചീന രേഖകളിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നത് AD 12-ാം ശതകത്തിലുണ്ടായ പൊഴിക്കര ശാസനമാകുന്നു. പൊഴിക്കര ശിവക്ഷേത്രത്തിലുള്ള (ഇന്നത് മേജർ ദേവീക്ഷേത്രം) ഒരു ശിലാ ഫലകത്തിൽ കൊത്തപ്പെട്ട പ്രസ്തുത ശാസനത്തിന്റെ ലിപി വട്ടെഴുത്താണ്. ആണ്ടു കുറിച്ചിട്ടില്ല. ചില ക്ഷേത്രകാര്യങ്ങൾ വ്യവസ്ഥപ്പെടുത്തുകയാണ് ലിഖിതത്തിന്റെ ഉള്ളടക്കം. "വേണാട് മുറ്റുറ്റുവർ " എന്ന പരാമർശമുള്ളത് അതിന്റെ പ്രാധാന്യത്തിന് മാറ്റ് കൂട്ടുന്നു.

വേണാട് മുന്നൂറ്റുവരെ പരാമർശിക്കുന്നു എന്ന കാരണത്താൽ വേണാടിന്റെ ആധിപത്യം പരവൂർ പ്രദേശത്തുണ്ടായിരുന്നു എന്നു വിചാരിക്കാൻ നിവൃത്തിയില്ല. എന്നു ഡോക്ടർ കെ. മഹേശ്വരൻനായരുടെ (ഡയറക്ടർ , ആർക്കിയോളജി ഡിപ്പാർട്ട്മെന്റ്)ന്റെ കുറിപ്പുകളിൽനിന്നും മനസ്സിലാക്കുന്നു. കാരണം, ആറ്റിങ്ങൽ അമ്മത്തമ്പുരാട്ടിമാർ പ്രസവിച്ചുണ്ടാകുന്ന കുഞ്ഞുങ്ങൾ തന്നെയാണ് വയസ്സിന്റെ വയസ്സിന്റെ ക്രമമനുസരിച്ച ദേശിങ്ങനാട്ടിലേയ്ക്കും വേണാട്ടിലേയ്ക്കും സ്ഥാനങ്ങൾക്ക് അർഹരായിത്തീരുന്നത് . എന്തായാലും ഈ ശിലാഫലകം ആയിരം വർഷങ്ങൾക്ക് മുൻപ് പരവൂരിലെ ജനങ്ങൾ വിദ്യാസമ്പന്നരായിരുന്നുവെന്നും അന്നത്തെ നിലയിൽ ശ്രദ്ധേയമായ ഒരു പ്രദേശമായിരുന്നു പരവൂർ എന്നും വിളിച്ചറിയിക്കുന്നു.

പരവൂരിന്റെ ചരിത്രത്തിലെ സുപ്രധാനസംഭവങ്ങളിലെന്നാണ് ഇവിടെ കോട്ട പണിഞ്ഞകാര്യം. ഏത് കാലത്താണ് കോട്ട കെട്ടിയതെന്നു കൃത്യമായി തെളിയിക്കുന്ന രേഖകളില്ല. അഞ്ചുതെങ്ങിലെ ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കോട്ടയും പണ്ടകശാലയും ഉണ്ടായതിന് അധികം താമസിയാതെയാണ് പരവൂരും കോട്ടകെട്ടിയതെന്നു കരതുവാൻ തെളിവുകൾ ഏറെയുണ്ട്. 'അഞ്ചുതെങ്ങ് കോട്ടയുടെയും പണ്ടകശാലയുടെയും മറ്റും മേധാവിമാരായിരുന്ന റിച്ചാർഡ് ബോച്ചിയർ, തോമസ് പാറ്റിൻ, ഫ്രാൻസിസ് ഫൗക്ക് എന്നിവർ ചേർന്നു 1750 ജനുവരി മാസത്തിൽ നടത്തിയ ഒരു കാര്യാലോചനയുടെ മിനിട്ട്സിൽ ഡ്യൂക്ക് ഓഫ് ന്യാകാഡിൽ എന്ന കപ്പൽ നിറച്ചതിനെക്കുറിച്ച് പറയുന്ന വേളയിൽ പരവൂരിൽ നിന്നുള്ള കുരുമുളകിനെ കുറിച്ച് പരാമർശിച്ചിരിക്കുന്നതായി കാണുന്നു.

## കൊല്ലവർഷം ഏഴാംശതകത്തിൽ.............

ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ നമ്പിമാരിൽ ചിലർ ചേർന്നു രാത്രി ആരോരുമറിയാതെ ക്ഷേത്രഭണ്ഡാരപ്പുരയുടെ മേൽമച്ചിലെ പലക ഇളക്കി അകത്തുകടന്നു അവിടെ സൂക്ഷിച്ചിരുന്ന തിരുവാഭരണങ്ങളും രത്നങ്ങളും മറ്റും കൈക്ക

ലാക്കി കടന്നുകളഞ്ഞു. പല അനിഷ്ടസംഭവങ്ങളും ഇതിനെ തുടർന്നുണ്ടായി. ഈ കളവിന്റെ പ്രധാന ആസൂത്രകനായിരുന്ന തുളുനാട്ടുകാരനെ പരവൂർ തെക്കുംഭാഗത്തുവച്ചു അവിടെ വസിച്ചിരുന്നവർ പിടികൂടി അധികൃതരെ ഏല്പിച്ചു. തിരുവനന്തപുരത്ത് എട്ടരയോഗം ചേർന്ന് തമ്പിയുടെ മേൽ നടപടി സ്വീകരിച്ചു. ഈ സംഭവം ശ്രീപത്മനാഭസ്വാമിക്ഷേത്രം വകയായിട്ടുള്ള പഴയ താളിയോലഗ്രന്ഥവരികളിൽ പരാമർശിച്ചിട്ടുണ്ട്.

**പോർട്ടുഗീസ്കാർക്കെതിരേ.........................**

1503 മുതൽ 1543 വരെയെങ്കിലും പോർട്ടുഗീസ്കാർക്കെതിരെ യുദ്ധമോ കലാപങ്ങളോ കൊല്ലത്തു നടന്നതായി രേഖകൾ സൂചിപ്പിക്കുന്നു. തേവലക്കരക്ഷേത്രം കൊള്ളയടിക്കാൻ 1543 ൽ പോർട്ടുഗീസ് ഗവർണ്ണറുടെ നേതൃത്വത്തിൽ സൈന്യം എത്തിയെന്നും വിജയനഗരം രാജാവിന്റെ സൈന്യത്തിന്റെ സഹായത്തോടുകൂടി അവരെ തുരത്തിയെന്നും ചരിത്രരേഖകളിൽ കാണുന്നു. 1524 ലാണ് കുഞ്ഞാലി ഒന്നാമൻ സാമൂതിരിയുടെ നാവികമേധാവി ആയത്. നാവിക ഒളിപ്പോരിന്റെ മുറകൾ നടപ്പിലാക്കാൻ ഒളിസങ്കേതങ്ങൾ ആവശ്യമാണ്. സാമൂതിരിയുടെ തീരസംരക്ഷണപരിപാടിയുടെ ഭാഗമായി കൊല്ലം റാണിയുടെ ഒത്താശയോടെ സ്ഥാപിച്ച നാവികകേന്ദ്രങ്ങളിൽ ഒന്ന് പരവൂർ തെക്കുംഭാഗം പ്രദേശമാകാം എന്ന് ചരിത്രകാരൻമാർ പറയുന്നു. പോർട്ടുഗീസുകാർ മുസ്ലീങ്ങളെ വിഴിഞ്ഞം വരെ പിന്തുടർന്ന് അവർക്കു സഹായം ചെയ്തു കൊടുത്ത സങ്കേതങ്ങൾ നശിപ്പിച്ചുവെന്ന് റ്റി.കെ.വേലുപ്പിള്ള രേഖപ്പെടുത്തിയിട്ടുണ്ട്. തെക്കുംഭാഗത്തുള്ള "പൊളിഞ്ഞപള്ളി" ഇങ്ങനെ പോർട്ടുഗീസുകാർ തകർത്താകാം എന്ന് കരുതേണ്ടിയിരിക്കുന്നു. പൊളിഞ്ഞ പള്ളിയിലെ ഖബറുകൾ മരയ്ക്കാരുടെയും കുടുംബാംഗങ്ങളുടേതുമാണ്. മരയ്ക്കാർമാർ സാമൂതിരിയുടെ നാവിക പടനായകന്മാരായിരുന്നു. മരയ്ക്കാർ കുടുംബത്തിന്റെ ഖബർ തെക്കുംഭാഗത്ത് എങ്ങനെ വന്നു എന്ന് ചിന്തിക്കുമ്പോഴാണ് കൊല്ലത്തുനടന്ന നാവികയുദ്ധങ്ങളുമായുള്ള ബന്ധം തെളിയുന്നത്.

മരക്കാരുടെ ഖബറിനു ചുറ്റും അരഭിത്തിയും ഭിത്തിയിൽ ക്ഷേത്രങ്ങളിലുള്ളതുപോലെ വിളക്കു കത്തിക്കാനുള്ള സൗകര്യവും ഉണ്ട്. അന്നിവിടെ ഉണ്ടായിരുന്ന നാനാജാതിമതക്കാരും ഈ ഖബറിൽ ആരാധന നടത്തിയിരിക്കണം. ഒരുകാലത്ത് ഹിന്ദുക്കൾ മാത്രമുണ്ടായിരുന്ന ഈ പ്രദേശത്ത് പോർട്ടുഗീസുകാർക്കെതിരെ പടപൊരുതാൻ ഇവിടെ എത്തിയ വ്യത്യസ്തരായ ഒരുകൂട്ടം മതവിശ്വാസികളെ സ്വന്തം സഹോദരങ്ങളായി കാണുകയും നാനാജാതി മതക്കാരും ഒരു കുടുംബത്തെപ്പോലെ കഴിയുകയും ചെയ്തിരുന്നുവെന്നത് പരവൂരിന് അഭിമാനിക്കാവുന്ന കാര്യമാണ്. ഇന്നും ഈ നിലയിൽ മാറ്റമില്ലാതെ തുടരുന്നത് ഭാരത നാടിനാകെ മാതൃകയാണ്.

**ചെറുത്തുനില്പിന്റെ കരുത്ത്............**

പരവൂരിൽ നൂറ്റാണ്ടുകൾക്ക് മുമ്പേതന്നെ ശക്തമായ വാണിജ്യബന്ധങ്ങളുണ്ടായിരുന്നു. A.D. ആദ്യശതകങ്ങളിലെ വാണിജ്യവികാസം പരവൂരിലും ഉണ്ടായി എന്നു അനുമാനിക്കേണ്ടിയിരിക്കുന്നു. കൃഷി, നെയ്ത്ത് തുടങ്ങിയ മേഖലകളിൽ അന്നേ പരവൂർ പ്രശസ്തി നേടിയിരുന്നു. A.D. 1750-ൽ കുരുമുളക് കയറ്റുമതിയുമായി ബന്ധപ്പെട്ട ഒരു സംഭവം എടുത്തുപറയേണ്ടിയിരിക്കുന്നു. 1750 ഫെബ്രുവരി 22-ാം തീയതി അഞ്ചുതെങ്ങിൽ നിന്നും മദ്രാസിലേക്കുപോയ ഒരു കത്തിൽ രാജകല്പനയെ മറികടന്നു അഞ്ചുതെങ്ങിലെ ഇംഗ്ലീഷ്കാർക്ക് ഒട്ടുംതന്നെ കുരുമുളക് കൊടുക്കാതിരുന്ന സംഭവത്തെക്കുറിച്ച് പരാമർശിച്ചു കാണുന്നു. മദ്രാസ് സെന്റ് ജോർജ് കോട്ടയിലെ രേഖകൾ പരിശോധിച്ചാൽ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭിച്ചേക്കാം. ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയ്ക്കെതിരെ രാജകല്പനയെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ശക്തമായ രീതിയിൽ പ്രതികരിക്കാൻ കെല്പുള്ള ജനവിഭാഗം പരവൂരിലുണ്ടായിരുന്നു എന്നുള്ളത് പുതിയ തലമുറയ്ക്ക് അഭിമാനത്തിന് വക നൽകുന്നു.

പരവൂരിന്റെ ചരിത്രത്തിലെ ജ്വലിക്കുന്ന രണ്ടു സംഭവങ്ങളാണ് ജയന്തൻ ശങ്കരൻ നമ്പൂതിരിയിൽ നിന്നും കേശവദാസൻ (1788-1799) രാജകല്പന പിടിച്ചു വാങ്ങിയതും വേലുത്തമ്പിയുടെ (1801 -1809) വിപ്ലവമാർച്ചിൽ പരവൂരിലെ ജനങ്ങൾ സജീവമായി പങ്കെടുത്തതും.

കൊച്ചി മഹാരാജാവിനു ആലങ്ങോട്ടും വടക്കൻ പറവൂരും തിരിച്ചു നൽകുന്ന ഒരു കല്പനയിൽ ഭരണ നിപുണതയില്ലാതിരുന്ന തിരുവിതാംകൂർ മഹാരാജാവ് രാമവർമ്മയെകൊണ്ട് ഒപ്പ് വയ്പിക്കാൻ ജയന്തൻ നമ്പൂതിരിക്ക് കഴിഞ്ഞു. വിവരമറിഞ്ഞ തിരുവിതാംകൂർ ദിവാൻ കേശവദാസൻ നീട്ടുമായി കൊച്ചിക്കുപോയ ജയന്തൻ ശങ്കരനെ പരവൂരിൽ വച്ച് പിടികൂടി രാജകല്പന പിടിച്ചെടുത്തു. കേശവദാസിന്റെ മരണശേഷം അല്പകാലം ദിവാനായിരുന്ന ജയന്തൻ ശങ്കരന്റെ ദുർഭരണത്തിനെതിരായി വേലുത്തമ്പിയുടെ നേതൃത്വത്തിൽ നടന്ന ജനകീയ സമരത്തിൽ പരവൂർ നിവാസികൾ പങ്കു ചേർന്നു. വേലുത്തമ്പിയുടെ അറിയിപ്പനുസരിച്ച് വടക്കു നിന്നെത്തിയെ പ്രതിനിധികൾക്കൊപ്പം ആതിഥ്യമരുളിയത് പരവൂർ ജനാലിയായിരുന്നു. ഇവിടെനിന്നും ജനപ്രതിനിധികൾക്കൊപ്പം പരവൂർ ജനാവലി ഒന്നടങ്കം

തിരുവനന്തപുരത്തേയ്ക്ക് മാർച്ച് ചെയ്തു. ഉയർന്ന ധാർമ്മികമൂല്യങ്ങളിൽ അധിഷ്ഠിതമായ സംഘ ബോധം പണ്ടുമുതൽ തന്നെ പരവൂർ നിവാസി കൾക്ക് ഉണ്ടായിരുന്നു എന്നു തെളിയിക്കുന്ന ചരിത്ര സംഭവമാണിത്.

**ധീരദേശാഭിമാനികൾ.........**

ധീരനായ വേലുത്തമ്പിയുടെ സഹവർത്തി യായി നിന്നു തിരുവിതാംകൂറിന് പൊതുവേയും കൊല്ലത്തിനും പരവൂരിനും വിശേഷിച്ചും ഐശ്വര്യം പുലർത്തിയിരുന്ന ഒരു മഹാനായി രുന്നു പരവൂർ വാഴവിള കണക്കു ചെമ്പകരാമൻ ശങ്കരപ്പിള്ള സർവ്വാധികാര്യക്കാർ. വേലുത്തമ്പി യുടെ ഭരണം കൊണ്ടുവരാൻ വേണ്ടി അദ്ദേഹം ജനങ്ങളെ സംഘടിപ്പിച്ചിരുന്നു. വേലുത്തമ്പിയുടെ മരണശേഷം പള്ളാത്തുരുത്തിൽ ആറ്റിൽനടന്ന സംഭവത്തെ ആസ്പദമാക്കി ശങ്കരൻ ചെമ്പകരാ മന് പട്ടാളക്കോടതിയുടെ സമൻസ് വന്നു. ബ്രിട്ടീ ഷ്കാരായ ഏതാനും പേരെ നാട്ടുകാർ ചേർന്ന് പള്ളാത്തുരുത്തി ആറ്റിൽ മുക്കിക്കൊന്ന സംഭവ മാണ് പള്ളാത്തുരുത്തി സംഭവം. തന്റെ കൂട്ടുകാ രായ അയ്യപ്പൻ ചെമ്പകരാമനെ ആനക്കാലിൽ കെട്ടി കൊല്ലാൻ ബ്രിട്ടീഷ് പട്ടാളകോടതി വിധിച്ചു എങ്കിലും ശങ്കരൻ ചെമ്പകരാമന് പതിനായിരം പണം പിഴകൊടുക്കാൻ വിധിച്ചു തിരിച്ചയച്ചു. ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങളെ സംഘടിപ്പി ക്കാൻ ശ്രമിച്ച ധീരദേശാഭിമാനിയായ ശങ്കരൻ ചെമ്പകരാമൻ കൊലക്കയറിൽ നിന്നും രക്ഷപ്പെട്ട തിന് ദേവിപ്രസാദമായി സ്ഥാപിച്ച ദീപസ്തംഭം ഇന്നും പരവൂർ പുറ്റിംഗൽ ക്ഷേത്രത്തിന് കിഴക്കു ഭാഗത്തായി സ്ഥിതിചെയ്യുന്നു. അതിന്റെ കിഴക്കേ അറ്റം "ശങ്കരൻ ചെമ്പകരാമൻ വക" എന്ന നാമ ത്താൽ അംഗിതമായി ഇന്നും നിലകൊള്ളുന്നു.

**മതാധിപത്യഫ്യൂഡലിസത്തിന്റെ നാളുകളിൽ........**

ജാതി-ജന്മി-നാടുവാഴിവ്യവസ്ഥയിൽ കേരള ത്തിൽ മതാധിപത്യ ഫ്യൂഡലിസം (തിയോക്രാറ്റിക് ഫ്യൂഡലിസം) എന്നു വിളിക്കാവുന്ന സാമൂഹ്യ സാമ്പത്തിക വ്യവസ്ഥയാണ് നിലനിന്നിരുന്നത്. ബ്രാഹ്മണരും ഏതാനും നായർ പ്രമാണിമാരും മാ ത്രമായിരുന്നു ഭൂവുടമകൾ. ഭൂമിയുടെ മേലുള്ള അവകാശം ക്ഷേത്രങ്ങളുടെ ഭരണം എന്നിവ അന്ന് ബ്രാഹ്മണർക്ക് മാത്രമായിരുന്നു. മതത്തിന്റെ സർവ്വാധികാരികൾ എന്നനിലയിൽ സാമൂഹ്യതല ത്തിൽ അവർക്കുണ്ടായിരുന്ന മേൽക്കോയ്മ ചോദ്യംചെയ്യാൻ വയ്യാത്തായിരുന്നു. രാജാക്കന്മാർ ബ്രാഹ്മണരുടെ ആജ്ഞാനുവർത്തികളായിരുന്നു. പരവൂരിനെ സംബന്ധിച്ചിടത്തോളം മറ്റു പ്രദേശ ങ്ങളിലെപ്പോലെ ബ്രാഹ്മണാധിപത്യം ഉണ്ടായിരു ന്നില്ല. ബ്രാഹ്മണപുത്രന്മാരിൽ മൂത്ത ആൾ ഒഴിച്ച് മറ്റുള്ളവ നായർ കുടുംബങ്ങളിൽ നിന്ന് ഭാര്യമാരെ സ്വീകരിക്കുകയും അങ്ങനെ സ്വീകരിക്കപ്പെടുന്ന ഭാര്യമാർക്കും അതിലുണ്ടാവുന്ന കുട്ടികൾക്കും സ്വത്തവകാശം നൽകാതിരിക്കുകയും ചെയ്യുന്ന സംബന്ധം എന്ന ഏർപ്പാട് പരവൂരിൽ നടപ്പിലാ യില്ല. പരവൂർക്കാരാരും ബ്രാഹ്മണവർഗ്ഗത്തിൽ ചേർന്ന് നമ്പൂതിരിമാരായില്ല. ബ്രാഹ്മണരോട് ചേർന്നു നിന്ന് കീഴ്പ്പെട്ട് 'ഇല്ല'ക്കാരാകാതെ പര വൂർ സ്വരൂപം എന്നപേരിൽ സ്വതന്ത്ര സമൂഹമായി നിലനിന്നു. പരവൂരിലെ സാമൂഹ്യസേവന രംഗ ങ്ങളിൽ പ്രവർത്തിച്ചിരുന്നവരുടെ സമയോചിത മായ ഇടപെടലുകൾ കൊണ്ടാകാം തിയോക്രാറ്റിക് ഫ്യൂഡലിസത്തിന്റെ ഭാരവും ചൂഷണവും പരവൂ രിൽ അത്രയേറെ അനുഭവിക്കേണ്ടി വന്നില്ല എന്ന് പഴമക്കാർ പറയുന്നു. ബ്രിട്ടീഷ് നീതിന്യായഭരണം നടപ്പാവുന്നതിന് മുമ്പ് കേരളത്തിൽ കർഷകതൊ ഴിലാളികളായ എല്ലാ താഴ്ന്ന ജാതിക്കാരേയും അടി മകളായി വിൽക്കുകയും വാങ്ങുകയും പാട്ടത്തിന് നൽകുകയും ചെയ്തിരുന്നു. 1865 ൽ ഈ അ ടിമസമ്പ്രദായം നിർത്തലാക്കി. ഈകാലഘട്ടങ്ങ ളിലൊന്നും അടിമസമ്പ്രദായം പരവൂരിൽ നിലനി ന്നിരുന്നതായി തെളിവുകളില്ല. മറിച്ച് സാധുജന ങ്ങളെ സഹായിക്കുന്നവരായിരുന്നു ഇവിടുത്തെ ജനങ്ങളെന്ന് കേശവനാശാനെപ്പോലുള്ളവരുടെ പ്രവർത്തനങ്ങൾ കാണിക്കുന്നു.

**മാതൃകാ പ്രവർത്തനങ്ങൾ............**

വർഷങ്ങൾക്കു മുമ്പ് കോട്ടവിളവീട്ടിൽ ശ്രീമാൻ നാരായണൻനായർ കോട്ടപ്പുറത്ത് തന്റെ പുരയിടത്തിന്റെ ഒരുഭാഗം (ഇന്നത്തെ മാർക്കറ്റ്) വ്യാപാരികൾക്ക് കച്ചവട സൗകര്യത്തിനായി വിട്ടു കൊടുത്തതോടെയാണ് ഇന്ന് കാണുന്ന തരത്തി ലുള്ള വിപുല മായ സൗകര്യങ്ങൾ പരവൂരിൽ ഉണ്ടായത്. മാത്രമല്ല തന്റെ പുരയിടത്തിന്റെ മധ്യ ത്തിലൂടെ വീതിയുള്ള വഴിതുറന്നു കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വരുന്ന റോഡുകളെ ബന്ധി പ്പിച്ചു (പൊഴിക്കര-പാരിപ്പള്ളിറോഡ്). ഇതിനോട് തെക്കുനിന്നും വടക്കുനിന്നും വരുന്ന റോഡുകൾ ചേർത്തപ്പോൾ സൗകര്യപ്രദമായ ഒരു ജംഗ്ഷൻ പരവൂരിൽ രൂപം കൊണ്ടു. ഈ പ്രവർത്തനങ്ങ ളൊക്കെത്തന്നെ കൂട്ടായ്മകളുടെ മാതൃകകളാണ്. 1834ൽ സ്വാതിതിരുനാളിന്റെ കാലത്ത് തിരുവിതാം കൂറിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചപ്പോൾ തി രുവിതാംകൂറിന്റെ ഭാഗമായ പരവൂരിൽ 1907 -ൽ കോട്ടപ്പുറം ഹൈസ്കൂൾ സ്ഥാപിച്ചു. കോട്ടവിള നാരായണൻനായരുടേയും ചാമവിള ഗോവിന്ദപ്പി ള്ളയുടെയും കൂട്ടായ ശ്രമഫലമായിട്ടാണ് ഈ സ്കൂൾ സ്ഥാപിതമായത്. (ഇന്ന് കെ.എച്ച്.എസ് മലയാളമീഡിയം സ്കൂളാണ്) ആറ്റിങ്ങലിനും കൊല്ലത്തിനും ഇടയ്ക്കുള്ള ഏക ഇംഗ്ലീഷ്

ഹൈസ്കൂൾ എന്ന ഖ്യാതി ഈ സ്കൂളിന് അന്ന് ലഭിച്ചിരുന്നു. അതുകൊണ്ടു തന്നെ ഇരവിപുരം, മയ്യനാട്, കാപ്പിൽ, ഇടവ, വർക്കല, ചാത്തന്നൂർ, ആദിച്ചനല്ലൂർ, വെളിനെല്ലൂർ മുതലായ സ്ഥലങ്ങളിൽ നിന്നും അക്കാലത്ത് വിദ്യാർത്ഥികൾ ഇവിടെവന്ന് പഠിച്ചിരുന്നു.

പിന്നോക്കവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കോട്ടപ്പുറം ഹൈസ്കൂളിൽ ഗവ. നിർദ്ദേശം അനുസരിച്ച് ഫീസ് സൗജന്യം നൽകിയപ്പോൾ ഈഴവവിദ്യാർത്ഥികൾക്കും ഈ സൗജന്യം ലഭിക്കണമെന്ന അഭിപ്രായം ഉണ്ടായി. ഗവൺമെന്റ് നിർദ്ദേശം ലഭിക്കാത്തതിനാൽ മാനേജ്മെന്റിന് അതു നടപ്പാക്കാൻ കഴിഞ്ഞില്ല. പ്രശ്നപരിഹാരമെന്ന നിലയിൽ പരവൂർ എസ്.എൻ.വി. സമാജത്തിന്റെയും നിവാസികളുടെയും സംഘടിതശ്രമഫലമായി 1923-ൽ ഒരു വിദ്യാലയം കോട്ടപ്പുറം ഹൈസ്കൂളിന് സമീപം ആരംഭിച്ചു. ശ്രീനാരായണഗുരു ഉദ്ഘാടനം ചെയ്ത ഈ സ്കൂൾ പിൽക്കാലത്ത് എസ്.എൻ.വി. ഗേൾസ് ഹൈസ്കൂളായി മാറി. ഈ സ്ഥാപനം ഇന്ന് ആറ്റിങ്ങലിനും കൊല്ലത്തിനും ഇടയ്ക്കുള്ള ഏക ഗേൾസ് ഹൈസ്കൂൾ ആണ്.

**സമരത്തിന്റെ തീജ്വാല........**

സ്വാതന്ത്ര്യസമരകാലത്ത് പരവൂരിലും ബ്രിട്ടീഷ്കാർക്കെതിരെ പ്രക്ഷോഭസമരങ്ങൾ നടത്തിയിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. ശ്രീ. കെ. എം. ബഷീർ, കെ.എം. ഗോപാലപിള്ള, ആർ. അച്ചുതൻ തുടങ്ങിയവർ സ്റ്റേറ്റ് കോൺഗ്രസ് അംഗങ്ങളായിരുന്നു. സർ സി.പി.ക്ക് അനുകൂലമായി കലയ്ക്കോട് സംഘടിപ്പിച്ച യോഗത്തിലേക്ക് സ്വാതന്ത്ര്യസമരക്കാർ ഇരച്ചുകയറിയത് ഇന്നും പരവൂരിലെ തലമുതിർന്നവർ ഓർക്കുന്നു. സ്വാതന്ത്ര്യം കിട്ടിയതിന്ശേഷം കയർ മേഖലയിലെ സംഘടിത തൊഴിലാളിവർഗ്ഗം സേവന വേതന വ്യവസ്ഥകൾക്കായി നടത്തിയ സമരങ്ങൾ ഏറെനാൾ നീണ്ടുനിന്നിരുന്നു. സംഘടിത തൊഴിലാളിവർഗ്ഗത്തിന് ആത്മവീര്യം പകരുന്നതാകുന്നു ഈ സമരങ്ങളൊക്കെ.

പരവൂരിൽ ജന്മിത്തത്തിനെതിരെ നടന്ന സമരമായിരുന്നു മാലാക്കായൽ സമരം. 1970-72 കാലഘട്ടത്തിൽ മാലക്കായലുമായി ബന്ധപ്പെട്ടു ശ്രീ. വാസുപിള്ളയുടെ നേതൃത്വത്തിൽ നടന്ന മിച്ചഭൂമി സമരത്തിൽ കർഷകരും കർഷകതൊഴിലാളികളും പങ്കെടുത്തു. സംഘടിത തൊഴിലാളിവർഗ്ഗം നടത്തിയ ഈ സമരം വിജയിച്ചു. അങ്ങനെ ഇന്ത്യയിലാദ്യം മിച്ചഭൂമിവിതരണം നടന്നസ്ഥലം എന്ന ഖ്യാതി പരവൂർ മാലാക്കായലിന് ലഭിച്ചു.

**നാഗരികത..........**

നാഗരികത എന്ന പദംകൊണ്ട് അർത്ഥമാക്കുന്നത് ഒരു ജനവിഭാഗത്തിന്റെ സാമൂഹ്യബന്ധങ്ങളുടെ സ്ഥാപനവൽക്കരണത്തെ അടിസ്ഥാനമാക്കിയുണ്ടാകുന്ന വികാസമാണ്. ലക്ഷ്യബോധമുള്ള മനുഷ്യപ്രവർത്തനത്തോടുകൂടിയ ഒരു സംസ്കാരം പരവൂരിൽ നിലനിന്നിരുന്നതുകൊണ്ടാണ് സംസ്കാരിക വികാസത്തിന്റെ അടുത്തഘട്ടമായ നാഗരികത നൂറ്റാണ്ടുകൾക്ക്മുമ്പ് പരവൂരിൽ വികസിച്ചത്.

പഴയകാലത്ത് പരവൂരിന്റെ ഭരണപരമായ കേന്ദ്രം സമുദ്രതീരമായ പൊഴിക്കരയായിരുന്നു. ഇതിന് തെളിവുകൾ ഏറെയുണ്ട്. രാജാവിന്റെ കൊട്ടാരം, രാജാവിന്റെ നിർദ്ദേശപ്രകാരം പരിഷ്ക്കരിച്ച് നിർമ്മിക്കപ്പെട്ട പൊഴിക്കരക്ഷേത്രം, അതിനോട് ചേർന്നുള്ള സത്രം, ഇന്നത്തെ പോലീസ് സ്റ്റേഷനുകൾക്ക് പകരം പ്രവർത്തിച്ച താനം, ആദ്യത്തെ അഞ്ചലാപ്പീസ്, കോടതി എന്നിവ ഈ പ്രദേശത്തായിരുന്നു. കൊട്ടാരത്തിന്റെ ഭാഗം, ക്ഷേത്രം, താനം, അഞ്ചലാപ്പീസ് എന്നിവ ഇന്നും പൊഴിക്കരയിലുണ്ട്. ഇതിനെല്ലാം പുറമെ തിരുവിതാകൂറിലെ കമ്മട്ടം (Mint) പത്മനാഭപുരത്തു നിന്നും 1800നും 1824നും ഇടയിൽ പരവൂരിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതായി രേഖകൾ സൂചിപ്പിക്കുന്നു.

1824-ൽ റാണി ഗൗരിഭായിയുടെ ഭരണകാലത്ത് പരവൂർ കായലിനെയും ഇടവ, നടയറ കായലിനെയും ബന്ധിപ്പിക്കുന്ന പരവൂർ തോട് നിർമ്മിക്കപ്പെട്ടു. അത് വഴി കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നീ മൂന്നു വ്യാപാരകേന്ദ്രങ്ങളുമായിട്ടുള്ള വ്യാപാരബന്ധം പരവൂരിന് ലഭിച്ചു. NH47 നിർമ്മിക്കുന്നതിന് മുമ്പ് ഈ തോടുവഴിയാണ് കൊല്ലവുമായി ബന്ധപ്പെട്ടിരുന്നത്. കൊല്ലംവരെ നീളുന്ന ഈ തോടുവഴി കയർ, കൊപ്ര, കുരുമുളക് എന്നീ ഉല്പന്നങ്ങൾ കൊല്ലത്തും അവിടെനിന്നും അഷ്ടമുടിക്കായൽ വഴി ആലപ്പുഴയ്ക്കും കൊണ്ടുപോകും. കയറ്റുമതി ചെയ്യാനുള്ള സൗകര്യം അന്നുണ്ടായിരുന്നു. ഈ സൗകര്യം പരവൂരിലെയും പരിസരപ്രദേശങ്ങളിലെയും വ്യാപാരം വികസിപ്പിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു.

പരവൂരിൽ നിലനിന്ന സാംസ്കാരിക സമ്പന്നതയുടെ ഫലമായി ഉയർന്നുവന്ന നാഗരികത കണക്കിലെടുത്തിട്ടാണ് ശ്രീമൂലം പ്രജാസഭയുടെ 1925-ലെ 'വില്ലേജ് പഞ്ചായത്ത് ചട്ടം VII പ്രകാരം 1932 ൽ വില്ലേജ് പഞ്ചായത്തുകൾ ആരംഭിച്ചപ്പോൾ അതിലൊന്നായി പരവൂരിനെ തെരഞ്ഞെടുത്തത്.

കൊല്ലം, തിരുവനന്തപുരം ഹൈവേ പൂർത്തിയായപ്പോൾ കുറുമണ്ടൽ ഭാഗത്ത് 1918 ൽ റയിൽവേ സ്റ്റേഷൻ സ്ഥാപിക്കപ്പെട്ടു. കരമാർഗ്ഗമുള്ള ഗതാഗതസൗകര്യം വർദ്ധിച്ചതോടെ മാർക്കറ്റിന്റെ ഉപയോഗവും വർദ്ധിച്ചു. പോലീസ് സ്റ്റേഷൻ, അഞ്ച

ലാപ്പീസ്, വില്ലേജാഫീസ് എന്നിവ മാർക്കറ്റിനടുത്ത് കേന്ദ്രീകരിക്കാൻ ഇത് ഇടയാക്കി. കാലക്രമേണ ഭരണകേന്ദ്രം പൊഴിക്കരയിൽ നിന്ന് പറവൂർ ജംഗ്ഷനിലേക്ക് മാറി.

### അനാചാരങ്ങൾക്കെതിരെ–അന്ധവിശ്വാസങ്ങൾക്കെതിരെ............

സമൂഹത്തിൽ വ്യാപിച്ചിരുന്ന താലികെട്ട് കല്യാണം, തിരണ്ടുകുളി അടിയന്തിരം, പുളികുടി ആഘോഷം മുതലായ അനാവശ്യവും ആർഭാടകരങ്ങളുമായ പല അനാചാരങ്ങളും ഇല്ലാതാക്കി ജനസമൂഹത്തെ യോജിപ്പിച്ച് ഒരുന്നത ലക്ഷ്യസ്ഥാനത്ത് എത്തിക്കുവാനുള്ള പ്രവർത്തനങ്ങൾ വി. കേശവനാശാന്റെയും അദ്ദേഹത്തിന്റെ ശിഷ്യൻ കെ.സി.കേശവപിള്ളയുടെയും നേതൃത്വത്തിൽ നടന്നിരുന്നു. ഇതിനെത്തുടർന്ന് രൂപംകൊണ്ട സംരംഭങ്ങളിൽ ഒന്നായിരുന്നു പറവൂരിലെ സന്മാർഗ്ഗപ്രദായിനി സഭ. ഈ സഭ രൂപംകൊണ്ടത് 1928 ലായിരുന്നു. മദ്യപാനത്തിനും മറ്റ് ദുശ്ശീലങ്ങൾക്കുമെതിരെ ജനങ്ങളെ ബോധവൽക്കരിക്കാൻ ഈ സംഘടന പറവൂരിന്റെ വിവിധഭാഗങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയും വിജയകരമായി വർഷങ്ങളോളം പ്രവർത്തിക്കുകയും ചെയ്തിരുന്നു. കേരളത്തിൽ നാല് പതിറ്റാണ്ടോളം കാലം പൂർണ്ണ മദ്യവർജ്ജനം ഉണ്ടായിരുന്ന ഏക പ്രദേശം പറവൂരായിരുന്നു.

### സാംസ്കാരിക അടിത്തറ...........

പ്രകൃതിദത്തമായ വസ്തുക്കളെയും കഴിവുകളെയും ഗുണങ്ങളെയും പരിഷ്ക്കരിച്ചും ശുദ്ധീകരിച്ചും വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതോൽക്കർഷത്തിന് ഭാഗമാക്കുക എന്ന പ്രക്രിയ സംസ്കാരമെന്നറിയപ്പെടുന്നു. കല, സാഹിത്യം, പ്രത്യയശാസ്ത്രം മുതലായ ഉപരിഘടനയിലെ ഘടകങ്ങളും സാമ്പത്തിക ഉല്പാദനബന്ധങ്ങളാകുന്ന അടിത്തറയും തമ്മിലുള്ള നിരന്തരമായ പ്രതിപ്രവർത്തനങ്ങൾ ഒരു ജനതയുടെ അല്ലെങ്കിൽ ഒരു കാലഘട്ടത്തിന്റെ പൊതുവായ സംസ്കാരത്തെ രൂപപ്പെടുത്തുന്നു. അവ ആ ജനതയുടെ ലോകവീക്ഷണം, സ്വഭാവവൈശിഷ്ട്യങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പെരുമാറ്റച്ചട്ടങ്ങൾ മുതലായവ നിർണ്ണയിക്കുന്നു. ഇതെല്ലാം കാലോചിതങ്ങളായ മാറ്റങ്ങൾക്ക് വിധേയമാവുന്നു.

കലാകൃതികൾ രചിക്കാനും ആസ്വദിക്കാനും കഴിവുള്ള ഒരു ജനസമൂഹമാണ് പറവൂരിലുണ്ടായിരുന്നത്. മനുഷ്യവർഗ്ഗം ശേഖരിച്ച് വച്ചിട്ടുള്ള വിജ്ഞാനശാഖകളിലും ചിന്താ പദ്ധതികളിലും നമ്മുടെ പൂർവ്വികർക്ക് വളരെ താല്പര്യമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ ഉന്നതമായ ആദർശങ്ങളും ജീവിതലക്ഷ്യങ്ങളുമുള്ളവരും സ്വഭാവമേന്മയും ഭാവശുദ്ധിയും സമ്പാദിച്ചവരും പറവൂരിൽ ജനിച്ചു വളർന്നു.

നൂറ്റാണ്ടുകൾക്ക് മുമ്പ് പറവൂരിലുണ്ടായിരുന്ന സംസ്കൃതപാഠശാലകൾ അന്നിവിടെ പഠിപ്പിച്ചിരിക്കാൻ ഇടയുള്ള തത്വശാസ്ത്രങ്ങൾ തലമുറകളെ ആവേശം കൊള്ളിച്ചിരിക്കണം. ശ്രീശങ്കരൻ, ചട്ടമ്പിസ്വാമികൾ, ശ്രീനാരായണ ഗുരു എന്നിവരുടെ അദ്വൈത പഠനം ഉയർന്ന ധാർമ്മികമൂല്യങ്ങൾ നമ്മുടെ പൂർവ്വികർക്ക് നൽകി. വേദാന്തത്തിന്റെ ഉത്തമ ആദർശങ്ങളെ സാമൂഹ്യപുരോഗതിക്കുള്ള പ്രവർത്തനങ്ങളുമായി സമന്വയിപ്പിക്കുന്ന ശ്രമം പഴയതലമുറ നടത്തിയിട്ടുണ്ട്. ജാതി–മതഭേദമെന്യേ മാനവ ഐക്യത്തെ ഉദ്ബോധിപ്പിക്കുന്ന സന്ദേശവാഹകരായി പിന്നീട് പലരും മാറി.

പറവൂരിന് ഒരു ഉറച്ച സാംസ്കാരിക അടിത്തറ ഉണ്ടാക്കിയത് ആദ്യകാല വിദ്യാലയങ്ങളായിരുന്നു. ആശാൻമാർ വീട്ടിൽവച്ച് കുട്ടികളെ പഠിപ്പിച്ചുവന്നു. 1819–ൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസം ഗവർമെന്റ് ഏറ്റെടുത്തപ്പോൾ അന്ന് രാജ്യം ഭരിച്ചിരുന്ന റാണി ഗൗരിപാർവ്വതി ഭായി നാടിന്റെ നാനാഭാഗത്തും മലയാം പള്ളിക്കൂടം എന്നപേരിൽ പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിച്ചപ്പോൾ പറവൂരും 'മലയാം പള്ളിക്കൂടം' സ്ഥാപിച്ചു. പിന്നീട് മലയാം പള്ളിക്കൂടങ്ങൾ നിർത്തലാക്കി. ഗവൺമെന്റിൽനിന്നും പ്രവർത്തി പള്ളിക്കൂടങ്ങൾ ഏർപ്പെടുത്തിയപ്പോൾ പറവൂരിലാദ്യമായി 1889–ൽ മണിയംകുളത്ത് ഗവർമെന്റ് യു.പി.സ്കൂൾ സ്ഥാപിച്ചു. പറവൂരിൽ നിലനിന്നിരുന്ന സംസ്കൃത പാഠശാലകൾ അന്നത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളായിരുന്നു. പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും സാമാന്യവിദ്യാഭ്യാസം ലഭിച്ചിരുന്നത് സാംസ്കാരിക വളർച്ചയ്ക്ക് അനുകൂലഘടകമായിരുന്നു. കോട്ടപ്പുറം ഹൈസ്കൂളും എസ്. എൻ. വി. ഗേൾസ് ഹൈസ്കൂളും അന്ന് നിലവിൽനിന്ന സാങ്കേതികവിദ്യാലയങ്ങളും വിലപ്പെട്ടസംഭാവനകൾ ഈ രംഗത്ത് നൽകി.

### സാഹിത്യപ്രവർത്തനങ്ങൾ

പറവൂരിലെ വിദ്യാഭ്യാസപുരോഗതിക്ക് അനുസൃതമായി സാഹിത്യപ്രവർത്തനങ്ങളും പുരോഗമിച്ച് വന്നു. വിദ്യാഭ്യാസവിഷയത്തിൽ കാണിച്ച അതേ താല്പര്യം സാഹിത്യപരമായ പ്രവർത്തനങ്ങളിലും പ്രദർശിപ്പിച്ചതിന്റെ ഫലമായി മലയാള സാഹിത്യത്തിൽ അനശ്വരായിതീർന്ന കവികൾക്ക് ജന്മം നൽകാൻ പറവൂരിന് സാധിച്ചു.

സമൂഹത്തിനുവേണ്ടി സാഹിത്യരചന എന്ന ആദർശമാണ് പറവൂരിലെ കവികൾ സ്വീകരിച്ചിരുന്നത്. അതുകൊണ്ട് സമൂഹത്തിലെ ഉന്നതശ്രേണിയിലുള്ളവർക്ക് വേണ്ടിമാത്രമല്ല സാധാരണക്കാർക്കു വേണ്ടിയും സാഹിത്യരചന നടത്തുവാൻ അവർക്ക് കഴിഞ്ഞു. പണ്ഡിതവരേണ്യനായ

446

കേശവനാശാനും മഹാകവി കെ.സി.കേശവപിള്ളയും സാധാരണക്കാർക്ക് വേണ്ടി അമ്മാനപ്പാട്ടുകളും കമ്പടി കളിപ്പാട്ടുകളും ഭജനപ്പാട്ടുകളും രചിച്ചിട്ടുണ്ട്. നാടൻകലാരൂപങ്ങൾ അവതരിപ്പിക്കാൻവേണ്ടി ഇവിടത്തെ പ്രാചീനകവികൾ ധാരാളം പാട്ടുകൃതികളും സ്തോത്രങ്ങളും മറ്റും രചിച്ചിട്ടുള്ളതിനെ പഴയ തലമുറയിൽ പ്പെട്ടവർ അനുസ്മരിക്കുന്നു. ഓണക്കളികൾക്കുള്ള പാട്ടുകളും തിരുവാതിരക്കളിപ്പാട്ടുകളും ഇവയിൽപ്പെടുന്നു. പണ്ടുമുതലേ പരവൂർ നിവാസികളിലുണ്ടായിരുന്ന ഓണാഘോഷ തിമിർപ്പ് ഇന്നും നിലനിൽക്കുന്നതിന് തെളിവാണ് കേരളത്തിൽ ഒരു സ്ഥലത്തും കാണാത്ത തിക്കും തിരക്കും അത്തം നാളുമുതൽ ഇന്നും പരവൂർ പ്രദേശത്ത് കാണപ്പെടുന്നത്.

ഏകദേശം 160 വർഷങ്ങൾക്ക് മുമ്പ് മുതലുള്ള സാഹിത്യസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ചരിത്രരേഖകൾ ലഭിച്ചിട്ടുണ്ട്. പരവൂർ കോങ്ങാൽ പടിഞ്ഞാറ്റേ വീട്ടിൽ ശങ്കരനാരായണ പിള്ള പാലാഴി മഥനം എന്ന പേരിലും അദ്ദേഹത്തിന്റെ അനുജൻ പപ്പുപിള്ള സ്യമന്തകം എന്ന പേരിലും കമ്പടിപ്പാട്ടുകൾ രചിച്ചിരുന്നു. ഇതിന് സാഹിത്യഗുണവും അർത്ഥപുഷ്ടിയും ഉണ്ടായിരുന്നു. ഇന്നും ഈ കൃതികളുടെ പകർപ്പുകൾ പലരിലുമുണ്ട്. പരവൂർ ഏഴിയത്ത് കൊച്ചമ്പാളി എന്ന ഭാഷാകവിയെക്കുറിച്ച് സാഹിത്യചരിത്രത്തിൽ സൂചനയുണ്ട്.

### വി. കേശവനാശാൻ (1859-1917)

കേശവനാശാൻ സുജാനന്ദിനി പത്രാധിപരും വൈദ്യം, ജ്യോതിഷം മുതലായവയിൽ വിദഗ്ദ്ധനും സർക്കാർ വൈദ്യനും ശ്രീമൂലം പ്രജാഭാഗവും സാമുദായിക പരിഷ്കർത്താവുമായിരുന്നു. "മാധവനിദാനം" എന്ന രോഗശാസ്ത്രപഠനഗ്രന്ഥത്തിന് അദ്ദേഹം തയ്യാറാക്കിയ സാരചന്ദ്രിക എന്ന വ്യാഖ്യാനവും, വ്യാഖ്യാനത്തോടുകൂടിയ 'വൈദ്യസംഗ്രഹം' എന്ന കൃതിയും ആയുർവ്വേദ ചികിത്സാരംഗത്ത് വളരെ പ്രയോജനകരമാണ്. പാതാളരാമായണം ആട്ടക്കഥ, പതിവ്രതാധർമ്മം കിളിപ്പാട്ട്, ഭജനകീർത്തനങ്ങൾ, കോകശാസ്ത്രം എന്ന സംസ്കൃത ഗ്രന്ഥത്തിന്റെ വിവർത്തനം എന്നിവയാണ് പൂർത്തിയാക്കി പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ

### മഹാകവി കെ.സി.കേശവപിള്ള (1868 -1913)

മലയാളസാഹിത്യത്തിന് പരവൂരിൽ നിന്ന് ലഭിച്ച ഏറ്റവും മികച്ച സംഭാവനയാണ് മഹാകവി കെ.സി.കേശവപിള്ള. മലയാളകവികളിൽ ബഹുമുഖപ്രതിഭാശാലി എന്നു പറയാവുന്ന ഏക മഹാകവിയാണ് കെ.സി.കേശവപിള്ള. ഇദ്ദേഹം കേശവനാശാന്റെ ശിഷ്യനായിരുന്നു. 14 -ാം വയസ്സിൽ സാഹിത്യരചന തുടങ്ങിയ മഹാകവി 45 വർഷക്കാലത്തെ ജീവിതത്തിനിടയിൽ പ്രശസ്തമായ കേശവീയം മഹാകാവ്യം ഉൾപ്പെടെ മലയാളത്തിലും സംസ്കൃതത്തിലുമായി 42 ൽപരം കൃതികളും 60ൽപരം ലേഖനങ്ങളും 170 ഓളം ഗാനങ്ങളും എഴുതി. കഥകളി, കമ്പടികളി, വഞ്ചിപ്പാട്ട്, കിളിപ്പാട്ട്, ഊഞ്ഞാൽപ്പാട്ട് , സദാരാമ തുടങ്ങിയ സംഗീത നാടകങ്ങൾ, ലഘുകാവ്യങ്ങൾ, ഇംഗ്ലീഷിൽനിന്നുള്ള വിവർത്തനങ്ങൾ, മലയാളലേഖനങ്ങൾ, സംസ്കൃതലേഖനങ്ങൾ, ആംഗലസാമ്രാജ്യം, ജ്യോതിഷഗ്രന്ഥം, നാരായണീയം, തുടങ്ങിയ ബൃഹദ്ഗ്രന്ഥങ്ങളുടെ വിവർത്തനങ്ങൾ തുടങ്ങിയ അദ്ദേഹത്തിന്റെ കൃതികൾ മലയാള സാഹിത്യത്തെ പരിപുഷ്ടമാക്കി. സാഹിത്യത്തിൽ മാത്രമല്ല അദ്ദേഹം ശ്രദ്ധിച്ചത്. സമൂഹത്തിൽ നിലനിന്നിരുന്ന പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുവാനും ശാസ്ത്രീയബോധം വളർത്തി ഒരു പുതിയതലമുറയെ വാർത്തെടുക്കുവാനും അദ്ദേഹം ശ്രമിച്ചു.

വിദൂഷകൻ മാസിക പത്രാധിപർ എന്നു കേരളമാകെ പ്രസിദ്ധിനേടിയ ഹാസ്യ സാഹിത്യകാരൻ പി.എസ്. നീലകണ്ഠപ്പിള്ള, സംഗീതജ്ഞനും ഗാനനിർമ്മാതാവും നാടകരചയിതാവുമായ പി.കെ.വേലുപ്പിള്ള (1875-1955) ആഖ്യായികകർത്താവ് എന്ന നിലയിൽ ശ്രദ്ധേയനായ വിദ്വാൻ എം.പരമേശ്വരൻപിള്ള (1881-1971) കവികോകിലം എന്ന ബിരുദം ലഭിച്ച കെ.കെ.രാഘവപ്പണിക്കർ, മഹാകവി കെ.സി.യുടെ ശിഷ്യനായിരുന്ന "മേഘനാദവധം" ആട്ടക്കഥാകൃത്തായ കലയ്ക്കോട് നാരായണപിള്ള, അശോകസുന്ദരീസ്വയംവരം ആട്ടക്കഥ രചിച്ച കൂനയിൽ കൊക്കാട്ട് നാരായണപിള്ള, ശ്രീകൃഷ്ണാവതാരം, മണികണ്ഠവിജയം എന്നീ ആട്ടക്കഥകൾ രചിച്ച ആനന്ദമഠം വേലുആശാൻ, 'പരവൂർ കേശവനാശാൻ ജീവകഥാകഥനം' എന്ന കൃതി രചിച്ച ജീവചരിത്രകർത്താവ് റ്റി.കെ.നാരായണൻ, മഹാകവി കെ.സി.കേശവപിള്ളയുടെ പുത്രനും സാഹിത്യകാരനും കവിയും സംഗീതജ്ഞനും ഭാമാപരിണയം എന്ന കഥകളിയുടെ രചയിതാവുമായ പ്രൊഫ. കെ.എൻ. ഗോപാലപിള്ള, വിവാഹബന്ധത്തിലൂടെ പരവൂരിൽ താമസമാക്കിയ പ്രശസ്തസാഹിത്യകാരൻ വക്കം അബ്ദുൽഖാദർ, മാതൃകാമാതാവ് എന്ന ലേഖന പരമ്പര എഴുതി പ്രശസ്തി നേടിയ കൂനയിൽ എൻ. പൊന്നമ്മ, ഖുറാൻ വിവർത്തനം, മിഷ്ഖത്തുൽ അൻവാർ, പ്രാചീനവിജ്ഞാനകോശമെന്ന് വിശേഷിപ്പിക്കാവുന്ന മുഖദ്ദീമ മുതലായ മഹാഗ്രന്ഥങ്ങൾ സംഭാവന നൽകിയ പ്രശസ്തിയും അംഗീകാരവും നേടിയ മതപണ്ഡിതനും സാഹിത്യകാരനുമായ മുട്ടാണിശേരിൽ കോയാക്കുട്ടി സാഹിബ്ബ്, പുരാവസ്തു ഗവേഷകനും ചരിത്രവിജ്ഞാനിയുമായ ഡോ. കെ. മഹേശ്വരൻ നായർ, യു.എൻ.

ഒ. ഉന്നത ഉദ്യോഗം വഹിച്ചിരുന്ന കെ.എം. മുഹമ്മദ് ബഷീർ, അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റി വൈസ് ചാൻസലറായിരുന്ന കെ. എം. ബഹാവുദീൻ, പ്രശസ്തകവി ഒ.എൻ.വിയുടെ പ്രശംസ പിടിച്ചുപറ്റിയ കവി എൻ. സഹദേൻ തുടങ്ങി പ്രശസ്തരായ നിരവധി പേരെ വളർത്തിയ നാടാണ് പരവൂർ.

## അച്ചടിശാലകൾ പ്രസിദ്ധീകരണങ്ങൾ

പരവൂരിലെ സാംസ്കാരികചരിത്രത്തിന് അച്ചടിശാലകൾ, വഹിച്ച പങ്ക് വളരെ വലുതായിരുന്നു. കേരളത്തിൽ അച്ചടിയുടെ പ്രഥമസംരംഭം A.D. 1578 ൽ ആയിരുന്നു. കൊല്ലത്ത് അച്ചടിച്ച തമിഴ്ലിപിയുടെ ഒരു ഗ്രന്ഥമായി രുന്നു അത്. ഇന്ത്യയിലെ ആദ്യത്തെ മലയാളം പ്രിന്റിംഗ് നടന്നത് ബോംബെയിലെ കുറിയർ പ്രസ്സി ലാണ്. അതിനുശേഷം 1821-ൽ ബെയ്ലിസായ്പ് കേരളത്തിലെ ആദ്യത്തെ മലയാളം അച്ചടിശാലയായ സി.എം.എസ്. പ്രസ് കോട്ടയത്ത് സ്ഥാപിച്ചു. കേരളത്തിൽ മലയാളം അച്ചടിശാല തുടങ്ങി അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ പരവൂരിലും ഒരു അച്ചടിശാലയുണ്ടായി.

കേരളത്തിൽ അച്ചടിശാലയോട് ചേർന്ന് പുസ്തകപ്രസിദ്ധീകരണശാല ഇല്ലാതിരുന്ന കാലത്ത് പരവൂരിൽ സരസ്വതിവിലാസം എന്ന പേരിൽ ഒരു അച്ചുക്കൂടവും പുസ്തകപ്രസിദ്ധീകരണശാലയും പ്രവർത്തിച്ചിരുന്നു. ''വേതാള ചരിത്രം'' അല്ലെങ്കിൽ വിക്രമാദിത്യകഥ ' എന്ന കിളിപ്പാട്ടു പുസ്തകം 1877 ൽ ഈ പ്രസ്സിൽ അച്ചടിച്ചതായി കാണുന്നു. കോട്ടയത്ത് മലയാള മനോരമ പ്രസ്സ്(1890) ആരംഭിക്കുന്നതിന് മുമ്പുതന്നെ ഇവിടെ ഈ പ്രസ് പ്രവർത്തിച്ചിരുന്നു എന്നു അനുമാനിക്കാവുന്നതാണ്. മഹാകവി കെ.സി. കേശവപിള്ളയുടെ സുരതവിധിപാത 1884 -ലും ലക്ഷ്മണോപദേശം 1885-ലും ശ്രീകൃഷ്ണ വിജയം ആട്ടക്കഥ 1890-ലും സ്തരാവലി 1891-ലും പഞ്ചതന്ത്രവ്യാഖ്യാനം 1899 ലും ഈ പ്രസിൽ അച്ചടിച്ചിരുന്നു. പരവൂർ കോട്ടപ്പുറത്ത് മങ്ങാട്ടു പരമേശ്വരൻപിള്ള അദ്ദേഹത്തിന്റെ പുരയിടത്തിൽ തന്നെയാണ് ഈ പ്രസ് സ്ഥാപിച്ചിരുന്നത്. നീതിവാദിനി എന്ന പേരിൽ ഈ പ്രസിൽ നിന്നും പ്രസിദ്ധപ്പെടുത്തിയിരുന്ന പത്രത്തിന്റെ മുഖ്യപത്രാധിപർ സ്വദേശാഭി മാനി രാമകൃഷ്ണപിള്ള യായിരുന്നു. പരവൂരിന് പുറത്തുള്ളവരും ഈ പ്രസിൽ പുസ്തകങ്ങൾ അച്ചടിച്ചിരുന്നു. 'കേരളത്തിൽ അറുപത്തിനാല് അനാചാരം' എന്ന പുസ്തകം കൊല്ലം ജില്ലാ കോർട്ടു വക്കീൽ എസ്. ശ്രീനിവാസശാസ്ത്രികൾ ഈ പ്രസിലാണ് അച്ചടിച്ചത്. ഈ പ്രസിൽ നിന്നും പ്രസിദ്ധം ചെയ്ത പല പുസ്തകങ്ങളും ഇന്നില്ല. 1906 വരെ ഈ പ്രസ് പ്രവർത്തിച്ചിരുന്നതായി പറയപ്പെടുന്നു. സാമൂഹ്യ പരിഷ്കർത്താവായിരുന്ന കേശവനാശാൻ 'സുജാനന്ദിനി'പത്രം നടത്തുവാൻ വേണ്ടി 1891ൽ സ്ഥാപിച്ച കേരള ഭൂഷണം പ്രസ്സാണ്. പരവൂരിലെ രണ്ടാമത്തെ അച്ചടിശാല. പരവൂരിന് അഖിലകേരളപ്രശസ്തി നേടിക്കൊടുത്ത 'വിദൂഷകൻ' മാസിക പ്രസിദ്ധപ്പെടുത്തിയിരുന്ന വിദ്യാവിലാസം പ്രസ്സാണ് പരവൂരിലെ മൂന്നാമത്തെ അച്ചടിശാല (1891-1977). ഈ പ്രസിന്റെ ഉടമയായിരുന്ന ശ്രീ. എസ്.എൻ. കൃഷ്ണപിള്ള തന്റെ സ്വത്തിന്റെ ഭൂരിഭാഗവും പരവൂരിലെ സാഹിത്യപരമായ അഭിവൃദ്ധിക്കുവേണ്ടി ചെലവഴിച്ചു. സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള, കെ.നാരായണഗുരുക്കൾ, എം. ആർ. മാധവവാര്യർ മുതലായവരെ അദ്ദേഹം പരവൂരിൽ വരുത്തി. അവരുടെ സഹകരണത്തോടെ 'കേരളൻ' എന്ന ഒരു പ്രതിവാരപത്രവും ബാലഗംഗാധരതിലകൻ, തിലകമഹാരാജ്, കഥാരത്നമാല തുടങ്ങിയ പല പുസ്തകങ്ങളും പ്രസിദ്ധീകരിച്ചു. ജർമ്മൻ നിർമ്മിതമായ ഈ പ്രസ് ഇപ്പോൾ കൊല്ലം ജില്ലാ സഹകരണപ്രിന്റിംഗ് സൊസൈറ്റി വിലയ്ക്കു വാങ്ങി ഉപയോഗിച്ചു വരുന്നു.

പരവൂരിലെ പ്രസിന്റെ പ്രവർത്തനം കലാസാഹിത്യ സാംസ്കാരിക രംഗത്ത് ഒട്ടേറെ പ്രതിഭകളെ അക്കാലത്തു സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നുവെന്നും അവരുടെ ഒക്കെ പ്രവർത്തനം പരവൂരിൽ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്ന സാംസ്കാരിക ബോധം സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നുവെന്നും കരുതേണ്ടിയിരിക്കുന്നു.

ഈ അനുകൂലഘടകങ്ങൾ കൊണ്ടാവാം മലയാളത്തിലെ ആദ്യചരിത്രനോവലായ മാർത്താണ്ഡവർമ്മ പരവൂരിൽ വച്ച് പൂർത്തിയാക്കാൻ സി.വി.രാമൻപിള്ളയെ പ്രേരിപ്പിച്ചത്.

ഭൂപ്രകൃതിയാൽ അനുഗൃഹീതമായ പ്രദേശമെന്നനിലയിലും വാണിജ്യബന്ധങ്ങൾക്ക് പുകൾപെറ്റ പ്രദേശമെന്ന നിലയിലും സാസ്കാരിക പ്രവർത്തനങ്ങളാൽ കീർത്തികേട്ട പ്രദേശമെന്ന നിലയിലും പണ്ടു മുതൽ തന്നെ പരവൂരിൽ പലരും കുടിയേറുകയും ഇവിടെതന്നെ സ്ഥിര താമസം തുടരുകയും ചെയ്തിരുന്നു. ഇത് സാംസ്കാരികവിനിമയത്തിന് കൂടുതൽ അവസര ങ്ങൾ നൽകി.

പരവൂരിൽ നിന്നുള്ള അക്കാലത്തെ പ്രസിദ്ധീകരണങ്ങൾ കേരളമാകെ സാമൂഹ്യമനസ്സുകളിൽ സാംസ്കാരിക നവോത്ഥാനത്തിന്റെ വിത്തുകൾ പാകുവാൻ സഹായിച്ചിട്ടുണ്ട്. പരവൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന സുജനാനന്ദിനിയാണ് (1892-1906) തിരുവിതാംകൂറിലെ ഈഴവസമുദായത്തിൽ ഇന്നു കാണുന്ന സ്വാതന്ത്ര്യബോധത്തിനും പരിഷ്കാരോദ്യമനത്തിനും ബീജാവാഹം ചെയ്ത

ത് എന്നു ചരിത്രരേഖകളിൽ കാണുന്നു. സാമുദായിക സമത്വം നേടുക എന്നതായിരുന്നു ഈ പത്രത്തിന്റെ ലക്ഷ്യം.

### മലയാളപത്രമാസികകളിലെ ആദ്യകാർട്ടൂൺ ചിത്രവും ഫലിതബിന്ദുക്കളും

മലയാളപത്രമാസികകളിലെ ആദ്യ കാർട്ടൂൺ ചിത്രവും ഫലിതബിന്ദുക്കളും ലണ്ടനിലെ പഞ്ചു എന്ന പ്രശസ്ത ഹാസ്യമാസികയുടെ മാതൃകയിൽ 1918 ൽ ആരംഭിച്ച വിദൂഷകൻ മാസികയിലാണ് മലയാള പത്രമാസികകളിൽ ആദ്യമായി ഫലിതബിന്ദുക്കൾ എന്ന പംക്തിക്ക് സ്ഥാനം നൽകിയതെന്നു പ്രശസ്ത ഹാസ്യസാഹിത്യകാരൻ ഈ.വി.കൃഷ്ണപിള്ള രേഖപ്പെടുത്തിയിട്ടുണ്ട്.

മലയാളമനോരമയുടെ ജന്മശതാബ്ദി പ്രമാണിച്ച് പ്രത്യേകസവിശേഷതകളുള്ള ലോകത്തിലെ പഴയവയും പുതിയവയുമായ പ്രധാന പത്രങ്ങളുടെ ഒരു പ്രദർശനം നടത്തുകയുണ്ടായി. ഈ പത്രങ്ങളുടെ കൂട്ടത്തിൽ പരവൂരിലെ വിദൂഷകൻ മാസികയ്ക്കും സ്ഥാനമുണ്ടായിരുന്നു. മലയാള പത്രങ്ങളിൽ ആദ്യമായി കാർട്ടൂൺ ചിത്രം ചേർത്തത് വിദൂഷകനായിരുന്നു. അതു പോലെ ഫലിത ബിന്ദുക്കൾ എന്ന പംക്തി കേരള ത്തിൽ ആദ്യമായി തുടങ്ങിയതും വിദൂഷകനിലാ യിരുന്നു. മലയാള മനോരമയുടെ ജന്മശത്ബ്ദി പ്രദർശന നഗറിൽ 1918 ൽ വിദൂഷകൻ മാസികയിലൂടെ പുറത്തുവന്ന മലയാളത്തിലെ ആദ്യ കാർട്ടൂ ൺ ചിത്രവും പ്രദർശിപ്പിച്ചിരുന്നു.

1923 ൽ കേരളനോടൊപ്പം ആരംഭിച്ച സരസകഥാമഞ്ചരിയിൽ ഈ.വി.കൃഷ്ണപിള്ള കഥകൾ എഴുതിയിരുന്നു. ഇതിന്റെ പ്രസാധകൻ ആയിരുന്ന എസ്. എസ്. ചെട്ടിയാരാണ് ഈ.വി.യ്ക്ക് സരസകഥാകൃത്ത് എന്ന സ്ഥാനം നൽകിയത്. ഇന്ന് കേരളത്തിലെ പ്രമുഖപത്രങ്ങളിലൊന്നായ കേരളകൗമുദി തിരുവനന്തപുരത്ത് ആരംഭിക്കുന്നതിന് മുമ്പ് പരവൂരിൽ നിന്നാണ് പ്രസിദ്ധപ്പെടുത്തിയിരുന്നത്. ഈ വൃത്താന്തപത്രം ഉദയം ചെയ്തത് സി.വി.കുഞ്ഞിരാമന്റെയും സുജാനാനന്ദിനി പത്രാധിപർ വി.കേശവനാശാന്റെയും സീമന്തപുത്രൻ ഡോ. കൃഷ്ണന്റെയും ആലോചനാ ഫലമായിട്ടാണ്. പത്രത്തിന്റെ അന്നത്തെ പത്രാധിപർ ടി.കെ. നാരായണനായിരുന്നു എന്നും കേശവനാശാനെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ അദ്ദേഹത്തിന്റെ പുത്രൻ പി.കെ.ദാമോദരൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഏകദേശം 55 വർഷങ്ങൾക്ക് മുമ്പ് മഹാകവി കുമാരനാശാന്റെ സ്മരണയ്ക്ക് വേണ്ടി നടത്തിക്കൊണ്ടിരുന്ന വിദ്യാകോകിലം എന്ന സാഹിത്യമാസിക കവികോകിലം കെ.കെ.രാഘവപ്പണിക്കർ പരവൂരിൽനിന്നും പ്രസിദ്ധീകരിച്ചിരുന്നു. കവനകേരളം എന്ന പേരിലുള്ള ഒരു സാഹിത്യമാസിക 1881 ൽ പരവൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്നു.

ഇനി കലാരംഗത്തുള്ള പരവൂരിന്റെ സംഭാവനകളിലേക്ക് കടക്കാം. കേരളത്തിന്റെ ദേശീയ കലകളായിരുന്നവയിൽ കമ്പടികളി, ഏഴാമത്തുകളി, കല്യാണക്കളി, അമ്മാനാട്ടം, തിരുവാതിരകളി മുതലായവ പരവൂരിൽ പണ്ട് പ്രചരിച്ചിരുന്നു. വിവാഹാഘോഷത്തോടനുബന്ധിച്ച് തിരുവാതിര കളി മുമ്പുണ്ടായിരുന്നു തിരുവാതിരകളിയിലും അമ്മാനാട്ടത്തിലും പ്രത്യേകവൈഭവമുള്ള സ്ത്രീജനങ്ങൾ പരവൂരിൽ ഉണ്ടായിരുന്നു. ഈ കലകൾ പഠിച്ച് പ്രചരിപ്പിക്കുവാൻ ധാരാളം പേർ മുമ്പോട്ടു വന്നിരുന്നു. പരവൂരിലെ പ്രാദേശിക കലാരൂപങ്ങളിൽനിന്നും പ്രത്യേകപ്രസ്ഥാനമായി ഉരുത്തിരിഞ്ഞ് വ്യാപിച്ചത് കമ്പടി കളിയാണ്. പരവൂരിൽ ക്ഷേത്രസംബന്ധമായ ഒരു കലാപ്രകടനമെന്ന നിലയിൽ കമ്പടികളി എല്ലാകരകളിലും വ്യാപിച്ചിരുന്നു. പരവൂരിലെ മിക്കവാറും എല്ലാ കവികളും കമ്പടികളിപ്പാട്ടുകൾ നിർമ്മിച്ചിരുന്നു. ഇന്നും പരവൂരിൽ പല ക്ഷേത്രങ്ങളിലും ഉത്സവത്തോടനുബന്ധിച്ച് കമ്പടികളി നടത്തി വരുന്നു.

പരവൂരിന്റെ കഥകളിപാരമ്പര്യം പ്രത്യേകം എടുത്തു പറയേണ്ടതാണ്. 300 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച കഥകളി ഇന്നുള്ള രൂപംകൊണ്ടിട്ട് ഏകദേശം 200 വർഷത്തോള മായി. പ്രതിപാദ്യം പുരാണകഥകളാകയാൽ ക്ഷേത്രങ്ങളുടെ എണ്ണം കൂടുതലുള്ള പരവൂരിൽ അക്കാലത്തു തന്നെ കഥകളി വളരെവേഗം വ്യാപിക്കാനിടയായി. ക്ഷേത്രോത്സവങ്ങളിൽ കഥകളി കണ്ടാസ്വദിച്ച ധനാഢ്യൻമാർ വീടുകളിൽ വിശേഷ ദിവസങ്ങളിൽ കഥകളി നടത്തിത്തുടങ്ങി. ഇതിന്റെ ഫലമായി പരവൂരിൽ പല കഥകളി പരിശീലന സ്ഥാപനങ്ങളും, മേക്ക്സ്ഥാപനങ്ങളും, കഥകളിക്കാരും, കഥകളി രചയിതാക്കളും ഗായകരും ഉണ്ടായി. പക്ഷേ ആധുനികഘട്ടത്തിൽ ഈ പാരമ്പര്യം നിലനിർത്താൻ ഉണ്ണായിവാര്യർ സ്മാരക കഥകളി അരങ്ങ് ഉണ്ടായെങ്കിലും അതിന്റെ പ്രവർത്തനം നിലച്ചുപോകുകയാണ് ഉണ്ടായത്. എങ്കിലും ക്ഷേത്രത്തിൽ ഇന്നും ഉത്സവത്തിന് കഥകളി പ്രധാന കലയാണ്.

### നാടകരംഗം

1903 ൽ പരവൂരിൽ ആദ്യം അരങ്ങേറിയ 'സദാരാമ'യ്ക്ക് ലഭിച്ച സ്വീകരണം പിൽക്കാലത്ത് നാടകരംഗത്ത് അമൂല്യസംഭാവന നൽകുവാൻ പലരെയും പ്രേരിപ്പിച്ചു. നാടകസമിതിയും നാടക രചയിതാക്കളും നാടകനടന്മാരുമൊക്കെ ഇതോടനുബന്ധിച്ച് പരവൂരിൽ ജന്മംകൊണ്ടു. നാടകപ്ര

സ്ഥാനത്തിനുവേണ്ടി സ്വന്തം സമ്പാദ്യംപോലും ചെലവഴിച്ച് പ്രവർത്തിക്കുവാൻ ചെറുപ്പക്കാർ മുന്നോട്ടു വന്നു. ഈ സമിതികൾ പലതും കലാ ക്ലബ്ബുകളുടെ രൂപീകരണത്തിന് പ്രേരണ നൽകി. നാടകപരിശീലനസമിതികളും ഉണ്ടായി. ഇന്ന് പരവൂരിലെ ക്ലബ്ബുകളിൽ ഈ പ്രവർത്തനങ്ങൾ തുടരുന്നു. തിരുവിതാംകൂറിന്റെ വിവിധ സ്റ്റേജുകളിൽ ഹാസ്യനടനായി അഭിനയിച്ച് പ്രസിദ്ധിനേടിയ വിദൂഷകൻ ശങ്കരപ്പിള്ള പരവൂരിൽ നാടകരംഗത്തിന് കീർത്തി സമ്പാദിച്ച് കൊടുത്തു. ഗദ്യനാടകങ്ങളുടെ ആവിർഭാവകാലത്ത് പല ഗദ്യനാടകങ്ങളും പരവൂരിൽ അഭിനയിക്കപ്പെട്ടു അതിൽ പ്രശസ്തി നേടിയത് ഈ.വി.കൃഷ്ണപിള്ളയുടെ 'രാജാകേശവദാസ്' ആയിരുന്നു.

ജനകീയകലാവേദി (1950) കേരളകലാരംഗം, ഐക്യകലാസമിതി, സന്തോഷ്കലാമന്ദിർ, പരവൂർ ഡ്രാമാറ്റിക് ക്ലബ്ബ്, കുനയിൽ വിശ്വഭാരതി തിയറ്റേഴ്സ്, ശില്പശാല, YMAC, നവജീവൻ തുടങ്ങിയ സമിതികൾ നാടകം, ഡാൻസ്, ഹാസ്യകലാപ്രകടനങ്ങൾ പരവൂരിലും മറ്റ് പരിസരപ്രദേശങ്ങളിലും അവതരിപ്പിച്ച് പ്രശസ്തി നേടി. 1976 ൽ സ്ഥാപിതമായ ഫൈൻ ആർട്സ് സൊസൈറ്റി തുടർന്ന് സ്ഥാപിതമായ മേള എന്നിവ അംഗങ്ങൾക്ക് വേണ്ടി പ്രതിമാസ പ്രോഗ്രാമുകൾ നടത്തിയിരുന്നു.

### നൃത്തരംഗം

നൃത്തരംഗത്തും പരവൂരിന് തനതായ വ്യക്തിത്വമുണ്ട്. പ്രശസ്ത ഇന്ത്യൻ നർത്തകനായ ഉദയശങ്കറിന്റെ നൃത്തസംഘത്തിൽനിന്നും മറ്റ് കഥകളി പരിശീലനകേന്ദ്രങ്ങളിൽ നിന്നും ഭരതനാട്യവും കഥകളി നൃത്തവും അഭ്യസിച്ച ഡാൻസർ കൂട്ടൻപിള്ള വർഷങ്ങൾക്ക് മുമ്പ് പല കുട്ടികളെയും നൃത്തം പഠിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പ്രേരണയാൽ ഇവിടെ നല്ല നൃത്തകലാസമിതികളും ഉണ്ടായി. ധാരാളം പെൺകുട്ടികൾ ഈ രംഗത്ത് പരിശീലനം നേടിയിരുന്നു. നിർഭാഗ്യവശാൽ സ്ഥിരമായി പ്രവർത്തിക്കുന്ന നൃത്തകലാസമിതികളിന്നില്ല. കുട്ടികളുടെ കലാവാസനകൾ പരിപോഷിപ്പിക്കാൻ 1989 മുതൽ പരവൂർ ജവഹർ ബാലഭവൻ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

### സംഗീതം, വാദ്യമേളം, ചിത്രരചന, ചലച്ചിത്രം

പരവൂരിലെ ആദിമഗാനരീതികൾ പട്ടികജാതി വർഗ്ഗക്കാരുടെ ആരാധനാകലകളിലും നാട്ടുകാരുടെ ഓണക്കളിയിലും നിലനിൽക്കുന്നു. സോപാന സംഗീതം പരവൂരിൽ സ്വാധീനം നേടിയത് കൊട്ടാരക്കര തമ്പുരാന്റെ കഥകളി പ്രചാരത്തിൽ വന്നതോടെയാണ്. ശാസ്ത്രീയ സംഗീതത്തിലുള്ള പരവൂരിന്റെ പ്രവേശനം ഭജനപ്പാട്ടിലൂടെയായിരുന്നു. മഹാകവി കെ.സി.കേശവപിള്ളയുടെ സഹകരണത്തോടുകൂടി ഭജനപ്പാട്ടുകാരുടെ സമിതി രൂപീകരിച്ചു. കർണ്ണാടക ശാസ്ത്രീയ ശൈലിയോടുള്ള ഗാനരീതി ഉപയോഗിച്ചിരുന്നതായും പഴമക്കാർ ഓർക്കുന്നു. ശാസ്ത്രീയ സംഗീതജ്ഞനായിരുന്ന മഹാകവിയുടെ ഈ പ്രവർത്തനം വഴി പലരും ശാസ്ത്രീയരംഗത്ത് വരുവാൻ തുടങ്ങി. ഇരയിമ്മൻതമ്പിക്ക് ശേഷം ശാസ്ത്രീയസംഗീതത്തിൽ കേരളത്തിന് മികച്ച സംഭാവന നൽകുവാൻ സാധിച്ചു. 70 ൽപ്പരം കർണ്ണാടക സംഗീത കീർത്തനങ്ങൾ അദ്ദേഹം നിർമ്മിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സംഗീതമാലിക മലയാളഭാഷയിൽ സംഗീതഭാഷയുടെ ആദ്യത്തെ വ്യാകരണഗ്രന്ഥമാണ്. ഈ പുസ്തകമാണ് മഹാകവിയെ സരസഗായകകവി സ്ഥാനത്ത് അർഹനാക്കിയത്. കെ.സി. കേശവപിള്ളയുടെ സംഗീതപാരമ്പര്യം നിലനിർത്തിയത് പരവൂർ പി.കെ. വേലുപ്പിള്ളയാണ് (1875-1955). പിന്നീട് കുഞ്ഞുണ്ണിത്താൻ ഭാഗവതരും അനുജൻ കെ.ആർ. നാരായണനുണ്ണിത്താനും അഖിലകേരള പ്രശസ്തി നേടി. സംസ്ഥാനത്തുള്ള സംഗീതാദ്ധ്യാപികമാരിൽ കൂടുതൽ പേരും പരവൂർ സ്വദേശികളോ പരവൂരിൽ വന്നു പഠിച്ചവരോ ആണ്.

കേരളത്തിലെങ്ങും അറിയപ്പെട്ടിരുന്ന മൃദംഗവിദ്വാനായിരുന്ന പരവൂർ കൊച്ചുഗോവിന്ദനാശാന്റെ പുത്രനായ പരവൂർ ദേവരാജനാണ് ആധുനിക മലയാളസിനിമാസംഗീതവേദിക്ക് അഭിമാനകരമായി വളർച്ച നേടിക്കൊടുത്തത്. പ്രശസ്ത നാടകഗായകൻമാരിലൂടെയും ചലച്ചിത്ര ഗായകരിലൂടെയും ദേവരാജന്റെ സംഗീതവൈഭവം കേരളമെങ്ങും അറിഞ്ഞു. പ്രശസ്തരായ പല സ്ത്രീകളും സംഗീതരംഗത്ത് ഉണ്ടായിരുന്നു. അവരിൽ പ്രശസ്ത കോട്ടപ്പുറത്തു കൊച്ചുവീട്ടിൽ കാർത്ത്യായനിഅമ്മയായിരുന്നു. പുലിക്കുളത്ത് പത്മനാഭപിള്ള, പുറ്റിംഗൽ വീട്ടുകുടുംബാംഗമായ നാരായണ ശാസ്ത്രി, കുറുമണ്ടൽ കെ. രാമക്കുറുപ്പ് തുടങ്ങിയവർ പരവൂരിലും പുറത്തും പ്രശസ്തി നേടിയവരായിരുന്നു. 1954-ൽ ശ്രീ. കെ. രാമക്കുറുപ്പ് പരവൂരിൽ സ്ഥാപിച്ച "ശ്രീ രാമജയം" ഏറെ പ്രശസ്തി നേടിയ സ്ഥാപനമായിരുന്നു. കഥാപ്രസംഗകലയിലും പരവൂർ പ്രദേശം പിന്നോക്കമായിരുന്നില്ല. പരവൂർ കെ. തങ്കമണി പ്രശസ്ത കാഥികയായിരുന്നു.

ചെണ്ടമേളം, കൊമ്പുവാദ്യം, ചിത്രരചന, കോലംവരപ്പ് എന്നിവയിലും പരവൂർ നിവാസികൾ അവരുടെ മികവ് കാണിച്ചിട്ടുണ്ട്. കേരളത്തിലെ ആധുനിക ചിത്രകാരന്മാരിൽനിന്നും ഉയർന്നു നിൽക്കുന്ന ആർട്ടിസ്റ്റ് ദേവദത്തൻ പരവൂരിൽ ജനിച്ചുവളർന്ന വ്യക്തിയാണ്. കേരളത്തിലെ പ്രശസ്ത ചിത്രകാരന്മാരുടെ കൂട്ടത്തിൽപ്പെടുന്ന

വ്യക്തിയായിരുന്ന കോങ്ങാൽ തുണ്ടത്തിൽ ആർട്ടിസ്റ്റ് അച്യുതൻപിള്ള (1896-1968). തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെ ചിത്രംവരയ്ക്കാൻ നിയുക്തനാകത്തക്കവണ്ണം പ്രതിഭാശാലിയായിരുന്ന അദ്ദേഹം.

ചലച്ചിത്രരംഗത്തും പറവൂർ ഏറെ സംഭാവനകൾ നൽകിയിട്ടുണ്ട്. പ്രശസ്ത സംഗീതസംവിധായകൻ പറവൂർ ദേവരാജൻ, ഡോക്യുമെന്ററി രംഗത്ത് ദേശീയ അന്തർദേശീയ അവാർഡുകൾ നേടിയ ഗൗതമൻ, 'സ്വയംവരം' എന്ന ചിത്രത്തിലെ ആർട്ട് ഡയറക്ഷന് ദേശീയ അവാർഡുനേടിയ ദേവദത്തൻ, 'ഞാവൽപ്പഴങ്ങൾ' എന്ന ചിത്രത്തിലൂടെ മലയാളചലച്ചിത്രങ്ങൾക്ക് റ്റൈറ്റിൽ സിൽ അച്ചടി അക്ഷരങ്ങൾക്കുപകരം ആദ്യമായി ആകർഷകമായ എഴുത്തക്ഷരങ്ങൾ കൊണ്ടുവരികയും നിരവധി അവാർഡു ചിത്രങ്ങൾക്ക് കലാസംവിധാനം നിർവ്വഹിക്കുകയും ചെയ്ത ജയസിങ്ങ് തുടങ്ങിയവർ പറവൂരിന്റെ സംഭാവനകളാണ്.

### പറവൂർ ദേവരാജൻ

മലയാളത്തനിമയുടെ സംഗീതകുലപതി. നാടകത്തിലും സിനിമയിലുമായി ആയിരക്കണക്കിന് ഗാനങ്ങൾക്ക് ഈണം പകർന്ന, കേരളീയ ജീവിതത്തിന്റെ നാനാവർണ്ണമനോഹരമായ ലോലഭാവങ്ങളെ കൈവളയും കാൽച്ചിലങ്കയും അണിയിച്ചുനൃത്തമാടിച്ച ദേവരാജൻ പറവൂർ മണ്ണിന്റെ പുളകമാണ്. നാടൻപാട്ടുകളിലെ ആകർഷകങ്ങളും അപൂർവ്വങ്ങളുമായ രാഗങ്ങൾ തേടിപ്പിടിച്ച് അവയ്ക്ക് പുതിയ രൂപഭാവങ്ങൾ നൽകി സംസ്കരിച്ച് ആധുനികർക്ക് ആസ്വദിക്കുംവിധം ഒരു പുതിയ ഓർക്കസ്ട്രാ സംവിധാനം അദ്ദേഹം ആവിഷ്ക്കരിച്ചു. അങ്ങനെ കേരളീയ സംഗീതത്തിന് ദക്ഷിണേന്ത്യൻ സംഗീതവിദഗ്ദ്ധന്മാരുടെ ആദരവും അംഗീകാരവും ലഭ്യമാക്കുന്നതിൽ വിജയിച്ച കേരളീയ സംഗീതസംവിധായകനാണ് ദേവരാജൻ. അദ്ദേഹം പകരുന്ന ഈണങ്ങളിൽ ഇന്നും പറവൂരിന്റെ സംഗീതധ്വനി തുടിച്ചുനിൽക്കുന്നു.

### ഉത്സവങ്ങൾ

ക്ഷേത്രങ്ങളുടെയും ഉത്സവങ്ങളുടെയും നാടാണ് പറവൂർ. ശരാശരി ഒരു ച. ശ്ര. മൈൽ പ്രദേശത്ത് പത്തു ആരാധനാലയങ്ങൾ ഉണ്ടാകും. കാവുകൾ കൂടുതലുണ്ടായിരുന്നെങ്കിലും വയലുകൾ നികത്താൻ തുടങ്ങിയതോടെ കാവുകളുടെ എണ്ണം കുറഞ്ഞു. പറവൂരിലെ ക്ഷേത്രങ്ങൾ പലതരത്തിലാണ്. തറവാട്ടുഭവനങ്ങളോടനുബന്ധിച്ചുള്ള ചെറുക്ഷേത്രങ്ങൾ, കുടുംബത്തിനോട് ബന്ധിപ്പിച്ചിട്ടുള്ള സാമാന്യക്ഷേത്രങ്ങൾ, കുടുംബങ്ങൾ ചേർന്ന് രൂപീകരിച്ചിട്ടുള്ള കുടുംബക്ഷേത്രങ്ങൾ, ഒരു കരയിലെ ജനങ്ങളുടെ സഹകരണത്തോടെ രൂപാന്തരപ്പെട്ട കരയിലെ പ്രധാന ക്ഷേത്രങ്ങൾ എന്നിവയാണവ.

കോങ്ങാൽ ചേരിയിൽ ചില്ലക്കൽ ജമാ അത്ത് പള്ളി, വടക്കുംഭാഗത്ത് ജമാ അത്ത് പള്ളി, തെക്കുംഭാഗം ചേരിയിൽ ജമാ അത്തിന്റെ ആസ്ഥാനമായ പുത്തൻ പള്ളി എന്നിവിടങ്ങളിൽ വെള്ളിയാഴ്ച കൂട്ടപ്രാർത്ഥന നടക്കുന്നു. ഇതുകൂടാതെ ഈ ജമാ അത്തുകളുടെ കീഴിൽ ഒൻപതോളം പള്ളികളും ആരാധനാ സൗകര്യത്തിനുവേണ്ടിയുണ്ട്.

കോട്ടപ്പുറം മഞ്ചാടിമൂട്ടിൽ സ്ഥാപിച്ചിട്ടുള്ള ക്രിസ്തുരാജ് കുരിശ്ശടി, കുറുമണ്ടൽ സ്ഥാപിച്ചിട്ടുള്ള ചാപ്പൽ എന്നിവയാണ് ക്രിസ്തീയ ആരാധനാലയങ്ങൾ.

ആരാധനാലയങ്ങളിലെ ഉത്സവങ്ങൾ പറവൂർ നിവാസികളുടെ സംസ്കാരത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. മതസൗഹാർദ്ദത്തിലധിഷ്ഠിതമായ ഉത്സവരീതികളാണ് എല്ലാമതവിഭാഗങ്ങളിലുള്ള ജനങ്ങൾക്കുമുള്ളത്. പറവൂർ തെക്കുംഭാഗം പുതിയിടം ക്ഷേത്രത്തിലെ ഉത്സവം "മതസൗഹാർദ്ദത്തിന്റെ" മകുടോദാഹരണമാണ്. പറവൂർ പുറ്റിങ്ങൽ ക്ഷേത്രത്തിലെ പ്രശസ്തിയാർജ്ജിച്ച കമ്പം വെടിക്കെട്ടുനിർമ്മാണ കലയിൽ പലരേയും ഇവിടത്തേയ്ക്കു കൊണ്ടുവന്നു. പറവൂലരിലെ ആദ്യത്തെ കമ്പക്കെട്ടു വിദഗ്ദ്ധനായ പൊഴിക്കര ഗോവിന്ദനാശാൻ മലയായിൽ വച്ചു ചൈനാക്കാരിൽ നിന്നാണ് കരിമരുന്നു പ്രയോഗം ആഭ്യസിച്ചത്. കമ്പക്കെട്ടു കലയിൽ പ്രമുഖരായിരുന്ന മറ്റു വ്യക്തികൾ; പൊഴിക്കര നാരായണപിള്ള, ബാലൻപിള്ള തുടങ്ങിയവർ ആയിരുന്നു. പറവൂരിൽ നിലനിൽക്കുന്ന ശൂലം തറച്ചുകൊണ്ടുള്ള കാവടി തുള്ളൽ ഘോഷയാത്രയ്ക്ക് തുല്യമായ ഒരു പ്രകടനം തിരുവിതാംകൂർ പ്രദേശത്ത് ഇന്ന് നിലവിലില്ല.

### തൊഴിൽ സംസ്കാരം

അദ്ധ്വാനശീലരായ ഒരു സമൂഹമാണ് പറവൂരുണ്ടായിരുന്നത്. പറവൂരിലെ ഒരോ വീട്ടുപുരയിടങ്ങളിലും കുടിൽവ്യവസായം എന്ന നിലയിൽ കയർ പിരിപ്പ്, നെയ്ത്തുസ്ഥാപനങ്ങൾ എന്നിവ ഉണ്ടായിരുന്നു. ഇവിടെ ഉദ്പാദിപ്പിക്കപ്പെട്ടിരുന്ന കയർ കാർപ്പെറ്റ് നിർമ്മാണത്തിന് യോജിച്ചവിധത്തിൽ നേർമ്മയും വെണ്മയുമുള്ളതായിരുന്നാൽ പ്രത്യേകം പ്രശസ്തി നേടിയിരുന്നു. പാശ്ചാത്യ വ്യാപാരികൾ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട പറവൂരിലെ കയർ അവിടെ ശേഖരിച്ചിരുന്നു. കാലക്രമേണ പറവൂർ കേരളത്തിലെ ഒരു പ്രധാന കയർ ഉത്പാദന കേന്ദ്രമായി മാറി. പറവൂർ കോങ്ങാൽ ആണ്ടിയറ എസ്.കൃഷ്ണൻ മണിയം കുളത്ത് ഏകദേശം 30 വർഷം മുമ്പ് കേരളചരി

ത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ള ശ്രീകൃഷ്ണ വിലസം (എസ്.കെ.വി) ഇൻഡസ്ട്രി യൽ വർക്സ് (ഇന്നത്തെ ഫ്ളോർക്കോ) എന്ന പേരിൽ ഒരു കയർ വ്യവസായ കേന്ദ്രം സ്ഥാപിച്ചു. ഈ സ്ഥാപനത്തോടൊപ്പം അന്ന് ഒരു കയർ ഇൻസ്ട്രിയൽ സ്കൂളും ആരംഭിച്ചു. കയർ ഉൽപന്നങ്ങൾ വിദേശവിപണികളിലേക്ക് മുഖ്യ മായും യൂറോപ്യൻ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്ത ആദ്യ ഭാരതീയൻ അദ്ദേഹമായിരുന്നു. ഭാരതത്തിൽ തെങ്ങുകൃഷി ഉണ്ടായിരുന്ന എല്ലാ സംസ്ഥാനങ്ങളിൽനിന്നും സിലോണിൽനിന്നും ധാരാളം ആൾക്കാരെ തിരുവിതാംകൂർ സർക്കാ രിന്റെ ശുപാർശ അനുസരിച്ച് അദ്ദേഹത്തിന്റെ വ്യവസായ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവേശിപ്പിക്കുകയും കയർ, കയറ്റുപായ്, തടുക്ക്, കാർപ്പെറ്റ്, സ്കൂൾ ബാഗ് മുതലായ ഉൽപ്പന്നങ്ങൾ ആധുനിക രീതി യിൽ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയും ചെയ്തു. പരവൂരിലെ പ്രബുദ്ധരായ ജനങ്ങളുടെ സഹായംകൊണ്ട് മാത്രമാണ് അദ്ദേഹ ത്തിന് കയർവ്യവസായ ശാലകൾ പടുത്തുയർ ത്തുവാൻ കഴിഞ്ഞത്. പരവൂരിലെ കയർ വ്യവ സായത്തിന്റെ വളർച്ചയ്ക്ക് ജലഗതാഗതം വളരെ യേറെ സഹായിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ കയർവ്യവസായ രംഗത്ത് പരവൂരിലുണ്ടായിരുന്ന പരസ്പര സഹകരണം കയർഉൽപ്പാദനത്തെ അഭി വൃദ്ധിപ്പെടുത്താൻ അഭിവൃദ്ധിപ്പെടുത്താൻ വളരെ യധികം സഹായിച്ചു. അങ്ങനെ നല്ലൊരു തൊഴിൽ സംസ്കാരവും പരവൂരിൽ വളർന്നുവന്നു.

## ആതുരസേവനം

ആതുരസേവനരംഗത്തും പണ്ടുമുതൽതന്നെ പരവൂർ കീർത്തിനേടിയിരുന്നു. അറിയപ്പെടുന്ന വരിൽ ആദ്യത്തെ വൈദ്യർ കുറുമണ്ടൽ പുറ്റിങ്ങൽ പടിഞ്ഞാറേവീട്ടിൽ കുഞ്ചിയൻ വൈദ്യൻ (1810–1887) ആണ്. ഇദ്ദേഹം രാജകൊട്ടാരത്തിൽ പോയി ചികിത്സിച്ചിട്ടുണ്ടായിരുന്നു. വൈദ്യപാര മ്പര്യമുള്ള കുടുംബത്തിൽ ജനിച്ച കേശവനാശാൻ (മഹാകവി കെ.സി. യുടെ ഗുരു) പ്രശസ്തി നേടിയ ആയുർവ്വേദ ചികിത്സകനായിരുന്നു. ഇദ്ദേഹത്തിന്റെ പിതാവ് എഴിയത്തു വൈരവൻ വൈദ്യരും ജനസമ്മതനായ ആയുർവ്വേദ ചികിത്സ കനായിരുന്നു. സമ്പൂർണ്ണമായ സംസ്കൃത പാണ്ഡിത്യം ലഭിച്ച കേശവനാശാൻ ഇൻഡ്യയിലെ പ്രധാനപ്പെട്ട എല്ലാ ആയുർവ്വേദഗ്രന്ഥങ്ങളും പഠിച്ചതിനു പുറമേ അലോപ്പതി ചികിത്സാ തത്ത്വ ങ്ങളും രീതികളും കൂടി അഭ്യസിച്ചു. കേശവനാ ശാന്റെ ചികിത്സാ സമ്പ്രദായം തിരുവിതാം കൂറിലെങ്ങും പ്രശസ്തി നേടിയിരുന്നു. പരവൂരിൽ ആദ്യമായി സർക്കാർ വൈദ്യൻ എന്ന അംഗീകാ രവും ഗ്രാന്റും ലഭിച്ചത് അദ്ദേഹത്തിനായിരുന്നു. പരവൂരിലും ചുറ്റുപാടും ഉള്ള ധാരാളം പേരെ അദ്ദേഹം ചികിത്സ പഠിപ്പിച്ചു. ആത്രേയമഠം ആയുർവ്വേദ ആശുപത്രി സ്ഥാപിച്ച് പഞ്ചകർമ്മം മുതലായ ഉന്നത ചികിത്സകൾ നടത്തിയിരുന്ന ആയർവ്വേദാചാര്യ കെ.സി. കൊച്ചുഗോവിന്ദൻ വൈദ്യർ തിരുവനന്തപുരം ആയുർവ്വേദകോളജിൽ വിസിറ്റിംഗ് പ്രൊഫസറായിരുന്നു. പരവൂരിലുള്ള എല്ലാ കരകളിലും പ്രശസ്തരായ ആയുർവ്വേദ വൈദ്യന്മാരുണ്ടായിരുന്ന. അവരുടെ ശിഷ്യപരമ്പര ഇന്നും ഫലവത്തായ ചികിത്സ നടത്തിവരുന്നു. വി ഷചികിത്സാരംഗത്തും ഒരു നൂറ്റാണ്ടിനുമുമ്പു തന്നെ അറിയപ്പെട്ടിരുന്നു. 1938 നു മുമ്പുതന്നെ പേ വിഷ ചികിത്സാരീതികളും പരവൂരിൽ വ്യാപിച്ചി രുന്നു. പരവൂരിലെ പഴയ തലമുറയിലെ വൈദ്യ ന്മാർക്ക് രോഗികളോട് കരുണയും നിർധനരിൽ നിന്ന് പ്രതിഫലം ഇച്ഛിക്കാത്ത സേവന മനോഭാവ വും ഉണ്ടായിരുന്നതായി ഇവിടെ നിന്നിറങ്ങിയ പത്ര ങ്ങളിൽ കാണുന്നു. നിർദ്ധനരായ രോഗികളെ സൗജന്യമായി ചികിത്സിക്കുന്നതാണ് എന്ന പര സ്യങ്ങൾ ഇത് സൂചിപ്പിക്കുന്നു. പരവൂരിന്റെ അലോപ്പതി ചികിത്സാരംഗത്തുള്ള കാൽവയ്പ് 1893 ൽ പരവൂരിൽ സ്ഥാപിക്കപ്പെട്ട നെടുങ്ങോലം രാമറാവു ആശുപത്രിയോടെ ആരംഭിക്കുന്നു. ഇത് തിരുവനന്തപുരത്തിനും പരവൂരിനും ഇടയിൽ സ്ഥാപിക്കപ്പെട്ട ഏക ആശുപത്രിയായിരുന്നു. ആ നിലയിൽ അന്ന് ഈ ആശുപത്രി വളരെ പ്രശസ്തി നേടിയിരുന്നു. 1887 മുതൽ 1892 കാല ഘട്ടങ്ങളിൽ തിരുവിതാംകൂർ ദിവാനായിരുന്ന റ്റി. രാമറാവുവാണ്, നെടുങ്ങോലത്തുണ്ടായിരുന്ന പാവപ്പെട്ട കർഷകർക്കും എസ്.സി., എസ്.ടി. ജന ങ്ങൾക്കും വേണ്ടി ഒരു ആശുപത്രിക്കായി ആവ ശ്യമുള്ള സ്ഥലവും കെട്ടിടങ്ങളും ലണ്ടൻമിഷൻ സൊസൈറ്റിയുടെ കീഴിലുള്ള നെയ്യൂർ മെഡിക്കൽ മിഷൻ കാരെ ഏല്പിച്ചത്. രാമറാവുവിന് ശേഷം അദ്ദേഹ ത്തിന്റെ മകൻ ഉദാരശിരോമണി എന്ന് പ്രശസ്തനായ പത്മനാഭറാവു ആശുപത്രിക്കു വേണ്ടി ഓപ്പറേഷൻ തിയേറ്റർ, പ്രസവവാർഡുകൾ എന്നിവ നിർമ്മിച്ചുകൊടുത്തു. ശസ്ത്രക്രിയാ വി ദഗ്ദ്ധനും, എവറസ്റ്റ് ആരോഹണത്തിൽ പങ്കെടു ത്ത് ചരിത്രം സൃഷ്ടിച്ച പ്രശസ്തനുമായ സോമർ വൽ സായിപ്പ് ഈ ആശുപത്രിയിൽ സേവനം അനുഷ്ഠിച്ചിരുന്നു. ആശുപത്രിയുടെ സാമീ പ്യവും റാവുമാരുടെ സഹായവും കൊണ്ടാണ് നെടുങ്ങോലത്തുള്ള പോസ്റ്റാഫീസ്, വിദ്യാലയം, വായനശാല, സബ് രജിസ്ട്രാർ ഓഫീസ് മുതലായ സ്ഥാപനങ്ങൾ ഉണ്ടായത്.

## ജ്യോതിഷം

ജ്യോതിഷ വിദഗ്ദ്ധൻമാർ പണ്ട് പരവൂരിലു ണ്ടായിരുന്നു. കൊല്ലവർഷം ഉണ്ടായത് കൊല്ലത്താ

യിരുന്നെങ്കിലും അതനുസരിച്ചുള്ള മാസങ്ങളും തീയതികളും മറ്റും അറിയുവാൻ കൊല്ലക്കാർ ഉപയോഗിച്ചു വന്നത് പരവൂരിൽ നിന്ന് പുറപ്പെട്ട പഞ്ചാംഗങ്ങളായിരുന്നു. പരവൂർ സ്വദേശിയായ മഠത്തിൽ കൃഷ്ണനാശാൻ കൊല്ലവർഷം 1068 ലെ പഞ്ചാംഗം ഗണിച്ചു പരവൂർ സരസ്വതിവിലാസം പ്രസിൽ അച്ചടിച്ചതായി കാണുന്നു.

## ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസം

ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസമേഖലയിലും ശ്രദ്ധേയമായ പാരമ്പര്യവും പരവൂരിലുണ്ട്. കേശവനാശാന്റെ സ്വകാര്യപഠനശാല സംസ്കൃതത്തിന് പുറമേ വൈദ്യം, ജ്യോതിഷം, വ്യാകരണം, തർക്കശാ സ്ത്രം, പഞ്ചാംഗഗണിതം തുടങ്ങിയ വിവിധ വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു ചെറിയ സർവകലാ ശാലയായിരുന്നു. ദൂരെ സ്ഥലങ്ങളിൽ നിന്നുപോലും പലരും ഇവിടെവന്ന് പഠിച്ചിരുന്നു. കയറുല്പന്നങ്ങളുടെ നിർമ്മാണം പഠിക്കുവാൻ കൃഷ്ണവിലാസം വ്യവസായ ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായിരുന്നു. 1937 ൽ ശ്രീ. കുഞ്ഞുണ്ണിപ്പിള്ള പരവൂരിൽ സ്ഥാപിച്ച എസ്.ആർ.വി. കോളേജ് ഓഫ് സിവിൽ എഞ്ചിനീയറിംഗ് തിരുവിതാംകൂറിലെ ആദ്യത്തെ ഗവ. അംഗീകൃത സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായിരുന്നു. കേരളത്തിലും മറ്റ് സ്റ്റേറ്റുകളിലും വിദേശങ്ങളിലും ആയിരക്കണക്കിനാളുകൾക്ക് മാന്യമായ ഉദ്യോഗം ലഭിക്കുവാൻ ഈ സ്ഥാപനം സഹായിച്ചിട്ടുണ്ട്. ഇന്നും ഈ സ്ഥാപനം പരവൂരിൽ പ്രവർത്തിച്ചു വരുന്നു. 1980 ൽ ശ്രീ. ശിവരാജപിള്ളയുടെ ശ്രമഫലമായി സ്ഥാപിക്കപ്പെട്ട ഐ.റ്റി.സി. പരവൂരിൽ പ്രവർത്തിച്ചു വരുന്നു. കേരള ഗവൺമെന്റിന്റെയും ഇന്ത്യാ ഗവൺമെന്റിന്റെയും അംഗീകാരം ലഭിച്ച വിഷയങ്ങൾ ഇവിടെ പഠിപ്പിക്കുന്നു.

അക്ഷരാഭ്യാസം നേടാൻ ആഗ്രഹിച്ചിരുന്ന തൊഴിലാളികൾക്ക് വേണ്ടി 1928 കെ. എൻ ഗോപാലപിള്ള സ്ഥാപിച്ച നൈറ്റ് സ്കൂളായിരുന്നു പരവൂരിലെ ആദ്യത്തെ വയോജന വിദ്യാഭ്യാസ ശാല. പൊഴിക്കര ഭാഗത്തു സ്ഥാപിതമായ കെ. സി കോശവവിലാസം വായന ശാല, നെടുങ്ങോലം ഉദാരശിരോമണി പത്മനാഭറാവു സ്മാരക വായനശാല, ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ തുടർച്ചയായി സ്ഥാപിക്കട്ടപ്പെട്ട ക്ഷേത്ര പ്രവേശവിളമ്പര വായന ശാല തിടങ്ങിയവ ഇന്നും പ്രവർത്തിച്ചു വരുന്നു. ഇന്ന് പരവൂരിലെ എല്ലാ കരകളിലും ഗ്രന്ഥശാലകളും വായന ശാലകളും ഉണ്ട്.

## ശ്രീ. വാസുപിള്ള

പരവൂരിന് ഒരിക്കലും മറക്കാനാവാത്ത വ്യക്തിയാണ് ശ്രീ. വാസുപിള്ള. 1964 മുതൽ 1975 വരെ 11 വർഷക്കാലം അദ്ദേഹം ,പരവൂർ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം ഉണ്ടായതും, പരവൂർ മാർക്കറ്റ് ഏറ്റെടുത്തതും, കുടിവെള്ളവിതരണ സമ്പ്രദായം പരവൂരിൽ ആദ്യം ആരംഭിച്ചതും, കൂനയിൽ പഞ്ചായത്ത് വായനശാല റേഡിയോപാർക്ക് എന്നിവ തുടങ്ങിയതും അദ്ദേഹത്തിന്റെ കാലഘട്ടത്തിലായിരുന്നു. പരവൂരിൽ ഗവ. ആയുർവ്വേദ ആശുപത്രി തുടങ്ങാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ നാം മാതൃകയാക്കേണ്ടതാണ്. ഒരു ബഹുമുഖപ്രതിഭയും, ഉയർന്ന നേതൃത്വഗുണവുമുള്ള ഒരു വ്യക്തിയായിരുന്നു അദ്ദേഹം. 1975 നവംബർ 14-ാം തീയതി 49-ാമത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു.

## എം. കെ രാഘവൻപിള്ള

പരവൂരിലെ സാംസ്കാരിക ചരിത്രംകുറിക്കുമ്പോൾ മറക്കാൻ കഴിയാത്ത ഒരു വ്യക്തിയാണ് ശ്രീ. എം.കെ രാഘവൻപിള്ള. പരവൂർ കെ.എച്ച്. എസ്.ലെ അദ്ധ്യാപകനായിരുന്നു എം.കെ രാഘവൻപിള്ള ദിവംഗതനായിട്ട് 1996 ഒക്ടോബർ 30ന് രണ്ട് വർഷം തികയുന്നു. മാതൃകാ അദ്ധ്യാപകൻ, വാഗ്മി, ലേഖകൻ, കവി എന്നീ നിലകളിൽ പരവൂരിലും പരിസരത്തും അറിയപ്പെട്ടിരുന്ന വ്യക്തിയായിരുന്നു അദ്ധേഹം പൂർവ്വികരുടെ പൈതൃകം ഉൾക്കൊള്ളുകയും, അവരുടെ ചരിത്രം വരും തലമുറയ്ക്ക് കൈമാറാൻ ശ്രമിക്കുകയും ചെയ്തു എന്നുള്ളതാണ് അദ്ദേഹത്തിന്റെ വിലപ്പെട്ട പ്രവർത്തനം. അദ്ദേഹം തന്റെ കുട്ടിക്കാലത്ത് തന്നെ പരവൂരിനെക്കുറിച്ചുള്ള വായ്മൊഴികളും വരമൊഴികളും പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിച്ചിരുന്നു. അതിൽ വിട്ടുപോയ പലതുമുണ്ടായിരുന്നെങ്കിലും അവയൊക്കെത്തന്നെ ഒരു പുസ്തക രൂപത്തിൽ "പരവൂരിന്റെ ചരിത്ര സ്മരണിക" എന്ന പേരിൽ പ്രസിദ്ധീകരിച്ചത് പരവൂർ ഫൈൻ ആർട്സ് സൊസൈറ്റി ആയിരുന്നു. പിന്നീട് പരവൂർ മണിയംകുളം യൂ.പി.എസ് ന്റെ ശതവാർഷിക സ്മരണികയിൽ പരവൂരിനെ സംബന്ധിച്ചിടത്തോളം എന്നെന്നും സൂക്ഷിക്കേണ്ട ചില വിലപ്പെട്ട ചിത്രങ്ങളും അദ്ദേഹം ചേർക്കുകയുണ്ടായി .

## ശാസ്ത്രരംഗം

ശാസ്ത്രരംഗത്തെ പ്രവർത്തനത്തിന്റെ കാര്യത്തിലും പരവൂരിന്റെ പ്രവർത്തനം മറ്റുള്ളവർക്ക് വഴിക്കാട്ടിയാണ്. മഹാകവി കെ.സി. കേശവപിള്ളയുടെ നേതൃത്വത്തിൽ ഭൂഭ്രമണം, പ്രമാണം മുതലായവ ചില ഗഹനവിഷയങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ഉണ്ടായിരുന്ന അയഥാർത്ഥ ബോധത്തെ നശിപ്പിക്കുന്നതിന് പരിശ്രമങ്ങൾ നടത്തിട്ടുണ്ട്. അതിനായി അദ്ദേഹം ജനങ്ങളെ വിളിച്ച്കൂട്ടി ചർച്ചാക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. ഇന്ന് ഈ പരമ്പര്യം നിലനിർത്തുന്ന തരത്തിൽ ഈ പ്രവർത്തം സന്നദ്ധസംഘടനയായ കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പരവൂരിൽ പ്രവർത്തനം നട

ത്തിവരുന്നു. 1976 ൽ ഗ്രാമ ശാസ്ത്രസമിതി എന്ന പേരിൽ പ്രവർത്തനം ആരംഭിച്ച ശാസ്ത്ര സാഹിത്യ പരിഷത്ത് കൃഷി, വിദ്യാഭ്യാസം, പരിസരം, വ്യവസായം തുടങ്ങിയ വിഷയങ്ങളെ കുറിച്ച ചർച്ചാ ക്ലാസ്സുകൾ നടത്തിട്ടുണ്ട്. കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തിയ നക്ഷത്ര സഹവാസ ക്യാമ്പ് ഏറെ ശ്രദ്ധിക്കപ്പെട്ട ഒന്നാണ്. 1986ൽ പരവൂരിൽ സമാപിച്ച തെക്കൻ കലാജാഥയുടെ സന്ദേശങ്ങൾ പുതിയ തലമുറയ്ക്ക് വഴിക്കാട്ടിയായിതീരുകയും, പരവൂരിലെ വിദ്യാർത്ഥികളിൽ പലരും എഞ്ചിനിയറിംഗ്, വൈദ്യശാസ്ത്രം ഗവേഷണം തുടങ്ങിയ മേഖലകളിൽ പ്രശസ്തരായിതിരുകയും ചെയ്തിട്ടുണ്ട്. ഇന്നും ശസ്ത്രസാഹിത്യ പരിഷത്ത് പരവൂരിന്റെ വികസന പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നു

**കായികസംസ്കാരം**

കായിക സംസ്ക്കാര രംഗത്തും പ്രശസ്തി നേടിയ പ്രദേശമാണ് പരവൂർ. ഫുട്ബോൾ, വോളിബോൾ, ബാൾബാഡ്മിന്റൻ, കബഡി, ഗുസ്തി തുടങ്ങിയ മേഖലകളിൽ കേരളത്തിനകത്തും പുറത്തും പ്രശസ്തി നേടിയ പലരും പരവൂരിലുണ്ടായിരുന്നു. ഈ രംഗത്തു പ്രവർത്തിക്കുന്ന അനേകം ക്ലബുകൾ ഇന്ന് പരവൂരിൽ സജീവമായി രംഗത്തുണ്ട്. ഫുട്ബോൾരംഗത്ത് കുറുപ്പ് സഹോദരൻമാർ തിരുവിതാംകൂറിൽ പ്രശസ്തി നേടിയിരുന്നു. തിരുവനന്തപുരം, കൊല്ലം, കോട്ടയം മേഖലകളിൽ ഏറ്റവും നല്ല കളിക്കാരൻമാരിൽ കേണൽ ഗോദവർമ്മരാജയുടെ പ്രിയം നേടിയ കളിക്കാരനായിരുന്നു ശ്രീ.സദാശിവക്കുറുപ്പ്. ഫുട്ബാൾ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയ രംഗങ്ങളിലെ പരവൂരിന്റെ പ്രശസ്തിവളരുന്നത് 1943- ൽ കോട്ടപ്പുറം ഹൈസ്കൂൾ വിദ്യാർത്ഥികൾ പ്രിൻസ് കാർത്തികതിരുനാൾ ഇന്റർ സ്കൂൾ മത്സരങ്ങളിൽ ഒന്നാം സ്ഥാനം നേടിയതോടെയാണ്. കബഡിയിൽ പെൺകുട്ടികളുടെ ടീം പരവൂരിലുണ്ടായിരിന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. ഗുസ്തിയിൽ കേരളത്തിലെ പ്രശസ്തരായ പലരും പരവൂരിലാണ് ജിവിച്ചിരുന്നത്. ഇവരിൽ പ്രമുഖർ റ്റി.എം. ഖാദർ മലായി ചാമ്പ്യൻ കുമാരപിള്ള, പോളച്ചിറ രാമചന്ദ്രൻ എന്നിവരായിരുന്നു. ഇവരിൽ കുമാരപിള്ള മലയായിൽ വച്ച് പല ഗുസ്തി മത്സരങ്ങളിലും പങ്കെടുത്ത് മലായി ചാമ്പ്യൻ എന്ന ബഹുമതി ബിരുദം നേടിയിരുന്നു.

ചെസ് രംഗത്തും പരവൂർ പ്രശസ്തി നേടിയിരുന്നു. 1960 മുതൽ 75 വരെയുള്ള കാലഘട്ടങ്ങളിൽ 6 പ്രാവിശ്യം കേരള ചാമ്പ്യൻമാർ പദവി നേടിയ വ്യക്തി പരവൂരിലെ എച്ച്. എസ്. തങ്ങൾ ആയിരുന്നു.

"ടേബിൾ ടേന്നിസ് " പരവൂർ പ്രചാരം നേടിയില്ലെങ്കിലും 1960-ൽ "ഫാർഈസ്റ്റേൺ ചാമ്പ്യൻഷിപ്പ്" നേടി ബ്രട്ടീഷ് ഗവമെന്റിന്റെ പ്രശംസ പിടിച്ചു പറ്റിയ ശ്രീ. എൻ. ഗോപാലക്കുറുപ്പ് പരവൂർ സ്വദേശിയാണ്.

ബാൾ ബാഡ്മിന്റണിൽ പരവൂർ മുരളിധരൻ കേരള ടീമീൽ 3 പ്രാവശ്യം ക്യാപ്ടൻസ്ഥാനം അലങ്കരിച്ചിട്ടുണ്ട്. ഗുസ്തി ഇന്ന് അന്യമായെങ്കിലും ഫുട്ബോൾ, ബാൾബാഡ്മിന്റൻ എന്നീ രംഗങ്ങളിൽ ആധിപത്യം ഇന്നും തുടരുന്നു. കലാസാഹിത്യ കായികരംഗങ്ങളിൽ വിലപ്പെട്ട സംഭാവനകൾ നൽകിയ പലരും ഇനിയുമുണ്ട്. കുടുതൽ പഠനങ്ങൾ നടത്തി അവരുടെ സംഭാവനകൾ വിലയിരുത്തേണ്ടതുണ്ട്.

കേരളചരിത്രത്തേയും സംസ്കാരത്തേയും കുറിച്ച് പാഠപുസ്തകങ്ങളിലൂടെ ആധിപത്യം പുലർത്തുന്ന ഔദ്യോഗിക ധാരണകളിലെ പിശകുകൾ തിരുത്തി ഭൂതകാല ചരിത്രത്തിന്റെ വസ്തുനിഷ്ടവും, ശാസ്ത്രീയവുമായ വശങ്ങൾ ചേർത്ത് കേരള സാംസ്കാരിക ചരിത്രവിജ്ഞാനത്തെ ജനാധിപത്യവും മതേതരവുമായ ഒരു കേരള സംസ്കാരം സൃഷ്ടിക്കുന്നതിനുള്ള സമരത്തിന്റെ പ്രത്യയശാസ്ത്രമാക്കിത്തീർക്കാൻ ജനകീയ ആസൂത്രണത്തിലൂടെ നടക്കുന്ന ഇത്തരം പഠനങ്ങൾക്കു കഴിയണം. ഇതിന്റെ മുന്നോടിയായി ഒരു പ്രദേശത്തെ വസ്തുനിഷ്ടമായ സാംസ്കാരിക ചരിത്രം ആ പ്രദേശത്തെ തലമുറകൾക്ക് കൈമാറാനുള്ള ബോധപൂർവ്വമായ ശ്രമം പാഠ്യപദ്ധതിയിലൂടെ കഴിയുകയും വേണം.

പരവൂരിൽ ജീവിച്ചിരിക്കുന്ന ധീരദേശാഭിമാനികളായ കണക്ക് ചെമ്പകരാമൻശങ്കരപിള്ളയുടെ ത്യാഗോജ്ജ്വലമായ ജിവിതത്തിൽനിന്നും ആത്മവീര്യം ഉൾക്കൊണ്ടും, സാമൂഹ്യ പരിഷ്കർത്തവായിരുന്ന കേശവന്റെയും പാത പിൻതുടർന്നുകൊണ്ടും. കേരളത്തിലെ അനശ്വരനായമഹാകവി കെ.സി. കേശവപിള്ളയുടെ പാരമ്പ്യം ഉൾക്കൊണ്ടും, കലാകായിക രംഗത്തു പരവൂരിന് വിലപ്പെട്ട സംഭാവനകൾ നൽകിയ നമ്മുടെ പൂർവ്വികരുടെ സ്മരണകൾ ഉൾക്കൊണ്ടു കൊണ്ടും നമുക്കു മുന്നേറാം. പരവൂരിന്റെ സമഗ്രവികസനത്തിന് ദിശാബോധം നൽകുവാൻ നുറ്റാണ്ടുകാലം പഴക്കമുള്ള നമ്മുടെ ചരിത്ര സാംസ്കാരിക പശ്ചാത്തലം പ്രയോജനത്തിപ്പെടുത്തി വരും തലമുറയ്ക്ക് വഴികാട്ടിയായി ഒരു പുത്തൻവികാസന സംസ്കാരത്തിന് നമുക്ക് അടിത്തറപാകാം. ○

അവലംബം : കാരണസഭ, സംസ്കാരകേരളം ഗവ.പ്രസിദ്ധീകരണം, ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ- നാഗം അയ്യ, പരവൂർ ചരിത്രസ്മരണിക -ഫാസ്, ട്രാവൻകൂർ സ്റ്റേറ്റ്മാനുവൽ -ടി.കെ.വേലുപ്പിള്ള, കേരളപ്പഴമ-എച്ച്. ഗുണ്ടർട്ട്.



# 4. ഭൂപ്രകൃതി

16.19 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയോടെ 24 മുനിസിപ്പൽ വാർഡുകളെ ഉൾക്കൊള്ളുന്ന പരവൂർ കൊല്ലം ജില്ലയുടെ തെക്കൻ അതിർത്തിയിലാണ്. പ്രകൃതിരമണീയമായ കടൽത്തീരവും കായൽ ദൃശ്യങ്ങളുമുള്ള ഇവിടെ കായലും കടലും സംഗമിക്കുന്നു. വടക്കുകിഴക്കുഭാഗത്ത് ചാത്തന്നൂർ പഞ്ചായത്തും കിഴക്കുഭാഗത്ത് പൂതക്കുളം പഞ്ചായത്തും സ്ഥിതിചെയ്യുന്നു. തെക്ക് അതിർത്തിയിലുള്ള ഇടവാ പഞ്ചായത്തിനെ ഇടവാ നടയറക്കായൽ പരവൂരിൽ നിന്ന് വേർതിരിച്ച് നിർത്തിയിരിക്കുന്നു. ഇ ു പഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് കാപ്പിൽ പാലം സ്ഥിതിചെയ്യുന്നു. പടിഞ്ഞാറ് വിശാലമായ പരവൂർ കായലിന്റെ മറുകര മയ്യനാട് പഞ്ചായത്താണ്. NH 47 ൽ നിന്ന് 8 കിലോമീറ്റർ തെക്കുഭാഗത്താണ് പരവൂർ സ്ഥിതി ചെയ്യുന്നത്. ഉത്തരഅക്ഷാംശം 8° 45 നും പൂർവ്വരേഖാംശം 76° 40 നും സ്ഥിതിചെയ്യുന്ന പ്രദേശമാണ് പരവൂർ.

ഭൂപ്രകൃതി അനുസരിച്ച് പരവൂരിനെ മൂന്നു ഭാഗങ്ങളായി തിരിക്കാം.

1) ഉയർന്ന സമതലപ്രദേശങ്ങൾ

2) താഴ്ന്ന സമതലപ്രദേശങ്ങൾ

3) തീരപ്രദേശങ്ങൾ

### 1. ഉയർന്ന സമതലപ്രദേശങ്ങൾ

നെടുങ്ങോലം, ഒഴുകുപാറ, കൂനയിൽ, പെരുമ്പുഴ എന്നീ പ്രദേശങ്ങൾ ഉയർന്ന സമതലപ്രദേശങ്ങളാണ്. മണ്ണ് ചരൽ കലർന്നതും വളക്കൂറുള്ളതുമാണ്. കൃഷിക്ക് വളരെ അനുയോജ്യമായ ഈ ഭാഗങ്ങൾ പ്രത്യേക പരിഗണന അർഹിക്കുന്നു. നെല്ല്, മരച്ചീനി, നാളീകേരം എന്നിവയാണ് ഇവിടത്തെ പ്രധാനവിളകൾ.

പൊതുവിൽ സമതലമാണെങ്കിലും ഇടയ്ക്കിടെ നിമ്നോന്നതങ്ങളുണ്ട്. പാറയിൽകാവ് പരിസരം, മാവിന്റെമൂടിന് കിഴക്ക്, കൃഷിഭവൻ പരിസരം എന്നിവിടങ്ങളിൽ പടർന്ന കാട്ടുപാറ കാണപ്പെടുന്നു. കൃഷിഭൂമിയിൽ തന്നെ ചിലയിടങ്ങളിൽ ഉരുളൻ കല്ലുകൾ കാണപ്പെടുന്നുണ്ട്. മഴക്കാലത്തെ മണ്ണൊലിപ്പ് നിമിത്തം മേൽമണ്ണ് നഷ്ടപ്പെടുന്നതുമൂലം വളക്കൂറു നഷ്ടപ്പെടാനും ഈർപ്പസംഭരണശേഷി കുറയാനും വഴിയുണ്ട്. ചില പ്രദേശങ്ങളിൽ മേൽമണ്ണിന് ഒരു മീറ്ററോളം താഴെ ചറ്റുമണ്ണ് കാണാം. ചീങ്കല്ല് വെട്ടിയെടുക്കുന്ന പതിവുമുണ്ട്. ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 16 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു.

കരമണ്ണിൽ ഏകദേശം 5 മീറ്റർ മുതൽ 10 മീറ്റർ വരെ താഴ്ചയിലാണ് വയലുകൾ. പരവൂരിലുള്ള മൊത്തം ഏലായുടെ ഭൂരിഭാഗവും കൂനയിൽ പ്രദേശത്താണ്. ഇവയിൽ ഒരുപ്പൂഏലാകളും ഇരപ്പൂ ഏലാകളും ഉണ്ട്. നിലങ്ങളിൽ നല്ലൊരു പങ്ക് നികത്തി മറ്റ് കാര്യങ്ങൾക്ക് വിനിയോഗിച്ച് തുടങ്ങി. ഇത് ഭൂഘടനയേയും പരിസ്ഥിതിയേയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ പടിഞ്ഞാറുഭാഗത്ത് ജനസാന്ദ്രത കൂടുതലാണ്.




അവലംബം : പഠനപര്യടനം

### 2. താഴ്ന്ന സമതലപ്രദേശങ്ങൾ

കുറുമണ്ടൽ, കോട്ടപ്പുറം, കോങ്ങാലിന്റെ കിഴക്കുപ്രദേശം എന്നിവിടങ്ങൾ താഴ്ന്ന സമതലപ്രദേശങ്ങളാണ്. മണൽകലർന്ന പശിമരാശി മണ്ണാണ് പൊതുവിൽ കാണപ്പെടുന്നത്. ഈ പ്രദേശം പരവൂരിന്റെ തെക്കുഭാഗത്തായി കിടക്കുന്നു. വേങ്കോട്ട് വയൽപ്രദേശത്ത് വെള്ളമണൽ കാണാം.

ഈച്ചന്റഴികം ഭാഗത്ത് പൊതുവെ ചുവന്ന ചരൽ മണ്ണാണ്. അതേസമയം കുട്ടൂർ പാല ത്തിന് വടക്ക് വെട്ടുകൽമണ്ണും മഞ്ഞമണ്ണും കാണാൻ കഴിയുന്നു. പച്ചക്കറികൃഷിക്ക് സാധ്യത യുണ്ട്.

ജനസാന്ദ്രത ഉയർന്ന ഈ പ്രദേശം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 8 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ, വയലുകൾ എന്നിവ നികത്തപ്പെട്ടതിന്റെ ഫലമായി വേനൽക്കാലത്ത് കഠിനമായ ചൂടും മഴക്കാലത്ത് വെള്ളം മുഴുവൻ വേഗത്തിൽ കടലിലേക്ക് ഒഴുകി പോകുകയും ചെയ്യുന്നു.

തെങ്ങാണ് മുഖ്യവിള. ഇടവിളയായി വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുമുണ്ട്. പ്രദേശവാസികളിൽ ഭൂരിഭാഗവും കാർഷികേതര ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു.




അവലംബം : പഠനപര്യടനം

### 3. തീരപ്രദേശങ്ങൾ

മുനിസിപ്പൽ പ്രദേശത്തിന്റെ ഏറ്റവും പടിഞ്ഞാറ് 8 കിലോമീറ്ററോളം നീളത്തിൽ സമുദ്രതീരമാണ്. സമുദ്രനിരപ്പിൽ നിന്ന് ശരാശരി 4 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. ഈ പ്രദേശത്ത് ഉയർന്ന ജനസാന്ദ്രതയുണ്ട്. പൊതുവെ മണൽ കലർന്ന മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. തെക്കുംഭാഗം പ്രദേശത്ത് മിനറൽസ് കലർന്ന മണ്ണും ഉണ്ട്. പ്രധാനകൃഷി നാളീകേരമാണ്. മറ്റു കൃഷികൾ വളരെ കുറവും. ജനങ്ങളുടെ പ്രധാന തൊഴിൽ മത്സ്യബന്ധനം തന്നെ.

ഏകദേശം 5 ച.കിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന പറവൂർ കായലിൽ കേരളത്തിലെ പ്രധാന നദികളിൽ ഒന്നായി ഇത്തിക്കരയാറ് വന്നു ചേരുന്നു. പ്രകൃതി രമണീയമായ ഈ പ്രദേശത്ത് നിന്നാൽ സൂര്യാസ്തമയം ദർശിക്കാൻ കഴിയും.

### ജലവിഭവങ്ങൾ

മഴയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് പറവൂരിൽ കാലങ്ങളായി നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ മഴയുടെ ഏറ്റക്കുറച്ചിൽ കൃഷിയെ സാരമായി ബാധിക്കുന്നു. വർഷത്തിൽ ശരാശരി 208 സെ.മീ. മഴ ലഭിക്കുന്നു. ജൂൺ-സെപ്തംബർ മാസങ്ങളിലെ കോടമഴക്കാലത്ത് 144 സെ.മീറ്ററും കിഴക്കൻ (ഒക്ടോബർ- ഡിസംബർ) മഴക്കാലത്ത് 51 സെ.മീറ്ററും ഊനമഴക്കാലത്ത് (ജനുവരി-മെയ്) 41 സെ. മീറ്ററും ലഭിക്കുന്നു.

ആകെ 28 കുളങ്ങളുണ്ട്. ഇതിൽ ഏലാകളുമായി ബന്ധപ്പെട്ടവയും ക്ഷേത്രക്കുളങ്ങളും പെടും. തെക്കുകിഴക്ക് ഇടവ നടയറക്കായലും പടിഞ്ഞാറ് വിശാലമായ പറവൂർ കായലും ഇരുകായലും കൂടി ഏകദേശം 8 ച. കി.മീറ്റർ വിസ്തൃതിയിലുണ്ട്. തെക്കുംഭാഗം മുതൽ മൂക്കം വരെ 8 കി.മീ. സമുദ്രതീരം.

ആകെയുള്ള 13 തോടുകളും ഏലാകളുമായി ബന്ധപ്പെട്ടവയാണ്. ഇവയിൽ ക്ലാവറ വയലിന്റെ പടിഞ്ഞാറെ തോടുമാത്രമെ ഉറവ വറ്റാത്തതുള്ളു. ഉപരിതല ജലസ്രോതസ്സുകൾ കുറവാണ്. ഉയർന്ന പ്രദേശങ്ങളിലെ ജലലഭ്യത ശരാശരി 22.5 കി.മീ. ആഴത്തിലാണ്. താഴ്ന്നപ്രദേശങ്ങളിൽ 3 മീ. താഴ്ചയിൽ ജലം ലഭ്യമാണ്.

### ജനപ്രകൃതി

1991 ലെ കാനേഷുമാരി പ്രകാരം പറവൂരിലെ ജനസംഖ്യ 37185 ആണ്. ഇതിൽ സ്ത്രീകൾ 19276 പേരുള്ളപ്പോൾ പുരുഷന്മാരുടെ എണ്ണം 17999 മാത്രം. ഇവർ ഏകദേശം 10000 വീടുകളിലായി അധിവസിക്കുന്നു. ശരാശരി വീടൊന്നിന് 5 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 5.6 ആണ്.

## വാർഡുതിരിച്ചുള്ള ജനസംഖ്യാവിവരം

പട്ടിക -1

| വാർഡ് | ജനസംഖ്യ (കാനേഷുമാരി -1991) | | |
|---|---|---|---|
| നമ്പർ | പുരുഷൻമാർ | സ്ത്രീകൾ | ആകെ |
| 1 | 734 | 863 | 1597 |
| 2 | 584 | 590 | 1174 |
| 3 | 687 | 796 | 1483 |
| 4 | 1104 | 1090 | 2104 |
| 5 | 831 | 876 | 1107 |
| 6 | 812 | 849 | 1661 |
| 7 | 773 | 830 | 1603 |
| 8 | 798 | 891 | 1689 |
| 9 | 903 | 979 | 1882 |
| 10 | 692 | 727 | 1457 |
| 11 | 718 | 827 | 1545 |
| 12 | 858 | 952 | 1810 |
| 13 | 910 | 942 | 1852 |
| 14 | 903 | 1037 | 1940 |
| 15 | 743 | 844 | 1587 |
| 16 | 845 | 832 | 1677 |
| 17 | 561 | 618 | 1179 |
| 18 | 529 | 580 | 1109 |
| 19 | 690 | 608 | 1298 |
| 20 | 923 | 1018 | 1941 |
| 21 | 610 | 532 | 1142 |
| 22 | 729 | 726 | 1455 |
| 23 | 659 | 784 | 1443 |
| 24 | 403 | 447 | 880 |
| ആകെ | 1799 | 19276 | 37185 |

ജനസാന്ദ്രത (ച. കി. മീറ്ററിന്) : 2468

ഈ വർഷത്തെ പ്രതീക്ഷിത ജനസംഖ്യ : 39960 ആണ്

സാക്ഷരതാ നിരക്ക് : 90.2% ആണ്

നിരക്ഷരരുടെ ആകെ എണ്ണം : 5198 ഇതു സംബന്ധ മായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക – 2

**നിരക്ഷരരുടെ സ്ഥിതിവിവരക്കണക്ക്**

| പ്രായം | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| 60 നു മുകളിൽ | 548 | 194 | 742 |
| 60 നു താഴെ | 2260 | 1395 | 3655 |
| പട്ടികജാതി | 502 | 299 | 801 |

അവലംബം : സാക്ഷരതാ സർവ്വേ

യുവജനങ്ങളിൽ 75 ശതമാനവും എസ്.എസ്.എൽ.സി. പാസ്സായവരാണ്. 30% പേർ പ്രീഡിഗ്രിയും 20% പേർ ബിരുദധാരികളുമാണ്. 5% ബിരുദാനന്തര ബിരുദധാരികളുമാണ്. സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർ 20% പേരുമാണ്. സ്ത്രീ സാക്ഷരതാനിരക്ക് പുരുഷൻമാരെക്കാൾ കുറവാണ്. തൊഴിലെടുക്കുന്നവരുടെ എണ്ണം 11155 (30%) ആണ്. ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്നവർക്ക് സ്ഥിരമായി തൊഴിൽ നൽകാൻ കഴിയുന്ന മേഖലകൾ കുറവാണ്. അതുകൊണ്ട് ഭൂരിഭാഗം പേരും പലവിധ തൊഴിലുകളിൽ ഏർപ്പെടുന്നു. (തൊഴിലെടുക്കുന്നവരെ സംബന്ധിക്കുന്ന പട്ടിക(പട്ടിക –3) കാണുക). കണക്കുകളെ അടി സ്ഥാനമാക്കിയാൽ തൊഴിലെടുക്കുന്ന സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരുടെ എണ്ണം കൂടുതലാണ്. പക്ഷേ ഗൃഹവുമായി ബന്ധപ്പെട്ട് സ്ത്രീകൾ നിർവ്വഹിക്കുന്ന ജോലി കണക്കുകൾക്ക് അതീതമാണ്. അതു പരിഗണിക്കാതെ പോകുന്നത് ശരിയായ വിലയിരുത്തലല്ല.

**പട്ടിക –3 കൃഷിക്കാരുടെയും തൊഴിലാളികളു ടെയും എണ്ണം മേഖല തിരിച്ച്**

അവലംബം :ട്രേഡ് യൂണിയനുകളിൽ നിന്ന് ലഭിച്ചത്

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ | % ൽ |
|---|---|---|---|---|
| കൃഷിക്കാർ | 3013 | 2021 | 5134 | 12.84 |
| കർഷക തൊഴിലാളികൾ | 1250 | 550 | 1800 | 4.5 |
| മത്സ്യബന്ധനം | 2670 | – | 2678 | 6.67 |
| മൃഗപരിപാലനം | 2758 | 1250 | 4008 | 10.02 |
| മണൽവാരൽ | 156 | 8 | 164 | 0.41 |
| കുടിൽവ്യവസായം | 769 | 831 | 1600 | 4.00 |
| കുടിലേതര വ്യവസായം | 429 | 356 | 785 | 1.96 |
| നിർമ്മാണ ത്തൊഴിലാളികൾ | 1838 | 612 | 2450 | 6.13 |
| വാണിജ്യം | 1516 | 220 | 1736 | 4,34 |
| ഗതാഗതവും വാർത്താവിനിമയവും | 1608 | 92 | 1700 | 4.25 |
| മറ്റു സേവനരംഗം | 216 | 228 | 444 | 1.1 |
| ആകെ | 14800 | 6168 | 21668 | |

എണ്ണം താരതമ്യേന കുറവാണ് അതുകൊണ്ട് ഈ മേഖലയിൽ തൊഴിലാളിക്ഷാമം അനുഭവപ്പെടുന്നുണ്ട്. പരമ്പരാഗത വ്യവസായമേ ഖലയിലാണ് കൂടുതൽ ആളുകൾ പണിയെടുക്കു ന്നത്.

വിശ്വാസപ്രമാണങ്ങളിൽ വൈവിധ്യം വച്ചുപുലർത്തുന്നുണ്ടെങ്കിലും ഏകരൂപ്യത്തോടെ കഴിയുന്നതിന് ഇവിടത്തെ ജനത മുൻപന്തിയിൽ തന്നെ. ജനസംഖ്യയിൽ ഭൂരിപക്ഷം ഹിന്ദുക്കളാണ്. മതത്തിന്റെ പേരിലുള്ള ചേരിതിരിവുകളില്ല. മതപരമായ സംഘർഷങ്ങൾ ഇവിടെ അന്യമാണ്. മൊത്തം ജനസംഖ്യയിൽ 70.5% പേർ ഹിന്ദുക്കളും 28% പേർ ഇസ്ലാമുകളും 1.5% പേർ ക്രിസ്ത്യാനികളുമാണ്. ഇതിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടത് 11.2%(4373 പേർ) ആണ്. പട്ടികവർഗ്ഗക്കാരില്ല.

മൊത്തം കർഷകരിൽ 5097 പേർ നാമമാത്ര കർഷകരാണ്. ചെറുകിട കർഷകർ 37 പേർ ഉള്ളപ്പോൾ വൻകിട കർഷകർ ആരും തന്നെയില്ല. കൃഷിയെ ഏക ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവർ നന്നെ കുറവാണ്.

## ജൈവസമ്പത്ത്

പരവൂർ മേഖലയിൽ ഏറ്റവും കൂടുതലായി കൃഷി ചെയ്യുന്നത് തെങ്ങാണെങ്കിലും ഇതരഫലവൃക്ഷങ്ങളും കുറവല്ല. മാവ്, പ്ലാവ്, പുളി എന്നിവ വ്യാപകമായുണ്ട്. ഒരുകാലത്ത് നാട്ടിൻപുറത്തുകാരുടെ കല്പവൃക്ഷമായിരുന്ന പുന്നമരം ഏതാണ്ട് പൂർണ്ണമായും അപ്രത്യക്ഷമായിരിക്കുന്നു. ഞവര, തുളസി, തഴുതാമ, കുറുന്തോട്ടി, കസ്തൂരി മഞ്ഞൾ, കറുക പ്പുല്ല്, ആടലോടകം, കിരിയാത്ത്, കൊടുത്തുവ, കൈതോന്നി, കീഴാർനെല്ലി, ഉമ്മം, കരുന്നച്ചിയില, മൂടില്ലാത്താളി, കുടങ്ങൽ, നീരുറ്റി, നമ്പ്യാർവട്ടം നറുനണ്ടി, ബ്രഹ്മി, മുത്തങ്ങ, കൊടുവേലി തുടങ്ങി നിരവധി ഔഷധസസ്യങ്ങൾ ഇവിടെ കാണാൻ കഴിയുന്നു.

പുരയിട ആവാസ വ്യവസ്ഥ ആകെ തകിടം മറിഞ്ഞിരിക്കുന്നു. പാറയിൽക്കാവ്, മാലാക്കാവ്, ആയിരവില്ലി, കടുവാപ്പൊയ്ക, യക്ഷിക്കാവ് എന്നിവിടങ്ങളിലുണ്ടായിരുന്ന ചെറുവനങ്ങൾ ഇന്നില്ല. ആയിരവില്ലിയിൽ മാത്രം ഏതാനും മരങ്ങളുണ്ട്. എന്നിരിക്കിലും, ഈ ക്ഷേത്രപരിസരത്ത് വസിക്കുന്ന നൂറുകണക്കിന് വാവലുകൾ കൗതുകകരമാണ്. പക്ഷേ, അവയ്ക്ക് ഏറെക്കാലം അവിടെ കഴിഞ്ഞു കൂടാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ ഉരുത്തിരിഞ്ഞു വരുന്നത്. നഷ്ടപ്പെടുത്തിയ വൃക്ഷങ്ങൾക്ക് പകരം അനുയോജ്യമായവ വച്ചു പിടിപ്പി ക്കേണ്ടിയിരിക്കുന്നു. മഹാഗണിയടക്കമുള്ള വൻവൃക്ഷങ്ങൾ വളർത്തി സന്തുലിതാവസ്ഥ നിലനിർത്തേണ്ടതുണ്ട്.

സമുദ്രഭാഗങ്ങളിൽ സുലഭമായി ലഭിച്ചിരുന്ന പരവ മത്സ്യം ഇന്ന് വിരളമായി മാത്രമേ ലഭിക്കുന്നുള്ളൂ.

കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ

## ഭൂവിനിയോഗം

പരവൂരിലെ കൃഷിഭൂമി 5181.13 ഏക്കറാണ്. 1188.60 ഏക്കർ കായൽ, റോഡ്, റയിൽവേ അടക്കമുള്ള പുറമ്പോക്ക് ഭൂമിയാണ്.

ഭൂവിനിയോഗത്തെക്കുറിച്ചുള്ള വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക -4

**ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച വിവരങ്ങൾ**

വിസ്തീർണ്ണം (ഏക്കറിൽ)

| പുരയിടം | നിലം | പുറമ്പോക്ക് | ആകെ |
|---|---|---|---|
| 3540.52 | 452.01 | 1188.60 | 5181.3 |

അവലംബം: റവന്യു സെറ്റിൽമെന്റ് രേഖ

പട്ടിക -5

ഉടമസ്ഥരുടെ എണ്ണം

| 1-10 സെന്റ് | 10-25 സെന്റ് | 25-50 | 50-100 | 1-2 ഏക്കർ | 2-5 ഏക്കർ | 5 ഏക്കറിനു മുകളിൽ |
|---|---|---|---|---|---|---|
| 12284 | 5084 | 1783 | 119 | 115 | 44 | 8 |

അവലംബം : വില്ലേജ് രേഖ

പട്ടിക -6

പുറമ്പോക്കു സംബന്ധിച്ചത്

വിസ്തീർണ്ണം (ഏക്കറിൽ)

| റോഡ് | തോട് | കുളം | പുഴ | റയിൽവേ | റവന്യു | ആകെ |
|---|---|---|---|---|---|---|
| 51.06 | 29.71 | 4.27 | 15.81 | 53.81 | 1043.94 | 1188.60 |

അവലംബം : വില്ലേജ് രേഖ

### ഭൂവിനിയോഗം




മുനിസിപ്പാലിറ്റിയിലെ ഭൂവുടമകളിൽ ഏറിയ പങ്കും 25 സെന്റിൽ താഴെ മാത്രം ഉള്ളവരാണ്. അഞ്ചേക്കറിനു മുകളിൽ ഭൂമിയുള്ളവർ വളരെ കുറവാണ്.

# 5. വികസനമേഖലകൾ



## 5.1 കൃഷി, ജലസേചനം

പരവൂർ ഒരു കാർഷിക പ്രദേശമാണ്. പ്രധാന വിളകൾ നെല്ല്, നാളികേരം, മരച്ചീനി , ഇതര കിഴങ്ങു വർഗ്ഗങ്ങൾ , കുരുമുളക് എന്നിവയാണ് 3540.52 ഏക്കർ കരഭൂമിയും 452.01 ഏക്കർ നിലവു മുൾപ്പെടെ 3992.53 ഏക്കർ കൃഷി ഭൂമിയാണ് ഇവിടെയുളളത്.

നെല്ലിനിടവിളയായി എള്ള്, കൂവരക്, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തിരുന്നു. അറബിക്കടലിനെ തൊട്ടുരുമിക്കിടക്കുന്ന പരവൂർ ഉയർന്ന സമതലപ്രദേശവും താഴ്ന്ന സമതല പ്രദേശവും തീരപ്രദേശവും അടങ്ങിയതാണ്.

ആകെ കൃഷിഭൂമിയുടെ 75% ഭാഗത്തും കൃഷി ചെയ്തിരുന്നു. ഇതിൽ 20% ഭാഗം നെൽകൃഷിയും 38% നാളികേരവും ബാക്കിയുള്ള ഭാഗങ്ങളിൽ മരച്ചീനി, ഇതര കിഴങ്ങു വർഗ്ഗങ്ങൾ, കൂവരക്, എള്ള്, മുതിര, പയറുവർഗ്ഗങ്ങൾ, വാഴ എന്നിവയും കൃഷി ചെയ്തിരുന്നു.

ഏകദേശം 836 ഏക്കറിൽ തെങ്ങും , 425 ഹെക്ടറിൽ മരച്ചീനിയും 50 ഹെക്ടറിൽ നെല്ലും കൃഷി ചെയ്യുന്നു.

പട്ടിക- 1 കാണുക.

**വിള : വിസ്തീർണ്ണവും ഉല്പാദനവും**

അവലംബം : കൃഷിഭവൻ രേഖ

| വിള വിസ്തീർണ്ണം(ഹെ) | ഉല്പാനം(കി.ഗ്രാം) | ഉല്പാദനക്ഷമത (ഹെ) |
|---|---|---|
| നെല്ല് (ഒന്നാംവിള) 25 | 76500 | 3060 |
| നെല്ല്(രണ്ടാംവിള) 25 | 84150 | 3366 |
| പയർ 15 | 3000 | 200 |
| പച്ചക്കറികൾ 5 | 10000 | 2000 |
| തെങ്ങ് 836 | 4389000 | 5250 |

| വിള | | എണ്ണം | എണ്ണം |
|---|---|---|---|
| വാഴ | 42 | 63.MT | 15M.T |
| മരച്ചീനി | 425 | 6375M.T | 15M.T |
| കുരുമുളക് | 15 | 3300 k.g | 220 k.g |
| പ്ലാവ് | 3 | 30M.T | 10M.T |
| കശുമാവ് | 5 | 4M.T | 800 k.g |
| മാവ് | 2 | 5M.T | 2.5M.T |
| കവുങ്ങ് | 5 | 50000 | 10000 |

കുരുമുളക്കൃഷിയിൽ വളരെ പ്രശസ്തി നേടിയ പ്രദേശമായിരുന്നു പരവൂർ. ഈ കറുത്ത പൊന്ന്ശേഖരിക്കിന്നതിന് ഇംഗ്ലീഷുകാർ ഇവിടെ പണ്ടകശാല കെട്ടിയിരുന്നതായി ചരിത്രരേഖകളിൽ കാണുന്നു. ഇതേ കാലാവസ്ഥയുള്ള സമുദ്രാന്തര ഭാഗങ്ങളിലും കുരുമുളക് കൃഷി ആരംഭിച്ചതു കൊണ്ടാകാം ഈ രംഗത്ത് പരവൂരിന്റെ പ്രാമാണികത കുറഞ്ഞത്.

കൃഷിഭൂമി പണ്ട് പാട്ടത്തിനു നല്കുന്ന പതിവുണ്ടായിരുന്നു. ഇങ്ങനെ കൃഷി ചെയ്യുന്നവർ ജന്മിക്ക് വിളവിന്റെ ഒരു ഭാഗം നൽകുകയാണ് പതിവ്. പന്തികൃഷിയും പാതിയാരക്കൃഷിയും ഒറ്റി-കുഴിക്കാണവും അന്ന് നിന്ന ചില സമ്പ്രദായങ്ങളാണ്.

കർഷകർ ഏറെ ശ്രദ്ധ പതിപ്പിച്ചിരുന്നത് നെൽകൃഷിയിലായിരുന്നു. ചെറുവല്ലിയാര്യൻ, ചമ്പാവ്, കുനപ്പൻ, പടപ്പൻ, ചുവന്നറാവെള്ള, പടപ്പൻ വെള്ള, തവളക്കണ്ണൻ, ചെറുവിത്ത് എന്നിവയായിരുന്നു അന്ന് വ്യാപകമായി ഉപയോഗിച്ചിരുന്ന വിത്തിനങ്ങൾ. കരനെൽകൃഷിക്ക് ഉപയേഗിച്ചിരുന്നത് കുനുപ്പൻ, പടപ്പൻ, ഞവരവിത്ത് എന്നിവയായിരുന്നു. ഇടവിളയായി പയർ, ഉഴുന്ന്, എള്ള് തുടങ്ങി യവയുടെ കൃഷി വ്യാപകമായിരുന്നു. ഏതാണ്ട് 10 വർഷം മുമ്പുവരെ പ്രധാന വളപ്രയോഗം ജൈവവളമായിരുന്നു. വട്ടയിലയും

പേഴും, ജൈവവള ലഭ്യതയ്ക്കായി വളർത്തിപ്പോന്നു.

ഏലാകൾക്ക് തലച്ചിറകൾ പണ്ടു മുതൽക്കേ ഉണ്ടെങ്കിലും ജലസേചനം മഴയെ ആശ്രയിച്ചായിരുന്നു. കുളങ്ങളിലെ ജലം തോടുകളിലൂടെ ഏലാകളുടെ എല്ലാ ഭാഗത്തും എത്തിച്ചിരുന്നു. ഓലയും കമ്പും ഉപയോഗിച്ച് കെട്ടുന്ന തടയണകൾ ഉപയോഗിച്ച് തോടുകളിൽ താല്കാലിക ജലസംഭരണികൾ നിർമ്മിച്ച് ജലം ആവിശ്യമുള്ള ഭാഗങ്ങളിലേക്ക് തിരിച്ചുവിടുന്നതിൽ കർഷകർ ശ്രദ്ധിക്കുകയും ചെയ്തു. വെള്ളം തേവുന്ന പതിവും നിലവിലിരുന്നു.

നെല്പാടങ്ങളിൽ ഇടവിളയായി മുതിര മറ്റ് പയർ വർഗ്ഗങ്ങൾ, ഉഴുന്ന്, എള്ള്, കുവരക് എന്നിവ സർവ്വസാധാരണമായി ചെയ്തിരുന്നു. പശുമൺ ഏല, ക്ലാവറഏല, മാങ്ങാക്കുന്ന്വയൽ എന്നിവിടങ്ങളിൽ ഇടവിളയായി ചേമ്പ് കൃഷി ചെയ്തിരുന്നു; വേങ്കോട്ട് വയലിൽ മരച്ചീനിയും.

നിലം ഉഴുന്നതിന് പൂർണ്ണമായും ഉപയോഗിച്ചിരുന്നത് കാളയും കലപ്പയും തന്നെ. നൂറിലധികം ഉഴുവുകാരുണ്ടായിരുന്ന അന്ന് ശരാശരി അൻപതു ജോഡികാളയും അതിനാവിശ്യമായ ഉപകരണങ്ങളും രംഗത്തുണ്ടായിരുന്നു.

പശുമൺ, പന്നിക്കുളം ഏലാകളുടെ കരയിൽ വെറ്റിലകൃഷി വ്യപകമായിരുന്നു. കീടങ്ങളെ നേരിടാൻ ചേരുമരത്തിന്റെ ഇല, എലിയെ കുടുക്കാൻ മുളംകുറ്റിവില്ല് എന്നിവ അന്ന് കർഷകന്റെ ആയുധങ്ങളായിരുന്നു.

കാർഷികോല്പന്നങ്ങൾ പ്രധാനമായും വിറ്റഴിച്ചിരുന്നത് പരവൂർ കമ്പോളത്തിൽ തന്നെ. ഈ കമ്പോളം ജില്ലയിലെ പ്രധാന കമ്പോളങ്ങളിലൊന്നായി ഇന്നും തുടരുന്നു.

## കൃഷി- ഇന്നത്തെ അവസ്ഥ

മുൻകാലങ്ങളെ അപേക്ഷിച്ച് ഭൂവിനിയോഗത്തിൽ വന്ന മാറ്റം വളരെ വലുതാണ്. കൃഷിഭൂമിയുടെ നല്ലൊരു പങ്ക് കെട്ടിടനിർമ്മാണമടക്കമുള്ള ഇതര ആവശ്യങ്ങൾക്ക് വിനിയോഗിച്ചു. അതുമൂലം കൃഷിഭൂമി ഗണ്യമായി കുറഞ്ഞു. കൂട്ടുകുടുംബ വ്യവസ്ഥ അണുകുടംബ വ്യവസ്ഥയ്ക്കു വഴിമാറി യതോടെ, വിശാലമായ പുരയിടങ്ങൾ തുണ്ടുഭൂമികളായി മാറിയത് മറ്റൊരു കാരണമാണ്.

മഴയെ ആശ്രയിച്ചു മാത്രമുള്ള കൃഷി 'സീസൺ വർക്ക്' മാത്രമായി ചുരുങ്ങുന്നതിനാൽ ആൾക്കാർ സ്ഥായിയായി മറ്റു വരുമാന മാർഗ്ഗങ്ങൾ തേടിപ്പോകാൻ തുടങ്ങി. അത് കർഷകതൊഴിലാളികളുടെ ലഭ്യതയ്ക്ക് കുറവുവരാൻ കാരണമായി. മഴയുടെ ലഭ്യതയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലും കാലതാമസവും മൂലം സംഭവിക്കുന്ന ഉല്പാദന തകർച്ച നല്ലൊരുപങ്ക് കർഷകരെ ഈ മേഖലയിൽ നിന്ന് പിന്നോക്കം പിടിച്ചു. കർഷകമേഖലയെ അപേക്ഷിച്ച് മറ്റു മേഖലയിലെ കൂലിക്കൂടുതൽ തൊഴിലാളികളെ അങ്ങോട്ട് ആകർഷിക്കുകയും ചെയ്യുന്നു.

കൃഷിച്ചെലവും ഉല്പന്നങ്ങളുടെ വിലയും മിക്കപ്പോഴും ഒത്തുപോകുന്നില്ല. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സ്ഥായിയായ സംവിധാനം ഇല്ലാത്തത് ഒരു പ്രധാന പ്രശ്നമാണ്.

നിലംനികത്തൽ വ്യാപകമായതിനെത്തുടർന്ന് നെൽക്കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം 50 ഹെക്ടറായി ചുരുങ്ങി. ഇരുപ്പൂക്കൃഷിയാണ് തുടർന്നു വരുന്നത്. രണ്ടുപൂവിലുംകൂടി 160.650 ടൺ നെല്ല് ഉല്പാദിപ്പിക്കുന്നു. ഒന്നാംവിളയെ അപേക്ഷിച്ച് രണ്ടാംവിളയിലാണ് ഉല്പാദനം കൂടുതൽ 84.150 ടൺ. ഉല്പാദനക്ഷമത ഹെക്ടർ ഒന്നാംവിളയിൽ 3060 കിലോഗ്രാമും രണ്ടാംവിളയിൽ 3366 കിലോഗ്രാമുമാണ്.

മുൻകാലങ്ങളിൽ വൻതോതിൽ കൃഷിചെയ്തിരുന്ന എള്ള് കൂരവ് എന്നിവ ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. രാജകീയ പ്രൗഢിയോടെ നിലനിന്നിരുന്ന കുരുമുളക് കൃഷി ഇന്ന് നാമമാത്രമായി 15 ഹെക്ടറിലായി 3300 കിലോഗ്രാം കുരുമുളക് ഉല്പാദിപ്പിക്കുന്നു. പച്ചക്കറി എളിയ തോതിൽ മാത്രം.

വയൽ നികത്തി തെങ്ങുവയ്ക്കാൻ തുടങ്ങിയതോടുകൂടി നാളീകേര കൃഷിയുടെ വിസ്തൃതി വർദ്ധിച്ചു പക്ഷേ, വേനൽക്കാലത്ത് കഠിനമായ ചൂടിനെ അതിജീവിക്കുവാൻ കഴിയാത്തതുമൂലം, വയൽ നികത്തി വയ്ക്കുന്ന തെങ്ങുകൾ ഉല്പാദനത്തിൽ പിന്നോക്കം പോകുകയും നശിക്കുകയും ചെയ്യുന്നുണ്ട്. 836 ഹെക്ടറിൽ നടത്തുന്ന തെങ്ങുകൃഷിയിൽനിന്ന് പ്രതിവർഷം 43,89000 നാളീകേരം ഉല്പാദിപ്പിക്കുന്നു. 425 ഹെക്ടറിൽ കൃഷിചെയ്യുന്ന മരച്ചീനിയുടെ ഉല്പാദനം ഹെക്ടറിൽ ശരാശരി 15 മെട്രിക് ടൺ ആണ്. മരച്ചീനി പരവൂർ മാർക്കറ്റിൽ ധാരാളം വിറ്റഴിക്കപ്പെടുന്നുണ്ട്. മാവ്, കശുമാവ്, പ്ലാവ്, കവുങ്ങ് എന്നിവയും കൃഷി ചെയ്യുന്നുണ്ട്.

## കൃഷിഭവന്റെ പ്രവർത്തനം

ഒരു ഓഫീസറും മൂന്ന് അസിസ്റ്റന്റുമാരുമുള്ള കൃഷിഭവന്റെ പ്രവർത്തനം നിലവിൽ തൃപ്തികരമല്ല. അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സാധാരണ കർഷകർക്ക് അറിവില്ലാത്തതിനാൽ നല്ലൊരു പങ്ക് കൃഷിക്കാർക്ക് കൃഷിഭവൻ അന്യമാണ്.

1996-97 സാമ്പത്തിക വർഷത്തിൽ കൃഷിഭവൻ നടത്തിവരുന്ന സമഗ്രനാളീകേരവികസനപദ്ധതിയിലൂടെ കിണർ, പമ്പ്സെറ്റ്, പച്ചിലവളം, വിത്ത്, തെങ്ങുകയറ്റയന്ത്രം, സ്പ്രെയർ എന്നിവ വിതരണം ചെയ്യുന്നതിനും പരിശീലന പരിപാടിക്കുമായി 96000 രൂപ ചിലവഴിക്കുന്നു. ബയോ

ഗ്യാസ് നിർമ്മാണപദ്ധതി സുഗന്ധവിള വികസന പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. ഇഞ്ചിക്കൃഷി അടക്കമുള്ള സുഗന്ധവിളവികസനത്തിന് 17230 രൂപ അനുവദിക്കും. പെരുമ്പുഴ, വെട്ടിക്കുന്നുവിള പ്രദേശങ്ങളിലെ പട്ടികജാതി കർഷകർക്കായി പ്രത്യേകഘടക പദ്ധതി നടപ്പുവർഷത്തിലുണ്ട്. കശുമാവ് കൃഷി, വെറ്റിലകൃഷി എന്നിവയുടെ വികസനത്തിന് കൃഷി ഭവൻ നാമമാത്രമായി ഇടപെടുന്നു. പയറു വർഗ്ഗ വിളകളുടെ വികസനത്തിനും പച്ചക്കറിക്കൃഷിക്കും ആവശ്യമായ വിത്ത്-വള-കീടനാശിനി വിതരണം ചെയ്യുന്ന പദ്ധതിയും നിലവിലുണ്ട്. കൊപ്രാ സംസ്കരണ യൂണിറ്റ് ഭക്ഷ്യസംസ്കരണ യൂണിറ്റ് എന്നിവയും കൂട്ടത്തിലുണ്ട്. കൂടാതെ, ഡ്രിപ്പ് ഇറിഗേഷൻ, യന്ത്രവൽക്കരണം തുടങ്ങിയവ ഊർജ്ജിതപ്പെടുത്തുന്നുണ്ട്. 50% സബ്സിഡിയോടുകൂടി കാർഷികോപകരണങ്ങൾ വിതരണം ചെയ്യും.

പദ്ധതികൾ നിരവധി ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ വിനിയോഗിക്കപ്പെടുന്നില്ല. സാധാരണ കർഷകരുടെ അറിവില്ലായ്മമൂലം അർഹരായ പലരും ഇത് പ്രയോജനപ്പെടുത്തുന്നില്ല.

പട്ടിക -2

**സഹകരണ സംഘങ്ങൾ വഴി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിറ്റഴിച്ച രാസവളം**

| 1993-94 | 1994-95 | 1995-96 |
|---|---|---|
| 25336 kg | 13264 kg | 10884 Kg. |

അവലംബം : കൃഷിഭവൻ രേഖ

പട്ടിക - 3

1993-94, 1994-95, 95-96 വർഷങ്ങളിൽ വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരം.

എണ്ണം

| ഇനം | 1993-94 | 94-95 | 95-96 |
|---|---|---|---|
| തെങ്ങ് | 710 | 1350 | 1090 |
| കശുമാവ് | - | 80 | - |
| കുരുമുളക് വള്ളി | 3000 | 12500 | 12000 |
| പയർ വർഗ്ഗങ്ങൾ | 428kg | 287 Kg | 168Kg |
| നെൽവിത്ത് | 310 Kg | 240 Kg | 50 Kg |
| വാഴ | - | - | 410 |

അവലംബം : കൃഷിഭവൻ രേഖ

മുൻവർഷങ്ങളിൽ നടന്ന ദുരിതാശ്വാസ വിതരണത്തിന്റെ വിവരങ്ങൾ

പട്ടിക -4

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | |
|---|---|---|---|
| | വെള്ളപ്പൊക്കം | സഹായം ലഭിച്ചവരുടെ എണ്ണം | ലഭിച്ച തുക |
| 1994-95 | 10.59 | 22 | 4236 രൂപ |
| 1995-96 | 12.56 | 12 | 13700 " |

അവലംബം : കൃഷിഭവൻ രേഖ

## കർഷക സംരംഭങ്ങൾ

കേരകർഷക സമിതി യംഗ് ഫാർമേഴ്സ് ക്ലബ്ബ് എന്നിവ നിലവിലുണ്ടായിരുന്നെങ്കിലും ഇന്ന് പ്രവർത്തനക്ഷമമല്ല.

## രോഗങ്ങൾ

തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, മണ്ടചീയൽ, കാറ്റുവീഴ്ച, വേരുചീയൽ, ഓലമഞ്ഞളിപ്പ് എന്നിവ സാധാരണയായി കണ്ടുവരുന്നു. മണ്ടയടപ്പുരോഗം വാഴക്കൃഷിയെ സാരമായി ബാധിക്കുന്നു.

## കീടബാധ

കീടബാധ നെൽകൃഷിയെയും പച്ചക്കറിക്കൃഷിയെയും സാരമായി ബാധിക്കുന്നു. ചാഴി, തണ്ടുതുരപ്പൻ പുഴു, ഇലചുരുട്ടിപ്പുഴു, മുഞ്ഞ എന്നിവ നെല്ലിനെ നശിപ്പിക്കുന്നു. കൊമ്പൻ ചെല്ലിയുടെയും എലിയുടെയും ശല്യം തെങ്ങുകൃഷിയ്ക്ക് ഭീഷണിയാണ്. പൂങ്കുലയിൽത്തന്നെ സ്ഥാനം പിടിച്ച് വളർന്ന് മാങ്ങയെ നശിപ്പിക്കുന്ന ചെറുപ്രാണികളുണ്ട്. പാവൽ, പടവലം, മത്തൻ, ചീര തുടങ്ങിയവും രൂക്ഷമായ കീടശല്യത്തെ നേരിടുന്നു.

## കൂലി സേവന വ്യവസ്ഥകൾ

കൊയ്ത്തിനും മെതിക്കും പഴയകാലത്ത് നെല്ല് തന്നെയാണ് കൂലിയായി കൊടുത്തിരുന്നത്. ഇന്ന് 'പതം' പണത്തിന് വഴിമാറി. കൊയ്ത്തും മെതിയും ദിവസക്കൂലിയിലേയ്ക്ക് കടന്നുകൊണ്ടിരിക്കയാണ്. ഉഴവുനിലത്തിന്റെ വിസ്തൃതി കണക്കാക്കിയാണ് (ഒരുപറ നിലത്തിന് ചാലിന് ഇത്ര) കൂലി കൊടുക്കുക. തേങ്ങയിടുന്നതിന് കൂലിത്തേങ്ങ (കൊയ്യാൽ) ആണ് സർവ്വസാധാരണമാണ്. ദിവസക്കൂലിയും നിലവിലുണ്ട്.

കൂലിവ്യവസ്ഥയെ സംബന്ധിക്കുന്ന വിശദമായ കണക്ക് പട്ടിക-7 ൽ ചേർക്കുന്നു.

461

പട്ടിക -5

**തെങ്ങുകൃഷിയെ സംബന്ധിച്ച വിവരങ്ങൾ**

| വിസ്തീർണ്ണം | തെങ്ങ് | | | എണ്ണം | | | | | |
|---|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റൂട്ട് | ബട്ട് റൂട്ട് | സ്റ്റം ബ്ലീഡിംഗ് | മറ്റുള്ളവ | അകെ |
| | ഹെക്ടർ | ഹെക്ടർ | ഹെക്ടർ | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം | എണ്ണം |
| 836 | 100 | 736 | 836 | 2000 | 25000 | 49000 | ഇല്ല | 20000 | 96000 |

അവലംബം : കൃഷിഭവൻ രേഖ

പട്ടിക -6

**വിതരണം ചെയ്ത കാർഷികോപകരണങ്ങളുടെ വിവരം**

| നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | തെങ്ങു കയറ്റ യന്ത്രം |
|---|---|---|---|
| 25 | 6 | 10 | 2 |

അവലംബം : കൃഷിഭവൻ രേഖ

പട്ടിക - 7

**കൂലിസംബന്ധമായ വിവരങ്ങൾ**

| ജോലിയുടെ പേര് | കൂലിനിരക്ക് പുരുഷൻ | സ്ത്രീ |
|---|---|---|
| കിളയ്ക്കൽ | 100 രൂപ | |
| ഞാറുനടീൽ | | 60 രൂപ |
| കളപറിക്കൽ | | 60 രൂപ |
| കൊയ്ത്ത് | 100രൂപ/ 1/6 പതം | 60 രൂപ/ 1/6പതം |
| മെതി | " | " |
| തേങ്ങായിടീൽ | 175 രൂപ | |
| കീടനാശിനി തളിയ്ക്കൽ | 1 പറനിലത്തിന് 30 രൂപ | |
| ഉഴവ് | 1 പറനിലം 4 ചാലിന് 250 രൂപ | |

അവലംബം : കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവരിൽ നിന്ന് ലഭിച്ചത്

## കാർഷികോല്പന്ന വിപണന സൗകര്യങ്ങൾ

ചരിത്രപ്രസിദ്ധമായ പരവൂർ പബ്ലിക് മാർക്കറ്റ് മാത്രമാണ് നിലവിലുള്ള ഏകവിപണന കേന്ദ്രം. മാർക്കറ്റിന്റെ മിക്കവാറും ഭാഗങ്ങളിൽ സ്ഥിരം കച്ചവടക്കാർ സ്ഥലംപിടിച്ചത് കാരണം കർഷകർക്ക് ഉൽപ്പന്നങ്ങൾ സ്വതന്ത്രമായി വിറ്റഴിക്കാൻ സൗകര്യമില്ല. സ്വകാര്യ കൊപ്രാസംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്. സീസൺ പ്രമാണിച്ച് കുരുമുളക്, കശുവണ്ടി, അടയ്ക്ക എന്നിവ സംഭരിക്കാൻ സഞ്ചരിക്കുന്ന സംഭരണക്കാരുണ്ടാകും. ഈ വിളകൾക്ക് സ്വകാര്യകേന്ദ്രീകൃത സംഭരണവും നടക്കുന്നുണ്ട്.

## വായ്പാസൗകര്യങ്ങൾ

മൂന്ന് പൊതുമേഖലാ ബാങ്കുകൾ, മൂന്ന് സഹകരണ ബാങ്കുകൾ എന്നിവയാണ് പരവൂരിൽ പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ. പൊതു മേഖലാ ബാങ്കുകൾ ഡെപ്പോസിറ്റിനാനുപാതികമായ തോതിൽ വായ്പ അനുവദിക്കുന്നതിൽ വിമുഖത കാട്ടുന്നു. ബാങ്കുകൾ നൽകുന്ന കാർഷി കവായ്പകൾ കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്ന രീതിയും നിലവിലുണ്ട്. ഇതിന് കർശനമായ നിയന്ത്രണം വേണ്ടിയിരിക്കുന്നു.

വിവിധ ബാങ്കുകൾ മുൻവർഷങ്ങളിൽ നൽകിയ കാർഷിക വായ്പയുടെ വിവരം താഴെ ചേർക്കുന്നു.

പട്ടിക -8

**കാർഷികവായ്പ സംബന്ധിച്ച വിവരങ്ങൾ**

തുക (ലക്ഷത്തിൽ)

| ബാങ്കിന്റെ പേര് | 1993-94 | 94-95 | 95-96 |
|---|---|---|---|
| ഇന്ത്യൻ ബാങ്ക് | 56 | 51 | 82 |
| ഫെഡറൽ ബാങ്ക് | 20.25 | 22.65 | 24.95 |
| എസ്.ബി.റ്റി | 11.08 | 34.84 | 56.27 |
| പരവൂർ സർവ്വീസ് സഹ, ബാങ്ക് | 2.55 | 2.01 | 2.40 |

അവലംബം : ബാങ്ക് സർവ്വേ

## ജലസേചനം

നിലവിൽ കൃഷി മഴയെ മാത്രം ആശ്രയിച്ചാണ്. നിലങ്ങളിൽ ജലസേചനത്തിന് തലച്ചിറകളുണ്ടെങ്കിലും വേനൽക്കാലത്ത് മിക്കവയും പൂർണ്ണമായും വരളും. തലച്ചിറകളിൽ നിന്നും ഏലായുടെ ഭാഗ

ങ്ങളിലേയ്ക്ക് വെള്ളം ഒഴുക്കാൻ തോടുകളുണ്ട്. അവ പലതും ഇന്ന് തൃപ്തികരമായ നിലയിലല്ല. വശങ്ങൾ ഇടിഞ്ഞും കരമണ്ണ് ഒലിച്ചിറങ്ങിയും ആഴം നഷ്ടപ്പെട്ടിരിക്കുന്നു. മഴയെ സംബന്ധിക്കുന്ന പട്ടിക താഴെകൊടുക്കുന്നു.

പട്ടിക -9

**മഴയുടെ തോത് (സെ.മീ)**

| വർഷം | ശരാശരി മഴ | കോടമഴക്കാലം ജൂൺ-സെപ്തം. | കിഴക്കൻമഴ ഒക്ടോ.-ഡിസം. | ഊനമഴ ജനു-മെയ് |
|---|---|---|---|---|
| 1992 | 208 | 114 | 51 | 41 |
| 1993 | 203 | 108 | 54 | 40 |
| 1994 | 215 | 118 | 53 | 38 |
| 1995 | 200 | 112 | 50 | 40 |

അവലംബം : കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച "കേരളത്തിലെ കാലാവസ്ഥ"

**മഴയുടെ തോത് പട്ടിക -10**




## കുളങ്ങൾ

ആകെ 28 കുളങ്ങളാണുള്ളത്. ഇവയിൽ ഏലാ കളുടെ തലച്ചിറകളും ക്ഷേത്രക്കുളങ്ങളും ഉൾപ്പെടും. പണ്ഡാരത്തു വയലിന്റെ തലച്ചിറയായ പാലോട്ടുകാവ് കുളവും പേരാവയലിന്റെ തലച്ചിറയായ കോട്ടുവൻകോണം കുളവും പൂതക്കുളം പഞ്ചായത്ത് അതിർത്തിയിലാണ് സ്ഥിതിചെയ്യുന്നത്. ഇവ മെച്ചപ്പെടുത്തിയാൽ പ്രയോജനം പരവൂരിനാണ് ലഭിക്കുക. ഇക്കാര്യത്തിൽ പരവൂർ മുനിസിപ്പാലിറ്റി, പൂതക്കുളം പഞ്ചായത്തുമായി സഹകരിച്ചു പ്രവർത്തിക്കേണ്ടതാണ്. പശുമൺ ഏലായുടെ തലച്ചിറകളിലൊന്നായ ചിറയിൽക്കുളം വറ്റാറില്ല. എന്നാൽ ഉറവ നാമമാത്രം. ഈ ഏലായ്ക്ക് മറ്റ് രണ്ട് തലച്ചിറകൾ കൂടിയുണ്ട് വേനൽക്കാല ജനസേചനത്തിന് ഒന്നും പര്യാപ്തമല്ല.

പരകുളം ഏലായുടെ തലച്ചിറ ഈയിടെ പുനരുദ്ധരിച്ചെങ്കിലും പ്രയോജനമില്ല. അശാസ്ത്രിയമായ ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ പനഃപ രിശോധിക്കേണ്ടിയിരിക്കുന്നു.

പട്ടിക -11

## പ്രധാനകുളങ്ങൾ (അവലംബം : വില്ലേജ് രേഖ)

| ക്ര.ന. | സർ.ന. | കുളം | വാർഡ് | സ്ഥലം |
|---|---|---|---|---|
| 1 | 154 | ചിറയിൽകുളം | 9 | കൂനയിൽ |
| 2 | 152 | തോട്ടത്തുകുളം | 9 | " |
| 3 | 151 | മാലാക്കുളം | 9 | " |
| 4 | 332 | പന്നിക്കുളം | 10 | " |
| 5 | 62 | പരകുളം | 7 | " |
| 6 | 172 | യാക്കുളം | 13 | കുറുമണ്ടൽ |
| 7 | 57 | വാറുകുളം | 1 | പൊഴിക്കര |
| 8 | 58 | പൊഴിക്കരക്ഷേത്രക്കുളം | 1 | " |
| 9 | 380 | ആയിരിവില്ലിക്കുളം | 12 | കൂനയിൽ |
| 10 | 270 | പുക്കുളം | 6 | കുറുമണ്ടൽ |

പട്ടിക -12

## മറ്റുകുളങ്ങൾ (അവലംബം : വാർഡ് സർവ്വേ)

| ക്ര.ന. | കുളം | വാർഡ് | സ്ഥലം |
|---|---|---|---|
| 1 | പന്തലിക്കുളം | 12 | കൂനയിൽ |
| 2 | മങ്ങാട്കുളം | 12 | " |
| 3 | പുഞ്ചിറക്കുളം | 11 | കുറുമണ്ടൽ |
| 4 | മുതലക്കുളം | 8 | കൂനയിൽ |
| 5 | പൊട്ടക്കുളം | 12 | " |
| 6 | ചിറയിൽകൊടിക്കളം(2) | 9 | " |
| 7 | കരുകമ്പിൽ കൊടിക്കുളം (3) | 9 | " |
| 8 | താന്നീത്തും വാതുക്കൽ | 22 | കോങ്ങാൽ |
| 9 | കൊരണ്ടിക്കുളം | 20 | " |
| 10 | പുത്തൻമുക്കാൽവട്ടം | 19 | " |
| 11 | ഇടത്തറക്കുളം | 20 | " |
| 12 | കാമറക്കുളം | 20 | " |
| 13 | പുറ്റിംഗൽക്ഷേത്രക്കുളം | 13 | കുറുമണ്ടൽ |
| 14 | പുതിയിടം ക്ഷേത്രക്കുളം | 14 | കോട്ടപ്പുറം |
| 15 | ഭൂതത്താൻക്ഷേത്രക്കുളം | 14 | " |
| 16 | കട്ടാകുളം | 15 | " |
| 17 | പുതിയകാവിൽ ക്ഷേത്രക്കുളം | 18 | തെക്കുംഭാഗം |
| 18 | ചിറയിൽക്കുളം | 21 | പൊഴിക്കര |

## തോടുകൾ

പരവൂർ മേഖലയിൽ ആകെ 13 തോടുകൾ. എല്ലാം ഏലാകളുമായി ബന്ധപ്പെട്ടവ. ഇവയിൽ ക്ലാവറ വയലിന്റെ പടിഞ്ഞാറേ തോട്ടിൽ മാത്രമാണ് വേനൽക്കാലത്ത് നാമമാത്രമായെങ്കിലും നീരൊഴുക്കുണ്ടാവുക. ഏകദേശം 3000 മീ. നീളമുള്ള പശുമൺ തോടാണ് ഏറ്റവും വലുത്. ക്രമത്തിനുള്ള ആഴമില്ലാത്തതിനാൽ ജലസേചനത്തിന് മിക്ക തോടുകളും അനുയോജ്യമല്ല. വശങ്ങൾ ഇടിഞ്ഞും കരമണ്ണ് വന്നിറങ്ങിയുമാണ് തോടുകൾ യോഗ്യമല്ലാതായിത്തീരുന്നത്. പട്ടിക 19 കാണുക.

പട്ടിക –13

**പ്രധാനതോടുകൾ** (അവലംബം : വാർഡ് സർവ്വേ)

| ക്ര.ന. | തോടുകൾ | നീളം (മീറ്റർ) | വാർഡ് | സ്ഥലം |
|---|---|---|---|---|
| 1 | പശുമൺതോട് | 3000 | 9 | കൂനയിൽ |
| 2 | ഒല്ലാൽതോട് | 1500 | 12 | " |
| 3 | പരകുളംതോട് | 500 | 7 | " |
| 4 | നെടുങ്കുളംതോട് | 450 | 7 | " |
| 5 | മുതലക്കുളംതോട് | 200 | 8 | " |
| 6 | പുക്കുളംതോട് | 450 | 6 | കുറുമണ്ടൽ |
| 7 | പെരുമ്പുഴതോട് | 150 | 5 | " |

# കായലുകൾ

വിസ്തൃതിയിൽ കേരളത്തിലെ പ്രധാനകായലു കളിൽ ഒന്നാണ് പരവൂർ കായൽ. പൗരാണിക പ്രസിദ്ധമായ ഇത്തിക്കരയാറ് ഈ ജലാശയത്തിൽ വന്നുചേരുന്നു. കടലിൽനിന്ന് ഉപ്പുവെള്ളം കയറാതിരിക്കാ ൻ ചീർപ്പുണ്ടെങ്കിലും ഷട്ടറുകൾ പലതും പ്രവർത്ത നക്ഷമമല്ല. ഇടവാ നടയറക്കായൽ പരവൂരിന്റെ കിഴക്കുഭാഗം വരെ വ്യാപിച്ചു കിടക്കുന്നു. 1824 ൽ റാണിഗൗരി പാർവ്വതിഭായി വെട്ടിച്ച മണിയംകുളം തോട് ഈ കായലിനെ പരവൂർ കായലുമായി ബന്ധിപ്പിക്കുന്നു.

## ഉപരിതല ജലസ്രോതസ്സുകൾ

ആയിരിവില്ലി ക്ഷേത്രത്തിനു വടക്കുഭാഗത്തായി ഒരിക്കലും വറ്റാത്ത ജലസ്രോതസ്സുണ്ട്. എസ്.എൻ.വി. സ്കൂളിന് കിഴക്കുവശം മുണ്ടുംതലയ്ക്കൽ പെരുമ്പുഴ യക്ഷിക്കാവിന് കിഴക്കുഭാഗം എന്നിവിടങ്ങളിലുള്ള ഉറവകളും വറ്റാറില്ല. പശുമൺ ഏലയുടെ തലച്ചിറയിൽ ഒന്നായ ചിറയിൽ കുളത്തിൽ ഉയരത്തിൽനിന്നും പതിക്കുന്ന ഉറവ സ്ഥായിയാണ്.

## ഭൂഗർഭജലം

ഉയർന്ന പ്രദേശങ്ങളിലെ ജലലഭ്യത ശരാശരി 22.5 മീറ്റർ ആഴത്തിലാണ്. താഴ്ന്നപ്രദേശങ്ങളിൽ 3 മീറ്റർ ആഴത്തിൽവരെ ജലം ലഭിക്കുന്നുണ്ട്. എന്നാൽ വേനൽക്കാലത്ത് മിക്ക കിണറുകളും വറ്റും. ആകെ 7560 കിണറുകളുണ്ട്. പൊഴിക്കര, പുഞ്ചിറക്കുളം, പുക്കുളം, കൂനയിൽ എന്നിവിടങ്ങളിലായി 4 കുഴൽക്കിണറുകൾ ഇതിലൊ[illegible]തന്നെ കൃഷിക്കുപയോഗിക്കുന്നില്ല. 18 പൊതു ിണറുകളും ഒരു ഓപ്പൺകിണറുമുണ്ട്.

## മൈനർ ഇറിഗേഷൻ സെക്ഷൻ നടപ്പാക്കിയതും ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ

1994–95 ൽ ക്ലാവറ ഏലായിൽ ബണ്ടും പേരാവയലിൽ ക്ലോസ്സിംഗ് ബ്രീച്ചസ്സും നിർമ്മിച്ചു. പരകുളം ഏലായുടെ നെടുഞ്ചിറ പുനരുദ്ധരിച്ചു.

ആയിരവില്ലി ഏലായുടെ സംരക്ഷണത്തിനു വേണ്ടി 400000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരിക്കുന്നു.

## പ്രശ്നങ്ങൾ

വാർഡ് സഭകളിൽ നിന്നുവന്ന പ്രശ്നങ്ങൾ ചുവടെ ചേർക്കുന്നു.

- വ്യാപകമായ തെങ്ങുരോഗം
- ജലസേചനത്തിനുള്ള സൗകര്യക്കുറവ്
- മണ്ണൊലിപ്പ്, മേൽമണ്ണ് നഷ്ടപ്പെടുന്നു
- കരമണ്ണ് വയലുകളിൽ വന്നടിയുന്നു.
- തോടുകൾക്ക് ആഴംകുറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെടുന്നു.
- ചില പ്രദേശങ്ങളിൽ ഗുണനിലവാരം കുറഞ്ഞ മണ്ണ്; ഉല്പാദനക്ഷമത കുറവ്.
- ഏലാകളുടെ തലച്ചിറകൾ ~~മഴക്കാലത്ത്~~ വേനൽക്കാല വറ്റുന്നു.
- പാടങ്ങൾ നികത്തപ്പെടുന്നു.
- കുളങ്ങൾ നികത്തപ്പെടുന്നു.

465

- പരവൂർ കായലിന്റെ വടക്കുഭാഗത്തെ നിലത്തിൽ ചെളിയെടുപ്പ്.
- കീടബാധ
- രോഗനിവാരണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
- കർഷകത്തൊഴിലാളികളുടെ ലഭ്യതക്കുറവും കൂലിക്കൂടുതലും.
- വാഴരോഗങ്ങൾ വ്യാപകം.
- കാർഷികോല്പന്നങ്ങൾക്ക് സ്ഥായിയായ വില ലഭിക്കുന്നില്ല.
- ഉല്പന്ന സംഭരണ സംസ്കരണ കേന്ദ്രങ്ങളുടെ അപര്യാപ്തത.
- കൃഷിഭവന്റെ പ്രവർത്തനങ്ങൾ സാധാരണ കർഷകരിലേക്ക് എത്തുന്നില്ല.
- തെക്കുംഭാഗത്ത് കൃഷിഭവന് കെട്ടിടം ഉണ്ടെങ്കിലും പ്രവർത്തനരഹിതമാണ്.

## സാധ്യതകളും പരിഹാരമാർഗ്ഗങ്ങളും

- പരവൂരിലെ ഏറ്റവും വലിയ ഏലയായ പശുമണിന്റെ മൂന്നുതലച്ചിറകളും ഒരിക്കലും വറ്റാത്ത അവസ്ഥയിലെത്തിച്ചാൽ മൂന്നുപൂകൃഷി നടത്താം. തോടുകൾക്ക് മതിയായ ആഴം വരുത്തണം.
- എല്ലാ ഏലാകളിലും ജലസേചന സൗകര്യങ്ങൾ ത്വരിതപ്പെടുത്തണം.
- തോടുകൾ നികരുന്നത് തടയാൻ സൈഡ് ഭിത്തികൾ നിർമ്മിക്കണം.
- കരമണ്ണ് ഏലാകളിൽ വന്നടിയുന്നത് തടയണം.
- മണ്ണ് പരിശോധന നടത്തണം.
- അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ വിതരണം ചെയ്യുക.
- രാസവളങ്ങളുടെയും കീടനാശിനികളുടെയും പ്രയോഗത്തെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കണം.
- കാർഷികോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുവേണ്ടി അഗ്രോക്ലിനിക് സ്ഥാപിക്കണം.
- ഇഴഞ്ഞുനീങ്ങുന്ന കല്ലടജലസേചന പദ്ധതിയുടെ പണി ത്വരിതപ്പെടുത്തുക.
- ജൈവവള ലഭ്യതയ്ക്ക് അവസരം വർദ്ധിപ്പിക്കണം.
- ഏലാകളിൽ ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുക.
- കേരകർഷകസമിതിയും യംഗ് ഫാർമേഴ്സ് ക്ലബ്ബും പുനരുജ്ജീവിപ്പിക്കുക.
- അത്യുൽല്പാദനശേഷിയുള്ള കുരുമുളക് വള്ളികൾ വിതരണം ചെയ്യുക.
- വാഴക്കൃഷി പ്രോത്സാഹിപ്പിക്കുക.
- അത്യുല്പാദനശേഷിയും രോഗപ്രതിരോധശേഷിയുമുള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യുക.
- പുഷ്പക്കൃഷി വ്യാപിപ്പിക്കുക.
- എള്ള്, കൂവരക് എന്നിവയുടെ കൃഷി പനഃസ്ഥാപിക്കാൻ സഹായവും പ്രോത്സാഹനവും വേണം.
- നെടുങ്കുളം വയലിൽ വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കണം.
- മഴവെള്ളത്തിന്റെ ക്രമാതീതമായ ഒലിച്ചുപോക്ക് തടയേണ്ടതുണ്ട്.
- പൊന്നെടുത്താൻ തോട് അടച്ചുസംരക്ഷിച്ചാൽ അകത്തുകായലിൽ ഉപ്പുവെള്ളം കയറുന്നത് തടയാം.
- ഇത്തിക്കര ഏലാക്കൃഷി ജപ്പാൻ മോഡലിൽ പുനഃസ്ഥാപിക്കണം.
- കീടനാശിനികളുടെ വ്യാപകമായ ഉപയോഗം ഉണ്ടാക്കുന്ന വിഷവ്യാപനം ലഘൂകരിക്കാൻ ബയോളജിക്കൽ കൺട്രോൾ പ്രോത്സാഹിപ്പിക്കുക.
- ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് കൂട്ടൂർ പാലത്തിന് കിഴക്കോട്ടുള്ള കനാൽ സംരക്ഷിക്കണം.
- പച്ചക്കറിക്കൃഷിയെക്കുറിച്ച് പരിശീലനവും പ്രോത്സാഹനവും നൽകുക.
- പാടങ്ങളിൽ ഇടവിളയായി പച്ചക്കറിക്കൃഷി നിർബന്ധമാക്കുക.
- പ്രകൃതിയുടെ തിരിഞ്ഞെതിർപ്പുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടത്തിന് ആശ്വാസം നൽകാൻ വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുക.
- രോഗംബാധിച്ച തെങ്ങുകൾ നീക്കം ചെയ്യുകയും കർഷകർക്കുള്ള ആശ്വാസധനം വർദ്ധിപ്പിക്കുകയും വേണം.
- നാളീകേരവിപണന സഹകരണ സംഘം രൂപീകരിച്ച് ന്യായവില ഉറപ്പുവരുത്തുക.
- പഴ– പച്ചക്കറി സംസ്കരണ സഹകരണ സംഘം സ്ഥാപിക്കുക.
- കാർഷികോല്പന്ന ചന്ത കിഴക്കിടം മുക്ക് കേന്ദ്രീകരിച്ച് സ്ഥാപിക്കുക.
- വിനായകർ കോമ്പൗണ്ടിൽ തെങ്ങിന് ഇടവിളയായി പച്ചക്കറിക്ക് സൗകര്യമുണ്ട്. അവിടുത്തെ ഒരിക്കലും വറ്റാത്ത കിണറിൽ നിന്ന് ജലസേചനം നടത്താം.
- കർഷകത്തൊഴിലാളികളെ യഥാസമയം ലഭ്യമാകുന്നതിനുവേണ്ടി 'കർഷകത്തൊഴിലാളി സൊസൈറ്റി' രൂപീകരിക്കുക.
- പുരയിടക്കൃഷി വ്യാപകമാക്കിക്കൊണ്ട് പുരയിട ആവാസ വ്യവസ്ഥ സംരക്ഷിക്കുക.

466



## 5.2 മൃഗസംരക്ഷണം, മത്സ്യബന്ധനം

കർഷകരുടെ സമ്പത്തിക അടിത്തറ ഉറപ്പാക്കുന്ന തരത്തിൽ ഒരു കാലത്ത് പരവൂരിൽ കന്നുകാലി വളർത്തൽ വളർന്നിരുന്നു. പാൽ ഉൽപാദിക്കുന്നതിന് മാത്രമല്ല. നിലം ഉഴുവുന്നതിനും, വണ്ടിവലിക്കുന്നതിനും, കൃഷിക്ക് ആവശ്യമായ ജൈവ വളങ്ങളുടെ മുഖ്യസ്രോതസ്സ് എന്നനിലയിലും കന്നുകാലികളെ വളർത്തിയിരുന്നു. നെൽപാടം നികത്താൻ തുടങ്ങിയതോടെ പുല്ല്, കാലിത്തീറ്റ എന്നിവ വേണ്ടുവോളം, കിട്ടാത്ത അവസ്ഥ ഉണ്ടാവുകയും കന്നുകാലിവളർത്തൽ ഒരു ഭാരമായി കർഷകന് അനുഭവപ്പെടുകയും ചെയ്തു. ഭൂമി തുണ്ടുകളായി വിഭജിക്കപ്പെട്ടത്, കാലിത്തൊഴുത്ത് കെട്ടാനുള്ള അസൗകര്യം സംജാതമാക്കി. അഭ്യസ്ഥവിദ്യരായ പുതിയതലമുറയ്ക്ക് കൃഷിയോടും, മൃഗസംക്ഷത്തോടും താല്പര്യം കുറഞ്ഞതോടെ കാലിവളർത്തൽ ഗണ്യമായി കുറഞ്ഞു. എങ്കിലും ഈ പ്രദേശത്ത് ഇന്നും ഓരോ വാർഡിലും 65 വീട്ടിൽ കുറയാത്ത വിധത്തിൽ കാലിവളർത്തൽ നിലനിൽക്കുന്നു.

പരവൂരിൽ ഇന്ന് നിലവിലുള്ള വെറ്റിനറി പോളി ക്ലിനിക്കിൽ വളർത്തുമൃഗങ്ങളുടെയും, പക്ഷികളുടെയും എണ്ണം ലഭ്യമല്ല. വാർഡുതല സഭകളിൽ തെളിയുന്നത്. ഇവിടുത്തെ കാലിസമ്പത്ത് 15000 ഓളം വരുമെന്നാണ്. എരുമകൾ വളരെ കുറവാണ്. തെക്കുംഭാഗം, കൂനയിൽ, കോങ്ങൽ, പെരുമ്പുഴ എന്നിവിടങ്ങളിൽ ആടു വളർത്തൽ കുടുതലായി ഉണ്ട്.

വളർത്തു മൃഗങ്ങളെയും വളർത്തു പക്ഷികളെയും സംബന്ധിക്കുന്ന വിവരപ്പട്ടിക.

അവലംബം: വാർഡ് സർവ്വേ

| മൃഗങ്ങളുടെ /പക്ഷികളുടെ ഇനം | 1985 | 1996 |
|---|---|---|
| പശു | 4572 | 2516 |
| കന്നുകുട്ടികൾ | ലഭ്യമല്ല | 1112 |
| എരുമ | 58 | 20 |
| കാള (ഉഴവ്) | 248 | 24 |
| വണ്ടികാള | 236 | 6 |
| ആട് | ലഭ്യമല്ല | 3114 |
| കോഴി | " | 3511 |
| താറാവ് | " | 56 |
| പോത്ത് | " | 3 |
| പട്ടി | " | 2153 |
| പന്നി | " | 3 |

പശുക്കളിൽ 80, 85 % സങ്കരയിനം പശുക്കളാണ്. ക്ഷീര വിപണനരംഗത്ത് കാര്യമായ സംഘടിത ശ്രമങ്ങൾ നടന്നിട്ടില്ല. ആകെയുള്ളത്. രണ്ടു ക്ഷീരോത്പാദക സഹകരണസംഘങ്ങളും, രണ്ട് സ്വകാര്യ പാൽസംഭരണ കേന്ദ്രങ്ങളുമാണ്. ഏകദേശം 1150 ലിറ്റർ പാൽ ഈ സ്ഥാപനങ്ങളിൽ കൂടി സംഭരിക്കുന്നു. ഇതിൽ ഭൂരിഭാഗവും ആഭ്യന്തര ഉപഭോഗത്തിനാണുപയോഗിക്കുന്നത്.

1985 ന് മുമ്പ് വരെ മൃഗങ്ങളെ വ്യാപകമായി ഭാരം ചുമക്കുന്നതിനും, നെൽവയലുകൾ ഉഴുവുന്നതിനും ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് ഇവയുടെ എണ്ണം ഏറെ കുറവാണ്.

| കലപ്പ | കാളവണ്ടികളുടെ എണ്ണം | |
|---|---|---|
| ഇനം | 1981 | 1996 |
| കലപ്പ | 126 | 25 |
| കാളവണ്ടി | 76 | 3 |

അവലംബം: കൃഷിഭവൻ, വാർഡ് സർവ്വേ.

വളർത്തു പക്ഷികളിൽ ഏറ്റവും പ്രധാനം കോഴിയാണ്. പരവൂരിൽ ഇന്ന് 3511 കോഴികളുണ്ട്. (വാർഡ് സർവ്വേ). മൂന്ന് നാല് വർഷം മുമ്പ് വരെ ഇറച്ചിക്കോഴി വളർത്തൽ ഇന്നത്തെക്കാൾ കൂടുതൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് വളരെയധികം കുറഞ്ഞിട്ടുണ്ട്. താറാവ് വളർത്തൽ ചെറിയ തോതിലുണ്ട്. ഇവയെ വളർത്തുന്നതിന് ജലാശയ സൗകര്യങ്ങളും, ചതുപ്പുകളും ഉണ്ട്. കോഴികൾക്കുണ്ടാകുന്നത് പോലെ അസുഖങ്ങൾ താറാവുകൾക്കുണ്ടാകാറില്ല. ഇവയ്ക്ക് ആയുർദൈർഘ്യവും ഉണ്ട്. എന്നാൽ വേണ്ടവിധത്തിൽ താറാവു കൃഷി വികസിക്കുന്നില്ല. താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

മുട്ടക്കോഴി വളർത്തുന്നതിന് ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തെക്കുംഭാഗത്ത് ഒരു വ്യക്തി തുടങ്ങിയിട്ടുണ്ട്. നമ്മുടെ പ്രദേശത്ത് ഏകദേശം 2153 വളർത്തുനാ

യ്ക്കൽ ഉള്ളതായി കണക്കാക്കുന്നു. പേപ്പട്ടി ശല്യം വളരെ കൂടുതലായി ഉള്ള ഒരു പ്രദേശമാണ് പറവൂർ. തെരുവ് നായ്ക്കളുടെ എണ്ണം കൂടി വരുന്നു. വളത്തു നായ്ക്കൾക്ക് കുത്തിവയ്പ്പുണ്ടെങ്കിലും കാര്യമായി അത് ശ്രദ്ധിക്കാറില്ല. വളർത്തു നായ്ക്കൾക്ക് നിർബന്ധലൈസൻസ് ഏർപ്പെടുത്തേണ്ടത്. അത്യാവശ്യമാണ്.

നമ്മുടെ നഗരസഭയിൽ രണ്ടു ഗോബർ ഗ്യാസ് പ്ലാന്റുകളുണ്ട്. എന്നാൽ ഇത് കാര്യക്ഷമമല്ല. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ടെങ്കിലും കർഷകർക്ക് ഇതു സംബന്ധിച്ചുള്ള അറിവില്ലായ്മ ഒരു പ്രധാന തടസ്സമാണ്. ഒരു വീട്ടിലെ പാചകത്തിനും, വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം ഇതിൽ നിന്നും കണ്ടെത്താൻ കഴിയും. ഊർജ്ജക്ഷാമം നേരിടുന്ന ഇന്നത്തെ അവസ്ഥയിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ ഒരനുഗ്രഹമായിരിക്കും.

കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റപ്പെടുന്നത് കാലി വളർത്തലിലൂടെയാണ്.. കൃഷി കുറഞ്ഞുവന്നതോടെ കാലിവളർത്തലിനും മാന്ദ്യം സംഭവിച്ചു.

പ്രധാനമായും കൗതുകത്തിനു വേണ്ടിയാണ് ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തുന്നത്. നാലഞ്ച് വർഷങ്ങൾക്ക് മുമ്പ് വരെ ഇന്നത്തേക്കാൾ കൂടുതൽ മുയൽ വളർത്തൽ നമ്മുടെ പ്രദേശത്തുണ്ടായിരുന്നു. ഇറച്ചി ആവശ്യത്തിന് വേണ്ടി മുയലിനെ വളർത്തുന്നില്ല. പ്രത്യുൽപാദന നിരക്ക് വളരെ കൂടുതലായതിനാൽ ഇറച്ചി ആവശ്യത്തിന് വേണ്ടി മുയലിനെ വളർത്തുന്നത് ലാഭകരമായിരിക്കും. അതിനാൽ മുയൽവളർത്തൽ പ്രോത്സാഹിപ്പിക്കണം.

പാലുല്പാദനത്തിനും മാംസോല്പാദനത്തിനും ആടിനെ വളർത്തുന്നു. ഇത് മിക്കവാറും ലാഭകരമാണ്. ദരിദ്ര ജനവിഭാഗങ്ങൽക്ക് ആടുവളർത്തൽ ഒരു തൊഴിലും വരുമാന മാർഗ്ഗവുമാണ്. വളരെ പ്രിയമുള്ള ഇറച്ചിയാണ്. ആട്ടിറച്ചി, അതിനുള്ള പ്രധാനകാരണം ഇന്നു ലഭിക്കുന്ന ഇറച്ചികളിൽ നല്ലത് മിക്കവാറും ആട്ടിറച്ചിയെന്നുള്ളതാണ്. ആടുവളർത്തൽ നേരിടുന്ന പ്രധാന പ്രതിസന്ധി അതിനുള്ള തീറ്റയുടെ ദൗർലഭ്യമാണ്. സോഷ്യൽ ഫോറസ്ട്രിയിലൂടെയും, അല്ലാതെയും ആടുകൾക്കു വേണ്ടുന്ന തീറ്റ ഉണ്ടാക്കേണ്ടതാണ്. ചില കാലിതീറ്റകമ്പനികൾ ആടുകൾക്ക് concentrated feed മാത്രം കൊടുത്ത് വളർത്താമെന്ന് കണ്ടുപിടിച്ചിട്ടുണ്ട്. അതിന്റെ സാദ്ധ്യതകളും, ഉപയോഗം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗവും ആലോചിച്ച് നടപ്പിലാക്കേണ്ടതാണ്.

ഇവിടെ ഇന്ന് നിലനിൽക്കുന്ന മാംസോല്പാദന വിപണനം തികച്ചും അശാസ്ത്രീയമാണ്. വൃത്തിഹീനമായ പരിസരങ്ങളിൽ വിൽക്കുന്ന മാംസം ഉപയോഗിക്കുന്നത് മനുഷ്യന് പല രോഗങ്ങളും ഉണ്ടാക്കുന്നു. അനധികൃതമായ കശാപ്പ് ഇവിടെ ധാരാളം നടക്കുന്നു. ഇതിന് അറുതി വരുത്തേണ്ടതുണ്ട്. അറവിനുപയോഗിക്കുന്ന ഉരുക്കളെ കശാപ്പിനു മുമ്പും പിമ്പും വെറ്ററിനറി ഡോക്ടർ പരിശോധിക്കുന്ന പതിവില്ല. ഏറെ ശ്രദ്ധിക്കേണ്ട കാര്യമാണിത്. മാംസം വിൽക്കുന്ന തൊഴിലാളികളുടെ ആരോഗ്യസ്ഥിതിയും പരിശോധിക്കേണ്ടതുണ്ട്. ഇവിടെ വിൽക്കപ്പെടുന്ന മാടിന്റെ മാംസം വളരെ മോശമാണ്. പ്രായം ചെന്ന വണ്ടിക്കാളകളുടെയും, ഉഴവ് കാളകളുടെയും മാംസമാണ് വിപണനം ചെയ്യുന്നത്.

പറവൂരിൽ ഒരു വെറ്ററിനറി പോളിക്ലിനിക്ക് ആണ് ഉള്ളത്. 1985-ൽ സ്ഥാപിച്ച ഈ സ്ഥാപനത്തിൽ ദിനം പ്രതി നാല്പതോളം മൃഗങ്ങളെ പരിശോധിക്കുന്നു. ഇപ്പോൾ ഇവിടെ രണ്ടു ഡോക്ടർമാർ, (വെറ്ററിനറി സർജനും സീനിയർ വെറ്ററിനറി സർജനും ) ഒരു ക്ലാർക്ക്, ലാബ് ടെക്നീഷ്യൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, രണ്ടു അറ്റൻഡറുമാർ, ഒരു പാർട്ട്ടൈം സ്വീപ്പർ എന്നിവരുണ്ട്. പട്ടണത്തിൽ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഈ ആശുപത്രിയിൽ 3-4 കി. മീ. അകലെ നിന്നാണ് മൃഗങ്ങളെ കൊണ്ടു വന്ന് പരിശോധിക്കുന്നത്. കർഷകർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ അവസ്ഥയ്ക്ക് ശാശ്വത പരിഹാരം കാണേണ്ടതുണ്ട്.

ഇന്ന് എല്ലാത്തരം കറവു മൃഗങ്ങളിലും കണ്ടുവരുന്ന ഒരു അസുഖമാണ് അകിടുവീക്കം. കൂടാതെ കുളമ്പുരോഗം, പനി എന്നിവയും ഈ പ്രദേശത്തെ കന്നുകാലികളിൽ കണ്ടുവരുന്നു. ഇവിടത്തെ മൃഗാശുപത്രിയോട് ചേർന്ന് ഒരു ക്ലിനിക്കൽ ലാബുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ചെയ്യുകയാണെങ്കിൽ ധാരാളം ഉരുക്കളെ രക്ഷിക്കാൻ കഴിയും.

നമ്മുടെ പ്രദേശത്ത് പതിനഞ്ചോളം പാരമ്പര്യമൃഗചികിത്സകരുണ്ട്. 1980 കളിൽ പാരമ്പര്യ ചികിത്സകരുടെ എണ്ണം ഇന്നുള്ളതിന്റെ ഇരട്ടിയിലധിക മായിരുന്നു. ഇവരിൽ പലരും ഈ രംഗത്ത് പ്രാഗത്ഭ്യം തെളിയിച്ചവരാണ്.

## മൃഗസംരക്ഷണ രംഗത്തെ പ്രശ്നങ്ങൾ :

1. കാലിത്തീറ്റകളുടെ വിലവർദ്ധനവ്
2. തീറ്റപ്പുല്ലിന്റെ അഭാവം
3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത
4. പേപ്പട്ടി ശല്യം
5. മുട്ടയുടെ ഉത്പാദനക്കുറവ്
6. പാൽ വിപണന കേന്ദ്രങ്ങളുടെ അഭാവം
7. കന്നുകാലികൾക്ക് പിടിപെടുന്ന നിരവധി രോഗങ്ങൾ

8. മൃഗാശുപത്രിയുടെ സേവനം വേണ്ടരീതിയിൽ ലഭ്യമാകുന്നില്ല.
9. മൃഗാശുപത്രി ഉദ്യോഗസ്ഥന്മാരുടെ അലംഭാവം
10. അശുദ്ധമായ പാലിന്റെ വിൽപ്പന
11. പാൽ കറക്കുന്നതിന് തൊഴിലാളികളെ ലഭ്യമല്ല.
12.. കോഴിത്തീറ്റ ലഭ്യമല്ല.
13. മേൽത്തരം മുട്ടക്കോഴികളെ ലഭ്യമല്ല.
14. താറാവ്, കാട എന്നിവയെ വളർത്താൻ ലഭിക്കുന്നില്ല.
15. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം കിട്ടുവാനുള്ള ബുദ്ധിമുട്ട്.

## സാധ്യതകൾ/ നിർദ്ദേശങ്ങൾ

1. പെരുമ്പുഴ, നെടുങ്ങോലം തുടങ്ങിയ സ്ഥലങ്ങളിലും പാൽ ഉല്പാദനം കൂടുതലുള്ള മറ്റ് പ്രദേശങ്ങളിലും പാൽസംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
2. കാലിത്തീറ്റ, കോഴിത്തീറ്റ, ഫാക്ടറികൾ തുടങ്ങി രൂക്ഷമായ തീറ്റക്ഷാമം പരിഹരിക്കുക.
3. പശു, കോഴി, ആട് എന്നിവ വളർത്തുന്നതിന് സാമ്പത്തിക സഹായവും വിദഗ്ദ്ധ പരിശീലനവും നൽകുക.
4. സങ്കരയിനം പശുക്കൾ വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുക.
5. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ നൽകുക.
6. മൃഗാശുപത്രിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
7. അലഞ്ഞുതിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിക്കുക; നായ് വളർത്തുന്നതിന് ലൈസൻസ് നിർബന്ധമാക്കുക.
8. ആടുവളർത്തലിനുള്ള പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുക.
9. വനിതകൾക്ക് ആട്, കോഴി എന്നിവ വളർത്തുന്നതിനുള്ള സഹായം നൽകുക.
10. പാൽ സംഭരണം കാര്യക്ഷമമാക്കുകയും ന്യായവില ഉറപ്പാക്കുകയും ചെയ്യുക.
11. കാലിത്തൊഴുത്ത് സ്ഥാപിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
12. അനുയോജ്യമായ വാർഡുകളിൽ മൃഗാശുപത്രിയുടെ ഒരു ഉപവിഭാഗം സ്ഥാപിക്കുക.
13. കോഴിക്കൃഷി, താറാവ് കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക. കോഴിവളർത്തലിന് കേജ് സിസ്റ്റം ഏർപ്പെടുത്തുക.
14. കുറഞ്ഞവിലയ്ക്ക് മരുന്ന് ലഭ്യമാക്കുക.
15. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക.
16. ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
17. രോഗപ്രതിരോധ സംവിധാനം ഏർപ്പെടുത്തുക.
18. പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിതരണം ചെയ്യാനുമുള്ള സൗകര്യമുണ്ടാക്കുകയും പരിശീലനം നൽകുകയും ചെയ്യുക.
19. മൃഗപരിപാലനത്തിൽ കർഷകർക്ക് പരിശീലനം നൽകാൻ വെറ്ററിനറി പോളിക്ലിനിക്കിനോടനുബന്ധിച്ച് ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുക.

## 5.2 മത്സ്യബന്ധനം

സമുദ്രതീരങ്ങളാൽ അനുഗ്രഹീതമായ നാടാണ് പരവൂർ. അതുകൊണ്ട് തന്നെ പരവൂർ പുരാതനമത്സ്യബന്ധനകേന്ദ്രങ്ങളിൽ ഒന്നായി മാറി. പരവൂർ നഗരസഭയുടെ പടിഞ്ഞാറ് ഭാഗത്താണ് അറബിക്കടൽ സ്ഥിതി ചെയ്യുന്നത്. ഈ സമുദ്രതീരത്ത് വടക്ക് നഗരാതിർത്തിയായ മുക്കം മുതൽ തെക്ക് കാപ്പിൽ പാലം വരെയുള്ള ഏഴ് വാർഡുകളിലായി കടലോരപ്രദേശം വ്യാപിച്ചു കിടക്കുന്നു. ഈ വാർഡുകളിലായി അഞ്ച് മത്സ്യബന്ധന തുറകളാണുള്ളത്. തെക്കുംഭാഗം, തോട്ടുകുഴി, പരക്കിട, ചില്ലയ്ക്കൽ, പൊഴിക്കര എന്നിവയാണ് തുറകൾ. ഏകദേശം 8 കി.മീ. തീരപ്രദേശം പരവൂരിനുണ്ട്.

1524 കാലഘട്ടത്തിൽ കൊല്ലം ഭരിച്ചിരുന്ന റാണി സാമൂതിരിയുടെ ഒത്താശയോടെ തീരസംരക്ഷണപരിപാടിയുടെ ഭാഗമായി സ്ഥാപിച്ച നാവികകേന്ദ്രങ്ങളിൽ ഒന്നാണ് പരവൂർ തെക്കുംഭാഗം എന്ന് ചരിത്രകാരൻമാർ പറയുന്നു. അന്ന് കണ്ണൂരിൽ നിന്നും കൊച്ചിയിൽനിന്നും കൊണ്ടുവന്ന മരയ്ക്കാർ കുടുംബത്തിലെ അംഗങ്ങളായിരുന്നു സൈനിക മേധാവികൾ. ഈ സൈനികരെ കടലോരപ്രദേശങ്ങളിൽ കുടിലുകൾ കെട്ടി പാർപ്പിച്ചിരുന്നു. ഇവർ ചെറിയതോതിൽ മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തിയിരുന്നു. കാലക്രമേണ തദ്ദേശവാസികളുമായി ചേർന്ന് മത്സ്യബന്ധനം, വിപണനം, സംസ്കരണം, കയറ്റുമതി എന്നീ മേഖലകളിൽ പ്രവർത്തിച്ചിരുന്നു. അങ്ങനെ പരവൂരിലെ മത്സ്യ ബന്ധനമേഖല പുരോഗതി പ്രാപിച്ചു. പിന്നീട് ആഴക്കടൽ മത്സ്യബന്ധനത്തിന് അവർ പ്രാപ്തരായപ്പോൾ സ്രാവ്, തിരണ്ടി, നെയ്മീൻ എന്നീ വൻ മത്സ്യങ്ങൾ പിടിച്ച് വിപണനരംഗം വിപുലമാക്കി. വർഷങ്ങൾക്കു മുമ്പ് വിദേശരാജ്യങ്ങളായ ശ്രീലങ്ക, മലേഷ്യ എന്നിവിടങ്ങളിലേക്ക് മത്സ്യം കയറ്റി അയച്ചിരുന്നു. ഈ കാലങ്ങളിൽ മത്സ്യബന്ധന തൊഴിലാളികളും കുടുംബവും വിദ്യാഭ്യാസ സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിൽ പിന്നിലായിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഇവരിൽ ചുരുക്കം ചിലർ സിങ്കപ്പൂർ, മലേഷ്യ എന്നീ വിദേശരാജ്യങ്ങളിലേക്ക് തൊഴിൽതേടി പോവുകയും താമസിയാതെ ഇക്കൂട്ടർ വിദ്യാഭ്യാസ, സാംസ്കാരിക, സാമ്പത്തിക രംഗങ്ങളിൽ മുന്നേറുകയും ചെയ്തു. വിദ്യാഭ്യാസ, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച പല പ്രഗത്ഭരും അങ്ങനെ ഈ മേഖലയിലുണ്ടായി. മറ്റ് മേഖലകളായ കച്ചവടത്തിലും ഇതര ജോലികളിലും പലരും പ്രാഗത്ഭ്യം തെളിയിച്ചു.

കാൽനൂറ്റാണ്ട് മുമ്പ് മുതൽ ഗൾഫ്നാടുകളിൽ പോയി തൊഴിൽ ചെയ്ത് ജീവിതനിലവാരത്തിൽ മാറ്റമുണ്ടാക്കാൻ പലർക്കും കഴിഞ്ഞിട്ടുണ്ട്. എങ്കിൽ തന്നെയും സമ്പദ്ഘടനയെ താങ്ങി നിർത്തിയിരിക്കുന്നത് ഈ പ്രദേശത്തെ മത്സ്യബന്ധനമാണ്.

ആദ്യകാലങ്ങളിൽ 'കമ്പവല' സമ്പ്രദായത്തിലൂടെ മത്സ്യബന്ധനം നടത്തിയിരുന്നു. മുപ്പത് മുതൽ അറുപത് ആൾക്കാർ വരെ കായികാദ്ധ്വാനം കൊണ്ട് വല വലിച്ച് കയറ്റിയിരുന്നു. മുന്നൂറ് മുതൽ അഞ്ഞൂറ് മീറ്റർ വരെ കടലിൽ ഈ വല വീശുകയും ഇവർ ഇരുവശങ്ങളിലായി നിന്ന് വല വലിച്ച് കയറ്റുകയും ആയിരുന്നു 'കമ്പവല' സമ്പ്രദായം. ഈ സമ്പ്രദായത്തിന്റെ ഉടമസ്ഥാവകാശം പ്രധാന കുടുംബങ്ങളുടെ നേതൃത്വത്തിലാവുകയും പ്രദേശവാസികളും പരവൂരിന്റെ വിവിധ ഭാഗങ്ങളിലുള്ള പിന്നോക്ക വിഭാഗക്കാരും അതിൽ തൊഴിലാളികളായി പ്രവർത്തിക്കുകയും ചെയ്തിരുന്നു.

അനുബന്ധമേഖലകളിലായി മത്സ്യ സംസ്കരണവും മത്സ്യക്കയറ്റുമതിയും തുടർന്നുവന്നു. വിദൂരങ്ങളിൽ നിന്നും വലിയ തടി കൊണ്ടുവന്ന് വള്ളംവെട്ടിയും ഒരു വിഭാഗം ജീവിച്ചു. ചൂഷണവിധേയരായവരും സ്വന്തമായി കഴിവുള്ളവരും ചേർന്ന് ചാളത്തടികൾ സ്വന്തമാക്കി ഒറ്റയ്ക്കും രണ്ടുപേർ ചേർന്നും മത്സ്യബന്ധനം നടത്തിയിരുന്നു.

കൊല്ലം, തിരുവനന്തപുരം ജില്ലകളുടെ കിഴക്കൻ പ്രദേശങ്ങളിൽ നിന്നുമുള്ള കച്ചവടക്കാർ ഇവിടെ എത്തി മത്സ്യങ്ങൾ ശേഖരിച്ച്കൊണ്ട് പോയി വില്പന നടത്തുക പതിവായിരുന്നു.

**ഇന്നത്തെ അവസ്ഥ**

നൂറ്റാണ്ടുകൾ പിന്നിട്ട് കഴിഞ്ഞിട്ടും നവീന ഉപകരണോപാധികളോ സാങ്കേതിക വിദ്യകളോ ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല. പരവൂരിന്റെ മത്സ്യബന്ധന മേഖലയിൽ നാളിത് വരെ സർക്കാരിന്റെ ആനുകൂല്യങ്ങൾ അല്പംപോലും ലഭ്യമായിട്ടില്ല എന്നത് ഒരു ദുഃഖസത്യമാണ്. ജില്ലയിലെ ഇതര മത്സ്യബന്ധന മേഖലകൾക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാവുകയും അതുപയോഗിച്ച് നവീന വലകളും യന്ത്രവൽകൃത വള്ളങ്ങളും എല്ലാ സൗകര്യങ്ങളുമടങ്ങുന്ന ബോട്ടുകളും വാങ്ങി ആധുനികരീതിയിൽ മത്സ്യബന്ധനം നടത്തി ആ മേഖലകളാകെ സാമ്പത്തിക ഉയർച്ച നേടി എന്നാൽ ഇത്തരം ഉപാധികളോ ഉപകരണങ്ങളോ ലഭിക്കാത്തതുമൂലം പരവൂരിലെ പഴയ മത്സ്യബന്ധനമേഖല തകരുകയും തൊഴിലാളികളിൽ പലരും തൊഴിൽ ഉപേക്ഷിച്ച് കൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. പരവൂരിന്റെ സമ്പദ്ഘടനയിൽ പോലും മാറ്റം വരുത്താൻ കഴിയുന്ന ഈ മേഖല ക്ഷയിച്ച് പോകാതെ ശ്രദ്ധിക്കേണ്ടത് പരവൂരിന്റെ വികസനത്തിന് അത്യാവശ്യമാണ്.

## കടൽ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾ

പരവൂരിൽ കടൽ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ 2055 പേരുണ്ട്. ഇവരിൽ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ളവർ 1335 പേരാണ് മറ്റുള്ളവർ സംസ്കരണം, വിപണനം തുടങ്ങിയ അനുബന്ധ മേഖലകളിൽ പണിയെടുക്കുന്നു. തൊഴിലാളികളെ സംബന്ധിക്കുന്ന വിവരം പട്ടിക 1 ൽ കൊടുത്തിട്ടുണ്ട്. ഇവരിൽ 95 പേർ സ്ത്രീകളാണ്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾ മുഖ്യമായും വസിക്കുന്നത് ഒന്നാം വാർഡിലും 14 മുതൽ 22 വരെ വാർഡുകളിലുമാണ്.

പട്ടിക -1

**കടൽ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾ**

| മത്സ്യബന്ധനം | പുരു. | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിൽ | 1335 | – | 1335 |
| ഭാഗികം | 390 | – | 390 |
| സംസ്കരണം | 50 | 10 | 60 |
| വിപണനം | 105 | 70 | 175 |
| വലനന്നാക്കൽ | 80 | 15 | 95 |
| ആകെ | 1960 | 95 | 2055 |

അവലംബം : കടലോരസർവ്വേ

## കടൽ മത്സ്യഇനങ്ങൾ അന്നും ഇന്നും

ഇവിടെ പരമ്പരാഗതമായി സ്രാവ്, തെരണ്ടി, പൂന്തി, നെമ്മീൻ എന്നീ വൻ മത്സ്യങ്ങൾ മുൻകാലങ്ങളിൽ ലഭിച്ചു കൊണ്ടിരുന്നു. ജില്ലയിലെ ഇതര തുറകളിൽ നിന്നും യന്ത്രവൽകൃത വള്ളങ്ങളും ബോട്ടുകളും ആധുനിക വലകളുപയോഗിച്ച്

ഇവിടെ ലഭ്യമായിക്കൊണ്ടിരുന്ന വൻ മത്സ്യങ്ങളെ പിടിക്കുന്നതുമൂലം പരമ്പരാഗത മത്സ്യബന്ധനരീതി ഇന്നും തുടരുന്ന ഇവിടുത്തെ തൊഴിലാളികൾക്ക് ഇത്തരം വൻമത്സ്യങ്ങൾ ലഭിക്കാതെ വരുന്നു. ഇത് മത്സ്യകയറ്റുമതിയെ സാരമായി ബാധിക്കുകയും വൻ മത്സ്യലഭ്യത അന്യം നിന്നു പോകുകയും ചെയ്തു.

ഇപ്പോൾ ഇവിടെ പ്രധാനമായും ചെറുമത്സ്യങ്ങളാണ് ലഭിക്കുന്നത്. മത്തി, അയല, നെത്തോലി, വാള, ചൂര, ചാള, പരവ, താട, കൂറ്റ, ചെമ്മീൻ, റാള് കണവ എന്നിവയാണവ.

ഓരോ കാലങ്ങളിലും ലഭിക്കുന്ന കടൽ മത്സ്യങ്ങളെ ഇനം തിരിച്ച് പട്ടിക-2 ൽ കാണുക.

പട്ടിക-2

ഓരോ കാലത്തും ലഭിക്കുന്ന മത്സ്യങ്ങളുടെ ഇനം.

| | |
|---|---|
| ജനുവരി മുതൽ മാർച്ച് വരെ | നെത്തോലി, അയല, ചാള ചൂര, വാള |
| ഏപ്രിൽ മുതൽ മെയ് മവരെ | പരവ, താട, കൂറ്റ |
| ആഗസ്റ്റ് മുതൽ ഒക്ടോബർ വരെ | ചെമ്മീൻ, റാള്, കണവ |
| നവംബർ മുതൽ ഡിസംബർ വരെ | നെത്തോലി, മത്തി, അയല |

അവലംബം : ക˜ലോരസർവ്വേ

ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങൾ പഞ്ഞ മാസങ്ങളാണ്.

ഇപ്പോൾ വർഷംതോറും ലഭിച്ചുവരുന്ന മത്സ്യങ്ങളും അവയുടെ അളവും പട്ടിക-3 ൽ കൊടുത്തിട്ടുണ്ട്. കയറ്റുമതിയിൽ ചെറുമത്സ്യങ്ങളായ നെത്തോലി, ചാള എന്നിവ വിദേശരാജ്യങ്ങളിലേക്ക് കുറഞ്ഞ അളവിൽ കയറ്റി അയയ്ക്കുന്നുണ്ട്.

പട്ടിക -3

കടൽ മത്സ്യങ്ങളുടെ ഇനവും അളവും

| നമ്പർ | ഇനം | അളവ്(ടൺ) | കയറ്റുമതി (ടൺ) | |
|---|---|---|---|---|
| | | | വിദേശം | അന്യ സംസ്ഥാനം |
| 1 | നെത്തോലി | 740 | 80 | 40 |
| 2 | അയല | 120 | – | – |
| 3 | ചാള | 175 | – | 70 |
| 4 | ചൂര | 001 | – | – |
| 5 | വാള, ചുണ്ണാമ്പ്വാള | 011 | – | 5 |
| 6 | പരവ | 095 | – | – |
| 7 | താട | 080 | – | – |
| 8 | കൂറ്റ | 045 | – | – |
| 9 | ചെമ്മീൻ | 010 | – | – |
| 10 | റാള് | 000.5 | – | – |
| 11 | കണവ | 025 | – | – |
| | ആകെ | 1302.5 | 80 | 115 |

അവലംബം : തീരദേശസർവ്വേ

## ഉൾനാടൻ മത്സ്യബന്ധനം

പറവൂർ നഗരാതിർത്തിയിലെ പെരുമ്പുഴ മുതൽ പൊഴിക്കര ചീർപ്പ് വരെയുള്ള പതിനഞ്ച് കിലോമീറ്റർ പരവൂർ കായൽതീരവും മഞ്ചാടിമുട് മുതൽ കാപ്പിൽ പാലം വരെയുള്ള നാല് കിലോമീറ്റർ ഇടവാനടയറകായൽ തീരവും ഇതുരണ്ടും ബന്ധിപ്പിക്കുന്ന 3 കി.മീ.നീളമുള്ള കനാൽ തീരവും ചേർന്ന ഇരുപത്തി രണ്ട് കിലോമീറ്റർ തീരങ്ങളിൽ നഗരസഭയുടെ പതിനൊന്ന് വാർഡ് (1,2,3,4,5,14, 15,16,17,23,24) കളിലൂടെ ഉൾനാടൻ മത്സ്യമേഖല വ്യാപിച്ച്കിടക്കുന്നു.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 4,5 എന്നീ വാർഡുകളിലാണ് തിങ്ങിപ്പാർക്കുന്നത്. ഈ പ്രദേശങ്ങളിൽ ഊറ്റ്കുഴി മാമൂട്ടിൽപാലം എന്നീ രണ്ട് കടവുകൾ മാത്രമേ ഉൾനാടൻ മത്സ്യബന്ധനത്തിനായുള്ളു. ഈ മേഖലയിൽ 615 പേർ പണിയെടുക്കുന്നു. ഇതു സംബന്ധിക്കുന്ന പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക -4

ഉൾനാടൻ മത്സ്യത്തൊഴിലാളികൾ

| മത്സ്യബന്ധനം | പുരു. | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിൽ | 320 | – | 320 |
| ഭാഗികം | 90 | – | 90 |
| മത്സ്യസംസ്കരണം | 10 | – | 10 |
| മത്സ്യവിപണനം | 80 | 55 | 135 |
| വല നന്നാക്കൽ | 10 | – | 10 |
| ആകെഎണ്ണം | 510 | 55 | 565 |

അവലംബം : ഉൾനാടൻ മത്സ്യത്തൊഴിലാളി സർവ്വേ

പുരാതന കാലങ്ങളിൽ ചുരുക്കം ചിലരാണ് ഉൾനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരുന്നതെങ്കിലും ഇപ്പോൾ വിപുലമായ മത്സ്യബന്ധനം നടന്നുവരുന്നു. ഈ മേഖലയുമായി ബന്ധപ്പെട്ടിരുന്നവർ ഈ ദേശവാസികൾക്ക് പുറമെ കുണ്ടറ, പടപ്പക്കര, കുമ്പളം, കണ്ടച്ചിറ എന്നീ ഭാഗങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ക്രിസ്ത്യൻ കുടുംബങ്ങളാണ്. ഇന്നും അവർ ഈ മേഖലയുമായി ബന്ധപ്പെട്ട് വരുന്നു. പുരുഷന്മാർ കായലിൽനിന്നും കക്ക വാരുകയും സ്ത്രീകൾ കക്കാ ഇറച്ചി മാർക്കറ്റിൽ കൊണ്ടുപോയി കച്ചവടം നടത്തുകയും ചെയ്ത് വരുന്നു.

## ഉൾനാടൻ മത്സ്യഇനങ്ങൾ

പരവൂർ കായലാണ് പ്രധാന ഉൾനാടൻ മത്സ്യബന്ധനകേന്ദ്രം. കണമ്പ്, കരിമീൻ, പാര, ചെമ്മീൻ, ഞണ്ട്, കക്ക എന്നിവയാണ് ഇപ്പോൾ ലഭിക്കുന്ന പ്രധാന മത്സ്യവിഭവങ്ങൾ.

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യലഭ്യത താരതമ്യേന കുറവാണ്. ഓരോ വർഷവും ലഭിക്കുന്ന ഉൾനാടൻ മത്സ്യങ്ങളുടെ അളവും ഇനവും വേർതിരിച്ച് പട്ടിക-5 ൽ കൊടുത്തിരിക്കുന്നു.

**ഉൾനാടൻ മത്സ്യങ്ങളുടെ ഇനവും അളവും**

പട്ടിക-5

| നമ്പർ | ഇനം | അളവ് (ടൺ) |
|---|---|---|
| 1 | കണമ്പ് | 123 |
| 2 | കരിമീൻ | 49.4 |
| 3 | പാര | 19.7 |
| 4 | ഞണ്ട് | 04 |
| 5 | കൊഞ്ച് (നാരൻ,തെള്ള, തെറിപ്പൻ) | 145 |
| 6 | കക്ക | 50 |
| | ആകെ | 391.1 |

അവലംബം : ഉൾനാടൻ മത്സ്യത്തൊഴിലാളി സർവ്വേ

**പട്ടിക - 6**

**ഓരോകാലത്തും ലഭിക്കുന്ന ഉൾനാടൻ മത്സ്യങ്ങളും ഇനവും**

| മാസങ്ങൾ | ഇനം |
|---|---|
| ജനുവരി മുതൽ ജൂൺ വരെ | കണമ്പ്, കരിമീൻ പാര |
| ആഗസ്റ്റ് മുതൽ ഡിസംബർ വരെ | ചെമ്മീൻ (നാരൻ, തെളി, തെറിപ്പൻ) ഞണ്ട്, കക്ക |

അവലംബം : ഉൾനാടൻ മത്സ്യത്തൊഴിലാളി സർവ്വേ

ഉൾനാടൻ മത്സ്യലഭ്യതയ്ക്ക് വിഘാതം സൃഷ്ടിക്കുന്ന രണ്ട് പ്രധാന കാര്യങ്ങളിൽ ഒന്ന് യഥാസമയം പൊഴിക്കര ചീർപ്പിൽ നിന്നും മണ്ണ് നീക്കം ചെയ്യാത്തതും മറ്റൊന്ന് കായലുകൾ നികത്തി പുരയിടങ്ങൾ വികസിപ്പിക്കലുമാണ്.

## മത്സ്യബന്ധനോപകരണങ്ങൾ

പറവൂരിലെ മത്സ്യബന്ധന മേഖലയിൽ ഇന്ന് ഉപയോഗിച്ച്കൊണ്ടിരിക്കുന്ന ഉപകരണങ്ങൾ വള്ളം, ചാളത്തടി, എന്നിവയാണ്. ഇതിലേറ്റവും കൂടുതൽ ഉപോഗിക്കുന്നത് ചാളത്തടികളാണ്. ബോട്ട്പയോഗിച്ചുള്ള മത്സ്യബന്ധനം ഇവിടെയില്ല. പറവൂരിലെ ഓരോതുറയിലും ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ എണ്ണവും ഇനവും പട്ടിക 7 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -7

**ഉപകരണങ്ങളുടെ എണ്ണവും ഇനവും.**

| തുറകൾ | വള്ളം | യന്ത്രവൽകൃത വള്ളം | ചാള്ത്തടി |
|---|---|---|---|
| തെക്കും ഭാഗം | 6 | ഇല്ല | 50 |
| തോട്ടക്കുഴി | ഇല്ല | ഇല്ല | 200 |
| പരക്കട | ഇല്ല | ഇല്ല | 250 |
| ചില്ലയ്ക്കൽ | ഇല്ല | 2 | 730 |
| പൊഴിക്കര | 5 | ഇല്ല | 150 |
| ആകെ. | 11 | 2 | 1380 |

അവലംബം : കടലോര സർവ്വേ

ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ 110 ചെറുവള്ളങ്ങളും കക്കവാരനായി 5 ഇടത്തരം വള്ളങ്ങളും ഉപയോഗിച്ചു വരുന്നു.

## മത്സ്യഫെഡ്

മത്സ്യബന്ധനമേഖലയുടെ വികസനത്തിനായി മത്സ്യഫെഡിന്റെ കീഴിൽ 2 സഹകരണ സംഘങ്ങൾ ഒരു ദശാബ്ദക്കാലമായി ചില്ലയ്ക്കൽ, തെക്കുംഭാഗം കേന്ദ്രമാക്കി പ്രവർത്തിച്ചു വരുന്നു. എന്നാൽ ഈ സഹകരണസംഘങ്ങൾ വഴി കാര്യമായ നേട്ടങ്ങൾ ഒന്നും ഈ പ്രദേശത്ത് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അജ്ഞത, ഉദ്യോഗസ്ഥൻമാരുടെ അശ്രദ്ധ എന്നീ കാരണങ്ങളാൽ തൊഴിലാളികൾക്കാവശ്യമായ നൂതന മത്സ്യബന്ധന ഉപകരണങ്ങൾ ലഭിക്കുന്നില്ല. ഇക്കാരണത്താൽ തന്നെ മത്സ്യബന്ധമ ഉപകരണങ്ങൾ ലഭിക്കുന്നില്ല ഇക്കാരണത്താൽതന്നെ മത്സ്യബന്ധനമേഖല പ്രതിസന്ധി നേരിടുന്നു.

പറവൂരിൽ പ്രവർത്തിക്കുന്ന സംഘങ്ങളെ ശക്തമാക്കുന്നത്തോടെപ്പം തന്നെ 19,20 വാർഡുകൾ കേന്ദ്രമാക്കിയും നാല്, അഞ്ച് വാർഡുകൾ കേന്ദ്രീകരിച്ച് രണ്ട് സംഘങ്ങൾക്കൂടി ആരംഭിക്കേണ്ടതുണ്ട്. സഹകരണസംഘങ്ങളെക്കുറിച്ച് തൊഴിലാളികൾക്കിടയിലുള്ള അജ്ഞത മാറ്റിയെടുക്കുവാൻ ബോധവത്കരണവും ഒരവശ്യഘടകമാണ്.

## മത്സ്യവിപണനം

പറവൂരിലെ 5 മത്സ്യബന്ധന തുറകളിലേക്കും വാഹനസൗകര്യമുള്ള റോഡുകളില്ല. കൂടുതൽ റോഡ് സൗകര്യങ്ങൾ ഉണ്ടായാൽ മത്സ്യബന്ധന മേഖലകളിലെ വാണിജ്യം വർദ്ധിക്കും . വള്ളം വല, മറ്റുപകരണങ്ങൾ സുക്ഷിക്കുന്നതിനു ള്ള ഷെഡ്ഡുകൾ തുറകളിൽനിന്നും വളരെ അകലെയാണ്. ഈ ഷെഡ്ഡുകളെല്ലാം തന്നെ ദുർബലങ്ങളാണ്. തുറകളോടനുബന്ധിച്ച് ഷെഡ്ഡുകൾ നിർമ്മിക്കുന്നതിന് സ്ഥലസൗകര്യവും സാമ്പത്തിക

സഹായവും തൊഴിലാളികൾക്ക് ലഭ്യമാക്കണം.

പൊതു വിതരണ മാർക്കറ്റുകൾ തീരെകുറവാണ്. മത്സ്യ സംസ്കരണ സംവിധാനം നിലവിലില്ല. .ഇതും വിപണനരംഗത്തെ സാരമായി ബാധിക്കുന്നു.

മത്സ്യവിപണനരംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ തലച്ചുമടാക്കി കിലോമീറ്ററുകൾ താണ്ടി വിപണനം നടത്തുന്നു. ഈ രംഗത്ത് വാഹന സൗകര്യം ഉണ്ടായാൽ വിപണനരംഗം കൂടുതൽ സജീവമാകും.

## മത്സ്യത്തൊഴിലാളികളുടെ അവസ്ഥ

പറവൂരിലെ ജനസംഖ്യയിൽ 6.67% പേർ മത്സ്യബന്ധനമേഖലയിൽ തൊഴിലെടുക്കുന്നവരാണ്. മത്സ്യതൊഴിലാളികൾ ഭൂരിഭാഗവും ഭവനരഹിതരാണ്. ഭവനങ്ങൾ ഉള്ളവർ ഓലമേഞ്ഞ കുടിലുകളിൽ താമസിക്കുന്നു. ഭൂരിഭാഗം ഭവനങ്ങളിലും വൈദ്യുതി ലഭിച്ചിട്ടില്ല. പ്രാഥമിക സൗകര്യത്തിനുള്ള സംവിധാനങ്ങളില്ല. ശുദ്ധജലവിതരണ സംവിധാനങ്ങളില്ല. നിരക്ഷരത ദാരിദ്ര്യം, രോഗം, എന്നി പ്രശ്നങ്ങളും ഈ മേഖലയിൽ ഗുരുതരമായി നിലനിൽക്കുന്നുണ്ട്. വനിതകളിൽ ഭൂരിഭാഗവും തൊഴിലില്ലാത്തവരാണ്. രാത്രികാലങ്ങളിൽ മത്സ്യബന്ധനത്തിന് പോകുന്നവർക്ക് ദിക്ക് മനസിലാക്കുന്നതിനുള്ള സംവിധാനങ്ങളില്ല. ആതുര സേവനരംഗത്ത് മത്സ്യതൊഴിലാളികൾക്കായി ഒരു ഫിഷറീസ് ആശുപത്രി പൊഴിക്കരയിലുണ്ടായിരുന്നു. അതിപ്പോൾ പ്രൈമറി ഹെൽത്ത് സെന്ററായി പ്രവർത്തിക്കുന്നു.

മത്സ്യബന്ധന മേഖലയിൽ പറവൂരിന്റെ വിവിധ പ്രദേശങ്ങളിൽ ചികിത്സാ സൗകര്യം ലഭ്യമാകുന്നില്ല.

വലകൾ മറ്റുപകരണങ്ങൾ എന്നിവ വിദൂര സ്ഥലങ്ങളിൽ നിന്നാണ് വാങ്ങിക്കൊണ്ടിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി പൊഴിക്കരയിൽ പ്രവർത്തിച്ചിരുന്ന സഹകരണ മാവേലി സ്റ്റോർ ഇന്ന് പ്രവർത്തിക്കുന്നില്ല. പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ മത്സത്തൊഴിലാളി സംഘടന ഇന്ന് നിലവിലില്ല. സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന കെ.എം. ബഷീറിന്റെ നേതൃത്വത്തിൽ 1958-ൽ രൂപികരിച്ച ഫിഷർമാൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി ആയിരുന്നു പറവൂരിലെ ഏക മത്സ്യതൊഴാലാളി സംഘടന ശ്രീ ബഷീറിന്റെ മരണശേഷം ഈ സംഘടന പ്രവർത്തന രഹിതമായി.

പലകാലങ്ങളിലായി മത്സ്യതൊഴിലാളികൾ അപകടങ്ങളിൽ പെട്ടിട്ടുണ്ട്. പലർക്കും മരണവും സംഭവിച്ചിട്ടുണ്ട്. പക്ഷെ നാളിതുവരെ ദുരിതാശ്വാസനിധിയിൽ നിന്നോ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നോ നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. എല്ലാ തൊഴിലാളികളേയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിതത്വം ഉറപ്പാക്കിയാൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളു.

### ഫിഷ്ലാന്റിംഗ് സെന്റർ

പറവൂരിൽ തെക്കുംഭാഗം കേന്ദ്രമാക്കി ഒരു മിനി ഫിഷ്ലാന്റിംഗ് സെന്റർ തുടങ്ങുവാൻ 1986 ഏപ്രിൽ ഒന്നിന് ശിലാസ്ഥാപനം നടത്തുകയുണ്ടായി. ആഴക്കടൽ മത്സബന്ധനം വ്യാപിപ്പിക്കുക ആവശ്യത്തിന് ഐസ് പ്ലാന്റും കോൾഡ് സ്റ്റോറേജും നിർമ്മിക്കുക, സിഫ്റ്റിന്റെ സഹായത്തോടെ സംസ്കരണശാലകൾ നിർമ്മിക്കുക എന്നിവയും ഫിഷ്ലാന്റിംഗ് സെന്ററിന്റെ അനുബന്ധ പരിപാടികളായി ലക്ഷ്യമിട്ടിരുന്നു. പക്ഷെ, നാളിതുവരെ ഇതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഫിഷ്ലാന്റിംഗ് സെന്റർ തുടങ്ങിയാൽ മാത്രമേ ഈ മേഖല പുഷ്ടിപ്പെടുത്താൻ കഴിയുകയുള്ളു.

### ചെമ്മീൻ കൃഷി

പറവൂർ നഗരസഭയിൽ ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ സ്ഥലസൗകര്യങ്ങളുണ്ട്. പെരുമ്പുഴ മാലാക്കായലിനോടനുബന്ധിച്ച് ചിലർ വൻതോതിൽ ചെമ്മീൻ കൃഷി ചെയ്യുവാൻ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ, സ്വകാര്യ മത്സ്യകൃഷി നടത്തുന്നതല്ലാതെ .വാണിജ്യാടിസ്ഥാനത്തിൽ സംഘടിതമായോ സ്വകാര്യമായോ നടത്തുന്നില്ല. സർക്കാരിൽനിന്നോ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നോ നാളിത് വരെ ഉപദേശ നിർദ്ദേശങ്ങളോ സാമ്പത്തിക സഹായമോ കിട്ടാതിരുന്നത് ഈ മേഖലയുടെ പുരോഗമനത്തിന് വിഘാതം സൃഷ്ടിച്ചു.

സ്വകാര്യകുളങ്ങളും പൊതുകുളങ്ങളും സഹിതം ഇരുപത്തിയഞ്ച് കുളങ്ങൾ ഇപ്പോൾ നിലവിലുണ്ട്. പലകുളങ്ങളും നികത്തി മററ് ഉപയോഗങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള ഇരുപത്തിയഞ്ച് കുളങ്ങൾ പതിനഞ്ച് വാർഡുകളിലായി സ്ഥിതിചെയ്യുന്നു. ഈ കുളങ്ങൾ മത്സ്യകൃഷിക്ക് വിനിയോഗിക്കാവുന്നതാണ്. അവയുടെ എണ്ണവും വിസ്തീർണ്ണവും പട്ടിക 8 -ൽ കാണുക.

473

## പട്ടിക 8-പൊതുകുളങ്ങളുടെ എണ്ണവും വിസ്തീർണ്ണവും

| വാർഡ് | പൊതുകുളം | സ്വകാര്യകുളങ്ങളും ക്ഷേത്രക്കുളങ്ങളും | വിസ്തീർണ്ണം (സെന്റ്) പൊതു | സ്വകാര്യ |
|---|---|---|---|---|
| 1 | വാറുകുളം | ഇല്ല | 20 | |
| 1 | പൊഴിക്കര | പൊഴിക്കര ക്ഷേത്രക്കുളം | 10 | |
| 6 | പുക്കുളം | ഇല്ല | 08 | |
| 7 | പരകുളം | ഇല്ല | 10 | |
| 9 | തോട്ടത്തുകുളം | ഇല്ല | 25 | |
| 9 | മാലാക്കുളം | ഇല്ല | 25 | |
| 9 | ചിറയിൽക്കുളം | ഇല്ല | 20 | |
| 10 | പന്നിക്കുളം | ഇല്ല | 15 | |
| 10 | പുലിക്കുളം | ഇല്ല | 30 | |
| 11 | പുഞ്ചിറക്കുളം | ഇല്ല | 8 | |
| 12 | ഇല്ല | ആയിരവില്ലി ക്ഷേത്രക്കുളം | | 30 |
| 12 | പൊട്ടക്കുളം | ഇല്ല | 15 | |
| 12 | പന്തലിക്കുളം | ഇല്ല | 5 | |
| 12 | മങ്ങാട്ടുകുളം | ഇല്ല | 10 | |
| 14 | ഇല്ല | പുതിയിടം ക്ഷേത്രക്കുളം | | 10 |
| 14 | ഇല്ല | പൂതത്താൻക്കുളം | | 3 |
| 17 | ഇല്ല | കരീക്കായൽ | | 100 |
| 18 | ഇല്ല | പുതിയകാവ് ക്ഷേത്രക്കുളം | | 15 |
| 19 | ഇല്ല | പുത്തൻമുക്കാല്വെട്ടം ക്ഷേത്രക്കുളം | | 6 |
| 19 | ഇല്ല | കൊരണ്ടിക്കുളം | | 20 |
| 20 | ഇടത്തറക്കുളം | ഇല്ല | 25 | |
| 20 | ഇല്ല | കാമറക്കുളം | | 20 |
| 21 | ഇല്ല | ചിറയിൽക്കുളം | | 20 |
| 22 | ഇല്ല | താന്നീത്തുംവാതുക്കൽക്ഷേത്രം | | 20 |
| 24 | കട്ടാക്കുളം | ഇല്ല | 20 | |
| | 15 | 10 | 246 | 244 |

### കല്ലിൻമേൽക്കായ് (മുരിങ്ങകക്ക)

കല്ലിന്മേൽക്കായ് വളർത്താൻ കേരളത്തിൽ അനുകൂലമായ പ്രദേശം പരവൂർക്കായലാണെന്ന് സർവ്വേകൾ തെളിയിക്കുന്നു. ഉൾനാടൻ മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളി കൾക്ക് പരിശീലനം നൽകി ഈ മേഖലയിൽ തുടക്കംകുറിക്കണം.

### പ്രശ്നങ്ങൾ

1. നവീന മത്സ്യബന്ധനരീതികളെക്കുറിച്ചും യന്ത്രവൽകൃത ഉപാധികളെക്കുറിച്ചുമുള്ള ബോധവൽക്കരണമില്ല.
2. സഹകരണസംഘങ്ങളുടെ പ്രവർത്തന വൈകല്യം.
3. കടലിൽ തുറകളിലേക്കും ഉൾനാടൻ മത്സ്യബ ന്ധനതീരങ്ങളിലേക്കുമുള്ള വാഹന സൗക ര്യമുള്ള റോഡുകളുടെ അഭാവം.
4. മത്സ്യബന്ധന ഉപകരണങ്ങളും മറ്റും സുരക്ഷി തമായി സൂക്ഷിക്കുന്നതിനുള്ള ഷെഡ്ഡുകൾ (കൂടുകൾ) സൗകര്യപ്രദമായി ഇല്ല.
5. ഭൂരിപക്ഷം മത്സ്യബന്ധനതൊഴിലാളി കൾക്കും സ്വന്തമായി ഭവനങ്ങളില്ല. ഉള്ളതിലധികവും ഓലഷെഡ്ഡുകളാണ്.
6. ആഴക്കടൽ മത്സ്യബന്ധനസൗകര്യങ്ങളില്ല.
7. സ്റ്റോറേജ് സൗകര്യമോ ഐസ് പ്ലാന്റോഇല്ല.
8. മത്സ്യബന്ധനതുറകളിലും കായൽത്തീര ങ്ങളിലും വൈദ്യുതിയും കുടിവെള്ളവും ലഭ്യമല്ല.
9. മത്സ്യക്കൃഷിക്കും ചെമ്മീൻകൃഷിക്കും അനു യോജ്യമായ സ്ഥലം ധാരാളം ഉണ്ടെങ്കിലും ബന്ധപ്പെട്ട ഏജൻസികളിൽനിന്നും സാമ്പ ത്തിക സാങ്കേതിക സഹായങ്ങൾ യഥാവിധി ലഭിക്കുന്നില്ല
10. മത്സ്യത്തൊഴിലാളി ഭവനങ്ങളിലും തുറകളിലു വേണ്ടത്ര സാനിട്ടറി സൗകര്യങ്ങളില്ല.
11. ഉൾനാടൻ മത്സ്യബന്ധനത്തിന് പൊഴി ക്കര ചീർപ്പിൽനിന്നും യഥാസമയം മണ്ണ് നീക്കം ചെയ്യാത്തതിനാലും കായലുകൾ നികത്തി പുരയിട ങ്ങളാക്കുന്നതിനാലു മത്സ്യലഭ്യതയ്ക്കു കുറവ് സംഭവിക്കുന്നു.
12. ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും ഇൻഷുറ ൻസ് പദ്ധതിയിലും സമ്പാദ്യ ആശ്വാസ പദ്ധതി യിലും പങ്കാളികളല്ല.
13. വനിതാ മത്സ്യവിപണനക്കാർക്ക് ദൂരസ്ഥ ലങ്ങളിൽ മത്സ്യം കൊണ്ടുപോകുന്നതിനുള്ള വാഹനസൗകര്യമില്ല.
14. മത്സ്യഫെഡിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീ കൾക്കും കുടുംബങ്ങൾക്കുമുള്ള സമ്പാദ്യ പദ്ധതികൾ നിലവിലില്ല.
15. സംസ്കരണസാധ്യത കുറഞ്ഞുവരുന്നു.
16. മത്സ്യബന്ധന ഉപകരണങ്ങളുടെ ലഭ്യതക്കുറവ്.
17. മത്സ്യത്തൊഴിലാളികൾക്ക് നിയന്ത്രിത വിലയിൽ നിത്യോപയോഗസാധനങ്ങൾ ലഭ്യമാ കുന്നില്ല.
18. മത്സ്യത്തൊഴിലാളി മേഖലകളിൽ പ്രത്യേക മായ ചികിത്സാസൗകര്യങ്ങളില്ല.
19. ഉൾനാടൻ മത്സ്യസമ്പത്തായ കക്കാ സംസ്ക രണമോ അനുബന്ധ വ്യവസായമോ നില വിലില്ല.
20. മത്സ്യവിപണനസൗകര്യങ്ങൾ വിപുലമല്ല.
21. രാത്രികാലങ്ങളിലെ മത്സ്യബന്ധനക്കാ ർക്ക് ദിക്കറിഞ്ഞ് സുരക്ഷിതമായ തുറകളിലേക്ക് മടങ്ങുന്നതിന് സൗകര്യമില്ല.
22. മത്സ്യബന്ധനത്തുറകളെ തമ്മിൽബന്ധി പ്പിക്കുന്ന വാഹനസൗകര്യമുള്ള റോഡുകളില്ല.
23. മത്സ്യത്തൊഴിലാളി പെൻഷൻ എല്ലാവ ർക്കും ലഭിക്കുന്നില്ല.
24. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയോ വിവിധ മത്സ്യബന്ധന ഏജൻസികളുടെയോ ഓഫീസുകൾ ഈ പ്രദേശത്തില്ല.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. പരമ്പരാഗത മത്സ്യബന്ധനമുറകൾമാറ്റി ആധുനിക രീതികൾ ഉപയോഗിക്കുക.
2. നിലവിലുള്ള സഹകരണസംഘങ്ങൾ കാര്യ ക്ഷമമാക്കുക. 4,5 വാർഡുകൾ കേന്ദ്രമാക്കി യും 19,20 വാർഡുകൾ കേന്ദ്രമാക്കിയും പുതി യ സംഹകരണ സംഘങ്ങൾ ആരംഭിക്കുക.
3. കടൽത്തുറകളിലേക്കും ഉൾനാടൻ മത്സ്യബ ന്ധനതീരങ്ങളിലേക്കും വാഹനസൗകര്യമുള്ള റോഡുകൾ ഉണ്ടാകണം.
4. നിലവിലുള്ള ഷെഡ്ഡുകൾ (കൂടുകൾ) അകല ങ്ങളിലുള്ളത് സമീപസ്ഥലത്തേക്ക് മാറ്റുകയും സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണം. സ്ഥലസൗകര്യം ഉണ്ടാകണം.
5. ഭവനങ്ങളില്ലാത്ത മത്സ്യത്തൊഴിലാളികളെ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്പോൾ ലഭിച്ചു കൊണ്ടിരിക്കുന്ന 35000 രൂപ ഗ്രാന്റ് ലഭ്യമാ ക്കുക. മറ്റ് പദ്ധതി പ്രകാരം വീടില്ലാത്തവർക്ക് വീടും, ഓലമേഞ്ഞവീടുകൾക്ക് ഓടിടാനുള്ള സൗകര്യങ്ങളു ലഭ്യമാക്കണം.
6. 1.4.1986-ൽ തെക്കുംഭാഗം കേന്ദ്രമാക്കി ഒരു ഫിഷ്ലാന്റിംഗ് സെന്ററിന് സ്ഥലം എടുത്തിട്ടു ള്ളതാണ്. ഫിഷ് ലാന്റിംഗ് സെന്റർ ഉണ്ടാകേ ണ്ടത് എല്ലാ അനുബന്ധ മേഖലകൾക്കും അഭി കാമ്യമാണ്. ഫിഷ് ലാന്റിംഗ് സെന്ററിനുവേണ്ട

തുടർനടപടികൾ ഉടൻ ആരംഭിക്കണം.

7. രാത്രികാലങ്ങളിൽ ലഭിക്കുന്ന മത്സ്യം ചീത്തയാകാതെ സൂക്ഷിക്കുന്നതിന് ഐസ് പ്ലാന്റുകളും ശീഥീകരണ സംവിധാനവും ഉണ്ടാകണം.

8. രാത്രികാലങ്ങളിൽ അന്ധകാരനിബിഢമായ തുറകളെ ഇരുട്ടിൽനിന്നും മുക്തമാക്കി വൈദ്യുതി ലഭ്യമാക്കണം. ഈ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം അടിയന്തിര പ്രാധാന്യത്തോടെ നടപ്പാക്കണം.

9. ഒരു ജലമത്സ്യകൃഷിവികസന ഏജൻസി, ശുദ്ധജല മത്സ്യക്കൃഷിവികസന ഏജൻസി, 'അഡാക്ക്' എന്നീ ഏജൻസികളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി പരവൂർ കായലിലും ഈ പ്രദേശങ്ങളിലെ മറ്റു ജലസ്രോതസ്സുകളിലും മത്സ്യക്കൃഷിയും ചെമ്മീൻ കൃഷിയും വിപുലപ്പെടുത്താൻ കഴിയും. മാലാക്കായലിൽ നിലവിലുള്ള ചിറകൾ മത്സ്യക്കൃഷിക്ക് ഉപയോഗിക്കാവുന്നതാണ്.

10. തുറകൾ കേന്ദ്രമാക്കി പൊതുകക്കൂസുകളും, ഭവനങ്ങളിൽ കക്കൂസുകളും അധികാരികൾ നിർമ്മിച്ചുനൽകണം.

11. ഉൾനാടൻ മത്സ്യത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ കാലാകാലങ്ങളിൽ പൊഴിക്കര ചീർപ്പിൽ അടിയുന്ന മണ്ണ് നീക്കം ചെയ്യുകയും പ്രദേശവാസികളും സർക്കാരും ചേർന്ന് കായൽ നികത്തുന്നത് തടയുകയും ചെയ്യുക.

12. ഇൻഷുറൻസ് പദ്ധതിയിലും സമ്പാദ്യ ആശ്വാസപദ്ധതിയിലും തൊഴിലാളികളെ അംഗങ്ങളാക്കണം.

13. വനിതാ മത്സ്യവിപണനത്തിന് മത്സ്യഫെഡ്ഡിന്റെ സഹായത്തോടെ വാഹനസൗകര്യം ഏർപ്പെടുത്തണം.

14. മത്സ്യഫെഡും സംസ്ഥാന കേന്ദ്രസർക്കാരുകളും നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളി കുടുംബക്ഷേമപദ്ധതികളായ ആടുവളർത്തൽ, തയ്യൽ പരിശീലനം തുടങ്ങിയവ കഴിഞ്ഞകാല വിഹിതങ്ങളിലെ കുറവുകൾ നികത്തി കൂടുതൽ വിഹിതം നൽകണം. വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കുക വഴിയോ, ചെറുകിട വ്യവസായസ്ഥാപനങ്ങൾ സ്ഥാപിക്കുക വഴിയോ, കക്ക, ഞണ്ട്, ചെമ്മീൻ തുടങ്ങിയവകൊണ്ടുള്ള അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയവയ്ക്ക് പരിശീലനം നൽകി നടപ്പിലാക്കേണ്ടതാണ്.

15. C.I.F.T ( Central Institute of Fisheries Technology)യുടെ സാമ്പത്തിക സഹായത്തോടെ മത്സ്യസംസ്ക്കരണ പരിശീലനം നൽകി മേഖലയെ വികസിപ്പിക്കാം.

16. മത്സ്യബന്ധന ഉപകരണങ്ങളായ വല മറ്റ് ഉപകരണങ്ങൾ ലഭ്യമാക്കുന്ന ഒരു സ്റ്റോർ ഉണ്ടാകണം.

17. പൊഴിക്കര നിലവിലിരുന്ന മത്സ്യത്തൊഴിലാളി സഹകരണ മാവേലിസ്റ്റോർ പുനരാരംഭിക്കുകയും പുതുതായി ഒരെണ്ണം തെക്കുംഭാഗം കേന്ദ്രമാക്കി ആരംഭിക്കണം.

18. നിലവിലുള്ള പൊഴിക്കര ഫിഷറീസ് ആശുപത്രി കൂടാതെ തെക്കുംഭാഗത്തും പൊഴിക്കരയിലും രണ്ട് ഫിഷറീസ് ആശുപത്രികൾ സ്ഥാപിക്കണം.

19. കക്കാ സംസ്ക്കരണത്തിനും കക്കാത്തോടുകൊണ്ടുള്ള അനുബന്ധ വ്യവസായങ്ങൾക്കും പ്രത്യേക പദ്ധതി ഉണ്ടാകണം.

20. നിലവിലുള്ള 3 മത്സ്യമാർക്കറ്റുകൾ കൂടാതെ പരവൂരിന്റെ വിവിധഭാഗങ്ങളിൽ സൗകര്യാർത്ഥം കൂടുതൽ മാർക്കറ്റുകൾ ഉണ്ടാകണം.

21. ദിക്കുമനസ്സിലാക്കി മത്സ്യബന്ധനം സുഗമമാക്കുവാൻ ഗൈഡ് ലൈറ്റുകൾ സ്ഥാപിക്കണം.

22. തെക്കുംഭാഗം മുതൽ പൊഴിക്കരവരെയുള്ള മത്സ്യബന്ധനത്തുറകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തീരദേശറോഡ് ഉണ്ടാകണം.

23. രജിസ്റ്റർ ചെയ്തിട്ടുള്ളവർ വിരളമാണ്. തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ച് പെൻഷന് അർഹരാക്കുക.

24. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും ഏജൻസികളുടെയു ഓഫീസുകൾ ഈ പ്രദേശത്ത് ഉണ്ടാകുന്നതുകൊണ്ട് മത്സ്യബന്ധന മേഖലയുടെ വികസനത്തിന് ആക്കം കൂട്ടുന്നതാണ്.

25. കല്ലിൻമേൽക്കായ് വളർത്താൻ കേരളത്തിൽ അനുകൂലമായ സ്ഥലം പരവൂർ കായലാണെന്ന് സർവ്വേകൾ സൂചിപ്പിക്കുന്നു. അതിനായി പദ്ധതി രൂപീകരിക്കേണ്ടതാണ്.





## 5.3 വ്യവസായം

വ്യാവസായികഭൂപടത്തിൽ പരവൂരിന് ഏകദേശം 2000ത്തോളം വർഷങ്ങളുടെ പഴക്കം വരും. കുരുമുളക്, നെയ്ത്ത്, കയർ, കൊപ്ര, മത്സ്യബന്ധനം എന്നീ പരമ്പരാഗത വ്യവസായങ്ങളാണ് പരവൂരിന്റെ നാഡീവ്യൂഹം. റാട്ടു യന്ത്രങ്ങളുടെയും തൊണ്ടുതല്ലുന്നതിന്റെയും ഊട അടിക്കുന്നതിന്റെയും സംഗീതാത്മകമായ ശബ്ദം ആയിരുന്നു പരവൂരിലേക്ക് ജനങ്ങളെ സ്വാഗതം ചെയ്തിരുന്നത്. കാലത്തിന്റെ കുത്തൊഴുക്കിൽ പരമ്പരാഗതമായ ഈ വ്യവസായങ്ങൾ ക്ഷയിച്ചു വരുന്നു. എന്നാൽ പരവൂരിൽ സുലഭമായി ലഭിക്കുന്ന കയറിന്റെ അസംസ്കൃത വസ്തുക്കൾ നമ്മുടെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഈ ആധുനിക കാലഘട്ടത്തിൽപ്പോലും പരിഹാരം കണ്ടെത്താൻ കഴിയും.

അദ്ധ്വാനശീലരായ ഒരു സമൂഹമായിരുന്നു പരവൂരിൽ ഉണ്ടായിരുന്നത്. പരവൂരിലെ ഓരോ വീട്ടുപുരയിടങ്ങളിലും കുടിൽവ്യവസായമെന്ന നിലയിൽ കയർപിരിപ്പ് ഉണ്ടായിരുന്നു. ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്ന കയർ കാർപ്പെറ്റ് നിർമ്മാണത്തിന് യോജിച്ചവിധത്തിൽ നേർമ്മയും വെണ്മയും ഉള്ളതായിരുന്നതിനാൽ പ്രത്യേക പ്രശസ്തിനേടിയിരുന്നു. പാശ്ചാത്യവ്യാപാരികൾ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട അഞ്ചുതെങ്ങിൽ പണ്ടകശ്ശാലയും കോട്ടയുംകെട്ടി. പരവൂരിലെ കയർ അവിടെ ശേഖരിച്ചിരുന്നു. കാലക്രമേണ പരവൂർ കേരളത്തിലെ ഒരു പ്രധാന കയർ ഉൽപ്പാദനകേന്ദ്രമായി ത്തീർന്നു. പരവൂർ കോങ്ങാൽ ആണ്ടിയറ എസ്. കൃഷ്ണൻ കോങ്ങാൽ മണിയംകുളത്ത് ഏകദേശം 80 വർഷങ്ങൾക്കുമുമ്പ് കേരളചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുളള 'ശ്രീകൃഷ്ണവിലാസം (S.K.V.)ഇൻഡസ്ട്രിയൽവർക്സ്' (ഇന്നത്തെ ഫ്ളോർക്കോ) എന്നപേരിൽ ഒരു കയർ വ്യവസായശാല സ്ഥാപിച്ചു. ഇതിനോടൊപ്പം അന്ന് ഒരു കയർ ഇൻസ്ട്രിയൽസ്കൂളും അദ്ദേഹം സ്ഥാപിച്ചു. കയർ ഉൽപ്പന്നങ്ങൾ വിദേശവിപണികളിലേക്ക് കയറ്റുമതി ചെയ്ത ആദ്യഭാരതീയൻ ഇദ്ദേഹമായിരുന്നു. പരവൂരിലെ കയർ വ്യവസായത്തിന്റെ വളർച്ചയ്ക്ക് ജലഗതാഗതമാർഗ്ഗം വളരെയധികം സഹായിച്ചിട്ടുണ്ട്. 4.11.1958-ൽ പ്രവർത്തനം തുങ്ങിയ വിനായകർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്സൊസൈറ്റി, ഭൂപതി എന്ന തമിഴ് വ്യവസായി 'വിനായക' എന്ന പേരിൽ സ്ഥാപിച്ചതാണ്. ആരംഭകാലത്ത് 260ഓളം പേർക്ക് തൊഴിൽ ലഭ്യമാക്കിയിരന്ന ഈ സ്ഥാപനം ഇന്ന് 49 തൊഴിലാളികൾക്ക് മാത്രം തൊഴിൽനൽകുന്ന ജീർണ്ണത ബാധിച്ച ഒരു സ്ഥാപനമായി മാറിയിരിക്കുന്നു. മൂലധനം, യന്ത്രവൽക്കരണം, വിദേശമാർക്കറ്റ് എന്നിവയുടെ അഭാവം മൂലം പ്രതിസന്ധി നേരിടുന്നു.

കായലുകളുടെയും കടലിന്റെയും സാമീപ്യമുള്ളതിനാൽ പരവൂരിൽ തെങ്ങുകൃഷി വ്യാപകമായി ഉണ്ടാകുകയും അതിലൂടെ കൊപ്രവ്യവസായം പുഷ്ടിപ്പെടുകയും ചെയ്തു. ഉൾക്കട്ടിയുള്ള വലിയ തേങ്ങ ആയതുകൊണ്ട് പരവൂരിലെ കൊപ്രയ്ക്ക് കമ്പോളത്തിൽ വലിയ പ്രിയമായിരുന്നു. എന്നാൽ ഈ വ്യവസായത്തിന് കേന്ദ്രീകരണ സ്വഭാവം ഉണ്ടായിരുന്നില്ല. മാത്രമല്ല, അശാസ്ത്രീയമായ തെങ്ങുകൃഷിയുടെ ഫലമായി കാലാന്തരത്തിൽ തേങ്ങയുടെ ഉൽപ്പാദനം കുറയുകയും അതിലൂടെ ലാഭകരമല്ലാതാവുകയും ചെയ്തു. എന്നാൽ ആധുനിക ഓയിൽമില്ലുകളുടെ വരവോടുകൂടി ഇപ്പോൾ ഈ വ്യവസായം മെച്ചപ്പെടുവാൻ തുടങ്ങിയിട്ടുണ്ട്. കൊച്ചി, ആലപ്പുഴ എന്നീ കമ്പോളങ്ങളെ മാത്രം ആശ്രയിക്കുന്നതിനാൽ കൊപ്രവ്യവസായത്തിൽ ഏർപ്പെടുന്നവർ ചൂഷണ

വിധേയമാകുന്നു.

ഏകദേശം 8 കി.മി. ദൂരം വരുന്ന പരവൂരിലെ കടൽഭാഗത്തുനിന്നും വർഷത്തിൽ 1500-ൽപരം ടണ്ണും പരവൂർ കായലിൽനിന്നും 134-ൽപരംടണ്ണും മത്സ്യം ലഭിക്കുന്നു. കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട മത്സ്യബന്ധന കേന്ദ്രങ്ങളിലൊന്നാണ് പരവൂർ. പരമ്പരാഗതരീതിയിലുള്ള മത്സ്യബന്ധനമാണ് ഇവിടെ നടക്കുന്നത്. വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യസംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിച്ച് ഈ വ്യവസായത്തെ ഉയർത്തേണ്ടതായിട്ടുണ്ട്.

ആധുനിക വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ പരവൂരിലില്ല. എന്നാൽ ചെറുകിട വ്യവസായത്തിൽപ്പെട്ട 98 യൂണിറ്റുകളും 2 ഫാക്ടറി ടൈപ്പ് യൂണിറ്റുമാണ് പ്രവർത്തിക്കുന്നുത്. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി കേഡസ് എന്ന സംഘടനയുടെ ഒരു ചെറുകിട ഇലക്ട്രോണിക്സ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് യൂണിറ്റ് പ്രവർത്തിച്ചിരുന്നു കൂടാതെ കേരള ഇലക്ട്രിസിറ്റി ബോർഡിനു വേണ്ടി മീറ്റർ റിപ്പയർ ചെയ്യുന്നതിന് കൊല്ലം ജില്ലാ വിമൻസ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. കേഡസിന്റെ സഹായത്തോടെ ഒരു മസ്ലീൻ യൂണിറ്റ് പ്രവർത്തിക്കുന്നു. തൊഴിലാളികൾക്ക് വളരെ തുച്ഛമായ വേതനം ലഭിക്കുന്നതു കൊണ്ട് തൊഴിലാളികളെ ലഭിക്കുന്നില്ല. എന്നാൽ പ്രസ്തുത വ്യവസായ യൂണിറ്റുകളുടെ പ്രവർത്തനം വളരെ പരിമിതമാണ്. സഹകരണ മേഖലയിലോ ഗവൺമെന്റ് ഉടമയിലോ ഉള്ള ഒരൊറ്റ വ്യവസായ സ്ഥാപനവും പരവൂരിലില്ല എന്നുള്ളത് ഇവിടുത്തെ വ്യവസായവികസനത്തിന്റെ മുരടിപ്പ് പ്രകടമാക്കുന്നു.

## സ്ഥിതിവിവരക്കണക്കുകൾ

### പട്ടിക- 1 പരമ്പരാഗത സ്വകാര്യ വ്യവസായങ്ങൾ

| തരം | എണ്ണം | കൂടുന്നു/ കുറയുന്നു | തൊഴിലെടുക്കുന്നവരുടെ എണ്ണം | ദിവസക്കൂലി (ശരാശരി) | അസംസ്കൃത വസ്തുക്കൾ | ഉല്പന്ന വിപണനം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|
| കുടിൽ | 175 | കുറയുന്നു | 1306 | 33 രൂപ | തേങ്ങ,തൊണ്ട്, നൂൽ | ആലപ്പുഴ കൊച്ചി | ലാഭകരം |
| ചെറുകിട | 52 | കുറയുന്നു | 1634 | 33 രൂപ | തേങ്ങ, തൊണ്ട് | ആലപ്പുഴ, കൊച്ചി | ലാഭകരം |
| ഫാക്ടറി | 2 | കുറയുന്നു | 295 | 70 രൂപ | കയർ, ചായം | ആലപ്പുഴ, കൊച്ചി | ലാഭകരം |

അവലംബം : കൊല്ലം വ്യവസായകേന്ദ്രം ഫാക്ടറീസ് & ബോയിലേഴ്സ്, കയർ പ്രോജക്ട്ആഫീസ്, മുനിസിപ്പൽ ആഫീസ്, ലേബർ ആഫീസ്

**പൊതുമേഖലാ വ്യവസായങ്ങൾ ഇല്ല**

478

## പട്ടിക-2 പരമ്പരാഗത സഹകരണ വ്യവസായങ്ങൾ

| തരം | എണ്ണം | കൂടുന്നു/ കുറയുന്നു | തൊഴിൽഎടുക്കുന്നവരുടെ എണ്ണം | ദിവസക്കൂലി (ശരാശരി) | അസംസ്കൃത വസ്തുക്കൾ | ഉല്പന്ന വിപണനം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|
| കയർ | 3 | കുറയുന്നു | 126 | 36 രൂപ | തൊണ്ട്, | കയർഫെഡ് ആലപ്പുഴ | നഷ്ടത്തിൽ |
| നെയ്ത്ത് | 1 | കുറയുന്നു | 49 | 35 രൂപ | നൂൽ | ഹാൻടെക്സ് | നഷ്ടത്തിൽ |

അവലംബം : നേരിട്ട് എടുത്തത്

## സ്ഥിതിവിവരക്കണക്കുകൾ

## പട്ടിക- 3 സ്വകാര്യ വ്യവസായങ്ങൾ

| തരം | എണ്ണം | കൂടുന്നു/ കുറയുന്നു | തൊഴിൽഎടുക്കുന്നവരുടെ എണ്ണം | ദിവസക്കൂലി (ശരാശരി) | അസംസ്കൃത വസ്തുക്കൾ | ഉല്പന്ന വിപണനം | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|---|
| ചെറുകിട | 100 | കൂടുന്നു | 320 | 60 രൂപ | ധാന്യം, വൈദ്യുതി തുകൽ ഇരുമ്പുരുക്ക് തടി, റബ്ബർ കൊപ്ര, ചെളി | പരവൂർ | ലാഭത്തിൽ |
| ഫാക്ടറി | 2 | കൂടുന്നു | 75 | 25 രൂപ | ഗോതമ്പ് പൊടി, പഞ്ചസാര വനസ്പതി വൈദ്യുതി, ജലം | കൊല്ലം ജില്ല | ലാഭത്തിൽ |

അവലംബം : സെക്കന്ററി ഡാറ്റാ, ജില്ലാ വ്യവസായകേന്ദ്രം, ലേബർ ഓഫീസ്, മുനിസിപ്പൽ ഓഫീസ്, ജില്ലാ ഫാക്ടറീസ് & ബോയിലേഴ്സ്, നഗരസഭാചർച്ച

## പട്ടിക– 4 ചെറുകിട വ്യവസായ യൂണിറ്റുകൾ

| ക്രമനമ്പർ | ഇനം | ആകെ വ്യവസായം | തൊഴിലാളികളുടെ എണ്ണം പു. | സ്ത്രീ | ആകെ |
|---|---|---|---|---|---|
| 1. | ധാന്യപ്പൊടിമിൽ | 20 | 20 | 6 | 26 |
| 2. | എഞ്ചിനീയറിംഗ് | 6 | 30 | – | 30 |
| 3. | ചുടുകട്ട | 4 | 40 | 20 | 60 |
| 4. | ലതർ | 4 | 8 | – | 8 |
| 5. | ടയർ (റീട്രെഡിംഗ്) | 2 | 5 | – | 5 |
| 6. | അച്ചടി | 8 | 16 | 8 | 24 |
| 7. | സോഡ | 2 | 4 | 1 | 5 |
| 8. | റബ്ബർ | 1 | 3 | 2 | 5 |
| 9. | തടിമിൽ | 5 | 25 | – | 25 |
| 10. | ഓയിൽമിൽ | 4 | 29 | – | 29 |
| 11. | ബേക്കറി | 12 | 30 | – | 30 |
| 12. | ബ്രഡ് | 1 | 5 | 5 | 10 |
| 13. | ബിസ്ക്കറ്റ | 1 | 10 | 40 | 50 |
| 14. | കാർപ്പെന്ററി | 10 | 40 | – | 40 |
| 15. | മറ്റുള്ളവ | 22 | 50 | 28 | 78 |
| | ആകെ | 102 | 315 | 110 | 425 |

അവലംബം : ജില്ലാ വ്യവസായകേന്ദ്രം, ഫാക്ടറീസ് & ബോയിലേഴ്സ്. സെക്കന്ററി ഡാറ്റാ
മുനിസിപ്പൽ ആഫീസ്, ലേബർ ആഫീസ് , നഗരസഭാ പർച്ച

## പട്ടിക– 5 പരവൂരിലെ പ്രധാനപ്പെട്ട വ്യവസായഉൽപ്പന്നങ്ങൾ (ഉദ്പാദനം ദിവസക്കണക്കിൽ)

| ക്രമനമ്പർ | ഉല്പന്നം | അളവ്/ തൂക്കം |
|---|---|---|
| 1. | കയർ | 6000 കി.ഗ്രാം |
| 2. | കയറ്റുപായ് | 900 സ്ക്വയർ മീറ്റർ |
| 3. | കൊപ്ര | 7000 കി.ഗ്രാം |
| 4. | വെളിച്ചണ്ണ | 5000 കി.ഗ്രാം |
| 5. | മത്സ്യം | 4540 കി.ഗ്രാം |
| 6. | ബിസ്ക്കറ്റ് | 1500 കി.ഗ്രാം |
| 7. | ബ്രെഡ് | 1200 കി.ഗ്രാം |
| 8. | വസ്ത്രം | 102 മീ. |

പരവൂരിലെ പരമ്പരാഗത വ്യവസായങ്ങളുടെ ഇന്നത്തെ സ്ഥിതിവിവരങ്ങൾ ചെറുകിടവ്യവസായ യൂണിറ്റുകൾ, പ്രധാന വ്യവസായ ഉല്പന്നങ്ങൾ എന്നിവ 1 മുതൽ 5 വരെയുള്ള പട്ടികകളിൽ സൂചിപ്പിച്ചിട്ടുണ്ട്. പരവൂരിലെ പരമ്പരാഗത സ്വകാര്യവ്യവസായങ്ങളുടെ എണ്ണം കുറയുന്നുണ്ടെങ്കിലും അവയെല്ലാം ലാഭകരമായി പ്രവർത്തിക്കുന്നു. പരമ്പരാഗതസഹകരണ വ്യവസായങ്ങൾ നഷ്ടത്തിലാണ്. സ്വകാര്യവ്യവസായങ്ങളെല്ലാം തന്നെ ലാഭത്തിൽ പ്രവർത്തിക്കുന്നു. ഇവയുടെ എണ്ണം കൂടിക്കൊണ്ടിരിക്കുന്നു.

## പരവൂരിലെ വ്യാവസായിക തൊഴിലാളികളുടെ (വിവിധ മേഖലകളിലെ) ഘടന




1. പരമ്പരാഗത സ്വകാര്യ കുടിൽ/കയർവ്യവസായ തൊഴിലാളികൾ
2. പരമ്പരാഗത സ്വകാര്യ ചെറുകിട കയർവ്യവസായ തൊഴിലാളികൾ
3. പരമ്പരാഗത സ്വകാര്യ ഫാക്ടറി കയർവ്യവസായ തൊഴിലാളികൾ
4. പരമ്പരാഗത സഹകരണ കയർവ്യവസായ തൊഴിലാളികൾ
5. പരമ്പരാഗത സഹകരണ നെയ്ത്തുവ്യവസായ തൊഴിലാളികൾ
6. ആധുനിക സ്വകാര്യ ചെറുകിട വ്യവസായത്തൊഴിലാളികൾ
7. ആധുനിക സ്വകാര്യ ഫാക്ടറി വ്യവസായത്തൊഴിലികൾ

വിവിധ മേഖലയിലെ കൂലിനിരക്ക് സംബന്ധിച്ച വിവരങ്ങൾ 6 മുൽ 8 വരെയുള്ള പട്ടികകളിൽ ചേർത്തിട്ടുണ്ട്. പരവൂരിൽ 4 വ്യവസായസഹകരണ സംഘങ്ങളാണുള്ളത്. ഇവയെല്ലാം തന്നെ പരമ്പരാഗത വ്യവസായങ്ങളുമായി ബന്ധപ്പെട്ടവയാണ്. ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ പട്ടിക 9-ൽ കൊടുത്തിരിക്കുന്നു. ഈ സഹകരണസംഘങ്ങളെല്ലാം തന്നെ നഷ്ടത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

### പട്ടിക – 9 പരവൂരിലെ വ്യവസായ സഹകരണസംഘങ്ങൾ

| ക്രമ ന. | സംഘത്തിന്റെ പേര് | ആകെ അംഗങ്ങൾ | രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച വർഷം | സ്ത്രീ അംഗങ്ങൾ | പുരുഷ അംഗങ്ങൾ | പിരിഞ്ഞ് കിട്ടിയ മൂലധനം രൂപ. | ഗവ: സഹായം രൂപ. | ആകെ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | പുരുഷ തൊഴിലാളികൾ | ലാഭം/നഷ്ടം | ശരാശരി കൂലി രൂപ. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | വിനായകർ വ്യവസായ വീവേഴ്സ് സഹകരണസംഘം No. H. 212 | 490 | 4.11.58 | 262 | 228 | 187943 | 728991.34 | 49 | 41 | 8 | നഷ്ടം | 35 |
| 2. | നമ്പർ 3088 പരവൂർ കയർ വ്യവസായ സഹകരണസംഘം | 1193 | 20.10.50 | 774 | 419 | 90084 | 453280 | 54 | 50 | 4 | നഷ്ടം | 36 |
| 3. | നമ്പർ ക്യൂ. 636 കൂനയിൽ കയർ വ്യവസായ സഹകരണസംഘം | 404 | 26.03.79 | 275 | 129 | 33462 | 152820 | 55 | 40 | 15 | നഷ്ടം | 36 |
| 4. | നമ്പർ ക്യൂ. 870 പരവൂർ തെക്കുംഭാഗം കയർവ്യവസായ സഹകരണസംഘം, കോട്ടപ്പുറം | 156 | 26.10.85 | 86 | 70 | 5260 | 42480 | 15 | 12 | 3 | നഷ്ടം | 36 |

അവലംബം : നേരിട്ട് ശേഖരിച്ചത്.

## മേഖലതിരിച്ചുള്ള തൊഴിലാളികൾ




അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, കയർ പ്രോജക്ട് ഓഫീസ്, കയർ സൊസൈറ്റികൾ, ലേബർ ഓഫീസ്, ഫാക്ടറീസ് & ബോയിലേഴ്സ്, നഗരസഭ ചർച്ച

BC പരമ്പരാഗത സ്വകാര്യചെറികിട വ്യവസായ തൊഴിലാളികൾ
AB പരമ്പരാഗത സ്വകാര്യകുടിൽവ്യവസായ തൊഴിലാളികൾ
AG ആധുനിക സ്വകാര്യ ഫാക്ടറി തൊഴിലാളികൾ
GF ആധുനിക സ്വകാര്യ ചെറുകിട വ്യവസായ തൊഴിലാളികൾ
EF പരമ്പരാഗത സഹകരണ നെയ്ത്തു വ്യവസായ തൊഴിലാളികൾ
ED പരമ്പരാഗത സഹകരണ കയർ വ്യവസായ തൊഴിലാളികൾ
DC പരമ്പരാഗത സ്വകാര്യ ഫാക്ടറി തൊഴിലാളികൾ (കയർ)

### പ്രശ്നങ്ങൾ

1. ഇതരമേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കയർ കൈത്തറിമേഖലകളിലെ തൊഴിലാളികൾക്ക് വളരെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്.
2. പമ്പരാഗത മേഖലകളിൽനന്നും ആധുനിക മേഖലകളിലേക്കുള്ള തൊഴിലാളികളുടെ തള്ളിക്കയറ്റം.
3. കുറഞ്ഞ ഉൽപ്പാദനക്ഷമത.
4. ചെറുകിട ഉൽപ്പാദകരുടെ ഉല്ന്നങ്ങൾ വിറ്റഴിക്കുന്നതിന് മത്സരമുള്ള കമ്പോളത്തിന്റെ അഭാവം.
5. വിദേശരാജ്യങ്ങൾ ഉൾപ്പടെയുള്ള കമ്പോളങ്ങളിൽ പരമ്പരാഗത വ്യവസായങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണക്കുറവ്.
6. പുതിയ വ്യവസായ സംരംഭകർക്ക് വേണ്ടുന്ന പരിശീലനത്തിന്റെയും വിദഗ്ദ്ധോപദേശത്തിന്റെയും അഭാവം.
7. ശക്തമായ വ്യവസായ സഹകരണസംഘങ്ങളുടെ അഭാവം.
8. നിലവിലുള്ള വ്യവസായ സഹകരണസംഘങ്ങളിലെ പ്രവർത്തനവൈകല്യങ്ങൾ
9. പരമ്പരാഗത മേഖലയിൽ കടന്നുചെല്ലാൻ കഴിയുന്ന നവീന സാങ്കേതിക വിദ്യയുടെ അഭാവം.
10. ദിനംപ്രതിയുള്ള കമ്പോളനിലവാരം ഉൽപ്പാദകരെ അറിയിക്കാനുള്ള സംവിധാനം ഇല്ലാഴ്മ
11. മുഖ്യ കാർഷികവിളയായ തേങ്ങ വ്യവസായ രംഗത്ത് പ്രയോജപ്പെടുന്നില്ല.
12. സഹകരണമേഖലയിലെ കയർവ്യവസായം നഷ്ടത്തിൽ.
13. പ്രാദേശികമായി സംഭരക്കുന്ന കൊപ്ര ഉപയോഗിച്ച് ആധുനിക വ്യസായം നടക്കുന്നില്ല. മറിച്ച് പ്രസ്തുത കൊപ്ര ആലപ്പുഴ, കൊച്ചി, ബോംബേ തുടങ്ങിയ സ്ഥലങ്ങളിൽ കയറ്റി അയയ്ക്കുകയാണ്.
14. വിദ്യാസമ്പന്നരായ അഭ്യസ്തവിദ്യർക്ക് പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുവാനുള്ള വിമുഖത.
15. വൈദ്യുതി ദൗർലഭ്യം.
16. ജനസംഖ്യയിൽ 7% വരുന്ന മത്സ്യത്തൊഴിലാളികളുടെ ജീവനോപാദികളായ വള്ളം, വല തുടങ്ങിയവ യഥേഷ്ടം ലഭിക്കാനുള്ള ബുദ്ധിമുട്ട്.
17. മത്സ്യോപകരണങ്ങളുടെ ആധുനികവൽക്കരണത്തിന്റെ അഭാവം.
18. മത്സ്യവ്യവസായ യൂണിറ്റുകളുടെ അഭാവം
19. ആധുനിക മത്സ്യവ്യവസായ പരിശീലനത്തിന്റെ കുറവ്.

## പട്ടിക–6 വിവിധ മേഖലകളിലെ കൂലിനിരക്ക് (ശരാശരി)

| ക്രമനമ്പർ | ഇനം | കൂലി (ദിവസം) പുരുഷൻ | കൂലി (ദിവസം) സ്ത്രീ |
|---|---|---|---|
| 1. | കൊപ്രാസംസ്കരണം | 85 | 80 |
| 2. | കയറ്റുപായ് നെയ്ത്ത് | 125 | 75 |
| 3. | കയർ മാടൽ | 100 | 60 |
| 4. | ബേക്കറി | 60 | – |
| 5. | അച്ചടി | 100 | 35 |
| 6. | എഞ്ചിനീയറിംഗ് | 100 | – |
| 7. | ഓയിൽമിൽ | 85 | 80 |
| 8. | കെട്ടിടനിർമ്മാണം | 120 | 75 |
| 9. | കാർപ്പെന്ററി | 130 | – |
| 10. | തടിമിൽ | 80 | – |
| 11. | ചെരിപ്പ്നിർമ്മാണം | 110 | – |
| 12. | ചുടുകട്ടനിർമ്മാണം | 100 | 60 |
| 13. | റബ്ബർവർക്സ് | 60 | 80 |
| 14. | ധാന്യപ്പൊടിമിൽ | 60 | – |
| 15. | വസ്ത്രനിർമ്മാണം | 110 | 60 |
| 16. | ചൂരൽകസേരനിർമ്മാണം | 120 | 70 |
| 17. | ആയുർവ്വേദം | 60 | 50 |
| 18. | സോഡനിർമ്മാണം | 55 | – |
| 19. | ബിസ്ക്കറ്റ് നിർമ്മാണം | 30 | 25 |
| 20. | ബ്രഡ് നിർമ്മാണം | 30 | 25 |
| 21. | ടയർ (റീഡ്രെഡിംഗ്) | 150 | – |

## പട്ടിക – 7 കയർസഹകരണസംഘങ്ങളിലെ കൂലിനിരക്ക്

| ക്രമനമ്പർ | ഇനം | പുരുഷൻ | സ്ത്രീ |
|---|---|---|---|
| 1. | തൊണ്ട് താഴ്ത്ത് (1003 ന്) | 39 | – |
| 2. | തൊണ്ട് തല്ല് (100 ന്) | – | 34.30 |
| 3. | ചകിരി പിന്ന് (70 പിരിക്ക്) | 10.30 | – |
| 4. | കയർപിരി (60 പിരി) | – | 33.60 |
| 5. | കറക്ക് | – | 29.50 |
| 6. | കയർകെട്ട് (15 കി.ഗ്രാം) | 4.25 | – |

അവലംബം : നേരിട്ട് ശേഖരിച്ചത്.

## പട്ടിക – 8 സ്വകാര്യ കയർപിരി – കൂലിനിരക്ക്

| ക്രമനമ്പർ | ഇനം | സ്ത്രീ | പുരുഷൻ |
|---|---|---|---|
| 1. | തൊണ്ട് താഴ്ത്ത് (1000 ന്) | – | 39 |
| 2. | തൊണ്ട് തല്ല് (100 ന്) | 34.30 | – |
| 3. | ചകിരി പിന്ന് (15 കി.ഗ്രാം) | – | 4.50 |
| 4. | കയർപിരി (70 പിരി) | 31 | – |
| 5. | കറക്ക് (70 പിടി) | 25 | |
| 6. | കയർകെട്ട് (15 കി.ഗ്രാം) | – | 4.50 |

അവലംബം : നേരിട്ട് ശേഖരിച്ചത്.

## സാദ്ധ്യതകൾ

വിദ്യാഭ്യാസത്തിൽ കൊല്ലം ജില്ലയിൽ വളരെ മുന്നിൽനിൽക്കുന്ന ഒരു ഭൂപ്രദേശമാണ് പരവൂർ മുനിസിപ്പാലിറ്റി. ഇവിടത്തെ സാക്ഷരതാനിരക്ക് 90.2 % ആണ്. പരമ്പരാഗതവും ആധുനികവുമായ വ്യവസായസംരംഭങ്ങളിൽ പണിയെടുക്കുവാൻ പ്രാപ്തമായ ഒരു ജനസഞ്ചയംതന്നെ ഇവിടെയുണ്ട്.

പരമ്പരാഗതമേഖലയിൽ ജോലിചെയ്യുന്നവരുടെ എണ്ണം കൂടുതലാണ്. എന്നാലും കഴിഞ്ഞ 10 വർഷത്തെ ഈ മേഖലയിൽ പണിയെടുക്കന്നവരുടെ എണ്ണം പരിശോധിച്ചാൽ ഗണ്യമായി കുറഞ്ഞുവരുന്നതായി കാണാം. ഇതിനുള്ള പ്രധാനകാരണം വിദ്യാസമ്പന്നരായ യുവതീയുവാക്കൾക്ക് കയർ കൈത്തറി കൊപ്രാമേഖലകളിൽ പണിയെടുക്കുവാനുള്ള താല്പര്യക്കുറവാണ്. ഇതിന്റെ പ്രധാനകാരണം ഈ മേഖലയിലെ കുറഞ്ഞ കൂലിനിരക്കാണ്.

(1) ഗ്രാമീണവ്യവസായങ്ങൾ

പരമ്പരാഗത മേഖലയിലെ ഉൽപ്പാദനമാണ് ഇവിടെ നടക്കുന്നതെങ്കിലും ഇവിടത്തെ ജനങ്ങൾക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ പുറംസ്ഥലങ്ങളിൽനിന്ന് കൊണ്ടുവന്നാണ് ഉപയോഗിക്കുന്നത്. എന്നാൽ പരിസരമലിനീകരണമില്ലാ ഗ്രാമീണവ്യവസായങ്ങളായ റെഡിമെയ്ഡുകൾ, അച്ചാറുകൾ, കറിപൗഡറുകൾ, തേങ്ങാപ്പൊടിനിർമ്മാണം, വെളിച്ചണ്ണ പാക്കറ്റിംഗ്, ചകിരി ഉപയോഗിച്ചുള്ള കരകൗശല കളിപ്പാട്ട നിർമ്മാണം, പപ്പടനിർമ്മാണം, കൈക്കടലാസ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം തുടങ്ങിയവ വളരെ ഉപയോഗപ്രദമായിരിക്കും.

(2) 1200–ത്തോളം വീടുകളിലായി 40000–ത്തോളം ജനങ്ങൾ അധിവസിക്കുന്നുണ്ടെങ്കിലും വളരെയധികം സാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾതുടങ്ങുവാൻപോലും കടന്നുവരാത്ത യുവജനങ്ങൾക്കുവേണ്ടി പുതിയൊരു വ്യവസായ വികസനബോധം വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്.

(3) നിലവിലുള്ള പരമ്പരാഗത വ്യവസായ വികസനത്തിനായ് ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോഗം നടത്തേണ്ടത് അത്യാവശ്യമാണ്.

(4) കുറഞ്ഞ മുതൽമുടക്കിൽ പരവൂർമുനിസിപ്പൽപ്രദേശത്ത് കമ്പോളസാധ്യതയുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ

| നമ്പർ | വ്യവസായ യൂണിറ്റ് |
|---|---|
| 1. | തേങ്ങാപ്പാൽ സംസ്കരണം |
| 2. | ഐസ് പ്ലാന്റുകൾ |
| 3. | മത്സ്യംപാക്കുചെയ്യൽ |
| 4. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 5. | സാമ്പ്രാണിത്തിരിനിർമ്മാണം |
| 6. | കൊപ്രാസംസ്ക്കരണം |
| 7. | ചിരട്ട, ചകിരി, തടി–കരകൗശലവസ്തുക്കൾ |
| 8. | തീപ്പെട്ടിനിർമ്മാണം |
| 9. | മെഴുകുതിരി നിർമ്മാണം. |
| 10. | ചകിരിഉപയോഗിച്ചുള്ളബ്രഷ് നിർമ്മാണം |
| 11. | ഈറ, മുള, ചൂരൽ ഉപയോഗിച്ചുള്ള നിർമ്മാണം |
| 12. | പഴം, പച്ചക്കറി, സംസ്ക്കരണയൂണിറ്റ് |
| 13. | തുണി, പ്ലാസ്റ്റിക് തുടങ്ങിയവ ഉപയോഗിച്ച് പൂക്കൾനിർമ്മാണം |
| 14. | ഇരുമ്പ് ഉപയോഗിച്ചുള്ള പണിആയുധ യൂണിറ്റ് |
| 15. | തടികൊണ്ടുള്ള ഫർണിച്ചർ യൂണിറ്റ് |
| 16. | ഇരുമ്പ് ഉപയോഗിച്ചുള്ള ഫർണിച്ചർ |
| 17. | നൈലോൺ വലനിർമ്മാണം |
| 18. | ഹവായ്ചെരുപ്പ്നിർമ്മാണം |
| 19. | ക്ലീനിംഗ് പൗഡർ |
| 20. | സ്വിച്ച്ബോർഡ് നിർമ്മാണം |
| 21. | കുട്ടികളുടെ ഷൂനിർമ്മാണം |
| 22. | തടികൊണ്ടുള്ള കരകൗശലവസ്തുക്കൾ |
| 23. | തവി, സ്പൂൺ തുടങ്ങിയ വീട്ടുപകരണ നിർമ്മാണയൂണിറ്റ് |
| 24. | പേപ്പർ പൾപ്പ് ഉപയോഗിച്ച് കരകൗശല ഉൽപ്പന്ന നിർമ്മാണം |
| 25. | സ്ക്കൂൾ ഓഫീസ് ബാഗ് നിർമ്മാണം |
| 26. | ഇഞ്ചക്ഷൻ സിറിഞ്ച് നിർമ്മാണം |
| 27. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| 28. | എമർജൻസിലാമ്പ് നിർമ്മാണം |
| 29. | ചകിരിയും റബ്ബറും ഉപയോഗിച്ചുള്ള നിർമ്മാണ യൂണിറ്റ് |
| 30. | ഐസ്ക്രീം ചായക്കപ്പ് നിർമ്മാണം |
| 31. | കന്നുകാലിത്തീറ്റ |
| 32. | ചിപ്സ് നിർമ്മാണം |
| 33. | പ്ലാസ്റ്റിക്ക് ബട്ടൺസ് |
| 34. | കൂൺകൃഷി |
| 35. | സിമന്റ് ഇഷ്ടിക നിർമ്മാണം |
| 36. | അലക്കുസോപ്പ് നിർമ്മാണം |

### സഹകരണസംഘം വഴി പട്ടികജാതിക്കാർക്കുനൽകാവുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ

| നമ്പർ | വ്യവസായ യൂണിറ്റ് |
|---|---|
| 1. | ഈററ മുളയൂണിറ്റ് |
| 2. | ഹോളോബ്രിക്സ് & സിമന്റുകൊണ്ടുള്ള കട്ടിള ജന്നൽ യൂണിറ്റ് |
| 3. | കിടക്ക നിർമ്മാണം |
| 4. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം |
| 5. | തൊണ്ട് ചിരട്ട ചകിരി തുടങ്ങിയവയുടെ കരകൗശലവസ്തുക്കൾ |
| 6. | കല്ലുടയ്ക്കൽ യൂണിറ്റ് |
| 7. | ഇഷ്ടികനിർമ്മാണം |

### ഇവിടെ ആരംഭിക്കാവുന്ന വൻകിട വ്യവസായങ്ങൾ

1. പരവൂർ മുനിസിപ്പാലിറ്റി കേന്ദ്രീകരിച്ച് ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
2. താലൂക്ക്ലെവലിലുള്ള ഒരു തേങ്ങാപ്പൊടി ഫാക്ടറി ആരംഭിക്കുക.
3. കയർമേഖലയുടെ വികസനത്തിനും ഗവേഷണത്തിനുമായി തെക്കൻകേരളത്തിലേക്ക് ഒരു ആധുനിക ഗവേഷണകേന്ദ്രം പരവൂർമുനിസിപ്പാലിറ്റിയിൽ ആരംഭിക്കുക.
4. മരുന്നുമായി ബന്ധപ്പെട്ട ഒരു വ്യവസായം നെടുങ്ങോലം രാമറാവുആശുപത്രിവളപ്പിൽ സ്ഥാപിക്കുക.

### വൈദ്യുത ഉൽപ്പാദനം

ചകിരിച്ചോറിൽനിന്ന് വൈദ്യുതിയും പാക്കിംഗ് ഉപകരണങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടി ഒരു വ്യവസായം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദനം ഉയർത്തുക. ചെറുകിടവ്യവസായയൂണിറ്റുകൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കാൻ സോളാർ പാനൽ, കാറ്റ് എന്നിവയിൽക്കൂടി വൈദ്യുതി ഉൽപ്പാദിപ്പിക്കണം.

### വ്യവസായ എസ്റ്റേറ്റ്

വ്യവസായ സംരംഭകർക്ക് സഹായകരമാകുന്നതരത്തിൽ ചുരുങ്ങിയത് 5 എക്കർ സ്ഥലമെങ്കിലും ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

### പാഴ്വസ്തുക്കളിൽനിന്നുള്ള ഉൽപാദനം

ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, കുപ്പി, ഇരുമ്പ്, പേപ്പർ, തുണി എന്നിവ ഉപയോഗിച്ച് പുതിയ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായം ആരംഭിക്കേണ്ടതാണ്.

### പരമ്പരാഗത വ്യവസായരംഗത്തെ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ

1. നവീകരിച്ച ത്രെഡിൽറാട്ട് യൂണിറ്റുകൾ പരവൂർ മുനിസിപ്പാലിറ്റിയുടെ എല്ലാ വാർഡുകളിലും ലഭ്യമാക്കുക.
2. പരവൂർ വിനായകർ വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന 146 തറികൾ പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനമൂലധനം ലഭ്യമാക്കുക. പ്രസ്തുത സൊസൈറ്റിയിൽ ഉൽപ്പാദിപ്പിക്കുന്ന തുണിത്തരങ്ങളുടെ മേന്മ വർദ്ധിപ്പിക്കുവാന് ആവശ്യമായ ഡിസൈൻ സെന്റർ, പോളിഷിംഗ് സെന്റർ, കലണ്ടറിംഗ് എന്നിവ ഏർപ്പെടുത്തുവാനുള്ള സാമ്പത്തിക സാങ്കേതിക സഹായം നൽകുക.
3. കയർ, നൂൽ, തേങ്ങ, കുരുമുളക് എന്നിവ ഉപയോഗിച്ച് വ്യവസായം നടത്തുന്നതിനുള്ള പരിശീലനം നൽകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ട് പരവൂരിൽ സ്ഥാപിക്കുക.
4. നിലവിലുള്ള തൊണ്ടടി മെഷീനുകളിലുള്ള ഇരുമ്പ് ഇലകളിൽ ഗുജറാത്തിൽ ലഭ്യമാകുന്ന ഹൈഡെൻസിറ്റി വുഡ് വച്ചുപിടിപ്പിച്ച് ചകിരിയുടെ മേന്മ വർദ്ധിപ്പിക്കുക.
5. കയർമേഖലയിൽ കോമ്പിംഗ് മെഷീനുകൾ സ്ഥാപിച്ച് മനോഹരമായ നാരുകൾ നിർമ്മിക്കുക.
6. കയറിനും കയറുൽപ്പന്നങ്ങൾക്കും ദേശീയവും അന്തർദേശീയവുമായ പ്രചാരം ലഭിക്കുന്നതിന് കയറുൽപ്പന്നങ്ങളുടെ വ്യവസായിക കാർണിവലുകൾ സംഘടിപ്പിക്കുക.
7. മത്സ്യവ്യവസായ വികസനത്തിന് യന്ത്രവൽക്കരണം നടത്തുവാൻ മത്സ്യസഹകരണ സംഘങ്ങൾ ശക്തമാക്കുക.
8. ആധുനികരീതിയിലുള്ള ഒരു കൊപ്രാ സംസ്കരണയൂണിറ്റ് ആരംഭിക്കുക.
9. സഹകരണമേഖലകളിൽ 100-ൽപ്പരം പേർക്ക് തൊഴിൽനൽകാൻ കഴിയുന്ന ഒരു കയറ്റുപായ് നെയ്ത്തു ഫാക്ടറി സ്ഥാപിക്കുക.

ഗൾഫുനാടുകൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിൽ തൊഴിലെടുക്കുന്ന 2000-ത്തോളം പരവൂർ നിവാസികളുടെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ ആധുനിക വ്യവസായ ശൃംഖലകൾ സ്ഥാപിച്ച് പരമ്പരാഗത വ്യവസായത്തോടൊപ്പം ആധുനിക വ്യവസായത്തിന് വാതിൽ തുറക്കുവാൻ പരവൂരിന് കഴിയും.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ച് ചെയ്ത് നിശ്ചയിക്കുന്ന മുൻഗണനാക്രമം അനുസരിച്ച് നടപ്പിലാക്കുകയാണെങ്കിൽ വ്യാവസായിക വളർച്ചയോടൊപ്പം തൊഴിലില്ലായ്മ പരിഹരിക്കുവാൻ അടുത്ത് 5 വർഷംകൊണ്ട് കഴിയും.

486



# 5.4 വിദ്യാഭ്യാസം

തിരുവിതാംകൂറിലെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ ഗവൺമെന്റിന്റെ നിയന്ത്രണമുണ്ടായിട്ട് ഉദ്ദേശം നൂറ്റി എഴുപതിൽപ്പരം വർഷങ്ങളാകുന്നു.

അതിനുമുമ്പ് ഗുരുകുല സമ്പ്രദായ വിദ്യാഭ്യാസരീതിയാണ് പരവൂരിൽ നിലനിന്നിരുന്നത്. കാലക്രമേണ അവ കുടിപ്പള്ളിക്കൂടങ്ങൾ എന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളായി മാറി. പ്രാഥമിക ഘട്ടത്തെ മാത്രം ശ്രദ്ധിച്ചിരുന്ന അത്തരം സ്ഥാപനങ്ങളെ നിലത്തെഴുത്ത് പള്ളിക്കൂടങ്ങൾ എന്നും വിളിച്ചിരുന്നു.

കുടിപ്പള്ളിക്കൂടങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞാൽ തുടർന്നു പഠിക്കണമെന്നുള്ളവർക്ക് വ്യക്തികൾ തന്നെ നടത്തിയിരുന്ന സംസ്കൃതപാഠശാലകളും നൂറ്റാണ്ടുകൾക്ക്മുമ്പ് പരവൂരിൽ ഉണ്ടായിരുന്നു.

1819-ൽ തിരുവിതാംകൂറിൽ വിദ്യാഭ്യാസം ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ അന്ന് രാജ്യം ഭരിച്ചിരുന്ന റാണി ഗൗരിപാർവ്വതിഭായി നാടിന്റെ നാനാഭാഗത്തും മലയാംപള്ളിക്കൂടം എന്ന പേരിൽ പ്രാഥമിക വിദ്യാലയങ്ങൾ ആരംഭിക്കാൻ കല്പന പുറപ്പെടുവിച്ചു. അന്ന് പരവൂരിലും മലയാം പള്ളിക്കൂടം സ്ഥാപിച്ചു. മഹാകവി കെ.സി.കേശവപിള്ള 1873 ൽ പ്രൈമറി വിദ്യാഭ്യാസം തുടങ്ങിയത് ഈ സ്കൂളിലാണ്. 1885 ൽ ഭരണമേറ്റ ശ്രീമൂലം തിരുനാൾ ഒരു വിദ്യാഭ്യാസ ഡയറക്ടറുടെ കീഴിൽ വിദ്യാഭ്യാസത്തിന് ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് ഉണ്ടാക്കി. അതിനുശേഷം മലയാംപള്ളിക്കൂടങ്ങൾ നിർത്തലാക്കി. ഗവൺമെന്റ് പുതിയ പള്ളിക്കൂടങ്ങൾ ആരംഭിച്ചപ്പോൾ 1889 ൽ മണിയംകുളത്തു സ്ഥാപിച്ച യു.പി. സ്കൂളാണ് പരവൂരിലെ ആദ്യത്തെ ഗവ. സ്കൂൾ.

ഒരു നൂറ്റാണ്ട് മുമ്പുണ്ടായിരുന്ന പഠനവിഷയങ്ങൾ ഇപ്രകാരമായിരുന്നു. ഒന്നാംക്ലാസ്സുമുതൽ നാലാംക്ലാസ്സുവരെ കണക്ക്, ഭൂമിശാസ്ത്രം, സന്മാർഗ്ഗസംഗ്രഹം, നീതിസാരം, ശ്രീകൃഷ്ണചരിതം മണിപ്രവാളം, ഇരുപത്തിനാല് വൃത്തം മുതലായ കൃതികൾ, ജ്യോതിഷത്തിന്റെ പ്രാഥമിക പാഠങ്ങൾ, പെൺകുട്ടികൾക്ക് ജ്യോതിഷത്തിനുപകരം പാചകവിധി എന്നിവയായിരുന്നു വിഷയങ്ങൾ. നാലാംക്ലാസ്സുകഴിഞ്ഞാൽ പണ്ഡിതന്മാരുമായി ബന്ധപ്പെട്ട് ഉപരിവിദ്യാഭ്യാസം നേടുക എന്നതായിരുന്നു രീതി. സംസ്കൃതസാഹിത്യം, വൈദ്യശാസ്ത്രം, ജ്യോതിഷം മുതലായവയായിരുന്നു ഉപരിവിദ്യാഭ്യാസ വിഷയങ്ങൾ.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പരവൂരിലെ സ്ത്രീകളും പിന്നിലല്ലായിരുന്നു. കവയിത്രികളും അദ്ധ്യാപികമാരും ഒരു നൂറ്റാണ്ടുമുമ്പെ പരവൂരിലുണ്ടായിരുന്നു. ഈ പാരമ്പര്യം ഇപ്പോഴും പുലർത്തിപ്പോകുന്നു. ഇവിടെ ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചപ്പോൾ പെൺകുട്ടികൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചു. കോട്ടവിള നാരായണൻ നായരുടെയും കൂനയിൽ ചാമവിള ഗോവിന്ദപ്പിള്ളയുടെയും ശ്രമഫലമായി 1907 ൽ പരവൂരിൽ കോട്ടപ്പുറം ഇംഗ്ലീഷ് സ്കൂൾ ആരംഭിച്ചു. ഇതിനോടൊപ്പം ഒരു അദ്ധ്യാപക പരിശീലനകേന്ദ്രവും ഉണ്ടായിരുന്നു. മണിയംകുളം യു.പി.സ്കൂളിനെ ഏഴാംക്ലാസ്സുവരെയുള്ള വെർണ്ണാകുലർ മിഡിൽ സ്കൂൾ ആയി ഉയർത്തിയപ്പോൾ എട്ടും ഒൻപതും ക്ലാസ്സുകൾക്കു വേണ്ടി ഒരു മലയാളം ഹൈസ്കൂൾ വിഭാഗവും കോട്ടപ്പുറം ഹൈസ്ക്കൂളിനൊപ്പം തുടങ്ങി. പിൽക്കാലത്ത് കോട്ടപ്പുറം ഹൈസ്കൂൾ മലയാളം ഹൈസ്കൂളായി മാറി. അതിനോടൊപ്പം പ്രവർത്തിച്ചിരുന്ന അദ്ധ്യാപക പരിശീലനകേന്ദ്രം പിന്നീട് നിർത്തേണ്ടി വന്നു.

പരവൂർ എസ്.എൻ.വി. സമാജത്തിന്റെ ശ്രമഫലമായി 1923-ൽ ഒരു ഇംഗ്ലീഷ് വിദ്യാലയം ആരംഭിച്ചു. ഈ വിദ്യാലയം ഉദ്ഘാടനം ചെയ്തത് ശ്രീനാരായണഗുരുവാണ്. ഈ സ്കൂൾ പിൽക്കാലത്ത് എസ്.എൻ.വി. ഗേൾസ് ഹൈസ്കൂളായി മാറി. കൊല്ലത്തിനും ആറ്റിങ്ങലിനും ഇടയ്ക്കുള്ള ഏക ഗേൾസ് ഹൈസ്കൂളാണ് എസ്. എൻ.വി. ഹൈസ്കൂൾ.

പരവൂരിൽ ഹൈസ്കൂൾ സ്ഥാപിച്ച കാലഘട്ടം

തന്നെ കോട്ടപ്പുറം ലോവർ പ്രൈമറി സ്കൂളും കൂനയിൽ ലോവർ പ്രൈമറി സ്കൂളും സ്ഥാപിക്കപ്പെട്ടു. കോട്ടപ്പുറം ലോവർ പ്രൈമറി സ്കൂൾ, കോട്ടവിള നാരായണൻനായരും കൂനയിൽ ലോവർ പ്രൈമറി സ്കൂൾ ചാമവിള ഗോവിന്ദപ്പിള്ളയുമാണ് നിർമ്മിച്ചത്. പിൽക്കാലത്ത് രണ്ടു സ്കൂളുകളും ഗവൺമെന്റിന് വിട്ടുകൊടുത്തു.

പരവൂർ കോട്ടപ്പുറം ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിനുമുമ്പുതന്നെ സ്ഥാപിക്കപ്പെട്ട സ്കൂളാണ് കുറുമണ്ടൽ ഭാഗത്തുള്ള ലോവർ പ്രൈമറി സ്കൂൾ. 100-ാം വാർഷികം ആഘോഷിക്കുവാൻ പോകുന്ന ഈ സ്കൂൾ പെൺപള്ളിക്കൂടം എന്നാണ് അറിയപ്പെടുന്നത്.

1937 ൽ അന്ന് പരവൂരിന്റെ പ്രദേശമായ പൂതക്കുളത്ത് ആർ.അച്ചുതൻ എക്സ് എം.പി. സ്ഥാപിച്ച ചെമ്പകശ്ശേരി വിദ്യാലയമാണ് ഇന്ത്യയിലെ പട്ടികജാതിക്കാരുടേതായ ആദ്യത്തെ മാനേജ്മെന്റ് സ്കൂൾ.

ശാസ്ത്രസാങ്കേതിക വിദ്യാലയങ്ങളും പരവൂരിലുണ്ടായിരുന്നു. കയറുല്പന്നങ്ങളുടെ നിർമ്മാണം പഠിക്കുവാൻ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ വ്യവസായ ഇൻസ്റ്റിറ്റ്യൂട്ട് പരവൂരിലായിരുന്നു. പരവൂരിലെ വ്യവസായ പ്രമുഖനായിരുന്ന ആണ്ടിയറ ശ്രീ.എസ്.കൃഷ്ണൻ സ്ഥാപിച്ച കൃഷ്ണവിലാസം വ്യവസായ ഇൻസ്റ്റിറ്റ്യൂട്ട് (SKV) ആണ് തിരുവിതാകൂർ ഗവൺമെന്റിന്റെ അംഗീകാരവും ഗ്രാന്റും ലഭിച്ച ആദ്യത്തെ സ്കൂൾ. ഈ ട്രെയിനിംഗ് സ്കൂൾ 1930 വരെ നിലനിന്നു. 1937-ൽ ശ്രീ.കെ.കുഞ്ഞുണ്ണിപ്പിള്ള ആരംഭിച്ച എസ്.ആർ.വി. എഞ്ചിനീയറിംഗ് വിദ്യാലയം ഇന്നും പ്രവർത്തിച്ചു വരുന്നു. 1980 ൽ സ്ഥാപിതമായ ഐ.റ്റി.സി. ഉൾപ്പെടെ 14 സാങ്കേതിക വിദ്യാലയങ്ങളാണ് ഇന്ന് പരവൂരിലുള്ളത്. കൂടാതെ ടെയിലറിംഗ്, എംബ്രോയിഡറി, നീഡിൽ വർക്ക് ഇവയിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്ന ജനതാ ടെയിലറിംഗ് സ്കൂളും ഇൻഡസ്ട്രീയൽ സ്കൂളും 1969 കാലഘട്ടം മുതൽ പ്രവർത്തിച്ചു വരുന്നു.

പരവൂരിലെ വിദ്യാഭ്യാസ പുരോഗതിക്ക് കാരണക്കാരായി വിദഗ്ദ്ധരായ അദ്ധ്യാപകരുടെ ഒരു പരമ്പര തന്നെ പണ്ട് ഉണ്ടായിരുന്നു. സ്വന്തം വീട്ടിൽ കുട്ടികളെ പഠിപ്പിച്ചും, സ്വന്തമായി വിദ്യാലയങ്ങൾ നിർമ്മിച്ചും അവർ അനന്തര തലമുറകളെ വിജ്ഞാനദാഹികളാക്കി മാറ്റി. ഉത്തരവാദിത്വബോധമുള്ള, സാമൂഹ്യസേവന തല്പരരായ ഒരു തലമുറയെ സൃഷ്ടിക്കാൻ വേണ്ടിയുള്ള അവരുടെ പരിശ്രമങ്ങൾ എക്കാലവും ഓർമ്മിക്കും. സംസ്കൃത പണ്ഡിതനായ ശ്രീ. കേശവനാശാനും അദ്ദേഹത്തിന്റെ ശിഷ്യനായ മഹാകവി കെ.സി. കേശവപിള്ളയും മറ്റുള്ളവരും സംസ്കൃതപാഠശാലകൾ സ്ഥാപിച്ചത് ജനങ്ങളെ അനാചാരങ്ങളിൽ നിന്ന് അന്ധവിശ്വാസങ്ങളിൽ നിന്നും രക്ഷിക്കുവാൻ വേണ്ടിയായിരുന്നു. അവർ നടത്തിയ ചേരിതല ജനസമ്പർക്ക പരിപാടി യും ഒരു ശ്രേഷ്ഠസമൂഹം സൃഷ്ടിക്കുന്നതിനു വേണ്ടി മാത്രമായിരുന്നു. ഈ പാരമ്പര്യം ഇന്നും യുവതലമുറ നിലനിർത്തുന്നു. പരവൂരിൽ ആദ്യമായി അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡ് ലഭിച്ചത് മണിയംകുളം യു.പി.എസ്. ഹെഡ്മാസ്റ്റ റായിരുന്ന ശ്രീ. ഭാസ്കരനാശാനാണ്.

പരവൂരിൽ വയോജന വിദ്യാഭ്യാസശാലകളും പ്രവർത്തിച്ചിരുന്നു. 1928-ൽ മഹാകവി കെ.സി. കേശവപിള്ളയുടെ മകൻ ശ്രീ. കെ.എൻ. ഗോപാലപിള്ളയാണ് ഈ സംരംഭം ആരംഭിച്ചത്. പക്ഷേ ഇന്ന് അത്തരത്തിലുള്ള ഒന്നുംതന്നെ പരവൂരിലില്ല. ആയുർവ്വേദ പഠനശാലകളും സംഗീത വിദ്യാലയങ്ങളും വളരെ വർഷങ്ങൾക്കു മുമ്പുതന്നെ പരവൂരിലുണ്ടായിരുന്നു.

പരവൂരിൽ പണ്ടുണ്ടായിരുന്ന അച്ചടിശാലകളും പ്രസിദ്ധീകരണങ്ങളും വിദ്യാഭ്യാസപുരോഗതിക്ക് കാര്യമായി സംഭാവനകൾ നൽകിയിട്ടുണ്ട്. എഴുതാനും വായിക്കാനും പഠിക്കാനുമുള്ള ഉൾപ്രേരണയുണ്ടായിരുന്ന പഴയതലമുറയിലുള്ളവർ വരുംതലമുറയെ ആ ദിശയിൽത്തന്നെ നയിക്കാൻ ശ്രമിച്ചിരുന്നു.

### ഇന്നത്തെ സ്ഥിതി.........

പരവൂരിൽ 10 അംഗീകൃത സ്കൂളുകളാണ് നിലവിലുള്ളത്. ഈ വിദ്യാലയങ്ങളിലായി 3104 പെൺകുട്ടികളും 2870 ആൺകുട്ടികളും പഠിക്കുന്നു. അതിൽ 953 കുട്ടികൾ പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടതാണ്. ഈ വിദ്യാലയങ്ങളിൽ എല്ലാംകൂടി 39 അദ്ധ്യാപകൻമാരും 169 അദ്ധ്യാപികമാരുമുണ്ട്. വിശദവിവരങ്ങൾ പട്ടിക ഒന്നിൽ സൂചിപ്പിച്ചിട്ടുണ്ട്.

ആകെ 10 സ്കൂളുകളിൽ 3 ഹൈസ്കൂളുകളും 3 അപ്പർ പ്രൈമറി സ്കൂളുകളും 4 പ്രൈമറി സ്കൂളുകളുമാണ്. 3 ഹൈസ്കൂളുകളിൽ 2 എണ്ണം മാനേജ്മെന്റ് സ്കൂളുകളും ഒരെണ്ണം സർക്കാർ സ്കൂളുമാണ്. അപ്പർ പ്രൈമറി സ്കൂളുകളിൽ ഒരെണ്ണം മുനിസിപ്പാലിറ്റി വക സ്കൂളും (ആയിരവില്ലി മുനിസിപ്പൽ യു.പി.എസ്.) രണ്ടെണ്ണം സർക്കാർ സ്കൂളുകളുമാണ്. ലോവർ പ്രൈമറി മേഖലയിലെ മറ്റെല്ലാ സ്കൂളുകളും സർക്കാർ സ്കൂളുകളാണ്. കോട്ടപ്പുറം എൽ.പി.എസ്., മണിയംകുളം യു.പി.എസ്. എന്നിവയോടു ചേർന്ന് പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകൾ ഉണ്ട്. പരവൂർ മുനിസിപ്പാലിറ്റിയിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 6 നഴ്സറി-പ്രൈമറി ക്ലാസ്സുകൾ നടത്തുന്ന

സ്ഥാപനങ്ങളുണ്ട്. ഇവയിലെല്ലാംകൂടി ഏകദേശം 1600 കുട്ടികൾ പഠിക്കുന്നു. കൂടാതെ ധാരാളം വിദ്യാർത്ഥികൾ പരവൂരിനു പുറത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നുണ്ട്. ഒരുകാലത്ത് പരവൂരിന് പുറത്തുള്ള കുട്ടികൾ ഇവിടെവന്ന് പഠിച്ചിരുന്നകാര്യം ഓർക്കേണ്ടതുണ്ട്.

പ്രൈമറി സ്കൂളുകളിലെ പഠനനിലവാരം മെച്ചപ്പെടുത്തുവാൻ അദ്ധ്യാപകരും രക്ഷാകർത്താക്കളും ആത്മാർത്ഥമായി പരിശ്രമിക്കേണ്ടതുണ്ട്.

**പട്ടിക-1 വിദ്യാലയ വിവരങ്ങൾ** അവലംബം : ദ്വിതീയവിവരങ്ങൾ

| ക്രമ നമ്പർ | സ്കൂൾ | വിദ്യാർത്ഥികളുടെ എണ്ണം | | | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | SC M | SC F | ആൺ | പെൺ | ആകെ |
| 1 | എസ്. എൻ.വി.ഗേൾസ് എച്ച്.എസ്. | – | 1428 | 1428 | – | 229 | 4 | 49 | 53 |
| 2 | കെ.എച്ച്. എസ്. | 1102 | – | 1102 | 180 | – | 4 | 34 | 38 |
| 3 | ഗവ. ഹൈസ്കൂൾ | 478 | 452 | 930 | 10 | 19 | 15 | 25 | 40 |
| 4 | ഗവ. യൂ.പി.എസ്. മണിയംകുളം | 377 | 414 | 791 | 30 | 32 | 7 | 17 | 24 |
| 5 | ഗവ. യൂ.പി.എസ്., കുറുമണ്ടൽ | 241 | 216 | 457 | 118 | 109 | 3 | 13 | 16 |
| 6 | മുനി.യു.പി.എസ്, കൂനയിൽ | 71 | 41 | 112 | 8 | 10 | 1 | 3 | 4 |
| 7 | ഗവ.എൽ.പി.എസ്. " | 238 | 229 | 467 | 36 | 32 | 3 | 7 | 10 |
| 8 | കോട്ടപ്പുറം ഗവ.എൽ.പി.എസ് | 142 | 132 | 275 | 24 | 30 | 1 | 9 | 10 |
| 9 | ഗേൾസ്.എൽ.പി.എസ്. | 58 | 63 | 121 | 9 | 11 | – | 5 | 5 |
| 10 | ഗവ. ഡബ്ല്യൂ.എൽ.പി.എസ്. ഒഴുകുപാറ | 163 | 128 | 291 | 30 | 36 | 1 | 7 | 8 |
| | ആകെ | 2870 | 3104 | 5974 | 445 | 508 | 39 | 169 | 208 |

**പട്ടിക-2 കുട്ടികളുടെ എണ്ണം വിഭാഗം തിരിച്ച്**

| വിഭാഗം | ആൺ | പെൺ | ആകെ | എസ്. സി | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| എൽ.പി. | 1108 | 1091 | 2199 | 180 | 196 | 376 |
| യു.പി. | 912 | 1021 | 1933 | 149 | 173 | 322 |
| എച്ച്.എസ്. | 850 | 992 | 1842 | 116 | 139 | 255 |
| ആകെ | 2870 | 3104 | 5974 | 445 | 508 | 953 |

1996-97 അക്കാദമിക് വർഷം എൽ.പി.വിഭാഗത്തിൽ 2199 കുട്ടികളാണുള്ളത്. യു.പി. വിഭാഗത്തിൽ 1933 കുട്ടികളും എച്ച്. എസ്. വിഭാഗത്തിൽ 1842 കുട്ടികളുമാണ് പഠിക്കുന്നത്. ആൺ, പെൺ, എസ്.സി. എന്നിങ്ങനെ തരംതിരിച്ച് പട്ടിക-2 ൽ കൊടുത്തിട്ടുണ്ട്. കഴിഞ്ഞകുറെ വർഷങ്ങളായി പരവൂരിലെ അംഗീകൃത സ്കൂളുകളിൽ കുട്ടികൾ കുറഞ്ഞുവരുന്നതായി സ്കൂളുകളിൽ നിന്നും ലഭിച്ച രേഖകൾ സൂചിപ്പിക്കുന്നു.

## മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ

സ്വകാര്യ നഴ്സറി സ്കൂളുകൾ, പാരലൽ കോളേജുകൾ, ട്യൂട്ടോറിയൽ കോളേജുകൾ, പി.റ്റി.എ. നഴ്സറി സ്കൂളുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളുടെ സർഗാത്മകത വളർത്തുവാൻ വേണ്ടി കൊല്ലം ജവഹർ ബാലഭവന്റെ ഒരു ബ്രാഞ്ചായിട്ടാണ് 1989 മുതൽ പരവൂരിൽ ജവഹർ ബാലഭവൻ പ്രവർത്തിക്കുന്നത്.

പരവൂരിൽ ആകെ 14 സാങ്കേതിക സ്ഥാപനങ്ങളാണ് ഉള്ളത്. ഇവയിൽ ഐ. റ്റി. സി., എസ്.ആർ. വി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് തുടങ്ങിയ സ്ഥാപനങ്ങളിൽ സമീപപ്രദേശങ്ങളിൽ നിന്ന് കുട്ടികൾ വന്ന് പഠിക്കുന്നുണ്ട്. പട്ടിക മൂന്നിൽ മറ്റ് വിദ്യാലയങ്ങൾ തരംതിരിച്ച് നൽകിയിട്ടുണ്ട്.

**പട്ടിക-3 മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

| ഇനം | എണ്ണം | ഇനം | എണ്ണം |
|---|---|---|---|
| സ്വകാര്യ നഴ്സറി സ്കൂൾ | 7 | സാങ്കേതി സ്ഥാപനങ്ങൾ തരംതിരിച്ച് | 14 |
| പാരൽ കോളേജ് | 5 | (a) I T C | 1 |
| ട്യൂട്ടോറിയൽ കോളജ് | 5 | (b) KGTE Civil Engg. | 1 |
| സഹകരണ ട്യൂട്ടോറിയൽ കോളജ് | 1 | (c) തയ്യൽ സ്കൂൾ KGTE | 2 |
| പി.റ്റി.എ. നഴ്സറി സ്കൂൾ | 2 | (d) കമ്പ്യൂട്ടർ സെന്റർ | 4 |
| ബാലഭവൻ | 1 | (e) ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 5 |
| അംഗനവാടികൾ | 21 | (f) ഡ്രായിംഗ് സ്കൂൾ KGTE | 1 |

## സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ

ഭൗതിക സാഹചര്യങ്ങളുടെ കാര്യത്തിൽ എല്ലാ സ്കൂളുകളും മെച്ചപ്പെട്ടവയല്ല എന്ന് പട്ടിക 4 വ്യക്തമാക്കുന്നു. കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ലാത്ത 3 സ്കൂളുകളുണ്ട്. ഗവ. യു.പി.എസ്., കുറുമണ്ടൽ. ഗവ. ഗേൾസ് എൽ.പി.എസ്., ആയിരവില്ലി യു.പി.എസ്. എന്നിവയാണവ. കളിസ്ഥലമില്ലാത്ത ഒരു സ്കൂളാണുള്ളത്. ഭൗതിക സാഹചര്യങ്ങളെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പട്ടിക 4-ൽ കൊടുത്തിട്ടുണ്ട്. കുടിവെള്ള സൗകര്യം ഒട്ടും തന്നെയില്ലാത്ത സ്കൂളാണ് മുനിസിപ്പൽ ആയിരവില്ലി യു.പി.എസ്. കൂനയിൽ ഗവ. എൽ.പി.സ്കൂൾ, ഗവ. ഗേൾസ് എൽ.പി. സൂകൂൾ കുറുമണ്ടൽ എന്നിവ. കുടിവെള്ള സൗകര്യമായി എല്ലാ സ്കൂളുകളിലും കിണറുകളാണുള്ളത്. ഇത് കുട്ടികൾക്കേറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. ചുറ്റുമതിലുകൾ ഇല്ലാത്ത സ്കൂളുകൾ അഞ്ചെണ്ണമാണുള്ളത്. ഭാഗികമായി ചുറ്റുമതിലുള്ളത് ഒരെണ്ണം മാത്രമാണ്. ഗവ. വെൽഫെയർ സ്കൂളിൽ ക്ലാസ് ഭിത്തി ഉയർന്നതല്ലാത്തതു കൊണ്ട് മഴക്കാലത്ത് കുട്ടികൾക്ക് ക്ലാസ്സിലിരുന്ന് പഠിക്കാൻ കഴിയുന്നില്ല. പരവൂരിലെ 21 അംഗനവാടികളിൽ 12 എണ്ണത്തിന് കെട്ടിടമുണ്ട്. മറ്റ് ഭൗതിക സാഹചര്യങ്ങൾ ഇവയ്ക്കില്ല.

### പട്ടിക –4

### ഭൗതിക സാഹചര്യങ്ങൾ (✓ ഉണ്ട് എന്നതിനെ സൂചിപ്പിക്കുന്നു)

| | സ്കൂളിന്റെ പേര് | വിസ്തൃതി | കുടിവെള്ള സൗകര്യം | ഓഫീസ് മുറി | ചുറ്റുമതിൽ | സ്റ്റാഫ് റൂം | അദ്ധ്യാപകർക്കുള്ള മൂത്രപ്പുര | വിദ്യാർത്ഥികളുടെ മൂത്രപ്പുര | | ക്ലാസ്സ് | ലൈബ്രറി | കളിസ്ഥലം |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | ആൺ | പെൺ | | | |
| 1 | എസ്. എൻ.വി. ഗേൾസ് ഹൈസ്കൂൾ | 1 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | - | ✓ | ✓ | ✓ | ✓ |
| 2 | കോട്ടപ്പുറം ഹൈസ്കൂൾ | 1 ഏക്കർ 37സെന്റ് | ✓ | ✓ | ✓ | ✓ | ✓ | ✓ | - | ✓ | ✓ | ✓ |
| 3 | ഗവ. ഹൈസ്കൂൾ, പരവൂർ | 3 ഏക്കർ 10സെന്റ് | ✓ | ✓ | ഇല്ല | ✓ | ✓ | ✓ | ✓ | ഇല്ല | ✓ | ✓ |
| 4 | ഗവ. യു.പി. എസ്., മണിയംകുളം | 41 സെന്റ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ഇല്ല |
| 5 | ഗവ. യു.പി.എസ്., കുറുമണ്ടൽ | 1 ഏക്കർ 27സെന്റ് | ✓ | ✓ | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല | ✓ | ✓ | ✓ |
| 6 | മുനിസിപ്പൽ ആയിരവില്ലി യു.പി.എസ്. കൂനയിൽ | 1 ഏക്കർ | ഇല്ല | ✓ | ഇല്ല | ✓ | ✓ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ |
| 7. | ഗവ. എൽ.പി.എസ്., കൂനയിൽ | 50 സെന്റ് | ഇല്ല | ✓ | ഭാഗികം | ഇല്ല | ✓ | ✓ | ഇല്ല | ✓ | ഇല്ല | ✓ |
| 8 | കോട്ടപ്പുറം എൽ.പി.എസ്, പരവൂർ | 1 ഏക്കർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 9 | ഗവ. ഗേൾസ് എൽ.പി.എസ്., കുറുമണ്ടൽ | 70 സെന്റ് | ഇല്ല | ✓ | ഇല്ല | ✓ | ✓ | ഇല്ല | ഇല്ല | ✓ | ✓ | ✓ |
| 10 | ഗവ. വെൽഫെയർ സ്കൂൾ, ഒഴുകുപാറ | 37.സെന്റ് | ✓ | ✓ | ഇല്ല | ✓ | ✓ | ✓ | ✓ | ഇല്ല | ✓ | ✓ |

490

## പട്ടിക -6
## അക്കാദമിക് സൗകര്യങ്ങൾ

| | സ്കൂളിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണം | റേഡിയോ | സ്ലൈഡ് പ്രൊജക്ടർ | ടേപ്പ്റിക്കോർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | ബ്ലാക്ക്ബോർഡ് | മാതൃസമിതി | ക്ലാസ്സ് പി.റ്റി.എ. |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | എസ്. എൻ.വി. ഗേൾസ് ഹൈസ്കൂൾ | ✓ | ✓ | ✓ | ✓ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |
| 2 | കോട്ടപ്പുറം ഹൈസ്കൂൾ | ✓ | ✓ | ✓ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |
| 3 | ഗവ. ഹൈസ്കൂൾ, പരവൂർ | ഇല്ല | ✓ | ✓ | ഇല്ല | ✓ | ഇല്ല | ഇല്ല | ✓ | ✓ | ഇല്ല | ഇല്ല |
| 4 | ഗവ. യു.പി. എസ്., മണിയംകുളം | ✓ | ✓ | ഇല്ല | ✓ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ✓ | ഇല്ല |
| 5 | ഗവ. യു.പി.എസ്., കുറുമണ്ടൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ✓ | ഇല്ല |
| 6 | മുനിസിപ്പൽ ആയിരവില്ലി യു.പി.എസ്. കൂനയിൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |
| 7. | ഗവ. എൽ.പി.എസ്., കൂനയിൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |
| 8 | കോട്ടപ്പുറം എൽ.പി.എസ്, പരവൂർ | ഇല്ല | ✓ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ✓ | ഇല്ല |
| 9 | ഗവ. ഗേൾസ് എൽ.പി.എസ്., കുറുമണ്ടൽ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |
| 10 | ഗവ. വെൽഫെയർ സ്കൂൾ, ഒഴുകുപാറ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ✓ | ഇല്ല | ഇല്ല |

## അക്കാദമിക് സൗകര്യങ്ങൾ

പട്ടിക 6 പരിശോധിച്ചാൽ പറവൂരിലെ സ്കൂളുകൾക്ക് അക്കാദമിക് സൗകര്യങ്ങൾ തീരെ കുറവാണെന്ന് മനസ്സിലാക്കുവാൻ കഴിയും. പഠനോപകരണങ്ങൾ തീരെ ഇല്ലാത്തവയാണ് എല്ലാ പ്രൈമറി സ്കൂളുകളും. രണ്ട് സ്കൂളുകളിൽ മാത്രമേ മാതൃസമിതികളുള്ളൂ. ശാസ്ത്രസാഹിത്യ പരിഷത്ത് കോട്ടപ്പുറം എൽ.പി.എസിൽ ഒരു ലബോറട്ടി കുട്ടികൾക്ക് വേണ്ടി ഒരുക്കിക്കൊടുത്തു. മാത്രമല്ല ഒരു പഠനോപകരണ നിർമ്മാണകളരിയും നടത്തുകയുണ്ടായി. അക്കാദമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ ശ്രമം മറ്റു സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതുണ്ട്. പഠന- ബോധനതന്ത്രങ്ങളുടെ കാര്യത്തിലും സ്ഥിതി ഗുണകരമല്ലെന്ന് സർവ്വേകൾ സൂചിപ്പിക്കുന്നു. പ്രൈമറി സ്കൂളുകളിൽ അക്ക ജ്ഞാനവും, അക്ഷരജ്ഞാനവും ഉറയ്ക്കാത്ത ധാരാളം കുട്ടികളുണ്ട്. ഓരോ തലത്തിലും കുട്ടികൾ നേടേണ്ട അറിവും, കഴിവും, സാമൂഹ്യബോധവും പ്രാവണ്യനിലവാരത്തിൽ നേടിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരു സ്കൂളിലുമില്ല.

## എസ്.എസ്.എൽ.സി. വിജയശതമാനം

പറവൂർ മുനിസിപ്പാലിറ്റിയിൽ 3 ഹൈസ്കൂളുകളാണുള്ളത്. 1991 മുതൽ 96 വരെയുള്ള വിജയശതമാനം പരിശോധിച്ചാൽ ഏറ്റക്കുറച്ചിലുകൾ കാണാൻ കഴിയും. എസ്.എൻ.വി.സ്കൂളിൽ 1991-ൽ 46.5% വിജയം ഉണ്ടായപ്പോൾ 1996-ൽ വിജയം 56.7% മായി വർദ്ധിച്ചു. ഇതൊരു നേട്ടമായി കാണാമെങ്കിലും 1995 ലെ അപേക്ഷിച്ച് 96-ൽ വിജയശതമാനം കുറവാണ്.

പട്ടിക -5

എസ്.എസ്.എൽ.സി. വിജയശതമാനം

| സ്കൂൾ | 1991 March | 92 March | 93 March | 94 March | 95 March | 96 March |
|---|---|---|---|---|---|---|
| S.N.V.G.H.S. | 46.5 | 49 | 62.5 | 59.5 | 62.9 | 56.7 |
| K.H.S. | 32.1 | 36 | 43.9 | 47.3 | 49.5 | 43.8 |
| Govt. H.S. | 26 | 29 | 25.5 | 26 | 27 | 24 |

പറവൂർ കെ.എച്ച്.എസിൽ 1991 മുതൽ ക്രമമായി വിജയശതമാനം ഉയർന്നെങ്കിലും 1996 ലെ വിജയശതമാനം 1995 നെ അപേക്ഷിച്ച് താഴ്ന്നുപോയി. എസ്.എൻ.വി.സ്കൂളിൽ വിജയശതമാനം സ്റ്റേറ്റ് ആവറേജിനേക്കാൾ കൂടുതലാണെന്ന് പട്ടിക-5 സൂചിപ്പിക്കുന്നു. പറവൂർ ഗവ. ഹൈസ്കൂളിനെ വിജയശതമാനം നിലവാരത്തിലേയ്ക്ക് ഉയർന്നുകാണുന്നില്ല.

ഇപ്പോഴത്തെ പാഠ്യപദ്ധതി പിഞ്ചുകുഞ്ഞുങ്ങൾക്ക് താങ്ങാവുന്നതിലധികമാണ്. പഠനഭാരം കുറയ്ക്കുന്നതോടൊപ്പം പ്രായപരിധി ഉയർത്തുകയും വേണം. പാഠ്യപദ്ധതിയിലും കാലോചിതമായ മാറ്റം വേണം. പരീക്ഷയ്ക്ക് ജയിക്കാൻ വേണ്ടി മാത്രമുള്ള പാഠ്യപദ്ധതി കുട്ടികളുടെ സമഗ്രമായ വികസനത്തിന് സഹായിക്കുന്നതല്ല. പാഠ്യവിഷയങ്ങളൊടൊപ്പം പാഠ്യേതരവിഷയങ്ങൾക്കും പ്രാധാന്യം നൽകേണ്ടതുണ്ട്. കുട്ടികളിലെ കലാകായിക വാസയെ പ്രോത്സാഹിപ്പക്കാൻ സ്പെഷ്യൽ ടീച്ചർ തസ്തികകൾ നിർബന്ധമായും പുനഃസ്ഥാപിക്കണം.

## സ്കൂൾ കായിക കലാരംഗം

1943 മുതൽ തന്നെ പറവൂർ കായിക രംഗത്ത് മികച്ചപ്രദേശമായിരുന്നു എന്ന് സാംസ്കാരിക പശ്ചാത്തലം എന്ന അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഈ പ്രശസ്തി നേടിക്കൊടുത്തത് പ്രധാനമായും പറവൂരിലെ സ്കൂളുകളായിരുന്നു. ആത്മാർത്ഥതയുള്ള അദ്ധ്യാപകരും നാട്ടുകാരുമാണ് കായികപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചിരുന്നത്. ഫുട്ബാൾ, കബടി, വോളീബാൾ, ചെസ്സ്, ബാഡ്മിറ്റൻ തുടങ്ങിയ രംഗങ്ങളിൽ അന്ന് സ്കൂൾ തലത്തിൽ തന്നെ പരിശീലനം ലഭിച്ചിരുന്നു. പറവൂരിലെ പെൺകുട്ടികളും കായികരംഗത്ത് പ്രശസ്തി നേടിയിരുന്നു. പക്ഷേ ഇന്നു നാം ഈ രംഗത്ത് വളരെ പിന്നോക്കം പോയിരിക്കുന്നു. കൂട്ടായ പ്രവർത്തനം ഉണ്ടെങ്കിൽ മാത്രമെ ഈ രംഗത്ത് വീണ്ടും ശോഭിക്കാനാവൂ. അതിനായി സ്കൂളിനെ കായിക പ്രവർത്തനം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു.

കലാരംഗത്ത് ഒട്ടേറെ സ്കൂൾ പ്രതിഭകൾ പറവൂരിൽ ഉണ്ടായിരുന്നു. സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ സമ്മാനം ലഭിച്ചവരുണ്ട്. വയലാർ കവിതാലാപനത്തിൽ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും കുമാരി പി.എസ്. സുമത്തിന് അവാർഡ് ലഭിച്ചിട്ടുണ്ട്. ഉൾപ്പെടെയുള്ളവരും ഉണ്ട്. എങ്കിലും കലാപരിശീലനത്തിന് പ്രത്യേക കളരികളില്ലാത്തതിനാൽ കൂടുതൽ പ്രതിഭകളെ നമുക്ക് ലഭിക്കുന്നില്ല. ഇക്കാര്യ

ത്തിലും കാര്യമായ ശ്രദ്ധ വേണ്ടിയിരിക്കുന്നു. ഇതിന്റെ മുന്നോടിയായി രക്ഷാകർത്താക്കളെ കലാകായികപ്രവർത്തനങ്ങളുടെ ആവശ്യകത ബോധ്യപ്പെടുത്തേണ്ടതുണ്ട്.

മികച്ച അത്‌ലറ്റുകളെ വാർത്തെടുക്കാനും കായികരംത്ത് വിവിധരംഗങ്ങളിൽ പരിശീലനം നേടാനും പറ്റിയ തരത്തിൽ ഒരു സ്റ്റേഡിയം നമുക്കില്ല എന്നത് കായികരംഗത്തെ പിന്നോട്ടടിക്ക് കാരണമാണ്.

## ഉന്നതവിദ്യാഭ്യാസം

ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യമില്ലാത്ത ഏക നഗരസഭയാണ് പറവൂർ. ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി അകലെയുള്ള കോളേജിലും സാങ്കേതിക സ്ഥാപനങ്ങളിലും പോകേണ്ടിവരുന്നു. അതിനുപറ്റാത്ത കുട്ടികൾ പാരലൽ കോളേജുകളെ അഭയം പ്രാപിക്കുകയാണ് പതിവ്. സർക്കാർ കോളേജുകളും പോളിടെക്നിക്കും സ്ഥാപിച്ച് ഇതിനൊരു പരിഹാരം കാണേണ്ടതാണ്. പറവൂരിലെ ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളാക്കി ഉയർത്താനുള്ള ശ്രമം നടത്തുകയും വേണം.

ഇത്രയധികം വിദ്യാർത്ഥികളും അദ്ധ്യാപകരും വിദ്യാസമ്പന്നരുമുള്ള പറവൂർ നഗരസഭയ്ക്ക് സ്വന്തമായി ഒരു ഗ്രന്ഥശാലയില്ല. എല്ലാവാർഡുകളിലും വായനശാലകളും ഗ്രന്ഥശാലകളും തുടങ്ങു ന്നതോടൊപ്പം ഉന്നതവിദ്യാഭ്യാസത്തിനു കൂടി ഉപ യോഗിക്കത്തക്കവിധം മുനിസിപ്പൽ ഗ്രന്ഥശാല പറവൂരിൽ സ്ഥാപിക്കണം. കുട്ടികളിലെ വായനാശീലം ഉയർത്തുന്നതോടൊപ്പം പ്രബുദ്ധരായ ഒരു തലമുറയെ വർത്തെടുക്കുവാനും സഹായിക്കും.

## സ്ത്രീവിദ്യാഭ്യാസം

ജനസംഖ്യയിൽ മുൻതൂക്കമുള്ള പറവൂരിൽ വിദ്യാർത്ഥിയുടെ കാര്യത്തിലും പെൺകുട്ടികൾക്കാണ് മുൻതൂക്കം. കേന്ദ്ര ഗവൺമെന്റിന്റെയും സ്റ്റേറ്റ് ഗവൺമെന്റിന്റെയും കീഴിൽ പെൺകുട്ടികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകുവാൻവേണ്ടി ധാരാളം കോഴ്സുകൾ നടത്തുന്നുണ്ടെങ്കിലും പറവൂരിൽ ഇത്തരം ഒരു സ്ഥാപനവുമില്ല. വനിതാ ഐ.റ്റി.ഐ., വനിതാ പോളി ടെക്നിക് ഇവയെല്ലാം വനിതകൾക്ക് സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന കോഴ്സ് നടത്തുന്ന സ്ഥാപനങ്ങളാണ്. കേന്ദ്രസർക്കാരിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി സ്ത്രീകൾക്ക് തൊഴിൽ കണ്ടെത്താൻ വേണ്ടിയുള്ള നൂതന കോഴ്സുകൾ കേരളത്തിൽ ആരംഭിക്കുന്നതോടൊപ്പം പറവൂർ മുനിസിപ്പാലിറ്റിയിലും ആരംഭിക്കണം. പെൺകുട്ടികൾക്കുവേണ്ടി പറവൂർ രാമറാവു ആശുപത്രിയിൽ പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങാനുള്ള സൗകര്യങ്ങളുണ്ട്.

## സാക്ഷരതാ കേന്ദ്രങ്ങൾ

സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി പറവൂരിൽ സാക്ഷരതാകേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു എങ്കിലും ഇന്ന് ഒന്നുംതന്നെ നിലവിലില്ല. തുടർ സാക്ഷരതാകേന്ദ്രങ്ങളുടെ അഭാവം സാക്ഷരത നേടിയ പലരെയും നിരക്ഷരതയിലേക്ക് തള്ളിവിട്ടിട്ടുണ്ട്.

നമ്മുടെ മുനിസിപ്പാലിറ്റിയിൽ മത്സ്യബന്ധനമേഖലയിലും പട്ടികജാതികോളനിയിലും നിരക്ഷരരായ ധാരാളം പേരുണ്ട്. ഇവർക്കുവേണ്ടി സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തി സ്ത്രീകൾക്ക് വേണ്ടി മാത്രമായി പ്രത്യേകം സാക്ഷരതാ കേന്ദ്രങ്ങൾ സ്ഥാപിച്ച് സ്ഥലവാസികളായ വിദ്യാസമ്പന്നരായ പെൺകുട്ടികളുടെ സഹായത്തോടുകൂടി ഈ മേഖലയിലുള്ള നിരക്ഷരരുടെ എണ്ണം കുറയ്ക്കാൻ കഴിയും.

## വിദ്യാഭ്യാസരംഗത്ത് സന്നദ്ധസംഘടനകളുടെ പ്രവർത്തനം

പറവൂരിലെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിന് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് വഹിച്ചു വരുന്ന സേവനം എടുത്തുപറയേണ്ടതാണ്. ഇവർ പറവൂരിൽ നടത്തി വരുന്ന വിജ്ഞാനോത്സവങ്ങൾ, നക്ഷത്രസഹവാസക്യാമ്പുകൾ, പഠനോത്സവങ്ങൾ, സയൻസ് ഫോറം, ബാലശാസ്ത്രകോൺഗ്രസ് എന്നിവ എവരുടെയും പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. ഇതിൽ സയൻസ് ഫോറം വർഷംതോറും നടത്തിവരുന്ന ഇന്റർ കോളേജിയറ്റ് ഡിബേറ്റ് കോളേജ് തലത്തിൽ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇവരുടെ ഈ രംഗത്തുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നത് കുട്ടികൾക്ക് ഏറെ പ്രയോജനം ചെയ്യും.

പ്രശ്നങ്ങൾ.......

1. പ്രൈമറി സ്കൂളുകളിലെ പഠനനിലവാരവും ഭൗതിക സാഹചര്യങ്ങളും മോശമാണ്. നിലവാരമുള്ള സ്കൂളുകളില്ല.
2. ഉച്ചഭക്ഷണ വിതരണം കാര്യക്ഷമമല്ല.
3. മിക്ക സ്കൂളുകളിലും ആവശ്യമുള്ള പഠനോപകരണങ്ങളില്ല.
4. കുടിവെള്ള സംവിധാനം സ്കൂളുകളിൽ മെച്ചമല്ല. കിണറുകളെ മാത്രം കുട്ടികൾക്കാശ്രയിക്കേണ്ടി വരുന്നു.
5. പ്രവർത്തിപരിചയത്തിനും പാഠ്യേതരവിഷയങ്ങൾക്കും വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല. അതുമൂലം കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകൾ മുരടിച്ചുപോകുന്നു.
6. പത്തുസ്കൂളുകളിൽ 8 എണ്ണത്തിലും മാതൃസ്കൂളുകൾ ഇല്ല. ഉള്ളവ കാര്യക്ഷമമല്ല.
7. 6 സ്കൂളുകളിൽ (ഒരു ഗവ. ഹൈസ്ക്കൂളും

അഞ്ച് പ്രൈമറി സ്കൂളും) ചുറ്റുമതിലില്ല.

8. 2 യു.പി. സ്കൂളിനും 1 എൽ.പി. സ്കൂളിനും കുട്ടികൾക്ക് മൂത്രപ്പുരയില്ല.
9. എൽ.പി., യു.പി. സ്കൂളുകളിൽ ലൈബ്രറിയില്ല.
10. തെക്കുംഭാഗം ഹൈസ്കൂളിനോട് ചേർന്നുള്ള എൽ.പി.സ്കൂളിനും മറ്റ് 4 പ്രൈമറി സ്കൂളുകളിലും പ്രീ-പ്രൈമറി സ്കൂളുകളില്ല.
11. സ്കൂളുകളിലെ മൂല്യനിർണ്ണയരീതി തൃപ്തികരമല്ല.
12. സ്കൂൾ പ്രവർത്തനങ്ങൾ മോനിറ്റർ ചെയ്യിക്കാൻ എ.ഇ.ഒ., ഡി.ഇ.ഒ എന്നിവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നില്ല.
13. ഗവ. വെൽഫെയർ എൽ.പി.സ്കൂളിൽ മഴക്കാലത്ത് കുട്ടികൾക്കിരുന്നു പഠിക്കാൻ കഴിയുന്നില്ല.
14. കൂനയിൽ ഗവ. എൽ.പി.സ്കൂളിന്റെ ഒരു കെട്ടിടം ഓലമേഞ്ഞതാകയാൽ മഴക്കാലത്ത് മുറികൾ ചോർന്നൊലിക്കുന്നു.
15. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന കൂനയിൽ എൽ.പി. സ്കൂളിന്റെ ഭൗതികസാഹചര്യം വളരെ മോശമാണ്.
16. എൽ.പി. എസിന്റെ പഠനബോധന പ്രവർത്തനങ്ങൾ ശിശുകേന്ദ്രീകൃതമല്ല.
17. യു.പി.സ്കൂളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്.
18. പരവൂർ ഗവ. ഹൈസ്കൂളിൽ കുടിവെള്ള സംവിധാനം ഇല്ല. ഈ സ്കൂളിലെ എസ്.എസ്.എൽ. സി. വിജയശതമാനം വളരെ കുറവാണ്.
19. ഹൈസ്കൂളുകളിലെ ഗ്രന്ഥശാലകൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
20. ഹൈസ്കൂളുകളിലെ പഠനബോധനപ്രവർത്തനങ്ങൾ മെച്ചമല്ല.
21. പെൺകുട്ടികൾക്ക് മുൻതൂക്കമുള്ള പരവൂർ മുനിസിപ്പാലിറ്റിയിൽ പെൺകുട്ടികൾക്കായുള്ള തൊഴിൽപരിശീലന വിദ്യാഭ്യാസസ്ഥാപനങ്ങളില്ല.
22. പരവൂരിലെ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള ഗ്രന്ഥശാലയോ വായനശാലയോ ഇല്ല.
23. ഹൈസ്കൂളുകളിലെ ലബോറട്ടികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.
24. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളൊന്നും തന്നെ ഈ പ്രദേശത്തില്ല. എസ്.എസ്.എൽ.സി കഴിഞ്ഞ് ദൂര സ്ഥലങ്ങളിൽ വിദ്യാഭ്യാസത്തിന് പോകേണ്ടി വരുന്നു.
25. കുട്ടികൾക്ക് കായിക പരിശീലനത്തിനുള്ള സൗകര്യമില്ല.
26. സ്കൂളുകളിലെ കായികകലാ പരിശീലനം തീരെ കുറഞ്ഞുവരുന്നു.
27. പെൺകുട്ടികളുടെ കായികരംഗത്തുള്ള പങ്കാളിത്തം ഇല്ലാതാകുന്നു.
28 സാമൂഹിക രംഗങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം കുറയുന്നു.
29. സർക്കാർ സ്കൂളുകളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ഇല്ലാത്തതുകൊണ്ട് ധാരാളം കുട്ടികൾ പരവൂരിന് പുറത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പോയി പഠിക്കുന്നു.

**പരിഹാരങ്ങൾ........**

1. പഠന നിലവാരമുയർത്താൻ മുനിസിപ്പൽ തല സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇതിൽപ്പെടുന്നു.

1) വിദ്യാലയം ആകർഷകമാക്കൽ
2) അദ്ധ്യാപക പരിശീലനം
3) പഠനോപകരണ നിർമ്മാണകളരി
4) സമഗ്രമൂല്യനിർണ്ണയം
5) പരിഹാര ബോധനം
6) സ്കൂൾ പ്രവർത്തനങ്ങളിൽ ജനകീയ മോണിറ്ററി
7) സാഹിത്യസമാജം രൂപീകരിക്കൽ
8) ശ്രമദാനങ്ങൾ
9) ദിനാചരണങ്ങൾ
10) മാതൃസമിതി ശക്തിപ്പെടുത്തൽ
11) പഠനോത്സവങ്ങൾ സംഘടിപ്പിക്കൽ
12) കായികപരിശീലനം നൽകൽ
13) പച്ചക്കറിത്തോട്ട നിർമ്മാണം
14) എൻ.സി.സി., സ്കൗട്ട്, റെഡ്ക്രോസ്, ജൂനിയർ റെഡ്ക്രോസ് പ്രവർത്തനങ്ങൾ ശക്തമാക്കണം
15) മുനിസിപ്പൽതല സ്കൂൾ പാർലമെന്റ്
16) മുനിസിപ്പൽതല സ്കൂൾ-കോളേജ്തല സെമിനാറുകൾ, ഡിബേറ്റുകൾ.
17) ശാസ്ത്രകോൺഗ്രസ് സംഘടിപ്പിക്കൽ
18) നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ ശേഖരിച്ചുനൽകൽ
19) തൊഴിൽ പരിശീലനങ്ങൾ
20) സ്കൂൾ ലൈബ്രറി ശക്തമാക്കൽ

തുടങ്ങിയ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ കോംപ്ലക്സ് വഴി നടത്തുക.

2 മുനിസിപ്പൽതല മാതൃകാ പ്രീപ്രൈമറി സ്കൂൾ ആരംഭിക്കുക.

3 സാദ്ധ്യതയുള്ള എല്ലാ പ്രൈമറി സ്കൂളുകളിലും പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കണം പരമ്പരാഗതമേഖലയിൽ പണിയെടുക്കുന്ന അമ്മമാരെ സഹായിക്കുംവിധം ഇതിന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം.

4. മുനിസിപ്പൽ തലത്തിൽ തുടർസാക്ഷരതാ

കേന്ദ്രങ്ങൾ ആരംഭിക്കുക. മത്സ്യബന്ധനമേഖല, പട്ടികജാതി കോളനികൾ എന്നിവയോട് ചേർന്നുവേണം സ്ഥാപിക്കേണ്ടത്. ഇതിനുമുന്നോടിയായി ഒരു മാതൃകാ തുടർ സാക്ഷരതാ കേന്ദ്രം ആരംഭിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തണം.

5. മാതൃസമിതി ഇല്ലാത്ത സ്കൂളുകളിൽ മാതൃസമിതികൾ ആരംഭിക്കണം.
6. ഉച്ചഭക്ഷണവിതരണം കാര്യക്ഷമമാക്കണം. ഇതിനായി വിവിധസ്ഥാപനങ്ങളുടെ സഹായം തേടണം. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് മുനിസിപ്പാലിറ്റി പരിശോധിക്കണം.
7. ചുറ്റുമതിലുകളില്ലാത്ത സ്കൂളുകൾക്ക് ചുറ്റുമതിൽ കെട്ടുക, കുട്ടികൾക്ക് മൂത്രപ്പുരയില്ലാത്ത സ്കൂളുകൾക്ക് മൂത്രപ്പുര കെട്ടുക, ക്ലാസ്സുകൾ ആരംഭിക്കുന്നതിനുമുമ്പ് തന്നെ അറ്റകുറ്റപ്പണികൾ തീർക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക, പഠനോപകരണങ്ങൾ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കുക.
8. കുടിവെള്ളം എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കണം. അതിനായി പമ്പ്സെറ്റ് ആരംഭിക്കണം.
9. ഒഴുകുപാറ വെൽഫെയർ സ്കൂളിൽ ഭിത്തി ഉയർത്തിക്കെട്ടി മഴക്കാലത്തുണ്ടാകുന്ന പ്രശ്നം ഒഴിവാക്കുക.
10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കണം.ഇതിന് ജീവകാരുണ്യപ്രവർത്തനം നടത്തുന്ന സമിതികളുടെ സഹായം തേടാവുന്നതാണ്.
11. പറവൂരിന്റെ ചരിത്രത്തിലെ പ്രധാന അംശങ്ങൾ മുനിസിപ്പൽ തല സ്കൂളുകളിൽ പാഠ്യവിഷയമാക്കുക.
12. മുനിസിപ്പാലിറ്റിയിലെ 3 ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി- വൊക്കേഷനൽ ഹയർ സെക്കന്ററി ക്ലാസ്സുകൾ ആരംഭിക്കുക.
13. വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പ്രാദേശിക വിഭവങ്ങളുമായി ബന്ധപ്പെടുത്തി (ഫിഷിംഗ്, വീവിംഗ്, കയർ ടെക്നോളജി) കോഴ്സുകൾ ആരംഭിക്കുക.
14. സമീപത്തുള്ള പഞ്ചായത്ത് പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു കോളേജ്, പോളിടെക്നിക് സ്ഥാപിക്കുക.
15. 18ഏക്കർ വിസ്തീർണ്ണമുള്ള ഗവ. രാമറാവു ആശുപത്രിയിൽ നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സും ആരംഭിച്ച് പെൺകുട്ടികൾക്കും ഉയർന്ന വിദ്യാഭ്യാസത്തിന് സൗകര്യം നൽകുക.
16. പെൺകുട്ടികൾക്ക് എസ്.എസ്.എൽ.സി. കഴിഞ്ഞാൽ പഠിക്കുന്നതിനുവേണ്ടി വനിതാ ഐ.റ്റി.ഐ., വനിതാ പോളിടെക്നിക്കുകൾ, കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ കോഴ്സുകൾ തുടങ്ങിയവ സർക്കാർ തലത്തിൽ ആരംഭിക്കണം.
17. ടെയിലറിംഗ്, കെ.ജി.റ്റി.ഇ. പാസ്സാവുന്ന പെൺകുട്ടികൾക്ക് തൊഴിൽ ലഭിക്കാൻ വനിതാ വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വായ്പാസൗകര്യങ്ങൾ ഉണ്ടാക്കണം.
18. മുനിസിപ്പൽതലത്തിൽ ഉന്നതവിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾക്കും കൂടി പ്രയോജനപ്പെടത്തക്ക രീതിയിൽ ഒരു ഗ്രന്ഥശാലയും വായനശാലയും ആരംഭിക്കണം.
19. ആയിരവില്ലി സ്കൂളിലെ കൂനയിൽ സ്കൂളുമായി ഏകോപിപ്പിക്കുക. പറവൂർ മുനിസിപ്പൽ യു.പി.സ്കൂൾ ഗവൺമെന്റിന് സറണ്ടർ ചെയ്ത് ആ സ്ഥലത്ത് ഒരു സർക്കാർ ഐ.റ്റി.ഐ യോ,പോളി ടെക്നിക്കോ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ആരം ഭിക്കാം.
20. സർക്കാർ യു.പി.സ്കൂളുകളിൽ ഒരു ഡിവിഷൻ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ ആരംഭിക്കുക.
21. കൂനയിൽ എൽ.പി.സ്കൂളിലെ ഓലക്കെട്ടിടം വിഭവസമാഹരണത്തിലൂടെ ഓടിടുക.
22. മാതൃസമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കാൻ ഓരോ സ്കൂളിലെയും മാതൃസമിതി പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ അംഗങ്ങളാക്കി മുനിസിപ്പൽതല മാതൃസമിതി കോഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക.



## 5.5 കുടിവെള്ളം, പൊതുജനാരോഗ്യം

സാങ്കേതികമായി ജലം ആഹാരമല്ലെങ്കിലും ജീവന്റെ നിലനിൽപിന് ജലം അത്യന്താപേഷിതമാണ്. മൂന്നുവശവും വെള്ളത്താൽ ചുറ്റപ്പെട്ട പരവൂരിൽ രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. വേനൽക്കാലത്ത് രാത്രികാലങ്ങളിൽ വെള്ളം ശേഖരിക്കുന്നതിനായി ഉറക്കം ഉപേക്ഷിച്ച് ടാപ്പിന് മുന്നിലിരിക്കുന്ന സ്ഥിതിവിശേഷം ചില വാർഡുകളിൽ നിലനിൽക്കുന്നു. കുടിവെള്ളപ്രശ്നം ഏറ്റവുംകൂടുതൽ പരിഗണന കൊടുക്കേണ്ട ഒരു പ്രശ്നമായി വാർഡുസഭകളിൽ ജനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. 10000-ലധികം കുടുംബങ്ങളധിവസിക്കുന്ന പരവൂരിൽ 90% ആളുകളും കിണർവെള്ളത്തെമാത്രം ആശ്രയിച്ചാണ് ജീവിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഭാഗികമായി ജലവിതരണം നിലവിലുണ്ട്. പരവൂരിൽനിന്ന് 2 ഉന്നതതലജല സംഭരണികളാണ് നിലവിലുള്ളത് . 40000-ത്തോളം ജനസംഖ്യയുള്ള ഈ പ്രദേശത്ത് 50 ലക്ഷം ലിറ്റർ വെള്ളം ഗൃഹാവശ്യങ്ങൾക്ക് ആവശ്യമുണ്ട്.

ഈ മുനിസിപ്പാലിറ്റിയിലെ 4,5,6,7,8,9,10,11,12 എന്നീ വാർഡുകൾ ഈ മുനിസിപ്പൽപ്രദേശത്തിന്റെ വടക്കുംകിഴക്കുമായി കിടക്കുന്നുതും രൂക്ഷമായ ജലദൗർലഭ്യമുള്ള പ്രദേശങ്ങളുമാണ്. പ്രകൃതി ദത്തമായ ജലസ്രോതസ്സുകളിവിടെയുണ്ടെങ്കിലും ഇവയെക്കൂടിച്ചേർത്ത് കുടിവെള്ളാവശ്യത്തിന് ഉപയോഗിക്കുന്നതിനുവേണ്ടി

*പട്ടിക 1 - കിണറുകളുടെ വിവരങ്ങൾ*

| കിണറുകൾ | | | | വാട്ടർ അതോറിറ്റി | | |
|---|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | കുഴൽ കിണറുകൾ | കുഴി കിണറുകൾ | ആകെ |
| എപ്പോഴും വെള്ളമുള്ളത് | ഭാഗികമായി വെള്ളമുള്ളത് | എപ്പോഴും വെള്ളമുള്ളത് | ഭാഗികമായി വെള്ളമുള്ളത് | | | |
| 18 | – | 3024 | 4536 | 4 | 1 | 7582 |

*പട്ടിക 2 - വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണരീതി*

| സ്രോതസ്സുകൾ | | സംഭരണികൾ | | | വിതരണം | | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|
| സ്ഥലം | വിവരം | സ്ഥലം | ശേഷി | നിലവിലുള്ള രീതി | പൊതു ടാപ്പ് | സ്വകാര്യ ടാപ്പ് | |
| പൊഴിക്കര | കുഴൽക്കിണർ | മേപ്പാലം | 90000 ലി. | | 386 | 1060 | ഇപ്പോൾ നേരിട്ടുള്ള വിതരണമാണ്. |
| പൂക്കുളം | " | | | | | | |
| കൂനയിൽ | " | ഒഴുകുപാറ | 2250000 ലി | ഇപ്പോൾ സംഭരിക്കുന്നില്ല | | | കൂടുതൽ ടാപ്പുകളും പ്രവർത്തനക്ഷമമല്ല |
| പുഞ്ചിരക്കുളം | " | | | | | | |
| ശാസ്തംനട | കുഴിക്കിണർ | | | | | | |

യുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. 14 മുതൽ 24 വരെയും വാർഡ് ഒന്നും തീരപ്രദേശവാർഡുകളാണ്. ഇവിടത്തെ പ്രകൃതിദത്ത സ്രോതസ്സുകളൊന്നും ജലവിനിയോഗത്തിന് ഉപയോഗിക്കാൻ പറ്റുന്നതല്ല. വരൾച്ച സമയത്ത് ഇന്ന് പരവൂരിൽ നിലവിലുള്ള കിണറുകളിൽ 60%ത്തിലും വെള്ളം കാണുകയില്ല. ഈ സമയത്തും വാട്ടർ അതോറിറ്റിയുടെ ഭൂരിപക്ഷം ടാപ്പുകളിലും ഒരുസമയത്തും വെള്ളം കാണുകയില്ല. കിണറുകളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.

പട്ടിക 2-ൽ കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള വിതരണരീതി വ്യക്തമാക്കുന്നു. വാട്ടർഅതോറിറ്റിയുടെ നിലവിലുള്ള ജലവിതരണ സംവിധാനത്തിന് തികഞ്ഞ അപര്യാപ്തയുണ്ട്. ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള രണ്ട് ഉന്നതതല ജലസംഭരണികളിൽ (90,000 ലി. 2,25,000 ലി.) സംഭരിച്ച് നിർത്തി വിതരണം ചെയ്യുന്ന രീതി നിലവിലില്ല. പഴക്കംചെന്ന പമ്പുകളും പൈപ്പുകളും, പ്രവർത്തനരഹിതമായ ടാപ്പുകളുമാണ് ഇപ്പോൾ നിലവിലുള്ളത്. 4 കുഴൽക്കിണറുകളിൽനിന്നും ഒരു ഓപ്പൺ കിണറിൽനിന്നും നേരിട്ട് പമ്പുചെയ്ത് വിതരണം നടത്തുന്നരീതിയാണിപ്പോൾ. ഇതുകാണരണം ഉയർന്നപ്രദേശത്ത് വരൾച്ചസമയത്ത് വെള്ളം എത്തുന്നില്ല. കിട്ടുന്ന സ്ഥലങ്ങളിൽ ഓരു കലർന്നതും കലങ്ങിയതുമായ വെള്ളമാണ് ലഭിക്കുന്നത്. ഇപ്പോൾ ഇവിടെ ശുചീകരണം നടക്കുന്നില്ല. ടാപ്പുകളിലൂടെ വരുന്നവെള്ളം കുടിവെള്ളമായി ഉപയോഗിക്കുവാൻ സാധിക്കുന്നില്ല.

### പ്രശ്നങ്ങൾ

1. വാർഡ് 4,5,6,7,24 എന്നിവിടങ്ങളിൽ വേനൽക്കാലത്ത് അതിരൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.
2. വാട്ടർ അതോറിറ്റിയുടെ ജലവിതരണം മുനിസിപ്പാലിറ്റിയിലെ എല്ലാ മുനിസിപ്പൽ വാർഡുകളിലും ലഭ്യമല്ല.
3. നിലവിലുള്ള ജലസംഭരണികൾ മാലിന്യങ്ങൾ നീക്കി കൃത്യസമയത്ത് വൃത്തിയാക്കുന്നില്ല.
4. നിലവിലുള്ള പൊതുകിണറുകൾ സമയാസമയങ്ങളിൽ വൃത്തിയാക്കുന്നില്ല.
5. വാർഡുകളിൽ പൊതുകിണറിന്റെ അഭാവം
6. വാട്ടർ അതോറിറ്റി ഇപ്പോൾ ജലവിതരണം നടത്തുന്നത് പഴകിയ പൈപ്പുലൈനുകളിലൂടെയും ടാപ്പുകളിലൂടെയുമാണ്.
7. മാലാക്കായലിന് സമീപം ഒരു കുഴൽക്കിണറും ടാങ്കുമില്ല. (അനുയോജ്യമായ സ്ഥലം)
8. അകത്തു കായലിന് സമീപം കുഴൽക്കിണറും ജലസംഭരണിയുമില്ല.
9. ശുദ്ധജലവിതരണത്തിന് സാദ്ധ്യതയുള്ള ആയിരവില്ലി ഭാഗത്തുള്ള പന്തലിക്കുളം, പൊട്ടക്കുളം, മാങ്ങാട്ടുകുളം, മുൻസിപ്പൽകുളങ്ങൾ ഇവയിൽ അനുയോജ്യമായവ ശുദ്ധജലവിതരണത്തിന് പ്രയോജനപ്പെടുത്തുന്നില്ല.
10. വിക്രമൻകുഴിഭാഗത്ത് കുഴൽക്കിണറില്ല.
11. വാർക്കുളത്ത് ജലസംഭരണിയില്ല.
12. ചെറുകിട ശുദ്ധജലപദ്ധതികൾ ആവശ്യാനുസരണം ഇല്ല.
13. ഇടത്തരം പദ്ധതികൾ ഒന്നുംതന്നെയില്ല.

### പരിഹാരങ്ങൾ - നിർദ്ദേശങ്ങൾ

1. നിലവിലുള്ള പൊതുകിണറുകൾ എല്ലാവർഷവും ശുചീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
2. ആഴ്ചയിലൊരുദിവസം പൊതു ടാങ്കുകൾ വൃത്തിയാക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുക.
3. വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള എല്ലാ പഴകിയ പൈപ്പുലൈനും മാറ്റി പി.വി.സി. പൈപ്പുകൾ ആക്കുവാനും എല്ലാ ടാപ്പുകളും മാറ്റിസ്ഥാപിക്കുവാനും വേണ്ട നടപടികൾ സ്വീകരിക്കുക.
4. അകത്തുകായൽ ശുദ്ധജലപദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.
5. ആയിരവില്ലി ഭാഗത്തുള്ള കുളങ്ങളിലെ ജലസ്രോതസ്സുകളിൽനിന്ന് ശുദ്ധജലം സംഭരിച്ച് വിതരണം ചെയ്യുന്നതിന് ആവശ്യമായ ജലസംഭരണി നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. ആയിരവില്ലി ക്ഷേത്രത്തിനു സമീപം ടാങ്ക് നിർമ്മിക്കുക. തോട്ടത്തുകുളം, ചിറയിൽക്കുളം, മാലാക്കുളം എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുക.
6. ഒരു കുടുംബത്തിന് പരമാവധി 200 മീ. ദൂരത്തിനകം വെള്ളംകിട്ടത്തക്കവണ്ണം മുനിസിപ്പൽ റോഡുകളിൽ പൊതുടാപ്പ് സ്ഥാപി

ക്കുക.

7. വാർഡ് 3,4,5,6,8,9,10,12,14,19,20,22,24 എന്നീ വാർഡുകളിൽ (13 എണ്ണം) ഓരോ പൊതുകിണറുകൾ കുഴിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുക.

8. മാലാക്കായലിന് സമീപം ഒരു കുഴൽക്കിണറും ടാങ്കും സ്ഥാപിച്ച് ആ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

9. മുണ്ടുംതലയ്ക്കലെ ജലസ്രോതസ്സുകൾ പരിശോധിച്ച് 14,24 എന്നീ വാർഡുകളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. വാറുകുളത്ത് ജലസംഭരണി നിർമ്മിച്ച് ശുദ്ധജലം സംഭരിച്ച് ജലവിതരണം സുഗമമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

11. ചെറുകിട ജലപദ്ധതികളായ കുഴിക്കിണർ, കുഴൽക്കിണർ എന്നിവ പരിഹാരങ്ങളാണ്, ഇവയ്ക്കുള്ള സാദ്ധ്യതകൾ പല വാർഡുകളിലും നിലനിൽക്കുന്നുണ്ട്.

**പൊതുനിർദ്ദേശങ്ങൾ**

ഇപ്പോൾ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലം ഓരുള്ളതും കലങ്ങിയതുമാണ്. കലങ്ങിയതുമാണ്. ഇത് അടിയന്തിരമായി പരിഹരിക്കപ്പെടണം. പൊതുവിതരണം ചെയ്യുന്ന ജലം കാലാകാല ങ്ങളിൽ പരിശോധിച്ച് വിതരണം ചെയ്യേണ്ടതാണ്. ഭൂഗർഭജലവകുപ്പ് (Ground Water Department) മായി ബന്ധപ്പെട്ട് ഈ പ്രദേശത്തെ ഭൂഗർഭലഭ്യത യെപ്പറ്റി പഠിച്ച് അത്തരം ജലസ്രോതസ്സുകൾ കുടിവെള്ള പ്രശ്നപരിഹാരത്തിന് ഉപയോഗപ്പെടുത്താൻ ശ്രമിക്കണം. വാർഡുകളിൽ ജലംസംഭരിച്ച് വിതരണം ചെയ്യുവാൻ സംവിധാനം ഉണ്ടാക്കണം.

പരവൂർ മുനിസിപ്പൽ പ്രദേശത്തെ ശുദ്ധജലക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിന് ഏതെങ്കിലും അനുയോജ്യമായ നദിയിൽനിന്നും ജലം സംഭരിച്ച് ആവശ്യമായ ശുചീകരണം നടത്തി എല്ലാ വാർഡുകളിലും യഥേഷ്ടം വിതരണം നടത്തുവാനുള്ള വൻകിട പദ്ധതി നടപ്പിലാക്കേണ്ടതാണ്.



# പൊതുജനാരോഗ്യം

ആരോഗ്യമേഖല പ്രത്യക്ഷത്തിൽ ഉല്പാദന പരമല്ല. മറ്റു മേഖലകളുടെവികാസത്തിന് അനു സൃതമായാണ് ഈ മേഖലയുടെ വികാസം. ഈ മേഖ യിലെ മുതൽമുടക്ക്ഉൽപാദന മേഖലകളായ കാർഷികവ്യവസായിക മേഖലകളുടെ വളർച്ച യേയും സഹായിക്കുന്നു. ഇങ്ങനെ ആരോഗ്യമേഖ ലയും കാർഷികവ്യാവസായിക മേഖലകളും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുന്നു. പരോക്ഷമായിട്ട് ജനങ്ങളുടെ ആകെ ജീവിത നിലവാരത്തെ ഉയർത്തുന്നതിനു സഹായിക്കുന്നു. പഴയചരിത്രം പരിശോധിച്ചാൽ പരമ്പരാഗത ചികിത്സാരീതിയായ ആയുർവ്വേദചികിത്സാരീതി ഈ പ്രദേശത്ത് പ്രചുരപ്രചാരത്തിലായിരുന്നു. പ്രസിദ്ധികേട്ട പല ആയുർവ്വേദ ഭിഷഗ്വരന്മാരു ടെയും നേതൃത്വത്തിലായിരുന്നു ഈ ചികിത്സാസ മ്പ്രദായം നടത്തിവന്നിരുന്നത്. ഇതു പൊതുവേ സൗജന്യമായിരുന്നു. കൂടാതെ ജനപങ്കാളിത്ത ത്തോടുമാണ് നടത്തി വന്നിരുന്നത്. ഈ ആചാര്യ ന്മാർ ഇതിനെ ജനകീയവൽക്കരിക്കാൻ ബദ്ധശ്രദ്ധ രായിരുന്നു. എല്ലാ കുടുംബങ്ങളും, ചെറിയ ചെറിയ നാട്ടുചികിത്സാ കേന്ദ്രമായിരുന്നു. ഇങ്ങനെ വളരെ ചെലവു കുറഞ്ഞ ഒരു ജനകീയ ചികിത്സാ രീതി പ്രചാരത്തിലിരുന്നതുകൊണ്ട് സമീപപ്ര ദേശങ്ങളെ അപേക്ഷിച്ച് ആധുനികചികിത്സാരീതി കടന്നു വരാൻ അറച്ചുനിന്നിരുന്നു. വളരെ വൈകിയാണ് ആധുനിക ചികിത്സാരീതിയെ ഇവിടുത്തെ ജനം സ്വാഗതംചെയ്യാൻ തയ്യാറായത്. പിൽക്കാലങ്ങളിൽ പ്രഗത്ഭരായ ആയുർവ്വേദാചാര്യ ന്മാരുടെ അഭാവം ആധുനിക ചികിത്സാരീതി ആവിർഭവിക്കുന്നതിന് കാരണമായി. 1894-ൽ സ്ഥാപിതമായ നെടുങ്ങോലം രാമറാവു ആശുപ ത്രിയാണ് പരവൂരിൽ സ്ഥാപിക്കപ്പെട്ട ആദ്യത്തെ ആധുനിക ചികിത്സാ കേന്ദ്രം. പിന്നീട് 1971-ൽ ഈ ആശുപത്രി കേരള സർക്കാർ ഏറ്റെടുത്തു.

## ആരോഗ്യപരിപാലനസ്ഥാപനങ്ങൾ

പരവൂരിൽ ഇന്ന് പൊതുമേഖല ആരോഗ്യകേന്ദ്ര മായി നെടുങ്ങോലം ഗവ: രാമറാവു ആശുപത്രി, പൊഴിക്കര പ്രൈമറി ഹെൽത്ത് സെന്റർ, അതിന്റെ കീഴിൽവരുന്ന 8 സബ്സെന്ററുകൾ, ഗവ: ആയുർ വ്വേദ ആശുപത്രി, ഗവ: ഹോമിയോ ഡിസ്പെൻ സറി എന്നിവ പ്രവർത്തിച്ചു വരുന്നു.

### 1). ഗവമെന്റ് രാമറാവു ആശുപത്രി

1887 മുതൽ 1892 വരെ തിരുവതാംകൂറിൽ ദിവാനായിരുന്ന റ്റി. രാമറാവു 1893 ലാണ് ഈ ആശുപത്രി സ്ഥാപിച്ചത്. അതിന് അദ്ദേഹം ലണ്ടൻ മിഷൻ സൊസൈറ്റി (എൽ. എം. എസ് ) യുടെ കീഴിലുള്ള നെയ്യൂർമെഡിക്കൽ മിഷനെ സൗജന്യ ചികിത്സ പ്രദാനം ചെയ്യണം എന്നു ള്ള വ്യവസ്ഥ യിൽ ഏൽപിച്ചു. അന്നുമുതൽ ഇവിടെ നിന്നും സൗജന്യ ചികിത്സ ലഭിച്ചു വരുന്നു. പ്രത്യേകിച്ചും സമൂഹത്തിലെ ദുർബല വിഭാഗത്തിന്.

18-4-1971 ൽ ഈ മിഷൻ ആശുപത്രിയിൽ സ്ഥിതിചെയ്യുന്ന 19 ഏക്കർ സ്ഥലവും പോസ്റ്റോ ഫീസ് മുക്കിലുള്ള 50 സെന്റ് സ്ഥലവും, കെട്ടിട ങ്ങളും, കിടക്കയും മറ്റുപകരണങ്ങളും ഗവൺ മെന്റ് ഏറ്റെടുത്തു തുടർന്ന് 25-5-95 ൽ ലയൻസ് ക്ലബ് ഒരു ബ്ലോക്ക ചെയ്തു കൊടുത്തു. 29-3 92 ൽ കയർ തൊഴിലാളിയളുടെ ക്ഷേമത്തിൻ ആറ് കിടക്കകളുള്ള ഒരു വാർഡും പൂർത്തിയാക്കി കയർ തൊഴിലാളികളുടെ വാർഡ്ആണെങ്കിലും ഇവിടെ പി.പി.എസ് കഴിഞ്ഞ സ്ത്രികളെ കിടത്തി ചികിത്സിക്കുന്നു. നൂറ് വർഷം പഴക്കമുള്ള ഒരു പഴയകെട്ടിടത്തിലാണ് പ്രസവമുറിയും മറ്റും പ്രവർത്തിക്കുന്നത്. ഒപ്പറേഷൻ തീയറ്ററിൻ ഒരു ചെറിയ മുറി മാത്രമാണ് സജ്ജീകരിച്ചിട്ടുള്ളത്. 1996 കാലയളവിൽ 10 കിടക്കകളോട് കൂടിയ ഒരു വാർഡ് എം.പി ഫണ്ടിൽപ്പെടുത്തി പണിഞ്ഞിട്ടുണ്ട്. കട്ടിലും മെത്തെയും മറ്റ് ഉപകരണങ്ങളും, സ്റ്റാഫും ലഭ്യമല്ലാത്തത് കൊണ്ട് തുടർന്നു പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല.

അത്യാസന്നനിലയിൽ വരുന്ന ഹൃദ്രോഗി കൾക്കുപോലും ഈ പ്രദേശത്തെ ഏക സർക്കാർ ആശുപത്രിയായ ഇവിടെ നിന്നും അടിയന്തിര സഹായം ലഭ്യമാക്കാനുള്ള സൗകര്യമില്ല. ഈ പ്രദേശത്ത് നടക്കുന്ന പ്രസവവും പ്രസാവനന്തര ശുശ്രൂഷയും ലഭ്യമാക്കാൻ ബാധ്യതയുള്ള ആശുപ്രത്രിയാണിത് ഇന്ന് നിലനിൽക്കുന്ന അപര്യാപ്തതമൂലം പ്രസാവനാന്തര ശുശ്രൂഷയും കുട്ടികളുടെ ചികിത്സയും ഇവിടെ വേണ്ടവി ധത്തിൽ നടക്കുന്നില്ല.

പരവൂർ മുൻസിപ്പൽ പ്രദേശം, പൂതക്കുളം, കല്ലുവാതുക്കൽ പഞ്ചായത്ത് പ്രദേശങ്ങൾ, ചാത്തന്നൂർ പഞ്ചായത്തിൽപ്പെട്ട മീനാട് ഉളിയ നാട് വില്ലേജുകൾ എന്നീ സ്ഥലങ്ങളിലായി വസി ക്കന്ന ഏകദേശം ഒന്നര ലക്ഷം പേർക്ക് ഈ ആശുപത്രിയുടെ വികസനത്തിലൂടെ പ്രയോ ജനം ലഭ്യമാക്കാവുന്നതാണ്.

*പട്ടിക - 1 ഗവ. രാമറാവു ഹോസ്പിറ്റലിൽ എത്തുന്ന രോഗികളുടെയും രോഗങ്ങളെയും സംബന്ധിച്ച വിവരങ്ങൾ*

| വർഷം | ഐ.പി. എണ്ണം | ഒ.പി. എണ്ണം | ത്വക്ക് രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | വാത രോഗം | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | 1713 | 32299 | 1383 | 1616 | – | 50 | 29250 | 32299 |
| 1993-94 | 1581 | 20516 | 1581 | 1567 | – | 61 | 17307 | 20516 |
| 1994-95 | 1523 | 18527 | 1462 | 671 | – | 48 | 16346 | 18527 |
| 1995-96 | 1885 | 25982 | 1961 | 982 | – | 52 | 22987 | 25982 |

*പട്ടിക - 2 ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ നമ്പർ | സ്റ്റാഫ് | അനുവദിച്ചിട്ടുള്ളവ | നിലവിലുള്ളവ | ഒഴിവുകൾ |
|---|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ | 2 | 2 | – |
| 2. | സ്റ്റാഫ് നെഴ്സ് | 9 | 9 | – |
| 3. | നെഴ്സിംഗ് അസിസ്റ്റന്റ് | 5 | 3 | 2 |
| 4. | ഹോസ്പിറ്റൽ അറ്റന്റേഴ്സ് ഗ്രേഡ്-1 | 1 | 1 | – |
| 5. | ഹോസ്പിറ്റൽ അറ്റന്റേഴ്സ് ഗ്രേഡ്-2 | 4 | 3 | 1 |
| 6. | ക്ലാർക്ക് | 1 | 1 | – |
| 7. | പ്യൂൺ | 1 | 1 | – |
| 8. | എൻ.എം.എസ്. | 1 | 1 | – |
| 9. | ഫാർമസിസ്റ്റ് | 1 | 1 | – |
| 10. | സ്റ്റോർ കീപ്പർ | 1 | 1 | – |

പട്ടിക 1-ൽ നിന്നും 1992 കാലംമുതൽ ഇവിടെയെത്തുന്ന രോഗികൾ കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. ഇതിനുപരിയായി ശരാശരി 70ഓളം രോഗികൾ മാത്രമേ ഒരു ദിവസം ഗവ:രാമറാവു ആശുപത്രിയിൽനിന്നും ലഭിക്കേണ്ടുന്ന സേവനത്തിനായി എത്തുന്നുള്ളൂ. പട്ടിക 2-ൽ നിന്നും ഈ ഹോസ്പിറ്റലിൽ സ്റ്റാഫുകൾ വേണ്ടത്രയില്ലെന്നു തെളിയുന്നു.

95-96-ൽ കുടുംബാസൂത്രണത്തന് (ട്യൂബെക്ടമി) 25085 രൂപ ചെലവാക്കിയതായി കാണുന്നു. 95-96-ൽ മരുന്നിനവേണ്ടി ചെല വാക്കിയത് 246251 രൂപയാണ്. 95-96 വർഷത്തിൽ ഒരു രോഗിക്കുവേണ്ടി 60 രൂപ പ്രവർത്തനച്ചെലവുണ്ടായി. അതേസമയം മരുന്നിനുവേണ്ടി 9 രൂപയേ ചിലവിട്ടിരിക്കുന്നുള്ളു.

## 2). മിനിപ്രാഥമികാരോഗ്യകേന്ദ്രം

ഈ ആരോഗ്യകേന്ദ്രം മുനിസിപ്പാലിറ്റിയുടെ വടക്കുപടിഞ്ഞാറ് തീരപ്രദേശത്ത് സ്ഥിതിചെയ്യുന്നു. 1.1.1988-ലാണ് ഈ പ്രദേശത്ത് പ്രാഥമികാരോഗ്യകേന്ദ്രം തുടങ്ങിയത്. ഈ പ്രദേശത്തെ

*പട്ടിക - 3 പൊഴിക്കര പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ*

| ക്രമ നമ്പർ | സ്റ്റാഫ് | അനുവദിച്ചിട്ടുള്ളവ | നിലവിലുള്ളവ |
|---|---|---|---|
| 1. | മെഡിക്കൽ ഓഫീസർ | 1 | 1 |
| 2. | ഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| 3. | ലേഡിഹെൽത്ത് ഇൻസ്പെക്ടർ | 1 | 1 |
| 4. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -1 | 1 | 1 |
| 5. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 | 3 | 3 |
| 6. | ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സ് | 8 | 8 |
| 7. | ഫാർമസിസ്റ്റ് | 1 | 1 |
| 8. | നഴ്സിംഗ് അസിസ്റ്റന്റ് | 1 | – |
| 9. | ഹോസ്പിറ്റൽ അറ്റന്റൻഡ് ഗ്രേഡ് -2 | 1 | 1 |
| 10. | എൽ.ഡി. ക്ലാർക്ക് | 1 | 1 |
| 11. | പ്യൂൺ | 1 | 1 |
| 12. | പി.റ്റി.സി. | 1 | 1 |

ജനങ്ങൾക്ക് രോഗനിവാരണം, ചികിത്സ എന്നീ രംഗങ്ങളിലെ സേവനങ്ങൾ ലഭ്യമാക്കാനുള്ള സ്ഥാപനമാണിത്. ഒന്നേകാൽ ഏക്കർ സ്ഥലത്താണ് ഈ കേന്ദ്രം നിലനിൽക്കുന്നത്. കെട്ടിടത്തിന് സ്ഥലപരിമിതിയുണ്ട്. ചുറ്റുമതിലുണ്ട്. വേണ്ടത്ര സ്റ്റാഫുകൾ ഉണ്ടെന്ന് പട്ടിക 3 സൂചിപ്പിക്കുന്നു.

പ്രവർത്തനചെലവായി ഈ സാമ്പത്തികവർഷം ഇതുവരെ 742975 രൂപയും ഉപകരണങ്ങൾക്കായി 9897 രൂപയും മരുന്നുകൾക്കായി 75742 രൂപയും ചെലവായി. അങ്ങനെ ആകെ 828614 രൂപയും ചെലവുണ്ടായി. ഒരാൾക്ക് ഒരു വർഷം 21 രൂപയാണ് ചെലവായത്.

പൊഴിക്കര പ്രാഥമികാരോഗ്യകേന്ദ്രത്തോടനുബന്ധിച്ച് പെരുമ്പുഴ, കുറുമണ്ടൽ, പൊഴിക്കര, കോങ്ങാൽ, തെക്കുംഭാഗം, കോട്ടപ്പുറം, കൂനയിൽ, പാറയിൽക്കാവ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന 8 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ട്. ഇതിൽ 3 കുടുംബക്ഷേമ കേന്ദ്രങ്ങൾക്കു മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ.

മുനിസിപ്പൽ പ്രദേശത്തു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 21 അംഗൻവാടികൾ ഉണ്ട്. ഒരു വയസ്സിനും 5 വയസ്സിനും ഇടയിലുള്ള കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഈ സ്ഥാപനങ്ങളിൽനിന്നും ആതുര ശുശ്രൂഷയും ലഭിക്കുന്നു.

### 3).പരവൂർ ഗവ: ആയുർവ്വേദ ആശുപത്രി

പരവൂർ ഗവ:ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടി 1970 കളിൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. വാസുപിള്ള ശ്രമിച്ചിരുന്നു. അന്ന് കെട്ടിടംപണി ഭാഗിക മായി തീർന്നെങ്കിലും തുടർന്ന് പൂർത്തിയാക്കി ആശുപത്രി തുടങ്ങാൻ 1989 വരെ കാത്തിരിക്കേണ്ടിവന്നു. 21.3.1989-ലാണ് 20 കിടക്കകളുള്ള പരവൂർ ഗവ:ആയുർവ്വേദ ആശുപത്രി പ്രവർത്തനം ആരംഭിച്ചത്.

പട്ടിക.4 *ഗവ:ആയുർവ്വേദ ആശുപത്രിയിലെ നിലവിലുള്ള ജീവനക്കാരുടെ വിവരം.*

| സ്റ്റാഫ് | എണ്ണം |
|---|---|
| മെഡിക്കൽ ഓഫീസർ | 2 |
| നെഴ്സ് | 4 |
| ഫാർമസിസ്റ്റ് | 1 |
| നെഴ്സിംഗ് അസിസ്റ്റന്റ് | 4 |
| അറ്റന്റർ | 1 |
| സാനിട്ടേഷൻ വർക്കർ | 1 |
| സ്പീക്കർ (പി.റ്റി.) | 1 |
| എൽ.ഡി.ക്ലാർക്ക് | 1 |
| കുക്ക് | 1 |
| ആകെ | 17 |

### 4). പരവൂർ ഹോമിയോ ഡിസ്പെൻസറി

1980 ഏപ്രിൽ 1-നാണ് പരവൂരിൽ ഗവ:ഹോമിയോ ഡിസ്പെൻസറി തുടങ്ങിയത്. ഒരു മെഡിക്കൽ ഓഫീസറും ഒരു നെഴ്സിംഗ് അസിസ്റ്റന്റുമാണ് ഇവിടുള്ളത്. സ്വന്തമായി കെട്ടിടം ഈ സ്ഥാപനത്തിനില്ല.

ഈ പ്രദേശത്ത് 9 സ്വകാര്യ ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ ആശുപത്രിളുടെ ഈ വേലിയേറ്റം സൗജന്യചികിത്സ നൽകുന്ന സർക്കാർ ആശുപത്രികളുടെ അപര്യാപ്തതയുടെ പരിണിതഫലമാണ്.

## ആരോഗ്യവിശകലനം

ഏകദേശം പതിനായിരത്തോളം വീടുകളാണ് പരവൂരിൽ ഉള്ളത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വീടുകളിലായി ഏകദേശം 39960 ജനങ്ങൾ അധിവസിക്കുന്നു. പട്ടിക 5-ൽ ജനനമരണനിരക്ക് കൊടുത്തിട്ടുണ്ട്. പരവൂരിലെ ജനനനിരക്ക് സംസ്ഥാനശരാശരിയെക്കാൾ കുറവാണ്. മരണനിരക്ക് സംസ്ഥാന ശരാശരിയോടൊപ്പം നിലനിൽക്കുന്നു. ശിശുമരണനിരക്കും സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവാണ്. 1995-ൻ കണക്കുപ്രകാരം 424 നവജാതരിൽ 3 കുട്ടികളാണ് മരണമടഞ്ഞത്

പട്ടിക-5

| ജനസംഖ്യ | | | ജനനമരണനിരക്ക് | | |
|---|---|---|---|---|---|
| സ്ത്രീ | പു: | ആകെ | ജനന നിരക്ക് | മരണ നിരക്ക് | ശിശു മരണം |
| 20665 | 19295 | 39960 | 16 | 5.9 | 7.1 |

ജനസംഖ്യാനിരക്ക് 1.4 % ആകുന്നു. ഇടയിലുള്ള ദമ്പതികളിൽ 65% ദമ്പദിമാർ കുടുംബക്ഷേമമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഈ രംഗത്ത് കുടുംബക്ഷേമകേന്ദ്രങ്ങളുടെ പ്രവർത്തനം പ്രോത്സാഹജനകമാണ്. (ആകെ 2879 പേർ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയരായിട്ടുണ്ട്). പുരുഷന്മാരുടെ ആയുർദൈർഘ്യം 70 വയസ്സും സ്ത്രീകളുടെത് 72 വയസ്സുമാണ്. 60 വയസ്സിനുമുകളിൽ 3520 പേരുണ്ട്. (8.8 %)

അംഗവൈകല്യം ബാധിച്ച ആകെ 373 പേർ ഈ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനപരിധിയിലുണ്ട്. നിരക്ക 1000-ന് 9 ആണ്. (0.9 %)

അംഗവൈകല്യം ബാധിച്ചവരുടെ വിവരങ്ങൾ ഇനംതിരിച്ച് പട്ടിക 6-ൽ കൊടുത്തിട്ടുണ്ട്.

*പട്ടിക – 6*

| | ചലന വൈകല്യം | കേൾവി/ സംസാരം | മന്ദബുദ്ധി | മറ്റിനം | കാഴ്ച | ആകെ |
|---|---|---|---|---|---|---|
| Below 6 years | 16 | – | 8 | – | – | 24 |
| Below 14 years | 25 | – | – | – | – | 25 |
| Above 14 years | 165 | 48 | 59 | 26 | 26 | 324 |
| Total | 206 | 48 | 67 | 26 | 26 | 373 |

1995–ലെ കണക്കുകൾ കാണിക്കുന്നത് ഇവിടെ ഒരു വയസ്സിനും 6 വയസ്സിനും ഇടയ്ക്കുള്ള 3220 കുട്ടികളുണ്ട് എന്നാണ്. കുട്ടികൾക്ക് നൽകിയ പ്രതിരോധകുത്തിവയ്പിനെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 7–ൽ കൊടുത്തിട്ടുണ്ട്.

*പട്ടിക – 7 പ്രതിരോധ കുത്തിവയ്പ്പ്*

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| | പോളിയോ വാക്സിൻ നൽകേണ്ടത് | 3220 |
| 1. | പോളിയോവാക്സിൻ നൽകിയത് | 3210 |
| 2. | ഡി.പി.റ്റി | 551 |
| 3. | റ്റി.റ്റി. | 394 |
| 4. | മീസിൽസ് | 2892 |

1995–96–ൽ 4376 പേർ വന്ധ്യംകരണ ശസ്ത്രക്രിയയ്ക്ക് വധേയരായിട്ടുണ്ട്. പ്രസ്തുത വർഷം 416 പേർ വിവാഹിതരായിട്ടുണ്ട്.

| | |
|---|---|
| ഒരു കുട്ടിയുള്ള വിവാഹിതർ | 1548 |
| രണ്ടു കുട്ടിയുള്ള വിവാഹിതർ | 5766 |
| മൂന്നു കുട്ടിയുള്ള വിവാഹിതർ | 5772 |

നമ്മുടെ മുനിസിപ്പാലിറ്റിയിൽ 39960 ജനങ്ങളിൽ 11063 പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. ഇവരിൽ 5436 പേർ പുരുഷന്മാരും 5657 പേർ സ്ത്രീകളുമാണ്.

ആരോഗ്യരംഗത്ത് ഏറെ പ്രശ്നങ്ങൾ നിലനിൽക്കുന്നത് തീരപ്രദേശ ത്താണെന്ന് പി.എച്ച്. സെന്ററിൽ നിന്നും ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നു. പട്ടിക– 8 നോക്കുക

*പട്ടിക.8 1993 മുതൽ 1995 വരെ പൊഴിക്കര പി.എച്ച്. സെന്ററിലെ കുട്ടികൾക്ക് വന്ന രോഗവിവരങ്ങൾ*

| | രോഗം | ഒരു വയസ്സിനുതാഴെ കുട്ടികൾ | 1 മുതൽ 6 വയസ്സു വരെ | 7 വയസ്സിന് മുകളിൽ |
|---|---|---|---|---|
| 1. | പോളിയോ മൈലിറ്റിസ് | – | 1 | – |
| 2. | ചിക്കൻപോക്സ് | – | – | 63 |
| 3. | വയറുകടി | 2 | 6 | 24 |
| 4. | വയറിളക്കം | 1 | 18 | 267 |
| 5. | കുഷ്ഠരോഗം | – | 3 | 6 |
| 6. | ശ്വാസകോശ രോഗം | 4380 | 536 | 16738 |
| 7. | ന്യുമോണിയ | 4 | 12 | 16 |
| 8. | മറ്റുള്ളവ | 1488 | 2984 | 1.5 ലക്ഷം |

**വാർഡുതലത്തിൽ ഉയർന്ന് വന്ന പ്രശ്നങ്ങൾ**

1. പരവൂർ പ്രദേശത്ത് സാനിട്ടറി കുക്കുസുകൾ ഇല്ലാത്ത 800 വീടുകളുണ്ട് പ്രത്യേകിച്ചും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലാണ് ഈഅവസ്ഥയുള്ളത്.
2. ആശുപത്രി, ഡിഡപെൻസറി പ്രാഥമികാരോഗ്യ കേന്ദ്രം മുതലായ ആരോഗ്യപരിപാലന കേന്ദ്രങ്ങൾ ഇനിയും സ്ഥാപിച്ച് പ്രവർത്തി ക്കേണ്ടിയിരിക്കുന്നു.
3. കുടുംബക്ഷേമ പ്രവർത്തന കേന്ദ്രങ്ങളിലെ പ്രവർത്തനം കാര്യക്ഷമമല്ല. ആഴ്ചയിൽ ഒരു ദിവസംപോലും മെഡിക്കലാഫീസർ ഈ കേന്ദ്രങ്ങൾ സന്ദർശിക്കുന്നില്ല എന്നും അമ്മമാരെയും കുഞ്ഞുങ്ങളെയും പരിശോധിക്കുന്നില്ല എന്നും പരാതിയും ഉയർന്ന് വന്നിട്ടുണ്ട്.
4. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രാത്രി കാലങ്ങളിൽ ഡോക്ടർ ഇല്ലാത്തതു കൊണ്ട് അത്യാസന്നനിലയിൽ കൊണ്ടു വരുന്ന രോഗി

കളെ പോലും പരിശോധിച്ചു നിർണ്ണയം നടത്താൻ കഴിയുന്നില്ല.

5. ജനസംഖ്യാനുപാതികമായി അർഹമായ അത്രയും കുടുംബക്ഷേമകേന്ദ്രങ്ങൾ അനുവദിക്കപ്പെട്ടിട്ടില്ല. ഈ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ കൃത്യമായി ഗൃഹ സന്ദർശനം നടത്തുന്നില്ല. അതാത് കേന്ദ്രങ്ങളിൽ ജനകീയ കമ്മിറ്റികൾ ഇല്ല.
6. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമനായി നടക്കുന്നില്ല.
7. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ എഴുതിസൂക്ഷിക്കേണ്ട അടിസ്ഥാന വിവരങ്ങളും 30 ഓളം രജിസ്റ്ററുകളിൽ പലതും ലഭ്യമല്ല.
8. കൊതുകുശല്യം വ്യാപകമായി നിലനിൽക്കുന്നു.
9. പല കുടുംബ ക്ഷേമ കേന്ദ്രത്തിനും സ്വന്തമായി കെട്ടിടങ്ങളില്ല.
10. നെടുങ്ങോലം രാമറാവു ആശുപത്രിയ്ക്ക് താലൂക്കു ആശുപത്രിയുടെ പദവിയില്ല. 24 മണിക്കൂറും ഈ ആശുപത്രിയിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.
11. നെടുങ്ങോലം രാമറാവു ആശുപത്രിയിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കാൻ സൗകര്യം ഉണ്ടായിട്ടും അവയൊന്നും ആരംഭിച്ചിട്ടില്ല.
12. മോർച്ചറി ഇല്ല.
13. X –റേ, ലാബ് സൗകര്യങ്ങളില്ല.
14. രാമറാവു ആശുപത്രിയുടെ കീഴിൽ കുടുംബക്ഷേമ പ്രവർത്തനങ്ങൾ ഇല്ല.
15. പകർച്ച വ്യാധിയുടെ വ്യാപനം തടയുന്നതിന് ബോധവൽക്കരണ ക്ലാസുകൽ നടത്തുന്നില്ല.
16. തെരുവ് നായ്ക്കൾ ധാരാളം ഉണ്ട്.
17. മണിയംകുളം തോട്ടിൽ മാലിന്യം കൊണ്ടു നിറഞ്ഞിരിക്കുന്നു. നീക്കം ചെയ്യുന്നില്ല.
18. കടൽത്തീരത്തു മത്സ്യതൊഴിലാളികൾക്ക് പബ്ലിക്ക് കംഫർട്ടു സ്റ്റേഷനോ കമ്മ്യൂണിറ്റി ലാട്രിനോ ഇല്ല.
19. ശ്മശാനത്തിന് വേണ്ടി എടുത്തിട്ടുളള സ്ഥലം ശ്മശാനത്തിന് വേണ്ടി ഉപയോഗിക്കുന്നില്ല.

## പ്രശ്ന പരിഹാരങ്ങൾ നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. മുനിസിപ്പൽ തലത്തിൽ ഹെൽത്ത് സ്റ്റാന്റിംഗ് കമ്മറ്റി ആരോഗ്യ സമിതിയായി പ്രവർത്തിക്കുകയും വാർഡു കമ്മിറ്റികളിൽ നിന്നും തിരഞ്ഞെടുത്ത ഒരു സാനിട്ടേഷൻ കമ്മിറ്റിയും വാർഡുതലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മറ്റിയും ഉണ്ടാകണം.
2. ഗവണ്മന്റ് രാമറാവു ആശുപത്രി ഇന്ന നിലവിലുള്ള അപര്യാപ്തതകൾ നീക്കം ചെയ്ത് പാവപ്പെട്ടവർക്ക് മെച്ചപ്പെട്ട ആതുരസേവനം ലഭ്യമാക്കണം.

X–റേ, ലൗബററ്ററി എന്നീ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു ഫസ്റ്റ് റഫറൽ ആശുപത്രിയായി ഗവ. രാമറാവു ആശുപത്രിയെ ഉയർത്തണം. പാരാമെഡിക്കൽ കോഴ്സുകളായ നഴ്സസ് ട്രെയിനിംഗ് സ്കൂൾ, ഹെൽത്ത് വർക്കേഴ്സ് ഫാർമസി കോഴ്സ് മുതലായവ നടത്തുവാനുള്ള സൗകര്യവും സാദ്ധ്യതയും പരിഗണിച്ച് അവ ഇവിടെ സ്ഥാപിക്കണം. ഹോസ്പിറ്റലിന്റെ തെക്കുഭാഗത്തു 10 ഏക്കറിൽ വിവിധതരം കൃഷികൾ ചെയ്യണം.

3. ആയുർവേദ ആശുപത്രിയിൽ 20 കിടക്കൾ ഉണ്ട്. ഒരുവാർഡുക്കുടി പണിയണം. പാവപ്പെട്ട രോഗികളുടെ ഒരു ആശാ കേന്ദ്രമാണ് ഈ ആശുപത്രി. കിണറ്റിൽ ഒരു മോട്ടർ സ്ഥാപിച്ചു ജലം ടാങ്കിൽ സംഭരിച്ച് വിതരണം നടത്തണം ആവശ്യമുള്ള മരുന്നുകളുടെ ലഭ്യത വർദ്ധിപ്പിക്കണം. ബാല ചികിത്സാവിഭാഗം കുടി വേണം പിഴിച്ചിൽ, കിഴി, മർമ്മ ചികിത്സകൾ കുടി തുടങ്ങണം. ആരോഗ്യരംഗത്തു പ്രവർത്തിക്കുന്ന വിവിധവകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കണം.
4. പേ വിഷനിയന്ത്രണം.................

സമയ ബന്ധിത തീവ്രയജ്ഞ പരിപാടിയിലൂടെ പേ വിഷപദ്ധതി നടപ്പാക്കണം. വളർത്തു നായകളുടെ ജനന മരണകണക്കുകൾ എടുക്കണം. നിർബന്ധിമായും വർഷംന്തോറും പ്രതിരോധകുത്തിവെയ്പ് നടത്തണം. പേ വിഷ ബോധവത്കരണ ക്ലാസ്സുകൾ നടത്തണം. ലൈസൻസ് കർശനമാക്കണം. തെരുവു നായ്ക്കളെ നശിപ്പിക്കണം.ചപ്പുചവറും അവശിഷ്ട ഭക്ഷണ പദാർത്ഥങ്ങളും തെരുവിൽ വലിച്ചെറിയുന്നത് കർശനമായി നിരോധിക്കണം. പേ വിഷ നിയന്ത്രപരിപാടി ജനപങ്കാളിത്തതോടെ നടപ്പാക്കണം. മുനിസിപ്പൽ പ്രവർത്തന സമിതിയും വാർഡു സ്ക്വാഡുകളും ഇതിന് വേണ്ടി ഉണ്ടാക്കണം.

5. പരിസര ശുചിത്വം........

ഏതൊരു സമുഹത്തിന്റെയും പുരോഗതിയുടെ അടിസ്ഥാന പ്രമാണങ്ങളിൽ പ്രധാനപ്പെട്ടത് സമൂഹത്തിന്റെ ആരോഗ്യമാണ്. ഒരു സമുഹത്തിന്റെ ആരോഗ്യനിലവാരം കണക്കാക്കുന്ന പ്രധന സൂചികകൾ പ്രതീക്ഷിത ആയുസ്, ശിശുമരണനിരക്ക്, കുറഞ്ഞ ജനന നിരക്ക്, കുറഞ്ഞ മരണനിരക്ക്, കുറഞ്ഞ രോഗാതുരത എന്നിവയാണ്. പ്രതിശീർഷ വരുമാനം ഏറെ കുറഞ്ഞ കേരളത്തിൽ മേൽപ്പറഞ്ഞ

രോഗാതുരത ഒഴിച്ചുള്ള സൂചികകൾ വികസിത കാജ്യത്തോട് കിടപിടിക്കാവുന്ന തരത്തിലേക്ക് ഉയർന്നുകഴിഞ്ഞിരിക്കുന്നു.

ലോകരാജ്യങ്ങളിൽ സാമ്പത്തികനിലവാരവും രോഗാതുരത ഒഴിച്ചുള്ള ആരോഗ്യനില വാരസൂചികകളും തമ്മിലുള്ള കേരളത്തിലെ ഈ പരസ്പരബന്ധമില്ലാത്ത ഈ വൈരുദ്ധ്യത്തിൽ പോലും നിലനിന്നുപോരുന്ന നേട്ടങ്ങൾ തുടർന്നും നിലനിർത്താൻ കൂട്ടായ ഒട്ടേറെ പരിശ്രമങ്ങൾ ആവശ്യമാണ്. ഈ മുനിസിപ്പാലിറ്റിയെ സംബന്ധിച്ചിടത്തോളം ഈ ആവശ്യം അന്യമല്ല.

രോഗാതുരതയ്ക്കും പെട്ടെന്നുള്ള മരണത്തിനും കാരണം ദാരിദ്ര്യരോഗങ്ങൾ, പരിസര ജന്യരോഗങ്ങൾ, വാർദ്ധക്യജന്യരോഗങ്ങൾ എന്നിവയാണ്. ഇതിൽ പ്രാധാന്യമർഹിക്കുന്നത് പരിസരജന്യരോഗമാണ്. പരിസര ജന്യരോഗങ്ങൾ പരിസരശുചീകരണം കൊണ്ടു നിയന്ത്രിക്കാവുന്നതാണ്.

പരവൂർ മുനിസിപ്പൽ പ്രദേശത്തുള്ള പരിസരശുചീകരണത്തിന് ആസൂത്രിത പരിപാടികൾ ഒന്നും നിലവിലില്ല. മുനിസിപ്പാലിറ്റിയോട് ബന്ധപ്പെട്ട് 11 കണ്ടിജൻസി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഈ എണ്ണം അപര്യാപ്തമാണ്. ഒരു ഹെൽത്ത് ഇൻസ്പെക്ടറുടെയും 3 ജൂനിയർ ഹെൽത്ത് ഇൻസ്പെട്കറുടെയും നേതൃത്വത്തിലാണ് ശുചീകണ പ്രവർത്തനങ്ങൾ നടക്കുന്നത്. പൊതു കക്കൂസുകൾ ഒന്നും തന്നെ ഇല്ല. മലിനജലം ഒഴുക്കിക്കളയാനുള്ള ഓടകൾ ഇല്ല. മാർക്കറ്റിൽ ഒരു പബ്ളിക് യൂറിനൽ ഉണ്ട് പക്ഷേ അത് ഉപയോഗത്തിന് പറ്റിയതല്ല.

5 മാലിന്യ നിർമ്മാർജ്ജന പരിപാടികൾ

കക്കൂസ്.................

ഈ മുനിസിപ്പൽ പ്രദേശത്ത് 75% വീടുകൾക്കും കക്കൂസുകൾ ഉണ്ട്. 80% ശതമാനം വീടുകളിലും മലിനജലം ഒഴുക്കികളയുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഇല്ല. ESP ടൈപ്പ് കക്കൂസുകൾ, ഇരട്ട കുഴൽ കക്കൂസുകൾ, സെപ്റ്റിക് ടാങ്കുകൾ എന്നീ സാനിട്ടറി കക്കൂസുകളാണ് നിലവിലുള്ളത്. UBSP സ്കീമിൽ കക്കൂസ് ഇല്ലാത്ത 800 ഓളം വീടുകൾക്ക് കക്കൂസ് ചെയ്തുകൊടുക്കണം.

6 കരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം.................

കരമാലിന്യങ്ങൾ ശ്രദ്ധിച്ചുകളയുന്ന സ്വഭാവം ഏറിയ വീടുകളിലും കാണുന്നില്ല. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് സാധനങ്ങളുടെ നീക്കം ചെയ്യൽ ഒരു പ്രശനമായിത്തീർന്നിട്ടുണ്ട്. കരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കുന്നതിന് ഒരു സംവിധാനവും ഇന്ന് വരെ നടപ്പാക്കിയിട്ടില്ല. തുറസായ പ്രദേശങ്ങളിലോ, ജലാശയങ്ങളിലോ, താഴ്ന്ന പ്രദേശങ്ങളിലോ നിക്ഷേപിക്കുകയാണ് ഇപ്പോൾ സാർവത്രികമായി കാണുന്നത്. പരവൂർ മുനിസിപ്പാലിറ്റിയിൽ പ്രതിദിന മാലിന്യം ഏകദേശം 10 ടൺ ആണ്. എളുപ്പത്തിൽ ദ്രവിക്കുന്നതും ചീഞ്ഞുപോകുന്നതുമായ വസ്തുക്കൾ ആരോഗ്യ പ്രശ്നം ഉണ്ടാക്കും. പൊതുനിരത്തിലും ഓരോ കുടുംബ ങ്ങളിലും എളുപ്പം ദ്രവിക്കുന്ന മാലിന്യങ്ങൾ സംജാതമാകാറുണ്ട്. ചെറിയ ചെറിയ കമ്പോസ്റ്റ് പ്ലാന്റുകൾ ഉണ്ടാക്കി ഇവയെ പ്രയോജന പ്രദമായ ജൈവവളമാക്കി മാറ്റാം. മലിനവ സ്തുക്കളായ തൊണ്ട്, ചേറ്, ചകിരിപോള, മറ്റു വസ്തുക്കൾ വൈദ്യുതചൂള ഉപയോഗിച്ച് കത്തിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന സാങ്കേതികവിദ്യ പലപ്പോഴും ഒരു പരിഹാര മാർഗ്ഗമായി നിർദ്ദേശിക്കുന്നതാണ്. ഇതു വിജയപ്രദമാക്കാൻ പറ്റുമോ എന്നു പരിശോധിക്കണം.

ദ്രവിച്ചുപോകുന്ന മലിനവസ്തുക്കൾ ഉപയോഗിച്ച് (50 or 100 വീടിന് ഒരു യൂണിറ്റ്) ബയോഗ്യാസ് യൂണിറ്റുകൾ നിർമ്മിച്ച് ബയോഗ്യാസ് ഉണ്ടാക്കണം. അതതു വീടുകളിലെ മലിനവസ്ക്കളായ ഖരവസ്തുക്കളെ ശേഖരിച്ച് എത്തേണ്ടിടത്ത് എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കണം. തകരം, പാട്ട, പ്ലാസ്റ്റിക് പാത്രം മുതലായവ ശേഖരിച്ച് പുനസംക്രമണ യൂണിറ്റുകളിലെത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഇവിടെ പുനസംക്രമണയൂണിറ്റ് സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ട്.

7 മലിനജലനിർമ്മാർജ്ജനം

നമ്മുടെ മുനിസിപ്പാലിറ്റിയിൽ മലിനജലം നീക്കം ചെയ്യുന്നതിന് ഒരു സംവിധാനം ഇന്നു വരെ നിലവിലില്ല. മലിനജലം നിരത്തുകളിലൂടെ ഒഴുക്കിക്കളയുന്ന രീതിയാണ് ഇന്നു വരെ നിലവിലുള്ളത്. ഈ രീതി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഠൗണിൽ നിന്നും തെക്കോട്ടുള്ള റോഡിന്റെ ഇരു വശത്തും ഓടകൾ ആവശ്യമാണ്. ഈ ഓടയിലൂടെ ഒഴുകുന്ന മലിനജലം കടലിൽ ഒഴുക്കുക്കളയുകയോ, കൃഷി ആവശ്യങ്ങൾക്കുപയോഗിക്കുകയോ ചെയ്യുക. ഇതു പോലെ ഠൗണിന്റെ പടിഞ്ഞാറോട്ടുള്ള റോഡിന്റെ ഇരു വശങ്ങളിലും ഓട നിർമ്മിക്കണം. ഈ രീതിയിൽ ഠൗൺ പ്ലാനിങ്ങ് നടത്തി മലിനജലത്തെ അറബിക്കടലിൽ ഒഴുക്കിക്കളയണം. മറ്റുഭാഗങ്ങളിലൂടെ മലിനജലം മേൽ വിവരിച്ച പ്രകാരം ഒഴുക്കി വിടണം. വീടുകളിലുണ്ടാകുന്ന മലിന

SD4

ജലം അഴുക്കുകുഴി (Soak pit) യിലേക്ക് ഒഴുക്കി വിടണം. ഇതിനു ഫലപ്രദമായ രീതിയിലുള്ള ബോധവത്ക്കരണ ക്ലാസുകൾ നിരന്തരം നടത്തിയിരിക്കണം.

പറവൂർ മുനിസിപ്പൽ പ്രദേശത്ത് പൊതു കക്കൂസുകൾ വിവിധഭാഗങ്ങളിൽ നിർമ്മിക്കണം. (ക്ലാവറത്തൊടി, റൗൺ, പെരുമ്പുഴ, തെക്കുംഭാഗം, പറക്കുളം, പുലിക്കുളം, പേരാൽ, 19-ാം വാർഡിൽ പരക്കട പള്ളിക്ക് സമീപം, കൂനയിൽ കോളനി, ഒഴുകുപാറ എന്നീ സ്ഥലങ്ങൾ)

8. ക്ലീൻ കമ്മിറ്റികൾ ഉണ്ടാക്കി ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി ഈ നഗരസഭയെ ഒരു ക്ലീൻ റൗണാക്കി മാറ്റുക.
9. പൊതുനിർദ്ദേശങ്ങൾ

### നെടുങ്ങോലം ഗവ: ആശുപത്രി

നെടുങ്ങോലം ഗവ: ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റിനെയും സർജ്യനെയും ശിശുരോഗവിദഗ്ദ്ധനെയും ഫിസിഷ്യനെയും മറ്റ് സ്റ്റാഫുകളെയും നിയമിച്ച് കലയ്ക്കോട്, പൊഴിക്കര എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ ഫസ്റ്റ്റെഫറൽ ആശുപത്രിയാക്കി ഉയർത്തുക.

* ആശുപത്രിയിൽ ആവശ്യമായ ഭക്ഷണം ലഭ്യമാക്കി ഇന്നുനിലവിലുള്ള ഭക്ഷണവിതരണം മെച്ചപ്പെടുത്തുക,
* സേവനരംഗത്തെ സ്റ്റാഫിനു ക്വോർട്ടേഴ്സ് പണിതുകൊടുക്കുക.
* കെട്ടിടങ്ങൾ പുതുക്കിപ്പണിയുക.
* പബ്ലിക്ക് വാട്ടർ കണക്ഷൻ കിട്ടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.
* പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കുവാനുള്ള നിർദ്ദേശം പ്രാവർത്തികമാക്കുക.

**പ്രാഥമികാരോഗ്യകേന്ദ്രം പൊഴിക്കര**

* നഗരസഭയിലെ ഏക ആതുരസേവനകേന്ദ്രമായ ഈ മിനി പി.എച്ച്. സെന്ററിനെ മെയിൻ പി.എച്ച്. സെന്ററായി ഉയർത്തുക.
* ഒരു സ്ത്രീരോഗവിദഗ്ദ്ധയെയും ഒരു ശിശുരോഗവിദഗ്ദ്ധനെയും രണ്ടു സ്റ്റാഫ് നെഴ്സിനെയും ഒരു ഹെൽത്ത് സൂപ്പർവൈസറെയും കൂടിനിയമിച്ച് മുഴുവൻസമയ സേവനം ലഭ്യമാക്കുക.
* ആവശ്യമുള്ള മരുന്നുകളും നവീന ആശുപത്രിഉപകരണങ്ങളും ലഭ്യമാക്കുക.
* കുറഞ്ഞത് 10 കിടക്കകളുള്ള ഒരു വാർഡ് നിർമ്മിക്കുക.

**കുടുംബക്ഷേമകേന്ദ്രങ്ങൾ**

* കുടുംബക്ഷേമകേന്ദ്രങ്ങൾ 2 വാർഡിനു ഒന്ന് എന്നനിലയിൽ പുനഃസംവിധാനം ചെയ്യുക. ഭാവിയിൽ ഒരു മിനി പി.എച്ച്.സെന്റർ ആയി വികസിപ്പിച്ചെടുക്കാൻ പറ്റത്തക്കവിധത്തിലായിരിക്കണം പുനഃസംവിധാനം ചെയ്യേണ്ടത്. 12-ാം വാർഡിൽപ്പെട്ട കുളത്തിനുസമീപമുള്ള സർക്കാർവക ഭൂമിയിൽ ഒരു സബ്സെന്റർ ആരംഭിക്കാവുന്നതാണ്. സ്വന്തമായി ഭൂമിയും കെട്ടിടവും ഇല്ലാത്ത 5 സബ് സെന്ററുകൾക്കും ഭൂമിയും കെട്ടിടവും ജനപങ്കാളിത്തത്തോട് ലഭ്യമാക്കണം.
* ഹോമിയോ ഡിസ്പെൻസറിയെ ഒരു ആശുപത്രിയാക്കി ഉയർത്തുകയും, സ്ഥലവും കെട്ടിടവും സ്വന്തമായി ആർജ്ജിക്കുകയും വേണം. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഒരു വാർഡോടുകൂടി വേണം.

**അറവുശാല**

* നിലവിലുള്ള അറവുശാല എല്ലാസൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കണം.

**ചുടുകാട്**

* ചുടുകാടിൽ ശവം മറവുചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. വൈദ്യുതശവദാഹ രീതിയ്ക്ക് മുൻഗണനകൊടുക്കുന്നത് പരിഗണിക്കാവുന്നതാണ്. ഈ ശ്മശാനം ആവുന്നതും വേഗത്തിൽ നോട്ടിഫൈ ചെയ്യണം.

**കൊതുകുനിവാരണം**

* നഗരവൽക്കരണത്തോടനുബന്ധിച്ച് കൊതുക് ശല്യം നിയന്ത്രിക്കേണ്ടതാണ്. കൊതുക് മുട്ടയിട്ട് വിരിയുന്ന വിവിധതരം Breeding places സർവ്വേ നടത്തി കണ്ടുപിടിച്ച് ആഴ്ചയിൽ ഒരു ദിവസം ഈ സ്ഥലങ്ങളിൽ കൂത്താടി നശീകരണമരുന്നുകൾ തളിച്ച് കൂത്താടിയെ നശിപ്പിക്കണം.

**ആരോഗ്യവും വിദ്യാഭ്യാസവും**

* ആരോഗ്യവിദ്യാഭ്യാസം ശാസ്ത്രീയമായ വിധത്തിൽ പുനഃസംവിധാനംചെയ്ത് കാര്യക്ഷമമാക്കണം. ബോധവൽക്കരണ ക്ലാസ്സുകളും ചിട്ടയോടുകൂടി പ്രാവർത്തികമാക്കണം.

❖❖❖❖❖❖❖❖❖❖❖❖❖

505



# 5.6 ഗതാഗതം

ഗതാഗതത്തിന് വ്യാവസായിക കാർഷിക വളർച്ചയ്ക്ക് ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിവുണ്ട്. ഗതാഗതസൗകര്യങ്ങൾ ഒരു നാടിന്റെ വികസനത്തിന് മാത്രമല്ല ആ നാടിന്റെ സാംസ്കാരിക വളർച്ചയ്ക്കും ഒരു പരിധിവരെ സഹായകരമാണ്.

റോഡ്, റയിൽ, ജലമാർഗ്ഗങ്ങളിലൂടെ യാത്രാസൗകര്യങ്ങൾ ലഭിക്കുന്ന ചുരുക്കം ചില പ്രദേശങ്ങളിൽ ഒന്നാണ് പരവൂർ. കയറുല്പാദന രംഗത്ത് പരവൂരിന് പ്രശസ്തിനേടി തരുവാൻ ഈ ഗതാഗതമാർഗ്ഗങ്ങൾ വളരെ ഉപകരിച്ചിട്ടുണ്ട്.

## ജലഗതാഗതം

1824 ൽ റാണി ഗൗരി പാർവ്വതിഭായിയുടെ ഭരണ കാലത്താണ് പരവൂർ കായലിനെയും ഇടവാ നടയ റകായലിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പരവൂർ തോട് നിർമ്മിക്കപ്പെട്ടത്. ഈ തോട് ഉൾപ്പെട്ട തീരദേശ ജലഗതാഗത മാർഗ്ഗം തിരുവനന്തപുരത്ത് തുടങ്ങി ഇടയ്ക്കുള്ള കായലുകളെ തമ്മിൽ ബന്ധിപ്പിച്ച് കേരളത്തിന്റെ വടക്ക് ഹോസ്ദുർഗ്ഗ് വരെ എത്തുന്നു. പരവൂർ തോടുവഴിയാണ് തിരുവിതാംകൂർ മഹാരാജാവ് മുമ്പ് സഞ്ചരിച്ചിരുന്നത്. കയറുൽപ്പാദനങ്ങളും മറ്റു സാധനങ്ങളും കേരളത്തിന്റെ അങ്ങോളമിങ്ങോളമെത്തിക്കുവാനും അന്യരാജ്യങ്ങളിൽ കയറ്റി അയയ്ക്കുവാനും ഇന്നും ഈ ജലഗതാഗത മാർഗ്ഗത്തിന് പരവൂരിൽ പ്രസക്തിയുണ്ട്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

വർഷങ്ങൾക്കുമുമ്പ് ജലഗതാഗതംവഴി പരവൂരിൽ കയർ, കുരുമുളക് തുടങ്ങിയ ചരക്ക് സാധനങ്ങൾ കയറ്റുമതി ചെയ്യുകയും ഇറക്കുമതി നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇന്ന് ജലഗതാഗത സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നില്ല. ഈ ജലഗതാഗതപാത അടിയന്തിരമായി സഞ്ചാരയോഗ്യമാക്കിയാൽ കുറഞ്ഞ സാമ്പത്തിക ചെലവിൽ യാത്ര കൂടുതൽ സുഗമമാക്കാൻ കഴിയും. ചരക്കുസാധന ങ്ങൾ കുറഞ്ഞ ചെലവിൽ ഇവിടെ എത്തിക്കുവാനും ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്നവ മറ്റു പ്രദേശങ്ങളിലേക്ക് കയറ്റി അയയ്ക്കുവാനും ഈ ജലഗതാഗതം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും.

## റയിൽ ഗതാഗതം

1918-ൽ കൊല്ലം തിരുവനന്തപുരം റയിൽവേ ലൈൻ പൂർത്തിയായപ്പോഴാണ് പരവൂർ കുറുമണ്ടൽ ഭാഗത്ത് ഒരു റയിൽവേസ്റ്റേഷൻ സ്ഥാപിതമായത്. 1977-ൽ ഈ ലൈൻ ബ്രോഡ്ഗേജ് ലൈനാക്കി മാറ്റി. കൊല്ലംജില്ലയിൽ കൊല്ലം നഗരം കഴിഞ്ഞാൽ ബ്രോഡ്ഗേജ് ലൈൻ കടന്നുപോകുന്ന ഏകനഗരപ്രദേശമാണ് പരവൂർ.

ഉദ്ദേശം 75 വർഷ ങ്ങൾക്കുമുമ്പ് സ്ഥാപിച്ച ഈ റയിൽവേ സ്റ്റേഷനിൽ ഇന്നും കാലാനുസൃതമായ പുരോഗതിയുണ്ടായിട്ടില്ല. (ഈ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകനായിരുന്ന ശ്രീ. കെ.എം. ബഷീർ വഹിച്ച പങ്ക് സ്മരിക്കുന്നു.) പരവൂർ നഗരസഭയുടെ പ്രദേശത്തുകൂടി 5 കിലോമീറ്റർ റയിൽവേപാത കടന്നുപോകുന്നുണ്ട്. പരവൂർ പാരിപ്പള്ളി റോഡിൽ ഒല്ലാൽ ഭാഗത്ത് ഒരു റയിൽവേ ഗേറ്റുണ്ട്. ദിവസവും ശരാശരി 5000 ൽ പരം യാത്രക്കാർ ഈ സ്റ്റേഷനിലൂടെ വന്നുപോകുന്നു. പരവൂർ റയിൽവേസ്റ്റേഷനിൽ നിന്നും പ്രതിവർഷം 35 ലക്ഷം രൂപ കളക്ഷൻ ലഭിക്കുന്നു. പരിസരപ്രദേശങ്ങളിലെ ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കറ്റായ പരവൂരിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നും റയിൽ വഴി ചരക്കു സാധനങ്ങൾ ഇറക്കുന്നുണ്ട്.

506

ചാത്തന്നൂർ അസംബ്ലി മണ്ഡലത്തിലെ ഏക റയിൽവേ സ്റ്റേഷനാണ് പരവൂർ. നിർദ്ദിഷ്ട ടൂറിസം പ്രദേശംകൂടിയായ പരവൂരിൽ റയിൽ ഗതാഗതത്തിന് ഇപ്പോൾ വളരെയേറെ പ്രാധാന്യം ഉണ്ട്.

## പരവൂരിൽ സ്റ്റോപ്പുള്ള എക്സ്പ്രസ് ട്രയിനുകൾ

1. വേണാട് എക്സ്പ്രസ്
2. നാഗർകോവിൽ-ഗുരുവായൂർ-നാഗർ കോവിൽ
3. മാഗ്ലൂർ-തിരുവനന്തപുരം-മാഗ്ലൂർ
4. ഇന്റർസിറ്റി എക്സ്പ്രസ്
5. ബോംബെ കന്യാകുമാരി- ബോംബെ
6. ബാഗ്ലൂർ-കന്യാകുമാരി-ബാഗ്ലൂർ
7. കണ്ണൂർ-തിരുവനന്തപുരം-കണ്ണൂർ

## പരവൂരിൽ സ്റ്റോപ്പുള്ള ഷട്ടിൽ ട്രയിനുകൾ

1. മധുര-കൊല്ലം- തിരുവനന്തപുരം
2. തിരുവനന്തപുരം- കോട്ടയം-തിരുവനന്തപുരം
3. തിരുവനന്തപുരം-കൊല്ലം-തിരുവനന്തപുരം

## റെയിവെ കളക്ഷൻ- 94-95 പട്ടിക -1

| 94 ഏപ്രിൽ | മാർച്ച് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം | ഡിസം | 95ജനു | ഫെബ്രു | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 3,10,343 | 2,75,467 | 2,87,866 | 2,66,611 | 2,77,085 | 3,17,448 | 3,05,352 | 2,90,170 | 3,40,557 | 2,89,864 | 2,66,694 | 2,81,655 |

## ടിക്കറ്റ് യാത്രക്കാരുടെ എണ്ണം - 94-95 പട്ടിക -2

| 94 ഏപ്രിൽ | മാർച്ച് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം | ഡിസം | 95ജനു | ഫെബ്രു | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 13061 | 16676 | 12087 | 11452 | 11571 | 14608 | 20989 | 12998 | 13089 | 13452 | 11821 | 13489 |

| 95 ഏപ്രിൽ | മാർച്ച് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം | ഡിസം | 96ജനു | ഫെബ്രു | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 18,679 | 13,956 | 11,818 | 12,736 | 12,450 | 14,832 | 11,362 | 13,805 | 13,571 | 13,020 | 12,972 | 15,362 |

## സീസൺ യാത്രക്കാരുടെ എണ്ണം പട്ടിക -3

| 94 ഏപ്രിൽ | മാർച്ച് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം | ഡിസം | 95ജനു | ഫെബ്രു | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 355 | 402 | 557 | 527 | 456 | 512 | 485 | 445 | 427 | 567 | 430 | 445 |

| 95 ഏപ്രിൽ | മാർച്ച് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തം. | ഒക്ടോ. | നവം | ഡിസം | 96ജനു | ഫെബ്രു | മാർച്ച് |
|---|---|---|---|---|---|---|---|---|---|---|---|
| 338 | 382 | 530 | 470 | 453 | 485 | 477 | 462 | 457 | 520 | 420 | 443 |

### പ്രശ്നങ്ങൾ

പരവൂർ റയിൽവേ സ്റ്റേഷനിൽ ഇപ്പോൾ മിക്കഎക്സ്പ്രസ് ട്രെയിനുകളും നിർത്തുന്നില്ല. അതുകാരണം കളക്ഷന് ഗണ്യമായ കുറവ് വരുന്നു. സീസൺ യാത്രക്കാർ കൂടുതലും കൊല്ലം, തിരുവനന്തപുരം സീസൺ ടിക്കറ്റാണ് ഉപയോഗിക്കുന്നത്. ഇവർ കൊല്ലത്തുനിന്നും തിരുവനന്തപുരത്തുനിന്നുമാണ് ടിക്കറ്റ് എടുക്കുന്നത്. തലസ്ഥാനനഗരിയിലേയ്ക്കും കൊല്ലത്തേയ്ക്കും ദിവസവും പതിനായിരക്കണക്കിന് യാത്രക്കാർ ഈ സ്റ്റേഷനിലൂടെ കടന്നുപോകുന്നുണ്ട്. നിർദ്ദിഷ്ട ടൂറിസം പ്രദേശമായ പരവൂരിൽ എക്സ്പ്രസ് ട്രെയിനുകൾ സ്റ്റോപ്പ് അനുവദിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള പ്രശ്നമാണ്.

### പരിഹാരങ്ങൾ

1. തിരുവനന്തപുരം-മദ്രാസ്-തിരുവനന്തപുരം എക്സ്പ്രസ് ട്രെയിനുകൾക്ക് പരവൂരിൽ സ്റ്റോപ്പ് അനുവദിക്കുക.
2. പരശുറാം എക്സ്പ്രസ് ട്രെയിന് സ്റ്റോപ്പ് അനുവദിക്കുക.
3. തിരുവനന്തപുരം-ഹൗറ-തിരുവനന്തപുരം ട്രയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.
4. തിരുവനന്തപുരം-ബോംബെ-തിരുവന്തപുരം എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുക.
5. എല്ലാ എക്സ്പ്രസ് ട്രെയിനുകൾക്കും ബർത്തും റിസർവേഷൻ കോട്ടയും ഏർപ്പെടുത്തുക.
6. റയിൽവേ സ്റ്റേഷനിൽ ഫുഡ് -ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
7. റയിൽവേസ്റ്റേഷനിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തുക.
8. റയിൽവേസ്റ്റേഷനിൽ പൊതുജനങ്ങൾക്ക് ആവശ്യമായ പബ്ലിക് ഫോൺ സ്ഥാപിക്കുക(ലോക്കൽ, എസ്.റ്റി.ഡി., ഐ.എസ്.ഡി).
9. റയിൽവേയ്ക്ക് പരവൂർ സ്റ്റേഷന്റെ തെക്കുഭാഗത്തുള്ള ഏക്കർ കണക്കിന് ഭൂമി നഗരസഭയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി കൈമാറുകയും വികസന പ്രവർത്തനം നടത്തുവാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
10. കൂടുതൽ എക്സ്പ്രസ്/മെയിൽ ട്രയിനുകൾക്ക് പരവൂരിൽ സ്റ്റോപ്പ് അനുവദിച്ചാൽ കളക്ഷന്റെ കാര്യത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാകുന്നതാണ്.
11. പരവൂരിൽ സ്റ്റോപ്പില്ലാത്ത ദീർഘദൂര എക്സ്പ്രസ് ട്രെയിനുകൾക്കും റിസർവേഷൻ സീറ്റുകൾ /ബർത്ത് കോട്ടകൾ അനുവദിക്കുക.
12. പരവൂർ അന്താരാഷ്ട്ര ടൂറിസ്റ്റുകേന്ദ്രമായി പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കമ്പ്യൂട്ടർ റിസർവേഷൻ സൗകര്യം ഏർപ്പെടുത്തുക.
13. രണ്ടുംമൂന്നും ഫ്ളാറ്റുഫോമുകളിൽ ഫ്ളോറിംഗും റൂഫിങ്ങും നടത്തുക.
14. എല്ലാ എക്സ്പ്രസ് മെയിൽ ട്രെയിനുകളും ക്രോസിംഗ് ഇല്ലാത്തപ്പോൾ ഒന്നാം നമ്പർ ഫ്ളാറ്റ്ഫോമിൽ നിർത്തുക.

15. യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് ഫ്ളാറ്റ് ഫോമിൽ വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ റിഫ്രഷ്മെന്റ് റൂമുകൾ സ്ഥാപിക്കുക.

## റോഡ് ഗതാഗതം

ഒരു നാടിന്റെ വികസനത്തിന് റോഡുകൾ വലിയ പങ്ക് വഹിക്കുന്നുണ്ട്. വർഷങ്ങൾക്ക് മുമ്പ് റോഡുകളുടെ നിർമ്മാണത്തിൽ വലിയ തർക്കങ്ങൾ നിലനിന്നിരുന്നു. ഇപ്പോൾ ഗതാഗതയോഗ്യമായ റോഡ് നാടിന്റെ അഭിവൃദ്ധിയ്ക്കും ഉയർച്ചയ്ക്കും വലിയ പങ്ക് വഹിക്കുന്നു എന്ന തോന്നൽ ജനങ്ങളിൽ ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സംഘടിതരായി റോഡ് നിർമ്മാണത്തിന് ജനങ്ങൾ മുന്നോട്ട് വരുന്നു. ഇത് ശുഭോതർക്കമാണ്. ഗതാഗതം പുരോഗമിക്കുന്തോറും നമ്മുടെ വികസനത്തിന് ആക്കം കൂടും.

വികസനത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നായ ഗതാഗതത്തിന് ആവശ്യമായ റോഡ് നിർമ്മാണത്തിന് ഇനിയും സന്നദ്ധപ്രവർത്തനം അഭിവാജ്യമാണ് . എന്നാൽ വികസനമെന്നത് ഗതാഗത സൗകര്യങ്ങളുടെ വർദ്ധിപ്പിക്കലാണെന്ന തെറ്റായ ധാരണ പൊതുവിൽ ഉണ്ട്. ജനകീയാസൂത്രണം വഴി ഈ ധാരണയ്ക്ക് മാറ്റം വന്നിട്ടുണ്ട്.

പരവൂരിലെ റോഡുകൾക്ക് ഒരു ചരിത്രമുണ്ട് വ്യക്തികളുടേയും സന്നദ്ധപ്രവർത്തകരുടേയും പ്രവർത്തനഫലമായിട്ടാണ് പരവൂരിൽനിന്നും വിവിധ പ്രദേശങ്ങളിലേയ്ക്ക് ഇന്നുകാണുന്ന റോഡുകൾ ഉണ്ടായത്. പരവൂർ ജംഗ്ഷൻ ഇന്ന് കാണുന്ന തരത്തിലെത്തുവാൻ ഏകദേശം 100 വർഷങ്ങൾക്ക്മുമ്പ് കോട്ടവിള നാരായണൻനായർ വഹിച്ച പങ്ക് വളരെ വലുതായിരുന്നു. പരവൂർ-പാരിപ്പള്ളി റോഡിന് തന്റെ പുരയിടത്തിന്റെ മദ്ധ്യത്തിലൂടെയാണ് പാത അനുവദിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനം പിൻതുടർന്നുകൊണ്ട് പലരും അന്ന് വസ്തുക്കൾ വിട്ടു കൊടുത്തു.

പരവൂർ ജംഗ്ഷനെ പണ്ട് നാലുമുക്ക് എന്നാണ് വിളിച്ചിരുന്നത്. കാപ്പിലേയ്ക്കും പൊഴിക്കരയിലേയ്ക്കും ചാത്തന്നൂരി ലേയ്ക്കുമുള്ള റോഡുകൾ സന്ധിക്കുന്നത് ഈ ഭാഗത്തുവച്ചാണ്. കൊല്ലം ജില്ല യിലെ പ്രധാന വാണിജ്യകേന്ദ്രമായി മാറ്റുവാൻ ഈ റോഡുകൾ വളരെയധികം സഹായിച്ചിട്ടുണ്ട്.

16.19 ചതു.കി.മീറ്റർ വിസ്തൃതിയുള്ള പരവൂർ നഗരസഭയിൽ ഏതാണ്ട് 200 റോഡുകൾ സഞ്ചാരത്തിനായി ഉപയോഗിച്ചുവരുന്നു. ഉദ്ദേശം 40,000 (നാല്പതിനായിരം)ത്തോളം ജനസംഖ്യയുള്ള ഈ നഗരസഭയിൽ 300 കി.മീ. റോഡ് നിലവിലുണ്ട്. ഇതിൽ ഉദ്ദേശം 50% വാഹനഗതാഗതത്തിനായി ഉപയോഗിച്ചുവരുന്നു. അതിൽത്തന്നെ 20% റോഡുകൾ ടാർ ചെയ്തതും 10% റോഡുകൾ മെറ്റൽ ചെയ്തതുമാകുന്നു. ബാക്കിയുള്ളവ ചെമ്മണ്ണ് റോഡുകളാകുന്നു.

508

നഗരസഭയായ ഈ ചെറുപട്ടണപ്രദേശം നാഷണൽ ഹൈവേ കടന്നുപോകുന്ന പാരിപ്പള്ളിയിൽ നിന്നും 10 കി.മീ. പടിഞ്ഞാറ് മാറിയും നാഷണൽ ഹൈവേ കടന്നുപോകുന്ന ചാത്തന്നൂരിൽ നിന്നും 8 കി.മീ. തെക്കോട്ട് മാറിയും സ്ഥിതിചെയ്യുന്നു. ഈ പ്രദേശത്ത് കൂടി നാഷണൽ ഹൈവേയോ, സ്റ്റേറ്റ് ഹൈവേയോ കടന്നു പോകുന്നില്ല. പരവൂരിലെ നാല് അതിർത്തികളുമായി ബന്ധിപ്പിക്കുന്നത് ജില്ലാ റോഡുകൾ ആണ്. 18 കി.മീ. പി.ഡബ്ല്യു.ഡി. റോഡ് മാത്രമാണ് പരവൂരിലുള്ളത്. ബാക്കിയുള്ള റോഡുകളെല്ലാം മുനിസിപ്പൽ റോഡുകളാണ്.

15 ഓളം ട്രാൻസ്പോർട്ട് ബസുകളും 85 ഓളം സ്വകാര്യ ബസുകളും ഉൾപ്പെടെ 100 ഓളം ബസുകൾ ഇതുവഴി കടന്നുപോകുന്നു. മൂന്ന് ആട്ടോ സ്റ്റാൻഡുകളിലായി 200 ഓളം ആട്ടോറിക്ഷകളും 6 ടാക്സി സ്റ്റാൻഡുകളിലായി 30 ഓളം ടൂറിസ്റ്റ് ടാക്സികളും 2 സ്റ്റാൻഡുകളിലായി 60 ഓളം മിനി ലോറികളും സർവ്വീസ് നടത്തുന്നു. ആട്ടോറിക്ഷകൾക്കും ടൂറിസ്റ്റ് ടാക്സികൾക്കും മിനി ലോറികൾക്കും പാർക്ക് ചെയ്യാൻ സ്റ്റാൻഡുകളില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. കടകൾക്ക് മുമ്പിൽ വാഹനങ്ങൾ പാർക്കുചെയ്യുന്നത് പലപ്പോഴും വ്യാപാരികൾക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

പരവൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് നഗരസഭയുടെ 80 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്ന ബസ്സ്റ്റാൻഡ് പ്രവർത്തനം ആരംഭിക്കുന്നതോടെ പരവൂർ നഗരത്തിൽ ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് ഒരു പരിധിവരെ മാറ്റമുണ്ടാകും.

നഗരത്തിലെ റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഒട്ടുമിക്കവാർഡുകളിലും ടാർ ചെയ്യാത്ത റോഡുകളാണ്. മഴക്കാലത്ത് റോഡുതോടുകളായി മാറുകയാണ്. ഭൂരിഭാഗം റോഡുകൾക്കും വീതിവളരെ കുറവാണ്. പഴയകാലത്ത് വളരെ വിരളമായി മാത്രമെ വാഹനങ്ങളുണ്ടായിരുന്നുള്ളൂ. എന്നാൽ വാഹനങ്ങളുടെ ഗണ്യമായ പെരുപ്പത്തിനനുസരിച്ച് റോഡുകളുടെ സ്ഥിതിയിൽ മാറ്റം വന്നിട്ടില്ല. റോഡുകളുടെ സൈഡിൽ ഓടകൾ നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കണം. ആവശ്യത്തിന് ഫണ്ടില്ലായ്മ എല്ലാവികസന പ്രവർത്തനങ്ങൾക്കും വിലങ്ങ്തടിയാവുന്നു.

## റോഡുവികസനം

ലഭ്യമായ ഫണ്ടിന്റെ ഭൂരിഭാഗം ചെലവഴിക്കപ്പെടുകയും വിവാദങ്ങൾക്ക് വിഷയമായി തീരുകയും ചെയ്യാറുണ്ടെങ്കിലും റോഡുകളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ നമുക്കില്ല. റോഡുകളെ

സംബന്ധിച്ച ധാരണകൾ പലപ്പോഴും വസ്തു നിഷ്ടമല്ല.

## വിവിധതരം റോഡുകൾ

ചുരുങ്ങിയത് 10 അടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്ന് വിളിക്കാം. ഇവ മൂന്നു തരത്തിലുണ്ട്.

1) ടാർ റോഡ്
2) മെറ്റൽ റോഡ്
3) മൺ റോഡ്

മിക്ക പദ്ധതികൾക്കും റോഡുകളുടെ പണമനുവദിക്കുന്നത് അവയുടെ വീതികൂടി കണക്കിലെടുത്തായിരിക്കും.

## ജനകീയപദ്ധതിയും ജനശക്തിയും

റോഡുകളുടെ വികസനത്തിന് നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനംമൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. നഗരസഭയുടെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 1/3 ഭാഗമെങ്കിലും ശ്രമദാനങ്ങളും പൊതുസംഭാവനയും ചേർന്നതാകണം.

**റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന സാദ്ധ്യതകൾ ഉരുത്തിരിയുന്നു.**

1. പരവൂർ-പൊഴിക്കര മണിയൻകുളംപാലം ഉടൻ പണി പൂർത്തീകരിക്കണം.
2. പരവൂരിനെയും മയ്യനാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മയ്യനാട് കായൽപാലം നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. കൊല്ലത്ത് എത്തിച്ചേരുവാൻ ഏറ്റവും സുപ്രധാനമായ ഒരു പടവാണ് ഈ പാലം.
3. പരവൂർ- ഇരവിപുരം തീരദേശ റോഡ് അടിയന്തിരമായി നിർമ്മിക്കുകയും ഈ റോഡ് ടാർ ചെയ്യുകയും വേണം.
4. ഒല്ലാൽ റെയിൽവേ ഗേറ്റിന് സമാന്തരമായി ഓവർബ്രിഡ്ജ് നിർമ്മിക്കണം.
5. പരവൂർ ജംഗ്ഷനിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുവാൻവേണ്ടി ഒല്ലാൽ ഗേറ്റിന് സമീപം മുതൽ കൃഷ്ണൻനായർ ജംഗ്ഷൻ വരെ ഒരു ബൈപാസ് നിർമ്മിക്കുക.
6. കൂനയിൽ സ്കൂളിന് തെക്കുവശം മുതൽ ഞാറോട്ട് സാമില്ലിന്റെ മുൻവശത്ത് കൂടി 40 മീറ്റർ വയൽനികത്തി കലയ്ക്കോട് പി.എച്ച്. സെന്ററിലേയ്ക്കുള്ള റോഡുമായി ബന്ധിക്കുക.
7. കുട്ടൂർപാലം മുതൽ പുഞ്ചവീട് ആറ്റിൻപുറം വഴി തൊടിയിൽ കടവ് വരെയുള്ള റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം. (നിലവിലുള്ള വഴി ജനപങ്കാളിത്തത്തോട് കൂടി നിർമ്മിക്കേണ്ടതാണ്.)
8. പരവൂർ-കാപ്പിൽ റോഡ് വീതികൂട്ടി ഓട നിർമ്മി ച്ച് ടാർ ചെയ്യുക.
9. കുട്ടൂർപാലം-മണിയൻകുളം റോഡിൽ നിന്നും തൊടിയിൽ കടവുമായി ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മിക്കുക. (ഇതിനായി പഴയ കുട്ടൂർ പാലത്തിന്റെ ഗിൽട്ടറുകൾ ഉപയോഗിക്കുക)
10. തോപ്പിൽ ലാന്റിംഗ്-പൊഴിക്കര തീരദേശ റോഡ് നിർമ്മിക്കുക.
11. നാഷണൽ ഹൈവേയിൽ കൂടി കടന്നുപോകുന്ന ദീർഘദൂര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ടൂറിസ്റ്റ് കേന്ദ്രങ്ങളായ പരവൂർ, വർക്കല, കല്ലമ്പലം വഴി സർവ്വീസ് നടത്തുക.
12. പരവൂർ നിന്നും വിവിധ ജില്ലകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ ഏർപ്പെടുത്തുക.
13. പരവൂർ-പെരുമ്പുഴ റോഡിലും പരവൂർ കൂനയിൽ എൽ.പി.എസ്. ഒഴുകുപാറ റോഡിലും ട്രാൻസ്പോർട്ട് സർവ്വീസുകൾ ആരംഭിക്കുക.
14. പരവൂർ- കുട്ടൂർപാലം-പൊട്ടിക്കഴികത്ത് മൂല വഴി പൊഴിക്കരയിലേയ്ക്ക് ട്രാൻസ്പോർട്ട് ബസുകളും പ്രൈവറ്റ് ബസ് സർവ്വീസുകളും ഏർപ്പെടുത്തുക.
15. പരവൂർ ജംഗ്ഷൻ കേന്ദ്രീകരിച്ച് ട്രാഫിക് പോലീസിന്റെ സേവനം ഏർപ്പെടുത്തുക.
16. പരവൂരിലെ മത്സ്യബന്ധനതുറകളിലേക്ക് ഗതാഗതസൗകര്യമുണ്ടാക്കി മത്സ്യവിപണരംഗം സജീവമാക്കുക.
17. പുറ്റിംഗൽ കിഴക്കേ ആലുമുതൽ പടിഞ്ഞാറോട്ട് ക്ഷേത്രംവരെയുള്ള ഇരുഭാഗവും റോഡ് നിർമ്മിക്കുക.
18. എസ്.എൻ.വി.സ്കൂളിന് വടക്കുവശം മുതൽ മുണ്ടുംതലയ്ക്കൽ വഴി ഒല്ലാൽ ഭാഗത്തേയ്ക്ക് ബൈപാസ് നിർമ്മിക്കുക.

റോഡുകളെ സംബന്ധിച്ച് വാർഡുസഭകളിൽ നിന്നുയർന്നുവന്ന വിവരങ്ങൾ പട്ടിക-4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -4

ടാർ ചെയ്യേണ്ടതും അറ്റകുറ്റപ്പണികൾ ചെയ്യേണ്ടതുമായ റോഡുകൾ, പുതിയ റോഡുകൾ

510

| വാർഡ് | ടാർ ചെയ്യേണ്ട റോഡുകളുടെ എണ്ണം | അറ്റകുറ്റപ്പണി ചെയ്യേണ്ട റോഡുകളുടെ എണ്ണം | പുതിയ റോഡ് ആവശ്യപ്പെടുന്ന എണ്ണം |
|---|---|---|---|
| 1 | 2 | 2 | 1 |
| 2 | 4 | – | – |
| 3 | 3 | 2 | 2 |
| 4 | 1 | 2 | 1 |
| 5 | 2 | 2 | – |
| 6 | 4 | 1 | – |
| 7 | 2 | 1 | – |
| 8 | 4 | 4 | – |
| 9 | 4 | 3 | – |
| 10 | 5 | – | 1 |
| 11 | – | 1 | 1 |
| 12 | 4 | 5 | 2 |
| 13 | 3 | 3 | 1 |
| 14 | 2 | 2 | – |
| 15 | 3 | 2 | 1 |
| 16 | 5 | 2 | 1 |
| 17 | 4 | 1 | – |
| 18 | 5 | – | – |
| 19 | 4 | – | – |
| 20 | 5 | 9 | – |
| 21 | 2 | – | – |
| 22 | 3 | – | – |
| 23 | 4 | – | – |
| 24 | 5 | 2 | 3 |
| | 80 | 44 | 14 |

511

# ഊർജ്ജം

ആധുനികയുഗത്തിലെ ഊർജ്ജസ്രോതസ്സുകളിൽ സാർവ്വത്രികമായ വൈദ്യുതി പരവൂർ മുനിസിപ്പൽ പ്രദേശത്ത് എത്തിയത് 1950 ലാണെന്ന് ചരിത്ര രേഖകൾ വ്യക്തമാക്കുന്നു. കുറുമണ്ടൽ വാണിവിലാസം വീട്ടിൽ ഭഗവതി കേശവൻ എന്ന വ്യക്തിയുടെ വീട്ടിലാണ് പരവൂരിൽ വൈദ്യുതി എത്തിയ ആദ്യ ഭവനം. വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഇനിയുമുണ്ട്. പരവൂരിൽ ഇന്ന് 9300 ഉപഭോക്താക്കളുണ്ട്. ഈ പ്രദേശത്തെ മറ്റ് ഊർജ്ജസ്രോതസ്സുകൾ ഗ്യാസ്, വിറക്, മണ്ണെണ്ണ എന്നിവയാണ്.

പരവൂർ പ്രദേശത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത് പാരിപ്പള്ളി 66 കെ.വി. സബ് സ്റ്റേഷനി ൽ നിന്നും വർക്കല സബ് സ്റ്റേഷനിൽ നിന്നുമാണ്. ഇതിന്റെ പ്രധാന സ്രോതസ് കളമശ്ശേരി മെയിൻ ഗ്രിഡിൽ നിന്നുമാണ്.

പരവൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ പരവൂർ മുനിസിപ്പൽ പ്രദേശത്തിന് പുറമേ പൂതക്കുളം പഞ്ചായത്തിന്റേയും ചാത്തന്നൂർ പഞ്ചാ യത്തിലെ കുറച്ച് ഭാഗങ്ങളിലും വൈദ്യുതി എത്തി ക്കുന്നു. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിൽ മീനാട് പ്രദേശങ്ങളിൽ ഉള്ളവർ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നു. പരവൂരിലെ ആഫീസിലും ഏറെ തിരക്ക് അനുഭവപ്പെടുന്നുണ്ട്. പരവൂർ ഇലക്ട്രിക് മേജർ സെക്ഷ്നിൽ ആകെ 44 സ്റ്റാഫ് ഉണ്ട്.

## പരവൂരിലെ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ

അവലംബം : കെ.എസ്.ഇ.ബി. ഓഫീസ്,പരവൂർ

പട്ടിക -1

ഉപഭോക്താക്കൾ

| ക്രമനമ്പർ | തരം | എണ്ണം |
|---|---|---|
| 1 | ഗാർഹികം | 7962 |
| 2 | വ്യാപാരികൾ | 1087 |
| 3 | വ്യവസായികൾ | 137 |
| 4 | കാർഷികം | 114 |
| | ആകെ | 9300 |

പട്ടിക -2

തൻവർഷം കണക്ഷൻ കൊടുത്തത്

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി | 36 |
| OTP | 8 |
| OYEC | 118 |
| ആകെ | 162 |

പട്ടിക -3

കാത്തിരിക്കുന്നവർ

| ഇനം | എണ്ണം |
|---|---|
| ഓർഡിനറി | 252 |
| OTP | 8 |
| OYEC | 61 |
| ആകെ | 321 |

പട്ടിക -4

വൈദ്യുതി ഉപഭോഗം യൂണിറ്റ് കണക്കിൽ

| ഇനം | യൂണിറ്റ് |
|---|---|
| ഗാർഹികം | 36696 |
| വ്യാവസായികം | 32288 |
| കാർഷികം | 8340 |
| ആകെ | 77324 |

വൈദ്യുതി എത്തിയ വീടുകളുടെ എണ്ണം 8900 ആണ്. വൈദ്യുതീകരിക്കാത്ത 2000 ത്തോളം വീടുകൾ ഉണ്ട്. പ്രധാന വ്യവസായിക ഉപഭോക്താക്കൾ ഫ്ളോർക്കോ കയർ ഫാക്ടറിയും ബർക്കാ ഫുഡ്സും, പരവൂർ ഐ.ടി.സി യുമാണ്.

നഗരത്തിലെയും വിവിധ വാർഡുകളിലെയും വഴിവിളക്കുകളുടെ പട്ടിക താഴെ കൊടുക്കുന്നു. പരവൂർ നഗരസഭ പ്രതിമാസം 30,030/- (മുപ്പതിനായിരത്തി മുപ്പത്) രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ അടയ്ക്കുന്നു.

512

പട്ടിക -5

ഇലക്ട്രിക്കൽ മേജർ സെക്ഷൻ, പരവൂർ.

| ക്രമനമ്പർ | ട്രാൻസ്ഫോർമറുകളുടെ എണ്ണം | സ്ഥാപിത ശേഷി KVA |
|---|---|---|
| 1. | പൊഴിക്കരബീച്ച് | 100 |
| 2. | പൊഴിക്കര | 100 |
| 3. | ഫ്ളോർക്കോ | 250 |
| 4. | കോങ്ങാൽ | 250 |
| 5. | ബർക്കാ | 100 |
| 6. | പൊട്ടിക്കഴികത്തുമൂല | 100 |
| 7. | കുട്ടൂർ | 160 |
| 8. | പുതിയകാവ് | 100 |
| 9. | ആഡിറ്റോറിയം | 100 |
| 10. | മുഗൾ ബേക്കേഴ്സ് | |
| 11 | തയ്യിൽ | 100 |
| 12 | കട്ടാകുളം | 100 |
| 13. | പണിക്കർ മുക്ക് | 100 |
| 14. | ൗൺ വെസ്റ്റ് | 100 |
| 15. | മഞ്ചാടിമൂട് | 100 |
| 16. | ൗൺ സൗത്ത് | 100 |
| 17. | കരാകുഴി | 100 |
| 18 | കോട്ടമൂല | 100 |
| 19. | ലോക്കൽ | 250 |
| 20. | പോലീസ് സ്റ്റേഷൻ | 160 |
| 21. | കുറുമണ്ടൽ കോടതിമുക്ക് | 100 |
| 22. | ക്ളാവറ | 100 |
| 23. | ശാസ്താംകോവിൽ | 100 |
| 24. | പുഞ്ചിറക്കുളം | 63 |
| 25. | കല്ലും കുന്ന് | 100 |
| 26. | പെരുമ്പുഴ | 63 |
| 27. | മാലാക്കായൽ | 100 |
| 28. | യക്ഷിക്കാവ് | 100 |
| 29. | കേഡസ് | 200 |
| 30. | ആറ്റുകടവ് | 100 |
| 31. | നെടുങ്ങോലം | 250 |
| 32. | ദയാബ്ജി | 100 |
| 33. | പണയിൽക്കാവ് | 100 |
| 34. | ഓവർബ്രിഡ്ജ് | 160 |
| 35. | ഒല്ലാൽ | 160 |
| 36. | കൂനയിൽ വായനശാല | 160 |
| 37. | കൂനയിൽ | 160 |
| 38. | ഞാറോട്ട് | 100 |
| 39. | പെരുങ്കുളം | 100 |
| | | അവലംബം KSEB ഓഫീസ് |

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക അനുസരിച്ച് ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നതിന് നഗരസഭയിലെ വിവിധ വാർഡുകളിലായി 39 ട്രാൻസ്ഫോർമറുകളിലായി 4436 KV വൈദ്യുതി വിതരണം ചെയ്യുന്നു.

പട്ടിക -6

## വഴി വിളക്കുകൾ.

| സോഡിയം വേപ്പർ ലാമ്പ് | മെർക്കുറി വേപ്പർ ലാമ്പ് | ട്യൂബ് ലൈറ്റ്സ് | ബൾബുകൾ | | | | ആകെ |
|---|---|---|---|---|---|---|---|
| | | | 25 W. | 40 W. | 60 W. | 100 W. | |
| 13 | 71 | 204 | NIL | 1028 | 62 | 14<br>ആകെ<br>1104 | 1402 |

**അവലംബം KSEB ഓഫീസ്**

### ഇന്ധനങ്ങൾ

നമ്മുടെ നഗരസഭയിൽ ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഏജൻസിയുടെ ഒരു പാചക വാതക ഗ്യാസ് കണക്ഷൻ ഉണ്ട്. 30-11-96 വരെ കണക്ഷനു വേണ്ടി അപേക്ഷിച്ചവർ 7564 പേരാണ്. കണക്ഷൻ ലഭിച്ചത് 4464 ആണ്. ഇനി കാത്തിരിക്കുന്നവർ 3100 പേരാണ്. അവസാനം ഗ്യാസ് കണക്ഷൻ കൊടുത്തത് 2-09-93 ലാണ്. ഇതു കൂടാതെ ഒരു പ്രൈവറ്റ് ഗ്യാസ് കണക്ഷൻ ഏജൻസിയുമുണ്ട്. മണ്ണെണ്ണയും വിറകും ഇന്ധനമായി ഉപയോഗിക്കുന്ന വീടുകളാണ് ബാക്കിയുള്ളവ. 15 പൊതുവിതരണ കേന്ദ്രങ്ങളിലായി ഉദ്ദേശം രണ്ടേകാൽ ലക്ഷം ലിറ്റർ മണ്ണെണ്ണ പ്രതിവർഷം വിതരണം ചെയ്യുന്നു. ഒരു സ്വകാര്യ മണ്ണെണ്ണ ഏജൻസിയും ഉണ്ട്. നഗരസഭയായ നമ്മുടെ പ്രദേശത്ത് വിറകിന്റെ ഉപയോഗം വളരെ കൂടുതലാണ്. വിറക് വില്പനകേന്ദ്രങ്ങളിൽ നിന്നും 6 സാമില്ലുകളുമാണ് വിറക് സംഭരിക്കുന്നത്. ദിവസവും ശരാശരി 500 കിലോ അറുക്കപ്പൊടി ആവശ്യമാണ്.

വാഹനങ്ങൾക്ക് ഡീസലും പെട്രോളും വിതരണം ചെയ്യുന്നതിന് വേണ്ടി രണ്ട് ഓയിൽ പമ്പുകൾ ഉണ്ട്.

### പ്രശ്നങ്ങൾ

1. നഗരസഭയിലെ ഒരു വാർഡിലും മുഴുവൻ വീടുകളിൽ വൈദ്യുതി എത്തിയിട്ടില്ല.
2. വൈദ്യുതീകരിക്കാത്ത വീടുകളും വൈദ്യുതി എത്താത്ത പ്രദേശങ്ങളും ഉണ്ട്.
3. നിലവിലുള്ള ട്രാൻസ്ഫോമറുകളുടെ എണ്ണം അപര്യാപ്തമാണ്.
4. പ്രേക്ഷണവിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് - പ്രത്യേകിച്ച് മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിര പ്രശ്നമായി തുടരുന്നു.
5. നഗരത്തിൽ - 4 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കുവാൻ ബാക്കിയുണ്ട്.
6. ഒരു വാർഡിന് ശരാശരി 55 എന്ന നിലയിൽ സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. അവ ഒരു വാർഡിലും ഫലപ്രദമായി കത്താറില്ല.
7. വോൾട്ടേജ് ക്ഷാമം മുഴുവൻ വാർഡിലും രൂക്ഷമാണ്.
8. മുഴുവൻ വാർഡുകളിലും വഴിവിളക്കുകൾ ഫലപ്രദമായി കത്താറില്ല.
9. സിംഗിൾ ഫെയ്സ് ലൈനുകൾക്ക് ലോഡ് താങ്ങുവാൻ കഴിയുന്നില്ല. ഈ പ്രശ്നം എല്ലാ വാർഡിലും ഉണ്ട്.
10. മീറ്റർ റീഡിംഗ് കൃത്യമായി എടുക്കാറില്ല. അതുമൂലം ഉപഭോക്താക്കൾക്ക് കൃത്യതയില്ലാത്ത ബില്ലുകളാണ് കിട്ടുന്നുത്.
11. KSEB രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ വളരെ അധികം വൈദ്യുതി ഉപയോഗിക്കുന്നു.
12. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് അപ്പ് ഉപയോഗം മറ്റുള്ളവർക്ക് ദോഷമാകുന്നു.
13. തീരപ്രദേശങ്ങളിൽ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന വാർഡുകളിൽ സെർച്ച് ലൈറ്റുകൾ ഇല്ല.
14. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഉള്ള വിമുഖത, അഴിമതി എന്നിവയും പ്രശ്നങ്ങളാണ്.
15. ഓരോ ട്രാൻസ്ഫോർമറുകളിൽ നിന്നും കപ്പാസിറ്റിയെക്കാൾ കൂടുതൽ ഉപയോഗമുണ്ടാകുന്നു.
16. പ്രേക്ഷണവിതരണ രംഗത്ത് 30% നഷ്ടം സംഭവിക്കുന്നു.
17. ചില സ്ഥലങ്ങളിൽ സിംഗിൾ ഫെയ്സ് ലൈൻ ലോഡ് താങ്ങാത്തത് വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നു.

**സാദ്ധ്യതകൾ.**

1. പ്രേക്ഷണ വിതരണ രംഗങ്ങളിലെ നഷ്ടം ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനം ഉണ്ടാക്കുക.
2. സമ്പന്ന കുടുംബങ്ങളിലെ നിയന്ത്രണമില്ലാത്ത വൈദ്യുതി ഉപയോഗം തടയുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.
3. മത്സ്യബന്ധന പ്രദേശങ്ങളിൽ കരകാണുവാൻ സഹായിക്കുന്ന വിധം സെർച്ച് ലൈറ്റുകൾ സ്ഥാപിക്കുക.
4. ബോർഡിന്റെ പ്രവർത്തനം ജനകീയ പരിശോധനയ്ക്ക് വിധേയമാക്കുക.
5. നഗരസഭയ്ക്ക് വൈദ്യുതമേഖലയിൽ നിയന്ത്രണം ഉണ്ടാക്കുവാൻ സംവിധാനം ഉണ്ടാക്കുക.
6. ക്ലിപ് - അപ്പ് ഉപയോഗിച്ച് പീക്ക് സമയത്തിലെ വൈദ്യുതി പരിശോധിക്കുകയും വിതരണത്തകരാറുകൾ കണ്ടെത്തി പുനഃക്രമീകരണം നടത്തുക
7. ഹരിജൻ കോളനിയിൽ സോളാർ വിളക്കുകൾ സ്ഥാപിക്കുക.
8. പുതിയൊരു വൈദ്യുതി ഉപഭോഗ സംസ്ക്കാരത്തിന് മുനിസിപ്പൽ തലത്തിൽ വാർഡ് തല ബോധവത്ക്കരണ ക്ലാസ്സുകൾ ബോർഡിന്റെയും നഗരസഭയുടെയും സന്നദ്ധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടത്തുക.
9. വഴിവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ ബൾബുകൾ ലഭ്യമാക്കുക.
10. കർഷകർക്ക് വില കൊടുത്ത് ഓല, തൊണ്ട്, മടൽ എന്നിവ മുനിസിപ്പൽ തലത്തിൽ ശേഖരിച്ച് ന്യായമായ വിലയ്ക്ക് വിൽക്കുന്ന വില്പന കേന്ദ്രങ്ങൾ തുടങ്ങുക.
11. പാചകഗ്യാസ് ഉപയോഗത്തെക്കുറിച്ച് വനിതകളെ ബോധവത്ക്കരിക്കുക.
12. പുകയില്ലാത്ത അടുപ്പുകൾ സബ്സിഡി നൽകി വ്യാപകമായി സ്ഥാപിക്കുക.
13. കോളനികളിൽ സൗജന്യമായി പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.
14. സ്കൂളുകളിൽ ഊർജ്ജ ക്ലാസുകൾ നടത്തുക.
15. ഊർജ്ജരംഗത്തിന്റെ പ്രതിസന്ധികളെക്കുറിച്ചുള്ള പഠനം പാഠ്യവിഷയമാക്കുക.
16. വാർഡ് തലത്തിൽ നിന്നും ഉയർന്നുവന്നിട്ടുള്ള തെരുവുവിളക്കുകളെ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ വിഭവസമാഹരണത്തിലൂടെ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ നഗരസഭയുടെ നേതൃത്വത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്.
17 സെൽഫ് മീറ്റർ റീഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

**നഗരസഭയിൽ ഉടൻ വൈദ്യുതി എത്തിക്കേണ്ട സ്ഥലം,**
**ലൈനിന്റെ സ്വഭാവം, ദൂരം, എണ്ണം എന്നിവ 6,7 പട്ടികകളിൽ നൽകിയിട്ടുണ്ട്.**

പട്ടിക-6

| വലിക്കേണ്ട ലൈൻ | പുതിയലൈൻ വലിക്കേണ്ട സ്ഥലം | ദൂരം | ട്രാൻസ്ഫോർമറുകൾ |
|---|---|---|---|
| 11 KV | വിവിധ വാർഡുകൾ | 7 KM | 39 |
| LT – 3 | വിവിധ വാർഡുകൾ | 20 KM | |
| LT – സിംഗിൾ | " | 13 KM | |
| കൺവർട്ടിംഗ് സിംഗിൾ | " | 10 KM | |

575

**പട്ടിക-7 സർവ്വീസ് കണക്ഷൻ വർക്സ്**

| വലിക്കേണ്ട ലൈൻ | പുതിയ ലൈൻ വലിക്കേണ്ട സ്ഥലം | എണ്ണം | ലൈനിന്റെ സ്വഭാവം |
|---|---|---|---|
| കൃഷി | | 200 | 200 No with C/L 150 HP |
| വ്യവസായം | | | 150 No with C/L 500 HP |
| വീട്ടാവശ്യം | | 2000 | |
| വാണിജ്യം | | 300 | |
| തെരുവ് വിളക്ക് | | 350 | |
| ഹരിജൻ കോളനി-വൈദ്യുതീകരണം | 1. പണ്ടാരത്ത് വടക്കേ തൊടിയിൽ | 1 | |
| | 2. ക്ലാവറ തൊടി | 1 | |
| | 3. പെരുമ്പുഴ | 1 | |
| | 4. ചരുവിള | 1 | |
| | 5. പാറയിൽ കാവ് | 1 | |
| | 6. ലക്ഷം വീട് കോളനി കുനയിൽ | 1 | |
| | 7. ലക്ഷം വീട് കോളനി പെരുമ്പുഴ | 1 | |
| | 8. പുലിക്കുളം കോളനി | | |
| സർവ്വീസ് കണക്ഷൻ | | 25 | |
| സ്ട്രീറ്റ് ലൈറ്റ് | | 20 | |

വൈദ്യുതിയുടെ ഉപഭോഗത്തിനനുസരിച്ച് ഉണ്ടായി കൊണ്ടിരിക്കുന്ന ഭീമമായ വർദ്ധനവിനനുസരിച്ച് ട്രാൻസ്ഫോമറുകളോ മറ്റ് സംവിധാനങ്ങളോ ഇല്ലാത്തത് വൈദ്യുതി വോൾട്ടേജ് ക്ഷാമം രൂക്ഷമായി പല പ്രദേശങ്ങളിലും അനുഭവപ്പെടുവാൻ ഇടയാകുന്നു.

മിക്ക വാർഡു സഭകളിലും സ്ട്രീറ്റു ലൈറ്റുകൾക്ക് വേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. ആവശ്യങ്ങളുടെ തീവ്രതയും, ഫണ്ടിന്റെ പരിമിതിയും,വൈദ്യുതിയുടെ അഭാവവും കണക്കിലെടുത്ത് വാർഡ് സഭകൾ തന്നെ അവയുടെ എണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും, ഓഫീസും ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുതാര്യമാക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

## നിർദ്ദേശം

രൂക്ഷമായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി തൊണ്ട്, ചകിരി, ചകിരിചോർ, മടൽ, വേസ്റ്റ് പേപ്പർ എന്നിവ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കാൻ കഴിയുന്ന സ്കീം നടപ്പിലാക്കുവാൻ ശ്രമിക്കണം.

516



# മാർക്കറ്റ്

ഒരു നൂറ്റാണ്ടിനു മുമ്പ് പരവൂരിൽ കച്ചവട സ്ഥാപനങ്ങൾ പലഭാഗങ്ങളിലായി വികേന്ദ്രീകരിച്ചു കിടക്കുകയായിരുന്നു. ഒരു പൊതു വ്യാപാര വിപണനകേന്ദ്രത്തിന്റെ ആവശ്യകത അന്ന് പലർക്കും ബോദ്ധ്യപ്പെട്ടിരുന്നു. പരവൂർ നിവാസികളുടെ ചിരകാലാഭിലാഷം സാധിച്ചു കൊടുക്കുവാനായി കോട്ടവിളയിൽ ശ്രീ. നാരായണൻ നായർ കോട്ടപ്പുറത്തുള്ള തന്റെ പുരയിടം കച്ചവടസൗകര്യത്തിനായി വിട്ടു കൊടുത്തു. 1976 ൽ ഈ മാർക്കറ്റ് കോട്ടവിള കുടുംബം പഞ്ചായത്തിന് വിട്ടുകൊടുത്തു. പരവൂരിൽ ഒരു ജംഗ്ഷൻ രൂപം കൊള്ളുവാനും വിവിധ പ്രദേശങ്ങളിലായി വ്യാപാരം നടത്തിയിരുന്നവർ, ഒരു സ്ഥലത്ത് കേന്ദ്രീകരിക്കുവാനും, അങ്ങനെ പരവൂർ ജംഗ്ഷൻ രൂപം കൊള്ളുവാനും ഈ മാർക്കറ്റ് വളരെ സഹായകമായി.

വർഷങ്ങൾക്കുമുമ്പ് പരവൂർ, പൊഴിക്കര, തെക്കും ഭാഗത്തും മാർക്കറ്റുകൾ ഉണ്ടായിരുന്നു. ഈ മാർക്കറ്റുകളോടൊപ്പം ഒഴുകുപാറയിലും, മാർക്കറ്റുകൾ നിലവിലുണ്ട്. എന്നാലും ഇവയിൽ പ്രധാനം ജംഗ്ഷനിൽ സ്ഥിതി ചെയ്യുന്ന പരവൂർ മാർക്കറ്റ് തന്നെയാണ്. പരവൂരിലെ ഭരണ സിരാകേന്ദ്രം പൊഴിക്കരയിൽ നിന്ന് പരവൂരിലേക്ക് മാറ്റുവാൻ ഇടയായത് ഈ മാർക്കറ്റാണ്.

എന്നാൽ 1976 ൽ പഞ്ചായത്തിനു വിട്ടുകൊടുത്ത ഈ മാർക്കറ്റിന്റെ സ്ഥിതി വളരെ ശോചനീയമാണ്. മുമ്പ് കാലങ്ങളിൽ ഇവിടെ നിന്ന് സാധനങ്ങൾ ദൂരെ സ്ഥലങ്ങളിലേക്ക് വാങ്ങി കൊണ്ട് പോയിരുന്നു. പഴക്കം ചെന്ന ഈ മാർക്കറ്റിൽ തലചുമടായും വാഹനങ്ങളിലും ഒട്ടേറെ ആളുകൾ കച്ചവടത്തിനായി സാധനങ്ങൾ യഥേഷ്ടം കൊണ്ടുവന്നിരുന്നു. പച്ചക്കറികളും, ഫലവർഗ്ഗങ്ങളും, കിഴങ്ങ്വർഗ്ഗങ്ങളും മറ്റ് സാധനങ്ങളും ഈ മാർക്കറ്റിൽ നിന്ന് സുലഭമായി ലഭിക്കുമായിരുന്നു. പരവൂർ മാർക്കറ്റിൽ ദിവസവും പതിനായിരക്കണക്കിനാളുകൾ വന്നുപോവുകയും, ലക്ഷക്കണക്കിന് രൂപയുടെ കച്ചവടവും നടക്കുന്ന മാർക്കറ്റാണ്. സമീപപ്രദേശങ്ങളിലെ ഏറ്റവും ഉയർന്ന മത്സ്യമാർക്കറ്റായിരുന്നു പരവൂരിലേത്. എന്നാൽ ഇന്നത് വിവിധപ്രദേശങ്ങളിലായി വ്യാപിച്ചു കിടക്കുയാണ്. മുൻകാലങ്ങളിൽ പരവൂരിന്റെ വിവിധഭാഗങ്ങളിൽ ആഴ്ച ചന്തകളായരുന്നു. എന്നാൽ പരവൂരിൽ അന്നും ദിവസചന്തയായിരുന്നു. ഇന്നും പരവൂർ ജംഗ്ഷനിൽ കമ്പോളം എന്ന പേരിൽ അറിയപ്പെടുന്നു.

മത്സ്യം, നാളീകേരം, നെല്ല്, അരി, അടയ്ക്ക, കിഴങ്ങു വർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ, കുരുമുളക് പച്ചക്കറി തുടങ്ങിയവയാണ് പ്രധാന കച്ചവട ഉത്പന്നങ്ങൾ. ഇപ്പോൾ സാധനങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യങ്ങൾ ഇല്ല. ചെറുകിട ഉത്പ്പന്നങ്ങൾ കൊണ്ടുവന്നു സ്വതന്ത്രമായി വിൽപ്പന നടത്തുവാൻ ഇന്നുള്ള അസൗകര്യങ്ങൾ തടസമായി നിൽക്കുന്നു.

ഒരു കാലത്ത് തെക്കൻ തിരുവിതാംകൂറിലെ പ്രധാനപ്പെട്ട മാർക്കറ്റായി ഉയർന്ന പരവൂർ മാർക്കറ്റിന്റെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. മാർക്കറ്റിന്റെ ദുഃസ്ഥിതി മാറ്റി ഒന്നാം കിടമാർക്കറ്റായി ഉയർത്തുന്നതിനാവശ്യമായ യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കണം.

## പ്രശ്നങ്ങൾ / പരിഹാരങ്ങൾ

1. നഗരസഭയുടെ നേതൃത്വത്തിൽ മാർക്കറ്റിനോട്

ചേർന്നുള്ള വസ്തുക്കൾ ഏറ്റെടുക്കുകയും, നിലവിലുള്ള പഴയ കടകൾ പൊളിച്ചു മാറ്റി ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുക. (ഇത് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു തകുന്നതാണ്.)

2. മാർക്കറ്റിൽ മത്സ്യങ്ങളുടെ വിപണനത്തിന് പുതിയ ഷെഡുണ്ടാക്കി കൂടുതൽ കച്ചവടക്കാരെ കച്ചവടത്തിനായി പ്രോത്സാഹിപ്പിക്കുകയും ; വനിതാ മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക സൗകര്യം ഏർപ്പെടുത്തുകയും വേണം.
3. മാർക്കറ്റിൽ നാളീകേരം, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ കച്ചവടം ചെയ്യുന്നതിനായി വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.
4. പരവൂർ മാർക്കറ്റിൽ വാഹനങ്ങൾ പ്രവേശിക്കുന്നതിനായി വീതി കൂടിയ വഴി ഗതാഗതത്തിനാവശ്യമാണ്. (ഈ വഴി മാർക്കറ്റിന്റെ കിഴക്കും പടിഞ്ഞാറും തമ്മിൽ ബന്ധിപ്പിക്കണം)
5. വൈകുന്നേരങ്ങളിൽ മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതിനും ഒപ്പം മാർക്കറ്റിൽ ലൈറ്റ്, ലാട്രിൻ, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകണം. പേ-യൂസ് ലാട്രിനുകൾ ഏർപ്പെടുത്തണം.
6. മാർക്കറ്റിൽ ദുർഗന്ധം ഉണ്ടാകാതിരിക്കാൻ ശുചീകരണത്തിന് നിശ്ചിത ജോലിക്കാരെ കൃത്യമായി നിയമിക്കണം.
7. മാർക്കറ്റിലെ ഇറച്ചി വ്യാപാരത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുകയും, അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നഗരസഭയുടെ സ്ക്വാഡ് പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യണം.
8. പൊഴിക്കര സ്ലാട്ടർ ഹൗസിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കണം.
9. തെക്കും ഭാഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മാർക്കറ്റിന്റെ ഒരു ഭാഗം നഗരസഭയുടെ നേതൃത്വത്തിൽ വിപുലീകരിച്ച് ഷെഡ്ഡുകളും ബങ്കുകളും, കംഫർട്ടു സ്റ്റേഷനുകളും സ്ഥാപിക്കണം.
10. പൊഴിക്കര, കിഴക്കിടം ജംഗ്ഷൻ, പെരുമ്പുഴ എന്നിവിടങ്ങളിൽ നഗരസഭ സ്ഥലം കണ്ടെത്തി എല്ലാ സാധനങ്ങളും ലഭിക്കുന്ന മാർക്കറ്റായി ഉയർത്തുക.

നമ്മുടെ നഗരസഭയിലെ പ്രധാന ഉല്പന്നമായ നാളീകേരത്തിനു തന്നെ ഒരു പൊതു വിപണിയോ, വിശ്വസിക്കാവുന്ന ഒരു സ്വകാര്യ വിപണിയോ നമുക്ക് ഇല്ലെന്നതാണ് പരിതാപകരമായ അവസ്ഥ. സഹകരണാടിസ്ഥാനത്തിലോ, സ്വകാര്യവ്യക്തികളുടെയോ നേതൃത്വത്തിലോ നാളീകേരത്തിന് ഒരി മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കണം.

പരവൂർ ഠൗണിന്റെ വിവിധഭാഗങ്ങളിലായി അനുയോജ്യമായ സ്ഥലം കണ്ടെത്തി മാർക്കറ്റിംഗ് കോംപ്ലക്സുകൾ ഉണ്ടാക്കുന്നത് ഭാവി വികസനത്തിന് സഹായകമായിരിക്കും.

നമ്മുടെ നഗരസഭയിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി, ഓരോന്നിന്റെയും ലഭ്യതയും ഇല്ലായ്മയും സമതുലനം ചെയ്യുവാനുള്ള കരുത്തുറ്റ വ്യവസ്ഥയോടുകൂടി ഒരു വിപണന സമ്പ്രദായം കരുപ്പിടിപ്പിക്കുന്നത് നമ്മുടെ നഗരസഭയുടെ വളർച്ചയുടെ ഒന്നാമത്തെ കാൽവയ്പായിരിക്കുമെന്നതിൽ സംശയമില്ല.

☺☺☺☺☺☺☺☺



## 5.7 പാർപ്പിടം, സാമൂഹ്യക്ഷേമം

പരവൂർ മുനിസിപ്പൽപ്രദേശത്ത് പാർപ്പിട സൗകര്യങ്ങൾ താരതമ്യേന മെച്ചമാണെങ്കിലും, ഭവനരഹിതരും കുടിലുകളിലും ഓലമാടങ്ങളിലും ചെറ്റപ്പുരകളിലും വസിക്കുന്നവരുടെ എണ്ണം കുറവല്ല.

ഇടത്തരം വരുമാനക്കാർ കൂടുതലുള്ള പ്രദേശമാണ് പരവൂർ നഗരസഭ. ഇക്കാരണത്താൽ അധികം വീടുകളും സാമാന്യം ഭദ്രമായി നിർമ്മിക്കപ്പെട്ടവയാണ്. ഓടുമേഞ്ഞ വീടുകളും ടെറസ്സുകളും ആണ് മറ്റു തരത്തിലുള്ള വീടുകളേക്കാൾ കൂടുതലായുള്ളത്. ഓലമേഞ്ഞവീടുകളിലേയും കുടിലുകളിലേയും താമസക്കാർക്ക് നിരവധി പ്രശ്നങ്ങളുണ്ട്. ഏറ്റവും കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നത് കായൽ, കടൽ എന്നിവയുടെ തീരങ്ങളിൽ താമസിക്കുന്നവരാണ്. ഗൾഫുപണത്തിന്റെ സ്വാധീനം കോൺക്രീറ്റ് സൗധങ്ങളുടെ നിർമ്മാണത്തിന് ആക്കംകൂട്ടി. ഇത്തരം സൗധങ്ങളുടെ എണ്ണം ഒരു ഭാഗത്ത് വർദ്ധിച്ചുവരുമ്പോൾ ഒരു വിഭാഗം ജനങ്ങൾ തീരെ താമസസൗകര്യമില്ലാതെ ബുദ്ധിമുട്ടുന്നു. ഈ അസന്തുലിതാവസ്ഥ മുനിസിപ്പൽ പ്രദേശത്ത് നിലനിൽക്കുന്നു.

പാർപ്പിടസൗകര്യം ഉണ്ടാകുന്നതിനും മെച്ചപ്പെടുത്തുന്നതിനും വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നെങ്കിലും ഒന്നും പര്യാപ്തമല്ല. ഇത്തിക്കര ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പരവൂരിലെ ഏക ഹൗസിംഗ് സൊസൈറ്റി. ഇതിന്റെ പ്രയോജനം എല്ലാവിഭാഗത്തിനും എത്തുന്നില്ല. സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധനസഹായങ്ങളും വായ്പകളും കെട്ടിടനിർമ്മാണത്തിന് പര്യാപ്തമാകുന്നില്ല. കെട്ടിടനിർമ്മാണച്ചെലവുകളിലുണ്ടായ ഭീമമായ വർദ്ധനയാണ് ഇതിനുകാരണം. ലോൺ കിട്ടുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന ഗുണഭോക്താക്കളുടെ വരുമാനപരിധി വളരെക്കുറഞ്ഞതുകയായതുകൊണ്ട് ബഹുഭൂരിപക്ഷത്തിന് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ആഡംബരങ്ങൾനിറഞ്ഞതും ചെലവുകുറഞ്ഞതുമായ വീടുകൾ നിർമ്മിക്കാനുള്ള ഭ്രമം, ചെലവുകുറഞ്ഞ വീടുകൾനിർമ്മിക്കുന്നതിനേക്കുറിച്ചുള്ള അറിവിന്റെ അപര്യാപ്തത എന്നിവ ഗൃഹനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ ബുദ്ധിമുട്ടിലാക്കുന്നു. കോളനികളിലെയും പുഴയോരങ്ങളിലേയും മത്സ്യത്തൊഴിലാളികളുടെയും പാർപ്പിടസംബന്ധമായ അസൗകര്യങ്ങൾ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. മത്സ്യത്തൊഴിലാളികളിൽ അധികവും ഭവനരഹിതരാണ്. സ്വന്തമായി ഭവനമുള്ളവർ കുടിലുകളിൽ താമസിക്കുന്നു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻപോലും സൗകര്യങ്ങളില്ല.

പരവൂർ നഗരസഭയിലെ ജനങ്ങൾ സമ്മിശ്ര തൊഴിൽമേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗതവ്യവസായ മേഖലകളിലും സർവ്വീസ് സഹകരണ മേഖലകളിലും ഗൾഫുമേഖലകളിലും പണിയെടുക്കുന്നു.

1996-ൽ രേഖകൾ പ്രകാരം പരവൂർ നഗരസഭയിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം 12282 ആണ്. ഇതിൽ പതിനായിരത്തോളം വീടുകളാണ്. ഭവനരഹിതരായ 2342 കുടുംബങ്ങളുണ്ട്

### കോളനികൾ

പരവൂർ മുനിസിപ്പൽപ്രദേശത്ത് ഏകദേശം 6 കോളനികളുണ്ട്. മിക്കവീടുകളിലും ഒന്നിലധികം കുടുംബങ്ങൾ പാർക്കുന്നു. പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെയില്ല. ശുദ്ധജല ദൗർലഭ്യം, വൈദ്യുതിയുടെ അഭാവം എന്നിവയുണ്ട്.

കോളനി നിവാസികളുടെ ഉന്നമനത്തിനായി വൃത്തിയുള്ള ഭവനങ്ങളും നല്ല പരിസരവും കുടിവെള്ളം, വെളിച്ചം മുതലായവ എത്തിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി എടുക്കണം.

കൂടാതെ അവരുടെ അഭിരുചിക്കനുസൃതമായ തൊഴിൽസാദ്ധ്യതകളുണ്ടാക്കിക്കൊടുക്കാനും, കുട്ടികളെ പഠിപ്പിക്കാനും കായികകലാസാംസ്കാരികവളർച്ചയ്ക്കുവേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കാനും ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക-1ൽ 1986-ലെ കെട്ടിടനികുതി അസ്സസ്സ്മെന്റ് രജിസ്ട്രേഷൻപ്രകാരമുള്ള വീടുകളുടെ തരംതിരിച്ചുള്ള കണക്ക് നൽകിയിരിക്കുന്നു.

*പട്ടിക- 1 വീടുകളുടെ തരംതിരിപ്പ് പട്ടിക*

| വാർഡ് | ഓട് | ടെറസ് | ഓല | ടെറസ്/ ഓട് | ഇരുന്നില | കുടിൽ | ആകെ |
|---|---|---|---|---|---|---|---|
| 1 | 215 | 30 | 60 | 20 | 5 | 37 | 417 |
| 2 | 215 | 65 | 15 | 20 | 10 | – | 335 |
| 3 | 298 | 115 | 35 | 75 | 28 | – | 554 |
| 4 | 285 | 25 | 70 | 100 | 15 | – | 495 |
| 5 | 220 | 24 | 73 | 11 | – | 96 | 324 |
| 6 | 234 | 104 | 124 | – | 2 | – | 464 |
| 7 | 164 | 71 | 177 | – | 3 | – | 415 |
| 8 | 177 | 40 | 106 | 15 | – | 20 | 358 |
| 9 | 270 | 68 | 138 | – | 2 | – | 478 |
| 10 | 215 | 55 | 65 | 15 | 10 | – | 365 |
| 11 | 242 | 129 | 67 | – | 28 | – | 466 |
| 12 | 264 | 123 | 118 | 9 | 12 | – | 526 |
| 13 | 306 | 301 | 108 | 50 | 33 | – | 798 |
| 14 | 290 | 105 | 118 | – | 22 | – | 535 |
| 15 | 165 | 61 | 154 | 30 | 3 | – | 413 |
| 16 | 98 | 96 | 102 | 29 | 4 | – | 329 |
| 17 | 125 | 15 | 40 | 60 | 11 | – | 251 |
| 18 | 81 | 48 | 37 | – | 4 | – | 170 |
| 19 | 75 | 24 | 52 | – | – | – | 151 |
| 20 | 210 | 60 | 75 | 25 | 15 | – | 385 |
| 21 | 70 | 51 | 34 | 12 | 2 | – | 169 |
| 22 | 110 | 60 | 46 | 11 | 2 | – | 229 |
| 23 | 136 | 68 | 60 | 37 | 10 | 8 | 319 |
| 24 | 302 | 155 | 47 | – | 19 | – | 523 |

(1986-ലെ കെട്ടിടനികുതി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം

## പാർപ്പിടരംഗത്തെ പ്രധാനപ്രശ്നങ്ങൾ

1. പറവൂർ മണിയംകുളം ആറിന്റെ വശങ്ങളിലും കടലോരപ്രദേശങ്ങളിലും താമസിക്കുന്നവരുടെ വീടുകൾ അപകടഭീഷണിയിലാണ്.
2. ഭവനരഹിതരും കാലവർഷക്കെടുതിയിൽ വീടു നഷ്ടപ്പെട്ടവരും ഉണ്ട്.
3. കുടിലുകളുടെയും കോളനികളുടെയും സ്ഥിതി ശോചനീയമാണ്.
4. വൈദ്യുതികണക്ഷൻ എല്ലാവീടുകൾക്കും ഇല്ല.
5. പട്ടികജാതിവിഭാഗത്തിന് പാർപ്പിടപ്രശ്നം രൂക്ഷമാണ്.
6. അംഗനവാടികൾക്ക് ചിലവാർഡുകളിൽ കെട്ടിടങ്ങളില്ല.
7. നിർമ്മാണസഹകരണസംഘങ്ങൾ, ഏജൻസികൾ ഇല്ല.
8. മത്സ്യത്തൊഴിലാളിമേഖലകളിൽ വീടുകളുടെ അവസ്ഥ ശോചനീയമാണ്. അവർക്ക് പ്രാഥമികാരോഗ്യകേന്ദ്രങ്ങളില്ല.
9. മിച്ചഭൂമിയിൽ താമസിക്കുന്നവരുടെ പട്ടയപ്രശ്നം.

### സാദ്ധ്യതകൾ

1. പെരുമ്പുഴ പയറ്റുവിളയിലും കൂററയിൽ പാറയിൽക്കാവ് പ്രദേശത്തും സ്ഥലംകണ്ടെത്തി ഹൗസിംഗ്ബോർഡുമായി സഹകരച്ച് വീടുകൾ ഉണ്ടാക്കി മണിയംകുളം പുഴയോരത്ത് താമസിക്കുന്നവരെ മാറ്റിത്താമസിപ്പിക്കുക.
2. മിച്ചഭൂമിയിലും പുറംപോക്കിലും താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുക.
3. ഭവനരഹിതരായ മത്സ്യത്തൊഴിലാളികളെ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാന്റ് ലഭ്യമാക്കുക. മാത്രമല്ല മറ്റുപദ്ധതികളിലൂടെയും വീടില്ലാത്തവർക്കു വീടും, ഓലമേഞ്ഞവീടുകൾക്ക് ഓടിടാനുള്ള സൗകര്യവും ലഭ്യമാക്കുക.
4. ഭവനരഹിതർക്കും ഭൂമിയില്ലാത്തവർക്കും വീടുണ്ടാക്കിക്കൊടുക്കുന്നതിന് ഗൾഫുനാടുകളിൽ നിന്ന് ഒരു ക്ഷേമനിധി രൂപീകരിക്കുക.
5. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് പി.റ്റി.എ കളുടെയും സന്നദ്ധസംഘടനകളുടെയും സഹായത്തോടെ കെട്ടിടം നിർമ്മിക്കാവുന്നതാണ്.
6. പണിതീരാത്ത വീടുകളുടെ പണിപൂർത്തിയാക്കുന്നതിന് സാമ്പത്തികസഹായവും ലോണുകളും ലഭ്യമാക്കണം.
7. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീടുണ്ടാക്കുന്നതിന് സഹായം നൽകണം.
8. ഭവനനിർമ്മാണത്തിന് നൽകപ്പെടുന്ന ലോണുകൾ, അവ നൽകുന്ന ഏജൻസികൾ എന്നിവയെക്കുറിച്ച് ജനങ്ങളെബോധവൽക്കരിക്കുന്നതിന് വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണപരിപാടികൾ നടത്തുക.
9. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് നിർദ്ദേശങ്ങളും, പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് നിർമ്മിതി കേന്ദ്രത്തിന്റെ ഒരു ശാഖ പറവൂരിൽ പ്രവർത്തനമാരംഭിക്കാൻനടപടികളെടുക്കണം.

10. ഭവനനിർമ്മാണവായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കണം.

## സാമൂഹ്യക്ഷേമം

സോഷ്യലിസത്തിലധിഷ്ഠിതമായ ഒരു സമൂഹം കെട്ടിപ്പെടുക്കുമ്പോൾ സമൂഹത്തിൽ ദുർബ്ബലവിഭാഗങ്ങളുടെയും വിശിഷ്യാ ദാരിദ്ര്യത്തിന് താഴെയുള്ളവരും പ്രത്യേക പരിഗണന അർഹിക്കുന്നു. അവരുടെ ക്ഷേമത്തിനുവേണ്ടി ചെലവാക്കന്ന പണം ഒരുപക്ഷേ പ്രത്യുത്പാദനപരമല്ലെങ്കിൽപോലും അത് സന്തുലിതമായ സാമൂഹ്യവ്യവസ്ഥിതിക്ക് അത്യന്താപേക്ഷിതമാണ്. ഇക്കാരണത്താലാണ് സമൂഹത്തിലെ ദുർബ്ബല അവശവിഭാങ്ങളുടെ ക്ഷേമത്തിനായി വിവിധതരം പെൻഷനുകളും, ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നത്. കേരളത്തിൽ സാമൂഹ്യക്ഷേമപദ്ധതികൾ യൂനിസെഫ് പോലുള്ള അന്താരാഷ്ട്ര ഏജൻസികളുടെ പ്രശംസപിടിച്ചു പറ്റിയിട്ടണ്ട് എന്ന കാര്യം ഈ സമയത്ത് സ്മരണീയമാണ്.

പരവൂർ നഗരപ്രദേശത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ആകെ എണ്ണം 2707 ആണ്. ഇവരിൽ 2092 പുരുഷന്മാരും 615 സ്ത്രീകളുമാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെനിൽക്കുന്നവരുടെ തൊഴിൽസ്ഥിതിയെക്കുറിച്ചുള്ള പട്ടിക.

പട്ടിക – 2

| സ്വയംതൊഴിൽ | | കൂലിപ്പണി | | ആകെ |
|---|---|---|---|---|
| പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | |
| 1021 | 211 | 1071 | 404 | 2707 |

ഈ പ്രദേശത്ത് വിധവകളുടെയും തൊഴിലില്ലാത്ത ചെറുപ്പക്കാരുടെയും എണ്ണം വളരെക്കൂടുതലാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഉദ്ധാരണത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും കേന്ദ്ര-സംസ്ഥാന സർക്കാർ പദ്ധതികളാണ് പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. സംഘടിത മേഖലയിലെ തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ നിലവിലുണ്ട്.

ക്ഷേമപദ്ധതികൾ പ്രധാനമായും 2 തരത്തിലുണ്ട്. കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ പൂർണ്ണനിയന്ത്രണത്തിലുള്ളവയും, തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾവഴി നടപ്പിലാക്കുന്ന പദ്ധതികൾ, പട്ടികജാതിവികസനകോർപ്പറേഷൻ, വനിതാ വികസനകോർപ്പറേഷൻ തുടങ്ങിയവയും സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്നു. ഇത്തരം സാമൂഹ്യക്ഷേമപദ്ധതികൾ പലതിനെക്കുറിച്ചും ഗുണഭോക്താക്കൾ അജ്ഞരാണ്. ശരിയായ ബോധവൽക്കരണം ലഭിക്കുന്നില്ല. തത്ഫലമായി അർഹതപ്പെട്ട വിഭാഗങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. നമ്മുടെ നഗരസഭയിൽ നടപ്പിലാക്കിവരുന്ന വിവിധ സാമൂഹ്യക്ഷേമപദ്ധതികളിൽ യു.ബി.എസ്.പി./ യു.പി.എ. പ്രോഗ്രാം; എൻ.ആർ.വൈ. എന്നിവയാണ് പ്രധാനപ്പെട്ടവ. 1991-92 കാലഘട്ടത്തിൽ യു.ബി.എസ്.പി. അനുസരിച്ച് 2000 ച.ശ്ര.അടി സ്ഥലത്ത് ആരോഗ്യം, പോഷകാഹാരം എന്നീ കാര്യങ്ങളുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്ന സൂചനകൾ പെയിന്റിൽ എഴുതി പരസ്യംചെയ്തിട്ടുണ്ട്. 1992-93 കാലഘട്ടത്തിൽ 80 കക്കൂസുകൾ കുഴിച്ച് നൽകിയിട്ടുണ്ട്. 1993-നു ശേഷം ഈ രംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ചിട്ടയായി നടത്തിയ റിപ്പോർട്ടുകളില്ല.

സംഘടിതമായ പണിയെടുക്കുന്ന തൊഴിലാളികൾ പ്രധാനമായും മത്സ്യത്തൊഴിലാളികളും കയർത്തൊഴിലാളികളും ആട്ടോ-ടാക്സി-ടെമ്പോ തൊഴിലാളികളും കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളുമാണ്. ഇതിൽ ഏറ്റവും കൂടുതൽ ആളുകൾ മത്സ്യബന്ധനം, കൃഷി, കയർ നിർമ്മാണപ്രവർത്തനമേഖലകളിൽ പണിയെടു ക്കുന്നു. ഇവരുടെ എണ്ണം 4200 ആണ്.

പട്ടിക –3

*സംഘടിതമേഖലയിലെ തൊഴിലാളികളുടെ പട്ടിക*

| | |
|---|---|
| മത്സ്യത്തൊഴിലാളികൾ | 2670 |
| കയർത്തൊഴിലാളികൾ | 1500 |
| ഹെഡ്‌ലോഡ് വർക്കേഴ്സ് | 75 |
| ആട്ടോ-ടാക്സി-ടെമ്പോ " | 150 |
| കർഷകത്തൊഴിലാളികൾ | 1200 |
| നിർമ്മാണത്തൊഴിലാളികൾ | 1500 |

മത്സ്യബന്ധനമേഖലയിലും അനുബന്ധ മേഖലയിലും പണിയെടുക്കുന്ന 2670-ഓളം തൊഴിലാളികളുണ്ട്. ഇതിൽ 525-ഓളംപേർ അനുബന്ധ മേഖലകളിൽ പണിയെടുക്കുന്നവരാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന 330 പേർ തീരപ്രദേശങ്ങളിലെയും 195 പേർ ഉൾനാടൻപ്രദേശങ്ങളിലെയും മത്സ്യത്തൊഴിലാളികളുമാണ്. ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ സ്ത്രീകൾ പ്രത്യക്ഷമായി തൊഴിലിൽ ഏർപ്പെടുന്നില്ല.

### പെൻഷൻ

ഈ പ്രദേശത്ത് പെൻഷൻ ആനുകൂല്യം ലഭിക്കുന്നവരിൽ വിധവാപെൻഷൻ ലഭിക്കുന്നവരാണ് കൂടുതൽ. 158 പേർക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക - 4

| പെൻഷൻ | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 48 | 10 | 58 |
| വിധവാപെൻഷൻ | 158 | - | 158 |
| കർഷകത്തൊഴിലാളി പെൻഷൻ | 38 | 21 | 59 |
| ഐ.എൻ.എ. പെൻഷൻ | 68 | 101 | 1693 |
| വികലാംഗപെൻഷൻ | 12 | 20 | 32 |
| തൊഴിലില്ലായ്മവേതനം | 200 | 25 | 225 |

ഐ.എൻ.എ. പെൻഷൻ ലഭിക്കുന്നവരിൽ 8 പുരുഷന്മാർ കേന്ദ്രപെൻഷനും 93 പുരഷന്മാർ സംസ്ഥാനപെൻഷൻ ലഭിക്കുന്നവരുമാണ്. പെൻഷൻലഭിക്കുന്ന സ്ത്രീകളിൽ 6 പേർ കേന്ദ്രപെൻഷനും 62 പേർ സംസ്ഥാനപെൻഷനും ലഭിക്കുന്നു

അർഹതപ്പെട്ടവർക്ക് പെൻഷൻ കിട്ടുന്നതിന് പല തടസ്സങ്ങളുമുണ്ട്. മുനിസിപ്പൽതലത്തിൽ ഇക്കാര്യം പരിശോധിക്കാവുന്നാണ്.

**അംഗൻവാടികൾ**

I.C.D.S.ന്റെ ചുമതലയിൽപ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സാമൂഹ്യക്ഷേമരംഗത്ത് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന 23 അംഗൻവാടികൾ പരവൂർ മുനിസിപ്പൽപ്രദേശത്ത് പ്രവർത്തിച്ചുവരുന്നു. 21 അംഗൻവാടികളിൽ 12 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടങ്ങളുള്ളു. ഒരെണ്ണത്തിനു മാത്രമേ (നമ്പർ. 88) സ്വന്തമായി ചുറ്റുമതിലുള്ളു. മിക്ക അംഗൻവാടികളിലും പ്രാഥമിക സൗകര്യങ്ങളില്ല. 5 അംഗൻവാടികളിൽ (നമ്പർ 82, 83,84,86,88) ഇലക്ട്രിഫിക്കേഷനുവേണ്ടി വയറിംഗ് ജോലികൾ നടത്തി ഫാൻ ഫിറ്റുചെയ്തിട്ടുണ്ടെങ്കിലും കണക്ഷൻ കിട്ടിയിട്ടില്ല. പ്രത്യേകഘടക പദ്ധതിപ്രകാരമുള്ള ഫണ്ടുപയോഗിച്ച് പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് മാത്രം വിതരണം ചെയ്യുന്ന യൂണിഫോം എല്ലാവിഭാഗം കുട്ടികൾക്കും കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. അംഗൻവാടികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുകയും കുട്ടികളുടെ ഫീഡിംഗ്സൗകര്യം മെച്ചപ്പെടുത്തേണ്ടതുമാണ്.

അംഗൻവാടികളിൽ ജോലിചെയ്യുന്നവർ സ്ത്രീകളായതുകൊണ്ട്തന്നെ ആ മേഖലകളിൽ ജോലിചെയ്യുന്നവരുടെ സേവനവേതനവ്യവസ്ഥകളെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്.

രാവിലെമുതൽ വൈകുന്നേരംവരെ ആരോഗ്യരംഗത്തെ ഗൃഹസന്ദർശനം ഉൾപ്പെടെ നാടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ ന്യായമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

സമൂഹത്തിലെ ദുർബ്ബലവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പാവപ്പെട്ട സ്ത്രീകളെ മാത്രം ഉൾപ്പെടുത്തി കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് സ്കീം (C.D.S.) രജിസ്റ്റർചെയ്ത് പ്രവർത്തിച്ചുവരുന്നു. ദാരിദ്ര്യനിർമ്മാർജ്ജനരംഗത്തും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നകാര്യത്തിലും സ്ത്രീജനങ്ങൾക്ക് വിവിധകാര്യങ്ങളെക്കുറിച്ച് അവബോധം നൽകുന്നതിനുള്ള ചർച്ചാക്ലാസ്സുകൾക്ക് നേതൃത്വപരിശീലനത്തിലും സാമ്പത്തികത്തിലും സ്വയംതൊഴിൽരംഗത്തും C.D.S.പ്രത്യേകമായ പ്രവർത്തനം നടത്തിവരുന്നു.

ഇതേ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കേരളാ സംസ്ഥാനത്താകമാനം പ്രവർത്തനപരിതിയുള്ള കേരള ഡവലപ്പ്മെന്റ് സൊസൈറ്റി (K.D.S.)യും രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. വിവിധ മേഖലകളിൽ പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് സമർപ്പിച്ച് കഴിഞ്ഞിട്ടുണ്ട്.

## ക്ഷേമനിധികളെക്കുറിച്ച്

**1. കയർത്തൊഴിലാളി ക്ഷേമനിധി**

പരവൂർ നഗരപ്രദേശത്ത് ധാരാളം സ്ത്രീകൾ പണിയെടുക്കുന്ന തൊഴിലാളികളും സ്വകാര്യവ്യക്തികളുടെ സ്ഥാപനങ്ങളിലും കളങ്ങളിലും പണിയെടുക്കുന്ന കുറഞ്ഞ ശതമാനം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുണ്ട്.

**2) കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി**

നിർമ്മാണത്തൊഴിലാളികൾ വളരെയധികമുള്ള ഈ പ്രദേശത്ത് ഈ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത് വളരെക്കുറച്ചുപേർ മാത്രമാണ്.

**3)ആഭരണനിർമ്മാണത്തൊഴിലാളി ക്ഷേമനിധി**

ആഭരണനിർമ്മാണത്തൊഴിലാളികൾ ധാരാളം ഉണ്ടെങ്കിലും ഇതുവരെ ഈ മേഖലയിലുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടില്ല. ക്ഷേമനിധി നടപ്പിലാക്കാനുള്ള ശ്രമം നടക്കേണ്ടതുണ്ട്.

**4). മത്സ്യത്തൊഴിലാഴി ക്ഷേമനിധി**

ഏറ്റവുംകൂടുതലാളുകൾ തൊഴിലെടുക്കുന്ന ഈ മേഖലയിൽ വളരെച്ചുരുക്കം ആളുകളേ നമ്മുടെപ്രദേശത്തെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളു.

**5). കൈത്തൊഴിലാളി-വിദഗ്ദ്ധത്തൊഴിലാളി ക്ഷേമനിധി**

ഫോട്ടോഗ്രാഫേഴ്സ്, ബീഡിത്തൊഴിലാളി, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ,തയ്യൽ എന്നീ മേഖലകളിലുള്ള തൊഴിലാളികൾക്ക്

ക്ഷേമനിധികൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും വളരെക്കുറച്ച്പേർമാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട ഇത്തരം ക്ഷേമനിധികളെക്കുറിച്ചുള്ള അറിവില്ലായ്മ, ചൂഷണത്തിനു വിധേയമാകൽ തുടങ്ങിയ പ്രശ്നങ്ങളെ തൊഴിലാളികൾ അഭിമുഖീകരിക്കേണ്ടിവരുന്നു. ക്ഷേമനിധികളെക്കുറിച്ചുള്ള ബോധവൽക്കരണം വാർഡടിസ്ഥാനത്തിൽ സംഘടിപ്പിക്കണം. ഇനിയും ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത എല്ലാ വിഭാഗം തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുക.

### 1. തൊഴിലില്ലായ്മവേതനം

പരവൂർ നഗസഭയിൽ തൊഴിലില്ലാത്തവരുടെ രജിസ്റ്റർചെയ്ത എണ്ണം 225 ആണ്. സ്ത്രീകൾ 200-ഉം പുരുഷന്മാർ 25 - മാണ്. ഇനിയും അർഹതപ്പെട്ട വളരെയേറെപേർക്ക് തൊഴിലില്ലായ്മ വേതനം ലഭ്യമാക്കേണ്ടതുണ്ട്.

### 2. പൊതുവിതരണം

നഗരസഭയിലകെ 15 റേഷൻകടകളുണ്ട്. നിലവിലുള്ള റേഷൻവിതരണം തൃപ്തികരമല്ല. ചില സമയങ്ങളിൽ ഗുണനിലവാരമില്ലാത്ത അരിയും മറ്റ് സാധനങ്ങളും വിതരണംചെയ്യുന്നു. ഇവകൂടാതെ ഒരു മാവേലിസ്റ്റോറും ഒരു കൺസ്യൂമർ കോ-ഓപ്പറേറ്റിവ് സൊസൈറ്റിയും പ്രവർത്തിക്കുന്നു. ഓണക്കാലങ്ങളിൽ സഹകരണബാങ്കുകളുടെ നേതൃത്വത്തൽ പൊതുവിതരണസമ്പ്രദായം നടത്തിവരുന്നു. പരവൂർ നഗരസഭയിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇന്നത് പൂർണ്ണമായും നിലച്ചുപോയി.

## സാമൂഹ്യക്ഷേമരംഗത്തെ പൊതുപ്രശ്നങ്ങൾ

1. ഗൾഫിൽനിന്നും തൊഴിൽനഷ്ടപ്പെട്ട് വരുന്നവരുടെ പ്രശ്നങ്ങൾ.
2. ന്യായവില പച്ചക്കറി സ്റ്റാളില്ല. ന്യായവില കൺസ്യൂമർ സ്റ്റോറുകളില്ല.
3. വൈദ്യുതിക്കക്ഷൻ ഇനിയും ലഭിക്കാത്ത അവസ്ഥ.
4. സർക്കാർ പെൻഷൻ പദ്ധതികളെക്കുറിച്ചും ക്ഷേമനിധികളെക്കുറിച്ചുമുള്ള അറിവില്ലായ്മ.
5. ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിൽ മാനദണ്ഡമില്ലായ്മ.
6. ലഹരിമോചനകേന്ദ്രങ്ങളില്ലായ്മ.
7. സ്ത്രീപ്രശ്നങ്ങൾ പരിഹരിക്കാനുള്ള വേദികളില്ല.
8. ഇന്ന് പരവൂരിൽനിലവിലുള്ള മുൻസിഫ്-മജിസ്ട്രേറ്റ് കോടതി പ്രത്യേകം തരംതിരിച്ച് മുൻസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയുമാക്കി മാറ്റാത്ത അവസ്ഥ.
9. യുവതീയുവാക്കാളിൽ കാണുന്ന ലക്ഷ്യബോധമില്ലാത്ത പ്രവർത്തനങ്ങൾ.
10. കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.

### പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1. ഗൾഫ് മലയാളികൾ ധാരാളമുള്ള പരവൂർ പ്രദേശത്ത് തിരിച്ചുവരുന്ന ഗൾഫ് മലയാളികളെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.
2. സർക്കാർ പെൻഷൻ പദ്ധതികളെക്കുറിച്ചും വിവിധയിനം ക്ഷേമപദ്ധതികളെക്കുറിച്ചും സാധാരണക്കാർക്കിടയിൽ ബോധവൽക്കരണം നടത്തുക.
3. വൃദ്ധജനസംരക്ഷണകേന്ദ്രം സ്ഥാപിക്കുക.
4. കോളനികളിലെ സാദ്ധ്യതയനുസരിച്ച് വായനശാല, റ്റി.വി.സെന്റർ എന്നിവ സ്ഥാപിക്കണം.
5. പുഞ്ചിറക്കുളം ഏലായിൽ അല്ലെങ്കിൽ പുക്കുളം ഏലായിൽ സ്റ്റേഡിയം നിർമ്മിക്കണം.
6. കയർത്തൊഴിലാളി സ്ത്രീകളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഡേ കെയർ സെന്ററും ക്രഷ് സൗകര്യങ്ങളും സ്ഥാപിക്കുക.
7. പരവൂർ ആയുർവ്വേദ ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കണം.
8. നാടൻകലകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
9. പൊഴിക്കരയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കണം.
10. പേവിഷ ഭീഷണി തടയുന്നതിന് വളർത്തു നായ്ക്കൾക്ക് ലൈസൻസും പ്രതിരോധ കുത്തിവയ്പും നടത്തുക.
11. വയലേലകളിലും കനാൽതീരത്തും, കടൽത്തീരത്തും, കായൽത്തീരങ്ങളിലും താമസിക്കുന്നവരെ പുനരധിവസിപ്പിക്കുക.
12. വികലാംഗർക്കുള്ള ക്ഷേമപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
13. കായൽ മേഖലയിൽ യന്ത്രവൽക്കൃത ആധുനികവൽക്കരണ സഹകരണം സംഘങ്ങൾ സ്ഥാപിക്കുക.
14. സമ്പൂർണ്ണമദ്യനിരോധനം ഏർപ്പെടുത്തണം.
15. മണിയംകുളംപാലം മുതൽ കൂട്ടൂർ പാലം വരെയുള്ള ആറിന്റെ വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കണം.
16. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കും മറ്റ് ദുർബ്ബലവിഭാഗങ്ങൾക്കും വീടുണ്ടാക്കിക്കൊടുക്കുന്നതിനുള്ള അടിയന്തിരനടപടികൾ

സ്വീകരിക്കണം.

17. ഭവനനിർമ്മാണത്തിൽ മുനിസിപ്പൽ നിയമത്തിൽ അയവുവരുത്തണം.
18. കുട്ടികളുടെയും മുതിർന്നവരുടെയും കായിക വികസനപരിശീലനം നടത്താനുള്ള നടപടികൾ സ്വീകരിക്കണം.
19. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്ന ഉല്പാദനപരമായ പ്രവർത്തനങ്ങൾ താഴെത്തട്ടിലുള്ളവരുടെ ജീവിതനിലവാരം ഉയർത്തുന്നതരത്തിൽ നിലനിർത്താൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള വേളയിൽ ഒരു പൊതുമാനദണ്ഡം ആവിഷ്ക്കരിക്കണം.
20. പരമ്പരാഗത തൊഴിൽ വൈദഗ്ദ്ധ്യം ലഭിക്കാനും കൂടുതൽ വരുമാനം ലഭിക്കാനും ചെറുകിടസഹകരണസംഘങ്ങൾ ആരംഭിക്കണം.
21. വിവിധതൊഴിൽ മേഖലകളിലെ തൊഴിലാളികളെ കിട്ടാനുള്ള അപര്യാപ്തത പരിഹരിക്കുന്നതിനും വേതനം ഏകീകരിക്കുന്നതിനും വിദഗ്ദ്ധതൊഴിലാളികളുടെ സഹകരണസംഘങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ രൂപീകരിക്കുന്നതിലൂടെ തൊഴിലാളികളെ സൗകര്യപ്രദമായി ലഭ്യമാക്കുന്നതിനും അവരുടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനും സഹായകരമായിരിക്കും.
22. പരവൂർ മുനിസിഫ്-മജിസ്ട്രേറ്റ് കോടതി പ്രത്യേകം തിരിച്ചു മുനിസിഫ് കോടതിയും മജിസ്ട്രേറ്റ് കോടതിയിമാക്കുക.
23. ഡി.വൈ.എസ്.പി. ഓഫീസ്, ഫയർ സ്റ്റേഷൻ എന്നിവ തുടങ്ങുക.
24. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് കെട്ടിട നിർമ്മാണപ്രവർത്തനങ്ങളിൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
25 കെട്ടിടനിർമ്മാണപ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് പരിശീലനം നൽകുക.
26. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിതരണത്തിൽ സിവിൽസപ്ലൈസ് ഇടപെടുക.
27. റേഷൻകടകളിലൂടെ ഗുണനിലവാരമുള്ള സാധനങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം.
28. നഗരസഭയിലെ റേഷൻകടകളുടെ പൂർണ്ണമായ അധികാരം നഗരസഭകൾ ഏറ്റെടുത്ത് ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്.
29. കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി മാറ്റുവാൻ നടപടികളുണ്ടാവുക.
30 പരവൂരിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കണം. ○



## 5.8 സംസ്കാരം

ഒരു ദേശത്തിന്റെ സാമൂഹ്യസാമ്പത്തിക വ്യവസ്ഥയുടെ സ്വഭാവം നിർണ്ണയിക്കുന്നത് അതിന്റെ അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഉത്പാദനബന്ധങ്ങളാണ്. ഈ അടിത്തറയുടെ മുകളിൽ കെട്ടിപ്പടുത്തിയിട്ടുള്ള മേൽക്കൂരയാണ് സംസ്കാരം. അടിത്തറയിൽ വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോൾ സാംസ്കാരിക ഉപരിഘടനയിലും അവയ്ക്കനുസൃതമായ മാറ്റങ്ങളുണ്ടാകും. അതേസമയം ഒരു ദേശത്തിന്റെ ജനവിഭാഗത്തിന്റെ സ്വത്വത്തെ നിർണ്ണയിക്കുന്ന സാംസ്കാരിക ഘടകങ്ങൾ അടിത്തറയിലെ അഴിച്ചുപണികളെ അതിജീവിക്കുകയും ചെയ്യും. പരവൂരിനെ സംബന്ധിച്ചിടത്തോളം നൂറ്റാണ്ടുകളായി നിലനിൽക്കുന്ന ഒരു സാംസ്കാരിക പാരമ്പര്യമുണ്ടായിരുന്നു. ഇതിന്റെ വിശദാംശങ്ങളൊക്കെത്തന്നെ ചരിത്രസാംസ്കാരിക പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്. ഇവിടെ എടുത്തുപറയേണ്ട ഒരുകാര്യം നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന ജനസമൂഹത്തിന്റെ പൊതുവായ സാംസ്കാരിക പാരമ്പര്യം ഉൾക്കൊണ്ടുകൊണ്ടും, കലാപരവും ശാസ്ത്രീയവുമായ നേട്ടങ്ങൾ സ്വാംശീകരിച്ചുകൊണ്ടും പരവൂരിലെ തലമുറകൾ മുന്നേറി എന്നുള്ളതാണ് വിവിധ കാലഘട്ടങ്ങളിലെ സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ മാറ്റങ്ങളെ അതിജീവിച്ചുകൊണ്ട് സമ്പന്നമായ ഒരു സംസ്കാരം ഇവിടെ നിലനിൽക്കാൻകാരണം സാംസ്ക്കരിക രംഗങ്ങളിൽ പ്രവർത്തിച്ചിരുന്നവർക്കുണ്ടായിരുന്ന ലക്ഷ്യബോധത്തോടുകൂടിയ പ്രവർത്തനങ്ങളായിരുന്നു. ഇക്കാരണത്താൽ തന്നെയാണ് മലയാളമണ്ണ് എക്കാലവുംഓർമ്മിക്കുന്നു ഒട്ടേറെ കവികളെയും കലാകാരന്മാരെയും സൃഷ്ടിക്കുവാൻ ഈ നാടിന് കഴിഞ്ഞത്.

### കലാസാംസ്ക്കാരിക പ്രസ്ഥാനങ്ങൾ

കലാസാംസ്ക്കരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന പ്രസ്ഥാനങ്ങൾ എക്കാലവും പരവൂരിലുണ്ടായിട്ടുണ്ട്. അവയിൽ പലതും അകാലമൃത്യുകൈവരിച്ചിട്ടുമുണ്ട്. കലയിലും സാഹിത്യത്തിലും പരിശീലനം നൽകിയിരുന്ന സ്ഥാപനങ്ങൾ ഇവിടെയുണ്ടായിരുന്നു. അത്തരം പ്രസ്ഥാനങ്ങളെക്കുറിച്ച് ചരിത്രപശ്ചാത്തലത്തിൽ വിവരിച്ചിട്ടുണ്ട്.

### സാംസ്ക്കാരിക രംഗത്തെ ഇന്നത്തെ അവസ്ഥ

പൂർവ്വികരുടെ സാസംക്കാരിക പാരമ്പര്യം നിലനിർത്തുവാൻ ഇന്ന് യുവതലമുറയ്ക്ക് കഴിയുന്നില്ല. സാംസ്ക്കാരികരംഗത്ത് സംസ്ഥാനത്തുടനീളമുണ്ടായ ഇടർച്ചകളും ലക്ഷ്യബോധമില്ലാത്ത പ്രവർത്തനങ്ങളും കൂട്ടായ്മയുടെ അഭാവവും കാരണങ്ങളാണ്. സംഗതികൾ ഇങ്ങനെയൊക്കെയാണെങ്കിലും ഇതരപ്രദേശങ്ങളെഅപേക്ഷിച്ച് പരവൂർ ഇന്നും സാംസ്ക്കാരിക പ്രവർത്തനങ്ങളിൽ മുന്നിലാണ്.

### നിലവിലുള്ള സമിതികൾ

പട്ടിക 1 - ൽ സമിതികളെയും അവയുടെ പ്രവർത്തനമേഖലകളെയും തരംതിരിച്ചെഴുതിയിട്ടുണ്ട്. ലഭ്യമായകണക്കുകൾ പ്രകാരം പരവൂർ മുനിസിപ്പാലിറ്റിയിലാകെ 36 കലാകായിക സമിതികൾ ഉണ്ടങ്കിലും അധികവും രജിസ്റ്റർ ചെയ്തവയല്ല.ഇതിൽ 11 എണ്ണം കലാരംഗത്ത് മാത്രം പ്രവർത്തിക്കുന്നതാണ്. 14 എണ്ണം കലാകായികരംഗത്ത് പ്രവർത്തിക്കുന്നു. കായികരംഗത്ത്പ്രവർത്തിക്കുന്ന 6 ക്ലബ്ബുകളും കലയും ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്ന 5 സമിതികളും ഉണ്ട്. ഇതിൽ ഫൈൻ ആർട്സ് സൊസൈറ്റി(ഫാസ്), മേള എന്നിവ മുനിസിപ്പൽ പ്രദേശം മുഴുവൻ പ്രവർത്തന മേഖലയായി എടുത്തു കൊണ്ടു അംഗങ്ങൾക്ക് വേണ്ടി പ്രതിമാസപ്രോഗ്രാം നടത്തി വരുന്നു. നാടകം,നൃ

ത്തം,സംഗീതം, ചിത്രരചന തുടങ്ങിയ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുക, കലാസാംസ്കാരിക ചർച്ചാ ക്ലാസുകളും ചലചിത്ര പ്രദർശനങ്ങളും, സമ്മേളനങ്ങളും സംഘടിപ്പിക്കുക, വിവിധ കലകളിൽ പരിശീലനം നൽകുക, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നൽകുകുക എന്നിവയാണ് ഈ സംഘടനകളുടെ ലക്ഷ്യങ്ങൾ കേരളത്തിലെ പ്രശസ്ത നാടകസമിതികളെയൊക്കെ ഫാസും, മേളയും രംഗത്തു അവതരിപ്പിച്ചിട്ടുണ്ട്.

പരവൂർ കുറുമണ്ടൽ ഭാഗത്തു പ്രവർത്തിക്കുന്ന നാട്യ പ്രത്യേക ഉദ്ദേശങ്ങളോടു പ്രവർത്തിക്കുന്ന സംഘടനയാണ്. പ്രസംഗം, ചിത്രരചന,പ്രഭാഷണം എന്നിവ അംഗങ്ങൾക്കായി നടത്തി വരുന്നു. സംസ്ഥാനതലത്തിൽ നൃത്തമത്സരവും ഈ സംഘടന സംഘടിപ്പിച്ചിട്ടുണ്ട്.

പരവൂർ തെക്കുംഭാഗത്ത് പ്രവർത്തിക്കുന്ന 'സ്മൃതി' വർഷം തോറും അഖില കേരള ഏകാങ്കനാടക മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മാത്രവുമല്ല സാസ്കാരിക ചർച്ചാക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. നവജീവൻക്ലബ്ബും തനതായ പ്രവർത്തനങ്ങൾ നടത്തി ശ്രദ്ധപിടിച്ചു പറ്റിയ ക്ലബ്ബാണ്.

കൂനയിൽ വിശ്വഭാരതി തിയറ്റേഴ്സ് വർഷം തോറും അഖില കേരള നാടകോത്സവം സംഘടിപ്പിക്കുന്ന ക്ലബ്ബാണ്. ജിവകാരുണ്യ പ്രവർത്തനങ്ങളും, കലാസാംസ്കാരിക പ്രവർത്തനങ്ങളും ഒരേസമയം നടത്തി പ്രശംസ പിടിച്ചുപറ്റി കൊണ്ടിരിക്കുന്ന ക്ലബ്ബുകളാണ്. ആക്ടിവ് - 41, കോസ്മോപോളിറ്റൻ ക്ലബ്ബ്, ലയൺസ് ക്ലബ്ബ് എന്നിവ.

പരവൂർ പി.പി.എ.സി നല്ലരീതിയിൽ പ്രവർത്തിക്കുന്ന ക്ലബ്ബാണ്. വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നാടകമത്സരങ്ങളും കവിയരങ്ങുകളും ഒക്കെ സംഘടിപ്പിച്ചു വരുന്നു. പരവൂർ ടൗൺ ക്ലബ്ബ്, പ്രിയദർശിനി, തൂലിക, പൊഴിക്കര ഫ്രൺസ് എന്നിവയും കലാരംഗത്ത സജീവമായി രംഗത്തുണ്ട്

പരവൂർ ദൃശ്യവേദി സാംസ്കാരിക രംഗത്ത് മികച്ച സംഭാവനകൾ നൽകികൊണ്ടിരുക്കുന്ന ഒരു സാംസ്കാരിക സമതിയാണ്. പല ക്ലബ്ബുകളും വാർഷിക പരിപാടികൾകൊണ്ട് സാന്നിദ്ധ്യം അറിയിക്കുന്ന ക്ലബ്ബുകളാണ്. ഉയർന്ന ആസ്വാദ നിലവാരവും സഹകരണ മനോഭവവും പുലർത്തുന്ന ഒരു സമുഹത്തെ വാർത്തെടുക്കാൻ കഴിയുന്നുണ്ടെങ്കിലും കലാപ്രതിഭകളെ കണ്ടെത്താനും, അവരം വളർത്തത്തക്കവിധത്തിൽ പരവൂരിൽ ഇന്നുള്ള കലാസമതികൾ വളരേണ്ടതുണ്ട്.

## ഗ്രന്ഥശാലകൾ, വായനശാലകൾ

ഇന്ന് പരവൂർ മുനിസിപ്പൽ പ്രദേശത്ത് ആകെ മൂന്ന് ഗ്രന്ഥശാലകളാണ് ഉള്ളത്. ഇതിൽ രണ്ടെണ്ണം ഗ്രന്ഥശാല സംഘത്തിന്റെ ഗ്രാന്റ് വാങ്ങി പ്രവർത്തിക്കുന്നവയാണ്. ഗ്രന്ഥശാലകളുടെ വിശദവിവരം പട്ടിക 2-ൽ കൊടുത്തിരിക്കുന്നു. ഒരു കാലത്ത് പരവൂരിലെ, കുട്ടികളും യുവജനങ്ങളും മുതിർന്നവരും തന്നെ ഈ ഗ്രന്ഥശാലകൾ ഫലപ്രദമായി വിനിയോഗിച്ചിരുന്നു. ഇന്ന് ഇവയൊന്നും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

❋ ❋ ❋ ❋ ❋ ❋

526

പട്ടിക -1

| ക്രമ നമ്പർ | സമിതിയുടെ പേര് | വാർഡ് | സ്വന്തമായി കെട്ടിടം | ടി.വി./ റേഡിയോ |
|---|---|---|---|---|
| | **ആർട്സ്** | | | |
| 1. | ഫൈൻആർട്സ് സൊസൈറ്റി | 24 | ഇല്ല | ഇല്ല |
| 2. | മേള ആർട്സ് സൊസൈറ്റി | 24 | ഇല്ല | ഇല്ല |
| 3. | വിശ്വഭാരതി തിയേറ്റേഴ്സ് | 12 | ഉണ്ട് | ഇല്ല |
| 4. | സ്മൃതിസാംസ്കാരികസമിതി | 18 | ഉണ്ട് | ഉണ്ട് |
| 5. | തൂലികാസാംസ്കാരികസമിതി | 23 | ഇല്ല | ഇല്ല |
| 6. | പ്രിയദർശിനി | 23 | ഇല്ല | ഇല്ല |
| 7. | വിവേകാനന്ദ | 2 | ഇല്ല | ഇല്ല |
| 8. | ശ്രീകൃഷ്ണാക്ലബ്ബ് | 20 | ഇല്ല | ഇല്ല |
| 9. | സെലക്ട് | 24 | ഇല്ല | ഇല്ല |
| 10. | ജവഹർ ബാലഭവൻ | 3 | ഇല്ല | ഇല്ല |
| 11. | മഹാകവി കെ.സി.കേശവപിള്ള മെമ്മോറിയൽ ഫൗണ്ടേഷൻ | 24 | ഇല്ല | ഇല്ല |
| | **ആർട്സ് & സ്പോർട്സ്** | | | |
| 1. | ബ്രദേഴ്സ് ആർട്സ് ആൻ സ്പോർട്സ് ക്ലബ്ബ് | 11 | ഇല്ല | ഇല്ല |
| 2. | നാട്യ | 3 | ഇല്ല | ഇല്ല |
| 3. | പൗർണ്ണമി ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 10 | ഉണ്ട് | ഉണ്ട് |
| 4. | പാരഡൈസ് ക്ലബ്ബ് | 12 | ഇല്ല | ഇല്ല |
| 5. | പി.പി.എ.സി. | 13 | ഇല്ല | ഇല്ല |
| 6. | ഫ്രണ്ട്സ് ആർട്സ് ക്ലബ്ബ് | 6 | ഉണ്ട് | ഉണ്ട് |
| 7. | യുവഭാവനാ സ്പോർട്സ് ക്ലബ്ബ് | 9 | ഉണ്ട് | ഉണ്ട് |
| 8. | കൈലാസ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 10 | ഇല്ല | ഇല്ല |
| 9. | ശിവാ ആർട്സ് & സ്പോർട്സ് ക്ലബ്ബ് | 12 | ഇല്ല | ഇല്ല |
| 10. | പ്രിയദർശിനി ക്ലബ്ബ് | 14 | ഇല്ല | ഇല്ല |
| 11. | സഹകരണക്ലബ്ബ് | 4 | ഇല്ല | ഇല്ല |
| 12. | യുവധാര | 4 | ഇല്ല | ഇല്ല |
| 13. | വൈ.എം.എ.സി. | 6 | ഉണ്ട് | ഉണ്ട് |
| 14. | നവജീവൻ ആർട്സ് ക്ലബ്ബ് | 6 | ഉണ്ട് | ഉണ്ട് |
| | **സ്പോർട്സ് ക്ലബ്ബുകൾ** | | | |
| 1. | ബാഴ്സലോണ | 16 | ഇല്ല | ഇല്ല |
| 2. | കൈരളി ജിംഖാന | 11 | ഇല്ല | ഇല്ല |
| 3. | ചലഞ്ചേഴ്സ് ക്രിക്കറ്റ് ക്ലബ്ബ് | | ഇല്ല | ഇല്ല |
| 4. | മൂന്നുമൂല | 2 | ഇല്ല | ഇല്ല |
| 5. | തെക്കുംഭാഗം ബ്രദേഴ്സ് ക്ലബ്ബ് | 17 | ഇല്ല | ഇല്ല |
| 6. | കൂനയിൽ ക്രിക്കറ്റ് ക്ലബ്ബ് | 10 | ഇല്ല | ഇല്ല |
| | **കല-ജീവകാരുണ്യം** | | | |
| 1. | ആക്ടീവ് 41 | 24 | ഇല്ല | ഇല്ല |
| 2. | കോസ്മോപൊളിറ്റൻക്ലബ്ബ് | 24 | ഇല്ല | ഇല്ല |
| 3. | ലയൺസ് ക്ലബ്ബ് | 24 | ഇല്ല | ഇല്ല |
| 4. | ദൃശ്യവേദി | 24 | ഇല്ല | ഇല്ല |
| 5. | പരവൂർ ടൗൺക്ലബ്ബ് | 24 | ഇല്ല | ഇല്ല |

പട്ടിക 2

| ക്രമ നമ്പർ | ഗ്രന്ഥശാലയുടെ പേര് | വാർഡ് | ഗ്രാന്റ് | റ്റിവി | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലി പ്രസിദ്ധികരണങ്ങളു ടെ എണ്ണം | മറ്റ് പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|
| 1 | ക്ഷേത്രപ്രവേശന വിളംബരഗ്രന്ഥശാല& വായനശാല | 3 | ഇല്ല | ഉണ്ട് | 11000 | 420 | 5 | സാംസ്കാരികം |
| 2 | ഉദാരശിരോമണി പത്മനാഭ സ്മാരക ഗ്രന്ഥശാല&വായനശാല | 6 | ഉണ്ട് | ഉണ്ട് | 7500 | 450 | 10 | സാംസ്കാരികം |
| 3 | വൈ എം. എ. സി ഗ്രന്ഥശാല&വായനശാല | 6 | ഉണ്ട് | ഉണ്ട് | 3500 | 250 | 6 | കലാകായിക സാംസ്കാരികം |

പട്ടിക 3

**വയനശാലയുടെ പേര്**

| ക്രമ നമ്പർ | പേര് | വാർഡ് | റ്റി.വി. | ആനുകാലിക പ്രസിദ്ധികരണങ്ങൾ | ഉപയോഗിക്കുന്ന ആളുകളുടെ ശതമാനം |
|---|---|---|---|---|---|
| 1. | YMAC& റീഡിംഗ് റൂം | 6 | ഇല്ല | 6 | 10 |
| 2. | കൂനയിൽ മുനിസിപ്പൽ വായനശാല | 10 | ഉണ്ട് | 4 | 6 |
| 3. | കെ.സി. കേശവപിള്ള മെമ്മോറിൽ വായലശാല | 1 | ഇല്ല | 3 | 5 |
| 4. | അലിയാർ മെമ്മോറിയൽ മുനിസിപ്പൽ വായനശാല | 21 | ഇല്ല | 2 | 3 |
| 5. | കൊച്ചാലും മൂട് വായനശാല | 8 | ഇല്ല | 3 | 5 |
| 6. | പാറയിൽ കാവ് സാംസ്കാരിക കോന്ദ്രം | 7 | ഉണ്ട് | 2 | 4 |
| 7. | ഇർഷാദുൻ അനാം | 19 | ഇല്ല | 2 | 2 |
| 8. | സ്മൃതി കലാസാംസ്കാരിക സമിതി | 18 | ഉണ്ട് | 4 | 5 |
| 9. | സഹൃദയ വായനശാല | 14 | ഉണ്ട് | 3 | 6 |
| 10. | നവജീവൻ | 6 | ഇല്ല | 2 | 4 |
| 11. | ഫ്രണ്ട്സ് | 6 | ഇല്ല | 3 | 4 |

ലഭ്യമായ കണക്കുകൾ പ്രകാരം 11 വായനശാലകൾ പരവൂരിലുണ്ട്. പട്ടിക 3 കാണുക പക്ഷെ അത് ഉപയോഗിക്കുന്ന ജനങ്ങളുടെ ശതമാനം വളരെ കുറവാണെന്ന് കാണാൻ കഴിയും. വായനശാലകൾ ഒരു പരിധിവരെ ജനങ്ങൾ ഉപയോഗിക്കുന്നുണ്ടങ്കിലും ആനു കാലിക പ്രസിദ്ധീകരണങ്ങൾ കുറവാണ്. ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങൾ ഉള്ള 4 എണ്ണമാണ്

പട്ടിക 4

| ഇനം | വീടുകളുടെ എണ്ണംശതമാനത്തിൽ |
|---|---|
| റേഡിയോ | 60 |
| ടേപ്പ്റെക്കോർഡർ | 50 |
| ടി.വി | 25 |
| കേബിൾ ടി.വി | 6 |

പട്ടിക 4 ൽ പരവൂരിലെ ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളുടെ ഉപയോഗം വിശകലനം ചെയ്തിരിക്കുന്നു. പരവൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു കേബിൾ ടി.വി റിലേകേന്ദ്രമുണ്ട്. ടി.വി ഉള്ള വീടുകളിൽ തന്നെ ടേപ്പ്റിക്കോർഡറും, റേഡിയോയുമുണ്ടാകും.വളരുന്ന തലമുറകളുടെ പഠനത്തെ സഹായിക്കുന്ന തരത്തിലുള്ള പ്രോഗ്രാമുകൾ ടി.വി.യിൽ ഇല്ലെന്നുള്ള വസ്തുത രക്ഷിതാക്കൾ ചൂണ്ടിക്കാട്ടേണ്ടതുണ്ട് .

പട്ടിക -5

ടി.വി. റേഡിയോ പാർക്കുകൾ

| ക്രമനമ്പർ | പേര് | വാർഡ് | റ്റി.വി/ റേഡിയോ |
|---|---|---|---|
| 1. | നെഹ്റു പാർക്ക് | 3 | ഉണ്ട് |
| 2. | മുനിസിപ്പൽ വായനശാല കൂനയിൽ | 10 | ഉണ്ട് |
| 3. | പൗർണ്ണമി കൂനയിൽ | 10 | ഉണ്ട് |
| 4. | യുവഭാവന കൂനയിൽ | 9 | ഉണ്ട് |
| 5. | യുവധാര ഒഴുകുപാറ | 8 | ഉണ്ട് |
| 6. | പെരിമ്പുഴ റേഡിയോപാർക്ക് | 5 | ഉണ്ട് |
| 7. | കൂനയിൽ (ഞാറോട്ട്) റേഡിയോപാർക്ക് | 12 | ഉണ്ട് |
| 8. | പുറ്റിങ്ങൽ റേഡിയോപാർക്ക് | 13 | ഉണ്ട് |

പരവൂരിൽ 8 റേഡിയോ /റ്റി.വി. പാർക്കുകളുണ്ട്. പക്ഷേ ഇതിനോട് ചേർന്ന് വായനാസൗകര്യം എല്ലാ പാർക്കുകളിലും ഇല്ല.

528

പരവൂരിലെ സിനിമാശാലകൾ

പട്ടിക 6

| ക്ര. നമ്പർ | സിനിമാശാലയുടെ പേര് | പ്രതിദിനം ഷോ കാണുന്നവരുടെ ശരാശരി എണ്ണം |
|---|---|---|
| 1. | സരോജാ ടാക്കീസ് | 300 |
| 2. | അരവിന്ദ് തീയേറ്റർ | 400 |
| 3. | സിന്ധു തീയേറ്റർ | 350 |
| 4. | പ്രസന്നാ തീയേറ്റർ | 400 |

പരവൂരിൽ 4 സിനിമാ തിയറ്ററുകളാണുള്ളത് ഇവിൽ ആദ്യംമുണ്ടായത് പരവൂർ സരോജാ ടാക്കീസ് ആണ്. പരവൂരിൽ ചലച്ചിത്ര പ്രതിഭകളെ സൃഷ്ടിക്കുന്നതിന് ഈ തീയേറ്ററിന്റെ സാന്നിദ്ധ്യം സഹായിച്ചിട്ടുണ്ട്. കലാമൂല്യങ്ങളുള്ള ചിത്രങ്ങൾ കാണുവാൻ ഈ പ്രദേശത്തെ ജനങ്ങൾ എന്നും ഉത്സാഹം കാണിച്ചിരുന്നു. 'ഷാലിവാഹൻ' എന്ന സിനിമയാണ് പരവൂരിൽ ആദ്യമായി പ്രദർശിപ്പിക്കപ്പെട്ട സിനിമ . പരവൂരിൽ സമീപ പ്രദേശങ്ങളിൽ സിനിമാശാലകളില്ലായിരുന്ന കാലത്ത് ഈ തിയറ്ററിൽ പുറത്ത് നിന്ന് സിനിമ കാണുവാൻ എത്തിയിരുന്നു. സിനിമാശാലകളിൽ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കാതിരിക്കാൻ നഗരസഭ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്.

## വീഡിയോ ലൈബ്രറികൾ

പരവൂരിൽ എട്ട് വീഡിയോ ലൈബ്രറി കളുണ്ട് പ്രതിദിനം 25 കാസറ്റുവീധം ഓരോ ലൈബ്രറികളിൽ പോകുന്നുണ്ടെന്ന് സർവ്വെ സൂചിപ്പിക്കുന്നു. തമാശകൾ കലർന്ന ചിത്രങ്ങൾക്കാണ് പരവൂരിൽ കൂടുതൽ പ്രചാരമുള്ളത്.

പട്ടിക 7

## ദിനപത്രങ്ങളും മാസികകളും

| റ്റി. | ദിനപത്രങ്ങൾ | എണ്ണം | മാസികൾ/വാരികൾ | എണ്ണം | കുട്ടികളുടെ മാസിക | എണ്ണം |
|---|---|---|---|---|---|---|
| 1. | കേരള കൗമുദി | 1380 | ഇന്ത്യാടുഡേ | 76 | പൂമ്പാറ്റ | 283 |
| 2. | ദേശാഭിമാനി | 416 | കേരളശബ്ദം | 100 | ബാലരമ | 261 |
| 3. | മാതൃഭൂമി | 1550 | കലാകൗമുദി | 106 | ബാലഭൂമി | 208 |
| 4. | മലയാള മനോരമ | 1615 | കന്യക | 28 | ബാലമംഗളം | 233 |
| 5. | രാഷ്ട്രദീപിക | 250 | ഗൃഹലക്ഷ്മി | 36 | കളിക്കുടുക്ക | 167 |
| 6. | മാധ്യമം | 50 | മംഗളം | 760 | മുത്തശ്ശി | 86 |
| 7. | ഹിന്ദു | 100 | മനോരമ | 756 | കസ്തൂരി | 73 |
| 8. | ഇന്ത്യൻ എക്സ്പ്രസ്സ് | 125 | മനോരാജ്യം | 26 | തളിര് | 242 |
| 9. | ടൈംസ് ഓഫ് ഇന്ത്യ | 10 | മഹിളാരത്നം | 128 | ടോംസ് കോമിക്ക് | 166 |
| 10 | ജന്മഭൂമി | 20 | സഖി | 16 | കുട്ടികളുടെദീപിക | 46 |
| 11. | ദീപിക | 20 | നാന | 207 | ബാലരമ അമർചിത്ര കഥ | 127 |
| 12 | മംഗളം | 53 | സിനിമ | 56 | | |
| | | | ചിത്രഭൂമി | 163 | ബാലമംഗളംഅമർ ചിത്രകഥ | |
| | | | ചിത്രകഥ | 56 | | |
| | | | ചിത്രം | 28 | | |
| | | | വെള്ളിനക്ഷത്രം | 73 | യുറീക്ക | 45 |
| | | | മാതൃഭൂമി | 32 | | |
| | | | ദേശാഭിമാനി | 23 | ശാസ്ത്രകേരളം | 25 |
| | | | ചിന്ത | 17 | | |
| | | | ശാസ്ത്രഗതി | 20 | | |
| | | | യുവധാര | 36 | | |
| | | | ജനയുഗം | 51 | | |

അവലംബം: പത്ര ഏജൻസി സർവേ

### പത്രമാസികകൾ

പരവൂരിൽ ഏറ്റവും കൂടുതൽ വിതരണം ചെയ്യപ്പെടുന്ന പത്രം മലയാള മനോരമയും വാരിക, മംഗളവുമാണ്. ഏറ്റവും കൂടുതൽ വിതരണമുള്ള മാസിക യുവധാരയാണ്. കുട്ടികളുടെയിടയിൽ ഏറ്റവും പ്രചാരമുള്ള മാസികയാണ് പൂമ്പാറ്റ. ഇന്ന് പരവൂരിൽ വിതരണംചെയ്യപ്പെടുന്ന പത്രമാസികകളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പട്ടിക 7 നോക്കുക.

### കായിക സംസ്കാരം.......................

ഒരു സമൂഹത്തിൽ നടത്തുന്ന വിവിധ കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവൻ ജനങ്ങളിലും വളർത്തിയെടുക്കാൻ കഴിയുന്ന സ്വഭാവവിശേഷങ്ങളുടെ ആകെത്തുകയാണ് കായികസംസ്കാരം. കുട്ടികളുടെ ശാരീരിക വികാസം അനുസ്യൂതവും താളക്രമത്തിലും ആകണമെങ്കിൽ കായികരംഗം വളർന്നെങ്കിലെ പറ്റൂ. ആരോഗ്യമുള്ള, ആത്മവിശ്വാസം ഉള്ള നേതൃത്വവാസനയുള്ള, പ്രശ്നങ്ങളെ സ്പോർട്സ്മാൻ സ്പിരിറ്റോടെ കാണുന്ന ടീം സ്പിരിറ്റുള്ള ഊർജ്ജസ്വലരായ ഒരു തലമുറയെ വാർത്തെടുക്കുവാനും നിലനിർത്താനും കായികസംസ്കാരത്തിലൂടെ മാത്രമെ കഴിയൂ. പക്ഷെ കായികരംഗത്തിന്റെ ചൈതന്യം തുളുമ്പുന്ന ഈ വശം കാണാൻ പലപ്പോഴും രക്ഷകർത്തൃസമൂഹം തയ്യാറാവുന്നില്ല എന്നത് ഖേദകരമാണ്. ഇത്രമാത്രം ശാരീരിക മാനസിക വളച്ചയുണ്ടെന്നുള്ളതാണ് ഒരു പ്രത്യേകപ്രായത്തിൽ ഒരാൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളുടെ പരിധി നിർണ്ണയിക്കുന്നതെന്ന വസ്തുത വിസ്മരിക്കാൻ പലരും തയ്യാറാകുന്നു.

കായികരംഗത്തെ പ്രോത്സാഹിപ്പിച്ചിരുന്ന തലമുറകളാണ് പരവൂരിലുണ്ടായിരുന്നത് ഫുട്ബോൾ,വോളിബോൾ,ബാഡ്മിന്റെൺ,കബഡി,

ഗുസ്തി, ചെസ്സ് തുടങ്ങിയരംഗങ്ങളിൽ പണ്ടുമു തലേ പരവൂർ പ്രശസ്തിനേടിയിരുന്നു. കായിക രംഗത്ത് അക്കാലത്ത് തിരുവിതാംകൂറിലും പുറത്തും വിദേശത്തും ഒക്കെ പ്രശസ്തിയാർജ്ജിച്ചവർ പരവൂരിലുണ്ട്. ഇവരെക്കുറിച്ചുള്ള വിവരങ്ങൾ ഒക്കെ തന്നെ ചരിത്ര സാംസ്കാരിക പശ്ചാത്തലത്തിൽക് സൂചിപ്പിച്ചിട്ടുണ്ട്. ഇന്ന് പരവൂരിൽ കായികരംഗത്ത് പ്രത്യകിച്ച് ശ്രദ്ധ കേന്ദ്രീകരിക്കുന്ന 7 ക്ലബ്ബുകളാണുള്ളത്. മുൻപു നിലനിന്ന കുറുപ്പ് ബ്രദേഴ്സ്, ജനകീയ കലാവേദി, കലാരംഗം എന്നീ ക്ലബ്ബുകൾ ഫുട്ബോളിൽ തിരുവതാംകൂറിൽ പ്രശസ്തിനേടിയിരുന്നു. ഇന്ന് ഈ പാരമ്പര്യം നിലനിർത്തുന്നവർ പരവൂർ ബ്രദേഴ്സ് ക്ലബ്ബ്, തെക്കും ഭാഗം ബ്രദേഴ്സ് ക്ലബ്ബ് തുടങ്ങിയവരാണ്. മുൻകാലങ്ങളിൽ(1980-84) വനിത ഫുട്ബോൾ ടീമും ഇതിൽ പ്രവർത്തിച്ചിരുന്നു. പരവൂർ ബ്രദേഴ്സ്ക്ലബ്ബ് ശ്രീകാന്ത് മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, തെക്കും ഭാഗം ബ്രദേഴ്സ് രാജൻ & കമാൽ എവറോളിംഗ് ട്രോഫിയും ഏർപ്പെടുത്തി വർഷംന്തോറും മത്സരങ്ങൾ നടത്തിവരുന്നു. കേരളത്തിലെ മികച്ച ഫുട്ബോൾടീമുകൾ ഇവിടെ മത്സരങ്ങൾക്കെത്തുന്നുണ്ട്. പരവൂരിൽ ജനിച്ചു വളർന്നു ഗുസ്തിയിൽ പ്രശസ്തിനേടി മലയാ ചാമ്പ്യൻവരെയായ കുമാരപിള്ളയുടെ ഓർമ്മക്കായി 1970 കളിൽ പരവൂരിൽ ഫുട്ബോൾ മത്സരങ്ങൾ നടത്തിയിരുന്നു.1943 മുതൽ വോളിബോൾ രംഗത്ത് പ്രശസ്തിനേടിയ പരവൂരിൽ വച്ചു അഖില കേരളവോളിബോൾ മത്സരങ്ങൾ നടത്തിയിട്ടുണ്ട്.എങ്കിലും ഇന്ന് ഈ രംഗത്തെ പ്രതാപം അസ്തമിച്ച നിലയിലാണ്.

പരവൂരിൽ ഫുട്ബോൾ ചരിത്രം തുടങ്ങുന്ന സമയത്തു തന്നെ ബാൾ ബാഡ്മിന്റൺ കളിയും സാർവത്രികമായി. ഷട്ടിൽ ബാഡ്മിന്റൺ രംഗത്തു 'സമാജ്റി ക്രിയേഷൻ'ക്ലബ്ബ് വിലപ്പെട്ടസംഭാവനകൾനൽകിയിട്ടുണ്ട്.ഇന്ന് ഈരംഗത്തു വളർന്നു വരുന്ന പ്രതിഭകൾ ഏറെയുണ്ട്.

കബഡി മത്സരത്തിൽ പരവൂർ ഏറെ ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്. നാഷണൽ ക്ലബ്ബിന്റെയും ലോക്കൽ ക്ലബ്ബിന്റെയും നേതൃത്വത്തിൽ മികച്ച ഒരു കബഡി ടീം പരവൂരിലുണ്ടായിരുന്നു. പരവൂർ പാരഡൈസ് സ്പോർടസ് ക്ലബ്ബ് ഈരംഗത്ത് വിലപ്പെട്ട സംഭാവന നൽകിവരുന്നു. പാരഡൈസ്, ശിവ, സഹൃദയ, സനന്ധു എന്നീ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലുള്ള കബടി മത്സരങ്ങൾ ഇന്നും പരവൂരിൽ സംഘടിപ്പിച്ചു വരുന്നു. എടുത്തു പറയേണ്ട ഒരുകാര്യം പരവൂരിലെ പെൺകുട്ടികൾ കബഡിരംഗത്ത് മുൻപ് മുന്നോട്ടു വന്നിരുന്നു എന്നുള്ളതാണ്. പെൺകുട്ടികൾ ഏറെ തിളങ്ങിയതും അവർ ഉത്സാഹത്തോടെ പങ്കെടുത്തതുമായ കായിക വിനോദവും കബഡിയായിരുന്നു. സംസ്ഥാന ടീമിന് വേണ്ടി കളിച്ച പല പെൺകുട്ടികളും പരവൂരിലുണ്ടായിരുന്നു. പക്ഷെ ഇന്ന് പിൻമാറിയമട്ടാണ്.

പരവൂരിന് ഏറെ പ്രീയമുള്ള മറ്റൊരു കായിക വിനോദമായിരുന്നു ഗുസ്തി. പേരെടുത്ത ഗുസ്തിക്കാർ പരവൂരിലുണ്ടായിരുന്നു.ഗുസ്തി മത്സരങ്ങൾ രണ്ട് പതിറ്റാണ്ട്മുൻപുവരെ പരവൂരിൽ സംഘടിപ്പിച്ചിരുന്നു.പരവൂരിൽ ജനിച്ചു വളർന്ന് ഗുസ്തിയിൽ പ്രശസ്തിനേടി മലയാ ചാമ്പ്യൻ വരെയായ ശ്രീകുമാരൻപിള്ളയുടെ പ്രതിമ മലയായിലെ ജൂറോൺ ശ്മശാനത്തിൽ സ്ഥാപിച്ചിണ്ട്. ഇന്നു പരവൂരിൽ ഈ രംഗത്തു പ്രീയം തീരെ ഇല്ലാതായി.കരാട്ടേയുടെ കാര്യത്തിൽ വിദ്യാർത്ഥികൾക്കു പ്രിയമുണ്ട്. കൈരളി ജിംഖാന കരാട്ടേയിൽ പരിശീനം നൽകുന്ന സ്ഥാപനമാണ്.

ചെസ് രംഗത്ത് നമ്മുടെ പ്രദേശം മുന്നിലായിരുന്നു. ചെസ് പ്രോത്സാഹിപ്പിക്കുന്നതിൽ പരവൂരിലെ എക്സ്സർവ്വീസ്മെൻസ് അസോസിയേഷൻ, തെക്കുംഭാഗം ചെസ്ക്ലബ്ബ് എന്നിവ രംഗത്തുണ്ടായിരുന്നു. ഇന്ന് ഇവരുടെ പ്രവർത്തനം മന്ദഗതിയിലാണ്. എങ്കിലും ധാരാളം പേർ ഇന്നും ഈ വിനോദരംഗത്തുണ്ട്.

പരവൂരിൽ ഇന്ന് വിദ്ധ്യാർത്ഥികൾ കബഡി, ഫുട്ബോൾ, വോളീബോൾ എന്നീ രംഗങ്ങൾ വിട്ട് ക്രിക്കറ്റിലേക്ക് പോയ കാഴ്ചയാണ് കാണുന്നത്. പല ക്ലബ്ബുകളും ക്രിക്കറ്റ് കളിയെ പ്രോത്സാഹിപ്പിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾ ക്രിക്കറ്റിന് മാത്രം അമിത പ്രാധാന്യം നൽകുന്നതു കൊണ്ടും ഇൻഡ്യയ്ക്ക് ആഗോളതലത്തിൽ ക്രിക്കറ്റിൽ കിട്ടുന്ന സ്ഥാനം കൊണ്ടുമാകാം ഈ രംഗത്തേക്ക് കുട്ടികൾ കൂടുതലായി തിരിയുന്നത്.

പരവൂരിന്റെ ഇന്ന് കായിക രംഗത്തുള്ള പിന്നോട്ടടിക്ക് പ്രധാനപ്രശ്നം കായികപരിശീലനത്തിനുള്ള സൗകര്യമില്ലായ്മതന്നെയാണ് എന്ന് വാർഡ്തല റിപ്പോർട്ടുകളിൽ സൂചിപ്പിക്കുന്നു. പരവൂർ കോട്ടപ്പുറം ഹൈസ്കൂളിന്റെ വകയായിട്ടുള്ള 75 സെന്റ് സ്ഥലവും തെക്കും ഭാഗം ഹൈസ്കുളിന്റെ ഒന്നരയേക്കർ സ്ഥലവും പുറ്റിംഗൽ, പാറയിൽകാവ്, ആയിരവില്ലി ക്ഷേത്രങ്ങളും മാത്രമാണ് ഇവിടുത്തെ യുവാക്കൾക്കുള്ള ഏക ആശ്രയം.

ഇനി വാർഡ്തല ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങളിലേക്കും പരിഹാരമാർഗ്ഗങ്ങളിലേക്കും കടക്കാം.

## കായിക കാലാ സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

1. 2,4,7,9,11,13,16,17,18,20,23,24 എന്നീ വാർഡുകളിൽ വായനശാലകളില്ല.
2. 9,16,17,19,21,22 വാർഡുകളിൽ കലാസമിതികളില്ല.
3. നിലവിലുള്ള വായനശാലകളിൽ വേണ്ടത്ര ആനുകാലിക പ്രസിദ്ധീകരണങ്ങളില്ല.
4. 9,11,12,15,16,17,19,20,21,22,23,24 എന്നീ വാർഡുകളിൽ പബ്ലിക്കിന് വേണ്ടി ഇലക്ട്രോണിക് മാധ്യമങ്ങളില്ല.
5. ഗ്രന്ഥശാലകൾ കാര്യക്ഷമമല്ല.
6. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരണത്താൽ കുട്ടികളിലും മുതിർന്നവരിലും വായനാശീലം കുറഞ്ഞുവരുന്നു.
7. സ്ത്രീകളിൽ വായനാശീലം കുറവാണ്.
8. കലാകായികരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.
9. നൃത്തം, ഡാൻസ്, നാടകം, സംഗീതം എന്നിവ അഭ്യസിക്കാനുള്ള സൗകര്യം തീരെ കുറവാണ്.
10. കലാപ്രതിഭകളെ കണ്ടെത്തി അർഹമായ പ്രോത്സാഹനം നൽകുന്നില്ല.
11. പ്രാചീന കലാരൂപമായ കമ്പടികളി, ദഫ്മുട്ട് എന്നീ ഗ്രാമീണ കായിക വിനോദങ്ങൾക്ക് നാശം നേരിടുന്നു.
12. പെൺകുട്ടികളെ കായിക കലാ രംഗത്ത് പ്രവർത്തിക്കുവാൻ രക്ഷകർത്താക്കൾ പൊതുവിൽ താൽപ്പര്യം കാണിക്കുന്നില്ല.
13. കുട്ടികൾക്കു മാത്രമായി ഗ്രന്ഥശാലകളില്ല.
14. കുട്ടികൾക്കുവേണ്ടിയുള്ള പാർക്കിന്റെ പരിസരം ആകർഷണീയമല്ല.
15. കായിക പരീശീലനത്തിന് സൗകര്യമുള്ള സ്റ്റേഡിയമോ പരിശീലകരോ ഇല്ല.
16. സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ കലാസമിതികൾക്ക് തുടർപ്രവർത്തനങ്ങൾക്ക് കഴിയുന്നില്ല.
17. വിവാഹചടങ്ങുകളുടെ ആർഭാടം വർദ്ധിച്ചു വരുന്നു.
18. ദൃശ്യ- ശ്രാവ്യ മാധ്യമങ്ങളുടെ അതിപ്രസരണം പൊതുവിൽ മുൻസിപ്പൽ പ്രദേശത്ത് നടക്കുന്ന കലാ കായിക രംഗത്തുള്ള പങ്കാളിത്തം കുറച്ചുകൊണ്ടു വരുന്നു.

## പരിഹാരങ്ങൾ

1. ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ലൈബ്രേറിയൻമാരെ നിയമിക്കുക.
2. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത സമിതികൾക്ക് കെട്ടിടമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുക.
3. വായനശാലകളില്ലാത്ത വാർഡുകളിൽ അത് തുടങ്ങുകയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.
4. നിലവിലുള്ള വായനശാലകളിലെ പ്രസിദ്ധീകരണങ്ങളിലെ എണ്ണം വർദ്ധിപ്പിക്കുക.
5. മുൻസിപ്പാലിറ്റിയിൽ ആധുനിക റഫറൻസ് ലൈബ്രറിയും സാംസ്ക്കാരിക കേന്ദ്രവും തുടങ്ങുക.
6. സ്ത്രീകളിലും കുട്ടികളിലും വായനാശീലം വളർത്തുവാൻ സഞ്ചരിക്കുന്ന ലൈബ്രറി തുടങ്ങുക.
7. കുട്ടികൾക്ക് വേണ്ടി മാത്രം വായനാശാലകൾ വാർഡുകളിൽ തുടങ്ങുക.
8. ഗ്രന്ഥശാലകളും വായനശാലകളും വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന വേദികളാക്കുക.
9. ടി.വി., റേഡിയോ പാർക്കുകളിൽ വായനാ സൗകര്യങ്ങൾ ഒരുക്കുക.
10. വിവഭസമാഹരണം വഴി മുനിസിപ്പൽ തല സ്റ്റേഡിയം നിർമ്മിക്കുകയും കായിക വിനോദങ്ങൾക്ക് പരിശീലനം ഏർപ്പെടുത്തുകയും ചെയ്യുക.
11. സസ്യഫലപുഷ്പമേളകൾ സംഘടിപ്പിക്കുക.
12. കലാസാംസ്ക്കാരിക സമിതികൾക്ക് ഒരു പൊതുജനവേദി രൂപീകരിച്ച് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും പ്രവർത്തനങ്ങൾക്ക് വാർഷിക കലണ്ടർ നിർമ്മിക്കുകയും ചെയ്യുക.
13. നാടൻ കലകൾ ഗ്രാമീണ കായിക വിനോദങ്ങൾ ഇവയെ പ്രോത്സാഹിപ്പിക്കുവാൻ മുൻസിപ്പൽ തല ആഘോഷങ്ങൾ സംഘടിപ്പിക്കുക.
14. രക്ഷിതാക്കളെ കായിക സംസ്ക്കാരത്തെക്കുറിച്ച് ബോധവാന്മാരക്കുക.
15. പ്രൈമറിതലം മുതൽ കായികപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുവാൻ പദ്ധതി ആവിഷ്ക്കരിക്കുക.
16. കായിക കലാപ്രതിഭകളെ സ്കൂൾ തലത്തിൽ നിന്നും കണ്ടെത്തി പരീശീലനം നൽകുക.
17. നീന്തൽ, ഡൈവിംഗ്, വാട്ടർപോളോ ഇവ പരിശീലിപ്പിക്കുവാൻ ഒരു അക്വാട്ടിക് ക്ലബ്ബ് തുടങ്ങുക.
18. ജൂനിയർ, സീനിയർ, വെറ്ററൻസ് എന്നീ നിലകളിൽ കായിക താരങ്ങൾക്ക് രജിസ്ട്രേഷൻ നൽകുക.
19. വെറ്ററൻസ് മീറ്റ് നടത്തുക.

20. ക..ട്ടികളുടെ ഒളിംമ്പിക്സും വൈറ്ററൻസ് ഒളിമ്പിക്സും നടത്തുക.
21. അമ്മമാർക്ക് വേണ്ടി യോഗാക്ലാസ്സുകൾ നടത്തുക.
22. വിവാഹാദി ചടങ്ങുകളുടെ ആർഭാടം കുറയ്ക്കാൻ ബോധവത്ക്കരണം നടത്തുക.
23. പെൺകുട്ടികൾക്കായി സൈക്കിൾ, കരാട്ടേ, കളരിപ്പയറ്റ് എന്നിവയുടെ പരിശീലനക്കളരികൾ ആരംഭിക്കുക.
24. പെൺകുട്ടികളുടെ കായിക വികസനത്തിന് പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക.
25. കയർ, തെങ്ങുകയറ്റം, കുട്ടനെയ്ത്ത്, ഓല മുടയൽ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെടുത്തി തൊഴിൽ മത്സരങ്ങൾ സംഘടിപ്പിക്കുക.
26. വിശേഷദിവസങ്ങളിൽ കൂട്ടഓട്ടം സംഘടിപ്പിക്കുക.
27. ഓണം, ക്രിസ്തുമസ്സ്, ബക്രീദ് എന്നിവ മുനിസിപ്പൽ തലത്തിൽ ആഘോഷിക്കുവാൻ പരിപാടികൾ ആസൂത്രണം ചെയ്യുക.
28. വാർഡുതലത്തിലും മുനിസിപ്പൽ തലത്തിലും കായിക കലാമേളകൾ സംഘടിപ്പിക്കുക.
29. തെക്കുംഭാഗം കേന്ദ്രീകരിച്ച് മുനിസിപ്പൽ ഗ്രന്ഥശാല തുടങ്ങുക.

ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും മറ്റാനുകാലിക പ്രസിദ്ധീകരണങ്ങളിലൂടെയും നിയന്ത്രണമില്ലാതെ വളർന്നുവരുന്ന സമാന്തരസംസ്ക്കാരം ഒരു മഹാപ്രവാഹമായി താങ്ങാൻ കഴിയാത്ത വിധം ശക്തിപ്രാപിക്കുന്നു. ഇതിനെതിരെ ഇൻഡ്യൻ ദേശീയതയുടെ ഭാഗമായി സ്വന്തം വ്യക്തിത്വത്തോട് വളർന്നു വന്ന നമ്മുടെ സംസ്കാരം ഒരു ലഘു പ്രവാഹമായിത്തീരുവാൻ നാം അനുവദിച്ചുകൂടാ.



533



## 5.9 വനിത

നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ പദവി സാമൂഹികം, സാമ്പത്തികം, ജനസംഖ്യാശാസ്ത്ര പരം, രാഷ്ട്രീയം തുടങ്ങിയ വിഭിന്നങ്ങളും സങ്കീർണ്ണങ്ങളുമായ അവസ്ഥകളെ ആശ്രയിച്ചിരിക്കുന്നു. ഏതുവിഭാഗം ജനതയുടെയും പദവി എന്നതുകൊണ്ട് ജനങ്ങൾ ഉദ്ദേശിക്കുന്നത് അവരുടെ സാമ്പത്തികാവസ്ഥകളോടുള്ള ഗാഢമായ ബന്ധത്തെയാണ്. സാമൂഹ്യ ശാസ്ത്രപരമായ അർത്ഥത്തിൽ സ്ത്രീകളുടെ പദവിയെ മൊത്തത്തിൽ മറ്റൊരുതരത്തിലാണ് കരുതപ്പെട്ടിരിക്കുന്നത്. ഇത് മറ്റുള്ളവരുമായി താരതമ്യപ്പെടുത്തുമ്പോഴുള്ള ഓരോരുത്തരുടെയും അവസ്ഥയെയാണ് ദ്യോതിപ്പിക്കുന്നത്.. അധീശത്വം, അധമത്വം, അധികാരം, സ്ഥാനമാനങ്ങൾ, നേട്ടങ്ങൾ, കോട്ടങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിലും ഇതിനെ വിലയിരുത്താൻ കഴിയും. വിശാലമായ അർത്ഥത്തിൽ നോക്കുകയാണെങ്കിൽ സ്ത്രീകൾക്ക് കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും വഹിക്കാൻ കഴിയുന്ന അവരുടെ പദവിയെ രണ്ടായിതിരിച്ചിട്ടുണ്ട്.

**1. ആർജിതമായ പദവി**

ഒരു വ്യക്തി തന്റെ സ്വന്തം കഴിവുകൊണ്ടും പ്രയത്നംകൊണ്ടും മത്സരങ്ങളിലൂടെയും പ്രത്യേകസിദ്ധികളുപയോഗിച്ചും അറിവുകൊണ്ടും സാമർത്ഥ്യംകൊണ്ടും നേടിയെടുക്കുന്ന പദവിയെയാണ് ആർജിതമായ പദവി എന്നു പറയുന്നത്.

**2. പോരാട്ടങ്ങളിലൂടെയും നിയമവ്യവസ്ഥകളിലൂടെയും നേടിയെടുക്കുന്ന പദവി.**

സാമൂഹ്യ അനാചാരങ്ങൾക്കെതിരെ പോരാടി നേടിയെടുക്കുന്ന പദവിയും ഇന്നനുഭവിച്ചു വരുന്ന അസന്തോഷകരമായ അവസ്ഥകളെ പരിഹരിക്കുന്നതിനായി നിയമനിർമ്മാണസഭ നടപ്പിലാക്കുന്ന നിയമവ്യവസ്ഥകളിലൂടെ നേടിയെടുക്കുന്ന പദവിയും ഇതിലുൾപ്പെടുന്നു. സ്ത്രീകളുടെ എണ്ണത്തിന്റെ കാര്യത്തിൽ ഇന്ത്യ ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ രാജ്യമാണ്. സമൂഹത്തിന്റെ ഉത്തമ താല്പര്യത്തെക്കരുതി ഇതുവരെ പ്രയോജനപ്പെടുത്താതിരുന്ന സ്ത്രീകളുടെ അനന്തമായ കഴിവുകളെ പ്രയോജനപ്രദമാക്കുകയും രാഷ്ട്രനിർമ്മാണപ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടുകയും ചെയ്യേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സജീവമായ പങ്കാളിത്തത്തോടെ മാത്രമേ ഇതിന്റെ മുഴുവൻ നേട്ടവും സാധിതപ്രദമാവുകയുള്ളു. സ്ത്രീകളുടെ പങ്കിനെ പുരോഗതിയുടെ മൊത്തം ചട്ടക്കൂട്ടിൽ വേറിട്ടുനിർത്തിക്കൊണ്ട് വീക്ഷിക്കാനാവില്ല. വിദ്യാഭ്യാസം, കുടുംബസൂത്രണം, ആരോഗ്യം, പോഷകാഹാരം എന്നിങ്ങനെയുള്ള വികസന നയങ്ങളുടെ വിജയമോ പരാജയമോ ചുരുക്കത്തിൽ രാഷ്ട്രനിർമ്മാണ പ്രക്രിയ മുഴുവനും സ്ത്രീകളുടെ സജീവമായ ഇടപെടലിനെയും പങ്കാളിത്തത്തെയും ആശ്രയിച്ചിരിക്കുന്നു.

ഒരുഭാഗത്ത് രാജ്യം ചില മേഖലകളിൽ കാര്യമായ പുരോഗതി നേടിയപ്പോൾ മറുഭാഗത്ത് സ്ത്രീകളുടെ പദവി ഉയർത്തുന്നതിനാവശ്യമായ കാര്യങ്ങളിൽ പ്രത്യേകിച്ച് ഈ ഗതിവേഗം നിലനിർത്താൻ കഴിഞ്ഞില്ല. സ്ത്രീകൾ പുരുഷമേധാവിത്വം മൂലമുള്ള ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും അവർക്ക് സമൂഹത്തിൽ വളരെ താഴ്ന്ന പദവിമാത്രം കല്പിച്ചുകിട്ടുകയും ചെയ്യുന്നു. പുരുഷന് തുല്യസമത്വം സ്ത്രീയുടെ മൗലികാവകാശമാണെങ്കിലും ഇന്നും അവർക്ക് അത് അപ്രാപ്യമാണ്. അനാവശ്യമായ സ്ത്രീധന സമ്പ്രദായം അങ്ങിങ്ങായി ഉണ്ടാകുന്ന സതിആചാരങ്ങൾ, സ്ത്രീധന കൊലപാതകങ്ങൾ, ലൈംഗികകുറ്റകൃത്യങ്ങൾ, മറ്റ്തരത്തിലുള്ള പീഡനങ്ങൾ, ഭാര്യാമർദ്ദനങ്ങൾ, ഉദ്യോഗസ്ഥകളായ സ്ത്രീകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ തുടങ്ങിയവ സ്ത്രീകളെ ഒഴിയാബാധയായി ഇന്നും പിൻതുടർന്നുകൊണ്ടിരിക്കുന്നു.

മറുപക്ഷത്ത് ധാരാളം സ്ത്രീകൾ പരമ്പരാഗതമായ വിലക്കുകൾ തകർത്ത് തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാൻവേണ്ടി പോരാടാനായി

534

വരുന്ന കാഴ്ച വളരെ പ്രോത്സാഹജനകമാണ്. നിരന്തരമായി അവരുടെ ശബ്ദം ഇപ്പോൾ തെരുവുകളിലും കോടതികളിലും ജനപ്രതിനിധി സഭകളിൽ പോലും മുഴങ്ങിക്കേൾക്കുവാൻ തുടങ്ങിയിരിക്കുന്നു. രാജ്യം വിജയശ്രീലാളിതമായി 21-ാം നൂറ്റാണ്ടുകളിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ സാമൂഹികനീതിയുടെ അടിസ്ഥാനത്തിൽ മാത്രമല്ല രാഷ്ട്രത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പുരോഗതിയെ അടിസ്ഥാന മാക്കിയും എത്രയുംവേഗം സ്ത്രീകൾക്ക് തുല്യത പുനഃസ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായിരിക്കുകയാണ്. അവരെ താഴ്ന്നപദവിയിൽനിന്നും ഉയർത്തി കുടുംബത്തിലും സമൂഹത്തിലും രാഷ്ട്രത്തിലും ഉന്നതമായ സ്ഥാനത്തിൽ പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു. അതിനായി സ്ത്രീകൾ സംഘടിച്ചും പുരുഷന്മാരോടൊപ്പം ചേർന്നുനിന്നും പോരാട്ടങ്ങൾ നടത്തേണ്ടതുണ്ട്.

കേരളത്തിൽ ബഹുഭൂരിപക്ഷം സ്ത്രീകളും വിദ്യാഭ്യാസം നേടിയവരാണ്. തൊഴിൽനേടുന്നതിനും തൊഴിൽ ചെയ്യുന്നതിനും വിദ്യാഭ്യാസത്തിനും നേടിയ അറിവുകൾ അവർ ഉപയോഗിക്കുന്നുണ്ടെങ്കിലും സമൂഹത്തിന്റെ ക്രിയാത്മകപുരോഗമനപ്രവർത്തനങ്ങളിൽ അവരുടെ പങ്ക് ഇപ്പോഴും തുലോം കുറവാണ്.

ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ 33% സംവരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വനിതകൾക്ക് ലഭിച്ചുവെങ്കിലും ഉയർന്നനിലവാരത്തിലേയ്ക്കുയരാൻ തെരഞ്ഞെടുക്കപ്പെട്ട വനിതാപ്രതിനിധികളിൽ നല്ലൊരു ശതമാനത്തിനും കഴിഞ്ഞിട്ടില്ല എന്ന് സർവ്വേകൾ തെളിയിക്കുന്നു.

അഖിലേന്ത്യാതലത്തിലെ 91-ലെ സെൻസസ് പ്രകാരം പുരുഷ-സ്ത്രീ അനുപാതം 1000 :1037 ആണ്. കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1000 : 1036 ആണ്. കൊല്ലം ജില്ലയിൽ ഈ അനുപാതം 1000 : 1022 ആണ്. പരവൂർ മുനിസിപ്പാലിറ്റിയിൽ ആകെ ജനസംഖ്യയിൽ 51.6% സ്ത്രീകളാണ് (1991 സെൻസസ്). 1981 മുതൽ 1996 വരെയുള്ള കാലയളവിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണെന്ന് കണ്ടെത്താൻ കഴിയും. പട്ടിക 1 നോക്കുക.

പട്ടിക - 1

| | | | ശതമാനം | | |
|---|---|---|---|---|---|
| വർഷം | സ്ത്രീ | പുരു. | സ്ത്രീ | പുരു. | ആകെ |
| 1981 | 18376 | 17186 | 51.67 | 48.33 | 35562 |
| 1991 | 19276 | 17999 | 51.6 | 48.4 | 37185 |
| 1996 | 20665 | 19295 | 52.44 | 47.56 | 39960 |

അവലംബം : മുനിസിപ്പൽ സെൻസസ് രേഖ, വാർഡ് സർവ്വേ

## വിദ്യാഭ്യാസം

വളരെ വർഷങ്ങൾക്കുമുമ്പുതന്നെ സ്ത്രീകൾ പുരുഷന്മാരോടൊപ്പം വിദ്യാഭ്യാസം നേടിയിരുന്ന പ്രദേശമാണ് പരവൂർ എന്ന് പഴയകാല ചരിത്ര വസ്തുതകളിൽ നിന്നും വ്യക്തമാകുന്നു. പരവൂരിൽ ഇംഗ്ലീഷ്സ്കൂൾ ആരംഭിച്ച കാലത്തുതന്നെ പെൺകുട്ടികൾ ഇംഗ്ലീഷ് വിദ്യാഭ്യാസം നേടുകയും ഡിഗ്രിനേടുകയും ചെയ്തിരുന്നു. ഇങ്ങനെയൊക്കെയാണെങ്കിലും സാക്ഷരതയിൽ സ്ത്രീകൾ പിന്നോക്കാവസ്ഥയിലാണ്. 1990 ലെ സാക്ഷരത പരിശോധിച്ചാൽ ഈ കാര്യം കൂടുതൽ വ്യക്തമാകും. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലും മത്സ്യത്തൊഴിലാളി വിഭാഗത്തിലും സ്ത്രീകളുടെ ഇടയിൽ നിരക്ഷരത കൂടുതലാണ്.

**1990 ലെ നിരക്ഷരതാ പട്ടിക-2**

| വിഭാഗം | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| പൊതുഅവസ്ഥ | 2808 | 1589 | 4397 |
| പട്ടികജാതി | 299 | 502 | 801 |

അവലംബം : സാക്ഷരതാസർവ്വേ

ഇന്ന് പരവൂർ നഗരസഭയിലെ ബഹുഭൂരിപക്ഷം പെൺകുട്ടികളും ഉന്നതവിദ്യാഭ്യാസത്തിലും സാങ്കേതിക വിദ്യാഭ്യാസത്തിലും ധാരാളമായി കടന്നുവരുന്നു. ഉപരിപഠനത്തിനായി പെൺകുട്ടികൾ പരവൂരിന് പുറത്തുപോകുന്ന അവസ്ഥയാണ് ഇന്നുള്ളത്. സ്കൂൾതലം മുതൽ ബിരുദാനന്തരബിരുദംവരെ വിജയശതമാനം പരിശോധിച്ചാൽ പെൺകുട്ടികൾ വളരെ മുന്നിലാണെന്ന് കാണാം. ബാങ്ക് ജീവനക്കാരിലും അദ്ധ്യാപനരംഗത്തും പുരുഷന്മാരെക്കാൾ ബഹുദൂരം മുന്നിലാണ് സ്ത്രീകൾ. പരവൂരിലെ വിവധ സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ത്രീ-പുരുഷ അനുപാതം പട്ടിക 3 ൽ കാണാം.

പട്ടിക -3

| ക്ര. നം. | സ്കൂൾ | അദ്ധ്യാപകർ | | |
|---|---|---|---|---|
| | | ആൺ | പെൺ | ആകെ |
| 1. | S.N.V.H.S. | 4 | 49 | 53 |
| 2. | K.H.S. | 4 | 34 | 38 |
| 3. | Govt. H.S. | 15 | 25 | 40 |
| 4. | Govt. U.P.S. | 7 | 17 | 24 |
| 5. | Govt. U.P.S. Kurumandal | 3 | 13 | 16 |
| 6. | Municipal Ayiravilli U.P.S. | 1 | 3 | 4 |
| 7. | Govt. L.P.S., Koonayil | 3 | 7 | 10 |
| 8. | K.L.P.S. Paravur | 1 | 9 | 10 |
| 9. | K.G.L.P.S. | - | 5 | 5 |
| 10. | Govt. Welfare L.P.S. Ozhukupara | 1 | 7 | 8 |

അവലംബം : സ്കൂൾതല സർവ്വെ

## ആരോഗ്യരംഗം

ഈ നഗരസഭയിലെ സ്ത്രീകളുടെ പൊതുവേയുള്ള ആരോഗ്യസ്ഥിതി സാമാന്യം തൃപ്തികരമാണ്. ഒരു പ്രൈമറി ഹെൽത്ത്സെന്റർ ഇവിടെ പ്രവർ ത്തിക്കുന്നു. ഈ പ്രൈമറി ഹെൽത്ത് സെന്ററിന്റെ സേവനം അപര്യാപ്തമാണ്. പരവൂർ നഗരസഭയിലെ ഗവൺമെന്റ് ഹോസ്പിറ്റലിൽ ഒരു ഗൈനക്കോള ജിസ്റ്റിന്റെ അഭാവം ഗൗരവമായി കാണേണ്ടതാണ്. ഇവിടെ 8 കുടുംബക്ഷേമ കേന്ദ്ര ങ്ങളുണ്ട്. 65% ദമ്പതികൾ സന്താനനിയന്ത്രണ പരിപാടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും മരണനിരക്ക് കുറവാണെന്ന് ആരോഗ്യകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട രേഖകൾ സൂചിപ്പിക്കുന്നു. സ്ത്രീകളുടെ ആയുർദൈർഘ്യം പുരു ഷന്മാരെക്കാൾ കൂടുതലാണ് (സ്ത്രീ 72 വയസ്സ്, പുരുഷൻ 70 വയസ്സ്)

## തൊഴിൽമേഖല

പരമ്പരാഗതതൊഴിൽ മേഖലയിലാണ് സ്ത്രീകൾ ഏറ്റവും കൂടുതൽ തൊഴിലെടുക്കുന്നത്. ഇന്ന് പരവൂരിൽ കയർമേഖലയിൽ 850 സ്ത്രീകളാണ് തൊഴിലെടുക്കുന്നത്. കൂടാതെ പരവൂരിന് സമീപ പ്രദേശത്തുള്ള കശുവണ്ടിമേഖലയിലും പരവൂരിൽ നിന്ന് ധാരാളം സ്ത്രീ തൊഴിലാളികൾ തൊഴിൽചെയ്യുന്നു. കശുവണ്ടിമേഖലയിൽ എന്നും തൊഴിൽ ലഭ്യമല്ല. മത്സ്യബന്ധനമേഖലയിൽ മത്സ്യവിപണനം, മത്സ്യ സംസ്കരണം എന്നിവയുമായി ബന്ധപ്പെട്ടും സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ട്. കൂടാതെ കൃഷി, മൃഗസംരക്ഷണം, ചെറുകിടവ്യവസായം, വ്യാപാരം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ തൊഴിലെടുക്കുന്നു.

ഉന്നതവിദ്യാഭ്യാസം ലഭിച്ച പെൺകുട്ടികൾ ഈ പ്രദേശത്ത് ധാരാളമുണ്ട്. പക്ഷേ സാങ്കേതിക വിദ്യാഭ്യാസം മറ്റ് തൊഴിൽ പരിശീലനം എന്നിവ ലഭിച്ചവർ കുറവാണ്. അദ്ധ്യാപനം, ബാങ്കിംഗ് മേഖല തുടങ്ങിയവയിൽ സ്ത്രീകൾ പണിയെടുക്കുന്നു. കൂടുതൽ ശാരീരികാദ്ധ്വാനം വേണ്ടിവരുന്ന തൊഴിലുമായി ബന്ധപ്പെട്ട സ്ത്രീകളുടെ എണ്ണം പട്ടിക- 4 ൽ കൊടുത്തിരിക്കുന്നു.

പട്ടിക - 4

| | തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം |
|---|---|---|
| 1. | കൃഷി | 2021 |
| 2. | കർഷകതൊഴിലാളി | 550 |
| 3. | മൃഗസംരക്ഷണം | 1250 |
| 4. | ചെറുകിട വ്യവസായം | 831 |
| 5. | കെട്ടിടനിർമ്മാണം | 612 |
| 6. | വ്യാപാരം | 220 |
| 7. | മറ്റുള്ളവ | 350 |

അവലംബം : വാർഡുസർവ്വേ

തൊഴിൽരംഗത്ത് സ്ത്രീകൾ അഭിമുഖീ കരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. പരമ്പരാഗത മേഖലയിലെ പ്രതിസന്ധികൾ തൊഴിലില്ലായ്മ വളർത്തുന്നു. സേവന വേതന വ്യവസ്ഥകളിൽ സ്ത്രീകൾ കൊടിയ ചൂഷണത്തെ നേരിടേണ്ടി വരുന്നു. പ്രത്യേകിച്ച് സ്ത്രീകൾ മാത്രം ജോലി ചെയ്യുന്ന തൊഴിൽമേഖലകളായ നൂൽനൂൽപ്പ്, കയർ, കൈത്തറി തുടങ്ങിയ മേഖലകളിൽ കൂലിനിരക്ക് വളരെ കുറവാണ്.

വേതനനിരക്കിന്റെ

പട്ടിക -5

| തൊഴിൽമേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 70 രൂപ | 90 രൂപ |
| നിർമ്മാണതൊഴിലാളി | 80 രൂപ | 100 രൂപ |
| കയർതൊഴിലാളി | 36 രൂപ | 50-60 രൂപ |

അവലംബം : നേരിട്ടെടുത്തത്.

കാർഷികമേഖലയിൽ സാർവ്വത്രികമായ മുരടിപ്പ്, സ്ത്രീകളുടെ തൊഴിലില്ലായ്മ കൂടുതൽ രൂക്ഷമാകുന്നു. പരവൂർ മുനിസിപ്പാലിറ്റിയിൽ കഴിഞ്ഞവർഷം 225 പേർ തൊഴിലില്ലായ്മ വേതനം വാങ്ങിയവരിൽ 200 പേർ വനിതകളായിരുന്നു. തൊഴിൽപരിശീലനം ഇല്ലായ്മ, തൊഴിലവസരങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ, സ്വയംതൊഴിൽ പദ്ധതികളെക്കുറിച്ചുള്ള അജ്ഞത ഇവയെല്ലാം സ്ത്രീകളുടെ തൊഴിലില്ലായ്മ വർദ്ധിപ്പിക്കാൻ കാരണമാകുന്നു. ഇതിന്റെയൊക്കെ ഫലമായി നിത്യദാരിദ്ര്യത്തിൽ വഴുതിവീഴുന്ന കുടുംബങ്ങൾ കൂടിവരുന്നു. സാമ്പത്തികവരുമാനം നേടുന്നതിനുള്ള അദ്ധ്വാനത്തിനുപുറമേ വീട്ടുജോലികൾകൂടി ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്ക് ശാരീരികവും സാമ്പത്തികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഏറെ അനുഭവിക്കേണ്ടി വരുന്നു.

തൊഴിലില്ലാത്ത സ്ത്രീകൾ ആഹാരം പാകം ചെയ്യുക, കുട്ടികളെ പരിചരിക്കുക തുടങ്ങിയ വീട്ടുജോലികളല്ലാതെ ആടുമാടുകളെ നോക്കുക, പുരയിടക്കൃഷിയുമായി ബന്ധപ്പെട്ട പണികൾ ചെയ്യുക, പച്ചക്കറിക്കൃഷി, വിറക്ശേഖരണം, തയ്യൽ തുടങ്ങി അനേകം കാണാപ്പണികളിൽ പരവൂരിലെ ബഹുഭൂരിപക്ഷം വനിതകളും ഏർപ്പെട്ടിരിക്കുന്നു. ഇതിനെല്ലാം പുറമേ കുടുംബത്തിൽനിന്നും പലതരത്തിലുള്ള പീഡനങ്ങളും അനുഭവിക്കേണ്ടി വരുന്നു.

പരവൂർ നഗരസഭയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ആകെ എണ്ണം 11063 ആണ്. ഇതിൽ പുരുഷന്മാർ 5436 ഉം, സ്ത്രീകൾ 5627 ഉം ആണ്. ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ നിലവിലുണ്ടെങ്കിലും ഈ കൂട്ടരുടെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള 15% കുടുംബങ്ങൾ പരവൂരിലുണ്ട്. സ്വയം അദ്ധ്വാനിച്ചും, മക്കളുടെ സംരക്ഷണത്തിലുമാണ് ഇത്തരം വീടുകൾ മുന്നോട്ടു പോകുന്നത്.

സാമൂഹ്യരംഗത്ത് വനിതകൾക്കിടയിൽ വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിയുന്ന സ്ഥാപനങ്ങളാണ് അംഗനവാടികൾ. അംഗനവാടികളിലുള്ള രണ്ടു തസ്തികകളിലും സ്ത്രീകളാണ് ജോലി ചെയ്യുന്നത്. അതുകൊണ്ട് തന്നെ ജോലിക്കനുസരിച്ചുള്ള വേതനം ലഭ്യമാകുന്നില്ല. പരവൂർ നഗരസഭയിലെ 24 വാർഡുകളായി 21 അംഗൻവാടികളുണ്ട്. ഇതിൽ 12 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളു. 9 അംഗനവാടിക്ക് സ്വന്തമായി സ്ഥലമില്ല. അതുകൊണ്ട്തന്നെ കെട്ടിടമില്ല. അംഗനവാടി പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

പരവൂർ നഗരസഭയിൽ വിവിധ പെൻഷനുകൾ ലഭിക്കുന്നത് കൂടുതലും സ്ത്രീക ൾക്കാണ് എങ്കിൽപ്പോലും ഇനിയും അർഹരായ ധാരാളം പേർ ഇത് കിട്ടാതെ നിൽക്കുന്ന അവസ്ഥ യാണ്. ആയതിനാൽ അർഹതപ്പെട്ട മുഴുവൻ സ്ത്രീകളെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള അടിയന്തിര നടപടികൾ വാർഡടിസ്ഥാനത്തിൽ ചെയ്യണം.

## സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ

പരവൂർ നഗരസഭയിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ താരതമ്യേന കുറവാണ്. എന്നാൽ സ്ത്രീപീഡനക്കേസുകൾ, സ്ത്രീധന മരണ മരണങ്ങൾ, സ്ത്രീ കൊലപാതകങ്ങൾ എന്നിവയെക്കുറിച്ചുള്ള രജിസ്ട്രേഡ് കേസുകൾ നിലവിലുണ്ട്.

സാമൂഹ്യപ്രവർത്തനങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും സ്ത്രീകളുടെ അദൃശ്യത, പങ്കാളിത്തക്കുറവ് എന്നിവ ഗൗരവമേറിയ പ്രശ്നങ്ങളാണ്. സംഘടനാപരമായും തൊഴിൽപരമായും വളരെയേറെ കഴിവുകളുണ്ടെങ്കിലും സ്ത്രീകളുടെ ആത്മവിശ്വാസമില്ലായ്മ, ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള വിമുഖത, കുടുംബപരമായ ബാദ്ധ്യതകൾ എന്നിവ സ്ത്രീകളുടെ പൊതുരംഗത്തെ അദൃശ്യതയ്ക്ക് കാരണങ്ങളാണ്. പരവൂരിലെ സ്ഥിതിയും ഏതാണ്ട് ഇങ്ങനെയായിരിന്നെങ്കിലും ഇപ്പോൾ കുറേശ്ശെ മാറ്റമുണ്ട്.

### മഹിളാസംഘടനകൾ

ജനാധിപത്യമഹിളാ അസ്സോസിയേഷൻ, മഹിളാ സംഘം, മഹിളാകോൺഗ്രസ്സ് മഹിളാ സമാജങ്ങൾ തുടങ്ങിയ വനിതാസംഘടനകൾ നഗരസഭയിലുണ്ട്. എസ്.എൻ.ഡി.പി., എൻ.എസ്.എസ്. തുടങ്ങിയ സാമുദായിക വനിതാസംഘടനകളും പരവൂരിലുണ്ട്.

### കായിക കലാ സാസ്കാരികരംഗം

കലാസാംസ്കാരിക രംഗങ്ങളിൽ പ്രശസ്തരായ വനിതകൾ ചുരുങ്ങിയതോതിലെങ്കിലും വളരെ മുമ്പേ പരവൂരിലുണ്ടായിരുന്നു. ഓണപ്പാട്ടുകളും തിരുവാതിരപ്പാട്ടുകളും സ്വന്തമായി നിർമ്മിച്ചു പ്രചരിപ്പിച്ചിരുന്ന കഥാകാരികൾ (പ്രതിഭാസമ്പന്നർ) ഇവിടെയുണ്ടായിരുന്നു എന്ന് ചരിത്രരേഖകൾ ചൂണ്ടിക്കാട്ടുന്നു. കേശവനാശാന്റെ മാതാവ് തയ്യിൽ കുഞ്ഞുകുറുമ്പ, കെ.സി. കേശവപിള്ളയുടെ ഭാര്യ കുഞ്ഞിഅമ്മ എന്നിവരുടെ സംഭാവനകൾ എടുത്തുപറയേണ്ടതാണ്. കുഞ്ഞിയമ്മ 'സംസ്കൃത വിദൂഷി' കൂടിയാണ്. പ്രൊഫ. കെ.എൻ. ഗോപാലപിള്ളയുടെ സഹധർമ്മിണിയായിരുന്ന എൽ.പൊന്നമ്മ (1908-1979) സംഗീതവിദൂഷിയും സാഹിത്യകാരിയുമായിരുന്നു. അവർ രചിച്ച "മാതൃകാ മാതാവ്" എന്ന ലേഖനപരമ്പര പ്രശസ്തി നേടി. ഒരു മഹിളാസമാജവും ബാലവാടിയും ഇവർ സ്ഥാപിച്ചു. എൽ.പൊന്നമ്മയുടെ ദേഹവിയോഗത്തിലുണ്ടായ ദുഃഖത്തെത്തുടർന്ന് പ്രൊഫ. കെ.എൻ.ഗോപാലപിള്ള പരവൂരിലെ ആദ്യത്തെ വിലാപകാവ്യമായ "ദയിയവിലാപം" രചിച്ചു. കോട്ടപ്പുറം വാണിവിലാസംവീട്ടിൽ ശ്രീമതി ലക്ഷ്മി തിരുവനന്തപുരം വി.ജെ.ടി ഹാളിൽ ശിവഗിരി പ്രതിഷ്ഠയോടനുബന്ധിച്ച് നടന്ന വനിതാസമ്മേളനത്തിന് അദ്ധ്യക്ഷയായിരുന്നു.

നിലവിലുള്ള നഗരസഭ ഭരണസമിതിയിൽ 8 വനിതാപ്രതിനിധികളുണ്ട്. അദ്ധ്യക്ഷപദവിയും വനിതയ്ക്കായി സംവരണം ചെയ്തിരിക്കുന്നു. നിലവിലുള്ള വനിതാഅംഗങ്ങളിൽ രണ്ടുപേർ ബിരുദാനന്തരബിരുദധാരികളും രണ്ടു ബിരുദധാരികളും നാലുപേർ എസ്.എസ്.എൽ.സി. വിദ്യാഭ്യാസവും സാങ്കേതികവിദ്യാഭ്യാസവും നേടിയിട്ടുള്ളവരുമാണ്.

ആതുരസേവനരംഗത്ത് സംസ്ഥാന ഗവൺമെന്റിന്റെ അവാർഡുനേടിയ ശ്രീമതി കെ.എൻ. ഭാനുമതി, 1983-ൽ വയലാർ കവിതാപാരായണത്തിന് രാഷ്ട്രപതിയിൽനിന്നും അവാർഡുനേടിയ ശ്രീമതി പി.എസ്. സുമം, ഏഷ്യാഡിൽ പങ്കെടുത്ത ശ്രീമതി സത്യഭാമ, കബഡി ചാമ്പ്യന്മാരായ ശ്രീമതി ആർ. സുധർമ്മ, ശോഭന, പ്രശസ്ത കാഥികമാരായ രത്നമണി സിസ്റ്റേഴ്സ്, ലീലാമണി എന്നിവർ സാമൂഹ്യകലാകായിക രംഗത്തെ പരവൂരിന്റെ അഭിമാനഭാജനങ്ങളാണ്.

നമ്മുടെ സമൂഹത്തിന്റെ സമസ്തമേഖലകളിലും നിലനിൽക്കുന്ന സ്ത്രീപ്രശ്നങ്ങൾ ഗൗരവമായി മനസ്സിലാക്കാനും അത് പരിഹരിക്കുന്നതിനുള്ള കൂട്ടായ ചർച്ചകൾ നടത്തേണ്ടതുമാണ്.

അതിനുശേഷവും സ്ത്രീപ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടില്ലെങ്കിൽ അവകാശങ്ങൾ നേടിയെടുക്കാൻ ശക്തമായ സമരപരിപാടികളുമായി മുന്നോട്ടുപോകേണ്ടതുണ്ട്.

### വനിതാരംഗത്തെ പ്രധാനപ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. സ്ത്രീകളുടെ ഉചിതമായ വിദ്യാഭ്യാസമില്ലായ്മ
3. സ്ത്രീകളുടെ തൊഴിൽമേഖലയിലെ വേതനക്കുറവ്
4. സ്വയംതൊഴിൽ സംരംഭ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.
5. അംഗനവാടികളുടെ പ്രശ്നങ്ങൾ. (സ്വന്തമായി സ്ഥലം, കെട്ടിടമില്ല, പ്രാഥമിക സൗകര്യങ്ങളില്ല, അംഗനവാടി ജീവനക്കാരുടെ കുറഞ്ഞ വേതനം)
6. മദ്യപാനവും, വ്യാജചാരായവിൽപ്പനയും സ്ത്രീകൾക്ക് പ്രശ്നമാണ്.
7. കയർതൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിന് പ്രത്യേകപദ്ധതിയില്ല.
8. പൊതുരംഗത്തേയ്ക്ക് കടന്നുവരാനുള്ള സ്ത്രീകളുടെ വൈമനസ്യം.
9. സ്ത്രീ സാക്ഷരതാ പ്രവർത്തനം ഇല്ല.
10. സ്ത്രീകൾക്കായി ചെറുകിട വ്യവസായ സ്ഥാപനങ്ങളില്ല.
11. തൊഴിൽ പരിശീലനമില്ല.

### സ്ത്രീപ്രശ്നങ്ങളുടെ പരിഹാരങ്ങൾ/ നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വനിതാസഹകരണ സംഘങ്ങൾ ആരംഭിക്കണം.
2. സാക്ഷരതാ പ്രവർത്തനം തുടർപ്രവർത്തനമാക്കുക. അതോടൊപ്പംതന്നെ മത്സ്യത്തൊഴിലാളി രംഗത്തെ സ്ത്രീകൾക്കുമാത്രമായി സാക്ഷരതാ ക്ലാസ്സുകൾ ആരംഭിക്കുക.
3. സ്ത്രീകൾക്ക് സ്ഥിരമായി വരുമാനം ഉണ്ടാകുന്ന ജോലി ലഭ്യത ഉറപ്പാക്കുന്ന പദ്ധതികൾ ആരംഭിക്കുകയും തുല്യജോലിയ്ക്ക് തുല്യവേതനം ഉറപ്പാക്കുകയും ചെയ്യുക.
4. വനിതാവ്യവസായത്തിന് ഒരു ചാരിറ്റബിൾ സൊസൈറ്റി രൂപീകരിക്കുക.
5. സ്ത്രീ കുടുംബനാഥകളായിട്ടുള്ള നിർദ്ധന കുടുംബങ്ങൾക്ക് സാമ്പത്തികസഹായവും പാർപ്പിട സൗകര്യവും ഉറപ്പാക്കുക.
6. തൊഴിലവസരങ്ങൾ, തൊഴിൽനിയമം, തൊഴിൽ പരിശീലനം എന്നിവ ഏർപ്പെടുത്തുക.
7. ചെറുകിട വ്യവസായ സംരംഭങ്ങൾ (ടെയിലറിംഗ്, എംബ്രോയിഡറി, റെഡിമെയ്ഡ് ഗാർമെന്റ്സ്, മെഴുകുതിരി നിർമ്മാണം, ചന്ദനത്തിരി, അച്ചാർ, കരകൗശല വസ്തുക്കളുടെ നിർമ്മാണം, മൃഗസംരക്ഷണം, പഴ സംസ്കരണം തുടങ്ങിയവയുടെ യൂണിറ്റുകൾ) ആരംഭിക്കുന്നതിന് ധനസഹായവും തൊഴിൽ പരിശീലനവും നൽകുക.
8. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക തന്മൂലം സ്ത്രീപീഡനം ഒരു പരിധിവരെ തടയാൻ കഴിയും.
9. സ്ത്രീ സംരക്ഷണത്തിനായി മുനിസിപ്പൽ തലത്തിൽ വനിതാ ലീഗൽസെൽ രൂപീകരിക്കുക.
10. അംഗനവാടികൾ ഇനിയും ആവശ്യമാണ്. അതൊടൊപ്പം തന്നെ നിലവിലുള്ള അംഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും നൽകുകയും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.
11. മഹിളാ വായനശാല, മഹിളാഗ്രന്ഥശാല എന്നിവ സ്ഥാപിക്കുക. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ സഞ്ചരിക്കുന്ന വായനശാല, സഞ്ചരിക്കുന്ന ഗ്രന്ഥശാല എന്നിവ സ്ഥാപിക്കുക.
12. കയർത്തൊഴിലാളി സ്ത്രീകൾക്ക് ക്ഷേമനിധിയും ഭവനനിർമ്മാണവായ്പയും നൽകുന്നതോടൊപ്പം ടി തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് ക്രഷ്സൗകര്യം ഏർപ്പെടുത്തുക. ഒപ്പം വിദ്യാഭ്യാസത്തിന് ധനസഹായവും പഠനോപകരണങ്ങളും നൽകുക.
13. വൃദ്ധസദനങ്ങൾ സ്ഥാപിക്കുക.
14. മത്സ്യമേഖലയിൽ ഫിഷറീസ് ആശുപത്രി സ്ഥാപിക്കുക ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉറപ്പാക്കുക.
15. ഭക്ഷ്യസംസ്കരണശാല സ്ഥാപിക്കുക.
16. പ്ലംബിംഗ്, പുകയില്ലാത്ത അടുപ്പ് ഫിറ്റിംഗ്, ഓട്ടോ ഡ്രൈവിംഗ് തുടങ്ങിയ മേഖലയിൽ വനിതകൾക്ക് തൊഴിൽപരിശീലനം നൽകുക.
17. പ്രൈമറി വിദ്യാഭ്യാസം മുതൽ സ്ത്രീപുരുഷ സമത്വബോധം കുട്ടികളിൽ വളർത്തിയെടുക്കാനുള്ള പാഠ്യപദ്ധതി രൂപീകരിക്കുക.
18. പറവൂർ പ്രദേശത്ത് ഏകദേശം ഒരുലക്ഷത്തോളം നോട്ടുബുക്കുകൾ ആവശ്യമായി വരുന്നു. ഒരു നോട്ടുബുക്കു നിർമ്മാണശാല സ്ഥാപിച്ചാൽ സ്ത്രീകൾക്ക് സ്വയംതൊഴിൽ സാദ്ധ്യത ഉളവാകാം.
19. സമൂഹത്തിൽ നിലവിലുള്ള പ്രിയദർശിനി വനിതാ കൺസ്യൂമർ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
20. സമൂഹത്തിൽ ഇന്നുള്ള സ്വാതന്ത്ര്യം പരിമിതമാണ്. പുരുഷ മേധാവിത്വം മൂലം സ്ത്രീകൾ

ക്ക് പുരുഷനോടൊപ്പം ഉയരാൻ കഴിയുന്നില്ല. അതുകൊണ്ട് സ്ത്രീപ്രശ്നങ്ങളെക്കുറിച്ച് പുരുഷന്മാരിൽ ബോധവൽക്കരണം നടത്തുക.

21. മെച്ചപ്പെട്ടയിനം പശുക്കൾ, ആടുകൾ, കോഴികൾ എന്നിവയെ തൊഴിലില്ലാത്ത യുവതികൾക്ക് നൽകി തൊഴിലില്ലായ്മ പരിഹരിക്കുകയും ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിക്കണം. ഇവർക്കു നൽകുന്ന പശുക്കൾക്കും വീട്ടുപക്ഷികൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
22. ഗവ. രാമറാവു ആശുപത്രിയിൽ വനിതകൾക്കായി നഴ്സിംഗ് പാരാമെഡിക്കൽ കോഴ്സ് പരിശീലനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
23. പറവൂർ ഗവ. രാമറാവു ഹോസ്പിറ്റലിനോട് ചേർന്നുള്ള പുരയിടത്തിൽ വനിതാസഹകരണ സംഘം രൂപീകരിച്ച് കൃഷിഭവന്റെ മേൽനോട്ടത്തിൽ പച്ചക്കറി, ഔഷധസസ്യം, പൂക്കൃഷി എന്നിവ നടത്തുക.

സ്ത്രീകളുടെ പദവിയിലുള്ള മാറ്റം നമ്മുടെ സാമൂഹ്യ പ്രക്രിയയിലെ ദീർഘകാല പരിപാടിയാണ്. ഇതിന് സാമൂഹ്യ മാറ്റത്തിൽ താല്പര്യമുള്ള എല്ലാ പുരോഗമന ചിന്താഗതിക്കാരുടെയും നിരന്തരമായ പരീക്ഷണങ്ങളും നിർണ്ണയവും ആവശ്യമാണ്. കഴിഞ്ഞ രണ്ടുദശാബ്ധങ്ങളായി സ്ത്രീകളുടെ പദവിയെ താഴ്ത്താൻ കാരണമായ താഴെപ്പറയുന്ന ഘടകങ്ങളെ ഹ്രസ്വമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

1. സാമൂഹ്യക്രമത്തിൽ കാതലായ മാറ്റം വരുത്തുന്നതിന് ചട്ടങ്ങളും നിയമങ്ങളും ശക്തമായ ആയുധങ്ങളാണ്. ഇതിലൂടെ അസമത്വവും ചൂഷണവും കുറയ്ക്കാനും അതുവഴി അതില്ലാതാക്കാനും സാധിക്കും. നിയമംകൊണ്ടുമാത്രം സമൂഹത്തെ മാറ്റാൻ കഴിയില്ലെന്നുള്ള കാര്യം മറക്കാൻ പാടുള്ളതല്ല. നിയമത്തെ കൂടുതലായി അവലംബിക്കുന്നത് അഭിലഷണീയമോ ആശാസ്യമോ അല്ല. എത്ര പെട്ടെന്ന് നിയമങ്ങൾ നടപ്പിലാക്കിയാലും ചിന്താഗതികളിലും ആചാരങ്ങളിലും അവസ്ഥകളിലും മാറ്റങ്ങൾ വരുത്താൻ സാധിക്കുകയില്ല. നിയമനിർമ്മാണം സാമൂഹിക സമത്വങ്ങൾക്കെതിരായ ഒരു ശക്തമായ മാർഗ്ഗമാണെങ്കിലും അത് അവസാന വാക്കല്ല.
2. തങ്ങളുടെ ദുരിതങ്ങൾ പരിഹരിക്കുവാനുതകുന്ന സാമൂഹ്യനിയമങ്ങളെപ്പറ്റി നഗരവാസികളായ മിക്ക സ്ത്രീകളും ഗ്രാമവാസികളായ ഏകദേശം മുഴുവൻപേരും അജ്ഞരാണ്. മാറ്റങ്ങൾ നടപ്പിലാക്കിയത് നഗരസംസ്കാരത്തിന് കുറെയൊക്കെ വ്യത്യാസം വരുത്തിയെങ്കിലും ഗ്രാമവാസികളായ സ്ത്രീകളെ സംബന്ധിച്ച് ഇതിനെക്കുറിച്ചുള്ള അറിവ് വളരെ കുറവോ അല്ലെങ്കിൽ തീരെ ഇല്ലാത്ത അവസ്ഥയിലോ ആയിരുന്നു എന്ന വസ്തുത സർക്കാരിന് അനുഭവപ്പെട്ടിരുന്നു.
3. സംസ്ഥാനവും സമൂഹവും സ്ത്രീയും കൂട്ടായി മാറ്റത്തിന്റെ പ്രക്രിയയെ ആസൂത്രിതവും ആലോചനാപൂർവ്വവുമായി ത്വരിതപ്പെടുത്തേണ്ടതാവശ്യമാണ്.
4. സാമൂഹ്യ അനാചാരങ്ങൾക്കും ലൈംഗിക കുറ്റകൃത്യങ്ങൾ ലിംഗനിർണ്ണയ പരീക്ഷണങ്ങൾ, പെൺ ശിശുമരണനിരക്ക്, വിവാഹസമയത്തെ ധാരാളിത്തം, സ്ത്രീധനം, ബാലതൊഴിലാളികൾ, വ്യഭിചാരം, ശൈശവവിവാഹം തുടങ്ങിയ പീഡനപ്രവൃത്തികൾക്കും എതിരായി പൊതുജനാഭിപ്രായം ഉണ്ടാക്കിയെടുക്കുന്നതിന് സമൂഹവും സാമൂഹ്യ സംഘടനകളും പ്രത്യേകിച്ച് സ്ത്രീകളുടെ സംഘടനകളും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു. നിയമപരമായ അവകാശങ്ങളെപ്പറ്റി പ്രചാരണവും വ്യാപനവും നടത്തുകവഴി ഇക്കാര്യത്തിലുള്ള സ്ത്രീകളുടെ അവബോധം വർദ്ധിപ്പിക്കാൻ കഴിയും.
5. സംസർഗ്ഗത്തിന്റേതായ ഒരു പ്രക്രിയയിലൂടെ മാതാപിതാക്കളെ തങ്ങളുടെ കുട്ടികളെ ലിംഗപരമായ വിവേചനം കൂടാതെ വളർത്തിക്കൊണ്ടുവരുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവാന്മാരാക്കാവുന്നതാണ്. വിദ്യാലയങ്ങളും അദ്ധ്യാപകരും പുതിയ തലമുറയ്ക്ക് ആവശ്യമായ മാറ്റങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള കടമയും ഏറ്റെടുക്കേണ്ടിയിരിക്കുന്നു.
6. കുട്ടികളുടെയും വിദ്യാഭ്യാസമില്ലാത്തവരുടെയും മനസ്സിനെ സിനിമയ്ക്ക് കൂടുതൽ സ്വാധീനിക്കുവാൻ കഴിയുന്നു. സിനിമയിൽ കാണിക്കുന്ന ജീവിതശൈലികളെ അവൻ അനുകരിക്കുവാൻ ശ്രമിക്കുന്നു. സ്ത്രീകളെ ലൈംഗിക പ്രതിരൂപങ്ങളായോ, താഴ്ന്നപദവിയുള്ളവരായോ, പുരുഷമേധാവിത്വത്തെ ക്ഷമാപൂർവ്വം സഹിക്കുന്നവളായോ ആണ് മിക്ക സിനിമയിലും ചിത്രീകരിക്കുന്നത്. ഇതൊക്കെയാണെങ്കിലും സിനിമാനിർമ്മാതാക്കൾ ഈ പ്രതിബിംബങ്ങളെയൊക്കെ തകർത്ത് സ്ത്രീയെ എല്ലാ രംഗങ്ങളിലും പുരുഷനോടൊപ്പം മത്സരിക്കുന്ന തിളക്കമുള്ള കഥാപാത്രങ്ങളാക്കി അവതരിപ്പിക്കുന്നത് പ്രോത്സാഹജനകമായ കാര്യമാണ്. മാറ്റത്തിന്റെ കാറ്റ് വളരെ സാവധാനമായും സുസ്ഥിരമായും ശരിയായ ദിശയിലേയ്ക്ക് വീശുകയാണ്. സ്ത്രീയുടെ പദവി പുരുഷന്റേതിനു തുല്യമാകുന്ന ഒരു നല്ല നാളയെക്കുറിച്ച് നമുക്ക് ആശിക്കാം.



# 5.10 സഹകരണം

"ഓരോരുത്തരും എല്ലാവർക്കുവേണ്ടിയും
എല്ലാപേരും ഓരോരുത്തർക്കുംവേണ്ടി"

## സഹകരണതത്ത്വങ്ങൾ

1. തുറന്നതും സ്വമേധയായും ഉള്ള അംഗത്വം
2. ജനാധിപത്യനിയന്ത്രണം
3. ഓഹരിയിന്മേൽ പരിമിതമായ ലാഭവിഹിതം
4. നീതിപൂർവ്വകമായ മികച്ചവിഭജനം
5. സഹകരണവിദ്യാഭ്യാസം
6. സഹകരണസംഘങ്ങൾ തമ്മിലുള്ള സഹകരണം

ജനങ്ങളുടെ സമഗ്രപുരോഗതി മനസ്സിൽ കണ്ടുകൊണ്ട് 1849-ൽ റോബർട്ട് ഓവൻ ഇംഗ്ലണ്ടിൽ ആരംഭിച്ച സഹകരണം എന്ന ആശയം, ഇന്ന് മനുഷ്യ പുരോഗതിയുടെ സകല മേഖലകളിലും ആശ്വാസത്തിന്റെ തണൽപരത്തി പടർന്നു പന്തലിച്ചുനിൽക്കുന്ന ഒരു വടവൃക്ഷമായി വളർന്നിരിക്കുന്നു. കർഷകരെ കടക്കെണിയിൽനിന്നും മോചിപ്പിക്കുന്നതിനുവേണ്ടി 1864-ൽ ഇന്ത്യയിലാദ്യമായി സഹകരണ പ്രസ്ഥാനം ആരംഭിച്ചു അതേവർഷംതന്നെ പ്രസ്തുത ആക്റ്റിൻകീഴിൽ തിരുവിതാം കൂറിൽ ട്രാവൻകൂർ സെൻട്രൽ ബാങ്ക് എന്നപേരിൽ ഒരു സഹകരണബാങ്ക് ആരംഭിച്ചു. 1951-ൽ തിരുക്കൊച്ചി സഹകരണനിയമവും 1969-ൽ അത് നിർജ്ജീവമാക്കിക്കൊണ്ട് കേരള സഹകരണനിയമവും നിലവിൽ വന്നു. കേരളത്തെസംബന്ധിച്ചിടത്തോളം പിറവി മുതൽ മരണാനന്തരകർമ്മംവരെയുള്ള സകലമേഖലകളെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു മഹാ പ്രസ്ഥാനമായി മാറിയിട്ടുണ്ട്. കേരളത്തിലെ ജനസംഖ്യ 3 കോടിയോളമാണ്. അതിൽ 2 കോടിയിലധികവും ഇന്ന് വിവിധ സഹകരണസംഘങ്ങളിലെ അംഗങ്ങളാണ്. ഇതിൽനിന്നും സഹകരണ പ്രസ്ഥാത്തിലെ ജനകീയ പങ്കാളത്തത്തിന്റെ വൈകുല്യം മനസ്സിലാകുമല്ലോ.

പരവൂരിലെ ആദ്യത്തെ സഹകരണ സ്ഥാപനം 'പരവൂർ അർബൻ പരസ്പരസഹായസഹകരണ സംഘ' മാണ്. 1927-ൽആണ് അതാരംഭിച്ചത്. ഇന്ന് 'പരവൂർ അർബൻ സഹകരണബാങ്ക്' എന്നപേരിൽ പ്രവർത്തി ക്കുന്നു. പവൂരിലെ ഇന്നത്തെ ഏറ്റവും വലിയ സഹക രണസ്ഥാപനമായ 'പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്ക്' രണ്ടാമതായി രജിസ്റ്റർചെയ്യപ്പെട്ടതാണ്. 'പരവൂർ എസ്.എൻ.വി. പരസ്പരസഹായസംഘം' എന്ന പേരിൽ 1927-ൽ ത്തന്നെയാണ് അതും ആരംഭിച്ചത്. തുടർന്ന് 1929-ൽ പൊഴിക്കര 'വിവിധോദ്ദേശ്യ സഹകരണ സംഘം' എന്നപേരിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമാണ് ഇന്ന് പരവൂർ സർവ്വീസ് സഹക രണബാങ്കായി പ്രവർത്തിക്കുന്നത്.

## പരവൂരിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ

### 1. വായ്പാസഹകരണസംഘങ്ങൾ

പരവൂർമുനിസിപ്പാലിറ്റി
പ്രവർത്തനപരിധിയായുള്ളവ

1. പരവൂർ എസ്.എൻ.വി. റീജണൽ സഹകരണ ബാങ്ക് നമ്പർ 1685
2. പരവൂർ അർബൻ സഹകരണബാങ്ക് നമ്പർ 1649
3. പരവൂർസർവ്വീസ് സഹകരണബാങ്ക് നമ്പർ 1801

പരവൂരിന് പുറത്തും പ്രവർത്തനമേഖല ഉള്ളവ

4. കൊല്ലം ജില്ലാസഹകരണബാങ്ക് (ബ്രാഞ്ച്)
5. ഇത്തിക്കര ബ്ലോക്ക് റൂറൽസഹകരണസംഘ് നമ്പർ ക്യൂ. 801
6. കൊല്ലം ഭൂവികസന സഹകരണബാങ്ക് നമ്പർ ക്യൂ. 167

### 2. ഉല്പാദന സഹകരണസംഘങ്ങൾ

1. പരവൂർ കയർവ്യവസായ സഹകരണസംഘം നമ്പർ 3088
2. കൂനയിൽ കയർവ്യവസായ സഹകരണസംഖം നമ്പർ ക്യൂ. 635
3. പരവൂർ തെക്കുംഭാഗം കയർ വ്യവസായ സഹകരണബാങ്ക് നമ്പർ ക്യൂ. 970
4. വിനായകർ വീവേഴ്സ് സഹകരണസംഘം

## പട്ടിക – 1 പരവൂരിലെ ക്രെഡിറ്റ് സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തനപരിധി | ആസ്ഥാനം / വാർഡ് | ക്രെഡിറ്റ്/ നോൺ ക്രെഡിറ്റ് | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഒരു ഓഹരി വില രൂപ. | അംഗീകൃത ഓഹരി മൂലധനം രൂപ | പിരിഞ്ഞ് കിട്ടിയഓഹരി മൂലധനം രൂപ | സർക്കാർ ഓഹരി രൂപ | അംഗങ്ങൾക്ക് എല്ലാവർക്കുമുള്ള പരമാവധി തുക(രൂപ) | ലാഭം /നഷ്ടം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്ക് ലിമി. നമ്പർ. 1685 | പരവൂർ മുനിസിപ്പൽ പ്രദേശം | 24 | ക്രെഡിറ്റ് | 19.11.1927 | 19587 | 10 | 25500000 | 19175786 | 15000 | 500000 | ലാഭം |
| 2. | പരവൂർ അർബൻ സഹകരണബാങ്ക് ലിമി. നമ്പർ. 1649 | പരവൂർ മുനിസിപ്പാലിറ്റി, പൂതക്കുളം പഞ്ചായത്ത്, മീനാട് | 3 | ക്രെഡിറ്റ് | 1927 | 7000 | 10 | 5000000 | 1700000 | – | 50000 | നഷ്ടം |
| 3. | പരവൂർ സർവ്വീസ് സഹകരണബാങ്ക് ലിമി. നമ്പർ 1801 | പരവൂർ മുനിസിപ്പാലിറ്റി | 2 | ക്രെഡിറ്റ് | 1983 | 5840 | 10 | 1000000 | 847581 | 25000 | 25000 | നഷ്ടം |
| 4. | പരവൂർ പട്ടികജാതി സർവ്വീസ് സഹകരണസംഘം ലിമി. നമ്പർ. 28261 | പരവൂർ മുനിസിപ്പാലിറ്റി | 5 | ക്രെഡിറ്റ് | 1948 | 1079 | 10 | 91480 | 61480 | 39000 | – | നഷ്ടം |
| 5. | ഇത്തിക്കര ബ്ലോക്ക് റൂറൽഹൗസിംഗ് സഹകരണ സംഘം നമ്പർ. 9801 | ഇത്തിക്കര ബ്ലോക്ക് | 13 | ക്രെഡിറ്റ് | 29.11.1979 | 1916 | 10 | 2000000 | 1316750 | 25000 | 500000 | നഷ്ടം |

അവലംബം : നേരിട്ട് എടുത്തത്

## പട്ടിക – 2 പരവൂരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | പേര് | പ്രവർത്തനപരിധി | വാർഡ് | സ്വഭാവം | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം രൂപ | പിരിഞ്ഞ് കിട്ടിയത് രൂപ | പ്രവർത്തനം | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | തൊഴിലാളി | ലാഭം /നഷ്ടം |
| 1. | പരവൂർ കയർവ്യവസായസഹകരണസംഘം | കോട്ടപ്പുറം | 24 | കയറുൽപാദനം | 1193 | ലഭ്യമല്ല | 90084 | 54 | നഷ്ടം |
| 2. | കൂനയിൽ കയർവ്യവസായസഹകരണസംഘം | കൂനയിൽ | 12 | " | 404 | " | 33462 | 55 | " |
| 3. | പരവൂർ തെക്കുംഭാഗം കയർവ്യവസായ സഹകരണസംഘം | തെക്കുംഭാഗം | 16 | " | 156 | " | 5260 | 15 | " |
| 4. | വിനായകർ വീവേഴ്സ് ഇൻഡ: സഹകരണസംഘം | പരവൂർ | 9 | കൈത്ത.തുണി ഉൽ. | 490 | " | 187943 | 49 | " |
| 5. | പരവൂർ വെജിറ്റബിൾ കോ–ഓപ്പറേറ്റീവ് സൊസൈറ്റി | കൊല്ലം താലൂക്ക് | 24 | വിപണനം | 49 | " | 490 | – | " |
| 6. | പരവൂർ കൺസ്യൂമർ സഹകരണസംഘം | പരവൂർ | – | – | – | – | – | – | – |
| 7. | ഇത്തിക്കര ബ്ലോക്ക് വനിതാസഹകരണസംഘം | – | – | – | – | – | – | – | – |

# പട്ടിക – 2 പരവൂരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വിവിധ സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | പേര് | പ്രവർത്തനപരിധി | വാർഡ് | സ്വഭാവം | ആകെ അംഗ ങ്ങൾ | അംഗീകൃത ഓഹരി മൂലധനം രൂപ | പിരിഞ്ഞ് കിട്ടിയത് രൂപ | പ്രവർത്തനം | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | തൊഴി ലാളി | ലാഭം /നഷ്ടം |
| 8. | പ്രിയദർശിനി വനിതാ കൺസ്യൂമർ സഹകരണസംഘം | – | – | – | – | – | – | – | – |
| 9. | കസ്തൂർബാ വനിതാ കൺസ്യൂമർ സഹകരണസംഘം | – | – | – | – | – | – | – | – |
| 10. | കൊല്ലം ഡിസ്ട്രിക്ട് വിമൺസ് സർവ്വീസ് എഞ്ചിനിയറിംഗ് & ടെക്നീഷ്യൻസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റി, പരവൂർ | കൊല്ലം ജില്ല | 13 | മീറ്റർ റിപ്പയറിംഗ് | 98 | " | 58000 | 48 | – |
| 11. | കോങ്ങാൽ ക്ഷീരവ്യവസായസഹകരണസംഘം | പരവൂർമുനിസിപ്പാലിറ്റി | 23 | ക്ഷീരം | 435 | 50000 | 4136 | – | ലാഭം |
| 12. | കൂനയിൽ ക്ഷീരവ്യവസായസഹകരണസംഘം | കുറുമണ്ടൽ, കൂനയിൽ | 6 | ക്ഷീരം | – | – | – | – | – |
| 13. | പരവൂർ കോ–ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണസംഘം | – | – | – | – | – | – | – | – |
| 14. | ലേബർ കോൺട്രാക്ട് സഹകരണസംഘം | – | – | – | – | – | – | – | – |
| 15. | പരവൂർ എഫ്.സി.ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് സഹ:സംഘം | – | – | – | – | – | – | – | – |
| 16. | പരവൂർ ടൂറിസം പ്രൊമോഷൻസഹകരണസംഘം | പരവൂർ | – | – | – | – | – | – | – |
| 17. | പ്രിയദർശിനി ടൂറിസം കോ–ഓപ്പറേറ്റീവ് സൊസൈറ്റി | പരവൂർ | – | – | – | | | – | – |
| 18. | ദേശിങ്ങനാട് ടൂറിസം കോ–ഓപ്പറേറ്റീവ് സൊസൈറ്റി | കൊല്ലംജില്ല | – | – | – | | | | – |
| 19. | കോട്ടപ്പുറം എച്ച്.എസ്. സഹകരണസംഘം | കെ.എച്ച്.എസ്. | 24 | – | – | – | – | | – |
| 20. | പരവൂർ ഗവ: എച്ച്.എസ്. സഹകരണസംഘം | പരവൂർ എച്ച്.എസ്. | 18 | – | – | – | – | – | – |
| 21. | പരവൂർ യു.പി.എസ്. സഹകരണസംഘം | പരവൂർ ജി.യു.പി.എസ്. | 22 | – | – | – | – | – | – |
| 22. | പരവൂർ എസ്.എൻ.വി.ജി.എച്ച്.എസ്.സഹകരണസംഘം | എസ്.എൻ.വി.ജി.എച്ച്.എസ്. | 24 | – | – | – | – | – | – |
| 23. | കൊല്ലംതാലൂക്ക് എഡ്യൂക്കേഷണൽ സഹകരണസംഘം | കൊല്ലംതാലൂക്ക് | 24 | – | – | – | – | – | – |

അവലംബം : നേരിട്ട് എടുത്തത്





541

നമ്പർ എച്ച്. 212

3. **കൺസ്യൂമർ സഹകരണസംഘം**

1. പരവൂർ വെജിറ്റബിൾ കൺസ്യൂമർ സഹകരണ സംഘം നമ്പർ 1001
2. പരവൂർ കൺസ്യൂമർ സഹകരണസംഘം നമ്പർ 997

4. **വനിതാസഹകരണസംഘങ്ങൾ**

1. ഇത്തിക്കര ബ്ലോക്ക് വനിതാസഹകരണ സംഘം നമ്പർ 905
2. പ്രിയദർശിനി വനിതാ കൺസ്യൂമർ സഹകരണ സംഘം നമ്പർ 1143
3. കസ്തൂർബാ വനിതാസഹകരണസംഘം നമ്പർ
4. കൊല്ലം ഡിസ്ട്രിക്ട് വിമൻസ് സർവ്വീസ് എഞ്ചിനിയേഴ്സ് & ടെക്നീഷ്യൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ എസ്&എൻ.ഡി 386

5. **ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ**

1. കോങ്ങാൽ ക്ഷീരവ്യവസായ സഹകരണ സംഘം നമ്പർ ക്യു. 109
2. കൂനയിൽ ക്ഷീരവ്യവസായ സഹകരണ സംഘം നമ്പർ ക്യൂ. 182 (എ.പി.സി.ഒ.എസ്.)

6. **മറ്റിനം സംഘങ്ങൾ**

1. പരവൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണ സംഘം നമ്പർ ക്യൂ. 907
2. പരവൂർ എഫ്.സി.ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് സഹകരണസംഘം നമ്പർ
3. പരവൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം
4. പരവൂർ ടൂറിസം പ്രൊമോഷൻ സഹകരണ സംഘം
5. പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സഹകരണ സംഘം
6. ദേശിങ്ങനാട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി. നമ്പർ ക്യൂ 1264
7. കോട്ടപ്പുറം എച്ച്.എസ്. സഹകരണ സംഘം നമ്പർ ക്യൂ. 34
8. പരവൂർ ഗവ: യു.പി.എസ്. സഹകരണ സംഘം നമ്പർ ക്യൂ. 633
9. പരവൂർ ഗവ: എച്ച്.എസ്. സഹകരണ സംഘം നമ്പർ ക്യൂ. 302
10. പരവൂർ എസ്.എൻ.വി. ജി.എച്ച്. എസ്. സഹകരണസംഘം ക്യൂ.
11. കൊല്ലം താലൂക്ക് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ ക്യൂ. 834
12. പട്ടികജാതി സർവ്വീസ് സഹകരണസംഘം നമ്പർ 2861
13. മത്സ്യത്തൊഴിലാളി സഹകരണ സംഘം നമ്പർ ക്യൂ. 17 (ചില്ലയ്ക്കൽ)
14. മത്സ്യത്തൊഴിലാളി സഹകരണ സംഘം തെക്കുംഭാഗം

## പ്രാഥമികവായ്പാസഹകരണബാങ്കുകൾ

കേരളത്തിലെ ഏറ്റവും നല്ല സഹകരണബാങ്കുകളുടെ ഒരു പ്രവർത്തനമേഖലയായിരുന്നു പൂതക്കുളം പഞ്ചായത്ത് ഉൾപ്പെട്ടിരുന്ന പഴയ പരവൂർ പഞ്ചായത്ത്. അന്ന് പരവൂർ എസ്. എൻ. വി. റീജണൽ ബാങ്ക്, കലയ്ക്കോട് സർവ്വീസ് സഹകരണബാങ്ക്, പൂതക്കുളം സർവ്വീസ് സഹകരണബാങ്ക് എന്നിവ പരവൂർ പഞ്ചായത്തിലുൾപ്പെട്ടിരുന്നു. നിക്ഷേപസമാഹരണരംഗത്തും വായ്പാ പ്രവർത്തനരംഗത്തും കേരളത്തിന്റെ മുൻനിരയിൽ സ്ഥാനംപിടിച്ചവയാണ് പ്രസ്തുത ബാങ്കുകൾ. അർബൻ ബാങ്കും, പരവൂർ സർവ്വീസ് സഹകരണ ബാങ്കും ഈ രംഗത്ത് സാമാന്യം നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. പരവൂരിന്റെ 2 വാർഡുകൾ പ്രവർത്തനപരിധിയിലുൾപ്പെട്ടിട്ടുള്ള നെടുങ്ങോലം സർവ്വീസ് സഹകരണബാങ്ക് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. ഈ പറയപ്പെട്ട എല്ലാ സഹകരണബാങ്കുകളും പ്രവർത്തനപരിധികടന്ന് വായ്പാ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇതിനൊക്കെ പുറമേ ഇത്തിക്കര ബ്ലോക്ക് പ്രവർത്തന പരിധിയായിട്ടുള്ള ഒരു ഭവനനിർമ്മാണ വായ്പാ സഹകരണസംഘവും താലൂക്ക് അടിസ്ഥാ നത്തിൽ പ്രവർ ത്തിക്കുന്ന ഒരു ഭൂവികസന ബാങ്കും കൊല്ലം ജില്ലാ സഹകരണബാങ്കിന്റെ ഒരു ബ്രാഞ്ചും ഇവിടെ നിക്ഷേപവായ്പാരംഗങ്ങളിൽ പ്രവർത്തിക്കുന്നു.

### എസ്.എൻ.വി.ആർ.സി. ബാങ്ക് നമ്പർ 1685

ഇത് 19.11.1927-ൽ പ്രവർത്തനമാരംഭിച്ചു. പരവൂർ മുനിസിപ്പൽ പ്രദേശമാണിതിന്റെ പ്രവർത്തനപരിധി. 1.7.96-ലെ കണക്കനുസരിച്ച് 19587 അംഗങ്ങളും 19175786 രൂപ പിരിഞ്ഞടഞ്ഞ മൂലധനവും സമാഹരിച്ചുകൊണ്ട് കേരളത്തിലെ ഏറ്റവുംവലിയ സഹകരണ ബാങ്കുകളുടെ മുൻനിരയിൽ നിൽക്കുന്നു. ഈ ചെറിയ പട്ടണത്തിൽ ഒരു പ്രഭാത-സായാഹ്ന ബ്രാഞ്ചുൾപ്പെടെ 4 ബ്രഞ്ചുകളും പ്രസ്തുതബാങ്കിനുണ്ട്. വലിയ ഒരു കെട്ടിടവും സുസജ്ജമായ ഒരു ആഡിറ്റോറിയവും സ്വന്തമായുണ്ട്. വായ്പാപ്രവർത്തനങ്ങൾക്കുപരിയായി കെട്ടുതെങ്ങ്, റേഷൻ വിതരണം, കൺസ്യൂമർ സ്റ്റോർ തുടങ്ങി സേവന മേഖലകളിൽക്കൂടി ബാങ്ക് പ്രവർത്തനം നടത്തിയിരുന്നു. എന്നാൽ കുറെക്കാലമായി വായ്പ, സ്വർണ്ണപ്പണയം, ചിട്ടി, ഹയർപർച്ചേയ്സ് എന്നി

വയിൽ പ്രധാനമായി പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നു. വസ്തുവിന്റെ ഈടിന്മേൽ ഗൾഫിൽപോകുന്നതിനും വിവാഹാവശ്യങ്ങൾക്കും, വാഹനങ്ങൾ വാങ്ങുന്നതിനും മറ്റും വലിയ തുകകൾ വായ്പ നൽകുന്നുണ്ട്. കൂടാതെ, 10000 രൂപവരെ ഒരു കുടുംബത്തിന് കാർഷികേതര ആവശ്യങ്ങൾക്കുവേണ്ടി താരതമ്യേന കുറഞ്ഞപലിശയ്ക്ക് കടം കൊടുക്കുന്നുണ്ട്. തുടർച്ചയായി ഉയർന്ന ലാഭവിഹിതം നൽകിക്കൊണ്ട് സഹകരണ ബാങ്കിംഗ് രംഗത്ത് അസൂയാർഹമായ പ്രവർത്തനമാണ് കാഴ്ചവയ്ക്കുന്നത്. ഏറ്റവുമൊടുവിൽ 1994–95 വർഷത്തിൽ 16% ലാഭവിഹിതം കൊടുക്കുകയുണ്ടായി. 95–96 വർഷത്തിലും ആ നിരക്കിൽകുറയാതെതന്നെ ലാഭവിഹിതം നൽകാൻ സാധിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മാത്രമല്ല, സമീപപ്രദേശങ്ങളിലെ കൊമേഴ്സ്യൽ ബാങ്കുകളെ കടത്തിവെട്ടിക്കൊണ്ട് നിക്ഷേപരംഗത്ത് മുന്നേറുവാൻ പ്രസ്തുത ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. ഇവിടെ 48 ജോലിക്കാരുണ്ട്. കേരളത്തിലെ ഏറ്റവുംനല്ല സഹകാ രിക്ക് നൽകുന്ന ' കെ. സദാനന്ദൻ സ്മാരക പുര സ്ക്കാരം' പറവൂർ എസ്. എൻ. വി. ആർ. സി. ബാങ്കി ന്റെ ആഭിമുഖ്യത്തിൽ കെ. സദാനന്ദൻ സ്മാരക ട്രസ്റ്റാണ് ഉണ്ടാക്കിയിട്ടുള്ളത്. കൂടാതെ ഇതര സേവനസഹായരംഗത്തും സ്തുത്യർഹമായ പ്രവർ ത്തനമാണ് ഈ ബാങ്ക് നടത്തുന്നത്.

**പറവൂർ അർബൻ സഹകരണബാങ്ക് നമ്പർ 1649**

ഇത് 1927–ൽ പ്രവർത്തനമാരംഭിച്ചു. 7000 അംഗങ്ങളും 1700000 രൂപ ഓഹരിമൂലധനവും ബാങ്കിന് സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബാങ്കിന്റെ നിക്ഷേപം 13258000 രൂപയും ബാക്കിനിൽപ് വായ്പകൾ 14276000 രൂപയുമാണ്. നഗരത്തിലെ ചെറുകിട വ്യവസായികൾ, കച്ചവടക്കാർ, കൈത്തൊഴിലുകാർ തുടങ്ങിയ അടിസ്ഥാന വിഭാഗത്തിന് ആവശ്യമായ കാർഷികേതര വായ്പകൾ നൽകിവരുന്നു. ചിട്ടികൾ നടത്തുന്നുണ്ട്. ഗൾഫുയാത്രക്കാർക്കും വിവാഹാവശ്യങ്ങൾക്കുംമറ്റും ബാങ്ക് വായ്പ നൽകിവരുന്നു. എങ്കിലും അംഗങ്ങളുടെ ആവശ്യം കണക്കിലെടുക്കുമ്പോൾ വേണ്ടിവരുന്ന വായ്പയുടെ ചെറിയൊരുഭാഗം മാത്രമേ ബാങ്കിന് നിറവേറ്റാൻ കഴിയുന്നുള്ളൂ. ഇതിന് സ്വന്തമായുള്ള 3 നില കെട്ടിടത്തിലാണ് ബാങ്കിംഗ് പ്രവർത്തനം നടക്കുന്നത്.

**പറവൂർ സർവ്വീസ് സഹകരണബാങ്ക് നമ്പർ 1801**

1929–ൽ പൊഴിക്കര 'വിവിധോദ്ദേശ്യസംഘം' എന്നപേരിൽ പ്രവർത്തനം ആരംഭിച്ചു. ഒരു ഘട്ടത്തിൽ പ്രവർത്തനരഹിതമായി ലിക്യുഡേഷന്റെ വക്കോളമെത്തിയ ഒരു ചെറിയ ധനകാര്യസ്ഥാപനമാണിത്. 1983–ൽ ഇത് പുനഃരുദ്ധരിക്കപ്പെടുകയും പറവൂർ സർവ്വീസ് ബാങ്കായി പ്രവർത്തനം നടത്തിവ രികയും ചെയ്യുന്നു. 5840 അംഗങ്ങളും പിരിഞ്ഞടഞ്ഞ മൂലധനമായി 947581 രൂപയും നിക്ഷേപമായി 8420289 രൂപയും ഉണ്ട്. കാർഷികഗ്രാമത്തിന്റെ സ്വഭാവം പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ലാത്ത പറവൂർ നഗരത്തിലെ ചെറുകിട കർഷകരുടെയുംകൂടി ആവശ്യങ്ങ ൾനിറവേറ്റണമെന്ന നിർദ്ദേശത്തോടുകൂടിയാണ് ബാങ്ക് പ്രവർത്തിക്കുന്നു. ഹ്രസ്വകാല–മദ്ധ്യകാല കാർഷിക വായ്പകളും, കൃഷിക്കാവശ്യമുള്ള വളം, വിത്ത്, കീടനാശിനി തുടങ്ങിയവയും ഇവിടെ വിതരണം ചെയ്യുന്നു. സംഘം വായ്പാ പ്രവർത്തനങ്ങൾക്കുപുറമേ ചിട്ടികളും നടത്തുന്നുണ്ട്.

## ഭവനനിർമ്മാണ സഹകരണസംഘം

### ഇത്തിക്കര ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണസംഘം നമ്പർ ക്യൂ. 801

ഇത്തിക്കര ബ്ലോക്ക് പ്രവർത്തനപരിധിയായി 1979–ൽ ഇത് പ്രവർത്തനം ആരംഭിച്ചു. 1916 അംഗങ്ങളും 1316750 രൂപ ഓഹരി മൂലധനവും ഉണ്ട്. ഇതിൽ 25000 രൂപ സർക്കാർമൂലധനവുമാണ്. പൊതുജനങ്ങളിൽനിന്ന് 50000 രൂപ നിക്ഷേപമായി സ്വരൂപിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിന് 5 ലക്ഷം രൂപവരെ കടം കൊടുക്കാവുന്നതാണ്. സംഘം ഹൗസിംഗ് ഫെഡറേഷനിൽനിന്ന് 21488000 രൂപ വായ്പയായി എടുത്ത് അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പറവൂർ മുനിസിപ്പൽ മേഖലയിൽ, 80 വായ്പകൾമാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

### കൊല്ലം ഭൂവികസന സഹകരണസംഘം നമ്പർ. 169

കർഷകരുടെ ദീർഘകാല വായ്പാആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് കൊല്ലം താലൂക്കടിസ്ഥാനത്തിൽ ഇത് പ്രവർത്തിക്കുന്നു. കൃഷിഭൂമി നന്നാക്കുന്നതിനും തെങ്ങ്, റബ്ബർ തുടങ്ങി ദീർഘകാലവിളകൾ കൃഷിചെയ്യുന്നതിനും അനുബന്ധവ്യവസായങ്ങൾ നടത്തുന്നതിനും താരതമ്യേന കുറഞ്ഞ പലിശയ്ക്ക് ദീർഘകാലവായ്പകൾ വിതരണം ചെയ്യുന്നു. കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രസ്തുത ബാങ്കിൽനിന്നും കോടിക്കണക്കിന് രൂപ വായ്പ നൽകിയിട്ടുണ്ട്. പറവൂർ മുനിസിപ്പൽ പ്രദേശത്ത് 3 വായ്പകളിലായി ഈ ബാങ്കിന്റെ പ്രവർത്തനം ഒതുങ്ങിനിൽക്കുന്നു. ഈ ബാങ്കിനെക്കുറിച്ചുള്ള അറിവ് കുറവും നഗരത്തിൽ വിസ്തൃതികൂടിയ ഭൂമിയുള്ള കൃഷിക്കാർ ചുരുങ്ങിയതും ഒരപക്ഷേ ഇതിന് കാരണമായിരിക്കാം. വായ്പകിട്ടുന്നതിനുള്ള നടപടികൾ ലഘൂകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ പ്രദേശത്തുള്ള കർഷകർക്ക് ബാങ്കിൽനിന്നും കൂടുതൽ വായ്പകൾ കിട്ടുന്നസാഹചര്യം സൃഷ്ടിക്കേണ്ടതാണ്.

## പട്ടിക – 3 പ്രാഥമിക വായ്പാസഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | വ്യക്തി അംഗത്വം | ഓഹരി മൂലധനം രൂപ | കടം | നിക്ഷേപം | കൊടുത്ത വായ്പകൾ | | ലാഭം/ നഷ്ടം | ജീവന ക്കാർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാർഷികം | കാർഷികേതരം | | |
| 1. | പരവൂർ എസ്.എൻ.വി.ആർ.സി. ബാങ്ക് ക്ലിപ്തം നമ്പർ. 1685 | 1927 | പരവൂർമുനിസിപ്പൽ പ്രദേശം | 19587 | 19175786 | 15000 സർക്കാർ | 307615711 | 235 | 523775 | ലാഭം 16% ലാഭവിഹിതം കൊടുക്കുന്നു | 53 |
| 2. | പരവൂർ അർബൻ സഹകരണസംഘം ക്ലിപ്തം നമ്പർ. 1649 | 1927 | പരവൂർ | 7000 | 1700000 | 1508000 | 13258000 | 142 | 76000 | നഷ്ടം | 7 |
| 3. | പരവൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1801 | 1929 | പരവൂർമുനിസിപ്പാൽ പ്രദേശം | 5840 | 847581 | 400311 | 8420289 | 546 | 8669 | നഷ്ടം | 6 |

അവലംബം : നേരിട്ട് എടുത്തത്

## പട്ടിക – 4 ഇത്തിക്കര ബ്ലോക്കുറൂറൽ ഹൗസിംഗ് സകരണസംഘം നമ്പർ ക്യൂ. 801

| പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തനപരിധി | അംഗ സംഖ്യ | പിരിഞ്ഞുകിട്ടിയ മൂലധനം | കടം | നിക്ഷേപം | കൊടുത്ത വായ്പകൾ | ബാക്കിനിൽപ് | ലാഭം/നഷ്ടം |
|---|---|---|---|---|---|---|---|---|
| 1979 | ഇത്തിക്കര ബ്ലോക്ക് | 1916 | 1316750 | 21438000 | 50000 | 21438000 | 16090202 | നഷ്ടം |

അവലംബം : നേരിട്ട് എടുത്തത്

544

## പട്ടിക – 5 വ്യവസായ സഹകരണസംഘങ്ങൾ

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങൾ | പിരിഞ്ഞടഞ്ഞ മൂലധനം | സർക്കാർ സഹായം | ലാഭം/നഷ്ടം | ആകെ തൊഴിലാളികൾ |
|---|---|---|---|---|---|---|---|
| 1. | പരവൂർ കയർവ്യവസായ സഹകരണ സംഘം നമ്പർ 3088 | 1950 | 1193 | 90084 | 453280 | നഷ്ടം | 54 |
| 2. | പരവൂർ കയർ വ്യവസായ സഹകരണ സംഘം നമ്പർ Q – 636 | 1979 | 404 | 33462 | 152820 | നഷ്ടം | 55 |
| 3. | പരവൂർ തെക്കുംഭാഗം കയർ വ്യവസായ സഹകരണസംഘം നമ്പർ Q – 870 | 1985 | 156 | 5260 | 42480 | നഷ്ടം | 15 |
| 4. | വിനായകർ വീവേഴ്സ് വ്യവസായ സഹകരണസംഘം H – 212 | 1958 | 490 | 187943 | 728991 | നഷ്ടം | 49 |

അവലംബം : നേരിട്ട് എടുത്തത്.



545

## കയർ സഹകരണസംഘങ്ങൾ

തൊണ്ടുശേഖരിച്ച് അഴുക്കി കയറാക്കി വിതരണം നടത്തുന്ന 3 സംഘങ്ങൾ ഈ മേഖലയിലുണ്ട്. പ്രവർത്തനത്തിന്റെ വിശദ വിവരങ്ങൾ പട്ടികയിൽ ചേർത്തിട്ടുണ്ട്.

1. പരവൂർ കയർ വ്യവസായ സഹകരണസംഘം നമ്പർ 3088
2. കൂനയിൽ കയർ വ്യവസായ സഹകരണ സംഘം നമ്പർ 635
3. പരവൂർ തെക്കുംഭാഗം കയർ വ്യവസായ സഹകരണസംഘം നമ്പർ 2870

### 1. പരവൂർ കയർ വ്യവസായ സഹകരണസംഘം നമ്പർ ക്യൂ. 3088

ഈ രംഗത്തെ ഏറ്റവും പഴക്കമുള്ള സംഘമാണ്. പ്രവർത്തനത്തിൽ മുൻപന്തിയിലാണ്. പരമ്പരാഗതരീതിയിലുള്ള 10 റാട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ കയർബോർഡ് നൽകിയ 10 കയർപിരി യന്ത്രങ്ങൾ ഉൽപാദനവും പരിശീലനവും നടത്തുന്നു. അടുത്തകാലത്ത് ഐ.സി.ഡി.പി. യിൽപ്പെടുത്തി 100 യന്ത്രറാട്ടുകൾ പ്രവർത്തിപ്പിക്കാനായി 18ലക്ഷം രൂപയുടെ പ്രോഗ്രാം നടപ്പാക്കുന്ന ശ്രമത്തിലാണ്. കൂനയിൽ സ്വന്തമായി സ്ഥലംവാങ്ങി വർക്ക്ഷോപ്പ് നിർമ്മിച്ചുകൊണ്ടിരിക്കുന്നു. സ്വന്താമായി സ്ഥലവും ഓഫീസ്കെട്ടിടവുമുണ്ട്. 425000 തൊണ്ട് കായലിൽ മൂടിയിട്ടുണ്ട്. 54 തൊഴിലാളികളുണ്ട്.

### 2. കൂനയിൽ കയർവ്യവസായസഹകരണ സംഘം നമ്പർ ക്യൂ. 635

ഇപ്പോൾ പരമ്പരാഗത രീതിയിൽ റാട്ടുകൾ പ്രവർത്തിപ്പിക്കുന്നു. യന്ത്രവൽക്കൃതരംഗത്ത് പ്രവേശിച്ചിട്ടില്ല. 55 തൊഴിലാളികൾ ജോലിചെയ്യുന്നു.

### 3. പരവൂർ തെക്കുംഭാഗം കയർ വ്യവസായ സഹകരണസംഘം നമ്പർ ക്യൂ. 870

പരമ്പരാഗത റാട്ടുകൾ ഉപയോഗിച്ച് ജോലിനടത്തുന്നു. യന്ത്രവൽക്കൃതരംഗത്ത് പ്രവേശിച്ചിട്ടില്ല. 15 തൊഴിലാളികൾ ജോലിചെയ്യുന്നു.

## വിനായകർ വീവേഴ്സ് സഹകരണസംഘം

1958-ൽ സ്വകാര്യവ്യക്തികളിൽനിന്ന് ഏറ്റെടുത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്നു. മേൽപ്പറഞ്ഞവ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനസ്വഭാവം പട്ടികയിൽ ചേർത്തിട്ടുണ്ട്.

മേൽപ്പറഞ്ഞ 4 വ്യവസായ സഹകരണസംഘങ്ങളുടെ പ്രവർത്തനം പരിശോധിച്ചാൽ വൻതോതിലുള്ള സർക്കാർ സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. തദനുസൃതമായി പ്രവർത്തനമേഖല വികസിപ്പിക്കുന്നതിനോ കൂടുതൽ തൊഴിലസരങ്ങൾ സൃഷ്ടിക്കുന്നതിനോ സാധിച്ചിട്ടില്ല എന്നു കാണാം. എല്ലാ സംഘങ്ങളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

## വിപണനസംഘങ്ങൾ

546

മുനിസിപ്പാലിറ്റിയിൽ പ്രവർത്തിക്കുന്ന വിപണന സംഘങ്ങൾ ഒന്നുംതന്നെയില്ല. ഇത്തിക്കര ബ്ലോക്ക് പ്രവർത്തനപരിധിയായി ഇത്തിക്കര കോക്കനട്ട് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണസംഘം നാമമാത്രമായി പ്രവർത്തിക്കുന്നു. അതിന്റെ യാതൊരു പ്രയോജനവും നമുക്ക് ലഭിക്കുന്നില്ല.

## കൺസ്യൂമർ സംഘങ്ങൾ

ഈ രംഗത്ത് സംഘങ്ങൾ നിലവിലുണ്ടെങ്കിലും അവയെല്ലാം പ്രവർത്തനരഹിതമാണ്. ജില്ലാ കൺസ്യൂമർ സംഘത്തിന്റെ ഒരു വിൽപ്പനകേന്ദ്രം നഗരത്തിൽ പ്രവർത്തിക്കുന്നെങ്കിലും അത് നാമമാത്രമാണ്.

### 1. പരവൂർ വെജിറ്റബിൾ കൺസ്യൂമർ കോ-ഓപ്പറേറ്റിവ് സൊസൈറ്റി നമ്പർ. ക്യൂ. 1001

ചെറിയ പ്രവർത്തനമുണ്ട്. ഓണച്ചന്ത നടത്താറുണ്ട്.

### 2. പരവൂർ കൺസ്യൂമർ സഹകരണ സംഘം നമ്പർ. ക്യൂ 917

ഇപ്പോൾ പ്രവർത്തനമില്ല.

## വനിതാസംഘങ്ങൾ

4 സംഘങ്ങൾ പ്രവർത്തിക്കുന്നു.

1. ഇത്തിക്കര ബ്ലോക്ക് വനിതാസഹകരണസംഘം
2. പ്രിയദർശിനി വനിതാ കൺസ്യൂമർസഹകരണ സംഘം നമ്പർ ക്യൂ. 1143
3. കസ്തൂർബാ വനിതാ സഹകരണസംഘം നമ്പർ. ക്യൂ 1344.
4. ദി കൊല്ലം ഡിസ്ട്രിക്ട് വിമൻസ് സർവ്വീസ് എഞ്ചിനിയേഴ്സ് & ടെക്നീഷ്യൻസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമി. നമ്പർ. എസ്. ഇൻഡ് (ക്യൂ) 386

1992-ൽ ജില്ലാ പ്രവർത്തനപരിധിയായി രജിസ്റ്റർചെയ്തു. പരവൂരിൽ പ്രവർത്തനം ആരംഭിച്ചു. ചാത്തന്നൂരിലെ ബ്രാഞ്ചിലുൾപ്പെടെ 98 അംഗങ്ങളുണ്ട്. അതിൽ പരവൂരിൽനിന്ന് 48 പേരാണുള്ളത്. പരവൂരിൽനിന്ന് 58 പേർ സംഘത്തിൽ തൊഴിൽചെയ്യുന്നു. പിരിഞ്ഞടഞ്ഞ മൂലധനം 58000 രൂപയാണ് .

## ക്ഷീരവ്യവസായ സഹകരണസംഘം

രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. കോങ്ങാൽ ക്ഷീരവ്യവസായ സഹകരണ സംഘം നമ്പർ ക്യൂ. 109

547

2. കൂനയിൽ ക്ഷീരവ്യവസായ സഹകരണ സംഘം നമ്പർ. ക്യൂ. 182 (ഡി) എ.പി.സി.ഒ.എസ്.

### 1. കോങ്ങാൽ ക്ഷീരവ്യവസായ സഹകരണ സംഘം നമ്പർ ക്യൂ. 109

1981-ൽ രജിസ്റ്റർ ചെയ്തു. 435 അംഗങ്ങളുണ്ട്. 4130രൂപ ഓഹരിമൂലധനമുണ്ട്. 900-950 ലി. പാൽ പ്രതിദിനം ശേഖരിച്ച് നേരിട്ടുതന്നെ പ്രവർത്തനമേഖലയായ പറവൂർ മുനിസിപ്പാലിറ്റിയിൽ വിതരണം ചെയ്യുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്നു. ഇതിന് കോട്ടപ്പുറത്ത് ഒരു ശാഖയുണ്ട്.

### 2. കൂനയിൽ ക്ഷീരവ്യവസായ സഹകരണസംഘം നമ്പർ. ക്യൂ. 182 (ഡി) എ.പി.സി.ഒ.എസ്.

പ്രതിദിനം 200 ലി. പാൽ ശേഖരിക്കുന്നുണ്ട്. പകുതിയോളം തദ്ദേശമാർക്കറ്റിൽ ചെലവഴിക്കുകയും ബാക്കി മിൽമായ്ക്ക് വിതരണം നടത്തുകയും ചെയ്യുന്നു.

## പറവൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണ സംഘം നമ്പർ ക്യൂ. 907

1985-ൽ പ്രവർത്തനം ആരംഭിച്ചു. സാമാന്യം നല്ലരീതിയിൽ പ്രവർത്തിച്ചിരിന്നു. ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നു.

## ലേബർ കോൺട്രാക്ട് സഹകരണസംഘം

1. പറവൂർ എഫ്.സി.ഐ. ഹെഡ്‌ലോഡ് വർക്കേഴ്സ് സഹകരണസംഘം
2. പറവൂർ ലേബർകോൺട്രാക്ട് സഹകരണ സംഘം

മേൽപ്പറഞ്ഞ 2 സംഘങ്ങൾ നിലവിലുണ്ട്.

## ടൂറിസം സംഘങ്ങൾ

1. പറവൂർ ടൂറിസം പ്രൊമോഷൻ സഹകരണ സംഘം നമ്പർ ക്യൂ. 1178
2. പ്രിയദർശിനി ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
3. ദേശിങ്ങനാട് ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി. ക്യൂ. 1264

ആദ്യത്തെ 2 സംഘങ്ങൾക്ക് മുനിസിപ്പൽ പ്രദേശമാണ് പ്രവർത്തനപരിധി. 3-ാംത്തെ സഹകരണ സംഘത്തിന്റെ പ്രവർത്തനപരിധി കൊല്ലം ജില്ലയാണ്.

## സ്കൂൾ സഹകരണസംഘങ്ങൾ

1. കോട്ടപ്പുറം എച്ച്.എസ്. സഹകരണസംഘം നമ്പർ ക്യൂ. 34
2. പറവൂർ ഗവ:എച്ച്.എസ്. സഹകരണസംഘം നമ്പർ ക്യൂ 302
3. പറവൂർ ഗവ:യൂ.പി.എസ്. സഹകരണസംഘം നമ്പർ ക്യൂ 633
4. പറവൂർ എസ്.എൻ.വി.ജി.എച്ച്.എസ്. സഹകരണസംഘം നമ്പർ ക്യൂ 13

സ്ക്കൂൾകുട്ടികൾക്ക് പുസ്തകങ്ങളും സ്റ്റേഷനറിയും വിതരണം ചെയ്യുന്നതിൽ പ്രവർത്തനം ഒതുങ്ങി നിൽക്കുന്നു.

5. കൊല്ലം താലൂക്ക് എഡ്യൂക്കേഷണൽ സഹകരണസംഘം നമ്പർ. ക്യൂം 839 (ബ്രാഞ്ച്)

കൊല്ലത്ത് ഹെഡ്ഢാഫീസും മുഖത്തലയിലും പറവൂരിലുമായി ഓരോ ബ്രാഞ്ചും പ്രവർത്തിക്കുന്നു. പ്രസ്തുത സഹകരണസംഘത്തിന്റെ പറവൂരിലെ ബ്രാഞ്ച് ഒരു ടൂട്ടോറിയൽകോളേജ് പ്രവർത്തിപ്പിക്കുന്നു. ഉദ്ദേശം 300-ഓളം കുട്ടികൾ ഈ സ്ഥാപനത്തിൽ പഠിക്കുന്നു. 14 പേർക്ക് ഭാഗികകമായി ജോലി നൽകുന്നു.

## ഹരിജൻസഹകരണസംഘം

### പറവൂർ പട്ടികജാതി സർവ്വീസ് സഹകരണസംഘം നമ്പർ 2861

ഇത് 1948-ൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ, 1079 അംഗങ്ങളും 91480 രൂപ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനവുമുണ്ട്. അതിൽ 30000 രൂപ സർക്കാർ ഓഹരിയാണ്. പ്രവർത്തനപരിധി പറവൂർ മുനിസിപ്പാലിറ്റിയാണ്. പാറ മെറ്റലാക്കുന്നജോലി, ഓലമുടച്ചിൽ, മണൽവാരൽ, ഈറപ്പണി, കാലിവളർത്തൽ തുടങ്ങിയതൊഴിലുകൾക്കും കിണർകുഴിക്കുക, മുൻകടംതീർക്കുക തുടങ്ങിയ ആവശ്യങ്ങൾക്കുമായി സംഘം 228653 രൂപ അംഗങ്ങൾക്ക് വായ്പകൊടുത്തിട്ടുണ്ട്. പലയിനങ്ങളിലായി സർക്കാർ ധനസഹായമായി 266500 രൂപ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. സഹകരണമേഖലയിൽ ചെമ്മീൻസംസ്ക്കരണ സംഘങ്ങളില്ല.
2. കാർഷികമേഖലയിൽ കാർഷികോല്പന്നങ്ങളുടെ സമാഹരണവിപണത്തിന് സൗകര്യങ്ങളില്ല.
3. സഹകരണമേഖലയിൽ യന്ത്രവൽക്കൃത റാട്ടിന്റെയും കയർപിരി സംവിധാനങ്ങളുടെയും അഭാവം
4. നെയ്ത്തുമേഖലയിൽ സഹകരണസംഘങ്ങളുടെ കുറവ്.
5. സഹകരണ മേഖലയിൽ നാളീകേരത്തിനോടനുബന്ധിച്ചുള്ള വ്യവസായങ്ങളുടെ അഭാവം
6. ഈറ്റനിർമ്മാണ വ്യവസായസഹകരണസംഘത്തിന്റെ അഭാവം.

7. ഗ്രൂപ്പ് ഫാമിംഗ് ഏലാ കേന്ദ്രീകരിച്ചുള്ള സഹക രണസംഘം എന്നിവയുടെ അഭാവം.
8. വിനായകർ വീവേഴ്സ് സഹകരണസംഘം തകർച്ചയെ നേരിടുന്നു.
9. മത്സ്യസഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
10. ചില വായ്പാബാങ്കുകളുടെ കർശനമായ ജാമ്യവ്യവസ്ഥകൾ

## നിർദ്ദേശങ്ങൾ

1. നാളീകേരവും നാളീകേരോല്പന്നങ്ങളും ഫാക്ടറിഅടിസ്ഥാനത്തിൽ സംസ്കരിച്ച് വിപണനംനടത്താനുള്ള ഒരു സഹകരണസംഘം പരവൂർമേഖലയിൽ ആരംഭിക്കണം.
2. വനിതാസഹകരണസംഘങ്ങളുടെപ്രവർത്തനം വിപുലീകരിച്ച് റെഡിമെയ്ഡ് ഗാർമെന്റ്സ്, കരകൗശലവസ്തുക്കളുടെ നിർമ്മാണം,അച്ചാർ നിർമ്മാണം, പച്ചക്കറികളുടെ സംസ്കരണവും വിപണനവും തുടങ്ങിയ മേഖലകളിലേക്ക് വിപുലീകരിക്കണം. പുതിയപ്രവർത്തനമേഖലകൾ കണ്ടെത്തണം
3. ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പ്രവർ ത്തിക്കാത്ത വാർഡുകളിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയോ നിലവിലുള്ളവയുടെ പ്രവർത്തനം വ്യാപിപ്പിക്കുകയോ ചെയ്യണം.
4. നെയ്ത്തുതൊഴിലാളികൾ കൂടുതലുള്ള പ്രദേശങ്ങളിൽ നെയ്ത്തുസഹകരണ സംഘങ്ങൾ രൂപീ കരിക്കണം.
5. നിലവിലുള്ള ഹരിജൻസഹകരണസംഘം ഈറ്റ വ്യവസായത്തിന് മുൻഗണനനൽകണം.
6. ഏലാകൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ്ഫാമിംഗ് സഹകരണസംഘം ആരംഭിക്കണം.
7. വിനായകർ വീവേഴ്സ് സഹകരണസംഘത്തെ പുനഃരുദ്ധരിക്കണം.
8. കയറും ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും ഉപയോഗിച്ച് കയറ്റുമെത്ത, കയറ്റുപായ്, കരകൗശലവസ്തുക്കൾ തുടങ്ങിയവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് സഹകരണസംഘം രൂപീകരിക്കണം.
9. ഡിഗ്രിതലത്തിൽ സാങ്കേതികവിദ്യാഭ്യാസം നൽകുന്ന ഒരു കോളജ് സഹകരണാടിസ്ഥാനത്തിൽ ഈ മേഖലയിൽ സ്ഥാപിക്കണം
10. പച്ചക്കറികൾ ശേഖരിക്കുകയും വിപണനം ചെയ്യുന്നതിനുവേണ്ടി നിലവിലുള്ള സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ വികസിപ്പിക്കണം.
11. തരിശായിക്കിടക്കുന്നതും, സർക്കാരിന്റെയും സഹകരണസംഘങ്ങൾ സ്കൂളുകൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളുടെയും സ്ഥലങ്ങൾ ഏറ്റെടുത്ത് പച്ചക്കറി കൃഷിചെയ്യുന്നതിന് നിലവിലുള്ള സംഘങ്ങളെ ചുമതലപ്പെടുത്തുക
12. മത്സ്യബന്ധനരംഗത്ത് നിലവിലുള്ള രണ്ട് സംഘങ്ങളെ വിപുലപ്പെടുത്തുകയും, പുതുതായി പെരുമ്പുഴയിലും പരക്കിടയിലും ഓരോ സംഘങ്ങൾകൂടി ആരംഭിക്കണം.
13. കൺസ്യൂമർ രംഗത്ത് മിനിസൂപ്പർമാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനം പ്രയോജനപ്പെടുത്തുകയോ, ആവശ്യമെങ്കിൽ പുതിയ സഹകരണസംഘം രൂപീകരിക്കുകയോ വേണം.
14. കൃഷിക്കാരിൽനിന്നും നാളീകേരം നേരിട്ട് ശേഖരിച്ച് വിപണനം ചെയ്യുന്നതിന് നിലവിലുള്ള സർവ്വീസ് ബാങ്കുകളുടെ സേവനം പ്രയോജനപ്പെടുത്തുകയോ അതിനുവേണ്ടി പ്രത്യേകം സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കുകയോ വേണം.
15. പ്രവർത്തനരഹിതമായ സഹകരണഹോസ്പിറ്റൽ പുനഃരുദ്ധരിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.
16. ലേബർ കോൺട്രാക്റ്റ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കണം. വിവിധയിനം തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കൃഷിത്തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിനുവേണ്ടി ഒരു സഹകരണസംഘം രൂപീകരിക്കണം.
17. സഹകരണമേഖലയിൽ ടൂറിസം വികസനത്തിനാവശ്യമായ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.
18. എസ്.എൻ.വി.ആർ.സി. ബാങ്കിൽ ജാമ്യവ്യവസ്ഥകൾ ലഘൂകരിച്ച് കർഷകർ, കൊത്തൊഴിലുകാർ, കച്ചവടക്കാർ തുടങ്ങി അടിസ്ഥാന മേഖലകളിൽ പ്രവർത്തിക്കുന്നവർക്ക് വായ്പകൾനൽകണം.
19. വായ്പാരംഗത്ത് പ്രവർത്തിക്കുന്ന ബാങ്കുകൾ നാളീകേരം ശേഖരിച്ച് വിൽക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടേണ്ടതാണ്.
20. ഭൂവികസന ബാങ്കിന്റെ ദീർഘകാല വായ്പാസൗകര്യങ്ങൾ നഗരാതിർത്തിയിലുള്ള കർഷകർക്ക് പരമാവധി ഉപയോഗപ്പെടുത്തണം.
21. തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന വ്യവസായ സഹകരണസംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിദഗ്ദ്ധോപദേശം നൽകണം.
22. ജനസംഖ്യ ഇരുപതിനായിരത്തിൽ അധികരിച്ച

പട്ടണപ്രദേശങ്ങളെ ഖാദി-ഗ്രാമവ്യവസായ സംരംഭങ്ങളിൽനിന്നും ഒഴിവാക്കുന്ന വ്യവസ്ഥ പരവൂരിന്റെ പ്രത്യേകസാഹചര്യത്തിൽ ഇളവു ചെയ്തുകിട്ടാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണം..

23. മത്സ്യത്തൊഴിലാളി മാവേലിസ്റ്റോറുകൾ വിപുല പ്പെടുത്തണം.

24. മത്സ്യസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതി രൂപീകരിക്കണം. അവരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കണം.

25. തൊണ്ടിൻചേറ് ഉപയോഗിച്ച് ജൈവവളനിർമ്മാണത്തിന് സഹകരണാടിസ്ഥാനത്തിൽ ഒരു സംരംഭം ഉണ്ടാക്കണം.

26. കാലിത്തീറ്റ നിർമ്മാണത്തിന് ഒരു വ്യവസായ സഹകരണസംഘം ആരംഭിക്കണം.

27. പരവൂർ മുനിസിപ്പൽ തലത്തിൽ പാൽ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു കേന്ദ്രീകൃത സഹകരണസംഘം ഉണ്ടാക്കണം.



550

## 5.11 പട്ടികജാതി പട്ടികവർഗ്ഗം

പ്രാചീനകാലത്തെ വൃക്ഷാരാധന, കാളീപൂജ തുടങ്ങിയ ആരാധനകലകൾ ഇന്നും നിലനിർത്തിപ്പോരുന്നവരാണ് പരവൂരിലെ പട്ടികജാതിക്കാർ. സ്വന്തമായി ഭൂമിയില്ലാതെ തലചായ്ക്കുവാൻ ഇടമില്ലാതെ കൂലിവേല ചെയ്ത് ജീവിച്ചുവരുന്നവരായിരുന്നു ഇവിടുത്തെ പട്ടികജാതി പട്ടിക വർഗ്ഗം.

നിരക്ഷരർ, അന്ധവിശ്വാസമുള്ളവർ, ഉറപ്പും വൃത്തിയുമില്ലാത്ത കോളനിവാസം പൗരബോധത്തെക്കുറിച്ച് അജ്ഞത ഇവയൊക്കെയായിരുന്നു മുമ്പുണ്ടായിരുന്ന അവസ്ഥ. സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും ദേശീയ പ്രസ്ഥാനങ്ങൾ ഉടലെടുത്തകാലത്ത് ഇവരിൽ പലരും പരവൂരിലെ സാമൂഹ്യ പരിഷ്കർത്താക്കൾക്കൊപ്പം ചേർന്നുനിന്ന് അനാചാരങ്ങൾക്കെതിരെ പ്രവർത്തിക്കുകയും സ്വാതന്ത്ര്യ സമരരംഗത്ത് ഉറച്ച് നിൽക്കുകയും ചെയ്തിട്ടുണ്ട്. ജന്മിത്വത്തിനെതിരെയുള്ള മാലാക്കായൽ സമരത്തിന്റെ മുന്നിൽ നിലയുറപ്പിച്ചത് ഇവരായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ പട്ടികജാതി മാനേജ്മെന്റിലുള്ള വിദ്യാലയം പരവൂരിന്റെ ഭാഗമായിരുന്ന പൂതക്കുളം ചെമ്പകശ്ശേരി പ്രദേശത്തായിരുന്നു. 1937-ൽ ശ്രീ. ആർ. അച്ചുതൻ എം.പി. സ്ഥാപിച്ച വിദ്യാലയം ഇന്നും ട്രെയിനിംഗ് സ്കൂളായി വളർന്നുനിൽക്കുന്നു. ശ്രീ. ആർ. അച്ചുതൻ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. അദ്ദേഹം 1947 മുതൽ 1952 വരെ എം.എൽ.എയും ചീഫ് വിപ്പും 1962 മുതൽ 1967 വരെ എം.പി. യും ആയിരുന്നു. ഇങ്ങനെ വിരലിലെണ്ണാവുന്ന ചിലർ ഉന്നതസ്ഥാനങ്ങളിലെത്തിയിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് പൂർണ്ണമായും എത്തിച്ചേർന്നിട്ടില്ല. അജ്ഞതയിൽനിന്നും അപകർഷതാബോധത്തിൽനിന്നും വിമുക്തരായിട്ടില്ല. പരസഹായം കൂടാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരല്ല.

ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തും കാര്യമായ പുരോഗതിയും കൈവരിച്ചിട്ടില്ല. ഇവരെ സമൂഹത്തിന്റെ പൊതുധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

ഇന്നത്തെ അവസ്ഥ ഇത്തരത്തിലാണെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും ഇന്ന് സംഘടിത തൊഴിലാളി സംഘടനകളിൽ അംഗങ്ങളാണ്. പക്ഷേ ബഹുജനസംഘടനാ നേതാക്കൾ ഇവരുടെയിടയിൽ കുറഞ്ഞുവരുന്നു.

1991 ലെ സെൻസസ് പ്രകാരം പരവൂരിൽ 4373 പട്ടികജാതിക്കാരുണ്ടായിരുന്നു. ഇന്നവരുടെ ജനസംഖ്യ 4680 ഓളം വരും. അതായത് ഏകദേശം പരവൂരിലെ ജനസംഖ്യയുടെ 11.2% പട്ടികജാതിയിൽപ്പെട്ടവരാണ്.

**പട്ടികജാതിക്കാരുടെ ജാതിതിരിച്ചുള്ള കണക്ക്**

**പട്ടിക-1**

| നമ്പർ. | ഉപവിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1. | കുറവ | 1979 | 42.25 |
| 2. | പരവ | 82 | 1.75 |
| 3. | തണ്ടാൻ | 1872 | 40.00 |
| 4. | പുലയൻ | 308 | 6.60 |
| 5. | പാണൻ | 80 | 1.70 |
| 6. | സാംബവ | 280 | 6.00 |
| 7. | മണ്ണാൻ | 57 | 1.20 |
| 8. | വേലൻ | 22 | 0.50 |
| | | 4680 | 100.00 |

അവലംബം: നേരിട്ട് എടുത്തത്.

ജാതിപരമായ ഉച്ചനീചത്വം പഴയകാലങ്ങളിലെപോലെ ഇന്നില്ല. ജാതിപ്പേരുവിളിച്ച് ആക്ഷേപിക്കാറില്ല. മറ്റ് വിഭാഗക്കാരുടെ വിവാഹച്ചടങ്ങുകൾക്ക് ക്ഷണിക്കാറുണ്ട്. പങ്കെടുക്കുക പതിവാണ്. അതുപോലെതന്നെ തിരിച്ച് മറ്റു സമുദായക്കാർ പട്ടികജാതിക്കാരുടെ വിവാഹച്ചടങ്ങുകളിലും മറ്റും പങ്കെടുക്കാറുണ്ട്.

കൂട്ടുകുടുംബമായി താമസിക്കുന്നവരുടെ എണ്ണം കൂടുതലാണ്.

**പട്ടിക - 2 കോളനികളുടെ വിവരം**

| വാർഡ് | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെഎണ്ണം |
|---|---|---|---|
| 4 | ചരുവിളകോളനി | 20 | 120 |
| 5 | പെരുമ്പുഴവിളകോളനി | 60 | 350 |
| | ലക്ഷംവീട് കോളനി | 12 | 74 |
| 7 | പാറയിൽക്കാവ് കോളനി | 56 | 392 |
| 12 | ക്ലാവറതൊടി കോളനി | 25 | 132 |
| 8 | ലക്ഷംവീട് കോളനി | 14 | 112 |
| | | 187 | 1180 |

അവലംബം : നേരിട്ട് എടുത്തത്

പട്ടണപ്രദേശങ്ങളെ ഖാദി-ഗ്രാമവ്യവസായ സംരംഭങ്ങളിൽനിന്നും ഒഴിവാക്കുന്ന വ്യവസ്ഥ പരവൂരിന്റെ പ്രത്യേകസാഹചര്യത്തിൽ ഇളവു ചെയ്തുകിട്ടാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണം..

23. മത്സ്യത്തൊഴിലാളി മാവേലിസ്റ്റോറുകൾ വിപുല പ്പെടുത്തണം.

24. മത്സ്യസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതി രൂപീകരിക്കണം. അവരുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ട സാഹചര്യങ്ങൾ ഉണ്ടാക്കണം.

25. തൊണ്ടിൻചേറ് ഉപയോഗിച്ച് ജൈവവളനിർമ്മാണത്തിന് സഹകരണാടിസ്ഥാനത്തിൽ ഒരു സംരംഭം ഉണ്ടാക്കണം.

26. കാലിത്തീറ്റ നിർമ്മാണത്തിന് ഒരു വ്യവസായ സഹകരണസംഘം ആരംഭിക്കണം.

27. പരവൂർ മുനിസിപ്പൽ തലത്തിൽ പാൽ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഒരു കേന്ദ്രീകൃത സഹകരണസംഘം ഉണ്ടാക്കണം.



552

## 5.11 പട്ടികജാതി പട്ടികവർഗ്ഗം

പ്രാചീനകാലത്തെ വൃക്ഷാരാധന, കാളീപൂജ തുടങ്ങിയ ആരാധനകലകൾ ഇന്നും നിലനിർത്തിപ്പോരുന്നവരാണ് പരവൂരിലെ പട്ടികജാതിക്കാർ. സ്വന്തമായി ഭൂമിയില്ലാതെ തലചായ്ക്കുവാൻ ഇടമില്ലാതെ കൂലിവേല ചെയ്ത് ജീവിച്ചുവരുന്നവരായിരുന്നു ഇവിടുത്തെ പട്ടികജാതി പട്ടികവർഗ്ഗം.

നിരക്ഷരർ, അന്ധവിശ്വാസമുള്ളവർ, ഉറപ്പും വൃത്തിയുമില്ലാത്ത കോളനിവാസം പൗരബോധത്തെക്കുറിച്ച് അജ്ഞത ഇവയൊക്കെയായിരുന്നു മുമ്പുണ്ടായിരുന്ന അവസ്ഥ. സ്ഥിതിഗതികൾ ഇങ്ങനെയൊക്കെയായിരുന്നുവെങ്കിലും ദേശീയ പ്രസ്ഥാനങ്ങൾ ഉടലെടുത്തകാലത്ത് ഇവരിൽ പലരും പരവൂരിലെ സാമൂഹ്യ പരിഷ്കർത്താക്കൾക്കൊപ്പം ചേർന്നുനിന്ന് അനാചാരങ്ങൾക്കെതിരെ പ്രവർത്തിക്കുകയും സ്വാതന്ത്ര്യ സമരരംഗത്ത് ഉറച്ച് നിൽക്കുകയും ചെയ്തിട്ടുണ്ട്. ജന്മിത്വത്തിനെതിരെയുള്ള മാലാക്കായൽ സമരത്തിന്റെ മുന്നിൽ നിലയുറപ്പിച്ചത് ഇവരായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ പട്ടികജാതി മാനേജ്മെന്റിലുള്ള വിദ്യാലയം പരവൂരിന്റെ ഭാഗമായിരുന്ന പൂതക്കുളം ചെമ്പകശ്ശേരി പ്രദേശത്തായിരുന്നു. 1937–ൽ ശ്രീ. ആർ. അച്ചുതൻ എം.പി. സ്ഥാപിച്ച വിദ്യാലയം ഇന്നും ട്രെയിനിംഗ് സ്കൂളായി വളർന്നുനിൽക്കുന്നു. ശ്രീ. ആർ. അച്ചുതൻ സ്വാതന്ത്ര്യസമരസേനാനിയായിരുന്നു. അദ്ദേഹം 1947 മുതൽ 1952 വരെ എം.എൽ.എയും ചീഫ് വിപ്പും 1962 മുതൽ 1967 വരെ എം.പി. യും ആയിരുന്നു. ഇങ്ങനെ വിരലിലെണ്ണാവുന്ന ചിലർ ഉന്നതസ്ഥാനങ്ങളിലെത്തിയിട്ടുണ്ടെങ്കിലും സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് പൂർണ്ണമായും എത്തിച്ചേർന്നിട്ടില്ല. അജ്ഞതയിൽനിന്നും അപകർഷതാബോധത്തിൽനിന്നും വിമുക്തരായിട്ടില്ല. പരസഹായം കൂടാതെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരല്ല.

ആനുകൂല്യങ്ങൾ ഇടനിലക്കാർ തട്ടിയെടുക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്. വിദ്യാഭ്യാസരംഗത്തും സാമ്പത്തികരംഗത്തും സാമൂഹ്യരംഗത്തും കാര്യമായ പുരോഗതിയും കൈവരിച്ചിട്ടില്ല. ഇവരെ സമൂഹത്തിന്റെ പൊതുധാരയിൽ കൊണ്ടുവരുന്നതിനുവേണ്ടി പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്.

ഇന്നത്തെ അവസ്ഥ ഇത്തരത്തിലാണെങ്കിലും അവരിൽ ബഹുഭൂരിപക്ഷവും ഇന്ന് സംഘടിത തൊഴിലാളി സംഘടനകളിൽ അംഗങ്ങളാണ്. പക്ഷേ ബഹുജനസംഘടനാ നേതാക്കൾ ഇവരുടെയിടയിൽ കുറഞ്ഞുവരുന്നു.

1991 ലെ സെൻസസ് പ്രകാരം പരവൂരിൽ 4373 പട്ടികജാതിക്കാരുണ്ടായിരുന്നു. ഇന്നവരുടെ ജനസംഖ്യ 4680 ഓളം വരും. അതായത് ഏകദേശം പരവൂരിലെ ജനസംഖ്യയുടെ 11.2% പട്ടികജാതിയിൽപ്പെട്ടവരാണ്.

**പട്ടികജാതിക്കാരുടെ ജാതിതിരിച്ചുള്ള കണക്ക്**

പട്ടിക-1

| നമ്പർ. | ഉപവിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1. | കുറവ | 1979 | 42.25 |
| 2. | പരവ | 82 | 1.75 |
| 3. | തണ്ടാൻ | 1872 | 40.00 |
| 4. | പുലയൻ | 308 | 6.60 |
| 5. | പാണൻ | 80 | 1.70 |
| 6. | സാംബവ | 280 | 6.00 |
| 7. | മണ്ണാൻ | 57 | 1.20 |
| 8. | വേലൻ | 22 | 0.50 |
| | | 4680 | 100.00 |

അവലംബം: നേരിട്ട് എടുത്തത്.

ജാതിപരമായ ഉച്ചനീചത്വം പഴയകാലങ്ങളിലെപോലെ ഇന്നില്ല. ജാതിപ്പേരുവിളിച്ച് ആക്ഷേപിക്കാറില്ല. മറ്റ് വിഭാഗക്കാരുടെ വിവാഹച്ചടങ്ങുകൾക്ക് ക്ഷണിക്കാറുണ്ട്. പങ്കെടുക്കുക പതിവാണ്. അതുപോലെതന്നെ തിരിച്ച് മറ്റു സമുദായക്കാർ പട്ടികജാതിക്കാരുടെ വിവാഹച്ചടങ്ങുകളിലും മറ്റും പങ്കെടുക്കാറുണ്ട്.

കൂട്ടുകുടുംബമായി താമസിക്കുന്നവരുടെ എണ്ണം കൂടുതലാണ്.

പട്ടിക – 2 **കോളനികളുടെ വിവരം**

| വാർഡ് | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെഎണ്ണം |
|---|---|---|---|
| 4 | ചരുവിളകോളനി | 20 | 120 |
| 5 | പെരുമ്പുഴവിളകോളനി | 60 | 350 |
| | ലക്ഷംവീട് കോളനി | 12 | 74 |
| 7 | പാറയിൽക്കാവ് കോളനി | 56 | 392 |
| 12 | ക്ലാവറതൊടി കോളനി | 25 | 132 |
| 8 | ലക്ഷംവീട് കോളനി | 14 | 112 |
| | | 187 | 1180 |

അവലംബം : നേരിട്ട് എടുത്തത്

പട്ടിക – 3 **ആൺപെൺ വിവരം**
**(ശതമാനത്തിൽ)**

| ആൺ | ശതമാനം | പെൺ | ശതമാനം | ആകെ |
|---|---|---|---|---|
| 2311 | 49.1 | 2369 | 50.1 | 4680 |

അവലംബം : നേരിട്ട് എടുത്തത്.

വിദ്യാഭ്യാസരംഗത്ത് പട്ടികജാതിവിഭാഗത്തിനു വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കുട്ടികളിൽ കൂടുതൽപേരും സ്കൂളിൽ കൃത്യമായി പോകുന്നവരല്ല. സാമ്പത്തികബുദ്ധിമുട്ടുമൂലം കുട്ടികൾ കൂലിപ്പണിയ്ക്ക് പോകുന്നു. എസ്.എസ്.എൽ.സി. വരെ പഠിക്കുന്ന കുട്ടികൾ ഉണ്ടെങ്കിലും എസ്.എസ്.എൽ.സി വിജയ ശതമാനം വളരെ കുറഞ്ഞുവരുന്നു. ഈ വിഭാഗത്തിൽ ഉള്ള കുട്ടികൾക്കു 3 കി.മീ. ദൂരത്തിനുള്ളിൽ വിദ്യാലയങ്ങളുണ്ട്. ഇന്ന് പരവൂരിലെ സ്കൂളുകളിലുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പട്ടിക.

പട്ടിക– 4
**അംഗീകാരംവേണ്ടുന്ന പട്ടികജാതികോളനികൾ**

| വാർഡ് | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെഎണ്ണം |
|---|---|---|---|
| 1 | ആറ്റുംപുറം | 30 | 160 |
| 2 | ക്ലാവറതൊടി | 12 | 68 |
| 3 | ചരുവിള | 13 | 78 |
| 3 കോളനി | വീടുകൾ 55 | | ജനങ്ങൾ 206 |

അവലംബം : നേരിട്ട് എടുത്തത്.

പരവൂരിൽ ആകെ ആറ് കോളനികളാണുള്ളത്. വീടുകളുടെ എണ്ണം കൂടുതൽ പാറയിൽക്കാവ് കോളനിയിലാണ്. ഇന്ന് നിലവിലുള്ള കോളനികൾക്കുപുറമേ മുകളിൽ പട്ടികയിൽ സൂചിപ്പിട്ടുള്ള 55 വീടുകളും കൂടി കോളനിയായി അംഗീകരിക്കേണ്ടതാണ്.

## വിദ്യാഭ്യാസം

പരവൂരിലെ പട്ടികജാതിവിഭാഗക്കാരിൽ സാക്ഷരതാ ശതമാനം 82.9 ആണ്.

പട്ടിക – 5 **വിദ്യാഭ്യാസനിലവാരം**

| വിഭാഗം | ആൺ | പെൺ | ആകെ | പഠനം | നിർത്തിയവർ |
|---|---|---|---|---|---|
| എൽ.പി. | 180 | 196 | 376 | – | – |
| യു.പി. | 149 | 173 | 322 | 20 | 16 |
| എച്ച്എസ് | 116 | 139 | 255 | 9 | 5 |
| | 445 | 508 | 953 | 29 | 21 |

അവലംബം : നേരിട്ട് എടുത്തത്.

## തൊഴിൽ

പട്ടികജാതിയിൽപ്പെട്ടവരിൽ ഭൂരിഭാഗവും കർഷകതൊഴിലാളികളായിരുന്നു. കാർഷികമേഖലയിൽ വന്ന തകർച്ച ഇവരുടെ തൊഴിലില്ലായ്മയെ വർദ്ധിപ്പിച്ചു. ഇതിൽ വളരെ കൂടുതൽപേർ കെട്ടിടനിർമ്മാണതൊഴിലാളികളായി 10–15 കിലോമീറ്റർ ദൂരെ കശുവണ്ടി ഫാക്ടറികളിൽ പണിയെടുക്കുവാൻ പോകുന്ന സ്ത്രീകളും ഇവരുടെ കൂട്ടത്തിലുണ്ട്. കൂലിപ്പണിമാത്രം ആശ്രയിച്ചു ജീവിക്കുന്ന പട്ടികജാതി വിഭാഗത്തിന് വേണ്ടി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.

## പട്ടിക - 6

## പാർപ്പിടം

### പട്ടികജാതിക്കാരുടെ വീടുകളുടേയും കോളനികളുടേയും പൊതു അവസ്ഥ

### വീടിന്റെ സ്വഭാവം

| ക്രമ പേര് | കോളനികളുടെ പേര് | കോൺക്രീറ്റ് | ഓട് | ഓലക്കുടിൽ | കക്കൂസ് ഉള്ളവ | വൈദ്യുതി ലഭിച്ചവ | കുടിവെള്ള സൗകര്യമുള്ളവ |
|---|---|---|---|---|---|---|---|
| 1 | കോളനിഇല്ല | 4 | 14 | 27 | 17 | 26 | 27 കിണർ |
| 2 | കോളനിഇല്ല | 5 | 9 | 22 | 20 | 19 | 20 കിണർ |
| 3 | കോളനിഇല്ല | 7 | 10 | 19 | 19 | 22 | 28 കിണർ |
| 4 | ചരുവിളകോളനി | 1 | 10 | 97 | 86 | 47 | 11 കിണർ |
| 5 | പെരുമ്പുഴവിളകോളനി<br>യക്ഷിക്കാവുവിളകോളനി | 1 | 55 | 98 | 94 | 66 | 98 കിണർ |
| 6 | കോളനി ഇല്ല | 0 | 15 | 23 | 22 | 15 | 13 കിണർ |
| 7 | പാറയിൽകാവ് കോളനി | 2 | 5 | 67 | 7 | 46 | 14 കിണർ |
| 8 | ലക്ഷംവീട് കോളനി | 0 | 12 | 46 | 15 | 97 | 45 കിണർ |
| 9 | കോളനി ഇല്ല | 1 | 2 | 12 | 5 | 10 | 8 കിണർ |
| 10 | കോളനി ഇല്ല | 1 | 0 | 20 | 3 | 17 | 2 കിണർ |
| 11 | കോളനി ഇല്ല | 1 | 4 | 15 | 10 | 5 | 4 കിണർ |
| 12 | ക്ലാവറതൊടി | 0 | 1 | 15 | 5 | ഇല്ല | ഇല്ല |
| 13 | കോളനി ഇല്ല | ഇല്ല | 3 | 7 | 10 | 4 | 4 കിണർ |
| 14 | കോളനി ഇല്ല | ഇല്ല | 4 | 1 | 4 | 4 | 4 കിണർ |
| 15 | ആറ്റിൻപുറം കോളനി | 1 | 1 | 26 | 2 | 9 | 8 കിണർ |
| 16 | കോളനി ഇല്ല | 1 | 6 | 14 | 7 | 7 | 6 കിണർ |
| 17 | കോളനി ഇല്ല | 1 | 0 | 3 | 1 | 2 | 2 കിണർ |
| 18 | കോളനി ഇല്ല | 0 | 0 | 1 | 1 | ഇല്ല | 1 കിണർ |
| 19 | പട്ടികജാതിക്കാർ ഇല്ല | 0 | 0 | 0 | 0 | 0 | 0 |
| 20 | കോളനി ഇല്ല | 0 | 3 | 6 | 5 | 5 | 6 കിണർ |
| 21 | കോളനി ഇല്ല | 0 | 0 | 1 | 0 | 1 | 1 കിണർ |
| 22 | കോളനി ഇല്ല | 0 | 1 | 0 | 1 | 1 | 1 കിണർ |
| 23 | കോളനി ഇല്ല | 1 | 4 | 26 | 6 | 19 | 6 കിണർ |
| 24 | കോളനി ഇല്ല | 1 | 0 | 4 | 2 | 5 | 5 കിണർ |
| | | 27 | 157 | 550 | 327 | 432 | 314 |

അവലംബം : നേരിട്ട് എടുത്തത്.

## പട്ടികജാതി പ്രശ്നങ്ങൾ

1 നരിക്ഷരത പ്രധാനപ്രശ്നമാണ്.
2 ഒരാണ്ടിൽ വളരെകുറച്ചു ദിവസങ്ങൾ മാത്രമേ ജോലി ലഭിക്കുന്നുള്ളൂ.
3 ശാസ്ത്രസാങ്കേതിക വിഷയങ്ങളെക്കുറിച്ചുള്ള അജ്ഞത.
4 ആരോഗ്യപരിപാലനത്തെക്കുറിച്ചും ശുചിത്വത്തെക്കുറിച്ചുമുള്ള അജ്ഞത.
5 കുടിവെള്ളം, കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു.
6 കോളനിപ്രദേശങ്ങളും ചേരിപ്രദേശങ്ങളും കേന്ദ്രീകരിച്ചുള്ള വ്യാജവാറ്റും ചൂതുകളിയും.
7 അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു.
8 തൊഴിൽസാദ്ധ്യത കുറഞ്ഞു വരുന്നു.
9 എല്ലാവർക്കും സ്വന്തമായി വീടില്ല വീടുവയ്ക്കാൻ സ്ഥലമില്ല.
10 പൊതുശ്മശാനമില്ല.
11 നിർദ്ധനകുടുംബങ്ങളിൽ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
12 ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധ ലഭിക്കുന്നില്ല.
13 ചികിത്സയ്ക്കും പ്രസവത്തിനും പരവൂർ ആയൂർവ്വേദ ആശുപത്രിയേയും നെടുങ്ങോലം ആശുപത്രിയേയും ആശ്രയിക്കേണ്ടി വരുന്നു. ഇവിടുള്ള സൗകര്യം മെച്ചമല്ല.
14 പട്ടികജാതിക്ഷേമത്തിനുള്ള പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
15 അഭ്യസ്തവിദ്യരായവർക്ക് ലഭിക്കുന്ന ധനസഹായം ലക്ഷ്യം കൈവരിക്കുന്നില്ല.
16 പട്ടികജാതിക്ഷേമത്തിനായുള്ള പദ്ധതികളെകുറിച്ചുള്ള അജ്ഞത.
17 ദാരിദ്ര്യം, കടം
18 കായികകലാപ്രതിഭകൾക്ക് വളരാൻ സാഹചര്യമില്ല.
19 പട്ടികജാതി വിഭാഗങ്ങളിൽ പ്രചാരമുള്ള കലാരൂപങ്ങൾക്ക് നാശം നേരിടുന്നു.

## പട്ടികജാതി പ്രശ്നപരിഹാരങ്ങൾ

1 ഒരു വീട്ടിൽത്തന്നെ ഒന്നിലധികം കുടുംബങ്ങൾ താമസിക്കുന്ന സ്വന്തമായി വീടില്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും സ്വന്തമായി വീടു നിർമ്മിക്കുന്നതിനുള്ള സാമ്പത്തികസഹായം നിലവിലുള്ളത് പ്രയോജനപ്പെടുത്തണം.
2 ആരോഗ്യം, ശുചിത്വം എന്നീ പ്രാഥമിക ആവശ്യത്തിൽ ഉൾപ്പെടുത്തി കിണർ കുഴിക്കുന്നതിനും കക്കൂസ് നിർമ്മിക്കുന്നതിനും ആവശ്യമായ സഹായം ചെയ്തുകൊടുക്കണം.
3 വൈദ്യുതിലൈൻ എത്തിയിട്ടില്ലാത്ത പട്ടികജാതി കോളനികളിൽ വൈദ്യുതി എത്തിച്ച് സൗജന്യമായി വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതും അതിനുവേണ്ടി വരുന്ന ധനസഹായം കൊടുക്കേണ്ടതുമാണ്.
4 പണിപൂർത്തികരിച്ചിട്ടില്ലാത്ത എല്ലാ പട്ടികജാതിക്കാരുടെ വീടുകളും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി ധനസഹായം നൽകുക.
5 സ്വന്തമായി ഭൂമി ഇല്ലാത്ത എല്ലാ പട്ടികജാതിക്കാർക്കും സ്വന്തംപേരിൽ ഭൂമി (5സെന്റ്) വാങ്ങുന്നതിനുവേണ്ടി സാമ്പത്തികസഹായം നിലവിലുള്ളത് പൂർണ്ണമായി പ്രയോജനപ്പെടുത്തണം.
6 കൃഷിക്കാരായ പട്ടികജാതിക്കാർക്ക് സ്വന്തമായി കൃഷിചെയ്തു ജീവിക്കുന്നതിനുവേണ്ടി സ്വന്തംപേരിൽ കൃഷിഭൂമി വാങ്ങുന്നതിന് വേണ്ടിവരുന്ന ധനസഹായം ചെയ്തുകൊടുക്കുക.
7 മൃഗസംരക്ഷണത്തിൽ ഉൾപ്പെടുത്തി ഡെയറി യൂണിറ്റുകൾ (2 പശുവും തൊഴുത്തും) തുടങ്ങുന്നതിനും ആടുവളർത്തു യൂണിറ്റ് (5 ആട് ആട്ടിൻകൂട്) തുടങ്ങുന്നതിന് സഹായം നൽകുകയും ശാസ്ത്രീയമായരീതിയിൽ പരിശീലനം നൽകുകയും വേണം. ഇവർക്കു വെച്ചൂർ ഇനത്തിൽപ്പെട്ട പശുക്കുട്ടികളേയും ആൽപൈൻ, സാനൻ എന്നീ വർഗ്ഗങ്ങളിൽപ്പെട്ട ആട്ടിൻകുട്ടികളേയും സൗജന്യമായി വിതരണം ചെയ്യുക.
8 കാലിത്തീറ്റ നിർമ്മിക്കുന്നതിനുവേണ്ടി ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിച്ചാൽ ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്ക് ലാഭകരമായി പാൽ ഉത്പാദിപ്പിക്കുന്നതിന് സാധിക്കുന്നു. ഇതിനോടൊപ്പം ഒരു പാൽ സംഭരണ വിപണന സൊസൈറ്റി പ്രവർത്തിപ്പിക്കണം.
9 സഹകരണാടിസ്ഥാനത്തിൽ ഒരു മോട്ടോർ മെക്കാനിക് ആന്റ് സ്റ്റീൽ ഫാബ്രിക്കേഷൻ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കേണ്ടതാണ്.
10 ചാരിറ്റബിൾ ആക്ടിൽ ഉൾപ്പെടുത്തി സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് ഇഷ്ടിക വ്യവസായം, കരകൗശലവ്യവസായം, കാർപ്പെന്ററി എന്നിവ സൊസൈറ്റികൾ മുഖാന്തിരം നടപ്പിൽ വരുത്തുക.
11 പട്ടികജാതിക്കാർക്കുവേണ്ടി പട്ടികജാതി ഭവനനിർമ്മാണ സഹകരണ സംഘം ആരംഭി

ക്കണം.

12 പരവൂർ മുനിസിപ്പാലിറ്റിയിൽ 5–10 വാർഡിൽ പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സർക്കാർ പ്രത്യേകസാമ്പത്തിക സഹായം ചെയ്തുകൊടുക്കണം. പ്രവർത്തനമേഖല വിപുലീകരിക്കണം.

13 കെട്ടിടനിർമ്മാണത്തിന് ആവശ്യമായ വയറിംഗ്, പ്ലംബിംഗ്, കാർപെന്ററി, മേസൻപണി, മൊസൈക്ക്, ടൈൽസി ഫിറ്റിംഗ്സ്, അലൂമിനിയം ഫാബ്രിക്കേഷൻസ് എന്നീ തൊഴിലുകളിൽ പരിശീലനം നൽകുന്നതിന് ഒരു ട്രെയിംനിംഗ് സെന്റർ ആവശ്യമാണ്.

14 കയർമേഖലയിൽ തൊഴിലാളികൾ കുറഞ്ഞു വരുന്നതായി കാണുന്നു. ഇത് പരിഹരിക്കുന്നതിനായി കയർപിരിപ്പ് മേഖല വികസിപ്പിക്കേണ്ടതാണ്. നിലവിലുള്ള യന്ത്രറാട്ടിൽ പിരിക്കുന്ന കയർ വിപണിയിൽ മാർക്കറ്റ് ഉള്ളതല്ല. ഇത് കാരണം യന്ത്രറാട്ടുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല. ഈ പഴയ യന്ത്രറാട്ടുകൾ മാറ്റി ഗുണനിലവാരം കൂടിയ കയർ ഉല്പാദിപ്പിക്കുന്ന യന്ത്രറാട്ടുകൾ നിലവിൽ വരുത്തി അതിൽ കയർ പിരിപ്പ് നടത്തുന്നതിനു പ്രത്യേകം ശ്രദ്ധിക്കുകയും യന്ത്രറാട്ടുകളിൽ കയർ പിരിക്കുന്നതിന് പട്ടികജാതി വനിതകൾക്ക് പരിശീലനം നൽകേണ്ടതും സഹകരണാടിസ്ഥാനത്തിൽ കയർ (യന്ത്രറാട്ട് സൊസൈറ്റി) രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതുമാണ്.

15 സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ടെയിലറിംഗ് ആന്റ് എംബ്രോയിഡറി, കൂൺകൃഷി, പുഷ്പക്കൃഷി, നാളീകേര സംസ്കരണം, തേനീച്ച വളർത്തൽ, കോഴിവളർത്തൽ, തീപ്പെട്ടി വ്യവസായം, മെഴുകുതിരി വ്യവസായം, ഇഷ്ടികനിർമ്മാണത്തിന് വള്ളം വാങ്ങുന്നതിന്, കയർ, കൈത്തറി വ്യവസായം, ലതർ വർക്സ് തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും വാഹനങ്ങൾ വാങ്ങുന്നതിനും തുടങ്ങുന്നതിനും ധനസഹായം ചെയ്തുകൊടുക്കേണ്ടതാണ്.

16 പരവൂർ മുനിസിപ്പാലിറ്റിയിൽ പട്ടികജാതിക്കാർ വിദ്യാഭ്യാസപരമായി വളരെ പിന്നിലാണ്. ഇതിനു പരിഹാരമായി പരവൂർ മുനിസിപ്പൽ പ്രദേശത്ത് സാക്ഷരതാ പ്രവർത്തകരെ പങ്കെടുപ്പിച്ച് ഒരു പട്ടികജാതി ട്യൂഷൻ സെന്റർ തുടങ്ങേണ്ടതാണ്. പട്ടികജാതി വിദ്യാർത്ഥികൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തിപോകുന്നു. ഇത്തരത്തിലുള്ള കുട്ടികളെ കണ്ടുപിടിച്ച് തുടർവിദ്യാഭ്യാസത്തിലേക്ക് കൊണ്ടുവരുന്നതിനും ഈ ട്യൂഷൻ സെന്റർ പ്രവർത്തകർ ശ്രദ്ധിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച് ഒരു വൃദ്ധസദനം പ്രവർത്തിപ്പിക്കേണ്ടതുമാണ്. ലൈബ്രറികളില്ലാത്തതും പട്ടികജാതിക്കാർ കൂടുതലായിട്ടുള്ളതുമായ വാർഡുകളിൽ ഓരോ ലൈബ്രറിയും റ്റി.വി. സെന്ററും പ്രവർത്തിപ്പിക്കേണ്ടതുമാണ്.

17 പട്ടികജാതി വിഭാഗത്തിൽപ്പെട്ട കായികകലാപ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകുക.

18 വിവിധ പട്ടികജാതി വിഭാഗങ്ങളിലെ പ്രതിനിധികളെ ഒരേവേദിയിൽ അണിനിരത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവരുടെ കലാരൂപങ്ങളെ പ്രദർശിപ്പിക്കാനും സൗകര്യമുണ്ടാക്കാൻ "സമന്വയം" പരിപാടി ആവിഷ്ക്കരിക്കുക.

19 പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റേയും മേൽനോട്ടത്തിൽ ബോധവൽക്കരണ സെമിനാർ നടത്തുക. എല്ലാവിഭാഗം തൊഴിൽ ചെയ്യുന്നവരേയും ഇതിൽ ഉൾപ്പെടുത്തുകയും 60 കഴിഞ്ഞ അവശരായ എല്ലാ പട്ടികജാതിക്കാർക്കും പെൻഷൻ അനുവദിക്കുകയും വേണം.

20 പട്ടികജാതിയിൽപ്പെട്ട 15 കുടുംബങ്ങൾക്ക് ഒരു പൊതുകിണർവീതം കുഴിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

21 നാലാം വാർഡിൽ ചരുവിളകോളനിയിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് ഇതുവരെ പട്ടയം കിട്ടിയിട്ടില്ല. റയിൽവേയുടെ പുറംപോക്കിൽ താമസിക്കുന്ന ഇവർക്ക് പട്ടയം നൽകുന്നതിന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് പരിഹാരം കാണേണ്ടതാണ്.

22 പതിഞ്ചാംവാർഡിൽ ആറ്റിൻപുറം ചേരിപ്രദേശത്ത് താമസിക്കുന്ന ആൾക്കാരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ആറ്റിൻപുറം കനാൽ ഇരുവശവും പാറ അടുക്കി മണ്ണൊലിപ്പ് തടയുകയും വേണം.

23 പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സംവരണ വാർഡായ അഞ്ചാംവാർഡിലെ ഊറ്റുകുഴി കടവും റോഡും സഞ്ചാരയോഗ്യമാക്കണം.

24 പന്ത്രണ്ടാംവാർഡിൽ ഒല്ലാൽ ക്ലാവറതൊടിയിൽ താമസിക്കുന്ന പട്ടികജാതിക്കാർക്ക് ജലക്ഷാമം പരിഹരിക്കുന്നതിന് കിണർ കുഴിച്ചു കൊടുക്കേണ്ടതാണ്.ഇവർ (21/2സെന്റിൽ) 2 1/2 സെന്റിൽ 7 കുടിലുകൾ നിർമ്മിച്ച് തിങ്ങിഞെരുങ്ങിയാണ് താമസിക്കുന്നത് ഇതിന് പരിഹാരം കാണണം.

25 പട്ടികജാതിക്കാർക്ക് ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കണം.



## 5.12 വിഭവസമാഹരണം

നമ്മുടെ മുനിസിപ്പാലിറ്റി ഇന്ന് നേരിടുന്ന വികസന പ്രശ്നങ്ങൾ നിരവധി ആണ്. ജനകീയ ഭരണകൂടത്തിന്റെ ദീർഘനാളത്തെ അഭാവം പ്രശ്നങ്ങളുടെ സങ്കീർണ്ണത വർദ്ധിപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പ്രത്യേകിച്ച് പുരയിട കൃഷി, മൃഗസംരക്ഷണം എന്നീ രംഗങ്ങളിലെ പ്രതിസന്ധി രൂക്ഷമാണ്. വ്യവസായ രംഗത്ത് പണ്ട് ഉണ്ടായിരുന്നതിൽ നിന്നും ഒരിഞ്ച് പോലും മുന്നോട്ട് നീങ്ങീട്ടില്ല. ഇടക്കാലത്ത് തുടങ്ങിയവ ഒക്കെത്തന്നെ അകാല മൃത്യു കൈവരിച്ചു. ഉപഭോക്തൃ സംസ്ക്കാരത്തിലധിഷ്ഠിധമായ വാണിജ്യമേഖലയായി നമ്മുടെ പ്രദേശം മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യവിഭവം ഫലപ്രദമായി ഉപയോഗിക്കാൻ ലക്ഷ്യബോധമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് നമുക്ക് കഴിയുന്നില്ല.

കാർഷികമേഖലയിലും വ്യാവസായിക മേഖലയിലും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് വായ്പകൾ നൽകുവാൻ ബാങ്കുകൾ തയ്യാറാണ്. ഈ മേഖലകളിൽ ഉപയോഗിക്കുവാൻ വേണ്ടി തുകകൾ ലഭ്യമാക്കുന്നുണ്ട്. പക്ഷേ ഇവയൊന്നും തന്നെ ലക്ഷ്യം കാണുന്നില്ല. കാർഷിക വ്യാവസായിക മേഖലകളിൽ മുതൽ മുടക്കുവാൻ ഗൾഫ് മേഖലയിലുള്ളവർ മുന്നോട്ടു വരുന്നതുമില്ല.

സ്വയംതൊഴിൽ പദ്ധതികളിലൂടെ ലഭ്യമാകുന്ന തുകകൾ കൊണ്ട് സംരംഭങ്ങൾ ആരംഭിക്കുവാൻ യുവജനങ്ങൾ മുന്നോട്ട് വരുന്നില്ല. ആത്മവിശ്വാസമില്ലായ്മ, പരിശീലനക്കുറവ്, പ്രോത്സാഹനക്കുറവ് അതിലുപരി സംരംഭം ആരംഭിക്കുന്നതിന് മുന്നോടിയായി ഉണ്ടാകുന്ന ഓഫീസ് മുറകളും. ''ഊർജ്ജ പ്രതിസന്ധിയും കാരണങ്ങളാണ്. മനുഷ്യവിഭവം ശരിയായി വിനിയോഗിക്കുന്നു എങ്കിൽ കേരളമാകെ ജനകീയാസൂത്രണത്തന്റെ ഫലമായി ഒരു " വ്യവസായ സൗഹൃദാന്തരീക്ഷം " സൃഷ്ടിക്കണം. സംരംഭകരെ കണ്ടെത്തുവാനും പ്രോത്സാഹനങ്ങൾ നൽകുവാനും ഈ രംഗത്തുള്ള ഓഫീസ് വൈതരണികളെ ഫലപ്രദമായി നേരിടുവാനും പ്രാദേശിക ഭരണകൂടങ്ങൾക്ക് കഴിയണം. ഒപ്പം അതിനുള്ള നിയമ നിർമ്മാണവും ഉണ്ടാകണം.

വാർഡ് സഭകളിൽ നടന്ന ചർച്ചകളിൽ പരവൂരിന്റെ സമഗ്ര വികസനത്തിനായി നല്ല നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിട്ടുണ്ട്. ഇത് പദ്ധതികളാക്കി മാറ്റുവാൻ ജനകീയാസൂത്രണം വഴി മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന തുകയ്ക്ക് പുറമേ പ്രാദേശിക വിഭവ സമാഹരണം കൂടിയുണ്ടാകണം. എങ്കിൽ മാത്രമേ വികസന പദ്ധതികൾ നടപ്പിൽ വരുത്താനാകൂ. പരവൂരിന്റെ ചരിത്രം പരിശോധിച്ചാൽ വികസന സംരംഭങ്ങളെ എക്കാലവും അകമഴിഞ്ഞ് സഹായിച്ചിട്ടുള്ളവരാണ് എന്ന് കാണാൻ കഴിയും. ഇത് നമുക്ക് ആത്മധൈര്യം തരുന്നു.

ഇനി നമ്മുക്ക് പരവൂർ മുനിസിപ്പാലിറ്റിയിലെ സാമ്പത്തിക നില പരിശോധിക്കാം.

### നികുതികൾ

പട്ടിക പരിശോധിച്ചാൽ നികുതിയിനങ്ങളിലുള്ള വരുമാനം ക്രമമായി ഉയരുന്നില്ല. എന്നു മാത്രമല്ല, ചില വർഷങ്ങളിൽ കാര്യമായ കുറവും സംഭവിച്ചതായി കാണുന്നു. നികുതി പിരിവ് കാര്യക്ഷമമല്ലാത്തതാണ് ഇതിന് കാരണമെന്ന് പട്ടികയിൽ നിന്ന് മനസ്സിലാക്കാം.

നിലവിലുള്ള നികുതികൾ യുക്തിസഹമായും കാര്യക്ഷമമായും പിരിച്ചെടുക്കേണ്ടിയിരിക്കുന്നു. ജനങ്ങളെ ബോധവത്ക്കരിക്കുന്നതിലൂടെ വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുവാനുള്ള പരിപാടി ആവിഷ്ക്കരിക്കണം. നികിതിയിലുണ്ടായ കുറവുകൾക്ക് കാരണം കണ്ടെത്തി പരിഹരിക്കേണ്ടിയിരിക്കുന്നു.

### കെട്ടിട നികുതി

1991–92 ൽ 316816 രൂപ വരുമാനം ഉണ്ടായിരുന്നതിൽ നിന്നും 1992–'93, '93–'94, '94–'95, '95–'96 ക്രമാനുഗതമായ ഉയർച്ച ഉണ്ടായിട്ടുണ്ട്.

പട്ടിക - 1
നികുതി വിവരങ്ങൾ

| ഇനം | 91 92 | 92 95 | 93 94 | 94 95 | 95 96 |
|---|---|---|---|---|---|
| 1. കെട്ടിടനികുതി | 314816 | 486604 | 546081 | 574468 | 672575 |
| 2. വിനോദനികുതി | 233740 | 212708 | 243711 | 179530 | 227197 |
| 3. തൊഴിൽ നികുതി | 94678 | 71926 | 106385 | 99949 | 73423 |
| 4. നികുതിയേതരവരുമാനം | 931503 | 1269622 | 1027503 | 1815434 | 574526 |
| 5. സംസ്ഥാന നികുതിവിഹിതം | 632865 | 541425 | 993989 | 731041 | 999885 |
| 6. അൺ ടൈഡ് ഫണ്ട് | NIL | NIL | NIL | NIL | NIL |
| 7. ഗ്രാന്റുകൾ, സംഭാവനകൾ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |
| 8. ആകെ | 2307,602 | 2582325 | 29,17669 | 3400222 | 2547606 |
| Expenditure | | | | | |
| എസ്റ്റാബ്ലിഷ്മെന്റ് | 1188824 | 1200816 | 1457396 | 1626223 | 1691626 |
| പൊതുമാരാമത്ത് | 282004 | 306526 | 425805 | 568803 | 753114 |
| മറ്റു വികസനചെലവുകൾ | 627718 | 667785 | 334416 | 965679 | 335975 |
| കടം തിരിച്ചടച്ചത് | 118727 | 124870 | 149023 | 296725 | 424018 |
| | 2237273 | 2299997 | 2368640 | 3457430 | 3204733 |

അവലംബം : മുനിസിപ്പൽ രേഖ

എങ്കിലും പരവൂരിൽ ഉയർന്നു വരുന്ന മണിമാളികളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ അതിലും കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. 1995-'96 ലെ വരുമാനം 672575 രൂപയായിട്ടുണ്ട്. ഇത് പരിശോധിക്കുമ്പോൾ വർദ്ധനവ് ഇരട്ടിയായതായി കാണുന്നു. ഇത് മുന്നിരട്ടിയെങ്കിലും ആകേണ്ടതാണ്.

## വിനോദനികുതി

ഇന്ന് പരവൂരിൽ നാല് സിനിമാ തീയറ്ററുകൾ ആണ് ഉള്ളത്. 1991-'92 ൽ 233740 രൂപയുണ്ടായിരുന്നു. 1992-'93 ൽ അത് 212708 രൂപയായി കുറഞ്ഞു. 1993-'94 ൽ പ്രസ്തുത തുക 243711 രൂപ കിട്ടിയ സ്ഥാനത്ത് 1994-'95 ൽ അത് 179530 രൂപയായി കുറഞ്ഞു. ഇത് ഗുരുതരമായ കുറവ് ആയിക്കാണുന്നു. 1995-'96 ൽ 227197 രൂപയായി വർദ്ധിച്ചുവെങ്കിലും 5 വർഷം മുമ്പ് (1991-'92) ഉണ്ടായിരുന്ന വരുമാനത്തിൽ നിന്നുപോലും 3% കുറഞ്ഞതായി കാണുന്നു. ഏറ്റവും കുറഞ്ഞത് 33% നികുതി വർദ്ധന ഉണ്ടാകേണ്ട സ്ഥാനത്ത് 3% നികുതിക്കുറവ് കാണുന്നത് പഠനവിഷയമാക്കേണ്ടതാണ്.

## തൊഴിൽ നികുതി

1991-'92 ൽ 940678 രൂപയിൽ നിന്നും 92-'93 ൽ 71926 രൂപയിലേക്കുള്ള കാര്യമായ കുറവ് കാണുന്നു. 1993-'94 ൽ 106385 രൂപ ഉണ്ടായിരുന്നത് 94-'95 ൽ 99949 രൂപയിലേക്ക് കുറഞ്ഞതായി കാണുന്നു. ആയത് 1995-'96 ൽ ഗുരുതരമായ രീതിയിൽ 73423 രൂപയുലേക്ക് താഴ്ന്നിരുക്കുന്നു. പ്രസ്തുത തുക 1991-'92 ലേത്മായി താരതമ്യം ചെയ്യുമ്പോൾ 21% കുറവ് കാണുന്നത് ഗുരുതരമായ ഒരു പ്രശ്നമാണ്. ഈ കാലഘട്ടത്തിൽ ഏറ്റവും കുറഞ്ഞത് 25-30% വർദ്ധന പ്രതീക്ഷിക്കേണ്ട സ്ഥാനത്ത് 21% കുറവ് വന്നപ്പോൾ യഥാർത്ഥ നഷ്ടം 51% മാണെന്ന് കാണുന്നു. ഇത് വളരെ ഗൗരവമായി പരിശോധിക്കേണ്ടിയിരിക്കുന്നു.

## നികുതിയേതര വരുമാനം

1991-'92 ൽ 931503 രൂപയിൽ നിന്നും 1992-'93 ൽ 1269622 രൂപയിലേക്ക് ഉയർന്നെങ്കിലും 1993-'94 ൽ 1027503 രൂപയിലേക്ക് താഴ്ന്നതായി കാണാം. 1994-'95 ൽ 1815434 രൂപ ലഭിച്ച സ്ഥാനത്ത് 1995-'96 ൽ കേവലം 574526 രൂപയിലേക്ക് ചുരുങ്ങിയിരിക്കുന്നു. ഒരു വർഷത്തിനുള്ളിൽ 72% കുറവ് ഈ രംഗത്തുണ്ടായി. ഇത് പഠനവിഷയമാക്കേണ്ടതാണ്.

## സംസ്ഥാന നികുതി വിഹിതം

കഴിഞ്ഞ അഞ്ച് വർഷങ്ങിൽ ഇതിൽ ക്രമമായ വർദ്ധന കാണുന്നുണ്ടെങ്കിലും പ്രസ്തുത അഞ്ച് വർഷത്തിൽ സംസ്ഥാനതലത്തിലുള്ള നികുതി

വർദ്ധനയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ മുൻസിപ്പാലിറ്റിക്ക് ലഭിച്ചിട്ടുള്ള വിഹിത വർദ്ധന വേണ്ട രീതിയിൽ ഉയർന്നിട്ടില്ല.

## അൺടൈഡ് ഫണ്ട്

1991–'92 മുതൽ 1995–'96 വരെ അൺടൈഡ് ഫണ്ട് ഉള്ളതായി കാണുന്നില്ല.

## ഗ്രാന്റുകൾ

ഗ്രാന്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

ചെലവ്

എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 1991–'92 മുതൽ 95–'96 വരെ ഏകദേശം 45 മുതൽ 50% വരെ വദ്ധ കാണക്കുന്നു. അതനസിച്ചള്ള സേവനവർദ്ധനവ് എങ്ങും പ്രതിഫലിക്കുന്നില്ല.

## പൊതുമാരാമത്ത് ചെലവ്

1991–'92 ൽ നിന്നും 95–'96 ആയപ്പോൾ ഏകദേശം 150% ത്തോളം വർദ്ധന കാണിക്കുന്നു. പൊതു മാരാത്ത് തുക ചെലവിട്ടപ്പോൾ ജനകീയ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത ആനുസരിച്ച് വാർഡ് സഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്. പൊതു മാരാമത്ത് പണികൾ കോൺട്രാക്ട് അടിസ്ഥാന ത്തിൽ മാത്രമാണ് നടന്നു വരുന്നത്. ഇത് മാറുവാനും നോമിനി, കൺവീനർ, നേരിട്ട് സംവിധാനം നടപ്പാക്കാനും തീരുമാനിക്കണം.

## മറ്റു വികസന ചെലവുകൾ

ഈ മേഖലയിൽ 1991–92 ൽ ചെലവഴിച്ച തുകയും 95–96 ചെലവഴിച്ച തുകയും താരതമ്യം ചെയ്യുമ്പോൾ നേർ പകുതിയായി ചുരുങ്ങിയിരിക്കുന്നു. 1994–95 ലെ ചെലവ് 95–96 ലേതുമായി താരതമ്യം ചെയ്യുമ്പോൾ മൂന്നിലൊന്നായി ചുരുങ്ങിയതായി കാണുന്നുണ്ട്.

## കടം തിരിച്ചടവ്

കടം തിരിച്ചടവ് കൂടി വരുന്നതായി കാണുന്നു. കെ.യു.ഡി.എഫ്.സി യിൽ നിന്നുള്ള വായ്പ തിരച്ചടയ്ക്കുന്നതിനാണ് പ്രസ്തുത തുക ഉപയോഗിച്ചിരിക്കന്നത്. പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സ്ഥലം വാങ്ങുന്നതിനാണ് പ്രസ്തുത തുക കെ.യു.ഡി.എഫ്.സി യിൽ നിന്നും വായ് എടുത്തത്.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പ്രദേശത്ത് 4 വായ്പാ സഹരണ സംഘങ്ങളുണ്ട്. സ്റ്റേറ്റ് ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ ഓരോ ശാഖകളുണ്ട്. കൂടാതെ ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഒരു ശാഖയുമുണ്ട്. ഇവയിൽ 4സ്ഥാപനങ്ങളിൽ നല്ല നിക്ഷേപങ്ങളാണുള്ളത് പട്ടിക 2 നോക്കുക. നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പ കുറവായതിനാൽ നിക്ഷേപങ്ങളുടെ നല്ലൊരു ശതമാനം മുൻസിപ്പാലിറ്റിക്ക് തന്നെ വായ്പയായി നൽകേണ്ടതാണ്. ജനകീയാ സൂത്രണം വഴി ഉരുത്തിരിഞ്ഞു വരുന്ന വികസന പദ്ധതികൾക്ക് വായ്പ നൽകുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകണം. ഇതിനുവേണ്ടിയുള്ള നിയമങ്ങൾ കൊണ്ടു വരേണ്ടതാണ്.

പട്ടിക – 2

| ക്രമനമ്പർ | സാമ്പത്തിക സ്ഥാപനങ്ങൾ | നിക്ഷേപം | വായ്പ |
|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 16.69 കോടി | 2 കോടി |
| 2. | ഇൻഡ്യൻ ബാങ്ക് | 12.1 കോടി | 1.89 കോടി |
| 3. | ഫെഡറൽ ബാങ്ക് | 9 കോടി | 2.25 കോടി |
| 4. | എസ്. എൻ.വി. റീജിയണൽ ബാങ്ക് | 30.76 കോടി | 23.55 കോടി |
| 5. | അർബൻ ബാങ്ക് | 1.3 കോടി | 1.43 കോടി |
| 6. | പരവൂർ സർവ്വീസ് സഹരണ ബാങ്ക് | 84 ലക്ഷം | 60 ലക്ഷം |
| 7. | ഇത്തിക്കര ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി | അമ്പതിനായിരം | 2.14 കോടി |
| 8. | ഫിനാൻഷ്യൽ എന്റർപ്രൈസസ് | ലഭിച്ചിട്ടില്ല | ലഭിച്ചിട്ടില്ല |

അവലംബം : നേരിട്ട് എടുത്തത്

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

പരവൂരിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഏറെയുണ്ട്. അതിൽ പ്രധാനപ്പെട്ടത് മുത്തൂറ്റ് ബാങ്കേഴ്സും അയ്യപ്പ ബാങ്കേഴ്സുമാണ്. ഈ സ്ഥാപനങ്ങളുടെ സേവനവും വികസന രംഗത്ത് ഉപയോഗപ്രധമാക്കേണ്ടതാണ്.

## സേവിംഗ്സ് ബാങ്ക് സ്കീം

പ്രാദേശിക ഭരണകൂടങ്ങൾക്ക് അവിടെ പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രികയുടെ 15 മുതൽ 25 % വരെ കിട്ടുന്ന വ്യവസ്ഥ ഇപ്പോൾ നില വിലുണ്ട്. അതുകൊണ്ട് മുനിസിപ്പൽ ഭരണ സമിതിയും വാർഡ് സഭകളും ഇടപെട്ട് പരമാവധി സമ്പാദ്യ നിക്ഷേപങ്ങളുണ്ടാക്കിയാൽ നല്ലൊരു വരുമാനം മുൻസിപ്പാലിറ്റിക്ക് സാധ്യമാകും

## ഗൾഫ് വരുമാനം

ഗൾഫ് വരുമാനം നമ്മുടെ പ്രദേശത്ത് കൂടുതലായി എത്തുന്നുണ്ട്. ഏകദേശം രണ്ടായിര ത്തോളം പേർ ഗൾഫ് നാടുകളിൽ ഉണ്ടെന്ന് കരുതുന്നു. ഇതിന്റെ ഔദ്യോഗിക കണക്കുകൾ ലഭ്യമല്ല. ഈ വരുമാനം കൂടുതലും കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് വിനിയോഗി ക്കുന്നത്. ഉല്പാദനരംഗത്ത് ഗൾഫിലുള്ളവരുടെ നിക്ഷേപം തീരെ കുറവാണ്. പക്ഷേ സാംസ്ക്കാ രിക പ്രവർത്തനങ്ങൾക്ക് അവർ സംഘടനകളെ സഹായിക്കുന്നുണ്ട്.

## ശ്രമദാനങ്ങൾ

നൂറ്റാണ്ടുകൾക്കു മുമ്പേ ശ്രമദാനങ്ങൾ നടത്തുന്നതിൽ മുന്നിട്ട് നിന്നവരാണ് പരവൂർ നിവാസികൾ. ലക്ഷ്യബോധമുള്ള ധാരാളം സാമൂ ഹികപ്രവ ർത്തകരുടെ കൂട്ടായ പരിശ്രമങ്ങളാണ് അതിന് പിന്നിലുണ്ടായിരുന്നത്. ഇത്തരം ശ്രമദാനങ്ങൾ നൽകാൻ പൊതുവിൽ ജനങ്ങൾ തയ്യാറാണെങ്കിലും ഭാവനാസമ്പന്നമായ നേതൃത്വമു ണ്ടാകുന്നില്ല. പരവൂർ കൂനയിൽ മുൻസിപ്പൽ വായനശാലയോട് ചേർന്ന് ജനങ്ങൾ നിർമ്മിക്കുന്ന പൂന്തോട്ടം ശ്രമദാനത്തിന് ഒരു മാതൃകാ പ്രവർത്ത നമാണ്.

## വിവഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ

1. നികുതി പിരിവിലുള്ള ഏറ്റക്കുറച്ചിലുകൾക്ക് കാരണം കണ്ടെത്തുകയും അത് പരിഹരി ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. നികുതി പിരിവ് കാര്യക്ഷമമാക്കുക.
3. പുതിയ സേവനമേഖലകൾ കണ്ടെത്തി അവ നടപ്പാക്കി നൽകുന്നതിനുള്ള ചാർജ്ജ് ഈടാക്കുക.
4. പൊതുജനങ്ങൾക്കാവശ്യമായ ഫോറങ്ങളും മറ്റും സ്വകാര്യ സഹകരണസ്ഥാപനങ്ങളെ ക്കൊണ്ട് സ്പോൺസർ ചെയ്യിക്കുക.
5. നികുതി മിനിമം നിരക്ക് ഉയർത്തുവാനുള്ള നടപടി സ്വീകരിക്കുക.
6. സന്നദ്ധപ്രവർത്തനങ്ങൾ വഴി ചെയ്യാവുന്ന വികസന പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക.
7. നാട്ടിലെ സന്നദ്ധസംഘടനകളുടെയും കലാസമിതികളുടെയും മനുഷ്യവിഭവം വികസന പ്രവർത്തനങ്ങളിൽ ഉറപ്പ് വരു ത്തുക.
8. വിദ്യാഭ്യാസം ആരോഗ്യക്ഷേമ പ്രവർത്തന നിധി സ്വരൂപിക്കുക.
9. ബാങ്കുകളിലെ നിക്ഷേപങ്ങളുടെ നല്ലൊരു ശതമാനം വായ്പയായി സംരംഭകന് വിത രണം ചെയ്യാനുള്ള സൗകര്യ മൊരുക്കുക.
10. ഉദാരമതികളായ ആളുകളിൽ നിന്ന് സംഭാവ നകൾ സ്വീകരിക്കുക.
11. വ്യക്തികളുടെ മെമ്മോറിയലുകൾ വഴി സംഭാവനകൾ സ്വീകരിക്കുക.
12. ആർട്ട് ഫെസ്റ്റിവൽ, നാടകങ്ങൾ, പ്രാദേശിക എക്സിബിഷനുകൾ എന്നിവ നടത്തി ഫണ്ട് സ്വരൂപിക്കുക.
13. ശ്രമദാന സേന രൂപീകരിച്ച് നഗരം ക്ലീനാ ക്കുന്ന പരിപാടി ആവിഷ്ക്കരി ക്കുക.
14. "ഒക്ടോബർ 2" വിപുലമായി ആഘോഷിച്ച് ജനങ്ങളിലും കുട്ടികളിലും സ്വാശ്രയബോധ മുണ്ടാക്കുക.
15. ഗൾഫിലും മറ്റ് വിദേശങ്ങളുലും പണിയെ ടുക്കുന്നവരുടെയും, തിരിച്ച് നാട്ടിൽ നിൽക്കു ന്നവരുടെയും ലിസ്റ്റ് തയ്യാറാക്കി അവരുടെ സംഘടന രൂപീകരിച്ച് വികസന പ്രവർത്തന ങ്ങളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക. അവർ നൽകുന്ന തുകയ്ക്ക് സെക്യൂരിറ്റി(ബോണ്ട്) നൽകി സമ്പത്തിനെ ഉ്പാദന മേഖലകളിൽ വിനിയോഗിക്കുക. സംഘടനയ്ക്ക് ചെയ്യാ വുന്ന സേവന മേഖലകൾ കണ്ടെത്തുക.
16. ചെറിയ പൊതുമാരാമത്ത് പണികൾ ശ്രമദാന ത്തിലൂടെ നടത്തുക.
17. വിവിധമേഘലകളിൽ ആവശ്യാനുഷ്ടിത മായി വികസന അതോറിറ്റികൾ രൂപീക രിക്കുക.
18. പ്രൈവറ്റ് പബ്ളിക് ലിമിറ്റഡ് കമ്പനികൾ രജിസ്റ്റർ ചെയ്യുക.

വർദ്ധനയുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ മുൻസിപ്പാലിറ്റിക്ക് ലഭിച്ചിട്ടുള്ള വിഹിത വർദ്ധന വേണ്ട രീതിയിൽ ഉയർന്നിട്ടില്ല.

## അൺടൈഡ് ഫണ്ട്

1991–'92 മുതൽ 1995–'96 വരെ അൺടൈഡ് ഫണ്ട് ഉള്ളതായി കാണുന്നില്ല.

## ഗ്രാന്റുകൾ

ഗ്രാന്റുകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

ചെലവ്

എസ്റ്റാബ്ലിഷ്മെന്റ് ചെലവ് 1991–'92 മുതൽ 95–'96 വരെ ഏകദേശം 45 മുതൽ 50% വരെ വദ്ധ കാണക്കുന്നു. അതനസിച്ചള്ള സേവനവർദ്ധനവ് എങ്ങും പ്രതിഫലിക്കുന്നില്ല.

## പൊതുമാരാമത്ത് ചെലവ്

1991–'92 ൽ നിന്നും 95–'96 ആയപ്പോൾ ഏകദേശം 150% ത്തോളം വർദ്ധന കാണിക്കുന്നു. പൊതു മാരാത്ത് തുക ചെലവിട്ടപ്പോൾ ജനകീയ വിലയിരുത്തലുകൾ ഉണ്ടാകേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ ആവശ്യകത ആനുസരിച്ച് വാർഡ് സഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതുണ്ട്. പൊതു മാരാമത്ത് പണികൾ കോൺട്രാക്ട് അടിസ്ഥാന ത്തിൽ മാത്രമാണ് നടന്നു വരുന്നത്. ഇത് മാറുവാനും നോമിനി, കൺവീനർ, നേരിട്ട് സംവിധാനം നടപ്പാക്കാനും തീരുമാനിക്കണം.

## മറ്റു വികസന ചെലവുകൾ

ഈ മേഖലയിൽ 1991–92 ൽ ചെലവഴിച്ച തുകയും 95–96 ചെലവഴിച്ച തുകയും താരതമ്യം ചെയ്യുമ്പോൾ നേർ പകുതിയായി ചുരുങ്ങിയിരിക്കുന്നു. 1994–95 ലെ ചെലവ് 95–96 ലേതുമായി താരതമ്യം ചെയ്യുമ്പോൾ മൂന്നിലൊന്നായി ചുരുങ്ങിയതായി കാണുന്നുണ്ട്.

## കടം തിരിച്ചടവ്

കടം തിരിച്ചടവ് കൂടി വരുന്നതായി കാണുന്നു. കെ.യു.ഡി.എഫ്.സി യിൽ നിന്നുള്ള വായ്പ തിരച്ചടയ്ക്കുന്നതിനാണ് പ്രസ്തുത തുക ഉപയോഗിച്ചിരിക്കന്നത്. പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സ്ഥലം വാങ്ങുന്നതിനാണ് പ്രസ്തുത തുക കെ.യു.ഡി.എഫ്.സി യിൽ നിന്നും വായ് എടുത്തത്.

## ധനകാര്യ സ്ഥാപനങ്ങൾ

നമ്മുടെ പ്രദേശത്ത് 4 വായ്പാ സഹരണ സംഘങ്ങളുണ്ട്. സ്റ്റേറ്റ് ബാങ്ക്, ഇൻഡ്യൻ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവയുടെ ഓരോ ശാഖകളുണ്ട്. കൂടാതെ ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ ഒരു ശാഖയുമുണ്ട്. ഇവയിൽ 4സ്ഥാപനങ്ങളിൽ നല്ല നിക്ഷേപങ്ങളാണുള്ളത് പട്ടിക 2 നോക്കുക. നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പ കുറവായതിനാൽ നിക്ഷേപങ്ങളുടെ നല്ലൊരു ശതമാനം മുൻസിപ്പാലിറ്റിക്ക് തന്നെ വായ്പയായി നൽകേണ്ടതാണ്. ജനകീയാ സൂത്രണം വഴി ഉരുത്തിരിഞ്ഞു വരുന്ന വികസന പദ്ധതികൾക്ക് വായ്പ നൽകുവാൻ ബാങ്കുകൾ ബാദ്ധ്യസ്ഥരാകണം. ഇതിനുവേണ്ടിയുള്ള നിയമങ്ങൾ കൊണ്ടുവരേണ്ടതാണ്.

പട്ടിക – 2

| ക്രമനമ്പർ | സാമ്പത്തിക സ്ഥാപനങ്ങൾ | നിക്ഷേപം | വായ്പ |
|---|---|---|---|
| 1. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 16.69 കോടി | 2 കോടി |
| 2. | ഇൻഡ്യൻ ബാങ്ക് | 12.1 കോടി | 1.89 കോടി |
| 3. | ഫെഡറൽ ബാങ്ക് | 9 കോടി | 2.25 കോടി |
| 4. | എസ്. എൻ.വി. റീജിയണൽ ബാങ്ക് | 30.76 കോടി | 23.55 കോടി |
| 5. | അർബൻ ബാങ്ക് | 1.3 കോടി | 1.43 കോടി |
| 6. | പരവൂർ സർവ്വീസ് സഹരണ ബാങ്ക് | 84 ലക്ഷം | 60 ലക്ഷം |
| 7. | ഇത്തിക്കര ബ്ലോക്ക് റൂറൽ ഹൗസിംഗ് സൊസൈറ്റി | അമ്പതിനായിരം | 2.14 കോടി |
| 8. | ഫിനാൻഷ്യൽ എന്റർപ്രൈസസ് | ലഭിച്ചിട്ടില്ല | ലഭിച്ചിട്ടില്ല |

അവലംബം : നേരിട്ട് എടുത്തത്

## സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ

പരവൂരിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ ഏറെയുണ്ട്. അതിൽ പ്രധാനപ്പെട്ടത് മുത്തൂറ്റ് ബാങ്കേഴ്സും അയ്യപ്പ ബാങ്കേഴ്സുമാണ്. ഈ സ്ഥാപനങ്ങളുടെ സേവനവും വികസന രംഗത്ത് ഉപയോഗപ്രധമാക്കേണ്ടതാണ്.

## സേവിംഗ്സ് ബാങ്ക് സ്കീം

പ്രാദേശിക ഭരണകൂടങ്ങൾക്ക് അവിടെ പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രികയുടെ 15 മുതൽ 25 % വരെ കിട്ടുന്ന വ്യവസ്ഥ ഇപ്പോൾ നില വിലുണ്ട്. അതുകൊണ്ട് മുനിസിപ്പൽ ഭരണ സമിതിയും വാർഡ് സഭകളും ഇടപെട്ട് പരമാവധി സമ്പാദ്യ നിക്ഷേപങ്ങളുണ്ടാക്കിയാൽ നല്ലൊരു വരുമാനം മുൻസിപ്പാലിറ്റിക്ക് സാധ്യമാകും

## ഗൾഫ് വരുമാനം

ഗൾഫ് വരുമാനം നമ്മുടെ പ്രദേശത്ത് കൂടുതലായി എത്തുന്നുണ്ട്. ഏകദേശം രണ്ടായിര ത്തോളം പേർ ഗൾഫ് നാടുകളിൽ ഉണ്ടെന്ന് കരുതുന്നു. ഇതിന്റെ ഔദ്യോഗിക കണക്കുകൾ ലഭ്യമല്ല. ഈ വരുമാനം കൂടുതലും കെട്ടിട നിർമ്മാണത്തിന് വേണ്ടിയാണ് വിനിയോഗി ക്കുന്നത്. ഉല്പാദനരംഗത്ത് ഗൾഫിലുള്ളവരുടെ നിക്ഷേപം തീരെ കുറവാണ്. പക്ഷേ സാംസ്ക്കാ രിക പ്രവർത്തനങ്ങൾക്ക് അവർ സംഘടനകളെ സഹായിക്കുന്നുണ്ട്.

## ശ്രമദാനങ്ങൾ

നൂറ്റാണ്ടുകൾക്കു മുമ്പേ ശ്രമദാനങ്ങൾ നടത്തുന്നതിൽ മുന്നിട്ട് നിന്നവരാണ് പരവൂർ നിവാസികൾ. ലക്ഷ്യബോധമുള്ള ധാരാളം സാമൂ ഹികപ്രവ ർത്തകരുടെ കൂട്ടായ പരിശ്രമങ്ങളാണ് അതിന് പിന്നിലുണ്ടായിരുന്നത്. ഇത്തരം ശ്രമദാനങ്ങൾ നൽകാൻ പൊതുവിൽ ജനങ്ങൾ തയ്യാറാണെങ്കിലും ഭാവനാസമ്പന്നമായ നേതൃത്വമു ണ്ടാകുന്നില്ല. പരവൂർ കൂനയിൽ മുൻസിപ്പൽ വായനശാലയോട് ചേർന്ന് ജനങ്ങൾ നിർമ്മിക്കുന്ന പൂന്തോട്ടം ശ്രമദാനത്തിന് ഒരു മാതൃകാ പ്രവർത്ത നമാണ്.

## വിവഭവസമാഹരണത്തിനുള്ള സാദ്ധ്യതകൾ

1. നികുതി പിരിവിലുള്ള ഏറ്റക്കുറച്ചിലുകൾക്ക് കാരണം കണ്ടെത്തുകയും അത് പരിഹരി ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
2. നികുതി പിരിവ് കാര്യക്ഷമമാക്കുക.
3. പുതിയ സേവനമേഖലകൾ കണ്ടെത്തി അവ നടപ്പാക്കി നൽകുന്നതിനുള്ള ചാർജ്ജ് ഈടാക്കുക.
4. പൊതുജനങ്ങൾക്കാവശ്യമായ ഫോറങ്ങളും മറ്റും സ്വകാര്യ സഹകരണസ്ഥാപനങ്ങളെ ക്കൊണ്ട് സ്പോൺസർ ചെയ്യിക്കുക.
5. നികുതി മിനിമം നിരക്ക് ഉയർത്തുവാനുള്ള നടപടി സ്വീകരിക്കുക.
6. സന്നദ്ധപ്രവർത്തനങ്ങൾ വഴി ചെയ്യാവുന്ന വികസന പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക.
7. നാട്ടിലെ സന്നദ്ധസംഘടനകളുടെയും കലാസമിതികളുടെയും മനുഷ്യവിഭവം വികസന പ്രവർത്തനങ്ങളിൽ ഉറപ്പ് വരു ത്തുക.
8. വിദ്യാഭ്യാസം ആരോഗ്യക്ഷേമ പ്രവർത്തന നിധി സ്വരൂപിക്കുക.
9. ബാങ്കുകളിലെ നിക്ഷേപങ്ങളുടെ നല്ലൊരു ശതമാനം വായ്പയായി സംരംഭകന് വിത രണം ചെയ്യാനുള്ള സൗകര്യ മൊരുക്കുക.
10. ഉദാരമതികളായ ആളുകളിൽ നിന്ന് സംഭാവ നകൾ സ്വീകരിക്കുക.
11. വ്യക്തികളുടെ മെമ്മോറിയലുകൾ വഴി സംഭാവനകൾ സ്വീകരിക്കുക.
12. ആർട്ട് ഫെസ്റ്റിവൽ, നാടകങ്ങൾ, പ്രാദേശിക എക്സിബിഷനുകൾ എന്നിവ നടത്തി ഫണ്ട് സ്വരൂപിക്കുക.
13. ശ്രമദാന സേന രൂപീകരിച്ച് നഗരം ക്ലീനാ ക്കുന്ന പരിപാടി ആവിഷ്ക്കരി ക്കുക.
14. "ഒക്ടോബർ 2" വിപുലമായി ആഘോഷിച്ച് ജനങ്ങളിലും കുട്ടികളിലും സ്വാശ്രയബോധ മുണ്ടാക്കുക.
15. ഗൾഫിലും മറ്റ് വിദേശങ്ങളുലും പണിയെ ടുക്കുന്നവരുടെയും, തിരിച്ച് നാട്ടിൽ നിൽക്കു ന്നവരുടെയും ലിസ്റ്റ് തയ്യാറാക്കി അവരുടെ സംഘടന രൂപീകരിച്ച് വികസന പ്രവർത്തന ങ്ങളിൽ പങ്കാളിത്തം ഉറപ്പ് വരുത്തുക. അവർ നൽകുന്ന തുകയ്ക്ക് സെക്യൂരിറ്റി(ബോണ്ട്) നൽകി സമ്പത്തിനെ ഉ്പാദന മേഖലകളിൽ വിനിയോഗിക്കുക. സംഘടനയ്ക്ക് ചെയ്യാ വുന്ന സേവന മേഖലകൾ കണ്ടെത്തുക.
16. ചെറിയ പൊതുമാരാമത്ത് പണികൾ ശ്രമദാന ത്തിലൂടെ നടത്തുക.
17. വിവിധമേഘലകളിൽ ആവശ്യാനുഷ്ടിത മായി വികസന അതോറിറ്റികൾ രൂപീക രിക്കുക.
18. പ്രൈവറ്റ് പബ്ളിക് ലിമിറ്റഡ് കമ്പനികൾ രജിസ്റ്റർ ചെയ്യുക.

19. മുനിസിപ്പാലിറ്റിക്ക് പ്രോജക്റ്റ് പ്ലാൻ തയ്യാറാക്കുക.

20. ചെയർമാൻ ഫണ്ട് രൂപീകരിക്കുക.

21. ചെലവുകൾ സുതാര്യമാക്കാൻ ചെലവ് അച്ചടിച്ച് വാർഡ് സഭയിൽ പ്രസിദ്ധീകരിക്കുക.

22. സന്നദ്ധസംഘടനകൾക്കുള്ള സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തണം.

23. രജിസ്റ്റർ ചെയ്ത വികസനസമിതികൾക്കും മറ്റും കേന്ദ്രത്തിൽ നിന്നും, വികസനപ്രവർത്തനങ്ങൾക്ക് പ്രൊജക്ട് അടിസ്ഥാനത്തിൽ കിട്ടുന്ന സഹായധനം മുഴുവൻ പ്രയോജനപ്പെടുത്തുക.

24. വിദേശ സ്ഥാപന സഹായങ്ങൾ, ലയൺസ് ക്ലബ്ബ്, റോട്ടറി ക്ലബ്ബ് തുടങ്ങിയവയുടെ സംഭാവനകൾ പരമാവധി കണ്ടെത്തി സ്വീകരിക്കുക.

25. ആവശ്യാധിഷ്ഠിത സംഘങ്ങൾ, സൊസൈറ്റികൾ, ചാരിറ്റബിൾ സൊസൈറ്റികൾ, വികസന അതോറിറ്റികൾ, കമ്പനി കൾ (പ്രൈവറ്റ് & പബ്ലിക്) രൂപീകരിക്കുക.

26. എക്സിബിഷൻ കം ആർട്ട് ഫെസ്റ്റിവൽ സംഘടിപ്പിക്കുക.

27. മുനിസിപ്പാലിറ്റികൾക്ക് സ്വന്തമായുള്ള സ്ഥലങ്ങളിൽ മാഞ്ചിയം, തേക്ക് ഇവ നട്ടുവളർത്തി വരുമാനം സൃഷ്ടിക്കുക.

28. നഗരപാലിക നിയമത്തിലൂടെ ലഭ്യമായിട്ടുള്ള നികുതി അധികാരങ്ങൾ പൂർണ്ണമായും കാര്യക്ഷമമായും ഉപയോഗപ്പെടുത്തുക. സമ്മർദ്ദങ്ങൾക്കും സ്വാധീനങ്ങൾക്കും വിധേയമായി കുറയ്ക്കാതിരിക്കാൻ ശ്രമിക്കുക.

29. നികുതി വെട്ടിപ്പുകൾ (ബഹുമുഖതലങ്ങളിലെ) കണ്ടെത്തി കർശന നടപടികൾ സ്വീകരിക്കുക.

30. നികുതികളെക്കുറിച്ചുള്ള അവബോധം നികുതിദായകർക്ക് നൽകുക. നികുതി ബോധമുള്ള ജനസമൂഹത്തെ സൃഷ്ടിക്കുക.

31. നികുതിദായകർക്ക് താല്പര്യവും ഉത്തേജനവും നൽകും വിധത്തിൽ ഓഫീസ് സേവനരംഗത്ത് 'മോഡൽ പരിഷ്ക്കാരം' പൂർണ്ണമായി നടപ്പാക്കുക.

32. പൊതുമാരാമത്തിലെ കോൺട്രാക്ട് പണികൾ അവസാനിപ്പിച്ച് നോമിനി, കൺവീനർ, നേരിട്ട് രീതികൾ പുനരാവിഷ്ക്കരിക്കുക.

33. PTAയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കി വളർന്നു വരുന്ന തലമുറയുടെ മനുഷ്യശക്തി രാജ്യത്തിന് പ്രയോജനപ്പെടുത്തും വിധത്തിൽ വളർത്തിയെടുക്കണം.

34. റൗണിൽ നിന്നും തെക്കോട്ട് ഓട കെട്ടുവാൻ 50,000 രൂപ സംഘടിപ്പിച്ചു തരുവാൻ ഹോട്ടലുടമകൾ തയ്യാറാണെന്ന് 24-ാം വാർഡിൽ വാർഡ് റിപ്പോർട്ടിൽ കാണുന്നു. ഇത് പ്രാവർത്തികമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

564



# ടൂറിസം

അസ്തമയ സൂര്യന്റെ ചെറു കിരണങ്ങൾ ഏറ്റ് പുളകം കൊള്ളുന്ന പരവൂരിന്റെ സമുദ്രതീരം എന്നും അന്യദേശക്കാർക്ക് ആവേശമായിരുന്നു. മലയാള സാഹിത്യത്തിലെ സുപരിചിതമായ പുരഷാദേവീപ്പാട്ട് ഗാനകാവ്യത്തിലും, 600 ൽ പരം വർഷങ്ങൾക്ക് മുമ്പ് വിചരിതമായ ഉണ്ണിനീലീ സന്ദേശത്തിലും പരവൂരിന്റെ പ്രകൃതി രമണീയത പരാമർശിച്ചിട്ടുണ്ട്.

ജലാശയങ്ങളാൽ ചുറ്റപ്പെട്ടു കിടക്കുന്ന ചെറുപട്ടണത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ പുരാതനകാലം മുതൽ തന്നെ രാജാക്കന്മാർ ഇങ്ങോട്ടെത്തിയിരുന്നു. അതുകൊണ്ടുതന്നെയാണ് ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് നാഗരികത വർഷങ്ങൾക്ക് മുമ്പ് ഈ മണ്ണിൽ വളർന്നു വന്നത്. മലയാളമണ്ണ് എന്നും സ്മരിക്കുന്ന കവികളെയും കലാകാരന്മാരെയും സൃഷ്ടിച്ചത് ഈ ചെറു പട്ടണത്തിന്റെ മനോഹര തീരങ്ങൾ തന്നെയായിരുന്നു.

പ്രകൃതിരമണീയമായ സമുദ്രതീരവും, കായലോരങ്ങളും പുഴകളും ഒരുമിച്ചുനിൽക്കുന്ന പ്രദേശങ്ങൾ കേരളത്തിൽ ചുരുക്കം. റോഡു മാർഗ്ഗവും ജലമാർഗ്ഗവും ട്രെയിൻ മാർഗ്ഗവും ഇവിടെ എത്തിച്ചേരാമെന്നുള്ളത് ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. പരവൂർ വഴി റെയിൽ മാർഗ്ഗം പോകുന്ന വിദേശികൾ ഈ മനോഹര തീരം തേടി എത്താറുണ്ട്. വിദേശികളിൽ കാണുന്ന ഈ ആവേശം കണ്ടിട്ടാണ് പരവൂർ തെക്കുഭാഗം 17ാം വാർഡിൽ ടൂറിസം കോംപ്ലക്സിനുള്ള തറക്കല്ലിട്ടത്. അതോടെ പരവൂർ ഇൻഡ്യയുടെ ടൂറിസം മാപ്പിൽ സ്ഥാനം പിടിച്ചു. പരവൂരിലെ ടൂറിസം വികസനത്തിനായി ഒരു പദ്ധതി ഉടൻ തന്നെ നടപ്പിലാക്കണം.

വളരെ വിസ്തൃതമായ പരവൂർ കായലിൽ ബോട്ട് സർവ്വീസ് തുടങ്ങി ടൂറിസ്റ്റുകളെ ആകർഷിക്കുന്ന പദ്ധതി വേണമെന്ന ആവശ്യവുമായി ജനങ്ങൾ മുന്നോട്ടിറങ്ങിയിരുന്നു. പക്ഷേ അവരുടെ ആവശ്യം നടപ്പിൽ വരുത്തുവാൻ ഇതുവരെ കഴിഞ്ഞില്ല. പരവൂരിലെ ഈ സാദ്ധ്യത മുന്നിൽ കണ്ട് അന്യനാട്ടുകാരായ ചിലർ മാലാക്കായൽ കേന്ദ്രീകരിച്ച് ബോട്ട് ക്ലബ്ബ് തുടങ്ങുവാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു. പരവൂർ കായലിനെയും ഇടവാ നടയറ കായലിനെയും ബന്ധിപ്പിച്ചു കൊണ്ട് 1824 ൽ റാണീ ലക്ഷമീഭായ് നിർമ്മിച്ചതോട് പരവൂരിൽ ടൂറിസവികസനത്തിന് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നു.

ടൂറിസം വികസനത്തോടൊപ്പം തന്നെ സാംസ്ക്കാരിക കലാനിലയങ്ങളും സ്കൂൾ കുട്ടികളെ ആകർഷിക്കുന്ന തരത്തിലുള്ള സ്ഥാപനങ്ങളുമുണ്ടാക്കണമെന്ന് വാർഡു തലത്തിൽ നിന്ന് ജനങ്ങൾ നിർദ്ദേശിക്കുന്നു.

### പരവൂരിലെ ടൂറിസം സാദ്ധ്യതകൾ കണക്കിലെടുത്തുകൊണ്ടുള്ള ചില നിർദ്ദേശങ്ങൾ

1. വാർഡ് 1,2,3,4,5,14,16,17 വാർഡുകളായി ചുറ്റപ്പെട്ടുകിടക്കുന്ന കടലും കായലും ബന്ധിപ്പിച്ചുകൊണ്ടുള്ള ടൂറിസം വികസനം ഉണ്ടാകണം.
2. നമ്മുടെ സാംസ്ക്കാരികത്തനിമ നിലനിർത്തിക്കൊണ്ടുള്ള ടൂറിസമാണ് ഉണ്ടാകേണ്ടത്.
3. മാലാക്കായലിനോട് ചേർന്ന് ബോട്ട് ക്ലബ്ബ് സ്ഥാപിക്കണം.
4. കോട്ടമൂലക്കടവ് വികസിപ്പിച്ച് ബോട്ടുയാർഡാക്കണം.
5. ടൂറിസ്റ്റ് വാഹനങ്ങൾ കടന്നുപോകാൻ സഹായിക്കുംവിധം പരവൂർ മാലാക്കായൽ റോഡു വികസിപ്പിക്കണം.
6. വാർഡ് 21 ലെ ഗസ്റ്റ് ഹൗസ് ടൂറിസ്റ്റുകൾക്ക് ഉപയോഗപ്രദമാകത്തക്കവിധം കാര്യക്ഷമമാക്കണം.
7. സഹകരണാടിസ്ഥാനത്തിൽ ഹൗസ്ബോട്ട്, ഉല്ലാസ നൗകകൾ എന്നിവ ഉണ്ടാക്കണം.
8. കൊല്ലം പ്രദേശത്തെ മുഴുവൻ വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമായ വിധത്തിൽ സയൻസ് മ്യൂസിയം, സ്നേക്ക് പാർക്ക്, അഡ്വഞ്ചർ പാർക്ക്, അക്വേറിയം, പൂന്തോട്ടം എന്നിവ തുടങ്ങണം.
9. പരവൂർ കായലിലും പരവൂരിനോട് ചേർന്ന് കിടക്കുന്ന ഇടവാക്കായലിലും ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് തുടങ്ങുക.
10. ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് കോഴ്സുകൾ വികസന പദ്ധതിയുമായി ബന്ധപ്പെടുത്തി നടത്തുക.
11. പരവൂരിൽ കേന്ദ്ര ടൂറിസം വികസന പദ്ധതി നടപ്പാക്കുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ കൂടി പരിഗണിച്ചുവേണം നടപ്പിലാക്കേണ്ടതെന്ന്. വാർഡുസഭകളിൽ ജനങ്ങൾ ആവശ്യപ്പെടുന്നു.

565

# ഉപസംഹാരം

ഇന്ന് നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന അശാസ്ത്രീയ വികസന സമീപനം പൊളിച്ചെഴുതുന്നതിനുള്ള അവസരം ജനകീയാസൂത്രണത്തിലൂടെ കൈവന്നിരിക്കുകയാണ്. ജനങ്ങളുടെ ആഗ്രഹങ്ങളും വികസനവെല്ലുവിളികളെ നേരിടാൻ അവർ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളും കണക്കിലെടുക്കാതെ നാളിതുവരെ തുടർന്നു വന്ന വികസന പ്രക്രിയയ്ക്ക് ജനങ്ങൾ തന്നെ വിരാമം കുറിച്ചിരിക്കുകയാണ്. വിവിധ വകുപ്പു കളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കി നടപ്പിൽ വരുത്തുക എന്ന പഴഞ്ചൻ രീതി തുടർന്നതിലൂടെ വൈകൃതം കൈവന്ന വികസന പ്രക്രിയയ്ക്ക് ചരമഗീതം എഴുതിക്കഴിഞ്ഞു.

നമ്മൾ മുന്നോട്ടുവയ്ക്കുന്ന പുത്തൻ വികസന സംസ്ക്കാരത്തിന്റെ സന്ദേശങ്ങളിൽ ആകൃഷ്ടരായി വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിവിധ രാജ്യങ്ങളിൽ നിന്നും ധാരാളം പേർ ഈ കൊച്ചു കേരളത്തിൽ നടക്കുന്ന ജനകീയ ആസൂത്രണം നേരിട്ട് പഠിക്കുവാൻ എത്തിക്കൊ ണ്ടിരിക്കുകയാണ്. ഇതിൽ പരവൂർ മുൻസിപ്പാലിറ്റി അഭിമാനം കൊള്ളുന്നു.

ദീർഘ കാലത്തെ ജനകീയ ഭരണകൂടത്തിന്റെ അഭാവം പരുവിരിലെ വികസനപ്രക്രിയയെ ബഹുദൂരം പിന്നോട്ടു കൊണ്ടുപോയി. ഇക്കാരണത്താൽ വികസനരംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ നിരവധിയാണ്. ഈ പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്നുള്ള കാര്യത്തിൽ പ്രബുദ്ധരായ പരവൂർ നിവാസികൾക്ക് വ്യക്തമായ കാഴ്ചപ്പാട് ഉണ്ട്. വാർഡുസഭകളിൽ നിന്നും ഉയർന്നു വന്ന പരിഹാര നിർദ്ദേശങ്ങൾ ഇതിന് തെളിവാണ്. കുടിവെള്ളം, കൃഷി, വ്യവസായ മേഖല എന്നീ കാര്യങ്ങൾ അടിയന്തിര പരിഗണന അർഹിക്കുന്നുവെന്ന് ജനങ്ങളുടെ അഭിപ്രായങ്ങൾ തെളിയിക്കുന്നു.

പ്രകൃതി വിഭവങ്ങൾ, മനുഷ്യവിഭവം എന്നിവ പ്രയോജനപ്പെടുത്തിയും, നമ്മുടെ സമ്പന്നമായ ചരിത്രം സാംസ്ക്കാരിക പശ്ചാത്തലത്തിൽ നിന്നും ആവേശം ഉൾക്കൊണ്ടുകൊണ്ടും പ്രായോഗിക ബുദ്ധിയോടെ പദ്ധതികൾ രൂപീകരിക്കുവാൻ നമുക്ക് കഴിയണം. വാർഡുസഭകളിൽ നിന്നു യർന്നു വന്ന പരിഹാരമാർഗ്ഗങ്ങളെ സമഗ്ര ചർച്ചയ്ക്ക് വിധേയമാക്കി പ്രോജക്ടുകളാക്കിയും പദ്ധതികളാക്കിയും മാറ്റാൻ നമ്മുടെ കർമ്മ സമിതികൾക്ക് കഴിയണം. വിവിധമേഖലകളിലെ നിർദ്ദേശങ്ങൾ കോർത്തിണക്കിയുള്ള സമഗ്ര സമീപനമാണ് പ്രോജക്ടുകൾ തയ്യാറാക്കുന്ന വേളയിൽ നാം സ്വീകരിക്കേണ്ടത്. കർമ്മ സമിതികൾ സ്ഥിരമായി ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ വികസന പരിപാടികൾ ലക്ഷ്യം കൈവരിക്കുകയുള്ളു.

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ വിഭവങ്ങളെ പരമാവധി ഉപയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. വിഭവസമാഹരണത്തനുള്ള പുതിയ പാതകൾ വെട്ടത്തുറക്കാനും ഇതിലൂടെ നമുക്ക് കഴിയണം. സാർവ്വത്രിക അഴിമതിയിൽ നിന്നും വികസന രംഗം മോചിപ്പിക്കാനും കഴിയണം. ആസൂത്രണത്തിന്റെ ഇനിയുള്ള ഘട്ടങ്ങളിലെല്ലാം തന്നെ തുടർന്നും ജനപ ങ്കാളിത്തവും ജനജാഗ്രതയും ഉറപ്പ് വരുത്തേണ്ടതുണ്ട്. ജനപങ്കാളിത്തം പോലെ തന്നെ ഉദ്യോഗസ്ഥന്മാരുടെ പരിപൂർണ്ണ സഹകരണവും വികസന രംഗത്ത് ഉണ്ടാകേണ്ടതുണ്ട്. അവരുടെ സാങ്കേ തിക ജ്ഞാനവും അനുഭവസമ്പത്തും സമന്വയിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണത്തിലും പദ്ധതിനടപ്പിനും അനിവാര്യമാണ്. ആത്മാർത്ഥതയും അർപ്പംബോധവും നിറഞ്ഞ പ്രവർത്തനങ്ങൾ ഉദ്യോഗസ്ഥന്മാരിൽ നിന്നും നമുക്ക് പ്രതീക്ഷിക്കാം.

ഒൻപതാം പദ്ധതിയിലൂടെ നമുക്ക് ലഭിക്കുന്ന സമ്പത്തിനെയും അധികാരങ്ങളെയും ഫലപ്രദമായി വിനിയോഗിക്കാൻ നമുക്ക് കഴിയണം. ജനങ്ങൾക്ക് അമിത പ്രതീക്ഷകൾ നൽകി നിരാശരാക്കാതെ ജനോപകാരപ്രദമായ ജനകീയപദ്ധതികൾ പെട്ടെന്ന് ഗുണം ലഭിക്കത്തക്ക വിധത്തിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യ ആയുധമാക്കി ജനകീയാസൂത്രണത്തെ മാറ്റി എടുക്കേണ്ടതുണ്ട്. ഇവിടെ സങ്കുചിത ചിന്തകൾ നമ്മെ നിയന്ത്രിക്കുവാൻ ഇട വരുത്തരുത്. സ്വതന്ത്രബുദ്ധിയോടും യാഥാർത്ഥ്യ ബോധത്തോടും കൂടിയുള്ള ദീർഘവീക്ഷണത്തിന്റെയും കൂട്ടായ്മയുടെയും സമന്വയമാണ് നമുക്കാവശ്യം.

ഈ മഹത്തായ ലക്ഷ്യം കൈവരിക്കുവാൻ, നമ്മുടെ പൂർവ്വികർ നമുക്ക് തന്ന സ്വാശ്രയ ബോധത്തിന്റെ മൺചെരാതുകൾ കൈയിലേന്തി നമുക്ക് കൂട്ടായി മുന്നേറാം. നമ്മുടെ രാഷ്ട്ര പിതാവിന്റെ സർവ്വോദയ സമൂഹം യഥാർത്ഥമാക്കാൻ തുടക്കം കുറിച്ച നമ്മുടെ സംസ്ഥാന സർക്കാരിന് അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ട്, പരവൂർ മുനിസിപ്പാലിറ്റിയുടെ സമഗ്ര വികസന രേഖ സവിനയം നമ്മുടെ മുൻസിപ്പാലിറ്റിയുടെ വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ ചർച്ചകൾക്കും വിശകലനത്തിനും പരിഷ്ക്കരണത്തിനും വിധേയമാക്കിയാലും........



A.D.12–ാം ശതകത്തിലുണ്ടായ പൊഴിക്കരശാസനം. പൊഴിക്കര ദേവീക്ഷേത്രത്തിലുള്ള ഈ ശിലാഫലകത്തിൽ കാണുന്ന പ്രസ്തുത ശാസനത്തിന്റെ ലിപി വട്ടെഴുത്താണ്




1918–ൽ പരവൂരിൽനിന്നും പ്രസിദ്ധീകരിച്ച
"വിദൂഷകൻ"മാസികയുടെ മുഖചിത്രം

568



മഹാക്ഷാമദേവത : എല്ലുന്തിയ നാട്ടുകാരെ ക്ഷാമദേവത ആക്രമിക്കുമ്പോൾ കൈയിൽക്കിട്ടിയ ആയുധവുമായി ജനങ്ങൾ എതിരിടാൻ ഒരുങ്ങുന്നു. ആയുധമായി ജനങ്ങൾ കൈയിലെടുത്തിരിക്കുന്നത് മരച്ചീനി (കപ്പ)യാണ്. നാടുഭരിക്കുന്ന വെള്ളക്കാരന്റെ പത്രാസ് ചിത്രത്തിൽ വ്യക്തം. 1918 ജൂണിൽ വിദൂഷകൻ മാസികയിൽക്കൂടി പുറത്തുവന്ന മലയാളത്തിലെ ആദ്യ കാർട്ടൂൺ ചിത്രമാണ് മഹാക്ഷാമദേവത.

ഒമ്പതാംപദ്ധതി ജനകീയപദ്ധതി. ജനകീയപദ്ധതി പരവൂരിന്റെ സമഗ്രവികസനത്തിന്
*ആശംസകളോടെ ॥*

# പരവൂർ അർബൻ സഹകരണബാങ്ക്

**ക്ലിപ്തം നമ്പർ. 1649. ഫോൺ : 212247**

എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും നിർവ്വഹിക്കുന്നു.
സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം.
വിവിധയിനം വായ്പാ പദ്ധതികൾ.
സാധാരണ വായ്പ വ്യക്തികൾക്ക് 50,000 രൂപവരെ.
സ്വർണ്ണപ്പണയം വ്യക്തികൾക്ക് 25,000 രൂപവരെ.
ഹയർ പർച്ചേസ് വായ്പ (വിവിധാവശ്യങ്ങൾക്ക്) 50,000 രൂപവരെ.
നിക്ഷേപത്തിന് ഗവ: സുരക്ഷിതത്വം, ആകർഷകമായ പലിശനിരക്ക്.
സ്ഥിരനിക്ഷേപങ്ങൾക്ക് 13% മുതൽ 15.5% വരെ പലിശ.
കുട്ടികൾക്കുവേണ്ടി 10,000 രൂപ 21 വർഷംകൊണ്ട് 2,70,000 രൂപയായി ലഭിക്കുന്ന
'സുകന്യ' നിക്ഷേപപദ്ധതി.
എല്ലാമാസവും 25,000 രൂപ സലയുള്ള പുതിയ ചിട്ടികൾ ലഭിക്കുന്നതാണ്.

കെ.പി. കുറുപ്പ്
(പ്രസിഡന്റ്)

പി. ശശിധരൻപിള്ള
(സെക്രട്ടറി)

*പരവൂർനഗരസഭാവികസനസെമിനാറിന് ആശംസകൾ ॥*

# പരവൂർ സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം. 1801

**പൊഴിക്കരറോഡ്, പരവൂർ. ഫോൺ : 212142**

1. നിക്ഷേപങ്ങൾക്ക് ഇൻഷ്വൂറൻസും ഗവ: ഗാരണ്ടിയും
2. കുറഞ്ഞ പലിശനിരക്കിൽ കാർഷികവായ്പകളും എല്ലാത്തരം രാസവളങ്ങളും കീടനാശിനികളും ലഭിക്കുന്ന പരവൂരിലെ ഏക സ്ഥാപനം.
3. നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശനിരക്ക്.
4. അംഗങ്ങൾക്ക് മരണാനന്തരസഹായനിധി
5. എല്ലാമാസവും പുതിയ ചിട്ടികൾ

*പരവൂരിന്റെ വികസനത്തിൽ പരവൂർ സർവ്വീസ് സഹകരണബാങ്കും പങ്കാളിയാകുന്നു.*

കെ. ഗോപാലപിള്ള
(പ്രസിഡന്റ്)

ഡി. സരസീബായി
(സെക്രട്ടറി)

*പരവൂർ നഗരസഭാ വികസനസെമിനാറിന് ആശംസകൾ !!*

# പരവൂർ എസ്.എൻ.വി. റീജണൽ
# സഹകരണബാങ്ക്

**ക്ലിപ്തം നമ്പർ. 1685, പരവൂർ പി.ഒ., കൊല്ലം.**

ഫോൺ : 212232



**സേവനത്തിന്റെ ജാജ്ജ്വല്യമാനമായ**
**പാരമ്പര്യവുമായി പുരോഗതിയുടെ ഗിരിശൃംഖങ്ങളിൽ**
**സപ്തതി ആഘോഷം !!**

ഏഴു പതിറ്റാണ്ടുകളിലെ വളർച്ചയുടെ
സാക്ഷിപത്രം

നിക്ഷേപബാക്കിനില്പ്പ് 29 കോടി
വായ്പാബാക്കിനില്പ് 28 കോടി
നിക്ഷേപങ്ങൾക്ക് 15.5% വരെ പലിശ
വായ്പകൾക്ക് 10% മുതൽ 18% വരെമാത്രം പലിശ

തെക്കുംഭാഗത്തും കൂനയിലും ശാഖകൾ
കൂടാതെപ്രഭാത-സായാഹ്ന ശാഖയും
എല്ലാശാഖകളിലും സ്വർണ്ണപ്പണയ വായ്പാസൗകര്യം

*പ്രാഥമിക സഹകരണബാങ്കുകളുടെ കൂട്ടത്തിൽ*
*സംസ്ഥാനത്ത് ഏറ്റവും മുൻനിരയിലുള്ള സ്ഥാപനം !!*

**അഡ്വ. റ്റി.ജി. വിശ്വനാഥൻ**
*പ്രസിഡന്റ്*

**കെ. ജയദേവൻ**
*അസി. രജിസ്ട്രാർ/സെക്രട്ടറി*

PRINTED AT SUJILEE PRINTERS CHATHANNOOR PHONE 243682